www.malankaralibrary.com

ജി. ചേടിയത്ത്

# മാർ അപ്രേം
# സുവിശേഷഭാഷ്യം

കോട്ടയം
2002

www.malankaralibrary.com

ജി. ചേടിയത്ത്

# മാർ അപ്രേം
# സുവിശേഷഭാഷ്യം
## (ദിയാതെസ്സറോൺ ഭാഷ്യം)

No.263

കോട്ടയം
2002

www.malankaralibrary.com

G. CHEDIATH (tr.), *MAR APREM, SUVISESHABHĀSHYAM*
(Diatessaron Commentary)
A Publication of the Oriental Institute of Religious Studies, India,
P.B.No. 10. Vadavathoor, Kottayam 686 010, Kerala, India.

First Edition : 2002
© G. Chediath, 2002.

Price: Rs. 150/-
ISBN: 81-88456-00-4

Type Setting & Printing WiGi Offset Printers,
Manganam, Kottayam - 18, Ph: 570862

www.malankaralibrary.com

# ഉള്ളടക്കം

ആമുഖം ix
അവതാരിക xi

1

1 മനുഷ്യാവതാര രഹസ്യം സംബന്ധിച്ചുള്ള വിചിന്തനങ്ങൾ 1
2-8 വി. യോഹന്നാൻെറ ആമുഖം 3
9-24 യോഹന്നാൻെറ ജനനം മുൻകൂട്ടി അറിയിക്കുന്നു 7
25-26 യേശുവിൻെറ ജനനം മുൻകൂട്ടി അറിയിക്കുന്നു 17
27-30 സന്ദർശനം 21
31-32 സ്നാപകയോഹന്നാൻെറ ജനനം 23

2

1-11 യേശുവിനെ ഗർഭം ധരിക്കുന്നതും പ്രസവിക്കുന്നതും 25
12 കാനേഷുമാരി 31
13-15 മാലാഖയുടെ സന്ദേശം 32
16-17 ശിമയോൻ 33
18-25 നക്ഷത്രവും വിദ്വാന്മാരും 34

3

1-5 വിദ്വാന്മാർ ഹേറോദേസിനെ മണ്ടനാക്കി 40
6-7 ശിശുഹത്യ 43
8-9 ഈജിപ്തിൽനിന്ന് എൻെറ പുത്രനെ ഞാൻ വിളിച്ചു 44
10-15 യോഹന്നാൻെറ വ്യക്തിത്വവും ദൗത്യവും 46
16 യേശുവിനെ ദേവാലയത്തിൽ കണ്ടെത്തുന്നത് 49
17 സ്നാപകയോഹന്നാൻെറ ജീവിതരീതി 49

4

1-3 യേശു യോഹന്നാനിൽനിന്ന് സ്നാനമേല്ക്കുന്നു 50
4-10 യേശുവിൻെറ പ്രലോഭനങ്ങൾ 53

www.malankaralibrary.com

11-16 പ്രലോഭനങ്ങളെപ്പറ്റിയുള്ള വിചിന്തനം 58
17-20 ആദ്യശിഷ്യരെ വിളിക്കുന്നത് 62

5

1-5 കാനായിലെ കല്യാണവിരുന്ന് 64
6-12 കല്യാണവിരുന്നിനെക്കുറിച്ചും
അത്ഭുതത്തെക്കുറിച്ചും ഉള്ള വിചിന്തനം 67
13-14 സമയം പൂർത്തിയായി 71
15-16 ശിഷ്യരുടെ മാമോദീസാ 72
17a-17b മത്തായിയെ വിളിക്കുന്നത് 72
18 അത്ഭുതകരമായ മീൻപിടുത്തം 75
19-20b തളർവാതരോഗിയെ സൗഖ്യമാക്കുന്നത് 75
21 യേശു പാപികളോടുകൂടി ഭക്ഷിക്കുന്നു 77
22 ഉപവാസത്തെപ്പറ്റിയുള്ള ചർച്ച 77
23-24 സാബതിൽ ഗോതമ്പുമണി പറിക്കുന്നത് 77

6

1-2 സൗഭാഗ്യങ്ങളും ശാപങ്ങളും 79
3 യേശു നിയമം പൂർത്തിയാക്കുന്നു 82
4-15 എതിർകാര്യങ്ങൾ 83
16a കർതൃപ്രാർത്ഥന 90
16b ഉപവസിക്കുമ്പോൾ 91
17 ഹൃദയത്തിന്റെ അവിഭക്തത 92
18a ദൈവപരിപാലനയിൽ ആശ്രയിക്കുക 92
18b വിധിക്കരുത് 95
19-20 ഉള്ളവനു കൂടുതൽ കൊടുക്കപ്പെടും 96
21 വിശുദ്ധമായവ നായ്ക്കൾക്കു നൽകരുത് 97
22 ശതാധിപന്റെ ദാസനെ സുഖമാക്കുന്നത് 98
23 വിധവയുടെ മകനെ ഉയിർപ്പിക്കുന്നത് 99
24 യേശുവിനെ അനുഗമിക്കൽ 99
25 കടലിനെ ശാന്തമാക്കുന്നത് 100
26-27 ഗദറായരുടെ നാട്ടിലെ പിശാച് 100

7

1-2 രക്തസ്രാവക്കാരി 102
3-12 ശാരീരികവും ആത്മീയവുമായ സ്പർശനം
സംബന്ധിച്ചുള്ള വിചിന്തനം 103

www.malankaralibrary.com


| | | |
|---|---|---|
| 13-14 | ഏലിയായുടെ വിശ്വാസവും നിയമവും | 109 |
| 15-17 | യേശു ഒരുദരത്തെ സൗഖ്യമാക്കിയത് എന്തിന്? | 111 |
| 18 | പാപിനിയും രക്തസ്രാവക്കാരിയും | 112 |
| 19-23 | വൈദ്യന്മാരും വൈദ്യനും | 113 |
| 24-25 | വിശ്വാസം പൂവണിയുമ്പോൾ | 116 |
| 26-27 | രക്തസ്രാവക്കാരിയും യായീറോസിൻെറ മകളും | 117 |

8

| | | |
|---|---|---|
| 1-2 | യേശു തൻെറ ശിഷ്യരെ അയയ്ക്കുന്നു | 120 |
| 3-5 | സമാധാനാശംസയുടെ ശക്തി | 122 |
| 6-9 | സ്വീകരണവും തിരസ്ക്കരണവും | 124 |
| 10-11 | ആരെയാണ് ഭയക്കേണ്ടത്? | 127 |
| 12-13 | ഒരു കൊച്ചുകാശിന് രണ്ട് കുരുവികൾ | 129 |
| 14 | സമാധാനം കൊണ്ടുവരാനല്ല ഞാൻ വന്നിരിക്കുന്നത് | 129 |
| 15 | മാർത്തായും മറിയവും | 130 |

9

| | | |
|---|---|---|
| 1-2 | സ്നാപകയോഹന്നാൻെറ ചോദ്യം | 131 |
| 3 | യോഹന്നാൻെറ ചോദ്യത്തിന് യേശുവിൻെറ മറുപടി | 132 |
| 4-6 | പ്രവാചകരിലും വലിയവനാണ് യോഹന്നാൻ | 133 |
| 7-17 | യോഹന്നാനേക്കാൾ വലിയവൻ ഉണ്ടായിട്ടില്ല | 135 |

10

| | | |
|---|---|---|
| 1-3 | യേശുവിൻെറ കാസാ | 143 |
| 4-6 | ക്ഷമിക്കപ്പെടാൻ കഴിയാത്ത പാപം | 146 |
| 7 | അന്ധനും മൂകനുമായ പിശാച് | 149 |
| 8-10 | പാപിനി | 150 |
| 11 | കൊയ്ത്തു വളരെ | 152 |
| 12-13 | സാത്താൻ ആകാശത്തുനിന്ന് വീണത് | 152 |
| 14-15 | ഋജുമാനസർക്ക് സുവിശേഷം വെളിപ്പെടുന്നു | 154 |
| 16 | സ്വാർത്ഥതയെ നിഗ്രഹിക്കുക | 155 |

11

| | | |
|---|---|---|
| 1-4 | യോനായുടെ അടയാളം | 155 |
| 5-8 | അശുദ്ധാത്മാവ് | 158 |
| 9-10 | യേശുവിൻെറ യഥാർത്ഥ ബന്ധുക്കൾ | 161 |
| 11-22 | യേശു ഉപമകളിലൂടെ പഠിപ്പിക്കുന്നു | 162 |
| 23-27 | യേശു നസ്രത്തിൽ | 167 |

www.malankaralibrary.com


28 സ്നാപകയോഹന്നാന്റെ മരണം 170

## 12

1-5 അപ്പം വർധിപ്പിച്ചതും വെള്ളത്തെ വീഞ്ഞാക്കിയതും 171
6-9 യേശു വെള്ളത്തിന്മീതേ നടന്നത് 174
10-11 ജീവന്റെ അപ്പം 177
12 മാതാപിതാക്കളോടുള്ള ബഹുമാനം 178
13-15 കനാൻകാരി 179
16-20 സമറിയാക്കാരി 181
21-24 കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നത് 185

## 13

1-7 ഒരു തളർവാതരോഗിയെ സൗഖ്യമാക്കുന്നത് 189
8-12 പുത്രൻ പിതാവിനു തുല്യനാണ് 193
13 ബേത്സയ്ദായിലെ അന്ധനെ സുഖപ്പെടുത്തുന്നത് 197

## 14

1-3 കേസറിയായിലെ വിശ്വാസപ്രഖ്യാപനം 198
4 യേശു തന്റെ മരണം മുൻകൂട്ടി അറിയിക്കുന്നു 199
5-12 രൂപാന്തരീകരണം 200
13 ജറുസലേമിന് പുറത്ത് ഒരു പ്രവാചകനും
നശിക്കാൻ പാടില്ല 207
14-15 പിശാചുബാധിച്ച വിറയൽ രോഗി 207
16-17 ദേവാലയ നികുതി 208
18 വിവാഹമോചനം 209
19-20 നഷ്ടപ്പെട്ട നാണയം, നഷ്ടപ്പെട്ട ആട്,
നഷ്ടപ്പെട്ട പുത്രൻ 210
21 നീതിയില്ലാത്ത കാര്യസ്ഥൻ 211
22-23 പാപങ്ങളുടെ മോചനം 211
24 ഒറ്റയ്ക്കുള്ള പ്രാർത്ഥനയും ഒന്നിച്ചുള്ള പ്രാർത്ഥനയും 213
25 പീലാത്തോസ് കൊന്ന ഗലീലിയർ 213
26-27 ഫലരഹിതമായ അത്തിവൃക്ഷം 214
28-29 യേശു പെരുന്നാളിന് ജറുസലേമിലേക്കു പോകുന്നു 215

## 15

1-11 ധനവാൻ 216
12-13 ധനവാനും ലാസറും 224
14-17 മുന്തിരിത്തോപ്പിലെ ജോലിക്കാർ 225

www.malankaralibrary.com


| | | |
|---|---|---|
| 18-19 | യാക്കോബിൻെറയും യോഹന്നാൻെറയും അഭ്യർത്ഥന | 227 |
| 20-21 | സക്കായി | 230 |
| 22 | ജറീക്കോയിലെ അന്ധൻ | 231 |
| 23 | ദേവാലയ ശുദ്ധീകരണം | 232 |
| 24 | ഫരിസേയനും ചുങ്കക്കാരനും | 233 |

## 16

| | | |
|---|---|---|
| 1-10 | അത്തിവൃക്ഷം | 233 |
| 11-15 | യേശുവും നിക്കൊദേമൂസും | 239 |
| 16 | നീതിയില്ലാത്ത ന്യായാധിപൻ | 242 |
| 17 | യേശുവിൻെറ അധികാരം ചോദ്യം ചെയ്യപ്പെടുന്നു | 243 |
| 18 | രണ്ടു പുത്രന്മാർ | 244 |
| 19-20 | ദുഷ്ടദാസന്മാർ | 245 |
| 21 | സീസറിനുള്ള നികുതി | 246 |
| 22 | മരിച്ചവരുടെ ഉത്ഥാനം | 247 |
| 23 | സ്നേഹത്തിൻെറ പരമകല്പന | 248 |
| 24 | നല്ല സമറിയാക്കാരൻ | 248 |
| 25 | ജീവജലത്തിൻെറ വാഗ്ദാനം | 250 |
| 26-27 | യഹൂദരുമായി സംവാദം | 250 |
| 28-32 | അന്ധനായി പിറന്നവൻ | 251 |
| 33 | വ്യാജ ഇടയന്മാർ | 254 |

## 17

| | | |
|---|---|---|
| 1-10 | ലാസറിനെ ഉയിർപ്പിക്കുന്നത് | 255 |
| 11-13 | ബഥാനിയായിലെ അഭിഷേകം | 261 |

## 18

| | | |
|---|---|---|
| 1-4 | മിശിഹായുടെ ജറുസലേം പ്രവേശനം | 264 |
| 5-7 | ദൈവരാജ്യം നിങ്ങളുടെ ഹൃദയത്തിലാകുന്നു | 268 |
| 8-11 | നിയമജ്ഞർക്കും ഫരിസേയർക്കുമുള്ള കുറ്റപത്രം | 270 |
| 12-14 | ഭാവിലോക സംബന്ധമായ പ്രതിപാദനം | 272 |
| 15-18 | മനുഷ്യപുത്രൻെറ തിരിച്ചുവരവ് | 275 |
| 19-21 | മത്തായിയുടെ രണ്ട് ഉപമകൾ | 278 |
| 22 | പാദക്ഷാളനം | 279 |

## 19

| | | |
|---|---|---|
| 1-3 | നിങ്ങളിലൊരുവൻ എന്നെ ഒറ്റിക്കൊടുക്കാൻ പോകുന്നു | 280 |
| 4-6 | കർത്താവിൻെറ കുർബാന | 282 |

www.malankaralibrary.com


| | | |
|---|---|---|
| 18-19 | യാക്കോബിന്റെയും യോഹന്നാന്റെയും അഭ്യർത്ഥന | 227 |
| 20-21 | സക്കായി | 230 |
| 22 | ജറീക്കോയിലെ അന്ധൻ | 231 |
| 23 | ദേവാലയ ശുദ്ധീകരണം | 232 |
| 24 | ഫരിസേയനും ചുങ്കക്കാരനും | 233 |
| **16** | | |
| 1-10 | അത്തിവൃക്ഷം | 233 |
| 11-15 | യേശുവും നിക്കൊദേമൂസും | 239 |
| 16 | നീതിയില്ലാത്ത ന്യായാധിപൻ | 242 |
| 17 | യേശുവിന്റെ അധികാരം ചോദ്യം ചെയ്യപ്പെടുന്നു | 243 |
| 18 | രണ്ടു പുത്രന്മാർ | 244 |
| 19-20 | ദുഷ്ടദാസന്മാർ | 245 |
| 21 | സീസറിനുള്ള നികുതി | 246 |
| 22 | മരിച്ചവരുടെ ഉത്ഥാനം | 247 |
| 23 | സ്നേഹത്തിന്റെ പരമകല്പന | 248 |
| 24 | നല്ല സമറിയാക്കാരൻ | 248 |
| 25 | ജീവജലത്തിന്റെ വാഗ്ദാനം | 250 |
| 26-27 | യഹൂദരുമായി സംവാദം | 250 |
| 28-32 | അന്ധനായി പിറന്നവൻ | 251 |
| 33 | വ്യാജ ഇടയന്മാർ | 254 |
| **17** | | |
| 1-10 | ലാസറിനെ ഉയിർപ്പിക്കുന്നത് | 255 |
| 11-13 | ബഥാനിയായിലെ അഭിഷേകം | 261 |
| **18** | | |
| 1-4 | മിശിഹായുടെ ജറുസലേം പ്രവേശനം | 264 |
| 5-7 | ദൈവരാജ്യം നിങ്ങളുടെ ഹൃദയത്തിലാകുന്നു | 268 |
| 8-11 | നിയമജ്ഞർക്കും ഫരിസേയർക്കുമുള്ള കുറ്റപത്രം | 270 |
| 12-14 | ഭാവിലോക സംബന്ധമായ പ്രതിപാദനം | 272 |
| 15-18 | മനുഷ്യപുത്രന്റെ തിരിച്ചുവരവ് | 275 |
| 19-21 | മത്തായിയുടെ രണ്ട് ഉപമകൾ | 278 |
| 22 | പാദക്ഷാളനം | 279 |
| **19** | | |
| 1-3 | നിങ്ങളിലൊരുവൻ എന്നെ ഒറ്റിക്കൊടുക്കാൻ പോകുന്നു | 280 |
| 4-6 | കർത്താവിന്റെ കുർബാന | 282 |

www.malankaralibrary.com


| | | |
|---|---|---|
| 7-17 | അന്ത്യത്താഴ പ്രഭാഷണം | 283 |
| **20** | | |
| 1-11 | യേശുവിൻെറ ഗത്സമേനിലെ പ്രാർത്ഥന | 291 |
| 12-13 | യേശുവിനെ അറസ്റ്റു ചെയ്യുന്നു | 299 |
| 14 | പത്രോസിൻെറ തള്ളിപ്പറയൽ | 301 |
| 15 | യേശുവിനെ പീലാത്തോസിന് കൈമാറുന്നു | 301 |
| 16-17 | യേശു മരണത്തിനു വിധിക്കപ്പെടുന്നു | 302 |
| 18-19 | യൂദാസിൻെറ നിരാശയും മരണവും | 304 |
| 20 | സൈറീൻകാരൻ ശെമഓൻ | 306 |
| 21 | പച്ചമരവും ഉണങ്ങിയ മരവും | 307 |
| 22-26 | രണ്ടു കള്ളന്മാർ | 308 |
| 27-34 | യേശു കുരിശിൽ | 311 |
| 35-39 | യേശുവിൻെറ പീഡാനുഭവത്തെപ്പറ്റിയുള്ള വിചിന്തനം | 318 |
| **21** | | |
| 1-3 | യേശുവിൻെറ മരണത്തെക്കുറിച്ചുള്ള വിചിന്തനം | 322 |
| 4-9 | യേശുവിൻെറ മരണത്തിൽ പ്രകൃതിയുടെ പ്രതിഷേധം | 325 |
| 10-13 | യേശുവിനെ കുന്തത്താൽ കുത്തിത്തുളയ്ക്കുന്നത് | 328 |
| 14-19 | യേശുവിൻെറ മരണത്തെപ്പറ്റി കൂടുതൽ വിചിന്തനം | 331 |
| 20-21 | യേശുവിൻെറ കബറടക്കം | 334 |
| 22-29 | ഉത്ഥാനം ചെയ്ത കർത്താവും മറിയം മഗ്ദലേനായും | 336 |
| 30 | പത്രോസിൻെറ സ്നേഹപ്രഖ്യാപനം | 342 |
| 31-33 | യേശുവിൻെറ മരണത്തിൻെറ രക്ഷാകര സ്വഭാവം | 342 |
| **22** | | |
| 1-2 | ഉത്ഥാനം ചെയ്ത കർത്താവ് തൻെറ ശിഷ്യരെ ചുമതലപ്പെടുത്തുന്നു | 344 |
| 3-4 | സത്യദർശനത്തിനും വിജ്ഞാനത്തിനുമുള്ള ഉപദേശം | 345 |
| 5-6 | ദൈവത്തിൻെറ കരുണയും ശക്തിയും സംബന്ധിച്ചുള്ള വിചിന്തനം | 346 |
| പ്രാർത്ഥനകൾ | | 349 |
| ശിഷ്യത്വം | | 354 |
| സുവിശേഷകർ | | 355 |
| പദസൂചിക | | 356 |
| ഗ്രന്ഥസൂചിക | | 358 |
| ചുരുക്കെഴുത്തുകളുടെ പൂർണരൂപം | | 358 |

www.malankaralibrary.com

# ആമുഖം

താസ്യൻെറ ദിയാതെസ്സറോണിന് മാർ അപ്രേം രചിച്ച ഭാഷ്യം ആദ്യമായി മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിന് അതിയായ സന്തോഷമുണ്ട്. മാർ അപ്രേമിൻെറ ഭാഷ്യകൃതികളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഇതാണ്. അർമേനിയൻ ഭാഷയിലുള്ള രണ്ടു കൈയെഴുത്തു പ്രതികളും സുറിയാനിയിലുള്ള ഏക കൈയെഴുത്തു പ്രതിയുമാണ് ഈ ഭാഷ്യം സംബന്ധിച്ചുള്ള മൂലരേഖകൾ. സുറിയാനിരേഖയുടെ മുഴുവൻ ഭാഗങ്ങളും കണ്ടെടുക്കപ്പെട്ടിട്ടില്ല. അവയുടെ കുറവു നികത്താൻ അർമേനിയനിൽ നിന്ന് കടമെടുത്തിട്ടുണ്ട്. എന്നാൽ ഏതെല്ലാം ഭാഗങ്ങളാണ് അർമേനിയനിൽ നിന്ന് എടുത്തിട്ടുള്ളത് എന്ന് മലയാളം വിവർത്തനത്തിൽ അപ്പോഴപ്പോൾ ചൂണ്ടിക്കാണിച്ചിട്ടില്ല. താഴെപ്പറയുന്ന ഭാഗങ്ങളാണ് അർമേനിയൻ പതിപ്പിൽ നിന്നെടുത്തിട്ടുള്ളത്: 1:1-2; 27-31; 2:15-20; 3:6-15; 4:2-6; 7:25-27; 9:10-14; 16:17-21; 18:3-21:4; 11:17-18. ചിലയിടങ്ങളിൽ അർമേനിയനും സുറിയാനിയും തമ്മിൽ അല്പസ്വല്പ അന്തരമുണ്ട്. ചില ഭാഗങ്ങൾ ആവർത്തിക്കുന്നതായി കാണാം (10:1-2; 15:19; 4:4-16; 5:1-12; 5:17a-b. 21). ഒരേ വിഷയത്തെപ്പറ്റി ചിലപ്പോഴൊക്കെ അല്പസ്വല്പ വ്യത്യാസങ്ങളോടെ ഒന്നിലേറെ വിവരണങ്ങൾ കാണാനുണ്ട്. മാർ അപ്രേമിൻെറ തൂലികയിൽ നിന്നായിരിക്കാം ഈ വ്യത്യസ്ത വിവരണങ്ങൾ. പില്ക്കാലത്ത് ആരോ അവ രണ്ടും കൂട്ടിച്ചേർത്തതാകാം. 1953-ലെ അർമേനിയൻ പതിപ്പിൽ ലൂയി ലെലോ എന്ന പണ്ഡിതൻ നൽകിയ നമ്പറുകൾ തന്നെയാണ് പിന്നെ ഉണ്ടാക്കിയ പതിപ്പുകളിലും വിവർത്തനങ്ങളിലും ഉപയോഗിച്ചിരിക്കുന്നത്. ലെലോ അതേ നമ്പറുകൾ സുറിയാനി പതിപ്പിൽ 1963 ലും 1990 ലും നൽകി. ഇംഗ്ലീഷ് പതിപ്പിലും മലയാളം പതിപ്പിലും അങ്ങനെതന്നെ നൽകിയിരിക്കുന്നു. ഇടയ്ക്കിടയ്ക്കുള്ള ചെറിയ തലക്കെട്ടുകളും ലെലോ നൽകിയവയാണ്. നമ്പറു

www.malankaralibrary.com

കൾ a,b,c, എന്നിങ്ങനെ ചിലപ്പോഴൊക്കെ തിരിച്ചിട്ടുണ്ട്. അർമേനിയൻ, സുറിയാനി എന്നീ പതിപ്പുകളിൽ ഏതെങ്കിലും ഒന്നിൽ കാണാത്ത ഭാഗങ്ങൾ ചൂണ്ടിക്കാണിക്കാനാണിത് (ഉദാ: 8:1a. 1b. 1c. -1b എന്ന ഭാഗം അർമേനിയൻ പതിപ്പിലില്ല. 1aയും 1cയും ഉണ്ട്).

ഈ വിവർത്തനത്തിന് സുദീർഘമായ അവതാരിക എഴുതിത്തന്ന ബഹു. തോമസ് കൂനമ്മാക്കൽ അച്ചനോടുള്ള കൃതജ്ഞത ഇത്തരുണത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു. ഈ ഗ്രന്ഥം പൗരസ്ത്യ വിദ്യാപീഠത്തിൻെറ പ്രസിദ്ധീകരണവിഭാഗത്തിൽ (OIRSI Publication) ഉൾപ്പെടുത്താൻ സന്മനസ്സു കാട്ടിയ ബഹു. തോമസ് മണ്ണൂരാംപറമ്പിലച്ചനും സഹപ്രവർത്തകർക്കും നന്ദിയുടെ കൂപ്പുകൈ. ഇതിൻെറ അച്ചടി ഭംഗിയായി നിർവഹിച്ച വിജി പ്രിൻേറഴ്സിലെ അധികാരികൾക്കും പ്രവർത്തകർക്കും ഹൃദയപൂർവം നന്ദി രേഖപ്പെടുത്തുന്നു.

മലങ്കര മേജർ സെമിനാരി
നാലാഞ്ചിറ,
തിരുവനന്തപുരം 695015
ഡിസംബർ 20, 2002

**ജി. ചേടിയത്ത്**

www.malankaralibrary.com

# അവതാരിക

ശ്ലീഹന്മാരുടെ കാലത്തുതന്നെ സുവിശേഷസന്ദേശം യുഫ്രട്ടീസ് - ടൈഗ്രീസ് നദീതടങ്ങളിൽ എത്തിച്ചേർന്നു. യഹൂദരിൽ നിന്ന് മാനസാന്തരപ്പെട്ടവർ ആ പ്രദേശങ്ങളിൽ ധാരാളം ഉണ്ടായിരുന്നു. മാർ തോമ്മാ ശ്ലീഹായും അദ്ദേഹത്തിൻെറ ശിഷ്യന്മാരായ മാർ അദ്ദായിയും മാർ മാറിയും ഇവർക്കിടയിൽ സുവിശേഷവേല ചെയ്ത് സഭകളെ പടുത്തുയർത്തി. ആദിമ ക്രൈസ്തവരുടെ അറമായഭാഷാ പൈതൃകം കാലക്രമേണ സുറിയാനിയിലൂടെ വളർന്നുവന്നു. ഗ്രീക്ക്, ലത്തീൻ ദൈവശാസ്ത്ര പൈതൃകങ്ങളിൽ നിന്ന് വ്യത്യസ്തമായിരുന്നു അത്. സെമിറ്റിക്, ബൈബിൾ, അറമായ പാരമ്പര്യങ്ങളുടെ ചുവടുപിടിച്ചായിരുന്നു ഈ വളർച്ച. ക്രൈസ്തവമതത്തിൽ ഏറ്റവും ആദിമമായ രൂപം ഈ അറമായ-സുറിയാനി ദൈവശാസ്ത്ര ശാഖയാണ്. ഇവിടെ വിശുദ്ധ ഗ്രന്ഥത്തിനാണ് തത്ത്വശാസ്ത്രത്തേക്കാൾ പ്രാധാന്യം, ദൈവവചന കേന്ദ്രീകൃതമായ ദൈവശാസ്ത്രത്തിന് ആയിരുന്നു ഊന്നൽ നൽകിയത്. വിശുദ്ധ ഗ്രന്ഥത്തിൽ അനാവരണം ചെയ്യപ്പെടുന്ന ചിന്താഗതികളും ആധ്യാത്മിക ദർശനങ്ങളും സാംസ്കാരിക പൈതൃകവും സ്വാഭാവികത മുഴുവൻ നിഴലിക്കുന്ന രീതിയിലാണ് ഈ സുറിയാനി ക്രൈസ്തവ ശാഖ വളർന്നുവന്നത്. ധ്യാനാത്മകതയ്ക്കും താപസജീവിതത്തിനും ഊന്നൽ നൽകുന്ന ദൈവശാസ്ത്രം; ദൈവശാസ്ത്രമെന്നത് പ്രാർത്ഥനയുടെയും വിശ്വാസത്തിൻെറയും വ്യക്തി-സമൂഹജീവിതങ്ങളുടെയും ഒന്നിച്ചൊഴുകലും വളർച്ചയുമാണെന്ന കാഴ്ചപ്പാട്, മിശിഹാനുഭവവും ശ്ലൈഹിക വിശ്വാസപൈതൃകവും തുടിച്ചുനില്ക്കുന്ന ഗദ്യപദ്യമിശ്രിതമായ കാവ്യഭാഷയിൽ ആ പ്രവാഹം മുന്നോട്ടു കുതിച്ചു. എഡേസ്സായും നിസിബിസും ആയിരുന്നു ആ വളർച്ചയുടെ ആദ്യകാല കേന്ദ്രങ്ങൾ.

www.malankaralibrary.com

## താസ്യന്റെ ദിയാതെസ്സറോൺ

മിക്കവാറും ഇന്നത്തെ ഇറാക്കിന്റെ വടക്കൻ പ്രദേശത്ത്, "അസ്സീറിയാക്കാരുടെ നാട്ടിൽ" ക്രി.വ. 110നും 120 നുമിടയ്ക്ക് അക്രൈസ്തവ മാതാപിതാക്കന്മാരിൽ നിന്ന് താസ്യൻ ജനിച്ചു. അദ്ദേഹം ഗ്രീക്കുഭാഷയിലും സുറിയാനിഭാഷയിലും ഒരുപോലെ പ്രാവീണ്യം നേടി. ഗ്രീക്കു തത്ത്വശാസ്ത്രത്തിലും സാഹിത്യത്തിലും പാണ്ഡിത്യം ആർജ്ജിച്ച അദ്ദേഹം സത്യാന്വേഷണ ദാഹിയായി മാറി; വിജ്ഞാനസമ്പാദനാർത്ഥം ധാരാളം യാത്രകൾ നടത്തി. ക്രൈസ്തവ സമൂഹങ്ങളുമായും വി. ഗ്രന്ഥവുമായുള്ള അദ്ദേഹത്തിന്റെ സമ്പർക്കം നിമിത്തം 150നും 165നും ഇടയ്ക്ക് അദ്ദേഹം ക്രിസ്ത്യാനിയായി. പിന്നീട് റോമിൽ വി. ജസ്റ്റിന്റെ മതപഠനശാലയിൽ പഠിച്ചു. ഗ്രീക്കു ദർശനങ്ങളെ ക്രൈസ്തവ ദൈവശാസ്ത്രത്തോട് കൂട്ടിക്കലർത്തിയ ആളായിരുന്നു രക്തസാക്ഷിയായ ജസ്റ്റിൻ. താസ്യൻ ഗ്രീക്കു ദർശനങ്ങളെ തള്ളിപ്പറഞ്ഞ് ദൈവശാസ്ത്ര കൃതികൾ രചിച്ചു. താൻ ഒരു കാലത്ത് പഠിച്ച ഗ്രീക്കു ചിന്തകളെ ഖണ്ഡിക്കാൻ തക്ക ആശയങ്ങളും ഭാഷാശൈലിയും താസ്യനു സ്വന്തമായിരുന്നു. ഗ്രീക്കു സംസ്കാരത്തെ അടിമുടി എതിർത്തുകൊണ്ട് അദ്ദേഹം താപസശൈലിയുടെ വക്താവായി മാറി. ക്രി.വ. 172-ഓടുകൂടി അദ്ദേഹം സ്വദേശത്ത് തിരിച്ചെത്തി മദ്യം, മാംസം, വിവാഹം എന്നീ മൂന്നു കാര്യങ്ങൾ വർജ്ജിച്ചിരുന്ന ഒരു താപസപ്രസ്ഥാനത്തിനുവേണ്ടി നിലകൊണ്ടു. ഐറേനിയസ്, തെർത്തുല്യൻ, അലക്സാണ്ഡ്രിയായിലെ ക്ലെമെന്റ്, ഹിപ്പോളിറ്റസ്, ഒരിജൻ തുടങ്ങിയ പ്രഗത്ഭരായ ദൈവശാസ്ത്രജ്ഞന്മാർ താസ്യന്റെ ആശയങ്ങളെ എതിർത്തു. താസ്യൻ താപസജീവിതശൈലിയിൽ തികഞ്ഞ കാർക്കശ്യം പാലിച്ചു. പ്രസ്തുത ജീവിതശൈലി നിമിത്തമാകണം ഗ്രീക്ക്-ലത്തീൻ പാരമ്പര്യം അദ്ദേഹത്തെ അബദ്ധപ്രബോധകനായി മുദ്രകുത്തിയത്. എന്നാൽ സ്വീകാര്യനായ ആധ്യാത്മികഗുരുവായി അദ്ദേഹം സുറിയാനി സഭകളിൽ ആദരിക്കപ്പെട്ടുപോന്നു.

താസ്യൻ ക്രി.വ. 172 നോടടുത്ത് നാലു സുവിശേഷങ്ങളും കൂട്ടിക്കലർത്തി ഏകസുവിശേഷമാക്കി. *"നാലിൽ നിന്ന് ഒന്ന്"* എന്ന അർത്ഥത്തിൽ അത് *ദിയാതെസ്സറോൺ* എന്ന് അറിയപ്പെട്ടു. ആ സമന്വിത സുവിശേഷം താസ്യൻതന്നെ ഗ്രീക്കുഭാഷയിലും സുറിയാനിഭാഷയിലും രചിച്ചു എന്നു കരുതപ്പെടുന്നു. ഇതിലേതു പതിപ്പാണ് ആദ്യത്തേത്

www.malankaralibrary.com

എന്നത് തർക്കവിഷയമാണ്. "ഗ്രീക്കുകാരോടുള്ള സംവാദം" ആണ് ലഭിച്ചിട്ടുള്ള മറ്റൊരു കൃതി. താസ്യൻ എഴുതിയ ഒട്ടേറെ കൃതികൾ നഷ്ടപ്പെട്ടുപോയി. രണ്ടാം നൂറ്റാണ്ടിൻെറ അന്ത്യംമുതൽ അഞ്ചാം നൂറ്റാണ്ടിൻെറ മധ്യംവരെ *ദിയാതെസ്സറോൺ* സുറിയാനിസഭകളിൽ ഔദ്യോഗിക സുവിശേഷഗ്രന്ഥമായി നിലനിന്നു. ഇറാക്കിലെ ഡൂറാ-എവ്രു റോപ്പോസിൽ നിന്ന് കിട്ടിയിട്ടുള്ള, ഗ്രീക്ക് *ദിയാതെസ്സറോൺ* രേഖാശകലം ക്രി.വ. 256/7 ന് മുമ്പ് വിരചിതമാണ്. ഗ്രീക്ക് *ദിയാതെസ്സറോൺ* ഒരു പതിപ്പുപോലും ശേഷിക്കാത്തവിധം പൂർണമായും നഷ്ടപ്പെട്ടുപോയി. എന്നാൽ മൂന്നാം നൂറ്റാണ്ടിൻെറ മധ്യത്തിൽ നിന്ന് അവശേഷിച്ച പുരാതന ഗ്രീക്ക് രേഖാശകലത്തിൻെറ വെളിച്ചത്തിൽ മാത്രമാണ് താസ്യൻ തൻെറ *ദിയാതെസ്സറോൺ* ആദ്യം ഗ്രീക്കിൽ എഴുതിയെന്നും പിന്നീട് അദ്ദേഹം തന്നെ അതിൻെറ സുറിയാനിപ്പതിപ്പ് തയ്യാറാക്കിയെന്നും അപൂർവം ചില പണ്ഡിതന്മാർ വാദിക്കുക. എന്നാൽ താസ്യൻ സുറിയാനിയിലാണ് *ദിയാതെസ്സറോൺ* ആദ്യം രചിച്ചത് എന്നും പിന്നീട് അതിൻെറ ഗ്രീക്കു പതിപ്പ് ഇറക്കുകയായിരുന്നു എന്നുമത്രേ ബഹുഭൂരിപക്ഷം ആധുനികപണ്ഡിതന്മാരുടെയും വീക്ഷണം. ക്രി.വ. 200നോടടുത്ത് വിരചിതമായതും ഇന്ന് കുരെതോണിയൻ എന്നും സീറോ-സിനൈറ്റിക്കൂസ് എന്നും അറിയപ്പെടുന്ന "പുരാതനസുറിയാനി സുവിശേഷങ്ങൾ", പ്ശീത്താ സുവിശേഷങ്ങൾ, അർമേനിയൻ-ജോർജിയൻ സുവിശേഷങ്ങൾ എന്നിവയിൽ *ദിയാതെസ്സറോണിൻെറ* വ്യക്തമായ സ്വാധീനമുണ്ട്. *ദിയാതെസ്സറോണി*ൻെറ മൂന്നു നൂറ്റാണ്ടുകാലത്തെ സർവസ്വീകാര്യതയ്ക്ക് വേറെ തെളിവുകൾ ആവശ്യമില്ല.

സൈറസിലെ മെത്രാൻ തിയഡൊറെറ്റ് (423-457) തൻെറ രൂപതയിലെ എണ്ണൂറ് പള്ളികളിൽ ഇരുനൂറിലും *ദിയാതെസ്സറോൺ* ഉപയോഗത്തിലുണ്ടെന്നും പ്ശീത്താ വിവർത്തനം നടപ്പിലാക്കാനായി താൻ അവയെല്ലാം നീക്കുന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു. എഡേസ്സായിലെ മെത്രാൻ റാബുള (411-435) *ദിയാതെസ്സറോൺ* മാറ്റി പ്ശീത്താ സുവിശേഷം എല്ലാ പള്ളികളിലും ഉപയോഗിക്കണമെന്ന് വൈദികർക്കും ഡീക്കന്മാർക്കും കല്പന കൊടുത്തിരുന്നു. സുറിയാനി സഭകൾ അഞ്ചാം നൂറ്റാണ്ടിൻെറ മധ്യംവരെയെങ്കിലും താസ്യനെ അബദ്ധവിശ്വാസിയായി കരുതിയിരുന്നില്ല എന്നതിനുള്ള തെളിവാണിത്. അബദ്ധവിശ്വാസികളായ ആരെയും എതിർക്കാതെ വെറുതെ വിടുന്ന സ്വഭാവം അപ്രേമിന്

www.malankaralibrary.com

ഇല്ലായിരുന്നു. മാർ അപ്രേം താസ്യന്റെ *ദിയാതെസ്സറോണിനു* ഭാഷ്യം ചമയ്ക്കണമെങ്കിൽ അദ്ദേഹത്തിന്റെ വീക്ഷണത്തിൽ താസ്യൻ അബദ്ധ പ്രബോധകൻ അല്ലായിരുന്നെന്നു സാരം. അറബി, പേർഷ്യൻ, ലത്തീൻ, മധ്യകാലഡച്ച്, പഴയ ഇംഗ്ലീഷ്, പഴയ ഇറ്റാലിയൻ എന്നീ ഭാഷകളിലേക്ക് *ദിയാതെസ്സറോൺ* ഭാഷാന്തരം ചെയ്യപ്പെട്ടു. കൂട്ടിക്കുറയ്ക്കലുകളും വ്യത്യാസപ്പെടുത്തലുകളും നിമിത്തം തർജ്ജമകൾ എന്നതിനേക്കാൾ വ്യത്യസ്തപതിപ്പുകൾ എന്ന് ഇവയെ വിളിക്കുന്നതാകും ശരി. സുറിയാനിയിലും ഗ്രീക്കിലും ഉണ്ടായിരുന്ന മൂലകൃതി വീണ്ടെടുക്കാനാവാത്തവിധം നഷ്ടപ്പെട്ടുപോയെങ്കിലും അപ്രേമിന്റെ ദിയാതെസ്സറോൺ ഭാഷ്യത്തെ ആധാരമാക്കി മൂലകൃതി ഏതാണ്ട് പുനഃസൃഷ്ടിക്കാൻ ശ്രമം നടന്നിട്ടുണ്ട്.

### മാർ അപ്രേം മല്പാൻ (c. 306-373)

മെസൊപ്പൊട്ടേമിയായിലെ നിസിബിസ് എന്ന പട്ടണത്തിലോ അതിനടുത്തോ ആണ് മാർ അപ്രേം ജനിച്ചത്. ഇന്ന് നിസിബിസ് നുസൈബിൻ എന്നറിയപ്പെടുന്നു. തെക്കുപടിഞ്ഞാറൻ ടർക്കിയിലാണ് ഇത്. അദ്ദേഹത്തിന്റെ പിതാവ് നിസിബിസിൽ നിന്നും അമ്മ അമീദ് (ദിയാർബക്കീർ) പട്ടണത്തിൽ നിന്നും ഉള്ള ഭക്തരായ ക്രൈസ്തവരായിരുന്നു എന്നാണ് പൊതുവേ കരുതപ്പെടുന്നത്. അപ്രേമിന് ഒരു സഹോദരി ഉള്ളതായി പറയപ്പെടുന്നു. ബാല്യപ്രായംമുതൽ അപ്രേമിന്റെ വിശ്വാസപരിശീലനം നിസിബിസിലെ മെത്രാനായ മാർ യാക്കോബിന്റെ കീഴിലായിരുന്നു. മാതാപിതാക്കൾ നേരത്തെ മരിച്ചതുകൊണ്ടോ, ഭക്തരായ മാതാപിതാക്കൾ പഴയനിയമത്തിലെ സാമുവേലിനെപ്പോലെ പ്രാർത്ഥനയുടെ അന്തരീക്ഷത്തിൽ വളരാൻ മാർ യാക്കോബിന്റെ ശിക്ഷണത്തിന് ഏല്പിച്ചുകൊടുത്തതുകൊണ്ടോ ആവാം ഇങ്ങനെ സംഭവിച്ചത്. സുറിയാനി ക്രൈസ്തവർക്കിടയിൽ ഇപ്രകാരം ഒരു പതിവുണ്ടായിരുന്നു. മാർ അപ്രേം തന്റെ യൗവനാരംഭത്തിനു മുമ്പേ മാമ്മോദീസാ സ്വീകരിച്ച്, "ഉടമ്പടിയുടെ മക്കൾ" എന്നറിയപ്പെട്ട താപസസമൂഹത്തിൽ അംഗമായി. മാർ യാക്കോബാണ് അപ്രേമിന് മാമ്മോദീസായും ഡീക്കൻ പട്ടവും നൽകിയത്.

മാർ യാക്കോബ് 326 നോടടുത്ത് അപ്രേമിനെ നിസിബിസ് മതപഠനശാലയുടെ പ്രധാനാധ്യാപകനായി നിയമിച്ചു. *മ്പശ്കാനാ*

www.malankaralibrary.com

(ബൈബിൾ വ്യാഖ്യാതാവ്) എന്നായിരുന്നു പ്രസ്തുത തസ്തികയുടെ പേര്. മാർ യാക്കോബ് സ്ഥാപിച്ച് മാർ അപ്രേമിനെ ഏല്പിച്ച നിസിബിസ് പാഠശാല അപ്രേമിൻെറ പരിശ്രമഫലമായി വളർന്ന് പിന്നീട് വിശ്വപ്രസിദ്ധി നേടി. മാർ അപ്രേമാണ് സ്ഥാപകൻ എന്ന വാദവും നിലനില്ക്കുന്നു. മാർ യാക്കോബ് (308-338), മാർ ബാബു (338-350), മാർ വൊളൊഗേശ് (350-361), മാർ അബ്രഹാം (361- ?) എന്നീ മെത്രാന്മാരുടെ കീഴിൽ ആണ് അപ്രേം പ്രവർത്തിച്ചത്. മാർ യാക്കോബും മാർ ബാബുവും അപ്രേമിന് ഗുരുസ്ഥാനീയരാണ്; മാർ വൊളൊഗേശ് സഹപാഠിയും. മാർ അബ്രഹാമാകട്ടെ അപ്രേമിൻെറ വിദ്യാർത്ഥിയുമായിരുന്നു. പേർഷ്യൻ ചക്രവർത്തി ഷപ്പൂർ രണ്ടാമൻ (309-379) 338, 346, 350 എന്നീ വർഷങ്ങളിൽ നിസിബിസ് പട്ടണത്തെ ആക്രമിച്ചു. ആ മൂന്നു തവണയും നിസിബിസ് ഊറ്റമായി ചെറുത്തുനിന്നു. ചുറ്റും കോട്ട കെട്ടിപ്പടുത്ത അദമ്യമായ ദുർഗംപോലെ അതു നിലകൊണ്ടതിനാൽ പേർഷ്യൻ സൈന്യം മൂന്നു പ്രാവശ്യവും പരാജയപ്പെട്ടു പിന്മാറി. പ്രതിരോധപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസപ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കാൻ ഡീക്കനെന്ന നിലയിൽ അപ്രേം അത്യധ്വാനം ചെയ്തു.

വിശ്വാസത്യാഗിയായ റോമൻ ചക്രവർത്തി ജൂലിയൻ 363 ലെ പേർഷ്യൻ യുദ്ധത്തിൽ കൊല്ലപ്പെട്ടു. യുദ്ധത്തടവുകാരായ റോമൻ സൈന്യത്തെ വീണ്ടെടുക്കാൻ വേണ്ടി ജോവിയൻ ചക്രവർത്തി ഉണ്ടാക്കിയ ഒത്തുതീർപ്പനുസരിച്ച് നിസിബിസ് പട്ടണം പേർഷ്യാക്കാർക്കു വിട്ടുകൊടുക്കേണ്ടിവന്നു. തുടർന്ന് ക്രൈസ്തവർ മുഴുവൻ നിസിബിസ് വിട്ടുപോയി. അപ്രേം അമീദിൽ കുറെ മാസങ്ങൾ താമസിച്ചതിനുശേഷം എഡേസ്സായിലേക്കു കുടിയേറി. ഇന്നറിയപ്പെടുന്ന മിക്കവാറും കൃതികളെല്ലാം അപ്രേം രചിച്ചത് അവിടെ വച്ചാണ്. നിസിബിസ് വാസക്കാലത്ത് എഴുതിയവ ഏറെയും നഷ്ടപ്പെട്ടുപോയതായി കരുതപ്പെടുന്നു. ക്രി.വ. 371/72 ൽ എഡേസ്സായിൽ പട്ടിണിയും പകർച്ചവ്യാധിയും പിടിപെട്ട് അനേകംപേർ മരിച്ചു. മരിച്ചവരെ അടക്കാനും രോഗികളെ ശുശ്രൂഷിക്കാനും ദരിദ്രരെ സഹായിക്കാനും വേണ്ടി അപ്രേം ഒരു സന്നദ്ധസംഘം രൂപീകരിച്ച് വീരോചിതമാംവിധം സേവനനിരതനായി. ധനികരായ പലരിൽ നിന്നും പണം പിരിച്ച് പാവപ്പെട്ടവരെ സഹായിച്ചു. രോഗബാധിതരെ ചികിത്സിക്കാൻ ആതുരാലയവും അനാഥരെ പാർപ്പിക്കാൻ പാർപ്പിടങ്ങളും ഉണ്ടാക്കി. അവരെ തീറ്റിപ്പോറ്റാൻ അദ്ദേഹം ഭക്ഷണം സംഭ

www.malankaralibrary.com

രിച്ചു. തികഞ്ഞ കഷ്ടപ്പാടുകൾ നിറഞ്ഞ ഈ സാമൂഹികസേവനം വയോവൃദ്ധനായ അപ്രേമിൻെറ ആരോഗ്യത്തെ നിശേഷം തകർത്തു കൊണ്ടിരുന്നു. വിശ്രമമറിയാതെ അനേകരെ ശുശ്രൂഷിച്ചുകൊണ്ട് അദ്ദേഹം സദാ പ്രവർത്തനനിരതനായി തുടർന്നു. ക്രമേണ പകർച്ച വ്യാധി ശമിച്ചു; മഴപെയ്ത് കൃഷിയിറക്കി എല്ലാവർക്കും സമൃദ്ധമായ വിളവു കിട്ടിയതോടെ പട്ടിണി മാറി. അതോടെ ആ സേവനരംഗത്തിനു തിരശീല വീണു. ഒരു മാസത്തിനുശേഷം 373 ജൂൺ മാസം 9-ാം തീയതി അപ്രേം അന്തരിച്ചു. വാർധക്യകാലത്തെ അതികഠിനമായ അധ്വാനവും കഷ്ടപ്പാടും ആതുരശുശ്രൂഷയും മൂലം ഉണ്ടായ അവശതയാണ് മരണ കാരണം.

ആജീവനാന്തം ഡീക്കൻ ശുശ്രൂഷ നിർവഹിച്ച അപ്രേമിൻെറ കീർത്തി ഗ്രീക്ക്-ലത്തീൻ സഭകളിലേക്ക് എത്തിയതോടെ ജീവചരിത്ര സംബന്ധിയായ കെട്ടുകഥകൾ മെനയപ്പെട്ടു തുടങ്ങി. എപ്പിഫാനിയൂസ് 375 ലും ജറോം 392 ലും പല്ലാഡിയൂസ് 419/20 ലും സൊസോമെൻ 439-ഓടടുത്തും തിയഡൊറൈറ്റ് 449/50 - ഓടടുത്തും ജന്നാഡിയൂസ് അഞ്ചാം നൂറ്റാണ്ടിൻെറ അന്ത്യത്തിലും അപ്രേമിനെപ്പറ്റി ഗ്രീക്ക്-ലത്തീൻ സഭകൾക്കുവേണ്ടി ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കിയപ്പോൾ ചില കെട്ടുകഥകൾ ഉടലെടുത്തു. കഷ്ടിച്ചു ചില ചരിത്രാംശങ്ങൾ കിട്ടുന്നെങ്കിലും ചരിത്രം കെട്ടുകഥയ്ക്ക് വഴുതി വീഴുന്ന ചിത്രം വ്യക്തമാണ്. അപ്രേം മരിച്ച് കേവലം പത്തൊമ്പതു വർഷം കഴിഞ്ഞപ്പോൾ ജറോം എഴുതുന്നതു ശ്രദ്ധാർഹമാണ്: "അപ്രേമിൻെറ അനേകകൃതികൾ അതി വിശിഷ്ടങ്ങളാണ്; അവ വിശുദ്ധഗ്രന്ഥ വായനയ്ക്കുശേഷം പല പള്ളി കളിലും പരസ്യമായി വായിക്കപ്പെടുന്നു". അപ്രേമിൻെറ ചില കൃതികൾ അതിനോടകം ഗ്രീക്കുഭാഷയിലേക്ക് തർജ്ജമ ചെയ്യപ്പെട്ടിരുന്നതായും അതിലൊരെണ്ണം താൻ വായിച്ച് വിലമതിക്കുന്നതായും ജറോം പറയുന്നു. കാലക്രമേണ അർമേനിയൻ, കോപ്റ്റിക്, അറബി, എത്യോപ്യൻ, ലത്തീൻ, ജോർജിയൻ ഭാഷകളിലേക്ക് പുരാതനകാലത്തുതന്നെ അപ്രേമിൻെറ ഒട്ടേറെ കൃതികൾ വിവർത്തനം ചെയ്യപ്പെട്ടു. സുറിയാനി ഭാഷയിൽ അപ്രേമിൻെറ ജീവചരിത്രസംബന്ധിയായ കൃതികൾ ഒന്നും ഏറെക്കാലം എഴുതപ്പെട്ടില്ല. എന്നാൽ തികച്ചും കപോലകല്പിതമായ കെട്ടുകഥകൾ ക്രി.വ. 525നുശേഷം സുറിയാനിയിൽ രചിക്കപ്പെട്ടു. അവയിൽ ചരിത്രാംശമുണ്ടെന്നുപോലും ഇന്ന് പണ്ഡിതന്മാർ വാദി

www.malankaralibrary.com

ക്കാറില്ല: അപ്രേമിൻെറ അക്രൈസ്തവപിതാവ് അപ്രേമിനെ ആട്ടിപ്പുറത്താക്കുന്നത്, അപ്രേം നിഖ്യാസൂനഹദോസിന് പോകുന്നത്, പ്രായപൂർത്തിയായശേഷം മാമ്മോദീസ സ്വീകരിക്കുന്നത്, ഈജിപ്തിലെ സന്ന്യാസികളെ സന്ദർശിക്കുന്നത്, ബസേലിയോസിനെ കാണാൻ പോയി ഡീക്കൻ പട്ടം സ്വീകരിക്കുന്നത്, ഉഗ്രസന്ന്യാസിയായ അപ്രേമിനെ സ്ത്രീ കഥാപാത്രങ്ങൾ പ്രലോഭിപ്പിക്കുന്നത് തുടങ്ങിയ പൊട്ടക്കഥകൾ അപ്രേമിൻെറ യഥാർത്ഥ ജീവചരിത്രത്തെ കെട്ടുകഥയാക്കി മാറ്റി. യഥാർത്ഥ ജീവചരിത്രം സന്ന്യാസവൽക്കരിച്ചതിൻെറ ഫലമാണിത്. അപ്രേമിൻെറ കൃതികളിലെ ആശയങ്ങളും കെട്ടുകഥകളിൽ നിന്നുയരുന്ന ചിത്രങ്ങളും തമ്മിൽ വല്ലാത്ത പൊരുത്തക്കേടുകളുണ്ടെന്നു കാണാം. ഇത്തരം കെട്ടുകഥകളൊന്നും അപ്രേം മരിച്ച് അരനൂറ്റാണ്ടു കാലത്തേയ്ക്കു നാം കാണുന്നില്ല. ഗ്രീക്ക് ലത്തീൻ ജീവചരിത്രക്കുറിപ്പുകളിലൂടെ കെട്ടുകഥകളുടെ വളർച്ച തെളിയിക്കപ്പെട്ടിട്ടുണ്ടുതാനും. സുറിയാനിയിൽ അപ്രേമിനെപ്പറ്റി എഴുതിയ ആദ്യത്തെയാൾക്ക് ലഭ്യമല്ലാതിരുന്ന കെട്ടുകഥകൾ എവിടെ നിന്നു വന്നു എന്നതും ചിന്തനീയമാണ്. മാർ അപ്രേം കഴിഞ്ഞാൽ ഏറ്റവും വലിയ സുറിയാനി ദൈവശാസ്ത്ര കവിയായ സ്രോഗിലെ മാർ യാക്കോബ് (C.450 C.520), അപ്രേമിനെപ്പറ്റി ഇത്തരം കെട്ടുകഥകളുണ്ടെന്ന സൂചനപോലും തരാതെ വിട്ടുകളഞ്ഞത് വെറുതെയല്ല.

## കൃതികൾ

തനിഗദ്യം, ഗദ്യപദ്യമിശ്രിതം, പദ്യം എന്നീ മൂന്നുഗണങ്ങളിലായി അപ്രേമിൻെറ കൃതികളെ തിരിക്കാറുണ്ട്. സുറിയാനി പദങ്ങളുപയോഗിച്ചാൽ, അവ *തുർഗാമേ, മേമ്രേ, മദ്റാശേ* എന്നിങ്ങനെ അറിയപ്പെടുന്നു. മഹാഭാരതത്തിൻെറ അനേകമിരട്ടി വരുമായിരുന്നു അദ്ദേഹത്തിൻെറ പദ്യകൃതികൾ. “കരകാണാക്കടൽ പോലെ പരന്നുകിടക്കുന്നു” എന്ന് അപ്രേം കൃതികൾ വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. പ്രാമാണികങ്ങളെന്ന് സംശയലേശമെന്യേ തെളിഞ്ഞിട്ടുള്ള കൃതികൾ കൂടാതെ സംശയാസ്പദമായ ഒട്ടേറെ ഗ്രന്ഥങ്ങളും അദ്ദേഹത്തിൻെറ പേരിലറിയപ്പെടുന്നു. ഉൽപത്തിഭാഷ്യം, പുറപ്പാട്ഭാഷ്യം, മറ്റു പഴയനിയമഭാഷ്യങ്ങൾ, ദിയാതെസ്സറോൺഭാഷ്യം, നടപടിഭാഷ്യം, വിശുദ്ധ പൗലോസിൻെറ ലേഖനഭാഷ്യങ്ങൾ എന്നിവയാണ് ചില വിശുദ്ധഗ്രന്ഥ വ്യാഖ്യാന കൃതികളായി ലഭിച്ചിട്ടുള്ളത്. ഹിപ്പാസ്യൂസിന്, മാർസിയനെതിരെ, മാനിക്കെതിരെ,

www.malankaralibrary.com

ബർദയ്സാനെതിരെ, അബദ്ധപ്രബോധനത്തിനെതിരെ, നമ്മുടെ കർത്താവിനെപ്പറ്റി, പുബ്ലിയൂസിനുള്ള കത്ത്, വിശ്വാസപ്രസംഗങ്ങൾ, നിക്കോമേദിയായെപ്പറ്റി, വിശ്വാസഗീതങ്ങൾ, പാഷണ്ഡതകൾക്കെതിരെ, പറുദീസാഗീതങ്ങൾ, ജൂലിയാനെതിരെ, മനുഷ്യാവതാരഗീതങ്ങൾ, ദനഹാഗീതങ്ങൾ, സഭയെപ്പറ്റി, നിസിബിയൻ ഗീതങ്ങൾ, കന്യാത്വഗീതങ്ങൾ, ഉപവാസത്തെപ്പറ്റി, പുളിക്കാത്ത അപ്പത്തെപ്പറ്റി, ക്രൂശിക്കലിനെപ്പറ്റി, ഉത്ഥാനഗീതങ്ങൾ, ജൂലിയൻ സാബാ, അബ്രാഹം കീദൂനായാ, അർമേനിയൻ ഗീതങ്ങൾ, പ്രഭാഷണപരമ്പരകൾ എന്നിങ്ങനെ ചെറുതും വലുതുമായ ഒട്ടേറെ കൃതികൾ ഇന്ന് പഠനവിധേയമാക്കാറുണ്ട്. ഇവയിൽ അപൂർവം ചിലത് അപ്രേമിൻേറതല്ല എന്ന് വാദിക്കുന്നവരുണ്ട്. മേല്പറഞ്ഞ പട്ടിക പൂർണമല്ല. വേറെ ചില കൃതികൾ ചിലർ കൂട്ടിച്ചേർക്കുന്നു. അപ്രേമിൻെറ പേരിൽ മറ്റുള്ളവർ എഴുതിയ കൃതികളിൽ അപ്രേമിൻെറ ആശയലോകത്തു നിന്നോ കൃതികളിൽ നിന്നോ പ്രകടമായ സ്വാധീനം കണ്ടെത്താൻ കഴിയും. അപ്രേമിൻെറ കൃതികൾ വിവിധ സഭകളുടെ ആരാധനക്രമ പ്രാർത്ഥനകളിൽ പുരാതനകാലം മുതൽ കയറിപ്പറ്റി. അവയുടെ സംശോധിതപതിപ്പ് ഇതുവരെ ആരും തയ്യാറാക്കിയിട്ടില്ല. സുറിയാനിഭാഷയിൽ ഇല്ലാത്തതും ഗ്രീക്ക്, ലത്തീൻ, അർമേനിയൻ തുടങ്ങി വിവിധ ഭാഷകളിൽ ചിതറിക്കിടക്കുന്നതുമായ അപ്രേം കൃതികൾക്ക് യഥാർത്ഥ അപ്രേമുമായുള്ള ബന്ധം ഇനിയും വേണ്ടതുപോലെ പഠനവിധേയമായിട്ടില്ല. അവയിൽ ചിലതൊക്കെ യഥാർത്ഥ അപ്രേമിൻേറതാണെന്ന് പണ്ഡിതലോകം അംഗീകരിച്ചിട്ടുണ്ട്. നഷ്ടപ്പെട്ടുപോയ കൃതികൾ ഒട്ടേറെയുണ്ടെന്ന് കരുതപ്പെടുന്നു.

### മാർ അപ്രേമിൻെറ കീർത്തിയും പ്രസക്തിയും

അഞ്ചാം നൂറ്റാണ്ടിൽ സൈറസിലെ തിയഡൊറെറ്റ് "പരിശുദ്ധാത്മാവിൻെറ വീണ" എന്ന് അപ്രേമിനെ വിശേഷിപ്പിച്ചു. അപ്രേമിൻെറ എണ്ണിയാലൊടുങ്ങാത്ത അപരനാമങ്ങളിൽ ഏറ്റവും പ്രസിദ്ധമായത് അതു തന്നെയാണ്. അനർഗളസുന്ദരമായ വാഗ്ധോരണി കൊണ്ടും കവിതാവാസനകൊണ്ടും അനുഗൃഹീതനായ ഒരു പ്രതിഭാശാലി ആയിരുന്നു അപ്രേം. ക്രൈസ്തവലോകത്തെ ആദ്യത്തെ "ക്വയർ മാസ്റ്റർ" അപ്രേമല്ലാതെ വേറാരുമല്ല. ദൈവശാസ്ത്രവിഷയങ്ങൾ ലളിതമായ പദ്യങ്ങളിലാക്കി "ഉടമ്പടിയുടെ മക്കൾ" എന്ന താപസവൃന്ദത്തെ പഠിപ്പിച്ച് അവർ വഴി അപ്രേം ദൈവശാസ്ത്രത്തെ ജനഹൃദയങ്ങളിലെത്തിച്ചു. ആരാധന

www.malankaralibrary.com

ക്രമത്തെ സജീവവും ഭക്തിനിർഭരവുമാക്കാൻ അദ്ദേഹം "ഉടമ്പടിയുടെ പുത്രി"മാർക്ക് നേതൃത്വം നൽകി. തിരുകർമങ്ങളിൽ സംഗീതത്തിൻെറ പ്രാധാന്യം കാലക്രമേണ അപ്രേം കൃതികളിലൂടെ ഗ്രീക്ക്-ലത്തീൻ പാരമ്പര്യങ്ങളിലേക്ക് പടർന്നുകയറി സാർവത്രികമായി. ദൈവശാസ്ത്രത്തിന് പറ്റിയ ഭാഷ കവിതയാണെന്ന് ക്രൈസ്തവലോകത്തെ പഠിപ്പിച്ച സംഗീതജ്ഞനായ വിശ്വമഹാകവിയാണ് അപ്രേം. "പരിശുദ്ധാത്മാവിൻെറ വീണ" എന്ന നാമം അന്വർത്ഥമാകുമാറ് പ്രാർത്ഥനാനിർഭരമായ സംഗീതാലാപം ക്രൈസ്തവലോകത്ത് അലയടിച്ചുയർന്നത് അപ്രേമിൻെറ തൂലികയിലും അപ്രേമിൻെറ വീണയിലും നിന്നായിരുന്നു. സംഗീതജ്ഞരുടെയും ദൈവശാസ്ത്രന്മാരുടെയും തലപ്പത്ത് നില്ക്കാൻ അപ്രേം ആണ് ഏറ്റവും അനുയോജ്യനെന്ന് സഭാപിതാക്കന്മാരുടെ ലോകം വിലയിരുത്തുകയായിരുന്നു.

"ഉടമ്പടിയുടെ മക്കളുടെ" നിരയിൽ നിന്ന് സഭാശുശ്രൂഷ നിർവഹിച്ച വെറുമൊരു ഡീക്കനായിരുന്നു അപ്രേം. മെത്രാൻ സ്ഥാനം വന്നു ചേർന്നപ്പോൾ ഭ്രാന്തഭിനയിച്ചു രക്ഷപെട്ടു എന്ന കഥ നൂറ്റാണ്ടുകൾക്കു ശേഷം സന്ന്യാസികളാരോ കെട്ടിച്ചമച്ചതാണ്. എത്യോപ്യൻ പാരമ്പര്യത്തിൽ അപ്രേം വൈദികനെന്നു കരുതപ്പെടുന്നെങ്കിലും ആ വീക്ഷണവും ചരിത്രത്തിനെതിരാണ്. സ്ഥാനമാനങ്ങൾ തേടിപ്പോകാതെ സ്ഥാനമാനങ്ങളുള്ളവരേക്കാൾ മഹത്തായ സഭാശുശ്രൂഷ നിർവഹിക്കാൻ പറ്റുമെന്ന് അപ്രേമിൻെറ ജീവിതകഥ സഭാശുശ്രൂഷകരെ പഠിപ്പിക്കുന്നു. നിസിബിസിലും എഡേസ്സായിലും ഡീക്കൻ ശുശ്രൂഷ നിർവഹിക്കുന്നതിൽ അപ്രേം നിർവൃതിയടഞ്ഞു. അക്കാലത്തും പിൽക്കാലത്തും അദ്ദേഹം എളിമയുടെ ശുശ്രൂഷകർക്ക് ഉത്തമ മാതൃകയും തന്നെ.

സഭാപിതാക്കന്മാരുടെ കാലത്തെ അതിപ്രഗത്ഭരായ ദൈവശാസ്ത്രജ്ഞന്മാരിൽ ഏറ്റവും മൗലികതയുള്ള ഏതാനും പേരെടുത്തു പറഞ്ഞാൽ ആദ്യം വരുന്നപേര് അപ്രേമിൻേറതായിരിക്കുമെന്നു തോന്നുന്നു. ഐറേനിയസ്, ഒരിജൻ, തെർത്തുല്യൻ, അത്തനേഷ്യസ്, കപ്പഡോഷ്യൻ പിതാക്കന്മാരായ ബസേലിയോസ്, ഗ്രിഗറി നസ്യാൻസൻ, ഗ്രിഗറി നീസ്സാ, അഗസ്റ്റിൻ തുടങ്ങിയവരുടെ ദൈവശാസ്ത്രലോകം ഗ്രീക്കു തത്ത്വശാസ്ത്രത്തിൻെറയും റോമൻ നിയമങ്ങളുടെയും നൂലാമാലകൾകൊണ്ട് ഊടും പാവും കൊണ്ടതാണെങ്കിൽ അപ്രേമിൻെറ ദൈവശാസ്ത്ര സൗധം വിശുദ്ധഗ്രന്ഥത്തിൽ പടുത്തുയർത്തപ്പെട്ടതാണ്.

www.malankaralibrary.com

ഗ്രീക്ക്-റോമൻ ആശയലോകത്തേക്കാൾ ദൈവികവെളിപാടിൻെറയും ശ്ലൈഹിക വിശ്വാസപൈതൃകത്തിൻെറയും ക്രിസ്തുകേന്ദ്രീകൃതമായ രംഗത്താണ് അപ്രേം കാലുറപ്പിച്ച് നില്ക്കുന്നത്. ഉറവിടങ്ങളിലേക്ക് മടങ്ങുമ്പോൾ നാം ചെന്നെത്തിനിൽക്കേണ്ടത് എവിടെയെന്ന് അപ്രേം പഠിപ്പിക്കുന്നു. "ഉറവിട ദൈവശാസ്ത്രത്തിൻെറ ഉറവ" എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് അർത്ഥപൂർണമെന്നു വ്യക്തം.

യഹൂദശൈലിയിൽ ബൈബിൾ വ്യാഖ്യാനങ്ങൾ ചമച്ച ആധ്യാത്മിക ഗുരുവാണ് അപ്രേം. ബൈബിൾ ലോകം മുഴുവൻ തുകൽച്ചുരുളുകളിൽ നിന്നോ ഗ്രന്ഥശാലകളിൽ നിന്നോ അല്ല അദ്ദേഹത്തിൻെറ ഹൃദയത്തിൽ നിന്നാണ് വാർന്നുവീഴുക. അത്രമാത്രം ബൈബിൾ ഹൃദിസ്ഥമാക്കിയ വേദജ്ഞാനി, വിശുദ്ധ ഗ്രന്ഥലോകത്തിൽ വിഹരിക്കുന്ന വാനമ്പാടി ആണ് ആ ഭാഷ്യകാരൻ. സെമിറ്റിക് ശൈലിയിൽ അദ്ദേഹം വേദഗ്രന്ഥം വ്യാഖ്യാനിച്ചുപോകുമ്പോൾ ബൈബിൾ ലോകം എവിടെ അവസാനിക്കുന്നു, അപ്രേമിൻെറ ആശയലോകം എവിടെ ആരംഭിക്കുന്നു എന്നു തിരിച്ചറിയാനാവാത്ത വിധമാണ് അദ്ദേഹത്തിൻെറ വ്യാഖ്യാനശൈലി. ഗ്രീക്ക്-ലത്തീൻ ദൈവശാസ്ത്രങ്ങളിൽ നിന്ന് വ്യത്യസ്തവും അവയേക്കാൾ പുരാതനവും മൗലികവും ശ്ലൈഹികവുമായ ക്രൈസ്തവസഭയുടെ ദൈവശാസ്ത്രം അപ്രേമിന് മുമ്പും പിമ്പും സുറിയാനി പൈതൃകത്തിൽ ഒളിവിതറുന്നു. എന്നാൽ പ്രസ്തുത ദൈവശാസ്ത്രകൈവഴിയുടെ ഏറ്റവും പ്രബലനും പ്രഖ്യാതനും സർവ സ്വീകാര്യനുമായ വക്താവ് അപ്രേമല്ലാതെ മറ്റാരുമല്ല. ഗ്രീക്ക് തത്ത്വശാസ്ത്രങ്ങളുടെയും റോമൻ നിയമങ്ങളുടെയും പിൻബലം ഇല്ലാതെ ക്രൈസ്തവ ദൈവശാസ്ത്രത്തിന് നിലനില്ക്കാനാവുമെന്ന് അപ്രേം തെളിയിച്ചു. ആ കണ്ടെത്തൽ സർവകാലികവും സാർവത്രികവുമായ സന്ദേശമാണ് ദൈവശാസ്ത്ര പഠിതാക്കൾക്ക് നൽകുക.

ദൈവികവെളിപാട് മനുഷ്യൻെറ ഭാഷയിലും മനുഷ്യർക്കുവേണ്ടിയുമാണെങ്കിലും അതു മനുഷ്യഭാഷയ്ക്കും ഉപരിയായി ദൈവമെന്ന ഉറവിടത്തിൽ നിന്നൊഴുകി വരുന്നതാണ്. മാനുഷികതയുടെ പരിമിതികൾകൊണ്ട് അതു തളയ്ക്കപ്പെട്ടു കിടക്കുകയല്ല; മനുഷ്യബുദ്ധിയുടെയും മനുഷ്യഭാഷയുടെയും അതിരുകൾക്കപ്പുറത്തേക്ക് വ്യാപിച്ചുകിടക്കുന്ന ഒരു ദൈവശാസ്ത്രലോകം. മനുഷ്യൻെറ കൈപ്പിടിയിൽ ഒതുങ്ങിത്തീരുന്ന , അളന്നുതീർക്കാവുന്ന എത്തിപ്പിടിച്ച് ബന്ധിച്ചിടാവുന്ന

www.malankaralibrary.com

ദൈവചിത്രമല്ല ദൈവം എന്ന് അപ്രേം വാദിക്കുന്നു. ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ ഈ തിരിച്ചറിവിന് അപ്രേം അടിവരയിട്ടു. സെമിറ്റിക് ക്രൈസ്തവശാഖയുടെ ഏറ്റവും പ്രശസ്തനായ ദൈവശാസ്ത്രജ്ഞനായി അപ്രേം ഉയർന്നുനില്ക്കുന്നത് വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ വേദശാസ്ത്ര കാഴ്ചപ്പാടുകളിലൂടെയാണ്. താത്ത്വികവും സൈദ്ധാന്തികവും അപഗ്രഥനാത്മകവും ആയ സമീപനങ്ങൾകൊണ്ട് ദൈവശാസ്ത്രമേഖലയെ കലുഷിതമാക്കാൻ അപ്രേം അനുവദിക്കാറില്ല. മനുഷ്യബുദ്ധിയുടെ കയറിൽ കെട്ടിയിടാവുന്ന ദൈവസങ്കല്പങ്ങളിൽ നിന്ന് അകന്നും ഉയർന്നും നില്ക്കുന്നതാണ് അദ്ദേഹത്തിന്റെ ദൈവചിത്രീകരണങ്ങൾ. അവയെല്ലാം ബുദ്ധികൊണ്ട് അളന്നു തിട്ടപ്പെടുത്താനാവില്ലെങ്കിലും അറിയാനും ആസ്വദിക്കാനും കഴിയുന്നവയാണ്. പ്രതിരൂപാത്മകഭാഷയിൽ, സമഗ്രസംയോജനാത്മക രീതിയിൽ, ബിംബ പ്രതിബിംബങ്ങളുടെ വേലിയേറ്റംവഴി അദ്ദേഹത്തിന്റെ ആശയലോകം താത്ത്വികമാനങ്ങൾ കൈവരിക്കുന്നു. സാർവത്രികമായ ക്രൈസ്തവ ദൈവശാസ്ത്ര ചിന്താധാരകൾക്ക് സമകാലീനത സംസിദ്ധമാക്കാൻ സഹായിക്കുന്ന സമ്പുഷ്ടമായ ദാർശനികത അപ്രേമിന്റെ കൃതികളിൽ ആഴമായി പരതുന്നവർക്കേ കിട്ടുകയുള്ളൂ.

ഗ്രീക്ക് - ലത്തീൻ സ്വാധീനവലയത്തിൽ വീണ് അടിമയായിത്തീർന്ന പൗരാണിക ശ്ലൈഹിക ക്രൈസ്തവികതയുടെ അടിക്കുറിപ്പുകൾ ഏറെയും അവശേഷിക്കുന്നത് സുറിയാനി ദൈവശാസ്ത്ര പൈതൃകത്തിലാണെന്ന കാര്യം പലരും ഓർക്കാറില്ല. യൂറോപ്യൻ ദൈവശാസ്ത്രരീതികൾ ചവച്ചുതുപ്പിയ ചവറുകൾ സാംസ്കാരികാനുരൂപണമെന്ന പഞ്ചസാരയിൽ പൊതിഞ്ഞ് ആധുനിക ക്രൈസ്തവലോകം ഏഷ്യയിലും (ഇന്ത്യയിൽപോലും) ഇറക്കുമതി ചെയ്യുമ്പോൾ ഏഷ്യയ്ക്ക് എന്നല്ല ലോകത്തിലാകമാനം മൗലിക പ്രാധാന്യമുള്ള ആദിമ, ശ്ലൈഹിക, സെമിറ്റിക്, വേദഗ്രന്ഥാധിഷ്ഠിതമായ സുറിയാനി ദൈവശാസ്ത്രം അവഗണിക്കപ്പെടുന്നത് അക്ഷന്തവ്യം എന്നേ പറയാനുള്ളൂ. സ്വന്തം മണ്ണിലും സ്വന്തം ചരിത്രത്തിലും സ്വന്തം ഭാഷയിലും സ്വന്തം സംസ്കാരത്തിലും വേരുകളില്ലാത്ത പിൽക്കാല ദൈവശാസ്ത്ര വൈദേശികത, ഏഷ്യയിലുത്ഭവിച്ചു വളർന്ന ക്രൈസ്തവദൈവശാസ്ത്രത്തെ വികലമാക്കേണ്ട കാര്യമെന്ത്? ഇവിടെയാണ് സുറിയാനി സഭാപിതാക്കന്മാരുടെ കാഴ്ചപ്പാടുകളുടെ പ്രസക്തി.

www.malankaralibrary.com

എപ്പോഴും പ്രസന്നവദനനും സദാസന്തോഷപ്രകൃതിയുമായ ഒരു താപസചിന്തകൻെറ മുഖമാണ് അപ്രേം കൃതികളിൽ തെളിഞ്ഞുവരുന്നത്. വാക്കുകളിലും ചിത്രീകരണങ്ങളിലും തുളുമ്പിയൊഴുകുന്ന നർമ്മബോധം അപ്രേമിന് സ്വതസിദ്ധമായിരുന്നു. നർമ്മരസം ദൈവശാസ്ത്രജ്ഞന്മാർക്കിടയിലും താപസന്മാർക്കിടയിലും പൊതുവേ കാണാനില്ലാത്ത സ്ഥിതിക്ക് ആ രംഗത്തും അപ്രേം മല്പാൻ വേറിട്ടു നടക്കുന്നവനാണ്. സ്വയം കളിയാക്കാനും സാത്താൻെറ പരാക്രമങ്ങളും പരാജയങ്ങളും ചിരിക്കു വകതരുന്ന വിധത്തിൽ വിവരിക്കാനും ഗഹനമായ ദൈവശാസ്ത്ര ചിന്തകൾക്കിടയിൽ പുഞ്ചിരി തൂകാനുതകുന്ന വർണനകൾ നടത്താനും അദ്ദേഹത്തിന് അനായാസം സാധിച്ചിരുന്നു. പാഷണ്ഡതകളെ അടിച്ചുതകർക്കാൻ ആയിരംനാവുള്ള പോരാളിയായി വാദമുഖങ്ങൾ ഉയർത്തുമ്പോഴും തൻെറ ഇരകളെ നർമ്മരസനിഷ്യന്ദിയായ വാക്പയറ്റുകൊണ്ടു വീഴിക്കാനും അപ്രേം ശ്രമിക്കാറുണ്ട്. യജമാനൻെറ മേശയ്ക്കിടയിൽ നിന്നുകൊണ്ട് ദൈവശാസ്ത്രത്തിൻെറ വിഭവസമൃദ്ധമായ വിരുന്നിൽ നിന്ന് വല്ലപ്പോഴും നിലത്തു വീണുകിടക്കുന്ന അപ്പക്കഷണങ്ങൾ പെറുക്കിത്തിന്ന് തൃപ്തിയടയുന്ന പട്ടിയോട് അപ്രേം പലതവണ സ്വയം ഉപമിച്ചിട്ടുണ്ട്. അതേസമയം അജഗണത്തെ ആക്രമിക്കുന്ന ചെന്നായ്ക്കൂട്ടത്തെ എതിരിട്ട് ഓടിച്ച് അബദ്ധവിശ്വാസ ജടിലമായ പാഷണ്ഡതകളെ തുരത്തുന്ന വേട്ടപ്പട്ടിയായിട്ടാകും ചിലപ്പോൾ അദ്ദേഹം സ്വയം വിശേഷിപ്പിക്കുക. "ആട്ടിടയൻെറ സഹായി" എന്ന സ്ഥാനം അവകാശപ്പെടാനും അപ്രേമിന് മടിയില്ല. മാർസിയൻ, ബർദൈസാൻ, മാനി എന്നിവരുടെ അബദ്ധസിദ്ധാന്തങ്ങളുടെ നെടുങ്കോട്ടകൾ അടിച്ചുതകർത്ത് നിലംപരിശാക്കുന്ന ദൈവശാസ്ത്ര പോരാട്ട വീര്യം കപ്പദോഷ്യൻ പിതാക്കന്മാർക്കോ, മഹാനായ അത്തനേഷ്യസിനോ, അഗസ്റ്റിനോ, ഒരിജനോപോലും അപ്രേമിനുള്ളത്ര ഉണ്ടെന്നു തോന്നുന്നില്ല.

പണ്ഡിതന്മാരെ ചിന്തയുടെ പന്തയക്കളത്തിൽ അങ്ങോട്ടുമിങ്ങോട്ടും ഓടിച്ച് ഉത്തരംമുട്ടിക്കുന്ന മഹാപണ്ഡിതനായ അപ്രേം "ഔദ്യോഗിക സ്കൂൾ വിദ്യാഭ്യാസമില്ലാത്ത വിഡ്ഢി" എന്നു സ്വയം ചിത്രീകരിക്കാറുണ്ട്. ഗ്രീക്കു തത്ത്വശാസ്ത്രങ്ങൾ പഠിക്കാതെപോയ ഒരു പാമരനാണ് താനെന്ന് അദ്ദേഹം അഭിമാനപൂർവം പറയുന്നത് ഗ്രീക്കു തത്ത്വശാസ്ത്രത്തോട് തനിക്ക് കാര്യമായ കടപ്പാടില്ലെന്ന് കാണിക്കാ

www.malankaralibrary.com

നാണ്. വിദ്യാഭ്യാസമില്ലാത്തവരെ പുച്ഛരിക്കുന്ന പണ്ഡിതലോകത്തിന് "വിദ്യാവിഹീനനായ" അപ്രേം വെല്ലുവിളി ഉയർത്തിയതുവഴി വിദ്യാർത്ഥി ലോകത്തിൻെറയും സത്യാന്വേഷികളുടെയും പണ്ഡിതന്മാരുടെയും മധ്യസ്ഥനായി അപ്രേം നിലകൊള്ളുന്നു. പലവട്ടം തലപുകഞ്ഞ് ആലോചിച്ചാലും പിടികിട്ടാൻ പ്രയാസമുള്ള ചിന്താലോകം അപ്രേമിൻെറ കൃതികളിൽ അവിടവിടെ കണ്ടെത്താനാകും. ഗംഭീരാശയങ്ങൾ, കടഞ്ഞെടുത്ത വാക്കുകളിൽ വിവരിക്കുമ്പോൾ അപ്രേമിൻെറ "വിവരമില്ലായ്മയിലൂടെ" ഒരു വിനീത വിവേകശാലിയുടെ മുഖംകൂടി കാണാറാകുന്നു. ആയിരം മുഖങ്ങളുള്ള ദൈവശാസ്ത്ര കണ്ണാടിയും പിടിച്ചാണ് ആ അപ്രേമിൻെറ നില്പ്. അഞ്ചാം നൂറ്റാണ്ടിലെ ദൈവശാസ്ത്രജ്ഞരിൽ പാണ്ഡിത്യംകൊണ്ട് മുൻനിരയിൽ നില്ക്കുന്നവനും അന്ത്യോക്യൻ ദൈവശാസ്ത്ര കലാലയത്തിലെ അതികായരിൽ ഒരുവനുമായ സൈറസിലെ തിയഡൊറെറ്റ് അപ്രേമിനെ "പരിശുദ്ധാത്മാവിൻെറ വീണ" യെന്നു വിളിച്ചത് ഭംഗിവാക്കല്ലല്ലോ. ആ വിലയിരുത്തൽ സുറിയാനി ഭാഷയിൽ അപ്രേമിനെ വായിച്ചാസ്വദിക്കുന്ന ആരും ഇന്നും അംഗീകരിക്കുമെന്നു തീർച്ച.

ആവർത്തനവിരസമായ ശൈലികൊണ്ടു ബോറടിപ്പിക്കുന്നവൻ എന്ന് അപ്രേമിനെ ആക്ഷേപിച്ചിട്ടുള്ള ചിലരുണ്ടാകാം. വിദ്യാഭ്യാസമില്ലാത്ത സാമാന്യജനങ്ങൾക്കുവേണ്ടിയാണ് അപ്രേം ആവർത്തനശൈലി പ്രയോഗിച്ചത്. അതൊരു സെമിറ്റിക് രീതിയാണ്. സങ്കീർത്തനങ്ങളിൽ ഒരേ ആശയം വീണ്ടും വീണ്ടും വിവരിക്കുന്നുണ്ടല്ലോ. ആവർത്തനം കൊണ്ട് വിദ്യാവിഹീനരെ പഠിപ്പിക്കാനെളുപ്പമാണെന്നറിഞ്ഞിരുന്ന അപ്രേം ആ രീതിയാവും ചിലപ്പോൾ പരീക്ഷിക്കുക. പണ്ഡിതമ്മന്യന്മാരെന്ന് സ്വയം ഞെളിഞ്ഞിരുന്ന പാഷണ്ഡികൾക്കെതിരെ സാധാരണക്കാരൻെറ ഭാഷയിൽ സംസാരിക്കുന്ന അപ്രേമിൻെറ അജപാലന വ്യഗ്രതയുടെ ഉദാഹരണമായി ഇത്തരം ആവർത്തനങ്ങളെ കണ്ടാൽ മതി. ആശയലോകം അവസാനിക്കാതെയും ആവർത്തനം നിലയ്ക്കാതെയും നീണ്ടുനില്ക്കുന്ന രീതിയിൽ ഒഴുകിപ്പരന്ന് മനസ്സാകെ നിറഞ്ഞു കവിയുന്ന ഉപമകളും ചമൽക്കാരപ്രയോഗങ്ങളും അർത്ഥകല്പനകളും സൂചനകളും വിരോധോക്തികളും കൊണ്ട് വേലിയേറ്റം സൃഷ്ടിക്കാൻ അപ്രേം ശ്രദ്ധിക്കാറുണ്ട്. ആലോചിക്കുന്തോറും അർത്ഥവ്യാപ്തി ഏറിവരുന്ന രീതിയിൽ ഇരമ്പിയാർക്കുന്ന തിരമാലകൾ പോലെയാണ്

www.malankaralibrary.com

അപ്രേമിൻെറ കാവ്യഭാവന ഉയർന്നുപൊങ്ങുക. തിരകൾ അടങ്ങുമ്പോഴാകും മനസ്സും ഹൃദയവും ദൈവചിന്തയുടെ മഹാസമുദ്രത്തിൽ വിശ്വാസത്തിൻെറ കപ്പലിറക്കുകയെന്ന് അപ്രേം വിവരിച്ചിട്ടുണ്ട്. ആ കപ്പലിലാണ് അപ്രേമിൻെറ യാത്ര. ദൈവസ്തുതികൾ പാടുന്ന വീണ എപ്പോഴും കൈവശമുള്ള അപ്രേമിനെ ദൈവസ്തുതിയുടെ ദൈവശാസ്ത്രജ്ഞനെന്ന് വിളിക്കാം.

പരിഹാസശരങ്ങളുടെ ഘോരമാരികൊണ്ട് ആര്യനിസമെന്ന അബദ്ധവിശ്വാസത്തിൻെറ പിൽക്കാലവികാസ പരിണാമങ്ങളെ അപ്രേം നിഷ്പ്രഭമാക്കി. നെയോ-ആര്യനിസത്തിൻെറ വാദമുഖങ്ങളെ തകർക്കാൻ മഹാനായ ബസേലിയോസും ഗ്രിഗറി നീസ്സായും ഏറെ പാടുപെട്ടു. എന്നാൽ അവരേക്കാൾ മുമ്പുതന്നെ അവരുടേതിനേക്കാൾ സമർത്ഥമായ വാദഗതികൾ അവതരിപ്പിച്ച് നെയോ - ആര്യനിസത്തിൻെറ അടിവേരുകൾ പറിച്ചവനാണ് അപ്രേം; അതും ഗ്രീക്ക് വിദ്യാഭ്യാസത്തിൻെറ പിൻബലമില്ലാത്ത "വിദ്യാവിഹീനനായ" അപ്രേം!

പൂവിലും പുല്ലിലും പക്ഷിമൃഗാദികളിലും ചരാചരങ്ങളിലും മനുഷ്യനിലും മൺതരിയിലും എന്നുവേണ്ട, സൃഷ്ടിപ്രപഞ്ചത്തിലുടനീളം ദൈവത്തിൻെറ അടയാളങ്ങൾ ദർശിച്ച ചിത്രകാരനാണ് അപ്രേം മല്പാൻ. മനുഷ്യനു മനസിലാകുന്ന നൂറുനൂറു ചിത്രങ്ങളിലൂടെ വാക്കുകളാകുന്ന ചായംകൊണ്ടു കഥ പറയുന്ന കലാകാരൻ എന്ന നിലയിൽ അദ്ദേഹം ചിത്രീകരണ വിദഗ്ധനാണ്. വിദൂരസ്ഥനും സമീപസ്ഥനുമായ ദൈവത്തെ വാക്കുകളുടെ വസ്ത്രാലങ്കാരങ്ങളിലൂടെ ദൃശ്യനും അദൃശ്യനുമാക്കുന്ന ഭാഷാപ്രയോഗശൈലിയുടെ ഉടമസ്ഥൻ. വാക്കുകളിൽ മറഞ്ഞിരിക്കുന്ന ദൈവചിത്രങ്ങൾ ഒരു ചലച്ചിത്രത്തിലൂടെയെന്നവണ്ണം ദൃശ്യമാകുമ്പോൾ വായനക്കാരൻ വിനീതനാകുന്നു. ശിശുതുല്യമായ ഹൃദയത്തിൽ നിറഞ്ഞുകവിയുന്ന അത്ഭുതാദരങ്ങളോടെ പ്രകൃതി നിരീക്ഷണപടുവായ ആ കവിഹൃദയം ദൈവമേഖലയിലേയ്ക്ക് ചിറകടിച്ചുയരുമ്പോൾ വായനക്കാരനും കേൾവിക്കാരനും പറക്കാൻ ചിറകുകൾ വേണ്ടിവരും. അപ്രേമിൻെറ ചിന്തകൾക്ക് ചിറകു മുളയ്ക്കുമ്പോൾ നിലത്തു നില്ക്കുന്നവൻ ഒന്നും കണ്ടില്ലെന്നുവരാം. കാരണം, അപ്രേം പറന്നുയർന്ന് അനന്തവിഹായസ്സിൽ എത്തിക്കഴിഞ്ഞിരിക്കും.

"സഭാപിതാക്കന്മാർക്കിടയിലെ ശാസ്ത്രജ്ഞൻ" എന്ന് ഇരുപതാം നൂറ്റാണ്ടിലെ ഒരു യഹൂദപണ്ഡിതനായ ജെ.ബി.സേഗൽ അപ്രേമിനെ

www.malankaralibrary.com

വിളിച്ചത് അപ്രേമിൻെറ കൃതികളിൽ അവിടവിടെകാണുന്ന ശാസ്ത്രീയ നിരീക്ഷണങ്ങളുടെ വെളിച്ചത്തിലാണ്. കന്യകമറിയത്തെപ്പറ്റി ഏറ്റവുമധികം ദൈവശാസ്ത്ര ഉൾക്കാഴ്ചയോടെ വിവരിക്കുന്ന സഭാപിതാവെന്ന നിലയിൽ "മരിയൻവേദപാരംഗതൻ" എന്ന് അപ്രേം അറിയപ്പെടുന്നു. റോമൻ കത്തോലിക്കാസഭ 1920 ൽ അപ്രേമിനെ "സാർവത്രിക സഭയുടെ മല്പാൻ" എന്ന് വിളിച്ചു. "സുറിയാനിക്കാരുടെ പ്രവാചകൻ", "അറിവിൻെറ നിറകുടം", "സിറിയായിലെ സിംഹം", "സഭയുടെ നെടുംതൂൺ", "രണ്ടാമത്തെ മോശ", "മഹാനായ അപ്രേം", "കർത്താവിൻെറ കയ്യിലെ വീശുമുറം", "ക്രൈസ്തവലോകത്തിൻെറ ഏറ്റം വലിയ ദൈവശാസ്ത്ര കവി", "കവികളുടെ ദൈവശാസ്ത്രജ്ഞനും ദൈവശാസ്ത്രജ്ഞന്മാരുടെ കവിയും", "പ്രാവുകൾക്കിടയിലെ കഴുകൻ", "സഭയിലെ യുഫ്രട്ടീസ് നദി" എന്നിങ്ങനെ നീണ്ടുപോകുന്ന അപരനാമ പരമ്പര അപ്രേമിനുള്ളതുപോലെ സഭാപിതാക്കന്മാരിൽ മറ്റാർക്കാണുള്ളത്? പ്രാർത്ഥനയെയും വിശ്വാസ വ്യാഖ്യാനത്തെയും കോർത്തിണക്കി അദ്ദേഹം മിസ്റ്റിസിസത്തെയും ദൈവശാസ്ത്രത്തെയും ഒന്നിച്ചു നിർത്തുകയാണ്. യുഫ്രട്ടീസ് നദി മരുഭൂമിയെ നനച്ച് ഫലപുഷ്ടമാക്കി മെസപ്പൊട്ടേമിയൻ നാഗരികതയ്ക്ക് ജീവൻ നൽകിയതുപോലെയാണ് അപ്രേമിൻെറ കൃതികൾ ദൈവശാസ്ത്രലോകത്ത്. "ദാന്തേയോട് തുലനം ചെയ്യാവുന്ന ഏക ദൈവശാസ്ത്ര കവി", "സഭാപിതാക്കന്മാരുടെ കാലത്തെ ഏറ്റവും മഹാനായ കവി" എന്നൊക്കെ റോബർട്ട് മറെയും സെബാസ്റ്റ്യൻ ബ്രോക്കും അപ്രേമിനെ പുകഴ്ത്തിയിട്ടുണ്ട്. സുറിയാനി ഭാഷയും സുറിയാനി ദൈവശാസ്ത്രവും ഉറവിടത്തിൽ നിന്ന് പഠിക്കാത്തവർക്ക് മാത്രമേ ഈമാതിരി അഭിപ്രായങ്ങൾ അതിശയോക്തിയായി തോന്നുകയുള്ളൂ.

## അപ്രേമിൻെറ വിശുദ്ധഗ്രന്ഥ വ്യാഖ്യാനശൈലി

ആദിമസുറിയാനി ക്രൈസ്തവ ദൈവശാസ്ത്രം വേദഗ്രന്ഥത്തെപ്പറ്റിയുള്ള സൃഷ്ടിപരവും പ്രാർത്ഥനാപൂരിതവുമായ മനനത്തിൻെറ ഫലമാണ്. ഈ പ്രസ്താവം അപ്രേമിൻെറ കൃതികളെ സംബന്ധിച്ച് കൂടുതൽ ശരിയാണ്. അപ്രേമിൻെറ കാലത്ത് സുറിയാനി ദൈവശാസ്ത്രം മിശിഹാകേന്ദ്രീകൃതമായ വിശുദ്ധ ഗ്രന്ഥധ്യാനത്തിൽ നിന്ന് ഉയർന്നുവരുന്നതാണ്. പ്രാർത്ഥനയുടെയും ദൈവസ്തുതിയുടെയും മേഖലയിലേക്ക് അതു മനുഷ്യമനസിനെ എത്തിച്ചിരുന്നു. വേദഗ്രന്ഥത്തിൽ ദേവാ

www.malankaralibrary.com

ലയകൂടാരം സ്ഥാപിച്ച് വാസമുറപ്പിച്ച സുറിയാനിസഭകളുടെ വിശുദ്ധ ഗ്രന്ഥ കേന്ദ്രീകൃത ചിന്തകൾ സൈദ്ധാന്തികതയെ ഉൾക്കൊള്ളാൻ വെമ്പൽകൊള്ളാതെ ശ്ലൈഹികകാലത്തോട് സമകാലീനത പുലർത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ നിലപാടുറപ്പിച്ച് നിലകൊണ്ട ദൈവശാസ്ത്ര ചിന്തകൾ ആയിരുന്നു വളർന്നുവന്നത്.

വിശുദ്ധ ഗ്രന്ഥത്തിലേക്ക് സദാ ഓടിക്കയറുന്ന ദൈവശാസ്ത്രമാണ് അപ്രേമിൽ കാണുക. പഴയനിയമ പുതിയനിയമ വ്യത്യാസമെന്യേ വചനംകൊണ്ടു വചനം വ്യാഖ്യാനിക്കുന്ന ശൈലി അപ്രേമിന് സ്വായത്തമാണ്. ആ സവിശേഷത ദിയാതെസ്സറോൺഭാഷ്യത്തിലുടനീളം കാണുന്നു. തുടക്കം വേദഗ്രന്ഥത്തിലെ ഏതെങ്കിലും വാക്കോ വാക്യമോ ചിത്രീകരണമോ പ്രതീകമോ ആയിരിക്കും. വ്യാഖ്യാനപാത ഏതെന്ന് മുൻനിശ്ചയം കൂടാതെ തികഞ്ഞ സ്വാതന്ത്ര്യത്തോടെ മുന്നോട്ടൊഴുകുന്നു. മുന്നോട്ട് സ്വച്ഛസുന്ദരമായി ആ പ്രവാഹം നീങ്ങുമ്പോൾ നൂറായിരം കൈവഴികളിലൂടെ പൊട്ടിയൊഴുകാൻ കഴിവുറ്റ "യൂഫ്രട്ടീസായി" അതു പരിണമിക്കുന്നതു സാധാരണ കാഴ്ചയാണ്. വചനകേന്ദ്രീകൃത ചിന്തകൾ ചിലപ്പോൾ വാരിവിതച്ചെന്നിരിക്കും. വേദഗ്രന്ഥവാക്യങ്ങൾ ഉദ്ധരിച്ച് വിവരണലേശമെന്യേ അപ്രേം കടന്നുപോയെന്നുമിരിക്കും. വേറിട്ടൊരു വ്യാഖ്യാനം കൂടാതെ വചനം വ്യക്തമാണെന്ന ധാരണയിൽ മുന്നോട്ടു നീങ്ങുന്ന ഭാഷ്യകാരൻ നിശബ്ദത പാലിച്ചു നിലകൊള്ളുകയാകും ചിലപ്പോൾ. ചില വേളകളിൽ വേദവാക്യങ്ങളിൽ നിന്ന് വഴുതിമാറി സ്വതന്ത്രചിന്തകൾ അവതരിപ്പിക്കാനും വഴിയുണ്ട്. തന്റെ വേദശാസ്ത്രചിന്തകളും വി.ഗ്രന്ഥവാക്യങ്ങളും വേർതിരിക്കാനാവാത്തവിധം പിരിച്ചുകെട്ടി ഒന്നാക്കുന്ന ശൈലിയായും അതു മാറാം. വി.ഗ്രന്ഥമെന്ന മഹാസമുദ്രത്തിൽ യഥേഷ്ടം നീന്തിത്തുടിച്ചു നീങ്ങാൻ അപ്രേമിന് വിശ്വാസമാകുന്ന കപ്പൽ തുണയുണ്ടാകും. ദൈവശാസ്ത്ര വിഹായസ്സിൽ പറന്നുപൊങ്ങാൻ ചിറകുകളുള്ള കഴുകനെപ്പോലെ അപ്രേമിന്റെ ബുദ്ധിയും യുക്തിയും ഭാവനയും ചിന്തയും ഉൾക്കാഴ്ചയും ആ നൗകയുടെ പായ്മരത്തിൽ സദാ തയ്യാറായി നിലകൊള്ളുന്നു. നേരിട്ടുള്ള ഉദ്ധരണികൾ ഒഴിവാക്കിക്കൊണ്ട് പരോക്ഷമായ സൂചനകൾമാത്രം നൽകാനായിരിക്കും ചിലപ്പോൾ ശ്രമിക്കുക. ദൃഷ്ടാന്തങ്ങളും സാദൃശ്യങ്ങളും രൂപകങ്ങളും വിരോധാഭാസങ്ങളും വാക്പ്രയോഗങ്ങളും ശ്ലേഷാർത്ഥങ്ങളും നർമ്മരസവും ചാലിച്ചെടുത്ത ചായക്കൂട്ടുകൾ ഭാഷ്യകാരന്റെ

www.malankaralibrary.com

ഭാഷയിലാകെ ഉണ്ടാകും. കാവ്യഭാവനയുടെ ചിറകടി അപ്രേമിൻെറ ഗദ്യ കൃതികളിൽ ഏതുഭാഗത്തും കേൾക്കാനായേക്കും. ഒരു പാഠത്തിനോ വാക്യത്തിനോ, വാക്കിനോ വിവിധ വ്യാഖ്യാനങ്ങൾ കണ്ടെത്താനും അപ്രേം ശ്രമിക്കാ റുണ്ട്. അനേകരുടെ വ്യത്യസ്തവ്യാഖ്യാനങ്ങൾ നൽകാനാകും മറ്റൊരു ശ്രദ്ധ. വായനക്കാർക്കും കേൾവിക്കാർക്കും ഉപകരിച്ചേക്കാവുന്ന ആധ്യാ ത്മികചിന്തകൾ വികസിപ്പിക്കുക അപ്രേമിന് ഇഷ്ടമുള്ള കാര്യമാണ്. ഇതിന് ചില ഉദാഹരണങ്ങൾ മാത്രം *ദിയാതെസ്സറോൺഭാഷ്യ*ത്തിൽ നിന്ന് ചൂണ്ടിക്കാണിക്കാം. മണ്ടനും പേടിത്തൊണ്ടനും ദരിദ്രനുമായ ശെമയോൻകേപ്പാ (4:20); കിണറ്റിൻ കരയിൽ വച്ചു നടക്കുന്ന വിവാഹവാഗ്ദാനങ്ങളുടെ പരമ്പര (5:17); രക്തസ്രാവക്കാരി സ്ത്രീയുടെ കഥ (7:3-12); പാപിനിയായ സ്ത്രീയുടെ കാര്യം (10:8); ധനിക യുവാവിനു പറ്റിയ അമളി (6:24); സമറിയായിൽ കിണറ്റിൻ കരയിൽ കാത്തിരിക്കുന്ന യേശു (12:16); യേശുവിൻെറ പീഡാനുഭവരംഗം (20-21) തുടങ്ങിയ ചിത്രങ്ങൾ വരയ്ക്കുമ്പോൾ നർമ്മരസവും ഭക്തിരസവും കരുണരസവും ഒന്നിച്ചുചേർന്ന് ആധ്യാത്മികതയുടെ തിരയിളക്കം ഉണർത്തുകയാണ്.

*ദിയാതെസ്സറോൺഭാഷ്യം* മനുഷ്യാവതാരരഹസ്യത്തെ വിശദീകരിച്ചുകൊണ്ടാണ് ആരംഭിക്കുന്നത്. നദികൾ കടലിൽ ഒഴുകിച്ചേർന്ന് ലക്ഷ്യം പ്രാപിക്കുന്നതുപോലെ മിശിഹായിലേക്ക് പ്രതീകങ്ങളും പ്രവചനവാക്യങ്ങളും ബിംബങ്ങളും, ഉപമകളും നിഴലുകളും നീങ്ങുകയാണ്. മിശിഹായിൽ ചെന്നു നിലച്ചാൽ അർത്ഥപൂർണിമ കൈവരുകയായി. എല്ലാം മിശിഹായിൽ നിറവേറുവാൻ വേണ്ടി പഴയനിയമം കാത്തിരിക്കുകയായിരുന്നു. അപ്രേമിൻെറ കൃതികളിലെല്ലാം ഈ ചിന്ത കണ്ടെത്താൻ സാധിക്കും. രക്ഷാകരരഹസ്യങ്ങളുടെ കലവറ തുറക്കുന്ന താക്കോൽ ആണ് യേശു എന്ന് അപ്രേം പറയുന്നു. ആദിയിൽ ഉണ്ടായിരുന്ന വചനത്തിൻെറ ദൈവശാസ്ത്രം വിവരിക്കുന്ന വേളയിൽ അപ്രേം വലിയ ദൈവശാസ്ത്രജ്ഞന്മാരുടെ നിരയിലേക്ക് ഉയർന്നു നില്ക്കുന്നു.

ബൈബിൾ വ്യാഖ്യാനം ദുഷ്കരമാണെന്ന് സമ്മതിക്കുമ്പോഴും അപ്രേമിന് അതു പറയാൻ സ്വന്തമായ ശൈലിയുണ്ട് എന്നു വ്യക്തമാക്കുന്ന ഒരു സുദീർഘമായ ഭാഗം ഉദ്ധരിക്കുക ഉചിതമെന്നു തോന്നുന്നു: "അനന്തമായ വ്യാഖ്യാന സാധ്യതകൾ നിറഞ്ഞു നില്ക്കുന്നതാണ് ഓരോ ദൈവികവാക്യവും. ദാഹിച്ചുവലഞ്ഞവൻ ഒരു നീരുറവയിൽ

www.malankaralibrary.com

നിന്ന് കുടിക്കുന്നെന്ന് കരുതുക. അതുപോലെയാണ് ദൈവവചന വ്യാഖ്യാനം. കുടിക്കുന്ന വെള്ളം വളരെ കുറച്ചുമാത്രം. കുടിച്ചശേഷം പിന്നെയും അവശേഷിക്കുന്ന ജലസ്രോതസ്സ് എത്രയേറെ. വിട്ടുകളഞ്ഞതിനോട് തുലനം ചെയ്യാനാവാത്തവിധം തീരെ തുച്ഛമായതേ കുടിച്ചുതീർത്തുള്ളു. ദൈവവചന പഠിതാക്കളുടെ വീക്ഷണകോണങ്ങൾ വളരെ വ്യത്യസ്തങ്ങളായിരിക്കാം. എന്നാൽ അവയേക്കാൾ എത്രയോ ഏറെയാണ് ദൈവവചനത്തിന്റെ അർത്ഥവ്യാപ്തി. ദൈവത്തിന്റെ ഓരോ വാക്കും മനോഹര വൈവിധ്യമുള്ളതാണ്. പഠിതാക്കൾ ഇഷ്ടാനുസാരം ഓരോ വശംമാത്രം കണ്ടെത്തിയാലായി. സകലവിധ നിക്ഷേപങ്ങളും സമാഹരിച്ച് നിറച്ചുവച്ചിരിക്കുന്നതാണ് ഓരോ വാക്കും. ഏതുവശത്തു നിന്നുമുള്ള ധ്യാനപഠനവും പ്രയോജനകരമാണ്. നിറയെ ഫലം കായ്ച്ചു നില്ക്കുന്ന ജീവന്റെ വൃക്ഷമാണത്; അതിന്റെ ഏതുഭാഗത്തും നിന്ന് ഫലം കിട്ടുന്നു. പാറ പിളർന്ന് എല്ലാവർക്കുംവേണ്ടി എല്ലാവശത്തേക്കും മരുഭൂമിയിൽ ഒഴുകിയെത്തിയ ആത്മീയപാനീയം അതുതന്നെ. അനന്ത നിക്ഷേപങ്ങളുള്ള ഈ ഉറവിടത്തിൽ നിന്ന് ഏതെങ്കിലും ഒന്നുമാത്രം ഒരാൾ കണ്ടെത്തിയേക്കും. താൻ കണ്ടെത്തിയതു മാത്രമാണ് ആകെയുള്ളത് എന്ന് അയാൾ കരുതിയാൽ തെറ്റി. അനേകം കാര്യങ്ങളിൽ നിന്ന് ഇതുമാത്രം കണ്ടെത്താനേ തനിക്ക് കഴിഞ്ഞുള്ളുവെന്നു വ്യക്തം. എന്നാൽ ഈ കണ്ടെത്തൽ വഴി താൻ സമ്പന്നനായി. തന്മൂലം ഇനിയും ശേഷിക്കുന്ന നിക്ഷേപാലയം ദരിദ്രമായെന്നോ ശൂന്യമായെന്നോ കരുതാമോ? ഒരിക്കലും പാടില്ല. അതുല്യമായ ആ നിക്ഷേപാലയത്തെ നന്ദിപൂർവം വീക്ഷിക്കുക. അതിൽനിന്ന് തിന്നും കുടിച്ചും സംതൃപ്തനാകാൻ സാധിച്ചതിൽ നീ സന്തോഷിക്കുക തന്നെ വേണം. ആ നിക്ഷേപാലയത്തിൽ നിന്ന് ഒരംശം കിട്ടിയതുകൊണ്ട് നീ ധനികനായി. പക്ഷേ അതു നിന്നേക്കാൾ അനേകമടങ്ങ് സമ്പന്നമാണെന്നറിയുക. അതോർത്ത് നീ ആകുലപ്പെടേണ്ട. പാനം ചെയ്തു തൃപ്തിയടയാൻ സാധിക്കുന്നതിൽ ഒരാൾ സന്തോഷിക്കുന്നു; അല്ലാതെ, ഉറവ മുഴുവൻ കുടിച്ചുവറ്റിക്കാൻ പറ്റിയില്ലല്ലോ എന്നോർത്തു വിഷമിക്കാറില്ല. ദാഹം ശമിപ്പിക്കാനാണ് കിണർ. അതു കുടിച്ചുവറ്റിക്കാൻ നിനക്കാവില്ല. ഉറവയിൽനിന്ന് കുടിച്ച് ദാഹം തീർക്കാനാവുമെങ്കിലും ഉറവയിൽ കുറവുണ്ടാകുന്നില്ലല്ലോ. ദാഹം തീർക്കാൻവേണ്ടിയാണത്. തന്മൂലം ദാഹിക്കുമ്പോഴൊക്കെ കുടിക്കുക. ഉറവ കുടിച്ചുവറ്റിക്കാൻ ആർക്കു കഴിയും? അഥവാ ആർക്കെങ്കിലും കഴിഞ്ഞാൽ, പിന്നെ ദാഹിക്കുമ്പോൾ എവിടെപ്പോയി കുടിക്കും?

www.malankaralibrary.com

ഉറവ വറ്റിപ്പോയാൽ അതു കഷ്ടംതന്നെ! കോരിയെടുക്കുന്നത് ചെറിയൊരു ഭാഗം മാത്രം. എങ്കിലും നന്ദിപറയുക. ഇനിയും ഉറവയിൽ ശേഷിക്കുന്നതിനെപ്പറ്റി പിറുപിറുക്കേണ്ട. നീയെടുത്തത് നിനക്ക് ഉപകരിക്കേണ്ട ഭാഗം. മിച്ചമുള്ളതും നിൻേറതുതന്നെ. ബലഹീനനായ നിനക്ക് ഇപ്പോൾ എടുക്കാവുന്നിടത്തോളം കോരിയെടുത്തു. ഇനിയും അവസരമുണ്ടല്ലോ; ആവശ്യം വരുമ്പോൾ വീണ്ടും കോരിയെടുക്കരുതോ? അല്പാല്പമായി എടുക്കുക. എല്ലാം ഒന്നിച്ചെടുക്കാൻ ശ്രമിക്കുന്നതാണ് കുഴപ്പം. എന്നും കുറേശ്ശ കോരിയെടുക്കാനാണ് ശ്രമിക്കേണ്ടത്. ഒന്നിച്ചെടുക്കാൻ പറ്റില്ലെന്നു കരുതി ഒട്ടും എടുക്കാതെ നീ പിന്തുകോട്ടുപോകാനും പാടില്ല. എടുക്കാവുന്നത്, ആവശ്യാർത്ഥം എടുക്കുക" (1: 18-19).

ദൈവവചനം വ്യാഖ്യാനിച്ചു തീർക്കാനുള്ളതല്ല എന്നത്രേ അപ്രേം പറഞ്ഞുവയ്ക്കുന്നത്. വ്യാഖ്യാനിച്ച് തീർത്തെടുക്കണമെന്ന് വാശിപിടിക്കുന്നതു വിഡ്ഢിത്തമാണ്. എന്നു കരുതി ഒട്ടുമേതും വ്യാഖ്യാനിക്കേണ്ട എന്നുമല്ല വാദിക്കുക. എളിമയോടെ, നന്ദിയോടെ, പ്രാർത്ഥനയോടെ വ്യാഖ്യാനിച്ച് ഗ്രഹിക്കണം. നമ്മുടെ വ്യാഖ്യാനങ്ങളെല്ലാം അപൂർണമാണെന്ന ഉൾക്കാഴ്ച കൂടുതൽ പൂർണമായ വ്യാഖ്യാനസാധ്യതയെ എപ്പോഴും അവശേഷിപ്പിക്കുന്നു. അറിവിൻെറ അതിരുകൾ അനന്തതയോളം എന്നു മാറ്റിവരയ്ക്കാമെന്ന് ചുരുക്കം. ഇനിയൊരിക്കലും ഒരല്പം കൂടി വളരാനാവാത്തവിധം അറിവിൻെറ ചക്രവാളങ്ങൾ അവസാനിച്ചുപോയി എന്നു കരുതാനാവില്ലെന്നാണ് അപ്രേമിൻെറ അഭിപ്രായം. ഓരോ തവണയും ധ്യാനപഠനം വഴി ദൈവവചനത്തെപ്പറ്റിയുള്ള അറിവിൻെറ ആഴവും പരപ്പും വളർന്നുവരുന്നു. വർധിച്ചുവരുന്ന അർത്ഥവ്യാപ്തിയുടെ അനന്തസാധ്യതയുടെ വാതിലുകൾ തുറന്നാണ് കിടക്കുക. ആ വാതിലടച്ച് കളയരുതേ എന്നാണ് അപ്രേമിൻെറ അഭ്യർത്ഥന. വെളിപ്പെട്ടതും മറഞ്ഞിരിക്കുന്നതും തമ്മിലുള്ള ബന്ധവും ബന്ധമില്ലായ്മയും അപ്രേമിൻെറ എല്ലാകൃതികളിലും കണ്ടെത്തുന്ന അതിപ്രധാനമായ ആശയങ്ങളിലൊന്നാണ്. അറിഞ്ഞതിനേക്കാളുപരി ഇനിയും അറിയാനിരിക്കുന്നു എന്ന് അദ്ദേഹം വാദിക്കാറുണ്ട്.

വിശുദ്ധഗ്രന്ഥത്തിൽ നിന്ന് ഇഷ്ടമുള്ള ഭാഗങ്ങൾ മാത്രം അടിസ്ഥാനമാക്കി മറ്റുഭാഗങ്ങളെ ആക്രമിക്കുന്നവരുടെ സ്ഥിതിയെ അപ്രേം എതിർക്കുന്നു: "തനിക്കു പറ്റിയ ഭാഗങ്ങൾ മാത്രം സാത്താൻ തിരുലി

www.malankaralibrary.com

ഖിതങ്ങളിൽ നിന്നു തപ്പിപ്പെറുക്കി എടുക്കുന്നു; തനിക്ക് പറ്റാത്തവ അവൻ വിട്ടുകളയും. പാഷണ്ഡികളും ഇതുപോലെതന്നെ. തങ്ങളുടെ തെറ്റായ പഠനങ്ങൾക്ക് ചേരുന്ന ഭാഗങ്ങൾ അവർ തിരുലിഖിതത്തിൽ നിന്നെടുക്കുന്നു; തങ്ങളുടെ തെറ്റുകൾക്കു എതിരായത് ഒക്കെ അവർ വിട്ടുകളയും. അങ്ങനെ ഈ യജമാനന്റെ (അതായത് സാത്താന്റെ) ശിഷ്യരാണു തങ്ങളെന്നു വ്യക്തമാക്കുന്നു!" (4:8 C.).

മേൽക്കാണിച്ച ബൈബിൾ വ്യാഖ്യാനരീതിയെപ്പറ്റി വീണ്ടും അപ്രേം പറയുന്നതു ശ്രദ്ധാർഹമാണ്: "വിശുദ്ധഗ്രന്ഥത്തിലെ വാക്കുകൾക്ക് ഒരേ ഒരർത്ഥമേയുള്ളു എന്നു കരുതുക. അപ്പോൾ ആദ്യത്തെ വ്യാഖ്യാതാവ് തന്നെ അതു കണ്ടെത്തും. പിന്നെ ബാക്കി എല്ലാ വായനക്കാർക്കും കേൾവിക്കാർക്കും അന്വേഷണത്തിന്റെ അധ്വാനമോ കണ്ടെത്തലിന്റെ ആഹ്ലാദമോ ഇല്ലാതെ പോകുമായിരുന്നു. എന്നാൽ നമ്മുടെ കർത്താവിന്റെ ഓരോ വാക്കിനും അതാതിന്റെ ഛായ ഉണ്ട്; ഓരോ ഛായയ്ക്കും അനേകം അംഗങ്ങളും; ഓരോ അംഗത്തിനും അതാതിന്റെ തരവും രൂപവും. ഓരോരുത്തനും തന്റെ കഴിവിന് ആനുപാതികമായി കേൾക്കുന്നു; തനിക്കു കിട്ടിയതനുസരിച്ച് അതിനെ വ്യാഖ്യാനിക്കുന്നു" (7:22).

*ദിയാതെസ്സറോൺഭാഷ്യ*ത്തിൽ നിന്ന് താഴെ ചൂണ്ടിക്കാട്ടുന്ന വാക്യങ്ങൾ ഏതാനും ഉദാഹരണങ്ങൾ മാത്രം. കടലിനെ ശാന്തമാക്കിയതിനെപ്പറ്റി (ലൂക്കാ 8:24) അപ്രേം പറയുന്നു:"ഉറങ്ങിയവനെ അവർ ഉണർത്തി; അവൻ കടലിനെ ഉറക്കി. ഇപ്പോൾ ശാന്തമായ കടലിന്റെ ഇളക്കത്തിലൂടെ, ഒരിക്കലും ഉറങ്ങാത്ത അവന്റെ ദൈവത്വത്തിന്റെ ഉണർവിനെ കാണിക്കാനായിരുന്നു അത്" (6:25, പേജ് 100). യേശു വഞ്ചിയിൽവച്ച് ഉറങ്ങിയതും, അപ്പോൾ ഉണർന്ന കടലിനെ അവൻ ഉണർന്ന് ഉറക്കിയതും ഒരിക്കലും ഉറക്കമില്ലാത്ത താൻ ആരെന്ന് ശിഷ്യരെ പഠിപ്പിക്കാൻ വേണ്ടിയായിരുന്നു! "ആത്മീയമായി അവിടുത്തെ സ്പർശിച്ചവർക്കു സ്പർശനവിധേയമായ മനുഷ്യത്വം വഴി സ്പർശനാതീതമായ ദൈവത്വവുമായി ബന്ധപ്പെടാൻ സാധിച്ചു"(7:5). രക്തസ്രാവക്കാരി (മർക്കോ 5:25-34) യേശുവിനെ സ്പർശിച്ചു സൗഖ്യം നേടിയതിനെപ്പറ്റി പറയുമ്പോൾ അപ്രേമിന്റെ അതിലളിതമായ വ്യാഖ്യാനശൈലി ഹൃദ്യമാകുന്നു. ബൈബിൾ പണ്ഡിതനും ദൈവശാസ്ത്രജ്ഞനുമായ അപ്രേം അജപാലനവ്യഗ്രത നിറഞ്ഞ ആധ്യാത്മികാചാര്യൻ കൂടിയായിരുന്നു.

www.malankaralibrary.com

ദൈവത്വവും മനുഷ്യത്വവും ഏകയാളിൽ ഐക്യപ്പെട്ടു താദാത്മ്യം പ്രാപിച്ച അവസ്ഥയെപ്പറ്റി പരാമർശിക്കാൻ അപ്രേമിന് അനായാസം സാധിച്ചു (cf 7:8, 17, 23, പേജ് 102-120).

പഴയനിയമത്തിലെ പ്രതീകമായി ഹാബേലിനെ അവതരിപ്പിച്ചുകൊണ്ട് അപ്രേം എഴുതുന്നു: "ഹാബേൽ കൊല്ലപ്പെട്ടിടത്ത്, ഭൂമിയുടെ വായ് ഉണ്ടായിരുന്നില്ലേ? ഭൂമി വായ് തുറന്ന് നിൻെറ സഹോദരൻെറ രക്തം സ്വീകരിച്ചു (ഉല്പ 4:11). നമ്മുടെ കർത്താവ് സംസ്കരിക്കപ്പെട്ടിടത്ത്, ഭൂമിയുടെ ഹൃദയം ഉണ്ടായിരുന്നില്ലേ?" (11:3b പേജ് 157). "തെക്കിൻെറ രാജ്ഞി അതിനെ ന്യായംവിധിക്കും (മത്താ 12:42). കാരണം അവൾ സഭയുടെ പ്രതീകം ആകുന്നു. അവൾ സോളമൻെറ അടുത്തേക്കു വന്നതുപോലെ സഭ നമ്മുടെ കർത്താവിൻെറ പക്കലേക്ക് വന്നു" (11:4, പേജ്157). "ഹവ്വായുടെ കാതിലൂടെ മരണം കടന്നുകയറി; അതുപോലെ മറിയത്തിൻെറ കാതിലൂടെ ജീവൻ പ്രവേശിച്ചു" (20:32, പേജ് 316). പഴയനിയമ പശ്ചാത്തലത്തിൽ നിഴലുകളും പുതിയ നിയമത്തിൽ യാഥാർത്ഥ്യങ്ങളും കണ്ടെത്തി അവയെ വിളക്കിച്ചേർക്കുകയാണ് അപ്രേമെന്ന ബൈബിൾഭാഷ്യകാരൻ ചെയ്യുന്നത് എന്ന് ഈമാതിരി എത്രയോ വാക്യങ്ങൾ വിളിച്ചോതുന്നു.

വായനക്കാരെ ചിന്തിപ്പിക്കുന്ന സൂക്തങ്ങൾ ഉരുവിടാനും അപ്രേമിനു മടിയില്ല എന്നു കാണിക്കുന്ന ധാരാളം ഉദ്ധരണികൾ കണ്ടെത്താം: "ജീവിച്ചിരിക്കുന്നവരെല്ലാം ജീവനുള്ളവരല്ല, സംസ്കരിക്കപ്പെട്ടവരെല്ലാം മരിച്ചവരുമല്ല" (15:12, പേജ് 224). "മാധുര്യമുള്ള നാവിൻെറ കൈക്കൂലിയോടുകൂടി, മുഖസ്തുതിയുടെ രീതിയിൽ, ധനവാൻ ന്യായാധിപൻെറ പക്കലേക്കു കടന്നുവന്നു" (15:1 പേജ് 216). "എന്നാൽ മക്കൾ പിതാക്കന്മാരുടെ സമ്പത്തുമാത്രം കണ്ടു; അവരുടെ നീതി അവരുടെ കണ്ണിൽ പെട്ടില്ല. വിജാതീയരാകട്ടെ, അവരുടെ സമ്പത്തു കണ്ടില്ല, എന്നാൽ അവരുടെ നീതി ദർശിച്ചു" (15:15, പേജ് 220). "ജോലിയും ജോലിക്കു വിളിക്കാൻ ആളും ഇല്ലാത്തതിനാൽ അലസരായിരുന്ന പരിശ്രമശാലികളെ ഒരു സ്വരം കൂലിക്കെടുക്കുകയും ഒരു വാക്ക് ഉണർത്തുകയും ചെയ്തു" (15:15, പേജ് 226).

മുന്തിരിത്തോട്ടത്തിൻെറ ഉപമ (മത്താ 21:33-38) വിശദീകരിക്കവേ അപ്രേം എഴുതുന്നു: "അവൻ അതിനു വേലികെട്ടി: നിയമം; മുന്തിരിച്ചക്കിനുള്ള കുഴികുഴിച്ചു: ബലിപീഠം; അവിടൊരു ഗോപുരം പണിതു:

www.malankaralibrary.com

ആലയം..." (16:19, പേജ് 245). "സ്നേഹത്തിൻെറ കർഷകൻ മനസ്സിൽ വിതച്ച കല്പന" (16:23, പേജ് 248). ലാസറിനെ ഉയിർപ്പിക്കുന്ന രംഗം കരുണാർദ്രമാണ്: "അവൻെറ കണ്ണുനീർ മഴപോലെയും ലാസർ ഗോതമ്പുമണിപോലെയും, കല്ലറ ഭൂമിപോലെയും ആയിരുന്നു" (17:7, പേജ് 259). മിശിഹായുടെ കണ്ണീരിൽ കുതിർന്ന ഗോതമ്പുമണിയായ ലാസർ കല്ലറയാകുന്ന ഭൂമിയിൽ നിന്നു മുളപൊട്ടി പുതുജീവൻ പ്രാപിച്ചു പുറത്തുവന്നു. കാവ്യാത്മകത കവിഞ്ഞൊഴുകുന്ന ദൈവശാസ്ത്ര കല്പന വ്യക്തമാകുന്നു ഇവിടെ. കഥാപാത്ര സൃഷ്ടിയിലും അപ്രേം അദ്വിതീയപ്രാഗത്ഭ്യം പ്രദർശിപ്പിക്കാറുണ്ട്. "അവിടുന്ന് പുൽത്തൊഴുത്തു കൊണ്ട് ആരംഭിച്ചു; ഒരു കഴുതയെക്കൊണ്ട് അവസാനിപ്പിച്ചു; ബേത്‌ലഹേമിൽ പുൽത്തൊഴുത്തുകൊണ്ട്; ജറുസലേമിൽ കഴുതയെക്കൊണ്ട്" (18:1, പേജ് 264). യേശുവിൻെറ ഈലോക പ്രവേശനം പുൽത്തൊട്ടിയിലാണെങ്കിൽ പട്ടണപ്രവേശനം കഴുതപ്പുറത്താണ്, ഒരു കഴുതയുടെ ജീവിതംപോലെ അവസാനിച്ചു എന്നു കരുതിയവർക്കെതിരെ താക്കീതുമായി.

മനുഷ്യാവതാരത്തിൻെറ ദൈവശാസ്ത്രം വിവരിക്കാൻ അപ്രേമിന് സൈദ്ധാന്തികദർശനങ്ങളുടെ പിൻബലം ആവശ്യമില്ല. "ജഡമെടുക്കുകയും, ബലഹീനത ധരിക്കുകയും, വിശന്നപ്പോൾ ഭക്ഷിക്കുകയും, ജോലി കഴിയുമ്പോൾ ക്ഷീണിക്കുകയും, ക്ഷീണിക്കുമ്പോൾ ഉറങ്ങുകയുംചെയ്തതിനാൽ, തൻെറ മരണസമയം അടുത്തപ്പോൾ ജഡവുമായി ബന്ധപ്പെട്ട ഈ കാര്യങ്ങളെല്ലാം പൂർത്തീകരിക്കപ്പെടേണ്ടിയിരുന്നു" (20:4, പേജ് 294). മനുഷ്യാവതാര രഹസ്യത്തിൻെറ അടിസ്ഥാനഭാഗമാണ് യേശുവിൻെറ ശാരീരികപീഡാസഹനങ്ങൾ. പീഡകൾ തൻെറ യഥാർത്ഥ ശരീരത്തിൽ യേശു സഹിച്ചത് വെറും അഭിനയമായിരുന്നില്ല: "തൻെറ ശാരീരിക മരണത്തിൻെറ ഈ നാഴികയിൽ ശരീരത്തിനുള്ളത് അവൻ ശരീരത്തിനു നൽകി... അവൻ വിശപ്പുള്ളവനും ദാഹാർത്തനും ക്ഷീണിതനും ഉറക്കം ആവശ്യമുള്ളവനും ആയിരുന്നതുപോലെ, അവൻ ഭയപ്പെട്ടുപോയി. അഥവാ, വേദനയും കഠിനാധ്വാനവും കൂടാതെയാണ് അവൻ നമ്മുടെ കടം വീട്ടിയത് എന്നു ലോകത്തിലെ മനുഷ്യർക്ക് പറയാൻ ഇടയാകാതിരിക്കാനാണ്..." (20:6, പേജ് 295). "'വാൾ അതിൻെറ ഉറയിൽ ഇടുക' (മത്താ 26:52). അവൻെറ വാക്ക് അവൻെറ വാളായിരുന്നതിനാൽ അവനു വാളിൻെറ ആവശ്യം ഉണ്ടായിരുന്നില്ല. വേർപെട്ട

www.malankaralibrary.com

ചെവി അതിൻെറ പൂർവസ്ഥാനത്തു പുനഃസ്ഥാപിച്ചതുപോലെ, ഒന്നിച്ചിരുന്ന അവയവങ്ങളെ വേർപെടുത്താനും അവനു കഴിയുമായിരുന്നു" (20:13, പേജ് 300).

രക്ഷാകരപ്രവർത്തനത്തിൻെറ ഓരോ ഘട്ടവും യേശു മനുഷ്യകുലത്തിനു വെളിപ്പെടുത്തുന്നതായി അപ്രേം വിശദീകരിക്കുന്നു: "പീഡിപ്പിക്കപ്പെട്ട സത്യത്തെപ്രതി കർത്താവ് സത്യത്തിൻെറ സംരക്ഷകനായിത്തീർന്നു; പീലാത്തോസിൻെറ മുമ്പാകെ നിശ്ശബ്ദനുമായിരുന്നു. മറ്റുള്ളവർ ന്യായവാദങ്ങളിലൂടെ വിജയം കൈവരിച്ചപ്പോൾ, നമ്മുടെ കർത്താവ് തൻെറ നിശബ്ദതയിലൂടെ വിജയശ്രീലാളിതനായി; കാരണം, സത്യപ്രബോധനത്തിൻെറ വിജയമായിരുന്നു ദിവ്യനിശബ്ദതയുടെ പ്രതിഫലം. അവിടുന്നു പഠിപ്പിക്കാനായി സംസാരിച്ചു; എന്നാൽ വിസ്താരസ്ഥലത്ത് നിശബ്ദനുമായിരുന്നു" (20:16, പേജ് 302). മിശിഹായുടെ നിശബ്ദത ജനക്കൂട്ടത്തിൻെറ വാക്കുകളേക്കാൾ വാചാലമായി നിലകൊണ്ടു വിജയംപ്രാപിച്ച് ഫലം ഉളവാക്കിയെന്നാണ് അപ്രേമിൻെറ വാദം (cf. പേജ് 302-303).

തുളച്ചുകയറുന്ന ബിംബകല്പനകൾ വാരിവിതറിക്കൊണ്ടാണ് അപ്രേമിൻെറ ഭാഷ ഗദ്യത്തിലായാലും പദ്യത്തിലായാലും മുന്നേറുക: "അവരുടെ ഉള്ളിലേക്ക് പരിശുദ്ധാത്മാവിനെ ഊതിക്കയറ്റിയവൻെറ മുഖത്ത് അവർ തുപ്പി (മർക്കോ 15:19). അവർ അവൻെറ കൈയിൽ ഒരു ഞാങ്കണ കൊടുത്തു (മത്താ 27:29); കാരണം വാർധക്യത്തിലെത്തിയ ലോകം ചാരിനിന്ന വടിപോലെ ആയിരുന്നു അവൻ. ന്യായാധിപന്മാരുടെ വിധി വാചകങ്ങൾ ഉറപ്പിക്കപ്പെട്ടതും അംഗീകരിക്കപ്പെട്ടതും അതുകൊണ്ടായിരുന്നു. അതുപോലെ അവിടുന്ന് എഴുതിയതും, തൻെറ ഭവനത്തിൽ നിന്ന് ദുഷ്ടരെ ആട്ടിഓടിച്ചതും അതുപയോഗിച്ചായിരുന്നു" (20:17 പേജ് 304). മണ്ണിൽ നിന്ന് മെനഞ്ഞ് ആദത്തിന് ജീവൻ നൽകിയതും ശ്ലീഹന്മാരിൽ പരിശുദ്ധറൂഹായെ കുടിയിരുത്തിയതും ദൈവം മനുഷ്യൻെറ മുഖത്ത് ഊതിക്കൊണ്ടായിരുന്നുവത്രേ. മനുഷ്യന് ദൈവത്തിൻെറ മുഖത്ത് തുപ്പാൻ പര്യാപ്തമായവിധം ദൈവം മുഖം താഴ്ത്തി നിന്നു കൊടുത്തു. പാപപങ്കിലമായ ലോകം യുവത്വവും പ്രസരിപ്പും നഷ്ടപ്പെട്ട് ജരാനരകൾ പിടിപെട്ട് വീഴാൻ പോകവേ പാപിനിയോട് കാരുണ്യവും ദേവാലയത്തെ അശുദ്ധമാക്കുന്ന ഹൃദയം കടുത്തവരോട് കാർക്കശ്യവും കാണിക്കുവാൻ യേശു രക്ഷിക്കുകയും ശിക്ഷിക്കുകയും

www.malankaralibrary.com

ചെയ്യുന്നവനായി. "പടയാളികളിൽ ഒരുവൻ അവനെ കുന്തംകൊണ്ടു കുത്തി" (യോഹ 19:34) എന്ന വാക്യത്തെപ്പറ്റി സഭാപിതാക്കന്മാരുടെ ലോകത്തുനിന്ന് ലഭിച്ചിട്ടുള്ള ഏറ്റവും ഹൃദയാവർജകവും ദൈവശാസ്ത്ര സമ്പന്നവുമായ ഒരു വ്യാഖ്യാനം അപ്രേമിൻേറതാണ്. സുദീർഘമായ ആ ഭാഗം (21:10-13, പേജ് 328-331) മനസ്സിരുത്തി വായിക്കുന്നവർക്കാർക്കും ബൈബിൾ പണ്ഡിതനും, ദൈവശാസ്ത്രജ്ഞനും കവിയും മിസ്റ്റിക്കുമായ അപ്രേം അന്യനായിരിക്കുകയില്ല. "തിരുലിഖിതങ്ങളുടെ നിഗൂഢപ്രകാശം കാണാൻ നിങ്ങൾക്കു കഴിവില്ലെങ്കിൽ അവ വായിക്കുന്ന അധ്വാനം ഉപേക്ഷിക്കുക" (20:29, പേജ് 313). വിശുദ്ധ ഗ്രന്ഥത്തിൻെറ ആന്തരികതയിലേക്കു പോയാൽ പ്രകാശിതമായ ലോകത്തിലാകും വായനക്കാരൻ. അഥവാ വാക്കുകളുടെ വേലിക്കെട്ടുകൾക്കപ്പുറം കടക്കാൻ കഴിയാതെ, അർത്ഥമറിയാതെ അവൻ അതുമിതും പുലമ്പുകയേയുള്ളു. വായനകൊണ്ടും കേൾവികൊണ്ടും അവസാനിക്കാതെ വാക്കുകളുടെ പുറന്തോടുകൾ വിട്ട് അർത്ഥതലത്തിലേക്ക് എത്തിനില്ക്കണം. വാഗ്‌വിലാസത്തിൻെറ വാതായനങ്ങൾ വലിച്ചു തുറന്ന് അകത്തുകടന്നാലേ ബൈബിൾ വ്യാഖ്യാനം കൊണ്ടു കാര്യമുള്ളു. പ്രപഞ്ചമാകുന്ന പുസ്തകം, വിശുദ്ധഗ്രന്ഥം, മിശിഹായെന്ന താക്കോൽ എന്നിവ മൂന്നും ദൈവമേഖലയിലേക്ക് എത്തിച്ചേരാൻ മനുഷ്യനെ സഹായിക്കുന്നതിനാൽ, വാക്കുകൾക്കിടയിലൂടെ ആ തലത്തിലേക്ക് തീർത്ഥാടനം സാധ്യമാകുന്നു. ഇതത്രേ അപ്രേം ആവർത്തിച്ചു പറയുക.

## ദിയാതെസ്സറോൺ ഭാഷ്യത്തിൻെറ അർമേനിയൻ, സുറിയാനി വിവർത്തനങ്ങൾ

മാർ അപ്രേം ദിയാതെസ്സറോണിന് ഭാഷ്യമെഴുതിയത് സുറിയാനി ഭാഷയിലായിരുന്നു. നിസിബിസിലെ മതപഠനശാലയുടെ രീതിയിൽ എഡേസ്സായിലെ മതപഠനശാല അപ്രേമിൻെറ ആഗമനത്തോടെ നവജീവൻ പ്രാപിച്ചുവെന്നാണ് കരുതപ്പെടുന്നത്. പ്രസ്തുത പാഠശാലയ്ക്കു വേണ്ടി എഴുതിയ ക്ലാസ്നോട്ടുകൾ ആണ് ഈ കൃതിയുടെ ആദിരൂപം. അതു പലരീതിയിൽ പിൽക്കാലത്ത് ആരൊക്കെയോ പൊളിച്ചെഴുതിയ ഭാഗങ്ങളുണ്ട്. സമഗ്രമായ ഒരു വ്യാഖ്യാനമെഴുതുകയായിരുന്നില്ല അപ്രേമിൻെറ ലക്ഷ്യം. തെരഞ്ഞെടുത്ത ചില ഭാഗങ്ങൾക്ക് ടിപ്പണി തയ്യാറാക്കുക മാത്രമേ അദ്ദേഹം ഉദ്ദേശിച്ചുള്ളു.

www.malankaralibrary.com

അടുത്തകാലം വരെ പണ്ഡിതലോകത്തിന് ലഭ്യമായിരുന്നത് ദിയാതെസ്സറോൺ സുറിയാനിഭാഷ്യത്തിൻെറ അർമേനിയൻ തർജ്ജമ മാത്രമായിരുന്നു. അർമേനിയൻ തർജ്ജമ 1836-ൽ വെനീസിൽ നിന്നു പ്രസിദ്ധീകൃതമായി. അതുവരെ ഇത്തരമൊരു ഗ്രന്ഥത്തിൻെറ അസ്തിത്വം പോലും പലരും ചോദ്യം ചെയ്തിരുന്നു. അർമേനിയൻ പതിപ്പിന് 1841-ൽ ഒരു ലത്തീൻ വിവർത്തനം ഉണ്ടായി. എന്നാൽ അതു വെളിച്ചം കണ്ടത് 1876-ൽ മാത്രമായിരുന്നു. രണ്ട് അർമേനിയൻ കയ്യെഴുത്തുപ്രതികളെ ആധാരമാക്കിയാണ് ഈ വിവർത്തനം പ്രസിദ്ധീകരിച്ചത്. അവ രണ്ടും 1195 ൽ പകർത്തപ്പെട്ടവയാണ്. ആ രണ്ടു കയ്യെഴുത്തുപ്രതികളെ താരതമ്യപഠനത്തിനും വിമർശനചർച്ചയ്ക്കും വിധേയമാക്കി. ലൂയി ലെല്വാ (Louis Leloir) അർമേനിയൻ സംശോധിത പതിപ്പ് (1953-ൽ) പുതിയൊരു ലത്തീൻ വിവർത്തനത്തോടുകൂടി (1954 ൽ) പ്രസിദ്ധീകരിച്ചു.

സുറിയാനി മൂലകൃതി നഷ്ടപ്പെട്ടുപോയി എന്ന് പണ്ഡിതലോകം കരുതിയിരുന്നു. എന്നാൽ സിറിൾ മോസ് എന്ന സുറിയാനി പണ്ഡിതൻ 1956-ൽ ഡബ്ലിനിലെ ചെസ്റ്റർ ബീട്ടി ഗ്രന്ഥശേഖരത്തിൽ മാർ അപ്രേമിൻെറ ദിയാതെസ്സറോൺഭാഷ്യം കണ്ടെത്തി (MS 709). കയ്യെഴുത്തുപ്രതിക്ക് 65 താളുകൾ ഉണ്ടായിരുന്നു. എന്നാൽ ഈ കൈയെഴുത്തുപ്രതി അപൂർണമായിരുന്നു. 1966-ൽ ബാർസലോണായിൽ നിന്ന് വൽദിവീസോ എന്ന പണ്ഡിതൻ ഒരു താൾകൂടി കണ്ടെടുത്തു. 1984 -ൽ അഞ്ചു താളുകളും 1986-ൽ 36 താളുകളുംകൂടി ചെസ്റ്റർബീട്ടി ഗ്രന്ഥശേഖരത്തിൽ നിന്നുതന്നെ ലഭിച്ചു. ഇങ്ങനെ 134 താളുകളുള്ള കയ്യെഴുത്തുപ്രതിയുടെ 107 താളുകൾ ലഭിച്ചുകഴിഞ്ഞു. ഇനിയും ഏതാണ്ട് 27 താളുകൾ കൂടി ലഭിച്ചാൽ കയ്യെഴുത്തുപ്രതി പൂർണമാകും എന്ന് പണ്ഡിതലോകം കരുതുന്നു. ദിയാതെസ്സറോൺ ഭാഷ്യം സുറിയാനിയിലും, ലത്തീൻ, ഫ്രഞ്ച് വിവർത്തനങ്ങളിലും പ്രസിദ്ധീകരിച്ചത് ലൂയി ലെല്വാ എന്ന പണ്ഡിതനാണ്.[1] ഈജിപ്തിലെ വാദി നത്റൂനിലെ ദയർ-എസ്-സുറിയാനി എന്നറിയപ്പെടുന്ന ആശ്രമത്തിലെ ഗ്രന്ഥശേഖരത്തിൽ നിന്നാണ് ഈ സുറിയാനി കയ്യെഴുത്തിപ്രതി പാശ്ചാത്യലോകത്തിനു ലഭിച്ചത്. എസ്ട്രാംഗല സുറിയാനിയിൽ എഴുതിയ ഈ കയ്യെഴുത്തുപ്രതി അഞ്ച്/ആറ് നൂറ്റാണ്ടുകളിൽ എഴുതപ്പെട്ടതാണ്. ഇരുപത്തിനാല് അധ്യായങ്ങളായി തിരിച്ചും അവയിൽ തന്നെ ഖണ്ഡികകൾ തിരിച്ചും തലക്കെട്ടുകൾ കൊടുത്തും ലെല്വാ വായന എളുപ്പമാക്കി. അർമേനിയനിൽ

www.malankaralibrary.com

ഇല്ലാത്ത പലഭാഗങ്ങളും സുറിയാനി കൈയെഴുത്തുപ്രതിയിൽ ഉണ്ടായിരുന്നതിനാൽ വീണ്ടും ഖണ്ഡിക തിരിച്ച് ക്രമീകരിക്കേണ്ടതായും സൂചിപ്പിക്കേണ്ടതായും വന്നു. മൂലസുറിയാനി കൈയെഴുത്തുപ്രതി ആദ്യം ലഭിച്ചിരുന്നെങ്കിൽ വ്യത്യസ്തമായ രീതിയിൽ ക്രമീകരിക്കുമായിരുന്നു എന്ന് ലെലൂാ തന്നെ പറഞ്ഞിട്ടുണ്ട്.

കാർമൽ മക്കാർത്തി 1993-ൽ പ്രസിദ്ധീകരിച്ച ഇംഗ്ലീഷിനെ ആധാരമാക്കിയാണ് ആദരണീയ പണ്ഡിതനായ ചേടിയത്ത് ഗീവർഗീസച്ചൻ ഈ ഗ്രന്ഥം തയ്യാറാക്കിയിട്ടുള്ളത്. സഭാപിതാക്കന്മാരുടേതായി അറുപതിലധികം ഗ്രന്ഥങ്ങൾ ഇതിനോടകം ചേടിയത്തച്ചൻ വഴി മലയാള ഭാഷയ്ക്കു ലഭിച്ചിട്ടുണ്ട്. കൈരളിക്കു കൈവന്ന കനകനിധിശേഖരം എന്നേ ഈ കൃതികളെപ്പറ്റി പറയാനാവൂ. മലയാളലോകത്ത് ഒരു വിജ്ഞാനവിസ്ഫോടനം സൃഷ്ടിക്കാൻ പര്യാപ്തമായ ഈ ഗ്രന്ഥപരമ്പര ക്രൈസ്തവ ദൈവശാസ്ത്രത്തിലെന്നല്ല മലയാള സാഹിത്യത്തിൽത്തന്നെ താല്പര്യമുള്ളവർ ഉപയോഗിച്ചിരുന്നെങ്കിൽ എന്നാശിച്ചുപോകുന്നു. പാണ്ഡിത്യസമാദരം കമ്മിയായ മലയാളലോകത്ത്, ക്രൈസ്തവരെങ്കിലും - അവർ ഏതേതുസഭകളിൽ പെട്ടവരായാലും- അച്ചന്റെ ദൈവശാസ്ത്രപരവും ഭാഷാപരവുമായ ഈ സാഹിതീസപര്യയെ സാദരം സ്വീകരിക്കേണ്ടതാണ്. സഭാപിതാക്കന്മാരുടെ ദൈവശാസ്ത്ര കാഴ്ചപ്പാടുകളും ആശയലോകവും മലയാളികൾക്ക് പരിചയപ്പെടുത്താൻ അനേകവർഷങ്ങളായി കഠിനാധ്വാനം ചെയ്യുന്ന ചേടിയത്തച്ചൻ അപ്രേമിനെപ്പറ്റി 2001-ൽ നാലു പുസ്തകങ്ങൾ ഭാഷാന്തരം ചെയ്തു മലയാളത്തിൽ പ്രസിദ്ധീകരിച്ചത് ശ്രദ്ധാർഹമാണ്.[2]

അവസാനത്തെ പുസ്തകത്തിൽ *ഉൽപത്തിഭാഷ്യം, പുബ്ലിയൂസിനുള്ള കത്ത്, നമ്മുടെ കർത്താവിനെക്കുറിച്ചുള്ള പ്രസംഗം, ജൂലിയനെതിരെയുള്ള ഗീതങ്ങൾ* എന്നിങ്ങനെ അപ്രേമിന്റെ നാലു കൃതികൾ തർജ്ജമ ചെയ്തിട്ടുണ്ട്. ഏകദേശം എണ്ണൂറോളം പേജുകൾ ഒറ്റവർഷം കൊണ്ട് അപ്രേം കൃതികൾ ആയി ചേടിയത്തച്ചനിലൂടെ മലയാളത്തിന് കൈവന്നിരിക്കുന്നത് അഭിമാനാർഹമായ നേട്ടം തന്നെ. മലയാള ക്രൈസ്തവർ മാത്രമല്ല അവരുടെ ദൈവശാസ്ത്ര ഉറവിടങ്ങൾ പരിചയപ്പെടാനാഗ്രഹിക്കുന്ന ആരും ആദ്യം മറിച്ചുനോക്കേണ്ട കൃതികളാണിവ. സുറിയാനിപൈതൃകത്തെ വിസ്മരിച്ച് ദൈവശാസ്ത്രമേഖലയ്ക്ക് സ്വയം കണ്ടെത്താനുള്ള കണ്ണാടിയായി ഈ ഗ്രന്ഥങ്ങളെ വിലയിരുത്താം.

www.malankaralibrary.com

*ദിയാതെസ്സറോൺ ഭാഷ്യം* മലയാളത്തിലേക്ക് തർജ്ജമ ചെയ്തിരിക്കുന്നത് ഒഴുക്കും ഓജസ്സും ഉള്ള ശൈലിയിലാണ്. സഭാപിതാക്കന്മാരുടെ കൃതികൾ തർജ്ജമ ചെയ്തു വൈദഗ്ധ്യമാർജിച്ച തൂലികയ്ക്ക് അപ്രേം കൃതികളുടെ ഭാഷാന്തരം അനായാസം സാധിച്ചിരിക്കുന്നു. ക്ലിഷ്ടത കൂടാതെ വായിച്ചുപോകാവുന്നതാണീ കൃതി. അപ്രേം കൃതികളിൽ സാധാരണ കണ്ടുവരുന്ന ദുർഗ്രഹത ഒഴിവാക്കാൻ കഴിയുന്നത്ര അച്ചൻ പരിശ്രമിച്ചിട്ടുണ്ട്. എന്നാൽ അടിക്കുറിപ്പുകളുടെ ആധിക്യം പുസ്തകത്തെ കീഴടക്കിയിട്ടില്ലതാനും. ഇനിയും എത്രയെത്ര അപ്രേം കൃതികൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്യപ്പെടാതെ കിടക്കുന്നു! കാലക്രമേണ അവയും ചേടിയത്തച്ചന്റെ തൂലികയിലൂടെ കൈരളിക്ക് കിട്ടുമെന്ന് പ്രതീക്ഷിക്കാം.

പൗരസ്ത്യവിദ്യാപീഠം — റവ.ഡോ. തോമസ് കൂനമ്മാക്കൽ

കോട്ടയം, 686 010

സെപ്തംബർ 20, 2002

1. ഗ്രന്ഥസൂചിക കാണുക (പേജ് 358). L.Leloir, *Saint Ephrem: Commentaire de l'évangile concordant. Text syriaque* (MS Chester Beatty 709), Folios Additionnels, Leuven/ Paris, 1990.

2. ജി. ചേടിയത്ത്, *മാർ അപ്രേം: പറുദീസാ ഗീതങ്ങൾ* (കോട്ടയം 2001), പേജ് 118; *മാർ അപ്രേം: കന്യാത്വഗീതങ്ങൾ* (കോട്ടയം 2001), പേജ് 220; *മാർ അപ്രേം: മനുഷ്യാവതാര ഗീതങ്ങൾ* (കോട്ടയം 2001), പേജ് 168; *മാർ അപ്രേം: ഉൽപത്തിഭാഷ്യം* (കോട്ടയം 2001), പേജ് 278.

www.malankaralibrary.com

# മാർ അപ്രേം
# ദിയാതെസ്സാറോൺ ഭാഷ്യം

## 1

### മനുഷ്യാവതാര രഹസ്യം സംബന്ധിച്ചുള്ള വിചിന്തനങ്ങൾ

**1.** എന്തുകൊണ്ടാണ് നമ്മുടെ കർത്താവ് നമ്മുടെ മാംസം കൊണ്ട് വസ്ത്രം ധരിച്ചത്? ഈ മാംസം വിജയം അനുഭവിക്കുന്നതിനും മനുഷ്യകുലം ദൈവദാനത്തെപ്പറ്റി അറിയുന്നതിനും മനസിലാക്കുന്നതിനും വേണ്ടിയായിരുന്നു അത്. കാരണം, മാംസത്തെ കൂടാതെ ദൈവം വിജയിച്ചിരുന്നെങ്കിൽ, അവിടുത്തേക്ക് എന്ത് സ്തുതി അർപ്പിക്കാൻ കഴിയുമായിരുന്നു? രണ്ടാമതായി, ദൈവം ആയിത്തീരാൻ ആഗ്രഹിച്ചവനോട് നമ്മുടെ കർത്താവിന് ആരംഭത്തിൽ ഒരസൂയയും തോന്നിയില്ല എന്നു കാണിക്കുന്നതിന് ആയിരുന്നു അത്. കാരണം ആദം വലിയവനും മഹനീയനുമായിരുന്നപ്പോൾ അവനിൽ നമ്മുടെ കർത്താവ് വസിച്ചിരുന്നു. എന്നാൽ നമ്മുടെ കർത്താവ് ആരിൽ നിന്ദ്യനായി തീർന്നുവോ, അവനാണ് ആദത്തേക്കാൾ വലിയവൻ. അതുകൊണ്ടാണ് ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നത്, *നിങ്ങൾ ദൈവങ്ങളായിരിക്കും എന്നു ഞാൻ പറഞ്ഞു* (സങ്കീ 82:6). ഇപ്രകാരം, അഗ്രാഹ്യമായത്, സുഗ്രാഹ്യമായതിലൂടെ സുഗ്രാഹ്യമാകുവാനും, അഗ്രാഹ്യമായതിലൂടെ അതിനെ ഗ്രഹിക്കുന്നവർക്കെതിരെ മാംസം സ്വയം ഉയർത്തുവാനും, വചനം എഴുന്നെ

www.malankaralibrary.com



ള്ളിവരികയും സ്വയം മാംസം ധരിക്കുകയും ചെയ്തു. കാരണം, നമ്മുടെ കർത്താവ് എല്ലാ നല്ല വസ്തുക്കളുടെയും തുറമുഖം ആയിരിക്കുകയും, എല്ലാ രഹസ്യങ്ങളുടെയും അന്ത്യമായ അവനിൽ ജനതകൾ ഒന്നിച്ചു കൂടുകയും, എല്ലാ ഉപമകളുടെയും ഭണ്ഡാരമായ അവനിലേക്ക് എല്ലാ ഭാഗങ്ങളിൽ നിന്നും അവർ ഓടിക്കൂടുകയും ചെയ്യുക ഉചിതമാണ്. അങ്ങനെ, ചിറകുകളിൽ ഉയർത്തപ്പെട്ടാൽ എന്നവണ്ണം എല്ലാവരും അവനിൽ മാത്രം വിശ്രമിക്കുന്നതിനാണിത്.

ദൈവത്തിൻെറ വിജ്ഞാനം ദർശിക്കുക: വീണവൻെറ വീഴ്ചയിൽ, അവനെ എഴുന്നേൽപ്പിക്കാനുള്ളവനും അവനോടുകൂടി വീണു. ആദത്തിൻെറ ദുരാശകൾക്കു മുമ്പുതന്നെ അവൻെറ ശരീരം സ്ഥിതിചെയ്തിരുന്നു. ആദം പിന്നീട് സ്വയം ധരിച്ച ദുരാശകൾ നമ്മുടെ കർത്താവ് എടുത്തില്ല. ആരോഗ്യമുള്ള പ്രകൃതത്തോട് കൂടിച്ചേർന്ന ഒരുതരം ബലഹീനതയായിരുന്നു അവ. അതുകൊണ്ട്, ബലഹീനമെങ്കിലും ആരോഗ്യമുള്ള പ്രകൃതികൊണ്ടാണ് നമ്മുടെ കർത്താവ് വസ്ത്രം ധരിച്ചത്; ഈ സ്വഭാവത്തിൻെറ പൂർവാരോഗ്യം വീണ്ടെടുക്കാനായിരുന്നു അത്. വന്യമൃഗങ്ങളുടെ ദംഷ്ട്രങ്ങൾ നമ്മെ കഠിനമായി മുറിവേല്പിച്ചെങ്കിലും, നമ്മുടെ ഗുണകാംക്ഷിയുടെ പ്രത്യൗഷധങ്ങൾ നമ്മെ പുനരുജ്ജീവിപ്പിക്കാൻ ഓടിയെത്തി. അനർഹമാംവിധം നിർബന്ധിതബന്ധനങ്ങളാൽ മനുഷ്യകുലം ബന്ധിതമായിരുന്നു; കാരണം, അതിൻെറ മുറിവുകൾ അനർഹങ്ങളായിരുന്നു. തന്നെ അടിച്ച സാത്താനെതിരെ ആദം പാപം ഒന്നുംചെയ്തിരുന്നില്ല; അതുപോലെ, തന്നെ സുഖപ്പെടുത്തിയ ഗുണകാംക്ഷിക്ക് അവൻ ഒന്നും കൊടുത്തുമില്ല. കഴുതയുടെ താടിയെല്ലുകൊണ്ട് സാംസൺ അനേകരെ കൊന്നു (ന്യായാ 15:15-16); എന്നാൽ ഹവ്വായെകൊണ്ട് സർപ്പം മനുഷ്യകുലത്തെ മുഴുവൻ കൊന്നു. അതുകൊണ്ട്, എതിരാളി വിജയിക്കുകയും ലോകത്തെ വിധിക്കുകയും ചെയ്ത അതേ ആയുധങ്ങൾ നമ്മുടെ കർത്താവ് എടുത്തു. അവിടുന്നു പോരാട്ടത്തിന് ഇറങ്ങിവരികയും സ്ത്രീയിൽ നിന്നു താൻ സ്വീകരിച്ച ശരീരത്തിൽ ലോകത്തെ ജയിക്കുകയും ചെയ്തു. കീഴടക്കപ്പെട്ട്, എതിരാളി വിധിക്കപ്പെട്ടു.

സഭ നിഗൂഢയായിരുന്നെങ്കിലും, ദിവ്യരഹസ്യങ്ങൾ അതിനെ പ്രഘോഷിച്ചുകൊണ്ടിരുന്നു; അതു നിശബ്ദമായിതന്നെ കഴിഞ്ഞു. എന്നാൽ പിന്നീട്, സഭ തന്നെ വെളിപ്പെട്ടപ്പോൾ, അതു ദിവ്യരഹസ്യ

www.malankaralibrary.com



ങ്ങൾ വ്യാഖ്യാനിക്കാൻ തുടങ്ങി. അതിന്റെ മുൻവ്യാഖ്യാതാക്കളാകട്ടെ, സഭയുടെ വെളിപാടുനിമിത്തം നിശബ്ദരായി തീർന്നു.

## vi. യോഹന്നാന്റെ ആമുഖം

**2.** *ആദിയിൽ വചനം ഉണ്ടായിരുന്നു* (യോഹ.1:1). വചനം അതിന്റെ ജനകനോടൊത്ത് ആയിരുന്നതുപോലെ, അതിൽ തന്നെയും അതിനു പുറത്തും ഉള്ള എല്ലാ പ്രവർത്തനങ്ങളിലും അതിന്റെ ജനകനോടൊത്ത് ഉണ്ടായിരുന്നു. കാരണം, ഒരു വാക്ക് ഉച്ചരിച്ചില്ലെങ്കിൽ തന്നെയും അതിന് അസ്തിത്വം ഉണ്ടാകാം. സഖറിയായുടെ കാര്യം എടുക്കാം. അവൻ തന്റെ ചുണ്ടുകൾ ഉപയോഗിക്കാതെ, എഴുത്തിലൂടെ ഒരു വാക്ക് അവതരിപ്പിച്ചു (ലൂക്കാ 1:63). ഹൃദയത്തിന്റെ നിഗൂഢകാര്യങ്ങൾ വാക്കിലൂടെ പ്രസ്പഷ്ടമാക്കുന്നതുപോലെ, നിഗൂഢമായിരുന്നവ നമ്മുടെ കർത്താവിലൂടെ വെളിപ്പെടുത്തപ്പെട്ടു. അതുകൊണ്ടുകൂടിയും അവിടുന്നു വചനം എന്നു വിളിക്കപ്പെടുന്നു. കാരണം, 'ദൈവത്തിന്റെ രഹസ്യമാണ് മിശിഹാ' എന്ന് പൗലോസ് സാക്ഷിക്കുന്നു. വിജ്ഞാനത്തിന്റെയും അറിവിന്റെയും എല്ലാ നിഗൂഢകാര്യങ്ങളും അവനിലൂടെ വെളിപ്പെട്ടു (കൊളോ 1:26-27). വചനത്തിന്റെ സ്വഭാവം ജനിപ്പിക്കപ്പെടുക എന്നതാകയാൽ ഏതെങ്കിലും രൂപത്തിൽ അല്ലാതെ വചനം ഉച്ചരിക്കപ്പെടുന്നില്ല. താൻ ജനനരഹിതനല്ല, ജനിച്ചവനാണ് എന്നും താൻ പിതാവല്ല, പുത്രൻ ആണ് എന്നും തന്നെപ്പറ്റി അവിടുന്ന് വെളിപ്പെടുത്തി. അവിടുന്നു പറഞ്ഞു: *ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതൻ അവനെപ്പറ്റി വെളിപ്പെടുത്തിയിരിക്കുന്നു; ഞാൻ പിതാവിൽ നിന്ന് പുറപ്പെട്ടു വന്നിരിക്കുന്നു* (യോഹ 1:18; 16:28). മുമ്പ് സ്ഥിതിചെയ്തിരുന്നതിന് ജനിക്കാൻ സാധിക്കുകയില്ല എന്നു നിങ്ങൾ പറഞ്ഞാൽ, നിങ്ങൾ തിരുലിഖിതത്തെ കള്ളമാക്കുകയാണ്; കാരണം, *അവൻ ഉണ്ടായിരുന്നു* എന്ന് ഒരിടത്ത് പറയുന്നു; അവിടുത്തെ മടിയിൽ നിന്ന് *അവൻ ജനിച്ചു* എന്ന് മറ്റൊരിടത്തു പറയുന്നു (യോഹ 1:18).

**3.** *ആദിയിൽ വചനം ഉണ്ടായിരുന്നു* (യോഹ 1:1): ഇതൊരു സാധാരണവാക്കായി മനസിലാക്കുകയോ വെറുമൊരു സ്വരമായി കരുതുകയോ ചെയ്യരുത്. കാരണം, ആദിയിൽ ഉണ്ടായിരുന്നത് വെറുമൊരു സ്വരം ആയിരുന്നില്ല; മുഴങ്ങുന്നതിനു മുമ്പ്, സ്വരം സ്ഥിതിചെയ്യുന്നില്ലല്ലോ; അതു മുഴങ്ങിക്കഴിഞ്ഞാൽ പിന്നെ അതു സ്ഥിതിചെയ്യുന്നുമില്ല. അതു

www.malankaralibrary.com



കൊണ്ട്, പിതാവിൻെറ സാദൃശ്യം ഒരു സ്വരമായിരുന്നില്ല; അതു പിതാവിൻെറ സ്വരവുമായിരുന്നില്ല, പിന്നെയോ, അവൻെറ *ഛായ* ആയിരുന്നു. നിന്നിൽ നിന്നു ജനിച്ച നിൻെറ പുത്രൻ നിന്നെപ്പോലെ ആണെങ്കിൽ, ദൈവം ദൈവത്തെ അല്ലാതെ, ഒരു സ്വരത്തെ ജനിപ്പിക്കുമോ? *സ്വരം* എന്നു വിളിക്കപ്പെട്ട, എലിസബത്തിൻെറ മകൻ (മർക്കോ 1:3) മനുഷ്യൻ ആയിരുന്നെങ്കിൽ, *വചനം* എന്നു വിളിക്കപ്പെട്ട, ദൈവം, ദൈവമാണ്. *പുത്രൻ* എന്നു വചനം വിളിക്കപ്പെട്ടു എന്ന് നീ പറയുന്നെങ്കിൽ, *സ്വരം* എന്നു വിളിക്കപ്പെട്ട യോഹന്നാൻ, തൻെറ സ്വന്തം വ്യക്തിത്വത്തിൽ സ്ഥിതിചെയ്തു എന്ന് അറിഞ്ഞുകൊള്ളുക. അതുപോലെ, *വചനം* എന്നും *വചനമാം ദൈവം* എന്നും വിളിക്കപ്പെട്ട ദൈവം, ദൈവം തന്നെയാണ്. പുത്രൻ പിതാവിൻെറ ചിന്തയാണ് എന്നു നീ ചിന്തിച്ചാൽ, ദൈവം ഒരിക്കൽ മാത്രമേ ചിന്തിച്ചുള്ളു എന്നു കരുതാനാവുമോ? എന്നാൽ അവിടുത്തേക്ക് നിരവധി ചിന്തകൾ ഉണ്ടെങ്കിൽ, പുത്രൻ എങ്ങനെ ഏകജാതനായിരിക്കും? അവൻ അവൻെറ ഉള്ളിലുള്ള ചിന്തയാണെങ്കിൽ, എങ്ങനെ അവൻെറ വലത്തുഭാഗത്ത് ആയിരിക്കും?

**4.** *ആദിയിൽ വചനം ഉണ്ടായിരുന്നു* (1:1). ആരംഭമുള്ള വചനത്തെപ്പറ്റിയല്ല, പിന്നെയോ, ആരംഭത്തിന് ഉപരിസ്ഥമായതും അപ്പുറത്തുള്ളതുമായ വചനത്തെപ്പറ്റിയാണ് ഇവിടെ വിവക്ഷ. കാരണം, ആരംഭവിധേയമായ ഇത്തരം വാക്കിൻെറ കാര്യത്തിൽ: അതുച്ചരിച്ചയാൾ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നതിനാൽ, അതും ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു. എന്നാൽ സത്യവചനത്തെ സംബന്ധിച്ച്: അതുണ്ടായിരിക്കുകയും പിന്നെ ഇല്ലാതിരിക്കുകയും ചെയ്ത സമയം ഉണ്ടായിട്ടില്ല; അഥവാ, ഒരിക്കൽ ഇല്ലാതിരിക്കുകയും പിന്നെ ഉണ്ടായിരിക്കുകയും ചെയ്ത സമയം ഉണ്ടായിട്ടില്ല. മറിച്ച്, നിത്യതമുതലും സദാസമയവും അതുണ്ടായിരുന്നു; കാരണം, അതുച്ചരിച്ചയാൾ എല്ലാ സമയത്തും എന്നേക്കും സ്ഥിതി ചെയ്യുന്നു. ഉച്ചരിച്ചവൻെറ വാക്ക്, ഉച്ചരിച്ചവനെപ്പോലെയാണ്, അതുകൊണ്ടാണ് സുവിശേഷകൻ പറഞ്ഞത്: *ആദിയിൽ വചനം ഉണ്ടായിരുന്നു (യോഹ 1:1).* അതിൻെറ ആവിർഭാവം സമസ്ത ആരംഭങ്ങളുടെയും സമയങ്ങളുടെ അതിർത്തികളുടെയും അപ്പുറത്താണ് എന്നു കാണിക്കാനായിരുന്നു അത്.

**5.** *അവൻ ദൈവത്തോടുകൂടിയായിരുന്നു* എന്നാണ്. ദൈവത്തിൽ ആയിരുന്നു എന്നല്ല സുവിശേഷകൻ പറഞ്ഞത് (യോഹ 1:1). അതു

www.malankaralibrary.com



കൊണ്ട്, ദൈവം എപ്പോഴും സ്ഥിതി ചെയ്തിരുന്നവൻ ആയിരുന്നതു പോലെ ഈ വചനവും ദൈവത്തോടുകൂടി ആയിരുന്നു എന്ന് *ദൈവത്തോടുകൂടി* എന്ന വാക്കുകളിലൂടെ അവൻ വ്യക്തമായി നമ്മെ കാണിക്കുന്നു. *ആദിയിൽ വചനം ഉണ്ടായിരുന്നു:* ഇതിലൂടെ സുവിശേഷകൻ രണ്ടു കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു: അത് അവിടുത്തെ സ്വഭാവത്തെ സംബന്ധിച്ചും മറ്റൊന്ന് അവിടുത്തെ ജനനം സംബന്ധിച്ചും. എന്നാൽ വചനത്തിന് വിശദീകരണം ഒന്നും നൽകാതെ വിടാതിരിക്കാനായി, ഈ *വചനം ദൈവത്തോടുകൂടിയായിരുന്നു* എന്ന് അവൻ പറഞ്ഞു. ഇവിടെയും വചനത്തെപ്പറ്റി രണ്ടു കാര്യങ്ങൾ അവൻ പ്രഖ്യാപിക്കുന്നു. ഇതൊരു മാനുഷികവചനമല്ല; കാരണം, ഇത് അവിടുത്തോടുകൂടെ ആയിരുന്നു; രണ്ട് അതിന്റെ സത്തയെപ്പറ്റി. *ഈ വചനം ദൈവമായിരുന്നു.* സുവിശേഷകൻ മൂന്നു കാര്യങ്ങൾ പഠിപ്പിക്കുന്നു: ദൈവം, *ക്നോമാ*[1], ജനനം. *അവൻ ആദിയിൽ ദൈവത്തോടുകൂടി ആയിരുന്നു* (യോഹ 1:2). തന്റെ പ്രഘോഷണം ഏക *ക്നോമായെപ്പറ്റി* മാത്രമാണ് എന്നു കരുതപ്പെടാതിരിക്കാൻ, വാക്കുകളുടെ ഉപയോഗത്തിൽ അവൻ ശ്രദ്ധചെലുത്തുന്നു. *ആദിയിൽ അവൻ ദൈവത്തോടുകൂടി ആയിരുന്നു.* ഒന്നാമതായി, അവൻ ജനിച്ചെന്നും രണ്ടാമതായി, അവൻ *അവനോടുകൂടിയാണ് എന്നും*, മൂന്നാമതായി, *അവൻ ദൈവമാണെന്നും* നാലാമതായി, അവൻ എപ്പോഴും അവിടുത്തോടുകൂടിയാണെന്നും പരാമർശിക്കുന്നു.

**6.** *സമസ്തവും അവനിലൂടെ ഉണ്ടായി* (യോഹ 1:3): *അവനിലൂടെ അവൻ യുഗങ്ങളെ നിർമിച്ചു* എന്ന ശ്ലൈഹികവാക്കനുസരിച്ച് (എബ്രാ 1:2) അവനിലൂടെ സൃഷ്ടവസ്തുക്കളെല്ലാം സൃഷ്ടിക്കപ്പെട്ടു. *ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല* (യോഹ 1:3). *ഉണ്ടായതെല്ലാം അവനിലാണ്, അവൻ ജീവനാണ്; ആ ജീവൻ മനുഷ്യരുടെ*[2] വെളിച്ചമാണ് (1:3-4) എന്നു പറഞ്ഞതിനു തുല്യമാണത്. കാരണം, അവന്റെ ഉദയത്താൽ മുൻകാലഘട്ടങ്ങളിലെ തെറ്റുകൾ നീക്കപ്പെട്ടു. *വെളിച്ചം ഇരുളിൽ പ്രകാശിച്ചു; എന്നാൽ ഇരുട്ട് അതിനെ ഗ്രഹിച്ചില്ല* (1:5). *അവൻ തന്റെ സ്വന്തക്കാരുടെ പക്കലേക്കു വന്നു; എന്നാൽ സ്വജനം അവനെ സ്വീകരിച്ചില്ല* (1:11) എന്നു പറയുന്നതുപോലെയാണിത്.

---

1 ആൾ എന്ന് ത്രിത്വത്തിൽ അർത്ഥം പറയാം.

2 മനുഷ്യത്വത്തിന്റെ എന്നു പദാർത്ഥം; ഇപ്രകാരം പലയിടങ്ങളിലും കാണാം.

www.malankaralibrary.com



**7.** *വെളിച്ചം ഇരുട്ടിൽ പ്രകാശിച്ചുകൊണ്ടിരുന്നു* (യോഹ 1:5): മനുഷ്യരുടെ പ്രകാശമായിരുന്നവന് എതിരായി എന്തുതരം ഇരുട്ടായിരുന്നു ഉണ്ടായിരുന്നതെന്നു കാണുകയും, മുൻകാലങ്ങൾ മുതൽ *അവൻ അതിൽ പ്രകാശിച്ചുകൊണ്ടിരുന്നു* എന്നതിൻെറ അർത്ഥം എന്താണെന്ന് വിവേചിച്ചറിയുകയും ചെയ്യുക. അവൻ *പ്രകാശിച്ചുകൊണ്ടിരുന്നു* എന്ന് സുവിശേഷകൻ പറഞ്ഞത് വെറുതെ അങ്ങ് വ്യാഖ്യാനിക്കരുത്. *അവൻ ഇരുട്ടിൽ പ്രകാശിച്ചുകൊണ്ടിരിക്കുന്നു* എന്ന് അവൻ പറയാഞ്ഞതിനാൽ, അവിടുത്തെ ദിവ്യാവതാരത്തിനു മുമ്പുള്ള സമയത്തെയാണ് *അവൻ ഇരുട്ട്* എന്ന് വിളിക്കുന്നതും അവൻ അതിൽ പ്രകാശിച്ചുകൊണ്ടിരുന്നു എന്ന് കാണിക്കുന്നതും എന്ന് നിങ്ങൾ തിരിച്ചറിയണം. *കടലിലേക്കുള്ള വഴിയും യോർദാൻ നദിയുടെ മറുകരയുമായി സെബുലൂൻെറയും നഫ്താലിയുടെയും നാട്, പുറജാതികളുടെ ഗലീലി; ഇരുട്ടിൽ വസിച്ച ജനം പ്രകാശം ദർശിച്ചു* എന്ന പ്രവാചകവചനം (ഏശാ 8:23; 9:1) ഉദ്ധരിച്ചുകൊണ്ട് സുവിശേഷകൻ പറയുമ്പോൾ (മത്താ 4:15-16), ഈ ഇരുട്ടിനെപ്പറ്റി സുവിശേഷത്തിൽ നിന്നു നമുക്കു ഗ്രഹിക്കാൻ കഴിയും. അവരുടെ ഗോത്രങ്ങൾ ചിതറപ്പെട്ട് കടൽത്തീരത്തു പാർക്കുകയും നിയമത്തിൻെറ ശിക്ഷണത്തിൽ നിന്നും പ്രബോധനത്തിൽ നിന്നും വളരെ അകന്നു കഴിയുകയും ചെയ്തതിനാലാണ് ഈ *ഇരുട്ട്* അവൻ അവർക്ക് ആരോപിക്കുന്നത്. ഇതിനാലാണ് *ഇരുട്ടിൽ വസിക്കുന്ന ജനം* എന്ന് അവൻ അവരെപ്പറ്റി പറയുന്നത്. *ഈ പ്രകാശം* എന്ന് സുവിശേഷകൻ പറഞ്ഞപ്പോൾ ഇവരെപ്പറ്റിയാണ് അവൻ സംസാരിച്ചത്. തെറ്റാകുന്ന, മുൻകാലങ്ങളിലെ ഈ "ഇരുട്ട് ഗ്രഹിച്ചില്ല" (1:5). ശരീരത്തിലൂടെയുള്ള ദൈവികപദ്ധതിയുടെ ആരംഭം അവൻ തുടർന്ന് പ്രഘോഷിക്കുന്നു. *ഇരുട്ട് ഗ്രഹിക്കാതിരുന്നവൻ, യൂദയാരാജാവായ ഹേറോദേസിൻെറ നാളുകളിൽ ഭൂജാതനായി* എന്ന് പറഞ്ഞുകൊണ്ട് അവൻ തുടങ്ങുകയും ചെയ്തു (ലൂക്കാ 1:5).

**8.** വചനത്തെപ്പറ്റിയുള്ള വിവരണം പൂർത്തിയാക്കിയശേഷം ഏതു രൂപത്തിൽ, ഏതു പോയിൻറുവരെ, എന്തുകാര്യത്തിന്, അതു സ്വയം താഴ്ത്തി എന്ന് സുവിശേഷകൻ തുടർന്ന് പറഞ്ഞിട്ടുണ്ട്: *വചനം മാംസമായി, നമ്മുടെ ഇടയിൽ വസിച്ചു* (യോഹ 1:14). ഈ വചനത്തെപ്പറ്റിയുള്ള വിവരണത്തിൻെറ പൂർത്തീകരണം എല്ലാം കേട്ടശേഷം വചനത്തെ വെറുതെ അതിൽ തന്നെ മനസിലാക്കരുത്; മറിച്ച് സ്വയം

www.malankaralibrary.com



വസ്ത്രം ധരിച്ച വചനത്തെപ്പറ്റി ചിന്തിക്കണം. തദ്ഫലമായി, ഇവ സംയുക്തവിവരണങ്ങളാണ്, അവ പൂർണ്ണമായും ദൈവികമാണ്. എല്ലാറ്റിന്റെയും ആരംഭവും ഒന്നാമത്തേതുമായ വചനം ഒഴിച്ചാൽ അവ മാനുഷികവുമാണ്.

## യോഹന്നാന്റെ ജനനം മുൻകൂട്ടി അറിയിക്കുന്നു

**9.** *യൂദയാരാജാവായ ഹേറോദേസിന്റെ കാലത്ത് സഖറിയാ എന്നു പേരുള്ള ഒരു പുരോഹിതൻ ഉണ്ടായിരുന്നു; എലിസബത്ത് ആയിരുന്നു അവന്റെ ഭാര്യ* (ലൂക്കാ 1:5). അവരുടെ ദുഷ്കർമങ്ങൾ നിമിത്തമാണ് അവർക്കു മക്കളുണ്ടാകാതിരുന്നത് എന്നു പറയാതിരിക്കാനാണ് *അവർ തങ്ങളുടെ ജീവിതവഴികളിലെല്ലാം കുറ്റമറ്റവരായിരുന്നു* എന്ന് പറഞ്ഞിരിക്കുന്നത് (1:6). അല്ലെങ്കിൽ, അവർ ഒരത്ഭുതം പ്രതീക്ഷിച്ചു കഴിഞ്ഞു. *നിനക്ക് ആനന്ദം ഉണ്ടാകും* (1:14). നീ പ്രസവിക്കും എന്നതിനാലല്ല, പിന്നെയോ, നീ പ്രസവിക്കാൻ പോകുന്നവൻ നിമിത്തം! *കാരണം, സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവനില്ല.* വാഗ്ദാന സന്തതികളായ നസ്രായരിൽ പെട്ടവനാണെന്ന് അറിയപ്പെടത്തക്കവിധം അവരെപ്പോലെ *അവൻ വീഞ്ഞോ ലഹരി പാനീയങ്ങളോ കുടിക്കുകയില്ല* (ലൂക്കാ 7:28; 1:15).

**10.** *നീയോ ശിശുവേ, അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും* (ലൂക്കാ 1:76). ആത്മാവ് ശിശുവിലും വൃദ്ധനിലും ഉണ്ടായിരുന്നു. കർത്താവിന്റെ പ്രശസ്തി മുന്നറിയിച്ച പ്രവാചകരുടെ സ്ഥാനം ഏറ്റെടുത്തുകൊണ്ട് *നീ നമ്മുടെ കർത്താവിന്റെ മുമ്പാകെ പോകും* (1:76) *അവൻ പരിപൂർണജീവിതത്തെപ്പറ്റിയുള്ള അറിവ് പകരാനാണിത്* (1:77). അങ്ങനെ നൈമിഷിക രഹസ്യങ്ങളെ നിത്യസത്യങ്ങളിൽ നിന്ന് വേർതിരിച്ചറിയാൻ ജനങ്ങൾക്കു കഴിയും. കാരണം, *യേശുവഴി കൃപ കടന്നു വന്നു* (യോഹ 1:17); അങ്ങനെ അവനായി *ഒരു പാത ഒരുക്കേണ്ടിയിരുന്നു* (മർക്കോ 1:2-3). എന്താണ് ഈ പാത? അവിടുന്നു പാപത്തെ നശിപ്പിക്കുകയും, ശാപത്തെ അർത്ഥശൂന്യമാക്കുകയും ദൈവത്തെപ്പറ്റിയുള്ള അറിവും ഉത്ഥാനത്തിന്റെയും സ്വർഗരാജ്യത്തിന്റെയും വാഗ്ദാനവും നൽകുകയും ചെയ്യുവാനായിരുന്നു അത്. അതുകൊണ്ട് ഈ പാതയെപ്പറ്റി അവൻ പറഞ്ഞു: *പാതയൊരുക്കുവിൻ* (മർക്കോ 1:2-3). നമ്മുടെ കർത്താവിന് എതിരായിട്ടുള്ളതൊന്നും നിങ്ങൾ അതിൽ ഇടരുത്. നിങ്ങ

www.malankaralibrary.com



ളുടെ കാതുകൾ സുസജ്ജമാക്കുവിൻ; നിങ്ങളുടെ ഹൃദയങ്ങൾ തയ്യാറായിരിക്കട്ടെ. വലത്തുഭാഗത്തെ കർത്താവിൻെറ (സങ്കീ 110:1) മുന്നോടിയായ യോഹന്നാനെപ്പറ്റി ബലിപീഠത്തിൻെറ വലത്തുഭാഗത്തുനിന്ന് അറിയിപ്പുണ്ടായി (ലൂക്കാ 1:11). മുൻ ആരാധനയുടെ അന്ത്യമാണ് അവൻ എന്നു കാണിക്കാൻ ആരാധനയുടെ അവസരമാണ് അവനെപ്പറ്റിയുള്ള അറിയിപ്പുണ്ടായത്. രഹസ്യങ്ങൾ പൂർത്തീകരിക്കാനുള്ള ആൾ എഴുന്നെള്ളിയതിനാൽ, ബലിപീഠത്തിലെ രഹസ്യങ്ങൾ നിശബ്ദമായി എന്നു കാണിക്കാൻ ബലിപീഠത്തിൻെറ മധ്യത്തിൽവച്ച് സഖറിയ മൂകനായിത്തീർന്നു. തൻെറ ഭാര്യയുടെ വന്ധ്യത്വം നീങ്ങി എന്ന് അവൻ വിശ്വസിക്കാഞ്ഞതിനാൽ അവൻെറ സംസാരശക്തി ബന്ധിക്കപ്പെട്ടു.

**11.** തൻെറ പുത്രൻ മാലാഖയേക്കാൾ താണവനാണ് എന്ന് കാണാനായി, സഖറിയാ മാലാഖയുടെ പക്കലേക്കു പോയി. മറിയത്തിൻെറ മകൻ മാലാഖയുടെ നാഥനാണ് എന്ന് അറിയപ്പെടാനായി, മാലാഖ മറിയത്തിൻെറ പക്കലേക്കു പോയി. *ഒരന്യദൈവത്തിനുവേണ്ടി*[3] തക്കം നോക്കിയിരിക്കുന്നവർക്ക് അതിന് ഇടം നൽകാതിരിക്കാൻ മാലാഖ ആലയത്തിലാണ് വന്നത്. സഖറിയാ, യോഹന്നാൻെറ പിതാവ് ആയിരുന്നതിനാൽ മാലാഖ, എലിസബത്തിൻെറ പക്കലേക്കു പോയില്ല. എന്നാൽ ആദ്യജാതനെ പ്രസവിച്ചത് മറിയം മാത്രമാകയാൽ ഗബ്രിയേൽ യൗസേപ്പിൻെറ പക്കലേക്കു പോയില്ല; എന്നാൽ, തൻെറ സ്വന്തനാമത്തിൽ[4] ഭർത്താവിൻെറ പ്രതീകാത്മകസ്ഥാനം നിർവഹിക്കാനായി അവൻ മറിയത്തിൻെറ പക്കലേക്കു പോയി. *ദൈവം നിൻെറ പ്രാർത്ഥനാസ്വരം കേട്ടിരിക്കുന്നു* (ലൂക്കാ 1:13).[5] ഇത് സംഭവിക്കാൻ പോകുന്നു എന്ന് സഖറിയാ അറിഞ്ഞിരുന്നെങ്കിൽ, അവൻ നന്നായി പ്രാർത്ഥിക്കു

---

3. മാർസ്യണീത്തർക്കെതിരായ വിവരണം: മാർസ്യൻ എന്ന അബദ്ധോപദേശകൻ പഴയനിയമ ദൈവത്തെയും യേശുവിൻെറ പിതാവിനെയും വേർതിരിച്ചു. ലോകസ്രഷ്ടാവും പഴയനിയമദൈവവും ദുഷ്ടനാണ്. യേശു വന്നത് ആ ദൈവത്തേക്കാൾ ഉപരിസ്ഥനും സ്നേഹനിധിയുമായ ദൈവത്തിൽ നിന്നാണ് എന്നൊക്കെ മാർസ്യൻ പഠിപ്പിച്ചു.

4. *"ഗബ്റീയേൽ"* എന്ന നാമത്തിൽ.

5. അപ്രേമിൻെറ ഈ കർത്തരിപ്രയോഗം സങ്കീ. 66:19-ൻെറ മസോററ്റിക് ടെക്സ്റ്റിനെയും പുരാതന സുറിയാനി ടെക്സ്റ്റിനെയും അനുസ്മരിപ്പിക്കുന്നതും പുരാതന സുറിയാനി ടെക്സ്റ്റിനു തുല്യവുമാണ്. ഗ്രീക്കിലും പ്ശീത്തായിലും കർമ്മണി പ്രയോഗമാണ്.

www.malankaralibrary.com



മായിരുന്നു. ഇത് സംഭവിക്കാൻ പോകുന്നു എന്ന് അവന് വിശ്വാസം ഇല്ലായിരുന്നെങ്കിൽ, അവൻ നന്നായി പ്രാർത്ഥിക്കുകയില്ലായിരുന്നു. അവൻെറ പ്രാർത്ഥന ഏതാണ്ട് ഫലപ്രാപ്തിയിൽ എത്തിയിരുന്നു. അതു സംഭവിക്കുമോ എന്ന കാര്യത്തിൽ അവൻ സംശയഗ്രസ്തനായി. അവൻെറ യാചന ഏതാണ്ട് ഫലപ്രാപ്തിയിലെത്താൻ തുടങ്ങിയപ്പോൾ, ശരിയായി വചനം അവനെ വിട്ടുമാറി. നേരത്തെ അവൻ ഇതിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു; എന്നാൽ അവൻെറ പ്രാർത്ഥന അംഗീകരിച്ചപ്പോൾ *ഇതെങ്ങനെ സാധിക്കും* എന്ന് അവൻ തിരിഞ്ഞു പറഞ്ഞു (ലൂക്കാ 1:18).

**12.** ഇപ്രകാരം, തൻെറ അപേക്ഷയെ സംബന്ധിച്ച് അവൻെറ വായ് സംശയം പ്രകടിപ്പിച്ചതിനാൽ, അവൻെറ വാക്ക് അവനിൽ നിന്ന് അകലുകയും അവൻെറ ഇച്ഛയ്ക്ക് സേവചെയ്യുകയും ചെയ്തു. ഉദ്ദിഷ്ടകാര്യം വിദൂരത്തായിരുന്നപ്പോൾ അവൻ പ്രാർത്ഥിച്ചു. എന്നാൽ, അത് അടുത്തടത്തുവരികയും അതിൻെറ പ്രഖ്യാപനം ഉണ്ടാകാൻ തുടങ്ങുകയും ചെയ്തപ്പോൾ അവൻ അതിൽ വിശ്വസിച്ചില്ല. തദനുസൃതം, അവൻ വിശ്വസിച്ചിരുന്നിടത്തോളംകാലം അവനു സംസാരിക്കാനും കഴിഞ്ഞു. എന്നാൽ അവൻെറ വിശ്വാസം നിലച്ചപ്പോൾ, അവൻ നിശബ്ദനായിപ്പോയി. അവൻ വിശ്വസിക്കുകയും അവൻ സംസാരിക്കുകയും ചെയ്തു: *കാരണം, ഞാൻ വിശ്വസിച്ചു; അതുകൊണ്ട്, ഞാൻ സംസാരിച്ചു* (സങ്കീ 116:10). അവൻ വചനത്തെ നിന്ദിച്ചതിനാൽ, താൻ നിന്ദിച്ച വചനത്തെ തൻെറ മൗനത്താൽ ബഹുമാനിക്കാനായി വചനം അവനെ ക്ലേശിപ്പിച്ചു. ഈ യാചന സത്യമായും യാഥാർത്ഥ്യമാകും എന്ന് അവൻ ഗ്രഹിക്കാനായി *ഇതെങ്ങനെ സാധിക്കും* എന്ന പറഞ്ഞ വായ് (ലൂക്കാ 1:8) മൗനമായിപ്പോകുക ഉചിതമായിരുന്നു. അടയ്ക്കപ്പെട്ട ഉദരം തുറക്കപ്പെടുക എന്നത് സാധ്യമാണെന്ന് അവൻ പഠിക്കാനായി, കെട്ടപ്പെടാത്ത നാവ് കെട്ടപ്പെട്ടതായി തീർന്നു. കാരണം, തൻെറ നാവിനെ ബന്ധിച്ചവൻ ഉദരം തുറക്കാനും കഴിവുറ്റവനാണ് എന്ന് അവൻ ഗ്രഹിച്ചു.

**13.** അതുകൊണ്ട്, വിശ്വാസം തന്നെ പഠിപ്പിക്കാൻ അനുവദിക്കുന്നതിന് മനസില്ലാത്തവനെ ഈ പരീക്ഷണമാണ് പഠിപ്പിച്ചത്. തനിക്കു സംസാരിക്കാൻ കഴിയണമെ എന്ന് അവൻ പ്രാർത്ഥിച്ചെങ്കിലും, തൻെറ കഴിവുകേട് അവൻ മനസിലാക്കി. തുറന്നിരുന്ന വായ് അടയ്ക്കാൻ കഴിവുള്ളവൻ, അടഞ്ഞിരുന്ന ഉദരം തുറക്കാൻ കഴിവുള്ളവനാണെന്ന്

www.malankaralibrary.com



ഇപ്രകാരം അവൻ പഠിച്ചു. മതിയായ കാരണത്താൽ നിശബ്ദനാക്കപ്പെട്ടതിലൂടെ, താൻ എത്ര വിവേകരഹിതമായിട്ടാണ് സംസാരിച്ചതെന്ന് അവൻ തിരിച്ചറിഞ്ഞു. *കണ്ണിനു പകരം കണ്ണ്* എന്ന് എന്തിനാണു നിയമം കല്പിച്ചിരിക്കുന്നത്? (പുറ 21:24). തന്റെ കണ്ണ് നഷ്ടമാകുന്നതിലൂടെ, താൻ നശിപ്പിച്ച ഈ സൃഷ്ടവസ്തു എത്ര മനോഹരമാണ് എന്ന് ദുഷ്കർമ്മി ഗ്രഹിക്കുന്നതിനല്ലാതെ മറ്റെന്തിനാണ്! സഖറിയാ വാക്കുകൊണ്ടു പിഴച്ചു. തന്റെ തെറ്റിനു കടംവീട്ടാനായി, അവന്റെ സംസാരശക്തി നഷ്ടപ്പെടുന്ന ശിക്ഷയുടെ അനുഭവം അവനുണ്ടാകുവാൻ, വാക്കുകൊണ്ടുതന്നെ അവൻ ശിക്ഷിക്കപ്പെട്ടു. തന്നോടു പറഞ്ഞ വാക്ക് യാഥാർത്ഥ്യമാകാൻ സാധ്യമല്ല എന്ന് അവൻ ചിന്തിച്ചതിനാൽ, അവന് വാക്ക് കിട്ടാതെ പോയി. ഉപയോഗപ്രദമായ ഒരുവാക്കും ഉച്ചരിക്കാൻ കഴിയാതെപോയതിലൂടെ, വാഗ്ദാനവചനത്തെ താൻ നിരർത്ഥകമായി കരുതി എന്ന് അവൻ പഠിച്ചു. അവന്റെ വാക്ക് മാലാഖയുടെ വാക്കിനെ നിന്ദിച്ചു; അതുകൊണ്ട് ഈ വാക്കും മാലാഖയിൽ നിന്നുള്ള ശിക്ഷയ്ക്കു വിധേയമായി. കാരണം, ഒരവയവത്തോടുകൂടി എല്ലാ അവയവങ്ങളും സഹിക്കുന്നെങ്കിലും ഈ കാര്യത്തിൽ, ലംഘനം നടത്തിയ അവയവം മാത്രം സഹിക്കുക എന്നത് ന്യായയുക്തമാണ്. അതിന്റെ സഹനം എല്ലാ അവയവങ്ങളെയും ബാധിക്കുമെങ്കിലും, അതിന്റെ പ്രത്യേകമായ സഹനം ആ അവയവം തന്നെ സഹിക്കേണ്ടിയിരുന്നു. അതിന്റെ ശിക്ഷ അതിന്റെ കുതികാലുകളെ അനുധാവനം ചെയ്യത്തക്കവിധം വലുതായിരുന്നു ഈ ലംഘനം. ഇങ്ങനെയൊന്ന് വീണ്ടും സംഭവിക്കാതിരിക്കാനായിരുന്നിത്.

**14.** അതുകൊണ്ട്, മാലാഖ സഖറിയായോട് അറിയിച്ച സന്ദേശം സംബന്ധിച്ച്, അവൻ പോയി അതിന്റെ സന്ദേശവാഹകൻ ആയിരിക്കുക എന്നത് ഉചിതമായ സംഗതി മാത്രമായിരുന്നു. തന്റെ വാക്കിലൂടെ താൻ അവിടെവച്ച് അപ്പോൾ തന്നെ അതിന്റെ അറിയിപ്പുകാരൻ ആയിരിക്കും എന്നതു വിശ്വസിക്കാഞ്ഞതിനാൽ, തന്റെ മൗനത്തിലൂടെ അതിന്റെ അറിയിപ്പുകാരനായിത്തീരാൻ അവൻ ശിക്ഷിക്കപ്പെട്ടു. വിശുദ്ധ സ്ഥലത്തുവച്ച് അവനു ദർശനം ഉണ്ടായതിനാൽ, അവൻ അതിന് യോഗ്യനായിത്തീർന്നെന്നു ജനം കരുതി; എന്നാൽ അവൻ മൗനിയായി തീർന്നത് ദർശിച്ചപ്പോൾ, അവന്റെ ചുണ്ടുകൾക്ക് ഒരു ബന്ധനം ആവശ്യമായിത്തീർന്നു എന്ന് അവർ മനസിലാക്കി. മനസിനെ

www.malankaralibrary.com



പ്രബോധിപ്പിക്കാനായി നാവിന് അടി കിട്ടി; കാരണം അധരങ്ങളുടെ കടിഞ്ഞാണിൻെറ നിയന്ത്രണം മനസിനാണല്ലോ. ഇപ്രകാരം, അവൻ തൻെറ വായെ നിയന്ത്രിക്കാതിരുന്നതിനാൽ, അവൻെറ വായുടെ കവാടം നിശബ്ദതയിൽ ബന്ധിക്കപ്പെട്ടു.

അതിവിശുദ്ധസ്ഥലത്തുവച്ച് അവനോട് ദൂതൻ സംസാരിച്ചതിനാൽ, സദ്വാർത്തകളാണ് അവിടെവച്ച് അവനോട് സംസാരിച്ചതെന്ന് ജനം കരുതി. എന്നാൽ അവനു സംസാരിക്കാൻ കഴിയാതെ വന്നതിനാൽ, അവൻ തെറ്റായ ഉത്തരം നൽകി എന്ന് അവർ മനസിലാക്കി. അപേക്ഷകൾ സമർപ്പിക്കപ്പെടുന്ന പ്രാർത്ഥനയുടെ നാഴികയിൽ അവനു ദർശനം ഉണ്ടായതിനാൽ, അവന് എന്തോ ദാനം ലഭിച്ചു എന്ന് അവർ കരുതി; എന്നാൽ കൃതജ്ഞതാപ്രകടനം അവൻെറ അധരങ്ങളിൽ കാണാഞ്ഞതിനാൽ, അവൻ യഥാർത്ഥത്തിൽ ദാനം സ്വീകരിച്ചില്ല എന്ന് അവർ മനസിലാക്കി. മാലാഖയുടെ വാക്കു സംബന്ധിച്ച് സഖറിയാ യഥാർത്ഥത്തിൽ സംശയാലു ആയിരുന്നെങ്കിൽ, അവൻെറ മൂകതയെപ്പറ്റി ആർക്കും സംശയം ഉണ്ടാകുമായിരുന്നില്ല. മാലാഖയിലൂടെ ലഭിച്ച വാഗ്ദാനത്തിൽ വിശ്വസിക്കാഞ്ഞവൻ, അവൻെറ നിശബ്ദതയിലൂടെ എല്ലാവരെയും വിശ്വസിപ്പിച്ചു. സഖറിയായുടെ നിശബ്ദത മറ്റുള്ളവർക്ക് ഒരു പ്രവാചകനും ന്യായാധിപനുമായിരുന്നു; ഒരു പ്രവാചകനിൽ നിന്ന് എന്നവണ്ണം അവർ വാഗ്ദാനത്തെപ്പറ്റി അറിയാനും, ഒരു ന്യായാധിപനിൽ നിന്നെന്നവണ്ണം വാഗ്ദാനത്തെ നിരസിക്കുന്നതിന് ഭയപ്പെടാനും ആയിരുന്നത്. സഖറിയായ്ക്കും മാലാഖ ഒരു പ്രവാചകനും ന്യായാധിപനും ആയിരുന്നു; പ്രവാചകൻ എന്ന നിലയിൽ നിഗൂഢസംഗതികൾ അവനു വെളിപ്പെടുത്തിക്കൊടുത്തു; ന്യായാധിപൻ എന്ന നിലയിൽ അവനെ ശിക്ഷിക്കുകയും ചെയ്തു.

**15.** ആ സമയം മനുഷ്യകുലത്തിന് സദ്വാർത്തകൾ അയയ്ക്കപ്പെട്ടു. എന്നാൽ അവ ആദ്യം കേട്ടവൻ സംശയിച്ചതിനാൽ, മറ്റുള്ളവരൊക്കെ അവനെ അനുകരിക്കാതിരിക്കാൻ, ദൈവം അവനിൽ ഒരടയാളം വച്ചു. ഇപ്രകാരം, മാലാഖ തൻെറ സ്വരത്തിൽ സംസാരിച്ചപ്പോൾ അവിശ്വസനീയമായിരുന്ന ഈ സദ്വാർത്തകൾ, ഒരടയാളത്തിലൂടെ സഖറിയാ വെളിപ്പെടുത്തിയപ്പോൾ വിശ്വസനീയങ്ങളായി തീർന്നു. തൻെറ സ്വന്തം അടയാളത്തിലൂടെ എല്ലാവരും വിശ്വസിച്ചു എന്ന് കണ്ടപ്പോൾ, മാലാഖയുടെ സ്വരത്തെ സംശയിച്ചത് തെറ്റായിപ്പോയി എന്ന് സഖറിയാ

www.malankaralibrary.com



മനസിലാക്കി. തദ്ഫലമായി, മൂകനായിരുന്ന്, മറ്റുള്ളവർക്ക് അവൻ കേൾക്കാനിടയാക്കുക എന്നത് ഉചിതമായിരുന്നു. ദൈവത്തിന്റെ വായായി വർത്തിച്ച മാലാഖയെ അവൻ അവിശ്വസിച്ചതിനാൽ, മാലാഖ അവനെ മൂകനാക്കി. അങ്ങനെ സംസാരത്തിനു പകരം അവന് ഒരു എഴുത്തു പലക ലഭിച്ചു (ലൂക്കാ 1:63).

**16.** മാലാഖയിൽ നിന്ന് യോഹന്നാനെപ്പറ്റിയുള്ള വാഗ്ദാനം കേട്ട് വിശ്വസിക്കാഞ്ഞതിനാൽ, അവൻ മൂകനായി തീർന്നു. എന്നാൽ യോഹന്നാൻ ഉദരത്തിൽ നിന്ന് പുറത്തുവരുന്നതു കണ്ടപ്പോൾ അവൻ സംസാരിക്കാൻ തുടങ്ങി. മാലാഖയിൽ നിന്നുവന്ന വചനം സഖറിയായുടെ വായിൽ ക്കൂടി കടന്ന് അതിനെ അടച്ചു; അത് എലിസബത്തിന്റെ ഉദരത്തിലെത്തി അതിനെ തുറന്നു. പിന്നീട്, ഈ വചനം, താൻ തുറന്ന ഉദരം വീണ്ടും പ്രസവിക്കാതിരിക്കാൻ, ഒരിക്കൽകൂടി അടച്ചു; താൻ അടച്ച വായ് വീണ്ടും അടയാതിരിക്കാൻ, ഒരിക്കൽകൂടി തുറന്നു. അതുകൊണ്ട് വന്ധ്യയുടെ ഗർഭപാത്രം തുറന്നു എന്നത് അവിശ്വസിച്ച വായ് അടയ്ക്കപ്പെടുക ഉചിതമായിരുന്നു. ഏകജാതന്റെ മുന്നോടി ഏകജാതനായിരിക്കാൻ, വീണ്ടും പ്രസവിക്കാതിരിക്കാനായി, യോഹന്നാനെ പ്രസവിച്ച ഉദരം അടയ്ക്കപ്പെടുക ഉചിതമായിരുന്നു. ഇപ്രകാരം സഖറിയാമാത്രം സംശയഗ്രസ്തനായിരുന്നെങ്കിലും, അവന്റെ സംശയത്തിലൂടെ അവൻ എല്ലാവരുടെയും സംശയം നീക്കി.

**17.** അതുകൊണ്ട്, അവന്റെ വിശ്വാസരാഹിത്യത്തിലൂടെ അവൻ മറ്റെല്ലാവർക്കും വിശ്വാസം നേടിക്കൊടുത്തു. സജീവമാലാഖയുടെ വായിൽ നിന്നുള്ള വാഗ്ദാനപ്രകാരം യോഹന്നാൻ ജനിച്ചപ്പോൾ, അവന്റെ പിതാവ് അവന്റെ ആത്മീയജനനത്തിൽ വിശ്വസിച്ചില്ല. എന്നാൽ അവൻ മൃതപ്രായമായ ഉദരത്തിൽ നിന്നു ജനിച്ചപ്പോൾ, അവൻ അവന്റെ ശാരീരിക ജനനത്തിൽ വിശ്വസിച്ചു. സജീവമായ വായിൽ വിശ്വസിക്കാഞ്ഞതിനാൽ, അവന്റെ വായ് വചനരഹിതമായി തീർന്നു. മാലാഖയേക്കാൾ കൂടുതലായി വന്ധ്യമായ ഗർഭപാത്രത്തിൽ വിശ്വസിച്ചതിനാൽ, അവന്റെ അധരങ്ങൾ വാക്കുകൾ കൂടാതെ വന്ധ്യമായി തീർന്നു. അവൻ ഊമനായി തീർന്നു എന്ന് ജനം കണ്ടു; സംശയിച്ചതിൽ അവൻ തെറ്റുകാരനായി എന്നു കണ്ട് ഉത്തമബോധ്യത്തിൽ അവർ ഉടനെ വിശ്വസിച്ചു. ധൃതികൂടിപ്പോയ അധരങ്ങൾ തങ്ങളുടെ വാക്കുകൾകൊണ്ട് ഇടറിപ്പോയി; ധൃതിയിലൂടെ വീണ്ടും വഴുതിവീഴാ

www.malankaralibrary.com



തിരിപ്പാനും, സാവധാനത്തിലാകാൻ പഠിക്കുന്നതിനുമായി അവ നിശബ്ദമാക്കപ്പെട്ടു. തൻെറ നാഥനെ സംബന്ധിച്ചും തൻെറ സ്വന്തയാചന സംബന്ധിച്ചും സഖറിയാ സംശയാലു ആയിരുന്നതിനാൽ, ദൈവത്തെക്കുറിച്ചോ, തൻെറ യാചനയെക്കുറിച്ചോ വീണ്ടും സംശയിക്കാതിരിക്കാൻ അവൻ മൂകനായി തീർന്നത് ഉചിതമായിരുന്നു.

**18.** നിൻെറ ഒരു പ്രസ്താവനയുടെ അനന്തസാധ്യതകൾ ഗ്രഹിക്കാൻ ആർക്കാണു കഴിയുക? ദാഹാർത്തർ ഉറവയിൽ നിന്ന് കുടിക്കുന്നതുപോലെ, നിൻെറ ഒരു പ്രസ്താവനയിൽ നിന്ന് ഞങ്ങൾ സ്വീകരിക്കുന്നതിനേക്കാൾ വളരെ കൂടുതൽ ഞങ്ങൾ പിറകിൽ വിട്ടുകളയുന്നു. പഠിക്കുന്നവർക്ക് വ്യത്യസ്ത വീക്ഷണങ്ങൾ ഉള്ളതുപോലെ അവൻെറ വാക്കിന് അനേകം പൊരുൾ ഉണ്ട്. മനോഹരമായ അനേകരൂപങ്ങളോടുകൂടി ദൈവം തൻെറ വാക്ക് രൂപീകരിച്ചു. അതു പഠിക്കുന്ന ഓരോരുത്തനും തനിക്കിഷ്ടമുള്ളത് പരിഗണിക്കുന്നു. തൻെറ വാക്കിൽ അവിടുന്ന് എല്ലാത്തരം നിക്ഷേപങ്ങളും ഒളിച്ചുവച്ചിരിക്കുന്നു. നാമോരോരുത്തനും ഏതുഭാഗം ധ്യാനിച്ചാലും ധന്യനായിത്തീരും. എല്ലായിടത്തുനിന്നും അനുഗൃഹീതഫലം നൽകുന്ന ജീവവൃക്ഷമാണ് അവിടുത്തെ വചനം. എല്ലായിടത്തുനിന്നും എല്ലാവർക്കും ആത്മീയപാനീയം ആയിത്തീർന്നതും മരുഭൂമിയിൽ പൊട്ടിപ്പിളർന്നതുമായ പാറപോലെയാണത്. *അവർ ആത്മീയഭക്ഷണം കഴിച്ചു; ആത്മീയജലം കുടിക്കുകയും ചെയ്തു* (1കോറി 10:3-4).

**19.** അതുകൊണ്ട്, അതിൻെറ നിക്ഷേപത്തിലൊന്ന് കണ്ടെത്തുന്നവൻ, താൻ കണ്ടെത്തിയതു മാത്രമേ അതിലുള്ളു എന്നു ചിന്തിക്കരുത്. മറിച്ച്, അതിലുള്ള അനേകം കാര്യങ്ങളിൽ നിന്ന് ഇതുമാത്രം കണ്ടെത്താനേ തന്നെക്കൊണ്ടു കഴിഞ്ഞുള്ളു എന്നു കരുതിയാൽ മതി. അതിനാൽ, താൻ സമ്പന്നനായി തീർന്നതിനാൽ, അതു ദരിദ്രമായി എന്നു കരുതേണ്ട. മറിച്ച്, അതിൻെറ അതുല്യമാഹാത്മ്യത്തിന് കൃതജ്ഞത അർപ്പിക്കട്ടെ. നിനക്കു തൃപ്തിവന്നതിൽ നീ സന്തോഷിക്കുക; അതു നിന്നെക്കാൾ സമ്പന്നമാണ് എന്നതിൽ നീ പര്യാകുലനാകേണ്ട. തനിക്കു കുടിക്കാൻ കഴിയും എന്നതുകൊണ്ട് ദാഹാർത്തൻ സന്തോഷിക്കുന്നു; എന്നാൽ ഉറവയെ വറ്റിക്കാൻ കഴിയാത്തതിൽ അവൻ പര്യാകുലനല്ല. കിണറിനു നിൻെറ ദാഹം ശമിപ്പിക്കാനാവും; എന്നാൽ അതിൻെറ ഉറവയെ വറ്റിക്കാൻ നിന്നെക്കൊണ്ടാവില്ല. ഉറവയ്ക്കു കുറവുവരാതെ

www.malankaralibrary.com



നിൻെറ ദാഹം തീർക്കാൻ കഴിയുമെങ്കിൽ, നിനക്കു ദാഹിക്കുമ്പോഴൊക്കെ വീണ്ടും കുടിക്കാം. എന്നാൽ നീ കുടിച്ച് ഉറവയെ വറ്റിച്ചാൽ നിൻെറ വിജയം നിൻെറ ദൗർഭാഗ്യത്തിനായിരിക്കും, നീ എടുത്തുകൊണ്ടുപോയതിനു നന്ദി പറയുക; അധികമായി അവശേഷിക്കുന്നതിനെപ്പറ്റി മുറുമുറുക്കാതിരിക്കുക. നീ എടുത്തുകൊണ്ടുപോയത് നിൻെറ ഭാഗമാണ്; നീ അവശേഷിപ്പിച്ചത് നിൻെറ അവകാശവുമാണ്. നിൻെറ ബലഹീനത നിമിത്തം അപ്പോൾ അവിടെവച്ച് നിനക്കു സ്വീകരിക്കാൻ കഴിയാഞ്ഞത്, നിൻെറ സ്ഥിരതകൊണ്ട് മറ്റൊരവസരം സ്വീകരിക്കുക. ഒറ്റനിമിഷം കൊണ്ട് എടുക്കാൻ കഴിയാത്തതിനെ ഒറ്റനിമിഷം കൊണ്ട് എടുക്കാനും കുറേശ്ശ കുറേശ്ശ എടുക്കാൻ കഴിയുന്നത് എടുക്കുന്നതിൽ നിന്ന് പിന്മാറാനും നിൻെറ ധാർഷ്ഠ്യത്തിൽ നീ ശ്രമിക്കരുത്.

**20.** വിരലുകൾ എഴുത്തുപലകയിൽ *യോഹന്നാൻ* എന്ന് എഴുതി: അനുകമ്പയുടെ ആവശ്യത്തെ സൂചിപ്പിക്കുന്നതാണ് ആ നാമം. കാരണം നീതിയുടെ പേരിൽ അടയ്ക്കപ്പെട്ട അധരങ്ങളുടെ സ്ഥാനത്ത്, കൃപയുടെ പേരിൽ വിരലുകൾ അനുകമ്പ യാചിച്ചു. *എന്തുകൊണ്ടെന്നാൽ ദൈവം നിൻെറ പ്രാർത്ഥനാസ്വരം കേട്ടിരിക്കുന്നു* (ലൂക്കാ 1:13). ദൈവം[6] അവൻെറ യാചന അംഗീകരിക്കുകയും, അവൻെറ പ്രാർത്ഥന സ്വീകരിക്കുകയും ചെയ്തെങ്കിലും അവനിൽ നിന്ന് ഉൾദർശനം പിൻവലിക്കപ്പെട്ടതിനാൽ അവന് ഉചിതമായി സംസാരശക്തി നഷ്ടപ്പെട്ടു. കാരണം, അവൻ ദൈവത്തോട് തൻെറ പ്രാർത്ഥനയിൽ ഒരപേക്ഷ സമർപ്പിച്ചപ്പോൾ പ്രാർത്ഥനയ്ക്ക് യാചന അർപ്പിക്കാമെന്നും അതു നൽകാൻ ദൈവത്തിന് കഴിയുമെന്നും ഉള്ളതിന് അവൻ പ്രാർത്ഥനയ്ക്കൊരു സാക്ഷി ആയിരുന്നു. എന്നാൽ, പിന്നീട്, താൻ ആവശ്യപ്പെട്ടത് യാഥാർത്ഥ്യമാകാൻ തുടങ്ങിയപ്പോൾ *ഇതെങ്ങനെ സംഭവിക്കും?* എന്ന് അവൻ പറഞ്ഞു (ലൂക്കാ 1:8). സംഭവിക്കാൻ ആഗ്രഹിക്കാതിരുന്നത് അപ്പോൾ അവിടെവച്ചുതന്നെ അവനു സംഭവിച്ചു; കാരണം, സംഭവിക്കാൻ ആഗ്രഹിച്ചുകൊണ്ടിരുന്നതിനെ അവൻ നിരാകരിച്ചു. ഒരു പുതിയ സംഗതി, അവൻ പഠിക്കാതിരുന്ന ഒന്ന്, അവനു സംഭവിച്ചു. കാരണം, ദീർഘനാൾ അവനെ പഠിപ്പിച്ചുകൊണ്ടിരുന്ന കാര്യത്തിൽ അവൻ പരിചയരഹിതനായി കാണപ്പെട്ടു. അവൻെറ അധരങ്ങൾ പ്രാർത്ഥിച്ചുകൊണ്ടിരുന്ന

---

6. *ദൈവത്വം* എന്നു പദാർത്ഥം; ഇപ്രകാരം പലയിടങ്ങളിലും കാണാം.

www.malankaralibrary.com



കാര്യം അവൻെറ കാതുകൾ കേൾക്കാഞ്ഞതിനാൽ, വാക്കുകളുടെ ഉറവിടമായ അവൻെറ വായ് വരണ്ടുപോകുകയും കാതുകളിലേക്ക് എത്തിക്കാൻ കഴിയാതെവരികയും ചെയ്തു.

**21.** തൻെറ സ്വന്തം കാതിൽ ഫലം പുറപ്പെടുവിക്കാൻ കഴിയാത്തവൻ എങ്ങനെ മറ്റു കാതുകളിൽ ഫലം പുറപ്പെടുവിക്കും? കാരണം, താനും തൻെറ ഭാര്യയും ഇവർക്കു തുല്യരാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് മക്കളില്ലാത്ത പുരുഷന്മാരെ തങ്ങളുടെ പിതാവായ അബ്രഹാമിലൂടെയും, മക്കളില്ലാത്ത സ്ത്രീകളെ തങ്ങളുടെ മാതാവായ സാറായിലൂടെയും സഖറിയാ സാന്ത്വനപ്പെടുത്തിക്കൊണ്ടിരുന്നു. അബ്രഹാമും സാറായും പൊതുവായ പൂർവികരായിരുന്നു; എല്ലാവരുടെയും മധ്യത്തിൽ പൊതുവായ കണ്ണാടിപോലെ അവർ വയ്ക്കപ്പെട്ടിരുന്നു. തൊണ്ണൂറ്റൊമ്പതു വർഷങ്ങൾക്കുശേഷം അതിൽ ചിത്രീകരിക്കപ്പെട്ട ഇസഹാക്കിൻെറ കാര്യത്തിലെപ്പോലെ, സമാശ്വസിപ്പിക്കപ്പെടാനായി, വന്ധ്യരായ സ്ത്രീപുരുഷന്മാർ ഈ കണ്ണാടിയിൽ നോക്കിക്കൊണ്ടിരുന്നു. വിശ്വാസത്തിലൂടെ സക്കറിയാ ഈ കണ്ണാടിയിലൂടെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു; എന്നാൽ വാർധക്യംനിമിത്തം അതേപ്പറ്റി അവൻ സംശയാലുവായി. പ്രകൃതിയെ മാറ്റാൻ കഴിവുള്ളവനെ അവൻ സംശയിച്ചതിനാൽ, അവൻ സംസാരിക്കാൻ ശ്രമിച്ചെങ്കിലും അവനു കഴിഞ്ഞില്ല. സർവശക്തനെപ്പറ്റി അവൻ പഠിക്കാൻവേണ്ടി ആയിരുന്നു ഇത്. അവിശ്വാസിക്ക് വിശ്വസിക്കാനായി ഒരടയാളം ആവശ്യമായിരുന്നു. അതുകൊണ്ട് അവൻെറ ഹൃദയത്തിൻെറ സംശയം നിമിത്തം ദൈവം അവൻെറ വായിൽ ഒരടയാളം നൽകി. സംസാരിക്കുന്ന പ്രകൃതിയെ നിശബ്ദമാക്കാൻ കഴിവുള്ളവൻ ആരാണെന്നും, ഉണങ്ങിവരണ്ട ഉദരത്തിനു നവജീവൻ പ്രദാനം ചെയ്‌വാൻ കഴിവുള്ളവൻ ആരാണെന്നും അവൻ അറിയാൻവേണ്ടി ആയിരുന്നു അത്. അവൻെറ അധരങ്ങൾക്ക് സംസാരിക്കാൻ കഴിവില്ലാതെ വന്നപ്പോൾ മാത്രമാണ്, തൻെറ വാർധക്യത്തിന് മകനെ ജനിപ്പിക്കാൻ കഴിയും എന്ന് അവൻ വിശ്വസിച്ചത്.

**22.** *ദൈവം നിൻെറ പ്രാർത്ഥനാസ്വരം കേട്ടിരിക്കുന്നു* (ലൂക്കാ 1:13): പ്രാർത്ഥന, യാചനകൾ അർപ്പിച്ചു; ദൈവം അത് അംഗീകരിച്ചു; എന്നാൽ സ്വതന്ത്രേച്ഛ അതിനെ നിരാകരിച്ചു. പ്രാർത്ഥനയ്ക്ക് എല്ലാത്തരം കാര്യങ്ങളും ചോദിക്കാൻ കഴിയും എന്നും ദൈവത്തിന് എല്ലാത്തരം ദാനങ്ങളും നൽകാനാകും എന്നും, സ്വതന്ത്രേച്ഛയ്ക്ക് ഇവയെല്ലാം

www.malankaralibrary.com



സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യാനാകും എന്നും ഇതുവഴി വ്യക്തമാക്കപ്പെട്ടു. *തങ്ങളുടെ ജീവിത വഴികളിലെല്ലാം കുറ്റമറ്റവരായിരുന്നവരെ* (ലൂക്കാ 1:6) കുറ്റക്കാർ എന്നു മുദ്ര കുത്തുന്നത് ഉചിതമല്ല. മാലാഖയുടെ ശോഭയാൽ ഭയചകിതനായി തീർന്നതിനാൽ, സഖറിയാ തൻെറ ഹൃദയത്തിൽ അല്ല, നാവിൽ മാത്രം പര്യാകുലനായി. *അവർ അവൻെറ അരൂപിയെ കയ്പുള്ളതാക്കി; അവൻ തൻെറ അധര ങ്ങൾ കൊണ്ടു സംസാരിക്കുകയും ചെയ്തു* എന്ന ഭാഗം പോലെയാണിത് (സങ്കീ 106:33). തദ്ഫലമായി മാലാഖ അവൻെറ വായിലൂടെ അവനെ വിധിച്ചു. അവൻ തൻെറ ഹൃദയത്തിൽ സംശയിച്ചിരുന്നെങ്കിൽ, അവൻെറ ഹൃദയത്തിലൂടെ ശിക്ഷിക്കപ്പെടുമായിരുന്നു. എന്നാൽ ഈ സംഗതികൾ പൂർത്തീകരിക്കപ്പെട്ടപ്പോൾ, പുരോഹിതനും തൻെറ തെറ്റിനെപ്പറ്റി അനുതപിച്ചു.

**23.** *അവൻ പിതാക്കന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കു തിരിക്കും* (ലൂക്കാ 1:17). യൂദമതത്തിൽനിന്നു പേഗനിസത്തിലേക്ക് അവർ വഴി തെറ്റിപ്പോകുകയും, തങ്ങളുടെ ദൈവത്തിൻെറ ഉടമ്പടിയിൽ നിന്ന് അകന്നുപോകുകയും ചെയ്തു. തങ്ങളുടെ പിതാക്കന്മാരേപോലെ, അവർ എല്ലാറ്റിൻെറയും നാഥനെ സത്യത്തിൽ ശുശ്രൂഷിക്കുന്നതിനും തൻെറ തീക്ഷ്ണതയാൽ അനേകരെ ദൈവഭയത്തിലേക്ക് തിരികെ കൊണ്ടുവന്ന ഏലിയായെപ്പോലെ, *കർത്താവിന് ഒരു ജനത്തെ പൂർണതയുള്ളവരായി ഒരുക്കുന്നതിനും അവൻ അവരുടെ ഹൃദയങ്ങളെ തിരിക്കും എന്ന് അതുകൊണ്ടാണ് പറഞ്ഞത്* (ലൂക്കാ 1:17). ഇതു സംഭവിക്കാനിരിക്കുന്ന ഒരു സംഗതിയാണ് എന്ന് ആരെങ്കിലും പറഞ്ഞാൽ, പിതാക്കന്മാർ തങ്ങളുടെ മക്കൾക്കെതിരെയോ, മക്കൾ തങ്ങളുടെ പിതാക്കൾക്കെതിരെയോ വിഭജിതരല്ല എന്നും അവർ വിഗ്രഹങ്ങളെ ആരാധിക്കുകയില്ലെന്നും അവർ അറിഞ്ഞിരിക്കട്ടെ.

**24.** സഖറിയായുടെ ദുഃഖം നിമിത്തം *എലിസബത്ത് തന്നെത്തന്നെ മറച്ചുവച്ചു* (ലൂക്കാ 1:24). അഥവാ, താൻ ലൈംഗികബന്ധം വീണ്ടും തുടങ്ങി എന്ന സംഗതി നിമിത്തമുള്ള ലജ്ജയാൽ അവൾ തന്നെത്തന്നെ മറച്ചതുമാകാം; അവളുടെ വാർധക്യം നിമിത്തമാണ് എലിസബത്ത് തന്നെത്തന്നെ മറച്ചുവച്ചത്. എന്നാൽ തൊണ്ണൂറാംവയസ്സിൽ ഇസഹാക്കിനെ ഗർഭം ധരിച്ച സാറായെപ്പറ്റിയോ ഇരട്ടകളെ ഗർഭം ധരിച്ച റിബേക്കായെപ്പറ്റിയോ, *അവൾ തന്നെത്തന്നെ മറച്ചുവച്ചു* എന്ന് മോശ രേഖപ്പെ

www.malankaralibrary.com



ടുത്തിയില്ല എന്നു കാണുക. തന്റെ കർത്താവിന്റെ മുമ്പിൽ കുതിച്ചു ചാടാനായി, അവളുടെ ശിശുവിന്റെ അവയവരൂപീകരണം ഉണ്ടാകുന്നതുവരെ *എലിസബത്ത് അഞ്ചുമാസം തന്നെത്തന്നെ മറച്ചുവച്ചു* (ലൂക്കാ 1:24). അപ്പോൾ മറിയം മംഗലവാർത്ത സ്വീകരിക്കാൻ പോകുകയുമായിരുന്നു.

## യേശുവിന്റെ ജനനം മുൻകൂട്ടി അറിയിക്കുന്നു

**25.** *ആറാം മാസത്തിൽ* എന്ന വാക്കുകൾ (ലൂക്കാ 1:26) എലിസബത്തിന്റെ ഗർഭധാരണവുമായി ബന്ധപ്പെടുത്തിയാണ് കൂട്ടിയിരിക്കുന്നത്. *കന്യകയുടെ പക്കലേക്ക് മാലാഖ അയയ്ക്കപ്പെട്ടു* (1:26-27); അവൻ അവളോടു പറഞ്ഞു: *ഇതാ, നിന്റെ കന്യാത്വത്തിൽ, നിന്റെ ഉദരത്തിൽ നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; നീ അവന് യേശു എന്നു പേരിടണം* (1:31). ശരീരത്തിൽ പ്രത്യക്ഷപ്പെടാനിരുന്നവനെപറ്റിയാണ് അവൻ സംസാരിച്ചത്. "യേശു എന്നു വിളിക്കപ്പെടുന്ന ആ നാമം" എന്ന് അവൻ അവളോടു പറഞ്ഞില്ല; പിന്നെയോ, *നീ അവന് യേശു എന്നു പേരിടണം.* എബ്രായയിൽ *യേശു* എന്നാൽ രക്ഷകൻ എന്നായതിനാൽ ശരീരത്തിലൂടെയുള്ള വ്യാപാരത്തിന്റേതാണ് ഈ നാമം എന്ന് ഇതു കാട്ടുന്നു. *അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിക്കുന്നതിനാൽ നീ അവന് യേശു* അതായത് *രക്ഷകൻ, എന്നു പേരിടണം* എന്ന് മാലാഖ പറഞ്ഞു (മത്താ 1:21). അതുകൊണ്ട് ഈ നാമം അവിടുത്തെ സ്വഭാവത്തെയല്ല, അവിടുത്തെ പ്രവൃത്തികളെയത്രേ സൂചിപ്പിക്കുന്നത്.

*എന്നെ ഒരു പുരുഷനും അറിഞ്ഞിട്ടില്ലാത്തതിനാൽ ഇതെങ്ങനെ സംഭവിക്കും?* എന്ന് മറിയം അവനോടു ചോദിച്ചു (ലൂക്കാ 1:34). അവൻ അവളോടു പറഞ്ഞു: *പരിശുദ്ധാത്മാവ് വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും* (1:35). എന്തുകൊണ്ടാണ് അവൻ പിതാവിന്റെ നാമം സൂചിപ്പിക്കാതെ, അതിനുപകരം അവന്റെ ശക്തിയുടെ നാമവും പരിശുദ്ധാത്മാവിന്റെ നാമവും സൂചിപ്പിച്ചത്? കാരണം, സൃഷ്ടികർമത്തിന്റെ പണിക്കാരൻ വന്ന്, വീണുകിടന്ന ഭവനത്തെ ഉയർത്തുകയും, അശുദ്ധമായിരുന്ന ഭവനങ്ങളെ പരിശുദ്ധാത്മാവിന്റെ ആവാസം വിശുദ്ധീകരിക്കുകയും ചെയ്യുക ഉചിതമായിരുന്നു. ഇപ്രകാരം, വരാനിരിക്കുന്ന ന്യായവിധി പിതാവ് പുത്രനെ ഏല്പിച്ചെങ്കിൽ, അവിടുന്ന് മനുഷ്യസൃഷ്ടിയും അതിന്റെ നവീകരണവും അവനിലൂടെ

www.malankaralibrary.com



സാധിച്ചു എന്നത് വ്യക്തമാണല്ലോ. മുള്ളുകളെയും മുൾച്ചെടികളെയും കത്തിച്ചുകളയാനെത്തിയ സജീവ തീക്കട്ട അവനാകുന്നു (ഉല്പ 3:18; ഏശാ 9:17.19). അവൻ ഉദരത്തിൽ വസിക്കുകയും അതിനെ വെടിപ്പാക്കുകയും ശാപങ്ങളുടെയും പ്രസവവേദനകളുടെയും ഇടത്തെ വിശുദ്ധീകരിക്കുകയും ചെയ്തു (ഉല്പ 3:16). മോശ ദർശിച്ച അഗ്നിജ്വാല, മുൾച്ചെടി കത്തിപ്പോകാതിരിപ്പാൻ അതിനെ നനയ്ക്കുകയും കൊഴുപ്പിനെ വാറ്റുകയും ചെയ്തുകൊണ്ടിരുന്നു. അഗ്നിയിൽ പ്രവേശിക്കുന്നെങ്കിലും കത്തിക്കരിഞ്ഞുപോകാത്ത ശുദ്ധീകരിക്കപ്പെട്ട സ്വർണത്തിൻെറ സാദൃശ്യം മുൾച്ചെടിയിൽ ദൃശ്യമാണ്. കന്യകയുടെ ഉദരത്തെ നനച്ചുകൊണ്ടും ഈർപ്പം വരുത്തിക്കൊണ്ടും, മുൾച്ചെടിയെ ആവരണം ചെയ്ത അഗ്നി പോലെ അതിനെ ധരിപ്പിച്ചുകൊണ്ടും, അന്ത്യത്തിൽ വരാനിരുന്ന സജീവാഗ്നിയെ പ്രസ്പഷ്ടമാക്കാനായിരുന്നു ഇതു സംഭവിച്ചത്.

*കർത്താവ് അവനു ദാവീദിൻെറ സിംഹാസനം നൽകും* (ലൂക്കാ 1:32). *അവൻ വരുന്നതുവരെ ചെങ്കോൽ നീങ്ങിപ്പോകുകയില്ല* എന്ന പ്രവചനത്തെ ഇത് അനുസ്മരിപ്പിക്കുന്നു (ഉല്പ 49:10). ദൈവത്തിന് എല്ലാ കാര്യങ്ങളും ചെയ്യാൻ എളുപ്പമാണ് എന്ന് മാലാഖ അറിയിച്ചു (ലൂക്കാ 1:37): *നിൻെറ ചാർച്ചക്കാരിയായ എലിസബത്തിൻെറ* കാര്യത്തിൽ, അവളുടെ വാർധക്യത്തിൽ ദൈവം അവൾക്കു ഗർഭധാരണം നൽകി. അപ്പോൾ മറിയം പ്രത്യുത്തരിച്ചു: അവൾക്കിതു സംഭവിച്ചെങ്കിൽ, *ഇതാ ഞാൻ കർത്താവിൻെറ ദാസി; നീ പറഞ്ഞതുപോലെ എനിക്കു ഭവിക്കട്ടെ* (1:38). നിൻെറ ചാർച്ചക്കാരിയായ എലിസബത്ത് എന്ന് മാലാഖ പറഞ്ഞതിൽനിന്ന്, മറിയം ലേവിഗോത്രത്തിൽപെട്ട ആളായിരുന്നു എന്ന് കരുതാവുന്നതാണ്. എങ്കിലും, ഇതുവരെ ഭർത്താക്കന്മാരുടെ പേരിലത്രേ പ്രവചനം നടന്നത്. അവളുമായി വിവാഹവാഗ്ദാനം നടത്തിയ യൗസേപ്പുവരെ ദാവീദിൻെറ വംശാവലി തുടർന്നു; ദാവീദിൻെറ കുടുംബത്തെപ്രതി, അവളുടെ ശിശുവിൻെറ ജനനം പുരുഷന്മാരുടെ പേരിലൂടെയത്രേ കണക്കാക്കപ്പെട്ടത്. ദാവീദിൻെറ കുടുംബവും ബീജവും പൂർത്തീകരണത്തിലെത്തിയത് മിശിഹായിലത്രേ. തിരുലിഖിതം പുരുഷന്മാരുടെ തലമുറകളെ എണ്ണുകയും കണക്കാക്കുകയും ചെയ്യുന്നതിനാൽ, മറിയത്തിൻെറ തലമുറകളെപ്പറ്റി മൗനം പാലിക്കുന്നു. അമ്മമാരിൽക്കൂടിയാണ് തിരുലിഖിതം കുടുംബവഴി കണക്കാക്കിയിരുന്നതെങ്കിൽ, മറിയത്തിൻെറ കുടുംബവഴി തേടുക ഉചിതമായിരുന്നു. എന്നാൽ *നിൻെറ ചാർച്ചക്കാരിയായ എലിസബത്ത്* എന്ന വാക്കുകൾ, മറിയവും ലേവിഗോത്രത്തിൽ

www.malankaralibrary.com



നിന്നാണ് എന്നു കരുതപ്പെടാതിരിക്കാൻ *അവർ ഇരുവരും ദാവീദിൻെറ വംശത്തിൽപ്പെട്ടവരാണ്* എന്ന് യൗസേപ്പിനെയും മറിയത്തെയുംപറ്റി സുവിശേഷകൻ മറ്റൊരിടത്ത് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക (ലൂക്കാ 2:4).[7] എലിസബത്ത് മറിയത്തിൻെറ സഹോദരിയാണെന്ന് മാലാഖ പറഞ്ഞില്ല; പിന്നെയോ, *നിൻെറ ചാർച്ചക്കാരിയായ എലിസബത്ത്* എന്നത്രേ.

**26.** മറിയം മറ്റൊരു ഗോത്രത്തിൽ നിന്നായിരുന്നെങ്കിൽ, *ദാവീദിൻെറ വംശത്തിൽപെട്ട* എന്നുപറഞ്ഞത് പൊളിയാകുമായിരുന്നു. കാരണം, മാലാഖ പറഞ്ഞു: *അവൻെറ പിതാവായ ദാവീദിൻെറ സിംഹാസനം കർത്താവ് അവനു നൽകും* (ലൂക്കാ 1:32). അവൻ യൗസേപ്പിൻെറ മകനല്ല. മറിയത്തിൻെറ മകനാണ്. ദാവീദിൻെറ വംശാവലിയിൽ നിന്നല്ലാതെ മറ്റൊരിടത്തുനിന്നുമല്ല അവൻ ജഡത്തിൽ പ്രത്യക്ഷനായത്. എന്തുകൊണ്ടെന്നാൽ പ്രവാചകൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു: *ഈശായിയുടെ കുറ്റിയിൽ നിന്ന് ഒരു മുള പൊട്ടിവരും; അവൻെറ വേരിൽനിന്ന് ഒരു തളിര് കിളിർത്തുവരും* (ഏശാ 11:1). *തൻെറ പുത്രനായ ദാവീദിൻെറ ഭവനത്തിൽ അവിടുന്നു നമുക്കായി രക്ഷയുടെ കൊമ്പ് ഉയർത്തിയിരിക്കുന്നു* എന്നു പറഞ്ഞ് സഖറിയായും ഇതിനു സാക്ഷ്യം വഹിക്കുന്നു (ലൂക്കാ 1:69). അതുപോലെ, ശ്ലീഹായും ഇപ്രകാരം പറഞ്ഞിരിക്കുന്നു: *ദാവീദ് കുടുംബക്കാരുടെ ബീജത്തിൽ നിന്ന്, മറിയത്തിൽ നിന്ന്, നമ്മുടെ കർത്താവേശുമിശിഹാ എഴുന്നെള്ളി* (3 കോറി 5).[8] *ദാവീദ് കുടുംബക്കാരുടെ ബീജത്തിൽ നിന്ന് എഴുന്നെള്ളുകയും മരിച്ചവരിൽ നിന്ന് ഉയിർക്കുകയും ചെയ്ത യേശുമിശിഹായെ ഓർക്കുക* എന്ന് ശ്ലീഹാ തിമോതിക്കും എഴുതി (2 തിമോ 2:8).[9] റോമാക്കാർക്കുള്ള ലേഖനത്തിൽ അവൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു: *ദാവീദ് കുടുംബക്കാരുടെ ബീജത്തിൽ നിന്ന് ശരീരത്തിൽ പ്രത്യക്ഷപ്പെട്ട പുത്രനെപ്പറ്റി തിരുലിഖിതത്തിൽ മുൻകൂട്ടി വാഗ്ദാനം ചെയ്തിരുന്നു* (1:2-3). *നമ്മുടെ കർത്താവ് യൂദായിൽ നിന്ന് ഉദിക്കും എന്ന് മുൻകൂട്ടി വെളിപ്പെടുകയും അറിയപ്പെടുകയും ചെയ്തിരിക്കുന്നു; ആ ഗോത്രത്തിൻെറ പൗരോഹിത്യത്തെപ്പറ്റി മോശ ഒന്നും പറഞ്ഞിട്ടില്ല* എന്ന് എബ്രായലേഖനത്തിൽ

7. പുരാതന സുറിയാനി ടെക്സ്റ്റനുസരിച്ച്.
8. കോറിന്തോസുകാർക്കെഴുതിയ മൂന്നാം ലേഖനം എന്ന അപ്പോക്രിഫൽ കൃതിയിൽ നിന്ന് (ക്രി.വ. 190-206).
9. ഗ്രീക്ക് ടെക്സ്റ്റ് ഇതിനേക്കാൾ ചുരുക്കിയാണ്: “ദാവീദീൻെറ വംശജനും”.

www.malankaralibrary.com



അവൻ പറഞ്ഞിരിക്കുന്നു (7:14). മറിയം ലേവിഗോത്രത്തിൽ നിന്നല്ല, യൂദാഗോത്രത്തിൽ നിന്നാണ് എന്ന് ബോധ്യമാംവിധം ഈ ടെക്സ്റ്റ് കാണിക്കുന്നു. നടപടിയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: *എൻെറ സ്വന്തം സിംഹാസനത്തിൽ നിൻെറ പിൻഗാമികളിൽ ഒരുവനെ ഞാൻ ഇരുത്തും എന്ന് അവിടുന്നു ദാവീദിനോടു ശപഥം ചെയ്തു* (2:30; സങ്കീ 132:11). എങ്കിലും, യൂദാഭവനത്തിലെ രാജകുമാരനായ നാഷോൻെറ സഹോദരിയെ അഹറോൻ വിവാഹം ചെയ്തതുവഴിയും, ദാവീദു ഭവനത്തിലെ യെഹോരാം രാജാവിൻെറ മകളെ യെഹോയാദാ പുരോഹിതൻ വിവാഹം ചെയ്തതുവഴിയും യൂദായുടെയും ലേവിയുടെയും ഗോത്രങ്ങൾ കൂടിക്കലർന്നതായി നാം കാണുന്നു (പുറ 6:23; 2 ദിന 22:11). എലിസബത്തും മറിയവും തമ്മിലുള്ള അടുത്ത ചാർച്ചയെപ്പറ്റിയാണ് മാലാഖയുടെ വാക്ക് പരാമർശിക്കുന്നതെങ്കിൽപോലും, ഈ ഗോത്രങ്ങൾ നേരത്തെതന്നെ വിവാഹബന്ധത്തിൽ ഏർപ്പെട്ടിരുന്നു. കൂടാതെ *നിൻെറ ചാർച്ചക്കാരിയായ എലിസബത്ത്* എന്ന വാക്കുകൾ (ലൂക്കാ 1:36) ഇസ്രായേലിനോടു ബന്ധപ്പെടുത്തിയാണ് പറഞ്ഞിരിക്കുന്നത്; കാരണം, അവരിരുവരും ആ ജനത്തിൽ പെട്ടവർ ആയിരുന്നു.

നമ്മുടെ കർത്താവ് ആരിൽ നിന്നു ജനിച്ചുവോ, ആ മറിയത്തിൻെറ വംശാവലിയെക്കുറിച്ചാണ് മത്തായി എഴുതിയത്. അതുകൊണ്ടാണ്, വാഗ്ദാനം സൂചിപ്പിച്ചതനുസരിച്ച്, *ദാവീദിൽ നിന്നും അബ്രഹാമിൽ നിന്നും* എന്നുപറഞ്ഞുകൊണ്ട് അവൻ തുടങ്ങിയത്. *അനേകർക്ക് എന്ന നിലയിൽ, നിനക്കും നിൻെറ സന്തതികൾക്കും എന്നല്ല, പിന്നെയോ, നിനക്കും നിൻെറ സന്തതിക്കും എന്നാണ്; ആ സന്തതി മിശിഹാ ആകുന്നു* (ഗലാ 3:16). ലൂക്കോസ് ആകട്ടെ, മറിയത്തിൻെറ ഭർത്താവായ യൗസേപ്പിൽ മാത്രം ശ്രദ്ധിച്ചു; ദൈവത്തിൽ നിന്ന് ആദം വരെ അവൻ പിറകോട്ടു പോയി (3:38); ആദിയിൽ ആദത്തെ സൃഷ്ടിച്ചവൻ *ആലയം സ്ഥാപിച്ചു*[10] എന്നു പഠിപ്പിക്കാൻ വേണ്ടിയായിരുന്നു അത്. അതുകൊണ്ട്, ആദം (ദൈവത്തിൽ) നിന്നായിരുന്നു; യൗസേപ്പാകട്ടെ, ദാവീദിൻെറ ഭവനത്തിൽ നിന്നായിരുന്നു. *കാരണം, അവർ ഇരുവരും ദാവീദിൻെറ ഭവനത്തിൽ നിന്നുള്ളവർ ആയിരുന്നു* (ലൂക്കാ 2:24). *നമ്മുടെ കർത്താവ് യൗസേപ്പിൻെറ പുത്രനായി പരിഗണിക്കപ്പെട്ടിരുന്നു* എന്ന് സുവിശേഷകനായ ലൂക്കോസ് പറഞ്ഞപ്പോൾ, (3:23) ശ്രദ്ധാപൂർവം അവൻ തൻെറ

10. കൈയെഴുത്തുപ്രതിയുടെ വികലത നിമിത്തം അർത്ഥം വ്യക്തമല്ല.

www.malankaralibrary.com



അഭിപ്രായം രേഖപ്പെടുത്തുകയായിരുന്നു. ലൂക്കോസ് മറിയത്തിന്റെ വംശാവലി രേഖപ്പെടുത്താത്തതിനാൽ, അവളെപ്പറ്റി സൂചിപ്പിച്ചില്ല. ദിവ്യ വ്യാപാരത്തിന്റെ ശുശ്രൂഷകനാകുവാൻ യോഗ്യനായിത്തീരുകയും മറിയത്തിന്റെ ഭർത്താവ് എന്നു വിളിക്കപ്പെടുകയും ചെയ്തവൻ ദാവീദിന്റെ ഭവനത്തിൽ നിന്നാണ് എന്നു കാണിക്കാൻ വേണ്ടിയായിരുന്നു അത്. അവന്റെ മാതാവായ മറിയത്തിന്റേതിൽ നിന്നു വ്യത്യസ്തമായ ഒരുഗോത്രത്തിൽ നിന്ന് അവൻ ആയിരിക്കുക ഉചിതമല്ലായിരുന്നു.

## സന്ദർശനം

**27.** ഇതു സത്യമാണോ എന്നറിയാനും, തന്നെപ്പറ്റിത്തന്നെ സംശയത്തിൽ കഴിയാതിരിക്കാനുമായി *മറിയം എലിസബത്തിന്റെ പക്കലേക്കു പോയി* (ലൂക്കാ 1:39). കൂടാതെ, നമ്മുടെ കർത്താവ് യോഹന്നാന്റെ പക്കലേക്ക് പോയതുപോലെ, തന്നേക്കാൾ പ്രാധാന്യം കുറഞ്ഞ എലിസബത്തിന്റെ പക്കലേക്ക് *മറിയം പോയി. എന്റെ കർത്താവിന്റെ അമ്മ എന്റെ പക്കലേക്കു വരാൻ തക്കവണ്ണം അവിടുന്ന് എനിക്ക് എന്തിനിതു ചെയ്തു?* (1:43). ദൈവത്തിന്റെ ദാനത്തിൽ മറ്റുള്ളവർ അഭിമാനിക്കുന്നതായി മറിയം കണ്ടു. അവളും ഇപ്രകാരം അവനെ പ്രകീർത്തിച്ചു: *ഇപ്പോൾമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും* (1:48). ലേവി, അബ്രഹാമിന്റെ അരയിൽ ആയിരുന്നതുപോലെ, യോഹന്നാൻ സഖറിയായുടെ അരയിൽ ആയിരിക്കുമ്പോൾ തന്നെ, ആറേഗ്മാസത്തിലെ[11] പുഷ്പമായ ഈ കർത്താവിനെ തന്നെ അവൻ ശുശ്രൂഷിക്കുകയും അവനെ പ്രതീക്ഷിക്കുകയും ജറുസലേമിന്റെ മധ്യത്തിൽ ഞെരിക്കപ്പെട്ട മുന്തിരിപ്പഴത്തെ നിശബ്ദമായി അറിയിക്കുകയുമായിരുന്നു. മുന്തിരിച്ചാറിന്റെ ആരംഭത്തിന് അഞ്ചുമാസം മുമ്പേ പൂക്കൾ ഉണ്ടാകുന്നതുപോലെ, ആരാധ്യമായ ഗർഭധാരണത്തിന്റെ, ആരാധിക്കുന്ന അറിയിപ്പുകാരനായിരിക്കാൻവേണ്ടി, യോഹന്നാൻ മുൻകൂട്ടി ഗർഭസ്ഥിതനായി. *കർത്താവ് തന്നോട് അരുൾചെയ്ത ഈ വാക്കുകളെല്ലാം നിറവേറും എന്നു വിശ്വസിച്ചവൾ ഭാഗ്യവതി* (1:45).

---

11. ഈ ഭാഗം അർമേനിയൻ പതിപ്പിൽ നിന്നാണ്. ആറെഗ്മാസം (അർമേനിയൻ കലണ്ടർ): മാർച്ച് - ഏപ്രിൽ. സുറിയാനി, ജൂലിയൻ കലണ്ടറുകളിൽ നിന്നു വ്യത്യസ്തമാണ് അർമേനിയൻ കലണ്ടർ.

www.malankaralibrary.com



**28.** മാലാഖ രഹസ്യമായി തന്നോടു പറഞ്ഞ കാര്യങ്ങളും, താൻ കേട്ട പ്രബോധനത്തിൻെറയും പ്രവചനത്തിൻെറയും പൂർത്തീകരണത്തിൽ താൻ വിശ്വസിച്ചതിനാൽ തന്നെ അവൻ അനുഗൃഹീത എന്നു വിളിച്ച കാര്യവും, മറിയം എലിസബത്തിനു വെളിപ്പെടുത്തി. അപ്പോൾ, മാലാഖയിൽ നിന്നും എലിസബത്തിൽ നിന്നും താൻ കേട്ടവയുടെ ഫലം മറിയം ശാന്തമായി പുറപ്പെടുവിച്ചു: *എൻെറ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു* (ലൂക്കാ 1:46). *വിശ്വസിച്ചവൾ ഭാഗ്യവതി* എന്ന് എലിസബത്ത് പറഞ്ഞതിന് (1:45) മറിയം ഇപ്രകാരം പ്രത്യുത്തരിച്ചു: *ഇപ്പോൾ മുതൽ എല്ലാതലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും* (1:48). അതിനുശേഷമാണ് മറിയം പുതിയരാജ്യം പ്രഘോഷിക്കാൻ തുടങ്ങിയത്. താൻ വഹിക്കുന്ന കർത്താവ് ദാസൻെറ മുമ്പാകെ ശുശ്രൂഷിക്കാതിരിക്കാനായി *മൂന്നു മാസങ്ങൾക്കുശേഷം അവൾ വീട്ടിലേക്കു മടങ്ങി* (1:56). കാര്യങ്ങൾ വിശദമാക്കാനായി അവൾ തൻെറ ഭർത്താവിൻെറ പക്കലേക്കു തിരികെ പോയി; കാരണം, അവൾ ഗർഭിണിയായത് മാനുഷിക ബീജത്താൽ ആയിരുന്നെങ്കിൽ, തൻെറ ഭർത്താവിൽ നിന്ന് ഓടിപ്പോകുക എന്നതായിരുന്നു അവൾക്ക് ഉചിതമായിരുന്നത്.

**29.** സഖറിയാ തൻെറ പൗരോഹിത്യ ശുശ്രൂഷയുടെ ദിവസങ്ങൾ പൂർത്തിയാക്കിയ *സഹ്മി*[12] മാസത്തിലാണ് എലിസബത്ത് ഗർഭിണിയായത്. *ഹോറി മാസം*[13] പത്താംതീയതി സഖറിയായ്ക്ക് അറിയിപ്പുണ്ടായതുപോലെ, *ആറെഗ് മാസം* പത്താം തീയതിയാണ് മറിയത്തോടുള്ള മംഗലവാർത്ത ഉണ്ടായത് : *ഇതാ, ഇത് അവളുടെ ആറാം മാസമാണല്ലോ* (ലൂക്കാ 1:36). എന്നാൽ ആറെഗ് മാസം പത്താം തീയതി പെസഹാകുഞ്ഞാടിനെ കരുതിവയ്ക്കണം എന്ന് നിയമം അനുശാസിക്കുന്നു (പുറ 12:3). അതേ കണക്കുകൂട്ടൽ അനുസരിച്ച് പ്രകാശം ഭരിച്ചുകൊണ്ടിരുന്നപ്പോഴാണ് കന്യകയുടെ ഉദരത്തിൽ സത്യകുഞ്ഞാട് അടയ്ക്കപ്പെട്ടത്. ആദത്തിൻെറ നഗ്നത മറയ്ക്കാനാണ് താൻ വന്നതെന്ന് ഈ രീതിയിൽ അവിടുന്നു കാണിച്ചു. ഗ്രീക്ക് കണക്കുകൂട്ടൽ അനുസരിച്ച്, പ്രകാശം കീഴടക്കാൻ തുടങ്ങിയ സമയത്ത്, *കാലോക് മാസം*[14] ആറാം തീയതി

---

12. അർമേനിയൻ കലണ്ടർ അനുസരിച്ച് മൂന്നാംമാസം: ഒക്ടോബർ.

13. അർമേനിയൻ കലണ്ടർ അനുസരിച്ച് രണ്ടാം മാസം: സെപ്തംബർ

14 അർമേനിയൻ കലണ്ടർ അനുസരിച്ച് അഞ്ചാം മാസം: ഡിസംബർ 9 - ജനുവരി 7.

www.malankaralibrary.com



യാണ് അവിടുന്നു ജനിച്ചത്. സാത്താൻ വിധിക്കപ്പെട്ടെന്നും എല്ലാറ്റിനെയും കീഴടക്കുന്നവനിൽ ആദം കീഴടക്കിയെന്നും കാണിക്കാനായിരുന്നു അത്.

**30.** തൻെറ ഭാവി പ്രസംഗത്തെ അറിയിക്കാനായി, *യോഹന്നാൻ സന്തോഷത്താൽ കുതിച്ചു ചാടി* (ലൂക്കാ 1:41). വന്ധ്യയുടെ മകൻ കന്യകയുടെ പുത്രൻെറ മുമ്പിൽ ആനന്ദിച്ചു. അവൻ തൻെറ അമ്മയുടെ നാവിനെ തേടുകയും കർത്താവിനെപ്പറ്റി ഒരു പ്രവചനം ഉച്ചരിക്കാൻ ആഗ്രഹിക്കുകയും ചെയ്തു. കുതിച്ചു ചാടി സന്തോഷിക്കാൻ തക്കവിധം ശിശുവിൻെറ അവയവങ്ങൾ രൂപീകരിക്കപ്പെടുകയും, തൻെറ സന്തോഷത്തിലൂടെ മറിയത്തിന് ഒരു സാക്ഷ്യം ആയിത്തീരാൻ കഴിയുകയും ചെയ്യുന്നതുവരെ ആറുമാസത്തേക്ക് എലിസബത്തിൻെറ ഗർഭധാരണം മറിയത്തിൽ നിന്ന് മറയ്ക്കപ്പെട്ടിരുന്നു. കൂടാതെ, *അവൻ തൻെറ അമ്മയുടെ ഉദരത്തിൽ കുതിച്ചു ചാടിയത്* അവൻ തനിയെ ചെയ്തതല്ല, അവന് അഞ്ചുമാസം വളർച്ചയായതുകൊണ്ടുമല്ല; പിന്നെയോ, അവനെ ഇപ്പോൾ വഹിച്ചുകൊണ്ടിരുന്ന വന്ധ്യമായ ഉദരത്തിൽ ദിവ്യദാനങ്ങൾ കാണിക്കാൻ വേണ്ടിയായിരുന്നു. എലിസബത്തിനു നൽകപ്പെട്ട മഹാദാനം മറ്റേ ഉദരം, അതായത്, കന്യകയുടെ ഉദരം അറിയുന്നതിനും, രണ്ട് മണ്ണിലെയും വിതക്കാരനായ ഗബ്രിയേലിൻെറ വാക്കുകളിലൂടെ അവർ സ്വീകരിച്ച വിത്തുകളിൽ രണ്ടു മണ്ണുകളും വിശ്വസിക്കുന്നതിനും കൂടിയായിരുന്നു അത്. തൻെറ സന്തോഷത്തിൽ വിളിച്ചു പറഞ്ഞ് തൻെറ നാഥനു സാക്ഷ്യംനൽകാൻ യോഹന്നാനു കഴിയാഞ്ഞതിനാൽ, അവൻെറ അമ്മ പറയാൻ തുടങ്ങി: *നീ സ്ത്രീകളിൽ അനുഗൃഹീതയാകുന്നു; നിൻെറ ഉദരഫലവും അനുഗൃഹീതമാകുന്നു* (1:42). മൃതനായ ഒരു ആദത്തിനുശേഷമാണ് താൻ വന്നിരിക്കുന്നതെന്നു കാണിക്കാനായി, നമ്മുടെ കർത്താവ് മൃതപ്രായമായ ഉദരത്തിൽ തൻെറ മുന്നോടിയെ ഒരുക്കി. അവിടുന്നാദ്യം എലിസബത്തിൻെറ ഉദരത്തെ ജീവിപ്പിച്ചു; പിന്നീട് തൻെറ ശരീരത്തിലൂടെ ആദത്തിൻെറ മണ്ണിനെ ജീവിപ്പിച്ചു.

## സ്നാപകയോഹന്നാൻെറ ജനനം

**31.** അവസാനത്തെ പ്രവാചകന് വൃദ്ധയായ എലിസബത്തും മാലാഖമാരുടെ നാഥന് യുവതിയായ മറിയവും ജന്മം നൽകി. അഹറോൻെറ പുത്രി മരുഭൂമിയിലെ സ്വരത്തിനും (മത്താ 3:3), ദാവീദുരാജാവിൻെറ

www.malankaralibrary.com



പുത്രി സ്വർഗീയരാജാവിൻെറ വചനത്തിനും ജന്മം നൽകി. പുരോഹിതൻെറ ഭാര്യ, *തൻെറ മുമ്പിലെ ദൂതനും* (ഏശാ 63:9), ദാവീദിൻെറ പുത്രി ധരയുടെ ബലവാനായ ദൈവത്തിനും ജന്മം നൽകി. വന്ധ്യ, പാപം പോക്കുന്നവനും, കന്യക പാപം നീക്കിക്കളയുന്നവനും (യോഹ 1:29) ജന്മം നൽകി. അനുതാപത്തിലൂടെ ജനത്തെ അനുരഞ്ജിപ്പിച്ചവന് എലിസബത്ത് ജന്മം നൽകി; എന്നാൽ അശുദ്ധ നാടുകളെ ശുദ്ധീകരിച്ചവന് മറിയം ജന്മം നൽകി. പ്രായം ചെന്നവൾ തൻെറ പിതാവായ യാക്കോബിൻെറ ഭവനത്തിൽ വിളക്കു കൊളുത്തി; ആ വിളക്ക് യോഹന്നാൻ തന്നെ ആയിരുന്നു(യോഹ 5:35). യുവതി എല്ലാ ജനതകൾക്കുമായി *നീതിസൂര്യനെ* ഉയർത്തിക്കാട്ടി (മലാ 3:20). കൊല്ലപ്പെട്ടവൻ ക്രൂശിതനെ പ്രഘോഷിക്കുന്നതിനും വെറുക്കപ്പെട്ടവൻ അസൂയപ്പെട്ടവനെ പ്രസംഗിക്കുന്നതിനുമായി, മാലാഖ സഖറിയായെ അറിയിച്ചു. ജലം കൊണ്ടു സ്നാനം നൽകുന്നവൻ, *അഗ്നികൊണ്ടും പരിശുദ്ധാത്മാവുകൊണ്ടും* സ്നാനം നൽകുന്നവനെ (മത്താ 3:11) പ്രഘോഷിക്കേണ്ടിയിരുന്നു; മങ്ങാത്ത പ്രകാശം *നീതിസൂര്യനെ* പ്രസംഗിക്കേണ്ടിയിരുന്നു. പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞവൻ, പരിശുദ്ധാത്മാവിനെ പ്രദാനം ചെയ്യുന്നവനെപ്പറ്റി പ്രഘോഷിക്കേണ്ടിയിരുന്നു. കാഹളം കൊണ്ടു വിളിക്കുന്ന പുരോഹിതൻ, അന്ത്യത്തിൽ കാഹളധ്വനിയോടുകൂടി വരാനിരിക്കുന്നവനെപ്പറ്റി പ്രഘോഷിക്കേണ്ടിയിരുന്നു; സ്വരം വചനത്തെപ്പറ്റി പ്രസംഗിക്കേണ്ടിയിരുന്നു; പ്രാവിനെ കണ്ടവൻ, ഇടിമുഴക്കത്തിനു മുമ്പുള്ള മിന്നൽപോലെ, പ്രാവ് ആരുടെമേൽ ഇറങ്ങിവസിച്ചുവോ അവനെപ്പറ്റി പ്രഘോഷിക്കേണ്ടിയിരുന്നു.

**32.** *ഉന്നതത്തിൽ നിന്നുള്ള സൂര്യൻെറ ഉദയം* (ലൂക്കാ 1:78) വിദ്വാന്മാരുടെ നക്ഷത്രത്തെ സൂചിപ്പിക്കുന്നു. *ഇരുട്ടിൽ ഇരിക്കുന്നവർക്ക്* (1:79) എന്നത് അവിടുത്തെ ഉദയത്തെ സംബന്ധിച്ച് സാവധാനം മാത്രം ഗ്രഹിക്കുന്നവരെയോ ഇരുട്ടിൽ ആയിരുന്ന ഇസ്രായേലിനെയോ കുറിക്കുന്നു. വിദ്വാന്മാർ അവരെ പ്രബോധിപ്പിച്ചു. അതുകൊണ്ടാണ്, *അങ്ങനെ, സമാധാനപാതയിൽ അവിടുന്ന് നമ്മുടെ പാദങ്ങളെ നയിക്കും* എന്ന് അവൻ കൂട്ടിച്ചേർക്കുന്നത് (1:79). *നിഴലിൽ കഴിയുന്നവർ* എന്നത് (1:79) കൽദായരുടെ കുരുട്ടുബുദ്ധിയെയോ, പുറജാതികളുടെ വിഗ്രഹാരാധനയെയോ കുറിക്കുന്നു.

www.malankaralibrary.com



# 2

## യേശുവിനെ ഗർഭം ധരിക്കുന്നതും പ്രസവിക്കുന്നതും

**1.** *മിശിഹായുടെ ജനനം ഇപ്രകാരം ആയിരുന്നു. മറിയം, യൗസേപ്പുമായി വിവാഹനിശ്ചയം ചെയ്തിരിക്കെ, അവൾ ഗർഭിണിയായി കാണപ്പെട്ടു* (മത്താ 1:18). വിചിന്തനം നടത്താതെയല്ല സുവിശേഷകൻ ഇപ്രകാരം പറഞ്ഞത്; കാരണം തങ്ങളുടെ ദേവന്മാർ നിന്ദ്യമായ വശീകരണങ്ങൾക്ക് വിധേയരാണെന്നും പ്രകൃത്യനുസൃതമല്ലാത്ത രീതിയിലാണ് അവർ മക്കളെ ജനിപ്പിക്കുന്നതെന്നും പുറജാതികൾ തങ്ങളുടെ ഐതിഹ്യങ്ങളിൽ വിചിത്രാശയങ്ങൾ പുലർത്തുന്നു. തദ്ഫലമായി, മറിയത്തെപ്പറ്റി കേൾക്കുമ്പോൾ അവളുടെ കാര്യത്തിലും പുറജാതികളുടേതുപോലെയാണെന്ന് ചിന്തിക്കാതിരിക്കാനായി, *അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി* എന്ന് സുവിശേഷകൻ കൂട്ടിച്ചേർത്തു (മത്താ 1:18). ലൈംഗികബന്ധം വഴിയല്ല അവിടുന്ന് ജനിച്ചത്. എല്ലാ ശരീരങ്ങളിലും ശുദ്ധത വസിക്കാനായി, അവളുടെ വിശുദ്ധ ഗർഭധാരണത്തിലൂടെ ശുദ്ധതയ്ക്ക് ഒരു പ്രവേശനം സാധ്യമായിത്തീർന്നു. അവളുടെ വിവാഹനിശ്ചയം ആദ്യം നടക്കുകയും ഒരു പുരുഷൻെറ നാമം അവൾക്കു ലഭിക്കുകയും ചെയ്തശേഷമാണ് അവൾ ഗർഭിണിയായത്. രാജാക്കന്മാരുടെ വംശാവലി നിമിത്തമാണ് ഇങ്ങനെ സംഭവിച്ചത്. ദാവീദിൻെറ പുത്രനായി രാജാക്കന്മാരുടെ ഇടയിൽ പേരെഴുതപ്പെട്ട ശിശു തൻെറ അമ്മയുടെ പേരിൽ പേരെഴുതപ്പെടുക എന്നത് അസാധ്യമായിരുന്നു. മറുവശത്ത്, വ്യഭിചാരത്തിൻെറ പേരിൽ അവളുടെമേൽ ദുരാരോപണം നടത്തിയിരുന്ന ദുഷ്ടമനുഷ്യരുടെ ദുർമനസ്സ് നിമിത്തമായിരുന്നു ഇത്. ഇക്കാരണത്താലാണ് പാവനനായ ഒരു വ്യക്തിക്ക് അവളെ ഭരമേല്പിച്ചത്; അവൾ ഗർഭിണിയാണെന്നു കണ്ട്, പ്രസവിക്കാറായ അവളെ അവൻ സംരക്ഷിച്ചത്. അവൻ അവളെ തൻെറ വീട്ടിൽനിന്ന് ആട്ടിയോടിക്കാതെ അവളുടെകൂടെ താമസിച്ചു. അവളിൽ നിന്ന് ജനിക്കാനിരിക്കുന്നവൻ വ്യഭിചാരത്തിൽ ഉണ്ടായതല്ല, പിന്നെയോ, പരിശുദ്ധാത്മപ്രവർത്തനത്താലാണെന്ന് അവളുടെ നിന്ദനത്തിൽ പങ്കുചേർന്നുകൊണ്ട് അവൾക്കുവേണ്ടി അവൻ എല്ലാവരുടെയും മുമ്പാകെ ഒരു സാക്ഷി ആയിരുന്നു.

www.malankaralibrary.com



**2.** പുരുഷനെ കൂടാതെ മറിയം പ്രസവിച്ചു. ആരംഭത്തിൽ ലൈംഗിക ബന്ധം കൂടാതെ ഹവ്വാ ആദത്തിൽ നിന്നുണ്ടായതുപോലെയായിരുന്നു, യൗസേപ്പിൻെറയും അവൻെറ ഭാര്യയും കന്യകയുമായ മറിയത്തിൻെറയും കാര്യത്തിൽ. ഹവ്വാ കൊലപാതകിയെ പ്രസവിച്ചു (ഉല്പ 4:1); എന്നാൽ മറിയം *ജീവദാതാവിനെ*[15] പ്രസവിച്ചു. തൻെറ സഹോദരൻെറ രക്തം ചിന്തിയവനെ ആദ്യത്തെ സ്ത്രീ പ്രസവിച്ചു; എന്നാൽ തൻെറ സഹോദരന്മാരാൽ രക്തം ചിന്തപ്പെട്ടവനെ രണ്ടാമത്തെ സ്ത്രീ പ്രസവിച്ചു. ധരയുടെ ശാപം നിമിത്തം വിറച്ചുകൊണ്ട് ഓടിപ്പോയവനെ ആദ്യത്തെയാൾ ദർശിച്ചു (ഉല്പ 4:10.14); ശാപം വഹിച്ചുകൊണ്ട് തൻെറ കുരിശിൽ അതിനെ തറച്ചവനെ രണ്ടാമത്തവൾ ദർശിച്ചു (കൊളോ 2: 14). കന്യാത്വഭൂമിയിൽ നിന്ന് ലൈംഗികബന്ധം കൂടാതെ ആദത്തെ രൂപീകരിച്ചവൻ, ലൈംഗികബന്ധം കൂടാതെ കന്യകയുടെ ഉദരത്തിൽ രണ്ടാമത്തെ ആദത്തെയും രൂപീകരിച്ചു എന്ന് കന്യകയുടെ ഗർഭധാരണം പഠിപ്പിക്കുന്നു. ഒന്നാമത്തെ ആദാം തൻെറ അമ്മയുടെ ഉദരത്തിലേക്ക് തിരികെ പോയെങ്കിൽ, തൻെറ അമ്മയുടെ ഉദരത്തിലേക്ക് തിരികെ പോകാത്ത രണ്ടാം ആദാം വഴിയാണ്, തൻെറ അമ്മയുടെ ഉള്ളിൽ അടക്കപ്പെട്ടിരുന്ന ഒന്നാം ആദാം അതിൽനിന്ന് തിരികെകൊണ്ടുവരപ്പെട്ടത്.

**3.** താൻ ഗർഭിണിയായിരിക്കുന്നത് ആത്മാവിൽ നിന്നാണ് എന്ന് യൗസേപ്പിനെ ബോധ്യപ്പെടുത്താൻ മറിയം ശ്രമിച്ചു; അതൊരു പുതിയ കാര്യമാകയാൽ, യൗസേപ്പ് അത് അംഗീകരിച്ചില്ല. എന്നാൽ അവളുടെ ഉദരം വീർത്തിരുന്നെങ്കിലും, മുഖകമലം പ്രശാന്തമാണെന്ന് കണ്ടപ്പോൾ, *നീതിമാനാകയാൽ* (മത്താ 1:19) *അവളെ അവമാനിക്കാൻ അവൻ ആഗ്രഹിച്ചില്ല;* അവൾ മറ്റൊരാളുമായി ബന്ധം പുലർത്തിയെന്ന് കരുതിയതിനാൽ, ഭർത്താവ് എന്ന നിലയിൽ അവളെ സ്വീകരിക്കാൻ അവനു മനസ്സു വന്നുമില്ല. അവളെ സ്വീകരിക്കരുതെന്നും അതേസമയം അവളെ തള്ളിക്കളയരുതെന്നും അവൻെറ നീതിയിൽ അവൻ ചിന്തിച്ചു. അതുകൊണ്ട്, *മാലാഖ അവനു കാണപ്പെട്ട് പറഞ്ഞു: ദാവീദിൻെറ പുത്രനായ യൗസേപ്പേ* (മത്താ1:20). മാലാഖയും അവനെ *ദാവീദിൻെറ പുത്രൻ* എന്നു വിളിച്ചത് അത്ഭുതകരമായ സംഗതിതന്നെയാണ്. അവൻെറ പൂർവ

15. *മഹ്യാന:* ദിവ്യരക്ഷകനെ കുറിക്കാൻ സുറിയാനിയിൽ ഉപയോഗിക്കുന്ന ഒരു പദം.

www.malankaralibrary.com



പിതാക്കന്മാരുടെ തലവനായ ദാവീദിനെ അനുസ്മരിപ്പിക്കാൻ ആയിരുന്നു അത്. അവന്റെ സന്തതികളിൽ നിന്ന് ജഡപ്രകാരം മിശിഹായെ എഴുന്നേല്പിക്കുമെന്ന് ദൈവം അവനോട് വാഗ്ദാനം ചെയ്തിരുന്നു (സങ്കീ 132:11). *നിന്റെ ഭാര്യയായ മറിയത്തെ സ്വീകരിക്കാൻ ശങ്കിക്കേണ്ട; എന്തുകൊണ്ടെന്നാൽ അവളിൽ ഉരുവായിരിക്കുന്നത് പരിശുദ്ധാത്മാവിനാൽ ആകുന്നു* (മത്താ 1:20). ലൈംഗികബന്ധം കൂടാതെയാണോ കന്യകയുടെ ഗർഭധാരണം എന്നതിനെപ്പറ്റി നിനക്കു സംശയം ഉണ്ടെങ്കിൽ ഏശായാ പറഞ്ഞിരിക്കുന്നതു കേൾക്കുക: *ഇതാ, കന്യക ഗർഭം ധരിക്കും* (7:14; മത്താ 1:22-23). അതുപോലെ ദാനിയേലും: *മനുഷ്യകരങ്ങളാലല്ലാതെ വെട്ടപ്പെട്ട കല്ല്* (2:34-45). *മലയിലേക്കും കിണറ്റിലേക്കും നോക്കുക* എന്ന മറ്റേ വാചകം പോലയല്ല ഇത് (ഏശാ 51:1). ആ വാചകം പുരുഷനെയും സ്ത്രീയെയും സംബന്ധിച്ചാണ്. എന്നാൽ ഇവിടെ എഴുതിയിരിക്കുന്നത്, *മനുഷ്യകരങ്ങളാലല്ലാതെ* എന്നത്രേ. ആദം, ഹവ്വായ്ക്ക് പിതാവിന്റെയും മാതാവിന്റെയും സ്ഥാനത്ത് ആയിരുന്നതുപോലെയാണ് മറിയം നമ്മുടെ കർത്താവിന്.

**4.** *നീതിമാനായിരുന്നതിനാൽ അവളെ അവമാനിക്കാൻ യൗസേപ്പിനു മനസ്സുവന്നില്ല* (മത്താ 1:19). നിയമത്തിന് എതിരായിരുന്നു അവന്റെ നീതി. *നിന്റെ കൈകൾകൊണ്ട് ആദ്യത്തെ കല്ലെറിയണം* (ആവ 17: 5-7; 22:23-24). അതുകൊണ്ടാണ് രഹസ്യമായി ഉപേക്ഷിക്കാൻ ആലോചിച്ചത്. ഈ ഗർഭധാരണം അസാധാരണമാണെന്നും, സ്ത്രൈണരീതികളിൽനിന്നും വിവാഹിതകൾ ഗർഭവതികളാകുന്നതിൽനിന്നും വ്യത്യസ്തമാണെന്നും യൗസേപ്പ് കണ്ടു. തദ്ഫലമായി, ഈ സംഗതി ദൈവത്തിൽനിന്നാണ് എന്ന് അവൻ അംഗീകരിക്കേണ്ടിയിരിക്കുന്നു എന്ന് ഈ കാര്യങ്ങൾ അവനോട് നിർദ്ദേശിച്ചു. ഇതിൽ ഒരു വഷളത്വവും അവൻ ഒരിക്കലും ദർശിച്ചില്ല. തനിക്കനുകൂലമായി മറിയത്തിന് നിരവധി സാക്ഷ്യങ്ങൾ ഉണ്ടായിരുന്നതിനാൽ, യഥാർത്ഥത്തിൽ, മറിയത്തെ അവിശ്വസിക്കുക എന്നത് അവന് അസാധ്യമായിരുന്നു. സഖറിയായുടെ മൗനം, എലിസബത്തിന്റെ ഗർഭധാരണം, മാലാഖയുടെ മംഗലവാർത്ത, യോഹന്നാന്റെ കുതിച്ചുചാട്ടം, തന്റെ പിതാക്കന്മാരുടെ പ്രവചനം എന്നിവയായിരുന്നു ആ സാക്ഷ്യങ്ങൾ. മറ്റു പലതിനോടുംകൂടെ ഈ സാക്ഷ്യങ്ങളെല്ലാം കന്യകയുടെ ഗർഭധാരണത്തെ ഉറക്കെ പ്രഖ്യാപിക്കുകയായിരുന്നു. തദനുസൃതം നീതിപൂർവം നിശബ്ദമായി അവളെ പിരിച്ചയയ്ക്കണം എന്ന് അവൻ ചിന്തിച്ചു. കാരണം, അവൾ ഗർഭിണിയായത്

www.malankaralibrary.com



പരിശുദ്ധാത്മാവിൽ നിന്നല്ല എന്ന് അവൻ അറിഞ്ഞിരുന്നെങ്കിൽ, അവൻ അവളെ തള്ളിപ്പറയാഞ്ഞത് നീതിരഹിതമാകുമായിരുന്നു.

**5.** ഇത് ദൈവത്തിന്റെ ഒരു അത്ഭുതകർമ്മം ആയിരുന്നു എന്ന് അവൾ മനസിലാക്കി. എങ്കിലും, ഇതു മറ്റുള്ളവർക്കു വിശ്വസനീയമല്ലാത്തതിനാൽ, അവളെ ഉപേക്ഷിക്കുന്നത് നീതിപൂർവകമായ ഒരു പ്രവൃത്തിയായി അവൻ കരുതി (മത്താ 1:19-20). അവർ സഹവസിച്ച് ആ ദൈവിക കർമ്മം ദുരാരോപണവിധേയമാകാതിരിക്കാൻ, ഇത് അവന്റെ ചിന്തയ്ക്കനുസൃതവുമായിരുന്നു. *ഞാൻ അവളുടെ ദിവ്യശിശുവിന്റെ പിതാവ് എന്ന് വിളിക്കപ്പെടുക എന്ന പാപം എനിക്കുണ്ടാകാതിരിക്കാൻ* അവളെ പറഞ്ഞയയ്ക്കുകതന്നെ നല്ലത് എന്ന് അവൻ ചിന്തിച്ചു. *കന്യകയുടെ പുത്രൻ* എന്ന നാമം താൻ മൂലം നശിക്കാതിരിക്കാൻവേണ്ടി, അവളോടൊത്തു പാർക്കാൻ അവൻ ഭയപ്പെട്ടു. അതുകൊണ്ട് മാലാഖ അവനോടു പറഞ്ഞു: *മറിയത്തെ സ്വീകരിക്കാൻ ശങ്കിക്കേണ്ട* (മത്താ 1:20). *അവൻ പരിപാവനമായി അവളോടൊത്തു പാർത്തു* എന്നു തുടങ്ങി സുവിശേഷകനും എഴുതി (മത്താ 1:25). കന്യകയായി മറിയത്തെ സ്വീകരിച്ചതിനാലാണ് അവർ സഖറിയായെ കൊന്നതെന്ന് പറയപ്പെടുന്നു; കാരണം, കന്യകകൾ ഒന്നിച്ചൊരിടത്തു കൂടുക പതിവായിരുന്നു.[16] അഥവാ, ശിശുക്കളെ വധിച്ചപ്പോൾ, അവന്റെ കൈയിലിരുന്ന മകനെ വിട്ടുകൊടുക്കാൻ പടയാളികൾ ആവശ്യപ്പെട്ടു. എന്നാൽയോഹന്നാനെ മരുഭൂമിയിലേക്ക് ഓടിപ്പോകാൻ അനുവദിച്ചതിനാൽ, നമ്മുടെ കർത്താവ് പറഞ്ഞതുപോലെ, ബലിപീഠത്തിൽ വച്ച് അവൻകൊല ചെയ്യപ്പെട്ടു (മത്താ 23:35).

**6.** രക്ഷകനെ പ്രസവിച്ചശേഷം മറിയം യൗസേപ്പിനോടൊത്തു സഹവസിച്ചു എന്ന് പറയാൻ മുതിരുന്നവർ ഉള്ളതിനാൽ നാം ഇങ്ങനെ മറുപടി പറയുന്നു: പരിശുദ്ധാത്മാവിന്റെ വാസഗേഹമായിരുന്നവൾക്ക്, ദിവ്യശക്തിയുടെ ആവാസം ലഭിച്ചവൾക്ക്, ഒരു മർത്ത്യജീവിയുമായി ബന്ധപ്പെട്ട്, ആദ്യശാപഫലമായ വേദനയോടുകൂടി പ്രസവിക്കാൻ എങ്ങനെ കഴിയുമായിരുന്നു? (ഉല്പ 3:16). *മറിയം സ്ത്രീകളിൽ അനുഗൃഹീത* ആണെങ്കിൽ (ലൂക്കാ 1:42) ആരംഭം മുതലേ ശാപത്തിൽനിന്നും, വേദനയിലും ശാപത്തിലും കുഞ്ഞുങ്ങളെ പ്രസവിക്കുന്നതിൽനിന്നും

---

16. മറിയം ദേവാലയത്തിൽ വളർന്നു എന്ന് അപ്പോക്രിഫൽ പാരമ്പര്യം.

www.malankaralibrary.com



ഒഴിവാക്കപ്പെട്ടിരുന്നിരിക്കണം. അതുകൊണ്ട് ഈ പ്രസവവേദനയോടു കൂടി പ്രസവിച്ചവളെ ഭാഗ്യവതി എന്നു വിളിക്കുക അസാധ്യമാണ്. നോഹ നിമിത്തം പെട്ടകത്തിലെ മൃഗങ്ങൾ നിയന്ത്രിക്കപ്പെട്ടെങ്കിൽ, അമ്മാനുവേൽ വസിച്ച പ്രവാചകി സഹവാസത്തിൽ ഏർപ്പെടാതിരിക്കുക ഉചിതമായിരുന്നു. നോഹയുടെ മൃഗങ്ങൾ നിർബന്ധത്താൽ നിയന്ത്രിക്കപ്പെട്ടു; എന്നാൽ അവൾ അവളുടെ സ്വതന്ത്രേച്ഛയാൽ പരിപാവനമായി പ്രസവിച്ചതുപോലെ, പരിപാവനയായിത്തന്നെ നിലനിന്നു.

**7.** അപരിചിതമായ അഗ്നി അർപ്പിച്ചതിനാൽ (ലേവ്യ 10:1-2) അഹറോൻെറ പുത്രന്മാർ മരിച്ചുപോയെങ്കിൽ, അവൾ എത്രയധികമായി കഷ്ടപ്പെട്ടു കാണും. വീഞ്ഞിനോടുകൂടി വെള്ളം ചേർത്തു വില്ക്കുന്ന കച്ചവടക്കാർ ശിക്ഷാർഹരാണെങ്കിൽ, ഈ കാര്യത്തിൽ എത്രയധികമായി ശിക്ഷാവിധി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. 'നമ്മുടെ കർത്താവിൻെറ സഹോദരന്മാർ' എന്ന് ചിലർ വിളിക്കപ്പെടുന്നതിൽനിന്ന്, അവർ മറിയത്തിൻെറ മക്കളാണെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ, അവിടുത്തെ 'യൗസേപ്പിൻെറ പുത്രൻ' എന്ന് യഹൂദർ മാത്രമല്ല, അവൻെറ അമ്മയായ മറിയവും വിളിച്ചിരുന്നതു ശ്രദ്ധിക്കുക: *ഞാനും നിൻെറ പിതാവും ആകാംക്ഷാപൂർവം നിന്നെ അന്വേഷിക്കുകയായിരുന്നു* (ലൂക്കാ 2:48). മറിയത്തിൻെറ ദുരാരോപകരുടെ സംശയം ദൂരീകരിക്കുന്നതിനും, പ്രത്യേകിച്ച്, അവളെ സംരക്ഷിക്കുന്നതിനുമാണ്, തൻെറ സംരക്ഷണയ്ക്കായി അവളെ സ്വീകരിക്കാൻ മാലാഖ യൗസേപ്പിനോട് കല്പിച്ചത്. അല്ലെങ്കിൽ, മാലാഖയിൽനിന്നാണ് അവൾ ഗർഭിണിയായത് എന്ന് ചിന്തിച്ച് ഇടറുന്നവർ അവളെ കൊല്ലാൻ ഇടയാകുമായിരുന്നു. കന്യക പ്രസവിക്കുന്നത് അവരുടെ ഇടയിൽ വലിയ ഇടർച്ചയ്ക്കു ഹേതു ആയിരുന്നു. കാരണം, അവളുടെ പ്രസവംവഴി തങ്ങളുടെ പട്ടണം തകർക്കപ്പെടുമെന്നും, തങ്ങളുടെ രാജ്യവും പൗരോഹിത്യവും പ്രവാചകത്വവും നീക്കപ്പെടുമെന്നും അവർക്ക് ഉറപ്പുണ്ടായിരുന്നു. 'കന്യക ശിശുവിനെ പ്രസവിക്കും' എന്ന് അറിയിച്ച ഏശായായെ (7:14) അവർ കൊന്നതും ഈ കാരണത്താൽക്കൂടിയാണ്.

**8.** കന്യക തൻെറ ആദ്യജാതനെ പ്രസവിച്ചെങ്കിലും അവളുടെ കന്യാത്വാടയാളങ്ങൾ നിലനിന്നു. മാമോദീസായിലൂടെ അവനും നമ്മെ ജനിപ്പിക്കുകയും തൻെറ സൗജന്യദാനത്താൽ ആദ്യജാതരാക്കി തീർക്കുകയും ചെയ്തു. നാമെല്ലാവരും വിശ്വാസത്തിൽ ആദ്യജാതരാകയാൽ,

www.malankaralibrary.com



സ്നാനത്തിന്റെ ഉദരത്തിൽ മൂത്തവർ എന്നോ, ഇളയവർ എന്നോ വ്യത്യാസമില്ല (എബ്രാ 12:23). *ഗർഭപാത്രം തുറക്കുന്ന ആദ്യജാതരെല്ലാം കർത്താവിന് പരിശുദ്ധരാണ്* എന്ന് തിരുലിഖിതം പറഞ്ഞിരിക്കുന്നത് (ലൂക്കാ 2:23; സംഖ്യ 8:16-18) നമ്മിലാണ് പൂർത്തീകരിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ പാപങ്ങളിൽ നാം ദുഷിച്ചവർ ആയിരിക്കുമ്പോൾ തന്നെ, മാമോദീസാ നമ്മെ ഗർഭം ധരിക്കുകയും നാം തിന്മയിൽനിന്ന് പവിത്രീകരിക്കപ്പെടുമ്പോൾ അതിന്റെ ഗർഭപാത്രത്തിൽ നിന്ന് നമ്മെ പ്രസവിക്കുകയും ചെയ്യുന്നു.

**9.** *അവൾ തന്റെ ആദ്യജാതനെ പ്രസവിച്ചതുവരെ അവൻ പരിപാവനമായി അവളോടൊത്തു ജീവിച്ചു* (മത്താ 1:25). ആദ്യം *അവൻ അവളെ സ്വീകരിച്ചു;* പിന്നീട് *പരിപാവനമായി അവളോടൊത്തു ജീവിച്ചു.* ഈ രണ്ടു വാചകവും ഒന്നിച്ചുപോകുന്നതാണ്. താഴെപ്പറയുന്നവിധം ഇതു മനസിലാക്കണം. *അവൻ പരിപാവനമായി അവളോടൊത്തു ജീവിക്കുകയും അവളെ സ്വീകരിക്കുകയും ചെയ്തു.* അതായത്, അവളുടെ ഗർഭധാരണത്തിനുശേഷം '*അവളുടെ ഭർത്താവ്*' എന്ന് അവൻ വിളിക്കപ്പെട്ടതിനാൽ, *അവൻ അവളെ സ്വീകരിച്ചു. അവളുടെ ദർശനത്തിൽ അവന്റെ മനസിൽ വികാരം ഉണർന്നില്ല* എന്നതാണ് *അവൾ പരിപാവനമായി അവളോടൊത്തു ജീവിച്ചു* എന്നതിന്റെ *മറ്റൊരു വ്യാഖ്യാനം. അവൾ തന്റെ ആദ്യജാതനെ പ്രസവിച്ചതുവരെ* എന്നതിന്റെ അർത്ഥം: 'ഈ ഗർഭധാരണം മാനുഷിക കാര്യമല്ലായിരുന്നു; ഈ ജനനം ദൈവികമായിരുന്നു' എന്ന് ആദ്യജാതന്റെ ജനനത്തിൽ ജനങ്ങൾക്ക് ബോധ്യമുണ്ടായി.

**10.** *അവൾ തന്റെ ആദ്യജാതനെ പ്രസവിച്ചതുവരെ അവൻ പരിപാവനമായി അവളോടൊത്തു ജീവിച്ചു* എന്നതിന്റെ *മറ്റൊരർത്ഥം:* അവരിരുവരും തങ്ങളുടെ സ്വന്ത ഇഷ്ടത്താൽ വിശുദ്ധിയിൽ പങ്കുചേർന്നെങ്കിലും ഈ വിശുദ്ധി അവശ്യാവശ്യമായിരുന്നു. എന്നാൽ നമ്മുടെ കർത്താവിന്റെ ജനനത്തിനുശേഷം അവർ അനുഷ്ഠിച്ച വിരക്തി തങ്ങളുടെ സ്വന്ത ഇഷ്ടത്താൽ ആയിരുന്നു.

**11.** സുവിശേഷകൻ ഈ അവശ്യാവശ്യകതയുടെ സ്വഭാവം നിർവചിക്കുകയും അതിന്റെ അതിർത്തിയെ സംബന്ധിച്ച് *വരെ* എന്ന് കാണിക്കുകയും ചെയ്തിരിക്കുന്നു. *അവൾ തന്റെ ആദ്യജാതനെ പ്രസവിച്ചതു വരെ അവൻ പരിപാവനമായി അവളോടൊത്തു ജീവിച്ചു.* അതുകൊണ്ട്

www.malankaralibrary.com



*വരെ* എന്നു പറഞ്ഞിരിക്കുന്നതിൽനിന്ന്, അവളുടെ പ്രസവത്തിനു ശേഷം അവൻ അവളോടൊത്ത് പരിപാവനമായി ജീവിച്ചില്ല എന്ന് അനുമാനിക്കേണ്ടതുണ്ടോ? എന്നാൽ *വരെ* എന്നത് അന്ത്യപരിധിയെ കുറിക്കുന്നതല്ല. കാരണം, *കർത്താവ് എന്റെ കർത്താവിനോട് അരുൾ ചെയ്തു: ഞാൻ നിന്റെ ശത്രുക്കളെ എന്റെ പാദപീഠം ആക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്കുക* എന്ന് പറയപ്പെട്ടിരിക്കുന്നു (സങ്കീ 110:1). അതുകൊണ്ട്, അവന്റെ ശത്രുക്കളെ തന്റെ പാദപീഠമാക്കിക്കഴിഞ്ഞാൽ പിന്നെ അവൻ നിലനില്ക്കുന്നില്ലേ? *അവൻ പരിപാവനമായി അവളോടൊത്തു ജീവിച്ചു* എന്നതിന്റെ മറ്റൊരു വ്യാഖ്യാനം: *അവരുടെ ഉദരഫലം പരിപാവനമാണ്* എന്ന ശ്ലൈഹികസാക്ഷ്യം അനുസരിച്ച് (എബ്രാ 13:4) വിവാഹം പരിപാവനമല്ലേ? എന്നാൽ, സുവിശേഷത്തിൽ നമ്മുടെ കർത്താവിന്റെ സഹോദരന്മാരുടെ പേരുകൾ പറഞ്ഞിട്ടുണ്ടല്ലോ എന്ന് ആരെങ്കിലും പറഞ്ഞാൽ, ഞാൻ ഇപ്രകാരം ഉത്തരം പറയും: നമ്മുടെ കർത്താവ് യോഹന്നാന് തന്റെ മാതാവിനെ ഭരമേല്പിച്ചതിനാൽ (യോഹ 19:27) ഇവർ അവളുടെ മക്കളല്ലെന്നും യൗസേപ്പ് അവളുടെ ഭർത്താവല്ലെന്നും സുവ്യക്തമാണ്. *നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക* എന്നു പറഞ്ഞയാൾക്ക് (മർക്കോ 10:19) എങ്ങനെ മറിയത്തെ തന്റെ മക്കളിൽനിന്ന് വേർപെടുത്തി, അതിനുപകരം യോഹന്നാനെ ഭരമേല്പിക്കാൻ കഴിയുമായിരുന്നു?

## കാനേഷുമാരി

**12.** ഇസ്രായേൽ ചിതറപ്പെട്ടിരുന്നതിനാലും യൂദാ അടിമത്തത്തിൽ ആയിരുന്നതിനാലും *ഓരോരുത്തനും അവനവന്റെ പട്ടണത്തിൽ പേരു രജിസ്റ്റർ ചെയ്തു* (ലൂക്കാ 2:3). രാജകീയ രേഖാശേഖരത്തിലുള്ള ഈ സാക്ഷ്യങ്ങൾ സത്യമാകയാൽ, അഗസ്റ്റസിന്റെ നാളുകളിലാണ് അവിടുന്നു ജനിച്ചത് എന്ന് സുവിശേഷകൻ പറഞ്ഞിരിക്കുന്നു (ലൂക്കാ 2:1). എന്തുകൊണ്ടാണ് നമ്മുടെ കർത്താവിന്റെ ജനനത്തിനു തൊട്ടുമുമ്പ് *ഈ ആദ്യത്തെ കാനേഷുമാരി നടന്നത്?* (ലൂക്കാ 2:2) എന്തുകൊണ്ടെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: *അവിടുന്ന് ആഗതനാകുന്നതുവരെ, യൂദായിൽനിന്നു ചെങ്കോലോ, അവന്റെ പാദങ്ങൾക്കിടയ്ക്കുനിന്ന് വ്യാഖ്യാതാവോ നീങ്ങിപ്പോകുകയില്ല* (ഉല്പ 49:10). അങ്ങനെ, അവിടുത്തെ ഉദയത്തിൽ ഒരു കാനേഷുമാരി ഉണ്ടാകും എന്ന് അറിയ

www.malankaralibrary.com



പ്പെടാനായിരുന്നു അത്. കാരണം, *പുറജാതികൾ അവനിൽ പ്രത്യാശ വയ്ക്കും* (ഏശാ. 11:10) എന്ന പ്രവചനം പൂർത്തിയാകുവാൻവേണ്ടി, മുമ്പ് തങ്ങളുടെ സ്വന്തം ഭരണം ഉണ്ടായിരുന്നിടത്ത്, അവിടുത്തെ ജനന കാലത്ത് വിജാതീയരാണ് ജനത്തെ ഭരിച്ചുകൊണ്ടിരുന്നത്. ചെങ്കോലും വ്യാഖ്യാതാവും നീങ്ങിപ്പോയതിനാലാണ് അവിടുന്ന് എഴുന്നെള്ളിയത്.

## മാലാഖയുടെ സന്ദേശം

**13.** *ഇന്നു നിങ്ങൾക്കായി ജീവദാതാവ് ജനിച്ചിരിക്കുന്നു* (ലൂക്കാ 2:11). 'ജീവദാതാവായി തീരുന്ന, അഥവാ, മിശിഹാ ആയിതീരുന്ന, ഒരു മനുഷ്യൻ ജനിച്ചിരിക്കുന്നു' എന്നല്ല മാലാഖ പറഞ്ഞത്, പിന്നെയോ, *മിശിഹാ കർത്താവാകുന്ന ജീവദാതാവ് ഇന്ന് നിങ്ങൾക്കായി ജനിച്ചിരിക്കന്നു* എന്നാണ് പറഞ്ഞത്; 'ആയിതീരാനിരിക്കുന്ന' എന്നല്ല പറഞ്ഞത്.

**14.** ഇപ്രകാരം, സമാധാനം സ്ഥാപിക്കാൻ തുടങ്ങിയപ്പോൾ, *അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വവും ഭൂമിയിൽ സമാധാനവും* എന്ന് മാലാഖമാർ പ്രഘോഷിച്ചു (ലൂക്കാ 2:14). താഴ്ന്ന തലത്തിലുള്ള ജീവികൾ, ഉന്നത തലത്തിലുള്ള ജീവികളിൽനിന്ന് സമാധാനം സ്വീകരിച്ചപ്പോൾ, *ഭൂമിയിൽ മഹത്ത്വവും സ്വർഗത്തിൽ സമാധാനവും* എന്ന് അവർ വിളിച്ചുപറഞ്ഞു (ലൂക്കാ 19:38). ദൈവം താഴേക്കിറങ്ങിവന്ന് മനുഷ്യത്വം ധരിച്ചപ്പോൾ, *ഭൂമിയിൽ സമാധാനം* എന്ന് മാലാഖമാർ വിളിച്ചുപറഞ്ഞു. ദൈവത്വത്തിൽ ലയിക്കാനും വലത്തുഭാഗത്ത് ഇരിക്കാനുമായി മനുഷ്യത്വം കരേറിയപ്പോൾ, *സ്വർഗത്തിൽ സമാധാനം, അത്യുന്നതങ്ങളിൽ ഓശാന* എന്ന് ശിശുക്കൾ ആർത്തുവിളിച്ചു (മത്താ 21:9). *അതുകൊണ്ട്, അവിടുന്ന് തന്റെ കുരിശിലെ രക്തത്താൽ, സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനും സമാധാനം സ്ഥാപിച്ചു* എന്ന് പറയണമെന്ന് ശ്ലീഹായും മനസ്സിലാക്കി (കൊളോ 1:20).

**15.** മറ്റൊരു വ്യാഖ്യാനം: അവിടുത്തെ കാരുണ്യത്തിന്റെ കൃപ ഭൂമിയിൽ പാപികൾക്ക് സന്തോഷം പ്രദാനം ചെയ്തതുപോലെ, അവരുടെ അനുതാപം സ്വർഗത്തിൽ മാലാഖമാർക്കു സന്തോഷം പ്രദാനം ചെയ്തു (ലൂക്കാ 15:7-10) എന്ന് കാണിക്കാൻ ആണ്, *അത്യുന്നതങ്ങളിൽ മഹത്ത്വവും ഭൂമിയിൽ സമാധാനവും* എന്ന് മാലാഖമാർ പ്രഘോഷിച്ചതും, *സ്വർഗത്തിൽ സമാധാനം ഭൂമിയിൽ മഹത്ത്വം* എന്ന് കുട്ടികൾ ആർപ്പുവിളിച്ചതും (ലൂക്കാ 19:38). *ദൈവത്തിനു മഹത്ത്വം* സ്വതന്ത്രേച്ഛയിൽ

www.malankaralibrary.com



നിന്നു വന്നു. അവിടുന്ന് ആർക്കെതിരെ കോപിച്ചിരുന്നുവോ, അവർക്ക് *സമാധാനവും* അനുരഞ്ജനവും! കുറ്റക്കാർക്ക് പ്രത്യാശയും മോചനവും. മരുഭൂമിയിൽ പാർത്തിരുന്നവർക്കെല്ലാം കൃപ ലഭിക്കുന്നതിനും, അവർ രക്ഷിക്കപ്പെട്ട് യഥാർത്ഥ ഇടയൻെറ സന്തോഷകരമായ സദ്വാർത്തയിൽ സമാധാനം കണ്ടെത്തുന്നതിനുമാണ്, മാലാഖമാർ ഇടയന്മാരെ കൊണ്ടു തുടങ്ങിയത്. *അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വവും ഭൂമിയിൽ സമാധാനവും*. വളർത്തുമൃഗങ്ങൾക്കോ വന്യമൃഗങ്ങൾക്കോ അല്ല, പിന്നെയോ, *മനുഷ്യർക്കു നല്ല പ്രത്യാശ.*

## ശിമയോൻ

**16.** *ഇപ്പോൾ നിൻെറ ദാസനെ സമാധാനത്തിൽ വിട്ടയച്ചാലും* എന്ന് ശിമയോൻ പറഞ്ഞു (ലൂക്കാ 2:29). കാരണം, തൻെറ ജനത്തിൻെറ സമാശ്വാസം അവനു ലഭിച്ചു; ഇസ്രായേൽ നോക്കിപ്പാർത്തിരുന്നത് അവൻ മുറുകെ പിടിച്ചു. നിയമത്തെപ്പോലെയും പൗരോഹിത്യത്തെപ്പോലെയും *ഇപ്പോൾ നിൻെറ ദാസനെ സമാധാനത്തിൽ വിട്ടയച്ചാലും. നിൻെറ ദാസനെ സമാധാനത്തിൽ വിട്ടയച്ചാലും* എന്ന ശിമയോൻെറ വാക്കുകൾ നിയമത്തെ[17] കുറിക്കുന്നു. ശിമയോനും മോശയും അതിനെ *സമാധാനത്തിൽ* വിട്ടയച്ചു. ശത്രുതയിലല്ല നിയമത്തെ അവൻ വിട്ടയച്ചത്; പിന്നെയോ, അത് സമാധാനത്തിലും സാഹോദര്യത്തിലും വിശ്രമിക്കാൻ അവൻ ഇടയാക്കി. ശിമയോൻ ഇതും കൂട്ടിച്ചേർത്തു: *സർവജനത്തിൻെറയും മുമ്പാകെ നീ സജ്ജമാക്കിയിരിക്കുന്ന നിൻെറ കാരുണ്യത്തെ, ഇതാ, എൻെറ കണ്ണുകൾ കണ്ടിരിക്കുന്നു* (ലൂക്കാ 2:30-31). പ്രവാചകൻ പറഞ്ഞതുമായി ഇത് ഒത്തുപോകുന്നു: *ജനതകളെല്ലാം അവനെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു* (ഏശ 11:10). *ഇതാ, അവൻ വീഴ്ചയ്ക്കും ഉയർച്ചയ്ക്കും* (ലൂക്കാ 2:34) എന്ന് അവൻ പറഞ്ഞത്, *ഇതാ, ഞാൻ സീയോനിൽ ഒരു ഇടർച്ചക്കല്ല് സ്ഥാപിക്കുന്നു;അതിൽ വിശ്വസിക്കുന്നവൻ ലജ്ജിക്കയില്ല* എന്ന് പ്രവാചകൻ പറഞ്ഞതുപോലെയാണ് (ഏശാ 28: 16). *മറ്റൊരു രീതിയിലും* ഇതു മനസ്സിലാക്കാം: സ്വജനത്തിൻെറ വീഴ്ചയ്ക്കും ജനതകളുടെ ഉയർച്ചയ്ക്കും;[18] അഥവാ, ദുഷ്ടതയുടെ പതനത്തിനും, നീതിയുടെ ഉദയത്തിനും.

---

17. യഹൂദനിയമത്തെ.

18. ഇസ്രായേലിൻെറയും (ആമോ); ഇസ്രായേൽക്കാർ അല്ലാത്തവരുടെയും (ആമേ).

www.malankaralibrary.com



**17.** *വിരുദ്ധതയുടെ അടയാളത്തിലും നിന്റെ ആത്മാവിൽ തന്നെയും* (ലൂക്കാ 2:34-35): ഈ കാര്യത്തെക്കുറിച്ച് നിരവധി പാഷണ്ഡികൾ വിവിധ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. 'അവിടുന്ന് സഹനാതീത മായ ഒരു ശരീരം എടുത്തു' എന്ന് ചിലർ പറയുന്നു; 'ഒരു വഴികാട്ടി എന്ന നിലയിലുള്ള തന്റെ ദൗത്യം ഒരു യഥാർത്ഥശരീരത്തിൽ അവിടുന്നു പൂർത്തീകരിച്ചില്ല' എന്ന് മറ്റു ചിലർ. 'അവിടുത്തെ ശരീരം ഭൗമികമാണ്' എന്നു ചിലർ; 'സ്വർഗീയമാണ്' എന്നു മറ്റു ചിലർ. 'അവിടുന്ന് ലോക ത്തിനു മുമ്പുണ്ടായിരുന്നു' എന്നു ചിലർ; 'മറിയത്തിൽ നിന്നാണ് അവന്റെ ആരംഭം' എന്നു മറ്റു ചിലർ. അതുപോലെ ശിമയോൻ പറഞ്ഞു: *നീ വാൾ നീക്കിക്കളയും*[19] (ലൂക്കാ 2:35). ഹവ്വാ നിമിത്തം (ഉല്പ 3:24) പറുദീസായെ സംരക്ഷിച്ചുകൊണ്ടിരുന്ന വാൾ മറിയം നീക്കിക്കളഞ്ഞു. *മറ്റൊരുതരത്തിൽ നീ വാൾ നീക്കിക്കളയും.* അതായത്, നിഷേധിക്കൽ.[20] കാരണം, ഗ്രീക്ക് വ്യക്തമായി പറയുന്നു:[21] *അനേക രുടെ ഹൃദയവിചാരങ്ങൾ വെളിപ്പെടും* (ലൂക്കാ 2:35): അതായത്, സംശ യിച്ചവരുടെ വിചാരങ്ങൾ. *നീ വാൾ നീക്കിക്കളയും* എന്നാണ് അവൻ പറഞ്ഞത്. യഥാർത്ഥത്തിൽ, നീയും സംശയിക്കും; കാരണം, *അവൻ തോട്ടക്കാരനാണ് എന്ന് അവൾ വിചാരിച്ചു* (യോഹ 20:15).[22] അവനെ ഗർഭം ധരിച്ചപ്പോഴും അവന്റെ ജനനത്തിലും മറിയം ആശ്ചര്യപ്പെട്ടു; താൻ എങ്ങനെ ഗർഭിണി ആയെന്നും എങ്ങനെ പ്രസവിച്ചെന്നും അവൾ മറ്റുള്ളവരോട് പറഞ്ഞു. അതിനെപ്പറ്റി സംശയിച്ചവർ അവളുടെ ആശ്ചര്യകരമായ വാക്കുകളാൽ സമാശ്വസിപ്പിക്കപ്പെട്ടു.

## നക്ഷത്രവും വിദ്വാന്മാരും

**18.** പ്രവാചകന്മാർ അപ്രത്യക്ഷരായതിനാലത്രേ നക്ഷത്രം കാണപ്പെ ട്ടത്. പ്രവാചകവചനങ്ങൾ ആരെ ഉന്നംവച്ചുവോ, അയാളെപ്പറ്റി വിവരി

---

19. XXI: 27.ലും ഇതുപോലെ കാണാം.
20. അർത്ഥം വ്യക്തമല്ല.
21. ദിയാതെസ്സറോണിൽ നിന്ന് വ്യത്യസ്തമായ പാഠഭേദം. ഗ്രീക്കിൽ നിന്ന് സുറിയാ നിയിൽ അപ്രേമിന് ലഭിച്ചിരിക്കാം. 5:2; 10:14; 15:19; 19:17 എന്നിവിടങ്ങളിലും അപ്രേം ഗ്രീക്ക് ടെക്സ്റ്റിനെ പരാമർശിക്കുന്നു.
22. മഗ്ദലന മറിയത്തെയും യേശുവിന്റെ മാതാവായ മറിയത്തെയും കൂട്ടിക്കുഴ യ്ക്കുന്നു. 5:6; 21:27 കാണുക. ഇത് അപ്രേമിന്റെ മാത്രം പ്രത്യേകതയല്ല. മറ്റു പല സുറിയാനി എഴുത്തുകാരും ഇപ്രകാരം ചെയ്തിരുന്നു.

www.malankaralibrary.com



ക്കാൻ നക്ഷത്രം തിടുക്കംകൂട്ടി. ഹെസക്കിയായ്ക്കു വേണ്ടി സൂര്യൻ പടിഞ്ഞാറുനിന്ന് കിഴക്കോട്ട് നീങ്ങിയതുപോലെ,[23] പുൽത്തൊട്ടിയിലെ ശിശുവിനുവേണ്ടി നക്ഷത്രം കിഴക്കു നിന്നു പടിഞ്ഞാറോട്ടു നീങ്ങി.

**19.** സൂര്യൻെറ അടയാളത്തിലൂടെ ഹെസക്കിയാ ഇസ്രായേലിനു സൂചന നല്കി; തങ്ങൾ കൊണ്ടുവന്ന സമ്മാനങ്ങളിലൂടെ വിദ്വാന്മാർ യഹൂദജനത്തെ ലജ്ജിപ്പിക്കാൻ വന്നു. പ്രവാചകരെപ്പോലെ, വിദ്വാന്മാർ തങ്ങളുടെ അടയാളങ്ങളുമായി വരികയും അവിടുത്തെ ജനനത്തെ സാക്ഷിക്കുകയും ചെയ്തു. അവിടുന്ന് പ്രത്യക്ഷപ്പെട്ടപ്പോൾ, ഒരപരിചിതനായി അവിടുത്തെ ആരും കരുതാതിരിക്കാനും, സമസ്തസൃഷ്ടികളും അവിടുത്തെ ജനനത്തെപ്പറ്റി അറിയാനും ആയിരുന്നു ഇത്. അവിടുത്തെ വരവിനെപ്പറ്റി എല്ലാ ഭാഗങ്ങളും ഗ്രഹിക്കാനായി, സഖറിയാ മൂകനായി തീരുകയും എലിസബത്ത് ഗർഭം ധരിക്കുകയും ചെയ്തു.

**20.** എന്നാൽ ഈ നക്ഷത്രത്തിന് അതിൻെറ ഗതി നിശ്ചയമുണ്ടായിരുന്നു; നഭോമണ്ഡലത്തിൽ ഉറപ്പിച്ചു നിർത്തിയിട്ടില്ല എന്നവണ്ണം, ആകാശത്തിന്മേൽ അതിന് ശക്തി ഉണ്ടായിരുന്നതിനാൽ, അതിനെ പിടിച്ചു നിർത്തുന്ന ഒരു ബന്ധവും ഇല്ല എന്നവണ്ണം അത് ഉദിക്കുകയും അസ്തമിക്കുകയും ചെയ്തുകൊണ്ടിരുന്നു. വിദ്വാന്മാർ നേരേ ബേത്ലഹേമിലേക്കു വരാതിരിക്കാനായി, അത് സ്വയം മറച്ചു (മത്താ 2:9-10). അവിടുത്തെ ജനനത്തെപ്പറ്റി നിയമജ്ഞർ വിളംബരം ചെയ്യുന്നതിനും, പ്രവാചകന്മാരിൽ നിന്നും പുരോഹിതന്മാരിൽനിന്നും വിശ്വസനീയമായ തെളിവ് അവർക്ക് ലഭിക്കുന്നതിനുമായി വിദ്വാന്മാർ ജറൂസലേമിലേക്ക് വരേണ്ടിയിരുന്നതിനാൽ, ഇസ്രായേലിനെ പരീക്ഷിക്കാനായി ദൈവം അതിനെ അവരിൽ നിന്നു മറച്ചു. ജറൂസലേമിൽ വസിച്ചിരുന്ന അവിടുത്തെ സാന്നിധ്യം അല്ലാതെ മറ്റേതോ ശക്തി ഉണ്ടെന്ന് ഇതേ രീതിയിൽ അവർ ചിന്തിക്കാതിരിക്കാനായിരുന്നു ഇത്. മറ്റൊരരൂപിയിൽ മൂപ്പന്മാർ വിശ്വസിക്കാതിരിക്കാനായി മോശയിൽ ഉണ്ടായിരുന്ന അതേ ആത്മാവിനെ അവർക്കു ലഭിച്ചു.

**21a.** നക്ഷത്രം പൗരസ്ത്യജനത്തെ പ്രകാശിപ്പിച്ചു ; എന്നാൽ ഇരുണ്ടുപോയ സൂര്യൻ ഇസ്രായേൽക്കാരെ അന്ധരാക്കി. *ഉന്നതത്തിൽനിന്ന് പൗരസ്ത്യം പ്രകാശം കാണിച്ചു തരും* എന്ന് സഖറിയാ പറഞ്ഞതു

---

23. 2 രാജാ 20:8-11; ഏശാ 38:7-8.

www.malankaralibrary.com



പോലെ (ലൂക്കാ 1:78) പൗരസ്ത്യരാണ് മിശിഹായെ ആദ്യമായി ആരാധിച്ചത്. വചനത്തെ പ്രഘോഷിച്ച സ്വരമായ യോഹന്നാനെപ്പോലെ, നക്ഷത്രം അവരെ സൂര്യൻെറ പക്കൽ എത്തിച്ചശേഷം അതിനായി നിശ്ചയിച്ചിടത്ത് തന്നെ നില്ക്കുകയും അവനെ വെളിപ്പെടുത്തുകയും അതിൻെറ സഞ്ചാരപഥം പൂർത്തിയാക്കുകയും ചെയ്തു. വചനം അവതരിക്കുകയും, വചനത്തെ ശ്രവിക്കുകയും കാണുകയും ചെയ്തപ്പോൾ, വഴി ഒരുക്കിയ സ്വരം, *അവൻ വളരുകയും ഞാൻ കുറയുകയും വേണം* എന്ന് വിളിച്ചു പറഞ്ഞു (യോഹ 3:30).

**21 b.** *യഹൂദർക്കു ജനിച്ച രാജാവ് എവിടെയാണ്? ഞങ്ങൾ അവൻെറ നക്ഷത്രം കണ്ടു. ഞങ്ങൾ അവനെ ആരാധിക്കാൻ വന്നിരിക്കുന്നു* എന്നു പറഞ്ഞുകൊണ്ട് വിദ്വാന്മാർ കിഴക്കുനിന്ന് ജറുസലേമിലെത്തി (മത്താ 2: 1-2). "ഇതാ, അവൻെറ ജനനം സംബന്ധിച്ച് നക്ഷത്രം വെളിപ്പെടുത്തിയിരിക്കുന്നു" എന്ന് ജ്യോതിഷത്തിൽ ആശ്രയിക്കുന്നവർ പറയുന്നു. എന്നാൽ അവർ പറയുന്നതുപോലെ, ഒരു രാജാവിൻെറ ജനനം സംബന്ധിച്ച് അത് വെളിപ്പെടുത്തിയെങ്കിൽ, തങ്ങളുടെ നിയമം അനുസരിച്ച്, തങ്ങളുടെ യാത്രാപഥത്തിലൂടെ സഞ്ചരിക്കുന്ന നക്ഷത്രങ്ങൾ, എന്തുകൊണ്ട് അവൻെറ ജനനസ്ഥലം കൂടി വെളിപ്പെടുത്തിയില്ല? പുരുഷസഹവാസം കൂടാതെയുള്ള കന്യകയിൽനിന്നു ജനിച്ചവനെപറ്റി പ്രത്യേകിച്ച്, ഇത് ജ്യോതിഷന്മാരുടെ പകിടി നിരത്തലിനേക്കാൾ കൂടുതൽ ശ്രേഷ്ഠവും മനുഷ്യൻെറ[24] ചിന്താധാരയേക്കാൾ ഉന്നതവുമായിരുന്നു. അനേകം ജനതതികൾക്ക് പ്രകാശം നൽകുന്ന ഉന്നതനക്ഷത്രത്തിന് പുൽത്തൊട്ടിയുടെ സ്ഥാനം കാണിക്കാൻ കഴിഞ്ഞില്ല. എന്നാൽ വിദ്വാന്മാരുടെ നക്ഷത്രം ബേത്‌ലഹേം മാത്രമല്ല, ശിശുവിനെ കിടത്തിയിരുന്ന പുൽത്തൊട്ടിപോലും വെളിപ്പെടുത്തി. വിദ്വാന്മാരുടെ നക്ഷത്രം ഭൗമികാന്തരീക്ഷത്തിൽ, താണ് സഞ്ചരിച്ചിരുന്നെന്നും, പണ്ടുമുതൽ ആകാശത്തിൽ സഞ്ചരിച്ചിരുന്നവയിൽ ഒന്നല്ലായിരുന്നെന്നും ബോധ്യം വരത്തക്കവിധം ഇതു കാണിക്കുന്നു. ലോകങ്ങളെ തൻെറ ആരാധനയിലേക്ക് മാനസാന്തരപ്പെടുത്തുന്ന പുതിയ ജനനം വെളിപ്പെടുത്തുന്ന ഒരു പുതിയ നക്ഷത്രമായിരുന്നു അത്. സാധാരണയായി നക്ഷത്രങ്ങൾ കിഴക്കുപടിഞ്ഞാറായിട്ടാണ് ചരിക്കുന്നതെങ്കിലും നേരെ തെക്കോട്ടുള്ള

---

24. മനുഷ്യത്വത്തിൻെറ എന്നു പദാർത്ഥം. മുകളിൽ നമ്പർ 2 കാണുക.

www.malankaralibrary.com



വഴിയിലൂടെ വിദ്വാന്മാർ ജറുസലേമിൽ നിന്ന് ബേത്‌ലഹേമിലേക്ക് പോയപ്പോൾ, അവരെ നയിച്ച നക്ഷത്രം അവർക്കു മുൻപേ പൊയ്ക്കൊണ്ടിരുന്നു (മത്താ 2:9).

*ഹേറോദേസ് ഇതു കേട്ടപ്പോൾ, അവനും അവനോടുകൂടി ജറുസലേം മുഴുവനും ഇളകി* (മത്താ 2:3). യഹൂദന്മാർക്കു ജനിച്ച രാജാവിനെ സംബന്ധിച്ച്, പുറജാതികളിൽനിന്നുള്ള ഹേറോദേസ് അവശ്യാവശ്യം ഇളകിവശായിക്കാണും; കാരണം, അവൻ തന്റെ രാജ്യം വിസ്തൃതമാക്കി *നിയമത്തിനെതിരായി* ഭരിക്കുകയായിരുന്നു. എന്നാൽ യഹൂദരുടെ കാര്യത്തിൽ: അവരെന്തിന് ഇളകിവശായി? വിദേശീയനായ വിജാതീയ രാജാവിൽനിന്നു സ്വതന്ത്രമാകുന്നതിലും ദാവീദിന്റെ കുലത്തിൽ നിന്നുള്ള തങ്ങളുടെ സ്വന്തരാജാവിനെ ലഭിക്കുന്നതിലും അവർ സന്തോഷിക്കുകയും ആനന്ദിക്കുകയും ചെയ്യുക ഉചിതമായിരുന്നു. എന്നാൽ യഹൂദരുടെ തുടരെത്തുടരെയുള്ള നന്ദികേടിന് ഇതിൽ അസാധാരണത്വം ഒന്നുമില്ല. ഈ യഹൂദർ നമ്മുടെ കർത്താവിനെ നിരസിക്കുകയും സീസറിനെ സ്വീകരിക്കുകയും ചെയ്തു (1 യോഹ 19:15); അവർ മിശിഹായെ ക്രൂശിക്കുകയും ബറബ്ബാസിനെ ആവശ്യപ്പെടുകയും ചെയ്തു (മത്താ 27:20-26).

*ഹേറോദേസ്, നിയമജ്ഞരെയും ഫരിസേയരെയും വിളിച്ചുകൂട്ടി, മിശിഹാ എവിടെയാണ് ജനിക്കാൻ പോകുന്നതെന്നു ചോദിച്ചു. ബേത്‌ലഹേമിൽ, അവർ അവനോടു പറഞ്ഞു* (മത്താ 2:4-5). അപ്പോൾ പിന്നെ ഒഴിഞ്ഞുമാറാൻ യഹൂദർക്ക് എന്തു ന്യായീകരണമാണുള്ളത്? കാരണം, സൂത്രശാലിയായ ഹേറോദേസിന് പ്രവചനസാക്ഷ്യത്തിൽ നിന്ന് വാസ്തവത്തിൽ തങ്ങൾക്കെതിരായിതന്നെ അവിടുത്തെ ജനനസ്ഥലം അവർ വെളിപ്പെടുത്തിക്കൊടുത്തു; എഴുതപ്പെട്ടിരിക്കുന്നതുപോലെ, അവിടുന്ന് ജനിക്കേണ്ടത് *ബേത്‌ലഹേമിലാണ്* (മീക്കാ 5:1). എന്നാൽ മിശിഹാ അവരുടെ പക്കലേക്ക് എഴുന്നെള്ളിയപ്പോൾ, അവർ കൊടിയ അജ്ഞത നടിച്ചുപറഞ്ഞു: *ഈ മനുഷ്യനെ സംബന്ധിച്ച്, അവൻ എവിടെനിന്നാണെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ* (യോഹ 9:29). രക്ഷകന്റെ വരവിനെ അവർ അവഹേളിക്കുകയായിരുന്നു. നക്ഷത്രം വിദ്വാന്മാരെ ബോധ്യപ്പെടുത്തി; എന്നാൽ വിദ്വാന്മാരുടെ വരവോ, പ്രവാചകന്മാരുടെ പ്രവചനമോ, സംഭവിച്ച സംഗതികളോ, യഹൂദരെയോ ഹേറോദേസിനെയോ ബോധ്യപ്പെടുത്തിയില്ല.

www.malankaralibrary.com



**21 c.** നക്ഷത്രം അതിന്റെ പ്രകാശത്താൽ വിദ്വാന്മാരെ ആകർഷിച്ചില്ലായിരുന്നെങ്കിൽ, പ്രകാശഗോളങ്ങളെ ആരാധിക്കുന്ന അവർ പ്രകാശത്തിന്റെ സന്നിധിയിലേക്കു പോകുവാൻ പ്രേരിതരാകുമായിരുന്നില്ല. താല്കാലിക പ്രകാശവുമായി ബന്ധിതമായിരുന്ന അവരുടെ സ്നേഹം, അസ്തമിക്കാത്ത പ്രകാശത്തിന്റെ പക്കലേക്ക് അവരെ ആനയിച്ചു.

**22.** ഉന്നർന്നിരുന്നപ്പോൾ കിട്ടിയ അറിവു നിമിത്തം തന്റെ സൂത്രത്താൽ വിദ്വാന്മാരെ വഞ്ചിച്ച ഹേറോദേസ്, ഉറക്കത്തിൽ ഉണ്ടായ സ്വപ്നത്താൽ വഞ്ചിക്കപ്പെട്ടു. കാരണം, *അവന്റെ പക്കലേക്ക് തിരികെ പോകരുതെന്ന് അവർക്ക് സ്വപ്നത്തിൽ ദർശനം ഉണ്ടായി* (മത്താ 2: 12). *ഞാനും അവനെ പോയി ആരാധിക്കും* എന്നു ഹേറോദേസ് പറഞ്ഞതിനാൽ (2:8), അവൻ അവനിൽ അസൂയാലു അല്ലെന്ന് വിദ്വാന്മാർക്കു തോന്നി. അതുകൊണ്ട്, ഉണർന്നിരുന്നപ്പോൾ അവർ അവനെ പുകഴ്ത്തിയെങ്കിൽ പോലും, അവനെ കൊല്ലാനായി, അവരെ അവൻ വഞ്ചിച്ചു എന്നതിനാൽ, ഉറക്കത്തിൽ അവർ അവനെ നിന്ദിച്ചു. അവന്റെ പക്കലേക്ക് തിരികെ പോകരുതെന്ന് സ്വപ്നത്തിൽ വെളിപ്പെട്ടതിലൂടെ, ഒരു കണ്ണാടിയിൽ എന്നവണ്ണം അവർ അവന്റെ ദുഷിച്ച കാപട്യം ദർശിച്ചു. ഉണർന്നിരുന്നവരുടെ മനസിനെ പറ്റിച്ചു എന്ന് കരുതിയവനെ ഉറങ്ങിക്കിടന്നവർ വഞ്ചിച്ചു.

**23.** തന്നെ വിദ്വാന്മാർ വിശ്വസിച്ചു എന്നു കണ്ട ഹേറോദേസ്, താൻ അവരെ വിഡ്ഢികളാക്കി എന്നു കരുതി. എന്നാൽ ഒരു സ്വപ്നത്തിലൂടെ വിഡ്ഢിയായിതീർന്നത് അവനായിരുന്നു. അവരെ വിഡ്ഢികളാക്കിയവൻ ആണ് യഥാർത്ഥത്തിൽ വഞ്ചിക്കപ്പെട്ടത്. ഏതു കാര്യത്തിൽ? *ഞാനും അവനെ പോയി ആരാധിക്കും* എന്ന് അവൻ പറഞ്ഞപ്പോൾ, യഥാർത്ഥത്തിൽ അവൻ അവരെ വഞ്ചിക്കുകയായിരുന്നു എന്ന് സ്വപ്നത്തിലൂടെ വിദ്വാന്മാർക്ക് അവബോധം ഉണ്ടായപ്പോൾ! കാരണം, ഇതു പോലെ, ഹെസക്കിയായെ സംബന്ധിച്ച് ഒരടയാളം നൽകപ്പെട്ടു. സൂര്യൻ പിറകോട്ടുപോയതിലൂടെ, മരണത്തിൽ നിന്ന് ജീവനിലേക്കു കൊണ്ടുവരുന്നവൻ ആരാണെന്ന് അറിയാനായി സൃഷ്ടികളോട് പ്രഘോഷിക്കാൻവേണ്ടി ആയിരുന്നു അത്.[25] അതുപോലെ, വിദ്വാന്മാരിലൂടെ

---

25. നമ്പർ 23 കാണുക: വിദ്വാന്മാർ കണ്ട നക്ഷത്രവും ഹെസെക്കിയായുടെ കാലത്ത് പിറകോട്ടുപോയ സൂര്യനും തമ്മിൽ താരതമ്യപ്പെടുത്തുന്ന ഈ ഭാഗം ഇവിടെയല്ല വരേണ്ടത് എന്ന് കരുതുന്നവരുണ്ട്.

www.malankaralibrary.com



ഒരടയാളം നൽകപ്പെട്ടപ്പോൾ, വിദ്വാന്മാർ നിമിത്തം ആ അടയാളം സൃഷ്ടി മുഴുവൻ പ്രഘോഷിക്കപ്പെട്ടു. തൻെറ പ്രകൃതത്തിനതീതമായി മനുഷ്യരോട് അനുസരണ കാട്ടിയ നക്ഷത്രത്തിലൂടെ, അവർക്കു മുമ്പിൽ ദൈവം ഒരു വഴി തുറക്കുകയായിരുന്നു. മനുഷ്യകുലത്തോട് അനുസരണ കാട്ടിയ ദൈവത്തെപ്പറ്റി അറിയാനും തൻെറ രാജ്യത്തിനുവേണ്ടി ഒരു പാത തുറക്കാനും വേണ്ടി ആയിരുന്നു അത്. തൻെറ മരണത്തെപ്പറ്റി സൃഷ്ടികൾക്ക് അവബോധം ഉണ്ടാകുവാനായി, അവൻെറ മരണത്തിൽ സൂര്യൻ ഇരുണ്ടുപോയി (ലൂക്കാ 23:45). അതുപോലെ, അവിടുത്തെ ജനനം ശോഭായമാനമാണ് എന്ന് ലോകത്തിന് അവബോധം ഉണ്ടാകുവാനായി, ശോഭായമാനമായിരുന്ന നക്ഷത്രം ഇരുണ്ടുപോയി.

**24.** തൻെറ ശോഭയേറിയ ജനനത്തിൽ ശോഭയേറിയ നക്ഷത്രം കാണപ്പെട്ടു; തൻെറ ഇരുണ്ട മരണത്തിൽ കനത്ത അന്ധകാരം ഉണ്ടായി (മത്താ 27:45) പരസ്യമായ മരണത്തിൽ നിന്ന് ഒരടയാളത്താൽ ഹെസക്കിയാ വിടുവിക്കപ്പെട്ടതുപോലെ, നിഗൂഢമായ മരണത്തിൽ നിന്ന് ഒരടയാളത്താൽ ഇവരും വിടുവിക്കപ്പെട്ടു. റോഡിലൂടെ തൻെറ കൂടെ യാത്രചെയ്തിരുന്ന രണ്ടുപേർക്ക് നക്ഷത്രത്തിൻെറ നാഥൻ തന്നെ കാണപ്പെട്ടു; എന്നാൽ അവൻെറ വ്യക്തിത്വം അവരിൽനിന്ന് മറയ്ക്കപ്പെട്ടിരുന്നു (ലൂക്കാ 24:13-16). അവൻെറ നക്ഷത്രവും അതുപോലെ ആയിരുന്നു; അത് എല്ലാവർക്കും കാണപ്പെട്ടെങ്കിലും, അതിൻെറ സഞ്ചാരപഥം എല്ലാവരിൽ നിന്നും മറഞ്ഞിരുന്നു. വിദ്വാന്മാരെ സംബന്ധിച്ച്, *നക്ഷത്രം കണ്ടപ്പോൾ, അവർ സന്തോഷിച്ചു* (മത്താ 2:10). യഹൂദന്മാരുടെ സാക്ഷ്യംകൊണ്ടോ പ്രവാചകന്മാരുടെ ലിഖിതങ്ങൾകൊണ്ടോ ഒന്നും യഥാർത്ഥത്തിൽ അവർക്കു ബോധ്യം വന്നില്ല. അവയിലൊന്നും പ്രബോധനം ലഭിക്കാത്ത അവർ, തങ്ങളെ നയിച്ച നക്ഷത്രത്തിൻെറ കാഴ്ചയിൽ സന്തോഷിച്ചു. അവർ ബേത്‌ലഹേമിൽ പ്രവേശിച്ചെങ്കിലും, ശിശു പാർക്കുന്നത് എവിടെയാണ് എന്നതിനെ സംബന്ധിച്ച് അവിടെ പാർക്കുന്ന ആരോടും ചോദിച്ചില്ല.

**25.** *അവർ തങ്ങളുടെ നിക്ഷേപങ്ങൾ തുറന്ന് അവനു കാഴ്ചകൾ അർപ്പിച്ചു; സ്വർണം* തൻെറ മനുഷ്യത്വത്തിന്, *മീറാ* തൻെറ മരണത്തിന്, *കുന്തിരിക്കം* തൻെറ ദൈവത്വത്തിന് (മത്താ 2:11). *മറ്റൊരു വിവരണം:* രാജാവ് എന്ന നിലയിൽ *സ്വർണം;* ദൈവം എന്നനിലയിൽ *കുന്തിരിക്കം;* പൂശപ്പെടാനുള്ളവൻ എന്ന നിലയിൽ *മീറ; ഇനിയും വേറൊന്ന്:*

www.malankaralibrary.com



സ്വർണത്തിൻെറ ആരാധന അതിൻെറ നാഥനിലേക്കു മടങ്ങിവന്നതിനാൽ *സ്വർണം.* ആദത്തിൻെറ മുറിവ് സുഖപ്പെടുത്താനുള്ള വൈദ്യനെ വെളിപ്പെടുത്തുന്നതിനാൽ, *മീറയും കുന്തിരിക്കവും. ഹേറോദേസിൻെറ പക്കലേക്ക് തിരികെ പോകരുതെന്ന്* വിദ്വാന്മാർക്കു വെളിപ്പെടുത്തിയവൻ, യൗസേപ്പും മറിയവും അവിടെനിന്ന് പോകണമെന്ന് അവർക്കും വെളിപ്പെടുത്തി. അവരുടെ പുറപ്പാടിലൂടെ അവർ രണ്ടു പ്രവചനങ്ങളാണ് പൂർത്തീകരിക്കാനിരുന്നത്: *ഈജിപ്തിൽനിന്ന് എൻെറ മകനെ ഞാൻ വിളിച്ചു* (ഹോശി 11:1; മത്താ 2:15); *റാഹേൽ കരയുന്നു. ജറമിയാ പ്രവാചകൻ പറഞ്ഞത് ഇതും പൂർത്തിയാക്കുന്നു* എന്നിത്യാദി (31:15; മത്താ 2:18).

## 3

## വിദ്വാന്മാർ ഹേറോദേസിനെ മണ്ടനാക്കി

**1.** *വിദ്വാന്മാർ തന്നെ കളിയാക്കി എന്നു കണ്ടപ്പോൾ ഹേറോദേസ് രോഷാകുലനായി; അവൻ ആളയച്ച് ശിശുക്കളെ കൊല്ലിച്ചു* (മത്താ 2:26). എന്നാൽ ദുഷ്ടനായ ഹേറോദേസേ, ജനിക്കാനിരിക്കുന്ന ഒരു രാജാവിൻെറ മുന്നോടിയാണ് ഈ നക്ഷത്രം എന്നു നീ കേട്ടില്ലേ? ഈ നക്ഷത്രം ഉന്നതത്തിൽ നിന്നാണെങ്കിൽ, ഈ യാഥാർത്ഥ്യത്തെ ഇല്ലായ്മ ചെയ്യാൻ നിനക്കാവില്ല എന്ന് എന്തുകൊണ്ട് നീ മനസിലാക്കിയില്ല? സ്നേഹിച്ചവരിൽനിന്ന് കൈക്കുഞ്ഞുങ്ങളെ വെട്ടിമാറ്റിയതിനാൽ, തൻെറ മൂന്നു മക്കളിലൂടെയും ഭാര്യയിലൂടെയും ഹേറോദേസ് ശിക്ഷിക്കപ്പെട്ടു; അവൻ തന്നെ കയ്പുനിറഞ്ഞ മരണത്തിനു വിധേയനാകുകയും ചെയ്തു (നട 12:23).

**2.** *വിദ്വാന്മാർ തന്നെ കളിയാക്കി എന്ന് കണ്ടപ്പോൾ ഹേറോദേസ് രോഷാകുലനായി:* ഓ, ഇസ്രായേലേ, ശ്രവിക്കാത്തതിനാൽ നിങ്ങൾ ബധിരരാണ്; ഗ്രഹിക്കാത്തതിനാൽ നിങ്ങൾ അന്ധരാണ്! *ദൈവമായ കർത്താവ് നിനക്ക് ഒരടയാളം തരും* എന്ന് പറഞ്ഞ ഏശായായുടെ സ്വരത്തെ നിങ്ങൾ ഇതുവരെയും പരിഗണിച്ചില്ല (7:14). മറ്റൊരുവനി

www.malankaralibrary.com



ലൂടെ ഈ അടയാളം നൽകപ്പെട്ടിരുന്നെങ്കിൽ, അവൻ അതു പറയുമായിരുന്നു. എന്നാൽ കന്യകയിൽ നിന്നുള്ളവനിലൂടെയാണ് ഇത് നിങ്ങൾക്കു നൽകപ്പെട്ടത്. യഥാർത്ഥത്തിൽ ഇത് നിങ്ങൾക്കെല്ലാവർക്കും വേണ്ടിയുള്ളതാണ്. നിഗൂഢമായി മോശ മാത്രം പ്രേരിതനാകാൻ, അവന് ഒരടയാളം നൽകപ്പെടും (പുറ 3:1-6). അതുപോലെ ഗിദയോനും ഹെസെക്കിയായ്ക്കും (ന്യായാ 6:17-21; 2 രാജാ 20:8-11; ഏശാ 38:7-8). അവർക്കിത് വ്യക്തിപരമായിട്ടാണ് നൽകപ്പെട്ടത്. എന്നാൽ നിങ്ങളുടെ കാര്യത്തിലാകട്ടെ, നിങ്ങളുടെ നിയമത്തിലുള്ള അല്ലെഗൊറികളുടെ കൃത്യമായ വിവരണത്തോടുകൂടി വിദ്വാന്മാരിലൂടെ നിങ്ങളുടെ പക്കലേക്ക് അയയ്ക്കപ്പെട്ട ഒരു വ്യക്തമായ സംഭവം ആയിരുന്നില്ലേ അത്? എന്തുകൊണ്ട് നിങ്ങൾ രക്ഷയുടെ സമയം തിരിച്ചറിയുകയും, കന്യകയുടെ പുത്രന്റെ ജനനത്തിൽ വിശ്വസിക്കുകയും ചെയ്തില്ല? അഥവാ, വിദ്വാന്മാർ വീണ്ടും നിങ്ങളുടെ പക്കലേക്ക് തിരിച്ചുവന്ന്, അവനെപ്പറ്റി രണ്ടാമതും വിവരിക്കും എന്ന് പ്രതീക്ഷിച്ച്, നിങ്ങൾ നിങ്ങളുടെ രാജാവിന്റെകൂടെ അത്ഭുതപരതന്ത്രരായി ഒരുപക്ഷേ ഇപ്പോഴും ഇരിക്കുകയാണോ?

3. മിശിഹാ ജനിച്ചു എന്ന് നിങ്ങൾ ഗ്രഹിക്കാനായി വിദേശികൾ വന്ന് നിങ്ങളെ ഉണർത്തിയത് പോരായിരുന്നോ? അഥവാ, കൊലപാതകിയും രണ്ടാം ഫറവോയും കനാന്റെ മകനും അഷ്കെലോൻകാരനുമായ നിങ്ങളുടെ രാജാവിന്റെ പദ്ധതികളിൽ നിങ്ങളും പങ്കുകൊണ്ടില്ലേ? (ജോഷ്വാ 13:3). പുരോഹിതന്മാർ ചിന്താശൂന്യരായി ദാവീദിനെ സഹായിച്ചു എന്ന് കേട്ടപ്പോൾ സാവൂൾ അവരെ തന്റെ പക്കൽ വരുത്തി കൊന്നുകളഞ്ഞു (1 സാമു 22:6-19). സാവൂളിന്റെ കാര്യത്തിൽ എന്നതുപോലെ, നിഷ്കളങ്കരക്തം നിന്റെ കഴുത്തിനു ചുറ്റും ഒഴുക്കുക നിനക്കും ഉചിതമായിരുന്നു. എന്നാൽ ദാവീദിന്റെ പുത്രൻ നിന്റെ കൈകളിൽനിന്ന് പുറജാതികളുടെ ഇടയിലേക്ക് ഓടി രക്ഷപെട്ടു. സാവൂൾ ദാവീദിനെ പീഡിപ്പിച്ചതുപോലെ പുത്രനെ ഹേറോദേസ് പീഡിപ്പിച്ചു. ദാവീദ് നിമിത്തം പുരോഹിതന്മാർ കൊല്ലപ്പെട്ടു; ശിശുക്കൾ നമ്മുടെ കർത്താവ് നിമിത്തവും. പുരോഹിതരുടെ ഇടയിൽനിന്ന് അബിയാഥാർ രക്ഷപെട്ടതുപോലെ (1 സാമു 22:20), കുട്ടികളുടെ ഇടയിൽ നിന്ന് യോഹന്നാൻ രക്ഷപെട്ടു. അബിയാഥാറിൽ ഏലിയുടെ ഭവനത്തിന്റെ പൗരോഹിത്യം നിലച്ചു; യോഹന്നാനിൽ യാക്കോബിന്റെ മക്കളുടെ പ്രവാചകത്വം അവസാനിച്ചു.

www.malankaralibrary.com



**4.** ഹേറോദേസ് അസൂയയാൽ അന്ധനായിത്തീർന്നതിനാൽ, ഈ സംഗതി എങ്ങനെ അന്വേഷിച്ചറിയണം എന്നതിനെപ്പറ്റി അവന് അറിവില്ലായിരുന്നു; തദ്ഫലമായി, അവനെക്കൊണ്ട് അതിനു കഴിഞ്ഞുമില്ല. മീക്കായുടെ ഒരു വാക്യം സംബന്ധിച്ച് അവൻ അന്വേഷണം നടത്തിയതുപോലെ, ഏശായായുടെ ഒരു വാക്യം സംബന്ധിച്ചും അവൻ അന്വേഷണം നടത്തി. കാരണം, ശിശുവിൻെറ വംശാവലി, അവൻെറ മാതാവ്, അവൻെറ നഗരം, അവൻെറ ജനനസമയം എന്നിത്യാദി നേരത്തെതന്നെ അറിയപ്പെട്ടിരുന്നു. യാക്കോബ് പറഞ്ഞതുപോലെ, (ഉല്പ 49:10) ദാവീദിൻെറ ഭവനത്തിൽ നിന്നാണ് അവൻെറ കുടുംബം; ഏശായാ പറഞ്ഞതുപോലെ (7:14) അവൻെറ അമ്മ ഒരു കന്യകയാണ്; മീക്കാ പറഞ്ഞതുപോലെ, അവൻെറ നഗരം ബേത്ലഹേമാണ്; വിദ്വാന്മാർ പറഞ്ഞതുപോലെ, അവൻെറ ജനനസമയം വ്യക്തമായിരുന്നു.

യൗസേപ്പിൻെറ മകനായിട്ടാണ് യേശുവിൻെറ പേര് ചേർത്തിരിക്കുന്നതെന്ന് റോമാക്കാരുടെ സെൻസസിൽ നിന്ന് അതു കണ്ടെത്തിയവരിലൂടെയാണ് ഹേറോദേസ് മനസിലാക്കിയത്. എന്നാൽ, അവന് ഇതെല്ലാം അറിയാമായിരുന്നെങ്കിലും, അസൂയയാൽ ഉന്മത്തനായിതീർന്നതിനാൽ, അവനെ തിരിച്ചറിയാൻ അവനു കഴിഞ്ഞില്ല. അവൻ സാവൂളിനെപ്പോലെ ആയിരുന്നു. ദാവീദിൻെറ രക്തം തൻെറ കൈക്കുമ്പിളിൽ കുടിക്കാൻ അവൻ ദാഹിച്ചിരുന്നു. എന്നാൽ കൈ എത്തിപിടിക്കത്തക്ക ദൂരത്തിലായിരുന്നു ദാവീദ് എന്നത് അവൻ മനസിലാക്കിയില്ല (1 സാമു 24-26). സോളമനാകട്ടെ, വേശ്യയുടെ പുത്രൻെറ കാര്യത്തിൽ എങ്ങനെ തീരുമാനിക്കണമെന്നും വിധിക്കണമെന്നും അറിഞ്ഞിരുന്നു (1 രാജാ 3:16-28). അതുപോലെ സാംസൻെറ ഹൃദയത്തിൽനിന്ന് നിഗൂഢരഹസ്യങ്ങൾ എങ്ങനെ ചോർത്തി എടുക്കണമെന്ന് ദെലീലായും അറിഞ്ഞിരുന്നു (ന്യായാ 16:4-21).

**5.** എന്നാൽ അതിനു വിരുദ്ധമായി, 'ഫറഓയുടെ' കാര്യത്തിൽ: യഹൂദർക്കു ജനിച്ച രക്ഷകൻെറ വംശാവലി, അമ്മ, ജനനത്തീയതി എന്നിവ അവന് അജ്ഞാതമായിരുന്നതിനാൽ, മറ്റനേകരോടുകൂടി താൻ തേടുന്നവൻ കൊല്ലപ്പെടും എന്ന് ഉറപ്പുവരുത്താനായി അവൻ ശിശുക്കളെ കൊല്ലിച്ചു. ദാവീദിൻെറ ശക്തിയെ എതിരിടാൻ തനിക്കു കഴിവില്ല എന്ന് നിരവധി അടയാളങ്ങളിലൂടെ സാവൂൾ അറിയേണ്ടതായിരുന്നു; അതുപോലെ ദാവീദിൻെറ പുത്രൻെറ ശക്തിയെ എതിരിടാൻ ഹേറോദേ

www.malankaralibrary.com



സിനും കഴിഞ്ഞില്ല. എന്നാൽ അറിയുന്നതിനോ പഠിക്കുന്നതിനോ പകരം തിന്മ പ്രവർത്തിക്കാൻ വിദ്വേഷം ഉത്തേജിപ്പിക്കുന്നു. 'മോശയെ കൊല്ലാനും ദാവീദിനെ നശിപ്പിക്കാനും ദാവീദിൻെറ പുത്രനെ ക്രൂശിക്കാനും എനിക്കു കഴിയും' എന്നു കരുതിയ ദുഷ്ടൻെറ സന്തതികൾ യഥാർത്ഥത്തിൽ ഇവരാണ്. *ഞാൻ എൻെറ സഹോദരൻെറ സൂക്ഷിപ്പുകാരനാണോ?* എന്നു ചോദിച്ചുകൊണ്ട് ദൈവത്തെ വഞ്ചിക്കാമെന്നു ചിന്തിച്ച കായേനും അവൻെറ ശിഷ്യനാണ് (ഉല്പ 4:9). അതുപോലെ, ഏലീശായുടെ കാര്യത്തിൽ ഗേഹാസിയും (2 രാജാ 5:20-27), നമ്മുടെ കർത്താവിൻെറ കാര്യത്തിൽ യൂദാ സ്കറിയോത്തായും.

## ശിശുഹത്യ

**6.** കൊല്ലപ്പെട്ട നീതിമാന്മാരുടെ സാക്ഷികളും കൊലപാതകികളുടെ വിധിയാളന്മാരും എന്ന രണ്ടു ദൗത്യങ്ങൾ കൊല്ലപ്പെട്ട ശിശുക്കൾ നിർവഹിച്ചു. 'ഞാൻ ദൈവമാണ്' എന്ന് കർത്താവ് സംശയാതീതമായി പറഞ്ഞതിനാൽ കൊലപാതകികൾ മരണത്തിലേക്ക് അവനെ വലിച്ചിഴച്ചു. എന്നാൽ അവൻെറ സന്ദേശവാഹകരായിത്തീരുന്നതിനുമുമ്പ് എന്തിനാണ് അവർ നിഷ്കളങ്ക ശിശുക്കളെ കൊന്നത്? *റാമായിൽ ഒരു സ്വരം കേട്ടു. റാഹേൽ തൻെറ മക്കളെപ്പറ്റി കരയുകയായിരുന്നു* (മത്താ 2:18; ജറ 31:15). ലെയായുടെ പുത്രനായ യൂദായുടെ നഗരമാണ് ബേത്‌ലഹേം എങ്കിൽ, *നഷ്ടപ്പെട്ടുപോയ തൻെറ മക്കളെക്കുറിച്ച് റാഹേൽ എന്തിനാണു വിലപിക്കുന്നത്?* അവർ മിശിഹായ്ക്കുവേണ്ടി കൊല്ലപ്പെട്ടേക്കാം എന്നതിനാൽ, അവർ മൺമറഞ്ഞുപോയി എന്നതുകൊണ്ട്, തൻെറ മക്കളിൽനിന്ന് രക്ഷകൻ ജനിക്കുകയില്ല എന്നതിനാൽ റാഹേൽ വിലപിച്ചു. ലെയാ ആദ്യജനത്തിൻെറയും റാഹേൽ സഭയുടെയും മുൻകുറി ആയിരുന്നു. *എന്നാൽ വന്ധ്യ പ്രസവിച്ചു; വിധവയുടെ മക്കൾ ഭർതൃമതികളുടെ മക്കളേക്കാൾ വളരെ വർദ്ധിച്ചു* (ഏശാ 54:1). അഥവാ, *മറ്റൊരു രീതിയിൽ:* ബന്യാമിൻെറ ഗോത്രം യൂദാ ഗോത്രത്തിൻെറ അടുത്തായിരുന്നതിനാൽ; ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: *ബേത്‌ലഹേം എന്ന എഫ്രാത്തായിലേക്കുള്ള വഴിയിൽ വച്ച് റാഹേൽ മരിച്ചു* (ഉല്പ 35:19). അതുപോലെ, മോശ ബന്യാമിനെ അനുഗ്രഹിച്ചപ്പോൾ ഇപ്രകാരം പറഞ്ഞു: *അവൻ അവൻെറ തോളുകൾക്കിടയിൽ വസിക്കും* (ആവ 33:12). ബന്യാമിൻെറ അവകാശമായ ജറുസലേമിലാണ് യഥാർത്ഥത്തിൽ

www.malankaralibrary.com



"വാസസ്ഥലം"[26] ഉറപ്പിക്കപ്പെട്ടത്. (ജോഷ്വാ 18:28). ഇസ്രായേലിന്റെ രാജാവായി സാവൂളിനെ അഭിഷേചിച്ചപ്പോൾ സാമുവേലും ഒരടയാളം നൽകി: *ബന്യാമിന്റെ നാട്ടിൽ റാഹേലിന്റെ കല്ലറയ്ക്കു സമീപം സെൽസാഹിൽ വച്ച് നീ മൂന്നു മനുഷ്യരെ കണ്ടുമുട്ടും* (1 സാമു 10:2).

7. *റാഹേൽ തന്റെ മക്കളെപ്രതി വിലപിക്കുന്നു.* ഇതാ, റാഹേൽ വിലപിക്കുന്നു! ശത്രുക്കൾ നിന്റെ മക്കളുടെ പക്കലേക്ക് ഓടി അടുത്തുവന്നപ്പോഴത്തെ ആദ്യവിലാപം പോലെയല്ല; പിന്നെയോ, വിദേശികളാലല്ല, തങ്ങളുടെ പിതാവായ യാക്കോബിന്റെ തന്നെ മക്കളാൽ കൊല്ലപ്പെട്ട് പൊതുസ്ഥലങ്ങളിലേക്ക് എറിയപ്പെട്ടവരെപ്പറ്റി വിലപിക്കുന്നു. എങ്കിലും നിന്റെ വിലാപസ്വരം നിയന്ത്രിക്കുക. കാരണം, ദാവീദുപുത്രൻ ജനിച്ച അവസരം അവനോടൊപ്പം ജനിച്ചവരുടെ പ്രയോജനത്തിനായി, നിന്റെ കണ്ണുനീരിന്റെ പരിഹാരം എഴുതപ്പെട്ടിരിക്കുന്നു. സന്ദർശനത്തിന്റെ അവസരം സന്തോഷകരമായ ഈ സദ്വാർത്തയുടെ വാഹകർ ആയിത്തീരാനുള്ളവരാണ് അവർ. മലയിൽ മോശയ്ക്കു കാണപ്പെട്ടതും (പുറ 24:10), നാം ഏറ്റുപറയുന്നതും നമ്മുടെ അമ്മയും ആകുന്ന മുകളിലുള്ള ജറുസലേമിൽ അവർക്ക് ഒരു പ്രത്യേക സ്ഥലം ലഭിക്കും. അവർ ഇത് അവകാശപ്പെടുത്തിയിരിക്കുന്നു. ധൈര്യമായിരിക്കുക. നിന്റെ തെരഞ്ഞെടുക്കപ്പെട്ട മകനും, നിന്റെ സമാശ്വാസകനും, നിന്റെ കണ്ണുനീരിന്റെയും സങ്കടങ്ങളുടെയും പ്രതിഫലവുമായ പൗലോസ് എന്ന സാവൂളിൽ നിന്ന് നിനക്കു ലഭിക്കുന്ന സമാശ്വാസം സ്വീകരിച്ചാലും.

## ഈജിപ്തിൽനിന്ന് എന്റെ പുത്രനെ ഞാൻ വിളിച്ചു

8. ഈജിപ്തു മുതൽ ഇസ്രായേൽ പ്രതീകാത്മകമായി പുത്രൻ എന്നു വിളിക്കപ്പെട്ടു. എന്നാൽ അവർ ബാലിനെ ആരാധിക്കുകയും വിഗ്രഹങ്ങൾക്കു ധൂപം അർപ്പിക്കുകയും ചെയ്തതിലൂടെ പുത്രത്വം നഷ്ടപ്പെടുത്തി. അതുകൊണ്ട് *അണലിസന്തതികൾ* എന്ന് അവർക്ക് ചേരുന്ന ഒരു നാമം യോഹന്നാൻ അവർക്കു നൽകി (മത്താ 3:7). മോശയുടെ നാളുകളിൽ കൃപയാൽ അവരുടെമേൽ വർഷിക്കപ്പെട്ട പുത്രത്വം എന്ന സംജ്ഞ അവർക്കു നഷ്ടപ്പെട്ടതിനാൽ, തങ്ങളുടെ പ്രവൃത്തികൾക്കനുസൃതമായ ഒരു നാമം യോഹന്നാനിൽ നിന്ന് അവർക്കു ലഭിച്ചു.

---

26. വാഗ്ദാനപേടകത്തെപ്പറ്റിയുള്ള പരാമർശം; പില്ക്കാലത്ത് ദേവാലയം.

www.malankaralibrary.com



**9.** കർത്താവ് ഈജിപ്ത് ദേശത്തേക്കു പോകുകയും അവിടെനിന്ന് തിരികെ വരികയും ചെയ്തതിനെപ്പറ്റി സുവിശേഷകൻ ഇപ്രകാരം രേഖപ്പെടുത്തുന്നു: *പ്രവാചകൻ പറഞ്ഞ സത്യവചനം ഇപ്പോൾ നിറവേറിയിരിക്കുന്നു. ഈജിപ്തിൽ നിന്ന് എന്റെ പുത്രനെ ഞാൻ വിളിച്ചു എന്ന് അവൻ പറഞ്ഞു* (ഹോശി 11:1; മത്താ 2:15). *അവൻ നസ്രായൻ എന്നു വിളിക്കപ്പെടും* എന്നും അവൻ കൂട്ടിച്ചേർത്തു; കാരണം, *'ന്സെർ'* എന്നാൽ എബ്രായഭാഷയിൽ ചെങ്കോൽ എന്നർത്ഥം. അവൻ ചെങ്കോലിന്റെ പുത്രനാകയാൽ പ്രവാചകൻ അവനെ നസ്രായൻ എന്നു വിളിക്കുന്നു. നസ്രത്തിൽ വളർന്നതിനാൽ *അവൻ നസ്രായൻ എന്നു വിളിക്കപ്പെടും*. മറ്റേ പ്രവചനം പോലെയാണ് ഇതും എന്ന് സുവിശേഷകൻ കുറിക്കുന്നു.

സഖറിയായുടെ മകനിൽ പൗരോഹിത്യം ഉണ്ടായിരുന്നു; മറിയത്തിന്റെ മകനിൽ രാജ്യവും പൗരോഹിത്യവും ഉണ്ടായിരുന്നു. അതുപോലെ യോഹന്നാനിൽ പ്രവാചകത്വം ഉണ്ടായിരുന്നു; എന്നാൽ യോഹന്നാന്റെ കർത്താവിൽ പ്രവാചകരഹസ്യങ്ങൾ ഉണ്ടായിരുന്നു. കുഞ്ഞാടിന്റെ പ്രതീകത്തിലും, അമാലേക്ക്, മധുരമുള്ളതാക്കിത്തീർത്ത ജലം, പിച്ചള സർപ്പം തുടങ്ങി മറ്റനേകം പ്രതീകങ്ങളിലും കൂടി, മോശവഴി നിയമം വന്നു; *എന്നാൽ ഇവയുടെയെല്ലാം സത്യം നമ്മുടെ കർത്താവായ യേശുവിലൂടെ വന്നു.*[27] യോഹന്നാന്റെ സ്നാനം നിയമത്തേക്കാൾ ഉന്നതമായിരുന്നു എങ്കിലും മിശിഹായുടേതിനേക്കാൾ താഴെയായിരുന്നു; കാരണം, അവിടുത്തെ മഹത്ത്വീകരണത്തിനു മുൻപ് ആരും ത്രിത്വത്തിന്റെ നാമത്തിൽ സ്നാനപ്പെടുത്തിയിരുന്നില്ല.

ഒരു വന്യജീവി ആകാനല്ല പിന്നെയോ, മനുഷ്യവാസമുള്ള നാടിന്റെ മൃഗീയത്വത്തെ മരുഭൂമിയിൽ മെരുക്കി എടുക്കാനാണ് യോഹന്നാൻ മരുഭൂമിയിലേക്കു പോയത്. സമാധാനത്തിൽ കഴിയുന്ന, മനുഷ്യവാസമുള്ള നാടിന്റെ മധ്യത്തിൽ, വന്യമൃഗത്തെപ്പോലെ ശല്യമുണ്ടാക്കുന്ന വികാരം, മരുഭൂമിയിലേക്കു പോകുമ്പോൾ ശമിക്കുന്നു. ഹേറോദേസിന്റെ ദുർവികാരത്തിന്റെ ദൃഷ്ടാന്തത്തിൽനിന്ന് ഇതേപ്പറ്റി ബോധ്യം ഉണ്ടാകുക. സമാധാനമുള്ളതും മനുഷ്യവാസമുള്ളതുമായ നാട്ടിൽ അത് നിഷ്ഠുരമായിരുന്നു; മരുഭൂമിയിൽ സമാധാനപൂർവം ജീവി

27. യോഹ 1:17; പുറ 12; 17:8-16; 15:22-25; സംഖ്യ 21:4-9.

www.malankaralibrary.com



ക്കുകയും, നിയമം അനുവദിച്ചിരുന്നെങ്കിലും വൈവാഹികജീവിതം നയിക്കാതിരിക്കുകയും ചെയ്ത ശാന്തനും വിനീതനുമായ യോഹന്നാനെ ഇല്ലായ്മ ചെയ്യത്തക്കവിധം നിയമരഹിതമായി തന്റെ സഹോദരന്റെ ഭാര്യയെപ്രതി അതു കത്തിജ്ജ്വലിച്ചു. *വചനം മാംസമായി, നമ്മുടെ ഇടയിൽ വസിച്ചു* (യോഹ 1:14). അതായത്, താൻ എടുത്ത മാംസത്തിലൂടെ വചനമാം ദൈവം നമ്മുടെ ഇടയിൽ വസിച്ചു. 'നമ്മുടെ അടുത്ത്' എന്നല്ല, *'നമ്മുടെ ഇടയിൽ'* എന്നാണ് അവൻ പറഞ്ഞത്. *എന്റെ ശരീരം ഭക്ഷണമാകുന്നു* എന്ന് അവിടുന്ന് പറഞ്ഞു (യോഹ 6:55): അവിടുന്നു നമ്മുടെ മാംസംകൊണ്ട് വസ്ത്രം ധരിച്ചത് നമുക്കുവേണ്ടിയാണ് എന്ന് സ്പഷ്ടമായി കാണിക്കാൻ വേണ്ടിയായിരുന്നു ഇത്.

## യോഹന്നാന്റെ വ്യക്തിത്വവും ദൗത്യവും

**10.** *യഹൂദന്മാർ യോഹന്നാന്റെ പക്കൽ ആളയച്ച് അവനോടു ചോദിച്ചു: 'നീ ആരാകുന്നു'? 'ഞാൻ മിശിഹായല്ല' അവൻ മറുപടി പറഞ്ഞു. 'നീ ഏലിയാ ആണോ?' അവർ അവനോടു ചോദിച്ചു. 'അല്ല', അവൻ പറഞ്ഞു* (യോഹ !:19-21). എന്നാൽ തിരുലിഖിതം സാക്ഷിക്കുന്നതുപോലെ, നമ്മുടെ കർത്താവ് അവനെ ഏലിയാ എന്നു വിളിച്ചു.[28] എന്നാൽ അവർ അവനെ ചോദ്യം ചെയ്തപ്പോൾ അവൻ പറഞ്ഞു: *"ഞാൻ ഏലിയാ അല്ല".* 'ഏലിയായുടെ ശരീരത്തിൽ യോഹന്നാൻ വന്നു' എന്ന് തിരുലിഖിതം പറയുന്നില്ല, പിന്നെയോ, *ഏലിയായുടെ ശക്തിയിലും അരൂപിയിലും* എന്നത്രേ (ലൂക്കാ 1:17). ദാവീദല്ല, സെറുബാബേൽ പിന്നീട് രാജാവായിതീർന്നതുപോലെ,[29] സ്വർഗത്തിലേക്ക് എടുക്കപ്പെട്ട ഏലിയാ അവരുടെ പക്കലേക്ക് തിരികെ വന്നില്ല. 'നീ ഏലിയായുടെ അരൂപിയിൽ വന്നിരിക്കുന്നുവോ? എന്ന് ഫരിസേയർ യോഹന്നാനോട് ചോദിച്ചില്ല; പിന്നെയോ, *നീ ഏലിയാ തന്നെയാണോ?* എന്നത്രേ. അതുകൊണ്ടാണ്, *അല്ല* എന്ന് അവൻ മറുപടി പറഞ്ഞത്. ഏലിയായുടെ പ്രവൃത്തികൾ യോഹന്നാനിൽ ദൃശ്യമാണെങ്കിൽ പിന്നെ എന്തിനാണ് അവൻ ഏലിയാ തന്നെ ആയിരിക്കുന്നത്? ഏലിയാ വിശുദ്ധ രഥത്തിൽ എടുക്കപ്പെട്ടു; എന്നാൽ ഒരു ദുഷിച്ച പെൺകുട്ടി പാത്രത്തിൽ

---

28. മത്താ 11:14; 17:12-13.

29. ഹഗ്ഗാ 2:20-23; സക്ക 3:6-10.

www.malankaralibrary.com



യോഹന്നാൻെറ ശിരസ്സ് എടുത്തുകൊണ്ടുപോയി;[30] ഏലീശാ ഇടപെടുകയും യോഹന്നാനും ഏലിയായ്ക്കും ഇടയ്ക്ക് നിൽക്കുകയും ചെയ്തു.

**11.** യോഹന്നാനെ കള്ളനാക്കാൻ അവർ ആഗ്രഹിച്ചെങ്കിൽ അവർക്ക് വിശ്വസനീയനായ ഏലീശാ അവരെ കുറ്റപ്പെടുത്തുകയും നിശബ്ദരാക്കുകയും ചെയ്യുന്നു. ഏലീശാ തൻെറ യജമാനൻെറ അരുപിയുടെ ഇരട്ടി ഭാഗം സ്വീകരിച്ചു എന്ന് അവർ വിശ്വസിക്കുന്നു (2 രാജാ 2:9-11). അങ്ങനെ സംഭവിക്കാനും അത്യുന്നത സ്വർഗങ്ങൾ ദർശിക്കാനുമായി രണ്ടു വ്യത്യസ്ത രഥങ്ങളിൽ രണ്ടു പ്രാവശ്യം ഏലീശാ സ്വർഗത്തിലേക്ക് എടുക്കപ്പെടേണ്ട ആവശ്യം ഉണ്ടായോ? അവൻെറ പ്രവൃത്തികളോടു കൂടി ഏലിയായുടെ ശക്തി നൽകപ്പെട്ടിരുന്നു എന്നത് അംഗീകൃത സംഗതിയാണ്. എന്നാൽ അത് എല്ലാ പ്രവൃത്തികൾക്കുമല്ല, പിന്നെയോ, ഉപയോഗപ്രദമായ അതുപോലെയുള്ള പ്രവൃത്തികൾക്കായിരുന്നു. അവന് ഇരട്ടിഭാഗം ലഭിച്ചിട്ടില്ലായിരുന്നെങ്കിൽ അവനു ലഭിച്ച അനുഗ്രഹസമൃദ്ധി എടുത്തുപറയത്തക്കതാകുമായിരുന്നില്ല.

**12.** *എന്തധികാരത്താലാണ് നീ ഇതു ചെയ്യുന്നത്?* എന്നു നമ്മുടെ കർത്താവിനോടു ചോദിക്കാൻ അയയ്ക്കപ്പെട്ടവർ (മത്താ 21:23) യോഹന്നാൻെറ പക്കലേക്ക് അയയ്ക്കപ്പെട്ടവർ തന്നെ ആയിരുന്നു. എന്നാൽ യോഹന്നാൻ വന്നത് മത്സരിക്കുന്നവരെ പഠിപ്പിക്കാൻ അല്ലാത്തതിനാൽ, അവർ ചോദിച്ചത് അവൻ കാണിച്ചുകൊടുത്തില്ല. അവർ യോഹന്നാനെക്കുറിച്ചുള്ള സത്യം ഗ്രഹിക്കാൻ ഒരുക്കമുള്ളവരായിരുന്നില്ല; പിന്നെയോ, "ഈ കാര്യങ്ങൾ ചെയ്യുന്ന നീ ആരാകുന്നു"? എന്ന് പെട്ടെന്ന് അവനോട് ചോദിക്കുകയായിരുന്നു. അതുകൊണ്ട് അവർ പ്രബോധനം തേടുന്നവരെപ്പോലെ ആയിരുന്നില്ല; പിന്നെയോ, മത്സരക്കാരെപ്പോലെ ആയിരുന്നു. അങ്ങനെയുള്ളവർക്ക് അവൻ മറുപടി നൽകിയില്ല. അവർ ഏതൊക്കെ രീതിയിൽ ചോദിച്ചിട്ടും അവർ ചോദിച്ചതിനൊക്കെ, *ഞാൻ മിശിഹായോ, ഏലിയായോ, പ്രവാചകനോ അല്ല എന്ന് അവൻ മറുപടി നൽകി.* അവൻ ഒരു പ്രവാചകനും മറ്റൊരു ഏലിയായും അഭിഷിക്തനും ആയിരുന്നിട്ടും, യോഹന്നാൻ എന്നോ, മനുഷ്യൻ എന്നോ സ്വയം വിളിക്കാതെ *ശബ്ദം* എന്നു മാത്രം പറഞ്ഞു. എന്നാൽ അവനെ ചോദ്യംചെയ്തവർക്ക് അവൻ ഇതൊന്നും ആയി

---

30. 1 രാജാ 2:11-12; മത്താ 14:11.

www.malankaralibrary.com



രുന്നില്ല. നമ്മുടെ കർത്താവ് വിധിയാളനായിരുന്നിട്ടും ചിലരോട് അവിടുന്ന് *ഞാൻ ന്യായാധിപനല്ല* എന്നും (ലൂക്കാ 12:14), അവിടുന്ന് നന്മ പ്രവർത്തിക്കുന്നവൻ ആയിരുന്നിട്ടും മറ്റു ചിലരോട് *ഞാൻ നന്മ പ്രവർത്തിക്കുന്നവനല്ല* എന്നും (മത്താ 19:17) പറഞ്ഞതുപോലെ ആണിത്.

**13.** ഉദയത്തിൻെറ അറിയിപ്പുകാരനായ കോഴിയുടെ കൂവൽ ചെവിയിൽ അടിക്കുന്നതുപോലെ, കത്തിച്ചുവച്ചിരിക്കുന്ന തിരി കണ്ണിലടിക്കുന്നു. അതുപോലെ എഴുത്തും സ്വരവും കൂടിക്കലർന്നിരിക്കുന്നു. ഏലിയായും യോഹന്നാനും ഒന്നായിരിക്കുന്നതുപോലെ, തിരിയും കോഴിയും ഒന്നാണ്. തൻെറ കൂവൽകൊണ്ട്, കേൾക്കാൻ കോഴി നമ്മെ നിർബന്ധിതരാക്കുന്നു. നമ്മെ ഉണർത്തുന്ന സ്വരത്തിൻെറ ഒരു ഛായയാണത്. നമ്മെ പ്രകാശിപ്പിക്കുന്നവൻെറ പ്രകാശത്തിൻെറ പ്രതീകമാണ് കത്തിച്ചുവച്ചിരിക്കുന്ന തിരി. രണ്ടും ഇരുട്ടിനെ നീക്കിക്കളയുന്നു, തിന്മയെ നീക്കിക്കളയുന്നു എന്നതിൽ അവ പിതാവിൻെറയും പുത്രൻെറയും ഛായയാണ്. അവ നിബിയന്മാരുടെയും പ്രവാചകന്മാരുടെയും ഛായ കൂടിയാണ്; കാരണം, രണ്ടു കൂട്ടരുടെയും കാര്യത്തിൽ, സൂര്യൻ അവയെ കടത്തിവെട്ടുന്നു.

**14.** ഏലിയാ തൻെറ നാവുകൊണ്ടു ദുഷ്ടരെ ദഹിപ്പിക്കുകയും തൻെറ വാക്കിൻെറ ശക്തിയാൽ അവർക്ക് ജലം ഇല്ലാതാക്കിക്കൊണ്ട് ദാഹത്താൽ അവരെ കീഴടക്കുകയും ചെയ്തു. യോഹന്നാൻെറ വായിൽ കത്തിക്കൊണ്ടിരുന്ന അഗ്നി ഏലിയായുടെ ഛായയായിരുന്നു. ഇത് തിരി കാട്ടുന്നു എന്നത് ശ്രദ്ധിക്കുക. മരുഭൂമിയിലെ നിശ്ശബ്ദതയിൽ പ്രസംഗിച്ചിരുന്ന യോഹന്നാൻെറ പ്രതീകമാണ്, രാത്രിയിലെ നിശബ്ദതയിൽ കൂവുന്ന കോഴി. വൈകിട്ട് തിരി കത്തിക്കുമ്പോൾ കോഴിയുടെ ശബ്ദം കേൾക്കാറില്ല; കാരണം അതു പ്രഭാതത്തിലേ കൂവാറുള്ളു. ഏലിയായുടെ തിരിച്ചുവരവിന് സാക്ഷിയാകുവാനായി, പ്രഭാതത്തിലെ ശബ്ദവും വൈകിട്ടത്തെ തിരിയും പ്രതീകാത്മകമായി യോഹന്നാനിൽ സമ്മേളിക്കുന്നു.

**15.** സ്വരം യോഹന്നാൻേറതായിരുന്നു; എന്നാൽ സ്വരത്തിലൂടെ സ്വയം പ്രകാശനം നടത്തിയത് നമ്മുടെ കർത്താവ് ആയിരുന്നു. സ്വരം അവരെ ഉണർത്തി, സ്വരം സ്വരമുയർത്തി അവരെ ഒന്നിച്ചു കൂട്ടി; എന്നാൽ വചനം തൻെറ ദാനങ്ങൾ അവർക്കു പങ്കിട്ടുകൊടുത്തു. അവരുടെ പാപങ്ങൾക്ക് അനുസൃതമായിട്ടായിരുന്നു അവൻ അറിയിച്ച ശിക്ഷ. അവർ ദുഷ്ടത

www.malankaralibrary.com



യോടുകൂടി പ്രവർത്തിച്ചു; ദൈവം അവരെ ലഘുവായി ശിക്ഷിച്ചു. *അവൻ കോടാലികൊണ്ട് വന്മരങ്ങളുടെ ശിഖരങ്ങൾ വെട്ടിത്താഴെയിട്ടു* എന്ന് ഏശായാ പറഞ്ഞു (10:34): അവൻ വേരിനെ പറ്റിയല്ല, ശിഖരങ്ങളെപ്പറ്റി യാണു പറഞ്ഞത്. അവരുടെ പാപങ്ങളുടെ അളവ് തികഞ്ഞപ്പോൾ, യോഹന്നാൻ വന്ന് അവരുടെ മരങ്ങളുടെ വേരുകൾ തന്നെ വെട്ടിക്കളഞ്ഞു. *എന്തുകൊണ്ടെന്നാൽ, വൃക്ഷങ്ങളുടെ വേരുകൾക്ക് കോടാലി വയ്ക്കപ്പെട്ടിരിക്കുന്നു* (മത്താ 3:10): ഏശായാ സ്പർശിക്കാതെ വിട്ടുകളഞ്ഞ വേരുകൾ! സത്യവാൻെറ ഉദരത്തിലല്ലാതെ എപ്പോഴാണ് ഇതു സംഭവിക്കുക! വടിയുടെയും മുളയുടെയും സാദൃശ്യത്തിൽ സൂചിതമായിരിക്കുന്നത് അവനാണ്; ഏഴു രീതികളിൽ എന്നു പരാമർശിക്കപ്പെടുന്ന ആത്മാവ് അവനിൽ ആണ് വസിക്കുന്നത് (ഏശാ 11:1-2).

## യേശുവിനെ ദേവാലയത്തിൽ കണ്ടെത്തുന്നത്

**16.** *ഞാനും നിൻെറ പിതാവും ആകാംക്ഷാപൂർവം നിന്നെ തേടുകയായിരുന്നു* (ലൂക്കാ 2;48). അതിന് അവിടുന്ന് പ്രത്യുത്തരിച്ചു: *ഞാൻ എൻെറ പിതാവിൻെറ ഭവനത്തിൽ ആയിരിക്കുക എനിക്ക് ഉചിതമാകുന്നു*(2:49). അവർ അവനെ കൊന്നുകളയുമോ എന്നു ഭയന്നാണ് അവർ അവനെ അന്വേഷിച്ചത്. അവന് രണ്ടു വയസ്സുള്ളപ്പോൾ, തങ്ങളുടെ രാജാവായ ഹേറോദേസിനോടുകൂടി ഇതായിരുന്നു അവർ ചെയ്യാൻ ആഗ്രഹിച്ചത്.

## സ്നാപകയോഹന്നാൻെറ ജീവിതരീതി

**17.** *യോഹന്നാൻ ഒട്ടകരോമംകൊണ്ടുള്ള വസ്ത്രം ധരിച്ചിരുന്നു* (മത്താ 3:4); കാരണം, നമ്മുടെ പാവനമായ ആടിൻെറ രോമം അപ്പോഴും വെട്ടിയിരുന്നില്ല! *ഈ കല്ലുകളിൽ നിന്ന് മക്കളെ എഴുന്നേൽപ്പിക്കാൻ ദൈവത്തിനു കഴിയും*(3:9). അതായത്, *ഞാൻ നിന്നെ അനേകം തലമുറകളുടെ പിതാവായി നിയമിച്ചിരിക്കുന്നു* എന്ന് എഴുതപ്പെട്ടിരിക്കുന്നതനുസരിച്ച് (ഉല്പ 17:4) കല്ലിനെയും മരത്തെയും ആരാധിച്ചിരുന്നവരിൽ നിന്ന്, പാപരഹിതനെ സ്നാനപ്പെടുത്തേണ്ടവൻ ആയിരുന്നതിനാൽ, യോഹന്നാൻ എല്ലാ പാപങ്ങളിൽനിന്നും അകന്നിരുന്നു. 'യോഹന്നാനേ, നീ എന്നെ സ്നാനപ്പെടുത്തുന്നതിൽ അത്ഭുതപ്പെടേണ്ട; കാരണം, എനിക്ക് ഒരു സ്ത്രീയിൽനിന്ന് അഭിഷേകത്തിൻെറ സ്നാനം ഇനിയും സ്വീകരിക്കേണ്ടതായിട്ടുണ്ട്. *അവൾ എൻെറ ശവസംസ്കാരത്തിനാണ് ഇത്*

www.malankaralibrary.com



*ചെയ്തത്* (യോഹ 12:7); കാരണം, അവൻെറ മരണം സ്നാനം എന്ന് വിളിക്കപ്പെട്ടു. കിണറ്റിൻ കരയിൽ വച്ചാണ് എലിയാസർ റിബേക്കായെ വധുവായി സമ്പാദിച്ചത് (ഉല്പ 24:1-67); യാക്കോബും അതുപോലെ റാഹേലിനെയും കിണറ്റിൻ കരയിൽവച്ച് സ്വന്തമാക്കി (29:1-20); മോശയും സിപ്പോറായെ കിണറ്റിൻകരയിൽവച്ചാണ് തൻേറതാക്കിയത് (പുറ 2:16-21). ഇവയെല്ലാം നമ്മുടെ കർത്താവിൻെറ പ്രതീകങ്ങളായിരുന്നു; അവിടുന്നു തൻെറ സഭയെ യോഹന്നാൻെറ സ്നാനത്തിലൂടെ വരണം ചെയ്തു (എഫേ 5:22-23). റിബേക്കായെ സ്വീകരിക്കാൻ തൻെറ യജമാനനായ ഇസഹാക്ക് വന്നപ്പോൾ, എലിയാസർ റിബേക്കായെ അവനു പരിചയപ്പെടുത്തിക്കൊടുത്തു. അതുപോലെ, യോഹന്നാനും നമ്മുടെ രക്ഷകനെ പരിചയപ്പെടുത്തി: "*ഇതാ, ലോകത്തിൻെറ പാപം നീക്കിക്കളയുന്ന ദൈവകുഞ്ഞാട്* (യോഹ 1:29).

4

# യേശു യോഹന്നാനിൽനിന്ന് സ്നാനമേല്ക്കുന്നു

**1a.** സ്നാനപ്പെടാൻ വന്നപ്പോൾ, *യേശു ഏതാണ്ട് മുപ്പതുവയസ്സുള്ളവനായിരുന്നു* (ലൂക്കാ 3:23). ഇത് മാർസ്യന് ചിന്താക്കുഴപ്പം ഉണ്ടാക്കിയ സംഗതി ആയിരുന്നു. കാരണം, അവിടുന്ന് ഒരു ശരീരം എടുത്തിട്ടില്ലെങ്കിൽ, എന്തിനാണ് സ്നാനത്തെ സമീപിച്ചത്? ദൈവസ്വഭാവത്തിന് സ്നാനപ്പെടേണ്ട ആവശ്യമില്ല. അവിടുത്തേക്ക് മുപ്പതു വയസ്സുണ്ടായിരുന്നു എന്ന സംഗതി കൂടി അവിടുത്തെ മനുഷ്യത്വത്തെ വെളിപ്പെടുത്തുന്നില്ലേ?

**1b.** *ഞാൻ നിന്നാൽ സ്നാനപ്പെടേണ്ടിയിരിക്കുന്നു* (മത്താ 3:14). തർക്കത്തിനു വേണ്ടിയല്ല അവൻ ഈ മറുപടി പറഞ്ഞത്, പിന്നെയോ, തൻെറ നാഥൻെറ ഔന്നത്യം കാണിക്കാൻ വേണ്ടിയാണ്. *അവൻെറ ചെരിപ്പ് ചുമക്കാൻ* യോഹന്നാൻ യോഗ്യനല്ലെങ്കിൽ (3:11), അവനെ സ്നാനപ്പെടുത്താൻ എത്ര അധികമായി അയോഗ്യനായിരിക്കും. *തങ്ങളേക്കാൾ വലിയവരെക്കൊണ്ടാണ് മനുഷ്യർ അനുഗ്രഹിക്കപ്പെടുന്നത്*

www.malankaralibrary.com



(എബ്രാ 7:7). അതുകൊണ്ട്, യോഹന്നാൻെറ വൈമനസ്യം ഉചിതമായിരുന്നു; അവൻെറ അനുസരണം അവനു ചേരുന്നതുമായിരുന്നു. തന്നേക്കാൾ ശ്രേഷ്ഠനായ വ്യക്തിയെ താൻ സ്നാനപ്പെടുത്തുന്നത് ഉചിതമല്ലാത്തതുപോലെ, തൻെറ നാഥൻെറ കല്പനയെ സംബന്ധിച്ച് തർക്കത്തിൽ ഏർപ്പെടുന്നതും യോഹന്നാന് ചേർന്നതല്ലായിരുന്നു. നമ്മുടെ കർത്താവിനെ സ്നാനപ്പെടുത്താൻ യോഗ്യനായി പരിഗണിക്കത്തക്കവിധം, അവിടുത്തേക്ക് അപ്പോഴും കുറവുണ്ടായിരുന്നത് അവൻ നികത്തുന്നു എന്നവിധമല്ല; പിന്നെയോ, തെറ്റുകാരനായ ആദത്തെ അവിടുന്ന് ധരിച്ചതിനാലാണ് കർത്താവ് സ്നാനമേല്ക്കാൻ കടന്നുവന്നത്.

യോഹന്നാൻ *അനുതാപത്തിൻെറ* സ്നാനമാണ് പ്രസംഗിച്ചുകൊണ്ടിരുന്നത് (മർക്കോ 1:4); അവൻ പാപികളെയാണ് സ്നാനപ്പെടുത്തിയതും. എന്നാൽ *അവനിൽ പാപം കണ്ടെത്തപ്പെട്ടില്ല* എന്ന് നമ്മുടെ കർത്താവിനെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നു (1 പത്രോ 2:22). അങ്ങനെയെങ്കിൽ, അവിടുന്ന് അനുതാപികളുടെ സ്നാനത്തെ സമീപിച്ചത് പാപികളെപ്പോലെ തനിക്കാവശ്യമുണ്ടായിട്ടല്ല എന്നത് സുവ്യക്തമാണല്ലോ. യോഹന്നാനും ഇതിനു സാക്ഷ്യം വഹിക്കുന്നു: കാരണം, *ഞാൻ നിന്നാൽ സ്നാനമേല്ക്കുന്നതാണ് ഉചിതം* എന്ന് യോഹന്നാൻ തൻെറ നാഥനോട് പറഞ്ഞത് ഭയത്തോടും യാചനാരൂപത്തിലുമാണ് (മത്താ.3: 14). നിയമത്തിലുള്ളതിനെ പരാമർശിച്ചുകൊണ്ട്, *ഇപ്പോൾ എല്ലാ നീതിയും പൂർത്തിയാക്കാൻ അനുവദിക്കുക* (മത്താ 3:15) എന്ന് അവിടുന്ന് അരുൾചെയ്തു. കാരണം, ചെറിയ കാര്യങ്ങളിൽ നിയമം ലംഘിക്കുന്നവരും ശാപത്തിന് അധീനരായിരുന്നു; അതുപോലെ നിയമത്തിലുള്ള സർവനീതിയും പൂർത്തിയാക്കാനും ശാപത്തിൽ നിന്നു രക്ഷപെടാനും ആർക്കും കഴിഞ്ഞിരുന്നില്ല. അതുകൊണ്ട്, ശാപം മാറ്റാനും പാപം നീക്കിക്കളയാനുമായി നീതി പൂർത്തിയാക്കുന്നവൻ ആഗതനായി.

1c. സ്വതന്ത്രരാക്കുന്നവരും രാജാക്കന്മാരും പുരോഹിതന്മാരിൽ നിന്ന് അഭിഷേകവും നിയമവും സ്വീകരിക്കുന്നതിനാൽ, *ഇപ്പോൾ നാം നീതി പൂർത്തിയാക്കാൻ അനുവദിക്കുക* (മത്താ 3:15). അവിടുന്ന് ഒരു മനുഷ്യ ശരീരം ധരിച്ച് ആവശ്യക്കാരനായി കാണപ്പെട്ടതുപോലെ, തൻെറ മനുഷ്യത്വത്തിൻെറ സത്യത്തിനു സാക്ഷ്യം വഹിക്കാൻ, പ്രത്യേകിച്ച് തൻെറ സ്നാനത്തിലൂടെ യോഹന്നാൻെറ സ്നാനം അവസാനിപ്പിക്കുന്നതിന് അവിടുന്ന് സ്നാനത്തിന് അണഞ്ഞു. യോഹന്നാൻ സ്നാനപ്പെടുത്തി

www.malankaralibrary.com



യവരെ അവിടുന്ന് വീണ്ടും സ്നാനപ്പെടുത്തിയിരുന്നു. നിയമത്തിൻെറ ദുഷ്ടതയിൽ നിന്ന് ശുദ്ധീകരിക്കുന്ന യഥാർത്ഥസ്നാനം തന്നിലൂടെ വെളിപ്പെട്ടതിനാൽ, യോഹന്നാൻെറ സ്നാനം തൻെറ സമയംവരെ മാത്രമേ ഉപകരിക്കുന്നുള്ളു എന്ന് അവിടുന്നു കാണിച്ചു.

**2.** അവൻെറ അജഗണത്തിലേക്ക് കള്ളനെപ്പോലെ കടക്കുന്നു എന്ന് തോന്നിക്കാതിരിക്കാൻ, *ഇപ്പോൾ അനുവദിക്കുക* എന്ന് നമ്മുടെ കർത്താവ് അരുൾചെയ്തു. യോഹന്നാൻെറ സ്നാനത്തെ നിന്ദിക്കുകയും അതിനോട് വെറുപ്പു കാണിക്കുകയും ചെയ്ത ഫരിസേയരെ ലജ്ജിപ്പിക്കാൻ വേണ്ടിക്കൂടി ആയിരുന്നു അത്. വീണ്ടും, തൻെറ മുന്നോടിയുടെ താഴ്മയെ ബഹുമാനിക്കാനായി അവിടുന്നു പറഞ്ഞു: *തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും* (മത്താ 23:12). *അവൻെറ ചെരിപ്പിൻെറ വാറഴിക്കാൻ ഞാൻ യോഗ്യനല്ല* എന്ന് യോഹന്നാൻ ഏറ്റുപറഞ്ഞതിനാൽ (യോഹ 1:27), *ഇപ്പോൾ നീതി പൂർത്തിയാക്കാൻ അനുവദിക്കുക* എന്നു പറഞ്ഞുകൊണ്ട് നമ്മുടെ കർത്താവ് യോഹന്നാൻെറ വലത്തുകൈ എടുത്ത് തൻെറ തലയിൽ വച്ചു; കാരണം, യോഹന്നാൻ നിയമത്തിൻെറ അന്ത്യമായിരുന്നു: *നിയമവും പ്രവാചകന്മാരും യോഹന്നാൻവരെ വന്നു* (ലൂക്കാ 16:16); എന്നാൽ മിശിഹായാണ് പുതിയനിയമത്തിൻെറ ആരംഭം. അഭിഷേകപൂർണത സ്വീകരിക്കുന്നതിനും, പൂർണമായും അതിൻെറ പൂർണതയിലും തൻെറ ശിഷ്യന്മാർക്ക് അത് നൽകുന്നതിനുമായി, സ്നാനത്തിലൂടെ നമ്മുടെ കർത്താവ് പഴയനിയമത്തിൻെറ നീതി സ്വീകരിച്ചു. കാരണം, ഒരേസമയം അവിടുന്ന് യോഹന്നാൻെറ സ്നാനത്തിനും *നിയമത്തിനും* അന്ത്യം കുറിച്ചു. അവിടുന്നു പാപരഹിതനായിരുന്നതിനാൽ, നീതിയിൽ സ്നാനപ്പെട്ടു; മറ്റുള്ളവരെല്ലാം പാപികളായിരുന്നതിനാൽ, കൃപയിൽ അവിടുന്നു സ്നാനപ്പെടുത്തി. തൻെറ നീതിയിലൂടെ, അവിടുന്ന് നിയമത്തിൽ നിന്നു വിടുവിച്ചു; തൻെറ സ്നാനത്തിലൂടെ, സ്നാനത്തെ അവിടുന്നു നീക്കിക്കളഞ്ഞു.

**3.** *നാം എല്ലാ നീതിയും പൂർത്തിയാക്കാൻ* എന്നതിന് *മറ്റൊരു വ്യാഖ്യാനം*. ഇസ്രായേൽ അജഗണം ഐക്യത്തിൽ ഒന്നിച്ചുകൂടിയിരുന്ന ആലയുടെ വാതിൽക്കലായിരുന്നു യോഹന്നാൻ. നമ്മുടെ കർത്താവ് ആട്ടിൻകൂട്ടത്തിലേക്കു കടന്നത് തൻെറ ശക്തിയാലല്ല, തൻെറ നീതിയാലത്രേ. അവിടുന്നാണ് ഇടയൻ എന്ന് തൻെറ സ്നാനാവസരം അവ

www.malankaralibrary.com



നിൽ വസിച്ച ആത്മാവ് സാക്ഷിച്ചു; കാരണം, യോഹന്നാനിലൂടെ അവിടുന്ന് പ്രവാചകത്വവും പൗരോഹിത്യവും സ്വീകരിച്ചു. *ദാവീദിൻെറ വംശത്തിലൂടെ* ജനിച്ചതിനാൽ, (ലൂക്കാ 2:4) ദാവീദിൻെറ കുടുംബത്തിൻെറ രാജ്യം അവിടുത്തേക്ക് നേരത്തെ ലഭിച്ചിരുന്നു. അഹറോൻെറ പുത്രൻെറ സ്നാനത്താൽ, രണ്ടാം ജനനത്തിലൂടെ, ലേവികുടുംബത്തിൻെറ പൗരോഹിത്യം അവനു കിട്ടി. അവൻെറ രണ്ടാം ജനനം ഈ ലോകത്തിലായിരുന്നു എന്നു വിശ്വസിക്കുന്നവർക്ക്, യോഹന്നാൻെറ സ്നാനത്താൽ ഉള്ള രണ്ടാം ജനനത്തിലൂടെ യോഹന്നാൻെറ പൗരോഹിത്യം അവനു കിട്ടിയതിനെപ്പറ്റി സംശയിക്കാൻ സാധ്യമല്ല. അന്നേദിവസം അനേകർ സ്നാനം സ്വീകരിച്ചെങ്കിലും, ആത്മാവിറങ്ങി ആവസിച്ചത് ഒരാളുടെ മേൽ മാത്രമായിരുന്നു; മറ്റെല്ലാ മനുഷ്യരിലും നിന്ന് കാഴ്ചയിൽ വ്യത്യസ്തനല്ലാതിരുന്നവൻ, ഒരടയാളത്താൽ എല്ലാവരിൽ നിന്നും വേർതിരിക്കപ്പെടുന്നതിനായിരുന്നു ഇത്. അവൻെറ സ്നാനാവസരം ആത്മാവ് താഴേക്കിറങ്ങിവന്നതിനാൽ, തൻെറ സ്നാനത്തിലൂടെ ആത്മാവ് നൽകപ്പെട്ടു.

## യേശുവിൻെറ പ്രലോഭനങ്ങൾ

**4.** *ആ സമയത്ത് സാത്താനാൽ പരീക്ഷിക്കപ്പെടാൻ പരിശുദ്ധാത്മാവ് അവനെ മരുഭൂമിയിലേക്ക് ആനയിച്ചു* (മത്താ 4:1). അവൻെറ മുപ്പതാം വയസ്സുവരെ എന്തുകൊണ്ടാണ് സാത്താൻ അവനെ പരീക്ഷിക്കാഞ്ഞത്? കാരണം, അവൻെറ ദൈവത്വത്തെപ്പറ്റിയുള്ള കൃത്യമായ അടയാളം അതുവരെ സ്വർഗത്തിൽ നിന്ന് നൽകപ്പെട്ടിരുന്നില്ല. അവൻ മറ്റുള്ളവരെപ്പോലെ വിനീതനായി കാണപ്പെട്ടു; തൻെറ ജനത്തിൻെറ ഇടയിൽ പ്രത്യേക ബഹുമാനമൊന്നും അവനു ലഭിച്ചിരുന്നില്ല. ഈ സംഭവത്തിൻെറ ആരംഭംവരെ അവനെ പ്രലോഭിപ്പിക്കുന്നതിൽ നിന്ന് സാത്താൻ ഒഴിഞ്ഞിരുന്നു. എന്നാൽ, ഇപ്പോൾ *ഇതാ ദൈവകുഞ്ഞാട് ആഗതനാകുന്നു; ലോകത്തിൻെറ പാപങ്ങൾ നീക്കുന്നവൻ ഇവനാകുന്നു* (യോഹ 1:29) എന്ന് കേട്ടപ്പോൾ സാത്താൻ അത്യധികം അത്ഭുതപ്പെട്ടുപോയി. എങ്കിലും, സ്നാനത്തിന് ആവശ്യമുള്ളവൻ എന്ന രീതിയിൽ അവിടുന്നു സ്നാനപ്പെടുമോ എന്നു കാണുവാൻ സ്നാനപ്പെടുന്നതുവരെ പിശാച് കാത്തിരുന്നു.

**5.** സകല ആവശ്യങ്ങളും നിറവേറ്റുന്നവൻ ജലത്തിലേക്കിറങ്ങിയതും ആവശ്യക്കാരനെപ്പോലെയല്ലാതെ സ്നാനത്തിനെത്തിയതും,

www.malankaralibrary.com



ജലത്തിന്മേൽ പ്രത്യക്ഷപ്പെട്ട പ്രകാശത്തിന്റെ ശോഭയിൽനിന്നും സ്വർഗത്തിൽ നിന്നുവന്ന സ്വരത്തിൽ നിന്നും പിശാചു മനസിലാക്കി.[31] അപ്പോൾ അവൻ അതേപ്പറ്റി ചിന്തിച്ച് ഇങ്ങനെ ആത്മഗതം ചെയ്തു: *പരീക്ഷണത്തിലൂടെ പോരാട്ടത്താൽ അവനെ ഞാൻ പരീക്ഷിക്കാത്തിടത്തോളം കാലം അവനാരെന്നു പറയാൻ സാധ്യമല്ല.* എന്നാൽ തന്നെ പരീക്ഷിക്കാൻ വന്നവന്റെ ഹിതത്തെ എതിർക്കുക മനുഷ്യസ്നേഹിക്ക് ഉചിതമല്ലായിരുന്നു. എങ്ങനെ പരീക്ഷിക്കണം എന്നറിയാതിരിക്കെ, അവിടുത്തെ സമീപിക്കാൻ അവൻ മുതിർന്നില്ല. അതുകൊണ്ട്, നമ്മുടെ കർത്താവ് പോരാട്ടത്തിന് തയാറായി, സുസജ്ജനായി, പരിശുദ്ധാത്മ ശക്തിയാൽ സ്വയം വസ്ത്രം ധരിക്കുന്നതുവരെ പരീക്ഷിക്കാനായി സാത്താൻ അവിടുത്തെ സമീപിച്ചില്ല.

**6.** *സാത്താനാൽ പരീക്ഷിക്കപ്പെടാൻ പരിശുദ്ധാത്മാവ് അവനെ മരുഭൂമിയിലേക്ക് ആനയിച്ചു.* കർത്താവ് തന്റെ ശാന്തത നിമിത്തം അവനെ എതിർക്കാൻ ആഗ്രഹിച്ചില്ല. അല്ലെങ്കിൽ, "സാത്താനെതിരെയുള്ള പോരാട്ടത്തിൽ ഉറച്ചുനില്ക്കാൻ അവനു കഴിവില്ലായിരുന്നു; അതുകൊണ്ടാണ് പോയി തന്റെ പരീക്ഷകനെ എതിരിടാൻ അവനു മനസില്ലാതിരുന്നത്" എന്നു പറഞ്ഞുകേട്ടവർ ധൈര്യമറ്റു പോകുമായിരുന്നു. 'ആത്മാവ് പുത്രനു താഴെയാണ്' എന്ന് വിശ്വാസത്യാഗികൾ പറയുന്നത് തടയുന്നതിനാണ് പ്രത്യേകമായി അവിടുന്ന് ഇപ്രകാരം ചെയ്തത്. ബഹുമാനിക്കാനും പ്രശാന്തതയ്ക്കുമല്ലാതെ, പോരാട്ടത്തിനു മാത്രമാണ് ആത്മാവ് അവിടുത്തെ നയിച്ചതെങ്കിൽ, ഇത് പരിശോധിക്കുന്നവരുടെ മനസ് എതിരാളികളുടെ അഭിപ്രായങ്ങളിലേക്ക് എങ്ങനെ ചായാതിരിക്കും? എന്നാൽ ആത്മാവ് പുത്രനേക്കാൾ താണവനാണെങ്കിൽ, മരുഭൂമിയിലേക്ക് അവനെ തള്ളിവിടാനുള്ള അധികാരം ആത്മാവിന് എങ്ങനെ നൽകപ്പെട്ടു? കാരണം, അവനെ ആനയിച്ചതിൽ ആത്മാവ് യജമാനനായി കാണപ്പെടുന്നു. *പരീക്ഷിക്കപ്പെടാൻ ആത്മാവ് അവനെ മരുഭൂമിയിലേക്ക് ആനയിച്ചു* എന്ന വാചകം, *ആദ്യമേ ബലവാനെ പിടിച്ചുകെട്ടുകയും പിന്നെ അവന്റെ വസ്തുവകകൾ കൊള്ളയടിക്കുകയും ചെയ്യുകയല്ലാതെ, അവന്റെ വസ്തുവകകൾ കൊള്ളയടിക്കാൻവേണ്ടി*

31. ജസ്റ്റിനും എപ്പിഫാനിയസും സ്രോഗിലെ യാക്കോബും ഈ രീതിയിൽ ഉള്ള വിവരണം നൽകുന്നു.

www.malankaralibrary.com



*ആർക്കും അവൻെറ ഭവനത്തിൽ കടക്കാൻ കഴിയുകയില്ല* എന്നതു പോലെയാണ് (മത്താ 12:29). അതുകൊണ്ട്, നമ്മുടെ കർത്താവ് ബലവാനെ ബന്ധിക്കുകയും അവൻെറ വാസസ്ഥലത്തുതന്നെ അവനെ കീഴടക്കുകയും ചെയ്തു; അതിനുശേഷം അവിടുന്നു തൻെറ പ്രഘോഷണം അരംഭിച്ചു. നാം ഉപവാസത്തിലൂടെ സാത്താൻെറ ദുഷ്ടതയെ കീഴടക്കാനായി, അവിടുന്ന് നമുക്കുവേണ്ടി ഉപവാസത്തിൻെറ പാത തുറന്നു.

**7.** *അവൻ നാല്പതു ദിവസം ഉപവസിച്ചു. അപ്പോൾ അവനു വിശന്നു* (മത്താ 4:2). ശത്രുവിന്മേലുള്ള വിജയത്തിലൂടെ, സർവജനത്തിൻെറയും മുമ്പാകെ അവൻെറ പരാജയം തുറന്നുകാട്ടുവാനായിരുന്നു ഇത്. കർത്തൃവചനങ്ങൾക്കുവേണ്ടി ആയിരിക്കണം നമുക്കു വിശക്കേണ്ടത് എന്ന് ഇപ്രകാരം തൻെറ വാക്കുകളിലൂടെ അവിടുന്നു നമ്മെ പഠിപ്പിച്ചു. 'മോശയ്ക്കും ഏലിയായ്ക്കും വിശന്നു' എന്ന് അവരെപ്പറ്റി രേഖപ്പെടുത്താതെ, 'നമ്മുടെ കർത്താവിനു വിശന്നു' എന്ന് എന്തുകൊണ്ടാണ് അവിടുത്തെപ്പറ്റി തിരുലിഖിതം രേഖപ്പെടുത്തിയിരിക്കുന്നത്? 'അവിടുന്ന് ഒരു ശരീരം എടുത്തില്ല' എന്നു പറയുന്നവരെ തിരുലിഖിതം ലജ്ജിപ്പിക്കുന്നതിനും, *കല്ലുകൾ അപ്പമായി തീരുവാൻ കല്പിക്കുക* എന്ന് അവിടുത്തോടു പറഞ്ഞുകൊണ്ട് (മത്താ 4:3), പരീക്ഷിക്കുന്നതിനായി അടുത്തുവരുന്നതിന് സാത്താന് കളം ഒരുക്കുന്നതിനും വേണ്ടിയായിരുന്നു ഇത്. എന്നാൽ താനാഗ്രഹിച്ചത് ദുഷ്ടന് നൽകാതിരിക്കാനായി, നമ്മുടെ കർത്താവ് അപ്രകാരം ചെയ്തില്ല. എന്നാൽ പന്നിയെ സംബന്ധിച്ച് അവൻ ആവശ്യപ്പെട്ടത് അവിടുന്നു നൽകി; അവൻെറ ഇഷ്ടം ചെയ്യാനല്ല, പിന്നെയോ, അവിടെ അവിടുന്ന് ചെയ്യാനിരുന്ന അടയാളങ്ങളെപ്രതി ആയിരുന്നു. കാരണം, അവിടുന്ന് അത്ഭുതം പ്രവർത്തിച്ചില്ലെങ്കിൽ, ഗദറായക്കാരുടെ നാട്ടിലുള്ളവർ ആരും അവൻെറ പക്കലേക്ക് പോകുകയില്ലായിരുന്നു (മർക്കോ 5:1-20).

**8a.** ആദ്യത്തെ പരീക്ഷയാൽ സാത്താൻ ലജ്ജിക്കാഞ്ഞതിനാൽ, *അവൻ അവിടുത്തെ പുറത്തേക്കു കൊണ്ടുവന്ന്, ദേവാലയഗോപുരത്തിൽ നിർത്തി* (മത്താ 4:5). *കല്ലിന്മേൽ കല്ല് ശേഷിക്കയില്ല* എന്ന് നമ്മുടെ കർത്താവ് പറഞ്ഞതുപോലെ (24:2) ദേവാലയം പിന്നീട് തകർക്കപ്പെട്ടെങ്കിലും, ആ സ്ഥലം ഇപ്പോഴും നിലനില്ക്കുന്നു. അവിടുന്ന് നിന്ന സ്ഥലം ഒരടയാളമായി സംരക്ഷിക്കപ്പെടുന്നു.

www.malankaralibrary.com



8b. *അവൻ അവിടുത്തെ ദേവാലയത്തിൻെറ ഗോപുരത്തിൽ നിർത്തി* (മത്താ 4:5). 'ആ മരം വഴി ദൈവമായി തീരാൻ തനിക്കു കഴിയും' എന്ന് ഒരിക്കൽ ആദത്തെക്കൊണ്ട് അനുമാനിപ്പിച്ചതുപോലെ (ഉല്പ 3:5) 'മനുഷ്യനായിരുന്നവന് ദൈവഭവനം വഴി ദൈവമായി തീരാൻ കഴിയും' എന്ന് അവനെക്കൊണ്ട് സമ്മതിപ്പിക്കാനായിരുന്നു അത്. വെറും ഒരു മനുഷ്യൻ എന്ന മട്ടിൽ *അവൻ അവിടുത്തെ മലയിലേക്ക് കൂട്ടിക്കൊണ്ടുപോയി* (മത്താ 4:8). *നീ എന്നെ ആരാധിച്ചാൽ, രാജ്യങ്ങളെല്ലാം നിനക്കു ഞാൻ തരാം* (4:9). അവൻ തൻെറ വഞ്ചനാരീതി മാറ്റിയെങ്കിലും, അതോടുകൂടി അവൻ സത്യവാനെ ഇളക്കിയില്ല. ആദിയിൽ ദൈവം അവനെ ഉണ്ടാക്കി; പൂർണനായപ്പോൾ, അവൻ ആവശ്യക്കാരനും ഒരാരാധകനുമായി (എബ്രാ 1:6). തൻെറ എല്ലാ സമ്പാദ്യങ്ങളും നിമിത്തം, തൻെറ ആരാധനയുടെ ഗർവിൽ അവൻ അന്ധനായിതീരുകയും ഇക്കാരണത്താൽ അവൻ കുടുതലായി ശിക്ഷിക്കപ്പെടുകയും ചെയ്തു. അവനെ അടുത്തറിയാവുന്നവനെ സാത്താൻ തിരിച്ചറിയാഞ്ഞതിനാൽ, *സാത്താൻ* എന്ന അവൻെറ പേരുചൊല്ലി നമ്മുടെ കർത്താവ് അവനെ വിളിച്ചു (മത്താ 4: 10). എന്നാൽ നമ്മുടെ കർത്താവിനെ എങ്ങനെ വിളിക്കണമെന്ന് അവന് അറിയില്ലായിരുന്നു.

8c. അതുകൊണ്ട് അവൻ അവിടുത്തോടു പറഞ്ഞു: *ഇവിടെ നിന്നു താഴേക്കു ചാടുക; എന്തുകൊണ്ടെന്നാൽ നീ തട്ടിവീഴാതിരിക്കാൻ അവർ നിന്നെ കാത്തുകൊള്ളും എന്ന് എഴുതപ്പെട്ടിരിക്കുന്നു* (ലൂക്കാ 9:4-11). പരീക്ഷകനേ, ഈ സങ്കീർത്തനം അവനിൽ പൂർത്തീകരിക്കപ്പെട്ടെങ്കിൽ, *തൻെറ ചിറകുകൾ കൊണ്ട് അവൻ നിന്നെ വിടുവിക്കാൻ* എന്നും കൂടി അവിടെ എഴുതപ്പെട്ടിട്ടില്ലേ? (സങ്കീ 91:12). പറവകൾക്കു താഴെവീഴാൻ സാധ്യമല്ല, കാരണം, അവിടെ ചിറകുകളുടെ താഴെയുള്ള വായു തറ പോലെയാണ്. *സർപ്പത്തിന്മേലും അണലിമേലും നീ ചവിട്ടും* എന്നും എഴുതപ്പെട്ടിട്ടില്ലേ? (സങ്കീ 91:13). എന്നാൽ തനിക്കു പറ്റിയ ഭാഗങ്ങൾ മാത്രം സാത്താൻ തിരുലിഖിതത്തിൽ നിന്ന് എടുക്കുകയും, തനിക്ക് പറ്റാത്തവ വിട്ടുകളയുകയും ചെയ്തു. പാഷണ്ഡികളും ഇതുപോലെയാണ്. തങ്ങളുടെ തെറ്റായ പ്രബോധനങ്ങൾക്കു ചേരുന്ന ഭാഗങ്ങൾ അവർ തിരുലിഖിതത്തിൽ നിന്നെടുക്കുകയും, തങ്ങളുടെ തെറ്റുകളെ ഖണ്ഡിക്കുന്നവ വിട്ടുകളയുകയും, അങ്ങനെ ഈ യജമാനൻെറ ശിഷ്യരാണെന്ന് കാണിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



**9.** ഇതിനും പുറമേ, *അവൻ അവിടുത്തെ ഒരുയർന്ന മലയിലേക്ക് കൂട്ടിക്കൊണ്ടുവന്ന് പറഞ്ഞു: ഈ രാജ്യങ്ങളെല്ലാം എൻേറതാണ്* (മത്താ 4: 8-9). പാഷണ്ഡികൾക്ക് ഇതിൽ സത്യമായും വഴിതെറ്റിപ്പോകുകയും അവൻ ഒരുന്നത യാഥാർത്ഥ്യമാണ് എന്ന് ചിന്തിക്കുകയും ചെയ്യുന്നു. കാരണം, ഞാൻ പറഞ്ഞതുപോലെ തങ്ങൾക്കെതിരെയുള്ള വാക്യങ്ങൾ അവർ വിട്ടുകളയുകയും ശേഷിച്ചവ എടുക്കുകയും ചെയ്യുന്നു. *ഇവ എൻേറതാണ്* എന്ന് അവൻ പറയുമ്പോൾ അവർ അവനെ ഒരുന്നത യാഥാർത്ഥ്യമാക്കുന്നു. എന്നാൽ ഇവരിൽ നിന്നല്ല നാം സത്യം ഗ്രഹിക്കുന്നത്. തങ്ങൾ വിജയിച്ചു എന്ന് അവർ കരുതുന്നതിനാൽ തന്നെ അവർ കൂടുതലായി പരാജിതരാകുന്നു. *അവ എനിക്കു നൽകപ്പെട്ടിരിക്കുന്നു എന്ന് ഇവയ്ക്കുശേഷം അവൻ പറഞ്ഞതിനാൽ* (ലൂക്കാ 4:6) ഇവ സ്വീകരിച്ചവനല്ല, മറ്റൊരാളാണ് ഇവയുടെ സ്രഷ്ടാവ് എന്ന് അവർ മനസിലാക്കണം. *എനിക്ക് ഇവയുടെമേൽ അധികാരം ഉണ്ട്* എന്ന് അവൻ പറഞ്ഞത് (ലൂക്കാ 4:6), അവനു ലഭിച്ചതല്ലാതെ പ്രകൃത്യാ അവന് അവയുടെമേൽ അധികാരം ഉണ്ട് എന്ന അർത്ഥത്തിലല്ല; എന്തുകൊണ്ടെന്നാൽ ശ്ലീഹാ ഇപ്രകാരം പറഞ്ഞിരിക്കുന്നു: *നിങ്ങൾ നിങ്ങളെത്തന്നെ ആർക്കു ഭരമേല്പിക്കുന്നുവോ, അവരുടെ ദാസന്മാരാണ് നിങ്ങൾ* എന്നിത്യാദി (റോമാ 6:16).

**10.** *വീണ് എന്നെ ആരാധിക്കുക* (മത്താ 4:9). ആരംഭം മുതൽ ദൈവമാകാൻ ആഗ്രഹിച്ചവൻെറ അഹങ്കാരം അറിയപ്പെടാൻവേണ്ടിയായിരുന്നു ഇത്. പടച്ചട്ടയണിയാതെ പോരാട്ടത്തിനിറങ്ങിയാൽ തറപറ്റിപ്പോകും എന്ന് നമ്മുടെ കർത്താവിൻെറ ശരീരം സർവജഡത്തിനും മുന്നറിയിപ്പു നൽകുന്നു. നമ്മുടെ കർത്താവ് ആദ്യം ഉപവാസം എന്ന വസ്ത്രം ധരിച്ചു; എന്നിട്ട് പോരാട്ടത്തിനിറങ്ങി. തെരഞ്ഞെടുത്ത അമ്പുകൾ ഉപയോഗിക്കുന്നവനെതിരെ ഉറച്ച പടച്ചട്ട തന്നെവേണം. *ഈ കല്ലുകൾ അപ്പമായി തീരാൻ കല്പിക്കുക* (മത്താ 4:3). വിശപ്പിനെ ഇളക്കിവിട്ട് പരീക്ഷയിലേക്ക് അവനെ തള്ളിവിടാൻ വേണ്ടി, സംതൃപ്തി നൽകുന്ന അമ്പ് അവൻ എയ്തുവിട്ടു. എന്നാൽ വിശപ്പിലൂടെ സാത്താൻ കീഴടക്കിയില്ല; കാരണം, മാർകവചം എന്നവിധം വിശപ്പു തന്നെയും ഉപവാസത്തിൽ പൊതിഞ്ഞതായിരുന്നു. അദൃശ്യമായ ഒരു ആന്തരിക സംതൃപ്തി ഉണ്ടെന്ന്, ബാഹ്യസംതൃപ്തി പഠിപ്പിക്കുന്നവനെ പഠിപ്പിക്കാനായി, വിശപ്പ് അവനെതിരെ തിരിഞ്ഞ് സംതൃപ്തിയുടെ അമ്പുകൾ എയ്തു. *മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിൻെറ വായിൽ നിന്നു വരുന്ന ഓരോ*

www.malankaralibrary.com



*തിരുവചനം കൊണ്ടുമാണ് ജീവിക്കുന്നത്* (മത്താ 4:4; ആവ 8:3). അവൻ പരീക്ഷിക്കാൻ കൊണ്ടുവന്നതിലൂടെ അവൻ പരീക്ഷിക്കപ്പെട്ടു. അവൻ പഠിപ്പിക്കാൻ വന്നതിലൂടെ അവൻ ഖണ്ഡിക്കപ്പെട്ടു. *നീ ദൈവപുത്രനാണെങ്കിൽ, ഈ കല്ലുകൾ അപ്പമായി തീരാൻ കല്പിക്കുക* (മത്താ 4:3). അവിടുന്ന് ദൈവപുത്രനാകയാൽ, കല്ലുകൾ അപ്പമാക്കുവാൻ അവിടുത്തേക്കു കഴിയും എന്ന ഉറപ്പിൻെറ അച്ചാരവും ദുഷ്ടൻെറ വായ് നൽകി.

## പ്രലോഭനങ്ങളെപ്പറ്റിയുള്ള വിചിന്തനം

**11.** നമ്മുടെ കർത്താവ് സാത്താനെ അവൻെറതന്നെ വാക്കാലെയും വാക്കിലൂടെയും പ്രബോധിപ്പിച്ചു. പ്രലോഭകനേ, കല്ലുകളെ അപ്പമാക്കാൻ ദൈവത്തിനു കഴിയുമെങ്കിൽ, അപ്പം കൂടാതെ തൃപ്തിവരുത്താനും ദൈവത്തിനു കഴിയും എന്ന് ഗ്രഹിക്കു. കല്ലിനെ ആഹാരമാക്കി മാറ്റാമെങ്കിൽ, വിശപ്പിനെ സംതൃപ്തിയാക്കി മാറ്റാനും അവിടുത്തേക്കു കഴിയും. ഭക്ഷ്യയോഗ്യമല്ലാത്ത വസ്തുവിനെ ഭക്ഷണമാക്കി മാറ്റാമെങ്കിൽ, വിശപ്പിൻെറ പ്രകൃതത്തെ തൃപ്തിയാക്കി മാറ്റാൻ പ്രയാസമില്ല. മറ്റൊന്നുകൊണ്ട് അതിനു തൃപ്തിവരുത്തുക എന്നതല്ല, പിന്നെയോ, കല്ലിൻെറ സത്തയെ അപ്പമാക്കി മാറ്റുക എന്ന് പ്രലോഭകൻ നിർദ്ദേശിച്ചതുപോലെ വിശപ്പിൻെറ തന്നെ സത്തയെ തൃപ്തിയാക്കി മാറ്റാൻ അവിടുത്തേക്കു കഴിയും. അങ്ങനെ, മുമ്പ് കാൽക്കീഴമർത്തപ്പെട്ടവർ തിരിഞ്ഞ് പ്രലോഭകനെ കാൽക്കീഴമർത്താനായി, ഈ മലയിൽ വച്ച് നമ്മുടെ കർത്താവ് പ്രലോഭകൻെറ ആഗ്രഹങ്ങളെ കാൽക്കീഴമർത്തുകയും താഴേക്കെറിയുകയും ചെയ്തു. അവയ്ക്കുപകരം മുമ്പ് എല്ലാവരും ചവിട്ടിമെതിച്ചിരുന്ന നന്മകൾ എല്ലാവരെയും ഭരിക്കാനായി, അവിടുന്ന് എല്ലാ നന്മകളും പുറപ്പെടുവിച്ചു.

**12.** ശിശുക്കളെ മുക്കിക്കൊന്ന അതേ ജലത്തിൽ ഫറവോ മുങ്ങിച്ചത്തു. അതുപോലെ അനേകരെ നശിപ്പിച്ച അതേ വാളാൽ ദാവീദ് ഗോലിയാത്തിൻെറ തല വെട്ടിനീക്കി.[32] കുരിശിൻെറ പ്രതീകംകൊണ്ട് മോശ വെള്ളത്തെ വിഭജിച്ചു (പുറ 14:16); കല്ലിൻെറ പ്രതീകത്തിലൂടെ ദാവീദ് ഗോലിയാത്തിനെ തറ പറ്റിച്ചു. സാത്താൻ നമ്മുടെ കർത്താവിനെ പരീക്ഷിച്ചപ്പോൾ, തൻെറ വായിലെ വചനത്താൽ അവനെ അവിടുന്നു വിധിച്ചു. മറ്റുള്ളവരെ മുക്കിക്കൊന്ന ജലത്തിൽ ഫറവോ മുങ്ങിച്ചത്തു.

32. പുറ 1:22; 14:23-28; 1 സാമു 17:1-51.

www.malankaralibrary.com



മറ്റുള്ളവരെ കൊന്ന വാളാൽ ഗോലിയാത്ത് കൊല്ലപ്പെട്ടു. ദുഷ്ടൻ നശിപ്പിക്കാൻ ഉദ്യമിച്ചുകൊണ്ടിരുന്ന ശരീരത്താൽ അവൻ കീഴടക്കപ്പെട്ടു. അവൻ ഒരു ദൈവികശക്തിയേ അല്ല എന്ന് തെളിയിക്കപ്പെട്ടു. അവിടുന്ന് സ്നാനപ്പെട്ട മുന്നു മുങ്ങലുകളുടെ പ്രതീകത്തിലൂടെ ജീവദാതാവ് മൂന്നുപ്രാവശ്യം പരീക്ഷിക്കപ്പെട്ടു. *ഈ കല്ലുകൾ അപ്പമായി തീരുവാൻ കല്പിക്കുക* എന്നത് കുട്ടികളുടെ പോഷണത്തിന്റെ ഉറവിടത്തെ സൂചിപ്പിക്കുന്നു. രണ്ടാമത്, *രാജ്യങ്ങളും അവയുടെ മഹത്ത്വവും നിനക്കു ഞാൻ തരും* എന്നത് നിയമത്തിന്റെ വാഗ്ദാനത്തെ കുറിക്കുന്നു. മൂന്നാമത്, *ഇവിടെ നിന്ന് താഴേക്കു ചാടുക* എന്നത് മരണത്തിന്റെ ഇറക്കത്തെ കുറിക്കുന്നു. എന്നാൽ ഇതുകൊണ്ടൊന്നും കർത്താവ് ചഞ്ചലപ്പെട്ടില്ല. സാത്താൻ മുഖസ്തുതി പറഞ്ഞപ്പോൾ അവിടുന്നു കുലുങ്ങിയില്ല, അവൻ അവിടുത്തെ ഭയപ്പെടുത്തിയപ്പോൾ അവിടുന്ന് വികാരഭരിതനായില്ല; മറിച്ച്, തന്റെ പിതാവിന്റെ തിരുഹിതം നിറവേറ്റിക്കൊണ്ട് അവിടുന്ന് തന്റെ വഴിയേ പോയി.

**13.** സജീവന്റെ മുമ്പിൽ സാത്താൻ അവതരിപ്പിച്ച ഈ കാര്യങ്ങളൊന്നും അവിടുത്തേയ്ക്ക് ദുഃഖകാരണമായിരുന്നില്ല. നമ്മുടെ ദുരിതത്തിൽ നിന്ന് അവിടുന്ന് നമുക്കു മോചനം നൽകുന്നു; അവിടുത്തെ പീഡാസഹനത്തിൽ നിന്ന് നാമെല്ലാവരും നവജീവൻ പ്രാപിക്കുന്നു. തന്നെ ഉപദ്രവിക്കാൻ സാധ്യമല്ല എന്നറിയാവുന്നവന് എന്താണു ഭയക്കാനുള്ളത്? നമ്മെ ഉപദ്രവിക്കാൻ സാധിക്കും എന്ന് യഥാർത്ഥത്തിൽ നമുക്ക് അറിയാവുന്നതിനാൽ, കൂടെക്കൂടെ നമ്മിൽ ഭയം ജനിക്കുന്നു.

അവൻ തന്റെ ജനനത്തിലൂടെ മലിനനായി എന്ന് പറയുന്നവർ ഒന്നും ഗ്രഹിക്കുന്നില്ല; കാരണം അവർ തെറ്റിലാണ്. അവർ അനുതാപരഹിതരായതിനാൽ അവർക്കു ഭയമില്ല; അതുപോലെ, അവർ അഹങ്കാരികളാകയാൽ അവർക്കു ഗ്രഹിക്കാനും സാധിക്കുകയില്ല. അവിടുന്ന് കടന്നവന്ന ലോകം ഉദരത്തിൽ നിന്ന് വ്യത്യസ്തമല്ല; കാരണം, എല്ലാ മാലിന്യവും അതിനുള്ളിലുണ്ട്. മറ്റെല്ലാറ്റിനെക്കാളും അശുദ്ധവും മനം മടുപ്പിക്കുന്നതുമായ പാതാളത്തിലേക്കും അവിടുന്നു പ്രവേശിച്ചു. *അവ ദൈവത്തിന്റെ ആലയമാണ്* എന്ന് പ്രത്യേകമായി ശരീരത്തെപ്പറ്റി പറയപ്പെട്ടിരിക്കുന്നതിനാൽ (1 കോറി 3:16-17), തന്റെ ആലയങ്ങളിൽ വസിക്കുക ദൈവത്തിന് അശുദ്ധമായിരുന്നില്ല. മരണത്തെ കൊല്ലാനും അതിന്റെ വേരറുക്കാനും അവിടുന്ന് ആഗ്രഹിച്ചതിനാൽ, സംഗതിയുടെ മൂലത്തിലേക്കു തന്നെ അവിടുന്നു കടന്നു. കാരണം, എവിടെ ശരീരം

www.malankaralibrary.com



ഉണ്ടോ, അവിടെ മരണവും ഉണ്ട്; ശരീരത്തിന്റെ ഉറവിടം ഉദരമാണ്. അതിന്റെ രൂപീകരണത്തിന്റെ തുടക്കം അവിടെയാണ്; അതിന്റെ ജീർണതയ്ക്കായി മരണം ആരംഭിക്കുന്നതും അതിനുള്ളിലാണ്. രൂപീകരണത്തിന്റെ ആദ്യമാസത്തിലും രണ്ടാം മാസത്തിലും മൂന്നാം മാസത്തിലും അല്ലെങ്കിൽ പിന്നീടുള്ള മാസങ്ങളിലും ഗർഭം അലസിപ്പോകുന്ന എത്രയോ സ്ത്രീകളുണ്ട്! മരണം ഗർഭപാത്രത്തിൽനിന്ന് ആരംഭിച്ച് പാതാളത്തിൽ പൂർത്തീകരിക്കപ്പെടുന്നെങ്കിൽ, മരണത്തിന്റെ വേട്ടക്കാരനായ അവിടുന്ന് ഗർഭപാത്രം മുതൽ അതിന്റെ ഉറച്ചകോട്ടയായ പാതാളത്തിലെ അന്ത്യംവരെ എന്തുകൊണ്ട് അതിന്റെ കൂടെ നടന്നുകൂടാ?

**14.** ഏതെല്ലാം രീതികളിൽ *സജീവൻ* മരണത്തെ തകർക്കാൻ ശ്രമിച്ചു എന്ന കാണുക: അവിടുന്ന് ഒരു ഭ്രൂണമായിരുന്നു; ഉദരത്തിലായിരുന്നപ്പോൾ മരണത്തിന് അവനെ നശിപ്പിക്കാൻ കഴിഞ്ഞില്ല. അവൻ ഒരു ശിശുവായിരുന്നു; അവൻ വളർന്നുവന്നപ്പോൾ അവനെ വിരൂപനാക്കാൻ അതിനു കഴിഞ്ഞില്ല. അവിടുന്ന് ഒരു കുട്ടിയായിരുന്നു; അവന്റെ പഠനകാലത്ത് അവനിൽ ആശയക്കുഴപ്പം ഉണ്ടാക്കാൻ അതിനു കഴിഞ്ഞില്ല. അവൻ ഒരു യുവാവായിരുന്നു; ദുരാഗ്രഹങ്ങളാൽ അവനെ വഴിതെറ്റിക്കാൻ അതിനു കഴിഞ്ഞില്ല. അവൻ ശിക്ഷണവിധേയനായി; എന്നാൽ അതിന്റെ തിന്മകളാൽ അവനെ കീഴടക്കാൻ അതിനു കഴിഞ്ഞില്ല. അവൻ ഒരു പ്രബോധകനായിരുന്നു; അവന്റെ ബുദ്ധിവൈഭവം നിമിത്തം അവനെ ഖണ്ഡിക്കാൻ അതിനു കഴിഞ്ഞില്ല. അവൻ ജാഗരൂകനായിരുന്നു; തന്റെ കല്പനകൾ കൊണ്ട്, അവന്റെ ലക്ഷ്യത്തിൽ നിന്ന് അവനെ പിന്തിരിപ്പിക്കാൻ അതിനു കഴിഞ്ഞില്ല. അവൻ ബലവാനായിരുന്നു; അവന്റെ കൊലയിൽ അവനെ ഭയപ്പെടുത്താൻ അതിനു കഴിഞ്ഞില്ല. അവൻ ഒരു ജഡമായി കല്ലറയ്ക്കുള്ളിലായി; എന്നാൽ അവനെ അടക്കിവയ്ക്കാൻ അതിനു കഴിഞ്ഞില്ല. അവൻ ഭിഷഗ്വരനായിരുന്നതിനാൽ, രോഗിയായിരുന്നില്ല. അവൻ ഇടയനായിരുന്നതിനാൽ, അവനു വഴി തെറ്റിയില്ല. അവൻ പ്രബോധനകനായിരുന്നതിനാൽ തെറ്റു ചെയ്തില്ല. അവൻ പ്രകാശമായിരുന്നതിനാൽ, ഇടറിവീണില്ല. ഗർഭപാത്രത്തിലെ ആരംഭംമുതൽ ഉത്ഥാനത്തിലെ പൂർത്തീകരണംവരെ, തന്റെ സഭയ്ക്കുവേണ്ടി മിശിഹാ തുറന്ന പരിപൂർണ പാത ഇതാകുന്നു.

**15.** അവന്റെ സാക്ഷിയായ പൗലോസ് പറയുന്നതുപോലെ, *സഭ അവന്റെ ശരീരമാണ്* (എഫേ 1:23). എങ്കിൽ സഭ ഇതിലൂടെയെല്ലാം

www.malankaralibrary.com



യാത്ര ചെയ്തിട്ടുണ്ട് എന്ന് സംശയരഹിതമായി വിശ്വസിക്കുക. ആദത്തിൻെറ ഏകശരീരത്തിൻെറ ശിക്ഷാവിധിയിലൂടെ എല്ലാ ശരീരങ്ങളും മരിച്ചു; മരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു (റോമാ 5:12-21); അതുപോലെ മിശിഹായുടെ ഏകശരീരത്തിൻെറ വിജയത്തിലൂടെ അവൻെറ സഭ മുഴുവനും ജീവിച്ചു; ജീവിക്കുകയും ചെയ്യുന്നു. ഈ ശരീരങ്ങൾ തന്നെയും പാപം ചെയ്യുകയും മരിക്കുകയും ചെയ്തതിനാൽ തങ്ങളുടെ അമ്മയായ ഭൂമിയും ശപിക്കപ്പെട്ടു (ഉല്പ 3:17-19). അതുപോലെ, സഭയാകുന്ന, ജീർണതയില്ലാത്ത ഈ ശരീരം നിമിത്തം (എഫേ 5:25-27), ആരംഭംമുതലേ അതിൻെറ ഭൂമി അനുഗൃഹീതമാണ്. ആലയത്തിൻെറ ഭൂമി മറിയത്തിൻെറ ശരീരമാണ്; അവളിലാണ് അതു വിതയ്ക്കപ്പെട്ടത്. അവളുടെ കാതുകളിൽ അതു വിതയ്ക്കാൻ വ്യക്തമായ സ്വരത്തിൽ എത്തിയ ദൂതനെയും നിരീക്ഷിച്ചാലും. *സമാധാനം നിന്നോടുകൂടെ; നീ സ്ത്രീകളിൽ അനുഗൃഹീതയാകുന്നു* എന്നു പറഞ്ഞുകൊണ്ടാണ് അവൻ വിത്തുവിതയ്ക്കാൻ തുടങ്ങിയത് (ലൂക്കാ 1:28). *നീ സ്ത്രീകളിൽ അനുഗൃഹീതയാകുന്നു* എന്നു പറഞ്ഞുകൊണ്ട്, രണ്ടാമത്തെ സ്വരമായ എലിസബത്ത് അതു മുദ്രവച്ചു (1:42). ഒന്നാമത്തെ മാതാവ് ശപിക്കപ്പെട്ടതിനാൽ രണ്ടാമത്തെ മാതാവ് അനുഗൃഹീതനാമങ്ങളാൽ പ്രകീർത്തിക്കപ്പെട്ടു എന്ന് വ്യക്തമാക്കാനായിരുന്നു ഇത്.

**16.** *കുറേസമയത്തേക്ക് സാത്താൻ അവനെ വിട്ടുപോയി* (ലൂക്കാ 4: 13). നിയമജ്ഞരുടെ അസൂയയിലൂടെയും പരദൂഷണത്തിലൂടെയും കർത്താവിൻെറ വിജയം അർത്ഥശൂന്യമാക്കാൻ അവൻ തന്നെത്തന്നെ ഒരുക്കുകയായിരുന്നു. എന്നാൽ ആരംഭത്തിൽ സാത്താൻ പരാജയപ്പെട്ടതുപോലെ, അവസാനത്തിലും അവൻ പരാജയപ്പെട്ടു; കാരണം, തൻെറ മരണത്തിലൂടെ കർത്താവ് കൂടുതൽ വിജയശ്രീലാളിതനായി. *എൻെറ പിന്നിലേക്കു പോകുക* എന്ന് അവിടുന്ന് കല്പിച്ചു (മർക്കോ 4:10). *രാജ്യങ്ങളെല്ലാം എൻേറതാണ്* (ലൂക്കാ 4:6) എന്ന് പറഞ്ഞപ്പോൾ, സാത്താൻ പച്ചക്കള്ളം തട്ടിവിട്ടതിനാൽ അവിടുന്ന് അവനോടു കോപിച്ചു. അഭക്തിയാണ് അവൻ തട്ടിവിട്ടത്; *കാരണം മനുഷ്യരുടെ രാജ്യങ്ങളുടെമേൽ ദൈവത്തിനാണ് പരമാധികാരം; അവിടുന്ന് തനിക്ക് ഇഷ്ടമുള്ളവന് അതു നൽകുന്നു* (ദാനി 4:14ff). മേലിൽ തൻെറ വാക്കിനെതിരെ നില്ക്കാൻ കഴിയാതിരിക്കത്തക്കവിധം, തൻെറ വചനത്താൽ അവിടുന്ന് അവൻെറ ഗർവിനെ ശാസിച്ചു. എല്ലാ നല്ലവസ്തുക്കളും ലഭിക്കുന്നത് സത്യദാതാവിൽ നിന്നുമാത്രമാണെന്ന് തന്നെ അനുസരിക്കുന്ന

www.malankaralibrary.com



വരെ പഠിപ്പിക്കുന്നതിനും, തൻെറ യഥാർത്ഥമായ ആധിപത്യം വ്യക്തമാക്കുന്നതിനും വേണ്ടിയായിരുന്നു ഇത് . *മാലാഖമാർ വന്ന് അവനെ ശുശ്രൂഷിച്ചു* (മത്താ 4:11). ഇത്, സ്നാനാന്തരം നാം പ്രലോഭിതരാകുമെന്നും, പ്രലോഭനാനന്തരം നാം സ്വർഗരാജ്യത്തിൽ പ്രവേശിക്കുമെന്നും നമുക്കൊരു ദൃഷ്ടാന്തം നൽകുന്നതിനുവേണ്ടിയായിരുന്നു.

## ആദ്യശിഷ്യരെ വിളിക്കുന്നത്

**17.** നമ്മുടെ കർത്താവിനെപ്പറ്റി യോഹന്നാൻ സംസാരിക്കുന്നത് അവൻെറ ശിഷ്യന്മാർ കേട്ടപ്പോൾ അവർ തങ്ങളുടെ ഗുരുവിനെ വിട്ടിട്ട് നമ്മുടെ കർത്താവിൻെറ പിന്നാലെ പോയി. സ്വരത്തിന് ശിഷ്യരെ തന്നിൽതന്നെ ഒതുക്കിനിർത്താൻ കഴിഞ്ഞില്ല; പിന്നെയോ, അത് അവരെ വചനത്തിലേക്കു അയച്ചു. സൂര്യൻ ഉദിച്ചപ്പോൾ വിളക്കിൻെറ പ്രകാശം മങ്ങിപ്പോകുക ഉചിതമായിരുന്നു (യോഹ 5:35). കർത്താവിൻെറ സ്നാണത്താൽ യോഹന്നാൻെറ സ്നാനം അവസാനിക്കണം എന്ന ഒറ്റ കാര്യത്തിനുമാത്രമാണ് യോഹന്നാൻ നിലനിന്നത്. തൻെറ മാതാവിൻെറ ഉദരത്തിൽ അവൻ പാതാളത്തിൻെറ ഒരടയാളമായിരുന്നു; അതുപോലെ, മരിച്ചവരുടെ ഇടയിൽ അവൻ ഒന്നാമനും മുന്നോടിയും ആകുന്നതിനായി അതിനുശേഷം യോഹന്നാൻ മരിച്ചു.

**18.** *ഞങ്ങൾ മിശിഹായെ കണ്ടെത്തി* (യോഹ 1:41). വിദ്വാന്മാർ വന്ന സമയംമുതൽ (മത്താ 2:1-6) അവിടുത്തെ പ്രശസ്തി വ്യാപിച്ചുകൊണ്ടിരുന്നു എന്ന് ഇതു വെളിപ്പെടുത്തുന്നു. അവനെ സ്നാനപ്പെടുത്തിയ യോഹന്നാൻ വഴിയും പരിശുദ്ധാത്മാവിൻെറ സാക്ഷ്യത്താലും അത് കൂടുതൽ വ്യാപിച്ചുകൊണ്ടിരുന്നു. പിന്നീട് നാല്പതുദിവത്തെ ഉപവാസ ദിവസങ്ങളിൽ അവിടുന്ന് ഏകാന്തവാസി ആയിത്തീർന്നു. അതുകൊണ്ടാണ് തെരഞ്ഞെടുക്കപ്പെട്ടവർ അവനെപ്പറ്റിയുള്ള വാർത്തയ്ക്കായി ദാഹിച്ചുകൊണ്ടിരുന്നത്. *ലോകങ്ങൾക്കു മുമ്പേ നിങ്ങളെ ഞാൻ തെരഞ്ഞെടുത്തു* എന്ന് അവിടുന്ന് പറഞ്ഞതുപോലെ (യോഹ 15:16.19), ഇവ അവിടുത്തെ ഉപകരണങ്ങളായിരുന്നു. പാണ്ഡിത്യം ഇല്ലാത്ത കൂട്ടരായ ഗലീലിയരെ അവിടുന്നു തെരഞ്ഞെടുത്തു; *ഇരുട്ടിൽ വസിക്കുന്ന ജനം* എന്ന് പ്രവാചകർ അവരെപ്പറ്റി വിവരിച്ചിട്ടുള്ളതാണ്. നിയമപണ്ഡിതരെ ലജ്ജിപ്പിക്കാനായി ഇവർ പ്രകാശം ദർശിച്ചു. *ഭോഷന്മാരിലൂടെ ജ്ഞാനികളെ ലജ്ജിപ്പിക്കാൻ അവിടുന്ന് ഈ ലോകത്തിലെ ഭോഷന്മാരെ തെരഞ്ഞെടുത്തു* (1 കോറി 1:27).

www.malankaralibrary.com



**19.** *നസ്രത്തിൽ നിന്ന് എന്തെങ്കിലും നന്മയുണ്ടാകാൻ കഴിയുമോ?* (യോഹ 1:46). അവിടുന്ന് ദാവീദിൻെറ കുടുംബത്തിൽ നിന്ന് അവൻെറ സ്വന്ത ബേത്‌ലഹേമിൽ ജനിക്കുമെന്ന് എഴുതപ്പെട്ടിരുന്നു. എന്നാൽ അവിടുന്ന് ഗലീലിയിൽനിന്നു വന്നെന്നും നസ്രത്തിൽനിന്ന് ഉദയം ചെയ്തെന്നും നാഥാനിയേൽ മനസിലാക്കി: *നസ്രത്തിൽ നിന്ന് എന്തെങ്കിലും നന്മയുണ്ടാകാൻ കഴിയുമോ?* ബേത്‌ലഹേമിൽ നിന്ന് ഒരു നേതാവും രാജകുമാരനും എഴുന്നേൽക്കും എന്ന് പ്രവാചകൻ പറഞ്ഞിരുന്നു. എങ്കിലും അവൻ നസ്രത്തിൽ നിന്നാണ് എന്നത്രേ നാഥാനിയേൽ കേട്ടിരുന്നത്. അതുകൊണ്ട്, നസ്രത്തിൽ നിന്ന് നല്ലൊരു രാജകുമാരൻ വരുക സാധ്യമാണോ എന്ന് ചോദിച്ചു; കാരണം, അങ്ങനെയൊരു കാര്യം എഴുതപ്പെട്ടിരുന്നില്ല. തിരുലിഖിതപഠനം സംബന്ധിച്ച് തങ്ങൾക്കിഷ്ടമുള്ള രീതിയിൽ വ്യാഖ്യാനം നൽകി, വഞ്ചനാപരമായി പ്രവർത്തിക്കുന്ന മറ്റു നിയമജ്ഞരെപ്പോലെ അല്ല അവൻ എന്ന് തദ്ഫലമായി നമ്മുടെ കർത്താവ് അവനെ കണ്ടപ്പോൾ അവന് നല്ലൊരു സാക്ഷ്യം നൽകി: *വഞ്ചനയില്ലാത്ത ഇസ്രായേൽ നിയമജ്ഞനാണ് ഇവൻ* (യോഹ 1:47). ബേത്‌ലഹേമിനെപ്പോലെ നസ്രത്തിന് ഒരു രാജകുമാരനെ പുറപ്പെടുവിക്കാൻ കഴിയുമോ എന്ന്, കർത്താവിനെ അറിയുന്നതിനുമുമ്പ് അവൻ ചോദിച്ചിരുന്നു. എന്നാൽ തൻെറ സ്വന്തം കണ്ണുകൾകൊണ്ട് കണ്ടുകഴിഞ്ഞപ്പോൾ, തൻെറ സ്നേഹിതരെപ്പോലെ പിന്നീട് അവൻ തടസ്സവാദങ്ങൾ ഉന്നയിച്ചില്ല, മറ്റുള്ളവരെപ്പോലെ ചോദ്യം ചെയ്തുമില്ല. മറിച്ച്, അവിടുന്ന് മിശിഹാ ആണ് എന്ന് അവൻ ഏറ്റുപറഞ്ഞു: ബേത്‌ലഹേമിനെയും നസ്രത്തിനെയും സംബന്ധിച്ചുള്ള പ്രവചനങ്ങൾ അവനിൽ നിറവേറി എന്ന് കാണുകയും ചെയ്തു. *ബേത്‌ലഹേമിൽ നിന്ന് ഒരു രാജകുമാരൻ എഴുന്നെള്ളും (മീക്കാ 5:1); ഗലീലിക്കു മുകളിൽ ഒരു പ്രകാശം ഉദിച്ചു; ഇരുട്ടിൽ സഞ്ചരിച്ചിരുന്ന ജനം പ്രകാശം ദർശിച്ചു* (ഏശാ 8:23-9:1).

**20.** *ഇതാ, ഞാൻ വേട്ടക്കാരെ അയയ്ക്കുന്നു; എല്ലാ മലകളിൽ നിന്നും എല്ലാ ഉയർന്ന സ്ഥലങ്ങളിൽ നിന്നും അവർ അവരെ വേട്ടയാടും* എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ (ജറ 16:16). മീൻപിടുത്തക്കാർ അവൻെറ പക്കലേക്കു ചെന്നു; അവർ ജനങ്ങളെ പിടിക്കുന്നവരായി തീർന്നു. അവൻ വിജ്ഞാനികളെ അയച്ചിരുന്നെങ്കിൽ, തങ്ങളെ പിടിച്ചെടുക്കാൻ അവർ പ്രേരിപ്പിച്ചു എന്നോ, അവരെ പിടിച്ചെടുക്കാൻ വഴി തെറ്റിച്ചെന്നോ ഒക്കെ ജനങ്ങൾ പറയുമായിരുന്നു. വീണ്ടും, അവൻ ധനികരെ അയച്ചിരുന്നെങ്കിൽ, അവർക്കു ഭക്ഷണം നൽകി അവരെ അടുപ്പി

www.malankaralibrary.com



ച്ചെന്നോ അവർക്കു കൈക്കൂലികൊടുത്ത് അവരുടെമേൽ ആധിപത്യം ഉറപ്പിച്ചെന്നോ ഒക്കെ ജനങ്ങൾ പറയുമായിരുന്നു. വീണ്ടും, അവൻ ബലവാന്മാരെ അയച്ചിരുന്നെങ്കിൽ, തങ്ങളുടെ ബലംകൊണ്ട് അവരെ സ്തംഭിപ്പിച്ചെന്നോ, ബലപ്രയോഗത്താൽ അവരെ നിർബന്ധിച്ചെന്നോ ജനങ്ങൾ പറയുമായിരുന്നു.

എന്നാൽ ശ്ലീഹന്മാർക്ക് ഇതൊന്നും ഇല്ലായിരുന്നു. ശെമഓൻെറ ദൃഷ്ടാന്തത്തിലൂടെ ഗ്രഹിക്കാൻ അവൻ അവരെയെല്ലാം സഹായിച്ചു. ഒരു യുവദാസിയുടെ സ്വരത്തിൽ അവൻ ഭയന്നുപോയതിനാൽ, അവൻ പേടിത്തൊണ്ടനായിരുന്നു (മത്താ 26:69-72). നികുതിയായ ഒരു ചക്രം കൊടുക്കാൻ പണമില്ലാത്തതിനാൽ (17:27) അവൻ ദരിദ്രൻ ആയിരുന്നു; *സ്വർണവും വെള്ളിയും എനിക്കില്ല* എന്ന് അവൻ പറഞ്ഞു (നട 3:6). നമ്മുടെ കർത്താവിനെ തള്ളിപ്പറഞ്ഞപ്പോൾ, ഒളിച്ചു കടന്നുകളയാൻ അറിയാൻ പാടില്ലാഞ്ഞതിനാൽ അവൻ മണ്ടനായിരുന്നു. ഈ മുക്കുവന്മാർ കടന്നുചെന്ന് ബലവാന്മാരെയും ബുദ്ധിമാന്മാരെയും ധനികരെയും ഒക്കെ കീഴടക്കി. ഇതു വലിയ അത്ഭുതം തന്നെ ആയിരുന്നു; കാരണം, അവർ ബലഹീനർ ആയിരുന്നെങ്കിലും, ബലപ്രയോഗത്താലല്ല, തങ്ങളുടെ പ്രബോധനത്താൽ ബലവാന്മാരെ അവർ ആകർഷിച്ചു. ദരിദ്രർ ആയിരുന്നെങ്കിലും ധനവാന്മാരെ പഠിപ്പിച്ചു; അവർ പാമരർ ആയിരുന്നെങ്കിലും ബുദ്ധിമാന്മാരെയും വിവേകികളെയും ശിഷ്യരാക്കി. വിജ്ഞാനങ്ങളുടെ വിജ്ഞാനത്തിന് ഈ ലോകത്തിൻെറ വിജ്ഞാനം കീഴടങ്ങി.

5

## കാനായിലെ കല്യാണവിരുന്ന്

1. *കാനായിൽ ഒരു കല്യാണവിരുന്ന് ഉണ്ടായിരുന്നു* (യോഹ 2:1). നമ്മുടെ കർത്താവ് അവിടെ വന്നപ്പോൾ *അവൻെറ അമ്മ അവനോടു പറഞ്ഞു: ഇവിടെ വീഞ്ഞു തീർന്നുപോയി. അവൻ അവളോടു പറഞ്ഞു: സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എൻെറ സമയം ഇതുവരെയും വന്നിട്ടില്ല* (യോഹ 2:3-4). ഇതിൻെറ അർത്ഥം: "ഞാനിത് അവരുടെമേൽ അടിച്ചേല്പിക്കണമോ? മറിച്ച്, വീഞ്ഞു തീർന്നുപോയി എന്ന് അവർ തന്നെ മനസിലാക്കി, അവരെല്ലാവരും കുടിക്കാൻ ചോദിക്കട്ടെ".

www.malankaralibrary.com



അവൻെറ ദാനം അമൂല്യസംഗതിയായി അവർ കരുതുന്നതിനുവേണ്ടി യായിരുന്നു അവനിതു പറഞ്ഞത്. എന്നാൽ അവൾ അവനെ തിടുക്ക ത്തിൽ നിർബന്ധിക്കുകയും പ്രേരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. *എൻെറ സമയം ഇതുവരെയും വന്നിട്ടില്ല.* എന്നതിനു *മറ്റൊരു വ്യാഖ്യാനം:* ഇത് അവൻെറ മരണനാഴികയെ കുറിക്കുന്നതാകാം. അവർ മത്തുപിടിച്ച് ഇരുന്നതിനാൽ, തൻെറ ദാനം അവരെ അടിച്ചേല്പിച്ചാൽ, ഒരുപക്ഷേ അവിടുന്ന് കേടുകൂടാതെ രക്ഷപെട്ടേക്കാം. എന്നാൽ, അപ്പോഴും ഇത് തൻെറ സുവിശേഷത്തിൻെറ ആരംഭം മാത്രമായിരുന്നു.

**2.** അവൻെറ അത്ഭുതങ്ങളുടെ അവസരം ജനക്കൂട്ടത്തിനിടയിൽ അവന് മഹത്ത്വവും ബഹുമാനവും ലഭിക്കാനുള്ള വഴിയായി മറിയം ചിന്തിച്ചതിനാലാണ് *എൻെറ സമയം ഇതുവരെയും വന്നിട്ടില്ല* എന്ന് അവൻ പറഞ്ഞത്. കാരണം, ഇത് നീ ചിന്തിക്കുന്നതുപോലെയല്ല. അവൻ അത്ഭുതം പ്രവർത്തിക്കും എന്ന് അവൾക്ക് ബോധ്യം ഉണ്ടായി രുന്നതിനാൽ, അവളുടെ ചിന്താരീതിക്ക് തടയിടണം എന്ന് അവൻ ആഗ്രഹിച്ചു. *കാരണം അവൾ ഈ കാര്യങ്ങളെല്ലാം മനസിൽ സംഗ്രഹിച്ചു* (ലൂക്കാ 2:51). *അവൻ നിങ്ങളോടു പറയുന്നതെല്ലാം ചെയ്യുവിൻ* (യോഹ 2:5). വീഞ്ഞു തീർന്നുപോയി എന്ന് അവൾ കണ്ടു; വിരുന്നുഭവനത്തി ലേക്കുള്ള അവൻെറ വരവ് വ്യർത്ഥമായില്ല എന്ന് അവൾ മനസിലാക്കി. *അവൻ വിരുന്നിൽ പങ്കെടുക്കുകയായിരുന്നു; വീഞ്ഞു തീർന്നുപോയി* എന്നാണ് ഗ്രീക്കിൽ സുവിശേഷകൻ എഴുതിയിരിക്കുന്നത്. അവൻെറ അമ്മ അവനോടു സംസാരിച്ചപ്പോൾ അവൻ അവളോടു പറഞ്ഞു: *എൻെറ സമയം ഇതുവരെയും വന്നിട്ടില്ല* (യോഹ 2:4) അതിൻെറ അർത്ഥം: 'അതേ, യഥാർത്ഥത്തിൽ അതു വന്നുകഴിഞ്ഞു' എന്നത്രേ. അവൻ അവിടെ ഒരടയാളം കാണിക്കാൻ പോകുകയാണെന്ന് അവൾ അവനിൽനിന്നു മനസിലാക്കി. അവനെപ്പറ്റി അവൾസംശയിച്ചതിനാൽ അവൾ അവനെ ശാസിച്ചപ്പോൾ *അവൾ വേലക്കാരോടു പറഞ്ഞു: എൻെറ മകൻ നിങ്ങളോടു പറയുന്നതുപോലെ ചെയ്യുവിൻ* (യോഹ 2:5).

**3.** മറ്റൊരു വ്യാഖ്യാനം: കല്യാണവിരുന്നിൻെറ ആതിഥേയർ നമ്മുടെ കർത്താവ് വന്നപ്പോൾ വീഞ്ഞു കൊടുക്കാൻ കടപ്പെട്ടവരാകയാൽ മറിയം വളരെ ഭയപ്പെട്ടു എന്നു പറയപ്പെടുന്നു. നീ നിമിത്തം അവർ അവ ഹേളിതരാകാൻ ഇടയുള്ളതിനാൽ, അവർ നിന്നെ പുച്ഛിക്കുന്നു. അവർക്ക് വീഞ്ഞുതീർന്നുപോയപ്പോൾ നീ എത്തി എന്ന് അവർ കാണു ന്നതിനാൽ നീ ചെയ്തത് അവരോടുള്ള ഒരു അവഹേളനമാണ്.

www.malankaralibrary.com



4a. *അവൾ അവനോടു പറഞ്ഞു: എൻെറ മകനേ, ഇവിടെ വീഞ്ഞ് ഒട്ടു മില്ല. അവൻ അവളോടു പറഞ്ഞു: സ്ത്രീയേ, എനിക്കും നിനക്കും എന്ത്?* അവൾ പറഞ്ഞതിൽ എന്താണ് തെറ്റ്? അവിടെ വീഞ്ഞില്ലാത്തതിനാൽ, അവൻെറ വാക്കുനിമിത്തം അവൾ വലിയ സംശയത്തിലായി: *സ്ത്രീയേ, എനിക്കും നിനക്കും എന്ത്?* അവൻ അവളോടു പറഞ്ഞതനുസരിച്ച്, അവൻ അവിടെ അത്ഭുതം ചെയ്യാൻ പോകുന്നു എന്ന് അവൾ ഗ്രഹിച്ചു. *എൻെറ മകൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ* എന്ന് അവൾ വേലക്കാരോട് പറഞ്ഞതിൽനിന്ന് ഇതു വ്യക്തമാണ്.

4b. യഹുദരുടെ ഭാഗത്തുള്ള വിശ്വാസക്കുറവിന് കാരണം കൊടുക്കാതിരിക്കാൻ, താൻ ആയിരുന്നിടത്തെല്ലാം കരുതലോടുകൂടി വർത്തിക്കുന്നതിന് അവിടുന്ന് ശ്രദ്ധിച്ചിരുന്നു. ഇപ്രകാരം, വിരുന്നിനു ക്ഷണിക്കപ്പെട്ടപ്പോൾ, ഭരണികളിൽ വെള്ളം നിറയ്ക്കാൻ തൻെറ ശിഷ്യരോടല്ല, കല്യാണസദ്യയിലെ ജോലിക്കാരോടാണ് അവിടുന്നു പറഞ്ഞത്. അതുപോലെതന്നെ, അവിടുന്ന് ലാസറിനെ ഉയിർപ്പിക്കാൻ ചെന്നപ്പോൾ, കല്ലറ തുറക്കാൻ തൻെറ ശിഷ്യരോടല്ല, പിന്നെയോ യഹൂദന്മാരോടാണ് കല്പിച്ചത് (യോഹ 11:35).

4c. *എൻെറ സമയം ഇപ്പോഴും വന്നിട്ടില്ല* എന്നതിന് *മറ്റൊരു വ്യാഖ്യാനം:* മരുഭൂമിയിൽ ശത്രുവിനെ പരാജിതനാക്കി വിജയശ്രീലാളിതനായ ശേഷം, യോദ്ധാവിനെപ്പോലെ വിജയം ആഘോഷിക്കാൻ കല്യാണവിരുന്നിലേക്ക് അവിടുന്ന് പ്രവേശിച്ചു.

5. അതുകൊണ്ട്, ശ്ലീഹന്മാർക്കു പകരം അവിടുത്തെ തിരുഹിതം നിറവേറ്റുന്ന ദാസിയാകുവാൻ മറിയം തിടുക്കം കൂട്ടി. എന്നാൽ കല്പിക്കുന്നതോ, അവനെക്കൊണ്ട് ചെയ്യിക്കുന്നതോ അവളുടെ ദൗത്യം അല്ലാഞ്ഞതിനാൽ, ധൃതി പിടിച്ചതിന് അവൻ അവളെ കുറ്റപ്പെടുത്തി: *എൻെറ സമയം ഇപ്പോഴും വന്നിട്ടില്ല.* അതായത്, അവരെല്ലാം കുടിക്കാൻ ചോദിക്കും; വീഞ്ഞ് തീർന്നുപോയി എന്ന് എല്ലാവരം അറിയും; അതിനുശേഷമായിരിക്കും അത്ഭുതം. ഇപ്രകാരം, പാതാളത്തിന്മേലുള്ള വിജയത്തിനുശേഷം, അവൾ അതു കണ്ടപ്പോൾ, ഒരമ്മയെപ്പോലെ വാത്സല്യം പ്രകടിപ്പിക്കാൻ അവൾ ആഗ്രഹിച്ചു.[33] കുരിശിങ്കലേക്ക്, തന്നെ അനുഗമിച്ച മറിയത്തെ

33. മഗ്ദലനമറിയത്തെയും യേശുവിൻെറ അമ്മയെയും ഇവിടെയും അപ്രേം കൂട്ടിക്കുഴയ്ക്കുന്നു. മുകളിൽ നമ്പർ 22 കാണുക.

www.malankaralibrary.com



അവിടെവച്ച് അവൻ യോഹന്നാനു ഭരമേല്പിച്ചു: *സ്ത്രീയേ, ഇതാ, നിന്റെ മകൻ; യുവാവേ, ഇതാ നിന്റെ അമ്മ* (യോഹ 19:26-27). 'ഇപ്പോൾ മുതൽ യോഹന്നാൻ ആണ് നിന്റെ മകൻ' എന്ന് അവൻ പറഞ്ഞതിനാൽ, തന്റെ പക്കലേക്ക് വീണ്ടും അടുക്കുവാൻ അവൻ അവളെ അനുവദിച്ചില്ല.

## കല്യാണവിരുന്നിനെക്കുറിച്ചും അത്ഭുതത്തെക്കുറിച്ചും ഉള്ള വിചിന്തനം

**6.** എന്തുകൊണ്ടാണ് നമ്മുടെ കർത്താവ് തന്റെ ആദ്യഅടയാളമായി വെള്ളത്തിന്റെ സ്വഭാവത്തെ മാറ്റിയത്? ഭരണികളിലെ വെള്ളത്തിന്റെ സ്വഭാവത്തെ മാറ്റിയ ദൈവത്വം തന്നെയാണ് കന്യകയുടെ ഉദരത്തിൽ സ്വഭാവത്തെ മാറ്റിയത് എന്നു കാണിക്കാൻ ആയിരുന്നില്ലേ? മരണത്തിന്റെ ആർത്തിക്ക് തന്റെമേൽ ഒരധികാരവുമില്ല എന്ന് കാണിക്കാൻ തന്റെ അടയാളങ്ങളുടെ പൂർത്തീകരണത്തിൽ അവിടുന്ന് കല്ലറ തുറന്നു. തന്റെ ജനനവും തന്റെ മരണവുമാകുന്ന ഈ രണ്ട് സന്ദിഗ്ദ്ധതകൾ അവിടുന്ന് മുദ്ര വച്ചുറപ്പിച്ചു. ഈ ജലം അതിന്റെ സ്വഭാവം സംബന്ധിച്ച് വീഞ്ഞായി രൂപാന്തരീകരിക്കപ്പെട്ടു; എന്നാൽ കൽഭരണികൾ ആന്തരികമായി യാതൊരു മാറ്റത്തിനും വിധേയമായില്ല. അത് അവിടുത്തെ ശരീരത്തിന്റെ ഒരു പ്രതീകമായിരുന്നു; അത് പുരുഷസംസർഗം കൂടാതെ, അത്ഭുതകരമായി സ്ത്രീയിൽ ഉത്ഭവിക്കുകയും കന്യകയുടെ ഉദരത്തിൽ ആശ്ചര്യകരമായി രൂപീകരിക്കപ്പെടുകയും ചെയ്തു.

**7.** അവന്റെ ഉരുവാകലും ജനനവും എങ്ങനെ നടന്നു എന്നതു സംബന്ധിച്ച് തെളിവു നൽകാനാണ് അവൻ വെള്ളത്തെ വീഞ്ഞാക്കിയത്. തന്നെ പ്രസവിച്ച അതുല്യയായ കന്യകയ്ക്കു സാക്ഷ്യമായി *അവൻ ആറ് കൽഭരണികളെ വിളിച്ചു* (യോഹ 2:6). തങ്ങൾക്ക് പതിവല്ലാത്ത വിധത്തിൽ, പുതിയൊരു രീതിയിൽ കൽഭരണികൾ ഗർഭം ധരിച്ച് വീഞ്ഞിനെ പ്രസവിച്ചു. എന്നാൽ അവ തുടർന്നു പ്രസവിച്ചില്ല. അതുപോലെ, കന്യക ഗർഭം ധരിച്ച് അമ്മാനുവേലിനെ പ്രസവിച്ചെങ്കിലും, വീണ്ടും അവൾ പ്രസവിച്ചില്ല. ചെറിയതിൽനിന്ന് വലിയതിലേക്കും ഇല്ലായ്മയിൽ നിന്ന് സമൃദ്ധിയിലേക്കും വെള്ളത്തിൽ നിന്ന് മേല്ത്തരം വീഞ്ഞിലേക്കുമാണ് കൽഭരണികൾ പ്രസവിച്ചത്. എന്നാൽ അവളുടെ കാര്യത്തിലാകട്ടെ, വലിപ്പത്തിൽ നിന്ന് ബലഹീനതയിലേക്കും, മഹത്ത്വ

www.malankaralibrary.com



ത്തിൽ നിന്ന് അവമാനത്തിലേക്കുമായിരുന്നു അത്. ആ ഭരണികൾ യഹൂദരുടെ ശുദ്ധീകരണത്തിന് ഉള്ളവയായിരുന്നു; എന്നാൽ നമ്മുടെ കർത്താവ് തൻെറ പ്രബോധനം അതിലേക്ക് ഒഴുക്കി. താൻ വെള്ളത്തെ വീഞ്ഞാക്കിയതുപോലെ, തൻെറ പ്രബോധനത്താൽ എല്ലാററിനെയും രൂപാന്തരീകരിക്കാൻ, താൻ നിയമത്തിൻെറയും പ്രവാചകരുടെയും പാതയിലൂടെയാണ് വന്നത് എന്ന് വ്യക്തമാക്കാനായിരുന്നു അത്.

**8.** *എല്ലാവരും ആദ്യം നല്ല വീഞ്ഞും പിന്നീട് താഴ്ന്നതരത്തിലുള്ളതും കൊണ്ടുവരുന്നു* (യോഹ 2:10). മുൻകാല സംഗതികൾ നിഴലുകളായിരുന്നു എന്ന് അറിയിക്കാനായിരുന്നു അത്. *എന്തുകൊണ്ടെന്നാൽ നിയമം മോശവഴി നല്കപ്പെട്ടു; കൃപയും സത്യവുമാകട്ടെ, യേശുവഴിയും* (1:17). ഭൗമിക മണവാളൻ സ്വർഗീയമണവാളനെ ക്ഷണിച്ചു (2:2). വരാനിരിക്കുന്ന വിവാഹവിരുന്നിൻെറ നാഥൻ വിരുന്നുഭവനത്തിലേക്കുപോയി. തൻെറ രാജ്യത്തിൽ ലോകങ്ങളെ സ്ഥാപിച്ചവൻ വിരുന്നിലിരിക്കാൻ ക്ഷണിക്കപ്പെട്ടു; അവൻ അവർക്ക് ഒരു വിവാഹസമ്മാനം നല്കുകയും അതിൽ അവർ സന്തോഷിക്കുകയും ചെയ്തു. അവരുടെ ദാരിദ്ര്യത്തിൽ നിന്ന് അവൻെറ മഹത്ത്വം അകന്നുനിന്നില്ല. കാരണം, അതിഥികൾക്കു കൊടുക്കാൻ ആവശ്യത്തിന് സാധാരണ വീഞ്ഞ് അവിടെ ഇല്ലാതെ പോയി. അവിടുന്ന് തൻെറ സമ്പത്തിൻെറ ഒരു ചെറിയ അംശംപോലും അവരുടെമേൽ വർഷിക്കാതിരുന്നെങ്കിൽ, അവർ ദാഹാർത്തരായും ദുഃഖിതരായും അവിടെ നിന്ന് എഴുന്നേറ്റു പോകുമായിരുന്നു.

**9.** അതിനുപകരം അവൻ അവരെ തൻെറ കല്യാണവിരുന്നിലേക്ക് ക്ഷണിച്ചെങ്കിലും അവർ നിരസിച്ചുകളഞ്ഞു (മത്താ. 22:1-10). അവിടുന്ന് എത്രകൂടുതലായി അവരുടെ വിരുന്നുകളിൽ പങ്കെടുത്തുവോ (ലൂക്കാ 7:34-47), അവരുടെ പിതാക്കന്മാർ മന്നായിൽനിന്ന് പിന്തിരിഞ്ഞതുപോലെ (സംഖ്യ 11:6), അത്രയധികമായി അവരുടെ ആത്മാക്കൾ അവിടുത്തെ മേശയിൽ നിന്ന് ഒഴിഞ്ഞുമാറിക്കളഞ്ഞു. മാലാഖമാർ അബ്രഹാമിൻെറയും ലോത്തിൻെറയും മേശയിൽനിന്ന് ഭക്ഷണം കഴിച്ചു (ഉല്പ 18:18); നമ്മുടെ കർത്താവ് അവരുടെകൂടെ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തു; അവിടുന്ന് അകന്നുമാറിയില്ല. മറ്റനേകർ അവിടുത്തെ ക്ഷണിച്ചു; അവൻ അവരുടെ പക്കലും പോയി. അവൻ അവരെ ക്ഷണിച്ചു; എന്നാൽ അവർ അവൻെറ കല്യാണവിരുന്നിനു പോയില്ല. അവർ അവനെ ക്ഷണിച്ചു; അവൻ അത് നിരസിച്ചില്ല. അവൻ അവരെ ക്ഷണിച്ചു;

www.malankaralibrary.com



എന്നാൽ അവർ അവൻെറ ഭക്ഷണം നിരസിച്ചുകളഞ്ഞു. അവൻ അതിഥികളെ ബഹുമാനിച്ചു; എന്നാൽ അവർ അതിഥികളെ നിന്ദിച്ചു. മേശയ്ക്കിരുന്ന അതിഥികളെ അവൻ സന്തുഷ്ടരാക്കി; എന്നാൽ അവർ അവൻെറ ദാസന്മാരെ കൊന്നുകളഞ്ഞു (മത്താ 22:1-6). അവൻ വിരുന്നിൻെറ കുറവ് നികത്തി; എന്നാൽ അവർക്കുവേണ്ടി സ്ഥാപിച്ചവയെല്ലാം അവർ അർത്ഥശൂന്യമാക്കി. നല്ല വീഞ്ഞുകൊണ്ട് അവൻ അവരെ സന്തുഷ്ടരാക്കി; എന്നാൽ അവർ അവനെ വേദനിപ്പിക്കുകയും പ്രകോപിപ്പിക്കുകയും ചെയ്തു. നല്ല വീഞ്ഞിനുപകരം അവർ അവന് വിനാഗിരിയും കയ്പും നൽകി (മത്താ 27:34).

**10.** ഒരതിഥിയായി അവൻ ക്ഷണിക്കപ്പെട്ടു; എന്നാൽ അവൻ അതിഥികളോടൊപ്പം വന്നില്ല. ആദ്യം സാധാരണ വീഞ്ഞു കുടിക്കാൻ അവർ നേരത്തെ വന്നു; തന്നോടുകൂടി നല്ല വീഞ്ഞുകൊണ്ടുവരുവാൻ അവിടുന്നു പിന്നീടു വന്നു. കാഴ്ചയിൽ അവരിൽനിന്നു വ്യത്യസ്തനല്ലാതിരിക്കെ, അവരോടൊപ്പം അവൻ ക്ഷണിക്കപ്പെട്ടു. സ്വഭാവത്താലേ അവിടുന്ന് അവരെപ്പോലെയല്ലാത്തതിനാൽ അവരിൽനിന്ന് വേർതിരിച്ചറിയാനായി അവൻ അവിടെ അത്ഭുതകരമായ ഒരടയാളം പ്രവർത്തിച്ചു. കാഴ്ചയിൽ അവരിൽനിന്നു വ്യത്യസ്തനല്ലാതിരുന്നവൻെറ അത്ഭുതങ്ങൾ അവനെ വേർതിരിച്ചു. അവൻ അവരെപ്പോലെയാണെന്ന് അവൻെറ ആകാരം പ്രഖ്യാപിച്ചെങ്കിലും, അവൻ അവരേക്കാൾ വലിയവനാണെന്ന് അവൻെറ അത്ഭുതങ്ങൾ അവരെ പഠിപ്പിച്ചു. തൻെറ മേശയിലെ അതിഥികൾക്ക് സന്തോഷപൂർവം സന്തോഷമുള്ള സദ്വാർത്തകൾ നൽകുന്ന സന്തോഷമുള്ള അറിയിപ്പുകാരെ തൻെറ ദൈവികനിശബ്ദത തനിക്കായി രൂപീകരിക്കാൻവേണ്ടി അവിടുന്ന് നിശബ്ദതയിൽ വെള്ളത്തെ വീഞ്ഞാക്കി മാറ്റി. സ്വഭാവത്താലേ വീഞ്ഞ് സന്തോഷദായകമാണ്. അവിടുന്ന് തൻെറ കല്പനയാൽ യാതൊരു പ്രയത്നവും കൂടാതെ അതിനെ നിർമിച്ചു; രുചിയിൽ അത് മറ്റു വീഞ്ഞിനേക്കാൾ ശ്രേഷ്ഠമായിരുന്നു. അതിൻെറ ശ്രേഷ്ഠത നിമിത്തവും അതു നൽകുന്ന സന്തോഷം നിമിത്തവും അവർ അതിൻെറ നാഥനെ തേടി.

**11.** അവിടുന്ന് പോരാട്ടത്തിൽനിന്ന് വിജയശ്രീലാളിതനായി മടങ്ങിവന്നു. സന്തോഷപൂർവം സല്ക്കാരമുറി മൂന്നാംദിവസം അവനെ സ്വീകരിച്ചു. പോരാട്ടത്തിനുശേഷം ജേതാക്കൾക്ക് സന്തോഷം ഉണ്ടെന്നും അപരിചിതനായി അവിടുന്ന് ക്ഷണിക്കപ്പെട്ടാൽപോലും കല്യാണ

www.malankaralibrary.com



വിരുന്നിൻെറ നാഥനായി അവിടുന്നു കാണപ്പെട്ടു എന്നും കാണിക്കാനായിരുന്നു ഇത്. എല്ലാ ശൂന്യതയെയും നിറയ്ക്കുന്ന അവൻെറ വാക്കാൽ അവൻ സല്ക്കാരത്തിലെ ശൂന്യതയെ നിറച്ചതിനാലായിരുന്നു ഇത്. അവിടുന്ന് മറ്റൊരു സൃഷ്ടി നടത്തുകയല്ല എന്നും അവർക്കു കുടിക്കാൻ വീഞ്ഞിനു പകരം 'വെള്ളമല്ല കൊടുത്തത്' എന്നതിനാൽ പഴയ ക്രമീകരണത്തെ അതേപടി ഉപയോഗിക്കുന്നില്ലെന്നും കാണിക്കാൻ കൂടിയായിരുന്നു ഇത്. എന്നാൽ അവിടുന്ന് വീഞ്ഞുണ്ടാക്കിയപ്പോൾ സൃഷ്ടിക്കു പുറത്തേക്കു പോകുന്നതിനു പകരം, നേരത്തെ സൃഷ്ടിക്കപ്പെട്ടിരുന്ന വെള്ളത്തിൽ നിന്നാണ് അതുണ്ടാക്കിയത്.

**12.** അവിടുന്ന് ഒരന്യസൃഷ്ടി നടത്തുകയല്ല, ആദ്യസൃഷ്ടിയെ രൂപാന്തരീകരിക്കയത്രേ ചെയ്തത്. താനാണ് അതിൻെറ കർത്താവ് എന്ന് രൂപാന്തരീകരണത്തിലൂടെ അറിയിക്കുന്നതിനുവേണ്ടിയായിരുന്നു ഇത്. അവിടുന്ന് ഇതിനെ അന്യമാക്കാഞ്ഞതിനാൽ, അത് നിന്ദ്യമല്ല എന്നു നാം അറിയണം. വാസ്തവത്തിൽ, ഈ സൃഷ്ടവസ്തുക്കൾ അന്ത്യത്തിൽ നവീകരിക്കപ്പെടും. കാരണം, സാധാരണ വീഞ്ഞിനെ പ്രയത്നം കൂടാതെ മേൽത്തരം വീഞ്ഞാക്കി മാറ്റിയ ഇച്ഛാശക്തിക്ക്, കാലാന്ത്യത്തിൽ സമസ്ത സൃഷ്ടവസ്തുക്കളെയും വിവരണാതീതമായ രുചിയിലേക്ക് രൂപാന്തരീകരിക്കാൻ സാധിക്കും. അവൻ അവയുടെ വന്യപ്രകൃതിയെ ആസ്വാദ്യകരമാക്കിയത്, അവ സ്വഭാവത്താലേ ദുഷിച്ചവ അല്ലെന്നും, തൻെറ സ്വഭാവത്തിൽ അവയുടെ സ്രഷ്ടാവ് വിജ്ഞാനിയാണെന്നും കാണിക്കാൻ കൂടിയായിരുന്നു. അവയിലൂടെ നിഷ്കളങ്കർ പരിശോധിക്കപ്പെട്ട് കിരീടം ധരിപ്പിക്കപ്പെടുന്നതിനും, ദോഷന്മാർ തിരുത്തപ്പെട്ട് കുറേ പ്രയോജനം കിട്ടുന്നതിനും വേണ്ടി, പരിശോധനയ്ക്കും തിരുത്തലിനുമായി അവ സൃഷ്ടിക്കപ്പെടണം എന്ന് അവൻ അറിഞ്ഞിരുന്നു. ദഹിപ്പിക്കുന്ന അഗ്നിയോട് കല്പിച്ചപ്പോൾ അത് ദഹിപ്പിക്കുന്നതിനുപകരം അവരെ ആലിംഗനം ചെയ്യുകയാണുണ്ടായത് (ദാനി 3:49-50). അതുപോലെ, നാശഹേതുക്കളായ വസ്തുക്കൾ അവിടുത്തെ കല്പനയാൽ അന്ത്യത്തിൽ പ്രയോജനപ്രദമായി പരിണമിക്കും. ക്ലേശിപ്പിക്കുന്നവ സന്തോഷവാഹകരാകാൻ അവിടുന്നു കല്പിക്കും. തൻെറ മധുരമേറിയ പ്രബോധനത്തിൻെറ രുചി നുകരാൻ ആഗ്രഹിക്കുന്നവരെ പ്രലോഭിപ്പിച്ച് പ്രേരിപ്പിക്കാനായി ആദ്യമായി അവിടുന്ന് തൻെറ വീഞ്ഞിൻെറ രുചിയുമായി അവരുടെ വായ്കളെ ഇണക്കമുള്ളവയാക്കി.

www.malankaralibrary.com



## സമയം പൂർത്തിയായി

**13.** തലമുറ തലമുറകളായി പൂർത്തീകരിക്കപ്പെട്ട *സമയം പൂർത്തിയായി* (മർക്കോ 1:15). ഒന്നാമതായി, ശേതിൻെറ കുടുംബം കായേൻെറ കുടുംബത്തിൽനിന്ന് വേർപിരിഞ്ഞപ്പോൾ (ഉല്പ 4: 25; 5:8). ശേതിൻെറ കുടുംബം ഉറപ്പിച്ച ഉടമ്പടിയോടുകൂടി ആദം മുതൽ നോഹവരെ. *'രക്തം ഭക്ഷിക്കരുത്'* എന്നുള്ളതായിരുന്നു നോഹ മുതൽ അബ്രഹാം വരെയുള്ള ഉടമ്പടി: *സസ്യവർഗങ്ങളെല്ലാം നിനക്കു ഞാൻ തരുന്നു; എന്നാൽ നീ രക്തം ഭക്ഷിക്കരുത്* (ഉല്പ. 9:3-4). അബ്രഹാം മുതൽ മോശ വരെ പരിച്ഛേദനത്തിലൂടെ, എന്നാൽ നിയമം കൂടാതെ (ഉല്പ 17:9ff). മോശ മുതൽ മിശിഹായുടെ പ്രത്യക്ഷീകരണംവരെ നിയമത്തോടുകൂടി. *സമയം പൂർത്തിയായി*, കാരണം, ഇനിയും ഒരു മാറ്റവുമില്ല.

**14.** ഹാബേൽ മുതൽ നോഹയുടെ കാലംവരെ ഒന്നാം കാലഘട്ടത്തിൽ അവർ സ്വമേധയായുള്ള കാഴ്ചകൾ അർപ്പിച്ചിരുന്നു എന്നും പറയപ്പെടുന്നു: *തൻെറ ബലികളിലൂടെ അവൻ നമുക്ക് സമാശ്വാസം കൊണ്ടുവരും* (ഉല്പ 5:29). കാർദുമലയിൽ[34] നോഹ നിർമിച്ച ബലിപീഠത്തിൽ അർപ്പിച്ചതാണ് മറ്റേ ബലി. അമോര്യരുടെ മലയിൽ അബ്രഹാം അർപ്പിച്ചതാണ് വേറൊന്ന് (ഉല്പ 22:1-18). ബേഥേലിൽ യാക്കോബ് അർപ്പിച്ചത് മറ്റൊന്ന്. യോർദ്ദാൻെറ മറുകരയിൽ ജോഷ്വ അർപ്പിച്ചത് മറ്റൊന്ന്. കൂടാരത്തിൻെറ സ്ഥലമായ ശീലോഹായിൽ വച്ചുള്ളത് വേറൊന്ന്. ആദ്യമായി കൂടാരം ജറുസലേമിൽ സ്ഥാപിച്ചപ്പോൾ സോളമൻ അർപ്പിച്ചത് മറ്റൊന്ന്.[35] എന്നാൽ ഇതാകട്ടെ മിശിഹാ തൻെറ സഭയിൽ കാലാവസാനം വരെ സ്ഥാപിച്ചതാണ്. മറ്റുള്ളവയെപ്പോലെ, വീണ്ടും ഇതിന് മാറ്റം ഉണ്ടാകയില്ല. അതുകൊണ്ടാണ് *സമയം പൂർത്തിയായത്*, കാരണം, ഇതു മുതൽ ദൈവരാജ്യം പ്രഘോഷിക്കപ്പെടുന്നു. *മറ്റൊരു രീതിയിൽ: സമയം പൂർത്തിയായി* ; അതായത്, ഇസ്രായേലിൻെറ സമയം.

34. നോഹയുടെ പെട്ടകം ഉറച്ചത് കാർദുമലയിലാണ് എന്നു പ്ശീത്തായിൽ.

35. ഉല്പ. 28:10-22; ജോഷ്വാ 8:30-31; 1 സാമു 1:3-21; 1 രാജാ 8:62-64.

www.malankaralibrary.com



## ശിഷ്യരുടെ മാമോദീസാ

**15.** തങ്ങൾ സ്നാനപ്പെട്ടിരുന്നതിനാൽ *ശിഷ്യന്മാർ സ്നാനം നൽകി യിരുന്നു* ( യോഹ 4:2). അവർ സ്നാനപ്പെട്ടിട്ടില്ലായിരുന്നെങ്കിൽ മറ്റുള്ള വരെ സ്നാനപ്പെടുത്താൻ അവർക്കു കഴിയുമായിരുന്നില്ല. *കുളി കഴി ഞ്ഞവന് മറ്റൊന്നും ആവശ്യമില്ല* എന്നതാണ് ഇതിൻെറ അർത്ഥം (13:10). അവർ ജലത്തിൽ സ്നാനപ്പെട്ടു എന്ന്, ഇഷ്ടമുണ്ടെങ്കിൽ, നിങ്ങൾക്കു മനസ്സിലാക്കാം. അല്ലെങ്കിൽ, *ഞാൻ നിങ്ങളോടു സംസാരിച്ച എൻെറ വചനം നിമിത്തം നിങ്ങൾ ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു* എന്ന് അവിടുന്ന് അവരോടു പറഞ്ഞത് ശ്രദ്ധിക്കുക (15:3). ഈ വചനമായി രുന്നു അവരുടെ സ്നാനം എന്നത് അംഗീകരിക്കുക; കാരണം, ഈ വചനത്താൽ തന്നെയാണ് സ്നാനം പാവനമാകുന്നത്. തനിക്കു ലഭിച്ച കല്പനയാൽ യോഹന്നാൻ വിശുദ്ധീകരിക്കപ്പെട്ടതുപോലെ, അവനെ ഭരമേല്പിച്ച ആ സ്നാനത്തെ അവനും പാവനമാക്കി.

**16.** കൂടാതെ, അവിടുന്ന് അവർക്കു തൻെറ ശരീരം നൽകിയപ്പോൾ, അത് അവർക്ക് ഒരു സ്നാനം ആയിരുന്നു എന്ന് *ചിലർ* പറയുന്നു. അവൻെറ തിരുശരീരത്തിലും തിരുരക്തത്തിലും വിശ്വാസമില്ലാതെ അവർ സ്നാനപ്പെടുകയും സ്നാനപ്പെടുത്തുകയും ചെയ്തെങ്കിൽ, *നിങ്ങൾ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തില്ലെങ്കിൽ, നിങ്ങൾക്ക് ജീവൻ ഉണ്ടായിരിക്കുകയില്ല"* എന്ന് അവരോട് അവന് ആദ്യം എങ്ങനെ പറയാൻ കഴിഞ്ഞു? (6:5) ആളുകൾ രോഷാകുലരായപ്പോൾ, അവൻ പന്ത്രണ്ടു പേരോടു പറഞ്ഞു: *നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ? ശെമഓൻ അവനോടു പറഞ്ഞു: ഞങ്ങൾ വിശ്വസിക്കുന്നു; ഞങ്ങൾ ക്കറിയാം* (6:67-69). മറ്റുള്ളവർക്ക് വിശ്വസിക്കാൻ കഴിയാഞ്ഞതിൽ അല്ലാതെ മറ്റെന്തിലാണ് അവർ വിശ്വസിച്ചത്. അതായത്, അത് കേൾ ക്കാൻപോലും മറ്റുള്ളവർക്കു കഴിഞ്ഞില്ല.

## മത്തായിയെ വിളിക്കുന്നത്

**17 a.** *അവൻ കടന്നുപോയപ്പോൾ, മത്തായി എന്നു പേരുള്ള ഒരാൾ ചുങ്കസ്ഥലത്ത് ഇരിക്കുന്നതു കണ്ടു* (മത്താ 9:9). എതിരാളിയുടെ ക്രോധത്തിൻെറ കൂരിരുട്ടിൽ, ചെളിയിൽ പൊങ്ങിക്കിടക്കുന്ന ശ്ലീഹാ യുടെ ആത്മാവിനെ അവൻ കണ്ടു. അവനെ രക്ഷിക്കാൻ നമ്മുടെ

www.malankaralibrary.com



രക്ഷകൻെറ വലത്തുകൈ ആവശ്യമായിരുന്നു. നമ്മുടെ കർത്താവ് അവനെ വിളിച്ചു; അവിടുന്ന് അടയാളമോ അത്ഭുതമോ കാണിച്ചില്ലെങ്കിലും, *അവൻ എഴുന്നേറ്റ് അവൻെറ പിന്നാലെ പോയി* (9:9). എന്നാൽ പുരോഹിതന്മാരും നിയമജ്ഞരും അനേകം അടയാളങ്ങൾക്കു സാക്ഷികൾ ആയെങ്കിലും, മാനസാന്തരപ്പെട്ടില്ല. മറ്റ് ശ്ലീഹന്മാരോടുകൂടി ഇസ്രായേൽ ഭവനത്തിലെ പന്ത്രണ്ടു ഗോത്രങ്ങളെ വിധിക്കുക മത്തായിക്ക് ഉചിതമായിരുന്നു (19:28). 'നമ്മുടെ കർത്താവ് കടന്നുവന്ന്, അവൻെറ ഭവനത്തിൽ ഭക്ഷണത്തിന് ഇരുന്നു; ചുങ്കക്കാരും പാപികളും വന്ന് അവനോടുകൂടി ഭക്ഷണത്തിനിരുന്നു(9:10). രോഗികൾ വൈദ്യൻെറ കൂടെക്കൂടി; തെറ്റിൻെറ അന്ധകാരത്തിൽ കഴിഞ്ഞവർ നീതിസൂര്യൻെറ പക്കലേക്കു വന്നു (മലാ 3:20). മത്തായി അപ്പോഴും ഒരു ശിഷ്യനായിരുന്നില്ലെങ്കിലും, അവൻ ഒരു ശ്ലീഹാ ആയിരുന്നു. ഒരു പക്ഷിയുടെ ഇണയെ പിടിക്കാൻ പക്ഷിയെ തന്നെ കരുവാക്കുന്നതുപോലെ, തൻെറ സ്നേഹിതരായ ചുങ്കക്കാരെയും പാപികളെയും രക്ഷിക്കാൻ അവൻ ഒരു കരുവായിതീർന്നു. അവൻ അവരെ സ്വർഗരാജ്യത്തിൽ ഭാഗഭാക്കുകളാക്കി. അവർ നമ്മുടെ കർത്താവിനോടൊപ്പം മേശയ്ക്കിരിക്കുന്നതു കണ്ടു ഫരിസേയർ രോഷാകുലരായി (മത്താ 9:11). ഇത് നമ്മുടെ കർത്താവിനോട് അവർക്കുണ്ടായിരുന്ന ബഹുമാനംകൊണ്ടല്ല, അവർ അവനിൽ വിശ്വസിച്ചിരുന്നില്ലല്ലോ. പിന്നെയോ, സ്വയം നീതീകരിക്കാൻ വേണ്ടിയായിരുന്നു. നമ്മുടെ കർത്താവ് വെറുമൊരു മനുഷ്യൻ ആയിരുന്നാൽ പോലും, അവർ രോഷാകുലരായത് ശരിയായില്ല.

പാപികളുമായി ബന്ധപ്പെടുന്നതുവഴി എങ്ങനെയാണ് *നീതിസൂര്യനു* മങ്ങലേല്ക്കുന്നത്? ചെളി പുരളാതെ നമ്മുടെ സൂര്യൻ ചെളിയെ ഉണക്കുന്നെങ്കിൽ, പാപികളെ അനുതാപത്തിലേക്ക് വിളിക്കുന്ന ഈ ആത്മാക്കളുടെ വൈദ്യൻ എത്രയധികമായിരിക്കും? (ലൂക്കാ 5:32). മരുഭൂമിയിൽവച്ച് ഇസ്രായേൽക്കാർ പാപം ചെയ്യുകയും തിന്മ പ്രവർത്തിക്കുകയും ചെയ്തപ്പോൾ, ദൈവം അവരിൽനിന്നു മുഖം തിരിച്ചുകളഞ്ഞില്ല. മറിച്ച്, അവൻ അവർക്ക് സ്വർഗത്തിൽനിന്ന് താഴേക്ക് മന്നാ അയച്ചുകൊടുത്തു, പാറയിൽ നിന്ന് വെള്ളം പുറപ്പെടുവിച്ചു, കടലിൽനിന്ന് പറവകളെ കൊടുത്തു, രാത്രിയിൽ അഗ്നിസ്തംഭവും പകൽ മേഘത്തിൻെറ സംരക്ഷണവും നൽകി; അവൻ അവരിൽ നിന്ന് എടുക്കപ്പെട്ടില്ല. മറിച്ച്, അവർ പാപം ചെയ്തപ്പോഴും അവൻ അവരോടുകൂടെ ഉണ്ടായിരുന്നു;

www.malankaralibrary.com



അവർ തിന്മ പ്രവർത്തിച്ചെങ്കിൽപോലും അവൻ അവരെ സഹായിച്ചു.[36] അങ്ങനെയെങ്കിൽ, ആത്മാർത്ഥമായി അനുതപിക്കുന്ന പാപികളെ നമ്മുടെ കർത്താവ് എത്രയധികമായി സ്വീകരിക്കേണ്ടിയിരുന്നു!

17b. ലേവിയുടെ[37] സ്നേഹിതന്മാർ അവൻെറകൂടെ ഇറങ്ങിത്തിരിക്കാൻ പ്രേരിതരാകാനാണ് അവിടുന്ന് ചുങ്കക്കാരനായ അവനെ തെരഞ്ഞെടുത്തത്. അവിടുന്നു പാപികളെ കണ്ടു; തൻെറ കൂടെ ഭക്ഷിക്കാൻ അവരെ ക്ഷണിച്ചു. ഇത് അത്ഭുതകരമായ കാഴ്ച ആയിരുന്നു: ചുങ്കക്കാർ മേശയ്ക്കരികിൽ ഇരുന്ന് തിമിർക്കുമ്പോൾ, മാലാഖമാർ നിന്നുകൊണ്ട് വിറയ്ക്കുന്നു. പാപികൾ അവൻെറകൂടെ ഭക്ഷിക്കുമ്പോൾ, അവൻെറ മഹത്ത്വത്തിൽ ദൂതന്മാർ കിടിലംകൊള്ളുന്നു. അവൻെറ കാരുണ്യം നിമിത്തം ചുങ്കക്കാർ ആനന്ദതുന്ദിലരാകുമ്പോൾ, നിയമജ്ഞർ അസൂയാകലുഷിതരാകുന്നു. സ്വർഗീയ ജീവികൾ ഈ കാഴ്ച കണ്ട് ആശ്ചര്യഭരിതരാകുന്നു. അധോലോകം ഇതുകണ്ട് അത്ഭുതപ്പെടുന്നു. സാത്താൻ ഇതുകണ്ട് പീഡിപ്പിക്കപ്പെടുന്നു. മരണം ഇതുകണ്ട് കീഴമർത്തപ്പെടുന്നു. നിയമജ്ഞർ ഇതുകണ്ട് രോഷാകുലരാകുന്നു. ഫരിസേയർ ഇതുകണ്ട് കലുഷിതരാകുന്നു. എതിരാളികൾ അനുരഞ്ജിതരായതിനാലും, മത്സരക്കാർ കീഴടക്കപ്പെട്ടതിനാലും പാപികൾ വിളിക്കപ്പെട്ടതിനാലും ചുങ്കക്കാർ നീതീകരിക്കപ്പെട്ടതിനാലും സ്വർഗത്തിൽ സന്തോഷവും മാലാഖമാരുടെ ഇടയിൽ ആനന്ദവും ഉണ്ടായി. തൻെറ ശത്രുക്കൾ തന്നെ കളിയാക്കിയപ്പോൾ, ചുങ്കക്കാരുടെ സഹവാസം അവിടുന്ന് ഉപേക്ഷിച്ചില്ല; തൻെറ സ്നേഹിതന്മാർ തന്നെ കീഴ്പ്പെടുത്തിയപ്പോൾ, കുരിശിൻെറ അവമാനം അവിടുന്ന് തള്ളിക്കളഞ്ഞില്ല. എന്നാൽ അവിടുന്ന് അവമാനത്തെ വകവയ്ക്കാതിരിക്കുകയും മുഖസ്തുതിയെ ദൂരെയകറ്റുകയും ചെയ്തു; ഇവ രണ്ടിലൂടെയും അവിടുന്ന് മനുഷ്യകുലത്തിന് ഒരു പ്രത്യൗഷധം നൽകി.

---

36. സങ്കീ 78:24; നെഹെ 9:15; പുറ 17:6; സംഖ്യ 20:8-11; പുറ 16:13; സംഖ്യ 11:31-32; പുറ 13:21-22; ആവ 1:33; സങ്കീ 78:14

37. ലേവി എന്നതിനുപകരം യാക്കോബ് എന്നാണ് താസ്യനിൽ. അപ്രേമും അതുപോലെ ഉദ്ധരിക്കുന്നു.

www.malankaralibrary.com



## അത്ഭുതകരമായ മീൻപിടുത്തം

**18.** *ഞങ്ങൾ രാത്രി മുഴുവൻ അധ്വാനിച്ചു* (ലൂക്കാ 5:5). ഇത് പ്രതീകാത്മകമായി പ്രവാചകരെ കുറിക്കുന്നു. അവിടുത്തെ പ്രബോധനം മുകളിൽനിന്ന് ലോകത്തിലേക്ക് ഇറങ്ങിവന്നു; ഉപമാമയമായി കടൽ ലോകത്തെ സൂചിപ്പിക്കുന്നു. പരിഛേദനത്തെയും പരിഛേദനരാഹിത്യത്തെയും സൂചിപ്പിക്കുന്നതാണ് രണ്ടു വള്ളങ്ങൾ (5:2.7). *അവർ തങ്ങളുടെ കൂട്ടുകാർക്ക് അടയാളം കാണിച്ചു* (5:7). ഇത് പ്രതീകാത്മകമായി എഴുപത്തിരണ്ടുപേരെ സൂചിപ്പിക്കുന്നു. കാരണം, മീൻപിടുത്തത്തിനും കൊയ്ത്തിനും ഈ ശിഷ്യന്മാർ മതിയായിരുന്നില്ല.

## തളർവാതരോഗിയെ സൗഖ്യമാക്കുന്നത്

**19.** *നമ്മുടെ കർത്താവ് ഈ ആളുകളുടെ വിശ്വാസം ദർശിച്ചു. അവിടുന്ന് അവനോടു പറഞ്ഞു: നിന്റെ പാപങ്ങൾ നിന്നോട് ക്ഷമിക്കപ്പെട്ടിരിക്കുന്നു* (മത്താ 9:2). ചിലരുടെ വിശ്വാസം മറ്റുള്ളവർക്ക് എങ്ങനെ ഉപകരിക്കുന്നു എന്നു കാണുക. അവിടുന്ന് തളർവാതരോഗിയിൽനിന്ന് വിശ്വാസം ആവശ്യപ്പെട്ടില്ല; കാരണം, അവൻ തകർന്നടിഞ്ഞ കെട്ടിടം പോലെ ആയിരുന്നു. ഏകമകനിൽനിന്ന് അവിടുന്ന് വിശ്വാസം ആവശ്യപ്പെട്ടില്ല. പിന്നെയോ അവന്റെ പിതാവിൽനിന്ന് (ലൂക്കാ 9:38). പെൺകുട്ടിയിൽ നിന്നും ആവശ്യപ്പെട്ടില്ല, പിന്നെയോ, അവളുടെ അമ്മയിൽ നിന്ന്: *നായ്ക്കുട്ടികൾ പോലും തൃപ്തരാകുന്നു* (മത്താ 15:27). അതുപോലെ, അവിടുന്ന് ആ മനുഷ്യനിൽനിന്ന് ആവശ്യപ്പെട്ടില്ല. അതുകൊണ്ട് തന്റെ പാപങ്ങളാൽ തളർന്നുപോയവനെപ്പോലെ തളർന്നുപോകാതിരിക്കാൻ നമുക്ക് നമ്മുടെ ആത്മാക്കളെ ബലവത്താക്കുന്നതിൽ ശ്രദ്ധിക്കാം; കാരണം, ഇതാണ് നമ്മുടെ കെട്ടിടം. എല്ലാറ്റിനെയും ഭരിക്കുന്ന വചനം അവനെ പിടിച്ചു ശുദ്ധീകരിച്ച് സൗഖ്യമാക്കി. അവന്റെ നിഗൂഢപാപങ്ങളിൽനിന്ന് അവിടുന്ന് അവനെ ശുദ്ധീകരിക്കുകയും, ദൃശ്യമായിരുന്ന അവന്റെ ശരീരത്തെ സുഖപ്പെടുത്തുകയും ചെയ്തു. ദൃശ്യമായതിലൂടെയും നിഗൂഢമായതിലൂടെയും അവർ കർത്താവിൽ വിശ്വസിച്ചു; കാരണം, നിഗൂഢമായ രീതിയിൽ അവിടുന്നു ദൈവവും, ദൃശ്യമായ രീതിയിൽ മനുഷ്യനുമാണ് . ബാഹ്യമായ അവിടുത്തെ മനുഷ്യത്വം നിമിത്തം അവിടുന്ന് ഒരു മനുഷ്യവ്യക്തിയാണ് എന്നത് സുവ്യക്തമാണ്; ആന്തരികമായ അവിടുത്തെ ഔന്നത്യം നിമിത്തം അവിടുന്ന് ദൈവമാണെന്ന് വിശ്വസിക്കപ്പെട്ടു.

www.malankaralibrary.com



**20a.** *നിന്റെ പാപങ്ങൾ നിന്നോടു ക്ഷമിക്കപ്പെട്ടിരിക്കുന്നു* (മത്താ 9:2). ആ ആളുകൾ ഇപ്രകാരം ചിന്തിച്ചു: *നിന്റെ പാപങ്ങൾ നിന്നോടു ക്ഷമിക്കപ്പെട്ടിരിക്കുന്നു* എന്ന് അവൻ പറഞ്ഞത് ആർക്കും എളുപ്പം പറയാവുന്ന സംഗതിയാണ്. എന്നാൽ *എഴുന്നേറ്റ് നിന്റെ കിടക്കയും എടുത്ത് നടക്കുക* എന്ന് അവൻ പറഞ്ഞാൽ (9:6) അത് ആശ്ചര്യകരംതന്നെ. അവരുടെ വിചാരങ്ങൾ മനസിലാക്കി അവിടുന്ന് അവരോടു പറഞ്ഞു: *നിങ്ങൾ എന്തുകൊണ്ടാണ് നിങ്ങളുടെ ഹൃദയത്തിൽ തിന്മ നിരൂപിക്കുന്നത്?* (മത്താ 9:4).

**20b.** *നിന്റെ പാപങ്ങൾ നിന്നോട് ക്ഷമിക്കപ്പെട്ടിരിക്കുന്നു* (മത്താ 9:2). അവിടുന്ന് അവന്റെ ഏതു പാപങ്ങളാണ് ക്ഷമിച്ചത്? യേശുവിനെതിരായി അവൻ ചെയ്ത പാപങ്ങൾ. പിന്നെ യേശു എങ്ങനെയാണ് നിയമത്തിന് അന്യനായത്? സ്വാഭാവികമായോ, നിയമാനുസൃതമായോ അവന്റെ ഒരു പ്രവൃത്തിയും അംഗീകരിക്കാത്ത മനുഷ്യർ അവനോടും അവന്റെ പിതാവിനോടും എന്താണ് കടപ്പെട്ടിരിക്കുന്നത്? മാർസ്യനീത്തർ പറയുന്നതു ശരിയാണെങ്കിൽ, നിയമത്തിന്റെ ദൈവവുമായി യേശുവിന് ഒരു ബന്ധവും ഇല്ലെങ്കിൽ, നിയമത്തിന്റെ ദൈവത്തിനെതിരെ ചെയ്ത തെറ്റുകൾക്ക് യേശു എങ്ങനെ മാപ്പുകൊടുക്കും? അഥവാ അവൻ നിയമത്തിന്റെ ദൈവത്തിന്റെ പുത്രനാണ് എന്നത് വ്യക്തമല്ലേ? മാർസ്യനീത്തരുടെ യേസുവിന്റെ[38] പ്രബോധനമനുസരിച്ച്, ശരീരംകൊണ്ട് തളർവാതരോഗിപാപം ചെയ്തതിനാൽ അതിലൂടെ അവൻ ശിക്ഷിക്കപ്പെട്ടു. അവന്റെ പാപം നിമിത്തം അവൻ രോഗഗ്രസ്തനായി തളർന്നു പോയി എന്നല്ലാതെ, *നിന്റെ പാപങ്ങൾ നിന്നോട് ക്ഷമിക്കപ്പെട്ടിരിക്കുന്നു* എന്നതിന്റെ അർത്ഥമെന്താണ്? തന്റെ മുമ്പാകെ തളർവാതരോഗി കുറ്റക്കാരൻ അല്ലെങ്കിൽ അവനോട് അവൻ എന്തിനാണ് ക്ഷമിക്കേണ്ടിയിരുന്നത്? അല്ലെങ്കിൽ, *നിന്റെ പാപങ്ങൾ നിന്നോട് ക്ഷമിക്കപ്പെട്ടിരിക്കുന്നു* എന്നു പറഞ്ഞത് അവന് എന്തു ഗുണം വരുത്തുമായിരുന്നു? അവ അവനോട് ക്ഷമിച്ചില്ലായിരുന്നെങ്കിൽ, അവർ അവനെ ഉപദ്രവിക്കയില്ലായിരുന്നു. എന്നാൽ കർത്താവ് കാരുണ്യപൂർവം അവനെ എന്നേക്കുമായി ശിക്ഷയിൽനിന്ന് വിടുവിച്ചു.

38. *യേശു* എന്നതിനു പകരം *യേസു* എന്നാണ് മാർസ്യണീത്തർ പറഞ്ഞിരുന്നത്. അപ്രേമും അതുപോലെ ഉദ്ധരിക്കുന്നു. മുകളിൽ നമ്പർ 3 കാണുക.

www.malankaralibrary.com



## യേശു പാപികളോടുകൂടി ഭക്ഷിക്കുന്നു

**21.** അതിനുശേഷമുള്ള തിരുലിഖിതഭാഗം ഇതാണ്: *നീ ചുങ്കക്കാരോടു കൂടി ഭക്ഷിക്കുന്നു എന്ന് എന്തുകൊണ്ടാണ് ഫരിസേയരും നിയമജ്ഞരും മുറുമുറുത്തു പറയുന്നത്?* നമ്മുടെ കർത്താവ് അതിന് ഇപ്രകാരം മറുപടി നൽകി: *രോഗികൾക്കാണ്, സൗഖ്യമുള്ളവർക്കല്ല വൈദ്യനെ കൊണ്ടാവശ്യം. ഞാൻ നീതിമാന്മാരെ വിളിക്കാനല്ല വന്നിരിക്കുന്നത്* (ലൂക്കാ 5:30-33). സംശയലേശമെന്യേ ഇതു വിശ്വസിക്കാവുന്നതാണ്. ഇസ്രായേലിൽ ആരോഗ്യമുള്ളവരും നീതിമാന്മാരുമായ ആളുകൾ ഉണ്ടായിരുന്നാൽപോലും, അവരുടെ ഇടയിൽ അധ്വാനിക്കുകയും അവരെ നീതീകരിക്കുകയും സുഖപ്പെടുത്തുകയും ചെയ്ത യേസുവിൻെറ[39] അധ്വാനം നിയമത്തിന് അന്യമാകാൻ ഇടയില്ല. അവർ പുറജാതികളാണെങ്കിൽ, അവിടെയും, എല്ലാത്തരത്തിലും, സ്രഷ്ടാവിൻെറ ലോകത്തിൽ ആരോഗ്യമുള്ളവരും നീതിമാന്മാരുമായ ആളുകളെ കാണാൻ കഴിയും. അവിടുന്ന് ആ സമയത്ത് ആഗതനായത് അവർക്കാവശ്യമില്ല എന്നതിനെക്കുറിച്ച് അവിടുന്നു പറഞ്ഞു: *ആരോഗ്യമുള്ളവർക്ക് വൈദ്യനെ കൊണ്ടാവശ്യമില്ല;* നീതിമാന്മാർക്ക് കൃപയും.

## ഉപവാസത്തെപ്പറ്റിയുള്ള ചർച്ച

**22a.** നമ്മുടെ കർത്താവ് ഈ ലോകത്തിൽ ആയിരുന്ന കാലം മുഴുവൻ അതിനെ മണവറയായും തന്നെ മണവാളനായും ഉപമിച്ചിരുന്നു. കാരണം, *മണവാളൻ കൂടെയുള്ളപ്പോൾ വിരുന്നുകാർക്ക് ഉപവസിക്കാൻ സാധ്യമല്ല* (മർക്കോ 2:19).

**22b.** *വിരുന്നുകാർക്ക് ഉപവസിക്കാൻ സാധ്യമല്ല.* അവിടുന്ന് തൻെറ ശിഷ്യരെ *വിരുന്നുകാർ* എന്നുവിളിച്ചു. കാരണം, അവർ സഭാംഗങ്ങളും, വിരുന്നിൻെറ സഹായികളും മേശയ്ക്കിരിക്കുന്നവരെ ക്ഷണിക്കുന്ന അറിയിപ്പുകാരുമാണ്.

## സാബതിൽ ഗോതമ്പുമണി പറിക്കുന്നത്

**23.** *ഇതാ, സാബതിൽ നിയമാനുസൃതമല്ലാത്തത് നിൻെറ ശിഷ്യന്മാർ ചെയ്യുന്നു* (മത്താ 12:2). നിയമത്തിൽനിന്ന് അവിടുന്ന് ശിഷ്യരെ പൂർണ

39. നമ്പർ 38 കാണുക; 20a. 21 എന്നീ ഖണ്ഡികകൾ മാർസ്യനെതിരെയാണ്.

www.malankaralibrary.com



മായി ഒഴിവാക്കിയപ്പോഴൊക്കെ അവർ അമ്പരക്കേണ്ടതില്ലെന്ന് നമ്മുടെ കർത്താവ് അവരെ മുൻകൂട്ടി പ്രബോധിപ്പിക്കുകയും, നീതിമാന്മാരുടെ സത്യത്തിൽ പരിശീലിപ്പിക്കുകയും ചെയ്തിരുന്നു. അവൻെറ പിതാവും സാബതിൽനിന്ന് ഒഴിവു നൽകിയിരുന്നു. സാബത് താൻ നിശ്ചയിച്ചതാണെന്നും, താൻ തുടർന്നും അതിൽനിന്ന് ഒഴിവു നൽകുമെന്നും, പാദത്തിൻെറ അടിവശംമുതൽ തലവരെ നീണ്ടുകിടക്കുന്ന വേദനയ്ക്കുള്ള പ്രത്യൗഷധമായി വിദഗ്ദ്ധനായ വൈദ്യൻ നിശ്ചയിച്ചതാണ് ഇവയൊക്കെ എന്നും കാണിക്കാനായിരുന്നു ഇത്. *അവർ മണികൾ തിരുമ്മി തിന്നുകൊണ്ടിരുന്നു* (ലൂക്കാ 6:1). അതായത്, അവർ അവിടെ ഒരുപമ വരച്ചുകാട്ടുകയായിരുന്നു; കാരണം, ബലിപീഠത്തിൽ അർപ്പിക്കപ്പെടുന്നതുവരെ ആദ്യഫലങ്ങൾ ഭക്ഷിക്കാൻ നിയമം അനുവദിച്ചിരുന്നില്ല (പുറ 23:19; 34:26). എന്നാൽ കൊയ്തിനു മുമ്പ് പുരോഹിതന്മാർക്കു നീക്കിവച്ചിരുന്ന ആദ്യഫലങ്ങൾ അവർ എടുത്തു. ഇതു സംബന്ധിച്ച് ശിഷ്യരെ കുറ്റപ്പെടുത്തണം എന്ന കാര്യം ഫരിസേയരുടെ ശ്രദ്ധയിൽ പെട്ടില്ല; പിന്നെയോ, അവർ സാബത് ലംഘിച്ചു എന്നു മാത്രമേ ആരോപിച്ചുള്ളൂ.

**24.** നമ്മുടെ കർത്താവ് ദാവീദിൻെറ സ്പഷ്ടമായ ദൃഷ്ടാന്തം അവതരിപ്പിച്ചു. ഇതിൻെറ പേരിലോ മറ്റെന്തിൻെറയെങ്കിലും പേരിലോ അവനെ ആരും കുറ്റപ്പെടുത്തിയില്ല (1 സാമു 21:1-7; 23:19; 34:26). പുരോഹിതനല്ലാതിരുന്നതിനാൽ വിശുദ്ധ അപ്പം ഭക്ഷിക്കാൻ ദാവീദിന് അനുവാദം ഇല്ലായിരുന്നു. എങ്കിലും, അവൻ ആത്മാവിൻെറ ആലയമായിരുന്നതിനാൽ, ഒരു പുരോഹിതനായിരുന്നു. അവർ ഇതു ഗ്രഹിക്കാഞ്ഞതിനാൽ, അവരുടെ നിലപാട് തെറ്റാണെന്ന് അവിടുന്നു പരസ്യമായി തെളിയിച്ചു: *പുരോഹിതന്മാർ ദേവാലയത്തിൽ സാബത് ലംഘിക്കുന്നെങ്കിലും, അവർ കുറ്റക്കാർ അല്ലല്ലോ* (മത്താ. 12:5). അവിടെ നമുക്കുവേണ്ടി മറ്റൊരു സംഗതികൂടി വരച്ചുകാണിച്ചിട്ടുണ്ട്. പീഡിപ്പിക്കപ്പെടുന്നതിനു മുമ്പ്, വിശുദ്ധ വസ്തുക്കളെ സമീപിക്കാൻ അവന് അനുവാദം ഇല്ലായിരുന്നു; എന്നാൽ പീഡിപ്പിക്കപ്പെട്ട ശേഷം അധികാരപൂർവം അവൻ അതിൽ പങ്കെടുത്തു. നമ്മുടെ കർത്താവിൻെറ കാര്യത്തിലും അപ്രകാരം തന്നെയാണ്. അവിടുന്നു പീഡിപ്പിക്കപ്പെട്ടശേഷം, തൻെറ ശരീരം തൻെറ ശിഷ്യരുടെ ഇടയിൽ പങ്കിട്ടു; തൻെറ രക്തം, തന്നിൽ വിശ്വസിച്ചവരുടെ ഇടയിലും. ആറു ദിവസങ്ങൾക്കുശേഷമുള്ള വിശ്രമം ആയതിനാൽ, *സാബത് മനുഷ്യർക്കുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരി*

www.malankaralibrary.com



*ക്കുന്നത്* (മർക്കോ 2:27). അതുകൊണ്ടാണ് അത് മനുഷ്യർക്കുവേണ്ടി ആയിരിക്കുന്നത്. അങ്ങനെ അതിന് ഈ പേരുണ്ടായി. സാബത് ദൈവത്തിനുവേണ്ടി സ്ഥാപിക്കപ്പെട്ടതല്ല, പിന്നെയോ, മനുഷ്യർക്കു വേണ്ടിയാണ്. അതുകൊണ്ടാണ് ഇത് സ്ഥാപിച്ചവൻ ഇതിൻെറ കർത്താവായിരിക്കുന്നത് (മർക്കോ 2:28).

# 6

## സൗഭാഗ്യങ്ങളും ശാപങ്ങളും

**1a.** സൗഭാഗ്യങ്ങൾ നൽകിയപ്പോൾ നമ്മുടെ കർത്താവ് പ്രത്യേകമായി തൻെറ ശിഷ്യരെയാണു നോക്കിയത്. *അവൻ തൻെറ കണ്ണുകൾ അവരുടെ നേരെ ഉയർത്തി സംസാരിക്കാൻ തുടങ്ങി:* (ലൂക്കാ 6:20): *തങ്ങളുടെ ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ* (മത്താ 5:3). തങ്ങളുടെ സ്വന്ത ഇഷ്ടത്താൽ ദരിദ്രരായി തീരുന്നവരാണു ദരിദ്രർ; ഈ ദാരിദ്ര്യത്താൽ അവർ അഹങ്കരിക്കാതിരിക്കാൻ അവിടുന്ന് അരുൾചെയ്തു: *താഴ്മയുള്ളവർ ഭാഗ്യവാന്മാർ* (5:5). *തൻെറ തലമുറയിലെ എല്ലാവരെക്കാളും താഴ്മ ഉള്ളവനായിരുന്നു മോശ* (സംഖ്യ 12:3). *ആത്മാവിൽ താഴ്മയുള്ളവരിൽ അല്ലാതെ ആരെയാണു ഞാൻ ശ്രദ്ധിക്കുക, എവിടെയാണു ഞാൻ വസിക്കുക?* (ഏശാ 66:2). *കർത്താവേ, ദാവീദിനെയും അവൻെറ താഴ്മയേയും ഓർക്കണമെ* (സങ്കീ 132:1). *ഞാൻ ശാന്തനും വിനീതനുമാകയാൽ എന്നിൽനിന്നു പഠിക്കുവിൻ; നിങ്ങൾ നിങ്ങളുടെ ആത്മാക്കൾക്കു വിശ്രമം കണ്ടെത്തും* (മത്താ 11:29).

*കരയുന്നവർ ഭാഗ്യവാന്മാർ* (5:4): തങ്ങളുടെ പാപങ്ങളെപ്രതി വിലപിക്കുന്നവർ, തങ്ങളുടെ കടങ്ങളിൽ സന്തോഷിക്കുന്നവർക്ക് *കരച്ചിലും പല്ലുകടിയും* (8:12) റിസർവു ചെയ്തിരിക്കുന്നതുപോലെയാണിത്. *നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ* (5:6). *അപ്പത്തിനു വേണ്ടിയല്ല വിശക്കുന്നത്; ജലത്തിനു വേണ്ടിയല്ല ദാഹിക്കുന്നത്; പിന്നെയോ, കർത്താവിൻെറ വചനം ശ്രവിക്കുന്നതിനു വേണ്ടിയത്രേ* (ആമോ 8:11) എന്ന വചനം പോലെയാണിത്. വിലപിക്കുന്നവർ ഭാഗ്യവാന്മാർ (ലൂക്കാ 6:21b). അതിൻെറ അർത്ഥം *നാം അവനോടൊത്ത് പീഡ അനുഭവിക്കുമെങ്കിൽ, അവനോടൊപ്പം മഹത്വപ്പെടുകയും ചെയ്യും എന്നത്രേ* (റോമാ 8:17).

www.malankaralibrary.com



*കരുണയുള്ളവർ ഭാഗ്യവാന്മാർ* (മത്താ 5:7); കാരണം, അയൽക്കാരനോട് കരുണ കാണിക്കുന്നവൻെറ മേൽ കാരുണ്യം വർഷിക്കപ്പെടും. *ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ, അവർ ദൈവത്തെ കാണും* (5:8). *ദൈവമേ, നിർമല ഹൃദയം എന്നിൽ സൃഷ്ടിക്കണമെ* എന്ന് പ്രവാചകൻ പ്രാർത്ഥിക്കുന്നതുപോലെയാണിത് (സങ്കീ 51:12). അതുകൊണ്ട്, മോശയെപ്പോലെ നിർമലഹൃദയം ഉള്ളവർ ദൈവത്തെ കാണും (സംഖ്യ 12:8). നല്ല കാഴ്ച ഉള്ളവർക്ക് സൂര്യൻെറ വെട്ടിത്തിളങ്ങുന്ന പ്രകാശം ദർശിക്കാൻ കഴിയുന്നതുപോലെ, പാവനമായ ആത്മാവിന് അതിൻെറ കർത്താവിൻെറ ദർശനം ലഭിക്കും.

*സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ദൈവപുത്രന്മാർ എന്നു വിളിക്കപ്പെടും* (മത്താ 5:9); കാരണം, അവിടുത്തെപ്പോലെ അവർ സമാധാനത്തെ സ്നേഹിക്കുന്നു. മാലാഖമാർ സദ്വാർത്ത പ്രഘോഷിച്ചപ്പോൾ *അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം; ഭൂമിയിൽ സമാധാനം* എന്ന് അവർ അറിയിച്ചു (ലൂക്കാ 2:14). *അവൻ തൻെറ കുരിശിലെ രക്തംവഴി സ്വർഗത്തിലും ഭൂമിയിലും ഉള്ളവയെ അനുരഞ്ജിപ്പിച്ചു* (കൊളോ 1:20). അവിടുന്ന് തൻെറ ശിഷ്യരെ അയച്ചപ്പോൾ ഇപ്രകാരം പറഞ്ഞു: *നിങ്ങൾ ഏതെങ്കിലും ഭവനത്തിൽ പ്രവേശിക്കുമ്പോൾ, ഈ ഭവനത്തിനു സമാധാനം എന്ന് ആദ്യമേ ആശംസിക്കണം* (ലൂക്കാ 10:15). *സമാധാനം ഉണ്ടാക്കുന്നവർ* ഇപ്രകാരം *ദൈവപുത്രന്മാർ* എന്നു വിളിക്കപ്പെടുന്നു. *ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവർ യഥാർത്ഥത്തിൽ ദൈവപുത്രന്മാരാണ്* എന്ന് പറയുന്നതുപോലെയാണിത് (റോമാ 8:14).

*നീതിയെപ്രതി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ* (മത്താ 5:10). *അവർ നിങ്ങളെ പീഡിപ്പിക്കുകയും ഏല്പിച്ചുകൊടുക്കുകയും ചെയ്യും* (ലൂക്കാ 21:12) എന്നും *യേശുമിശിഹായുടെ നീതിയിൽ ജീവിക്കാൻ ആഗ്രഹിക്കുന്നവരെല്ലാം പീഡിപ്പിക്കപ്പെടും* (2 തിമോ 3:12) എന്നും പറയുന്നതുപോലെയാണിത്. ഇക്കാരണത്താലാണ് ശ്ലീഹന്മാർ വിദ്വേഷത്തിനു പാത്രീഭൂതരായപ്പോൾ, അവിടുത്തെ നാമത്തെപ്രതി പീഡ സഹിക്കാൻ യോഗ്യരാക്കപ്പെട്ടതിൽ സന്തോഷിച്ചത് (നട 5:41). അവിടുന്ന് അവരോട് കല്പിച്ചതിന് അനുസൃതമാണിത്. *ആ ദിവസത്തിൽ നിങ്ങൾ ആനന്ദിച്ചാഹ്ലാദിച്ച് സന്തോഷത്താൽ കുതിച്ചുചാടുവിൻ* (ലൂക്കാ 6:23).

www.malankaralibrary.com



**1b.** *ഞാൻ നിമിത്തം അവർ നിങ്ങളെ നിന്ദിക്കുകയും പീഡിപ്പിക്കുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ* (മത്താ 5:11). *ഞാൻ നിമിത്തം* എന്നത് എല്ലാ സൗഭാഗ്യങ്ങളോടും ചേർത്തു മനസിലാക്കണം. കാരണം, വിശ്വസിക്കുന്നില്ലെങ്കിൽ, *ആത്മാവിൽ ദരിദ്രനായിരിക്കുന്നതു*കൊണ്ട് എന്തു പ്രയോജനം? നമ്മുടെ കർത്താവിനെ പ്രതിയല്ലാതെ കരഞ്ഞതു കൊണ്ട് എന്തു പ്രയോജനം? തന്നെത്താൻ താഴ്ത്തുന്നവൻ നമ്മുടെ കർത്താവിനെപ്രതി അല്ലെങ്കിൽ എന്തു ഗുണം? നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവൻ, ഇപ്രകാരം ചെയ്യാൻ കല്പിച്ചവനുവേണ്ടിയല്ല ചെയ്യുന്നതെങ്കിൽ എന്തു ഗുണം? ദൈവഭയത്താൽ ഹൃദയശുദ്ധിയുള്ളവനായിരിക്കുന്നില്ലെങ്കിൽ 'ഹൃദയശുദ്ധി' കൊണ്ട് എന്തു കാര്യം? *ഞാൻ നിമിത്തം* എന്നത്, അതുകൊണ്ട്, എല്ലാ സൗഭാഗ്യങ്ങളോടും ചേർന്നുപോകുന്നതാണ്. നമ്മുടെ കർത്താവിനെപ്രതി സമ്പാദിച്ചതല്ലെങ്കിൽ, നേടിയ മഹത്ത്വം ഒന്നിനും ഉപകരിക്കുകയില്ല. *അവർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തും* (മത്താ 5:16).

**2.** *ധനികരേ, നിങ്ങൾക്കു ഹാ, കഷ്ടം* (ലൂക്കാ 6:24). എല്ലാ ധനികർക്കും ഇത് ബാധകമാകാതിരിക്കാൻ, അതു കഴിഞ്ഞ് അവിടുന്ന് നിശബ്ദനായിരുന്നില്ല. എല്ലാ ദരിദ്രർക്കും ബാധകമാകാതിരിപ്പാൻ ദരിദ്രർ ഭാഗ്യവാന്മാർ എന്നതിനോടുകൂടി *ആത്മാവിൽ* എന്നും കൂട്ടിച്ചേർത്തതുപോലെയാണിത്. *ധനികരേ, നിങ്ങൾക്കു ഹാ, കഷ്ടം* എന്ന് അവിടുന്നു പറഞ്ഞത്, ഇതുമാത്രം ജീവിതാഭിലാഷം ആയിരിക്കുന്നവരെ കുറിച്ചാണ്. ബഹുമാനസംജ്ഞകളായിട്ടല്ല സൗഭാഗ്യങ്ങൾ നൽകപ്പെട്ടത്; ജീവിക്കുന്നവർക്കേ അവ യാഥാർത്ഥ്യമാകു. ഏതെങ്കിലും വകുപ്പിൽ ആർക്കെങ്കിലും ഒക്കെ ഓരോ സ്ഥാനപ്പേര് സമ്പാദിക്കാം. തന്റെ കാര്യത്തിൽശ്രേഷ്ഠമായ സംജ്ഞ ഉണ്ടാകാൻ ആഗ്രഹമില്ലാത്തവന്, സംജ്ഞയിൽ ഉൾക്കൊള്ളുന്ന പ്രവൃത്തി സമീപസ്ഥമാണ്. അതുകൊണ്ട് തത്തുല്യമായ കർമത്തിനാണ് ഓരോ സൗഭാഗ്യവും അവിടുന്നു വാഗ്ദാനം ചെയ്തിരിക്കുന്നത്; ആ പ്രവൃത്തി ചെയ്യുന്നവനാണ് ആ ദാനം ലഭിക്കുക. അധ്വാനത്തോടൊപ്പം പ്രതിഫലവും പ്രവൃത്തിയോടൊപ്പം കൂലിയും, ലംഘനത്തോടൊപ്പം ശിക്ഷയും അവിടുന്നു പ്രഖ്യാപിച്ചിരിക്കുന്നു. കണ്ണും സൂര്യനും ബന്ധപ്പെടുമ്പോൾ, ആകാശത്തിനും ഭൂമിക്കും ഇടയ്ക്കുള്ള ദൃശ്യമായവയെല്ലാം കാണാൻ കഴിയുന്നു; അതുപോലെ, ജീവനുള്ളവരുടെ പ്രകാശമാണ് ജീവദാതാവ്. അവിടുന്ന്

www.malankaralibrary.com



സ്വയം ബുദ്ധിയുമായി ബന്ധിക്കുമ്പോൾ, അതിനെ ഉന്നതത്തിലേക്കുയർത്തുകയും നിഗൂഢമായവ കാണിക്കുകയും ചെയ്യുന്നു; അവിടുന്ന് അതിനെ ആഴങ്ങളിലേക്ക് താഴ്ത്തികൊണ്ടുവന്ന് രഹസ്യകാര്യങ്ങൾ വെളിപ്പെടുത്തിക്കൊടുക്കുന്നു. *അതുകൊണ്ട്, നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു; നിങ്ങൾ സൃഷ്ടിയുടെ ഉപ്പാകുന്നു* (മത്താ 5:13-14).

## യേശു നിയമം പൂർത്തിയാക്കുന്നു

**3a.** നമ്മുടെ കർത്താവ് അവതരിപ്പിച്ച പരിപൂർണ കല്പനകൾ നിയമത്തിൽനിന്ന് ഒഴിവാക്കുന്നതിനാണ് എന്ന് ശിഷ്യർ ചിന്തിക്കാതിരിക്കാനായി, അവിടുന്ന് ആദ്യം അവരോടു പറഞ്ഞു: ഞാൻ പരിപൂർണത അവതരിപ്പിക്കുന്നു എന്നു നിങ്ങൾ കേൾക്കുമ്പോൾ, ഞാൻ നിയമത്തെ നീക്കിക്കളയുകയാണ് എന്ന് കരുതരുത്. യഥാർത്ഥത്തിൽ ഞാൻ അതിനെ പൂർത്തീകരിക്കുകയാണ്. കാരണം, *നീക്കിക്കളയാനല്ല, നിവൃത്തിയാക്കാനത്രേ ഞാൻ വന്നിരിക്കുന്നത്* (മത്താ 5:17). ഒരു കുട്ടിയുടെ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന നിയമജ്ഞൻ, കുട്ടി പ്രബോധകന്റെ കൂടെ കഴിയണം എന്ന് വാദിക്കാറില്ല; അഥവാ, തന്റെ മകൻ എപ്പോഴും ശിശുവായിരിക്കണം എന്ന് പിതാവും ആഗ്രഹിക്കാറില്ല. അഥവാ, തന്റെ ശിശു എപ്പോഴും പാൽ ആവശ്യപ്പെട്ടുകൊണ്ടിരിക്കണം എന്ന് നേഴ്സും ചിന്തിക്കാറില്ല. പാൽ അതിന്റെ സമയത്തിനു പറ്റിയതാണ്. എന്നാൽ ശിശു വളർന്ന് ബലം പ്രാപിച്ചുകഴിഞ്ഞാൽ, അവനു പിന്നെ പാലിന്റെ ആവശ്യമില്ല.

**3b.** ആരോപണം ഉന്നയിച്ച് കുറ്റപ്പെടുത്താൻ അവസരം പാർത്തുകൊണ്ടിരുന്ന നിയമജ്ഞരോടും ഫരിസേയരോടും അവിടുന്നു പറഞ്ഞു: *നിയമത്തെയും പ്രവാചകരെയും നീക്കിക്കളയാനല്ല, പൂർത്തിയാക്കാനാണ് ഞാൻ വന്നിരിക്കുന്നത്* (മത്താ 5:17). കുറവുള്ളവയുടെ പൂർത്തീകരണം ആയിരുന്നു ഇത്. എന്തുതരം പൂർത്തീകരണമാണിതെന്നും അവിടുന്നു വ്യക്തമാക്കി: *എന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നവയെല്ലാം പൂർത്തിയാക്കാൻ, ഇതാ, നാം ജറുസലേമിലേക്കു കയറിപ്പോകുന്നു* (ലൂക്കാ 18:31). കുറവുള്ളവയെപ്പറ്റി ശ്ലീഹാ പറഞ്ഞു: *മുൻകാല സംഗതികൾ കടന്നുപോയി* (2 കോറി 5:17). പൂർണതയിൽ എത്തിച്ചേരുകയും വളർച്ച പ്രാപിക്കുകയും, ശ്രേഷ്ഠതയിലേക്ക് നവീകരിക്കപ്പെടുകയും ചെയ്ത സംഗതികളെക്കുറിച്ച് അവൻ പറഞ്ഞു: *നിയമത്തിലെ ഒരടയാളം മാറ്റുന്നതിനേക്കാൾ എളുപ്പമാണ്, ആകാശവും ഭൂമിയും കടന്നു*

www.malankaralibrary.com



*പോകുന്നത്; പുതിയനിയമത്തിലെ കല്പനകളിലൊന്നിന് അയവു വരുത്തുന്നവൻ* (ലൂക്കാ 16:17; മത്താ 5:19).

## എതിർകാര്യങ്ങൾ

**4.** *നിന്റെ ചെകിട്ടത്ത് അടിക്കുന്നവന് മറ്റേതും കാണിച്ചുകൊടുക്കുക* (മത്താ 5:39). കൃപ നീതിയെ കടത്തിവെട്ടിയ ഇക്കാലത്ത് അടിക്ക് അടി കൊടുക്കുന്നവൻ (പുറ. 21:24)കുറവുള്ളവനാണ്. *നിങ്ങളുടെ നീതി നിയമജ്ഞരുടെ നീതിയെ കവിയുന്നില്ലെങ്കിൽ, നിങ്ങൾ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല* (മത്താ 5:20). *കൊല്ലരുതെന്ന് അവരോട് പറയപ്പെട്ടിരുന്നു* (പുറ 20:13). എന്നാൽ *നിങ്ങൾ കോപിക്കരുത് എന്ന് ഞാൻ നിങ്ങളോട് പറയുന്നു* (മത്താ 5:22). *വ്യഭിചാരം ചെയ്യരുത്* എന്ന് അവരോട് പറഞ്ഞിരുന്നു (പുറ 20:14). ദുരാഗ്രഹങ്ങൾ പാടില്ലെന്ന് ഞാൻ നിങ്ങളോടു പറയുന്നു (മത്താ 5:28). *അടിക്ക് അടി* എന്ന് അവരോട്; എന്നാൽ ഇവിടെ *അടിക്കുന്നവന് മറ്റേതും കാണിച്ചുകൊടുക്കുക* എന്ന് അവിടുന്ന് മറ്റൊരു രീതിയിൽ ഇതു പഠിപ്പിക്കുന്നു: *നീ കാഴ്ച അർപ്പിക്കുമ്പോൾ, അത് വച്ചിട്ട് പോയി രമ്യപ്പെടുക* (മത്താ 5;23-24). അർപ്പണം നിമിത്തം നീതിയെ അവഗണിക്കാം എന്ന് ആരെങ്കിലും ചിന്തിക്കാതിരിക്കാനാണിത്; അഥവാ, അതിനെതിരെ തെറ്റുചെയ്യുന്നവന് ശിക്ഷ കിട്ടുകയില്ല എന്നു കരുതാതിരിക്കാനാണിത്.

*നിങ്ങളുടെ നീതി നിയമജ്ഞരുടെയും ഫരിസേയരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ* (5:20). നിയമം ഇപ്രകാരം കല്പിക്കുന്നു: *നീ നിന്റെ സ്ഥലത്തിന്റെ കാലാ പെറുക്കരുത്; നിന്റെ ഒലിവുമരങ്ങൾ രണ്ടാം പ്രാവശ്യവും കുലുക്കരുത്; നിന്റെ മുന്തിരിത്തോട്ടത്തിന്റെ കാലാ പെറുക്കരുത്; അത് പാവപ്പെട്ടവർക്കുള്ളതാണ്* (ലേവ്യ 19:9-10). നിയമത്തിൻ കീഴിൽ ഉള്ളവരോടാണ് ഇവ പറഞ്ഞിരിക്കുന്നത്. അപ്പോൾ പിന്നെ, മിശിഹായിൽ ഉള്ളവരോട് എന്താണ് പറയേണ്ടത്? *നിങ്ങളുടെ നീതി നിയമജ്ഞരുടെയും ഫരിസേയരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ, നിങ്ങൾ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല* എന്ന് അവിടുന്ന് അവരോട് പറഞ്ഞിരിക്കുന്നു.

**5.** *കൊല്ലരുത് എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. കൊല്ലുന്നവൻ ന്യായവിധിക്ക് വിധേയനാകുന്നു; എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: തന്റെ സഹോദരനെ ഭോഷാ, എന്നു വിളിക്കുന്നവൻ..*(മത്താ 5:21-22). മനുഷ്യർ

www.malankaralibrary.com



ക്കെതിരായി പ്രയോഗിക്കാവുന്ന ഏറ്റവും താണതരം അഭിസംബോധന യാണിത്. ആണ്ടിൻെറ കാലവ്യത്യാസം തിരിച്ചറിയാൻ സാധാരണക്കാ രനും സാധിക്കും; എന്നാൽ വിജ്ഞാനി മനസിൻെറ ചലനങ്ങൾ മനസി ലാക്കുന്നു. അതുകൊണ്ട്, പൂർണവളർച്ച പ്രാപിച്ചവരെ പൂർണവളർച്ച യെത്തിയവരുടെ സഖിത്വത്തിൽ ഉൾപ്പെടുത്താൻ അവിടുന്ന് ആഗ്ര ഹിച്ചു; അതായത്, പരിപൂർണരെ മാലാഖമാരുടെ സഖിത്വത്തിൽ. നമ്മുടെ കർത്താവിൻെറ തിരുമുമ്പിൽ നിഷ്കളങ്കർ കുറ്റക്കാരെപ്പോ ലെയാണ്. തദ്ഫലമായി, ഓരോരുത്തനും മറ്റുള്ളവരെ സമഭാവന യോടെ പരിഗണിക്കണം. മനുഷ്യർ തൻെറ സാദൃശ്യത്തിൽ ആയിരി ക്കുന്നതിനും, ദൈവത്തിന് സ്വഭാവത്താലേ ഉള്ളത് അവർ സ്വതന്ത്രേ ച്ഛയാൽ സമ്പാദിക്കുന്നതിനുമായി ദൈവം മനുഷ്യർക്ക് സ്വതന്ത്ര മനസു നല്കി. മിശിഹായെ നോക്കുക. അവിടുത്തേക്ക് അത് സ്വഭാ വത്താലേ ഉണ്ടായിരുന്നെങ്കിലും, അവിടുന്ന് സ്വതന്ത്രേച്ഛ അനുസരി ച്ചാണ് വ്യാപരിച്ചത്.

6. *'വ്യഭിചാരം ചെയ്യരുത്' എന്ന് പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടു ണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: മോഹത്തോടുകൂടി സ്ത്രീയെ നോക്കുന്നവൻ വ്യഭിചാരം ചെയ്തുകഴിഞ്ഞു"* (മത്താ 5: 27-28). സമ്പത്തിനെ സ്നേഹിച്ചവരും, സുഖസൗകര്യങ്ങളെയും ദുർ വചനങ്ങളെയും സ്നേഹിച്ചവരും ഉണ്ടായിരുന്നതിനാൽ, നമ്മുടെ കർത്താവ് അരുൾചെയ്തു: *നിൻെറ കൈയോ, കാലോ,* (18:8). നിങ്ങ ളുടെ ശാരീരികാവയവങ്ങളെ സംബന്ധിച്ചുപോലും ഞാൻ നിങ്ങളോടു സംസാരിച്ചെങ്കിൽ എളുപ്പം വെട്ടിമാറ്റാവുന്ന സമ്പാദ്യങ്ങളെയും സുഖ സൗകര്യങ്ങളെയും ദുർവചനങ്ങളെയും നിങ്ങൾക്ക് എങ്ങനെ പരിഗണി ക്കാനാവും? കാരണം, ഒരവയവം വെട്ടിമാറ്റുന്നതിലൂടെ ദുഷിക്കാനും ശപിക്കാനും മറ്റും നിന്നിലുള്ള ദുരാശയ്ക്ക് നീ അന്ത്യം കുറിക്കുന്നെ ങ്കിൽ, നീ എന്തുകൊണ്ട് നിൻെറ നാവു മുറിച്ചുകളയുന്നില്ല? കാരണം, നിൻെറ ഒരവയവത്തിൽ നിന്നുള്ള വേദനകളുടെയെല്ലാം പരിഹാരം ഇപ്രകാരം ഗ്രഹിക്കുക ആവശ്യമാണ്. അഥവാ, നീ ദുഷ്ടതയോടുകൂടി പ്രവർത്തിച്ചു; അഥവാ, നീ ശരിയായി ശ്രദ്ധിച്ചില്ല; അഥവാ, നീ ഒരവയവം തെറ്റായി മുറിച്ചുകളഞ്ഞു; അഥവാ നീ കല്പന മൗഢ്യമായി മനസി ലാക്കി എന്നു കരുതുക. നീ മുറിച്ചുകളയാത്തതിനെക്കൊണ്ട്, വളരെ മോശമായി മുറിച്ചുകളഞ്ഞു എന്ന് നിന്നെത്തന്നെ നീ കുറ്റപ്പെടുത്തുന്നു. കാരണം, നീ വേദനയെ ഭയപ്പെട്ടു; നിൻെറ ഒരവയവം നഷ്ടമാകുന്നതി നേക്കാൾ കല്പനലംഘനം നീ ഇഷ്ടപ്പെട്ടു.

www.malankaralibrary.com



**7.** നാവു മുറിച്ചുകളയുന്നതുകൊണ്ട് ദൈവദൂഷണം ഇല്ലാതാകുമോ എന്നു നോക്കാം. അവസാനിക്കുന്നെങ്കിൽ, മുറിച്ചുകളയാത്തവർ തെറ്റായിട്ടാണോ പ്രവർത്തിക്കുക? അഥവാ, അവസാനിക്കുന്നില്ലെങ്കിൽ, മുറിച്ചുകളഞ്ഞവർ തെറ്റായിട്ടാണോ മനസിലാക്കിയത്? അഥവാ, അവ മുറിച്ചുകളയുമ്പോൾ ശരീരം നശിക്കുന്നു എന്നിരിക്കെ ദുഷ്ടതയിലേക്കുള്ള ചാച്ചിൽ പിഴുതുകളയാതെ, ആ അവയവങ്ങൾ വെട്ടിക്കളയണമെന്ന് നമ്മുടെ കർത്താവിന് എങ്ങനെ കല്പിക്കാനാവും? ദൈവത്വം രൂപീകരിച്ച നല്ല അവയവമല്ല, സ്വതന്ത്രേച്ഛ രൂപീകരിച്ച ദുർവിചാരങ്ങളാണ് വെട്ടിമാറ്റേണ്ടത്. നാം ക്ഷീണിച്ച് പരാജയപ്പെടാതിരിപ്പാൻ ഈ രീതിയിൽ പോലും എത്രമാത്രം നമുക്ക് പോരാട്ടം നടത്തേണ്ടതുണ്ട് എന്ന് നമ്മുടെ കർത്താവ് കാണിക്കുന്നു: *നിങ്ങളുടെ വസ്ത്രങ്ങളല്ല, നിങ്ങളുടെ ഹൃദയങ്ങളാണ് കീറേണ്ടത്* എന്നതുപോലെ ആണിത് (യോയേൽ 2:13). ആ ധനവാൻെറ സമ്പത്ത് അവൻെറ വലത്തു കണ്ണായിരുന്നു; അത് അവന് ഇടർച്ചയ്ക്കു ഹേതുവായി. എന്നാൽ അവനതു പിഴുതുകളഞ്ഞില്ല; ദൂരെ എറിഞ്ഞുമില്ല (ലൂക്കാ 12:16-21). ഹേറോദേസിൻെറ വലത്തുകൈ ഹേറോദ്യാ ആയിരുന്നു; എന്നാൽ ഈ അശുദ്ധമായ കരം വെട്ടി ദൂരെ എറിയുന്നതിനു പകരം അവൻ പാവനമായ ഒരു ശിരസ്സ് വെട്ടി എറിഞ്ഞുകളഞ്ഞു (മത്താ 14:3-11).

**8.** തനിക്ക് ഇടർച്ച വരുത്താതിരിക്കാനായി, പഴയമനുഷ്യൻെറ അവയവങ്ങളെല്ലാം ശെമഓൻ വെട്ടി ദൂരെ എറിഞ്ഞു: *ഇതാ, ഞങ്ങൾ എല്ലാം ഉപേക്ഷിച്ചിരിക്കുന്നു* (മത്താ 19:27). *എല്ലാം* എന്ന വാക്കു നിങ്ങൾ കേൾക്കുമ്പോൾ, പഴയ മനുഷ്യൻെറ ഒരു കണ്ണോ, ഒരു കാതോ, ഒരു മൂക്കോ വെട്ടി എറിഞ്ഞുകളയാതെ അവൻ അവശേഷിപ്പിച്ചില്ല എന്നറിയുക. കണ്ണ് ദുരാശയാണ്; കണ്ണുവഴി അതിനു തീപിടിക്കുന്നു. കാത് പരദൂഷണമാണ് എന്നിത്യാദി. പൗലോസ് ഇതിൽനിന്ന് ഗ്രഹിച്ചിരുന്നു: വ്യഭിചാരം, എന്നു തുടങ്ങി, *നിങ്ങളുടെ അവയവങ്ങളെ നിഗ്രഹിക്കുവിൻ* (കൊളോ 3:5). വലത്തുകണ്ണ് കാമവുമാണ്. കാരണം, താൻ കാണുന്ന സ്ത്രീയെ കാമത്തിലൂടെയാണ് പുരുഷൻ ആഗ്രഹിക്കുന്നത്. ഇത് പ്രധാന വിഷയമാകുന്നത് ഇതുകൊണ്ടും ഈ കാരണത്താലുമാണ്. പോഷണത്തിനുള്ള ഉപകരണമാണ് കൈ; കാല് താങ്ങിനിർത്തുന്നതാണ്. ശരീരത്തിൽ രണ്ട് നാവുകൾ ഇല്ലാത്തതിനാൽ ആശ്വാസപ്രദൻ[40] നാവി

40. മിശിഹായ്ക്കുള്ള മറ്റൊരു പേര്. യോഹ 14:16-ൽ ഇതു പരിശുദ്ധാത്മാവിനെ കുറിക്കുന്നു.

www.malankaralibrary.com



നെപ്പറ്റി പറഞ്ഞില്ല. കൂടാതെ, നാവു മുറിച്ചുകളയുന്നതിനെപ്പറ്റി നാവു സംസാരിക്കാൻ മുതിരുകയില്ല. എങ്കിലും അതിൻെറ നിശബ്ദതയിൽ അത് നാവിൻെറ എതിരാളിയായിതീരുന്നു; അതിനെതിരെ സംസാരിക്കുകയും ചെയ്തിരിക്കുന്നു.

**9.** *തൻെറ സഹോദരനെ ഭോഷൻ എന്നോ ഭ്രാന്തൻ എന്നോ വിളിക്കുന്നവൻ* (മത്താ 5:22). നീ വിതയ്ക്കുന്നതു പോലെയല്ല നിൻെറ ശിക്ഷ എന്നുള്ളത് ശ്രദ്ധിക്കുക. കാരണം, ഒരു വ്യഭിചാരിയോട് 'നീ ഒരു വ്യഭിചാരിയാണ്' എന്നു പറഞ്ഞാൽ, ഇതിന് നിനക്ക് പ്രതിഫലമില്ല, അവൻ അർഹിക്കുന്നതിൽ കൂടുതൽ ശിക്ഷ അവനു ലഭിക്കുകയുമില്ല. എന്നാൽ നീ ആരോപിച്ചത് അവനിൽ കണ്ടെത്തപ്പെട്ടില്ലെങ്കിൽ, അവനുള്ളതിൻെറ ഇരട്ടി നേട്ടം അവനുണ്ടാകും; തിരുലിഖിതഭാഗം നിൻെറമേൽ നിപതിക്കുകയും ചെയ്യും. തൻെറ സഹോദരൻെറമേൽ നിപതിക്കണം എന്ന് അവൻ ആഗ്രഹിച്ചത് അവന് സംഭവിക്കും (ലൂക്കാ 6:31-38). അവൻെറ കടത്തിനു തക്കവണ്ണം നീതി കാട്ടാൻ നീ തിടുക്കം കൂട്ടി; ആ നീതി നീ വായ്പയെടുത്തതിനനുസൃതം നിന്നോടു ചെയ്യുന്നതിന് കാലവിളംബം വരുത്തുകയില്ല.

**10.** ഇപ്രകാരം, കൊലപാതകക്കുറ്റം ആരോപിച്ചവൻെറമേൽ തന്നെ കൊലക്കുറ്റം ചുമത്തപ്പെടും. അതുപോലെ, വ്യഭിചാരദോഷം ആരോപിച്ചവൻെറമേൽ തന്നെ അതു തിരിച്ചടിക്കും. ഇസ്രായേൽ സമൂഹത്തിൻെറ വിഗ്രഹാരാധന വ്യഭിചാരമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. ഈ തിന്മയെ വ്യഭിചാരം എന്നു വിളിച്ചത് അനുചിതമായിപ്പോയില്ല; കാരണം, സത്യത്തിൽനിന്ന് അകന്ന ഒരുതരം വേശ്യാവൃത്തിയാണിത്. അതുകൊണ്ട് ഈ പ്രബോധനങ്ങൾ പരിശോധിച്ചുനോക്കുകയും അവയെല്ലാം ഒന്നാണെന്ന് കാണുകയും ചെയ്യുക. ചിലപ്പോഴൊക്കെ ഒരു മനുഷ്യൻെറ ഒരവയവത്തിലൂടെ സാത്താൻ ഒരു ദുഷ്കർമം എറിഞ്ഞ് അവനെ തട്ടിവീഴ്ത്താറുണ്ട്. എന്നാൽ മറ്റുള്ളവരുടെ അധരങ്ങളിലൂടെ വഞ്ചനാപരമായി അവൻെറമേൽ ദുരാരോപണം നടത്തി അവനെ വെറുക്കത്തക്ക വ്യക്തിയായി അവതരിപ്പിക്കാറുണ്ട്. ഇങ്ങനെ ദുരാരോപകരെ ദുരാരോപണത്തിന് പ്രേരിപ്പിക്കുകയും ശ്രോതാക്കളെ വിശ്വസിപ്പിക്കുകയും ചെയ്യുന്നു.

**11a.** *മോഹിക്കരുത്* (മത്താ 5:27). *വ്യഭിചാരം ചെയ്യരുത്* എന്ന് നിയമം അനുശാസിക്കുന്നു (പുറ 20:14); *വേശ്യാവൃത്തി പാടില്ല* (ആവ 24:18);

www.malankaralibrary.com



*പോയി, വ്യഭിചാരിണിയും വേശ്യാവൃത്തി ചെയ്യുന്നവളുമായ ഒരുത്തിയെ ഭാര്യയായി എടുക്കുക* (ഹോശി 1:2;3:1). എന്നാൽ, *മോഹിക്കരുത്* എന്ന് നമ്മുടെ കർത്താവ് കല്പിച്ചു. അതുകൊണ്ട്, നിയമത്തിനെതിരായിട്ടോ, നിയമത്തെ അവഗണിച്ചുകൊണ്ടോ അന്യമായി യാതൊന്നും ഇല്ലെങ്കിൽ, നിയമത്തെ പരിപൂർണമാക്കുന്ന കല്പനയിൽ എങ്ങനെ അന്യമായിട്ടുള്ളത് ആരോപിക്കാനാവും? കാരണം, വ്യഭിചാരവും വേശ്യാവൃത്തിയും നിയമത്തിന് അന്യമാണ്. അതുകൊണ്ട് *മോഹിക്കരുത്* എന്നത് നിയമത്തെ പരിപൂർണമാക്കുന്നതാണ്.

**11b.** *കണ്ണിനു പകരം കണ്ണ്; എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ദുഷ്ടനോട് എതിർത്തു നില്ക്കരുത്* (മത്താ 5:38-39). വളർച്ചയ്ക്കായി നിശ്ചയിക്കപ്പെട്ട സമയം പൂർത്തിയായപ്പോൾ, ഖരഭക്ഷണം വിളമ്പാൻ തുടങ്ങി (എബ്രാ 5:14). ആദ്യമായി, നിയന്ത്രണത്തിനുള്ള സമയം നിശ്ചയിക്കപ്പെട്ടു; കാരണം ദുഷ്ടവസ്തുക്കളിൽ നിന്ന് ആദ്യമേ വേർതിരിക്കുക ഉചിതമായിരുന്നു. നീതി അതിൻെറ പരിപൂർണതയിൽ എത്തിയപ്പോൾ, കൃപ അതിൻെറ പരിപൂർണത അവതരിപ്പിച്ചു. *കണ്ണിനു പകരം കണ്ണ്* എന്നത് നീതിയുടെ പരിപൂർണതയാണ്; എന്നാൽ, *ഒരു ചെകിട്ടത്ത് അടിക്കുന്നവന് മറ്റേതുകൂടി കാണിച്ചുകൊടുക്കുക* എന്നത് കൃപയുടെ പൂർത്തീകരണമാണ്. രണ്ടും തുടർച്ചയായി അർത്ഥസമ്പുഷ്ടമാണെങ്കിലും, അവിടുന്ന് അവ നമുക്ക് നൽകിയത് ഒന്നിനു പിറകെ ഒന്നായി, രണ്ട് ഉടമ്പടികളിലൂടെയാണ്. ആദ്യഉടമ്പടിയിൽ പാപപരിഹാരത്തിനായി മൃഗങ്ങളുടെ കൊല ഉണ്ടായിരുന്നു; കാരണം, ഒരാൾ മറ്റൊരാൾക്കുവേണ്ടി മരിക്കാൻ നീതി അനുവദിച്ചില്ല. രണ്ടാമത്തെ ഉടമ്പടി ഒരു മനുഷ്യൻെറ രക്തംകൊണ്ടാണ് ഉറപ്പിക്കപ്പെട്ടത്; അവിടുന്ന് തൻെറ കൃപയാൽ തന്നെത്തന്നെ എല്ലാവർക്കുമായി നൽകി (എബ്രാ 9:11-14). അതുകൊണ്ട് ഒന്ന് ആരംഭവും മറ്റത് പൂർത്തീകരണവും ആയിരുന്നു. ആരംഭവും അന്ത്യവും ആരിൽ ആയിരിക്കുന്നുവോ, അവനാണ് പരിപൂർണൻ. മനസിലാകാത്തവർക്ക് ആരംഭവും അന്ത്യവും പരസ്പരം വേർപിരിഞ്ഞിരിക്കുന്നു. അവയെപ്പറ്റി പഠിക്കുമ്പോൾ അവ ഒന്നായി കാണാനാകും.

**12.** അതുകൊണ്ട്, "അടിക്ക് അടി" എന്ന തത്ത്വം മാറ്റിക്കഴിഞ്ഞു (പുറ 21:24); പരിപൂർണതയ്ക്കായി പരിശ്രമിക്കുന്നെങ്കിൽ, *നിന്നെ അടിക്കുന്നവന് മറ്റേതുകൂടി കാണിച്ചുകൊടുക്കണം* (ലൂക്കാ 6:29). ആദ്യത്തെ

www.malankaralibrary.com



ഉടമ്പടി അതിൻെറ വേരിൽ വെള്ളമായി നാം മനസിലാക്കുന്നു; എന്നാൽ *നിൻെറ ഒരു ചെകിട്ടത്ത് അടിക്കുന്നവന്* എന്നതു നാം പിൻചെന്നാൽ, നാം വീഞ്ഞായിരിക്കും കുടിക്കുന്നത്. നാം വഴിതെറ്റിപ്പോകാതിരിക്കാനാണ് നമുക്കുവേണ്ടി ഒരെണ്ണം ഉണ്ടാക്കിയത്; നാം തിരിഞ്ഞ്, നശ്വരമായവയിൽ വ്യാപരിക്കാതിരിക്കാൻ നമുക്കൊരു സഹായമായിട്ടാണ് മറ്റത് ഉണ്ടാക്കിയത്. വീഞ്ഞായി തീർന്ന വെള്ളംകൊണ്ട് എന്നപോലെയാണ് അതിനെ സ്നാനപ്പെടുത്തിയത്; അതുപോലെ പുതിയ കല്പനകളുടെ എല്ലാ കാര്യങ്ങളിലും.

നമുക്ക് സഹായകമായവ സദാ നമുക്ക് തേടാം; അതുപോലെ മറ്റുള്ളവരുടെ ഉപദ്രവത്തിൽനിന്ന് നമ്മെത്തന്നെ അകറ്റിനിർത്താം. നമുക്കുവേണ്ടി പരിഗണിക്കാത്ത ഒന്ന് നമ്മുടെ പക്കലുണ്ട്: *എന്നെപ്രതി* എന്ന മിശിഹായുടെ വാക്കുകൾക്കനുസൃതമായി എല്ലാം പരിഗണിക്കപ്പെടണം. നമ്മെ വെറുക്കുന്നവരെ സ്നേഹിക്കുവാൻ നമ്മോടു കല്പിച്ചിരിക്കുന്നത് അവർക്കുവേണ്ടിയല്ല, *എന്നെ പ്രതിയാണ്.*

**13.** നമ്മുടെ കർത്താവ് ഈ ലോകത്തിലേക്കു വന്നു; ശാരീരിക സമ്മാനങ്ങൾകൊണ്ട് കുട്ടികളോടെന്നപോലെ അവിടുന്ന് അവരെ വശത്താക്കി. പുരാതനർ ജനങ്ങളുടെമേൽ വരുത്തിവച്ചതുപോലെയുള്ള ക്ലേശങ്ങളൊന്നും അവിടുന്ന് വരുത്തിവച്ചില്ല. അവിടുന്ന് അവരെ ആകർഷിച്ചപ്പോൾ, ദൃശ്യമായ സുഖമാക്കൽകൊണ്ട് അവരെ തൻെറ പക്കലേക്കു വരുത്തി. ആത്മീയസൗഖ്യങ്ങൾ അവരിലേക്ക് കലർത്തി തുടങ്ങിക്കൊണ്ട് അവിടുന്നു പറഞ്ഞു: *വിശ്വസിക്കുന്നെങ്കിൽ* (മർക്കോ 9:23). അവിടുന്ന് എല്ലാ പ്രബോധകരെക്കാളും പരിപൂർണൻ ആയിരുന്നു. പുരാതനരിൽനിന്ന് വന്ന് കുറേശ്ശ കുറേശ്ശ വളർന്നുവന്നത് അവനിൽ എത്തിയപ്പോൾ, നല്ല രുചികരമായ ഫലം പുറപ്പെടുവിച്ചു. അവൻെറ ഒരു ചെകിട്ടത്ത് അടിച്ചപ്പോൾ (യോഹ 18:22), *നിന്നെ അടിക്കുന്നവന് മറ്റതും കാണിച്ചുകൊടുക്കുക* എന്നു പഠിപ്പിച്ച കല്പന (ലൂക്കാ 6:29) പ്രാവർത്തികമാക്കിക്കൊടുത്തു.

**14.** ഇപ്രകാരം, ദുഷ്ടതയുടെ തലത്തിൽനിന്ന് മോശ ജനത്തെ ഉയർത്തി നീതിയുടെ തലത്തിൽ ഉറപ്പിച്ചു. *നീതിരഹിതമായി നിൻെറ അയൽക്കാരനെ അടിക്കരുത്; അവൻ നിന്നെ അടിച്ചാൽ, നീ പ്രതികാരം ചെയ്തുകൊള്ളുക; എന്നാൽ നീതിപൂർവ്വം മാത്രം* (പുറ 21:12-14). എന്നാൽ നമ്മുടെ കർത്താവാകട്ടെ, നിങ്ങളെ നീതിയുടെ തലത്തിൽ

www.malankaralibrary.com



നിന്ന് കൃപയുടെ തലത്തിലേക്ക് ഉയർത്തി; തദ്ഫലമായി, *നിന്റെ ചെകിട്ടത്ത് അടിക്കുന്നവനോട് നീ പ്രതികാരത്തിനു മുതിരില്ല.* അതിനുപകരം, *മറ്റതുകൂടി അവനു കാണിച്ചുകൊടുക്കും.* മോശയുടെ നീതി അനുസരിച്ച്, ഒരുവനെ അടിക്കുന്നവൻ എന്തിന് താൻ പഠിച്ചത് നഷ്ടപ്പെടുത്തണം? അതായത്, *നീതിരഹിതമായി അടിക്കരുത്.* കാരണം, പ്രതികാരം ചെയ്തതുവഴി അവനു ശിക്ഷ കിട്ടിയെങ്കിൽപോലും, അവൻ കുറ്റക്കാരനല്ല; കാരണം അവൻ ദുഷ്ടത പ്രവർത്തിച്ചില്ല. തന്റെ മൂലധനത്തോടുകൂടി പലിശ കൂട്ടുന്നവൻ, നമ്മുടെ കർത്താവിന്റെ കല്പന അനുസരിച്ച് അവനിൽനിന്ന് ആവശ്യപ്പെടാത്തത് എന്തിനു നഷ്ടപ്പെടുത്തണം? അവൻ ക്ഷമിച്ചതിനാൽ, അവൻ അടി ഏററതിനാൽ അവശ്യാവശ്യം ആദ്യത്തെ അടിയുടെ പ്രതിഫലം അവനായി സൂക്ഷിക്കപ്പെടുന്നില്ലേ? അവൻ മറ്റേ ചെകിട് കാണിച്ചുകൊടുത്തതിനാൽ, അതിൽ അടി കൊണ്ടില്ലെങ്കിൽപോലും, രണ്ടാമത്തെ അടിയുടെയും പ്രതിഫലം അവനു ലഭിക്കും.

**15.** ഇപ്രകാരം, മോശ ചെയ്തതുപോലെ, കർത്താവ് തിന്മയിൽനിന്ന് വിടുവിച്ചു; എന്നാൽ അവിടുന്ന് മോശയേക്കാൾ വളരെ കൂടുതൽ ചെയ്തു. പ്രതികാരം ചെയ്യുന്നവന് വളരെയധികം നഷ്ടപ്പെടുന്നു. പ്രയോജനകരമായ ആ നല്ല വസ്തുക്കൾ രഹസ്യമായി കൊള്ളയടിക്കപ്പെടണം എന്ന് അവിടുന്ന് ആഗ്രഹിച്ചില്ല. പിന്നെയോ, ക്ഷമയ്ക്കു സമ്പാദിക്കാവുന്ന ആ മഹത്ത്വത്തെപ്പറ്റി തന്റെ ക്ഷമയിലൂടെ അവരെ പഠിപ്പിച്ചു. ക്ഷമയ്ക്ക് എത്രയധികം ന്യായസമർത്ഥകരാണുള്ളത്! കാരണം, അത് തനിക്കുവേണ്ടി പ്രതികാരം ചെയ്തില്ല. വാസ്തവത്തിൽ, അവിടുന്ന് കുരിശിൽ തറയ്ക്കപ്പെട്ടപ്പോൾ, പ്രകാശഗോളങ്ങൾ ഇരുണ്ടതുവഴി അവിടുത്തെ ന്യായസമർത്ഥകരായി (ലൂക്കാ 23:44). അപ്പോൾ, ഈ പദപ്രയോഗങ്ങൾ പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്നു എന്നു തോന്നിയാൽപോലും നേട്ടത്തെ സംബന്ധിച്ച് അവ യോജിച്ചിരിക്കുന്നു. നമുക്ക് ഒന്നാമത്തെ തലം തൊട്ടു തുടങ്ങാം. നീതിരഹിതമായി തന്റെ അയൽക്കാരനെ അടിക്കാത്തവനു പ്രയോജനം ഉണ്ട്. തന്നെ ക്ലേശിപ്പിക്കുന്നവനെതിരെ നീതിപൂർവം പ്രതികാരം ചെയ്യാൻ മുതിരാത്തവനും പ്രയോജനം ഉണ്ട്. എന്നാൽ അടിക്ക് അടി കൊടുക്കുന്നതിനെ കൃപയിലൂടെ എതിർക്കുന്നവന് വിജയം ഉണ്ട് (ലൂക്കാ 6:29). അവൻ തിന്മയൊന്നും ചെയ്തില്ല. തദ്ഫലമായി, അവൻ കുറ്റക്കാരനുമല്ല. അവൻ പകരം വീട്ടിയില്ല, അതു

www.malankaralibrary.com



കൊണ്ട് അവന് പ്രതിഫലം ലഭിക്കും. ആവശ്യപ്പെട്ടതിലധികം അവൻ കൊടുത്തു; അതുകൊണ്ട് അവൻ കിരീടം ധരിപ്പിക്കപ്പെടും.

## കർതൃപ്രാർത്ഥന

**16a.** *ശിഷ്യരിലൊരാൾ നമ്മുടെ കർത്താവിനോടു പറഞ്ഞു: പ്രാർത്ഥിക്കാൻ ഞങ്ങളെ പഠിപ്പിച്ചാലും. അവിടുന്ന് അവരോട് അരുൾചെയ്തു: നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, ഇപ്രകാരം പ്രാർത്ഥിക്കുവിൻ: സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ* (ലൂക്കാ 11:1-2). ദൈവത്തെ *പിതാവേ* എന്നു വിളിക്കുന്നവൻ ദൈവമക്കൾക്കുചിതമാം വിധം പ്രവർത്തിക്കട്ടെ. കാരണം, പാപത്തിന് അടിമ ആയിരിക്കുന്നവന് എങ്ങനെയാണ് ദൈവത്തെ പിതാവേ എന്നു വിളിക്കാൻ സാധിക്കുക? നമുക്ക് ഭൂമിയിൽ പിതാക്കന്മാർ ഉള്ളതിനാൽ *സ്വർഗസ്ഥനായ* എന്ന് അവിടുന്നു കൂട്ടിച്ചേർത്തു; എന്നാൽ ഭൂമിയിലേത് പ്രകൃത്യനുസൃതമായിട്ടുള്ളതാണ്; അവിടുന്നാകട്ടെ, പ്രകൃതിനാഥനാണ്: *അവനെ സ്വീകരിച്ചവർക്ക് ദൈവമക്കളാകുവാൻ അവൻ കഴിവു നൽകി* (യോഹ 1:12). 'എല്ലായിടത്തും ആയിരിക്കുന്നവൻ ഭൂമിയിൽനിന്നു വളരെ അകന്നല്ല, സ്വർഗത്തിൽ ബന്ധിതനുമല്ല' എന്നും *സ്വർഗസ്ഥനായ* എന്നത് അർത്ഥമാക്കുന്നു. ഭൂമിയിൽ ഉള്ളവ ശാരീരികങ്ങളും സ്വർഗത്തിലുള്ളവ ആത്മീയങ്ങളുമാകയാൽ അവിടുന്ന് അരുൾചെയ്തു: *നമ്മുടെ പിതാവ് സ്വർഗത്തിലാണ്.*

*നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമെ* (മത്താ 6:9) ആരും അംഗീകരിച്ചില്ലെങ്കിൽപോലും നിന്റെ നാമം പരിശുദ്ധമാണ്. എന്നാൽ ദുർമാർഗത്തിൽ ചരിക്കുന്നവരിലൂടെ അവന്റെ നാമം ദുഷിക്കപ്പെടുന്നു. അവിടുത്തെ തിരുവിഷ്ടം നിറവേറ്റുന്നവരിലൂടെ അത് പാവനമാക്കപ്പെടുകയും മഹത്ത്വീകരിക്കപ്പെടുകയും ചെയ്യുന്നു. *അവർ നിങ്ങളുടെ സദ്പ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തട്ടെ* എന്നു പറയുന്നതുപോലെയാണിത് (5:16). *നിന്റെ രാജ്യം വരണമെ* (6:10). *നിന്റെ തിരുവിഷ്ടം സ്വർഗത്തിലേപോലെ ആകണമെ* എന്നതിന്റെ തുടർച്ചയെ ഇത് സൂചിപ്പിക്കുന്നു (6:10). മാലാഖമാർ നിന്റെ തിരുവിഷ്ടം നിറവേറ്റുന്നതുപോലെ, ഭൂമിയിലും നിന്നെ പൂജിക്കുന്നവർ ഉണ്ടാകട്ടെ. *ഞങ്ങളുടെ അനുദിനാഹാരം ഞങ്ങൾക്കു തരണമെ* (ലൂക്കാ 11:3). *നിങ്ങൾ ദൈവരാജ്യം അന്വേഷിക്കുവിൻ; ഇവയും ധാരാളമായി നിങ്ങൾക്കു നൽകപ്പെടും* (മത്താ 6:33) എന്ന് അവിടുന്ന്

www.malankaralibrary.com



പ്രശംസയ്ക്ക് പരിശ്രമിക്കാതിരിക്കാൻ. രണ്ടാമതായി, രഹസ്യത്തിൽ പ്രതിഫലം നൽകുന്നവനെ രഹസ്യത്തിലുള്ള ഉപവാസത്തിലൂടെ പ്രീതിപ്പെടുത്താം എന്ന് അവിടുന്ന് പഠിപ്പിച്ചു. *നിങ്ങൾ ഉപവസിക്കുന്നു എന്ന് അറിയപ്പെടാതിരിക്കാൻ* (6:18). നിങ്ങൾ ഉപവസിക്കുന്നു എന്നറിയുന്നവരുടെ പ്രശംസ ഉപവാസഫലത്തെ ഇല്ലാതാക്കാതിരിക്കാൻ: *രഹസ്യത്തിൽ കാണുന്ന പിതാവ് നിനക്കു പ്രതിഫലം നൽകും* (6:17). *മുഖം കഴുകുകയും തലയിൽ എണ്ണ പുരട്ടുകയും ചെയ്യുവിൻ.* കാരണം, ദൈവവചനം നിന്നെ ഈ രഹസ്യത്തിലേക്കു ക്ഷണിക്കുന്നു. തലയിൽ എണ്ണ പുരട്ടുന്നവൻ ദൈവത്തെപ്പറ്റിയുള്ള അറിവുകൊണ്ട് സുഗന്ധപൂരിതനാകുന്നു. മുഖം കഴുകുന്നവൻെറ ആത്മാവിൻെറ മുഖം മാലിന്യത്തിൽ നിന്ന് ശുദ്ധീകരിക്കപ്പെടുന്നു. നിൻെറ അവയവങ്ങൾക്കുള്ളിൽ ഈ കല്പന സ്വീകരിക്കുകയും ദുഷ്ടതയുടെ മാലിന്യത്തിൽനിന്ന് ആത്മാവിൻെറ മുഖം കഴുകുകയും ചെയ്യുക. നീ മിശിഹായുടെ പങ്കാളി ആകുവാൻ, വിശുദ്ധികൊണ്ട് നിൻെറ ശിരസ്സ് അഭിഷേകം ചെയ്യുക.

## ഹൃദയത്തിൻെറ അവിഭക്തത

**17.** *നിന്നിലുള്ള വെളിച്ചം ഇരുട്ടാണെങ്കിൽ* (6:23). ദാനധർമം പ്രകാശിപ്പിക്കലാണ്; അതായത്, നീതീകരിക്കുന്നതാണ്. ദാനധർമ്മത്തിൽ നീ പാപം ചെയ്യുന്നെങ്കിൽ, നിഗൂഢപാപത്തിൻെറ കാര്യത്തിൽ എത്രയധികം ആയിരിക്കും! വ്യഭിചാരത്തിനും ദൈവദൂഷണത്തിനും ഏകമുഖമാണ്: അവ പാപഹേതുക്കളാണ്. ദാനധർമത്തിന് ദ്വിമുഖമുണ്ട്: മാനുഷിക പ്രശംസയ്ക്കാണ് നൽകപ്പെട്ടതെങ്കിൽ, അത് പാപകരമാകുന്നു. എന്നാൽ ആവശ്യക്കാരൻെറ പക്കലേക്ക് തൻെറ കരം നീട്ടുമ്പോൾ, ഹൃദയം ദൈവത്തിൻ പക്കലേക്കുയർത്തിയാൽ അതിന് പ്രതിഫലം ഉണ്ട്. *നിൻെറ നിക്ഷേപം എവിടെയോ, അവിടെ നിൻെറ ഹൃദയവും* എന്നതുപോലെയാണിത് (6:21).

## ദൈവപരിപാലനയിൽ ആശ്രയിക്കുക

**18a.** *എന്തു ഭക്ഷിക്കുമെന്ന് നിങ്ങളുടെ ജീവനെപ്പറ്റിയോ, എന്തു ധരിക്കും എന്ന് നിങ്ങളുടെ ശരീരത്തെപ്പറ്റിയോ ഉത്ക്കണ്ഠാകുലരാകേണ്ട* (6:25). ദൈവത്തെ ഭയക്കുന്നവർക്കും ഈ വസ്തുക്കൾ ആവശ്യമാണല്ലോ; അവ കൂടാതെ നമുക്ക് ജീവിക്കാൻ പറ്റില്ലല്ലോ എന്ന് ആരെങ്കിലും പറഞ്ഞേക്കാം. ഈ ചിന്തകളുമായി ബന്ധപ്പെടുത്തി നമ്മുടെ

www.malankaralibrary.com



രക്ഷകൻ ഇപ്രകാരം പറഞ്ഞു: *എന്തു ഭക്ഷിക്കും എന്ന് നിങ്ങളുടെ ജീവ നെപ്പറ്റിയോ, എന്തു ധരിക്കും എന്ന് നിങ്ങളുടെ ശരീരത്തെപ്പറ്റിയോ ഉത്ക്കണ്ഠാകുലരാകേണ്ട; ജീവൻ ഭക്ഷണത്തേക്കാളും ശരീരം വസ്ത്ര ത്തേക്കാളും ശ്രേഷ്ഠമാണ്.* അതുകൊണ്ട് ഈ ആത്മീയവസ്തുക്ക ളേക്കാൾ കൂടുതലായി നാം ഭക്ഷണത്തെയും വസ്ത്രത്തെയും ബഹു മാനിക്കരുത്. ഉത്ക്കണ്ഠ ആത്മാവിനെ പീഡിപ്പിക്കുന്നു; കുന്നുകൂട്ടുന്ന പണം ദ്രോഹം ചെയ്യുന്നു. ശരീരം മുടിയിരിക്കുന്നു; എന്നാൽ ആത്മാവ് ശരീരം കുടാതെ കഴിയുന്നു; അതിന് ഭക്ഷണം എങ്ങനെ പ്രയോജന പ്പെടും? ഭക്ഷണം ശരീരത്തിനാണെങ്കിൽ, അമർത്യവും അദൃശ്യവും അശരീരികവുമായ ആത്മാവിന് ഭക്ഷണം കൊണ്ട് എന്ത് ഗുണം? ആത്മാവ് ശരീരത്തിൽനിന്നു വേർപെടുമ്പോൾ നാം ശരീരത്തെ മൂടുന്നു എന്നത് ശ്രദ്ധിക്കുക. എന്നാൽ ശരീരം കുടാതെ, ആത്മാവിനു നാം ഭക്ഷണം നൽകാറില്ല.

നമ്മുടെ കർത്താവ് പീഡിപ്പിക്കപ്പെട്ടു; അവനു വിശന്നു, ദാഹിച്ചു; അവന്റെ പ്രവർത്തനങ്ങളെ ചിലർ ബഹുമാനിച്ചു, മറ്റുചിലർ വെറു പ്പോടെ വീക്ഷിച്ചു. അതുപോലെ, ഈ ലോകത്തിന്റെ പര്യാകുലത കളാൽ വലിച്ചിഴയ്ക്കപ്പെടാതിരിക്കാനായി, ഇതേപ്പറ്റി തന്റെ ശിഷ്യരെ അവനു ബോധ്യപ്പെടുത്തേണ്ടതുണ്ടായിരുന്നു. അതിനുപകരം, അവർ സ്വർഗീയ അപ്പത്തിൽ ആശ്രയിക്കണമെന്നും ഭൗമികമായവയേക്കാൾ ഉന്നതത്തിൽ ഉള്ളവയെപ്പറ്റി ചിന്തിക്കണമെന്നും അവിടുന്ന് ആഗ്രഹിച്ചു. അതുകൊണ്ട്, അവിടുന്ന് അവർക്ക് ഈ ദൃഷ്ടാന്തം നൽകി: *ആകാശ ത്തിലെ പറവകളെ നോക്കുവിൻ; കാക്കകളെ നോക്കുവിൻ, അവ വിത യ്ക്കുന്നില്ല, കൊയ്യുന്നില്ല* (മത്താ 6:26; ലൂക്കാ 12:24). ഇവ ആകാശത്തി ലൂടെ പറക്കുന്നു; അവ വിതയ്ക്കുന്നില്ല എങ്കിലും ദൈവത്തിൽനിന്ന് അവയ്ക്കു ഭക്ഷണം കിട്ടുന്നു. ഭൂമിയിലുള്ള സകലതിനെയും കീഴടക്കു കയും ബഹുമാനിതനായിരിക്കുകയും ചെയ്യുന്ന മനുഷ്യന്റെ കാര്യ ത്തിൽ എത്ര അധികമായിരിക്കും! ഇപ്രകാരം, തന്റെ കീഴിലുള്ള എല്ലാറ്റി നേക്കാളും വലുതാണ് തന്റെ മുകളിലുള്ള ദൈവിക പരിപാലന.

പറവകളുടെ ദൃഷ്ടാന്തം നിന്നെ ബോധ്യപ്പെടുത്തുന്നില്ലെങ്കിൽ, *നിന്റെ ശരീരത്തിന്റെ ഉയരം ഒരടി* കൂട്ടുന്നതിനെപ്പറ്റി എങ്ങനെ ഉത്ക്കണ്ഠാകുലനാകാതിരിക്കാൻ നിനക്കു കഴിയും? (മത്താ 6:27). *ലില്ലി കളെ നോക്കുവിൻ. അവ നൂൽ നൂൽക്കുന്നില്ല, നെയ്യുന്നുമില്ല. എന്നാൽ*

www.malankaralibrary.com



*സോളമൻപോലും അവയെപ്പോലെ അലങ്കരിക്കപ്പെട്ടിരുന്നില്ല* (6:28-29). ആഹാരത്തെപ്പറ്റി പറഞ്ഞപ്പോൾ, തീറ്റി ആവശ്യമുള്ള പറവകളുടെ ദൃഷ്ടാന്തം അവിടുന്ന് അവതരിപ്പിച്ചു; വസ്ത്രത്തെപ്പറ്റി സംസാരിച്ചപ്പോൾ, സോളമന്റെ രാജകീയവസ്ത്രങ്ങളുടെ സൗന്ദര്യത്തെ ഉല്ലംഘിക്കുന്ന ലില്ലികളെപ്പറ്റി അവിടുന്നു സൂചിപ്പിച്ചു. മൂല്യത്തിലും ബഹുമാനത്തിലും നിങ്ങൾ എത്രയധികമായി പറവകളേക്കാൾ ശ്രേഷ്ഠരാണ്! പറവകളെപ്പോലെ ആഹാരത്തിനായി സസ്യങ്ങൾ സഞ്ചരിക്കുന്നില്ല; പിന്നെയോ, ഒരിടത്തുതന്നെ നില്ക്കുന്നു. എങ്കിലു ദൈവം അവയെ വളർത്തുന്നു (6:30). ദൈവികപരിപാലന ഇത്രമാത്രം താണിറങ്ങിവരുമ്പോൾ, ബുദ്ധിജീവികളായ നിങ്ങൾ എന്തിനു പര്യാകുലരും സംശയാലുക്കളും ആകണം? *അതുകൊണ്ട്, നിങ്ങൾ സ്വർഗരാജ്യം അന്വേഷിക്കണം, ഇവയൊക്കെയും ധാരാളമായി നിങ്ങൾക്കു നൽകപ്പെടും* (6:33).

ദൈവഭയംകൊണ്ട് നിന്റെ ആത്മാവിനെ പോഷിപ്പിക്കുക. ദൈവം നിങ്ങളുടെ ശരീരത്തെ പോഷിപ്പിക്കും. നിനക്കുതന്നെ സമ്പാദിക്കാൻ കഴിയാത്തവ ദൈവം നിനക്കു നൽകുവാനായി ഈ കാര്യങ്ങൾ ചെയ്യുക. ദൈവം നിനക്കു കാറ്റും മഴയും നൽകുന്നില്ലെങ്കിൽ, നീ ഉത്ക്കണ്ഠാകുലനായാലും യാതൊരു പ്രയോജനവുമില്ല എന്നു മനസിലാക്കുക. അതുകൊണ്ട് ദൈവത്തെ അനുസരിക്കുക; സൃഷ്ടി നിന്റെ ആവശ്യങ്ങൾ സാധിച്ചുതരും. ഇസ്രായേൽക്കാർ മുറുമുറുക്കുകയും അവിശ്വസിക്കുകയും ചെയ്തിട്ടും ദൈവം അവരെ നാല്പതുവർഷം മരുഭൂമിയിൽ തീറ്റിപ്പോറ്റി; അധ്വാനംകൂടാത്ത അവരുടെ ചെരിപ്പുകളും തുണികളും സംരക്ഷിച്ചു (ആവ 8:3-4). എങ്കിൽ വിശ്വാസികളുടെ കാര്യത്തിൽ അവിടുന്ന് എത്രയധികമായി പ്രവർത്തിക്കും?

*നാളയെപ്പറ്റി ആകുലചിത്തരാകേണ്ട; കാരണം, നാളെ അതിനെക്കുറിച്ച് ആകുലപ്പെട്ടുകൊള്ളും. ഓരോ ദിവസത്തിനും അതാതിന്റെ ക്ലേശം മതി* (മത്താ 6:34). അവിടുന്ന് പറഞ്ഞ കഷ്ടത ദിവസത്തിന്റേതല്ല, ഉത്ക്കണ്ഠയിൽ നിന്നുവരുന്നതാണ്. വിശ്വാസരാഹിത്യമാണ് ഉത്ക്കണ്ഠയ്ക്ക് അവിടുന്നു നൽകിയ ദൃഷ്ടാന്തം. നാം ഒരു ദിവസം പോലും പര്യാകുലരായിരിക്കേണ്ട എന്നത് നമ്മുടെ അല്പവിശ്വാസം നമ്മെ ബോധ്യപ്പെടുത്തുന്നില്ലെങ്കിൽ, നമുക്ക് ഉത്ക്കണ്ഠ ഉണ്ടായിക്കൊണ്ടിരിക്കും. എന്നാൽ നമുക്കു നാളത്തെ കാര്യം ദൈവത്തിൽ ഭരമേല്പിക്കാം. *ഞങ്ങളുടെ അനുദിനാഹാരം ഞങ്ങൾക്കു തരണമെ;*

www.malankaralibrary.com



*തന്റെ മകൻ അപ്പം ചോദിച്ചാൽ, കല്ലു കൊടുക്കുന്ന പിതാവുണ്ടോ?* എന്നിത്യാദി പോലെയാണിത്.

*മക്കൾക്ക് നല്ല ദാനങ്ങൾ കൊടുക്കാൻ ദുഷ്ടരായ നിങ്ങൾക്ക് അറിയാമെങ്കിൽ* (മത്താ 7:11), നിരന്തരമായ അപേക്ഷയ്ക്ക് പിതാവ് എത്രയധികമായി ചെവി കൊടുക്കുകയില്ല! കൂടാതെ, തന്റെ പുത്രനെ സംബന്ധിച്ച് അവിടുന്ന് ഇതുപോലെതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്; കാരണം *അവനെ മരണത്തിനുപോലും അവിടുന്ന് കയ്യാളിച്ചു* എന്നത് ഒരു യാഥാർത്ഥ്യമാണ് (റോമാ 8:32). ഈ തലമുറകൾ എല്ലാം ദൈവത്തെ അലട്ടിക്കൊണ്ടിരുന്നെങ്കിലും, മനുഷ്യകുലത്തിനെതിരെ തന്റെ കോപം അവിടുന്ന് ഉജ്ജ്വലിപ്പിച്ചില്ല; പിന്നെയോ, തന്റെ രക്ഷ അവർക്കുവേണ്ടി പ്രകാശിക്കാൻ അവിടുന്ന് ഇടയാക്കി. പീഡനങ്ങൾക്ക് അർഹരായവർക്ക് അവിടുന്ന് അമർത്യജീവൻ പ്രതിഫലമായി നൽകി. വഴി തെറ്റിയവരെ അവിടുന്നു തിരിച്ചുകൊണ്ടുവന്നു. *അവനെ അന്വേഷിക്കുന്നവരാൽ അവൻ* കണ്ടെത്തപ്പെട്ടു; *തന്നിൽനിന്ന് ഒന്നും അവശ്യപ്പെടാത്തവർക്ക് അവൻ തന്നെത്തന്നെ കാണിച്ചുകൊടുത്തു* (റോമാ 10:20). തന്നിൽനിന്ന് ഒന്നും ആവശ്യപ്പെടാത്തവർക്ക് അവൻ നിത്യജീവൻ നൽകിയെങ്കിൽ, തന്നോടു ചോദിക്കുന്നവർക്ക് എത്രയധികമായി നൽകും!

## വിധിക്കരുത്

**18b.** നീതിരഹിതമായി *വിധിക്കപ്പെടാതിരിക്കാൻ,* നീതിരഹിതമായി *'വിധിക്കരുത്'* (മത്താ 7:1). *നീ വിധിക്കുന്ന വിധിയാൽ നീ വിധിക്കപ്പെടും* (7:2). *ക്ഷമിക്കുക, നിങ്ങളോടും ക്ഷമിക്കപ്പെടും* എന്നതുപോലെയാണിത് (ലൂക്കാ 6:37). നീതിപൂർവം വിധിച്ചുകഴിഞ്ഞ്, കൃപാപൂർവം ക്ഷമിക്കണം. അപ്പോൾ, നീതിപൂർവം വിധിക്കപ്പെട്ടുകഴിഞ്ഞ്, കൃപയിലൂടെ ക്ഷമയ്ക്ക് അർഹനായിതീരും. *മറ്റൊരു രീതിയിൽ: വിധിക്കരുത്* എന്ന് അവിടുന്നു പറഞ്ഞത് (ലൂക്കാ 6:37) തങ്ങൾക്കുവേണ്ടിത്തന്നെ പ്രതികാരം തേടുന്ന ന്യായാധിപന്മാർ നിമിത്തമാണ്. അതായത്, നിങ്ങൾ തന്നെ പ്രതികാരം ചെയ്യരുത്. കാഴ്ചയിൽ നിന്നോ, അഭിപ്രായം കേട്ടോ വിധിക്കരുത് എന്നാണ് *വിധിക്കരുത്* എന്നതിന്റെ അർത്ഥം; പിന്നെയോ, ഉപദേശിക്കുകയും ശാസിക്കുകയും ചെയ്യുക.

www.malankaralibrary.com



## ഉള്ളവനു കൂടുതൽ കൊടുക്കപ്പെടും

**19.** *ഉള്ളവനു കൂടുതൽ കൊടുക്കപ്പെടും; ഇല്ലാത്തവനിൽനിന്ന് ഉള്ളതു കൂടെയും എടുക്കപ്പെടും* (ലൂക്കാ 8:18). *ചെവിയുള്ളവൻ കേൾക്കട്ടെ* എന്നു പറയുന്നതുപോലെയാണിത് (മത്താ 11:15).അവിടുത്തെ ആത്മീയ വചസുകൾ ശ്രവിക്കാൻ, ശാരീരിക കാതുകൾക്കുള്ളിൽ ആത്മീയ കാതുകൾ ഉള്ളവർക്കുവേണ്ടിയാണിത്. അവർക്ക് ഉണ്ടായിരുന്നതിലു പരിയായി അവിടുന്ന് തൻെറ പ്രബോധനം വർധിപ്പിച്ചു. എന്നാൽ തങ്ങൾ നേടി എന്നു കരുതിയവരെ സംബന്ധിച്ച്, അവർക്കുണ്ടായിരുന്നത് അവിടുന്ന് എടുത്തുമാറ്റി; അങ്ങനെ *അവർ കാണുന്നത്, അവർ കാണു കയില്ല* (മത്താ 4:12).

എന്തുകൊണ്ടാണ് *ജനത്തിൻെറ ഹൃദയം കഠിനമായതും, കേൾക്കാ തിരിക്കാൻ അവർ തങ്ങളുടെ ചെവി അടച്ചുകളഞ്ഞതും, തങ്ങളുടെ കണ്ണുകൾകൊണ്ട് കാണുകയും ചെവികൾകൊണ്ട് കേൾക്കുകയും അനുതപിക്കുകയും ക്ഷമിക്കപ്പെടുകയും ചെയ്യാതിരിക്കാൻ കണ്ണുകൾ അടച്ചുകളഞ്ഞത്?* (13:15). ഒരുവന് തനിക്കുള്ളതിന് യോഗ്യതയില്ലെ ങ്കിൽ, തനിക്കില്ലാത്തതു കിട്ടുമെന്ന് എങ്ങനെ പ്രതീക്ഷിക്കാനാവും? തനിക്കുള്ളതിന് യോഗ്യതയുള്ളവന് തനിക്കില്ലാത്തത് നൽകപ്പെടും. എന്നാൽ അവനു യോഗ്യത ഇല്ലെങ്കിൽ, ഇപ്പോൾ അവൻ സ്വന്തമാക്കി യിരിക്കുനാതുപോലും, അവനിൽനിന്ന് എടുക്കപ്പെടും. സ്വീകരിക്കാ നുള്ള കഴിവിനനുസൃതമായാണ് മനുഷ്യർക്കു കൃപ നൽകപ്പെടുക. അങ്ങനെ അതു സ്വീകരിക്കുന്നവൻ, അതിനു തുല്യമായ കൃപയുടെ വാഗ്ദാനത്തിൽ സംതൃപ്തി കണ്ടെത്താനാണിത്. എന്തുകൊണ്ടെ ന്നാൽ, *ഉള്ളവന്* അതിൽ സമൃദ്ധി ഉണ്ടാകുവാനായി കൂടുതൽ നൽക പ്പെടും (ലൂക്കാ 8:18).

**20.** ഇപ്പോൾ, നമുക്ക് ഉചിതമായവ നമ്മിൽ വർധിപ്പിക്കും; എന്നാൽ ചേരാത്തവ തീർച്ചയായും വർധിപ്പിക്കുകയില്ല. ഇങ്ങനെ, വിഡ്ഢിയി ലൂടെ പ്രകാശം മങ്ങിപ്പോകാതിരിക്കാൻ, വിജ്ഞാനത്തിൻെറ അരൂപി അവനു നൽകപ്പെടുകയില്ല. എന്നാൽ രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന പരിശുദ്ധാത്മാവിനെ ബുദ്ധിയുള്ള മനസിനു നൽകും; വിജ്ഞാനം അതിൽ പുവണിയുന്നതിനും സന്തോഷവചനങ്ങൾ വർധിക്കുന്നതിനു മാണത്.

www.malankaralibrary.com



നാം വായ്പ വാങ്ങുന്നവരാണ്; നമുക്കു കടങ്ങൾ ഇളച്ചുകൊടുക്കുന്നവരാകാം. നാം സ്വീകരിച്ചവയെ നാം അംഗീകരിച്ചാൽ നമുക്കു കിട്ടിയതിനേക്കാൾ വളരെ കൂടുതൽ നമുക്കു നൽകപ്പെടും. നാം വഞ്ചകരായി തീർന്നാൽ നാം സ്വീകരിച്ചവ, അവൻെറ പക്കൽ കാണുകയില്ല എന്നതിനു സംശയം വേണ്ട. നാം സ്വീകരിച്ചതിൽ നാം വഞ്ചന കാണിച്ചാൽ, അതു സ്വന്തമാക്കിയിരിക്കുമ്പോൾ തന്നെ, അത് അവനോടുകൂടെയിരിക്കും. എന്നാൽ നാം നന്ദിപറയുകയും നമുക്കുള്ളവ സംബന്ധിച്ച് വിശ്വസിക്കുകയും ചെയ്താൽ അതു നമ്മുടേതുമായിരിക്കും.

*ഉള്ളവനു നൽകപ്പെടും* (മത്താ 13:12). നിയമത്തിൻെറ നീതി ഉണ്ടായിരുന്ന പൗലോസിന് ജീവദാതാവിൻെറ വിശ്വാസവും കൂട്ടിച്ചേർക്കപ്പെട്ടു. നിയമം ലംഘിക്കുന്നവനാകയാൽ, നീതിപോലും സ്വന്തമാക്കാത്തവനിൽ നിന്ന് *തനിക്കുള്ളതുകൂടെയും എടുക്കപ്പെടും*. കാരണം നിയമം സ്നാപകയോഹന്നാൻ വരെ വന്നു. കൂടാതെ, *ഉള്ളവൻ*, പാപമോചനത്തിൻെറ പ്രത്യാശയും സ്വന്തമാക്കുന്നു.

## വിശുദ്ധമായവ നായ്ക്കൾക്കു നൽകരുത്

**21a.** *വിശുദ്ധമായവ നായ്ക്കൾക്കു നൽകരുത്* (മത്താ 7:6). സുവിശേഷം പ്രഘോഷിക്കാത്തവൻ കല്പന പാലിക്കാത്തതിനാൽ (മത്താ16:15) തെറ്റുചെയ്യുന്നതുപോലെ, വിശുദ്ധമായവ നായ്ക്കൾക്കു നൽകുന്നവനും തെറ്റുചെയ്യുന്നു. വിശുദ്ധമായവ നായ്ക്കൾ തിന്നുന്നില്ലെങ്കിലും, പന്നിക്ക് പവിഴത്തിൻെറ ആവശ്യമില്ലെങ്കിലും, *തൻെറ യജമാനൻെറ പണം കുഴിച്ചിട്ടവൻെറ* പങ്കാളിയാണ് ഇത്തരക്കാരൻ (25:18). ഒരുവൻ വർദ്ധിപ്പിച്ചില്ല, അപരൻ കാത്തുസൂക്ഷിച്ചില്ല.

**21b.** *വിശുദ്ധമായവ നായ്ക്കൾക്കു നൽകരുത്; മുത്തുകൾ പന്നിയുടെ മുമ്പിൽ എറിയരുത്.* ഒരാൾ പാപത്തിൽ തന്നെ നിലനിന്നാൽ അഥവാ, പന്നി ചെളിയിൽ എന്നപോലെ ദുഷ്കർമങ്ങളിൽ കിടന്നുരുണ്ടാൽ അഥവാ, പട്ടിയെപ്പോലെ ദൈവഭയത്തിനെതിരെ ധിക്കാരപൂർവം പെരുമാറിയാൽ, 'ദുഷ്ടൻെറ നാവുകൊണ്ട് വിശുദ്ധിയെ നിങ്ങൾ മലിനമാക്കരുത്' എന്ന് അതിനു മറുപടിയായി കർത്താവ് കല്പിച്ചു. അവർ അനുതപിച്ചാൽ, അവർ സ്വീകൃതരാകും.

*അവൻെറ പ്രബോധനത്തിൽ ജനക്കൂട്ടം ആശ്ചര്യപ്പെട്ടു. എന്തുകൊണ്ടെന്നാൽ അവൻ ഫരിസേയരെയും നിയമജ്ഞരെയുംപോ*

www.malankaralibrary.com



*ലെയല്ല, അധികാരപൂർവമത്രേ പഠിപ്പിച്ചത്* (7:28-29), അവർ നിയമത്തിലെപ്പോലെ, ഭൗമികോപദേശമാണ് നൽകിയത്. എന്നാൽ നമ്മുടെ കർത്താവ് തന്റെ ശിഷ്യർക്ക് സ്വർഗരാജ്യം വാഗ്ദാനം ചെയ്തു. ജനക്കൂട്ടം നമ്മുടെ രക്ഷകന്റെ ശ്രേഷ്ഠപ്രബോധനങ്ങൾ കേട്ടപ്പോൾ, മോശയുടേത് നിഴലുകൾ ആയിരുന്നെന്നും നമ്മുടെ കർത്താവ് നീതിസൂര്യൻ ആണെന്നും തിരിച്ചറിഞ്ഞു (മലാ 3:20). കാരണം, അവിടുന്ന് ശരീരാരോഗ്യവും ആത്മാവിന്റെ സൗഖ്യവും മനുഷ്യകുലത്തിന് പ്രദാനം ചെയ്തു.

## ശതാധിപന്റെ ദാസനെ സുഖമാക്കുന്നത്

**22a.** ഒരു ശതാധിപൻ മൂപ്പന്മാരോടൊത്ത് അവന്റെ പക്കൽ വന്ന്, തന്റെ ദാസനെ[41] രക്ഷിക്കണം എന്ന് അവനോട് അപേക്ഷിച്ചു. അവന്റെ കൂടെപോകാൻ കർത്താവ് സമ്മതിച്ചപ്പോൾ അവൻ പറഞ്ഞു: *കർത്താവേ അങ്ങ് ബുദ്ധിമുട്ടേണ്ട* (ലൂക്കാ 7:2-6).

**22b.** ഭൃത്യനെ സുഖപ്പെടുത്തുന്നതിനുമുമ്പുതന്നെ അവൻ നേരായ പാത തെരഞ്ഞെടുക്കുകയും തന്റെ വിശ്വാസത്തിലൂടെ തന്റെ പ്രവൃത്തി മുൻകൂട്ടി വെളിപ്പെടുത്തുകയും ചെയ്തു എന്നത് ആശ്ചര്യകരംതന്നെ: *നീ എന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല* (ലൂക്കാ 7: 6). *നിന്റെ ചെരിപ്പിന്റെ വാറ് അഴിക്കാൻ ഞാൻ യോഗ്യനല്ല* എന്ന് യോഹന്നാൻ പറഞ്ഞതുപോലെയാണിത് (3:16). ദൈവത്താൽ അയയ്ക്കപ്പെട്ട ഒരു പ്രവാചകനായിരുന്നു യോഹന്നാൻ. എന്നാൽ നമ്മുടെ കർത്താവ് ദൈവമാണെന്ന് ആരും പ്രഘോഷിച്ചു തുടങ്ങാതിരുന്നിട്ടും, ആരും പറയാതെതന്നെ ഈ മനുഷ്യൻ വിശ്വസിച്ചു. ദൈവം മാനുഷിക വാസസ്ഥലത്തേക്കു കടന്നുവന്നു എന്ന് നമ്മുടെ രക്ഷകന്റെ പ്രവൃത്തികൾ അവന് വെളിച്ചം പകർന്നു. *നീ എന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല. നീതിസൂര്യനെ* അതിന്റെ പൂർണതയിൽ സ്വീകരിക്കാൻ ഞാൻ അശക്തനാണ്; അത് ഇരുട്ടിൽ ചെയ്യുന്നതുപോലെ, രോഗം നീക്കാൻ എനിക്ക് അതിന്റെ ഒരു ചെറിയ കിരണം മാത്രം മതി. *നമ്മുടെ കർത്താവ് ഇതുകേട്ടപ്പോൾ അവനിൽ അത്ഭുതപ്പെട്ടുപോയി.* ദൈവം ഒരു മനുഷ്യനിൽ അത്ഭുതപ്പെടുന്നു. *തന്റെ ചുറ്റും നിന്നവരോട്*

41. "കുഞ്ഞിനെ" എന്ന് യോഹന്നാനിലും (4:46-54) മൂലത്തിലും. എന്നാൽ "ദാസനെ" എന്ന് മത്തായിയിലും (8:5-13) ലൂക്കോസിലും (7:1-10).

www.malankaralibrary.com



*അവിടുന്ന് അരുൾചെയ്തു: ആമേൻ ഞാൻ നിങ്ങളോടു പറയുന്നു. ഇസ്രായേൽ മക്കളുടെ ഇടയിൽപോലും ഞാൻ ഇതുപോലെയുള്ള വിശ്വാസം കണ്ടിട്ടില്ല.* (ലൂക്കാ 7:9). *ഈ വിജാതീയൻ വിശ്വസിച്ചതു പോലെ* തന്നിൽ വിശ്വസിക്കാഞ്ഞവരെ ലജ്ജിപ്പിക്കാനാണ് അവനിതു പറഞ്ഞത് (17:18). ആ ശതാധിപൻ നിമിത്തമാണ് അവർ അവിടെ എത്തിയത്. അവർ തനിക്കുവേണ്ടി മാധ്യസ്ഥ്യം വഹിക്കും എന്നുള്ളതിനാലാണ് അവൻ വന്നത്.[42] എന്നാൽ അവർക്ക് അവൻെറ വിശ്വാസം ഇല്ലാത്തതിനാൽ, അവിടുന്ന് അവരെ കുറ്റപ്പെടുത്തി. പുറജാതികളിൽ നിന്നുള്ള ആദ്യത്തെ വിശ്വാസി ശതാധിപനാണ് എന്നു കാണിക്കാൻ അവിടുന്നു പറഞ്ഞു: *ശതാധിപനിൽ ഒതുക്കി നിർത്താവുന്നതല്ല ഈ വിശ്വാസം. കാരണം, അവൻ കണ്ടു വിശ്വസിച്ചു* (യോഹ 20:8). *എന്നാൽ കാണാത്ത അനേകർ വിശ്വസിക്കും* (20:29). *കിഴക്കുനിന്നും പടിഞ്ഞാറു നിന്നും അനേകർ വന്ന് അബ്രഹാമിനോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗരാജ്യത്തിൽ മേശയ്ക്കിരിക്കും.*[43]

## വിധവയുടെ മകനെ ഉയിർപ്പിക്കുന്നത്

**23.** കന്യകയുടെ മകൻ വിധവയുടെ മകനെ കണ്ടുമുട്ടി. അവൻ അവളുടെ കണ്ണുനീരിനു സ്പോഞ്ചും അവളുടെ മകൻെറ മരണത്തിന് ജീവനും ആയിത്തീർന്നു. മരണം ജേതാവിനെ കണ്ട് പുറംതിരിഞ്ഞോടുകയും അതിൻെറ മാളത്തിൽ ഒളിക്കുകയും ചെയ്തു (ലൂക്കാ 7:11-15).

## യേശുവിനെ അനുഗമിക്കൽ

**24a.** *കുറുനരികൾക്കു മാളങ്ങളുണ്ട്; എന്നാൽ മനുഷ്യപുത്രന് തല ചായ്ക്കാൻ ഇടമില്ല* (മത്താ 8:20). അതായത്, തൻെറ ശിരസ്സിന് വിശ്രമമോ, തൻെറ ദൈവത്വത്തിന് വാസസ്ഥലമോ ഇല്ലായിരുന്നു. *താഴ്മയുള്ള അരൂപി ഉള്ളവനിലല്ലാതെ ആരിലാണ് ഞാൻ വസിക്കുക* (ഏശാ 66:2). അവിടുന്ന് മരിച്ചവരെ ജീവിപ്പിക്കുന്നതും അന്ധർക്കു കാഴ്ച നൽകുന്നതും കണ്ടവൻ, ഇപ്രകാരം പ്രവർത്തിക്കുന്നവന് ധാരാളം പണം കിട്ടും എന്നു കരുതി *ഞാൻ നിന്നെ അനുഗമിക്കും* എന്ന് ഒരുപക്ഷേ പറഞ്ഞതായിരിക്കാം. അതുകൊണ്ടാണ്, *കുറുനരികൾക്കു മാളങ്ങൾ*

42. 'അവൻ നേരിട്ടുവന്നില്ല, ഭൃത്യനെ അയച്ചതേയുള്ളു' എന്ന് ലൂക്കോസിൽ (7:7).

43. മത്താ 8:11.

www.malankaralibrary.com



*ഉണ്ട്* എന്ന് യേശു പറഞ്ഞത്. എന്നാൽ അവിടുത്തേക്ക് ഒരു സമ്പാദ്യവും ഉണ്ടായിരുന്നില്ല; എന്നാൽ കുറുനരിക്ക് അതിൻെറ മാളമുണ്ട്.

**24b.** *മരിച്ചവർ തങ്ങളുടെ മരിച്ചവരെ സംസ്കരിക്കട്ടെ* (മത്താ 8:9). *തങ്ങളുടെ മരിച്ചവരെ* എന്നു പറഞ്ഞതിൽ നിന്ന് ഈ ശിഷ്യൻെറ പിതാവും ഒരു പാപി ആയിരുന്നു എന്ന് ഇതിലൂടെ അവിടുന്ന് വ്യക്തമാക്കുന്നു. തൻെറ സ്വത്തിൻെറ അവകാശം സംബന്ധിച്ച് അവൻ ഉത്ക്കണ്ഠാകുലനാണ് എന്ന് നമ്മുടെ കർത്താവ് നേരത്തെ മനസിലാക്കി. അതുകൊണ്ട് അവൻെറ ആത്മാവിൻെറ മരണം തടയാനായി, തൻെറ അപ്പനെ സംസ്കരിക്കുന്നതിൽ നിന്ന് ആദ്യമേ അവിടുന്ന് അവനെ തടഞ്ഞു.

## കടലിനെ ശാന്തമാക്കുന്നത്

**25.** ഉറങ്ങിയവനെ അവർ ഉണർത്തി; അവൻ കടലിനെ ഉറക്കി. ഇപ്പോൾ ശാന്തമായ കടലിൻെറ ഇളക്കത്തിലൂടെ, ഒരിക്കലും ഉറങ്ങാത്ത അവൻെറ ദൈവത്വത്തിൻെറ ഉണർവിനെ കാണിക്കാനായിരുന്നു അത്. *അവൻ കാറ്റിനെ ശാസിച്ചു; അത് അടങ്ങി* (ലൂക്കാ 8:24). ഇതെന്തു ശക്തിയാണ്? അഥവാ *യേസുവിൻെറ*[44] ഈ നന്മ എന്താണ്? തൻേറതല്ലാത്തതിനെ ബലാല്ക്കാരമായി അവൻ കീഴ്പെടുത്തിയത് കാണുക. കടലിലെ കാറ്റിലൂടെയും താൻ നിശബ്ദരാക്കിയ അരൂപികളിലൂടെയും പിശാചുക്കളിലൂടെയും താൻ സ്രഷ്ടാവിൻെറ പുത്രനാണ് എന്ന് നമ്മുടെ കർത്താവ് കാണിച്ചു.

## ഗദറായരുടെ നാട്ടിലെ പിശാച്

**26.** നമ്മുടെ കർത്താവിൻെറ അടയാളങ്ങൾ കാണുകയോ കാണാൻ പരിശ്രമിക്കുകയോ ചെയ്കയില്ലെന്ന് ഗദറായൻ ഒരു നിശ്ചയം ചെയ്തിരുന്നു. തദ്ഫലമായി തങ്ങളുടെ ഇച്ഛയ്ക്കെതിരായി അവർ കാണുന്നതിനായി അവിടുന്ന് അവരുടെ പന്നികളെ മുക്കിക്കളഞ്ഞു. അവിടുന്ന് ഓടിച്ച ലീജിയൻ ഈ ലോകത്തിൻെറ പ്രതീകമാണ്. എല്ലാവരെയും ജീവനിലേക്ക് എഴുന്നേല്പ്പിക്കുന്ന അവിടുന്ന് ലോകത്തിൻെറ ഇളക്കത്തെ ശമിപ്പിക്കുന്നു. കല്പന കിട്ടുന്നതുവരെ പന്നികളിൽ പ്രവേശിക്കാൻ പിശാചുക്കൾക്ക് കഴിഞ്ഞില്ലെങ്കിൽ, ദൈവഛായയെ സംബന്ധിച്ച്

44. 'യേസു' എന്ന മാർസ്യണീത്തപ്രയോഗം അപ്രേം ഇവിടെയും ഉദ്ധരിക്കുന്നു.

www.malankaralibrary.com



എത്ര അധികമായിരിക്കും! ഒരാളിൽ നിന്ന് പിശാചിനെ ഓടിച്ച് മറ്റൊന്നിൽ കയറ്റാൻ കർത്താവിനു കഴിയും എന്നത് നിഷേധിച്ച ഈ മനുഷ്യർ കേട്ട് ഭയപ്പെടുന്നതിനായിരുന്നു ഇത്. തങ്ങളെ പിശാചുക്കളിൽ നിന്ന് നിഗൂഢമായി സംരക്ഷിച്ചത് ആരാണെന്നും, മനുഷ്യരിലല്ല പന്നികളിൽ പ്രവേശിക്കാൻ പിശാചുക്കളെ അനുവദിച്ചത് അവിടുന്നാണെന്നും അവർ അറിയുന്നതിനുകൂടിയും ആയിരുന്നത്. *അവൻ ബേൽസെബൂബിനെ കൊണ്ടാണ് പുറപ്പെടുവിക്കുന്നത്* (ലൂക്കാ 11:15) എന്ന് അവനെപ്പറ്റിയാണ് അവർ പറഞ്ഞത്. അവിടുന്ന് മലയിൽ സാത്താന് എതിരായും അവന്റെ സൈന്യത്തിന്റെ നേതാവായ ലീജിയന് എതിരായും പോരാട്ടം നടത്തി (മർക്കോ 5:13). ഈ മനുഷ്യനെ നിരീക്ഷിച്ചുകൊണ്ടിരുന്ന കാരുണ്യവാന്റെ ശക്തി അറിയപ്പെടുന്നതിനായി അവർ പന്നിയിൽ പ്രവേശിച്ച നിമിഷംതന്നെ, അവൻ അവരെ മുക്കിക്കളഞ്ഞു (ലൂക്കാ 8:33). *ആ പ്രദേശത്തു നിന്ന് തങ്ങളെ ഓടിക്കരുതെന്നും ഗേഹെന്നായിലേക്ക് അയയ്ക്കരുതെന്നും അവ അവനോടു യാചിച്ചു* (ലൂക്കാ 8:31). *ദുഷ്ടർക്കായി ഒരുക്കിയിരിക്കുന്ന അഗ്നിയിലേക്കു പോകുവിൻ* എന്നു പറഞ്ഞവന് (മത്താ 25:41), എങ്ങനെ ബേൽസെബൂബിനെക്കൊണ്ട് പിശാചുക്കളെ പുറത്താക്കാനും അവന് ഗേഹെന്നാ വാഗ്ദാനം ചെയ്യാനും കഴിയുമായിരുന്നു? *അവരെ ഗേഹെന്നായിലേക്ക് അയയ്ക്കാതിരിക്കാൻ* എന്ന വചനം (ലൂക്കാ 8:31) ഒരു സാക്ഷ്യമാണ്.

**27.** തങ്ങളുടെ നാട്ടിൽനിന്ന് പിശാചുക്കളെ ഓടിച്ചു കളയാൻ കഴിഞ്ഞവനെ ഗദറായർ തങ്ങളുടെ നാട്ടിൽ നിന്ന് ആട്ടിപ്പായിച്ചു. ആ നാട്ടുകാർ അവനെ ഭയന്നിരുന്നു. അതുകൊണ്ട് അവൻ പിശാചുക്കളെ തങ്ങളിൽ പ്രവേശിപ്പിക്കാതിരിക്കാൻ *അവൻ ആ മനുഷ്യനെ പറഞ്ഞയച്ചു: പോയി പ്രഘോഷിക്കുക* (ലൂക്കാ 8:38-39). അവർക്കു ഹാ കഷ്ടം! കാരണം, എല്ലായിടത്തുനിന്നും ഓടിക്കപ്പെട്ട പിശാചുക്കൾ ഇപ്പോൾ മുതൽ അവരിൽ പ്രവേശിക്കും! കാരണം, പിശാചുക്കളെ ഓടിക്കുന്നവന് അവർ അവരുടെ ഇടയിൽ പ്രവേശനം നൽകിയില്ല. അതുകൊണ്ട്, സൗഖ്യദായകന് തങ്ങളുടെ ഇടയിൽ പ്രവേശനം നൽകാത്തവരുടെ രോഗങ്ങൾ വളരെയധികം വർധിച്ചു. *തങ്ങളുടെ ഇടയിൽ നിന്ന് ദൂരെപ്പോകുവാൻ അവർ അവനോട് അപേക്ഷിച്ചു* (ലൂക്കാ 8:31). നല്ലവൻ മാർസ്യന്റെ "അന്യദൈവത്തിന്റെ" പുത്രനായിരുന്നെങ്കിൽ[45] സ്രഷ്ടാ

45. മുകളിൽ നമ്പർ 3 കാണുക.

www.malankaralibrary.com



വിന് അശുദ്ധമായ പന്നികളെ എങ്ങനെ മുക്കിക്കൊല്ലാൻ കഴിയുമായിരുന്നു, പിശാചുക്കളുടെ ഇച്ഛ എങ്ങനെ സാധിച്ചുകൊടുക്കുമായിരുന്നു, പന്നിക്കൂട്ടത്തിന്റെ ഉടമസ്ഥന് നഷ്ടം വരുത്തിവയ്ക്കുമായിരുന്നു? പിശാചുക്കൾ എങ്ങനെ തങ്ങളെ പീഡിപ്പിക്കുന്നവനെ അറിഞ്ഞു?

## 7

## രക്തസ്രാവക്കാരി

**1.** പരമസത്തയുടെ നിഗൂഢപുത്രാ, നിനക്കു സ്തുതി. കാരണം, ക്ലേശം അനുഭവിച്ചുകൊണ്ടിരുന്നവളുടെ നിഗൂഢവേദനയിലൂടെ നിന്റെ സൗഖ്യമാക്കൽ പ്രഘോഷിക്കപ്പെട്ടു (മർക്കോ 5:25-34). ദൃശ്യമായ സ്ത്രീ മൂലം അദൃശ്യമായ ദൈവത്വം കാണാൻ അവർക്കിടയായി. പുത്രന്റെ സൗഖ്യമാക്കലിലൂടെ അവിടുത്തെ ദൈവത്വം അറിയപ്പെട്ടു; ക്ലേശിതയായ സ്ത്രീ സുഖം പ്രാപിച്ചതിലൂടെ അവളുടെ വിശ്വാസം വെളിവാക്കപ്പെട്ടു. അവൻ പ്രഘോഷിക്കപ്പെടാൻ അവൾ ഇടയാക്കി; അവനോടൊപ്പം അവളും പ്രഘോഷിക്കപ്പെട്ടു. കാരണം, സത്യം അതിന്റെ അറിയിപ്പുകാരോടൊപ്പം പ്രഘോഷിക്കപ്പെട്ടു. അവൾ അവന്റെ ദൈവത്വത്തിനു സാക്ഷിയായി; അവൻ അവളുടെ വിശ്വാസത്തിനും.

**2.** അവൾ പ്രതിഫലമായി അവന്റെ മേൽ വിശ്വാസം വർഷിച്ചു; സമ്മാനത്തിനു പകരമായി അവൻ അവളെ സുഖപ്പെടുത്തി. അവളുടെ വിശ്വാസം പരസ്യമായി തീർന്നതിനാൽ, അവളുടെ സൗഖ്യമാക്കലും പരസ്യമായി പ്രഖ്യാപിക്കപ്പെട്ടു. പുത്രന്റെ ശക്തി പ്രകാശിതമാകുകയും അത് അവനെ ശ്രേഷ്ഠനാക്കുകയും ചെയ്തു. അതുകൊണ്ട് തങ്ങളുടെ പ്രത്യൗഷധങ്ങൾ നിമിത്തം വൈദ്യന്മാർ ലജ്ജിതരായി. വൈദ്യശാസ്ത്രത്തെ വിശ്വാസവും ദൃശ്യമായ ഔഷധങ്ങളെ നിഗൂഢശക്തിയും എത്രമാത്രം ഉല്ലംഘിക്കുന്നെന്ന് വ്യക്തമായി. അവൻ അവളുടെ രൂപം കണ്ടില്ല എന്ന് അവർ ചിന്തിച്ചുകൊണ്ടിരുന്നെങ്കിലും, അവൾ തന്റെ ചിന്തകൾ വെളിപ്പെടുത്തുന്നതിനുമുമ്പ്, അവിടുന്ന് നേരത്തെ അവ അറിഞ്ഞിരുന്നു. തന്നെ ആരാണ് സ്പർശിച്ചതെന്ന് അവിടുന്നു ചോദിച്ചപ്പോൾ, ഉപദ്രവിക്കാൻ തക്കം നോക്കി നടക്കുന്നവർക്ക്, അവിടുത്തെ

www.malankaralibrary.com



ഉപദ്രവിക്കാൻ അവസരം നൽകിയുമില്ല. എന്നെ ആരാണ് സ്പർശിച്ചത് എന്ന് ചോദിച്ചതിലൂടെ തനിക്കറിയാൻ പാടില്ല എന്ന ധാരണ അവിടുന്നു കൊടുത്തിരിക്കാം; എന്നാൽ നിഗൂഢമായ കാര്യങ്ങൾ സംബന്ധിച്ച് അവിടുത്തേക്ക് അറിവുണ്ടായിരുന്നു. കാരണം, തന്നിൽ വിശ്വസിക്കുന്നു എന്ന് അറിഞ്ഞിരുന്നവരെ മാത്രമേ അവിടുന്ന് സുഖപ്പെടുത്തിയിരുന്നുള്ളു. അവിടുന്ന് ആദ്യം അവളുടെ നിഗൂഢവിശ്വാസം ദർശിച്ചു; പിന്നീട് അവൾക്ക് ദൃശ്യമായ സൗഖ്യം നൽകി. ഇപ്രകാരം, അദൃശ്യമായ വിശ്വാസം കാണാൻ അവിടുത്തേക്കു കഴിഞ്ഞെങ്കിൽ, ദൃശ്യമായ മനുഷ്യകുലത്തെ കാണുവാൻ എത്രയധികമായി അവിടുത്തേക്കു കഴിയും!

## ശാരീരികവും ആത്മീയവുമായ സ്പർശനം സംബന്ധിച്ചുള്ള വിചിന്തനം

**3.** സ്പഷ്ടമായ സംഗതികളെപ്പറ്റി തനിക്കറിവില്ല എന്നവിധം ഔചിത്യത്തിനുവേണ്ടിയാണ് നമ്മുടെ കർത്താവ് പെരുമാറിയത്. എങ്കിലും നിഗൂഢസംഗതികൾ തനിക്കറിയാം എന്ന് തന്റെ മുന്നറിവ് അവിടുന്ന് പിന്നീട് വെളിപ്പെടുത്തുകയുണ്ടായി. അവിടുന്ന് എങ്ങനെയാണ് ഇത് ചെയ്തത്? *ജനങ്ങൾ തള്ളിക്കയറി നിന്നെ ഞെരുക്കുന്നു. ആരാണ് എന്നെ സ്പർശിച്ചത് എന്ന് നീ ചോദിക്കുന്നു* എന്ന് ശെമഓൻ പറഞ്ഞപ്പോഴല്ലേ അത്? (ലൂക്കാ 8:45). എല്ലാവരും നമ്മുടെ കർത്താവിനെ സ്പർശിക്കുന്നു എന്ന ശെമഓൻ കാണിച്ചുകൊടുത്തെങ്കിൽ, യഥാർത്ഥത്തിൽ ഇവരിൽ ഒരാൾ മാത്രമേ തന്നെ സ്പർശിച്ചുള്ളു എന്ന് നമ്മുടെ കർത്താവ് അവനെയും കാണിച്ചു. ജനക്കൂട്ടം നിമിത്തം സാഹചര്യത്താൽ അവരെല്ലാം അവനെ സ്പർശിച്ചെങ്കിൽപോലും, ഒരാൾ മാത്രമേ തന്റെ ക്ലേശം നിമിത്തം അവശ്യാവശ്യം ആ നിമിഷം അവനെ സ്പർശിച്ചുള്ളു. എത്രയധികം ജനങ്ങൾ നമ്മുടെ കർത്താവിനെ സ്പർശിക്കുന്നു എന്ന് കാണിക്കാൻ ശെമഓൻ ആഗ്രഹിച്ചു. എന്നാൽ, തന്നെ സ്പർശിച്ച വിശ്വാസത്തെ ശെമഓനെ കാണിക്കാൻ അവിടുന്നാഗ്രഹിച്ചു.

**4.** അനേകർ അവനെ സ്പർശിച്ചെങ്കിലും, തന്നെ സ്പർശിച്ച അനേകരിൽ നിന്ന് ഒരാളെ മാത്രം അവിടുന്ന് തേടി എന്നറിയുക. എല്ലാവരും അവനെ സ്പർശിക്കുകയും അവരിൽ നിന്ന് ഒരാളെമാത്രം അവിടുന്ന് അന്വേഷിക്കുകയും ചെയ്തെങ്കിൽ, തന്റെ പക്കലേക്ക് ഇടിച്ചു കയറിയ എല്ലാവരെയും അവിടുന്ന് അറിഞ്ഞിരുന്നു എന്നതു വ്യക്തമാണ്;

www.malankaralibrary.com



കാരണം, അവരിലാർക്കും അവൻെറ ശ്രദ്ധയിൽപെടാതെ പോകാൻ സാധ്യമല്ലായിരുന്നു. അവരെല്ലാവരും ക്രമരഹിതമായി സ്പർശിച്ചെങ്കിൽ പോലും, അവരിലൊരാളെ മാത്രം അവിടുന്ന് വേർതിരിച്ച് അന്വേഷിച്ചു. ഈ ഒരാളെ അറിഞ്ഞതുപോലെ, അവിടുന്ന് അവരെയെല്ലാം അറിഞ്ഞിരുന്നു എന്നത് വ്യക്തമാണ്; അവരുടെ ഇടയിൽ പ്രത്യേകമായി അറിയപ്പെടാതിരുന്നവളെ അവളുടെ പ്രത്യേകതയാൽ അവൻ അറിഞ്ഞിരുന്നു. ആ അവസരം അനേകർ അവനെ സ്പർശിക്കുന്നുണ്ടായിരുന്നു. എന്നാൽ വെറും ഒരു മനുഷ്യനായിട്ടാണ് അവരൊക്കെ അവനെ സ്പർശിച്ചത്. തദനുസൃതം, വെറുമൊരു മനുഷ്യനായിമാത്രം അവനെ സ്പർശിച്ചവരെ കുറ്റപ്പെടുത്താനായി, തന്നെ ദൈവമെന്ന നിലയിൽ സ്പർശിച്ചവളെ അവൻ അന്വേഷിച്ചു. അവർ ഓരോരുത്തനും തന്നെ സ്പർശിച്ചത് എങ്ങനെയാണെന്ന് തനിക്കറിയാം. അവരെയെല്ലാം പഠിപ്പിക്കാനായി, അവരെല്ലാവരോടും ഒപ്പം തന്നെ സ്പർശിച്ച ഒരാളെ അവരുടെ ഇടയിൽനിന്ന് അവിടുന്ന് വേർതിരിച്ചു.

**5.** അതുകൊണ്ട്, ശാരീരികമായി അവിടുത്തെ സ്പർശിച്ചവർക്ക് ശാരീരികമായ അനുഭവം ഉണ്ടായി; എന്നാൽ ആത്മീയമായി അവിടുത്തെ സ്പർശിച്ചവർക്ക് സ്പർശനവിധേയമായ മനുഷ്യത്വംവഴി സ്പർശനാതീതമായ ദൈവത്വവുമായി ബന്ധപ്പെടാൻ സാധിച്ചു. മനുഷ്യൻ എന്നനിലയിൽ അവിടുത്തെ സ്പർശിച്ചവർക്ക് മനുഷ്യത്വത്തിൻെറ അനുഭവം ഉണ്ടായി; എന്നാൽ ദൈവം എന്ന നിലയിൽ അവിടുത്തെ സ്പർശിച്ചവർക്ക് വേദനയ്ക്കുള്ള സൗഖ്യഭണ്ഡാഗാരത്തെ കണ്ടെത്താൻ കഴിഞ്ഞു.

**6.** രോഗിണി സുഖം പ്രാപിച്ച് രഹസ്യമായി പോയിരുന്നെങ്കിൽ, ഈ അത്ഭുതം അനേകരിൽ നിന്ന് മറഞ്ഞിരിക്കുന്നതിനു പുറമേ, ശാരീരികമായി സൗഖ്യം പ്രാപിച്ചെങ്കിലും ആത്മീയമായി അവൾ രോഗിണിയായി കഴിയുമായിരുന്നു. തന്നെ സുഖപ്പെടുത്തിയതിനാൽ, അവിടുന്ന് നീതിമാനാണെന്ന് അവൾ വിശ്വസിച്ചാൽ പോലും, തന്നെ അറിയാൻ പാടില്ലാത്തതിനാൽ, അവിടുന്നു ദൈവമാണോ എന്നതിനെപ്പറ്റി അവൾ സംശയിക്കാൻ ഇടയുണ്ട്. നീതിമാന്മാരെ സ്പർശിച്ച് സൗഖ്യംപ്രാപിച്ച മനുഷ്യരുണ്ടായിരുന്നു; എന്നാൽ തങ്ങളെ സ്പർശിച്ചവരിൽ ആരൊക്കെ സൗഖ്യംപ്രാപിച്ചു എന്ന് ഈ നീതിമാന്മാർക്ക് അറിവുണ്ടായിരുന്നില്ല. അതുകൊണ്ട് ശാരീരികസൗഖ്യം പ്രാപിച്ചവൾ തൻെറ മനസിൽ രോഗി

www.malankaralibrary.com



ണിയായി തുടരാതിരിക്കാൻ, അവളുടെ മനസിനെക്കൂടി സൗഖ്യമാക്കുന്നതിൽ അവൻ ശ്രദ്ധചെലുത്തി. ശാരീരിക സൗഖ്യത്തിന് അവിടുന്ന് അണഞ്ഞതുതന്നെ മാനസികസൗഖ്യത്തിനായിരുന്നു. അതുകൊണ്ടാണ്, *ആരാണ് എന്റെ വസ്ത്രത്തിൽ സ്പർശിച്ചത്* എന്ന് അവിടുന്ന് ചോദിച്ചത് (മർക്കോ 5:30). ആരോ തീർച്ചയായും തന്നെ സ്പർശിച്ചു എന്ന് അവിടുന്നു വെളിപ്പെടുത്തി; എന്നാൽ തന്നെ സ്പർശിച്ചത് ആരാണെന്ന് വെളിപ്പെടുത്താൻ അവിടുന്ന് ആഗ്രഹിച്ചില്ല. ഈ വാക്കുകൊണ്ടുതന്നെ വഞ്ചനയെ കുറ്റപ്പെടുത്താൻ മുതിർന്ന അവിടുന്ന് വഞ്ചിക്കാൻ ആഗ്രഹിച്ചു എന്നു പറയുക ശരിയല്ല. സത്യം പറയുന്നതിൽ നിന്ന് അവിടുന്ന് ഒഴിഞ്ഞുമാറിയതുമല്ല. യഥാർത്ഥത്തിൽ, അവിടുന്ന് ഇപ്രകാരം ചെയ്തു എന്ന സത്യം ജനങ്ങൾ ഏറ്റു പറയുന്നതിനുവേണ്ടിയായിരുന്നു ഇത്.

**7.** തന്നെ സ്പർശിച്ചത് ആരാണെന്ന് എന്തുകൊണ്ടാണ് നമ്മുടെ കർത്താവ് വെളിപ്പെടുത്താഞ്ഞത്? കാരണം, സൗഖ്യം പ്രാപിച്ചയാൾ വൈദ്യന്റെ സാക്ഷിയായിരിക്കുകയും, രഹസ്യത്തിൽ സുഖപ്പെടുത്തിയ ശക്തിക്ക് സൗഖ്യം പ്രാപിച്ചയാൾ പരസ്യമായി സാക്ഷ്യം പറയുകയും ചെയ്യുക ഉചിതമായിരുന്നു. തന്റെ ശത്രുക്കളുടെ മധ്യത്തിലായിരുന്നപ്പോൾ, തനിക്കുതന്നെ സാക്ഷ്യംവഹിക്കാൻ കർത്താവ് ധൃതി കാട്ടിയില്ല; പിന്നെയോ, തന്റെ പ്രവൃത്തി തന്റെ അറിയിപ്പുകാരനാകാൻ അവിടുന്നു കാത്തിരുന്നു (യോഹ 5:31.36; 10:25). അവന്റെ ക്ഷമ തന്റെ സ്നേഹിതരെ ഉത്തേജിപ്പിക്കുകയും തന്റെ ശത്രുക്കളെ തള്ളിപ്പറയുകയും ചെയ്തു. കാരണം, തന്റെ ക്ഷമകൊണ്ടാണ് അവിടുന്ന് ആ സ്ത്രീയെ ജനക്കൂട്ടത്തിന്റെ മധ്യത്തിലേക്കു കൊണ്ടുവന്നത്. അവളാണ് വൈദ്യന്മാരെ ബുദ്ധിമുട്ടിച്ചതെന്നും, അവളെയാണ് വൈദ്യന്മാർ ക്ലേശിപ്പിച്ചതെന്നും അവന്റെ സ്നേഹിതരും ശത്രുക്കളും കാണുകയും അറിയുകയും ചെയ്തു. അവനിൽ നിന്നു പുറപ്പെട്ട ഒരു ശക്തി അവളുടെ പക്കലേക്ക് ചെന്നു. അത് അശുദ്ധമായ ഉദരത്തെ സ്പർശിച്ചു; എന്നാൽ അതിൽ ലജ്ജിച്ചില്ല. അതുപോലെ, പരിപാവനമായ ഒരുദരത്തിൽ വസിക്കാൻ അവന്റെ ദൈവത്വം ലജ്ജിച്ചില്ല. നിയമത്തിനകത്തായാലും നിയമത്തിനു പുറത്തായാലും രക്തസ്രാവംമൂലം അശുദ്ധആയിതീർന്നവളേക്കാൾ പാവനയാണ് കന്യക. അവളിൽ നിന്ന് തുടർച്ചയായി ഒഴുകിക്കൊണ്ടിരുന്ന രക്തം അവനെ അനുസരിച്ചു; എന്നാൽ അവന്റെ ശത്രുക്കളുടെ സ്വതന്ത്രേച്ഛ വളരെ തെറ്റായി അനുസരണരഹിതമായി വർത്തിച്ചു. അതുകൊണ്ട്, അവൻ അവരെ കുറ്റപ്പെടുത്തി.

www.malankaralibrary.com



8. അവൻെറ മനുഷ്യത്വത്താൽ അവൻെറ സ്നേഹിതർ ശക്തരായി; അവൻെറ ദൈവത്വത്താൽ അവൻെറ ശത്രുക്കൾ കുറ്റപ്പെടുത്തപ്പെട്ടു. അവൻെറ ശക്തി രോഗഗ്രസ്തമായ ഉദരത്തെ സ്പർശിച്ചത് ഉദരത്തിൻെറ ഗുണത്തിനാണ്; അതുപോലെ മനുഷ്യത്വത്തിൽ വസിച്ച അവൻെറ ദൈവത്വം മനുഷ്യത്വവുമായി ഐക്യപ്പെട്ടത് മനുഷ്യത്വത്തിൻെറ ഗുണത്തിനാണ് എന്ന് അവൻെറ സ്നേഹിതന്മാർ ഗ്രഹിച്ചു. അവൻെറ ശത്രുക്കളാകട്ടെ, തട്ടിവീഴാനുള്ള ഒരു ഇടർച്ചക്കല്ല് തേടുകയായിരുന്നു (1 പത്രോ 2:8). നിയമം അനുസരിച്ച്, അശുദ്ധയായ ഒരു സ്ത്രീ അവനെ സ്പർശിച്ചപ്പോൾ അവളിൽ നിന്ന് അകന്നുമാറാത്ത ഈ മനുഷ്യൻ എങ്ങനെയാണ് നിയമം കാക്കുക എന്ന് അവർ പറയുകയായിരുന്നു. അശുദ്ധമായ വസ്തുക്കൾ വിശുദ്ധീകരിക്കുന്ന ആ ശക്തി അവളുടെ അശുദ്ധികൊണ്ട് അശുദ്ധമാകുന്നില്ല എന്ന് തങ്ങളുടെ സ്വന്തം കൈകൾകൊണ്ട് തങ്ങളുടെ കണ്ണുകൾ പൊത്തിയവർക്ക് മനസിലാക്കാനായില്ല. അശുദ്ധവസ്തുക്കളാൽ മലിനമാകാതെ, അഗ്നിയുടെ ശക്തി അവയെ വിശുദ്ധീകരിക്കുന്നു. അങ്ങനെയെങ്കിൽ, യാതൊന്നുകൊണ്ടും മലിനമാകാതെ എത്രയധികമായി ദൈവത്വത്തിൻെറ ശക്തിക്ക് പവിത്രീകരിക്കാൻ കഴിയും! അഗ്നിയെ മലിനമാക്കാൻ ഒന്നിനും കഴിയാത്തതിനാൽ, അഗ്നിക്ക് ശുദ്ധീകരണം ആവശ്യമില്ല. ശുദ്ധവും അശുദ്ധവുമായവ അകറ്റിവച്ചാലും, കാറ്റും സൂര്യപ്രകാശവും അവയെ ഒന്നിക്കുകയും കൂട്ടിക്കലർത്തുകയും ചെയ്യുന്നു. അങ്ങനെ സ്വാതന്ത്ര്യത്തിൻെറ നിയമങ്ങൾ മലിനമാക്കുന്നവ മാത്രമേ അശുദ്ധമായിട്ടുള്ളു എന്നു വ്യക്തമാക്കുന്നു.

9. *എന്നെ ആരാണ് സ്പർശിച്ചത്* എന്ന് നമ്മുടെ കർത്താവ് പിന്നെ എന്തുകൊണ്ടാണ് പറഞ്ഞത്? തൻെറ സൗഖ്യത്തെപ്പറ്റി അവൾക്ക് അവബോധം ഉണ്ടായതുപോലെ, അവളുടെ വിശ്വാസത്തെപ്പറ്റി അവനും അവബോധം ഉണ്ടായിരുന്നു എന്ന് അവൾ അറിയാൻവേണ്ടിയായിരുന്നു അത്. തനിക്ക് ആരോഗ്യം തിരിച്ചുകിട്ടിയതുവഴി അവനാണ് എല്ലാവരുടെയും വൈദ്യൻ എന്നും, *ഇതുപോലും അവനു മറഞ്ഞിരിക്കുന്നില്ല എന്ന് അവൻെറ ചോദ്യംവഴി ഗ്രഹിച്ചപ്പോൾ* (ലൂക്കാ 8:47) അവനാണ് എല്ലാവരെയും പരിശോധിക്കുന്നവൻ എന്നും അവൾ അറിഞ്ഞു. ഇത് അവനിൽ നിന്ന് മറച്ചുവയ്ക്കാൻ കഴിയും എന്ന് വാസ്തവത്തിൽ അവൾ കരുതി; എന്നാൽ ഇതുപോലും അവനു മറഞ്ഞിരിക്കുന്നില്ല എന്ന് അവൾ കണ്ടു. അവൾ നമ്മുടെ കർത്താവിൻെറ പക്കൽ നിന്ന് തെറ്റി

www.malankaralibrary.com



ദ്ധരിക്കപ്പെട്ട് പോകാതിരിക്കാനായി, തനിക്കൊന്നും മറഞ്ഞിരിക്കുന്നില്ല എന്ന് അവിടുന്ന് അവളെ കാണിച്ചു. അവൻ ദൃശ്യരോഗങ്ങൾ സൗഖ്യമാക്കുന്നു എന്ന് ഇതിലൂടെ അവൾ മനസിലാക്കി. കൂടാതെ, രഹസ്യകാര്യങ്ങളെപ്പറ്റിയും അവനറിയാം എന്ന് അവൾ ഗ്രഹിച്ചു. ശാരീരികരോഗങ്ങൾ സൗഖ്യമാക്കുകയും മനസിൻെറ നിഗൂഢസംഗതികൾ പരിശോധിക്കുകയും ചെയ്യുന്ന അവിടുന്ന് ശരീരത്തിൻെറ കർത്താവും മനസിൻെറ ന്യായാധിപനുമാണെന്ന് അവൾ വിശ്വസിച്ചു.

ശരീരത്തിൻെറ കർത്താവിനെന്നവണ്ണം അവൾ തൻെറ ശരീരത്തെ അതിൻെറ വികാരങ്ങളോടുകൂടി കീഴ്പ്പെടുത്തി. മനസിൻെറ ന്യായാധിപനെന്നവണ്ണം അവൾ തൻെറ മനസിനെയും അതിൻെറ ചിന്തകളെയും പവിത്രീകരിച്ചു. *പിന്നിൽ നിന്ന് അവൻെറ വസ്ത്രത്തെ തൊട്ടപ്പോൾ* (മർക്കോ 5:27) അവളെ കണ്ടവന് തന്നെ കാണാൻ കഴിയും എന്നു വിശ്വസിച്ചതിനാൽ, തെറ്റുചെയ്യാൻ അവൾ ഭയപ്പെട്ടു. ചിന്തയിൽപോലും തെറ്റു ചെയ്യാൻ അവൾ ഭയപ്പെട്ടു. കാരണം, ഒന്നും അവനു മറഞ്ഞിരിക്കുന്നില്ല എന്ന് അവൾ ഗ്രഹിച്ചു. *ഇതും അവന് മറഞ്ഞിരിക്കുന്നില്ല* എന്ന് അവനെപ്പറ്റി അവൾ സാക്ഷ്യപ്പെടുത്തി (ലൂക്കാ 8:47).

**10.** സൗഖ്യം പ്രാപിച്ചപ്പോൾ ആ സ്ത്രീ രഹസ്യത്തിൽ നമ്മുടെ കർത്താവിൻെറ പക്കൽ നിന്ന് പിന്മാറിപ്പോയിരുന്നെങ്കിൽ, അവനിൽ നിന്ന് അവൾക്കു കിട്ടിയ വിജയകിരീടം നഷ്ടമായിപ്പോകുമായിരുന്നു. കാരണം, രഹസ്യമായ വേദനയിൽ ശോഭയോടെ പ്രകാശിച്ചുകൊണ്ടിരുന്ന വിശ്വാസം പരസ്യമായി കിരീടം ധരിപ്പിക്കപ്പെടുക ഉചിതമായിരുന്നു. തദ്ഫലമായി, *സമാധാനത്താലേ പോകുക* (മർക്കോ 5:34) എന്നു പറഞ്ഞതിലൂടെ അവൻ അവൾക്ക് വാചാലമായ ഒരു കിരീടം മെടഞ്ഞു. അവൻ അവൾക്കു നൽകിയ സമാധാനമായിരുന്നു അവളുടെ വിജയകിരീടം. ഈ സമാധാനത്തിൻെറ നാഥൻ ആരാണെന്ന് അറിയപ്പെടാനായി *സമാധാനത്താലേ പോകുക* എന്ന് അവൻ പറഞ്ഞിട്ട് അവിടെ അവസാനിപ്പിക്കാതെ *നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു* എന്നുകൂടി കൂട്ടിച്ചേർത്തു (മത്താ 9:22). അവൻെറ വായ് മെനഞ്ഞ സമാധാനമാണ് അവളുടെ വിശ്വാസത്തെ ധരിപ്പിച്ച കിരീടം എന്ന് അറിയപ്പെടാനായിരുന്നു അത്. *നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു* (മത്താ 9:22). അവളെ ജീവനിലേക്ക് വീണ്ടെടുത്തത് വിശ്വാസം ആയിരുന്നെങ്കിൽ, അവളുടെ വിശ്വാസത്തെയാണ് അവിടുന്ന് കിരീടം ധരിപ്പി

www.malankaralibrary.com



ച്ചത് എന്നത് സുവ്യക്തമാണ്. അതുകൊണ്ടാണ്, *ആരാണ് എന്റെ വസ്ത്രത്തിൽ സ്പർശിച്ചത്* എന്ന് അവിടുന്ന് വിളിച്ചുചോദിച്ചത് (മർക്കോ 5:30); അങ്ങനെ, മറ്റാരേക്കാളും കൂടുതലായി സ്പർശിച്ചത് ആരാണെന്ന് എല്ലാവരും അറിയുന്നതിനായിരുന്നു അത്. മറ്റെല്ലാവരെക്കാളും കൂടുതലായി അവൾ അവനെ ബഹുമാനിച്ചു; ഒന്നാമത്, പിറകിൽ നിന്ന് അവൾ അവനെ സമീപിച്ചു; രണ്ടാമത്, *അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ തൊട്ടു* (ലൂക്കാ8:44) എന്നതിലൂടെ. അതുകൊണ്ട്, മറ്റെല്ലാവരെക്കാളും കൂടുതലായി അവനെ ബഹുമാനിച്ച അവൾ അതുപോലെ ഇവർ എല്ലാവരുടെയും മുമ്പാകെ ബഹുമാനിക്കപ്പെടുക ഉചിതമായിരുന്നു.

**11.** *ആരോ എന്നെ സ്പർശിച്ചതായി എനിക്കറിയാം* (ലൂക്കാ 8:46). തന്നെ സ്പർശിച്ച ആളിനെ എന്തുകൊണ്ടാണ് മധ്യത്തിലേക്ക് ബലം പ്രയോഗിച്ച് കൊണ്ടുവരാഞ്ഞത്? കാരണം, വിശ്വാസത്തോടു ബന്ധപ്പെട്ടുള്ള സംസാരസ്വാതന്ത്ര്യത്തെപ്പറ്റി പഠിപ്പിക്കാൻ അവിടുന്ന് ആഗ്രഹിച്ചു. വിശ്വാസം രഹസ്യമായി മോഷ്ടിക്കുകയും പരസ്യമായി തന്റെ മോഷണത്തെപ്പറ്റി വീമ്പടിക്കുകയും ചെയ്തു. തന്റെ നിക്ഷേപം വിശ്വാസത്തിന്റെ സാന്നിധ്യത്തിൽ ഒഴുകിപ്പോകുവാൻ അവിടുന്ന് അനുവദിച്ചതിനാൽ, മോഷ്ടിക്കാൻ വിശ്വാസത്തെ അവൻ പഠിപ്പിക്കുകയായിരുന്നു. അതിന്റെ മോഷണത്തിനുശേഷം അവൻ അതിനെ പ്രകീർത്തിച്ചതിനാൽ, അതിന്റെ മോഷണത്തെപ്പറ്റി വീമ്പടിക്കാൻ അവൻ അതിനെ പ്രേരിപ്പിക്കുകയായിരുന്നു. അതു കട്ടെടുത്ത് തടിച്ചു കൊഴുത്തു. അതിനെ പിടികൂടി; അത് പ്രകീർത്തിക്കപ്പെട്ടു. മോഷ്ടിക്കുന്നില്ലെങ്കിൽ താഴ്ന്നതരം വിശ്വാസം എത്ര ദരിദ്രമായിരിക്കുമെന്നും, അതു പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നില്ലെങ്കിൽ എത്രമാത്രം കലങ്ങിമറിഞ്ഞു കിടക്കുമെന്നും കാണിക്കാനായിരുന്നു ഇത്. ഇപ്രകാരം, താൻ മോഷ്ടിച്ച വിഗ്രഹം നിമിത്തം റാഹേൽ പ്രകീർത്തിക്കപ്പെട്ടു; അവൾ രൂപീകരിച്ച കള്ളത്തരം നിമിത്തം അവൾ കിരീടം ധരിപ്പിക്കപ്പെട്ടു (ഉല്പ 31:19-35). തന്റെ കള്ളത്തരത്തിലൂടെ മിഖാൾ ദാവീദിനെ സംരക്ഷിച്ചു; അവളുടെ ചതി നിമിത്തം അവന്റെ രാജത്വത്തിന്റെ പ്രതിഫലത്തിലേക്ക് അവൾ ക്ഷണിക്കപ്പെട്ടു (1 സാമു 19:11-17). കേൾക്കാൻ ആശ്ചര്യകരംതന്നെ! എല്ലാമോഷണങ്ങളും മോഷ്ടാക്കളെ നാണക്കേടിൽ എത്തിക്കുന്നെങ്കിലും, വിശ്വാസത്തിന്റെ മോഷണം എല്ലാവരുടെയും മുമ്പാകെ പ്രകീർത്തിക്കപ്പെടുന്നു.

www.malankaralibrary.com



**12.** *ആരാണ് എന്നെ സ്പർശിച്ചത്?* നിക്ഷേപത്തിൻെറ കർത്താവ് തൻെറ നിക്ഷേപം മനുഷ്യകുലത്തിനു മുഴുവൻ നൽകിയെങ്കിലും, തൻെറ നിക്ഷേപം മോഷ്ടിക്കാൻ കൂട്ടാക്കാത്തവരെ അവളിലൂടെ ലജ്ജിപ്പിക്കാനും കുറ്റപ്പെടുത്താനുമായി, തൻെറ നിക്ഷേപം മോഷ്ടിച്ചവളെ അന്വേഷിക്കുകയായിരുന്നു. തങ്ങളുടെ വിശ്വാസത്തിൽ മടിയന്മാരായിരുന്നവർ ദാരിദ്ര്യത്താൽ ക്ലേശിച്ചു; എന്നാൽ തങ്ങളുടെ വിശ്വാസത്തിൽ ഉത്സാഹശീലരായിരുന്നവർ പരസ്യമായി അതിനെ അന്വേഷിക്കാൻ തിടുക്കം കൂട്ടുകയും രഹസ്യമായി അതിനെ മോഷ്ടിക്കാൻ ഓടിക്കൂടുകയും ചെയ്തു. *ആരാണ് എന്നെ സ്പർശിച്ചത്? കാരണം, എന്നിൽ നിന്ന് ശക്തി പുറപ്പെട്ടു* (ലൂക്കാ 8.45-46). തന്നിൽ നിന്ന് ശക്തി പുറപ്പെട്ടത് അറിഞ്ഞവൻ, തന്നിൽ നിന്നു പുറപ്പെട്ട ശക്തി ആരിൽ എത്തിച്ചേർന്നു എന്ന് അറിഞ്ഞുകാണുകയില്ലേ? അഥവാ, അവൻെറ ശക്തി അവനെതിരെ എന്തിന് വിഭജിതമായി? അഥവാ, അവൻെറ സമ്മതം കൂടാതെയാണോ സൗഖ്യമാകൽ നടന്നത്? സൗഖ്യദായകങ്ങളായ ഔഷധച്ചെടികൾ ഉണ്ടെങ്കിലും അവയ്ക്ക് അതേപ്പറ്റിയുള്ള അവബോധം ഇല്ല. എന്നാൽ താൻ നൽകുന്നതിനെപ്പറ്റിയുള്ള അവബോധം തനിക്കുണ്ടെന്ന് സൗഖ്യം പ്രാപിച്ച ആളിനെ കാണിക്കാൻ നമ്മുടെ കർത്താവ് ആഗ്രഹിച്ചു. മരുന്നുകഴിക്കുന്നവർ സ്വാഭാവികമായി സൗഖ്യം പ്രാപിക്കുന്നതുപോലെയല്ല ഇത്. പിന്നെയോ, തന്നെ സ്നേഹിക്കുന്ന എല്ലാവരെയും തൻെറ അറിവോടും തൻെറ ഇഷ്ടം അനുസരിച്ചുമാണ് അവിടുന്ന് സുഖപ്പെടുത്തിയിരുന്നത് എന്ന് അവിടുന്നു കാണിച്ചു.

## ഏലിയായുടെ വിശ്വാസവും നിയമവും

**13.** മഹനീയമായ ദൈവത്വത്തിൽനിന്ന് ഈ ശക്തി പുറപ്പെട്ടു. നിയമം അനുസരിച്ച് അശുദ്ധമായിരുന്നവളുടെ അശുദ്ധമായ ഉദരത്തെ അവിടുന്നു സൗഖ്യമാക്കി. വിശ്വാസവുമായി ബന്ധപ്പെട്ട ഒന്നിനെയും ദൈവത്വം വെറുക്കുന്നില്ല എന്ന് കാണിക്കാനായിരുന്നു അത്. ദൈവികദാനങ്ങൾ വസിക്കുന്ന മരമാണ് വിശ്വാസം. കാരണം, നിയമത്തിൽ നിന്നു വരുന്ന അശുദ്ധിയുടെ കാര്യത്തിൽ, അശുദ്ധി മാറ്റിനിർത്തുകയും അശുദ്ധം എന്ന് പ്രഖ്യാപിക്കയും ചെയ്താലും, മനസിൻെറ വിശ്വാസം അതുമായി ബന്ധപ്പെടുമ്പോൾ, അതിനെ പവിത്രീകരിക്കുകയും യോജിപ്പിക്കുകയും ചെയ്യുന്നു. നിയമം തെരഞ്ഞെടുത്ത് തള്ളിക്കളഞ്ഞാലും, മനസ് തുല്യമാക്കുകയും അനുരഞ്ജിപ്പിക്കുകയും ചെയ്യുന്നു. നിയമം

www.malankaralibrary.com



കല്പിക്കുകയും വേർതിരിക്കുകയും ചെയ്തിട്ടും, ഏലിയാ വിശ്വസിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്തു; നിയമത്തെ എതിർത്തുകൊണ്ടല്ല, പിന്നെയോ, നിയമവുമായി രമ്യപ്പെട്ടുകൊണ്ട്. ഭക്ഷണം ശുദ്ധമാണെന്ന് പ്രഖ്യാപിക്കേണ്ടത് ആവശ്യമാണ് എന്നു പറഞ്ഞ് ഏലിയാ നിയമത്തെ കുറ്റപ്പെടുത്തിയില്ല; പിന്നെയോ, ഭക്ഷണം അശുദ്ധം ആകേണ്ട ആവശ്യമില്ല എന്ന് നിയമം ഏലിയായെ പ്രബോധിപ്പിച്ചു.

ഏലിയാ നിയമത്തിന് എതിരല്ലായിരുന്നു, നിയമം നിയമദാതാവിൻെറ എതിരാളിയായും കാണപ്പെട്ടില്ല. നിയമത്തിൻെറ ബലഹീനത എന്താണെന്ന് ഏലിയാ അറിഞ്ഞിരുന്നു; അതുകൊണ്ട്, രോഗിയായ മനുഷ്യനെപ്പോലെ നിയമസംബന്ധമായി അവൻ പെരുമാറിയില്ല. നിയമം നടപ്പാക്കിയവൻെറ തിരുഹിതം എന്താണെന്ന് നിയമം അറിഞ്ഞിരുന്നു; അതുകൊണ്ട് അവിടുത്തെ ഇഷ്ടമനുസരിച്ച് ഒഴിവാക്കുകയോ, ബന്ധിക്കുകയോ ചെയ്തു. അശുദ്ധമായ കാക്കകളിൽ നിന്ന് ഏലിയായ്ക്ക് പോഷണം ലഭിച്ചെങ്കിൽപോലും ദൈവത്തിൻെറ വായിൽനിന്ന് സ്വീകരിച്ചവയെല്ലാം അവൻ അനുഷ്ഠിച്ചിരുന്നു (1രാജാ 17:4-6). എന്നാൽ അവരുടെ പിതാക്കന്മാരാകട്ടെ, മരുഭൂമിയിൽ വച്ച് പാവനമായ പാറയുടെ ഉറവയിൽനിന്ന് കുടിച്ചെങ്കിലും (സംഖ്യ 20:7-11), ദൈവത്തിൻെറ വായിൽ നിന്ന് അവർക്കു കിട്ടിയവ അനുഷ്ഠിക്കാൻ കൂട്ടാക്കിയില്ല. ഏലിയായെ അശുദ്ധമായ കാക്കകൾ പാവനമായി തീറ്റിപ്പോറ്റി; പാവനമായ ദൈവത്വം ആത്മീയമായി അവനെ താങ്ങിനിർത്തി. എന്നാൽ അവരുടെ പിതാക്കന്മാരുടെ കാര്യത്തിലാകട്ടെ, മാലാഖമാരുടെ ഭക്ഷണത്താൽ അവരുടെ ശരീരങ്ങൾ പോഷിപ്പിക്കപ്പെട്ടെങ്കിലും, കാളക്കുട്ടിയുടെ ആരാധനയിലേക്ക് അവരുടെ അരൂപികൾ വഴുതിവീണു (പുറ 32:1-36).

**14.** *കർത്താവിൻെറ പ്രവാചകനായി ഞാൻ മാത്രം അവശേഷിച്ചിരിക്കുന്നു എന്ന് ഏലിയാ പറഞ്ഞപ്പോൾ* (1 രാജാ 18:22), അവരെ കാണാത്തതിനാൽ അവൻ നീതിമാന്മാരെ ദുഷിക്കുകയല്ലായിരുന്നു; പിന്നെയോ, നീതിമാന്മാരുടെ കഥ കഴിച്ചതിനാൽ പാപികളെ കുറ്റപ്പെടുത്തുകയായിരുന്നു. അതുകൊണ്ട്, താൻമാത്രം നീതിമാനായി കാണപ്പെടാൻ അവൻ ആഗ്രഹിച്ചില്ല. അക്കാരണത്താലല്ല മൂന്നുവർഷം അവൻ കാണപ്പെടാതിരുന്നത് (1 രാജാ 18:1). പിന്നെയോ, ദൈവികസന്ദർശനത്തിന് അവർ അയോഗ്യരാണെന്ന് അവൻ കണ്ടെത്തി. ജസബേലിൻെറ

www.malankaralibrary.com



മേശയിൽ തങ്ങളോടൊപ്പം ഭക്ഷിക്കുന്നവർ വർധിച്ചതിൽ, ബാലിൻെറ പ്രവാചകരുടെ ഭോജനപ്രിയം സന്തോഷിച്ചു; എന്നാൽ, സത്യപ്രവാചകരുടെയും അവരോടുകൂടി തങ്ങളുടെ കഴുത്തുകൾ വാളിന് കുനിച്ചു കൊടുത്തവരുടെയും പീഡനം വർധിച്ചുകൊണ്ടിരുന്നു (1 രാജാ 18:4.13).

## യേശു ഒരുദരത്തെ സൗഖ്യമാക്കിയത് എന്തിന്?

**15.** ഈ വാക്കുകളോടു ബന്ധപ്പെടുത്തി, അവയ്ക്കു മുമ്പുള്ളവയ്ക്കു നന്ദി പറഞ്ഞിട്ട് നിശബ്ദമായിരിക്കുക ഉചിതമാണ്. ഈ വിവരണം നൽകുക നമ്മുടെ ഉദ്ദേശമല്ലായിരുന്നു. എന്നാൽ അവയുടെ പരിഗണന നിമിത്തം ഈ വാക്കുകൾ വിശദീകരിണത്തിലേക്കു നയിച്ചു. നമ്മുടെ ഉദ്ദേശ്യമിതായിരുന്നു: *എന്നെ ആരു സ്പർശിച്ചു? എന്തുകൊണ്ടെന്നാൽ, എന്നിൽ നിന്ന് ശക്തി പുറപ്പെട്ടതായി ഞാൻ അറിയുന്നു* (ലൂക്കാ 8: 45-46). *അവനിൽ നിന്ന് ശക്തിപുറപ്പെട്ട് എല്ലാവരെയും സുഖപ്പെടുത്തി* എന്ന് സുവിശേഷകൻ മറ്റൊരിടത്ത് എഴുതിയിരിക്കുന്നു (ലൂക്കാ 6:19). തന്നിൽനിന്നു ശക്തി പുറപ്പെട്ടു എന്ന് ഒരിടത്തു മാത്രമേ നമ്മുടെ കർത്താവ് അംഗീകരിച്ചിട്ടുള്ളു. മറ്റൊരവസരത്തിലും ഇതുപോലെ ഒരശുദ്ധി കാണാഞ്ഞതിനാലല്ലെങ്കിൽ പിന്നെന്തിനാണ് ഒരിക്കൽ മാത്രം അവിടുന്നു ഇതു പറഞ്ഞത്? അറിയപ്പെട്ട അശുദ്ധിയിലേക്ക് തന്നിൽ നിന്ന് ഒരു പ്രത്യേകദാനം കടന്നുചെന്നു. താൻ ഒരുദരത്തിൽ നിന്നാണ് പുറത്തുവന്നത് എന്ന് നമ്മുടെ കർത്താവ് അറിഞ്ഞിരുന്നു; അതുപോലെ, താൻ ഒരുദരത്തിൽ നിന്ന് പുറത്തുവന്നു എന്ന് വിശ്വസിക്കാത്തവരെയും അവിടുന്ന് അറിഞ്ഞിരുന്നു, അതുകൊണ്ട്, അശുദ്ധമായ ഒരുദരത്തിലേക്ക് അവിടുന്ന് തൻെറ ശക്തി അയച്ചു. താൻ പാവനമായ ഉദരത്തിൽ നിന്നു വന്നു എന്ന് അശുദ്ധമായ ഉദരം വഴിയായി അവർ ഒരുപക്ഷേ വിശ്വസിക്കുന്നതിനായിരുന്നു ഇത്.

**16.** *ആരാണ് എന്നെ സ്പർശിച്ചത്? എന്തുകൊണ്ടെന്നാൽ, എന്നിൽ നിന്ന് ശക്തി പുറപ്പെട്ടിരിക്കുന്നു* (ലൂക്കാ 8:45-46). മറ്റൊരിടത്തും നമ്മുടെ വൈദ്യനെപ്പറ്റി ഇതുപോലെ വിശദമായ ഒരു റിപ്പോർട്ട് നൽകിയിട്ടില്ല. കാരണം ഇതുപോലൊരു ദുരിതം മറ്റൊരിടത്തും നമ്മുടെ വൈദ്യൻ ദർശിച്ചില്ല. അവൾ അനേകം വൈദ്യന്മാരെ തൻെറ രോഗം കാണിച്ചു; എന്നാൽ അത് സൗഖ്യമാക്കാൻ ഒരേയൊരു വൈദ്യനെക്കൊണ്ടു മാത്രമേ സാധിച്ചുള്ളു. അനേകർ അവളെ പരിശോധിച്ച്, കഷ്ടപ്പെടുത്തി. എന്നാൽ വൈദ്യന്മാരുടെ പരിശോധനയിൽ നിന്ന് അവളെ

www.malankaralibrary.com



വിടുവിച്ച് വിശ്രമം നൽകാൻ ഒരേഒരു വൈദ്യനു മാത്രമേ സാധിച്ചുള്ളു. നിന്ദ്യമായ രോഗത്തെ വൈദ്യശാസ്ത്രം അഭിമുഖീകരിച്ചു; എന്നാൽ അത് അവളുടെ വേദന വർധിപ്പിച്ചതേയുള്ളു. അവർ എത്ര കൂടുതലായി പരിശോധിച്ചുവോ, അത്ര അധികമായി അവളെ ക്ലേശിപ്പിച്ചു (മർക്കോ 5:26). കർത്താവിന്റെ വസ്ത്രത്തിന്റെ വിളുമ്പ് അവളെ സ്പർശിക്കുകയും (മത്താ 9:20) വേദന വേരോടെ പിഴുതുകളയുകയും ചെയ്തു. *തന്റെ രോഗത്തിൽ നിന്ന് താൻ വിമുക്തയായി എന്ന് അവൾക്ക് തന്റെ ശരീരത്തിൽ അനുഭവപ്പെട്ടു* (മർക്കോ 5:29).

**17.** നമ്മുടെ എല്ലാ പ്രായോഗികവിജ്ഞാനത്തിലും പൊതിഞ്ഞ വൈദ്യശാസ്ത്രം നിശബ്ദമാക്കപ്പെട്ടപ്പോൾ, വസ്ത്രത്തിൽ പൊതിഞ്ഞ ദൈവത്വം പ്രഖ്യാപിക്കപ്പെട്ടു. മനുഷ്യത്വം തന്നെ കൊള്ളയടിക്കാനായി, അവൻ ശരീരം ധരിച്ച് മനുഷ്യത്വത്തിലേക്ക് ഇറങ്ങിവന്നു. തന്റെ മനുഷ്യത്വത്തിൽ മാത്രം ഉള്ള വിശ്വാസം വിശദീകരിക്കപ്പെടാൻ കഴിയാത്തതിനാൽ, അടയാളങ്ങളിലൂടെ തന്റെ ദൈവത്വം അവിടുന്നു വെളിപ്പെടുത്തി. താൻ ഒരു താഴ്ന്ന യാഥാർത്ഥ്യമാണെന്ന് ഉന്നതജീവികൾ വിശ്വസിക്കുന്നതിന് അവിടുന്നു തന്റെ മനുഷ്യത്വം വെളിപ്പെടുത്തി; താൻ ഒരുന്നത യാഥാർത്ഥ്യമാണെന്ന് താഴ്ന്ന ജീവികൾ അംഗീകരിക്കുന്നതിന് അവിടുന്ന് തന്റെ ദൈവത്വം വെളിപ്പെടുത്തി. ദൈവത്വത്തെ സമീപിക്കാൻ മനുഷ്യർക്കു കഴിയാനായി അവിടുന്ന് മനുഷ്യശരീരം എടുത്തു; തന്റെ മനുഷ്യത്വം അവമതിക്കപ്പെടാതിരിക്കാൻ, അവിടുന്നു തന്റെ ദൈവത്വം വെളിപ്പെടുത്തി.

## പാപിനിയും രക്തസ്രാവക്കാരിയും

**18.** നമ്മുടെ കർത്താവിന്റെ ദൈവത്വത്തിൽ നിന്ന് ദാനം സ്വീകരിക്കാൻ, പാപിനി തന്റെ കൈകൾ അവിടുത്തെ പാദത്തിൽ വച്ചു (ലൂക്കാ 7:38.44-46). പാപിനി തന്നെ സമീപിക്കാനായി അവിടുന്നു തന്റെ മനുഷ്യത്വം കാട്ടി. ഫരിസേയരെ കുറ്റപ്പെടുത്താനായി, അവിടുന്ന് തന്റെ ദൈവത്വവും കാട്ടി. തദ്ഫലമായി, തന്റെ കണ്ണുനീരിനെ പരിഹസിച്ചവന്റെ ദുഷ്ടചിന്തകളെ പരിഹസിക്കാൻ അവൾക്കു കഴിഞ്ഞു. അവൾ തന്റെ സ്നേഹത്താൽ, തന്റെ കൺകുഴികളിൽ ഒളിഞ്ഞിരുന്ന കണ്ണുനീരിനെ പുറത്തുകൊണ്ടുവന്നു. നമ്മുടെ കർത്താവാകട്ടെ, അവളുടെ ധൈര്യത്താൽ, ഫരിസേയനിൽ ഒളിഞ്ഞിരുന്ന ചിന്തകളെ പരസ്യ

www.malankaralibrary.com



മാക്കി. അവൻ ദൈവത്തെപ്പോലെയാണ് എന്ന് പാപിനി കരുതി. അവളുടെ വിശ്വാസം അതിനു സാക്ഷിയായിരുന്നു. എന്നാൽ ശെമഓനാകട്ടെ, അവനെ വെറും ഒരു മനുഷ്യനെപ്പോലെ പരിഗണിച്ചു. അവൻെറ മാനസിക ചിന്തകൾ ഇതു കാണിച്ചു. അതുകൊണ്ട് നമ്മുടെ കർത്താവ് മധ്യത്തിൽ നിന്നുകൊണ്ട് അവരോട് ഒരുപമ പറഞ്ഞു. ആ ഉപമവഴി പാപിനിക്ക് പ്രോത്സാഹനം ലഭിക്കുന്നതിനും, ആ ഉപമയുടെ വിശദീകരണംവഴി ഫരിസേയൻ കുറ്റപ്പെടുത്തപ്പെടുന്നതിനുമായിരുന്നു അത്.

എന്നാൽ ഇപ്പോൾ അതുപോലെ നാമും മധ്യത്തിലാണ്; സോളമനെപ്പോലെ നാമും സ്ത്രീകളുടെ ഇടയിൽ പെട്ടുപോയി. സോളമനെപ്പോലെ നാമും സ്ത്രീകളുടെ ഇടയിൽ പെട്ടുപോയെങ്കിലും, സോളമനെപ്പോലെ സ്ത്രീകൾ നമ്മെ മുറിവേല്പിച്ചില്ല. കാരണം, ഈ വിജാതീയ സ്ത്രീകൾ തങ്ങളുടെ വശീകരണങ്ങളാൽ ദൈവഭയത്തിൽ നിന്ന് തങ്ങളുടെ വിഗ്രഹങ്ങളിലേക്ക് സോളമനെ തിരിച്ചുകൊണ്ടുപോയി (1 രാജാ 11:1-40). എബ്രായ സ്ത്രീകളുടെ ധീരകർമങ്ങൾക്കുപരിയായി വിജാതീയ സ്ത്രീകളുടെ വിശ്വാസത്തെ നാം പരിഗണിക്കുന്നു. കാരണം, ഹീബ്രുവനിതകൾ, തങ്ങളുടെ ശരീരങ്ങളുടെ പൂർണിമയിലൂടെ സോളമൻെറ ആരോഗ്യമുള്ള വിശ്വാസത്തെ രോഗഗ്രസ്തമാക്കി; എന്നാൽ മറ്റവരാകട്ടെ, സൗഖ്യം ലഭിച്ചതിനാൽ, നമ്മുടെ രോഗഗ്രസ്തമായ വിശ്വാസത്തെ ആരോഗ്യമുള്ളതാക്കിത്തീർത്തു. ഇത്തരം വിശ്വാസത്താൽ സുഖപ്പെടാൻ ആരാണ് ആഗ്രഹിക്കാതിരിക്കുക?

## വൈദ്യന്മാരും വൈദ്യനും

**19.** പന്ത്രണ്ടു വർഷത്തോളം രക്തസ്രാവം ഉണ്ടായിരുന്നവളുടെ വിശ്വാസം സ്പഷ്ടമാണ് (മത്താ 9:20). ഞൊടിയിടകൊണ്ട്, രക്തസ്രാവം നിലച്ചു. അനേകം വർഷമായി അനേകം വൈദ്യന്മാർ അവളെ പരിശോധിച്ചു. അനേകം വർഷങ്ങളിൽ ഈ വൈദ്യന്മാർക്കുവേണ്ടി അവൾ ചെലവഴിച്ച പണത്തിനു കണക്കില്ല. എന്നാൽ ഞൊടിയിടകൊണ്ട്, നമ്മുടെ വൈദ്യൻ അവളുടെ ചിന്തകളെ ഏകവിശ്വാസത്തിൽ ഒന്നിച്ചുകൂട്ടി. ഭൗമികവൈദ്യന്മാർ അവളെ ചികിത്സിച്ചപ്പോൾ അവൾ ഭൗമികമായ പ്രതിഫലം നൽകി (മർക്കോ 5:26). എന്നാൽ സ്വർഗീയ വൈദ്യൻ അവളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടപ്പോൾ അവൾ അവന് സ്വർഗീയവിശ്വാസം കാഴ്ചവച്ചു. ഭൗമികദാനങ്ങൾ ഭൂമിയിലെ നിവാസി

www.malankaralibrary.com



കൾക്കായി വിട്ടുകൊടുത്തു; ആത്മീയദാനം ആത്മീയജീവികളോടുകൂടി ഉന്നതങ്ങളിലേക്ക് ഉയർത്തപ്പെട്ടു.

**20.** വാസ്തവത്തിൽ ഒരു വന്യമൃഗമെന്നവണ്ണം ഈ വൈദ്യന്മാർ തങ്ങളുടെ ചികിത്സകൊണ്ട് ഈ രോഗത്തെ പ്രകോപിപ്പിക്കുകയായിരുന്നു. അതുകൊണ്ട്, ഒരു വന്യമൃഗത്തെപ്പോലെ അത് അവരെ തങ്ങളുടെ മരുന്നുകളോടുകൂടെ നാനാഭാഗത്തേക്കും ചിതറിച്ചുകളഞ്ഞു. അതിൽ നിന്ന് ഓടിയകലാനായി അവൾ തിടുക്കം കൂട്ടിക്കൊണ്ടിരുന്നപ്പോൾ, അവിടുത്തെ വസ്ത്രത്തിൽ നിന്ന് വേഗതയുള്ള ഒരു ശക്തി പുറപ്പെടുകയും അതിനെ പിടികൂടി വരിഞ്ഞുകെട്ടുകയും അതിലൂടെ അവിടുന്നു പ്രശസ്തനാകുകയും ചെയ്തു. ആ രോഗത്തിലൂടെ അനേകർ ലജ്ജിതരായി; എന്നാൽ ഒരാൾ അതിനെ ലജ്ജിപ്പിച്ചു. അനേകം വൈദ്യന്മാർക്ക് ഈ രോഗത്തെപ്പറ്റി അറിയാമായിരുന്നെങ്കിലും, ഒരാൾമാത്രം ഇതിലൂടെ പ്രശസ്തനായി തീർന്നു. ആ സ്ത്രീ തൻെറ കൈകൊണ്ട് ചികിത്സയ്ക്കായി ധാരാളം പണം കൊടുത്തെങ്കിലും, അവളുടെ രോഗത്തിനൊട്ടും ശമനം ഉണ്ടായില്ല. എന്നാൽ, ഒന്നുമില്ലാതെ അവൾ തൻെറ കൈനീട്ടിയപ്പോൾ, അവളുടെ ഉദരം സൗഖ്യംകൊണ്ടു നിറഞ്ഞു. സ്പർശ്യമായ ഫീസുകൊണ്ട് അവളുടെ കൈനിറഞ്ഞിരുന്നപ്പോൾ, നിഗൂഢമായ വിശ്വാസം അതിൽ ശൂന്യമായിരുന്നു. എന്നാൽ സ്പർശ്യമായ ഫീസ് അവളുടെ കൈയിൽ ഇല്ലാതായപ്പോൾ, അവൾ അദൃശ്യമായ വിശ്വാസം കൊണ്ടു നിറഞ്ഞു. അവൾ സ്പർശനവിധേയമായ ഫീസു കൊടുത്തു; എന്നാൽ സ്പർശനവിധേയമായ സൗഖ്യം അവൾക്കു ലഭിച്ചില്ല. എന്നാൽ അവൾ തൻെറ വിശ്വാസത്തിൻെറ പരസ്യപ്രഖ്യാപനം നടത്തിയപ്പോൾ, അവൾക്ക് നിഗൂഢമായ സൗഖ്യം ലഭിച്ചു. അവൾ ആത്മവിശ്വാസത്തോടെ ഫീസ് കൊടുത്തുകൊണ്ടിരുന്നെങ്കിലും, ആത്മവിശ്വാസത്തോടെ കൊടുത്ത തൻെറ ഫീസിൻെറ ഗുണം അവൾക്കനുഭവപ്പെട്ടില്ല. എന്നാൽ മോഷ്ടിച്ചെടുത്ത ഒരു ഫീസ് ഒടുക്കിയപ്പോൾ, അതിൻെറ വിലയായി അവൾക്ക് നിഗൂഢമായ സൗഖ്യം തിരികെ കിട്ടി.

**21.** അവളെ സുഖപ്പെടുത്താതെ, ഈ വൈദ്യന്മാർ അവളുടെ വേദന വർധിപ്പിച്ചുകൊണ്ടിരുന്നു. തങ്ങളുടെ ചികിത്സാവിധിയെ മനുഷ്യർ പഴിക്കാതിരിക്കാൻ, സൂത്രപ്രയോഗങ്ങളാൽ ഈ വൈദ്യന്മാർ സകലരുടെയും മനസിനെ വഞ്ചിക്കുകയായിരുന്നു. എന്നാൽ ഈ സ്ത്രീ അവരെയെല്ലാം പറ്റിച്ചതിനാൽ, *ആരാണ് എന്നെ സ്പർശിച്ചത്?* എന്ന ചോദ്യ

www.malankaralibrary.com



ത്തിൽ നമ്മുടെ കർത്താവ് ഉറച്ചുനിന്നു. എല്ലാവരും വിശ്വാസത്തെ പരസ്യമായി വളരെയധികം ബഹുമാനിക്കാനായിരുന്നു ഇത്. തങ്ങളുടെ ചികിത്സാവിധികൾ കൊണ്ട് ഒരു സ്ത്രീയെപ്പോലും സുഖപ്പെടുത്താൻ കഴിയാതിരുന്നവർ, തങ്ങളുടെ ന്യായീകരണത്തിലൂടെ ഇപ്പോൾ അനേകം മനസുകളെ സുഖപ്പെടുത്തുന്നു. എന്നാൽ എല്ലാ രോഗങ്ങളും സുഖപ്പെടുത്തുവാൻ കഴിവുള്ള നമ്മുടെ കർത്താവ്, ഒരു മറുപടിയെങ്കിലും നൽകി തന്നെത്തന്നെ ന്യായീകരിക്കാൻ കഴിവുള്ളവനാണെന്ന് കാണിക്കാൻ കൂട്ടാക്കിയില്ല. മറുപടി പറയാൻ തനിക്ക് അറിയാൻ പാടില്ലാഞ്ഞിട്ടല്ല, പിന്നെയോ, *നീ നിന്നെപ്പറ്റി തന്നെ സാക്ഷ്യം നൽകിയാൽ, നിന്റെ സാക്ഷ്യം സത്യമല്ല* എന്ന് പറയുന്നവരെ അവിടുന്ന് മുൻകൂട്ടി അറിഞ്ഞിരുന്നു (യോഹ 8:13). അതുകൊണ്ട്, അവന്റെ ശക്തി സ്ത്രീയെ സുഖപ്പെടുത്തിയപ്പോൾ അവന്റെ നാവ് ഈ മനുഷ്യരെ ബോധ്യപ്പെടുത്തിയില്ല. ഇതേപ്പറ്റി അവന്റെ നാവ് നിശബ്ദമായിരുന്നെങ്കിലും, കാഹളസമാനം അവന്റെ പ്രവൃത്തി ഇതേപ്പറ്റി പ്രഘോഷിച്ചു. അതുകൊണ്ട് അവന്റെ നിശബ്ദത അവരുടെ ഗർവിനെ കീഴമർത്തി; അവന്റെ ചോദ്യവും അവന്റെ പ്രവൃത്തിയും അവന്റെ സത്യം പ്രഘോഷിച്ചു.

**22.** തിരുലിഖിതത്തിലെ വാക്കുകൾക്ക് ഒരേ ഒരർത്ഥമേ ഉണ്ടായിരുന്നുള്ളു എങ്കിൽ, ആദ്യവ്യാഖ്യാതാവ് അതു കണ്ടെത്തുമായിരുന്നു; ശ്രോതാക്കൾക്ക് അന്വേഷണത്തിന്റെ അധ്വാനമോ, കണ്ടെത്തലിന്റെ സന്തോഷമോ ഉണ്ടാകുമായിരുന്നില്ല. എന്നാൽ നമ്മുടെ കർത്താവിന്റെ ഓരോ വാക്കിനും അതിന്റെ ഛായ ഉണ്ട്; ഓരോ ഛായയ്ക്കും അനേകം അവയവങ്ങളുണ്ട്; ഓരോ അവയവത്തിനും അതാതിന്റെ രൂപഭാവങ്ങളുണ്ട്; ഓരോ മനുഷ്യനും തന്റെ കഴിവനുസരിച്ച് കേൾക്കുന്നു; അവനു ലഭിച്ചതനുസരിച്ച് അവൻ അതു വ്യാഖ്യാനിക്കുന്നു.

**23.** തന്നെ സുഖപ്പെടുത്താഞ്ഞ അനേകരെ കാണാൻ പോയ സ്ത്രീയെ ഒരാൾ എതിരേറ്റുവന്ന് സുഖപ്പെടുത്തി. വളരെ ശ്രദ്ധാപൂർവം അവളെ പരിശോധിച്ച് ചികിത്സിച്ചുകൊണ്ടിരുന്നെങ്കിലും സുഖപ്പെടുത്താൻ കഴിയാഞ്ഞവർ തെറ്റിലായിരുന്നെന്ന് തെളിയിക്കാനായി, തന്റെ മുഖം തിരിഞ്ഞിരുന്നപ്പോൾ പണം വാങ്ങാതെ ഒരാൾ അവളെ സുഖപ്പെടുത്തി. *മനുഷ്യരേക്കാൾ ശക്തമാണ് ദൈവത്തിന്റെ ബലഹീനത* (1 കോറി 1: 25). നമ്മുടെ കർത്താവിന്റെ മാനുഷിക മുഖത്തിന് ഒരുവശത്തുനിന്നു

www.malankaralibrary.com



മാത്രമേ നോക്കാൻ കഴിവുണ്ടായിരുന്നുള്ളു എങ്കിൽ പോലും, എല്ലാ വശത്തുനിന്നും കാണാൻ കഴിവുള്ളതായിരുന്നു അവൻെറ ആന്തരിക ദൈവത്വം.

## വിശ്വാസം പുവണിയുമ്പോൾ

**24.** നമ്മുടെ കർത്താവ് അവളുടെ രോഗഗ്രസ്തമായ ഉദരത്തിൽ നിന്നുള്ള രക്തസ്രാവം നിർത്തി മുദ്രവച്ചു; അവളുടെ സൗഖ്യത്തെപ്പറ്റിയുള്ള പ്രഖ്യാപനം അവൻെറ വായിൽ നിന്ന് പൊട്ടിപ്പുറപ്പെട്ടു. അവൾ അവൻെറ ദൈവത്വത്തിൻ പക്കലേക്ക് അണയുകയും സുഖം പ്രാപിക്കുകയും ചെയ്തു; അവൻെറ ദൈവത്വം അവളുടെ പക്കലേക്ക് അണയുകയും അവൾ അത് പ്രഘോഷിക്കുകയും ചെയ്തു. ജനത്തിൻെറ പന്ത്രണ്ടു ഗോത്രങ്ങൾക്കുവേണ്ടി മരുഭൂമിയിലെ പാറ ശുദ്ധജലം പുറപ്പെടുവിച്ചു; എന്നാൽ ഈ സ്ത്രീയുടെ എല്ലാ അവയവങ്ങളെയും മലിനമാക്കിയ രക്തം അവളിൽ നിന്ന് പന്ത്രണ്ടുവർഷം ഒഴുകി. നമ്മുടെ ജീവദാതാവിൻെറ അടയാളമായ, മോശയുടെ വടിയാൽ പാറ പിളർക്കപ്പെട്ടു; എന്നാൽ നമ്മുടെ വൈദ്യൻെറ പുറംകുപ്പായത്താൽ രക്തസ്രാവം നിലച്ചു. ബലമുള്ള വടി ആ പാറ പിളർന്നു; എന്നാൽ മിനുസമുള്ള വസ്ത്രം രക്തസ്രാവം നിർത്തി. ബാഹ്യമായി ആ വടി കട്ടിയുള്ളതായി കാണപ്പെട്ടെങ്കിൽപോലും, കുരിശിൻെറ ബലഹീനത അതിൽ നിഗൂഢമായിരുന്നു. ആ വസ്ത്രം ബാഹ്യമായി മിനുസമുള്ളതായി കാണപ്പെട്ടെങ്കിൽപോലും, ആഞ്ഞടിക്കുന്ന ശക്തി അതിൽ നിന്നു പുറപ്പെട്ടു.

വിതക്കാരൻെറ കൈയിൽനിന്ന് വിത്ത് താഴെ വീഴുന്നതിനു മുമ്പു തന്നെ, വിത്തിൻെറ സമൃദ്ധിയിൽ നിന്ന് ധര ധാരാളമായി സ്വീകരിച്ചു. അത്തരത്തിലുള്ളതായിരുന്നു ഈ കൃഷി! ഉടമസ്ഥൻെറ അറയിൽ ആയിരുന്നപ്പോൾ ഈ വിത്ത് സുഷുപ്താവസ്ഥയിലായിരുന്നു. എന്നാൽ അത് വിതയ്ക്കപ്പെട്ടപ്പോൾ, വേഗത്തിൽ ഫലം പുറപ്പെടുവിക്കാനും, പലിശയോടുകൂടി മുടക്കുമുതൽ തിരിച്ചടയ്ക്കാനും ഭൂമി അതിനെ നിർബന്ധിച്ചുകൊണ്ടിരുന്നു. അത് അവൻെറ അറയിൽ മറഞ്ഞിരുന്നപ്പോൾ, അത് തനിക്കായി കറ്റകൾ കൊയ്തെടുത്തു. അത് വിതക്കാരൻെറ കൈയിലായിരുന്നപ്പോൾ, ഞൊടിയിടനേരം കൊണ്ട്, തിരിച്ചറിവുള്ള ഭൂമിയിൽ നിന്ന്, കാണപ്പെടുന്ന വിത്തിലേക്ക് വിളഞ്ഞു പഴുത്ത് ചരിഞ്ഞ കറ്റകൾ കൊയ്തെടുത്തു.

www.malankaralibrary.com



**25.** *എന്തുകൊണ്ടെന്നാൽ, എന്നിൽ നിന്ന് ശക്തി പുറപ്പെട്ടു* (ലൂക്കാ 8: 46). തങ്ങളുടെ അറകളിൽ വിത്ത് വെറുതെ ഇട്ടിരുന്ന അലസരായ കൃഷിക്കാർ, തന്നിലുള്ള വിശ്വാസത്തിൽ ഉറപ്പിക്കപ്പെടാനായി, ഈ വാക്കുകൊണ്ട് അവിടുന്ന് യഥാർത്ഥത്തിൽ അവരെ പ്രകോപിപ്പിക്കുക ആയിരുന്നു (മത്താ 25:24-30). വിതയ്ക്കപ്പെട്ട മറ്റ് ഓരോ വിത്തും യഥാകാലം തനിക്കായി നുറുമേനി വിളവു നൽകും എന്ന് അവിടുന്ന് തൻെറ സത്യത്തിൻെറ അച്ചാരവും നൽകി (ലൂക്കാ 8:8). കുറച്ചുകാലത്തിനു ശേഷം ഫലംതരുന്ന വിത്തുകൾ ഉണ്ട്; അവസാനം ഫലം തരുന്ന വിത്തുകളുണ്ട്. വിതയ്ക്കുമ്പോഴേ ഫലം തരുന്ന മറ്റുചില വിത്തുകളുണ്ട്. *അവൻ അപ്പോൾ ഏഴിരട്ടി സ്വീകരിക്കും* എന്ന് നമ്മുടെ കർത്താവ് പറഞ്ഞത് (മർക്കോ 10:30) ചുരുങ്ങിയ സമയംകൊണ്ട് ഫലം തരുന്നവയെപ്പറ്റിയാണ്. *അപ്പോൾ രാജാവ് തൻെറ വലത്തുഭാഗത്തുള്ളവരോടു പറയും* എന്ന് അവിടുന്നു പറഞ്ഞത് (മത്താ 25:34) അവസാനം ഫലം തരുന്നവയെപ്പറ്റിയാണ്. എന്നാൽ *പിറകിൽകൂടി അവനെ സമീപിച്ച്, അവൻെറ വസ്ത്രത്തിൻെറ കോണിൽ തൊട്ട സ്ത്രീ* (ലൂക്കാ 8:44), വിതച്ചപ്പോഴേ വളരെയധികം ഫലം നൽകിയ വിത്താണ്. ഭൂമിയിൽ വിതയ്ക്കപ്പെട്ട ഗോതമ്പുമണിയോടുകൂടി മറഞ്ഞിരുന്ന മുള്ളുകളുടെ വിത്തുകൾ അവയോടൊപ്പം വളർന്നു (മത്താ 13:24-30). ധൈര്യശാലിയും തുനിഞ്ഞിറങ്ങുന്നവളുമായ ആത്മാവിൽ നിഗൂഢമായിരിക്കുന്ന വിശ്വാസത്തോട് ദൈവികശക്തി ചേർന്ന് അതിനോടൊപ്പം വളരുന്നു.

## രക്തസ്രാവക്കാരിയും യായീറോസിൻെറ മകളും

**26.** *വിശ്വസിക്കുക നിൻെറ മകൾ ജീവിക്കും* എന്ന് സിനഗോഗിൻെറ പ്രമാണിയോട് കർത്താവ് പറഞ്ഞത് രക്തസ്രാവക്കാരി കേട്ടപ്പോൾ (ലൂക്കാ 8:50), പന്ത്രണ്ടുവയസുകാരി ബാലികയുടെ ആത്മാവിനെ അവളുടെ ശരീരത്തിലേക്കു തിരികെകൊണ്ടുവരുവാൻ കഴിവുള്ളവന്, പന്ത്രണ്ടുവർഷം പഴക്കമുള്ള രോഗം ശരീരത്തിൽ നിന്ന് നീക്കി സൗഖ്യം നൽകാൻ കഴിയും എന്ന് അവൾ ആത്മഗതം ചെയ്തു. *ഉറപ്പായി വിശ്വസിക്കുക, നിൻെറ മകൾ ജീവിക്കും* എന്ന് അവൻ പറയുന്നത് കേട്ടപ്പോൾ, "അവൻ ആവശ്യപ്പെടുന്ന വിശ്വാസം വിലയായി നൽകാൻ എനിക്കു കഴിയും" എന്ന് അവൾ ചിന്തിച്ചു. സൗഖ്യമാക്കൽ അവൻെറ വായിൽനിന്ന് വന്നു; സ്ത്രീയുടെ വായിൽ നിന്നു വന്ന വിശ്വാസം വിലയായി അവിടുന്ന് ഉറപ്പിച്ചു. അവിടുന്ന് അവൾക്ക് സമ്പൂർണസൗഖ്യം

www.malankaralibrary.com



നൽകി; പൂർണമായ വിലയും അവിടുന്ന് ആവശ്യപ്പെട്ടു. അവൻെറ അധരങ്ങളിൽ നിന്നെത്തിയ സൗഖ്യമാക്കൽ പരസ്യമായി കേൾക്കാമായിരുന്നു; അതുപോലെ പരസ്യമായ വിശ്വാസപ്രഖ്യാപനം അവളുടെ അധരങ്ങളിൽനിന്ന് അവിടുന്ന് ആവശ്യപ്പെട്ടു. എല്ലാവരുടെയും മുമ്പാകെ അവൾ സാക്ഷ്യപ്പെടുത്തി എങ്കിലും, അവളുടെ രോഗം നിഗൂഢമായിരുന്നതിനാൽ, അവർ അവളെ വിശ്വസിച്ചില്ല. അവിടുന്ന് അന്ധൻെറ കണ്ണു തുറന്നപ്പോൾ അവർ അവനെ ഭ്രാന്തൻ എന്നുവിളിച്ചു (യോഹ 10: 20); അവൻ ലാസറിനെ ഉയർപ്പിച്ചപ്പോൾ, ചിലർ, നേരിട്ട് അതു കണ്ടവർ പോലും, വിശ്വസിച്ചില്ല. അതുകൊണ്ടാണ് അവിടുന്നു പന്ത്രണ്ടുവയസുകാരി ബാലികയെ ജീവിപ്പിച്ചത്. പന്ത്രണ്ടുവയസിൻെറ ജീവശക്തി ശരീരത്തിൽ പുനഃസ്ഥാപിക്കാൻ കഴിഞ്ഞവന് പന്ത്രണ്ടുവർഷത്തെ രക്തസ്രാവം നിർത്തി സൗഖ്യം നൽകാനും കഴിഞ്ഞു. ഒരു രോഗം മാറ്റാൻ കഴിഞ്ഞവന് മറ്റൊന്നും മാറ്റാൻ കഴിയും. ഈ ബാലികയുടെ മരിച്ചുപോയ എല്ലാ അവയവങ്ങളെയും ജീവിപ്പിക്കാൻ കഴിവുള്ളവൻ, സ്ത്രീയുടെ ഉദരവും സുഖമാക്കാൻ കഴിവുള്ളവനായിരുന്നു.

**27a.** ആ സ്ത്രീ സൗഖ്യം പ്രാപിച്ചുകഴിഞ്ഞപ്പോൾ എല്ലാവരുടെയും മുമ്പാകെ തൻെറ സൗഖ്യത്തെപ്പറ്റി ഏറ്റുപറയാൻവേണ്ടി *എന്നെ ആരാണ് സ്പർശിച്ചത്* എന്ന് നമ്മുടെ കർത്താവ് ചോദിച്ചു. അതുപോലെ, ബാലികയുടെ കാര്യത്തിൽ, *അവൾ ഉറങ്ങുകയാണ്* എന്ന് അവിടുന്നു പറഞ്ഞു (മത്താ 9:24). അവൾ മരിച്ചതുതന്നെ എന്ന് കാഴ്ചക്കാർ സാക്ഷിക്കുന്നതിനും, അവൾ ജീവിച്ചുകഴിയുമ്പോൾ ഈ പരിഹാസികൾ വിശ്വാസികളായി മാറുന്നതിനുംവേണ്ടിയായിരുന്നു ഇത്. നമ്മുടെ കർത്താവ് വീണ്ടും ജീവിക്കുന്നു എന്നു കാണുന്നവർ അതു നിഷേധിക്കാതിരിക്കാനായി, ആ ബാലികയുടെ മരണം സംബന്ധിച്ചും നമ്മുടെ കർത്താവ് അവളെ ജീവിപ്പിച്ചതു സംബന്ധിച്ചും അവർ നല്കിയ സാക്ഷ്യം അവിടുത്തെ മരണം സംബന്ധിച്ച് മുൻകൂട്ടിയുള്ള ഒരു സാക്ഷ്യമായിരുന്നു. അതുകൊണ്ട് ഈ രണ്ടിൽ ഒന്നുകൊണ്ട് അവിടുന്ന് അവരെ എതിരിട്ടു; 'ബാലിക ഉറങ്ങുകയായിരുന്നു' എന്ന് അവർ പറഞ്ഞാൽ, അവരുടെ ഹിതത്തിനെതിരായി തന്നെ അവർ അവനെ മഹത്ത്വപ്പെടുത്തുകയായിരിക്കും. കാരണം, അവളെ കാണുന്നതിനുമുമ്പുതന്നെ *അവൾ ഉറങ്ങുകയാണ്* എന്ന് അവിടുത്തേക്ക് അറിയാമായിരുന്നു. 'അവൾ മരിച്ചു' എന്ന് കാഴ്ചക്കാർ വിധിക്കുകയും ഉറപ്പായി പറയുകയും ചെയ്തപ്പോൾ അഥവാ, 'അവൾ ഉറങ്ങുകയല്ല, മരിച്ചു' എന്ന് അവർ പറഞ്ഞാൽ,

www.malankaralibrary.com



അവളെ ജീവിപ്പിച്ചത് അവിടുന്നാണ് എന്ന് അവൾക്ക് തിരികെ കിട്ടിയ ജീവൻ അവരെ ബോധ്യപ്പെടുത്തും. 'അവൾ ഉറങ്ങുകയായിരുന്നു' എന്ന് അവർ പറഞ്ഞാൽ, അവിടുന്ന് ദൈവമാണെന്നതിന് അവിടുത്തെ അറിവ് അവർക്കു തെളിവാകും. അവർ ഇതിൽ ഏതെങ്കിലും ഒന്ന് തള്ളിക്കളയുന്ന നിമിഷം, രണ്ടുകൊണ്ടും അവിടുന്ന് അവരെ വാക്കുമുട്ടിക്കും. അവൾ ഗാഢനിദ്രയിലായിരുന്നെങ്കിൽ, അവൻെറ സ്വരം കൊണ്ടുമാത്രം അവളെ എങ്ങനെ ഉണർത്താൻ കഴിയുമായിരുന്നു? *അവൾക്ക് ഭക്ഷിക്കാൻ കൊടുക്കാൻ അവൻ നിർദ്ദേശിച്ചു* (ലൂക്കാ 8:55). അവളുടെ ജീവനോടൊപ്പം അവൾക്ക് ആരോഗ്യം ലഭിച്ചു എന്നും രോഗികളെപ്പോലെ, സാവധാനമല്ല സുഖം പ്രാപിച്ചതെന്നും കാണിക്കാനായിരുന്നു ഇത്.

ആ സമയംമുതൽ അവർ കൂടുതൽ ലജ്ജിതരായി. കാരണം സൗഖ്യംപ്രാപിച്ച സ്ത്രീയെപ്പറ്റി സംശയിച്ചവർ, തെറ്റിലായിരുന്നു എന്ന് ഉയിർപ്പിക്കപ്പെട്ട ബാലികവഴി തെളിയിക്കപ്പെട്ടു (ലൂക്കാ 8:40-42.49-56). ഉദരത്തിൻെറ സൗഖ്യമാകൽ രഹസ്യത്തിലായിരുന്നെങ്കിൽ, ബാലികയ്ക്ക് ജീവൻ നൽകി ഉയിർപ്പിച്ചത് പരസ്യമായിട്ടായിരുന്നു. തദനുസൃതം, പരസ്യമായി ചെയ്തതിലൂടെ, രഹസ്യമായി ചെയ്തത് വിശ്വസനീയമായി. *ഭയന്നുവിറച്ചുകൊണ്ട്, അവൾ പിറകിൽ നിന്ന് അവൻെറ വസ്ത്രത്തിൻെറ കോണിലേക്ക് അടുത്തുവന്നു* (മർക്കോ 5:27-33). അവൻെറ വസ്ത്രത്തെ സമീപിക്കാൻ ഈ സ്ത്രീ ഭയന്നുവിറച്ചെങ്കിൽ നമ്മുടെ ജീവൻെറ അച്ചാരമായ അവിടുത്തെ തിരുശരീരവും തിരുരക്തവും സ്വീകരിക്കാൻ അണയുമ്പോൾ, നാം ഭയമുള്ളവരായിരിക്കുക എത്രയേറെ ഉചിതമാകുന്നു.

**27b.** സൗഖ്യം പ്രാപിച്ചവർ ഒന്നും ഉച്ചരിക്കാതെ നിശബ്ദരായിരിക്കാൻ അവിടുന്ന് കല്പിച്ചത് എന്തിനാണ്? (മർക്കോ 1:44). മറ്റൊരിടത്താകട്ടെ, സൗഖ്യംപ്രാപിച്ചവൻ അതേപ്പറ്റി പോയി വിളിച്ചുപറയാൻ അവിടുന്നു കല്പിക്കുന്നു (മർക്കോ 5:19). തങ്ങൾ ചെയ്യുന്ന സൗഖ്യമാക്കൽ നിമിത്തം ശിഷ്യർ പൊങ്ങിപ്പോകാതിരിക്കാനും ജനങ്ങൾ കണ്ടതുകൊണ്ട് അവർ വീമ്പടിക്കുകയോ, സ്വയം ഉയർത്തുകയോ ചെയ്യാതിരിക്കാനുംവേണ്ടി ശിഷ്യരെ പഠിപ്പിക്കാൻ വേണ്ടിയാണ്, നിശബ്ദരായിരിക്കാൻ അവിടുന്നു കല്പിച്ചത് (മത്താ 6:1.5.16). അവിടുന്ന് ദൈവം ആയിരുന്നതിനാലും, അവരെ വിശ്വാസത്തിലേക്ക് നയിച്ചിരുന്നതിനാലും, തൻെറ അത്ഭുതങ്ങളുടെ പ്രകാശത്താൽ തെറ്റിൻെറ അന്ധകാരം നീക്കിക്കള

www.malankaralibrary.com



യുന്നതിന് എല്ലാവരുടെയും മുമ്പാകെയാണ് അവൻ ഇതു ചെയ്തത്. തന്റെ ശിഷ്യർ വെറും മനുഷ്യരാണെന്ന് അവിടുന്ന് അവരെ പഠിപ്പിക്കുകയായിരുന്നു. അവിടുന്ന് ദൈവമാണെന്ന കാര്യം വീമ്പടിക്കലിന് ഹേതുവാകാതിരിക്കാൻ, *നിന്റെ വലത്തുകൈ ചെയ്യുന്നത് അത് അറിയരുത്* എന്ന് അവിടുന്നു ഉപദേശിച്ചു (മത്താ 6:3). യഹൂദരുടെ വിശ്വാസരാഹിത്യത്തെ കുറ്റപ്പെടുത്താനായി അവൻ ഇതും അവരെ പഠിപ്പിച്ചു. കാരണം, തങ്ങളിലുള്ള കൃപ മറഞ്ഞിരിക്കാതിരിക്കാനായി, സൗഖ്യം പ്രാപിച്ചവരോട് നിശബ്ദരായിരിക്കാൻ അവിടുന്ന് കല്പിച്ചിട്ടും അവർ അതനുസരിക്കാതെ അവനെ പ്രഘോഷിച്ചു. എന്നാൽ യഹൂദരാകട്ടെ, അടയാളങ്ങൾ കണ്ടിട്ടും സംശയിക്കുകയും അവിശ്വസിക്കുകയും ചെയ്തു. കൂടാതെ, സൗഖ്യംപ്രാപിച്ച കുഷ്ഠരോഗിയോട് 'ആരോടും പറയരുതെന്ന്' അവിടുന്നു കല്പിക്കയും ചെയ്തു (മർക്കോ 1:40-44). കാരണം, പുരോഹിതന്മാർ നമ്മുടെ രക്ഷകനിൽ അസൂയാലുക്കളായിരുന്നു; അവന്റെ അടയാളങ്ങളുടെ ശക്തിയെ അവർ നിസാരമാക്കിക്കളഞ്ഞു. പുരോഹിതരുടെ പക്കലേക്കു പോയി, നിയമം അനുശാസിക്കുന്ന അർപ്പണം നടത്താൻ അവൻ അവരോടു കല്പിച്ചു (1:44). കർത്താവ് സൗഖ്യമാക്കി എന്നു പറയാതെ അവൻ നിശബ്ദനായിരിക്കണമായിരുന്നു. കാരണം, നമ്മുടെ കർത്താവിനോട് അവർക്കുള്ള അസൂയയിൽ പുരോഹിതന്മാർ അത്ഭുതത്തെപ്പറ്റി നുണ പറയുകയും അവൻ ശുദ്ധീകരിക്കപ്പെട്ടില്ല എന്നു പറയുകയും ചെയ്യാൻ ഇടയുണ്ടായിരുന്നു. അവിടുന്ന് ശാരീരികസൗഖ്യം നൽകിയതോടുകൂടി, 'കാഴ്ചയുള്ളവരുടെ' ആത്മാക്കളെയും സൗഖ്യമാക്കി. തന്നെ നിഷേധിക്കുന്നവരുടെ സൂത്രങ്ങളെപ്പറ്റി അവിടുന്ന് നേരത്തെ മുന്നറിയിപ്പു നൽകി. ഇതാണ് ദൈവിക വിജ്ഞാനം.

# 8

## യേശു തന്റെ ശിഷ്യരെ അയയ്ക്കുന്നു

**1a.** *അവിടുന്ന് അവരെ ഈരണ്ടു പേർവീതം തനിക്കു പകരമായി അയച്ചു* (ലൂക്കാ 10:1). അതായത്, താൻ ചെയ്തതുപോലെ പ്രതിഫലം കൂടാതെ പ്രസംഗിക്കുക. *നിങ്ങൾക്കു സൗജന്യമായി ലഭിച്ചു; സൗജന്യ*

www.malankaralibrary.com



*മായി നൽകുവിൻ* എന്നു പറഞ്ഞതുപോലെയാണിത് (മത്താ 10:8). *തനിക്കു പകരമായി* എന്നതിനർത്ഥം, അവർ സത്യം പ്രഘോഷിക്കണമെന്നും അവിടുത്തെ അടയാളങ്ങൾ കാണിക്കണമെന്നും, അവനെപ്പോലെ പീഡ സഹിക്കണം എന്നും ആണ്. ഒരു ഛായയിൽ എന്നവണ്ണം, അവനെ തങ്ങളിൽ തന്നെ അവർ ചിത്രീകരിക്കേണ്ടിയിരുന്നു. *പുറജാതികളുടെ പാതകളിലേക്ക് പോകരുത്; സമറിയാക്കാരുടെ പട്ടണങ്ങളിൽ പ്രവേശിക്കയുമരുത്; പിന്നെയോ, ഇസ്രായേലിൽ നിന്ന് വഴിതെറ്റിപ്പോയ ആടുകളുടെ അടുത്തേക്കു പോകുവിൻ* (10:5-6).

**1b.** അബ്രഹാമിനോടു ചെയ്ത വാഗ്ദാനം അവിടുന്ന് പാലിച്ചു; പ്രത്യേകിച്ച്, അവിടുന്ന് വിജാതീയരുമായി ബന്ധം പുലർത്തിയതിനാലാണ് അവിടുത്തെ ക്രൂശിച്ചതെന്ന് യഹൂദർ പറയാതിരിക്കാൻ, അവരുടെ കാപട്യത്തെ ഖണ്ഡിക്കാനാണ് അവിടുന്ന് ഇപ്രകാരം ചെയ്തത്. അതുകൊണ്ട് തൻെറ ശിഷ്യർ വിജാതീയരോട് പ്രസംഗിക്കുന്നത് അവിടുന്നു നിയന്ത്രിച്ചു. തൻെറ ക്രുശാരോഹണാനന്തരം ശിഷ്യരോട് അവിടുന്നു കല്പിച്ചു: *നിങ്ങൾ ലോകം മുഴുവൻ പോയി സർവസൃഷ്ടികളോടും എൻെറ സുവിശേഷം പ്രഘോഷിക്കുകയും എല്ലാ വിജാതീയരെയും സ്നാനപ്പെടുത്തുകയും ചെയ്യുവിൻ* (28:19).

**1c.** ഇസ്രായേൽക്കാർ മാനസാന്തരപ്പെടുന്നില്ല എന്നു കണ്ടപ്പോൾ ശ്ലീഹന്മാർ അവരോടു പറഞ്ഞു: *ഇപ്പോൾ മുതൽ ഞങ്ങൾ വിജാതീയരുടെ പക്കലേക്കു തിരിയുന്നു* (നട 13:46). *ഇതാ ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടുകളെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു* (ലൂക്കാ 10:3) എന്നും കർത്താവ് അരുൾചെയ്തു. ഇടയൻ തങ്ങളോടുകൂടെ ഉള്ളിടത്തോളം കാലം അവരെ ആരും ഉപദ്രവിക്കയില്ല എന്നു കാണിക്കാനായിരുന്നു ഇത്. അവരെ പ്രോത്സാഹിപ്പിക്കാൻ അവിടുന്നു പറഞ്ഞു: *നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു* (10:40). നിങ്ങളുടെ ഇടയിൽ ഒരു യൂദാസ് കാണപ്പെടാതിരിക്കാനായി, *നിങ്ങൾ സ്വർണം കരുതേണ്ട* (10:9). കാരണം, സ്വർണം ആക്കാറിൻെറ ജീവൻ എടുത്തു, ഗേഹാസിയെ കുഷ്ഠത്താൽ പൊതിഞ്ഞു, മരുഭൂമിയിൽ വച്ച് എല്ലാവരെയും പാപത്തിലേക്കു നയിച്ചു.[46] അവർ പ്രഘോഷകർ എന്നതിനു പകരം കച്ചവടക്കാർ എന്ന് പരിഗണിക്കപ്പെടാതിരിക്കാൻ, പണവും എടുക്കേണ്ട എന്ന് കല്പിച്ചു.

---

46. ജോഷ്വാ 7:1-26; 2 രാജാ 5:20-27; പുറ 32:1-35.

www.malankaralibrary.com



**2.** ലാളിത്യത്തിൻെറയും എളിമയുടെയും പ്രതീകമാണ് ഊന്നുവടി (മർക്കോ 6:8). അത് ഒരു ചെങ്കോൽ അല്ലായിരുന്നു; കാരണം, മോശ യെപ്പോലെ, മത്സരിക്കുന്ന അജഗണത്തെ മേയിക്കാനല്ല അവർ ഇറങ്ങി പ്പുറപ്പെട്ടത് (പുറ 4:17). അജഗണം ഇടയനെതിരെ തിരിഞ്ഞപ്പോൾ, ചെങ്കോൽ കളഞ്ഞിട്ട് എങ്ങനെ വാൾ എടുത്തു എന്ന് കാണുവിൻ (പുറ 32:25-28). ഇവിടെ അജഗണം സമാധാനത്തിൽ ജീവിക്കുന്നതിനാൽ, ദണ്ഡ് കളഞ്ഞിട്ട് ഊന്നുവടി എടുത്തു. അവർ ദരിദ്രരായിരിക്കാൻ *ഷൂസ് വേണ്ട* (മത്താ 10:10); എന്നാൽ, തങ്ങളെ ബഹുമാനിച്ചവർക്ക് പ്രതി ഫലത്തിന് അവസരം ഉണ്ടാകുവാൻവേണ്ടി *ചെരിപ്പാകാം* (മർക്കോ 6:9). ആ ജനത്തിൽ നിന്നെല്ലാം അവിടുന്ന് അവരെ തെരഞ്ഞെടുത്തു. അവൻ അവരെ ശ്രേഷ്ഠരാക്കുകയും മോശയുടെ സ്ഥാനം അവർക്കു നൽകു കകയും ചെയ്തു; എന്നു പറഞ്ഞാൽ മോശ, നീതിമാൻെറ അസ്ഥി വഹി ച്ചതുപോലെ ശ്ലീഹന്മാർ എല്ലാ ശരീരങ്ങളെയും നീതീകരിക്കുന്ന ശരീ രത്തെ വഹിച്ചിരുന്നു. അബ്രഹാമിൻെറ ഭവനത്തിലെ മൂന്നു നാമങ്ങൾ കൊണ്ട് മോശ ദൈവത്തെ പാപികളായ മനുഷ്യരുമായി അനുരഞ്ജന പ്പെടുത്തി; എങ്കിൽ, ശ്ലീഹന്മാർ, ദൈവത്വത്തിൻെറ മൂന്നു നാമങ്ങൾ കൊണ്ട് എത്രയോ അധികമായി ആദാമ്യകുലത്തെ മുഴുവനായി ശുദ്ധീ കരിക്കും?

## സമാധാനാശംസയുടെ ശക്തി

**3.** മറിയത്തോടു നമ്മുടെ കർത്താവു ചെയ്തതുപോലെ (10:38-42), ആദ്യമേതന്നെ അവിടുന്ന് അവിടെ പ്രവേശിച്ച് വസിക്കാനായി. *നിങ്ങൾ കയറുന്ന ഭവനത്തിന് ആദ്യമേതന്നെ സമാധാനം ആശംസിക്കുവിൻ* (ലൂക്കാ 10:5). പിന്നീട് അവർ തന്നെ അവിടെ ശിഷ്യരായി വസിക്കട്ടെ. ഈ ആശംസ ഈ ലോകത്തിൽ അവൻെറ രഹസ്യമാണ്; ഇതുവഴി ശത്രുത നിഷ്കാസനം ചെയ്യപ്പെടുന്നു; യുദ്ധം ഒഴിവാകുന്നു; ജനം പര സ്പരം അംഗീകരിക്കുന്നു. തെറ്റിൻെറ മൂടുപടത്തിൽ ഈ ആശംസയുടെ ഫലം മറഞ്ഞിരുന്നു. രാത്രിയെ ഓടിക്കുന്ന പ്രഭാതത്തിൻെറ ഉദയ ത്തോടും പ്രകാശത്തിൻെര ആഗമനത്തോടും കൂടെ സൃഷ്ടി സൂചിപ്പി ക്കുന്ന മരിച്ചവരുടെ ഉത്ഥാനത്തിൻെറ രഹസ്യത്തിൽ ഇതിൻെറ മുൻ കുറി കാണാം. ജനങ്ങൾ ഈ ആശംസ പരസ്പരം കൊടുക്കാനും സ്വീകരിക്കാനും തുടങ്ങുമ്പോൾ, അതു കൊടുക്കുന്നവനെ അത് സുഖ പ്പെടുത്തുകയും സ്വീകരിക്കുന്നവനെ അനുഗ്രഹിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



എന്നാൽ വാക്കിൽ മാത്രം ഇത് സ്വീകരിക്കുകയും അതിൻെറ അരൂപി പ്രവൃത്തികളിൽ കാണാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ച്, പ്രകാശംപോലെ ആശംസ അവരുടെ മുകളിൽകൂടി പറന്നുപോകുകയും, ലോകത്തിൽ നിന്ന് സൂര്യകിരണംപോലെ, അവരിൽ നിന്ന് നീങ്ങിപ്പോകുകയും ചെയ്യുന്നു.

4. പേരെടുത്തുപറഞ്ഞ് പ്രഘോഷിക്കപ്പെട്ട ആശംസ ഇതാകുന്നു. അത് ശക്തിയിൽ നിഗൂഢമായിരിക്കുന്നു; അറിവിനാൽ അറിയിക്കപ്പെടുന്നു; ഒരു പ്രതീകത്തിലൂടെ പകർന്നുകൊടുക്കപ്പെടുന്നു; അത് ഓരോ മനുഷ്യനും മതിയായതാണ്; സമൃദ്ധവുമാണ്. തൻെറ വേലക്കാരായ ശ്ലീഹന്മാരുടെ വ്യക്തമായ സ്വരത്തിൽ പൊതിഞ്ഞ് സമാധാനം ഉണ്ടാക്കുകയും അവരുടെ മുമ്പിൽ പാതയൊരുക്കുകയും ചെയ്യാനായിട്ടാണ് നമ്മുടെ കർത്താവ് മുന്നോടിയായി തൻെറ ശിഷ്യരോടൊത്ത് അതിനെ അയച്ചത്. ഭവനങ്ങളിലെ എല്ലാ അംഗങ്ങളെയും ഒന്നിച്ചു കൂട്ടാനായി, അത് എല്ലാഭവനങ്ങളിലും വിതയ്ക്കപ്പെട്ടിരുന്നു; അതിൻെറ ബന്ധുക്കളെയെല്ലാം വേർതിരിക്കാനായി, അത് ശ്രവിച്ചവരുടെ എല്ലാം പക്കലേക്ക് അതു രഹസ്യമായി ഇഴഞ്ഞു ചെന്നു. അത് അവരിൽ വസിച്ചു; എന്നാൽ, അതിന് അന്യരായവരെ കടന്നുപോയി വെളിപ്പെടുത്തുകയും ചെയ്തു.

അതുകൊണ്ട്, ഈ ആശംസ അയച്ചവൻെറ നിക്ഷേപം കുറവില്ലാത്തതാണ് എന്നു കാണിക്കാൻ, അതിൻെറ ഉറവിടമായ ശ്ലീഹന്മാരിൽ നിന്ന് പൊട്ടിവന്ന ഇത് ഒരിക്കലും ഫലരഹിതമാകില്ല. തദനുസൃതം, അതിൻെറ ദാതാവിൻെറ വാഗ്ദാനം സത്യവും വിശ്വസനീയവുമാണെന്ന് അറിയിക്കാൻ അത് ലഭിച്ചവരിൽ നിന്ന് അതു വിട്ടുപോയില്ല. എല്ലാ വസ്തുക്കൾക്കും സന്നിഹിതമായിരിക്കുന്നതും എല്ലാവസ്തുക്കളിലും ആയിരിക്കുന്നതുമായ പിതാവിൻെറ സത്ത സംബന്ധിച്ച് വെളിപ്പെടുത്തിക്കൊണ്ട് കുറവുകൂടാതെയും വിഭജനം കൂടാതെയും കൊടുത്തവരിലും സ്വീകരിച്ചവരിലും അതു സന്നിഹിതമായിരുന്നു. പുത്രൻ പൂർണമായി എല്ലാ വസ്തുക്കൾക്കും സന്നിഹിതനാണെന്നും അവൻെറ പരമാന്ത്യം പിതാവിനോടുകൂടെ ആണെന്നും ഇത് പുത്രൻെറ ദൗത്യം സംബന്ധിച്ച് പ്രഘോഷിച്ചു. ഇത് പിതാവിൻെറ സാദൃശ്യമാണ്. അതിനാൽ ഉറപ്പാൽ ഉപമകൾക്കന്ത്യം കുറിക്കുന്നതുവരെയും, യാഥാർത്ഥ്യത്താൽ പ്രതീകങ്ങൾക്ക് തീർപ്പു കല്പിക്കുന്നതുവരെയും ശരീരത്താൽ തന്നെ നിഴലു

www.malankaralibrary.com



കൾ നീക്കപ്പെടുന്നതുവരെയും, സത്യപ്രാതിനിധ്യങ്ങളാൽ എല്ലാ പ്രതീകങ്ങളും അളക്കപ്പെടുകയും അവസാനിക്കുകയും ചെയ്യുന്നതുവരെയും പ്രഘോഷണത്തിൽ നിന്ന് അത് വിരമിക്കുകയും, വെളിപ്പെടുത്തുന്നതിൽ ക്ഷീണിച്ചുപോകുകയും ചെയ്യുന്നില്ല.

**5.** അതുകൊണ്ട്, അവൻെറ ശ്രോതാക്കളുടെയും ബന്ധുക്കളുടെയും മധ്യത്തിൽ വചനത്തെ ഒരു പുളിപ്പായി നാം അയയ്ക്കുന്നു. അവർ അതിനാൽ വേർതിരിക്കപ്പെടാനും അതിലേക്ക് ഒന്നിച്ചുകൂട്ടപ്പെടാനും, വിഭജനപ്രക്രിയയിൽ വേർതിരിക്കപ്പെടാനും ഒന്നിച്ചുചേർക്കുന്ന സഖിത്വവുമായി ബന്ധപ്പെടാനുമായിട്ടാണിത്. അതുകൊണ്ട്, വലിയ കിരീടം ഉള്ളയാൾ കടുത്തപോരാട്ടം നടത്തിയിരിക്കും എന്നത് ഉചിതമാണ്. ഇതു നേടിക്കഴിഞ്ഞാൽ, വിജയത്തിൻെറ മഹത്ത്വവുമായി താരതമ്യപ്പെടുത്തുമ്പോൾ, ക്ലേശം ചെറുതായിട്ടേ കണക്കാക്കുകയുള്ളു. നമ്മുടെ സ്വന്തം ആയുധങ്ങളിലൂടെ, തെറ്റ് സൂത്രത്തിൽ നമ്മുടെയിടയിൽ കടന്നുകൂടാൻ ഇടയാകരുത്; അത് എല്ലാ നിറങ്ങളിലും അതിൻെറ രൂപം മാറ്റുകയും, എല്ലാത്തരം പ്രത്യേകതകളിലേക്കും അതിൻെറ രുചി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു (2 കോറി 11:14). കാരണം, നാം രഹസ്യമായി യഹൂദരും, അരൂപിയിൽ പരിച്ഛേദിതരും, പുതിയജനനത്താൽ അനുഗൃഹീതരും, മിശിഹായുടെ രക്തത്താൽ പൂശപ്പെട്ടവരും, അവൻെറ നാമത്തിൽ വീണ്ടെടുക്കപ്പെട്ടവരും, അവൻെറ സൗഖ്യത്താൽ പൂർണാരോഗ്യം പ്രാപിച്ചവരുമായ ക്രിസ്ത്യാനികളാണ്.

## സ്വീകരണവും തിരസ്ക്കരണവും

**6.** ശിഷ്യരെ താല്പര്യപൂർവം സ്വീകരിക്കാത്തവരോട് പ്രതികാരം ചെയ്യും എന്നു കാണിക്കാൻ *നിങ്ങളുടെ പാദത്തിലെ പൊടി തട്ടിക്കളയുവിൻ* എന്ന് അവിടുന്ന് അരുൾചെയ്തു(മത്താ 10:14). കാരണം, വഴിയിൽ നിന്ന് തങ്ങളുടെമേൽ പറ്റിയ പൊടി ശിഷ്യർ അവരുടെമേൽ തട്ടിയിടും; അവർ അത് അവരുടെ പക്കലേക്ക് തിരിച്ചയയ്ക്കും. തങ്ങളുടെ പാതകളിലൂടെ കടന്നുപോയവർ തിരികെ വരും എന്ന് അവർ ഗ്രഹിക്കാനാണിത്. അവർ നീതിമാന്മാരുടെ പൊടി സ്വീകരിച്ചതിനാൽ, അനുതപിച്ചില്ലെങ്കിൽ, നീതിമാന്മാരുടെ പ്രതികാരത്തിന് പാത്രീഭൂതരാകും. അവർ അവരുടെ ചെളികൊണ്ടല്ല, പിന്നെയോ പൊടികൊണ്ടുമാത്രം കുലീനർ ആയവരത്രേ. *സോദോമിന് സമാശ്വാസം ഉണ്ടാകും* (മത്താ 10:15). കാരണം, സോദോമിൽ എത്തിയ മാലാഖമാർ അവിടെ ഒരടയാളം കാണിച്ചില്ല,

www.malankaralibrary.com



പിന്നെയോ, സോദോമിനെ തന്നെ സൃഷ്ടിക്ക് ഒരടയാളം ആക്കുകയായിരുന്നു (ഉല്പ 19:1-29). എന്നാൽ ഇവരാകട്ടെ, അടയാളങ്ങൾ കണ്ടവരാണ്. *കാഴ്ച ലഭിച്ച അന്ധർ* (മത്താ11:5). സോദോമിൽ മാലാഖമാർ കാഴ്ച ഉള്ളവരെപ്പോലും അന്ധരാക്കിക്കളഞ്ഞു. ഈ ദുഷ്കർമങ്ങളെല്ലാം ചെയ്ത സോദോം പട്ടണത്തിൻെറ സ്ഥിതി ഇവരേക്കാൾ മെച്ചമായിരിക്കും. തൻെറ ശിഷ്യരെ സ്വീകരിക്കാതിരുന്ന നഗരത്തിൻെറ ന്യായവിധി സോദോമിൻേറതിനേക്കാൾ കഠിനതരമായിരിക്കും. കാരണം, സോദോം പാപം ചെയ്തത് മാലാഖമാർക്ക് എതിരായിട്ടാണ്; എന്നാൽ ശിഷ്യരെ നിരസിച്ച നഗരം ദൈവത്തെ തന്നെയാണ് നിരസിക്കുന്നത്: *നിങ്ങളെ നിരസിക്കുന്നവൻ എന്നെ നിരസിക്കുന്നു* (ലൂക്കാ 10:16).

*പ്രാവുകളെപ്പോലെ നിഷ്കളങ്കർ ആയിരിക്കുവിൻ* (മത്താ 10:16). അങ്ങനെ അവർ അവയുടെ മൂകതയോ അവയുടെ നിസാരതയോ അല്ല ലാളിത്യം സമ്പാദിക്കട്ടെ. അതുപോലെ സർപ്പത്തിൻെറ ദുഷ്ടതയല്ല, അവയുടെ വിവേകം തേടട്ടെ. അതുകൊണ്ട് പ്രാവുകളുടെ നിഷ്കളങ്കതയും സർപ്പത്തിൻെറ വിവേകവും ഉണ്ടായിരിക്കട്ടെ (10:16). *മനുഷ്യരെ സൂക്ഷിച്ചുകൊള്ളുവിൻ.* നിങ്ങളെ ഏല്പിച്ചുകൊടുക്കുന്നവരെ അല്ല, പിന്നെയോ, *കുഞ്ഞാടിൻെറ വേഷം ധരിച്ചുവരുന്ന, കടിച്ചുകീറുന്ന ചെന്നായ്ക്കളെയാണ്* സൂക്ഷിക്കേണ്ടത് (7:15).

**7.** *നിങ്ങളെ ഏതെങ്കിലും പട്ടണം സ്വീകരിക്കാതിരുന്നാൽ, മറ്റൊന്നിലേക്ക് മാറിപ്പോകുവിൻ; ഒരിടത്തു നിങ്ങളെ പീഡിപ്പിച്ചാൽ, മറ്റൊന്നിലേക്ക് ഓടിപ്പോകുവിൻ* (10:23). കർത്താവ് ഈ വചനം എല്ലാവരോടുമായിട്ടല്ല, തൻെറ ശിഷ്യരോടു മാത്രമായിട്ടാണു പറഞ്ഞത്. കാരണം ഇത് പുതിയ പ്രഘോഷണത്തിൻെറ ആരംഭമായിരുന്നു; ഇവർ കുറച്ചുപേരെ ഉണ്ടായിരുന്നുള്ളു. ശത്രുക്കൾ എല്ലാം അവർക്കെതിരെ ഒന്നിച്ചുകൂടി ഭൂമിയിൽനിന്ന് അവരുടെ ഓർമ്മ പിഴുതുകളയാനും, വിജാതീയരുടെ ഇടയിൽനിന്ന് തൻെറ സുവിശേഷവും സൃഷ്ടിയിൽ നിന്ന് തൻെറ പ്രബോധനവും കീഴമർത്തപ്പെടാനും ഇടയാകാതിരിക്കുന്നതിന് അവിടുന്ന് അവരോടു പറഞ്ഞു: *ഒരു സ്ഥലത്ത് അവർ നിങ്ങളെ പീഡിപ്പിച്ചാൽ, മറ്റൊരിടത്തേക്കു പോകുവിൻ* (10:23). സ്തേഫാനോസ് കല്ലെറിയപ്പെട്ടപ്പോൾ, ശിഷ്യന്മാർ മാറിപ്പോയില്ലായിരുന്നെങ്കിൽ, ഒരുപക്ഷേ അവർ പീഡനത്തിൽനിന്ന് രക്ഷപെടുമായിരുന്നില്ല. എന്നാൽ എല്ലാ തലമുറകളിലും ഉള്ളവരോടായിട്ടാണ് കർത്താവ് ഇതു പറഞ്ഞതെങ്കിൽ, തൻെറ നാമത്തെപ്രതി ആര് രക്തം ചിന്തുമായിരുന്നു? അവിടുന്ന് തൻെറ ശിഷ്യരെ

www.malankaralibrary.com



ഇതിൽ നിന്ന് ഒഴിവാക്കിയില്ല എന്ന് കാണിക്കാൻ അവരോട് പരസ്യമായി പറഞ്ഞു: *അവർ എന്നെ പീഡിപ്പിച്ചെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും* (യോഹ 15:20). അവിടുന്ന് തൻെറ കൊലയാളികളിൽ നിന്ന് ഓടിപ്പോകുകയോ, തൻെറ ക്രൂശാരോഹിതരിൽ നിന്ന് അകന്നുപോകുകയോ ചെയ്തില്ല. ഇങ്ങനെ, പീഡനം ഉണ്ടാകുമ്പോൾ ഭയചകിതരാകരുതെന്ന് തൻെറതന്നെ ദൃഷ്ടാന്തം ചൂണ്ടിക്കാണിച്ചുകൊണ്ട്, അവിടുന്ന് എപ്രകാരം അവരെ വീണ്ടും ബലപ്പെടുത്തി എന്ന് ശ്രദ്ധാപൂർവം കാണുക.

8. *ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട, കാരണം, അവർക്ക് ആത്മാവിനെ കൊല്ലാൻ കഴിയുകയില്ല* (മത്താ 10:28). ഓടിപ്പോകാൻ നിർദേശം ലഭിച്ച ഓരോരുത്തനും സകലവിജാതീയരുടെയും സാക്ഷ്യത്തിനായി സ്തോത്രാർപ്പണമായി തീർന്നതു നമുക്കു കാണാൻ കഴിയും. അഥവാ, അവൻ അവരെ തെരഞ്ഞെടുത്തപ്പോൾ അവർക്കു നൽകിയ വലിയശക്തി നിമിത്തമാകാം ഇതു പറഞ്ഞത്. അവർ ഈ ശക്തി ദുരുപയോഗം ചെയ്യാതിരിക്കാൻ, ആ സമയത്ത് ഇത് ഉചിതമായിരുന്നു. ഉദാഹരണത്തിന്, അവൻ അവരോടുകൂടെ ആയിരുന്നപ്പോൾ, ജനങ്ങൾ അവരെ സ്വീകരിക്കാതിരുന്നതു നിമിത്തം അവർ ഇപ്രകാരം പറഞ്ഞു: *ആകാശത്തുനിന്ന് അഗ്നി ഇറങ്ങി അവരെ സംഹരിപ്പാൻ ഞങ്ങൾ പറയുന്നതിന് നീ ഇച്ഛിക്കുന്നുവോ?* (ലൂക്കാ 9:54). അവനാകട്ടെ അവരെ താഴ്മ അഭ്യസിപ്പിച്ചുകൊണ്ടു പറഞ്ഞു: *ഒരു നഗരത്തിൽ നിങ്ങളെ പീഡിപ്പിച്ചാൽ, മറ്റൊന്നിലേക്കു പോകുവിൻ* (മത്താ 10:23).

9a. നിങ്ങൾ സമറിയാക്കാരുടെയും വിജാതീയരുടെയും ഇടയിലേക്ക് പോകരുതെന്നും, *ഇവിടെ നിങ്ങളെ പുറത്താക്കിയാൽ മറ്റൊന്നിലേക്കു ഓടിപ്പോകുവിൻ* എന്നും അവിടുന്ന് പറഞ്ഞതിനെപ്പറ്റി ശിഷ്യന്മാർ ചിന്തിച്ചുകൊണ്ടിരുന്നു. "പട്ടണങ്ങൾ തീർന്നുപോയാൽ പിന്നെ ഞങ്ങൾ എന്തുചെയ്യും?" എന്ന് അവർ പറഞ്ഞു. അവരെ സമാശ്വസിപ്പിച്ചുകൊണ്ട് അവിടുന്ന് അരുൾചെയ്തു: *ഞാൻ വരുന്നതുവരെ നിങ്ങൾ അവ സന്ദർശിച്ചു തീരുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.* ഉത്ഥാനശേഷം അവരുടെ പക്കലേക്കുള്ള അവൻെറ വരവിനെയാണ് ഇതു സൂചിപ്പിക്കുന്നത് (മത്താ 10:5.23).

9b. താൻ അവരുടെകൂടെ ഉള്ളിടത്തോളം കാലം, തൻെറ പേരിൽ അവരിലാരും പീഡിപ്പിക്കപ്പെടുകയില്ല എന്നു പറഞ്ഞ് അവരെ പ്രോത്സാ

www.malankaralibrary.com



ഹിപ്പിക്കാനാണ് അവിടുന്ന് ഇതു പറഞ്ഞത്. അവിടുന്ന് പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ അവിടുന്നു പറഞ്ഞതുമായി ഇത് ഒത്തുപോകുന്നു: *ഞാൻ അവരോടുകൂടെ ആയിരുന്നപ്പോൾ ഞാൻ അവരെ സംരക്ഷിച്ചു* (യോഹ 17:12). ഇപ്പോൾ മുതൽ *യഹൂദർ നിങ്ങളെ പീഡിപ്പിച്ചാൽ, ഭയപ്പെടേണ്ട* (മത്താ 10:19). അവർ സഹനം അഭ്യസിക്കാൻ അവിടുന്നു പറഞ്ഞു: *ശിഷ്യൻ തന്റെ ഗുരുവിനേക്കാൾ വലിയവനല്ല; അവർ എന്നെ പീഡിപ്പിച്ചെങ്കിൽ നിങ്ങളെയും പീഡിപ്പിക്കും. അവർ വീട്ടുടമസ്ഥനെ ബേൽസെബുബ് എന്നു വിളിച്ചെങ്കിൽ ഭവനാംഗങ്ങളെ എന്താണു വിളിക്കുക* (10:25).

**9c.** *ഞാൻ വരുന്നതുവരെ എല്ലാ പട്ടണങ്ങളും പൂർത്തിയാക്കുവാൻ നിങ്ങൾക്കു കഴിയുകില്ല* (10:23). താൻ പോകാനിരുന്ന പട്ടണങ്ങളിലേക്ക് അവൻ അവരെ അയച്ചു എന്നാണ് ഇതിനർത്ഥം. *മറ്റൊരർത്ഥം: പൂർത്തിയാക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല* എന്നതിന്റെ അർത്ഥം: മൂന്നു ദിവസങ്ങൾക്കുശേഷമുള്ള അവന്റെ ഉത്ഥാനത്തിനുശേഷം അവന്റെ ശക്തി അവരുടെമേൽ വരും; ഇതാണ് അവന്റെ വരവ്. അനേകം നഗരങ്ങളിൽനിന്ന് അവർ പുറംതള്ളപ്പെടുമെന്നും, താൻ അവർക്കു പ്രത്യക്ഷപ്പെടുമെന്നും അവൻ അവരോടു പറഞ്ഞെങ്കിലും, അവൻ അപ്രകാരം ചെയ്തില്ല. പിന്നെയോ, തന്റെ ഉത്ഥാനത്തിനുശേഷം അവർക്കു കാണപ്പെട്ടുകൊണ്ട് അവരുടെ ഭീതി അകറ്റി. അവൻ കാണപ്പെട്ട്, അവരെ സമാശ്വസിപ്പിക്കുകയും, അവരുടെമേൽ ഊതിക്കൊണ്ട് അവരെ നവീകരിക്കുകയും ചെയ്തു (യോഹ 20:19-23).

## ആരെയാണ് ഭയക്കേണ്ടത്?

**10.** *ഞാൻ നിങ്ങളോട് ഇരുട്ടത്ത് പറഞ്ഞത് വെളിച്ചത്ത് സംസാരിക്കുവിൻ* (മത്താ 10:27). അതായത്, 'ഞാൻ നിങ്ങളോടു രഹസ്യമായി പറഞ്ഞത് ഉച്ചസ്വരത്തിൽ പ്രഘോഷിക്കപ്പെടട്ടെ'. *നിങ്ങളുടെ ചെവികളിൽ കേൾക്കുന്നത് പുരമുകളിൽ നിന്ന് പ്രഘോഷിക്കുവിൻ* എന്ന് അവിടുന്നു വിശദീകരിച്ചു (10:27). ഒരുപക്ഷേ ഇസ്രായേൽ ജനത്തെ ഇരുട്ടായും വിജാതീയരെ പ്രകാശമായും അവൻ സൂചിപ്പിച്ചതാകാം. *ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട* എന്ന് അവൻ അവരോടു പറഞ്ഞത് (10:28), മനുഷ്യർക്ക് ശരീരത്തിന്മേൽ മാത്രമേ ശക്തിപ്രയോഗിക്കാൻ കഴിയൂ, എന്നാൽ ദൈവത്തിനാകട്ടെ, ആത്മാവിന്മേലും അധികാരമുണ്ട്. അതിനെ ഗേഹെന്നായിൽ ഇടാൻ അവിടുത്തേക്കു കഴിയും എന്നു

www.malankaralibrary.com



കാണിക്കാനാണ്. ശക്തിക്കോ മരണത്തിനോ ഗേഹെന്നായുടെമേൽ ആധിപത്യം ഇല്ലാത്തതിനാൽ, ആത്മാവ് എങ്ങനെയാണ് ഗേഹെന്നായിൽ നശിക്കുന്നത് എന്നും "പുഴുക്കളും പല്ലുകടിയും അവിടെ ഉണ്ടായിരിക്കും" എന്നു പറയുമ്പോൾ ശരീരം എങ്ങനെയാണ് നശിക്കുന്നത് എന്നും ചോദിച്ചാൽ, ഈ ചൊല്ല് ഇവിടെ ഇത് വിശദീകരിക്കുന്നു. കാരണം, അമർത്യമായ ആത്മാവ് മാത്രമല്ല മരിക്കാതിരിക്കുന്നത്, പിന്നെയോ, ജീർണത കൂടാതെ ഇരിക്കുന്നതിനാൽ ശരീരവും മരിക്കുന്നില്ല. *ശരീരത്തെ കൊല്ലുന്നവൻ* എന്ന വാക്കുകൾ കാലികമരണത്തെ കുറിക്കുന്നു (10:28). ശരീരം പൂർണമായി ഗേഹെന്നായിൽ നശിച്ചാൽ പിന്നെ അത് അവിടെ ഉണ്ടായിരിക്കുകയില്ല. ജീർണിക്കുന്ന ശരീരങ്ങളെ നശിപ്പിക്കാതെ തന്നെ, ജീവനുള്ളവരെ ഗേഹെന്നാ പീഡിപ്പിക്കുന്നു.

**11.** അനേകർ ജീർണതയെ ഭയക്കുകയും മരണത്തിൽ നിന്ന് ഒഴിഞ്ഞു മാറുകയും ചെയ്യുന്നതിനാൽ താഴെപ്പറയുന്ന വചനം ഉച്ചരിക്കാൻ നമ്മുടെ കർത്താവ് ആഗ്രഹിച്ചു: *ആത്മാവിനെയും ശരീരത്തെയും ഗേഹെന്നായിൽ നശിപ്പിക്കാൻ കഴിവുള്ളവനെ കൂടുതലായി ഭയപ്പെടണം* (മത്താ 10:28). ദൈവം തൻെറ ദാനത്തിൽ നിന്ന് മുഖം തിരിക്കാറില്ല; ശരീരത്തിൻെറ ഉത്ഥാനത്തിൻെറ സത്യമായ വാഗ്ദാനം ദൈവം ഒരിക്കലും പിൻവലിക്കുന്നില്ല. അതുപോലെ ആത്മാവ് മർത്യതയിലേക്ക് വഴുതിവീഴുന്നില്ല. ആത്മാവ് മരിക്കാത്തതിനാൽ *ഭയപ്പെടേണ്ട.* അത് മർത്യമായിരുന്നെങ്കിൽ, ഭയം അതിനു ചേരുന്നതായിരുന്നു. അതുകൊണ്ട് നശ്വരമായ നമ്മുടെ ശരീരം സംബന്ധിച്ച് നാം ഭയചകിതരാകേണ്ടതില്ല. ആത്മാവല്ല, ദൈവമാണ് അതിൻെറ ജീർണാവസ്ഥയെ മാറ്റാൻ കഴിവുള്ളവൻ. നശ്വരമായ ശരീരത്തെ രൂപീകരിച്ചവൻ അവിടുന്നാണെങ്കിൽ, ഇല്ലായ്മയിൽനിന്ന് അവിടുന്നു സൃഷ്ടിച്ച ആത്മാവിനെ ജീവനിലേക്ക് നവീകരിക്കാൻ കഴിയുന്നവനും അവിടുന്നാണ്. അമർത്യമായ ആത്മാവിനെ കൊണ്ടല്ല, തൻെറ സ്വന്തം ശക്തികൊണ്ടാണ് ദൈവം മർത്യശരീരത്തിന് ജീവൻ പ്രദാനം ചെയ്യുന്നത്. ഈ ലോകത്തിൽ നിങ്ങളുടെ ജീവൻ അവസാനിപ്പിക്കുന്നവരെ ഭയപ്പെടേണ്ട; കാരണം, വരാനിരിക്കുന്ന ലോകത്തിൽ നിങ്ങളുടെ ജീവനെടുക്കാൻ അവരെക്കൊണ്ടാവില്ല. *മരിച്ചവരുടെ ഉയിർപ്പില്ല* (മത്താ 22:23) എന്ന് സദുക്യരിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൻെറ ശിഷ്യർ കേട്ടതിനാലും വീണ്ടും കേൾക്കാനിരിക്കുന്നതിനാലുമാണ് അവിടുന്ന് ഇതു പറഞ്ഞത്.

www.malankaralibrary.com



## ഒരു കൊച്ചുകാശിന് രണ്ട് കുരുവികൾ

**12.** *ഒരു കൊച്ചുകാശിന് രണ്ട് കുരുവികൾ വില്ക്കപ്പെടുന്നു* (10:29). രണ്ട് കുരുവികളാണ്, ഒന്നല്ല. കുരുവിയുടെ കഥയില്ലായ്മയെപ്പറ്റി കാണിക്കാൻ അവിടുന്ന് ആഗ്രഹിച്ചതിനാലാണിത്. വില കൂടുതൽ ഉള്ളവ ഒറ്റയ്ക്കൊറ്റയ്ക്ക് വില്ക്കപ്പെടുന്നു; പച്ചക്കറി സാധനങ്ങളെപ്പോലെ വില കുറവുള്ളവ മൊത്തമായിട്ടാണ് വില്ക്കപ്പെടുക. *എന്നാൽ നിങ്ങളുടെ പിതാവിനെ കൂടാതെ അവയിൽ ഒന്നുപോലും നിലത്തു വീഴുന്നില്ല.* നിസാരവിലയുള്ളതും നിഴൽ മാത്രമായതുമായ ഈ കുരുവികൾ നിങ്ങളുടെ പിതാവിനെ കൂടാതെ - ദൈവത്തെ കൂടാതെ എന്ന് അവൻ പറഞ്ഞില്ല- പിടിക്കപ്പെടുന്നില്ല. ചെറിയ കാര്യങ്ങളെ സംബന്ധിച്ച് പിതാവിനുള്ള ഈ താല്പര്യത്തിൻെറ ഒരുദാഹരണമാണിത്. അവിടുത്തേക്കു നമ്മോടുള്ള വലിയ സ്നേഹപരിപാലന എത്രയധികമായിരിക്കും? *എൻെറ പിതാവിൻെറ മുൻപാകെ അവനെ ഞാൻ ഏറ്റുപറയും.*

**13.** *പിതാവിൻെറ മുൻപാകെ അവനെ ഞാൻ ഏറ്റു പറയും* എന്ന വാക്കുകൾ (10:32). *എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ* (25:34) എന്നതുപോലെയാണ്, *ഞാൻ അവനെ നിഷേധിച്ചുപറയും* എന്ന വാക്കുകൾ (10:33). *ഞാൻ നിങ്ങളെ അറിയുന്നില്ല* (ലൂക്കാ 13: 25-27) എന്നതുപോലെയുമാണ്. അവർ അവനു മറഞ്ഞിരിക്കുന്നില്ല; എന്നാൽ അവൻ അവരെ തൻേറതായി അംഗീകരിക്കുകയില്ല. അവൻ അവരെ തള്ളിക്കളയുകയും സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നതിനാൽ, എങ്ങനെ അവൻ അവരെ അറിയുന്നില്ല എന്നു കാണുക.

## സമാധാനം കൊണ്ടുവരാനല്ല ഞാൻ വന്നിരിക്കുന്നത്

**14.** *ലോകത്തിൽ സമാധാനം കൊണ്ടുവരാൻ ഞാൻ വന്നിരിക്കുന്നു എന്ന് നിങ്ങൾ ചിന്തിക്കരുത്* (മത്താ 10:34). *ഈ വാക്കുകൾ മറ്റെല്ലാ വാക്കുകളുമായി ബന്ധപ്പെടുത്തി എങ്ങനെയാണ് മനസിലാക്കേണ്ടത്? സ്വർഗത്തിലും ഭൂമിയിലും ഉള്ള എല്ലാറ്റിനെയും അനുരഞ്ജിപ്പിക്കാൻ അവിടുന്ന് ആഗതനായി* (കൊളോ 1:20). *അവിടുന്നു നമ്മുടെ സമാധാനമാകുന്നു* എന്നും *അവനെ സ്വീകരിച്ചവർക്കെല്ലാമാണ് സമാധാനം* എന്നും ശ്ലീഹാ പറഞ്ഞതുപോലെ (എഫേ 2:14) അവിടുന്ന് സമാധാനം പ്രഘോഷിക്കുകയായിരുന്നു (ഗലാ 6:16). എന്നാൽ മറ്റൊരു വീക്ഷണത്തിൽ, അവിടുന്ന് സമാധാനം കൊണ്ടുവന്നില്ല; വിശ്വസിച്ചവർ അവി

www.malankaralibrary.com



ശ്വസിച്ചവരിൽനിന്ന് വേർപെടുത്തപ്പെട്ടു: *ഒരുവനെ തൻെറ പിതാവിൽ നിന്ന് വേർപെടുത്താനാണ് ഞാൻ വന്നിരിക്കുന്നത്* (മത്താ 10:35). മനസുകളുടെ വേർപാടിനെയാണ് അവൻ സൂചിപ്പിക്കുന്നത്; കാരണം, വിശ്വാസത്തിൽതന്നെയും എല്ലാവരും ഒരുപോലെ ചിന്തിക്കുന്നില്ലല്ലോ. ഒരാൾ ദൈവത്തെ ഒരു രീതിയിൽ ആരാധിക്കുന്നു; വേറൊരാൾ വ്യത്യസ്ത രീതിയിൽ ചെയ്യുന്നു.

*മറിച്ച് വാളാണ്* എന്ന് അവിടുന്ന് അരുൾചെയ്തു (10:34). അവരുടെ ആത്മാക്കളിൽനിന്ന്, അതുപയോഗിച്ച് ഹാനികരമായ സ്നേഹം വെട്ടിനീക്കുന്നതിനും, അതിനുപകരം അതിനുള്ളിലേക്ക് തൻെറ സ്നേഹത്തിൻെറ സൗഖ്യദായകമായ അമ്പുകൾ പായിക്കുന്നതിനുമാണത്. *തൻെറ ജീവൻ കാണുവാൻ ആഗ്രഹിക്കുന്നവന് അതു നഷ്ടപ്പെടും* (10: 39). നഷ്ടപ്പെടുന്നതും കണ്ടെത്തുന്നതും ഒരേ ഒരാളെപ്പറ്റിയായതിനാൽ, ഇതെങ്ങനെയാണ് മനസിലാക്കേണ്ടത്? പീഡകരുടെ മുമ്പാകെ ദൈവത്തെ ഏറ്റുപറയുന്നവന് അവൻെറ ജീവൻ നഷ്ടപ്പെടും; എന്നാൽ അത് ദൈവത്തോടുകൂടി കണ്ടെത്തപ്പെടും. കാരണം, *എന്നെപ്രതി തൻെറ ജീവൻ നഷ്ടമാക്കുന്നവൻ, അതു കണ്ടെത്തും* എന്ന് അവിടുന്ന് പറഞ്ഞിരിക്കുന്നു (10:39). അതുകൊണ്ട്, അവിടുത്തെപ്രതി തൻെറ ജീവൻ നഷ്ടമാക്കുന്നവൻ, അവശ്യാവശ്യം അതു വീണ്ടും കണ്ടെത്തും; കാരണം, അവൻ ദൈവത്തെപ്രതിയാണ് നഷ്ടമാക്കിയത്; അതു വീണ്ടും കണ്ടെത്താൻ വേണ്ടതു ദൈവം ചെയ്തുകൊള്ളും. കാരണം, അവിടുത്തെ കരങ്ങൾ എല്ലാറ്റിനും കഴിവുറ്റവയാണ്; എല്ലാ തിന്മകളിൽ നിന്നും വിടുവിക്കാൻ കരുത്തുറ്റവയാണ് അവിടുത്തെ കരങ്ങൾ. എല്ലാറ്റിൻെറയും കർത്താവിൻെറ സ്നേഹം എല്ലാറ്റിനെക്കാളും വലുതായിരിക്കാനായി എല്ലാവർക്കും വേണ്ടി അവിടുന്നു തൻെറ സ്നേഹത്തെ, എല്ലാറ്റിനെക്കാളും താഴ്ത്തി. *തൻെറ ജീവനേക്കാൾ കൂടുതലായി എന്നെ സ്നേഹിക്കാത്തവൻ....*എന്നിത്യാദി (ലൂക്കാ 14:26).

## മാർത്തായും മറിയവും

**15.** *മറിയം വന്ന് അവൻെറ പാദത്തിങ്കൽ ഇരുന്നു* (ലൂക്കാ 10:39). പാപിനിയായ സ്ത്രീയോടു ക്ഷമിച്ചവൻെറ (38) പാദത്തിങ്കൽ ഉറച്ച തറയിൽ അവൾ ഇരിക്കയായിരുന്നു. കാരണം, ആദ്യജാതൻെറ രാജ്യത്തിലേക്കു കടക്കാൻ അവൾ ഒരു കിരീടം ധരിച്ചിരുന്നു. *അവൾ ശ്രേഷ്ഠമായ ഭാഗം*

www.malankaralibrary.com



*തെരഞ്ഞെടുത്തു*: ഗുണകാംക്ഷിയായ മിശിഹായെതന്നെ; പറയപ്പെട്ടിരിക്കുന്നതുപോലെ, *അതൊരിക്കലും അവളിൽനിന്ന് എടുക്കപ്പെടുകയില്ല* (10:42). മറിയത്തിൻെറ സ്നേഹത്തേക്കാൾ തീക്ഷ്ണതയുള്ളതായിരുന്നു മാർത്തായുടെ സ്നേഹം. കാരണം, അവിടുന്ന് അവിടെ എത്തുന്നതിനുമുമ്പ് അവനെ ശുശ്രൂഷിക്കാൻ അവൾ ഒരുക്കങ്ങൾ ചെയ്യുകയായിരുന്നു: *എന്നെ സഹായിക്കാൻ എൻെറ സഹോദരിയോട് പറയുന്നതിന് നിനക്ക് താല്പര്യമില്ലേ?* (10:40). അവിടുന്ന് ലാസറിനെ ഉയിർപ്പിക്കാൻ വന്നപ്പോൾ അവളാണ് ആദ്യം ഓടി എത്തിയത് (യോഹ 11:20).

# 9

## സ്നാപകയോഹന്നാൻെറ ചോദ്യം

**1.** *വരാനിരിക്കുന്നവൻ നീ തന്നെയോ. അതോ, മറ്റൊരുവനെ ഞങ്ങൾ കാത്തിരിക്കണമോ?* (മത്താ 11:3). അവിടുത്തെപ്പറ്റി യോഹന്നാനു സംശയം ഉണ്ടായിട്ടല്ല. കാരണം, മരുഭൂമിയിൽ വഴി ഒരുക്കിയത് അവനാണ്; ഉദരത്തിൽ സന്തോഷത്തോടുകൂടെ കുതിച്ചുചാടാൻ അവൻ മടിച്ചില്ല; യേശുവിൻെറ സ്നാനാവസരം അവൻ സ്വന്തം മഹത്വം തേടിയില്ല: *നീ എന്നെ സ്നാനപ്പെടുത്തുക എന്നതാണ് എനിക്കു ചേരുന്നത്; ഇതാ, ദൈവകുഞ്ഞാട്; അവൻ ലോകപാപം നീക്കിക്കളയുന്നു; അവൻെറ ചെരിപ്പിൻെറ വാറഴിക്കാൻ ഞാൻ യോഗ്യനല്ല.* (മത്താ 3:14; യോഹ 1:27.29.36). പരസ്യമായി ഈ കാര്യങ്ങൾ പറഞ്ഞ ആളിന്, പ്രത്യേകിച്ച്, *പ്രാവിൻെറ രൂപത്തിൽ ഇറങ്ങിവന്ന ആത്മാവിൻെറ സാക്ഷ്യത്തിനും* (ലൂക്കാ 3:22), *ഇതാണെൻെറ പുത്രൻ, എൻെറ പ്രിയപ്പെട്ടവൻ* എന്ന് സ്വർഗത്തിൽനിന്ന് വന്ന സ്വരത്തിനുംശേഷം, തൻെറ ആശയം മാറ്റി എങ്ങനെ അവനെപ്പറ്റി സംശയിക്കാനാവും?

പ്രവാചകന്മാർ സംസാരിച്ചത് ശ്രോതാക്കൾക്കുവേണ്ടിയാണ് എന്നു പറയുന്നതാണു ഭേദം. *ജനക്കൂട്ടം വിശ്വസിക്കുന്നതിനായി അവർക്കുവേണ്ടിയാണ് ഞാനിതു പറയുന്നത്* എന്ന് നമ്മുടെ കർത്താവു അരുൾചെയ്തിരിക്കുന്നു (യോഹ 11:42). അതുപോലെ, ഈ ലോകത്തിൽനിന്നുള്ള തൻെറ വേർപാടിൻെറ സമയം അടുത്തു എന്നും,

www.malankaralibrary.com



തൻെറ ജനനത്താൽ ജീവനുള്ളവരുടെ ഇടയിലേക്ക് കർത്താവിൻെറ മുന്നോടി ആയിരുന്നതുപോലെ മരിച്ചവരുടെ ഇടയിലും താൻ കർത്താവിൻെറ മുമ്പേ പോകും എന്നും യോഹന്നാൻ കണ്ടു. അപ്പോൾ തൻെറ ശിഷ്യർ *ഇടയനില്ലാത്ത ആടുകളെപ്പോലെ* (മത്താ 9:36) വഴിതെറ്റി ചിതറപ്പെടാതിരിക്കാൻ അവൻ ശ്രദ്ധിച്ചു.

**2.** കർത്താവിനെ ചോദ്യം ചെയ്യാനല്ല യോഹന്നാൻ അവരെ അവൻെറ പക്കലേക്ക് അയച്ചത്. പിന്നെയോ, യോഹന്നാൻ നേരത്തെ അവരോട് പറഞ്ഞിരുന്ന കാര്യങ്ങൾ കർത്താവ് ഉറപ്പിക്കുന്നതിനുവേണ്ടിയാണ്. കർത്താവിങ്കലേക്ക് യോഹന്നാൻ തൻെറ ശിഷ്യരുടെ മനസിനെ തിരിക്കുകയായിരുന്നു. നമ്മുടെ കർത്താവിനെപ്പറ്റി യോഹന്നാൻ പറഞ്ഞവ കേൾക്കുകയും യേശുവിനെ കാണുകയും ചെയ്ത, യോഹന്നാൻെറ മറ്റു ശിഷ്യർ സങ്കടപ്പെടാതെ യോഹന്നാനെ വിട്ടിട്ട് യേശുവിൻെറ പിന്നാലെ പോയി. സ്നാനാവസരം, തൻെറ പിതാവിൻെറ ഭവനത്തിൻെറ പൗരോഹിത്യം സംബന്ധിച്ച് യോഹന്നാൻ പൊങ്ങച്ചം കാണിച്ചില്ല എന്നതിൽ തൻെറ സന്മനസ് കാട്ടിയതുപോലെ, ഈ സാഹചര്യത്തിലും കൊള്ളയടിക്കാനാവാത്ത ഒരു നിക്ഷേപം തൻെറ ശിഷ്യർക്കു കൈമാറാൻ അവൻ ആഗ്രഹിച്ചു. അതുകൊണ്ട് യേശുവിൻെറ അത്ഭുതങ്ങൾ കണ്ടിട്ട്, അവനിലുള്ള വിശ്വാസത്തിൽ അവർ ഉറപ്പിക്കപ്പെടുന്നതിനായി അവൻ അവരെ അയച്ചു.

യേശു അവരോട് അരുൾചെയ്തു: *നിങ്ങൾ കേട്ടവയല്ല, നിങ്ങൾ കണ്ടവ പോയി യോഹന്നാനെ അറിയിക്കുക. ഇതാ അന്ധർ കാണുന്നു, മുടന്തർ നടക്കുന്നു* (മത്താ 11:4-5). അതായത് ഞാൻ ചെയ്യുന്ന ഈ പ്രവൃത്തികൾ യോഹന്നാൻെറ വാക്കുകളെ സാക്ഷ്യപ്പെടുത്തുന്നില്ലെങ്കിൽ, അവൻെറ വാക്കുകൾ സത്യമല്ല. എന്നാൽ അവ സത്യമാകയാൽ, നിങ്ങൾ ഒരുസ്വരത്തിൻെറ പിറകേ പോകാതെ, അതിനുപകരം പ്രവൃത്തികൾക്ക് വിധേയരായിരിക്കണം.

## യോഹന്നാൻെറ ചോദ്യത്തിന് യേശുവിൻെറ മറുപടി

**3.** അത്ഭുതങ്ങളെ സംബന്ധിച്ച് വലിപ്പച്ചെറുപ്പം ഇല്ലെങ്കിലും, പ്രാധാന്യം കുറഞ്ഞവ എന്നു തോന്നിക്കുന്ന കാര്യങ്ങൾകൊണ്ട് കർത്താവ് തുടങ്ങി: *അന്ധർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരായി തീരുന്നു, ചെകിടർ കേൾക്കുന്നു* (മത്താ 11:5). അവസാനമായി അവയ്

www.malankaralibrary.com



ക്കെല്ലാം മുദ്ര വച്ചുകൊണ്ട്, *മരിച്ചവർ ഉയിർപ്പിക്കപ്പെടുന്നു* എന്ന് അവിടുന്ന് അവതരിപ്പിച്ചു (11:5). ഏകജാതൻെറ സത്കർമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണിത്. ആദം ലോകത്തിൽ അവതരിപ്പിച്ച ദുഷ്കർമങ്ങളുടെ നീക്കിക്കളയലും മാറ്റിക്കളയലും ആയിരുന്നു ഇത്.

ഇവയോടുകൂടി നിങ്ങൾ ഇതും ഗ്രഹിക്കണം: *എന്നിൽ ഇടറാത്തവൻ ഭാഗ്യവാനാകുന്നു* (11:6). അവൻ നിമിത്തം അവർ ഇടറിപ്പോകാതിരിക്കാൻ, ഈ വാക്കുകളിലൂടെ അവൻ യോഹന്നാൻെറ ശിഷ്യന്മാർക്ക് ഉറപ്പുള്ള അച്ചാരം നൽകി. *എന്നിൽ ഇടറാത്തവൻ ഭാഗ്യവാനാകുന്നു* എന്ന് കർത്താവ് പറഞ്ഞത് യോഹന്നാനെപറ്റിയാണ് എന്ന് *വേറെ ചിലർ* പറയുന്നു. നേരത്തെ പറഞ്ഞവ യോഹന്നാനെപറ്റി ആയിരുന്നതിനാൽ, നമ്മുടെ കർത്താവ് സൗഭാഗ്യം ആശംസിച്ച ഇവിടെയും അവശ്യാവശ്യം യോഹന്നാനെയും ഉൾപ്പെടുത്തിയിരുന്നു. യോഹന്നാനെപറ്റി സംശയം ഉണ്ടായിരുന്നതിനാലല്ല, പിന്നെയോ, യോഹന്നാൻെറ ശിഷ്യർക്ക് മുന്നറിയിപ്പു നൽകാനാണ് അവിടുന്ന് ഇതു പറഞ്ഞത്.

യോഹന്നാൻെറ വിശ്വാസക്കുറവു നിമിത്തമല്ല കർത്താവ് അവന് ഇപ്രകാരം മറുപടി കൊടുത്തുവിട്ടത്; തുടർന്നു വരുന്നവ അതിനു സാക്ഷ്യം നൽകുന്നു. യോഹന്നാൻ നേരത്തെ കൊടുത്തുവിട്ട ചോദ്യങ്ങൾക്ക് കർത്താവ് മറുപടി ഒന്നും നൽകിയില്ല; പിന്നെയോ, യോഹന്നാൻെറ ദൂതന്മാർ പോയിക്കഴിഞ്ഞപ്പോഴാണ് യോഹന്നാനെപറ്റി ജനക്കൂട്ടത്തോട് അവിടുന്ന് സംസാരിക്കാൻ തുടങ്ങിയത് (ലൂക്കാ 7:24). യോഹന്നാൻെറ ശിഷ്യരുടെ മുൻപാകെ യോഹന്നാൻെറ മഹത്ത്വം പ്രഘോഷിക്കാൻ അവിടുന്ന് ആഗ്രഹിച്ചില്ല; കാരണം, അവരുടെ സന്നിധിയിൽ വച്ച് അവരുടെ ഗുരുവിനെ പ്രശംസിക്കുന്നതിലൂടെ അവരെ അവിടുന്ന് കൂടുതലായി ചോദ്യം ചെയ്യുകയാണ് എന്ന് കരുതപ്പെടാതിരിക്കാനായിരുന്നു ഇത്.

## പ്രവാചകരിലും വലിയവനാണ് യോഹന്നാൻ

**4.** *നിങ്ങൾ എന്തു കാണുവാൻ മരുഭൂമിയിലേക്കു പോയി? കാറ്റിൽ ആടുന്ന ഞാങ്ങണയോ?* (മത്താ 11:17). യോഹന്നാൻ ക്ലേശങ്ങളെ ഭയന്നിരുന്നെന്നും ഓരോ കാറ്റിലും ആടിയിരുന്നു എന്നും തോന്നാം: *ഇതാ, ദൈവകുഞ്ഞാട്* എന്ന് ഒരിക്കൽ പറയുന്നു; *വരാനിരിക്കുന്നവൻ നീ തന്നെയോ, അതോ, മറ്റൊരാളെ ഞങ്ങൾ കാത്തിരിക്കണമോ?* എന്ന്

www.malankaralibrary.com



മറ്റൊരിക്കൽ ചോദിക്കുന്നു (11:3). *മൃദുലവസ്ത്രങ്ങൾ ധരിച്ചിരിക്കുന്ന മനുഷ്യനെയോ?* (ലൂക്കാ 7:25). അതായത്, പ്രാധാന്യമുള്ള മനുഷ്യൻ? എന്നാൽ യോഹന്നാൻ മൃദുലവസ്ത്രധാരി അല്ലാതിരുന്നതിനാൽ ആദ്യ വാചകം ഈ രണ്ടാം വാചകം കൊണ്ടാണ് വിശദീകരിക്കേണ്ടത്. *അവൻ ഒട്ടകരോമം കൊണ്ടുള്ള പരുപരുത്ത വസ്ത്രമാണ് ധരിച്ചിരുന്നതെന്ന്* അവനെപ്പറ്റി തിരുലിഖിതം സാക്ഷിക്കുന്നു (മത്താ 3:4). ഞാങ്ങണയെ സംബന്ധിച്ചും അപ്രകാരം തന്നെ. ഇത് വാച്യാർത്ഥത്തിൽ മനസിലാക്കാൻ ഉള്ളതല്ല. കാരണം, അവൻ വിശ്വസിച്ചിരുന്നു; അവൻ സംശയിച്ചില്ല. അവൻ പൊള്ളയായ ഞാങ്ങണപോലെ ആയിരുന്നില്ല; മൃദുല വസ്ത്രം ധരിച്ചിരുന്നുമില്ല. അത്തരക്കാർ മരുഭൂമിയിലല്ല, *രാജകൊട്ടാരങ്ങളിലാണ് പാർക്കുന്നത്. അവൻ ഒരു പ്രവാചകനാണ്, പ്രവാചകന്മാരേക്കാൾ വലിയവനാണ്* (11:9). പ്രവാചകന്മാർ രാജാവിൻെറ ആഗമനത്തെപ്പറ്റി പറഞ്ഞു; എന്നാൽ, 'പ്രവാചകന്മാർ പ്രവചിച്ചത് ഇവനെപറ്റിയാണ്' എന്നു പറയാൻ യോഹന്നാൻ മാത്രമേ യോഗ്യനായി തീർന്നുള്ളു. *അവൻ പ്രവാചകന്മാരേക്കാൾ വലിയവനാണെങ്കിൽ, അവൻ കാറ്റിൽ ആടുന്ന ഞാങ്ങണയല്ല.*

**5.** തൻെറ ജീവിതയാത്ര പൂർത്തിയായി എന്നു കണ്ട യോഹന്നാൻ. തൻെറ അജഗണത്തെ പ്രധാന ഇടയന് ഭരമേല്പിച്ചു. തൻെറ നാഥനെപ്പോലെയായിരുന്നു ഇത്. അവിടുന്ന് മരിക്കുമ്പോൾ തൻെറ അജഗണത്തെ പ്രധാനപ്പെട്ട അജപാലകനെ ഭരമേല്പിച്ചു. അവൻെറ വായ് അവനെ ഏറ്റുപറഞ്ഞു; അവൻെറ കണ്ണുനീര് ഒരച്ചാരവുമായിരുന്നു. തനിക്കു തൻെറ അജഗണത്തോടുള്ള താല്പര്യം മഹാഇടയൻ ഇപ്രകാരം വെളിപ്പെടുത്തി. ആത്മാർത്ഥമായ അച്ചാരം ലഭിച്ചതിനുശേഷം മാത്രമേ അവിടുന്നു തൻെറ ചെറിയ അജഗണത്തെ അവസാനമായി അതിൻെറ ഇടയന് ഭരമേല്പിച്ചുള്ളു. തൻെറ മൂന്നു തള്ളിപ്പറയലിനു പകരമായി (യോഹ 21:15-17) വിശ്വസനീയ അച്ചാരമായി ശെമഓൻ മൂന്ന് ഏറ്റുപറച്ചിലുകൾ നടത്തി. അതുകൊണ്ട്, *നീ എന്നെ സ്നേഹിക്കുന്നുവോ?* എന്ന് തൻെറ നാഥൻ ചോദിച്ചപ്പോൾ, അവനിൽനിന്ന് അവൻെറ യഥാർത്ഥ സ്നേഹം ലഭിക്കുക നമ്മുടെ കർത്താവിന് ആവശ്യമായിരുന്നു. അങ്ങനെ, തൻെറ സ്നേഹത്തിൻെറ അച്ചാരം നൽകിയ ശേഷം ശെമഓന്, യേശുവിൻെറ അജഗണത്തിൻെറ ചുമതല ലഭിച്ചു. അവൻെറ വായ് ഏറ്റുപറയുന്നെന്നും അവൻെറ കണ്ണുനീർ മുദ്രയാണെന്നും കർത്താവ് കണ്ടപ്പോൾ, ഇടയന്മാർക്ക് സജ്ജമാക്കിയിരിക്കുന്ന

www.malankaralibrary.com



പ്രതിഫലം അവനു നല്കി; അതായത്, മരണം. കാരണം, അജപാലകർക്കും ഇടയന്മാർക്കും ഉള്ള വിജയകിരീടം ഇതാകുന്നു. ശെമഓൻെറ സ്നേഹത്തിൻെറ അച്ചാരം തനിക്കു ലഭിക്കുന്നതുവരെ, അവന് നിശ്ചയിച്ചിരുന്ന മരണത്തിൻെറ അംശം നൽകാൻ കർത്താവിനു കഴിഞ്ഞില്ല. അതുപോലെ, തൻെറ ചെറിയ അജഗണത്തോടുള്ള സ്നേഹമില്ലായിരുന്നെങ്കിൽ, നമ്മുടെ കർത്താവ് തൻെറ ജീവൻ അവർക്കുവേണ്ടി നൽകുകയില്ലായിരുന്നു.

6. നമ്മുടെ കർത്താവിന് സൗഖ്യദായകശക്തി പ്രയോഗിക്കാനാവും എന്ന് തന്നിലുണ്ടായിരുന്ന പരിശുദ്ധാത്മാവിലൂടെ യോഹന്നാൻ കണ്ടു. നമ്മുടെ കർത്താവിന് എപ്പോഴും ഈ ശക്തി ഉണ്ടായിരുന്നെങ്കിലും, രോഗശാന്തി ആഗ്രഹിച്ചവർക്കെല്ലാം എപ്പോഴും അവനിൽ വിശ്വാസം ഇല്ലാതെപോയി. തദ്ഫലമായി, അവനാണ് സത്യമിശിഹാ എന്നതിന് ഇവർക്കെല്ലാം തെളിവ് ലഭിച്ചുകൊണ്ടിരുന്നപ്പോഴാണ് യോഹന്നാൻ തൻെറ ശിഷ്യരെ അവൻെറ പക്കലേക്ക് അയച്ചത്. തൻെറ ചെറിയ സമൂഹത്തിന് സ്വസ്ഥത ലഭിക്കാനും ഈ ഇടയൻ തൻെറ ബലം കാണിക്കാനുമായി, എല്ലാറ്റിനെയും ഭരിക്കുന്നവൻെറ കൈകളിൽ തൻെറ സമൂഹത്തെ സമർപ്പിക്കുന്നു എന്ന് അവരെ അയച്ചവൻ കാണിച്ചു. *പ്രവാചകരെക്കാൾ വലിയവനാണ് ഇവൻ* എന്ന് നമ്മുടെ കർത്താവ് സാക്ഷ്യപ്പെടുത്തിയതിനാൽ, യോഹന്നാൻ സംശയഗ്രസ്തനായിരുന്നില്ല എന്നു തീർച്ച. പ്രവാചകത്വം മനുഷ്യരുടെ ഇടയിൽ മഹനീയസ്ഥാനമായതിനാൽ, *യോഹന്നാൻ എല്ലാ പ്രവാചകന്മാരേക്കാൾ വലിയവനാകയാൽ,* അവൻെറ ബഹുമാനം എത്ര വലുതായിരിക്കും? അവൻെറ പൗരോഹിത്യം നിമിത്തമാകാം ഒരുപക്ഷേ കർത്താവ് ഇപ്രകാരം പറഞ്ഞത്. എന്നാൽ മറ്റ് പുരോഹിതന്മാരും ഉണ്ടായിരുന്നല്ലോ! അഥവാ, അവൻെറ നീതി നിമിത്തമാണോ? എന്നാൽ മറ്റ് നീതിമാന്മാരും ഉണ്ടായിരുന്നല്ലോ!

## യോഹന്നാനേക്കാൾ വലിയവൻ ഉണ്ടായിട്ടില്ല

7. സ്ത്രീകളിൽനിന്നു പിറന്ന എല്ലാവരെയും ഉല്ലംഘിച്ച ഈ മഹത്വം എന്താണ്? *ഇതാ, ഞാൻ എൻെറ ദൂതനെ നിൻെറ മുമ്പിൽ അയയ്ക്കുന്നു* എന്ന് പ്രവാചകൻ പറഞ്ഞതല്ലേ അത്? (മലാ 3:1). അവൻെറ പേരുകൊണ്ടുമാത്രമല്ല, അവൻെറ ജീവിതരീതികൊണ്ടുംകൂടി അവൻ *ദൂതൻ* എന്നു വിളിക്കപ്പെട്ടു. അവൻ എല്ലാ ലൗകിക കാര്യങ്ങളെയും നിന്ദിക്കുകയും സ്വർഗീയകാര്യങ്ങളിൽ ശ്രദ്ധാലുവായിരിക്കുകയും ചെയ്തതി

www.malankaralibrary.com



നാൽ, അവൻെറ ബഹുമാനം മാലാഖമാരുടേതിനേക്കാൾ കുറഞ്ഞതായിരുന്നില്ല എന്ന് സൂക്ഷ്മപരിശോധനയിൽ നിന്നു വ്യക്തമാകും. പന്ത്രണ്ടു പ്രവാചകരിൽ ഒരാൾ മാലാഖി[47] എന്നു വിളിക്കപ്പെട്ടിരുന്നു എന്നു നീ പറഞ്ഞാൽ, സാധാരണയായി മറ്റു നാമങ്ങൾ നൽകപ്പെടുന്നതുപോലെ, അവൻെറ മാതാപിതാക്കൾ നൽകിയതു മാത്രമാണ് ഈ നാമം. മാതാപിതാക്കൾ നൽകുന്ന നാമം ഒന്ന്, ഒരുവൻെറ പ്രവൃത്തികൾക്കു പ്രതിഫലമായി ദൈവം നൽകുന്ന ബഹുമാനം മറ്റൊന്ന്. ദിവ്യദർശനത്താലാണ് അവൻെറ മാതാപിതാക്കൾ അവനെ മാലാഖി എന്ന് വിളിച്ചത് എന്നു നീ പറഞ്ഞാൽ, നാം അതേപ്പറ്റി തർക്കിക്കുന്നില്ല. എന്നാൽ കർത്താവ് യോഹന്നാനെപ്പറ്റി സാക്ഷ്യം നൽകിയിട്ടുണ്ട്. *സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ അവനേക്കാൾ വലിയവനില്ല* (മത്താ 11:11). വിശുദ്ധനായി തീരുന്നയാൾ മഹത്ത്വീകരിക്കപ്പെടുന്നു; നീതിമാനായി തീരുന്നയാൾ ബഹുമാനിക്കപ്പെടുന്നു; ബുദ്ധിയും ശക്തിയും ഉള്ളയാൾ കൂടുതൽ ബഹുമാനത്തിന് അർഹനാണ്. എന്നാൽ ഇവയെല്ലാം ഒത്തുചേർന്ന് ഒരാളിൽ ഒരേസമയം ഉണ്ടായാൽപോലും, ദൈവത്തെ സ്നേഹിക്കുകയും ദൈവത്താൽ അറിയപ്പെടുകയും ചെയ്യുന്നവനുമായി അവനെ താരതമ്യപ്പെടുത്താനാവില്ല. ഇപ്രകാരം ഉള്ളയാൾ മനുഷ്യരെ ഉല്ലംഘിക്കുകയും മാലാഖമാരുടെ ഗണത്തിൽ നില്ക്കുകയും ചെയ്യുന്നു.

**8.** *എന്നാൽ സ്വർഗരാജ്യത്തിലെ ഏറ്റവം ചെറിയവൻ അവനേക്കാൾ വലിയവനാകുന്നു* (മത്താ 11:11). സ്വർഗരാജ്യത്തിലെ ഏറ്റവും ചെറിയ വിശ്വാസി യോഹന്നാനേക്കാൾ വലിയവനാണ് എന്ന്, കാര്യം ഗ്രഹിക്കാത്തവർ പറയുന്നു. എന്നാൽ ദൈവത്തിൻെറ പരിശുദ്ധനായ യോഹന്നാനെപ്പറ്റി നമുക്കിങ്ങനെ പറയാതിരിക്കാം. കാരണം, രാജസന്നിധിയിൽ നില്ക്കുന്നവനെ അവമാനിക്കുന്നവൻ രാജാവിനുതന്നെ ബഹുമാനം നിഷേധിക്കുന്നു; പുരോഹിതനെ നിന്ദിക്കുന്നവൻ അവൻെറ കർത്താവിനോട് വെറുപ്പു കാട്ടുന്നു. തൻെറ തെരഞ്ഞെടുക്കപ്പെട്ടവർക്കായി ഈ നല്ല വസ്തുക്കൾ അവിടുന്ന് സജ്ജമാക്കിയതിനാൽ യോഹന്നാൻെറ വലിപ്പത്തെപ്പറ്റി പറഞ്ഞതിലൂടെ, തൻെറ അത്ഭുതാവഹമായ കൃപയെപ്പറ്റി പ്രഖ്യാപിക്കാൻ കർത്താവ് ആഗ്രഹിച്ചു. യോഹന്നാൻ വലിയവനും പ്രസിദ്ധനുമായത് ഈ ഡിഗ്രിയിൽ ആണെങ്കിൽ പോലും, സ്വർഗരാജ്യത്തിലെ ഏറ്റവും ചെറിയവരുമായി താരതമ്യപ്പെടു

---

47. *മാലാഖി* എന്നാൽ *എൻെറ മാലാഖ, എൻെറ ദൂതൻ* എന്നൊക്കെ അർത്ഥം പറയാം.

www.malankaralibrary.com



ത്തുമ്പോൾ അവൻെറ ബഹുമാനം കുറവാണ്. ഇത് ശ്ലീഹാ പറഞ്ഞതുമായി ഒത്തുപോകുന്നതാണ്: *നാം വളരെ കുറച്ചുമാത്രമായും ഭാഗികമായും അറിയുന്നു; നാം കുറച്ചുമാത്രമായും ഭാഗികമായും പ്രവചിക്കുന്നു; കണ്ണാടിയിൽകൂടി എന്നവണ്ണം നാം കാണുന്നു; പൂർണത വരുമ്പോൾ, അപൂർണമായത് ഇല്ലാതാകും* (1 കോറി 13:9-12).

**9.** യോഹന്നാൻ വലിയവൻ ആയിരുന്നു; കാരണം, അവൻ കർത്താവിനെ തിരിച്ചറിഞ്ഞു; *ഇതാ, ദൈവകുഞ്ഞാട്* എന്നു പറയുകയും ചെയ്തു (യോഹ 1:29.36). എന്നാൽ അർഹതയുള്ളവർക്ക് വെളിപ്പെടുത്തപ്പെടാനിരിക്കുന്ന മഹത്ത്വത്തോടു തുലനം ചെയ്യുമ്പോൾ ഈ വലിപ്പം തുലോം തുച്ഛമാണ്. യോഹന്നാൻ ഈ ലോകത്തിൽനിന്ന് വേർപെട്ടു കഴിയുമ്പോൾ, രാജ്യത്തിലെ ഏറ്റവും ചെറിയവൻ അവനേക്കാൾ വലിയവൻ ആയിരിക്കും എന്ന് കർത്താവിൻെറ വാക്കുകൾ അർത്ഥമാക്കുന്നില്ല. പിന്നെയോ, ഇവിടെ താഴെയുള്ള വലിയവയും അത്ഭുതാവഹവുമായ എല്ലാ സംഗതികളും മുകളിലുള്ള ആ നല്ല വസ്തുക്കളുമായി താരതമ്യപ്പെടുത്തുമ്പോൾ, അവയുടെ നിസ്സാരതയിൽ വെളിപ്പെടും; ഇല്ലായ്മയായി കാണപ്പെടുകയും ചെയ്യും. അതുകൊണ്ടാണ്, *സ്വർഗരാജ്യത്തിലെ ഏററവും ചെറിയവൻ അവനേക്കാൾ വലിയവനാകുന്നു* എന്ന് അവിടുന്നു പറഞ്ഞത് (മത്താ 11:11).

**10.** *സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ഇല്ല* എങ്കിൽ, നമ്മുടെ കർത്താവ് ജനിച്ചവനാണ് എന്ന സംഗതി എങ്ങനെയാണ്? നമ്മുടെ കർത്താവ് തീർച്ചയായും യോഹന്നാനേക്കാൾ വലിയവനാണല്ലോ എന്ന് ആരെങ്കിലും ചോദിച്ചേക്കാം. എന്നാൽ നമ്മുടെ കർത്താവ് തന്നെപ്പറ്റിയല്ല സംസാരിച്ചത്, താൻ പരാമർശിക്കുന്നവരുമായി തന്നെത്തന്നെ അവിടുന്നു താരതമ്യപ്പെടുത്തിയുമില്ല. കാരണം, അവിടുന്ന് കന്യകയുടെ പുത്രനായിരുന്നു; വിവാഹബന്ധത്തിൽ ഉണ്ടായ പുത്രനല്ല. അതുകൊണ്ട്, *രാജ്യത്തിലെ ചെറിയവൻ* എന്നത് യേശുവിനെപറ്റിയോ, പ്രത്യേകം സൂചിപ്പിക്കുന്ന ഏതെങ്കിലും ആളിനെപ്പറ്റിയോ അല്ല. എല്ലാവരെപ്പറ്റിയുമുള്ള ഒരു പൊതു ഫോർമുലയാണിത്. എങ്കിലും ഇത് ഏലിയായേപ്പറ്റിയാണ് പറഞ്ഞത് എന്ന് *വേറെ ചിലർ* ചിന്തിക്കുന്നു.

**11.** ഈ ലോകത്തിലെ മഹാദാനങ്ങളായ പ്രവാചകത്വം, പൗരോഹിത്യം, നീതി എന്നിവയ്ക്ക് യോഹന്നാൻ അർഹനായി കാണപ്പെട്ടു എന്നു നമുക്കു പറയാം. കർത്താവ് അരുൾചെയ്തു: സ്വർഗീയ പിതാവ്

www.malankaralibrary.com



നിങ്ങൾക്ക് അയച്ചതും, തൻെറ അറിവും വിശ്വാസവും നിമിത്തം മറ്റെല്ലാവരെക്കാളും വലിയവനും സ്തുത്യർഹനും ശ്രേഷ്ഠനും പരോപകാരിയും നീതിമാനുമായ ഈ മനുഷ്യൻ രാജ്യത്തിലെ ഏറ്റവും ചെറിയവനേക്കാൾ പ്രാധാന്യം കുറഞ്ഞവൻ ആണ്. 'യോഹന്നാനെ ജയിൽ വിമുക്തനാക്കാനാണ് പ്രവാചകരുടെ പ്രവചനത്തെപ്പറ്റി കർത്താവു സംസാരിച്ചത്' എന്ന് *വേറെ ചിലർ* പറയുന്നു: *സ്ത്രീകളിൽനിന്നു ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ഇല്ല.* പ്രവാചകരെയാണ് *സ്ത്രീകളിൽനിന്നു ജനിച്ചവരിൽ* എന്ന് അവൻ വിളിക്കുന്നത്. *നിയമവും പ്രവാചകന്മാരും യോഹന്നാൻവരെ ആയിരുന്നു* എന്ന് അവിടുന്നു പറയുന്നു (ലൂക്കാ 16: 16). അതുകൊണ്ട്, യോഹന്നാൻ, മോശയേക്കാളും പ്രവാചകന്മാരേക്കാളും വലിയവനാണ്. നിയമത്തിന് പുതിയ നിയമത്തിൻെറ ആവശ്യം ഉണ്ടെന്ന് ഇതിൽനിന്ന് വ്യക്തമാണല്ലോ. കാരണം, പ്രവാചകരേക്കാൾ വലിയവൻ കർത്താവിനോട് ഇപ്രകാരം പറഞ്ഞു: *ഞാൻ നിന്നിൽനിന്നു സ്നാനം ഏല്ക്കുന്നത് ഉചിതമാകുന്നു* (മത്താ 3:4).

**12.** യോഹന്നാൻ ഒരു വരത്തിലൂടെ ഗർഭസ്ഥിതനായി; അത്ഭുതങ്ങളിലൂടെ പിറന്നു; ജീവദാതാവിനെപ്പറ്റി മുൻകൂട്ടി അറിയിച്ചു; പാപമോചനത്തിനായി സ്നാനം നൽകി. അതുകൊണ്ടുകൂടിയും അവൻ വലിയവനാണ്. പാപമോചനം പ്രസംഗിച്ചവൻ, പാപങ്ങളെ നീക്കുന്ന നിയമത്തിൻെറ ബന്ധനങ്ങൾ അഴിച്ചിരുന്നു. അതുകൊണ്ടാണ്, *സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ അവനേക്കാൾ വലിയവൻ ഇല്ലാത്തത്;* നിയമം അവതരിപ്പിച്ച ശിക്ഷയിൽനിന്നുള്ള മോചനം അവൻ പ്രസംഗിച്ചു. പ്രവാചകന്മാരേക്കാൾ വലിയവൻ വന്നപ്പോൾ, കൃപയിലൂടെ നിയമത്തേക്കാൾ വലിയ കാര്യം ഉദ്ഘാടനം ചെയ്യാനായി, നിയമത്തിൻെറ ബന്ധനങ്ങൾ അഴിച്ചുകളഞ്ഞു. യോഹന്നാൻ നിയമത്തിൻെറ ബന്ധനങ്ങൾ അഴിച്ചു; നമ്മുടെ കർത്താവ് യോഹന്നാൻെറ മരണത്തിൻെറ ബന്ധനങ്ങൾ അഴിച്ചു.

പ്രകൃതിയുടെയും നിയമത്തിൻെറയും എന്ന രണ്ട് വിധിവാചകങ്ങളിൽനിന്നും നാം എപ്രകാരം വിടുവിക്കപ്പെട്ടു എന്നു കാണുവിൻ. വിശ്വാസം വാഗ്ദാനം ചെയ്തിരിക്കുന്നവ ക്ഷമ യാഥാർത്ഥ്യമാക്കുന്നതിന് വിശ്വാസം നമുക്കു മുൻപേ പോകുന്നു, ക്ഷമ നമ്മെ അനുഗമിക്കുന്നു. ഏലിയായുടെ വായിൽ നല്ല കാര്യങ്ങൾ ഉണ്ടായിരുന്നു; കാരണം, അവൻെറ വായ് നല്ല സംഗതികളുടെ കവാടമായിരുന്നു. അതുപോലെ,

www.malankaralibrary.com



യോഹന്നാൻെറ വായ്, കെട്ടുകയും അഴിക്കുകയും ചെയ്തു. അത് മോചനത്തിലൂടെ പാപങ്ങളെ തിരുത്തി; മോചനത്തിനായി വെള്ളത്തെ വിശുദ്ധീകരിച്ചു. മോശ ജനത്തെ യോർദാൻവരെ എത്തിച്ചു; നിയമം മനുഷ്യരാശിയെ യോഹന്നാൻെറ മാമോദീസാവരെ എത്തിച്ചു.

**13.** *സ്ത്രീകളിൽനിന്നു ജനിച്ചവരിൽ* കർത്താവിൻെറ മുമ്പിൽ വന്നവരിൽ, *യോഹന്നാനേക്കാൾ വലിയവൻ* ഇല്ലെങ്കിൽ, കർത്താവ് കാൽ കഴുകുകയും തൻെറ ആത്മാവിനെ വർഷിക്കുകയും ചെയ്തവർ എത്ര കൂടുതലായി വലിയവർ ആയിരിക്കണം? കർത്താവിനെ സ്നാനപ്പെടുത്തിയതിനാൽ യോഹന്നാൻ വലിയവൻ ആയിരുന്നെങ്കിൽ, അവൻെറ മടിയിൽ ചാരിക്കിടന്നവൻ എത്ര കൂടുതലായി വലിയവൻ ആയിരിക്കും? താൻ പാദം കഴുകിയ ഒറ്റുകാരൻ യൂദാസിലൂടെ അവിടുന്ന് ശ്ലീഹന്മാരുടെ സ്ഥലത്തെയും എണ്ണത്തെയും പോലും ബഹുമാനിച്ചു. കർത്താവിനെ സ്നാനപ്പെടുത്തിയതിനാൽ ശേഷം എല്ലാവരെക്കാളും യോഹന്നാൻ വലിയവനായിരുന്നെങ്കിൽ, കർത്താവു പാദം കഴുകിയ ശ്ലീഹന്മാർ അവനേക്കൾ വലിയവരായിരിക്കണം. അതുകൊണ്ട്, യൂദാസ് ജനിക്കാതിരുന്നെങ്കിൽ അവനു നന്നായിരുന്നു. കാരണം, യോഹന്നാനേക്കാൾ തന്നെ വലിയവനാക്കിയവനോട് അവൻ ദുഷ്ടതയോടുകൂടി പ്രവർത്തിച്ചു. പിന്നെ എല്ലാവരേക്കാളും യോഹന്നാൻ വലിയവനായിരുന്നു; എന്നാൽ യൂദാസിൻെറ സ്ഥാനം ഏറ്റെടുത്ത ഏറ്റവും ചെറിയവൻ അവനേക്കാൾ വലിയവനായിരുന്നു. അവൻ യൂദാസിൻെറ സിംഹാസനം അവകാശപ്പെടുത്തിയതുപോലെ, അവൻെറ കഴുകലും അവകാശപ്പെടുത്തി. *അവിടെ ഒരു സമാധാനപുത്രൻ ഉണ്ടെങ്കിൽ* എന്ന് അവിടുന്നു പറഞ്ഞു. *ഇല്ലെങ്കിൽ നിങ്ങളുടെ ആശംസ നിങ്ങളിലേക്ക് തിരിച്ചുവരും* (ലൂക്കാ 10:6).

**14.** യോഹന്നാൻെറ മുൻഗാമികളെപ്പറ്റിയാണ് സംസാരിക്കുന്നത് എന്നു കാണിക്കാനാണ് *സ്ത്രീകളിൽനിന്നു ജനിച്ചവരിൽ ആരുമില്ല* എന്ന് അവിടുന്നു പറഞ്ഞത്. അവൻെറ മുൻഗാമികളും പ്രസംഗകരും അറിയിപ്പുകാരുമായ പ്രവാചകന്മാരെപ്പറ്റി അവിടുന്ന് നേരത്തെ പരാമർശിച്ചിരുന്നു. എന്നാൽ, വെള്ളംകൊണ്ട് സ്നാനം നൽകുന്നവനേക്കാൾ വലിയവരായിരിക്കും ആത്മാവിൽ സ്നാനപ്പെടുത്തുന്നവർ എന്ന് പില്ക്കാല അറിയിപ്പുകാരെപ്പറ്റി അവിടുന്നു വെളിപ്പെടുത്തി. *അവൻ വളരുകയും ഞാൻ കുറയുകയും വേണം* (യോഹ 3:30). അതുകൊണ്ട്, നമ്മുടെ കർത്താവ് തൻെറ ശ്ലീഹന്മാരാൽ ബഹുമാനിതനായി; കാരണം, *ദൈവം*

www.malankaralibrary.com



*തന്റെ പുത്രനു നൽകിയത് അളന്നല്ല* (3:34).[48] മോശ മറ്റെല്ലാവരേക്കാളും വലിയവനായിരുന്നതുപോലെ, ശ്ലീഹന്മാർ മറ്റെല്ലാവരേക്കാളും വലിയവരായിരുന്നു. കർത്താവിന്റെ മുമ്പിൽ വഴിയൊരുക്കിയതിലൂടെ യോഹന്നാൻ ബഹുമാനിക്കപ്പെട്ടെങ്കിൽ, കർത്താവ് ശുശ്രൂഷിക്കുകയും വഴിയൊരുക്കുയും ചെയ്തവർ എത്രയധികം വലിയവരായിരിക്കും? *നിങ്ങൾക്കു മുമ്പേ എന്നെ അവർ വെറുത്തു എന്ന് അറിഞ്ഞുകൊള്ളുവിൻ* (15:18). അവിടുന്ന് ഈ ലോകത്തിൽ പഠിപ്പിച്ചവയൊക്കെ അവിടുന്നുതന്നെ ആദ്യമായി ചെയ്തു. *ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം* അവർ തീർച്ചയായും ചെയ്കയും അനുസരിക്കുകയും ചെയ്യും (മത്താ 28:20). അവിടുത്തെ എളിയ ആഗമനത്തിന് വഴിയൊരുക്കിയതിനാൽ യോഹ ന്നാൻ ബഹുമാനിക്കപ്പെട്ടെങ്കിൽ, ഇറങ്ങിനടന്ന് തന്റെ വലിയ ആഗമനത്തിനുമുമ്പ് പാതയൊരുക്കിയ ശ്ലീഹന്മാർ എത്രയധികമായി ബഹുമാനിക്കപ്പെടും?

**14a.** *സ്ത്രീകളിൽനിന്നു ജനിച്ചവരിൽ അവനേക്കാൾ വലിയവർ ആരുമില്ല* (മത്താ 11:11). പ്രവാചകരെ സംബന്ധിച്ച്, സ്ത്രീയിൽനിന്നു ജനിച്ചെങ്കിലും അവരേക്കാൾ അവൻ വളരെ ശ്രേഷ്ഠനായിരുന്നു; എന്നാൽ ആത്മാവിൽനിന്നു ജനിച്ചവരേക്കാൾ അവൻ ചെറിയവനായിരുന്നു. അവരെപ്പറ്റി സുവിശേഷകൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു: *അവനെ സ്വീകരിച്ചവർക്ക് ദൈവമക്കളാകുവാൻ അവൻ അധികാരം നല്കി* (യോഹ 1:12). യോഹന്നാൻ അനുതാപത്തിന്റെ സ്നാനം പ്രസംഗിച്ചു; എന്നാൽ ഇവർ പാപമോചനത്തിനുള്ള സ്നാനവും.

**15.** യോഹന്നാൻ വലിയവനായിരുന്നു; കാരണം, അവൻ കർത്താവിനെ സ്നാനപ്പെടുത്തി. *തങ്ങളുടെ സ്വന്തം കണ്ണുകൊണ്ട് അവനെ കാണാൻ പ്രവാചകന്മാർ ആഗ്രഹിച്ചു* (മത്താ 13:17). തങ്ങളുടെ സ്വന്തം കണ്ണുകൊണ്ട് കാണാനുള്ള സൗഭാഗ്യം ശ്ലീഹന്മാർക്കു ലഭിച്ചു. അപ്പോൾ അവനെ സ്നാനപ്പെടുത്തിയവൻ എത്ര വലിയവൻ ആയിരിക്കും? ഓരോരുത്തനും തനിക്കിഷ്ടമുള്ള വിധമാണ് ഈ വാക്കു കേൾക്കുന്നത്. യോഹന്നാൻ പ്രവാചകന്മാരേക്കാൾ വലിയവനാണ് എന്ന് കർത്താവ് പറഞ്ഞു; പ്രവാചകന്മാരെ *സ്ത്രീകളിൽനിന്നു ജനിച്ചവർ* എന്ന് അവിടുന്നു വിളിക്കുകയും ചെയ്തു. *സ്വർഗരാജ്യം പ്രഘോഷിക്കുന്ന ഇവ*

48.. പുരാതന സുറിയാനി പാഠഭേദം.

www.malankaralibrary.com



*രിലെ ഏറ്റവും ചെറിയവൻ അവനേക്കാൾ വലിയവനാണ്* (11:11). കർത്താവിനെ സ്നാനപ്പെടുത്തിയതിനാൽ യോഹന്നാൻ വലിയവനാണെങ്കിൽ, ശ്ലൈഹികതിത്തിനു തെരഞ്ഞെടുക്കപ്പെട്ട ആ ഏറ്റവും ചെറിയവർ അവനേക്കാൾ വലിയവരാണ്. യോഹന്നാൻ പ്രവാചകന്മാരേക്കാൾ വലിയവനായിരുന്നു. അവനു ലഭിച്ച വലിപ്പം അവൻെറ സ്വന്ത ഇഷ്ടത്താൽ കൈവന്നതല്ല; പിന്നെയോ, അവനെ വലിയവൻ ആക്കിയവനിൽ നിന്നു വന്നതാണ്. സ്വർഗരാജ്യത്തിൽ പ്രവേശിക്കാൻ താല്പര്യം ഉണ്ടെങ്കിൽ, മനുഷ്യകുലത്തിലെ ഏറ്റവും ചെറിയവനും അവനേക്കാൾ വലിയവനാണ്. *കാരണം, ഓരോരുത്തനും തൻെറ അധ്വാനത്തിനനുസൃതം പ്രതിഫലം കിട്ടും* (1 കോറി 3:8).

തെരഞ്ഞെടുക്കപ്പെട്ടതിനാലാകാം ശ്ലീഹന്മാർ വലിയവർ ആയത്; തങ്ങളിൽ നിന്ന് ആവശ്യപ്പെട്ട ആ സംഗതികളിലൂടെ പ്രവാചകന്മാരും. എന്നാൽ ആരാണ് കൂടുതൽ അധ്വാനിച്ചത് എന്ന കാര്യം വ്യക്തമായിരിക്കണം. ഇത് രഹസ്യകാര്യമൊന്നുമല്ല; കാരണം, ഇതിലൂടെയാണ് മനുഷ്യർ പേരും പെരുമയും നേടുന്നത്. അതായത്, ഒരാൾ മറ്റൊരാളേക്കാൾ കൂടുതൽ അധ്വാനിക്കുന്നു. റാങ്കിൽ കൂടിയവർ ഉണ്ടായിരുന്നാൽ പോലും, വലിപ്പം യഥാർഥത്തിൽ അടങ്ങിയിരിക്കുന്നത് ഇതിലാണ്.

**16.** സ്നാപകയോഹന്നാനേക്കാൾ വലിയവനായി രാജ്യത്തിൽപോലും ആരുമില്ലെന്ന് മനുഷ്യമനസ്സ് എടുത്തുചാടി അനുമാനിച്ചു. അതുകൊണ്ട് എഴുതപ്പെട്ടിരിക്കുന്ന ഒരു വചനം കൊണ്ട് നമ്മുടെ കർത്താവ് അവർക്ക് വ്യക്തമാക്കിക്കൊടുത്തു. നമ്മുടെ കർത്താവിനെ സ്നാനപ്പെടുത്തിയതിനാൽ, നീ അവനെ തൻെറ മുൻഗാമികളേക്കാൾ വലിയവൻ ആക്കുന്നെങ്കിൽ, തൻെറ പിൻഗാമികളേക്കാളും അവൻ വലിയവൻ ആയിരിക്കും. ഭൂമിയിലെ വലിപ്പം അനുസരിച്ചാണ് സ്വർഗത്തിലെ വലിപ്പം എങ്കിൽ, യോഹന്നാൻെറ കാര്യത്തിൽ എന്തു വലിപ്പം ആണ് അവിടെ കണ്ടെത്തുക? കുരിശിൻെറ കിരീടമല്ലേ കൂടുതൽ മഹത്ത്വമേറിയത്? കാരണം, ഇപ്പോഴും ഈ ലോകത്തിൽ മനുഷ്യർ ക്രൂശിക്കപ്പെടുന്നുണ്ടല്ലോ.

അപ്പോൾ, നമ്മുടെ കർത്താവ് യോഹന്നാനെ ബഹുമാനിച്ച വലിപ്പം എന്താണെന്ന് അന്വേഷിക്കുക. തെരഞ്ഞെടുപ്പും സ്വതന്ത്രേച്ഛയും തമ്മിലുള്ള ബന്ധത്തെപ്പറ്റിയാണ് അവിടുന്നു സംസാരിക്കുന്നത് എന്ന് ഗ്രഹിക്കാനായി ഒരു വാതിൽ നിങ്ങൾക്കായി തുറക്കപ്പെടുന്നതു കാണുക. യോഹന്നാൻ തെരഞ്ഞെടുക്കപ്പെട്ടതിനാൽ അവൻ

www.malankaralibrary.com



വലിയവനായിരുന്നു; എങ്കിലും അവനേക്കാൾ കൂടുതൽ അധ്വാനിക്കുന്നവൻ അവനേക്കാൾ വലിയവനാണ്. തന്റെ മുൻഗാമികളേക്കാൾ അവനെ വലിയവനാക്കിയ സംഗതി തന്നെയാണ് തന്റെ പിൻഗാമികളേക്കാൾ അവനെ വലിയവനാക്കിയത്. തങ്ങളുടെ സ്വതന്ത്രേച്ഛ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നവർ വലിയവരായി തീർന്നതിനേക്കാൾ താഴെയാണ്, തന്റെ മുൻഗാമികളെക്കാളും പിൻഗാമികളെക്കാളും അവനെ വലിയവനാക്കിയ സംഗതി. തന്റെ പ്രവൃത്തികൾ നിമിത്തമല്ല യോഹന്നാൻ താണവനായത്. പിന്നെയോ, ഇവിടെ വലിയവരാക്കി തീർക്കുന്ന, പ്രവചനത്തിലേക്കോ രാജ്യത്തിലേക്കോ ഉള്ള ഈ തെരഞ്ഞെടുപ്പ്, രാജ്യത്തിൽ വലിയവരാക്കിതീർക്കുന്ന സ്വതന്ത്രേച്ഛയുടെ തെരഞ്ഞെടുപ്പിനേക്കാൾ ചെറുതായതിനാലത്രേ. തന്റെ സ്വതന്ത്രേച്ഛയുടെ പ്രവർത്തനത്തിലൂടെ രാജ്യത്തിലേക്കു തെരഞ്ഞെടുക്കപ്പെട്ടവന്റെ ബഹുമാനം, മറ്റൊരിച്ഛയാൽ തെരഞ്ഞെടുക്കപ്പെട്ടവന്റേതിനേക്കാൾ വലുതായിരിക്കും. അതുകൊണ്ടാണ്, *സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ഇല്ല എന്ന് ഞാൻ സത്യമായി നിങ്ങളോടു പറയുന്നു* എന്ന് അവൻ പറഞ്ഞത് (മത്താ 11: 11). തന്റെ സ്വന്ത പ്രവൃത്തികളാലല്ല യോഹന്നാൻ വലിയവൻ ആയിത്തീർന്നത്. ദൈവരാജ്യവുമായി ബന്ധപ്പെട്ട മഹത്ത്വം, പ്രവൃത്തികളുടെ വലിപ്പമാണ്.

**17.** തന്റെ ശ്രോതാക്കൾ ആശ്ചര്യപ്പെടുകയും നിരാശപ്പെടുകയും ചെയ്തപ്പോൾ, അവരുടെ തെരഞ്ഞെടുപ്പ് യോഹന്നാന്റേതിനേക്കാൾ വലിയതാണെന്ന് പറഞ്ഞുകൊണ്ട് അവിടുന്ന് അവരെ സമാശ്വസിപ്പിച്ചു. ഒരിക്കൽ തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ, ഇവിടുത്തെ തെരഞ്ഞെടുപ്പനുസരിച്ചായിരിക്കും സ്വർഗത്തിലെ വലിപ്പം എന്ന് അവർ ചിന്തിച്ചു. *രാജ്യത്തിൽ ആരായിരിക്കും ഏറ്റവും വലിയവൻ* എന്ന് അവർ തർക്കിച്ചു (മത്താ 18:1). അവർ സംസാരിച്ചുകൊണ്ടിരുന്ന, തെരഞ്ഞെടുപ്പിനെപ്പറ്റിയുള്ള സംഗതി നമ്മുടെ കർത്താവ് മാറ്റി വച്ചിട്ട് സ്വതന്ത്രേച്ഛയെ അവതരിപ്പിച്ചു; *തന്നത്താൻ താഴ്ത്തുന്നവൻ* (മത്താ 18:4). അത് കൂടുതലായി മാറ്റിവയ്ക്കുന്നതിനായി, തെരഞ്ഞെടുപ്പിലൂടെ ശെമഓൻ വലിയവൻ ആണെങ്കിൽ പോലും, പേരുപോലും പറയാത്ത, തന്റെ മാർവിൽ ചാരിക്കിടന്ന ശിഷ്യനും വലിയവനാണ് എന്ന് അവിടുന്നു സൂചിപ്പിച്ചു (യോഹ 13:23). ശെമഓൻ എന്നും കേപ്പാ എന്നും രണ്ടുപേരു ലഭിച്ചവനും ഈ സ്വതന്ത്രേച്ഛ ആവശ്യമായിരുന്നു. കൂടാതെ, സൗഭാഗ്യം വർദ്ധിച്ച

www.malankaralibrary.com



ശിഷ്യൻെറ കാര്യത്തിൽ, അവൻെറ പ്രവൃത്തികൾ വഴിയല്ലേ അത് വർധിച്ചത്? (മത്താ 25:21). എന്നാൽ മുന്തിരിത്തോട്ടത്തിൻെറ ഉപമയിലെ *അവസാനത്തവൻ ഒന്നാമനായിരിക്കും* എന്ന വാക്കുകൾ (20:16) അവരുടെ പ്രവൃത്തികൾ കൊണ്ടാണോ കൃപ നിമിത്തമാണോ മനസിലാക്കേണ്ടത്? കാരണം, അവിടുന്നു തൻെറ കൃപ വെളിപ്പെടുത്തുമ്പോൾ, അവൻെറ നീതി നശിക്കുന്നു: *ഒന്നാമൻ അവസാനത്ത*വനാകും.

## 10

## യേശുവിൻെറ കാസാ

**1.** തങ്ങളുടെ ഗ്രൂപ്പിൽ ഒന്നാമത്തവർ എന്നവിധം രണ്ടു ശ്ലീഹന്മാർ തങ്ങൾക്കായി സ്ഥലം തെരഞ്ഞെടുക്കാൻ എത്തിയപ്പോൾ, *ഞാൻ കുടിക്കാൻ പോകുന്ന കാസാ കുടിക്കാൻ നിങ്ങൾക്കു കഴിയുമോ?* എന്ന് നമ്മുടെ കർത്താവ് ആരാഞ്ഞു (മത്താ 20:22). അത്തരം സ്ഥാനങ്ങൾ യഥാർഥത്തിൽ വിലകൊടുത്തു വാങ്ങേണ്ടവയാണെന്ന് കാണിക്കാനാണ് അവിടുന്ന് ഇതു പറഞ്ഞത്. *എന്നെപ്പോലെ. അതുകൊണ്ട്, ദൈവവും അവനെ ഉയർത്തി മഹത്വപ്പെടുത്തി* (ഫിലി 2:9). നമ്മുടെ കർത്താവിനേക്കാൾ, തൻെറ സ്വഭാവം അനുസരിച്ച്, സ്വയം താഴ്ത്തിയവൻ ആരുമില്ല; കാരണം, അവിടുത്തേത് ദൈവികോത്ഭവം ആയിരുന്നു. അത്തരം സ്ഥാനം പ്രവൃത്തികളിലൂടെ മാത്രമേ വാങ്ങാനാവൂ എന്ന് അവർ പഠിച്ചുകഴിഞ്ഞപ്പോൾ, അവിടുന്ന് അരുൾചെയ്തു: പ്രവൃത്തികളിലൂടെയാണ് ഈ സ്ഥാനം കരസ്ഥമാക്കേണ്ടതെന്ന് നിങ്ങൾ ഇപ്പോൾ ഗ്രഹിച്ചല്ലോ. നിങ്ങളേക്കാൾ വേഗത്തിൽ ഓടിയവരോ, ഓടുന്നവരോ കണ്ടേക്കാം. എന്നാൽ പിതാവിൻെറ പദ്ധതിയിൽ, തൻെറ ഓട്ടത്തിൽ മറ്റുള്ളവരെയെല്ലാം ഉല്ലംഘിക്കുന്നത് ആരാണെന്ന് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്; അവൻെറ സ്ഥാനം അവനായി സജ്ജമായിരിക്കുന്നു.

പ്രവൃത്തികൾ കൂടാതെ, തെരഞ്ഞെടുപ്പിലൂടെ മാത്രം സ്ഥാനം സ്വന്തമാക്കാൻ എത്തിയതിനാൽ, നമ്മുടെ കർത്താവ് അത് തള്ളിക്കളഞ്ഞു; ആരും അതേപ്പറ്റി ചോദ്യം ചെയ്യാതിരിക്കാൻ, *ആ നാഴികയെപ്പറ്റി ആരും അറിയുന്നില്ല* എന്ന് അവിടുന്നു പറഞ്ഞതുപോലെ (മത്താ 24: 36) അവരുടെ താല്പര്യം സാധിച്ചുകൊടുക്കാൻ തനിക്കാവില്ല എന്ന്

www.malankaralibrary.com



അവിടുന്നു കാണിച്ചു. *സമയമോ കാലങ്ങളോ, അറിയുക നിങ്ങളുടെ കാര്യമല്ല* (നട 1:7). അവർ പര്യാകുലരായിരുന്നതിനാൽ, അവൻ ചെന്ന് അവർക്കെല്ലാം അതു വിശദീകരിച്ചുകൊടുത്തു. *യജമാനൻ ആകുവാൻ ആഗ്രഹിക്കുന്നവൻ ദാസനായി തീരട്ടെ* (മത്താ 20:26-27). ഇങ്ങനെ ആയിരിക്കണം എല്ലാവർക്കും അധികാരം ഉണ്ടായിരിക്കേണ്ടത്. ഇപ്രകാരം പോരാട്ടത്തിൽ വിജയിക്കുന്നവർ കിരീടം ധരിപ്പിക്കപ്പെടുന്നതിനായി, നമ്മുടെ കർത്താവ് സെബദീപുത്രന്മാരുടെ അപേക്ഷ അവരുടെ മധ്യത്തിൽ ഒരു കിരീടമായി വച്ചു.

**2.** *അവിടുന്നു നമ്മുടെ ഹൃദയവിചാരങ്ങളെ പരിശോധിക്കും, അങ്ങനെ നാം ഓരോരുത്തനും ദൈവത്തിൽനിന്ന് മഹത്ത്വം സമ്പാദിക്കും* എന്നു പറഞ്ഞപ്പോൾ ശ്ലീഹായും ഈ അടിസ്ഥാനത്തിന്മേലാണ് പണിതത് (1 കോറി 4:5). ബാലാം പ്രവചനത്തിനും ഏലിയുടെ പുത്രന്മാർ പൗരോഹിത്യത്തിനും ജറൊബോവാം രാജ്യത്തിനും വേണ്ടി തെരഞ്ഞെടുക്കപ്പെട്ടു. ഇതു നിമിത്തമാണ് *ഞാൻ തന്നെ നിരസിക്കപ്പെടാതിരിക്കാൻ* എന്ന് ശ്ലീഹാ പറഞ്ഞത് (1 കോറി 9:27). ഇങ്ങനെ, തെരഞ്ഞെടുപ്പിന്റെ ഈ സന്ദർഭങ്ങൾ ഉന്നതമായ നിർബന്ധത്തിൽനിന്നു വരുന്നു എന്നതിൽ വലിയ കാര്യമില്ല എന്ന് പൗലോസ് മുന്നോട്ടുവന്നു പഠിപ്പിച്ചു; സ്വതന്ത്രേച്ഛയിൽ നിന്നു വരുന്നതത്രേ വളരെ ഗണ്യമായിട്ടുള്ളത്. ഇത് ഇപ്രകാരമാണ് എന്ന് അറിയുന്നതിന്, *മാലാഖമാരുടെ നാവുകൊണ്ട്* സംസാരിച്ചവന്റെ കാര്യം എടുക്കുക (1 കോറി 13.1). അത് അവനിൽ നിന്നു വന്ന തെരഞ്ഞെടുപ്പായിരുന്നില്ല, പിന്നെയോ, ദൈവത്തിൽ നിന്നായിരുന്നു. എന്നാൽ അവൻ അപരനെ സ്നേഹിക്കണം എന്നത് അവനിൽ നിന്നുതന്നെ വരുന്ന തെരഞ്ഞെടുപ്പാണ്; അതുകൊണ്ട്, ഈ പാത, മറ്റതിനേക്കാൾ ശ്രേഷ്ഠവും മഹനീയവുമാണ്. പ്രവചനവും രഹസ്യങ്ങളും എല്ലാം ഒരാൾ അറിഞ്ഞിരിക്കണമെന്നില്ല; മലകളെ നീക്കണമെന്നുമില്ല. അഥവാ, സ്നേഹം കൂടാതെ, ഹനനിയായേയും ഭാര്യയേയും പോലെ, *എനിക്കുള്ളതെല്ലാം ദരിദ്രർക്ക് ഭക്ഷിക്കാൻ കൊടുത്താലും* (നട 5:1-10); അഥവാ, സ്കറിയോത്താ ചെയ്തതുപോലെ, *എന്റെ ശരീരത്തെ ഞാൻ കയ്യാളിച്ചാലും* ഫലമില്ല (1 കോറി 13:3).

സ്നേഹം ഇല്ലെങ്കിൽ, അവിടുത്തെ തെരഞ്ഞെടുപ്പ് പ്രയോജനരഹിതമാണെന്നും, സ്വതന്ത്രേച്ഛയെ അടിസ്ഥാനമാക്കിയുള്ളവ മാത്രമേ പ്രയോജനപ്രദമാകുന്നുള്ളു എന്നും കാണിക്കാൻ, അവിടുന്നു പറഞ്ഞു: *നിങ്ങളുടെ ദൈവമായ കർത്താവിനെ സ്നേഹിക്കുക. ഇതാണ് ഏറ്റവും*

www.malankaralibrary.com



*വലിയ കല്പന* (മത്താ 22:37-38). കൂടാതെ, *ദരിദ്രർക്കു ഭക്ഷിക്കാൻ കൊടുത്തവൻ* എന്ന ടെക്സ്റ്റ് ഫരിസേയരുടെ നീതി അനുസരിച്ചുള്ളതാണ്; *ഞാൻ എന്റെ ശരീരം ദഹിക്കാനായി ഏല്പിച്ചു കൊടുത്താലും* എന്നത്, *ദൈവത്തിന്റെ പ്രവാചകാ, താഴേക്കിറങ്ങി വരിക എന്ന് രാജാവ് കല്പിക്കുന്നു* എന്ന് ആത്മാർത്ഥതയില്ലാതെ ഏലിയായെ വിളിച്ച അമ്പതു പുരുഷന്മാർ പറഞ്ഞതുപോലെയാണ് (2 രാജാ 1:11). തങ്ങളിൽ ദൈവസ്നേഹം ഇല്ലാതെ, അവരെ അയച്ചവന്റെ പേരിൽ അവർ ദൈവമുമ്പാകെ നിലവിളിക്കുകയും ദൈവത്തിന്റെ അഗ്നിയിൽ വെന്തുപോകാൻ, വലിയ ആകുലതയിൽ എന്നവണ്ണം, തങ്ങളുടെ ശരീരങ്ങൾ കയ്യാളിക്കുകയുമായിരുന്നു. അതുപോലെയാണ് കോറായുടെ ഭവനത്തിന്റെ കാര്യത്തിലും: ദൈവശുശ്രൂഷയ്ക്കു വേണ്ടിയുള്ള തീക്ഷ്ണത കൊണ്ടല്ല അവർ കത്തിച്ചാമ്പലായത് (സംഖ്യ 16:1-35). ഷദ്രാക്കിന്റെയും മേഷാക്കിന്റെയും കാലത്ത്, അവർക്കുണ്ടായ അനുഭവം തങ്ങൾക്കും ഉണ്ടാകാനായി, അഗ്നിയിൽ എറിയപ്പെടാൻ ആഗ്രഹിച്ച അനേകർ ഉണ്ടായിരുന്നു (ദാനി 3:21-23). അബ്രഹാമിന്റെ കാലത്ത്, മാലാഖമാർ തങ്ങളെ സമീപിച്ച് അനുഗ്രഹിക്കുന്നതിനായി, ചിലർ ദരിദ്രരെ തീറ്റിപ്പോറ്റി.

**3.** സത്കർമങ്ങൾ ചെയ്യുന്നവരെ മനുഷ്യർ അനുകരിക്കാറുണ്ട്; ഈ സത്പ്രവൃത്തികളോടുള്ള സ്നേഹം കൊണ്ടല്ല, പിന്നെയോ, അവയുടെ പ്രയോജനം നിമിത്തമാണ്. തങ്ങൾ അർപ്പിച്ച ബലികൾ നിമിത്തം പ്രാർത്ഥനകൾ കേൾക്കപ്പെട്ടു എന്ന് പുരാതനരിൽനിന്ന് ബാലാം കേട്ടിരുന്നതിനാൽ, ഏഴ് ബലിപീഠങ്ങൾ പണിത് അവനും ദൈവത്തിനു മുഖസ്തുതി അർപ്പിച്ചു (സംഖ്യ 22:20-24:25). ജഫ്തായെ മോവാബു രാജാവ് ശ്രദ്ധിച്ചു. അവൻ വധിച്ചത് ഒരു മൃഗത്തിനു പകരം, തന്റെ ആദ്യജാതയായ മനുഷ്യസ്ത്രീയെ ആയിരുന്നു. അവൻ സ്നേഹത്താലെയല്ല, ക്ലേശത്തോടെയാണിതു ചെയ്തത്. അതുകൊണ്ട് ദൈവത്തിന് അവനിൽ ദയ തോന്നി (2 രാജാ 3:27). ജഫ്തായുടെ കാര്യത്തിൽ, ആദ്യമായി അവനെതിരെ വന്നത് അവന്റെ ദാസരിൽ ഒരാളായിരുന്നെങ്കിലും, അവൻ അയാളെ വധിക്കുമായിരുന്നു. എന്നാൽ അവൻ തങ്ങളുടെ സഹജീവികളെ ബലികഴിക്കാതിരിക്കാൻ, അവന്റെ മകൾതന്നെ അവനെതിരെ വരാൻ ഇടയാക്കി. മറ്റുള്ളവർ മനുഷ്യജീവികളെ ദൈവത്തിന് നേർച്ചയായി അർപ്പിക്കാതിരിക്കാൻ തക്കവിധം ഭയചകിതരാകുന്നതിനു വേണ്ടിയായിരുന്നു ഇത്.

www.malankaralibrary.com



അബ്രഹാമിൻെറ കാര്യത്തിൽ സംഭവിച്ചത് (ഉല്പ 22:1-18) അക്കാലത്ത് കുട്ടികളെ ബലികഴിച്ചിരുന്നതിനാലും *ഇപ്പോൾ ഞാൻ അറിയിച്ചിരിക്കുന്നു* എന്ന വാക്കു നിമിത്തവുമാണ് (22:12). തങ്ങളുടെ മക്കൾ മരിക്കുമ്പോൾ, മനുഷ്യർ ദുഃഖത്താൽ വിവശരാകരുത്, പിന്നെയോ സന്തോഷിക്കുകയാണു വേണ്ടത്. അബ്രഹാം തൻെറ മകനെ സന്തോഷപൂർവം അർപ്പിച്ചതിനാൽ, ഒരാളുടെ സ്ഥാനത്ത് അവന് അനേകം മക്കളുണ്ടായി എന്നു കാണുക. തൻെറ സ്നേഹിതനായ അബ്രഹാമിനെപ്പോലെയും തൻെറ മറ്റെല്ലാ സ്നേഹിതരെപ്പോലെയും ജനങ്ങൾ അവിടുത്തെ സ്നേഹിതരായിത്തീരാനാണ് ദൈവം അനേകം കവാടങ്ങൾ തുറന്നത്. അവരുടേതുപോലെയുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് നാം അവരെപ്പോലെ ആയിത്തീരണം,

## ക്ഷമിക്കപ്പെടാൻ കഴിയാത്ത പാപം

**4.** *ഇവിടെയോ ഇതിനപ്പുറമോ അത് ക്ഷമിക്കപ്പെടുകയില്ല* (മത്താ 12:32). നമ്മുടെ കർത്താവ് അനേകരുടെ പാപങ്ങൾ സൗജന്യമായി ക്ഷമിച്ചു; വിശ്വസിക്കുന്നവരുടെ കടങ്ങൾ അവൻെറ സ്നാനം സൗജന്യമായി ക്ഷമിക്കുന്നു. എന്നാൽ, നമ്മുടെ കർത്താവിനാകട്ടെ, അവിടുത്തെ സ്നാനത്തിനാകട്ടെ, അനേകം നല്ല കാര്യങ്ങളുടെ മധ്യത്തിൽ മറഞ്ഞിരിക്കുകയും, അവസാനംവരെ ദുഷ്പ്രവൃത്തികളെ പൊതിയുകയും ചെയ്യുന്ന അവിടുത്തെ കൃപയ്ക്കാകട്ടെ ഈ പാപം ഈ ലോകത്തിൽ ക്ഷമിക്കാൻ കഴിയില്ല. അത്തരം പാപം നഷ്ടപരിഹാരംകൊണ്ട് ക്ഷമിക്കപ്പെടും എന്ന് നമ്മുടെ കർത്താവ് പറഞ്ഞില്ല; അത് സൗജന്യമായി പൊറുക്കപ്പെടുകയില്ല എന്നു സാരം. മറ്റു വാക്കുകളിൽ, ഒരാൾ എല്ലാത്തരം സത്കർമങ്ങൾ ചെയ്താലും, എല്ലാത്തരം നീതിയിലും പരിപൂർണനായിരുന്നാലും ഈ പാപം അവനോട് സൗജന്യമായി ക്ഷമിക്കപ്പെടാൻ ഒരു വഴിയും ഇല്ല. അതിൻെറ പ്രായശ്ചിത്തം ഗേഹെന്നായിൽ ദൈവം ആവശ്യപ്പെടും. താൻ നടത്തിയ കൊലപാതകത്തിനുള്ള നഷ്ടപരിഹാരമായി ദാവീദുപോലും തൻെറ നീതി കാട്ടി. അതുകൊണ്ട്, ഈ ഒരു പാപമല്ലാതെ അനുതാപത്തെ എതിർത്തതോ, എതിർക്കുന്നതോ ആയി മറ്റൊരു പാപവുമില്ല. എന്ന് ഉറപ്പായി ഞാൻ പറയുന്നു. എന്നാൽ പിന്നീട് ഒരാൾ നീതീകരിക്കപ്പെടുന്നതിനെ ഈ പാപം തടയുന്നില്ല. എന്നാൽ അവൻ ഗേഹെന്നായിൽ പ്രായശ്ചിത്തം ചെയ്തു കഴിയുമ്പോൾ, ദൈവം അവന് അതിൻെറ പേരിൽ രാജ്യത്തിൽ പ്രതിഫലം നൽകും. ഉദാഹരണ

www.malankaralibrary.com



മായി, പൗലോസ് ഈ രീതിയിൽ ദൈവദൂഷണം നടത്തിയില്ല. പീഡിപ്പിക്കുന്ന അനേകർ ഉണ്ടെങ്കിലും, അവർ ഈ രീതിയിൽ ദൈവദൂഷണം നടത്തുന്നില്ല.

**5.** *നിത്യപാപത്തിൻെറ കുറ്റം അവനുണ്ടായിരിക്കും* (മർക്കോ 3:29) എന്ന് അവിടുന്നു പറഞ്ഞ വാക്കുകളുടെ അർത്ഥം, നിശ്ചയമായും അത് പൊറുക്കപ്പെടുകയില്ല എന്നാണ്. എന്നാൽ അവൻ ഒരു കടക്കാരൻ ആയിരിക്കും എന്ന് അതിനോട് ചേർന്നിരിക്കുന്ന വിശദീകരണം ശ്രദ്ധിക്കുക, ഒരാൾ ഏതിനെങ്കിലും കടക്കാരനാണെങ്കിൽ, തീർച്ചയായും തിരിച്ചടച്ചേ പറ്റൂ. അത് ഒരിക്കലും എഴുതിത്തള്ളാൻ പോകുന്നില്ല. നമ്മുടെ കർത്താവ് പ്രായശ്ചിത്തവും പാപമോചനവും തമ്മിൽ ഒരു വ്യത്യാസം ഉണ്ടാക്കി. അപ്പോൾ ഒരുപക്ഷേ, മുറിവിൻെറ പാട് വൃത്തിയായില്ലെന്നു വരാം. അവൻ ഒരു പാപി ആയിരിക്കുമെന്നോ, ദുഷ്കർമം ചെയ്യുന്നവനാണെന്നോ, നീതിരഹിതനാണെന്നോ അവിടുന്നു പറഞ്ഞില്ല; പിന്നെയോ, അവൻ ഒരു കടക്കാരൻ ആയിരിക്കും എന്നത്രേ. തീ കൂടാതെ, വെള്ളം കൊണ്ട് വെള്ളി വെടിപ്പാക്കാം. എന്നാൽ അഗ്നി കൊണ്ടുമാത്രമേ യഥാർത്ഥത്തിൽ അതിനെ ശുദ്ധീകരിക്കാൻ സാധിക്കുകയുള്ളൂ. അതുപോലെ, അവനോടും, ഇവിടെയും അവിടെയും ക്ഷമിക്കുകയില്ല (മത്താ 12:32).

ഒരുപക്ഷേ ഈ വചനം ഇന്നത്തേക്കല്ല, വരുംകാലത്തേക്കുള്ളതായിരിക്കുമോ? ശരീരം ധരിച്ചവനായി അവനെ കണ്ടെങ്കിലും, അനേകർ അവനെപ്പറ്റി സംശയിച്ചു. എന്നാൽ ആത്മാവിനെ സംബന്ധിച്ച് അങ്ങനെ ചിന്തിക്കാൻ അവർക്ക് യാതൊരടിസ്ഥാനവും ഇല്ലായിരുന്നു. അതുകൊണ്ടാണ് അവിടുന്നു പറഞ്ഞത്: *മനുഷ്യപുത്രനെതിരായി ആരെങ്കിലും ഒരു വാക്ക് ഉച്ചരിച്ചാൽ അത് ക്ഷമിക്കപ്പെടും; എന്നാൽ ആത്മാവിനെതിരായി സംസാരിക്കുന്നവനോട് ഈ ലോകത്തിലും അടുത്ത ലോകത്തിലും ക്ഷമിക്കപ്പെടുകയില്ല* (മത്താ 12:32). ഒരുപക്ഷേ, ഇവിടെ അടിക്കപ്പെടുന്നതും അവിടെ പീഡിപ്പിക്കപ്പെടുന്നതുമായ രണ്ട് പ്രതികാരങ്ങളെപ്പറ്റിയാണോ സംസാരിക്കുന്നത്? എല്ലാ ലംഘകർക്കും ഇവിടെ പ്രതികാരം ഉണ്ടാകുകയില്ല. എന്നാൽ കുടലെല്ലാം പുറത്തുചാടിയ സ്കറിയോത്തായുടെ കാര്യത്തിൽ എന്നപോലെ (നട 1:18), ദൈവദൂഷകർ ഇവിടെയും അവിടെയും ശിക്ഷിക്കപ്പെടും.

**6.** ദൈവകോപത്താലാണ് യൂദാസിന് ഇതു സംഭവിച്ചത് എന്ന് പത്രോസ് ചൂണ്ടിക്കാട്ടുന്നതു ശ്രദ്ധിക്കുക (1:16-20). അന്നുണ്ടായിരുന്ന

www.malankaralibrary.com



ദൈവദൂഷകർക്കു മാത്രമേ ഇത് ബാധകമായിരുന്നുള്ളൂ. ഇന്ന് അപ്രകാരം പ്രവർത്തിക്കുന്നവർക്ക് തങ്ങൾ ദൈവദൂഷണം നടത്തുന്നു എന്ന അവബോധമില്ല. അതുകൊണ്ട്, ജീവിച്ചിരിക്കുന്ന എല്ലാവർക്കും അനുതാപത്തിനു സാധ്യതയുണ്ട്. എന്നാൽ അതിനു കഴിവില്ലാത്തവനെ സംബന്ധിച്ച്, *അവൻ ജനിക്കാതിരുന്നെങ്കിൽ അവനു നന്നായിരുന്നു* (മത്താ 26:24).

അറിവോടെയോ, അറിവു കൂടാതെയോ പാപം ചെയ്ത സകല പാപികൾക്കും അനുതാപത്തിലൂടെ പാപമോചനം നേടാം. *അവനു കാരുണ്യം ലഭിക്കുകയില്ല* എന്ന് നമ്മുടെ കർത്താവ് പറയുകയല്ല. പിന്നെയോ, *അത് അവനോട് ക്ഷമിക്കപ്പെടുകയില്ല* (മത്താ 12:32). ഒരാൾ തന്റെ കടത്തിന് ഇവിടെ പരിഹാരം ചെയ്തെങ്കിൽ, അടുത്ത ലോകത്തിൽ അവനു കാരുണ്യം ലഭിച്ചേക്കാം. ന്യായാധിപൻ ക്ഷമിച്ചില്ലെങ്കിൽ, ലംഘകന്റെ തെറ്റ് എത്ര വലുതാണെന്ന് അവൻ കാണിക്കുന്നു. എന്നാൽ തന്റെ കരുണയാൽ അവനോടു ക്ഷമിച്ചാൽ, കൃപയുടെ പൂർണത വസിക്കുന്ന നല്ലവന്റെ കൃപ എത്ര വലുതാണ് എന്ന് അവൻ കാണിക്കുന്നു. അനുതപിച്ചാൽ ദൈവം ക്ഷമിക്കുകയില്ല എന്നല്ല; പിന്നെയോ, അവരുടെ ദൈവദൂഷണത്തെപ്പറ്റി അനുതപിക്കാൻ സാത്താൻ അവരെ അനുവദിക്കുന്നില്ല എന്നതാണ് സംഗതി: *എനിക്ക് അറിവില്ലാതിരുന്നപ്പോഴാണ് ഞാൻ ഈ കാര്യങ്ങൾ ചെയ്തത്* (1 തിമോ 1:13). അതുകൊണ്ട്, *അത് അവരോട് ക്ഷമിക്കപ്പെടുകയില്ല* എന്ന് അവിടുന്നു പറഞ്ഞത് അറിയാവുന്നവരെപറ്റിയാണ്. തന്റെ ആത്മദുഃഖം സ്വീകരിക്കപ്പെട്ടില്ല എന്ന് യൂദാ സ്കറിയോത്താ സാക്ഷിക്കുന്നു.

അവർ കർത്താവിനെ പിശാചുക്കളുമായി ബന്ധപ്പെടുത്തിയതിനാൽ (മത്താ 10:25) അവിടുന്ന് അവരുടെ അവകാശം പിശാചുക്കൾക്കിടയിൽ അവർക്കു പകുത്തുകൊടുത്തു. ഈ ലോകത്തിലോ, വരാനിരിക്കുന്നതിലോ, പിശാചുക്കൾക്ക് മോചനം ഇല്ല. *നീ ദൈവത്തിന്റെ പരിശുദ്ധനാണ്* എന്ന് പിശാചു പറഞ്ഞു. എന്നാൽ, *അവനിൽ അശുദ്ധാത്മാവുണ്ട്* എന്ന് ഈ മനുഷ്യർ പറഞ്ഞു (മർക്കോ 1:24; 3:30). അതുകൊണ്ട് ഇവർ പിശാചുക്കളേക്കാൾ ശപിക്കപ്പെടുക എന്നത് ഉചിതമാണ്. എല്ലാ പാപങ്ങളിലും തത്തുല്യമായ ഒരുതരം ദൈവദൂഷണം ഉണ്ട്. എന്നാൽ ഇത്തരം ദൈവദൂഷണത്തോടുകൂടി, അറിവോടുകൂടിയുള്ള ധിക്കാരവും ഉണ്ട്. കാരണം അറിഞ്ഞുകൊണ്ട് ദൈവദൂഷണം നടത്തു

www.malankaralibrary.com



ന്നവരോട് ക്ഷമിക്കപ്പെടുകയില്ല എന്ന് ദൈവം തീർപ്പു കല്പിച്ചിരിക്കുന്നു. അവിടുത്തെ പിശാച് എന്ന് വിളിച്ചവനെയല്ല, പിന്നെയോ, അവനെ മിശിഹാ എന്ന് വിളിക്കുന്നവരെയൊക്കെയാണ് ഈ യൂദന്മാർ തള്ളിക്കളയാൻ തീരുമാനിച്ചത്. ഈ ദൈവദൂഷണത്തിൻെറ യാതൊരാവശ്യവും ഇല്ലായിരുന്നു എന്ന് നിങ്ങൾ അറിയാനാണിത്. തദ്ഫലമായി, ഈ ദൈവദൂഷണം ക്ഷമിക്കാൻ പറ്റാത്തതുമാകുന്നു.

## അന്ധനും മൂകനുമായ പിശാച്

7. *അന്ധനും മൂകനുമായ ഒരു പിശാചുബാധിതനെ അവർ അവൻെറ അടുത്തുകൊണ്ടുവന്നു* (മത്താ 12:22). *ഈ ജനം തങ്ങളുടെ കണ്ണുകൾ കൊണ്ടു കാണുകയും ചെവികൾകൊണ്ടു കേൾക്കുകയും ... ചെയ്യാതിരിക്കാൻ, അവരുടെ ഹൃദയം മരവിച്ചുപോയി, ചെവി അടഞ്ഞുപോയി, കണ്ണുകൾ മുടപ്പെട്ടുമിരിക്കുന്നു* എന്ന് ഏശായാ പറഞ്ഞതുപോലെ (6:10) ജനത്തിൻെറ പ്രതീകം അവനിൽ ചിത്രീകരിക്കപ്പെട്ടിരുന്നു. അവൻ അവനെ സുഖപ്പെടുത്തി. അവന് കാണാനും കേൾക്കാനും കഴിഞ്ഞു. അവനിൽ വിശ്വസിച്ചവരുടെ പ്രതീകമാണ് അവൻ.

7a. *അന്ധനും മൂകനുമായ ഒരു പിശാചു ബാധിതനെ അവർ അവൻെറ അടുത്തുകൊണ്ടുവന്നു, അവൻ അവനെ സുഖപ്പെടുത്തി. അവന് കാണാനും കേൾക്കാനും കഴിഞ്ഞു. ഇതു കണ്ട ജനക്കൂട്ടം ആശ്ചര്യപ്പെട്ടു. എന്നാൽ പിശാചുക്കളുടെ തലവനായ ബേൽസെബൂബിനെ കൊണ്ടാണ് ഇത് എന്ന് നിയമജ്ഞരും ഫരിസേയരും പറഞ്ഞു* (മത്താ 12:24). വൈദ്യന്മാരുടെ മരുന്നുകൾക്ക് പലതരം ശക്തികളുണ്ട്. ഒന്നിന് പൂർണമായി ശുദ്ധീകരിക്കാൻ കഴിയും; മറെറാന്നിന് പൂർണമായി ദഹിപ്പിക്കാൻ കഴിയും. ഒന്നിനു ശക്തിപ്പെടുത്താനും, മറ്റൊന്നിന് മുറിവു കരിക്കാനും, വേറൊന്നിന് ചൂടാക്കാനും മറ്റൊന്നിന് തണുപ്പിക്കാനും കഴിയും. എന്നാൽ പിതാവിൽനിന്നുവന്ന സ്വർഗീയമരുന്ന് എല്ലാവർക്കും എല്ലാമായിരുന്നു. അത് അന്ധരുടെ കണ്ണുകൾ തുറന്നു, കുഷ്ഠരോഗികളെ ശുദ്ധരാക്കി, മരിച്ചവരെ ഉയിർപ്പിച്ചു, കടലിനെ ശാന്തമാക്കി, പിശാചുക്കളെ പുറത്താക്കി. എന്നാൽ ഫരിസേയരാകട്ടെ, ഈ കാര്യങ്ങൾ പിശാചുക്കളുടെ തലവന് ആരോപിച്ചു: അങ്ങനെ, അവരുടെ വാക്കനുസരിച്ച്, പിശാചുതന്നെ പിശാചിനെ പുറത്താക്കുന്നു! ഈ പാപം ക്ഷമിക്കപ്പെടണം പോലും! പിശാചിന് എങ്ങനെയാണ് അന്ധൻെറ കണ്ണു തുറക്കാനും കുഷ്ഠരോഗിയെ ശുദ്ധനാക്കാനും, മരിച്ചവരെ ഉയിർപ്പിക്കാനും

www.malankaralibrary.com



കഴിയുക? ജനക്കൂട്ടം വിശ്വസിച്ചു, എന്നാൽ നിയമജ്ഞരും പ്രബോധകരും സംശയിച്ചു എന്നത് ആശ്ചര്യകരംതന്നെ! *അന്ധർ കാണുന്നതിനും, കാഴ്ചയുള്ളവർ അന്ധരായി തീരുന്നതിനുമത്രേ* എന്ന വാക്കുകളുടെ പൂർത്തീകരണമല്ലേ ഇത്? (യോഹ 9:39).

## പാപിനി

**8.** *ഈ മനുഷ്യൻ ഒരു പ്രവാചകൻ ആയിരുന്നെങ്കിൽ അവൾ ഒരു പാപിനി ആണെന്ന് അവൻ അറിയുമായിരുന്നു* (ലൂക്കാ 7:39). എന്നാൽ ശീമോനേ, അവളെ അറിയുന്ന നിനക്ക്, എങ്ങനെ നിന്റെ മേശയിലേക്ക് അവൾക്കു പ്രവേശനം നൽകാൻ കഴിഞ്ഞു? എന്നാൽ അവിടുന്ന് ദൈവമായിരുന്നു എന്നത് ഇതിൽനിന്ന് നീയും അറിഞ്ഞിരുന്നില്ല; അതുപോലെ, അവളെ അവിടെ എത്തിച്ച നിഗൂഢമായ ഇച്ഛാശക്തിയെ തടയാൻ നിനക്കു കഴിഞ്ഞുമില്ല. *ഒരാൾക്ക് രണ്ട് കടക്കാർ ഉണ്ടായിരുന്നു: ഒരാൾ അഞ്ഞൂറും മറ്റയാൾ അമ്പതും കടപ്പെട്ടിരുന്നു.* (7:41). ഈ കണക്കനുസരിച്ച് അവിടുന്ന് ഇരുവരുടെയും കടം കണക്കുകൂട്ടിയിരുന്നു എന്ന് വ്യക്തമായി കാണിക്കാനായിരുന്നു ഇത്. *അവിടുന്നു ഫരിസേയനായ ശീമോനോടു പറഞ്ഞു: ഞാൻ നിന്റെ ഭവനത്തിലേക്കു വന്നു; നീ എന്റെ പാദങ്ങൾക്കു വെള്ളം തന്നില്ല* (7:44). അവൻ വെള്ളം കൊടുക്കാതിരുന്നത് നന്നായിരുന്നു; കാരണം, അവളെ നീതീകരിക്കാൻ അവനുവേണ്ടി അവൾ തയ്യാറാക്കിയ കണ്ണീരോടുകൂടിയുള്ള അപേക്ഷ വ്യർത്ഥമായി പോകാതിരിക്കാനായിരുന്നു ഇത്. കഴുകുന്നതിനുള്ള വെള്ളത്തെ തീ ചൂടാക്കിയില്ല; കാരണം, അവളുടെ സ്നേഹത്തിലൂടെ അവളുടെ കണ്ണുനീർ തിളച്ചുമറിഞ്ഞുകൊണ്ടിരുന്നു. അവൾ അവന് കണ്ണുനീരോടുകൂടിയുള്ള അപേക്ഷ സമർപ്പിച്ചു; അവൻ അവൾക്ക് അസൂയാവഹമായ ഒരു സമ്മാനം നല്കി. അവൾ തന്റെ കണ്ണുനീർ കൊണ്ട് അവന്റെ മനുഷ്യത്വത്തെ കഴുകി പുതുജീവൻ പകർന്നു. അവളുടെ കണ്ണുനീരിന്റെ വിലയായി അവൻ അപ്പോൾതന്നെ അവിടെ വച്ച് രക്ഷ നല്കി. അവന്റെ മനുഷ്യത്വം മാത്രമേ കഴുകലിനു വിധേയമായുള്ളൂ. എന്നാൽ അദൃശ്യമായ പാപങ്ങൾ കഴുകിക്കളയാൻ അവന്റെ ദൈവത്വത്തിനു മാത്രമേ കഴിഞ്ഞുള്ളൂ. അവൾ തന്റെ കണ്ണുനീർ കൊണ്ട് അവന്റെ പാദത്തിലെ പൊടി കഴുകിക്കളഞ്ഞു; അവൻ തന്റെ വാക്കുകൾകൊണ്ട് അവളുടെ ശരീരത്തിലെ പാടുകൾ വെടിപ്പാക്കി. അവൾ തന്റെ അശുദ്ധമായ കണ്ണുനീർ കൊണ്ട് അവനെ വെടിപ്പാക്കി;

www.malankaralibrary.com



അവൻ തൻെറ വിശുദ്ധ വാക്കുകൾകൊണ്ട് അവളെ വെടിപ്പാക്കി. അവൾ അവൻെറ പൊടി തുടച്ചുകളഞ്ഞു; അതിനുപകരം അവൻ അവളുടെ ദുഷ്ടത കഴുകിക്കളഞ്ഞു. അവൾ കണ്ണുനീർകൊണ്ട് അവൻെറ പാദം കഴുകി; അവൻെറ വാക്കുകൾ പാപമോചനം പ്രദാനം ചെയ്തു.

**9.** *നീ എന്നെ ചുംബിച്ചില്ല; എന്നാൽ അവൾ പ്രവേശിച്ച നിമിഷം മുതൽ എൻെറ പാദങ്ങൾ ചുംബിക്കുന്നതിൽ നിന്ന് വിരമിച്ചിട്ടില്ല. അതുകൊണ്ട് അവളുടെ അനേക പാപങ്ങൾ അവളോട് ക്ഷമിക്കപ്പെട്ടിരിക്കുന്നു. കുറച്ച് ക്ഷമിക്കപ്പെട്ടവൻ കുറച്ചു സ്നേഹിക്കുന്നു* (7:45.47). ശാരീരികാവയവങ്ങളെ സംബന്ധിച്ച്, അവ ഏകശരീരം ആണെന്നും ശാരീരികമാണെന്നും ഇതിലൂടെ അവിടുന്ന് ഉറപ്പായി സ്ഥാപിക്കുന്നു. അവൾ അവയെ നനച്ചു തുടച്ച് തൈലം പൂശി. അതുകൊണ്ട് തുറന്ന വാതിലിനെ സമീപിക്കുന്നതിനും പ്രവേശിക്കുന്നതിനും കഴിയേണ്ടതിന്, അനുതാപികൾ വിലപിക്കുകയും പാപികൾ പ്രായശ്ചിത്തം അനുഷ്ഠിക്കുകയും ചെയ്യട്ടെ. ജീവനെ സ്നേഹിക്കുന്നവർ സ്വയം വിനീതരാക്കട്ടെ; കാരണം, പോരാട്ടത്തിൽ ഒന്നും ചെയ്യാതിരിക്കുകയും, തങ്ങൾക്കായി നല്ല പ്രതിഫലം തേടാതിരിക്കുകയും ചെയ്യുന്നവർക്ക്, അടഞ്ഞ വാതിലാണ് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്.

**10.** പാപിനിയുടെ കണ്ണുനീർ, അവളുടെ അഞ്ഞൂറ് ദേനാറാകളുടെ കടങ്ങൾ എഴുതപ്പെട്ടിരുന്ന സ്ഥലങ്ങളിലേക്കെല്ലാം ഒഴുകിയെത്തി കഴുകിക്കളഞ്ഞു. അവളുടെ ആവശ്യം ഇതിനവളെ നിർബന്ധിച്ചു. ആവശ്യക്കാർ അപേക്ഷിച്ചുകൊണ്ടിരുന്നപ്പോൾ അവൻ കുറ്റപ്പെടുത്തിയില്ല എന്നതും, അവനെപ്പറ്റി ലജ്ജിച്ചിരുന്ന ധനവാന്മാരെ അവൻ നിരസിച്ചു എന്നതും അവൾ കണ്ടിരുന്നു. ഇതിനാലാണ് ദയ ആവശ്യമായിരിക്കുന്നവർക്കുവേണ്ടി കർത്താവ് ദയയിൽ തൻെറ സ്വരം ഉയർത്തിയതും, ആവശ്യക്കാർക്കുവേണ്ടി ക്ഷമയിൽ തൻെറ വായ് തുറന്നതും. അവിടുത്തോടുള്ള തങ്ങളുടെ സ്നേഹനിർഭരമായ കരുതലാൽ അവിടുത്തെ ബഹുമാനിച്ചവരെ അവൻ പ്രകീർത്തിച്ചു; അവിടുത്തോട് വേണ്ടത്ര സ്നേഹം കൂടാതെ അവിടുത്തെ ക്ഷണിച്ചവരെ അവിടുന്ന് കുറ്റപ്പെടുത്തി. സ്തുതിയോടുകൂടി അവിടുന്ന് അവളുടെ വിശ്വാസത്തെ പരസ്യമാക്കി. എന്നാൽ കുറ്റപ്പെടുത്തലോടുകൂടി ശീമോൻെറ, ചിന്തകളെ പുറത്തുകാണിച്ചു. വിശ്വസിച്ച അവൾക്ക് അവിടുന്ന് ഒരു വൈദ്യനായിരുന്നു; കാരണം, സകലരെയും സൗഖ്യമാക്കുന്നവൻ അവിടുന്നാകുന്നു.

www.malankaralibrary.com



പരസ്യമായിട്ടുള്ളവ പോലും കർത്താവിന് അറിയില്ല എന്നു ചിന്തിച്ച വൻെറ രഹസ്യവിചാരങ്ങളെ അവിടുന്നു വിധിച്ചു.[49]

## കൊയ്ത്തു വളരെ

**11.** കൊയ്ത്തു വളരെ, വേലക്കാരോ ചുരുക്കം (മത്താ 9:37). വിശ്വസിക്കാൻ തയ്യാറായവരാണ് കൊയ്ത്; ശ്ലീഹന്മാരാണ് വേലക്കാർ, കുഷ്ഠരോഗികളെ ശുദ്ധരാക്കുക, ശരീരങ്ങളെ സൗഖ്യമാക്കുക, മരിച്ചവരെ ഉയിർപ്പിക്കുക എന്നു തുടങ്ങി കൊയ്തിനുപകരിക്കുന്ന ഉപകരണങ്ങൾ അവിടുന്ന് അവർക്കു നൽകി.

## സാത്താൻ ആകാശത്തുനിന്ന് വീണത്

**12.** താൻ ഭൂമിയിൽ ഒളിക്കുമെന്ന്, സ്വർഗത്തിൽ നിന്നെന്നവണ്ണം, വീണവൻ ചിന്തിച്ചു; എന്നാൽ ജീവദാതാവിൻെറ പാർശ്വത്തിൽ നിന്ന് ഭൂമിയിൽ വീണ രക്തവും വെള്ളവും അവനെ അനുവദിച്ചില്ല (യോഹ 19:34). വായുവിലൂടെ പറന്ന സാത്താൻ, ക്രൂശിൽ തറയ്ക്കപ്പെട്ടവൻ വിരിച്ചുപിടിച്ച കരങ്ങളിലൂടെ അതിൽനിന്ന് പുറത്താക്കപ്പെട്ടു. അവൻ തൻെറ ബലിഷ്ഠസങ്കേതത്തിലേക്ക് ഓടിയപ്പോൾ, അവിടെയും കർത്താവ് അവനെ പരാജയപ്പെടുത്തി. *ആയിരങ്ങൾ നിൻെറ പാർശ്വത്തിൽ വീഴും ...* എന്നിത്യാദി (സങ്കീ 91:7). അവൻ തൻെറ അഭയസ്ഥാനത്തേക്കു പാഞ്ഞപ്പോൾ, കർത്താവ് അവിടെനിന്നുകൂടി അവനെ പുറത്താക്കി. അവിടുന്ന് അവിടെ ഉണ്ടായിരുന്ന തടവുകാരെ സ്വതന്ത്രരാക്കുകയും ബന്ധിതരെ പുറത്തുകൊണ്ടുവരികയും ചെയ്തു. സാത്താൻ ഇതും ഭയപ്പെട്ടു. അതുകൊണ്ട്, *ഞങ്ങൾ കണ്ടു വിശ്വസിക്കാൻ ക്രൂശിൽ നിന്ന് ഇറങ്ങിവരിക* എന്നു പറയാൻ ക്രൂശിൽ തറച്ചവരെ അവൻ പ്രേരിപ്പിച്ചു. തൻെറ ശക്തമായ ആസ്ഥാനത്ത് ഒരുപക്ഷേ ഇവ വഴി സ്വതന്ത്രമായി വിഹരിക്കാൻ കഴിഞ്ഞേക്കും എന്ന് അവൻ കരുതിക്കാണും.

**13.** *സാത്താൻ ഇടിമിന്നൽപോലെ സ്വർഗത്തിൽ നിന്ന് വീഴുന്നതു ഞാൻ കണ്ടു* (ലൂക്കാ 10:18). യഥാർഥത്തിൽ അവൻ അവിടെ ആയിരു

---

49. ഈ വിഷയം സംബന്ധിച്ച് കൂടുതൽ ചർച്ചയ്ക്ക്; നമ്മുടെ കർത്താവിനെക്കുറിച്ചുള്ള പ്രസംഗം, 16-24.43-49; ജി. ചേടിയത്ത്, *മാർ അപ്രേം - ഉല്പത്തിഭാഷ്യം*, കോട്ടയം, 2001. പേജ് 194-205. 224-234.

www.malankaralibrary.com



ന്നില്ല. *ഞാൻ എന്റെ സിംഹാസനം നക്ഷത്രങ്ങൾക്കു മുകളിൽ സ്ഥാപിക്കും* (ഏശാ. 14:13) എന്ന് അവൻ പറഞ്ഞപ്പോൾ, അവൻ അവിടെ ആയിരുന്നില്ല. എന്നാൽ അവൻ തന്റെ ഔന്നത്യത്തിൽനിന്നും ആധിപത്യത്തിൽനിന്നും വീണുപോയി. *ആകാശത്തിൽനിന്നുള്ള ഇടിമിന്നൽ പോലെ സാത്താൻ നിപതിക്കുന്നത് ഞാൻ കണ്ടു.* അതുകൊണ്ട് അവൻ സ്വർഗത്തിൽ നിന്ന് നിപതിച്ചില്ല; കാരണം ഇടിമിന്നൽ സ്വർഗത്തിൽ നിന്നല്ല വരുന്നത്; മേഘങ്ങളാണല്ലോ അത് ഉത്പാദിപ്പിക്കുന്നത്. പിന്നെ എന്തുകൊണ്ടാണ് *സ്വർഗത്തിൽനിന്ന്* എന്ന് അവൻ പറഞ്ഞത്? പെട്ടെന്നുവരുന്ന ഇടിമിന്നൽപോലെ, ആകാശത്തിൽ നിന്നെന്നപോലെ ആയിരുന്നതിനാലത്രേ. ഒറ്റ നിമിഷത്തിൽ സാത്താൻ കുരിശിന്റെ വിജയത്തിന്റെ കീഴിൽ അമർന്നു. സാധാരണക്കാരായ മനുഷ്യർ അഭിഷിക്തരായി തങ്ങളുടെ ദൗത്യത്തിനായി അയയ്ക്കപ്പെടുകയും വേദനയിലും രോഗത്തിലും ദുഷ്ടാരൂപികളുടെ അധീനതയിലും ആയിരുന്നവരെ അത്ഭുതകരമായി സുഖപ്പെടുത്തിയതിലൂടെ പെട്ടെന്ന് വളരെ വിജയിക്കുകയും ചെയ്തപ്പോൾ, മേഘങ്ങളിൽനിന്ന് മിന്നൽപോലെ, തന്റെ ആധിപത്യത്തിൽനിന്ന് സാത്താൻ പെട്ടെന്ന് നിപതിച്ചു എന്ന് പറഞ്ഞിരിക്കുന്നു. ഇടിമിന്നൽ പുറപ്പെട്ടിടത്തേക്കു തിരിച്ചുവരാത്തതുപോലെ, സാത്താൻ വീഴുകയും തന്റെ അധികാരസീമയിൽ ആധിപത്യം ഉറപ്പിക്കാൻ അവന് വീണ്ടും കഴിയാതെ വരികയും ചെയ്തു. *ഇതാ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു* (ലൂക്കാ 10:19).

കുതികാലിനെതിരെ സർപ്പത്തെ നീതി അണിനിരത്തിയതിനാൽ ആധിപത്യത്തിലൂടെ എന്നവണ്ണം കുതികാൽ സർപ്പത്തേക്കാൾ ഉന്നതമായിരിക്കാനായി കുരിശുവഴി കൃപ കുതികാലിനെ ഉയർത്തി; ഇതിനുശേഷം വരുന്നത് ഇത് കാണിക്കുന്നു: കുരിശുവഴി *ശത്രുവിന്റെ എല്ലാ ശക്തിയെയും* കാൽക്കീഴമർത്തി (ലൂക്കാ 10:19). ഇതാ, *സർപ്പങ്ങളെയും തേളുകളെയും ചവിട്ടിമെതിക്കാൻ നിങ്ങൾക്കു ഞാൻ അധികാരം തരുന്നു.* കാരണം സർപ്പത്തിലൂടെ ആധിപത്യം പുലർത്തിയിരുന്ന തെറ്റിനെ കർത്താവ് നീക്കിക്കളഞ്ഞിരിക്കുന്നു. സർപ്പങ്ങളെ ചവിട്ടിമെതിക്കാൻ അതായത്, അവരുടെ ഉപദേശങ്ങളിന്മേൽ, അധികാരം നൽകിയവന്റെ സത്യം ഭരണം നടത്തുന്നതിനുവേണ്ടിയായിരുന്നു ഇത്. കാരണം, ഹവ്വായുടെ കുതികാലിൽ കടിച്ച സർപ്പത്തെ (ഉല്പ 3:15) മറിയത്തിന്റെ പാദം ചവിട്ടിഞെരിച്ചു.

www.malankaralibrary.com



## ഋജുമാനസർക്ക് സുവിശേഷം വെളിപ്പെടുന്നു

**14.** *സ്വർഗസ്ഥനായ പിതാവേ, അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു* എന്ന ഭാഗം സംബന്ധിച്ച്: *സ്വർഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ, ദൈവമേ, ഞാൻ നിനക്കു നന്ദി പറയുന്നു. എന്തുകൊണ്ടെന്നാൽ, നീ ഇത് ബുദ്ധിമാന്മാരിൽനിന്നു മറച്ച്, വെറും ശിശുക്കൾക്കു വെളിപ്പെടുത്തിയിരിക്കുന്നു* എന്നാണ് ഗ്രീക്കിൽ (മത്താ 11:25). ബുദ്ധിമാന്മാർ വിശ്വാസത്തിനെതിരെ തർക്കിക്കുകയും സാധാരണ സംഗതികൾ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നതിനാൽ, ഇത് അവരിൽ നിന്ന് മറയ്ക്കപ്പെട്ടിരിക്കുന്നു. *കാരണം പുത്രനല്ലാതെ ആരും പിതാവിനെ അറിയുന്നില്ല* (11:27). ബുദ്ധിയിൽനിന്നുദിക്കുന്ന വാക്കിനല്ലാതെ മറ്റെന്തിന് ബുദ്ധിയെ അറിയാനാവും? പിതാവാണ് എല്ലാ മനസുകൾക്കും ഉപരിസ്ഥൻ; എല്ലാ മനസുകളെയും അവിടുന്നു നയിക്കുന്നു; അവന്റെ കീഴിലാണ് അവ ചരിക്കുന്നത്. അറിവ് കാഴ്ചയിലൂടെയും കേൾവിയിലൂടെയുമാണെങ്കിൽ, നമ്മുടെ കർത്താവിനെ കണ്ടവർ എല്ലാം അവിടുത്തെ അറിയുക അവശ്യാവശ്യമായിരുന്നു. *എന്നാൽ അവർ അവിടുത്തെ അറിഞ്ഞിരുന്നെങ്കിൽ, അവനെ ക്രൂശിക്കയില്ലായിരുന്നു* (1കോറി 2:8); *പിതാവേ, അവർക്ക് അറിവില്ലാത്തതുകൊണ്ട് അവരോട് ക്ഷമിക്കണമെ (ലൂക്കാ 23:34).* സൂര്യനും ചന്ദ്രനും, മരങ്ങളും പാറകളും ഒക്കെ നല്ല വസ്തുക്കളാണെങ്കിലും അവ അറിയപ്പെടുന്നില്ല.

**15.** അതുകൊണ്ട്, പുത്രൻ പിതാവിന്റെ ചിന്തയാണ്. തദ്ഫലമായി, മരത്തെ കാണുന്നവൻ, ഫലത്തിൽ സന്തോഷിക്കുന്നു. *എന്തുകൊണ്ടെന്നാൽ, പുത്രനല്ലാതെ പിതാവിനെ ആരും അറിയുന്നില്ല* (മത്താ 11:27). ഒരാൾക്ക് മറ്റൊരാളോട് എന്നപോലെ അവർ ഇരുവരുടെയും അറിവിനെ ഒന്നിക്കാൻ അവൻ ആഗ്രഹിച്ചു എന്ന വിധമാണിത്. അവിടുത്തെ ഇച്ഛയാൽ, അവിടുന്ന് ദൈവമാണെന്ന് തിരിച്ചറിയുന്നു; അവിടുത്തെ പ്രവർത്തനത്താൽ, അവൻ പുത്രനാണെന്ന് തിരിച്ചറിയുന്നു. ആത്മാവിനെപ്പറ്റി ദൈവദുഷണം പറയുന്നവർ പറയുന്നു: *പുത്രനല്ലാതെ ആരും പിതാവിനെ അറിയുന്നില്ല; പിതാവല്ലാതെ ആരും പുത്രനെയും അറിയുന്നില്ല* എന്ന് എഴുതപ്പെട്ടിരിക്കുന്നു (11:27). 'ആത്മാവ് തന്നെ അറിയുന്നില്ല' എന്ന് കർത്താവ് വ്യക്തമാക്കി എന്ന് ഇതുകൊണ്ട് അവർ ജല്പിക്കുന്നു. എന്നാൽ, *മനുഷ്യനിലുള്ള ആത്മാവല്ലാതെ മനുഷ്യനിലുള്ളത് മറ്റാർക്കും അറിഞ്ഞുകൂടാ; അതുപോലെ ദൈവത്തിലുള്ളതും* (1 കോറി 2:11)

www.malankaralibrary.com



എന്ന് പറയുമ്പോൾ, 'പുത്രൻ പിതാവിനെ അറിയുന്നില്ല' എന്നു വരുമോ? *അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്റെ പക്കലേക്കു വരുവിൻ; ഞാൻ നിങ്ങളെ സമാശ്വസിപ്പിക്കാം* (മത്താ 11:28). അനേകർ അവന്റെ പിന്നാലെ ഓടുന്നുണ്ടായിരുന്നു; കാരണം, ഒരാശ്വാസവചനം അവരുടെ ചെവികളിൽ നിപതിച്ചു.

## സ്വാർത്ഥതയെ നിഗ്രഹിക്കുക

**16.** എടുത്തുചാടി ആരും തന്റെ ശിഷ്യരായി തീരാതിരിക്കാനായി അവിടുന്ന് പറഞ്ഞു: *തന്നെത്തന്നെ വെറുക്കാത്തവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല. ഒരു ഗോപുരം പണിയാൻ ആഗ്രഹിച്ചിട്ട്, അതിന്റെ ചെലവിനെപ്പറ്റി ആദ്യമേതന്നെ കണക്കുകൂട്ടാത്തവൻ ആരുണ്ട്* എന്നിത്യാദി (ലൂക്കാ 14:26). കാരണം, വാക്കുകളിലൂടെയല്ല ഒരുവൻ ശിഷ്യനായി തീരുന്നത്, പിന്നെയോ, പ്രവൃത്തികളിലൂടെയത്രേ. അതുകൊണ്ടാണ്, *ജീവനിലേക്കുള്ള പാത ഇടുങ്ങിയതും പ്രയാസമുള്ളതും ആയിരിക്കുന്നത്* (മത്താ 7:13-14). ജഡികമായി ജീവിക്കുന്നവരെ കുറിച്ചാണിത്.

# 11

## യോനായുടെ അടയാളം

**1.** *ഈ ദുഷിച്ച തലമുറ അടയാളം അന്വേഷിക്കുന്നു. യോനായുടെ അടയാളം അല്ലാതെ മറ്റൊരടയാളവും ഇതിനു നൽകപ്പെടുകയില്ല. കാരണം, യോനാ മൂന്നു ദിവസം കടലിന്റെ ആഴത്തിൽ ആയിരുന്നതുപോലെ, മനുഷ്യപുത്രനും മൂന്നുദിവസം ഭൂമിക്കുള്ളിൽ ആയിരിക്കും* (മത്താ 12:39-40). ഇതു പറഞ്ഞപ്പോൾ നമ്മുടെ കർത്താവ് മൂന്നു ദിവസങ്ങളുടെ എണ്ണത്തിലല്ല കൂടുതലായി ശ്രദ്ധിച്ചത്, പിന്നെയോ, അവരുടെ രോഗികളെ സൗഖ്യമാക്കുന്നതിലും അവരുടെ മരിച്ചവരെ ഉയിർപ്പിക്കുന്നതിലുമായിരുന്നു. വിവരണാതീതമായ ഈ അടയാളങ്ങൾക്കുശേഷവും, വഞ്ചനാതീതമായ ഈ സാക്ഷ്യങ്ങൾക്കുശേഷവും, ഇതു കാണാൻ കഴിയാഞ്ഞ അന്ധർ പറഞ്ഞു: *നിന്നിൽനിന്ന് ഒരടയാളം കാണാൻ ഞങ്ങൾ ആഗ്രഹിക്കുന്നു* (12:38). തന്റെ സാക്ഷികളായ രാജാക്കന്മാരെയും പ്രവാചകന്മാരെയും മാറ്റി നിർത്തിയിട്ട്, അവൻ നിനിവേക്കാരിലേക്കു

www.malankaralibrary.com



തിരിഞ്ഞു. യോനായിൽനിന്നുള്ള ഒരുതരത്തിലുള്ള അടയാളവും ഇവർ തിരിച്ചറിഞ്ഞില്ല; എന്നാൽ, അനേകം അടയാളങ്ങൾ കണ്ടതിനുശേഷവും ഈ അടയാളങ്ങളുടെ കർത്താവിനെ തള്ളിപ്പറഞ്ഞവരെ അവർ അവസാനം ന്യായം വിധിക്കും (12:41). കാരണം, യോനാ നിനിവേയുടെ മേൽ നാശം പ്രഖ്യാപിച്ചു. അവൻ അവരുടെമേൽ ഭയം വിതച്ചു. അവരുടെ ഇടയിൽ ഭീതി വിതറി; അവർ അവന് ആത്മാനുതാപത്തിൻെറ കതിരും അനുതാപഫലങ്ങളും കാഴ്ചവച്ചു (യോഹ 3:1-10). ഇപ്രകാരമാണ് വിജാതീയർ തെരഞ്ഞെടുക്കപ്പെട്ടതും അഗ്രചർമികൾ ദൈവത്തിൻ പക്കലേക്ക് അടുത്തതും. പരിച്ഛേദിതരെ ലജ്ജിപ്പിക്കാൻ, വിജാതീയർ ജീവൻ പ്രാപിച്ചു; പാപികൾ അനുതപിച്ചു. അതുകൊണ്ട് വിശ്വസിക്കാത്ത വിശ്വാസത്യാഗികളെ ഇവർ ന്യായം വിധിക്കും.

2. *യോനാ പ്രവാചകൻെറ അടയാളമല്ലാതെ, മറ്റൊരടയാളവും ഇതിനു നൽകപ്പെടുകയില്ല* (മത്താ 12:39). യോനായുടെ അടയാളം നിനിവേക്കാരെ രണ്ടുതരത്തിൽ സഹായിച്ചു. അവരത് തള്ളിക്കളഞ്ഞിരുന്നെങ്കിൽ, യോനയെപ്പോലെ അവരും ജീവനോടെ പാതാളത്തിലേക്ക് താണിറങ്ങിപോകുമായിരുന്നു. എന്നാൽ അവർ അനുതപിച്ചതിനാൽ, അവനെപ്പോലെ അവർ മരണത്തിൽനിന്ന് ഉയിർപ്പിക്കപ്പെട്ടു. നമ്മുടെ കർത്താവിൻെറ കാര്യത്തിലും ഇതുപോലെയാണ്. അവിടുന്ന് *അനേകരുടെ വീഴ്ചയ്ക്കും എഴുന്നേൽപിനുമായി സ്ഥാപിക്കപ്പെട്ടിരുന്നു* (ലൂക്കാ 2: 34). അവൻെറ കൊലയിലൂടെ ഒന്നുകിൽ മനുഷ്യർ ജീവിക്കും, അല്ലെങ്കിൽ അവൻെറ മരണത്തിലൂടെ മരിക്കും. *നിനിവെയിലെ ആളുകൾ* (മത്താ 12:41): ഈ വാക്കുകൾകൊണ്ട് അവൻ ഈ തലമുറയെ അവസാനം നിർബന്ധിച്ചു. *അവർ ആകാശത്തിൽ നിന്ന് ഒരടയാളമാണ് അവനോടു ചോദിച്ചുകൊണ്ടിരുന്നത്* (മർക്കോ 8:11). ഉദാഹരണമായി, സാമുവേലിൻെറ കാര്യത്തിലെന്നപോലെ, ഇടിമുഴക്കം (1 സാമു 7:10; 12:18). ആഴങ്ങളിൽ നിന്നുവന്ന ഒരു വിളംബരമാണ് അവിടുന്നു വെളിപ്പെടുത്തിയത്; അത് ഉയരത്തിൽനിന്ന് കേൾക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ഉയരത്തിൽനിന്നു കേട്ടതിനെ അവർ വിശ്വസിക്കാഞ്ഞതിനാൽ, ആഴങ്ങളിൽ നിന്നെന്നവണ്ണം അത് ഉയർന്നുവന്നു. മത്സ്യത്തിൻെറ ഉള്ളിൽ നിന്നു പൊങ്ങിവന്നശേഷം, യോനാ നിനിവേക്കാർക്ക് ഒരു നിഷേധാത്മകാടയാളമായിരുന്നു; കാരണം, അവൻ അവരുടെ നഗരത്തിൻെറ നാശം പ്രഘോഷിച്ചു. നമ്മുടെ കർത്താവിൻെറ ഉത്ഥാനത്തിനുശേഷം ശിഷ്യന്മാരും ഇപ്രകാരമായിരുന്നു.

www.malankaralibrary.com



**3.** *മനുഷ്യപുത്രനും ഇതുപോലെ ഭൂമിക്കുള്ളിൽ ആയിരിക്കും* (മത്താ 12:40). തന്നെ കൊല്ലാൻ കഴിയുന്നവർ അവരായിരിക്കയില്ല എന്ന് മുൻകൂട്ടി അറിയിക്കാനായിരുന്നു ഇത്. കാരണം, ഒരായിരം വർഷങ്ങൾക്കു മുൻപ് തൻെറ മരണത്തിൻെറ പ്രതീകം യോനായിൽ ചിത്രീകരിക്കപ്പെട്ടിരുന്നു. ഹാബേൽ കൊല്ലപ്പെട്ടിടത്ത്, ഭൂമിയുടെ വായ് ഉണ്ടായിരുന്നില്ലേ? *ഭൂമി വായ് തുറന്ന് നിൻെറ സഹോദരൻെറ രക്തം സ്വീകരിച്ചു* (ഉല്പ 4:11). നമ്മുടെ കർത്താവ് സംസ്കരിക്കപ്പെട്ടിടത്ത്, ഭൂമിയുടെ ഹൃദയം ഉണ്ടായിരുന്നില്ലേ? *യോനാ മത്സ്യത്തിനുള്ളിൽ ആയിരുന്നതുപോലെ, മനുഷ്യപുത്രനും ഭൂമിയുടെ ഹൃദയത്തിനുള്ളിൽ ആയിരിക്കും* (മത്താ 12:40). യോനാ അവിടെ ഒരുതരത്തിലും ദ്രവിച്ചുപോകാഞ്ഞതുപോലെ, നമ്മുടെ കർത്താവും പാതാളത്തിൽ ജീർണിച്ചുപോയില്ല. *നീ എൻെറ ആത്മാവിനെ പാതാളത്തിൽ ഉപേക്ഷിച്ചില്ല, നിൻെറ പരിശുദ്ധൻ നാശം കാണുവാൻ അനുവദിച്ചുമില്ല* (സങ്കീ 16:10). യോനാ കടലിൽനിന്നു കയറി നിനിവെക്കാരോടു പ്രസംഗിക്കുകയും അവർ അനുതപിച്ച് ജീവൻ പ്രാപിക്കുകയും ചെയ്തു. അതുപോലെ നമ്മുടെ കർത്താവും പാതാളത്തിൽനിന്ന് തൻെറ ശരീരം ഉയിർപ്പിക്കപ്പെട്ടു കഴിഞ്ഞപ്പോൾ തൻെറ ശിഷ്യരെ വിജാതീയരുടെ മധ്യത്തിലേക്ക് അയച്ചു. അവർ പൂർണമായി മാനസാന്തരപ്പെടുകയും ജീവൻ അതിൻെറ പൂർണതയിൽ സ്വീകരിക്കുകയും ചെയ്തു. അതുകൊണ്ട് അവർ ഇരുവരുടെയും ഇറക്കവും മരിച്ചവരിൽ നിന്നുള്ള ഉയിർപ്പും ബന്ധപ്പെടുത്തിയാണ് മൂന്നു ദിവസം കണക്കാക്കുന്നത്.

**4.** *തെക്കിൻെറ രാജ്ഞി അതിനെ ന്യായം വിധിക്കും* (മത്താ 12:42). കാരണം, അവൾ സഭയുടെ പ്രതീകം ആകുന്നു. അവൾ സോളമൻെറ അടുത്തേക്കു വന്നതുപോലെ, സഭ നമ്മുടെ കർത്താവിൻെറ പക്കലേക്കുവന്നു. അവൾ *ഈ തലമുറയെ* ന്യായംവിധിച്ചതുപോലെ, സഭയും ചെയ്യും. കടന്നുപോകുന്ന വിജ്ഞാനത്തെയും ജീർണതയ്ക്കു വിധേയനായ രാജാവിനെയും കാണാൻ ആഗ്രഹിച്ച അവൾ സിനഗോഗിനെ ന്യായം വിധിക്കുന്നു. എങ്കിൽ, കടന്നുപോകാത്ത രാജാവിനെയും വഴിതെറ്റാത്ത വിജ്ഞാനത്തെയും കാണാൻ ആഗ്രഹിക്കുന്ന സഭ എത്രയധികമായി ന്യായം വിധിക്കുകയില്ല? *എന്തുകൊണ്ടെന്നാൽ, നാം അവനോടുകൂടി സഹിക്കുന്നെങ്കിൽ, അവനോടുകൂടി മഹത്ത്വീകരിക്കപ്പെടുകയും ചെയ്യും* (റോമാ 8:17).

www.malankaralibrary.com



## അശുദ്ധാത്മാവ്

5. *അതുകൊണ്ട്, അശുദ്ധാത്മാവ് ഒരാളിൽനിന്ന് പുറപ്പെട്ടുപോകുമ്പോൾ* (മത്താ 12:43). അവർ അവനിൽനിന്ന് ഒരടയാളം തേടിയതിനാലാണ് അവൻ ഇതു പറഞ്ഞത്. അവൻ ഈ ഉദാഹരണവും അവരുടെ മുമ്പിൽ അവതരിപ്പിച്ചു: 'നിങ്ങൾ ഒരു നിമിഷത്തേക്കു സൗഖ്യം പ്രാപിക്കുകയും എന്നാൽ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നതുകൊണ്ട് നിങ്ങൾക്കെന്തു പ്രയോജനമാണ്? കാരണം, സൗഖ്യം പ്രാപിച്ചശേഷവും നിങ്ങൾ സംശയഗ്രസ്തരാണെങ്കിൽ, ആദ്യവേദനയേക്കാൾ കഠിനതരമായത് നിങ്ങൾക്കു വന്നു ഭവിക്കും'. അവൻ അവരുടെ മുമ്പാകെ അവതരിപ്പിച്ച ദൃഷ്ടാന്തത്തിൽ എന്നതുപോലെ, അശുദ്ധാത്മാവ് പുറപ്പെട്ടുപോയി, തന്റെ ഏഴ് സഖികളെയുംകൂട്ടി തിരിച്ചുവന്നു. ആ മനുഷ്യന്റെ അന്ത്യം ആദ്യത്തേതിനേക്കാൾ കഠിനതരമായിരുന്നു. ഈ തലമുറയ്ക്കും ഇതുപോലെ സംഭവിക്കും (12:45). മറിയം മഗ്ദലേനായുടെ സുഖം പ്രാപിക്കലിനു തുല്യമാണിത്. *അവൻ അവളിൽനിന്ന് ഏഴ് പിശാചുക്കളെ പുറത്താക്കി* എന്ന് അവളേപ്പറ്റി എഴുതിയിരിക്കുന്നു (ലൂക്കാ 8:2). ഇതുകൊണ്ടാണ്, താൻ അവർക്കു വിശദീകരിച്ച വിഷയത്തിന്റെ ദൃഷ്ടാന്തമായി ഈ പ്രവൃത്തി അവരുടെ മുമ്പിൽ അവിടുന്ന് അവതരിപ്പിച്ചത്. അവിടുത്തോടുകൂടി ഉണ്ടായിരുന്ന സ്ത്രീകളെപ്പറ്റി സുവിശേഷകൻ ഇതേ ഭാഗത്തു സംസാരിക്കുന്നു: *അവൻ ഏഴ് അശുദ്ധാത്മാക്കളെ പുറത്താക്കിയ മറിയം മഗ്ദലേനാ, ഹേറോദേസിന്റെ ദാസന്റെ ഭാര്യ യോഹന്നാ, സൂസന്നാ ആദിയായി, അശുദ്ധാത്മാക്കളിൽനിന്ന് സുഖം പ്രാപിച്ചവർ* എന്നിത്യാദി (8:2-3). *അവന്റെ അന്ത്യം കഷ്ടതരമായിരിക്കും;* കാരണം, സൗജന്യമായും വിശ്വാസം ആവശ്യപ്പെടാതെയും കഠിനവേദനകൾ സുഖപ്പെടുത്താൻ മിശിഹാ തന്റെ ശരീരത്തിൽ വീണ്ടും വരികയില്ല.

6. *അതുകൊണ്ട്, അശുദ്ധാത്മാവ് ഒരാളിൽനിന്നു പുറപ്പെട്ടുപോകുമ്പോൾ* (മത്താ 12:43). നമ്മുടെ കർത്താവ് ഇസ്രായേലിനെ, അശുദ്ധാത്മാവ് ബാധിച്ച ഒരു ഭ്രാന്തനോടും, തന്നെ ഒരു വൈദ്യനോടും താരതമ്യപ്പെടുത്തി. *എന്തുകൊണ്ടെന്നാൽ, അവിടുന്ന് ഇസ്രായേലിനെ അറിഞ്ഞിരുന്നു...* എന്നിത്യാദി (ആവ 32:10). അവിടുന്നു തന്റെ ജനത്തിന് ഒരു വൈദ്യനായിരുന്നതിനാൽ, തന്റെ പ്രഘോഷണം അവരിൽ ഫലദായകമാകാൻ അവിടുന്ന് പരിശ്രമിച്ചു. *നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ലെ*

www.malankaralibrary.com


*കിൽ, എന്റെ പ്രവൃത്തികളിൽ വിശ്വസിക്കുവിൻ* എന്നു പറഞ്ഞുകൊണ്ട്, അവിടുന്ന് അടയാളങ്ങളും അത്ഭുതങ്ങളുംവഴി പ്രവാചക വചനങ്ങൾ പൂർത്തീകരിച്ചു. അവിടുന്നു തന്റെ കൃപ അവരുടെ ഇടയിൽ വർഷിച്ചതിനാൽ, വിഗ്രഹാരാധന തന്റെ മുമ്പിൽനിന്ന് ഓടിപ്പോയി, അവരുടെ പേഗനിസം വിജാതീയരിലേക്ക് കടന്നുകൂടി. കാലപൂർത്തിയിൽ, തെറ്റിന്റെ രോഗത്തിൽനിന്ന് അവർ സൗഖ്യം പ്രാപിച്ചതുപോലെയായി. അവരുടെ വിഗ്രഹാരാധന ജീവദാതാവിന്റെ കിരണങ്ങളിൽനിന്ന് വളരെ അകന്നുപോയി; അവിടുത്തെ അത്ഭുതങ്ങളുടെ നിർബന്ധം കൊണ്ട് അവരുടെ പേഗനിസം അവരെ വിട്ടുപോയി. എന്നാൽ തങ്ങളുടെ ഇഷ്ടത്താലല്ല അവർ അതിനെ തള്ളിക്കളഞ്ഞത്. കാരണം, തന്റെ ഉത്ഥാനത്തിനുശേഷം സ്വതന്ത്രമായി പ്രകാശിതമാകുവാൻ കർത്താവ് അവരെ തങ്ങളുടെ സ്വതന്ത്രേച്ഛയ്ക്കു വിട്ടുകൊടുത്തപ്പോൾ അവർ തങ്ങളുടെ മുൻകാലജീവിതത്തിലേക്കു പിൻതിരിഞ്ഞു. അതുകൊണ്ട്, *തന്റെ ഏഴു സഖികളെ* എന്ന് അവിടുന്നു പറഞ്ഞു. *അന്ത്യം ആദ്യത്തേതിനേക്കാൾ കഠിനതരം ആയിരുന്നു;* കാരണം, തെറ്റിന്റെ പൂർണത അവരിൽ നിറഞ്ഞുനിന്നു.

**7.** കൂടാതെ, ഒരു മനുഷ്യന്റെ ഉപമയിലൂടെ മിശിഹാ അശുദ്ധാത്മാവിനെ ഇസ്രായേലിന്റെമേൽ ആരോപിക്കുകയായിരുന്നു. അവർ ഫറവോന്റെ സേവനത്തിൽ, ഈജിപ്തിൽ പാർത്തിരുന്ന കാലത്ത് അവരിൽ ഒരശുദ്ധാത്മാവ് ഉണ്ടായിരുന്നു. എന്നാൽ അവരെ നയിക്കാൻ ദൈവം അവർക്ക് ഒരു വിമോചകനെ അയച്ചപ്പോൾ, അശുദ്ധാത്മാവ് അവരിൽനിന്ന് പറന്നുപോകുകയും അവൻ സുഖംപ്രാപിക്കുകയും ചെയ്തു. *കാരണം, അവൻ തന്റെ വചനം അയച്ച് അവരെ സുഖപ്പെടുത്തുകയും നാശത്തിൽനിന്ന് അവരെ വിടുവിക്കുകയും ചെയ്തു* (സങ്കീ 107:20). അവർ ശുദ്ധീകരിക്കപ്പെടാൻ അവൻ അവരെ കടലിലൂടെ നയിച്ചു; എന്നാൽ അവർക്ക് അതിനു മനസുവന്നില്ല. അവൻ അവരെ അഗ്നിയിലേക്കു നയിച്ചു; എന്നാൽ, ശ്ലീഹാ സാക്ഷിക്കുന്നതുപോലെ, അവർ ശുദ്ധീകരിക്കപ്പെട്ടില്ല (1 കോറി 10:1-5). അതുകൊണ്ട്, അവരിൽനിന്നു പുറപ്പെട്ടുപോയ അരൂപി തനിക്കൊരു വിശ്രമസങ്കേതം കണ്ടെത്താനായി വെള്ളമില്ലാത്ത സ്ഥലങ്ങളിൽ അലഞ്ഞുനടന്നു, അതായത്, വിജാതീയരുടെ ഇടയിൽ, എന്നാൽ അതിനു കണ്ടെത്താൻ കഴിഞ്ഞില്ല. കാരണം, വിജാതീയരും അവിടുത്തെ സ്വരം കേട്ടിരുന്നു: *ദാഹാർത്തരായ എല്ലാ*

www.malankaralibrary.com



*വരും ജലാശയത്തിങ്കലേക്കു വരുവിൻ; വിജാതീയർ അവനിൽ പ്രത്യാശ വയ്ക്കും; നിന്നെ ഞാൻ സ്വജനത്തിന് ഒരുടമ്പടിയായും വിജാതീയർക്ക് പ്രകാശമായും നൽകിയിരിക്കുന്നു.* (ഏശാ. 55:1; 11: 10; 42:6;49:6). വിജാതീയരുടെ മരുഭൂമി ജലാശയങ്ങളായി തീർന്നതിനാൽ (സങ്കീ. 107:35) ദുഷ്ടാത്മാവ് വിജാതീയരുടെ ഇടയിൽ സങ്കേതം കണ്ടെത്തിയില്ല. അതുകൊണ്ട്, *ഞാൻ എൻെറ മുൻവസതിയിലേക്കു തിരികെ പോകും* (മത്താ 12:44): അശുദ്ധാത്മാവും അവൻെറ ഏഴു സഖികളും. ആഴ്ചയുടെ ഏഴു ദിവസങ്ങൾക്കനുസൃതം അത് ഈ ജനത്തിനിടയിൽ കടന്നുകൂടി വാസം ഉറപ്പിക്കുകയും അതിൻെറ എല്ലാ മതപരമായ അനുഷ്ഠാനങ്ങളും അവസാനിപ്പിക്കുകയും ചെയ്തു.

8. *അവൾ നിലവിളിച്ചുകൊണ്ട് ഏഴു മക്കളെ പ്രസവിച്ചു* എന്ന് ജറമിയാ പറഞ്ഞത് ഈ ജനത്തിൽ വസിക്കുന്ന ഏഴ് ആത്മാക്കളെകുറിച്ചാണ് (15:9). അവളുടെ വയർ വീർത്തിരുന്നു; കാരണം, ഇസ്രായേൽ മരുഭൂമിയിൽ ഒരു കാളക്കുട്ടിയെയും (പുറ 32:1-35); ജറൊബൊവാമിൻെറ രണ്ട് കാളക്കുട്ടികളെയും (1 രാജാ 12:26-32), മനാശ്ശെയുടെ ചതുർമുഖ രൂപത്തെയും (2 ദിന 33:7) ഗർഭം ധരിച്ചു. പ്രവചനത്തിൻെറ വെളിച്ചം കൂടാതെ അവർ അന്ധകാരത്തിൽ വസിച്ചിരുന്നതിനാൽ, *സൂര്യൻ അസ്തമിച്ചു* (ജറ 15:9). *ഇതു നിങ്ങൾക്ക് ദർശനംകൂടാത്ത രാത്രിയായിരിക്കും; ഇത് നിങ്ങൾക്ക് ഉദയം കൂടാത്ത അന്ധകാരം ആയിരിക്കും* (മീക്കാ 3:6). *കാരണം, അത് ഒരു മനുഷ്യനിൽനിന്ന് പുറപ്പെട്ടുപോകുമ്പോൾ, അത് അലഞ്ഞുതിരിയുന്നു* (മത്താ 12:43). സ്വഭാവത്താലെയാണ് അത് ഇങ്ങനെ ചെയ്യുന്നത്. അവിടുന്ന് ഈ ന്യായവിധി ഈ ജനത്തെ സംബന്ധിച്ചാണ് പറഞ്ഞത്: *ഈ തലമുറയ്ക്കും ഇതുപോലെ ആയിരിക്കും* (12:45). അതായത് പാപം തന്നെയായ ദുഷ്ടാരൂപി, പ്രവാചകന്മാരുടെ നാളുകളിൽ അവരിൽനിന്നു പുറപ്പെട്ടുപോയി. ദൈവം അവരിൽ ഒരു ഭാഗത്തെ അവരിൽനിന്ന് എടുത്ത് ബാബിലോണിൽ വച്ചു. ദൈവം അവരിൽനിന്ന് പാപം എടുത്തുകളഞ്ഞു എന്ന് പ്രവാചകന്മാരും സാക്ഷിക്കുന്നു: *നൂറു വയസ്സുള്ളയാൾ യുവാവിനെപ്പോലെ മരിക്കും; നൂറാം വയസ്സിൽ പാപം ചെയ്യുന്നവൻ ശപിക്കപ്പെട്ടവനായിരിക്കും* (ഏശാ 65: 20). നമ്മുടെ കർത്താവിൻെറ നാളുകളിൽ ദുഷ്ടാരൂപി വീണ്ടും അവരെ ഗ്രസിച്ചു. കാരണം, തങ്ങളുടെ രക്ഷകൻെറ നേരെ അസൂയനിറഞ്ഞവരായി അവരെ അവൻ കണ്ടു. എന്നാൽ ഈ സമയം അവരുടെ ദുഷ്പ്രവൃത്തി മുമ്പിലത്തേതിനേക്കാൾ കഠിനതരമാ

www.malankaralibrary.com



യിരുന്നു. അവർ പ്രവാചകന്മാരെ കൊന്നു; മിശിഹായെ കുരിശിൽ തറച്ചു. തദ്ഫലമായി, ഉപയോഗശൂന്യമായ പാത്രംപോലെ അവർ ദൂരെ എറിയപ്പെട്ടു.

## യേശുവിൻെറ യഥാർത്ഥ ബന്ധുക്കൾ

**9.** *നിന്നെ വഹിച്ച ഉദരവും നിന്നെ കുടിപ്പിച്ച മുലകളും ഭാഗ്യമുള്ളവ* (ലൂക്കാ 11:27). അവൻ യഥാർഥത്തിൽ ജനിച്ചതാണോ എന്നതു സംബന്ധിച്ച് അവർ അവനെ പരീക്ഷിക്കുകയായിരുന്നു എന്ന് മാർസിയൻ പറഞ്ഞു. അതുപോലെ, *ഇതാ, നിൻെറ അമ്മയും നിൻെറ സഹോദരന്മാരും നിന്നെ അന്വേഷിക്കുന്നു* എന്ന വാക്കുകളുടെ കാര്യത്തിലും (മർക്കോ 3:32). അവൻ ശരീരത്തിൽ കാണപ്പെട്ടതിൻെറയും അവൻെറ പോഷണത്തിൻെറയും ഉദ്ദേശ്യം എന്തായിരുന്നു? മാർസ്യൻ പറഞ്ഞു: 'തൻെറ മഹത്ത്വം മറയ്ക്കുന്നതിനും താൻ ശാരീരികനാണെന്ന് അവരെ വിശ്വസിപ്പിക്കുന്നതിനും ആയിരുന്നു അത്; കാരണം, അതിനെ ഉൾക്കൊള്ളാൻ അവർ അശക്തരായിരുന്നു. എന്നാൽ, എന്തിനാണ് അവൻ തൻെറ ജനനം നിഷേധിച്ചത്? നിഷേധിക്കുന്നതിലൂടെ, താൻ യഥാർത്ഥത്തിൽ ജനിച്ചവനല്ല എന്ന് അവരെ കാണിക്കാൻ അവൻ ആഗ്രഹിച്ചെങ്കിൽ, ജനിച്ചവരായ തൻെറ ശിഷ്യരുടെ സഹോദരനായി അവിടുന്ന് തന്നെത്തന്നെ അവതരിപ്പിക്കുമായിരുന്നില്ല (മത്താ 12:49-50). മുകളിൽ അവിടുന്ന് നിഷേധിച്ചതിലൂടെ, താൻ ജനിച്ചവനല്ല എന്ന ആശയത്തെ അവിടുന്ന് ഖണ്ഡിച്ചെങ്കിൽ, ഇവിടെ പറഞ്ഞതിൽനിന്ന് താൻ ജനിച്ചവനാണ് എന്ന് വിശ്വസിക്കേണ്ടിയിരിക്കുന്നു. അവൻ തൻെറ അമ്മയെ നിഷേധിച്ചതുവഴി ബന്ധം വിച്ഛേദിച്ചു എന്ന് വാദത്തിനുവേണ്ടി സമ്മതിച്ചാൽ തന്നെയും, തൻെറ സഹോദരന്മാരെ അംഗീകരിച്ചതിലൂടെ തൻെറ പിതൃവംശാവലി അറിയിക്കപ്പെട്ടു. കൂടാതെ, അവൻ തൻെറ അമ്മയെയോ സഹോദരങ്ങളെയോ തിരിച്ചറിയാഞ്ഞതിനാൽ, അവനു മാതാപിതാക്കളില്ല എന്ന് കാണിച്ചാൽതന്നെയും, *ഏകനല്ലാതെ നല്ലവൻ ആരുമില്ല* എന്ന് അവൻ തന്നെ പറഞ്ഞിട്ടുണ്ട് (മർക്കോ 10:17). അങ്ങനെയാണെങ്കിൽ, അവനും പരിശുദ്ധാത്മാവും തെരഞ്ഞെടുക്കപ്പെട്ട മാലാഖമാരും നല്ലവരല്ലേ? കാരണം, *എന്തുകൊണ്ട് നിങ്ങൾ എന്നെ നല്ലവൻ എന്നു വിളിക്കുന്നു* എന്ന് അവിടുന്നു ചോദിച്ചു. അങ്ങനെ അവിടുന്ന് മുകളിൽ ചോദിച്ചില്ല. അതായത്, *ഗർഭസ്ഥിതനും ജനിച്ചവനും എന്ന് എന്തുകൊണ്ടു നിങ്ങൾ എന്നെ വിളിക്കുന്നു?*

www.malankaralibrary.com



**10.** *നിന്നെ വഹിച്ച ഉദരം അനുഗൃഹീതമാകുന്നു* (ലൂക്കാ 11:27). തന്നെ വഹിച്ചവളിൽനിന്ന് അവിടുന്ന് അനുഗ്രഹം എടുത്ത് തന്നെ ആരാധിച്ചവർക്കു നൽകി. അത് കുറേ സമയം മറിയത്തോടുകൂടി മാത്രമായിരുന്നു; എന്നാൽ തന്നെ ആരാധിക്കുന്നവരോടുകൂടി എന്നേക്കും ഉണ്ടായിരിക്കും. *ദൈവവചനം കേട്ട് പാലിക്കുന്നവർ അനുഗൃഹീതരാകുന്നു* (11:28).

## യേശു ഉപമകളിലൂടെ പഠിപ്പിക്കുന്നു

**11.** *ചെവിയുള്ളവൻ കേൾക്കട്ടെ* (മർക്കോ 4:9). ചെവിയുള്ളവൻ കേൾക്കുകതന്നെ ചെയ്തു; ഈ സ്വരത്തിന്റെ നന്മയാൽ ഇത് ഓരോ ചെവിയിലും തുളച്ചുകയറി. എന്നാൽ ആ കാതുകൾ അവയുടെ സ്വാതന്ത്ര്യം നിമിത്തം തങ്ങൾക്കിഷ്ടമുള്ളവയെ ശ്രദ്ധിച്ചു. എന്നാൽ മറ്റുചിലർ ഈ സ്വരത്തെ ശ്രദ്ധിക്കുന്നെങ്കിലും, ഈ ശ്രദ്ധ ആവശ്യപ്പെടുന്നത് ചെയ്യുന്നില്ല, അതുകൊണ്ട്, കണ്ണുകൾക്ക് കാണാൻ പ്രയാസമുള്ളവ കർത്താവ് ശരീരത്തിൽനിന്നു മറച്ചുവച്ചു; എന്നാൽ മനസിന് ഗ്രഹിക്കാൻ എളുപ്പമുള്ളത് വെളിപ്പെടുത്തുകയും വ്യക്തമാക്കുകയും ചെയ്തു. ദൈവത്വത്തിന്റെ ദർശനം നയനങ്ങൾക്ക് പ്രയാസമേറിയതാണ്; എന്നാൽ അവിടുത്തെ സന്ദേശം കാതുകൾക്ക് എളുപ്പം ഉള്ളതാണ്. അവിടുന്ന് അവരെ കുറ്റപ്പെടുത്തിയത്, അവിടുത്തെ ദൈവത്വം അവർക്കു കാണാൻ കഴിയാഞ്ഞതിനാലല്ല, പിന്നെയോ, തന്റെ ദൈവത്വത്തിന്റെ വചനം അവർ സ്വീകരിക്കാഞ്ഞതിനാലത്രേ. അതുകൊണ്ട് കാതുകളിൽ വിതയ്ക്കപ്പെടുകയും വേരോടുകയും ചെയ്തെങ്കിലും ഫലം പുറപ്പെടുവിക്കാത്ത വാക്കുകൾ ഉണ്ട്. എന്നാൽ ആഴത്തിൽ വേരോടി ഫലം പുറപ്പെടുവിക്കുന്നവയും ഉണ്ട്. കാരണം, മൂന്നു ഗോതമ്പുമണികൾ മൂന്നു തരം ശ്രോതാക്കളിൽ നിപതിച്ചെങ്കിലും, ഫലം പുറപ്പെടുവിച്ചില്ല.

**11a.** *അവർ കാണുന്നവ കാണാതിരിക്കാനും, കേൾക്കുന്നവ കേൾക്കാതിരിക്കാനുമായി, ഞാൻ അവരോട് ഉപമകളിൽ സംസാരിക്കുന്നു* (മത്താ 13:13). *നിങ്ങൾക്ക് കണ്ണുകൾ ഉണ്ടെങ്കിലും നിങ്ങൾ കാണുന്നില്ല* എന്ന് അവിടുന്ന് ശിഷ്യരോടും പറഞ്ഞു (മർക്കോ 4:13). തങ്ങളുടെ സ്വന്ത ഇഷ്ടത്താൽ കാണാനോ കേൾക്കാനോ ഇഷ്ടപ്പെടാത്തവരായ ആളുകളെ ഉദ്ദേശിച്ചുകൊണ്ട് അവരുടെ ഇടയിൽ അവിടുന്നു പറഞ്ഞതാണിത്. അതുപോലെ, ഇതേ വീക്ഷണമുള്ള ആർക്കും ഇതു ബാധകമാണ്. തന്റെ ധാർഷ്ഠ്യത്തിൽ ഉറച്ചുനില്ക്കുന്ന ആളിനെ പരാമർശിച്ചാണ്

www.malankaralibrary.com



*ഇതു പൂർത്തിയായിരിക്കുന്നു* എന്നിത്യാദി അവിടുന്നു പറഞ്ഞത് (13:14). നിയമജ്ഞർ മറുതലിച്ചുനിന്നു. ശിഷ്യന്മാർ അവരെപ്പോലെ ആയിരുന്നെങ്കിലും മറുതലിച്ചു നിന്നില്ല. അതുകൊണ്ട്, *ഇത് അവരെ സംബന്ധിച്ച് പൂർത്തിയായിരിക്കുന്നു* എന്ന് അവിടുന്നു പറഞ്ഞു.

**12.** *ഇതാ, വിതക്കാരൻ വിതയ്ക്കാൻ പുറപ്പെട്ടു. അവൻ വിതച്ചപ്പോൾ, ചിലത് വഴിയരികിൽ വീണു. ചിലത് പാറമേൽ വീണു; ചിലത് മുള്ളുകൾക്കിടയിൽ വീണു. ചിലത് നല്ല നിലത്തുവീണു* (ലൂക്കാ 8:5-8). ഒരു വിതക്കാരനും ഒരു വയലും മാത്രമേ ഉണ്ടായിരുന്നുള്ളു എങ്കിൽ, ഉഴുതുമറിച്ചതും വളക്കൂറുള്ളതുമായ മണ്ണിൽ എങ്ങനെ നാല് വ്യത്യസ്ത രീതിയിലുള്ള ഫലം കാണപ്പെട്ടു? മണ്ണിൻെറ സ്വഭാവവും അവിടുത്തെ കൃഷിയും ഒന്നായിരിക്കുകയും, പാവനമായ കരങ്ങളിൽ നിന്ന് സംശുദ്ധമായ വിത്ത് സ്വീകരിക്കുകയും ചെയ്തെങ്കിൽ ഇതെങ്ങനെ വന്നുകൂടി? *മുപ്പതും അറുപതും നൂറും മേനിയായി* (മർക്കോ 4:8) മൂന്ന് വ്യത്യസ്തതരം വിളവ് എങ്ങനെ കാണപ്പെട്ടു? *ഉള്ളവന് കൊടുക്കപ്പെടും* എന്നു പറയുന്നത് എന്തുകൊണ്ട്? (മത്താ 13:12). ആളുകൾ ചവിട്ടുകയും പറവകൾ തിന്നുകളയുകയും ചെയ്യുന്ന വഴിയരികിൽ അവൻ എന്തിന് വിത്തു വിതച്ചു? അവൻ എന്തുകൊണ്ട് മുള്ളുകൾ വളരുന്നിടത്തും, നല്ല നിലത്തും, ധാരാളം കളകൾ ഉള്ളിടത്തും, പാറകളുള്ള മണ്ണിലും വിതച്ചു? വിതക്കാരൻ ഒരുവൻ തന്നെ; അവൻ ഇടംവലം നോക്കാതെ തൻെറ വിത്ത് വിതച്ചു. ഓരോ നിലവും ഫലത്തിലൂടെ അതിൻെറ സ്നേഹം കാണിക്കുന്നു. സ്വതന്ത്രേച്ഛ കൂടാതെ, ബലപ്രയോഗത്താൽ സുവിശേഷം നീതീകരിക്കുന്നില്ല എന്ന് തൻെറ വാക്കിലൂടെ കാണിക്കാനാണ് അവനിതു പറഞ്ഞത്. എങ്കിലും, തൻെറ വിശുദ്ധ വാക്കുകളുടെ വിത്തുകളിൽ നിന്ന് അടഞ്ഞ കാതുകളെ അവിടുന്ന് ഒഴിവാക്കിയില്ല.

**13.** *ചിലത് വഴിയരികിൽ വീണു* (മത്താ 13:19). ഒരു താലന്തു ലഭിക്കുകയും ദാതാവിൻെറ നന്മയെ നിന്ദിക്കുകയും ചെയ്തവനെപ്പോലെ, നന്ദിയില്ലാത്ത ആത്മാവിൻെറ പ്രതീകമാണിത് (മത്താ 25:24-30). വിത്തിനെ സ്വീകരിക്കാൻ ഈ മണ്ണ് താമസിച്ചതിനാൽ, അത് എല്ലാ തിന്മകൾക്കുമുള്ള പൊതുവായ പെരുവഴി ആയിത്തീർന്നു. തദ്ഫലമായി, അധ്വാനിയേപ്പോലെ അതിനുള്ളിലേക്ക് തുളച്ചുകയറി, അതിൻെറ കാഠിന്യം ഇല്ലാതാക്കി അവിടെ വിത്തു വിതയ്ക്കാൻ, ഗുരുവിനു പറ്റിയ സ്ഥലം ആ മണ്ണിൽ ഇല്ലായിരുന്നു. അതിനെ കൊത്തി എടുത്തുകൊണ്ടുപോയ

www.malankaralibrary.com



പറവയുടെ ഉപമയിലൂടെ കർത്താവ് ദുഷ്ടനെ വരച്ചുകാട്ടി (13:19). ഹൃദയത്തിൽ വിതയ്ക്കപ്പെട്ട പ്രബോധനം, ദുഷ്ടൻ ബലം പ്രയോഗിച്ച് തട്ടിപ്പറിച്ചുകൊണ്ടുപോകുന്നില്ല എന്ന് ഇതിലൂടെ അവിടുന്നു കാണിച്ചു. കാരണം, ഇതാ, അവിടുന്ന് വെളിപ്പെടുത്തിയ ഉപമയിൽ മണ്ണിനടിയിലേക്ക് കടന്ന് മറഞ്ഞിരിക്കാതെ ഉപരിതലത്തിൽ മാത്രം കിടന്ന വിത്തുപോലെ, സുവിശേഷത്തിൻെറ സ്വരം കാതുകളുടെ വാതുക്കൽ മാത്രം എത്തി എന്ന് അവിടുന്ന് വെളിപ്പെടുത്തി. ഭൂമി അതിൻെറ ചിറകിൻ കീഴിൽ മറച്ചിരുന്ന വിത്തിനെ ചികഞ്ഞു കണ്ടുപിടിക്കാൻ പറവകൾക്ക് അനുവാദം ഇല്ലായിരുന്നു.

**14.** *പാറയിൽ വീണത്* (13:20): മണ്ണ് ഉഴുതുമറിച്ച് കട്ടി കുറച്ചില്ലെങ്കിലും അതിൽനിന്ന് നല്ലവനായ കർത്താവ് തൻെറ വിത്തിനെ പിൻവലിച്ചില്ല. അങ്ങനെ അവിടുന്ന് തൻെറ കാരുണ്യം വെളിപ്പെടുത്തി. *ഈ വചനം കഠിനമാകുന്നു; ആർക്ക് അതു ശ്രവിക്കാൻ കഴിയും* എന്ന് പറഞ്ഞവരെപ്പോലെ (യോഹ 6:60) തൻെറ പ്രബോധനത്തിൽ നിന്ന് അകന്നുപോയവരെ കുറിക്കുന്നതാണ് ഈ നിലം. ഇത് യൂദാസിനെ പോലെയാണ്. അവൻ അവിടുത്തെ വചനം ശ്രവിച്ചു; അവിടുത്തെ അടയാളങ്ങൾ കണ്ട് വളർന്നു; എന്നാൽ, പരിശോധനയുടെ നാഴികയിൽ അവൻ ഫലം പുറപ്പെടുവിച്ചില്ല.

**15.** മുള്ളുള്ള ഭൂമി വിത്തിനെ സ്വീകരിച്ചെങ്കിലും അതു മുള്ളുകളും കളകളും വളർത്തി (മത്താ 13:22). മുള്ളുകൾ നിറഞ്ഞുനിന്നെങ്കിലും, അന്യൻെറ അധ്വാനത്തിൽ വീമ്പടിച്ചുകൊണ്ടിരുന്ന മണ്ണിലേക്ക് ഗുരു ധൈര്യപൂർവം തൻെറ വിത്ത് വിതച്ചു എന്നതിൽ തൻെറ സ്നേഹം കാട്ടി. അതിനൊരു ന്യായീകരണം ഉണ്ടാകാതിരിക്കാൻ, അവിടുന്ന് ധാരാളമായി തൻെറ സ്വന്തം വിത്ത് അതിൽ വർഷിച്ചു.

**16.** *ഈ കാര്യങ്ങൾ എൻെറ യൗവനം മുതൽ ഞാൻ ചെയ്തു വരുന്നു* എന്ന് പറഞ്ഞുകൊണ്ട് ധനവാൻ സന്തോഷപൂർവം നമ്മുടെ കർത്താവിൻെറ പക്കലേക്കു കടന്നുവന്നു (മർക്കോ 10:20). നമ്മുടെ കർത്താവ് അവനെ ശുദ്ധീകരിക്കുകയും ഒരു ചെറിയ വിത്ത് അവനു നൽകുകയും ചെയ്തു: *പരിപൂർണനാകുവാൻ നിനക്കു മനസ്സുണ്ടെങ്കിൽ, നിൻെറ സമ്പാദ്യങ്ങളെല്ലാം വില്ക്കുക* (മത്താ 19:21). തന്നെ വീർപ്പുമുട്ടിക്കുന്ന മുള്ളുകളിൽ നിന്നെല്ലാം തന്നെ വിമോചിപ്പിക്കാൻ വിത്തിൻെറ പരിപൂർണത അണഞ്ഞിരിക്കുന്നു എന്നു കണ്ട ധനവാൻ, തന്നെ തടഞ്ഞു

www.malankaralibrary.com



കൊണ്ടിരുന്ന മുള്ളുകളാകുന്ന സമ്പത്തു നിമിത്തം *ദുഃഖിതനായി* (ലൂക്കാ 18:23).

**17.** വിളിക്കപ്പെടുകയും അവനെ അനുഗമിക്കാനായി തങ്ങൾക്കുള്ള തെല്ലാം ഉപേക്ഷിക്കുകയും ചെയ്തവരെപോലെ, സത്യമനുസരിച്ച് പ്രവർത്തിക്കുന്നവരെ നല്ലതും ഫലസമൃദ്ധവുമായ മണ്ണ് പ്രതിനിധീക രിക്കുന്നു. *മുപ്പതും അറുപതും നൂറും* ജീവിതായുസിനെ കുറിക്കുന്നു (മർക്കോ 4:8): ശൈശവം, യൗവനം, വാർധക്യം. ഒരു നിലവും ഒരു വിത്തുമേ ഉള്ളുവെങ്കിലും, ചിലർക്ക് മറ്റുള്ളവരേക്കാൾ കൂടുതൽ വേരു കൾ ഉള്ളതിനാൽ, ജീവിത ദൈർഘ്യം അനുസരിച്ച്, കർത്താവ് വ്യത്യ സ്ത അളവിൽ കൊയ്തെടുക്കുന്നു. തങ്ങളുടെ വേരുകൾക്കനുസൃതം വ്യത്യസ്തമായ പ്രതിഫലം പ്രാപിക്കാൻ അവർ അടുത്തുവന്നപ്പോൾ, ആദ്യത്തേതിനു തുല്യമായ പ്രതിഫലം അവസാനത്തേതിന് കിട്ടി; ഇങ്ങനെ നല്ലവനായ കർത്താവ് തൻെറ കാരുണ്യം കാണിച്ചു.

**18.** വിതയ്ക്കപ്പെട്ട നല്ല വസ്തുക്കൾ സന്തോഷപൂർവം സ്വീകരിച്ച മനസ് പൂർണമായും നല്ലതായിരുന്നെങ്കിലും, നല്ലതും ഫലപുഷ്ടിയു ള്ളതുമായ നിലം മുപ്പതുമേനിയും അറുപതുമേനിയും നൂറുമേനിയുമായി വ്യത്യസ്ത രീതികളിൽ ഫലം പുറപ്പെടുവിച്ചു: ഓരോരുത്തനും അവന വൻെറ കഴിവനുസരിച്ച്, അഞ്ചു താലന്തു കിട്ടിയവൻ അഞ്ചുകൂടി സമ്പാ ദിച്ചതുപോലെ നിലത്തിൻെറ ഓരോ ഭാഗവും അതിൻെറ ഫലപുഷ്ടി അനുസരിച്ച്, സന്തോഷപൂർവം ഫലം പുറപ്പെടുവിക്കുന്നു എന്ന് അവി ടുന്നു കാണിച്ചു (മത്താ 25:14-30). ദൈവത്തിനുവേണ്ടിയുള്ള സാക്ഷ്യ ത്തിൽ മരണത്തിൻെറ മുദ്ര സ്വീകരിച്ചതിനാൽ, തെരഞ്ഞെടുക്കപ്പെട്ട തിൻെറ പരിപൂർണത സമ്പാദിച്ചവനാണ് നൂറു മടങ്ങു മടക്കി നൽകു ന്നവൻ എന്നു തോന്നുന്നു. വിളിക്കപ്പെടുകയും, തങ്ങളുടെ ദൈവത്തെ പ്രതി വേദനാജനകമായ പീഡനങ്ങൾക്ക് തങ്ങളുടെ ശരീരങ്ങളെ കയ്യാ ളിക്കുകയും അന്ത്യംവരെ നല്ലവരായി നിലനില്ക്കുകയും ചെയ്തെ ങ്കിലും, തങ്ങളുടെ നാഥനുവേണ്ടി മരണം വരിക്കാൻ കഴിയാഞ്ഞവരാണ് അറുപതു മടങ്ങു മടക്കി നൽകുന്നവർ. നല്ല നിലത്തിൻെറ അനുദിനാ ളവാണ് മുപ്പതു മടങ്ങ്. അത് മിശിഹായെ പിൻചെല്ലുന്ന തെരഞ്ഞെടു ക്കപ്പെട്ടവരെ കുറിക്കുന്നു; മതപീഡനത്തിനുള്ള അവസരം അവർക്കു ണ്ടായില്ലെങ്കിലും നിലത്തിൻെറ ഒരുഭാഗം അതിൻെറ ഫലത്താൽ കിരീടം ധരിപ്പിക്കപ്പെടുന്നതുപോലെ, അവരും അവരുടെ സത്പ്രവൃത്തികളി

www.malankaralibrary.com



ലുടെ കിരീടം ധരിപ്പിക്കപ്പെടുന്നു. എന്നാൽ രക്തസാക്ഷിത്വത്തിനും വിശ്വാസത്തിനു സാക്ഷ്യംനൽകാനും അവർ വിളിക്കപ്പെട്ടില്ല. *അവൻ അറിയാതെ ഭൂമി ഫലം പുറപ്പെടുവിച്ചു* (മർക്കോ 4:27-28); അവൻ അറിഞ്ഞില്ല എന്നല്ല, പിന്നെയോ, അതിൻെറ വളർച്ചയ്ക്കായി അവൻ അധ്വാനിച്ചില്ല എന്നത്രേ.

**19.** *യജമാനനേ, നീ നിൻെറ നിലത്ത് നല്ല വിത്താണല്ലോ വിതച്ചത്. പിന്നെ കള എവിടെനിന്നു വന്നു? അവൻ അവരോടു പറഞ്ഞു: ശത്രുവാണ് ഇതു ചെയ്തത്* (മത്താ 13:27-28). വിതക്കാരൻ ചെയ്തതല്ല. നമ്മിലൊരാൾ ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുകയാണെങ്കിൽ, തൻെറ ഭാഗത്ത് വിതച്ചത് നല്ലതായിരുന്നോ എന്ന് നമുക്ക് അവനോടു ചോദിക്കാം. അങ്ങനെ ആയിരുന്നെങ്കിൽ, ഒരു ഭാഗം വിതയ്ക്കപ്പെടുകയും മറ്റൊന്ന് വിതയ്ക്കപ്പെടാതിരിക്കുകയും ചെയ്തത് എങ്ങനെയാണെന്ന് അവൻ നമ്മോടു പറയട്ടെ. അവൻ ചീത്ത സ്ഥലത്ത് വിത്തു വിതറിയെങ്കിൽ, അവൻ തന്നെ കളകൾക്കിടയിൽ അതിനെ വിതറി; അല്ലെങ്കിൽ, അതിൽ ദുഷ്ടൻ വിതറി;

**20.** *വീണ്ടും, എല്ലാ സസ്യങ്ങളിലും വച്ച് ഏറ്റവും ചെറിയ വിത്തിനു സദൃശ്യമാണ് സ്വർഗരാജ്യം* (മത്താ 13:31-32) ആരംഭത്തിൽ പ്രഘോഷണം വളരെ ചെറിയതായിരുന്നതിനാലാണിത്. *ചെറിയ അജഗണമേ, ഭയപ്പെടേണ്ട* (ലൂക്കാ 12:32) എന്ന ഭാഗവും ഇതുപോലെയാണ്. *വളർന്നു കഴിഞ്ഞപ്പോൾ, അത് മറ്റെല്ലാ ചെടികളേക്കാളും വലുതായിത്തീർന്നു (മത്താ 13:32);* കാരണം, അവിടുത്തെ സുവിശേഷം ഭൂമിയുടെ അതിർത്തികൾവരെ വ്യാപിച്ചു. *അവരുടെ സുവിശേഷം ഭൂമി മുഴുവൻ പരന്നു* (റോമാ 10:18). *പറവകൾ വന്ന് അതിൻെറ ശാഖകളിൽ ചേക്കേറി* (മത്താ 13:32). തങ്ങളുടെ വിഗ്രഹങ്ങളെക്കൊണ്ട് പൊറുതി മുട്ടിയ വിജാതീയർ, വിശ്വാസത്തിൽ വിശ്രമിക്കാൻ എത്തും. *വിവശരായ നിങ്ങളെല്ലാം എൻെറ പക്കലേയ്ക്കു വരുവിൻ* (11:28). നമ്മുടെ കർത്താവ് സ്ത്രീയിൽ നിന്ന് ജനിക്കാതിരിക്കുകയോ, കന്യകയിൽനിന്ന് ഉദിക്കാതിരിക്കുകയോ, പീഡ അനുഭവിക്കാതിരിക്കുകയോ ചെയ്തിരുന്നെങ്കിൽ, അവൻെറ ആത്മാവിനെ, സ്വർഗത്തിൽനിന്നു വന്ന ചിറകുള്ള ജീവിയുമായി താരതമ്യപ്പെടുത്തുകയും, അവനോടുകൂടി അവൻെറ ശരീരം വന്നുവെന്നു കരുതുകയും ചെയ്യുക ഉചിതമാകുമായിരുന്നു. എന്നാൽ താൻ സത്യമായും ഒരു ശരീരം എടുത്തു എന്നു കാണിക്കാൻ, ധരയിൽ

www.malankaralibrary.com



വിതയ്ക്കപ്പെടുകയും അവിടെനിന്ന് ശരീരം സ്വീകരിക്കുകയും ചെയ്ത വിത്തുമായി അവിടുന്ന് സ്വയം താരതമ്യപ്പെടുത്തി. അതിൻെറ ശിഖരങ്ങളിൽ പറവകൾ ചേക്കേറി. *സ്നാപകയോഹന്നാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തി: ആത്മാവ് പ്രാവിൻെറ ശാരീരികരൂപത്തിൽ താഴേക്കിറങ്ങി വന്ന് അവൻെറമേൽ ആവസിക്കുന്നത് ഞാൻ കണ്ടു* (യോഹ 1:32).

**21.** വീണ്ടും, *ഗോതമ്പുമാവിൽ കുഴച്ചുവച്ച പുളിമാവിനോട് അവൻ അതിനെ ഉപമിച്ചു* (മത്താ 13:33). തൻെറ രൂപത്തിൽ രൂപാന്തരീകരിക്കപ്പെടാനായി പുളിപ്പ് നിശബ്ദമായി അതിൽ പ്രവർത്തിക്കുന്നു. ഗോതമ്പുമാവിൻെറ ശക്തികൊണ്ട് അത് പരാജയപ്പെടുന്നില്ല; പിന്നെയോ, അതിൽ നിഗൂഢമായിരിക്കുന്ന ശക്തിയാൽ, മാവിനെ മുഴുവൻ തന്നിലേക്ക് വലിച്ചുചേർക്കുന്നു. സുവിശേഷവും ഇതുപോലെയാണ്. ഗോതമ്പുമാവിൽ പുളിമാവുപോലെയാണ് ആദാമ്യകുലത്തിൽ അവൻെറ ശരീരം.

**22.** വീണ്ടും, *അത് കടലിൽ എറിയപ്പെട്ടതും എല്ലാത്തരം മത്സ്യങ്ങളെയും ശേഖരിക്കുന്നതുമായ വലപോലെയാണ്* ( മത്താ 13:47). *എല്ലാത്തരം* എന്ന് അവിടുന്ന് പറഞ്ഞപ്പോൾ, എല്ലാ ഭാഷകളിലും ഉള്ളവർ എന്ന് മനസിലാക്കുക. വീണ്ടും, കടലിൽനിന്ന്, അതായത്, ലോകത്തിൽനിന്ന്, മത്സ്യം പിടിച്ചശേഷം, ഭയാനകമായ മറ്റൊരു തെരഞ്ഞെടുപ്പുണ്ട്. വല കരയ്ക്കു വലിച്ചുകയറ്റിയശേഷം, *നല്ല മത്സ്യങ്ങൾ അവർ ശേഖരിച്ചു; താഴ്ന്ന തരത്തിലുള്ളവ ദൂരെ എറിഞ്ഞുകളഞ്ഞു* (13:48). തന്നിലുള്ള വിശ്വാസത്തിലേക്ക് അടുത്തുവരുന്ന ജനങ്ങളാണ് വലയിൽ കയറിയ മത്സ്യങ്ങൾ. തൻെറ സുവിശേഷത്തിൽ പരിപൂർണരാകാൻ തുടങ്ങിയവരെ നല്ല മത്സ്യങ്ങൾ സൂചിപ്പിക്കുന്നു. വിശ്വാസധ്വംസനം നിമിത്തം തൻെറ മധ്യത്തിൽനിന്ന് സഭ തള്ളിക്കളഞ്ഞവരാണ് താഴ്ന്നതരം മത്സ്യങ്ങൾ.

## യേശു നസ്രത്തിൽ

**23.** *ഇവയ്ക്കുശേഷം അവൻ തൻെറ സ്വന്ത പട്ടണത്തിൽ വന്ന് അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചുകൊണ്ടിരുന്നു* (മത്താ 13:54). യഹൂദർ അല്ലാതെ മറ്റൊരു ജനതയോ, മറ്റൊരു നാടോ ഇല്ലായിരുന്നോ? എന്നാൽ, മാർസ്യൻെറ നുണയെ ഖണ്ഡിക്കാനായി ഇതിനുശേഷം

www.malankaralibrary.com



സുവിശേഷകൻ ഇപ്രകാരം പറഞ്ഞു: *തനിക്കു പതിവായിരുന്നതു പോലെ, സാബത് ദിവസം അവരുടെ സിനഗോഗിൽ പ്രവേശിച്ചു* (ലൂക്കാ 16). ഇപ്പോൾ ഇങ്ങോട്ട് വന്നയാളിൻെറ പതിവ് എന്താണ്? അവിടുന്ന് ഗലീലിയിലേക്ക് വന്ന് സിനഗോഗിനു പുറത്തല്ല, അതിനുള്ളിൽ പഠിപ്പിക്കാൻ തുടങ്ങി. അവരുടെ അനുഷ്ഠാനവിധികളിലൂടെ സംഗതി അറിയപ്പെട്ടിരുന്നതിനാൽ, അവരുടെ ദൈവത്തെപ്പറ്റി അവരോട് സംസാരിക്കാൻ അവിടുന്ന് ആഗതനായി. അല്ലെങ്കിൽ അവരുടെ സിനഗോഗിനു പുറത്തുവച്ച് അവരോട് സംസാരിക്കുക അവന് ഉചിതമാകുമായിരുന്നു. അതുകൊണ്ട്, അവിടുന്ന് ബെത്സയ്ദായിൽ യഹൂദരുടെ ഇടയിൽ പ്രവേശിച്ചു. *വൈദ്യാ, നിന്നെത്തന്നെ സുഖപ്പെടുത്തുക. അവർ അവനെ പിടിച്ച് മലഞ്ചരിവിലേക്ക് കൂട്ടിക്കൊണ്ടുവന്നു* എന്നല്ലാതെ (ലൂക്കാ 4: 23.29) മറ്റെന്തെങ്കിലും അവനോടു പറഞ്ഞതായി സുവിശേഷകൻ സൂചിപ്പിക്കുന്നില്ല. അവിടുന്നുച്ചരിച്ച വാക്കുകൾ അവരെ രോഷാകുലരാക്കാൻ ഇടയില്ല. കാരണം, അവൻ അവരോട് സ്രഷ്ടാവിനെപ്പറ്റി സംസാരിക്കുകയും, അതുകൊണ്ട്, താഴേക്ക് തള്ളിയിടാനായി അവർ അവനെ പിടിക്കുകയും ചെയ്തെങ്കിൽ (ലൂക്കാ 4:29) അത് അപ്രകാരമായിരുന്നു എന്ന് എന്തുകൊണ്ടാണ് സുവിശേഷകൻ മറ്റു സ്ഥലങ്ങളിൽ രേഖപ്പെടുത്താത്തത്? *പ്രവാചകൻ സ്വന്തം നഗരത്തിൽ സ്വീകരിക്കപ്പെടുന്നില്ല* എന്നത് (4:24) ആ നഗരത്തിലെ ജനങ്ങൾ അവനെ വെറുത്തിരുന്നു എന്നതിനു തെളിവാണ്.

**24.** ജറമിയായെ അനാതോത് സ്വീകരിച്ചില്ല; ഏലിയായെ തിഷ്ബ്യരും, ഏലീശായെ ആബേൽമെഹോലായും, സാമുവേലിനെ റാമായും, മോശയെ സിനഗോഗും നമ്മുടെ കർത്താവിനെ ഇസ്രായേലും സ്വീകരിച്ചില്ല. അതുകൊണ്ട് ഏലിയാ അവരുടെ ഭാര്യമാരെയും, ഏലീശാ അവരുടെ പുരുഷന്മാരെയും നിന്ദിച്ചു.[50] *വിശ്വാസം ഇല്ലാത്തവർ* എന്ന് അവരുടെ നിന്ദനത്തിനായി അവർ വിളിക്കപ്പെട്ടു.[51] എന്നാൽ ഇവരേക്കാൾ ഉപരിയായി കർത്താവ് അരാമ്യരെ ബഹുമാനിച്ചു. ഇതുകൊണ്ടാണ് *അവർ രോഷാകുലരായത്* (ലൂക്കാ 4:28). താഴെപ്പറയുന്നതാണ് അതിനുള്ള കാരണം: *വൈദ്യാ, നിന്നെത്തന്നെ സുഖപ്പെടുത്തുക* (4:23). അതായത്, ഞങ്ങളെ സുഖപ്പെടുത്തുന്നതിന് പരിശ്രമിക്കുന്നതിനുപകരം,

---

50 ജറ 11:21; 1 സാമു 8:1-22; 1 രാജാ 17:17-24; 2 രാജാ 5:1-14

51 മത്താ 6:30; 8:26; 17:17.

www.malankaralibrary.com



ഞങ്ങളിൽനിന്ന് നിന്നെത്തന്നെ രക്ഷിക്കുക. സൗഖ്യം പ്രാപിക്കുക അവർക്ക് ആവശ്യമായിരുന്നെങ്കിലു, അവരുടെ വിശ്വാസക്കുറവു നിമിത്തം, അവരെ സുഖപ്പെടുത്താൻ അവനു കഴിഞ്ഞില്ല. തങ്ങളുടെ സ്വതന്ത്രേച്ഛയാൽ അവർ അവനെ *താഴേക്കു തള്ളിയിടുകയായിരുന്നു* (4:29); എന്നാൽ തൻെറ ദൈവത്വം നിമിത്തം അവൻ താഴേക്കു വീണില്ല. ധാർഷ്ഠ്യം അവനെ തള്ളിത്താഴെയിട്ടു; എന്നാൽ വിധേയത്വമുള്ള വായു അവനെ തൻെറ ചിറകുകളിൽ സ്വീകരിച്ചു. ഇതിലൂടെ അവിശ്വാസികളിൽ ഒരുപക്ഷേ വിശ്വാസം ജനിപ്പിക്കാം എന്നു കരുതി അവൻ വീണില്ല. ഒരുപക്ഷേ, ഇതു നിമിത്തമായിരിക്കാം *ഗലീലിയർ അവനെ സ്വീകരിച്ചത്* (യോഹ 4:45). *അവരുടെ ഇടയിലൂടെ അവൻ കടന്നുപോ കുന്നുത്* കണ്ട നാഴികമുതൽ (ലൂക്കാ 4:30), കൂടുതലായി ഒന്നും ചെയ്യാൻ അവർ മുതിർന്നില്ല. രോഗഗ്രസ്തമായ വലത്തുകൈ സുഖമാക്കിയതായിരുന്നു തൻെറ ആദ്യത്തെ സുഖപ്പെടുത്തൽ (ലൂക്കാ 6:6-10). തദ്ഫല മായി, ദിവ്യരഹസ്യത്തിൽ സ്ഥാപിതവും എല്ലാ ദിവ്യമായ ഉപയോഗത്തിനും വേണ്ടിയുള്ളതുമായ വലത്തുകൈ സുഖപ്പെടുത്തിയതിൽ ഇടത്തുവശത്തിൻെറ നേതാവിൻെറ സ്വാധീനത്താൽ അസൂയാലുക്കളായിത്തീർന്ന നസ്രത്തുകാർ അവനെതിരെ മുറുമുറുത്തുകൊണ്ടിരുന്നു.

**25.** *ഒരു പ്രവാചകനും സ്വന്തം നഗരത്തിൽ സ്വീകരിക്കപ്പെടുന്നില്ല* (ലൂക്കാ 4:24): അതായത്, തൻെറ സ്വന്തം ജനത്തിനിടയിൽ. ഏലിയാ, തിഷ്ബിയിൽ നിന്നായിരുന്നു. ഏലിയാ, തിഷ്ബിയിൽ സ്വീകരിക്കപ്പെട്ടില്ല എന്നല്ല തിരുലിഖിതം പറയുന്നത്, പിന്നെയോ, ഇസ്രായേൽ മുഴുവനിലും സ്വീകരിക്കപ്പെട്ടില്ല എന്നത്രേ (1 രാജാ 19:10.14). ഇത് ഇപ്രകാരമല്ലെങ്കിൽ, തിഷ്ബി നിവാസികൾ അവനെ പീഡിപ്പിച്ചെന്നും ഇസ്രായേൽക്കാർ അവനെ സ്വീകരിച്ചെന്നും തെളിയിക്കപ്പെടട്ടെ. എന്നാൽ, വിജാതീയരിൽ നിന്നുള്ള സാറെപ്‌തായിലെ വിധവയല്ലാതെ മറ്റാരാണ് അവനെ സ്വീകരിച്ചത്? (1 രാജാ 17:7-24). തിഷ്ബിയിൽ അല്ല, *ഇസ്രായേലിൽ അനേകം വിധവകൾ ഉണ്ടായിരുന്നു; എന്നാൽ അവരുടെയും പക്കലേക്ക് അവൻ അയയ്ക്കപ്പെട്ടില്ല.* അതുപോലെ, കുഷ്ഠരോഗികളുടെ കാര്യത്തിലും. ഏലീശായുടെ പട്ടണത്തിലല്ല, ഇസ്രായേലിൽ (ലൂക്കാ 4:25-27). നസ്രത്തിൽ മാത്രമല്ല, ഇസ്രായേൽ ഭവനത്തിൽ മുഴുവനിലും അത്ഭുതങ്ങൾ വെളിപ്പെടുത്താൻ തനിക്കു കഴിഞ്ഞില്ല എന്ന് കർത്താവ് ഇപ്രകാരം തറപ്പിച്ചു പറഞ്ഞു.

www.malankaralibrary.com



**26.** അവൻ പൂർണമായി ഇസ്രായേൽദേശം മുഴുവനെയും നിന്ദിച്ചു എന്നും സീമാതീതമായി വിജാതീയരെ ബഹുമാനിച്ചു എന്നും നസ്രത്തിലെ ജനങ്ങൾ ചിന്തിച്ചു. എല്ലാ വിജാതീയരെക്കാളും കൂടുതലായി ദൈവം അബ്രഹാമിൻെറ മക്കളെ ബഹുമാനിച്ചു എന്ന് പറഞ്ഞുകൊണ്ട്, അവരോടുള്ള തീക്ഷ്ണതയാൽ ജ്വലിക്കുന്നവരെപ്പോലെ *അവർ എഴുന്നേറ്റ് അവനെ പിടിച്ചു പുറത്താക്കി* (ലൂക്കാ 4:29). തദവസരം, വിജാതീയരിൽനിന്ന് ഇസ്രായേൽക്കാരെ വേർതിരിക്കാനായി നമ്മുടെ കർത്താവ് രണ്ട് ഉദാഹരണങ്ങൾ അവതരിപ്പിച്ചു (4:25-27). ദേവാലയത്തിൽ വച്ച് തൻെറ ശരീരമാകുന്ന ആലയത്തെ അവിടുന്ന് വെളിപ്പെടുത്തി (യോഹ 2:19-21); വയലിൽവച്ച് സമറിയായിലെ മനുഷ്യരുടെ കൊയ്ത്തിനെ വെളിപ്പെടുത്തി (4:35). ജനങ്ങളെല്ലാം യഥാർത്ഥത്തിൽ പ്രവാചകവംശത്തിൽ പെട്ടവരും, ഗോത്രങ്ങൾ അവൻെറ സഹോദരങ്ങളും ആയിരുന്നു.

**27.** സഹസ്രാധിപൻ അവനെ ബഹുമാനിച്ചു; കർത്താവ് അതിൽ ആശ്ചര്യപ്പെട്ടു. കനാൻകാരി അവനെ ബഹുമാനിച്ചു; അവൻ അവളെപ്പറ്റി ആശ്ചര്യപ്പെട്ടു. നാമാനെപ്പോലെ ഒരാളും സാറെപ്തായിലെ വിധവയെപ്പോലെ മറ്റൊരാളും അവനെ ബഹുമാനിച്ചു. ഏലിയാ, വിജാതീയരുടെ സ്ഥലത്തേയ്ക്ക് ഓടിപ്പോയി. എന്നാൽ വിജാതീയരെ അഭിവാദ്യം ചെയ്യുന്നതിൽനിന്ന് തൻെറ ശിഷ്യരെ നമ്മുടെ കർത്താവ് വിലക്കി. വിമുഖതയോടെയാണ് കനാൻകാരിയെ അവൻ സ്വീകരിച്ചത്. തൻെറ സുവിശേഷം വിജാതീയരുടെ ഇടയിലെല്ലാം പ്രചരിക്കും എന്ന് ഇതിലൂടെയെല്ലാം നമ്മുടെ കർത്താവ് കാണിച്ചു. തന്നെ തള്ളിത്താഴെയിടാൻ നമ്മുടെ കർത്താവ് അനുവദിച്ചു; കാരണം, ഭയം കൊണ്ടാണ് അവിടുന്ന് ദേവാലയഗോപുരത്തിൽനിന്ന് താഴേക്ക് ചാടാഞ്ഞതെന്ന് ദുഷ്ടൻ കരുതി. എന്നാൽ അവർ തള്ളിയിട്ടിട്ടും അവിടുന്ന് വീഴാഞ്ഞതിനാൽ, ദുഷ്ടൻതന്നെ അവൻെറ രാജത്വത്തിൽനിന്ന് താഴെ വീണു (ലൂക്കാ 10: 18). ദുഷ്ടൻെറ ഹിതാനുസൃതം അവിടുന്ന് കല്ലുകൾ അപ്പം ആക്കാതിരുന്നതുപോലെ ആയിരുന്നു ഇത്. എന്നാൽ അപ്പംകൊണ്ട് മരുഭൂമിയിലും, വീഞ്ഞുകൊണ്ട് കാനായിലും അവിടുന്ന് അത്ഭുതം പ്രവർത്തിച്ചു.

## സ്നാപകയോഹന്നാൻെറ മരണം

**28.** *സ്നാപകയോഹന്നാൻെറ ശിരസ്സ് കൊണ്ടുവരാൻ കല്പിക്കുക* (മത്താ 14:8). ഓ, ഹേറോദേസേ! നീ എന്താണു ചെയ്തതെന്നു കാണുക! ഈ നിഷ്കളങ്ക ശിരസ്സിനെ കുറ്റപൂർണമായ വാരിയെല്ലിനു നൽകരുത്.

www.malankaralibrary.com



വിവാഹത്തിൽ ആദവുമായി ബന്ധിക്കപ്പെട്ട വാരിയെല്ലിലൂടെ ആദത്തെ കീഴടക്കിയവൻ, തൻെറ സഖിയായിരുന്ന വാരിയെല്ലിലൂടെഹേറോദേസിനെയും കീഴടക്കി. താലത്തിൽ വയ്ക്കപ്പെട്ട ശിരസ്സ്, എല്ലാ തലമുറകൾക്കുംവേണ്ടി പ്രകാശിക്കുന്നതും, കൊലപാതകികളുടെ വ്യഭിചാരത്തെ വെളിപ്പെടുത്തുന്നതുമായ പ്രകാശമായിരുന്നു. വീണ്ടും സംസാരിക്കാതിരിക്കാൻ അവർ നിശബ്ദമാക്കിയ വാക്ക് ഇതാകുന്നു. എന്നാൽ അവൻെറ നിശബ്ദതയുടെ പ്രഘോഷണം അവൻെറ സ്വരത്തേക്കാൾ ശക്തിമത്തായിരുന്നു. ഹേറോദ്യായുടെ മകളുടെ നൃത്തത്തിലൂടെയാണ്, ശപഥം ചെയ്യുന്നതിനും ചോദിക്കുന്നതിനുമുള്ള തന്ത്രം ഹേറോദേസും ഹേറോദ്യായുംകുടി മെനഞ്ഞുണ്ടാക്കിയത്.

## 12

## അപ്പം വർധിപ്പിച്ചതും വെള്ളത്തെ വീഞ്ഞാക്കിയതും

**1.** നമ്മുടെ കർത്താവ് മരുഭൂമിയിൽ വളരെ ചെറിയൊരപ്പത്തിൽനിന്ന് ധാരാളം അപ്പം ഉണ്ടാക്കി; അവിടുന്ന് കാനായിൽ വെള്ളത്തെ വീഞ്ഞാക്കി. തൻെറ ശരീരവും രക്തവും കൊടുക്കുന്ന സമയംവരെ, ഈ അപ്പത്തിലും വീഞ്ഞിലും അവരുടെ വായ്കളെ ആദ്യം പരിചയപ്പെടുത്താൻ അവൻ പരിശ്രമിച്ചു. തൻെറ സജീവ ശരീരത്തിൻെറയും രക്തത്തിൻെറയും സമൃദ്ധിയിലേയ്ക്ക് അവരെ ഉണർത്തുന്നതിനായി, താല്ക്കാലികമായ അപ്പത്തിൻെറയും വീഞ്ഞിൻെറയും സമൃദ്ധിയുടെ രുചി അനുഭവിക്കാൻ അവൻ അവരെ അനുവദിച്ചു. ഈ പരമദാനം സൗജന്യമായിട്ടാണ് എന്ന് അവർ അറിയുന്നതിനായി, ഈ താഴ്ന്നതരം വസ്തുക്കൾ അവർക്കു സൗജന്യമായി നൽകി. വില കൊടുത്ത് അവനിൽനിന്ന് വാങ്ങാൻ കഴിയുമായിരുന്നവ, അവൻ അവർക്കു സൗജന്യമായി നൽകി. ഇപ്രകാരം, തങ്ങൾക്കില്ലാത്തവ തങ്ങൾ വില കൊടുക്കേണ്ടതില്ല എന്ന് അവർ അറിയുന്നതിനായി വിലകൊടുത്തുവാങ്ങാൻ കഴിയുമായിരുന്നവ അവൻ അവർക്കു വിലയ്ക്കു വിറ്റില്ല. കാരണം, അവൻെറ അപ്പത്തിനും വീഞ്ഞിനും വില കൊടുക്കുവാൻ അവർക്കു കഴിയുമായിരുന്നു; എന്നാൽ അവൻെറ ശരീരത്തിനും രക്തത്തിനും വില കൊടുക്കാൻ അവർക്കു കഴിയുമായിരുന്നില്ല.

www.malankaralibrary.com



ഇപ്രകാരം, അവിടുന്ന് സൗജന്യമായി നൽകുക മാത്രമല്ല ചെയ്തത്, പിന്നെയോ, നമ്മെ പ്രേരിപ്പിക്കുക കൂടി ചെയ്തു. അടുത്തുവന്ന് അമൂല്യമായ ഈ മഹോന്നതദാനം സ്വീകരിക്കുന്നതിന് നമ്മെ പ്രേരിപ്പിക്കുന്നതിനായി, ഈ താണതരം വസ്തുക്കൾ അവിടുന്ന് നമുക്ക് സൗജന്യമായി നൽകി. അവിടുന്നു നൽകിയ താണതരം വസ്തുക്കളായ അപ്പവും വീഞ്ഞും വായ്ക്ക് രുചികരമാണ്; എന്നാൽ തൻെറ ശരീരവും രക്തവുമാകട്ടെ, ആത്മാവിനു പ്രയോജനപ്രദമാണ്. ആത്മാവിനെ ജീവിപ്പിക്കുന്നതിൻെറ പക്കലേക്ക് നമ്മെ ആകർഷിക്കാനായി, രുചികരമായ ഈ വസ്തുക്കൾകൊണ്ട് അവിടുന്നു നമ്മെ പ്രേരിപ്പിക്കുന്നു. അതുകൊണ്ട്, തൻെറ ജീവദായകമായ രക്തത്തിൽ ഏതുതരം നിക്ഷേപമാണ് ഒളിച്ചുവച്ചിരിക്കുന്നത് എന്നു കാണിക്കാൻ, താനുണ്ടാക്കിയ വീഞ്ഞിൽ അവിടുന്ന് മാധുര്യം ഒളിച്ചുവച്ചു.

**2.** *തൻെറ അടയാളങ്ങളുടെ ആരംഭത്തിൽ* (യോഹ 2:11) അവിടുന്ന് വീഞ്ഞുണ്ടാക്കി. തൻെറ രക്തം സർവജനങ്ങളെയും സന്തോഷിപ്പിക്കാൻ പോകുന്നു എന്നു കാണിക്കാൻ, അവിടുന്ന് വിരുന്നിലെ അതിഥികളെ സന്തോഷിപ്പിച്ചു. സമസ്ത സന്തോഷങ്ങളും വീഞ്ഞുമായി ബന്ധിതമാണ്. സമസ്തവിമോചനങ്ങളും അവിടുത്തെ രക്തത്തിൻെറ രഹസ്യത്തിൽ ബന്ധിതമാണ്. അവർക്കു കുടിക്കുന്നതിന് താൻ ഉടനെ കൊടുക്കാൻ പോകുന്ന പ്രബോധനം ആത്മാവിനെ രൂപാന്തരീകരിക്കാൻ കഴിവുറ്റതാണെന്ന് അവർ അറിയുന്നതിനു വേണ്ടി, ലഹരിപിടിപ്പിക്കാൻ കഴിവുള്ള മേൽത്തരം വീഞ്ഞ് അവിടുന്ന് അവർക്കു നല്കി. ഭരണിയിൽ നേരത്തെ വെള്ളമായിരുന്നതിനെ അവിടുന്നു വീഞ്ഞാക്കി മാറ്റി; മുൻകാല കല്പനകളെ അവിടുന്നു പൂർണതയിൽ എത്തിച്ചു. അവിടുന്നു വെള്ളത്തിന് ശ്രേഷ്ഠത നൽകി; കല്പനകൾക്ക് പൂർണത നൽകി. നേരത്തെ വെള്ളമായിരുന്നത് അതിഥികൾ കുടിച്ചെങ്കിലും, വെള്ളമായിട്ടല്ല അവർ കുടിച്ചത്. മുൻകാലകല്പനകളെ നാം ശ്രവിക്കുമ്പോൾ, പുതുതായി നാം അവയെ രുചിക്കുന്നു. അതുകൊണ്ട്, *അടിക്ക് അടി* എന്ന നിബന്ധന മാറ്റി (പുറ 21:24). ഈ പുതിയ പരിപൂർണത അനുസരിച്ച് നാം പ്രവർത്തിക്കുമ്പോൾ, '*ആരെങ്കിലും നിന്നെ അടിച്ചാൽ, മറ്റേതുകൂടി കാണിച്ചുകൊടുക്കുക*' *എന്നായി തീരുന്നു നിബന്ധന* (മത്താ 5:39).

www.malankaralibrary.com



**3.** അതുകൊണ്ട്, അവിടുത്തെ സൃഷ്ടികർമ്മം എപ്രകാരം എല്ലാറ്റിലും കൂടിക്കലർന്നിരിക്കുന്നു എന്ന് ശ്രദ്ധിക്കുക. നമ്മുടെ കർത്താവ് കുറച്ച് അപ്പം എടുത്ത്, ഞൊടിയിടകൊണ്ട് വർധിപ്പിച്ചു (മത്താ 14:13-21). ജനങ്ങൾ പത്തുമാസത്തെ അധ്വാനംകൊണ്ട് ഉണ്ടാക്കി രൂപപ്പെടുത്തുന്നത്, ഞൊടിയിടകൊണ്ട് അവിടുത്തെ പത്തു വിരലുകൾ സാധിച്ചു. ധരയിലെന്നവണ്ണം അവിടുന്ന് തൻെറ കൈകളിൽ അപ്പം വച്ചു; ഇടിമുഴക്കംപോലെ അവിടുന്ന് അതിന്മീതെ തൻെറ വാക്ക് ഉച്ചരിച്ചു. തൻെറ അധരങ്ങളുടെ മർമരസ്വരം മഴത്തുള്ളിപോലെ അതിന്മീതേ പതിച്ചു; തൻെറ വായിലെ ശ്വാസം സൂര്യൻെറ സ്ഥാനത്തായിരുന്നു. ഇപ്രകാരം ഒരു നീണ്ട മണിക്കൂർ ആവശ്യമായിരുന്ന കാര്യം ഞൊടിയിടനേരം കൊണ്ട് അവിടുന്ന് സാധിച്ചു. ആ ചെറിയ അപ്പക്കഷണം വിസ്മരിക്കപ്പെട്ടു. *പ്രസവിച്ച് സന്താനപുഷ്ടിയുള്ളവരായി വർധിക്കുവിൻ* എന്ന ആദ്യ അനുഗ്രഹംപോലെ ആയിരിക്കുവാൻ (ഉല്പ 1:28) അപ്പത്തിൻെറ നിസാരതയിൽനിന്ന് സമൃദ്ധി ഉടലെടുത്തു. വന്ധ്യകളെയും സന്താനരഹിതരെയുംപോലെ, അപ്പക്കഷണങ്ങൾ തൻെറ അനുഗ്രഹത്താൽ വർദ്ധിക്കുകയും അവയിൽനിന്ന് അനേകം കഷണങ്ങൾ ഉടലെടുക്കുകയും ചെയ്തു.

**4.** വിധേയത്വമുള്ളവർക്ക് തൻെറ വാക്കിൻെറ ശക്തിയും സ്വീകരിച്ചവർക്ക് തൻെറ ദാനത്തിൻെറ വേഗതയും കർത്താവ് കാണിക്കുക കൂടി ചെയ്തു. വർധിപ്പിക്കാനുള്ള തൻെറ കഴിവിന് അനുസൃതമായി അവിടുന്ന് അപ്പം വർധിപ്പിച്ചില്ല; പിന്നെയോ, അതു ഭക്ഷിക്കുന്നവരുടെ ആവശ്യാനുസൃതമത്രേ ചെയ്തത്. അതുകൊണ്ട് തൻെറ ശക്തിക്കനുസൃതമായിട്ടല്ല, പിന്നെയോ, വിശന്നവരുടെ വിശപ്പിന് അനുസൃതമായിട്ടത്രേ അവിടുത്തെ അത്ഭുതം അളക്കേണ്ടത്. കാരണം, തൻെറ ശക്തിക്കനുസൃതമായിട്ടാണ് തൻെറ അത്ഭുതം അളക്കേണ്ടിയിരുന്നതെങ്കിൽ, തൻെറ ശക്തിയുടെ അളവ് ഒരിക്കലും അളക്കാനാവില്ലായിരുന്നു. അതുകൊണ്ട് അവൻെറ അത്ഭുതം അളന്നത് ആയിരങ്ങളുടെ വിശപ്പിനാൽ അത്രേ; പന്ത്രണ്ടു കുട്ടകളുടെ സംഖ്യയുടെമേൽ അത് വിജയശ്രീലാളിതമായി. എല്ലാ കൊത്തുപണിക്കാരുടെയും കാര്യത്തിൽ, അവരുടെ കഴിവിനേക്കാൾ കൂടിയതാണ് വാങ്ങാൻ വരുന്നവരുടെ ആഗ്രഹം. അവരുടെ ആഗ്രഹം സാധിച്ചുകൊടുക്കാൻ കൊത്തുപണിക്കാർക്കു കഴിവില്ല. എന്നാൽ, ദൈവത്തിൻെറ കാര്യത്തിലാകട്ടെ, ആവശ്യക്കാരുടെ ആഗ്രഹങ്ങളെ ഉല്ലംഘിക്കുന്നതാണ് അവിടുത്തെ സൃഷ്ടികർമ്മം. താൻ ജാല

www.malankaralibrary.com



വിദ്യ കാട്ടി എന്ന് ആരും ചിന്തിക്കാതിരിക്കാൻ *ഒന്നും നഷ്ടപ്പെടാതെ ചെറിയ കഷണങ്ങൾ ശേഖരിക്കുവിൻ* എന്ന് അവിടുന്നു നിർദ്ദേശിച്ചു (യോഹ 6:12). ശേഷിച്ചവ ഒന്നുരണ്ടുദിവസം സൂക്ഷിച്ചുവച്ചു കഴിയുമ്പോൾ, അവിടുന്നിതു യഥാർത്ഥത്തിൽ ചെയ്തെന്നും, വെറും ഭാവനാസൃഷ്ടി ആയിരുന്നില്ലെന്നും അവർ വിശ്വസിക്കാൻ ഇടയാകും.

**5.** അതുകൊണ്ട്, മോശ തൻെറ പ്രാർത്ഥനയാൽ ചെയ്തതുപോലെ, അവിടുന്ന് മരുഭൂമിയിൽ തങ്ങളെ തീറ്റി തൃപ്തരാക്കിയെന്ന്, ഭക്ഷിച്ചു തൃപ്തരായപ്പോൾ അവർ മനസിലാക്കുകയും ഇപ്രകാരം പറയുകയും ചെയ്തു:*ലോകത്തിലേക്കു വരാനിരിക്കുന്നു എന്നു പറയപ്പെട്ട പ്രവാചകൻ ഇതാകുന്നു* (6:14). *ദൈവം നിങ്ങൾക്കായി ഒരു പ്രവാചകനെ എഴുന്നേൽപ്പിക്കും* എന്ന മോശയുടെ ആ വചനം അവർ ആവർത്തിക്കുകയായിരുന്നു: സാധാരണക്കാരനെയല്ല, പിന്നെയോ എന്നെപ്പോലെ മരുഭൂമിയിൽ അപ്പംകൊണ്ട് നിങ്ങളെ തീറ്റി തൃപ്തരാക്കുന്ന *ഒരുവനെ* (ആവ 18: 15). *എന്നെപ്പോലെ* അവൻ കടലിന്മീതേ നടക്കുകയും മേഘത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. അവിടുന്ന് തൻെറ സഭയെ പരിച്ഛേദനത്തിൽ നിന്ന് സ്വതന്ത്രമാക്കുകയും നൂൻെറ മകനായ ജോഷ്വായ്ക്കു പകരം ബ്രഹ്മചാരിയായ യോഹന്നാനെ നിയമിക്കുകയും ചെയ്തു. *എന്നെപ്പോലെ* എന്ന വചനം പൂർത്തീകരിക്കപ്പെടാനായി, മോശ തൻെറ അജഗണത്തെ ജോഷ്വായെ ഭരമേല്പിച്ചതുപോലെ, തൻെറ സഭയായ മറിയത്തെ യോഹന്നാനു ഭരമേല്പിച്ചു.

## യേശു വെള്ളത്തിന്മീതേ നടന്നത്

**6.** *സന്ധ്യയായപ്പോൾ, കഫർണാമിലേക്ക് പോകാനായി അവൻെറ ശിഷ്യന്മാർ എഴുന്നേറ്റ് വള്ളത്തിൽ കയറി. നമ്മുടെ കർത്താവ് പ്രാർഥിക്കാനായി മലയിലേക്കു പോയി* (യോഹ 6:16-17). കാരണം, *ഇതാ, മലയിലാകുന്നു സദ്വാർത്തകൾ അറിയിക്കുന്നവൻെറ പാദങ്ങൾ* (നാഹും 1:15). ആരാണ് ഈയാൾ എന്ന് അവൻ തന്നെ വിശദീകരിച്ചിട്ടുണ്ട്: *സമാധാനം അറിയിക്കുന്നവൻ.* വിജാതീയർക്ക് അല്ലെങ്കിൽ പിന്നെ ആർക്കാണ്? കാരണം, അവൻ വിജാതീയരോട് സമാധാനം അറിയിക്കുന്നു (സക്ക 9: 10). *യൂദയേ, നിൻെറ പെരുന്നാളുകൾ ആഘോഷിക്കുക* (നാഹും 1:15). പെസഹായുടെ, പുളിപ്പില്ലാത്ത അപ്പത്തിൻെറ സമയത്ത് നമ്മുടെ കർത്താവ് അപ്പത്തിൻെറ അത്ഭുതം പ്രവർത്തിച്ചതിനാലാണ് *യൂദായേ,*

www.malankaralibrary.com



*നിന്റെ പെരുന്നാളുകൾ ആഘോഷിക്കുക* എന്ന് പ്രവാചകൻ പറഞ്ഞത്. കാരണം, നമ്മുടെ പെസഹാ അടുത്തിരിക്കുന്നു. *നിങ്ങളുടെനേർച്ചകൾ നിറവേറ്റുവിൻ.* സത്യകുഞ്ഞാട് സമാഗതനായി പ്രാചീന നേർച്ചകൾ പൂർത്തിയാക്കിക്കൊണ്ട് അവയുടെ ഓർമ്മ നീക്കിക്കളഞ്ഞിരിക്കുന്നു. എന്തെന്നാൽ, ഇനി ഒരിക്കലും അവൻ നിനക്കെതിരെ വരികയില്ല (നാഹു 1:15). രാജ്യത്തിന്റെയോ, പൗരോഹിത്യത്തിന്റെയോ ശക്തി എന്താണ്? അത് എന്തുകൊണ്ട് തുടരുന്നില്ല? കാരണം, അത് തകർക്കപ്പെടാൻ പോകുന്നു. രാജ്യത്തിന്റെയും പൗരോഹിത്യത്തിന്റെയും ശക്തിയെല്ലാം നശിക്കും (ഏശാ 60:12).

**7.** അവർ വള്ളത്തിൽ ആയിരുന്നപ്പോൾ കടൽ ക്ഷോഭിക്കുകയും കൊടുങ്കാറ്റ് ആഞ്ഞടിക്കുകയും ചെയ്തു. നമ്മുടെ കർത്താവ് വന്ന് അവർക്കു കാണപ്പെട്ടു; എന്നാൽ, *ഒരു ഭൂതം ഞങ്ങൾക്കു കാണപ്പെട്ടു* എന്ന് അവർ പറഞ്ഞു (മത്താ 14:22-26). നമ്മുടെ കർത്താവ് ഭാരമുള്ള ഒരു ശരീരം ധരിച്ചിരുന്നു; തദ്ഫലമായി, ഭാരമുള്ള ശരീരത്തിന് ജലത്തിന്മീതേ നടക്കാൻ കഴിയുക വളരെ പ്രയാസമുള്ള കാര്യമാണ് എന്ന് അവർ കരുതി. അതുകൊണ്ട് അവർ ചിന്തിച്ചത് ശരിയായിരുന്നു. യഥാർത്ഥത്തിൽ അത് അങ്ങനെ ആയിരുന്നെങ്കിൽ, ഒരു മൗഢ്യകാരണത്താൽ അല്ല അവർ ക്ലേശിതർ ആയത്. എന്നാൽ മാർസ്യനേ, നീ പറയുന്നതുപോലെ, *യേസു*[52] ഒരു ശരീരം ധരിച്ചിരുന്നില്ലായെങ്കിൽ, അവിടുന്ന് വെള്ളത്തിന്മേൽ നടന്നതിന്റെ പേരിൽ അവർ ആശ്ചര്യഭരിതരായതിന് ഒരു ന്യായീകരണവും ഉണ്ടാകുമായിരുന്നില്ല. കാരണം, ഒരരൂപിയ്ക്ക് ജലത്തിന്മീതേ നടക്കുക എന്നത് പ്രയാസമുള്ള കാര്യമല്ല. പിന്നെന്തിനാണ് അവർ കലുഷിതരായത്? ശരീര രഹിതനായി അവിടുത്തെ അവർ അറിഞ്ഞിരുന്നെങ്കിൽ, ഭയന്നു നിലവിളിച്ചത് മഹാമണ്ടത്തരം ആകുമായിരുന്നു. എന്നാൽ അവിടുന്നു ശാരീരികനാകയാൽ, അവർ ഭയപ്പെട്ടത് സ്വാഭാവികം മാത്രമായിരുന്നു. താഴ്ന്നുപോകാതെ ഒരു ശരീരം തിരകൾക്കു മുകളിൽകൂടി നടക്കുക എന്ന ഒരു പുതിയ കാര്യമാണ് അവർ കണ്ടത്. രാത്രി ആയിരുന്നതിനാലാണ് അവർ ഭയപ്പെട്ടതെങ്കിൽ, തനിക്കിഷ്ടമുള്ളപ്പോൾ, സൂര്യനെപ്പോലെ മലയിൽ പ്രത്യക്ഷപ്പെടുന്നതിന് ആത്മീയജീവിയായ അവന് പ്രയാസം ഇല്ലായിരുന്നു

52. മുകളിൽ ഫുട്ട്നോട്ട് നമ്പർ 3,38 എന്നിവ കാണുക.

www.malankaralibrary.com



(മത്താ 17:1-2). അവർ ഭയപ്പെട്ടത് സ്വാഭാവികം മാത്രമാണ് എന്ന് നമ്മുടെ കർത്താവ് അറിഞ്ഞിരുന്നതിനാൽ, അവൻ അവരെ ഇപ്രകാരം ആശ്വസിപ്പിച്ചു: *ഭയപ്പെടേണ്ട, ഇതു ഞാനാണ്* (മത്താ 14:27). അതായത്, ശാരീരികനായി നിങ്ങൾ അറിയുന്നു ഞാൻ തന്നെയാണിത്.

**8.** *ഇതു ഞാനാണ്* എന്ന് യേശു പറഞ്ഞത് തൻെറ ശരീരം നിമിത്തമാണ് എന്ന് ശെമഓൻ മനസിലാക്കിയപ്പോൾ, അവൻെറ പതിവനുസരിച്ച് ഇപ്രകാരം മറുപടി നൽകി: ഇത് അപ്രകാരമാണെങ്കിൽ, ഞാനും ശരീരം ധരിച്ചവനാണ്; ഞാൻ വെള്ളത്തിന്മീതേ നടക്കുകയാണെങ്കിൽ, നീ വെള്ളത്തിന്മീതേ നടന്നത്, ഞാൻ അറിയുന്ന ശരീരംകൊണ്ടാണ് എന്ന് എനിക്ക് അനുമാനിക്കാനാവും. അവൻ വെള്ളത്തിൻമീതേ നടന്നപ്പോൾ താഴാൻ തുടങ്ങിയെങ്കിലും കർത്താവ് അവനെ തള്ളിക്കളഞ്ഞില്ല. 'വിശ്വാസം ഇല്ലാത്തവൻ' എന്ന് അവിടുന്നു പറഞ്ഞില്ല; പിന്നെയോ, *അല്പവിശ്വാസി* എന്നത്രേ പറഞ്ഞത് (മത്താ 14:28-31). കടൽ കർത്താവിനെ വഹിച്ചതിലൂടെ, ഈ ലോകത്തിൽ തൻെറ ശിഷ്യർക്കായി കർത്താവ് ഒരുക്കിയ പാതയെക്കുറിച്ച് കടൽ വെളിപ്പെടുത്തുകയായിരുന്നു. *കടലിൻെറ മനോഹാരിതയുടെമേൽ നിനക്ക് ആധിപത്യം ഉണ്ടായിരിക്കും; നീ അതിൻെറ തിരമാലകളെ ശാന്തമാക്കും* എന്ന തിരുവചനം അവിടെ പൂർത്തീകരിക്കപ്പെട്ടു (സങ്കീ 89:10).

**9.** *നമ്മുടെ കർത്താവ് ശെമഓനോടൊത്ത് വള്ളത്തിൽ കയറിയപ്പോൾ കാറ്റു ശമിച്ചു.* കർത്താവിൻെറ ജനനത്തെക്കുറിച്ച് എതിരുപറയുന്ന ആരിയനും,[53] വള്ളത്തിൽ ഉണ്ടായിരുന്നവർ പറഞ്ഞ വാക്കിലൂടെ പുറംതള്ളപ്പെടുന്നു: *നീ സത്യമായും ദൈവപുത്രനാണ്* എന്നു പറഞ്ഞുകൊണ്ട് അവർ വന്ന് അവനെ ആരാധിച്ചു. (മത്താ 14:25-33). *വെള്ളം നിന്നെ കണ്ടു ഭയപ്പെട്ടു; ആഴങ്ങൾ ഇളകി മറിഞ്ഞു. നിൻെറ പാതകൾ അനേകം ജലരാശികളുടെ മേൽ; നിൻെറ പാദമുദ്ര അജ്ഞാതമാണ്* എന്ന് എഴുതപ്പെട്ടിരിക്കുന്നത് അവനെപ്പറ്റിയാണ്.[54] ഈ സംഗതികൾ ആരെപ്പറ്റി പറഞ്ഞിരുന്നുവോ, അവൻ സത്യമായും ദൈവപുത്രനായിരുന്നു എന്ന് തങ്ങളുടെ വാക്കിലൂടെ അവർ ഏറ്റുപറഞ്ഞു.

---

53. കർത്താവിൻെറ ദൈവത്വം നിഷേധിച്ച അബദ്ധോപദേശകൻ.

54. സങ്കീ 77:17-20.

www.malankaralibrary.com


## ജീവന്റെ അപ്പം

**10.** *ഞങ്ങൾ കണ്ടു വിശ്വസിക്കാൻ നീ എന്ത് അടയാളം കാണിക്കും?* (യോഹ 6:30). ഇതാ, അത്ഭുതങ്ങളുടെ കൂമ്പാരം തന്നെ അവരുടെ മുമ്പിൽ വയ്ക്കപ്പെട്ടിരുന്നു. എന്നാൽ, അവർക്ക് ഒരു കാര്യം മാത്രം വേണ്ടിയിരുന്നതിനാൽ, അവന്റെ കീർത്തി അവരുടെ കാതുകളിൽ എത്തിയില്ല എന്നവിധം, അവൻ ചെയ്ത മറ്റെല്ലാറ്റിനെയും അവർ നിന്ദിച്ചു. *അവൻ അവർക്ക് സ്വർഗത്തിൽ നിന്ന് മന്നാ കൊടുത്തു എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ, ഞങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്നാ ഭക്ഷിച്ചു* എന്ന് അവനോട് പരസ്യമായി അവർ പറഞ്ഞ കാര്യമല്ലാതെ മറ്റെന്താണ് അവർക്കാവശ്യമായിരുന്നത്?(യോഹ 6:31). ഇതിനു തുല്യമായ ഒരു സംഗതി നീ ചെയ്താൽ, ഞങ്ങൾ നിന്നിൽ വിശ്വസിക്കാം. അല്ലെങ്കിൽ, നീ ഞങ്ങളുടെ മുമ്പിൽ കണ്ടുപോകരുത്. കാരണം, *എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങൾക്കുവേണ്ടി ഞാൻ എഴുന്നേല്പിക്കും* എന്ന് മോശ ഞങ്ങളോടു പറഞ്ഞിട്ടുണ്ട് എന്ന് ആരെങ്കിലും പറഞ്ഞേക്കാം (ആവ 18:15). അവർ മോശയെക്കുറിച്ച് വീമ്പടിക്കുകയും തന്നെ നിന്ദിക്കുകയും ചെയ്തു എന്ന് കണ്ടപ്പോൾ, കർത്താവ് അവരിൽനിന്ന് അത്ഭുതം പിൻവലിച്ചു. അവർക്ക് അതു നൽകാൻ തനിക്കു കഴിയാഞ്ഞിട്ടല്ല പിന്നെയോ, അത് അവർക്ക് ഒരു ഗുണവും ചെയ്യുകയില്ല എന്ന് അവിടുത്തേക്ക് ബോധ്യമുണ്ടായിരുന്നതിനാലത്രേ. മോശ അവർക്ക് ഈ അത്ഭുതം ചെയ്തിട്ട്, അവർക്കൊരു പ്രയോജനവും ഉണ്ടായില്ല. അവർ അവന്റെ ഉടമ്പടിയിൽനിന്നു വ്യതിചലിക്കുകയും അവരുടെ പ്രവൃത്തികൾ ഫലശൂന്യമാകുകയും ചെയ്തു.

**11.** തന്നെ അയച്ച പിതാവിന്റെ മന്നാ എന്ന ദാനത്തെ നിന്ദിക്കാതെ തന്നെ, അത് സ്വീകരിച്ചവരെ നമ്മുടെ കർത്താവ് കുറ്റപ്പെടുത്തി. കാരണം, അവരുടെ കഠോരത ഏതു രീതിയിൽ ഇത് സ്വീകരിക്കും എന്ന് അവിടുന്ന് അറിഞ്ഞിരുന്നു. അതുകൊണ്ട് അവിടുന്ന് അവരോട് പറഞ്ഞു: *സ്വർഗത്തിൽനിന്ന് ഇറങ്ങിവന്ന അപ്പം ഇതാകുന്നു; ഇതിൽ നിന്ന് ആരെങ്കിലും ഭക്ഷിച്ചാൽ മരിക്കുമോ?* (യോഹ 6:50). നിശ്ചയമായും ഇല്ല. അപ്പോൾ ഇത് ഏതുതരമാണ്? സമസ്തലോകത്തിനും വേണ്ടി നൽകപ്പെട്ടതാണ് ഇത് (6:51). മോശയുടെ ആ അപ്പം പരിപൂർണമായിരുന്നില്ല. അതുകൊണ്ടാണ് അത് ഇസ്രായേൽക്കാർക്കു മാത്രമായി നൽകപ്പെട്ടത്. എന്നാൽ, തന്റെ ദാനം മോശയുടേതിനേക്കാൾ

www.malankaralibrary.com



ശ്രേഷ്ഠമാണെന്നും പിടലി കടുത്ത ജനത്തിൻെറ വിളിയേക്കാൾ വിജാതീയരുടെ വിളിക്കപ്പെടൽ പരിപൂർണമാണെന്നും കാണിക്കാനായി അവിടുന്ന് ഇപ്രകാരം പറഞ്ഞു: *എൻെറ അപ്പത്തിൽനിന്ന് ഭക്ഷിക്കുന്നവർ എന്നേക്കും ജീവിക്കും. എന്തുകൊണ്ടെന്നാൽ, ദൈവത്തിൻെറ അപ്പം സ്വർഗത്തിൽനിന്ന് ഇറങ്ങിവരികയും സമസ്തലോകത്തിനുമായി നൽകപ്പെടുകയും ചെയ്തിരിക്കുന്നു* (6:51). *എന്നെ അയച്ച പിതാവ് ആകർഷിച്ചാൽ അല്ലാതെ ആർക്കും എൻെറ അടുക്കൽ വരാൻ കഴിയുകയില്ല* (6:44). ദൈവം നൽകിയ ഈ പ്രബോധനം അവരിൽ സജീവമാകാനാണ് അവിടുന്ന് ഇതു പറഞ്ഞത്. *ഞാൻ വഴിയാകുന്നു* എന്നും, *ഞാൻ ആടുകളുടെ വാതിലാകുന്നു* എന്നും അവിടുന്ന് പറഞ്ഞതുപോലെയാണിത് (14:6; 10:7). രണ്ടാമതായി, ദൈവം തന്നെ ആകർഷിക്കുന്നു എന്ന് ഓരോരുത്തനും ബോധ്യം വരുന്നതിനും, ഈ വാഗ്ദാനത്തിലുടെ അവർ സമർപ്പിതരായി തീരുന്നതിനുംവേണ്ടിയാണ് അവൻ ഇതു പറഞ്ഞത്. നശിച്ചവർ സാത്താൻെറ നാമത്തിൽ അറിയപ്പെടുന്നു. എന്നാൽ കർത്താവിൻെറ പക്കലേക്കു വന്നവർ പിതാവിൻെറ നാമത്തിൽ അറിയപ്പെടുന്നു. *നാശപുത്രനല്ലാതെ അവരിലാരും നശിച്ചുപോയില്ല* (17:12). ഇസ്രായേൽജനം മോശയെ ആശ്രയിച്ചിരുന്നതിനാൽ, അവർ പാപം ചെയ്തപ്പോഴും, മോശയുടെ നാമത്തിൽ അറിയപ്പെട്ടിരുന്നു.

## മാതാപിതാക്കളോടുള്ള ബഹുമാനം

**12.** *തൻെറ പിതാവിനെയോ, മാതാവിനെയോ ശപിക്കുന്നവൻ മരിക്കണം* (ലേവ്യ 20:9; മത്താ 15:4). *ദൈവത്തിനെതിരെ ദുഷണം പറയുന്നവൻ ക്രൂശിക്കപ്പെടണം* (ആവ 21:23). *ഞാൻ പിതാവാണെങ്കിൽ, എവിടെ നിങ്ങൾ എന്നെ ബഹുമാനിക്കും? ഞാൻ കർത്താവാണെങ്കിൽ, എവിടെ നിങ്ങൾ എന്നെ ഭയപ്പെടും?* എന്ന് പ്രവാചകൻ പ്രഖ്യാപിച്ചതുപോലെ (മലാ 1:6), മാതാപിതാക്കളെ ബഹുമാനിക്കുന്നത് തന്നെ ബഹുമാനിക്കുന്നതുപോലെയാണെന്ന് ദൈവം നിശ്ചയിച്ചു. നമ്മുടെ കർത്താവും ഇത് ഉറപ്പിച്ചു: *നിൻെറ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക എന്ന് ദൈവം കല്പിച്ചിരിക്കുന്നു. എന്നാൽ നിങ്ങൾ ഓരോരുത്തനും പറയുന്നു: എന്നിൽ നിന്ന് നിനക്കു വരാനുള്ളത് ഞാൻ ദൈവത്തിന് അർപ്പിച്ചിരിക്കുന്നു* (മത്താ 15:4-5). എന്നാൽ, ആരിൽ നിങ്ങൾ ഈ നിയമങ്ങൾ വച്ചിരിക്കുന്നുവോ, ഈ പുത്രൻ തൻെറ

www.malankaralibrary.com



പിതാവിനെയും മാതാവിനെയും ബഹുമാനിക്കാൻ കൂട്ടാക്കുന്നില്ല (15:6). കർത്താവിനെതിരെ തൻെറ സ്നേഹിതരെ ഇളക്കിവിട്ട ഏതോ ഫരിസേയനെതിരെ അവിടുന്ന് ഇപ്രകാരം പറഞ്ഞു: "നമ്മെ ഭക്ഷണത്തിനു ക്ഷണിച്ച ഈ മനുഷ്യൻെറ കാര്യത്തിൽപോലും, നിങ്ങൾ ചെയ്യുന്നതുപോലെ, അവൻ ഭക്ഷണം നൽകിയതിനാൽ, എനിക്കു മുഖം നോട്ടമില്ല, കാരണം, അവനും അവൻെറ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുന്നില്ല. *സ്വർഗസ്ഥനായ എൻെറ പിതാവ് നടാത്ത കൃഷിയെല്ലാം പിഴുതെറിയപ്പെടും (15:3). പൂർവികരുടെ കല്പനകളെ സംബന്ധിച്ചാണ് ഇത് മനസിലാക്കേണ്ടത്.*

## കനാൻകാരി

**13.** *അവനെ അനുഗമിച്ചുകൊണ്ടിരുന്നപ്പോൾ, എൻെറമേൽ കരുണ ഉണ്ടാകണമെ എന്ന് അവൾ നിലവിളിക്കുകയായിരുന്നു. എന്നാൽ അവൻ അവൾക്ക് ഉത്തരം നൽകിയില്ല* (മത്താ 15:22-23). കുറേക്കൂടി ഉച്ചത്തിൽ നിലവിളിക്കാൻ കർത്താവിൻെറ മൗനം കനാൻകാരിയെ പ്രേരിപ്പിച്ചു. തൻെറ മൗനംകൊണ്ട് അവൻ അവളെ നിന്ദിച്ചുകളഞ്ഞു; എന്നാൽ അവളാകട്ടെ, നഷ്ടധൈര്യയായില്ല. തൻെറ വാക്കുകൊണ്ട് അവൻ അവളെ നിന്ദിച്ചു; എന്നാൽ അവൾ പിന്തിരിഞ്ഞില്ല. തന്നെ നിന്ദിച്ച ഇസ്രായേലിനോട് അവൾ ബഹുമാനം കാണിച്ചു; എന്നാൽ അവൾ അസൂയാലുവായില്ല, നേരെമറിച്ച്, അവൾ വീണ്ടും സ്വയം താഴ്ത്തി; തൻെറ വാക്കുകൾ കൊണ്ട് ഇസ്രായേലിനെ വീണ്ടും മഹത്ത്വീകരിച്ചു: യൂദന്മാർ വിജാതീയരുടെ യജമാനന്മാരാണ് എന്നമട്ടിൽ അവൾ പറഞ്ഞു: *നായ്ക്കൾപോലും യജമാനന്മാരുടെ അപ്പക്കഷണങ്ങൾ തിന്നുന്നു* (15:27). അതുകൊണ്ട്, അവൻെറ ശിഷ്യർ അടുത്തുചെന്ന്, അവളെ പറഞ്ഞയയ്ക്കാൻ അവനോട് അപേക്ഷിച്ചു. വിജാതീയരുടെ ആഴമേറിയ സ്നേഹത്തിൻെറ ഒരു ദൃഷ്ടാന്തം അവൻ നൽകി. അവൻ വിജാതീയരെ പട്ടികൾ എന്നും ഇസ്രായേൽക്കാരെ മക്കൾ എന്നും വിളിച്ചു. പട്ടികളായി ചിത്രീകരിക്കപ്പെട്ട വിജാതീയർക്ക് പട്ടികളുടെ സ്നേഹവും പട്ടികളുടെ ധൈര്യവും ഉണ്ട്. എന്നാൽ മക്കളായി ചിത്രീകരിക്കപ്പെട്ട ഇസ്രായേൽക്കാർക്ക് പട്ടികളുടെ ഭ്രാന്ത് മാത്രമേ ഉണ്ടായിരുന്നുള്ളു, *ആരും മക്കളുടെ അപ്പം എടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കാറില്ലല്ലോ* (15.26). അവളുടെ വിശ്വാസം പ്രസ്പഷ്ടമാകാനായി, അവൻ അവളുടെ കാതുകളിൽ നിന്ദനം കോരിച്ചൊരിഞ്ഞു. അവളുടെ

www.malankaralibrary.com



മറുപടി ശ്രദ്ധിക്കുക: സത്യമായും അതേ, കർത്താവേ (15:27). തന്റെ നന്മയ്ക്കായി പട്ടി എന്നു വിളിക്കപ്പെട്ടതിൽ അവൾ ലജ്ജിച്ചില്ല. അതു കൊണ്ട്, *സ്ത്രീയേ, നിന്റെ വിശ്വാസം വലുതാകുന്നു* എന്ന് അവൻ പറഞ്ഞു. വിജാതീയരെ പട്ടികൾ എന്നു വിളിച്ചതിലൂടെ തന്റെ ദാനത്തെ അവൻ അപ്പവുമായി താരതമ്യപ്പെടുത്തുകയായിരുന്നു.

**14.** അതുകൊണ്ട് തന്നെ എതിർക്കുന്നവരെല്ലാം ഉന്നതമായ ശക്തി യെയാണ് എതിർക്കുന്നതെന്ന് അവരെ പഠിപ്പിക്കാനാണ് അവിടുന്ന് ഇസ്രായേലിൽ അത്ഭുതം പ്രവർത്തിച്ചത്. എന്തുകൊണ്ടെന്നാൽ, പണ്ട് നൂന്റെ മകനായ ജോഷ്വായുടെ നാമത്തെ അനുസരിച്ച ഇസ്രായേൽ, അതേ പേരിന്റെ നാഥൻ കടന്നുവന്നപ്പോൾ തിരിച്ചറിഞ്ഞില്ല. എന്നാൽ കനാന്റെ വിത്ത്, നൂന്റെ മകനായ ജോഷ്വായിൽ പണ്ട് ദർശിച്ച നിഴ ലുകളിൽ നിന്ന്, അവന്റെ ഛായകളിൽ മൂലരൂപത്തെ തിരിച്ചറിഞ്ഞു. പ്രതിരൂപങ്ങളിൽനിന്ന് സത്യം തിരിച്ചറിഞ്ഞ കനാന്യസന്തതിയിൽനിന്ന് ദുഷ്ടാരൂപി പുറപ്പെട്ടുപോയി. സത്യത്തിന്റെ ഛായകളിൽ ദീർഘ കാലം പ്രബോധനം ലഭിച്ച ഇസ്രായേലിൽ വീണ്ടും കടന്നുകൂടി. സാദൃ ശ്യങ്ങളുടെ നാഥൻ എത്തിയപ്പോൾ അവർ അവനെതിരെ ദൈവ ദൂഷണം പറഞ്ഞു. എന്നാൽ അവർ ദേശം ഒറ്റുനോക്കി തിരികെ വന്ന പ്പോഴേ ഈ അരൂപി അവരെ ആവസിച്ചിരുന്നു; അവർ മോശയ്ക്കെതിരെ തർക്കിക്കുകയും മത്സരിക്കുകയും കല്ലെറിയാൻ മുതിരുകയും ചെയ്തു (സംഖ്യ 14:1-38). എങ്കിലും അവൻ അവരെ ശാന്തരാക്കി. ഈ നാമം അവ രുടെ മുമ്പിൽ മല്ലന്മാരെ തകർത്തു (13:32); ഈ ദുഷ്ടാരൂപി കനാന്യ രുടെ പക്കലേക്കു പോയി; കനാന്യർ, നൂന്റെ മകനായ ജോഷ്വായ്ക്കെ തിരെ യുദ്ധത്തിനു വരികയും ചെയ്തു. എന്നാൽ സത്യജോഷ്വാ സമാ ഗതനായപ്പോൾ, കനാന്യരുടെ വിശ്വാസത്തിലൂടെയാണ്, കനാന്യരുടെ പ്രതീകമായിരുന്ന ബാലികയിൽനിന്ന് അവൻ ദുഷ്ടാരൂപിയെ ഓടിച്ചത്. കാരണം, എല്ലായിടത്തും, യേശുവിന്റെ നാമശ്രവണത്തിൽ അശുദ്ധാ ത്മാക്കൾ പുറപ്പെട്ടുപോയി. നീ ഇന്ന് ഇസ്രായേലിനെ നോക്കിയാൽ, വിജാതീയരുടെ സർവ ക്രോധവും തർക്കവും അവരിൽ കുടികൊള്ളു ന്നത് കാണാൻ കഴിയും.

**15.** ശ്രോതാവേ, ഈ അരൂപിയെയും അതിന്റെ ഏഴ് സഖികളെയും കുറിച്ചുള്ള വിവരണത്തിൽ പൂർണമായി ശ്രദ്ധ ചെലുത്തരുത്; പിന്നെയോ, ഉപമയുടെയും താരതമ്യത്തിന്റെയും സാരസത്ത ഉറപ്പായി സ്വീകരി

www.malankaralibrary.com



ക്കുക. താരതമ്യത്തിന്റെ വിശദാംശങ്ങളാലും ഉപമയുടെ നിരവധി വസ്ത്രങ്ങളാലും മനപ്പതർച്ച ഉണ്ടാകരുത്. നിരവധി ഉപമകൾ ഉള്ളപ്പോൾ, ഇത് വചനത്തിനുള്ള താല്ക്കാലിക വസ്ത്രമാണ്. അതിന്റെ സത്യത്തിൽ കാണപ്പെടാനായി പ്രയോജനമുള്ളത് വചനം എടുക്കുന്നു. യേശുവിന്റെ നാമത്തിനെതിരെ പോരാടിയ കനാന്യർ തങ്ങളുടെ നാട്ടിൽനിന്ന് തുടച്ചുനീക്കപ്പെട്ടതുപോലെ, ഇസ്രായേൽക്കാരും തങ്ങളുടെ വാസസ്ഥലങ്ങളിൽനിന്ന് പിഴുതെറിയപ്പെട്ടു.

## സമറിയാക്കാരി

**16.** ഒരു വേട്ടക്കാരനെപ്പോലെ നമ്മുടെ കർത്താവ് കിണറ്റിൻകരയിലേക്കു ചെന്നു. ജലം നൽകാനായി, വെള്ളത്തിന്റെ മറവിൽ അവിടുന്നു വെള്ളം ചോദിച്ചു. ദാഹം ശമിപ്പിക്കുന്ന കവാടം തുറക്കപ്പെടുന്നതിനായി ദാഹാർത്തനെപ്പോലെ അവിടുന്ന് വെള്ളം ചോദിച്ചു. സ്ത്രീയെ പഠിപ്പിക്കുന്നതിനും, അവൾ അവനോട് ഒരഭ്യർത്ഥന നടത്തുന്നതിനുമായി, അവൻ അവളോട് ഒരഭ്യർത്ഥന നടത്തി. ഒരഭ്യർത്ഥന ഉചിതമായി എങ്ങനെ നടത്തണം എന്നു പഠിപ്പിക്കാനായി ധനവാനായിരുന്നിട്ടും ആവശ്യക്കാരനെപ്പോലെ ഒരഭ്യർത്ഥന നടത്തുന്നതിൽ നമ്മുടെ കർത്താവ് ലജ്ജിച്ചില്ല. സത്യത്തിൽ നിലനില്ക്കുന്നവർക്ക് കുലുക്കം ഉണ്ടാകുകയില്ല എന്ന് എന്നെ പഠിപ്പിക്കാനായി, ഒരു സ്ത്രീയോട് തനിയെ സംസാരിക്കുന്നതിൽ നിന്നുള്ള നിന്ദനത്തെ അവൻ ഭയപ്പെട്ടില്ല. *അവൻ ഒരു സ്ത്രീയോട് സംസാരിച്ചുകൊണ്ടു നിൽക്കുന്നതിൽ അവർ ആശ്ചര്യപ്പെട്ടു* (യോഹ 4:27). തന്റെ ഇരയെ ശിഷ്യന്മാർ ഓടിച്ചുകളയാതിരിക്കാനായി അവൻ തന്റെ ശിഷ്യരെ ദൂരെ പറഞ്ഞയച്ചു. കൂട്ടത്തെ മുഴുവൻ പിടിക്കാനായി, അവൻ പ്രാവിന് ഒരിര ഇട്ടുകൊടുത്തു. അവൾ നേരെ മറുപടി പറയാനായി, അവൻ നിഗൂഢമായി അവളോട് ഒരഭ്യർത്ഥന നടത്തി: *എനിക്കു കുടിക്കാൻ വെള്ളം തരിക* (4:7). ഇതായിരുന്നു അവരുടെ അഭിമുഖത്തിന്റെ ആരംഭം. അവൻ വെള്ളം ചോദിച്ചു; പിന്നീട് ജീവജലത്തെ സംബന്ധിച്ചുള്ള വാഗ്ദാനം നൽകി. അവൾ തന്റെ കുടം ഉപേക്ഷിച്ചതുപോലെ, അവൻ ചോദിച്ചിട്ട്, പിന്നെ തന്റെ അപേക്ഷയെപ്പറ്റി ചിന്തിച്ചില്ല. സത്യം വെളിപ്പെട്ടപ്പോൾ, അവൻ വളച്ചുകെട്ടുകൾ ഉപേക്ഷിച്ചു; സത്യത്തിനുവേണ്ടിയായിരുന്നു അവിടുന്ന് വളച്ചുകെട്ടുകൾ ഉപയോഗിച്ചത്.

www.malankaralibrary.com



**17.** *എനിക്ക് കുടിക്കാൻ വെള്ളം തരിക. അവൾ അവനോടു പറഞ്ഞു: ഇതാ, നീ ഒരു യഹൂദനാണ്. അവൻ അവളോടുപറഞ്ഞു: നീ അറിഞ്ഞിരുന്നെങ്കിൽ* (4:7.9.10). അവൾക്ക് അറിയാൻ പാടില്ല എന്ന് അവൻ ഇപ്രകാരം അവളെ കാണിച്ചു. അവളുടെ അറിവിൻെറ കുറവുകൊണ്ട്, കൃത്യമായി ഈ കാര്യത്തിലായിരുന്നു അവൾക്കു വഴി തെറ്റിയത്. എന്നാൽ സത്യത്തിൻെറ അറിവിൽ അവൻ അവളെ പ്രബോധിപ്പിച്ചു. അവളുടെ ഹൃദയത്തിന്മീതേ ഉണ്ടായിരുന്ന വിരി സാവധാനം നീക്കാൻ അവൻ ആഗ്രഹിച്ചു. കാരണം, 'ഞാൻ മിശിഹായാണ് എന്ന് ആരംഭത്തിൽ തന്നെ അവൻ അവളോടു വെളിപ്പെടുത്തിയിരുന്നെങ്കിൽ, അവൾ അവനിൽനിന്ന് അകന്നുപോകുമായിരുന്നു; അവൾ അവൻെറ പ്രബോധനത്തിൻെറ ശിഷ്യ ആയിത്തീരുകയില്ലായിരുന്നു. *എനിക്കു കുടിക്കാൻ തരിക എന്നു നിന്നോട് പറഞ്ഞവൻ ആരെന്നു നീ അറിഞ്ഞിരുന്നെങ്കിൽ, നീ അവനോട് അത് ആവശ്യപ്പെടുമായിരുന്നു. അവൾ അവനോടു പറഞ്ഞു: നിനക്ക് പാത്രമില്ല; കിണറോ ആഴമുള്ളത്. അവൻ അവളോടു പറഞ്ഞു* (4:10-13): എൻെറ ജലം സ്വർഗത്തിൽനിന്ന് താഴേക്കു വരുന്നു. ആ പ്രബോധനം ഉന്നതത്തിൽ നിന്നാണ്; ആ ജലം സ്വർഗീയമാണ് അതു കുടിക്കുന്നവർക്കു വീണ്ടും ദാഹിക്കയില്ല. വിശ്വാസികൾക്ക് സ്നാനം ഒന്നാണ്: *ഞാൻ നൽകുന്ന ജലം കുടിക്കുന്നവന് പിന്നൊരിക്കലും ദാഹിക്കയില്ല. അവൾ അവനോടു പറഞ്ഞു: എനിക്കു ദാഹിക്കാതിരിക്കാനും ഇവിടെനിന്ന് വെള്ളം കോരാതിരിക്കാനുമായി ഈ ജലത്തിൽ കുറച്ച് എനിക്കു തരിക* (4:14-15).

**18.** *അവൻ അവളോടു പറഞ്ഞു: പോയി നിൻെറ ഭർത്താവിനെ എൻെറ പക്കൽ കൂട്ടിക്കൊണ്ടുവരിക* (4:16). ഒരു പ്രവാചകനെപ്പോലെ, നിഗൂഢ കാര്യങ്ങൾ അവൾക്കു വെളിപ്പെടുത്താനായി, അവൻ അവൾക്ക് ഒരു കവാടം തുറന്നുകൊടുത്തു. എന്നാൽ അവൾ പറഞ്ഞു: *എനിക്കു ഭർത്താവില്ല* (4:17). അവന് രഹസ്യകാര്യങ്ങൾ അറിയാമോ എന്ന് അവനെ പരീക്ഷിക്കാനാണ് അവൾ ഇതു പറഞ്ഞത്. അവൻ അവളെ രണ്ടു കാര്യങ്ങൾ കാണിച്ചു: അവളുടെ "ഭർത്താവ്" ആയിരുന്നതും, അവൻ അല്ലാതിരുന്നതും; അവൻ നാമമാത്രമായി ആയിരുന്നതും, അവൻ യഥാർത്ഥത്തിൽ അല്ലാതിരുന്നതും. *നിനക്ക് അഞ്ചുപേർ ഉണ്ടായിരുന്നു; ഇപ്പോൾ ഉള്ളവനും നിൻെറ ഭർത്താവല്ല. അവൾ അവനോടു പറഞ്ഞു: പ്രഭോ, അങ്ങ് ഒരുപ്രവാചകൻ ആണെന്ന് ഞാൻ കാണുന്നു* (4:18-19). അവൻ അവളെ ഇപ്രകാരം മറ്റൊരു തലത്തിലേക്ക് ഉയർത്തി. *ഞങ്ങളുടെ പിതാ*

www.malankaralibrary.com



*ക്കന്മാർ ഈ മലയിൽ ആരാധിച്ചു. അവൻ അവളോടു പറഞ്ഞു. ഈ മലയിലുമല്ല, ജറുസലേമിലും അല്ല; പിന്നെയോ, സത്യാരാധകർ ആത്മാവിലും സത്യത്തിലും ആരാധിക്കും.* (4:20-23). ഇപ്രകാരം അവൻ അവളെ പൂർണതയിലേക്ക് പരിശീലിപ്പിക്കുകയും വിജാതീയരുടെ വിളി സംബന്ധിച്ച് അവളെ പ്രബോധിപ്പിക്കുകയും ചെയ്യുകയായിരുന്നു.

അവളുടേത് വരണ്ടഭൂമിയല്ല എന്നു കാണിക്കാൻ, അവളുടെ വിത നൂറു മടങ്ങ് ഫലം പുറപ്പെടുവിച്ചു എന്ന്, അവനു കാഴ്ചവച്ച കതിരിലൂടെ അവൾ സാക്ഷ്യപ്പെടുത്തുകയായിരുന്നു. *ഇതാ, മിശിഹാ വരുന്നു; അവൻ ഞങ്ങൾക്ക് എല്ലാം നൽകും. അവൻ അവളോടു പറഞ്ഞു: നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെയാകുന്നു അവൻ* (4:25-26). *നീ രാജാവാണെങ്കിൽ, നീ എന്തിനാണ് എന്നോട് വെള്ളം ചോദിക്കുന്നത്?* ഇപ്രകാരമല്ല അവൻ ആദ്യം സ്വയം അവൾക്കു വെളിപ്പെടുത്തിയത്; പിന്നെയോ, ആദ്യം ഒരു യഹൂദനായി; പിന്നെ ഒരു പ്രവാചകനായി; അതിനുശേഷം മിശിഹാ ആയി. പടിപടിയായി അവൻ അവളെ നയിക്കുകയും ഏറ്റവും ഉന്നതമായ തലത്തിൽ എത്തിക്കുകയും ചെയ്തു. ദാഹാർത്തനായ ഒരാളായി അവൾ അവനെ ആദ്യം കണ്ടു; പിന്നെ ഒരു യഹൂദനായി; പിന്നെ പ്രവാചകനായി; അതിനുശേഷം ദൈവമായി. ദാഹാർത്തൻ എന്ന നിലയിൽ അവൾ അവനെ പ്രേരിപ്പിച്ചു; യഹൂദൻ എന്ന നിലയിൽ അവൾ അവനിൽ നിന്ന് പിറകോട്ടു മാറി; പണ്ഡിതൻ എന്ന നിലയിൽ അവനെ ചോദ്യം ചെയ്തു. പ്രവാചകൻ എന്ന നിലയിൽ അവൻ അവളെ താക്കീതു ചെയ്തു. മിശിഹാ എന്ന നിലയിൽ അവൾ അവനെ ആരാധിച്ചു.

**19.** ഈ സമറിയാക്കാരിയെ വരിക്കാൻ സമറിയാക്കാർ ഭയപ്പെട്ടു; കാരണം, താമാറിൽനിന്ന് ഷേലായെ പിൻതിരിപ്പിച്ച യൂദായെ അവർ ഓർത്തു (ഉല്പ 38:6-30). എന്നാൽ വിധവയായി കഴിയുക നാണക്കേടായി കരുതപ്പെട്ടിരുന്നു. അതുകൊണ്ട്, ആപത്തിനുള്ള കരുവാകാതിരിക്കാൻ ഈ സമറിയാക്കാരി കരുതലോടുകൂടി പെരുമാറി. അവളുടെ ഭർത്താവായി ഒരുവൻ നിലകൊണ്ടു; എന്നാൽ ആരും അവളെ സമീപിച്ചില്ല. താൻമൂലം ആരും മരിക്കാതിരിക്കാനായി, അവൾ ഒരുത്തനെയും നിർബന്ധിച്ചില്ല (ഉല്പ 38:6-30). ഇക്കാരണത്താൽ അവളെ വിവാഹം കഴിക്കാൻ സകലരും ഭയപ്പെട്ടു: *ഏഴു സ്ത്രീകൾ ഒരു പുരുഷനെ പിടിച്ച് അവനോട് ഇപ്രകാരം പറയും: ഞങ്ങൾ ഞങ്ങളുടെ സ്വന്തം അപ്പം ഭക്ഷിച്ചുകൊള്ളാം; ഞങ്ങളുടെ സ്വന്തം വസ്ത്രം ധരിച്ചുകൊള്ളാം; നിന്റെ*

www.malankaralibrary.com



*നാമം ഞങ്ങളുടെമേൽ വിളിക്കപ്പെട്ട്, ഞങ്ങളുടെ നിന്ദനം എടുത്തു കളഞ്ഞാൽ മതി* എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ (ഏശാ 4:1). അതനുസരിച്ച്, നമ്മുടെ കർത്താവ് അവളോടു പറഞ്ഞു: *അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു; ഇപ്പോഴുള്ളവനും നിന്റെ ഭർത്താവല്ല* (യോഹ 4:18). അവളെപ്പറ്റി കർത്താവ് വെളിപ്പെടുത്തിയത് തങ്ങൾ പോലും ശ്രദ്ധിച്ചിരുന്നില്ല എന്നു കണ്ടപ്പോൾ സമറിയാക്കാർ ഇപ്രകാരം ബുദ്ധിപൂർവം വിധി പ്രസ്താവിച്ചു: അവൻ മിശിഹാ ആണെങ്കിൽ, ഈ രീതിയിൽ മാത്രമല്ല, മറ്റനേകം രീതികളിലും തന്റെ ശക്തി കാണിക്കാൻ കഴിവുറ്റവനാണ്. അതുകൊണ്ട് അവിടുന്ന് അനേകം രീതികളിൽ മഹനീയനായി അവരുടെ ഇടയിൽ സ്വയം വെളിപ്പെടുത്തി. ആ സമറിയാക്കാരിയുടെ കാര്യത്തിൽ എന്നതിനേക്കാൾ വലിയ അത്ഭുതങ്ങളും വെളിപ്പെടുത്തലുകളും കണ്ട സമറിയാക്കാർ മുൻകൂട്ടിത്തന്നെ അവളെ ഒഴിവാക്കി. തങ്ങളുടെ വിശ്വാസത്തിനാധാരം ഒരു സ്ത്രീയുടെ വെളിപ്പെടുത്തലാണ് എന്നു പറഞ്ഞ് യഹൂദന്മാർ അവരെ നിന്ദിക്കാതിരിക്കാനാണ് അവരിതു ചെയ്തത്. തദനുസൃതം, *അവർ അവളോടു പറഞ്ഞു: നിന്റെ വാക്കു നിമിത്തമല്ല ഞങ്ങൾ അവനിൽ വിശ്വസിക്കുന്നത്; പിന്നെയോ ഞങ്ങൾ അവന്റെ പ്രബോധനം കേട്ടു; ഞങ്ങൾ അവന്റെ പ്രവൃത്തികൾ കണ്ടു. അവ ദൈവത്തിൽ നിന്നാകയാൽ, അവൻ മിശിഹാ ആണെന്ന് ഞങ്ങൾ അറിയുന്നു* (4:42). ഞങ്ങളുടെ വിശ്വാസത്തിനാധാരം ഞങ്ങളുടെ സ്വന്തം അറിവുതന്നെ ആയിരിക്കുക ഉചിതമത്രേ.

**20.** *ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ ആരാധിച്ചു* (4:20). ഇത് യാക്കോബിനെയും അവന്റെ മക്കളെയും സൂചിപ്പിക്കുന്നു; കാരണം, അവർ ഷേക്കേം മലയിലോ, ബേഥേലിലോ, ഗരീസിം മലയിലോ ആരാധിച്ചിരുന്നു. *ഈ മലയിലോ, ജറുസലേമിലോ അല്ല ദൈവത്തെ ആരാധിക്കേണ്ടത്* (4:21) എന്നതിനർത്ഥം: *എല്ലാ സ്ഥലങ്ങളിലും എന്റെ നാമം അനുസ്മരിക്കാൻ നീ ഇടയാക്കും* (പുറ 20:24). കൂടാതെ, ആ സ്ത്രീ പറഞ്ഞു: *ആരാധനാലയം ജറുസലേമിലാണെന്നു നീ പറയുന്നു; എന്നാൽ ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ ആരാധിച്ചു* (യോഹ 4:20). അതുകൊണ്ട്, ദൈവം ശാരീരികൻ അല്ല എന്ന് അവളെ കാണിക്കാൻ അവൻ പറഞ്ഞു: *സത്യമായി ഞാൻ നിന്നോടു പറയുന്നു: ഈ മലയിലോ, ജറുസലേമിലോ അല്ല ആരാധിക്കേണ്ടത്; പിന്നെയോ, സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കും.*

www.malankaralibrary.com



*ഈ മലയിലോ, ജറുസലേമിലോ ദൈവം ആരാധിക്കപ്പെടുകയില്ല* (4:21.23). *ആരാധനയ്ക്കു തടസമായി നിന്ന അത്തിവൃക്ഷത്തെ ഉണക്കിയതിലൂടെ* (ലൂക്കാ 13:6-9), ലോകം മുഴുവൻ ആരാധന ഉണ്ടായിരിക്കും എന്ന് അവിടുന്നു വെളിപ്പെടുത്തി.

## കുഷ്ഠരോഗിയെ സൗഖ്യമാക്കുന്നത്

**21.** *നിനക്കു മനസ്സുണ്ടെങ്കിൽ, എന്നെ ശുദ്ധനാക്കുവാൻ നിനക്കു കഴിയും* (മത്താ 8:2). 'ഏലീശായേപ്പോലെ നിയമം അനുഷ്ഠിക്കുന്നവനാണ് അവിടുന്ന്' എന്ന് ഈ കുഷ്ഠരോഗി ചിന്തിച്ചു: കാരണം, ഏലീശാ നാമാൻെറ പക്കലേക്കു പോയില്ല (2 രാജാ 5:8-2). നിയമദാതാവിന് നിയമം പ്രതിബന്ധമല്ല എന്നു കാണിക്കാൻ, *അവനെ സ്പർശിച്ചുകൊണ്ട്* (മത്താ 8:3) അവൻെറ സംശയം മാറ്റി. അഥവാ, കർത്താവ് നിയമത്തിന് അന്യനാണ് എന്ന് അവൻ തീർച്ചയായും ചിന്തിച്ചിരുന്നിരിക്കാം; ശാരീരികമായി സുഖം പ്രാപിച്ചിട്ട്, ആത്മീയമായി അവൻ മുറിവേറ്റവനായി കഴിയാതിരിക്കാൻ; അവിടുന്ന് ഒരേസമയം പരസ്യമായും രഹസ്യമായും അവനെ സുഖപ്പെടുത്തി. *പോയി നിന്നെത്തന്നെ കാണിക്കുക* (8:4). പുരോഹിതന്മാരെ പ്രതിയായിരുന്നു ഇത്. കർത്താവിനെ അശുദ്ധനാക്കും എന്ന് കരുതി, കുഷ്ഠരോഗി അവിടുത്തെ സ്പർശിക്കാൻ ഭയപ്പെട്ടു. എന്നാൽ താൻ അശുദ്ധനാകുകയില്ല എന്നു കാണിക്കാൻ കർത്താവ് അവനെ സ്പർശിച്ചു. അവിടുത്തെ ശാസനയാൽ അശുദ്ധി അശുദ്ധനിൽനിന്ന് ഓടിപ്പോയി.

മോശ, യൗസേപ്പിൻെറ അസ്ഥികൾ വഹിച്ചില്ലേ? (ഉല്പ 50:23-24). ദൈവം അവനെ തെരഞ്ഞെടുത്ത അവസരം, *നിൻെറ കൈ നിൻെറ മടിയിൽ വയ്ക്കുക എന്ന് അവനോടു പറഞ്ഞപ്പോൾ, അവിടുന്ന് യഥാർത്ഥത്തിൽ അവനെ ഒരു കുഷ്ഠരോഗി ആക്കിയില്ലേ?* (പുറ 4:6). അശുദ്ധമൃഗത്തിൻെറ ശവശരീരത്തിൽനിന്ന് സാംസൺ തേനെടുത്തു തിന്നു; ചത്ത കഴുതയുടെ താടിയെല്ലുകൊണ്ട് അവൻ വിജയം നേടുകയും ഇസ്രായേലിനെ രക്ഷിക്കുകയും ചെയ്തു (ന്യായാ 14:9;15:15-16). കൂടാതെ, ജീവനറ്റ താടിയെല്ലിൽനിന്ന് ദൈവം അവനു വെള്ളം നൽകി. ദൈവം അവനു വെള്ളം നൽകുകയും അവൻെറ ദാഹം ശമിക്കുകയും ചെയ്തു (15:18-19). *നീതിമാന്മാർക്കു നിയമം വയ്ക്കപ്പെട്ടിട്ടില്ല* എന്ന് പൗലോസിനെപ്പോലെ അവൻ പറഞ്ഞു (1 തിമോ 1:9).

www.malankaralibrary.com



സ്പർശനാനുഭവത്തിലൂടെ നമ്മുടെ കർത്താവ് കുഷ്ഠരോഗിയെ കാണിച്ച കാര്യം, അനുഭവം ഉണ്ടാകുന്നതിനു മുമ്പുതന്നെ വിശ്വാസത്തിലൂടെ രക്തസ്രാവക്കാരി അറിഞ്ഞു (മർക്കോ 5:27-28.34). ഭോഷന്മാർക്കാണ് അനുഭവത്തിൻെറ ആവശ്യം. തദനുസൃതം നമ്മുടെ കർത്താവ് രണ്ടു സംഗതികളെ ഖണ്ഡിക്കുകയായിരുന്നു. അവിടുന്ന് കുഷ്ഠരോഗിയെ സ്പർശിച്ചില്ലായിരുന്നെങ്കിൽ, കർത്താവിന് യഥാർത്ഥത്തിൽ കുഷ്ഠത്തെ ഭയമായിരുന്നു എന്ന് ചിന്തിച്ചുകൊണ്ടിരുന്നതിൽ അവൻ ഉറപ്പിക്കപ്പെടുമായിരുന്നു. എന്നാൽ അവർ സ്പർശിക്കുന്നെങ്കിൽ, അവൻ നിയമത്തിന് അന്യനാണ് എന്ന മറ്റേ ചിന്ത അവൻെറ മനസിൽ വേരുറയ്ക്കുമായിരുന്നു. അതുകൊണ്ട്, തൻെറ കൈ നീട്ടിയതിലൂടെ, അവിടുന്ന് തൻെറ ദൈവത്വം കാട്ടുകയും അശുദ്ധിയെ ഓടിക്കുകയും ചെയ്തു; തൻെറ വായിലെ വാക്കിലൂടെ, തനിക്കു നിയമത്തോടുള്ള അടുപ്പം കാണിക്കുകയം, അതിന് അന്യനായിരിക്കാനുള്ള സാധ്യതയെ ദൂരെ അകറ്റുകയും ചെയ്തു. ഈ കുഷ്ഠരോഗി ഒരു യഹൂദനായിരുന്നു. ഈ യേശു നിയമത്തിന് എതിരാണെന്നും മോശയുടെ ന്യായപ്രമാണത്തിൻെറ ശത്രുവാണെന്നും യൂദന്മാരിൽനിന്ന് അവൻ കേട്ടിരുന്നു. അതനുസരിച്ച്, യഹുദരെ സൗഖ്യമാക്കുന്നതിൽ അവിടുത്തേക്കു വലിയ താല്പര്യമില്ല എന്ന് അവൻ കേട്ടിരുന്നു.

**22.** *നിനക്കു മനസുണ്ടെങ്കിൽ, എന്നെ ശുദ്ധനാക്കാൻ നിനക്കു കഴിയും* (മത്താ 8:2). യാചനാരുപത്തിലുള്ള ഒരു ഫോർമുലയാണിത്; ഭയത്തിൽ നിന്നുടലെടുത്ത ഒരു വചനമാണിത്. നിനക്കു കഴിയും എന്ന് എനിക്കറിയാം; എന്നാൽ നിനക്ക് മനസുണ്ടോ എന്നതിൽ എനിക്കുറപ്പില്ല. ഈ ഇരട്ട മനോഭാവത്തിനു മറുപടിയായി നമ്മുടെ കർത്താവ് അവനെ രണ്ടു കാര്യങ്ങൾ കാണിച്ചു: തൻെറ കോപത്തിലൂടെയുള്ള കുറ്റപ്പെടുത്തൽ; തൻെറ സൗഖ്യത്തിലൂടെയുള്ള കാരുണ്യം. 'നിനക്കു മനസുണ്ടെങ്കിൽ' എന്നതിനു മറുപടിയായി അവിടുന്നു കോപിച്ചു; 'നിനക്കു കഴിയും' എന്നതിനു മറുപടിയായി അവൻ സൗഖ്യം പ്രാപിച്ചു. കുഷ്ഠരോഗിയുടെ ശരീരത്തെ അശുദ്ധിയിൽനിന്ന് ശുദ്ധീകരിച്ചതുപോലെ, അവൻെറ മൗഢ്യചിന്തകളിൽനിന്ന് അവൻെറ ആത്മാവിനെ ശുദ്ധീകരിക്കാനായി, 'നിന്നെ പഠിപ്പിച്ച ആ ദുഷിച്ചവരുടെ പക്കലേക്കു പോയി മോശ കല്പിച്ചതുപോലെ, നൻെറ ശുദ്ധീകരണത്തിനുള്ള കാഴ്ച സമർപ്പിക്കുക; ആരോടും ഈ കാര്യത്തെപ്പറ്റി മിണ്ടിപ്പോകരുത് എന്ന് അവിടുന്ന്

www.malankaralibrary.com



അവനെ പഠിപ്പിച്ചു (ലൂക്കാ 5:14; മത്താ 8:4).അവർ കുറ്റപ്പെടുത്തിയതിനാലാണ് അവൻ അവരെ സന്തോഷിപ്പിച്ച് കാഴ്ച സമർപ്പിക്കുന്നതെന്ന് പുരോഹിതർ ചിന്തിക്കാതിരിക്കാനാണ് അവിടുന്ന് ഇപ്രകാരം പറഞ്ഞത്. അവിടുന്ന് പറഞ്ഞു: നിശബ്ദനായിരിക്കുക; നീ അവരെ സമീപിക്കുമ്പോൾ, നീ സൗഖ്യം പ്രാപിച്ചത് എങ്ങനെയെന്ന് അവർ ചോദിക്കും. അപ്പോൾ, മോശയുടെ കല്പനകൾ നിന്ദിക്കപ്പെടാതിരിക്കാൻ, ഞാൻ അതിൽ തല്പരനാണ് എന്ന് അവർ മനസിലാക്കും.

**23.** *നിനക്കു മനസ്സുണ്ടെങ്കിൽ, എന്നെ ശുദ്ധനാക്കുവാൻ നിനക്കു കഴിയും* (മത്താ 8:2). കർത്താവ് എല്ലാ മരിച്ചവരെയും ജീവിപ്പിക്കുകയോ, എല്ലാ മലിനരെയും സുഖപ്പെടുത്തുകയോ ചെയ്യുന്നില്ല എന്ന് ഈ മനുഷ്യൻ കണ്ടു. *തനിക്കിഷ്ടമുള്ളവരെ അവൻ സൗഖ്യമാക്കുന്നു* എന്ന് അവൻ ചിന്തിച്ചു. അതുകൊണ്ട് അവൻ അവിടുത്തോടു പറഞ്ഞു: *നിനക്കു മനസുണ്ടെങ്കിൽ, എന്നെ ശുദ്ധനാക്കുവാൻ നിനക്കു കഴിയും?* മനുഷ്യരുടെ മുഖം നോക്കാതെയാണ് താൻ സൗഖ്യമാക്കുന്നതെന്ന് തൻെറ കോപത്തിലൂടെ കർത്താവ് കാണിച്ചുകൊടുത്തു. എന്നാൽ, *നിനക്കു മനസുണ്ടെങ്കിൽ, നിനക്കു കഴിയും* എന്ന് കുഷ്ഠരോഗി വിശ്വസിച്ചതിനാൽ, വിശ്വാസത്തെ താൻ അവഗണിച്ചില്ല എന്ന് നമ്മുടെ കർത്താവ് കാണിച്ചു. കൂടാതെ, പുരോഹിതന്മാർ കുഷ്ഠരോഗികളെ ശുദ്ധരാക്കിയിരുന്നില്ലെന്നും, അതിനുപകരം, കുഷ്ഠരോഗസംബന്ധമായി നിയമത്തിലുള്ള അനുഷ്ഠാനവിധികളാൽ അവരെ ഭാരപ്പെടുത്തിയിരുന്നെന്നും കുഷ്ഠരോഗി കണ്ടു. അതുകൊണ്ട്, നിയമത്തിലെ അനുഷ്ഠാനങ്ങൾ അവൻെറ ദൃഷ്ടിയിൽ നിസാരങ്ങളായിരുന്നു. അതുകൊണ്ട്, *നിനക്കു മനസുണ്ടെങ്കിൽ, എന്നെ ശുദ്ധനാക്കാൻ നിനക്കു കഴിയും* എന്ന് അവൻ പറഞ്ഞു. ഈ രീതിയിലുള്ള ചിന്ത നിമിത്തം കർത്താവ് കോപിച്ചു, *പോയി, നിന്നെത്തന്നെ പുരോഹിതന്മാർക്കു കാണിച്ചുകൊടുക്കുക;* എന്നിട്ട് നീ നിന്ദിക്കുന്ന നിയമം പൂർത്തിയാക്കുക എന്ന് രണ്ടാമതായി അവനോട് കല്പിച്ചു. നിയമത്തിലെ ചില കാര്യങ്ങൾ കർത്താവ് ലഘൂകരിച്ചതായി കുഷ്ഠരോഗി കണ്ടതിനാൽ, അവൻ അവിടുത്തെപ്പറ്റി ഇങ്ങനെ ചിന്തിച്ചിരുന്നു. അതുകൊണ്ടുകൂടിയാണ് കർത്താവ് അവനോട് ഇപ്രകാരം കല്പിച്ചത്. കർത്താവ് അവനോടല്ല, അവൻെറ കുഷ്ഠരോഗത്തോടാണ് വെറുപ്പ് കാട്ടിയത് എന്നും പറയപ്പെടുന്നു.

www.malankaralibrary.com



**24.** *നിനക്കു മനസുണ്ടെങ്കിൽ, എന്നെ ശുദ്ധനാക്കാൻ കഴിയും. അവിടുന്ന് തന്റെ കൈ നീട്ടി* (8:2-3). അവന്റെ ഈ കൈനീട്ടലിൽ ആയിരുന്നു നിയമത്തിന്റെ നീക്കിക്കളയൽ. കാരണം, കുഷ്ഠരോഗിയെ സമീപിക്കുന്നവൻ അശുദ്ധനായിത്തീരും എന്ന് നിയമത്തിൽ എഴുതപ്പെട്ടിരിക്കുന്നു. അവിടുന്ന് കുഷ്ഠരോഗിയെ സമീപിച്ചില്ല; പിന്നെയോ, സൗഖ്യം നിറഞ്ഞ തന്റെ വലത്തുകൈ അവന്റെ പക്കലേക്ക് നീട്ടുകയത്രേ ചെയ്തത്. തുടർന്നുവരുന്ന തിരുലിഖിതഭാഗം വിവരിക്കുന്നതുപോലെ, നിയമത്തിന് എതിരു നില്ക്കുന്നവനായി അവിടുന്ന് സ്വയം കാണിച്ചില്ല. പ്രകൃതി നല്ലതാണെന്നും താൻ അതിന്റെ കുറവ് തീർത്തതേ ഉള്ളു എന്നും അവിടുന്നു കാണിച്ചു. അവനെ പുരോഹിതരുടെ പക്കലേക്ക് അയച്ചതിനാൽ, അവിടുന്ന് പൗരോഹിത്യത്തെ അതുവഴി ഉയർത്തിക്കാട്ടി. അവന്റെ ശുദ്ധീകരണത്തിനുള്ള കാഴ്ച സമർപ്പിക്കാൻ അവനോട് അവിടുന്നു കല്പിക്കുകയും ചെയ്തു (ലൂക്കാ 5:14). അപ്പോൾ, *മോശ കല്പിച്ചതുപോലെ* അവിടുന്ന് നിയമം അനുസരിച്ചില്ലേ? കുഷ്ഠരോഗസംബന്ധമായി നിരവധി നിർദ്ദേശങ്ങളുണ്ടായിരുന്നു. എന്നാൽ എന്തെങ്കിലും പ്രയോജനം ചെയ്യാൻ അവയ്ക്ക് കഴിവില്ലായിരുന്നു. പിന്നീട് മിശിഹാ സമാഗതനാകുകയും തന്റെ വചനത്താൽ സൗഖ്യം നൽകുകയും കുഷ്ഠരോഗസംബന്ധമായുണ്ടായിരുന്ന നിരവധി നിർദ്ദേശങ്ങൾ നീക്കിക്കളയുകയും ചെയ്തു. *അതുകൊണ്ട്, പുരോഹിതരുടെ സാക്ഷ്യത്തിനായി, അവരുടെ പക്കലേക്കു പോകുക.* കാരണം, ശുദ്ധീകരണത്തിനു മുൻപ് അവർ കുഷ്ഠരോഗിയെ പരിശോധിക്കണമെന്നും, ശുദ്ധീകരണാനന്തരം സാക്ഷികൾ ആയിരിക്കണമെന്നും അവർക്കായി നിശ്ചയിക്കപ്പെട്ടിരുന്നു. പഴയ ഉടമ്പടിയിൽ മോശയുടെ നിയമത്തിൽ ഉള്ളവ ആയിരുന്നു ഈ സംഗതികൾ. ഈ നിർദ്ദേശങ്ങൾ തന്റെ മുമ്പിൽനിന്ന് ഓടിപ്പോകാതെ, ജനത്തിനു മുമ്പിൽ തന്റെ അറിയിപ്പുകാരായി തീരുന്നതിന് *മോശ കല്പിച്ചതുപോലെ* എന്നു പറഞ്ഞുകൊണ്ട്, തന്റെ പ്രബോധനത്തിന് സാക്ഷ്യമായി മിശിഹാ അവ ഉദ്ധരിച്ചു.

www.malankaralibrary.com



13

## ഒരു തളർവാതരോഗിയെ സൗഖ്യമാക്കുന്നത്

**1.** *മുപ്പത്തെട്ടുവർഷമായി രോഗിയായിരുന്ന ഒരുവൻ ഉണ്ടായിരുന്നു. നമ്മുടെ കർത്താവ് അവനോട് പറഞ്ഞു: സൗഖ്യമാകുവാൻ നിനക്കു മനസുണ്ടോ?* (യോഹ 5:5-6). അവനു മനസില്ലായിരുന്നെങ്കിൽ, കർത്താവിനും മനസുണ്ടാകുമായിരുന്നില്ല. രോഗി അവനോട് പറഞ്ഞു: *വെള്ളം ഇളകുമ്പോൾ എന്നെ ഇറക്കുവാൻ എനിക്ക് ആരുമില്ല* (5.7). കർത്താവ് ഒരു കാര്യത്തെപ്പറ്റി ചോദിച്ചപ്പോൾ അവൻ മറ്റൊരു കാര്യം സംബന്ധിച്ച് മറുപടി നൽകി: *എന്നെ താഴേക്കിറക്കുവാൻ എനിക്കാരുമില്ല; ഞാൻ വരുമ്പോഴേക്കും മറ്റൊരാൾ എനിക്കുമുമ്പേ ഇറങ്ങുന്നു* (5:7). മുപ്പത്തെട്ടു വർഷമായി ആരും അവനെ സഹായിച്ചില്ല. സ്നാനം പാപങ്ങൾ മോചിക്കുന്നു എന്ന് വിശ്വസിക്കാത്ത യൂദന്മാർ ലജ്ജിക്കട്ടെ. കാരണം, ശീലോഹായിലെ വെള്ളം വഴിയായി ഒരു മാലാഖായ്ക്ക് രോഗങ്ങൾ സുഖമാക്കാൻ കഴിയും എന്ന് അവർ വിശ്വസിക്കുന്നെങ്കിൽ സ്നാനത്തിലൂടെ പാപക്കറകൾ കഴുകിക്കളയാൻ മാലാഖമാരുടെ നാഥന് എത്രയധികമായി കഴിയും? ജലത്തിലൂടെ മാത്രമേ തനിക്കു സഹായം ലഭിക്കുകയുള്ളു എന്ന് ഈ രോഗി കരുതി. അതുകൊണ്ട് കർത്താവ് അവനോട്, *എഴുന്നേറ്റ്, നിന്റെ കിടക്ക എടുക്കുക* എന്ന് പറഞ്ഞു (5:8). *മേലിൽ പാപം ചെയ്യരുത്* എന്ന വാക്കുകൾ സാക്ഷിക്കുന്നതുപോലെ, അവൻ ഒരു പാപി ആയിരുന്നു; അവൻ വിശ്വസിച്ചിരുന്നുമില്ല (5:14). നീതി കടന്നുവന്ന് ഈ മണ്ഡപത്തിൽ വിശ്വാസം തേടിയെങ്കിലും കണ്ടെത്തിയില്ല. കൃപ അവിടെനിന്ന് വെറുതെ കടന്നുപോകാതിരിക്കാനായി, കാരുണ്യം അവനെ സുഖപ്പെടുത്തി.

**2.** *എഴുന്നേറ്റ്, നിന്റെ കിടക്കയുമെടുത്ത് നിന്റെ വീട്ടിലേക്കു പോകുക* (5:8). *എഴുന്നേറ്റ് പോകുക* എന്നു പറഞ്ഞാൽ പോരായിരുന്നോ? തന്റെ കിടക്കയിൽ തിരിഞ്ഞുകിടക്കാൻ കഴിയാഞ്ഞയാൾ പെട്ടെന്ന് എഴുന്നേറ്റ് പോകുക എന്നത് ഒരത്ഭുതമാകുമായിരുന്നില്ലേ? എന്നാൽ അവനു പരിപൂർണസൗഖ്യം നൽകി എന്നു കാണിക്കാൻ, കർത്താവ് അവനെക്കൊണ്ട് അവന്റെ കിടക്കകൂടി എടുപ്പിച്ചു; എന്നാൽ സാവ

www.malankaralibrary.com



ധാനം ആരോഗ്യം വീണ്ടെടുക്കുന്ന രോഗികളെപ്പോലെ ആയിരുന്നില്ല അത്. *നിൻെറ കിടക്കയെടുത്ത് പോകുക.* അവൻ നിശബ്ദനായിരുന്നാൽപോലും അവൻെറ കിടക്ക വിളിച്ചുകൂകുമായിരുന്നു. *നിൻെറ കിടക്ക എടുക്കാൻ നിന്നോട് പറഞ്ഞതാരാണ്* എന്ന് അവനെ കണ്ട യൂദന്മാർ അവനോടു ചോദിച്ചു (5:12). നിന്നെ ആരു സൗഖ്യമാക്കി എന്ന് അവനോട് അവർ ചോദിച്ചില്ല. *സാബതിൽ കിടക്ക എടുക്കാൻ നിന്നോട് പറഞ്ഞവൻ ആരാണ്* എന്ന് അവർ അവനോടു ചോദിച്ചുകൊണ്ടിരുന്നു (5:10.12). ഒന്നും ഗ്രഹിക്കാത്ത അന്ധന്മാരേ, ഒന്നും കേൾക്കാത്ത ബധിരരേ! എന്തുകൊണ്ടാണ് നിങ്ങൾ ഒരു സംഗതി വിട്ടിട്ട് മറ്റൊരു സംഗതിയെപ്പറ്റി ആരായുന്നത്. അവർ അന്ധമായി ആരാഞ്ഞതിനാൽ, സൗഖ്യം പ്രാപിച്ചവൻ വ്യക്തമായി അവർക്കുത്തരം നൽകി. വഴിതെറ്റിയവരെ തിരുത്താനായി വിജ്ഞാനിയായ വൈദ്യൻ അയച്ച ബുദ്ധിമാനായ അഡ്വക്കേറ്റാണ് അവൻ. നിൻെറ കിടക്ക എടുക്കാൻ നിന്നോട് പറഞ്ഞ അവൻ ആരാണ്?

**3.** അവനെ സൗഖ്യമാക്കിയ അത്ഭുതം മറച്ചുവയ്ക്കുന്നതിനും അവൻ കിടക്ക എടുത്തതിൽ അവനെ കുറ്റപ്പെടുത്തുന്നതിനും അവർ ആഗ്രഹിച്ചതിനാൽ, താൻ സൗഖ്യമായ കാര്യം അവൻ പരസ്യമായി പ്രഖ്യാപിക്കുകയും അവരുടെ നിഷേധിക്കലിനെ ഖണ്ഡിക്കുകയും ചെയ്തു. കാരണം, അവൻ അവരോടു പറഞ്ഞതല്ല പിന്നെയോ, വിശ്വസിക്കാൻ കൂട്ടാക്കാതിരുന്നതിനാലത്രേ അവർ കേൾക്കാൻ ആഗ്രഹിച്ചത്. *എന്നെ സൗഖ്യമാക്കിയവനാണ് നിൻെറ കിടക്ക എടുക്കുക എന്ന് എന്നോടു പറഞ്ഞത്. അവൻ ആരാണ്? അവർ അവനോടു ചോദിച്ചു. എനിക്കറിയില്ല, അവൻ പ്രത്യുത്തരിച്ചു. കാരണം, നമ്മുടെ കർത്താവ് അവിടെനിന്ന് പോയിക്കഴിഞ്ഞിരുന്നു. കുറേ കഴിഞ്ഞപ്പോൾ അവിടുന്ന് അവനെ കണ്ടപ്പോൾ അവനോടു പറഞ്ഞു: നീ സൗഖ്യമായിരിക്കുന്നതു കാണുക. മറ്റൊരാളുടെ ആവശ്യം നിനക്ക് ഉണ്ടാകാതിരിക്കാൻ, മേലിൽ പാപം ചെയ്യരുത്* (5:11-14). അതിന് അവൻ പ്രത്യുത്തരിച്ചു: *എനിക്ക് ആരുമില്ല* (5:7). യേശുവാണ് തന്നെ സുഖപ്പെടുത്തിയതെന്ന് ഈ മനുഷ്യൻ പോയി യൂദന്മാരോടു പറഞ്ഞു (5:15). സാബതിൽ സുഖപ്പെടുത്തിയതിന് അവർ അവനെ കുറ്റപ്പെടുത്തിക്കൊണ്ടിരുന്നപ്പോൾ അവൻ അവരോടു പറഞ്ഞു: *എൻെറ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു; ഞാനും ഇപ്പോഴും പ്രവർത്തിക്കുന്നു. ഇതു നിമിത്തം യൂദന്മാർ രക്ഷകനെ പീഡി*

www.malankaralibrary.com



*പ്പിക്കാൻ തക്കം നോക്കിക്കൊണ്ടിരുന്നു. അവൻ സാബതിൽ സുഖപ്പെടുത്തിയതിനല്ല, പിന്നെയോ, ദൈവത്തെ തന്റെ പിതാവ് എന്നു വിളിച്ചതിനും ദൈവത്തോട് സ്വയം താരതമ്യപ്പെടുത്തിയതിനുമത്രേ* (യോഹ 5:17-18).

**4.** ഞാൻ ഇത് ലംഘിച്ചില്ല എന്ന് അവിടുന്ന് ക്ഷമാപണം നടത്തുകയായിരുന്നില്ല; പിന്നെയോ, 'സ്വർഗസ്ഥനായ പിതാവ് ചെയ്തതുപോലെ ഞാൻ അതു ലംഘിച്ചു' എന്നു മനസിലാക്കുക. *എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു; ഞാനും ഇപ്പോഴും പ്രവർത്തിക്കുന്നു* (5.17). സൃഷ്ടികർമങ്ങളും സൃഷ്ടികളും, മാലാഖമാരും പ്രകാശഗോളങ്ങളും, മഞ്ഞും മഴയും, വെള്ളപ്പൊക്കവും നദികളും, സാബതിൽ പ്രവർത്തിക്കാതിരിക്കുന്നുണ്ടോ? വാസ്തവത്തിൽ, സാബതിൽ തങ്ങളുടെ സേവനം അനുഷ്ഠിക്കുന്നതിൽനിന്ന് മാലാഖമാരോ, മഞ്ഞും മഴയും പൊഴിക്കുന്നതിൽ നിന്ന് ആകാശമോ, തങ്ങളുടെ ഗഗനപഥത്തിലൂടെ സഞ്ചരിക്കുന്നതിൽനിന്ന് പ്രകാശഗോളങ്ങളോ, ഫലം തരുന്നതിൽനിന്ന് ഭൂമിയോ, ശ്വസിക്കുന്നതിൽനിന്നും ഗർഭം ധരിക്കുന്നതിൽനിന്നും മനുഷ്യരോ തടയപ്പെടുന്നില്ല. എന്നാൽ അവർ സാബതിൽ പ്രസവിക്കുന്നു; ഇതു തടയുന്ന കല്പന ഒന്നുമില്ല; എട്ടാം ദിവസം അവർ പരിച്ഛേദനം നടത്തുന്നു; അവർ കാര്യമായി പരിഗണിക്കാത്ത മറ്റനേകം സംഗതികളുടെ കൂട്ടത്തിൽ ഇപ്രകാരം നിയമം അവർ മാറ്റിവയ്ക്കുന്നു. സൃഷ്ടിജാലങ്ങൾക്ക് ഇങ്ങനെ ചെയ്യാമെങ്കിൽ, സ്രഷ്ടാവിന് എത്രയധികമായി ചെയ്യാനാവും? ഇതു നിമിത്തമാണ്, *മനുഷ്യപുത്രൻ സാബതിന്റെയും കർത്താവായിരിക്കുന്നത്* (മത്താ 12:8).

**5.** യേശുവിന്റെ ശിഷ്യന്മാർ കതിർമണി തിരുമ്മിയതിന്റെ പേരിൽ ഫരിസേയർ അവരെ കുറ്റപ്പെടുത്തിയതായി മറ്റൊരിടത്ത് നാം കാണുന്നു. അപ്പോൾ *അവിടുന്ന് അവരോടു പറഞ്ഞു: ദാവീദിനോ കൂടെയുണ്ടായിരുന്നവർക്കോ അനുവദനീയമല്ലാതിരുന്ന കാഴ്ചയപ്പം ദാവീദ് ഭക്ഷിച്ചതായി, അവൻ ചെയ്തതിനെപ്പറ്റി നിങ്ങൾ വായിച്ചിട്ടില്ലേ?* (മത്താ 12: 3-4). അതുകൊണ്ട്, വാക്കുകളുടെ അർത്ഥം എന്താണെന്നു ഗ്രഹിക്കുക; അവയിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന ശക്തി എന്താണെന്നു കാണുക! *അവൻ തന്നെത്തന്നെ ദൈവതുല്യനാക്കിയതിനാൽ അവർ അവനെ പീഡിപ്പിച്ചുകൊണ്ടിരുന്നു* (യോഹ 5:18). അവന്റെ ശിഷ്യരെ അവർ കുറ്റപ്പെടുത്തിയപ്പോൾ, അവൻ ദാവീദിന്റെ സാക്ഷ്യം അവരുടെ മുമ്പിൽ

www.malankaralibrary.com



അവതരിപ്പിച്ചു. ദാവീദ് പ്രവാചകനും രാജാവും നീതിമാനും ആയിരുന്നെങ്കിലും, ശ്ലീഹന്മാർ സാധാരണ മനുഷ്യർ ആയിരുന്നുതുപോലെ, അവനും ഒരു സാധാരണ മനുഷ്യൻ ആയിരുന്നു. തന്റെ സഹദാസന്മാർക്ക് ദാസൻ സാക്ഷ്യമായിരിക്കുക ഉചിതമായിരുന്നു. എന്നാൽ അവനെ കുറ്റപ്പെടുത്താൻ അവർ ആഗ്രഹിച്ചപ്പോൾ, അവൻ ദാവീദിന്റെ സാക്ഷ്യം അവതരിപ്പിച്ചില്ല; കാരണം, അവൻ വെറും ഒരു മനുഷ്യൻ മാത്രമായിരുന്നു. ആകാശത്തിന്റെ സാക്ഷ്യവും അവതരിപ്പിച്ചില്ല, കാരണം അവയും സൃഷ്ടവസ്തുക്കളായിരുന്നു. ശുശ്രൂഷയ്ക്കായി അയയ്ക്കപ്പെട്ടവർ ആയതിനാൽ (എബ്രാ 1:14), മാലാഖമാരുടെയും സ്രാപ്പേന്മാരുടെയും ദൂതന്മാരുടെയും സാക്ഷ്യവും തേടിയില്ല. ലോകങ്ങൾ, സൃഷ്ടയാഥാർത്ഥ്യങ്ങൾ, ആകാശം, അതിലുൾപ്പെടുന്നവ തുടങ്ങി മുകളിലും താഴെയും ഉള്ള ഇവയെല്ലാം അവൻ ഉപേക്ഷിച്ചു; എന്നിട്ട്, സമസ്തപ്രകൃതികളുടെയും നാഥനും, സമസ്തസൃഷ്ടികളുടെയും ദൈവവും ആയവന്റെ സാക്ഷ്യം ഉദ്ധരിച്ചു: *എന്റെ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു; ഞാനും ഇപ്പോഴും പ്രവർത്തിക്കുന്നു* (യോഹ 5:18).

**6.** അന്ധനോട് പോയി ശീലോഹായിൽ കഴുകാൻ അയച്ചത് (9:7): ഒന്നാമത്, കർത്താവ് അവനെ സുഖപ്പെടുത്തി എന്നതിനെപ്പറ്റി അവനു സംശയം ഇല്ലായിരുന്നു എന്നു കാണിക്കാൻ; രണ്ടാമത്, അവനെ ആരെങ്കിലും ചോദ്യം ചെയ്താൽ അവൻ പോയി, നടന്ന സംഗതി പ്രഘോഷിക്കാനും അവന്റെ വിശ്വാസം വെളിപ്പെടാനും. *എഴുന്നേറ്റ് നിന്റെ കിടക്ക എടുക്കുക* എന്നു പറഞ്ഞതും ഇതുപോലെയാണ്. സാബത് ദിവസം അവർ ഈ കാര്യം കാണുകയും അതേപ്പറ്റി അന്വേഷിക്കുകയും ചെയ്യാനായിരുന്നു ഇത്. അതുകൊണ്ട്, സാബത് ദൈവത്തിനുവേണ്ടിയല്ല, *മനുഷ്യർക്കുവേണ്ടിയത്രേ* നിശ്ചയിക്കപ്പെട്ടിരിക്കുന്നത് (മർക്കോ 2:27). ഇത് നിശ്ചയിച്ചത് കർത്താവാണ് (2:28). ഞാനാണോ ഇത് സ്ഥാപിച്ചത് അതോ അല്ലയോ? എന്ന വാക്കുകളിൽ പറഞ്ഞിരിക്കുന്നത് പ്രവൃത്തിയിലൂടെ യാഥാർത്ഥ്യവൽക്കരിക്കപ്പെട്ടോ എന്നു നോക്കാം. അന്ധൻ ഇതിനു സാക്ഷ്യം വഹിക്കുന്നു; രോഗി ഇത് പ്രഘോഷിക്കുന്നു. നിയമം അനുസരിക്കേണ്ടതാണ് എന്നു കാണിക്കാനും അതിനെ നശിപ്പിക്കുന്നവരെ തന്റെ അനുഷ്ഠാനത്താൽ വിധിക്കാനുമായി നമ്മുടെ കർത്താവ് നിയമം മുഴുവൻ ഉചിതമായി അനുഷ്ഠിച്ചു. താൻ നിയമത്തിന്റെ കർത്താവാണെന്ന് തന്റെ സുഖപ്പെടുത്തലിലൂടെ കാണി

www.malankaralibrary.com



ക്കാനും, ഉന്നതമായ ലക്ഷ്യങ്ങൾ എല്ലാറ്റിലും പ്രാധാന്യമർഹിക്കുന്ന വയാണെന്നു കാണിക്കാനുമായി, ഉന്നതലക്ഷ്യങ്ങളെപ്രതി നിയമ ത്തിൻെറ ചില അനുഷ്ഠാനങ്ങളിൽ നിന്ന് അവിടുന്നു വിടുതൽ നൽകി. അതനുസരിച്ച്, പിതൃതിരുഹിതത്തിലൂടെ സാബതിന്മേൽ ആധിപത്യ മുള്ള സൃഷ്ടികൾ അവനെ അനുസരിക്കുന്നു.

**7.** *എൻെറ പിതാവ് ഇപ്പോഴും പ്രവർത്തിക്കുന്നു എന്നു ശാബതിൻെറ വ്യാപാരത്തിലുടെ നാം ഗ്രഹിക്കുന്നു* (യോഹ 5:17). അവരെ കുറ്റപ്പെടു ത്താനാണ് അവിടുന്ന് ഇതു പറഞ്ഞത്; കാരണം, ഉന്നതലക്ഷ്യത്തെ പ്രതിയല്ല അവർ നിയമത്തിൽ നിന്ന് ഒഴിവു തേടിയത്. കാളയെയോ കഴുതയെയോ കുഴിയിൽ നിന്നു കയറ്റുന്നതിന് അവിടുന്നു കുറ്റപ്പെടു ത്തിയില്ല; പിന്നെയോ, സാബതിൽ നന്മചെയ്യാനാണ് അവിടുന്നു പഠി പ്പിച്ചത് (മത്താ 12:11-12). നല്ലത് എന്താണെന്ന് കാണിക്കാൻ, അവിടുന്ന് അവരിൽ നിന്നുള്ള തെളിവെടുത്തു. അവർ അതു ശ്രദ്ധാപൂർവം പാലി ക്കുകയും പ്രയോജനം എടുക്കുകയും ചെയ്തിരുന്നെങ്കിൽ, അവൻെറ പിതാവിൻെറ കല്പന അവരെ തടസപ്പെടുത്തുകയില്ലായിരുന്നു. എന്നാൽ അവർ നിയമത്തിൽ ഒന്നുപോലും അനുസരിക്കാഞ്ഞതിനാൽ അവിടുന്ന് അതു നീക്കിക്കളഞ്ഞു.

കർക്കശമായ കല്പനകൾ ഉണ്ടെന്ന് ശ്രദ്ധിക്കുക. അവ പാലി ക്കുന്നതിൽനിന്ന് യാതൊരു കാരണത്താലും ഒഴിവുകഴിവില്ല. എന്നാൽ അനേകം കാരണങ്ങളാൽ, നിയമദാതാവിന് ഒഴിവാക്കാവുന്ന മറ്റനേകം നിയമങ്ങളുണ്ട് എന്നും മനസിലാക്കുക. സാബതിൽ, സാബതിൻെറ അന്തസ്സത്ത പൂർത്തീകരിച്ച ഒരു ജനം വന്നപ്പോൾ, സ്വതന്ത്രമായി അനു ഷ്ഠിച്ച പ്രവൃത്തി കാണപ്പെടുന്നതിനായി അവശ്യാവശ്യം സാബതിൽ അയവു വരുത്തി. കർത്താവിൻെറ പ്രവൃത്തിയുടെ സ്വഭാവം പരിശോ ധിക്കുക. അവൻെറ സാബത് അനുഷ്ഠാനത്തിൽ നിന്ന്, അത് നിശ്ചയി ച്ചവൻെറ തിരുഹിതം എന്താണെന്ന് നമുക്കു പഠിക്കാൻ കഴിയും. സ്വത ന്ത്രേച്ഛയാൽ സാബത് അനുഷ്ഠിക്കുന്നവൻെറ സ്വാതന്ത്ര്യാരൂപി അല്ലേ സാബതിൻെറ നിർബന്ധത്തേക്കാൾ മെച്ചപ്പെട്ടത്?

## പുത്രൻ പിതാവിനു തുല്യനാണ്

**8.** *പിതാവിനു തന്നിൽതന്നെ ജീവനുള്ളതുപോലെ പുത്രനും അവൻ ജീവൻ നൽകിയിരിക്കുന്നു* (യോഹ 5.27). പിതാവിൻെറ വ്യക്തിത്വം

www.malankaralibrary.com



ജീവനിൽനിന്ന് അന്യമായ ഒന്നാണെങ്കിൽ തന്നെയും, പ്രകൃതിയെ ജീവിപ്പിക്കുന്ന ജീവൻ ഉണ്ടെങ്കിൽ, അവനെപ്പോലെയുള്ള പുത്രനെ സംബന്ധിച്ചും അതേ രീതിയിൽ മനസിലാക്കേണ്ടിയിരിക്കുന്നു. എന്നാൽ, അവൻെറ വ്യക്തിത്വത്തിൽ അവൻ ജീവൻ തന്നെ ആയിരിക്കുകയും അവൻെറ ജീവൻ മറ്റൊരു ഹേതുവിനു വിധേയമല്ലാതിരിക്കുകയും ചെയ്യുന്നെങ്കിൽ, പുത്രനെ സംബന്ധിച്ചും ഇതുപോലെതന്നെ മനസിലാക്കേണ്ടിയിരിക്കുന്നു. അതായത്, പിതാവിനെപ്പോലെ, *അവനും തന്നിൽ തന്നെ ജീവൻ ഉണ്ട്. അവൻ പുത്രനും നൽകിയിരിക്കുന്നു* എന്ന് എഴുതപ്പെട്ടിരിക്കുന്നതിൻെറ പേരിൽ, 'പിതാവിൻെറ ദാനം കൂടാതെ പുത്രനു തന്നിൽതന്നെ ജീവനില്ല' എന്ന അഭിപ്രായം നീ വച്ചുപുലർത്തിയാൽ, പുത്രൻെറ വ്യക്തിത്വം എങ്ങനെയോ ജീവനിൽനിന്ന് അന്യമാണ് എന്ന് നിനക്ക് തോന്നുന്നതിനാൽ ആദ്യഅർത്ഥത്തെ നീ ദുഷിപ്പിക്കയായിരിക്കും ചെയ്യുക. *അവൻ നൽകി* എന്ന വാക്ക് ശരിക്കു ഗ്രഹിക്കാനായി അതിനെ ശരിയായ സ്ഥാനത്ത് വയ്ക്കുക.[55] *അവൻ മനുഷ്യപുത്രനാകയാൽ വിധിക്കാനുള്ള അധികാരവും അവനു നൽകിയിരിക്കുന്നു* എന്ന് അതിനുശേഷം വരുന്ന ഭാഗം പോലെയാണിത്. അതുകൊണ്ട് *അവൻ നൽകി* എന്നത് *അവന് അധികാരം നല്കിയിരിക്കുന്നു* എന്നതുമായി ബന്ധപ്പെടുത്തി മനസിലാക്കേണ്ടിയിരിക്കുന്നു. കാരണം, പിതാവ് തനിക്കുള്ള ജീവൻ നൽകിയിരിക്കുന്നു; സത്താപരമായി ആയിരിക്കുന്നവന് അവൻ അതു നൽകിയിരിക്കുന്നു; അവൻ അതേ സത്ത അല്ലെങ്കിൽ, അനുബന്ധങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു; അത്തരം അനുബന്ധങ്ങൾ അവനിൽ ഒട്ടിച്ചുചേർക്കുക അസംഭാവ്യമാണ്. അങ്ങനെ ഒട്ടിച്ചു ചേർക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അവനിൽ നിന്നുള്ള അതേ സത്തയാണ്; എന്നാൽ അതേസമയം അവൻെറ സത്തയിൽനിന്ന് വ്യത്യസ്തമായിട്ടുള്ളതായിരിക്കും. അസ്തിത്വമില്ലാത്തതിന് തൻെറ സത്തയുടെ ജീവൻ നൽകി എന്നു പറയുന്നതുപോലെ ആയിരിക്കും അത്.

**9.** അതുകൊണ്ട്, അവൻ നല്കിയില്ല എന്ന് ഒരുപക്ഷേ നീ പറഞ്ഞേക്കാം. ആ പ്രയോഗത്തിൻെറ പ്രധാനഭാഗം നന്നായി മധ്യഭാഗത്ത് വച്ച്, തർക്കം കൂടാതെ ശ്രവിക്കാൻ ഞാൻ നിന്നോട് പറഞ്ഞിരുന്നു: വിധിക്കാനുള്ള അധികാരം ലഭിച്ചവന് പിതാവ് ജീവൻ നൽകിയിരിക്കുന്നു. *അവൻ നൽകി* എന്നതിനും *വിധിക്കാനുള്ള അധികാരം അവനു നൽകി*

55. 'മധ്യത്തിൽ വയ്ക്കുക' എന്ന് പദാർത്ഥം.

www.malankaralibrary.com



*യിരിക്കുന്നു* എന്ന വാക്കുകൾക്കും പ്രവാചകനും സാക്ഷ്യം നൽകിയിരിക്കുന്നു; *ആധിപത്യം അവൻെറ തോളിൽ വയ്ക്കപ്പെട്ടിരിക്കുന്നു* എന്ന വാക്കുകളിലൂടെ, അവനും സ്വതന്ത്രമായ അധികാരം ഉള്ളതിനാൽ (ഏശാ 9:5). *പിതാവ് ആരെയും വിധിക്കുന്നില്ല; അവൻ സകല വിധിയും തൻെറ പുത്രനു നൽകും* (യോഹ 5:22). അതുകൊണ്ട്, സ്വയം പ്രതികാരം ചെയ്യുന്നവൻ, സർവത്തിൻെറയും നാഥനെ നിന്ദിക്കാൻ അഭ്യസിക്കയാണ്. കാരണം ദുഷ്പ്രവൃത്തികൾ തൻെറ മുമ്പിൽ വെളിപ്പെടുത്തുന്ന ഒരാൾ തന്നേക്കാൾ ഉപരിയായി ഉണ്ട് എന്ന് അവൻ അംഗീകരിക്കുന്നില്ല. തദനുസൃതം, ശിഷ്യർ വ്യക്തിപരമായി അന്യോന്യം വിധിക്കാതിരിക്കാൻ, മിശിഹാ ന്യായാധിപൻ എന്നു വിളിക്കപ്പെടുന്നു. കൂടാതെ, ഇവിടെ താഴെ ആരും സ്വയം പ്രതികാരം ചെയ്യാതിരിക്കാനായി, അന്ത്യത്തിൽ അവൻ തന്നെ വിധിക്കും എന്ന് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, ശിഷ്യന്മാർ പരസ്പരം അവയവങ്ങളായി പരിഗണിക്കാനായി, മിശിഹാ ശിരസ്സ് എന്നും വിളിക്കപ്പെടുന്നു (1 കോറി 12:21-26). കണ്ണുകൾ പാദത്തെ നയിക്കുന്നു; ഹൃദയം വയറിനെ കുറ്റപ്പെടുത്തുന്നു; അനുതാപത്തിലൂടെ മറ്റവയവങ്ങളെ തിരുത്തുന്നു. അതുകൊണ്ട്, സാർവത്രിക ന്യായാധിപനെ നിന്ദിക്കുന്നതിനാൽ, സ്വയം നീതിയുടെ ചെങ്കോൽ കയ്യിലെടുക്കുന്നവൻ എത്ര ക്രൂരമായ വിധിക്കു വിധേയനാകും എന്ന് ശ്രദ്ധിക്കുക.

**10.** *കത്തിജ്ജ്വലിച്ച ഒരു വിളക്കായിരുന്നു അവൻ* (യോഹ 5:35). അതു കൂടുതലായി കത്തി അണയാൻ ഒരുങ്ങുകയായിരുന്നു. സൂര്യപ്രകാശത്തിൻെറ നിശ്ചിതസമയം അടുത്തുകൊണ്ടിരിക്കുകയും, തൻെറ കിരണങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു എന്നു പഠിപ്പിക്കാൻ, അവൻ രാത്രിയിൽ പ്രകാശിച്ചുകൊണ്ടിരുന്നു. *മനുഷ്യരിൽ നിന്നല്ല ഞാൻ സാക്ഷ്യം സ്വീകരിക്കുന്നത്; കാരണം, യോഹന്നാൻേറതിനേക്കാൾ വലിയ സാക്ഷ്യം എനിക്കുണ്ട്* (5:34.36). മനുഷ്യരിൽ നിന്നുള്ള സാക്ഷ്യം സ്വീകരിക്കുന്നില്ലെങ്കിൽ, പിന്നെന്തിന് യോഹന്നാൻ അവനു മുമ്പേ വന്നു? അവൻെറ മഹത്ത്വത്താൽ അവർ ഭയന്നുപോകാതിരിക്കാനായി, ആത്മാവിൻെറ സ്നാനത്തിനു മുമ്പേ ജലസ്നാനത്തോടുകൂടി എല്ലാത്തരത്തിലും നിസ്സാരത അവനു മുമ്പേ കടന്നുവന്നു. കൂടാതെ, ഒരു പുരോഹിതൻെറ പുത്രൻ എന്ന് യോഹന്നാൻ സ്വയം അറിഞ്ഞിരുന്നു. പരിശുദ്ധാത്മാവിനാൽ യേശു ഗർഭസ്ഥിതനായത് നിഗൂഢമായിരുന്നു. അവനെപ്പറ്റി യോഹന്നാൻ സാക്ഷ്യപ്പെടുത്തേണ്ടിയിരുന്നു. യേശു,

www.malankaralibrary.com



മോശയുടെ നിയമം ലംഘിക്കുന്നു എന്ന് നിയമജ്ഞർ കുറ്റപ്പെടുത്തി. എന്നാൽ പ്രവാചകന്മാരുടെ അതേ അരൂപിയാൽ യോഹന്നാൻ അവനെപ്പറ്റി വെളിപ്പെടുത്തി എന്ന് അവർ മനസിലാക്കാനായിരുന്നു അത്.

**11.** കർത്താവ് മനുഷ്യരിൽനിന്നുള്ള സാക്ഷ്യം സ്വീകരിച്ചില്ലെങ്കിൽ പിന്നെ എന്തിന് യോഹന്നാൻെറ സാക്ഷ്യം സ്വീകരിക്കാൻ അവൻെറ പക്കലേക്കു പോയി? കാരണം, ദൈവത്താൽ അയയ്ക്കപ്പെട്ടവനായിരുന്നു യോഹന്നാൻ. *എന്നെ അയച്ചവൻ എന്നോടു പറഞ്ഞു* (യോഹ 1:33). *മോശയും എന്നെപ്പറ്റി എഴുതിയിരിക്കുന്നു എന്ന് അവൻ പറഞ്ഞതുപോലെ* (5:46), യോഹന്നാനിലൂടെ പിതാവ് അവനു സാക്ഷ്യം നല്കി. ആ ഭാഗത്ത്, *മോശ എന്നെപ്പറ്റി എഴുതിയിരിക്കുന്നു. ഒരു പ്രവാചകൻ എഴുന്നേറ്റ് ഒരടയാളമോ ഒരത്ഭുതമോ നൽകുകയും, അതു സംഭവിക്കുകയും ചെയ്താൽ, അവൻ ഒരു പ്രവാചകൻ ആകയാൽ, അവനെ സ്വീകരിക്കണം. മറിച്ചാണെങ്കിൽ, അവൻ നുണയനാകയാൽ അവനെ വിശ്വസിക്കേണ്ട* (ആവ 13:1-3). അതുകൊണ്ട്, *മോശ എന്നെപ്പറ്റി എഴുതിയിരിക്കുന്നു; അവൻ തന്നെയായിരിക്കും നിങ്ങളെ കുറ്റപ്പെടുത്തുന്നവൻ* യോഹ 5:45). കാരണം, നിങ്ങൾ അവൻെറ വാക്കുകൾ സത്യമായി സ്വീകരിച്ചില്ല; എൻെറ പ്രവൃത്തികളിൽ വിശ്വസിച്ചുമില്ല. ഞാൻ തെറ്റായി പ്രവചിച്ചെന്ന് *നിങ്ങളിൽ ആര് പാപത്തെപ്പററി എന്നെ കുറ്റപ്പെടുത്തും?* (8:40). വരുന്നതാരായാലും, പ്രവാചകൻ സ്വീകരിക്കപ്പെടേണ്ടത് അടയാളങ്ങളിലൂടെ ആയിരിക്കണം എന്ന് എഴുതപ്പെട്ടിരിക്കെ, ഈ അടയാളങ്ങൾ ആരിൽനിന്നു വരുന്നു? *ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എന്നെപ്പറ്റി സാക്ഷ്യം നൽകുന്നു. അതുകൊണ്ട്, മോശയാണ് നിങ്ങളെ കുറ്റപ്പെടുത്തുന്നവൻ* (5:36.45). വാക്കുകൾക്കനുസൃതമായ പ്രവൃത്തിയാകയാൽ, അവൻ പറഞ്ഞതൊക്കെ പൂർത്തിയായിരിക്കുന്നു. *അതുകൊണ്ട്, ഇസ്രായേലേ, കേൾക്കുക, നിങ്ങളുടെ ദൈവമായ കർത്താവ് ഏകനാകുന്നു എന്നും അവൻ എന്നെ അയച്ചു എന്നും അവനോടൊത്താണ് ഞാൻ പ്രാർഥിക്കുന്നതെന്നും കൃതജ്ഞത അർപ്പിക്കുന്നതെന്നും പഠിപ്പിക്കുക അല്ലാതെ മറ്റൊരു ദൈവത്തെപ്പറ്റി നിങ്ങളോട് പ്രസംഗിച്ചിട്ടില്ലെങ്കിൽ, പിന്നെ എന്തുകൊണ്ടാണ് നിങ്ങൾ എന്നിൽ വിശ്വസിക്കാത്തത്?*

**12.** ഈജിപ്തിൽവച്ച് മോശയെ അവൻെറ സഹോദരന്മാരും ഫറവോയും പിന്നെങ്ങനെയാണു വിശ്വസിച്ചത്? അടയാളങ്ങളാൽ ആണെങ്കിൽ,

www.malankaralibrary.com


*മന്ത്രവാദികളും അവനെപ്പോലെ പ്രവർത്തിച്ചു* എന്നത് ശ്രദ്ധിക്കുക (പുറ 7:11.22). അവനെപ്പറ്റി ഒരു പ്രവാചകനും സാക്ഷിച്ചിട്ടില്ല; അവർ സ്വർഗത്തിൽ നിന്ന് ഒരു സ്വരവും കേട്ടുമില്ല. ദൈവം അവനെ അയച്ചു എന്ന് അവർ പിന്നെ എങ്ങനെ വിശ്വസിച്ചു? അടയാളങ്ങളാലും അത്ഭു തങ്ങളാലും അവർ വിശ്വസിച്ചു; തങ്ങളുടെ പിതാവായ ദൈവം അവനെ അയച്ചു എന്ന് കേട്ടുകേൾവിയിൽനിന്ന് സത്യമായി അവർ കരുതി. വചന ത്തിൻെറ യാഥാർത്ഥ്യത്തിന് പ്രവൃത്തികൾ സാക്ഷ്യം നൽകി. അവൻെറ അടയാളങ്ങൾ അന്ത്യംവരെ വിജയകരമായി നിന്നില്ലായിരുന്നെങ്കിൽ, മന്ത്രവാദികളും അപ്രകാരം ചെയ്തിരുന്നതിനാൽ അവൻെറ എതിരാ ളികൾ നിമിത്തം, മോശയിൽ വിശ്വസിക്കുക ദുഷ്കരമാകുമായിരുന്നു. ദൈവം അവനോടു സംസാരിച്ചു എന്നതിൻെറ പേരിൽ അവർ അവനിൽ വിശ്വസിക്കുമായിരുന്നോ? അവർ അതുവരെ തങ്ങളുടെ സ്വന്തം കണ്ണു കൊണ്ട് കാണുകയോ, തങ്ങളുടെ സ്വന്തം കാതുകൾകൊണ്ട് കേൾക്കു കയോ ചെയ്തിരുന്നില്ല. അത്ഭുതങ്ങൾ നിമിത്തമാണ് അവർ വിശ്വസി ച്ചതെങ്കിൽ, അർത്ഥം ഗ്രഹിച്ചില്ലെങ്കിലും, യേശുവിൻെറ അടയാളങ്ങളും അത്ഭുതകർമങ്ങളും നിമിത്തം യേശുവിൽ വിശ്വസിക്കുക ഉചിതമാ ണെന്ന് അവർ മിശിഹായെ ന്യായീകരിക്കേണ്ടതായിരുന്നു.

## ബേത്സയ്ദായിലെ അന്ധനെ സുഖപ്പെടുത്തുന്നത്

**13.** ആ അന്ധനെ സംബന്ധിച്ച്, അവൻെറ വിശ്വാസം വർദ്ധിച്ചതനു സരിച്ച് അവൻെറ സൗഖ്യവും നടന്നു. ആന്തരികവും ബാഹ്യവുമായ നയനങ്ങൾ നമ്മുടെ കർത്താവ് അവനു നല്കി. അവൻ കുറേശ്ശ കുറേശ്ശ വിശ്വസിച്ചു. നമ്മുടെ കർത്താവ് അവന് കുറേശ്ശ കുറേശ്ശ യായി കാഴ്ചയും നൽകി. ചെറിയൊരു വെളിച്ചം അവൻെറ കണ്ണിനു കിട്ടിയപ്പോൾ, വലിയൊരു വെളിച്ചം അവൻെറ മനസിൽ ഉദിച്ചു. ആന്തരി കമായി അവൻെറ വിശ്വാസം പരിപൂർണമാക്കപ്പെട്ടു; ബാഹ്യമായി അവനു കാഴ്ച ലഭിച്ചു. *അവൻ എല്ലാം തെളിവായി കണ്ടു.* (മർക്കോ 8: 25). അവൻ ഒന്നാമത്തേതും ഏറ്റവും താഴത്തേതുമായ പടിയിൽ എന്നവണ്ണം ആയിരുന്നു; നമ്മുടെ കർത്താവ് അവൻെറ ബലഹീനമായ വിശ്വാസത്തെ ശക്തിപ്പെടുത്തി. അത് ബലമുള്ളതായി തീർന്നപ്പോൾ, താഴ്ന്ന തലത്തിൽ നിന്ന് കൂടുതൽ പരിപൂർണമായ തലത്തിലേക്ക് കുതിച്ചുകയറി.

www.malankaralibrary.com



14

## കേസറിയായിലെ വിശ്വാസപ്രഖ്യാപനം

**1.** *എന്നെപ്പറ്റി ആളുകൾ എന്തു പറയുന്നു? അവർ അവനോടു പറഞ്ഞു: ചിലർ ഏലിയാ എന്നും മറ്റുചിലർ ജറമിയാ എന്നും .... പറയുന്നു* (മത്താ 16:13-14). അവൻെറ അടയാളങ്ങൾ കണ്ടവർക്ക് അവൻെറ മഹത്ത്വം കൃത്യമായി വിവരിക്കാൻ കഴിഞ്ഞില്ല. എന്നാൽ, അവൻെറ പിതാവിൻെറ ഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണതയാൽ (16: 14) ചിലർ അവനെ ഏലിയായുമായി താരതമ്യപ്പെടുത്തി; ഉദരത്തിൽ നിന്നുള്ള പരിശുദ്ധിയാൽ മറ്റു ചിലർ അവനെ ജറമിയായുമായി താരതമ്യപ്പെടുത്തി (ജറ 1:5). തൻെറ അത്ഭുതകരമായ ജനനത്താലും തൻെറ സ്നാനത്തിൻെറ പുതുമയാലും വേറെ ചിലർ അവനെ യോഹന്നാനുമായി താരതമ്യപ്പെടുത്തി. അവൻെറ പ്രവൃത്തികളുടെ അത്ഭുതസ്വഭാവം അറിയപ്പെട്ടിരുന്നു. തദ്ഫലമായി, അവ ദർശിച്ചവരുടെ ഇടയിൽ പലതരം അഭിപ്രായങ്ങൾ ഉടലെടുത്തു. *എന്നാൽ നിങ്ങൾ, നിങ്ങളെന്തു പറയുന്നു? അവരിൽ ഒന്നാമനായ ശെമഓൻ* ആദ്യത്തെ വാക്കുച്ചരിച്ചു: *നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ മിശിഹാ ആകുന്നു. 'ശെമഓനേ, നീ ഭാഗ്യവാനാകുന്നു; പാതാളവാതിലുകൾ നിനക്കെതിരെ പ്രബലപ്പെടുകയില്ല* (മത്താ 16:15-18). മറ്റുവാക്കുകളിൽ, ആ വിശ്വാസം പിഴുതെറിയപ്പെടുകയില്ല. അവൻ പണിതതിനെ ആർക്ക് ഇടിച്ചുനിരത്താനാവും? അവൻ തകർത്തതിനെ ആർക്കു പുനരുദ്ധരിക്കാനാവും? കർത്താവു പണിത ഭവനം തകർക്കാൻ അസ്സീറിയാ ആഗ്രഹിച്ചു; എന്നാൽ, അവിടുന്ന് അവൻെറ രാജ്യത്തിൻെറ സിംഹാസനം നശിപ്പിച്ചുകളഞ്ഞു (2 രാജാ 18:13-19:37). നിക്കാനോറിൻെറ കാര്യത്തിലും ഇതുപോലെതന്നെ (1 മക്ക 7:26-47). തകർത്തുകളഞ്ഞ ജറീക്കോ വീണ്ടും പണിയാൻ ആഹാബ് ആഗ്രഹിച്ചു; എന്നാൽ അവൻെറ രാജ്യം പിഴുതെറിയപ്പെട്ടു. (1 രാജാ 16:34).

**2.** കർത്താവ് തൻെറ സഭയെ പണിതപ്പോൾ അവിടുന്ന് ഒരു ഗോപുരം പണിതു. അതിന്മേൽ പണിയപ്പെടുന്ന സകലതിനെയും താങ്ങിനിർത്താൻ അതിൻെറ അടിത്തറയ്ക്ക് കഴിവുണ്ടായിരുന്നു. സ്വർഗത്തിലേക്കു കയറാതിരിക്കാൻ ഒറ്റ ഭാഷ പലതായി വിഭജിക്കപ്പെട്ടതുമായി ഇതിനെ

www.malankaralibrary.com


താരതമ്യപ്പെടുത്തുക. (ഉൽപ 11:1-9). നീതിയിൽ എന്നതിനേക്കാൾ ഗോപുരത്തിൽ തങ്ങളുടെ ആശ്രയം വയ്ക്കാതിരിക്കാൻ, അവരെ നിയന്ത്രിക്കുന്നതിനായിരുന്നു ഇത്. അവർ ഉയരങ്ങളിൽ ആശ്രയം തേടാൻ, ആഴങ്ങൾ അവരുടെമേൽ പ്രളയജലം ഒഴുക്കിയില്ല; പിന്നെയോ, പാപം ശ്വാസം മുട്ടിച്ചിടത്ത് അനുതാപം വിടുവിക്കേണ്ടതായിരുന്നു. ഇങ്ങനെയാണ് നീതി രക്ഷിച്ചത്. കാലികമായ പണിയും നശ്വരമായ അഭയഭവനവുമായിരുന്ന ഭൗമിക ഗോപുരം ഭാഷകളുടെ വിഭജനത്തിൽ പൊളിച്ചുനീക്കപ്പെട്ടു. എന്നാൽ ജീവദാതാവ് തന്നിൽനിന്നു തന്നെ ഉയരങ്ങൾ വരെ എത്തിയ ഒരു ഗോപുരവും; ജീവദായകമായ പ്രത്യൗഷധഫലം നൽകുന്ന ഒരു വൃക്ഷവും നൽകി.

**3.** *നീ കേപ്പയാകുന്നു* (6:18): സാത്താൻ അതിൽ തട്ടിവീഴാനായി കർത്താവു സ്ഥാപിച്ച കല്ല്. അതിനുപകരം, കർത്താവ് തട്ടിവീഴാനായി, നമ്മുടെ കർത്താവിനെതിരെ അതു സ്ഥാപിക്കാൻ സാത്താൻ ആഗ്രഹിച്ചു. *ഇതു നിന്നിൽനിന്ന് അകന്നുപോകട്ടെ* എന്ന വാക്കുകൾ ഇതു നിമിത്തമാണ്! (16:22). സാത്താൻ ഇപ്രകാരം ചിന്തിച്ചോ എന്ന് നമുക്കറിയില്ലായിരുന്നു; എന്നാൽ ഇതറിഞ്ഞവൻ, *സാത്താനേ, എന്റെ പിന്നിൽ പോകുക; നീ എനിക്ക് ഇടർച്ചക്കല്ലാകുന്നു* എന്ന വാക്കുകളിലൂടെ നമുക്കിത് മനസിലാക്കിത്തന്നു (16:23). സാത്താന്റെ അനുയായികൾ തട്ടിവീഴുന്നതിനായി, അവിടുന്ന് ആ കല്ലിനെ തന്റെ പിന്നിലിട്ടു; കാരണം, *അവർ പിറകിലേക്ക് തിരിഞ്ഞ് താഴെവീണു* (യോഹ 18:6). അതുപോലെ *ഞാൻ മിശിഹാ ആണെന്ന് പറയരുത്* (മത്താ 16:20) എന്ന വാചകവും. കാരണം, എന്നെപ്പറ്റിയുള്ള സത്യം വാക്കുകളിലൂടെ മാത്രമല്ല, പ്രവൃത്തികളിലൂടെയും നിങ്ങൾ കാണിക്കേണ്ടിയിരിക്കുന്നു. അതുപോലെ *മനുഷ്യപുത്രൻ മരിച്ചവരിൽ നിന്ന് ഉയിർക്കുന്നതുവരെ, നിങ്ങൾ കണ്ടവ ഒന്നും ആരോടും പറയരുത്* എന്ന് മലയിൽനിന്ന് ഇറങ്ങിവന്നപ്പോൾ അവൻ അവരോടു കല്പിച്ചു (17:9).

## യേശു തന്റെ മരണം മുൻകൂട്ടി അറിയിക്കുന്നു

**4.** *ഇതാ നാം ജറുസലേമിലേക്ക് കയറിപ്പോകുന്നു; എന്നെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നവയെല്ലാം നിവൃത്തിയാകും. മനുഷ്യപുത്രൻ ക്രൂശിക്കപ്പെടാനും കൊല്ലപ്പെടാനും പോകുന്നു* (ലൂക്കാ 18:31-33). ഹവ്വായിലൂടെ മുമ്പു ചെയ്തതുപോലെ, തന്റെ സഭയുടെ തലവനായ ശെമഓന്റെ വായിലൂടെ, സാത്താൻ ഒരിക്കൽക്കൂടി നമ്മുടെ കർത്താവിനെതിരെ

www.malankaralibrary.com



പോരാടി. *കർത്താവേ, ഈ സംഗതികൾ നിന്നിൽ നിന്ന് അകന്നുപോകട്ടെ. അവിടുന്ന് അവനോടു പറഞ്ഞു: സാത്താനേ, എന്റെ പിന്നിൽ പോകുക* (മത്താ 16:22-23). 'എന്റെ വരവിന്റെ കാരണം നീ മനസിലാക്കിയില്ലേ? ഞാൻ ഒരു ശിശുവായിത്തീരുകയും പുൽത്തൊട്ടിയിൽ കിടത്തപ്പെടുകയും സ്ത്രീകളിൽ നിന്നു ജനിച്ചവർക്ക് സന്തോഷം പ്രദാനം ചെയ്യുകയും ചെയ്തതുപോലെ, എന്നെ കാണുവാൻ യുഗങ്ങളോളം കാത്തിരിക്കുന്ന ആ നീതിമാന്മാരുടെ സാന്നിധ്യത്തിൽ, മരിച്ചവരെ സമാശ്വസിപ്പിക്കാൻ ഞാൻ പാതാളത്തിലേക്കു പോകുക ഉചിതമാണ്. *പ്രവാചകന്മാരും രാജാക്കന്മാരും നീതിമാന്മാരും അത്യധികം ആഗ്രഹിച്ചു. എന്റെ ദിവസം കാണുവാൻ അബ്രഹാം കാത്തിരുന്നു* (മത്താ 13:17; യോഹ 8:56). *അവനെ കാണുവാൻ ഞാൻ ഇറങ്ങിപ്പോകും.* ഞാൻ കുരിശിൽ കയറി സൃഷ്ടികളെ വിടുവിക്കുന്നത് സാത്താനല്ലാതെ മറ്റാരാണ് ഇഷ്ടപ്പെടാതിരിക്കുക? *അതുകൊണ്ട്, എന്റെ പിന്നിലേക്കു പോകുക; എന്തുകൊണ്ടെന്നാൽ, നീ ദൈവികമായിട്ടല്ല, മാനുഷികമായിട്ടത്രേ ചിന്തിക്കുന്നത്* (മത്താ 16:23). അവർ മുക്കുവരും സാധാരണക്കാരും ആയിരുന്നതിനാലത്രേ ഇത്; അവരുടെ കാതുകൾ പ്രവാചക വചനങ്ങളിൽ പ്രബോധിപ്പിക്കപ്പെട്ടിരുന്നില്ല.

## രൂപാന്തരീകരണം

**5.** *എന്റെ മുമ്പിൽ നില്ക്കുന്ന ചിലർ മരണം ആസ്വദിക്കുകയില്ല* (16: 28). അവർ ജീവനോടെ ആകാശത്തിലേക്ക് എടുക്കപ്പെടും എന്നു കാണിക്കാനാണ് അവൻ ഇതു പറഞ്ഞത്. എടുക്കപ്പെട്ട ഏലിയായെയും ജീവിപ്പിച്ച മോശയെയും പ്രഘോഷകരുടെ ഇടയിൽനിന്ന് മൂന്നു സാക്ഷികളെയും അവൻ തന്റെ പക്കലേക്കു വിളിച്ചു (മത്താ 17:1-3). രാജ്യത്തിനുവേണ്ടി സാക്ഷ്യംവഹിക്കാൻ കഴിവുള്ള സ്തംഭങ്ങളായിരുന്നു ഇവർ. അറിവു കുറഞ്ഞവനായിരുന്നെങ്കിലും, ശെമഓൻ വളരെ ജ്ഞാനത്തോടുകൂടി സംസാരിച്ചു. നമ്മുടെ കർത്താവ് യോഹന്നാന്റെ പക്കലേക്കു വന്നപ്പോൾ, ആത്മാവിലൂടെ യോഹന്നാൻ അവിടുത്തെ തിരിച്ചറിഞ്ഞതുപോലെ മോശയേയും ഏലിയായേയും ശെമഓൻ തിരിച്ചറിഞ്ഞു. *ഞാനും അവനെ അറിഞ്ഞിരുന്നില്ല* എന്ന് അവൻ സാക്ഷ്യം നൽകി (യോഹ 1: 31). ശെമഓന്റെ വായിലൂടെ ആത്മാവ് അവർക്കു വെളിപ്പെടുത്തിയെങ്കിൽ, ശെമഓന് അറിയാൻ പാടില്ലാതിരുന്ന ഒരു സംഗതി ഈ ആത്മാവ് സംസാരിക്കുകയായിരുന്നു. *മോശയും ഏലിയായും* എന്ന

www.malankaralibrary.com



വാക്കുകളോട് ബന്ധപ്പെട്ടതാണ് *മൂന്നുകൂടാരങ്ങൾ.* സ്വതന്ത്രേച്ഛര പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ടതല്ലെ ങ്കിൽ എന്തിനാണിത്? അഥവാ, ശിഷ്യരെ അവിടുന്ന് വിളിച്ചതുകൊണ്ടാകാം അവർ മോശയെയും ഏലിയായെയും തിരിച്ചറിഞ്ഞത്; കാരണം, *അവർ അവനുമായി സംസാരിക്കുന്നതായി കാണപ്പെട്ടു* (മത്താ 17:3).

**6.** തന്റെ മരണത്തിനുമുമ്പ് അവിടുത്തെ മുഖം രൂപാന്തരീകരിക്കപ്പെട്ടപ്പോൾ, അത് ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ മാറ്റത്തിനു വിധേയമായി എന്നും അതു മാറിയെങ്കിൽ തന്നെയും, ഒരു തരത്തിൽ അവൻ തന്നെയാണെന്ന് അവർ അറിയുമെന്നും അവിടുന്ന് അവരെ കാണിച്ചു. അവിടുന്ന് മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് മാറ്റത്തിനു വിധേയനാകുമ്പോൾ അവർ സംശയിക്കാതിരിക്കാൻ, അവിടുന്ന് അവരെ മുൻകൂട്ടി പ്രബോധിപ്പിച്ചു. കാരണം, തന്റെ ഉത്ഥാനത്തിനുശേഷം തനിക്കു ലഭിക്കാനിരിക്കുന്ന രാജ്യം ഇതായിരുന്നെങ്കിൽ, ഈ ഛായയിൽ എന്തുകൊണ്ട് അപ്പോൾ അതു കാണപ്പെട്ടില്ല? എന്തു കാരണത്താൽ? അവർക്ക് അവനെ നോക്കാൻ കഴിയാത്തതുകൊണ്ടാണ് അവൻ ഇപ്രകാരം പ്രവർത്തിച്ചത്. അങ്ങനെ അവരും ഇതുപോലെ രൂപാന്തരീകരിക്കപ്പെടുമെന്ന് അവർ അറിയുന്നതിനും വേണ്ടിയാണത്. അന്ത്യത്തിൽ താൻ പൂർത്തിയാക്കാനിരിക്കുന്ന ഉത്ഥാനം വിശ്വസനീയമായി തീരുന്നതിനാണ് അവൻ ഈ രണ്ടുപേരെ വരുത്തിയത്. അതായത്, മോശയെപ്പോലെ മരിച്ചവർ വീണ്ടും എഴുന്നേൽക്കും; ജീവിച്ചിരിക്കുന്നവർ ഏലിയായെപ്പോലെ പറന്നുയരും; കാരണം, അവിടുന്ന് ഉയരത്തിന്റെയും ആഴത്തിന്റെയും കർത്താവാകുന്നു.

**7.** അതുകൊണ്ട്, മോശയും ഏലിയായും കാണപ്പെട്ടപ്പോൾ ശെമഓൻ പറഞ്ഞു: *കർത്താവേ, നിനക്ക് ഇഷ്ടമുണ്ടെങ്കിൽ ഞങ്ങൾ ഇവിടെ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം* (മത്താ 17:4). മല നിയമജ്ഞരുടെ തർക്കത്തിൽ നിന്ന് അകലെയാണെന്ന് അവൻ കാണുകയും അത് അവന് ഇഷ്ടപ്പെടുകയും ചെയ്തു. രാജ്യത്തിന്റെ സുഗന്ധം അവന്റെ നാസാരന്ധ്രങ്ങളിൽ അലയടിക്കുകയും അത് അവന് പ്രീതികരമായി തോന്നുകയും ചെയ്തു. തന്റെ നാണക്കേടിനുപകരം അവൻ കർത്താവിന്റെ മഹത്ത്വം ദർശിക്കുകയും, മോശയോടും ഏലിയായോടുംകൂടിയുള്ള അവരുടെ വാസത്തിൽ സന്തോഷിക്കുകയും, കയ്യാഫാസിൽ നിന്നും ഹേറോദേസിൽ നിന്നും രക്ഷപെട്ടതിൽ സന്തുഷ്ടനാകുകയും ചെയ്തു.

www.malankaralibrary.com


*ഇതു നിന്നിൽ നിന്ന് അകന്നുപോകട്ടെ* എന്നുപറഞ്ഞ് അവന്, നേരത്തെ കർത്താവിൽ അനുകമ്പ തോന്നിയതുപോലെ, *ഞങ്ങൾ ഇവിടെ മൂന്നു കൂടാരങ്ങൾ ഉണ്ടാക്കാം* എന്ന് ഈ അവസരം അവൻ പറഞ്ഞു. എന്നാൽ *താൻ പറഞ്ഞതെന്താണെന്ന് അവൻ അറിഞ്ഞിരുന്നില്ല* എന്ന് സുവിശേഷകൻ പറയുന്നു (മർക്കോ 9:6); കാരണം, നമ്മുടെ കർത്താവ് ഉടനെ ക്രൂശിക്കപ്പെടാൻ പോകുകയായിരുന്നു. അഥവാ, ഈ കൂടാരങ്ങൾ ഇവിടെ താഴെ ഉള്ളവ അല്ലായിരിക്കാം; വരാനിരിക്കുന്ന ലോകത്തിലേതാകാം. *തങ്ങളുടെ നിത്യകൂടാരങ്ങളിൽ അവർ നിങ്ങളെ സ്വീകരിക്കാനായി നിങ്ങൾക്കായി സ്നേഹിതരെ സമ്പാദിച്ചുകൊള്ളുവിൻ* (ലൂക്കാ 16:9). കൂടാരങ്ങളുടെ എണ്ണത്തിൽ അവൻ കർത്താവിനെ മോശയുടെയും ഏലിയായുടെയും കൂടെ എണ്ണിയതിനാൽ *താൻ പറയുന്നതെന്താണെന്ന് അവൻ അറിഞ്ഞിരുന്നില്ല.* അപ്പോൾ തന്റെ ദാസന്മാരിൽ നിന്ന് നമ്മുടെ കർത്താവ് വേർതിരിക്കപ്പെടേണ്ടതിനായി ഒരു ദിവ്യസ്വരം സ്വർഗത്തിൽ നിന്ന് അവനെ പ്രകാശിപ്പിച്ചു: *ഇവൻ എന്റെ പുത്രൻ, എന്റെ പ്രിയൻ* (മത്താ 17:5).

കർത്താവിനെ നാം നോക്കിക്കാണുന്നതിനും, അവിടുത്തെ സ്വരം ശ്രവിക്കുന്നതിനും, മലയിൽവച്ച് പ്രധാന ശിഷ്യർക്കു സംഭവിച്ചത് നമുക്ക് സംഭവിക്കാതിരിക്കുന്നതിനും, തന്റെ അനുകമ്പയാൽ അവിടുന്ന് നമ്മുടെ ശരീരത്തെ ഉപയോഗിച്ചു. തന്റെ ശരീരത്തിലൂടെ തന്റെ മഹത്ത്വം അവർക്കായി പ്രകാശിച്ചപ്പോൾ ഒരു മന്ദത അവരുടെമേൽ നിപതിച്ചു. കാരണം, അവന്റെ മഹത്ത്വത്താൽ അവർ ആശ്ചര്യഭരിതരാകുകയും അത്ഭുതസ്തബ്ധരാകുകയും ചെയ്തു (ലൂക്കാ 9:32). മറ്റേത് അവസരത്തേക്കാൾ ഉണർവുള്ളവരായിരിക്കുക ഉചിതമായിരുന്നെങ്കിലും അവർ നിദ്രയിലാണ്ടുപോയി. അവിടുന്ന് മഹത്ത്വം കൂടാതെ കാണപ്പെട്ടതും ശരീരത്തിൽ സമാഗതനായതും എന്തിനാണെന്ന് നാം പഠിക്കുന്നതിനു വേണ്ടിയായിരുന്നു ഇപ്രകാരം സംഭവിച്ചത്.

ശ്ലീഹന്മാരും പ്രധാന ശിഷ്യരുമായവർ അവിടുത്തെ ദൈവത്വം വ്യക്തമായി ദർശിച്ചില്ല; പിന്നെയോ, തങ്ങൾക്കുവേണ്ടി ശരീരത്തിൽ പ്രകാശിച്ച മഹത്ത്വത്തിന്റെ ഒരു സ്ഫുലിംഗം മാത്രമേ കണ്ടുള്ളൂ. എന്നിട്ടുപോലും അവർ നിദ്രാവിവശരായി ഉറങ്ങിപ്പോയി. തങ്ങൾ കണ്ടെതെന്താണെന്നോ, പറഞ്ഞതെന്താണെന്നോ അവർക്ക് അറിവില്ലായിരുന്നു. ശെമഓൻ വളരെ വ്യത്യസ്തമായ വാക്കുകൾ ഉച്ചരിച്ചു. അങ്ങനെ

www.malankaralibrary.com


യെങ്കിൽ, ഒരു ശരീരം കൂടാതെ, വ്യക്തമായി തൻെറ ദൈവത്വത്തിൻെറ മഹത്ത്വത്തിൽ അവിടുന്ന് പ്രത്യക്ഷപ്പെട്ടിരുന്നെങ്കിൽ, നമ്മുടെ സ്ഥിതി എന്താകുമായിരുന്നു? അവൻ ശരീരം കൂടാതെ ഞങ്ങൾക്ക് പ്രത്യക്ഷപ്പെട്ടിരുന്നെങ്കിൽ എന്ന് എനിക്ക് എങ്ങനെ പറയാനാവും? ഒരു ശരീരം കൂടാതെ അവന് എങ്ങനെ പ്രത്യക്ഷപ്പെടാൻ കഴിയുമായിരുന്നു? നാവില്ലാത്തവന് നാവുകൊണ്ട് നമ്മെ എങ്ങനെ പഠിപ്പിക്കാൻ കഴിയുമായിരുന്നു? അദൃശ്യനായ ഒരുവൻ ചെയ്ത ദൃശ്യമായ അത്ഭുതങ്ങൾ നമുക്കെങ്ങനെ കാണാൻ കഴിയുമായിരുന്നു?

**8.** എന്തുകൊണ്ടാണ് അവനോടുകൂടി മോശയും ഏലിയായും കാണപ്പെട്ടത്? കാരണം, *ജനങ്ങൾ എന്നെപ്പറ്റി എന്തുപറയുന്നു* എന്ന് അവിടുന്നാരാഞ്ഞപ്പോൾ, അവർ ഇപ്രകാരം പറഞ്ഞു: *ചിലർ ഏലിയാ എന്നും വേറെ ചിലർ ജറമിയാ എന്നും മറ്റുചിലർ, പ്രവാചകരിൽ ഒരുവൻ എന്നും പറയുന്നു* (മത്താ 16:14). താൻ ഏലിയായോ, പ്രവാചകരിൽ ഒരുവനോ അല്ലെന്നു കാണിക്കാൻ ആണ് അവൻ അവരെ ചോദ്യം ചെയ്തത്. അവൻ പ്രവാചകരുടെ നാഥനാണ് എന്ന് അവർ അറിയുന്നതിനുവേണ്ടിയാണ് മോശയും ഏലിയായും അവനോടുകൂടി കാണപ്പെട്ടത്. തൻെറ മരണത്തിനുമുമ്പ്, മലയിൽ വച്ച് അവൻെറ മുഖഭാവം മാറി (ലൂക്കാ 9: 29). തൻെറ മരണത്തിനുശേഷം തൻെറ രൂപാന്തരീകരണത്തെ സംബന്ധിച്ച് അവർ സംശയിക്കാതിരിക്കുന്നതിനും, താൻ ധരിച്ച വസ്ത്രത്തിന് രൂപാന്തരീകരണം വരുത്തിയവൻ തന്നെ താൻ ധരിച്ച ശരീരത്തെയും ജീവനിലേക്ക് ഉയർപ്പിക്കും എന്ന് അവർ അറിയുന്നതിനും വേണ്ടിയായിരുന്നു ഇത്. ആർക്കും എത്തിപ്പിടിക്കാൻ കഴിയാത്ത മഹത്ത്വം തൻെറ ശരീരത്തിനു നൽകിയവൻ, എല്ലാവരും നുകരുന്ന മരണത്തിൽ നിന്ന് തൻെറ ശരീരത്തെ ഉയിർപ്പിക്കാൻ കഴിവുറ്റവനാണ്.

**9.** അവൻ ഒരു അന്യദൈവമായിരുന്നെങ്കിൽ, എങ്ങനെയാണ് മോശയും ഏലിയായും അവനോട് സംസാരിച്ചുകൊണ്ടിരുന്നത്? ആരാണ് മോശയെ ജീവിപ്പിക്കുകയും ഏലിയായെ വിളിച്ചിറക്കുകയും ചെയ്തത്? സമയത്തിനുമുമ്പേ അവർ നീതിമാൻെറ മുമ്പാകെ ഹാജരാക്കപ്പെട്ടു എന്നു കാണുക. അവൻ കരേറി ബലപ്രയോഗത്താൽ ഏലിയായെ താഴേക്കിറക്കിക്കൊണ്ടുവന്നു എങ്കിൽ, അവൻ നല്ല ദൈവം ആയിരിക്കാൻ ഇടയില്ല; കാരണം, നീതിമാനായവൻെറ മടിയിൽ നിന്ന് അവനെ തട്ടിയെടുത്ത്, തൻെറ ഒരു സാക്ഷിയാക്കുകയായിരിക്കും

www.malankaralibrary.com



അവൻ ചെയ്യുക. നീതിമാനായവനെ കൂടാതെ, അവൻ മോശയെ തേടി പ്പിടിച്ച് എടുത്തെങ്കിൽ അവൻ മോഷ്ടിക്കുകയാണ് ചെയ്തത്; കാരണം, നീതിമാനായവൻ മാനുഷിക നയനങ്ങളിൽനിന്ന് മറച്ചുവച്ച അസ്ഥി കളെ അവൻ കല്ലറകളിൽ നിന്ന് പുറത്തുകൊണ്ടുവരികയായിരിക്കും ചെയ്യുക.

അതുകൊണ്ട്, *ഇവനാണ് എൻെറ പുത്രൻ, എൻെറ പ്രിയൻ* എന്ന സ്വരം കേട്ടപ്പോൾ, നീതിമാനായവൻ എവിടെ ആയിരുന്നു? അവൻ ഭയ പ്പെട്ട് ഒളിച്ചിരിക്കുകയും അവൻെറ സ്വരത്തിന് മറുപടി നൽകാൻ വരാ തിരിക്കുകയും ചെയ്തുവോ? അഥവാ, ശാന്തമായി കടന്നുപോകുന്നതും അവൻ കേൾക്കാതിരുന്നതുമായ അന്യദൈവത്തിൻെറ സ്വരമായി രുന്നോ അത്? അഥവാ, ഒരുപക്ഷേ അവർ പറയുന്നതുപോലെ, അവൻ മൂന്നാം സ്വർഗത്തിനു മുകളിലും, നീതിമാൻ രണ്ടാമത്തേതിനു മുകളിലും ആയിരിക്കാം. എന്നാൽ അവൻ ശ്രവിക്കാതെ, എങ്ങനെ ഈ സ്വരം അവനെ കടന്നുപോയി? അവൻ ഇതു ശ്രവിച്ചെങ്കിൽ, *അവനെ ശ്രവി ക്കുക; നിങ്ങൾ ജീവിക്കും* എന്ന് പറഞ്ഞ് അവനെ കൊച്ചാക്കിയ ഈ ഭീഷണിയിൽ അവൻ എന്തുകൊണ്ട് നിശബ്ദനായിരുന്നു? അതു കൊണ്ട്, മറ്റൊരു സ്വരം ശ്രവിക്കുന്നവരെല്ലാം നിശ്ചയമായും മരിക്കും. അതോ ഒരവസരം അവരിലൊരാൾ, *ഞാൻ ആദ്യനും അന്ത്യനുമാകുന്നു; എനിക്കു മുമ്പോ എനിക്കുശേഷമോ മറ്റാരുമില്ല* എന്നു പറയുകയും (വെളി 22:13), മറ്റൊരവസരം മറ്റെയാൾ, *ഇവൻ എൻെറ പുത്രൻ, എൻെറ പ്രിയൻ, ഇവനെ ശ്രവിക്കുവിൻ* എന്ന് പറയുകയും ചെയ്തുകൊണ്ട് (മർക്കോ 9:7) അവരിരുവരും കൂടി ഒരുടമ്പടി ഉണ്ടാക്കിയതാണോ?

**10.** *നിങ്ങൾ കണ്ടത് ആരോടും പരസ്യമായി പറയരുതെന്ന് മലയിൽ നിന്ന് ഇറങ്ങിവന്നപ്പോൾ അവൻ അവരോടു കല്പിച്ചു* (മർക്കോ 9:9). എന്തുകൊണ്ടാണിത്? എന്തുകൊണ്ടെന്നാൽ, മറ്റുള്ളവർ അവരെ വിശ്വ സിക്കയില്ല; അവരെ വിഡ്ഢികളായി ഗണിക്കുകയും ചെയ്യും. അവർ ഇപ്രകാരം പറയും: "ഏലിയാ എവിടെനിന്നാണ് വന്നതെന്ന് നിങ്ങൾക്ക് അറിയാമോ?; മോശ സംസ്കരിക്കപ്പെട്ടു, എന്നാൽ ഒരുത്തനും അവൻെറ കല്ലറ കണ്ടിട്ടില്ല എന്നു കാണുക. ഇതുനിമിത്തം ദൈവദൂഷണവും ഇടർച്ചയും ഉണ്ടാകും. അവിടുന്നു പറഞ്ഞു: *ശക്തി ലഭിക്കുന്നതുവരെ കാത്തിരിക്കുവിൻ* (നട 1:4.8). നിങ്ങൾ വിവരിക്കുന്നത് അവർ വിശ്വസി ക്കാതിരിക്കുമ്പോൾ, നിങ്ങളുടെ മഹത്ത്വത്തിനും അവരുടെ നിന്ദനത്തി

www.malankaralibrary.com



നുമായി മരിച്ചവരെ നിങ്ങൾ ഉയിർപ്പിക്കും. *കാത്തിരിക്കുവിൻ.* എന്നാൽ കല്ലറകൾ പിളർന്ന് പുരാതനരും ആധുനികരുമായ നീതിമാന്മാർ പുറത്തുകടന്ന് മഹാരാജാവിന്റെ നഗരമായ ജറുസലേമിൽ വരുന്നതു വരെ എന്നും അർത്ഥം പറയാം (സങ്കീ 48:3). തങ്ങളെ ഉയിർപ്പിച്ചവൻ തന്നെ മോശയെ ഉയിർപ്പിച്ചു എന്ന് അപ്പോൾ അവർ വിശ്വസിക്കും എന്നു കാണുക. *ഏലിയാ വന്ന് അവനെ താഴെ ഇറക്കുമോ എന്ന് നമുക്കു കാണാം* (മർക്കോ 15:36). അവന്റെ സ്വരം ശ്രവിച്ചപ്പോൾ, അനേകം നീതിമാന്മാർ പാതാളത്തിൽ നിന്ന് പുറത്തുവന്നു. ഒരു നീതിമാന്റെ സ്ഥാനത്ത് അനേകം നീതിമാന്മാർ പുറത്തുവന്നു. മരിച്ചവർ അവനെ ശ്രവിച്ച് പുറത്തുവന്നെങ്കിൽ, എത്രയധികമായി ഏലിയാ ജീവിക്കും! അതുകൊണ്ട്, നീതിമാന്മാർ കല്ലറകളിൽ നിന്ന് പുറത്തുവന്നതിനാൽ, മോശയെയും ഏലിയായെയും കുറിച്ചുള്ള സംഗതിയെപ്പറ്റി യഹൂദ ന്മാർ പഠിക്കട്ടെ. അതുകൊണ്ട്, അവിടുന്നു പറഞ്ഞു: *മനുഷ്യപുത്രൻ മരിച്ചവരിൽ നിന്ന് ഉയിർക്കുന്നതുവരെ ഇതു പരസ്യമാക്കേണ്ട* (മത്താ 17:9).

**11.** കർത്താവ് ശിഷ്യരെ വഞ്ചിച്ചു എന്ന് യഹൂദന്മാർ പറയാതിരിക്കാനായി, *മോശയും ഏലിയായും അവനോട് സംസാരിക്കുകയായിരുന്നു* എന്ന് ശിഷ്യന്മാർ പ്രഘോഷിച്ചു (17:3). മോശ മലയിൽ വച്ച് നിയമം സ്വീകരിച്ചു; നിയമത്തിനുവേണ്ടി പ്രതികാരം ചെയ്യാനുള്ള തീക്ഷ്ണ തയിൽ ഏലിയാ വന്നു. *നിങ്ങൾ എനിക്കു വിരുദ്ധമായി വ്യാപരിച്ചാൽ...* എന്ന് നിയമത്തിൽ എഴുതപ്പെട്ടിരിക്കുന്നു (ലേവ്യ 26:21). കൂടാതെ, അവരിരുവർക്കും ഒന്നുമില്ലായിരുന്നു. അതുകൊണ്ട് എല്ലാവരെയും ഒരു പോലെ സ്നേഹിക്കുന്നവന്റെ സന്നിധിയിൽ അവരിരുവരും പരസ്പരം സ്നേഹിക്കുന്നതായി കാണപ്പെട്ടു. അവരുടെ നാമങ്ങൾക്ക് തുല്യത നൽകിക്കൊണ്ട്, ദൈവം അവർക്കും തുല്യത ഉണ്ടാക്കി. *എന്റെ ദാസനായ മോശയുടെ നിയമം അനുസ്മരിക്കുക* (ജോഷ്വാ 1:13); *ഇതാ പ്രവാചകനായ ഏലിയായെ ഞാൻ നിങ്ങൾക്ക് അയയ്ക്കും* (മലാ 3:23). *ആറു ദിവസങ്ങൾക്കുശേഷം അവൻ അവരെ കൂട്ടിക്കൊണ്ടുപോയി* എന്ന വാക്കുകൾ (മത്താ 17:1) ആറാം സഹസ്രാബ്ദത്തിന്റെ[56] പ്രതീകമാണ്.

---

56. സഹസ്രാബ്ദത്തെപ്പറ്റി (കിലിയസം, മില്ലെനരിസം) പരാമർശം: സങ്കീ 90:4; 2 പത്രോ 3:8.

www.malankaralibrary.com



**12.** അവിടുന്ന് എന്തുകൊണ്ടാണ് എല്ലാ ശിഷ്യരെയും കൂട്ടിക്കൊണ്ട് പോകാഞ്ഞത്? എന്തുകൊണ്ടെന്നാൽ, രാജ്യത്തിന് അന്യനും കൂട്ടിക്കൊണ്ടുപോകാൻ കൊള്ളരുതാത്തവനുമായ യൂദാസ് അവരുടെ ഇടയിൽ ഉണ്ടായിരുന്നു. അവനെ തനിയെ വിടുന്നത് ഉചിതവുമായിരുന്നില്ല. അവനെ തെരഞ്ഞെടുത്തവൻെറ തെരഞ്ഞെടുപ്പുനിമിത്തം അവൻ ഒരു പരിപൂർണമനുഷ്യനായി കരുതപ്പെട്ടു. ആ സമയംവരെ അവൻെറ കള്ളത്തരം അറിയപ്പെട്ടിരുന്നില്ല; അവൻെറ ദുഷ്ടത അറിയപ്പെട്ടിരുന്നെങ്കിൽ, അവൻെറ സഖികളായ ശിഷ്യന്മാർ അത് അറിയുമായിരുന്നു. എന്നാൽ *നിങ്ങളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും* എന്ന് നമ്മുടെ കർത്താവ് പറഞ്ഞപ്പോൾ (മത്താ 26:21) അവൻ ഒറ്റുകാരൻ ആണെന്ന് അവിടുന്ന് അറിഞ്ഞിരുന്നു. നമ്മുടെ കർത്താവ് അവനെ തന്നെ വിട്ടിരുന്നെങ്കിൽ, അവൻെറ സഖികളിൽ നിന്ന് അവനെ കർത്താവ് അകറ്റി നിർത്തി എന്ന് അവർ പറയുമായിരുന്നു. എന്നാൽ എന്തിന് അവിടുന്ന് അവനെ തെരഞ്ഞെടുത്തു, എന്തിനവനെ വെറുത്തു, അതേസമയം എന്തിനവനെ കലവറക്കാരനാക്കി? - തൻെറ പരിപൂർണസ്നേഹവും തൻെറ കാരുണ്യവും കാണിക്കാൻ.

സഭയിൽ തെറ്റായ പ്രബോധകർ ഉണ്ടെങ്കിൽപോലും അധികാരത്തിൻെറ സത്യസിംഹാസനം അതാണെന്ന് നമ്മുടെ കർത്താവ് തൻെറ സഭയെ പഠിപ്പിക്കാൻ കൂടിയായിരുന്നു ഇത്. കാരണം, ഒറ്റുകാരനോടുകൂടി യൂദായുടെ ഇരിപ്പിടം ഇല്ലാതായില്ല. ദുഷ്ടരായ കലവറക്കാർ ഉണ്ടായാൽപോലും, കാര്യസ്ഥാനം സത്യമായിട്ടുള്ളതാണ് എന്ന് പഠിപ്പിക്കാൻ കൂടിയായിരുന്നു അത്. അതുകൊണ്ട്, അവിടുന്ന് അവൻെറ പാദം കഴുകി (യോഹ 13:5); ആ പാദങ്ങളിൽ എഴുന്നേറ്റ് നടന്ന് യേശുവിൻെറ കൊലയാളികളുടെ പക്കലേക്കു പോയി. അവിടുന്ന് അവൻെറ അധരങ്ങളിൽ ചുംബനം നൽകി; എന്നാൽ, അവൻ അതുപയോഗിച്ച്, അവനെ പിടിച്ചവർക്ക്, കൊല്ലാനുള്ള അടയാളം നൽകി (മത്താ 26:48-49). അവിടുന്ന് അപ്പമെടുത്ത് അവൻെറ കൈകളിൽ വച്ചു. എന്നാൽ അവൻ കൈനീട്ടി അവൻെറ വില വാങ്ങുകയും അവനെ കൊലയ്ക്ക്കൊടുക്കുകയും ചെയ്തു.

www.malankaralibrary.com

## ജറുസലേമിന് പുറത്തു ഒരു പ്രവാചകനും നശിക്കാൻ പാടില്ല

**13.** *ജറുസലേമിനു പുറത്ത് പ്രവാചകൻ നശിക്കുന്നത് ഉചിതമല്ല* (ലൂക്കാ 13:33). *തൻെറ നാമം നിലനിർത്താനായി നിങ്ങളുടെ ദൈവമായ കർത്താവ് നിങ്ങൾക്കായി തെരഞ്ഞെടുത്ത സ്ഥലത്തല്ലാതെ മറ്റൊരിടത്തും പെസഹാ അർപ്പിക്കാൻ നിങ്ങൾക്കനുവാദമില്ല എന്നും* (ആവ 16: 5-6), ശ്ലീഹാ സാക്ഷിക്കുന്നതുപോലെ *മിശിഹാ ആകുന്നു നമ്മുടെ പെസഹാ, അവൻ ബലി അർപ്പിക്കപ്പെട്ടിരിക്കുന്നു* എന്നും (1 കോറി 5:7) പറയുന്നതുപോലെയാണിത്. ഇസ്രായേലിൽ പ്രതീകങ്ങൾ ഉണ്ടായിരുന്നു; എന്നാൽ സത്യം യേശുവിലൂടെ ഉണ്ടായി (യോഹ 1:17)

## പിശാചുബാധിച്ച വിറയൽ രോഗി

**14.** *ഓ, ദുഷിച്ച തലമുറയേ,* എന്ന് അവിടുന്ന് അവരെ വിളിച്ചു (മത്താ 17:17); കാരണം, അവനെ സുഖപ്പെടുത്താൻ തൻെറ ശിഷ്യർക്കു കഴിഞ്ഞില്ല എന്നു പറഞ്ഞ് അവർ ശിഷ്യരെ കുറ്റപ്പെടുത്തിയിരുന്നു (17:16). തങ്ങളുടെ ഗുരുവിൻെറ വൈദ്യശാസ്ത്രം മുഴുവൻ ശിഷ്യന്മാർ പഠിച്ചു തീർന്നില്ല എന്ന് ഈ മനുഷ്യർ കരുതി. ഇതു ശിഷ്യരുടെ കാതുകളിലെത്തുകയും അവർ സംശയിക്കാൻ തുടങ്ങുകയും ചെയ്തു. അവനിൽ നിന്ന് പഠിക്കാനായി അവർ സമീപിച്ചു. *അവനെ സുഖപ്പെടുത്താൻ ഞങ്ങൾക്കു കഴിയാഞ്ഞത് എന്തുകൊണ്ട്?* (17:19). *ഈ മനുഷ്യൻ ബേൽസെബൂലിനെക്കൊണ്ട് പിശാചുക്കളെ പുറത്താക്കുന്നു* (12:24). ഈ മനുഷ്യനോട് അവർ ഇപ്രകാരം പറഞ്ഞു: അവൻെറ ശിഷ്യന്മാർ അവൻെറ ശാസ്ത്രം അഭ്യസിച്ചിട്ടില്ല. അവർ എന്തുകൊണ്ട് അവനെ സുഖപ്പെടുത്തിയില്ല? അതുകൊണ്ട് അവിടുന്ന് ഇപ്രകാരം മറുപടി പറഞ്ഞു: *ഓ, ദുഷിച്ച തലമുറയേ!* അതുകൊണ്ടാണ് അപ്പോൾതന്നെ അവൻ എഴുപത്തിരണ്ടുപേരെ തെരഞ്ഞെടുത്ത് തൻെറ പക്കൽ നിന്ന് അയച്ചത്. ഇപ്രകാരം ചിന്തിച്ചവർ ഖണ്ഡിക്കപ്പെടേണ്ടതിനായി, അത്ഭുതകരമാം വിധം അവർ രോഗശാന്തി നൽകി.

**15.** *എത്രനാൾ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും?* (17:17). അവർ അവനെ കൊന്നുകഴിയുമ്പോൾ, അവൻെറ നാമത്തിൽ ശക്തിമത്തായ കർമങ്ങളും അത്ഭുതങ്ങളും അവർ കാണാൻ ഇടയാകും എന്നതിനാലാണ് അവൻ ഇതു പറഞ്ഞത്. അവൻെറ സൗഖ്യദായക കർമം ഒരു

www.malankaralibrary.com



ശാസ്ത്രമായി കരുതപ്പെടാതിരിക്കാനായി അവൻ പറഞ്ഞു: *വിശ്വസിക്കുന്നവന് താൻ ഇച്ഛിക്കുന്നതെല്ലാം സാധ്യമാണ്* (17:20). *അവൻ അവരോടു പറഞ്ഞു: നിങ്ങളുടെ വിശ്വാസക്കുറവു നിമിത്തമത്രേ* (17: 20). ശിഷ്യന്മാരുടെ ഭാരം കുറയ്ക്കാൻ അവിടുന്നു പറഞ്ഞു: *മൂകനായ അരൂപീ, ഞാൻ നിന്നോടു കല്പിക്കുന്നു* (മർക്കോ 9:25). താൻ ദൈവമാകയാൽ തനിക്കെല്ലാം എളുപ്പമാണ് എന്ന് കാണിക്കാനായിരുന്നു അത്. എന്നാൽ കേൾക്കാൻ കഴിയാത്ത മൂകമായ അരൂപിക്ക് എങ്ങനെ അനുസരിക്കാനാവും? വിശ്വാസമുള്ള ജനത്തിന് ഇത് പ്രയാസമുള്ള കാര്യമല്ല; തൻെറ ശിഷ്യരെ ദൈവദൂഷകർ പരിഹസിക്കുന്നത് അല്പമൊന്നു നിയന്ത്രിക്കാനായിരുന്നു ഇത്. *എന്തുകൊണ്ടെന്നാൽ, അതുവരെ അവൻെറ ശിഷ്യന്മാരും അവനിൽ വിശ്വസിച്ചിരുന്നില്ല* (യോഹ 7: 25). *അവനിൽ നിന്ന് പുറപ്പെട്ടുപോകുക; മേലിൽ തിരികെ വരരുത്* (മർക്കോ 9:25) എന്ന് കല്പിച്ചതിൽ അവിടുന്ന് തൻെറ സ്വാതന്ത്ര്യം കാണിക്കുന്നു. അവനിലേക്കു തിരിച്ചുവരാൻ ആ അരൂപി പ്ലാനിട്ടിരുന്നതിനാൽ അവിടുന്ന് അതിനെ ബന്ധിച്ചു: *അവിടെ തിരികെ വരരുത്.*

## ദേവാലയ നികുതി

**16.** *അവൻ ആദ്യം ശെമഓനോട് സംസാരിച്ച്, അവനോടു ചോദിച്ചു: ഭൗമികരാജാക്കന്മാർ ആരിൽ നിന്നാണ് ചുങ്കവും കരവും പിരിക്കുന്നത്? തങ്ങളുടെ മക്കളിൽ നിന്നോ, മറ്റുള്ളവരിൽ നിന്നോ?* (മത്താ 17:25). അവനെതിരെ ഒരാരോപണം നടത്താൻ അവർ വന്നതിനാലാണ് അവൻ ഇതു പറഞ്ഞത്; കാരണം, എല്ലാവരിൽ നിന്നും അവർ ചുങ്കം പിരിച്ചിരുന്നില്ല. ഒരുപക്ഷേ, നിങ്ങളുടെ ഗുരു ഇതു കൊടുക്കാതിരുന്നേക്കാം; അപ്പോൾ അവനെ ഒരു മത്സരക്കാരനായി ഞങ്ങൾക്കു പിടികൂടാൻ കഴിയും. അവൻ അതു കൊടുക്കുകയാണെങ്കിൽ, അവനെ ഒരന്യനായി കണക്കാക്കാനും സാധിക്കും. ലേവ്യർ അന്യരായി പരിഗണിക്കപ്പെട്ടിരുന്നു. എന്നാൽ *കർത്താവ് അവരുടെ അവകാശമാകയാൽ* (ആവ 18:2) അവർ പുത്രന്മാരെപ്പോലെയാണ്; അവരിൽ നിന്ന് ആരും ഒന്നും ആവശ്യപ്പെട്ടിരുന്നില്ല. യൂദരാജാക്കന്മാർ പുരോഹിതരിൽനിന്ന് കരം പിരിച്ചിരുന്നില്ല. അതുകൊണ്ട്, നിയമജ്ഞരും ഫരിസേയരും, തന്നെ പരീക്ഷിക്കാൻ തക്കം പാർത്തിരിക്കുന്നു എന്ന് അവിടുന്ന് ശെമഓന് മനസിലാക്കിക്കൊടുത്തു. അവർ അവനെ ഒരു പുരോഹിതനായി കണക്കാക്കിയിരുന്നില്ല. എന്നാൽ, അവൻ ഒരന്യനാണ് എന്ന് എല്ലാവരെയും കാണിക്കാനുള്ള

www.malankaralibrary.com



പഴുത് തേടിക്കൊണ്ടിരുന്ന അവർക്ക് അവൻ സന്ദർഭം നൽകിയില്ല. ലേവ്യർ സ്വതന്ത്രരായ മക്കളാകയാൽ അവർ ചുങ്കം നൽകുന്നില്ല എന്ന് അവൻ ശെമഓനെ പഠിപ്പിച്ചു,

**17.** *അവർക്ക് ഇടർച്ച വരുത്തേണ്ട* (മത്താ 17:27). അവർ കലഹത്തിനുള്ള പഴുത് തേടുകയാണ് എന്നു കാണിച്ച് അവരെ ലജ്ജിപ്പിക്കേണ്ട എന്നാണ് ഇതിൻെറ അർത്ഥം. *പോയി, കടലിൽ വലയിടുക* (17:27). എന്നെ ഒരന്യനായി അവർ പരിഗണിക്കുന്നു. ഞാൻ പുരോഹിതൻ മാത്രമല്ല, രാജാവും ആണെന്ന് കടൽ അവരെ പഠിപ്പിക്കട്ടെ. അതുകൊണ്ട് അന്യനെപ്പോലെ അവർക്ക് കൊടുത്തേക്കുക (17:25-27). കടലിൽ വീശാൻ പോകുന്നതിനു വല എടുത്തപ്പോൾ ശെമഓൻ ഒരു പ്രതിജ്ഞ ചെയ്തതിനാൽ, അവരും അവൻെറ കൂടെപ്പോയി. വായിൽ ഒരു ഷെക്കൽ ഉണ്ടായിരുന്ന ഒരു മത്സ്യത്തെ അവൻ പിടിച്ചു. രാജ്യത്തിൻെറ മുദ്ര അതിലുണ്ടായിരുന്നു. അപ്പോൾ ഗർവിഷ്ഠർ ലജ്ജിതരായി; കാരണം, അവനെ അവർ ഒരു ലേവ്യനായി കരുതിയിരുന്നില്ല. എന്നാൽ അവൻ പുരോഹിതനും രാജാവുമാണെന്ന് കടലും മത്സ്യവും സാക്ഷ്യം നൽകി.

സമസ്തസൃഷ്ടികളും ഈ മഹാപുരോഹിതൻെറ വരവിനെ അംഗീകരിച്ചു; എല്ലാ പ്രകൃതികളും തങ്ങളുടെ ക്രമം അനുസരിച്ച് തങ്ങളുടെ ആദ്യഫലങ്ങൾ അവനു സമർപ്പിക്കാൻ ഓടിയെത്തി. സ്വർഗീയ ജീവികൾ ഗബ്രിയേലിലൂടെയും, സ്വർഗീയസൈന്യങ്ങൾ നക്ഷത്രത്തിലൂടെയും, വിജാതീയർ വിദ്വാന്മാരിലൂടെയും, നിശബ്ദരായി തീർന്ന പ്രവാചകന്മാർ നിയമജ്ഞരിലൂടെയും തങ്ങളുടെ ആശംസകൾ അയച്ചുകൊടുത്തു: *അവൻ ബേത്‌ലഹേമിൽ നിന്നു വരും* (മത്താ 2:4-5). മത്സ്യത്തിൽ രൂപീകൃതമാകുകയും ആഴങ്ങളിൽ വച്ച് രാജകീയ മുദ്ര സ്വീകരിക്കുകയും ചെയ്ത ഷെക്കൽ, കലഹത്തിനും ലഹളയ്ക്കും പഴുതു തേടിക്കൊണ്ടിരുന്നവർക്കുള്ള മറുപടിയായിരുന്നു; കാരണം, കടലിൻെറ അനുസരണം ഈ അന്യന് അനുകൂലമായിത്തീർന്നു.

## വിവാഹമോചനം

**18.** *അവർ കടന്നുവന്ന് അവനോട് ചോദിച്ചു: ആരെങ്കിലും തൻെറ ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ?* (19:3). അത് നിയമാനുസൃതമല്ല എന്ന് അവൻ മറുപടിയായി പറഞ്ഞു. എന്നാൽ *മോശ*

www.malankaralibrary.com



*ഞങ്ങളെ അനുവദിച്ചു* എന്ന് അവർ പറയാൻ തുടങ്ങി (മർക്കോ 10:4). മോശ അത് അനുവദിച്ചെങ്കിൽ, പിന്നെന്തുകൊണ്ട്, അത് നിയമാനുസൃതമല്ല? *നിങ്ങളുടെ ഹൃദയകാഠിന്യം നിമിത്തമാണ് മോശ അത് അനുവദിച്ചത്. എന്നാൽ ആരംഭം മുതൽ അപ്രകാരം ആയിരുന്നില്ല* (മത്താ 19:8). അതുകൊണ്ട്, ജനങ്ങളുടെ ഹൃദയകാഠിന്യം നിമിത്തം മോശ സ്ഥാപിച്ചവ മയപ്പെടുത്തേണ്ടവ ആണെന്ന് ഈ ഒരു കല്പനയാൽ വ്യക്തമാക്കപ്പെട്ടു; കാരണം, പിടലികടുത്ത ജനത്തിൻെറ സ്ഥാനത്ത് അബ്രഹാമിൻെറ വിശ്വാസം ഉള്ളവർ കടന്നുവന്നിരിക്കുന്നു. *കൊല്ലരുത്, വ്യഭിചാരം ചെയ്യരുത്* എന്നു തുടങ്ങിയ കല്പനകൾ എല്ലാം നിയമത്തിനു മുമ്പും ജനങ്ങൾ അനുസരിച്ചിരുന്നു. പിന്നീട് അവ നിയമത്തിൽ പ്രഖ്യാപിക്കപ്പെടുകയും അതിനുശേഷം സുവിശേഷത്തിൽ പരിപൂർണമാക്കപ്പെടുകയും ചെയ്തു. അതുകൊണ്ട്, വ്യത്യസ്ത കാരണങ്ങളാൽ അവതരിപ്പിക്കപ്പെട്ട നിയമത്തിലെ കല്പനകളൊക്കെ അവസാനിപ്പിച്ചത് പഴയ ക്രമീകരണം നീക്കാനായിട്ടല്ല, പിന്നെയോ, പുതിയക്രമം ഉറപ്പിക്കപ്പെടുന്നതിനത്രേ.

## നഷ്ടപ്പെട്ട നാണയം, നഷ്ടപ്പെട്ട ആട്, നഷ്ടപ്പെട്ട പുത്രൻ

**19.** *പത്തു നാണയങ്ങളും നൂറ് ആടുകളും* (ലൂക്കാ 15:4-10). വഴിപിഴച്ചുപോയവൻ നീതിയുടെ പരിപൂർണതയിൽ നിന്നു വഴിപിഴച്ചുപോയി. നിയമത്തിൻെറ മക്കൾക്കുവേണ്ടിയാണ് കർത്താവ് ഈ ഉപമ പറഞ്ഞത്. *മറ്റൊരു തരത്തിൽ:* വഴിപിഴച്ചു പോയവൻ പ്രകൃതിയുടെ നീതിയിൽ നിന്ന് വഴിപിഴച്ചുപോയി. അല്ലെങ്കിൽ, നാണയത്തിലൂടെ ആദത്തിൻെറ ഛായ അവൻ പ്രതീകവൽക്കരിച്ചു. *പാപം ചെയ്യാത്ത നീതിമാന്മാരെക്കുറിച്ച് എന്നതിനേക്കാൾ അനുതപിക്കുന്ന പാപികളെക്കുറിച്ച് കൂടുതൽ സന്തോഷം ഉണ്ടാകുന്നത്* എന്തുകൊണ്ടാണ് ?(ലൂക്കാ 15:7). ദുഃഖത്തിനുശേഷം സന്തോഷം വരുന്നതുകൊണ്ടല്ലേ ഇത്? അവർ പാപം ചെയ്തതിനാൽ ദുഃഖം ഉണ്ടായി; അവർ അനുതപിച്ചപ്പോൾ, സന്തോഷം ഉണ്ടായി. *നിൻെറ സഹോദരൻ മരിച്ചുപോയിരുന്നു, ഇപ്പോൾ അവൻ ജീവിക്കുന്നു; അതുകൊണ്ട്, സന്തോഷിക്കുക ഉചിതമാണ്* എന്നിത്യാദി (15:32). ദുഃഖവും സന്തോഷവും ആത്മാവിൻെറ വികാരങ്ങളാണ് എന്നു കാണുക. സ്വർഗത്തിൽ പിന്നെങ്ങനെ സന്തോഷത്തിൻെറയും ദുഃഖത്തിൻെറയും വികാരങ്ങൾ ഉണ്ടാകും? പാപങ്ങൾ നിമിത്തം ചിലർ വിധിക്ക

www.malankaralibrary.com



പ്പെട്ടതിനാലല്ലേ സ്വർഗീയജീവികളുടെ ഇടയിലെ ദുഃഖത്തെപ്പറ്റി സംസാരിക്കാൻ കഴിയുക? നമ്മുടെ പാപങ്ങൾ മാലാഖമാരെ ദുഃഖിപ്പിക്കുന്നെങ്കിൽ, നാം പ്രായശ്ചിത്തം അനുഷ്ഠിക്കുക എത്രയധികം ഉചിതമാകുന്നു! *മനുഷ്യരെ നിർമിച്ചതിൽ ഞാൻ ദുഃഖിക്കുന്നു* എന്ന ഭാഗം പോലെയാണിത് (ഉല്പ 6:6-7).

**20.** രണ്ടു പുത്രന്മാരുടെ മറ്റൊരുപമ അവൻ പറഞ്ഞു: *ഇളയവൻ തന്റെ സ്വത്തെല്ലാം ധൂർത്തടിച്ചപ്പോൾ* (ലൂക്കാ 15:13-14). ഈ ഉപമകൊണ്ട് അവിടുന്ന് ഉദ്ദേശിച്ചത് ഇതാണ്: *മാനസാന്തരപ്പെടുന്നവരെക്കുറിച്ച് സ്വർഗത്തിൽ സന്തോഷം ഉണ്ടായിരിക്കും* എന്നിത്യാദി (15:7).

## നീതിയില്ലാത്ത കാര്യസ്ഥൻ

**21.** തന്റെ യജമാനന്റെ മുമ്പാകെ കുറ്റം ചുമത്തപ്പെട്ട ദാസനെക്കുറിച്ചുള്ള മറ്റൊരുപമ അവൻ പറഞ്ഞു (16:1). എന്നാൽ നീതിരഹിതനായ ഈ കാര്യസ്ഥന്റെ ദുഷിച്ച ബുദ്ധിവൈഭവം അവന്റെ യജമാനന്റെ സന്നിധിയിൽ പ്രകീർത്തിക്കപ്പെട്ടു. അവൻ നീതിരഹിതമായി മൂലധനം കുട്ടിച്ചോറാക്കി; പിന്നീട് നീതിരഹിതമായും വക്രതയോടും പില്ക്കാല കടങ്ങൾ ഇളച്ചുകൊടുത്തു (16:1.4-7). തന്റേതല്ലാത്തതുപയോഗിച്ച്, തന്റേതായിട്ട്, ഉണ്ടാകേണ്ടിയിരുന്ന സ്നേഹിതരെയും പിന്തുണയ്ക്കുന്നവരെയും സമ്പാദിക്കാൻ തുനിഞ്ഞതിനാൽ അവൻ പ്രകീർത്തിക്കപ്പെട്ടു (1 6:4-7.9). തന്റേതല്ലാത്തതിലൂടെ അതുപോലെതന്നെ തന്റേതല്ലാത്ത മുൾച്ചെടികളും വേദനകളും ആദാം സമ്പാദിച്ചു (ഉല്പ 2:17-19). ആദത്തിന്റെ സന്താനങ്ങളേ, നിങ്ങളുടേതല്ലാത്ത നൈമിഷികവസ്തുക്കൾ ഉപയോഗിച്ച്, കടന്നുപോകാത്ത ആ വസ്തുക്കൾ നിങ്ങൾക്കായി സമ്പാദിക്കുവിൻ.

## പാപങ്ങളുടെ മോചനം

**22.** *ആരെങ്കിലും എനിക്കെതിരെ തെറ്റുചെയ്താൽ, എത്രപ്രാവശ്യം ഞാൻ അവനോട് ക്ഷമിക്കണം? ഏഴു പ്രാവശ്യമോ? എന്നാൽ അവിടുന്ന് അവനോടു പറഞ്ഞു: എഴുപത്തേഴു പ്രാവശ്യത്തിൽ കൂടുതൽ ഏഴ്* (മത്താ 18:21-22). പാപം ഭരണം നടത്താതിരിക്കാനായി, ഒരു ദിവസത്തേക്കുപോലും ശെമഓൻ കോപത്തിന് കീഴ്വഴങ്ങിയില്ല. കോപം അതിന്റെ സ്നേഹിതരെയും ശത്രുക്കളെയും ഒരുപോലെ മുറിവേല്പി

www.malankaralibrary.com



ക്കുന്നു. ഒരു ദുഷിച്ച മുറിയിൽ നിന്ന് എന്നവണ്ണം ഇതിൽ നിന്നാണ് എല്ലാത്തരം തിന്മകളും വരുന്നത്. ആക്രമണകാരി, ദിവസംമുഴുവൻ ആധിപത്യം പുലർത്താനായി, തൻെറ ധാർഷ്ട്യത്തിൽ പെട്ടെന്ന് കടന്നാക്രമണം നടത്തുന്നു. അതുകൊണ്ട്, വൈദ്യൻ ആദ്യമേ അവനുമുമ്പിൽ വഴിയടയ്ക്കുകയും, *എഴുപത്തേഴു പ്രാവശ്യം ഏഴ്* എന്ന വാക്കുകളിലൂടെ ദിവസം മുഴുവനെയും അനുരഞ്ജനത്തിനു സമർപ്പിക്കുകയും ചെയ്യുന്നു. കാരുണ്യപ്രവൃത്തികൾക്കു പരിധി ഉണ്ടെന്നും, കൃപകൾക്ക് കൃത്യമായ എണ്ണമുണ്ടെന്നും, ദിവസങ്ങളും മണിക്കൂറുകളും കൊണ്ടാണ് ഈ എണ്ണം അളക്കേണ്ടതെന്നും ശെമഓൻ കരുതി. തെറ്റുചെയ്യുന്നതിൻെറ എണ്ണത്തേക്കാൾ കൂടുതലാണ് ക്ഷമിക്കുന്നതിൻെറ എണ്ണം. അതുകൊണ്ട് കർത്താവ് ശെമഓനെ തിരുത്തി. "ഒരൊറ്റദിവസംകൊണ്ട്" ഈ തെറ്റുകളെല്ലാം ചെയ്തുകൂട്ടാൻ ആർക്കാണു കഴിയുക. ഈ കാര്യത്തിൽ ശെമഓൻ തെറ്റുകാരൻ ആയിരുന്നതിനാൽ ന്യായീകരിക്കപ്പെടേണ്ടിയിരുന്നു എന്ന വിധമല്ലിത്; പിന്നെയോ, ക്ഷമിച്ചതു നിമിത്തമുള്ള ആത്മവിശ്വാസംകൊണ്ട് ഈ മോചനങ്ങൾ നമ്മെ പാപത്തിൽ വീഴ്ത്താതിരിക്കാനാണിത്. അന്ത്യത്തിൽ പൂർത്തീകരണം ദൃശ്യമായിത്തീരും; സൂര്യാസ്തമയത്തിൽ ദിവസം പൂർണമാകുകയും സാക്ഷ്യം അഴിഞ്ഞുപോകുകയും ചെയ്യും.

**23.** ഒരു സാക്ഷ്യമായി അന്ത്യത്തിലും, പ്രകാശമായി പൂർത്തീകരണത്തിലും നമുക്കെതിരെ കോപം സാക്ഷ്യം വഹിക്കാതിരിക്കാൻ ദൃശ്യപ്രകാശം ഉള്ളിടത്തോളം സമയം കോപത്തെപ്രതി നാം അനുതപിക്കണം എന്ന് നമ്മുടെ നിഗൂഢവെളിച്ചം നമ്മെ ഉപദേശിച്ചിരിക്കുന്നു. നമ്മുടെ സ്വാതന്ത്ര്യം എല്ലാത്തരം സമ്മർദ്ദങ്ങളാലും ഗർഭം ധരിക്കുകയും, നിമിഷനേരംകൊണ്ട് അലസിപ്പോകുകയും ചെയ്യുന്നു. എത്രയോ തവണ അതു പ്രസവിക്കുകയും അതു സ്വീകരിച്ച വിത്തിന് അനുസൃതം ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ്, സാത്താൻ നമ്മിൽ വിതച്ച ഫലം വളരാതിരിക്കാൻ, *സാത്താന് ഇടം കൊടുക്കാതിരിക്കാൻ, നിങ്ങളുടെ കോപത്തിന്മേൽ സൂര്യൻ അസ്തമിക്കരുത്* എന്ന് ശ്ലീഹാ പറഞ്ഞത് (എഫേ 4:26-27). സാത്താൻെറ വിത്ത് ഇളതായിരിക്കുമ്പോഴേ നമുക്ക് വെട്ടിക്കളയാം; അതു ഫലം പുറപ്പെടുവിക്കുന്നതിനുമുമ്പേ, നമുക്കത് പിഴുതുകളയാം. തൻെറ ജോലി തൻെറ ഉപകരണങ്ങൾ കൂടാതെ പൂർത്തിയാക്കാൻ ശത്രുവിന് കഴിയാത്തതിനാൽ, അസൂയ കൂടാതെ, ഒറ്റനിമിഷം കൊണ്ട് കൊലപാതകം നടക്കുന്നില്ല.

www.malankaralibrary.com



## ഒറ്റയ്ക്കുള്ള പ്രാർത്ഥനയും ഒന്നിച്ചുള്ള പ്രാർത്ഥനയും

**24.** തന്റെ അജഗണത്തിന്റെ സകല ആവശ്യങ്ങളും മിശിഹാ നിറവേറ്റിക്കൊടുക്കുന്നു. ഏകാന്തവാസികൾ ദുഃഖിതർ ആകാതിരിക്കാനായി *ഒരാൾ തനിച്ചുള്ളിടത്തും ഞാനുണ്ട്* എന്ന് പറഞ്ഞുകൊണ്ട്, ഏകാന്തതയുടെ ദുഃഖത്തിന് അവിടുന്ന് സമാശ്വാസം നൽകി. എന്തുകൊണ്ടെന്നാൽ അവിടുന്നാണ് നമ്മുടെ ആനന്ദം; അവിടുന്ന് നമ്മോടു കൂടിയുണ്ട്. *രണ്ടുപേർ ഉള്ളിടത്ത് ഞാനുണ്ട്* (മത്താ 18:20). അവന്റെ കൃപ നമുക്കു സംരക്ഷണം നൽകുന്നു. മൂന്നുപേരുണ്ടെങ്കിൽ, മിശിഹായുടെ മുദ്രയും പരിപൂർണ ശരീരവുമായ സഭയിൽ നാം ഒന്നിച്ചു കൂടുന്നതുപോലെയാണ്. *സ്വർഗത്തിലെ അവരുടെ മാലാഖമാർ എന്റെ പിതാവിന്റെ മുഖം ദർശിക്കുന്നു* (18:10). അതായത് തങ്ങളുടെ പ്രാർത്ഥനകളാൽ.

## പീലാത്തോസ് കൊന്ന ഗലീലിയർ

**25.** *തങ്ങളുടെ ബലികളോടുകൂടി തങ്ങളുടെ രക്തം പീലാത്തോസ് കലർത്തിയ ഗലീലിയക്കാരെപ്പറ്റി ഹേറോദേസിന്റെ ജനനദിവസത്തിൽ അവൻ യോഹന്നാന്റെ തല വെട്ടിയമാറ്റിയ അവസരം* (മത്താ 14:10) *അവർ വന്ന് അവനെ അറിയിച്ചു* (ലൂക്കാ 13:1). യോഹന്നാൻ നീതിരഹിതമായി കൊല്ലപ്പെട്ടതിനാലും, അതു നിയമത്തിനെതിരായിരുന്നതിനാലും, വിരുന്നിനിരുന്നവരെ പീലാത്തോസ് ആളയച്ച് കൊല്ലിച്ചു. ഹേറോദേസിനെ ഉപദ്രവിക്കാൻ അവനു കഴിഞ്ഞില്ല; അതുകൊണ്ട് അവന്റെ അവമാനത്തിന് അവന്റെ സഖിയെ നശിപ്പിക്കുകയും കർത്താവിന്റെ വിസ്താരം വരെ തന്റെ കോപത്തിൽ അവനിൽ നിന്ന് അകന്നുനില്ക്കുകയും ചെയ്തു. കർത്താവിന്റെ പേരിൽ അവരുടെ ഇടയിൽ അനുരഞ്ജനം ഉണ്ടായി (ലൂക്കാ 23:12). ബലിയർപ്പിക്കാൻ റോമാക്കാരിൽ നിന്ന് അവർക്ക് അനുവാദം ലഭിച്ചിരുന്നില്ല; അതുകൊണ്ട് പീലാത്തോസ് അവരുടെ രക്തം അവരുടെ ബലികളോടുകൂടി കലർത്തി. അവർ നിയമം ലംഘിച്ച് ബലി അർപ്പിക്കുന്നതായി പീലാത്തോസ് കാണുകയും ആ സ്ഥലത്തുവച്ച് അപ്പോൾ തന്നെ അവരെ കൊല്ലുകയും ചെയ്തു. അതുകൊണ്ടാണ്, *അവരുടെ ബലികളോടുകൂടി അവൻ അവരുടെ രക്തം കലർത്തി* എന്ന് സുവിശേഷകൻ പറഞ്ഞത്. അഥവാ തലക്കരത്തിന്റെ കാര്യത്തിൽ എന്നതുപോലെ, അവർ ബലി അർപ്പിച്ചതിനാൽ അവർ

www.malankaralibrary.com



കൊല്ലപ്പെട്ടത് അവന് ഇഷ്ടപ്പെട്ടോ എന്നു കാണുവാൻ, കർത്താവിനെ പരീക്ഷിക്കാനായിരിക്കാം അവർ വന്നത്. അങ്ങനെ അവൻ നിയമത്തിന് എതിരാണെങ്കിൽ, വിജാതീയർക്ക് അനുകൂലമായിരിക്കും; അവൻ നിയമത്തിന് അനുകൂലമാണെങ്കിൽ, റോമാക്കാർക്ക് എതിരാണ് എന്ന് പീലാത്തോസിൻെറ മുമ്പാകെ അവനെ അവർക്കു കുറ്റപ്പെടുത്താനാവും.

## ഫലരഹിതമായ അത്തിവൃക്ഷം

**26.** അവൻ മറ്റൊരുപമ പറഞ്ഞു: *ഒരു മനുഷ്യൻ തൻെറ മുന്തിരിത്തോട്ടത്തിൽ ഒരത്തിവൃക്ഷം നട്ടുപിടിപ്പിച്ചു; എന്നിട്ട് അവൻ തോട്ടക്കാരോടു പറഞ്ഞു* (ലൂക്കാ 13:6-7). ഇത് നിയമത്തെപ്പറ്റിയാണ്. *ഇതാ മൂന്നു വർഷമായി ഞാൻ ഈ അത്തിവൃക്ഷത്തിൽ നിന്ന് ഫലം അന്വേഷിക്കുന്നു* (13:7). ഇത് ഇസ്രായേൽക്കാർക്കുണ്ടായ മൂന്ന് അടിമത്തങ്ങളെ കുറിക്കുന്നു. അവരെ നന്നാക്കാനായി അവർ തടവുകാരാക്കപ്പെട്ടെങ്കിലും, അവർ നന്നായില്ല. *ഞാൻ നിൻെറ മക്കളെ വെറുതെ തല്ലി, അവർ തിരുത്തൽ സ്വീകരിച്ചില്ല* (ജറ 2:30). ഇവയ്ക്കെല്ലാം ശേഷവും അവൻ അതിനോട് ക്ഷമാപൂർവം പെരുമാറി എന്നു കാണിക്കാൻ അവൻ തോട്ടക്കാരനോടു പറഞ്ഞു: *അതു വെട്ടി താഴെയിടുക. തോട്ടക്കാരൻ മറുപടി പറഞ്ഞു: യജമാനനേ, ഒരു വർഷംകൂടി അനുവദിച്ചാലും* (ലൂക്കാ 13:7-8). അവരോട് ക്ഷമാപൂർവം വർത്തിക്കാൻ അവൻ സമ്മതിച്ചു. എഴുപത് ആഴ്ചക്കാലത്തിനുവേണ്ടി ഉള്ളതായിരുന്നു ഇത്. കാരണം, അവരുടെ തിരിച്ചുവരവിൻെറ അവസരം മൂന്നു വർഷങ്ങൾ തികഞ്ഞിരുന്നു. ഇപ്രകാരം, അനുവദിച്ച ഒരു വർഷം, അവരെ ന്യായം വിധിക്കാൻ ഇരിക്കുന്നവൻെറ വരവിനുമുമ്പുള്ള സമയത്തെ സൂചിപ്പിക്കുന്നു. സിനഗോഗിൻെറ പ്രതീകമാണ് അത്തിവൃക്ഷം. വിശ്വാസത്തിൻെറ ഫലം അതിൽ അന്വേഷിച്ചെങ്കിലും അതിനു നൽകാൻ കഴിഞ്ഞത് അതിൽ ഉണ്ടായിരുന്നില്ല. *വിടവു നികത്താൻ കഴിവുള്ള ഒരുവനെ ഞാൻ അവരുടെ ഇടയിൽ തേടി, എന്നാൽ ഒരുവനെയും കണ്ടെത്തിയില്ല* എന്ന വചനം ഇവിടെ പൂർത്തിയായി (എസ 22:30).

**27.** മൂന്നുവർഷത്തോളം അവിടുന്ന് അവരുടെ ഇടയിൽ രക്ഷകനായി സ്വയം കാണിച്ചുകൊടുത്തു. *ഈ ജനത്തെ നശിപ്പിക്കാൻ എന്നെ അനുവദിക്കുക* എന്ന് പിതാവ് മോശയോടു പറഞ്ഞ മുൻസംഭവത്തിനു തുല്യമാണ് (പുറ 32:10) അത്തിവൃക്ഷം പിഴുതുകളയാൻ അവൻ ആഗ്രഹിച്ച സംഗതി. മാധ്യസ്ഥ്യത്തിന് അവന് ഒരവസരം നൽകി. ഇവിടെയും,

www.malankaralibrary.com



ഇതിനെ പിഴുതുകളയാൻ താൻ ആഗ്രഹിക്കുന്നു എന്ന് അവൻ തോട്ടക്കാരനെ കാണിച്ചു. തോട്ടക്കാരൻ തന്റെ അപേക്ഷ സമർപ്പിച്ചു; കാരുണ്യവാൻ തന്റെ കാരുണ്യം കാട്ടി. ഒരു വർഷത്തിനകം ഫലം തന്നില്ലെങ്കിൽ അത് പിഴുതെറിയപ്പെടും എന്ന് കല്പിച്ചു (ലൂക്കാ 13:7-9). മോശയെപ്പോലെ തോട്ടക്കാരൻ പ്രതികാരവാചകം ചൊല്ലിയില്ല. മോശ മാധ്യസ്ഥ്യം വഹിച്ചു, അത് അംഗീകരിക്കപ്പെട്ടു. അതിനുശേഷം അവൻ അവരോടു പറഞ്ഞു: *അവരുടെ നാശത്തിന്റെ ദിവസം അടുത്തിരിക്കുന്നു; അവർക്കു സംഭവിക്കാൻ പോകുന്നത് പെട്ടെന്ന് വന്നണയും"* (ആവ 32:35). നിയമജ്ഞരുടെ ഭാരമുള്ള കെട്ടുകൾ ദുഷിച്ചവയായിരുന്നു എങ്കിലും, അവരുടെ വാക്കുകൾ വഹിക്കുന്നതിന് ഭാരമുള്ളവ ആയിരുന്നില്ല. അവരുടെ വാക്കുകൾ അശുദ്ധമായിരുന്നു. എങ്കിലും, ഒരു വിരലിലൂടെ അവരുടെ വിരലുകൾ ശുദ്ധിയുള്ളത് ആയിരുന്നു (മത്താ 23:2-4). തോട്ടക്കാരൻ പരിഗണിച്ചതിനും തോട്ടത്തിന്റെ ഉടമസ്ഥൻ സമ്മതിച്ചതിനും തുല്യമാണിത്. അത്തിവൃക്ഷത്തിന്റെ സ്വഭാവം പഠിക്കാൻ തോട്ടക്കാരന് അവൻ സമ്മതം നൽകിയെങ്കിലും അവന് നേരത്തെ തന്നെ അതിന്റെ പ്രകൃതം അറിയാമായിരുന്നു. കാരണം, അവൻ മൂന്നു വർഷംകൊണ്ട് വരികയും അതേപ്പറ്റി തിരക്കുകയും തോട്ടക്കാരനുള്ള അറിവ് പരിശോധിക്കുകയുമായിരുന്നു. യഹൂദർ കളകളാണെന്ന് നാം പറയുന്നില്ല; കാരണം തെരഞ്ഞെടുക്കപ്പെടാൻ കഴിവുള്ളവരായിരുന്നു അവർ; അവർ നല്ല ഗോതമ്പുമണികളുമല്ല, കാരണം, അവർ നിരസിക്കപ്പെടാം.

## യേശു പെരുന്നാളിന് ജറുസലേമിലേക്കു പോകുന്നു

**28.** ഈ പെരുന്നാളിന്റെ അവസരം ഞാൻ പോകുന്നില്ല (യോഹ 7:8). അതായത് കുരിശിലേക്ക്. "പെരുന്നാളിന്" എന്ന് അവിടുന്നു പറഞ്ഞില്ല; പിന്നെയോ, *പെരുന്നാളിന്റെ അവസരം.* കാരണം, *തന്റെ സഹോദരന്മാർപോലും അവനിൽ വിശ്വസിച്ചിരുന്നില്ല* (7:5). *ആരും ഒന്നും രഹസ്യമായി ചെയ്യുന്നില്ലല്ലോ* എന്ന് അവർ അവനോടു പറഞ്ഞു(7:3-4). അവനെ പിടിച്ചുകൊടുക്കാൻ വേണ്ടി അവർ അവനെ അന്വേഷിക്കുകയായിരുന്നു. അതുകൊണ്ട് അവൻ അവരെ പറ്റിച്ചു. *ഞാൻ പോകുന്നില്ല.* എന്നാൽ, തന്നെ അവർ പിടിച്ചുകൊടുക്കാൻ പോകുന്നു എന്ന സംഗതി ഉറപ്പിക്കപ്പെടാൻ വേണ്ടി, അവൻ രഹസ്യമായി പോയി (7:10).

www.malankaralibrary.com


**29.** *നിങ്ങൾ എന്തിനാണ് എന്നെ കൊല്ലാൻ അന്വേഷിക്കുന്നത്* (7:19). നമ്മുടെ കർത്താവിൽ മൂന്നു തരത്തിലുള്ള അസ്തിത്വം ഉണ്ടായിരുന്നു. ഒന്നാമത്തേത്, തൻെറ അനന്യമായ ദൈവത്വം; രണ്ടാമത്തേത്, തൻെറ ദൈവത്വവും തൻെറ മനുഷ്യത്വവും ഒന്നിച്ച്; മൂന്നാമത്തേത്, മനുഷ്യത്വം തനിച്ച്. *ആദിയിൽ വചനവും ദൈവവും ഉണ്ടായിരുന്നു* (1:1) *താഴേക്ക് ഇറങ്ങിവന്ന മനുഷ്യപുത്രനല്ലാതെ ആരും സ്വർഗത്തിലേക്ക് കയറിപ്പോയിട്ടില്ല* (3:13). *നിങ്ങൾ എന്തിനാണ് എന്നെ കൊല്ലാൻ അന്വേഷിക്കുന്നത്* (7:19).

# 15

## ധനവാൻ

**1.** മാധുര്യമുള്ള നാവിൻെറ കൈക്കൂലിയോടുകൂടി, മുഖസ്തുതിയുടെ രീതിയിൽ, ധനവാൻ ന്യായാധിപൻെറ പക്കലേക്കു കടന്നുവന്നു. തൻെറ ന്യായവിധിയിൽ കൈക്കൂലിയോ, കാപട്യമോ ഇല്ല എന്ന് ന്യായാധിപൻ കാണിച്ചുകൊടുത്തു. *നീ എന്തുകൊണ്ട് എന്നെ നല്ലവൻ എന്നു വിളിക്കുന്നു?* (മർക്കോ 10:18). നീ എന്നിൽ നിന്ന് പഠിക്കാൻ ആഗ്രഹിക്കുന്നതു സംബന്ധിച്ച് ഞാൻ നീതിമാൻ ആയതിനാലാണോ? നീതിമാൻ പാപിനിക്ക് നല്ലവൻ ആയിരുന്നു; കാരണം, ക്ഷമിക്കുന്നവൻ എന്ന നിലയിലാണ് അവൾ അവൻെറ പക്കലെത്തിയത്. എന്നാൽ ധനവാൻ അവൻെറ പക്കലെത്തിയത് നിയമദാതാവിൻെറ പക്കലേക്ക് എന്ന വണ്ണമാണ്. അവൻ നിയമം അവതരിപ്പിച്ച നിമിഷം അവിടുന്ന് തൻെറ കാരുണ്യം തടഞ്ഞുവച്ചു. അവൻ പറഞ്ഞു: *കൊല്ലുന്ന ഏതൊരുവനും കൊല്ലപ്പെടും* (പുറ 21:12); *ജീവിക്കാനായി ഞാൻ എന്തു ചെയ്യണം?* (മർക്കോ 10:17). തൻെറ നീതിയുടെ ശക്തി ന്യായാധിപൻ അവനു വെളിപ്പെടുത്തി. കാരണം, താൻ നിയമത്തിലെ അനുഷ്ഠാനങ്ങളെല്ലാം പാലിക്കുന്നു എന്നു നിയമം പാലിക്കുന്നവൻ വെളിവാക്കിയപ്പോൾ, അവൻെറ സന്നിധിയിൽ നിയമദാതാവ് സന്തോഷിച്ചു (10:21). പ്രാരംഭ മുഖസ്തുതിയിൽ കഴമ്പില്ലെന്നും നിയമാനുഷ്ഠാനമാണ് പ്രയോജനപ്രദമെന്നും അവൻ കാണിച്ചുകൊടുത്തു: *നിത്യജീവനിൽ പ്രവേശിക്കാൻ നിനക്ക് ആഗ്രഹം ഉണ്ടെങ്കിൽ, കല്പനകൾ പാലിക്കുക* (മത്താ 19:17).

www.malankaralibrary.com



തൻെറ കാപട്യത്തിലൂടെ അനേകരെ "നല്ലവർ" എന്നു വിളിക്കാൻ മുഖസ്തുതിക്കാരൻ പഠിച്ചിരുന്നു. എന്നാൽ, പുത്രനാകട്ടെ, ഒരുവനെ മാത്രമേ നല്ലവനായി അറിഞ്ഞിരുന്നുള്ളു. എങ്ങനെ നന്മ പ്രവർത്തിക്കണം എന്നു മറ്റാരിൽനിന്നും പഠിക്കേണ്ട ആവശ്യമില്ലാത്ത രീതിയിൽ അവൻ നല്ലവൻ ആയിരുന്നു. മുഖസ്തുതിയുടെ രീതിയിൽ ധനവാൻ പുത്രനെ ബഹുമാനിച്ച ഈ നാമം, സത്യമായും പിതാവിനെ ബഹുമാനിക്കാൻ പുത്രൻ ഉപയോഗിച്ചു; അവനെ പ്രസാദിപ്പിക്കാനല്ല, പിന്നെയോ, അവനു സാക്ഷ്യംവഹിക്കാൻ.

**2.** കൂടാതെ, ജനങ്ങൾ തങ്ങളുടെ സ്നേഹിതരെ ബഹുമാനസംജ്ഞകൾകൊണ്ട് മാനിക്കുന്നതുപോലെ, കർത്താവിനെ പരിഗണിക്കുന്ന വിധത്തിലാണ് ധനവാൻ അവനെ *നല്ലവൻ* എന്നു വിളിച്ചത്. താൻ പേരിലല്ല, സ്വഭാവത്താലെയും ജന്മനാതന്നെയും പിതാവിൽ നിന്ന് നന്മ സ്വീകരിച്ചവനാണ് എന്നു കാണിക്കാനായി, തന്നെ ജനങ്ങൾ പരിഗണിച്ചതിൽ നിന്ന് കർത്താവ് ഓടിപ്പോയി. *ഒരുവൻ മാത്രമേ നല്ലവനായിട്ടുള്ളു* എന്ന് അവിടുന്നു പറഞ്ഞു (മത്താ 19:17). അതുകൊണ്ട് അവസാനിപ്പിക്കാതെ അവൻെറ പുത്രനും അവനു തുല്യനാകയാൽ നല്ലവനാണ് എന്നു കാണിക്കാനായി *പിതാവ്* എന്നും കൂട്ടിച്ചേർത്തു. സാധാരണ നല്ല പ്രബോധകരിൽ ഒരുവൻ എന്ന നിലയിലാണ് ധനവാൻ അവിടുത്തെ *നല്ലവനായ ഗുരോ* എന്നു വിളിച്ചത് (മർക്കോ 10:17). *പിതാവായ ദൈവം അല്ലാതെ* നീ ചിന്തിക്കുന്നതുപോലെ *നല്ലവൻ ആരുമില്ല* (10:18). താൻ ആരെപ്പറ്റിയാണ് സംസാരിക്കുന്നത് എന്നു കാണിക്കാൻ, *ദൈവം* എന്ന് അവിടുന്നു പറഞ്ഞു. പുത്രനെക്കൂടാതെ ദൈവത്തെ, പിതാവ് എന്ന് വിളിക്കാൻ സാധ്യമല്ല എന്നു കാണിക്കാൻ *പിതാവ്* എന്നും അവൻ പറഞ്ഞു. ആകാശത്തിൽ അനേകം ദൈവങ്ങളെ പ്രതിഷ്ഠിക്കാൻ അവർ തല്പരർ ആയിരുന്നതിനാൽ, അവൻ പറഞ്ഞു: *സ്വർഗത്തിലുള്ള പിതാവ് അല്ലാതെ നല്ലവൻ ആരുമില്ല.* ഞാൻ ദൈവവും ദൈവവുമല്ല, പിന്നെയോ, ദൈവത്തിൽ നിന്നുള്ള ദൈവമാണ്. ഞാൻ നന്മയോടു ചേർന്ന നന്മയല്ല, പിന്നെയോ, നന്മയിൽ നിന്നുള്ള നന്മയാണ്. ഇതുകൊണ്ടാണ് അവിടുന്ന് *പിതാവ്* എന്നു പറഞ്ഞത്. ഒരു മരം നല്ലതാണെന്ന് കേൾക്കുമ്പോൾ, അതിൻെറ ഫലത്തെപ്പറ്റിയും നാം ഉടനെ ചിന്തിക്കും. അതുകൊണ്ട്, നിയമത്തിൽ നിന്ന് പ്രബോധനം സ്വീകരിക്കാൻ നിയമത്തിൻെറ പുത്രൻ കടന്നുവന്നപ്പോൾ, നിയമത്തിൽ നിന്നെന്നവണ്ണം അവിടുന്ന് അവനോടു പറഞ്ഞു: *ഞാൻ ആകുന്നു; ഞാൻ*

www.malankaralibrary.com



*അല്ലാതെ മറ്റാരുമില്ല* (ആവ 32:39). അതുപോലെ ഇവിടെയും: *ഒരുവൻ അല്ലാതെ നല്ലവൻ ഇല്ല: ഇസ്രായേലേ, ശ്രവിക്കുക, നിങ്ങളുടെ ദൈവ മായ കർത്താവ് ഏകനാകുന്നു.* എന്നതുപോലെ (6:4), രണ്ടു പ്രസ്താ വനകളും അർത്ഥത്തിൽ ഒന്നുതന്നെ.

**3.** നിയമത്തിൻെറ അനുഗ്രഹങ്ങൾക്കനുസൃതം അവൻ ധനവാനായി രുന്നു; നിയമം വാഗ്ദാനം ചെയ്ത ഭൗമിക സമ്പത്തിൽ അവന് ആത്മ വിശ്വാസവും ഉണ്ടായിരുന്നു. അതുകൊണ്ട് തൻെറ സമ്പത്തിനും തൻെറ പ്രവൃത്തികൾക്കും കർത്താവിൽ നിന്ന് അംഗീകാരം കിട്ടുമെന്നുള്ള ആത്മവിശ്വാസത്തോടുകൂടിയാണ് അവൻ വന്നത്. അവൻ നിയമം സംബന്ധിച്ച് അവിടുത്തോടാരാഞ്ഞു. കാരണം, നിയമം കാക്കുന്നവർക്ക് ഇവിടെ ഭൂമിയിൽ എന്തു പ്രതിഫലം കിട്ടും എന്ന് അതിനുശേഷം ചോദി ക്കാനായി, അവൻ ഒരുങ്ങിവന്നിരിക്കുകയായിരുന്നു. എന്നാൽ അവൻെറ നിയമാനുഷ്ഠാനത്തിൽ നിന്ന് നമ്മുടെ കർത്താവ് അല്പം പിറകോട്ടു മാറി. *ഇനിയും എനിക്കെന്തു കുറവുണ്ട്* എന്നു ചോദിക്കാനാണ് അവൻ കടന്നുവന്നത്. പൗലോസിനെപ്പോലെ അവൻ നിയമത്തിൽ പരിപൂർണ നായിരുന്നു. നിയമത്തിലെ ബാക്കി സംഗതികൾ സംബന്ധിച്ച് കർത്താവ് അവനു മറുപടി നൽകുമെന്ന് അവൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ അവൻ കേൾക്കാൻ പ്രതീക്ഷിച്ചിരുന്നതല്ല, കേൾക്കാൻ ഇഷ്ടപ്പെടാത്ത, കേൾക്കണമെന്ന് അവൻെറ മനസിൽ കടന്നുകൂടിയിട്ടുപോലുമില്ലാത്ത, സംഗതിയാണ് കർത്താവ് അവൻെറ മുമ്പിൽ അവതരിപ്പിച്ചത്. നിയമ ത്തിൻെറ പൊരുൾ കർത്താവ് അവന് പറഞ്ഞുകൊടുത്തു; അതോടു കൂടി യഥാർത്ഥപോഷണത്തിൻെറ മുദ്രയും കൂട്ടിച്ചേർത്തു: "നീ പോയി നിൻെറ ഈ ഭൗമികസമ്പത്ത് സ്വർഗത്തിൽ നിക്ഷേപിക്കുക; അതിൽ നിൻെറ ആശ്രയം വയ്ക്കുക; കാരണം, അതു നിനക്കായി സംരക്ഷിക്ക പ്പെടും" (മത്താ 19:21). അത് ഭൂമിയിൽ ആയിരിക്കുന്നിടത്തോളംകാലം, അതിൽ ആശ്രയം വയ്ക്കുന്നതിൽ നീ തെറ്റുചെയ്യുന്നു. *കാരണം, നിൻെറ നിക്ഷേപം എവിടെയോ അവിടെ ആയിരിക്കും നിൻെറ ഹൃദയം* (6:21); ഭൂമിയിൽ ആയിരിക്കുകയില്ല. അങ്ങനെ, ശിശുക്കളുടെ തേനിനും പാലിനും പകരം പരിപൂർണരുടെ ആണികളും കുരിശും കർത്താവ് അവൻെറ മുമ്പിൽ അവതരിപ്പിച്ചു.

**4.** അവൻെറ ഹൃദയംമുഴുവൻ ഭൂമിയിൽ ആമഗ്നമായിരിക്കുന്നു എന്ന് ആരംഭംമുതലേ കർത്താവ് കണ്ടു. അതിനാൽ അവിടുന്ന് അവനെ ഞെട്ടി

www.malankaralibrary.com


ക്കുകയും ഭൂമിയിലെ പൊടിയിൽ നിന്നുയർത്തി സ്വർഗോന്മുഖമായി ഓടിക്കുകയും ചെയ്തു. *സ്വർഗസ്ഥനായ ഒരുവൻ അല്ലാതെ നല്ലവൻ ആരുമില്ല* (മർക്കോ 10:18). ഭൂമിക്കു പകരം അവിടുന്ന് അവന്റെ മുമ്പിൽ സ്വർഗവും, അവന്റെ പിതാക്കന്മാർക്കുപകരം ഏകപിതാവിനെയും അവതരിപ്പിച്ചു. ഒരുവൻ മാത്രമാണ് നല്ലവനെങ്കിൽ, അവൻ സ്വർഗ സ്ഥൻ ആണെങ്കിൽ, നീ സ്നേഹിക്കുന്ന നല്ലവനിലേക്ക്, ഭൂമിയിൽ നിന്ന് നിന്റെ സ്നേഹത്തെ നീ ഉയർത്തുക. എന്നാൽ അവൻ പിന്തിരിഞ്ഞപ്പോൾ നമ്മുടെ കർത്താവു പറഞ്ഞു: *തങ്ങളുടെ സമ്പത്തിൽ ആശ്രയം വയ്ക്കുന്നവർക്ക് ഇതു പ്രയാസമാണ്* (10:24). ഭൂമിയാണ് സമ്പത്ത് എന്നു കരുതി അവർ അതിലാശ്രയം വച്ചു. അതുകൊണ്ട് അവർക്ക് ഇതു പ്രയാസമായിരിക്കും എന്ന് അവിടുന്നു വിശദീകരിച്ചു. എന്തുകൊണ്ടെന്നാൽ കുരിശിലൂടെയാണ് മനുഷ്യർ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നത്. നിന്റെ ന്യായാധിപനായ എനിക്കുവേണ്ടി നീ ഫലം പുറപ്പെടുവിക്കുന്നില്ലെങ്കിൽ, നിനക്ക് നിത്യജീവൻ ലഭിക്കുകയില്ല എന്ന് അവിടുന്ന് അരുൾചെയ്തു: *നിനക്ക് ഒന്നു കുറവുണ്ട്* (10:21). അതുകൊണ്ട്, പഴയക്രമത്തിൽ കുറവുണ്ടായിരുന്നത് പുതിയതിൽ നികത്തപ്പെട്ടു. അതിനാലാണ്, *ഇവ പൂർത്തിയാക്കാൻ ഞാൻ വന്നിരിക്കുന്നു* എന്ന് അവിടുന്നു പറഞ്ഞത്. "സ്വന്തമാക്കി ധനവാൻ ആകുക" എന്നു പറഞ്ഞുകൊണ്ട് നിയമം അനുഗ്രഹിക്കുന്നു (ആവ 28:1-16). നിയമത്തിൽ നിന്റെ പരിപൂർണതയുടെ അഭാവം ഉള്ളതിനാൽ, *നിനക്ക് ഒന്നു കുറവുണ്ട്* എന്നു പറഞ്ഞുകൊണ്ട് നീ ഞങ്ങളുടെ സമ്പാദ്യങ്ങൾ ഞങ്ങളിൽ നിന്ന് എടുത്തുകളയുന്നു.

**5.** അതുകൊണ്ട്, തന്റെ സമ്പാദ്യങ്ങൾ കൊടുക്കുന്നവനും, ഒന്നും മോഷ്ടിക്കപ്പെടാതിരിക്കാൻ അതു സംരക്ഷിക്കാൻ വേണ്ടതു ചെയ്യുന്നവനും ഒന്നുതന്നെ എന്നറിയുക. ഒരാൾ തന്റെ സമ്പത്ത് ഭൂമിയിൽ വിതരണം ചെയ്യുന്നു; മറ്റെയാൾ സ്വർഗത്തിൽ നിക്ഷേപം ഒരുക്കുന്നു. ഇപ്രകാരം നിയമം ഭൂമിയിലെ സമ്പാദ്യങ്ങൾ അവകാശമായി നൽകി; എന്നാൽ നമ്മുടെ കർത്താവ്, ഉന്നതത്തിലെ സമ്പാദ്യങ്ങൾ നൽകി. അതായത്, രണ്ടും തങ്ങളുടെ സമ്പാദ്യങ്ങൾ വിതരണം ചെയ്തു. കൊലപാതകത്തിലൂടെ ഭൗമികസമ്പാദ്യം അവകാശപ്പെടുത്താനാവും; എന്നാൽ കൊല്ലപ്പെടുന്നവർ ഉന്നതത്തിൽ സമ്പാദ്യം സ്വന്തമാക്കുന്നു. വഴിയാത്രക്കാരെ സൽക്കരിക്കുന്നതിന് അവർക്കു കഴിയുന്നതിനും യഹൂദർ തങ്ങളുടെ പൂർവപിതാക്കന്മാരെപ്പോലെ ആയിത്തീരുന്നതിന് അവരെ

www.malankaralibrary.com



പ്രേരിപ്പിക്കുന്നതിനുംവേണ്ടി ദൈവം പൂർവപിതാക്കന്മാർക്കു സമ്പാദ്യം നൽകി. എന്നാൽ മക്കൾ പിതാക്കന്മാരുടെ സമ്പത്തുമാത്രം കണ്ടു; അവരുടെ നീതി അവരുടെ കണ്ണിൽ പെട്ടില്ല. വിജാതീയരാകട്ടെ, അവരുടെ സമ്പത്ത് കണ്ടില്ല, എന്നാൽ അവരുടെ നീതി ദർശിച്ചു. കാരണം, *ഇതു ചെയ്യുക, നീ ജീവിക്കും* എന്ന് നീ പറഞ്ഞിരിക്കുന്നു (ലൂക്കാ 10: 28). ഇത് എത്രമാത്രം ദുഷ്കരമാണ്? പരിപൂർണരുടെ, ക്രൂശിക്കപ്പെട്ടവരുടെ വാതിലിലൂടെ രാജ്യത്തിൽ പ്രവേശിക്കുക അവർക്ക് ദുഷ്കരമാണ്. കന്യകകളുടെ കവാടംപോലെ അത്മായരുടെ കവാടവും ഉണ്ട്. തങ്ങളുടെ കവാടത്തിലൂടെ അത്മായർക്ക് രാജ്യത്തിൽ പ്രവേശിക്കാം. എന്നാൽ കന്യകകളുടെ കവാടത്തിലൂടെ കടക്കുക അവർക്കു ദുഷ്കരമാണ്. കടക്കുവാൻ *പ്രയാസമാണ്* എന്നാണ് നമ്മുടെ കർത്താവ് പറഞ്ഞത്, അല്ലാതെ അസാധ്യമാണ് എന്നല്ല.

**6.** കാരണം തേടി നടന്ന ഫരിസേയർ, ഒരു കാരണം കണ്ടുപിടിക്കാൻ ശ്രമിക്കുകയായിരുന്നു. അതനുസരിച്ച്, നിയമത്തിൽ നമ്മുടെ കർത്താവ് അവതരിപ്പിച്ച പരിപൂർണത നിയമത്തെ നീക്കിക്കളയുന്നതാണോ എന്ന് കർത്താവിനെ പരീക്ഷിക്കാൻ തങ്ങളിലൊരുവനെ അവർ അയച്ചതായിരുന്നു. എന്നാൽ, *ഒരുവൻ മാത്രമേ നല്ലവൻ ഉള്ളൂ* എന്നു പറഞ്ഞുകൊണ്ട് നമ്മുടെ കർത്താവ് ഞൊടിയിടകൊണ്ട് പരീക്ഷകൻെറ വായ് അടച്ചുകളഞ്ഞു. രണ്ടാമതായി, *കല്പനകൾ നിനക്കറിയില്ലേ* എന്ന് ചോദിച്ചുകൊണ്ട് പേരെടുത്തു പറയാതിരിക്കാനായി, അന്യവൽക്കരണത്തെ അവിടുന്നു നിയന്ത്രിച്ചു. കാരണം, തനിക്കു മുമ്പുതന്നെ ജീവദായകമായ കല്പനകൾ ഉണ്ടായിരുന്നെന്നും ജീവിപ്പിക്കുന്നതിന് അവ ഇപ്പോഴും പര്യാപ്തമാണെന്നും അവിടുന്നു കാണിച്ചു. മൂന്നാമതായി, *അവിടുന്ന് അവനെ വാത്സല്യപൂർവം നോക്കി* എന്നതിൽ നിന്ന് (10:21), പഴയനിയമം പൂർണമായി അനുസരിച്ചവർ തനിക്കെത്ര പ്രിയംകരർ ആണെന്ന് അവിടുന്നു കാണിച്ചു. അതുകൊണ്ട്, *ഒരു കാര്യം നിനക്കു കുറവുണ്ട്* എന്ന് അവിടുന്ന് അരുൾചെയ്തു (10:21). അവൻ വന്നത് വൃഥാ ആയില്ലെന്നും, പഴയനിയമത്തിൽ കുറവുള്ളത് പുതിയതിൻെറ പരിപൂർണതയ്ക്ക് അന്യമല്ലെന്നും അവനെ കാണിക്കാനായിരുന്നു ഇത്. *ഞാൻ ഇവയെല്ലാം പാലിക്കുന്നു* എന്ന് ആ ഫരിസേയൻ പറഞ്ഞത് (മത്താ 19:20) കളവായിരുന്നെങ്കിൽ, ഞാൻ തുടർന്നും അതു പാലിക്കുന്നതാണ് എന്ന് നുണ പറയുന്നതിൽ നിന്ന് അവനെ നിയന്ത്രിച്ചത് എന്താണ്? നുണയന് വീണ്ടും നുണ പറയാൻ ഒരു മടിയുമില്ല. "ഞാൻ ഇവയെല്ലാം പാലി

www.malankaralibrary.com



ക്കുന്നു" എന്നു പറയാൻ അവൻ ലജ്ജിച്ചില്ലെങ്കിൽ, അവൻ അവ പാലിച്ചിട്ടില്ല എന്ന് അറിയാവുന്നവർ നിമിത്തം അവൻ ലജ്ജിച്ചു കാണു കയില്ലേ?

**7.** രണ്ടാമതായി, *അവൻ ദുഃഖിതനായി കടന്നുപോയി എന്ന് നമ്മുടെ കർത്താവ് കണ്ടപ്പോൾ* (ലൂക്കാ 18:23-24) എന്ന വാക്കുകളിൽ നിന്ന്, അവൻ യഥാർത്ഥത്തിൽ ദുഃഖിതനായിരുന്നു എന്നു വ്യക്തമാണ്. അവൻ യഥാർത്ഥത്തിൽ നുണ പറയുകയായിരുന്നെങ്കിൽ, അവൻ ദുഃഖി തനാകുമായിരുന്നില്ല; കാരണം, അവൻ കല്പന കാക്കാൻ തയാറാകു മായിരുന്നില്ല. എന്നാൽ, പരിപൂർണനൻ എന്ന് സ്വയം പരിഗണിക്കുന്നവൻ എന്ന നിലയിൽ പുകഴ്ചയ്ക്കുള്ള അവകാശവാദവുമായിട്ടത്രേ അവൻ കടന്നുവന്നത്. എന്നാൽ തനിക്ക് എന്തോ കുറവുണ്ട് എന്നു കണ്ടപ്പോൾ, തൻെറ അഹന്തയുടെ ഹേതു തന്നെ വിട്ടുപിരിഞ്ഞതിനാൽ, അവൻ ദുഃഖിതനായിത്തീർന്നു. നിയമത്തിൻെറ അഹന്തയ്ക്കനുസൃതം തൻെറ നീതിക്കുവേണ്ടി അവൻ അധ്വാനിച്ചു; അതിനെപ്രതി നല്ല വസ്തുക്കൾ അവനു ലഭിക്കുകയും ചെയ്തു. പരിപൂർണതയെ ലക്ഷ്യമാക്കി ഓടുന്ന വർ തനിക്ക് എത്ര പ്രിയംകരരാണ് എന്നു കാണിക്കാനായി, *അവിടുന്ന് അവനെ വാത്സല്യപൂർവം നോക്കി* (മത്താ 10:21). *അവനെ അവിടുന്ന് നോക്കി* എന്ന വാക്കുകൾ, താഴെയുള്ളതിനെ ശ്രദ്ധിക്കുന്ന കാര്യം അവതരിപ്പിക്കുന്നു; എന്നാൽ ഉപരിസ്ഥമായതിനെയും പരിഗണിക്കുന്ന കാര്യം അതിലുണ്ട്. ഉന്നതതലത്തിലേക്ക് പുരോഗമിക്കുന്നവർ തനിക്ക് എത്ര പ്രിയംകരരാണ് എന്നു കാണിക്കാനാണ് *വാത്സല്യപൂർവം* എന്നു കൂട്ടിച്ചേർത്തിരിക്കുന്നത്.

**8.** *നല്ലവനായ ഗുരോ* എന്നു വിളിച്ചതിലൂടെ (മർക്കോ 10:17) അവൻ നമ്മുടെ കർത്താവിന് ഒരു സമ്മാനം മുൻകൂട്ടി നൽകുകയായിരുന്നു. എന്നാൽ സത്യം ശ്രവിക്കുകയും സംസാരിക്കുകയും ചെയ്യുന്നതാണ് ശരി എന്ന് അവനെ കാണിക്കാൻ, നമ്മുടെ കർത്താവ് മുഖസ്തുതിക്കുള്ള ഈ അവസരം നീക്കിക്കളഞ്ഞു. *അവിടുന്ന് അവനെ വാത്സല്യപൂർവം നോക്കിയത്* (10:21), അവൻ അതിലൂടെ പരിപൂർണതയിലേക്ക് കൂടു തൽ അടുത്തുവരാനായി ആകർഷിക്കപ്പെടുന്നതിനായിരിക്കാം; മുൻ കാല കല്പനകളും ഇതിനാലാണല്ലോ അനുഷ്ഠിക്കപ്പെട്ടത്. മുൻകാല കല്പനകൾ അനുഷ്ഠിക്കപ്പെട്ടത്, ഇവിടെ താഴെയുള്ള നന്മകളുടെ പ്രതീക്ഷയിലാണ്. അവൻെറ നീതി, നിയമം അനുസരിച്ച് ആയിരുന്നതി നാൽ, തൻെറ നീതിക്കുള്ള പ്രതിഫലമായി തൻെറ സമ്പത്തിനെ കരുതി

www.malankaralibrary.com



അതിൽ ആശ്രയം വച്ചു. അതുകൊണ്ട്, ധനവാന്മാർക്കും ഇതിൽ ആശ്രയിക്കുന്നവർക്കും പ്രയാസമാണ് (10:23-24); കാരണം, തങ്ങളുടെ പ്രവൃത്തികൾക്ക് അർഹമായ സമ്മാനമാണ് തങ്ങളുടെ സമ്പത്ത്. തങ്ങളുടെ നീതിയുടെ പ്രതിസമ്മാനമാണ് തങ്ങളുടെ സമ്പത്ത് എന്നു കരുതുന്നവർക്ക് യഥാർത്ഥത്തിൽ അവയെ വിട്ടുപിരിയാൻ കഴിയുകയില്ല. ആരംഭത്തിൽ തന്നെ അവൻ നിന്ദാപൂർവം എന്നോടു സംസാരിക്കുകയും, ഓരോ കാരണം പറഞ്ഞ് എന്നെ തള്ളിക്കളയുകയും ചെയ്യുകയായിരുന്നു എന്ന് ധനവാൻ പറയാതിരിക്കാനായി, *ഒരുവൻ മാത്രമേ നല്ലവനായിട്ടുള്ളൂ* എന്ന് കർത്താവ് അവനോടു പറഞ്ഞു (മത്താ 19:17). നല്ലവൻെറ പുത്രൻ എന്നു വിളിക്കപ്പെടുന്നവൻ അതുകൊണ്ട് നല്ലവൻ അല്ലേ? താൻ തള്ളിക്കളയുന്നത് തൻെറ സ്വാർത്ഥതയെ തന്നെയാണ് എന്ന് ധനവാനെ കാണിക്കാൻവേണ്ടിയാണ് *അവിടുന്ന് വാത്സല്യപൂർവം അവനെ നോക്കിയത്* (10:21). കാരണം, പട്ടുവസ്ത്രം ധരിച്ച ധനവാൻ ഇവനാണ് (ലൂക്കാ 16:19). *എൻെറ പിതാവായ അബ്രഹാമേ,* എന്ന് അവൻ പറഞ്ഞതിൽ നിന്നും (16:19), *അവർക്കു മോശയും പ്രവാചകന്മാരും ഉണ്ടല്ലോ* എന്നതു നിമിത്തവും (16:29) അവനൊരു ഇസ്രായേൽ പുത്രനാണ് എന്നു കാണുക.

**9.** *ഒരുവൻ അല്ലാതെ നല്ലവൻ ആരുമില്ല* (മർക്കോ 10:18). കർത്താവേ, നീ നല്ലവൻ അല്ലേ? *നല്ലവൻ ഒരുവൻ, സ്വർഗസ്ഥനായ പിതാവ്* (മത്താ 19:17). നിൻെറ വരവ് കൃപയുടേതല്ലേ? *ഞാൻ എൻെറ സ്വന്ത ഇഷ്ടത്താൽ വന്നതല്ല* (യോഹ 7:28). നിൻെറ മനോഹര കർമങ്ങൾ നല്ലവൻേറതല്ലേ? *എന്നിലുള്ള എൻെറ പിതാവ് ഈ കർമങ്ങൾ ചെയ്യുന്നു* (7:28). നിൻെറ പുതിയ പ്രഘോഷണം കൃപയുടേതല്ലേ? *എങ്ങനെ സംസാരിക്കണമെന്നും എന്തുപറയണമെന്നും എന്നെ അയച്ച പിതാവ് എന്നോട് കല്പിച്ചിരിക്കുന്നു* (12:49). എന്നാൽ, നിൻെറ വരവും, നിൻെറ വാക്കുകളും പ്രവൃത്തികളും പിതാവിൽ നിന്നാണെങ്കിൽ, നല്ലവനിൽ നിന്നുള്ള നീയും നല്ലവനല്ലേ? *നിൻെറ നല്ല ആത്മാവ് എന്നെ നയിക്കും* എന്ന് ആത്മാവിനെപ്പറ്റി പ്രവാചകനും പറഞ്ഞിരിക്കുന്നു (സങ്കീ 143:10). അതുകൊണ്ട്, ധനവാനാണ് പുറംതിരിഞ്ഞ് കടന്നുകളഞ്ഞത്. അവൻെറ പോക്കിനെ സംബന്ധിച്ച് കുറ്റപ്പെടുത്തത്തക്കവിധം അവൻ തിരിഞ്ഞു പോകാനായി, നമ്മുടെ കർത്താവ് വഴിയൊരുക്കിയില്ല. അവിടുന്ന് പുതിയൊരു കല്പന നൽകാൻ തുടങ്ങുകയായിരുന്നു. അവിടുന്ന് നിയമത്തെ ഉറപ്പിക്കുകയും നിയമദാതാവിനെ ബഹുമാനിക്കുകയും ചെയ്തു.

www.malankaralibrary.com



കർത്താവ് അവയിലേതിനെങ്കിലും എതിരായിരുന്നു എന്നോ പുതിയൊരു അന്യത അവതരിപ്പിക്കുക പോലുമായിരുന്നെന്നോ ധനവാന് പറയാൻ കഴിയുമായിരുന്നില്ല. ദാരിദ്ര്യം തനിക്കു സ്വീകാര്യമാണെന്ന് അവിടുന്നു കാണിച്ചതു ശ്രദ്ധിക്കുക: *മാലാഖമാർ ലാസറിനെ അബ്രഹാമിന്റെ മടിയിലേക്ക് സംവഹിച്ചു* (ലൂക്കാ 16:22).

**10.** *എന്തുകൊണ്ട് എന്നെ നീ നല്ലവൻ എന്നു വിളിക്കുന്നു* (മർക്കോ 10:18). അവിടുന്ന് തന്റെ പിതാവിനെ ബഹുമാനിക്കുന്നു എന്നതിൽ തന്റെ താഴ്മയുടെ ഒരു ദൃഷ്ടാന്തമാണിത്. *ഞാൻ നല്ലവൻ ആയതുകൊണ്ട് നിങ്ങളുടെ കണ്ണ് ദുഷിച്ചുപോയോ* എന്നും (മത്താ 20:15), *നല്ലിടയൻ തന്റെ ആടുകൾക്കായി തന്റെ ജീവൻ സമർപ്പിക്കുന്നു* എന്നും (യോഹ 10:11) പറഞ്ഞുകൊണ്ട് മറ്റിടങ്ങളിൽ അവിടുന്ന് നല്ലവൻ എന്നു സ്വയം വിളിക്കുന്നു. *എന്തുകൊണ്ട് എന്നെ നീ നല്ലവൻ എന്നു വിളിക്കുന്നു?* ധനവാന്റെ അഭിപ്രായത്തിനു വിപരീതമായ ഒരു മറുപടിയാണ് നമ്മുടെ കർത്താവു നൽകിയത്; കാരണം, അവിടുന്ന് ഭൗമികനാണെന്നും, ഇസ്രായേലിലെ പ്രബോധകരിൽ ഒരുവനെപ്പോലെയാണെന്നും അവൻ കരുതി.

**11.** ദൈവം എന്നപോലെ ധനവാൻ അവിടുത്തെ നല്ലവൻ എന്നു വിളിച്ചു എങ്കിലും, മനുഷ്യനായിട്ടേ അവൻ അവിടുത്തെ കണ്ടുള്ളൂ. അതുകൊണ്ടാണ് *എന്തുകൊണ്ട് എന്നെ നീ നല്ലവൻ എന്നു വിളിക്കുന്നു* എന്ന് കർത്താവ് ചോദിച്ചത്. അതായത്, ഞാൻ മുകളിൽ നിന്ന് താഴേക്ക് ഇറങ്ങിവന്നതും നല്ലവന്റെ പുത്രൻ ആയിരിക്കുന്നതും നിനക്കു സത്യമാണെങ്കിൽ, നീയെന്നെ നല്ലവൻ എന്നു വിളിച്ചതു ശരിയായിട്ടു തന്നെ. എന്നാൽ, നീ ചിന്തിക്കുന്നതുപോലെ, ഞാൻ മണ്ണിൽ നിന്നാണെങ്കിൽ, നീയെന്നെ നല്ലവൻ എന്ന് തെറ്റായി വിളിച്ചു. ദൈവത്തെ നല്ലവൻ എന്നു വിളിക്കുകയും പിന്നെ ഈ സംജ്ഞ ഉപയോഗിക്കാതിരിക്കുകയും ചെയ്തെങ്കിൽ, അതേപ്പറ്റി ചർച്ചയ്ക്ക് അവസരം ഉണ്ടാകുമായിരുന്നു. എന്നാൽ, അവൻ അവിടുത്തെ ദൈവം എന്നല്ല, *ഗുരോ* എന്നാണ് വിളിച്ചത്. എന്നാൽ ശരിയായ പ്രബോധനം പഠിപ്പിക്കുകയും നീതിയും നെറിവും ഉണ്ടായിരിക്കുകയും ചെയ്യുന്ന പ്രബോധകരെല്ലാം നല്ലവർ എന്ന് വിളിക്കപ്പെടുമ്പോൾ, *നല്ല ഇടയൻ തന്റെ ആടുകൾക്കുവേണ്ടി സ്വന്തജീവൻ സമർപ്പിക്കുന്നു* എന്ന് തന്നെപ്പറ്റി പറഞ്ഞവന് എങ്ങനെ ഈ സംജ്ഞ നിഷേധിക്കാനാവും? (യോഹ 10:11). *നല്ലവരോട് കർത്താവ്*

www.malankaralibrary.com



*നല്ലവനായി പെരുമാറുന്നു* (സങ്കീ 18:26); *നല്ല വിത്തു വിതച്ചതു മനുഷ്യ പുത്രനാണ്; നല്ല വിത്ത് രാജ്യത്തിൻെറ മക്കളാണ്* (മത്താ 13:37-38). വിത്തു നല്ലതായിരിക്കുകയും വിതക്കാരൻ ദുഷ്ടനായിരിക്കുകയും ചെയ്യുക എങ്ങനെ സാധിക്കും? നല്ലവൻ എന്ന സംജ്ഞ നിഷേധിക്കുകയും അതേസമയം ആധിപത്യത്തിലും ദൈവത്വത്തിലും ആരാധനയിലും ഭാഗഭാക്കായിരിക്കുകയും ചെയ്യാൻ അവിടുത്തേക്ക് എങ്ങനെ കഴിയും? പ്രാമാണ്യത്തിനുള്ള പരക്കംപാച്ചിൽ നിമിത്തമാണ് മനുഷ്യകുലത്തിൽ എല്ലാ തിന്മകളും കയറിപ്പറ്റിയത്. ഇക്കാരണത്താലാണ് നമ്മുടെ കർത്താവ് ദൈവമുമ്പാകെയുള്ള അഹന്തയെ വെറുത്തത്; കാരണം, ഇതാണ് മനുഷ്യകുലത്തെ ദൈവതിരുമുമ്പാകെ വെറുക്കത്തക്കതാക്കുന്നത്. അതുകൊണ്ട് എളിമയിലൂടെ മനുഷ്യകുലം അതിൻെറ നേതാവായ നിയമത്തിൻെറ താല്പര്യങ്ങൾ അനുസരിച്ചു വ്യാപരിക്കുന്നതിന് അവിടുന്ന് മനുഷ്യകുലത്തിന് ഒരു നിയന്ത്രണമായി എളിമയെ സ്ഥാപിച്ചു.

## ധനവാനും ലാസറും

**12.** മരണം ധനവാനും ലാസറിനും ഒരുപോലെ ആയിരുന്നു. എന്നാൽ മരണാനന്തരമുള്ള പ്രതിസമ്മാനം ലാസറിന് ഒരുപോലെ ആയിരുന്നില്ല. ദാസന്മാർപോലും വഹിക്കാൻ കൂട്ടാക്കാഞ്ഞ ലാസറിനെ മാലാഖമാരുടെ കൈകൾ സംവഹിച്ചു. ധനവാൻ അവന് തൻെറ ഭവനത്തിൽ ഇടം കൊടുത്തില്ലെങ്കിലും, അവന് അബ്രഹാമിൻെറ മടി വാസസ്ഥലമായി ലഭിച്ചു. ആ ധനവാൻെറ പീഡനം രണ്ടുതരമായിരുന്നു. ഒന്നാമത്, അവൻെറ തന്നെ പീഡനങ്ങൾ; രണ്ടാമത്, ലാസർ സന്തുഷ്ടനായിരുന്നതു കാണുന്നതു നമിത്തമുള്ളത് (ലൂക്കാ 16:20-23). ധൂമ്രവസ്ത്രധാരിയുമായി കർത്താവ് യഹൂദപുരോഹിതരെ താരതമ്യപ്പെടുത്തി (16:19). ആ വസ്ത്രത്തേക്കാൾ താരതമ്യേന ബഹുമാന്യമായി മറ്റൊന്നും ഉണ്ടായിരുന്നില്ല. അവിടുന്ന് കുരിശിൻെറ ശിഷ്യരെ ലാസറുമായി താരതമ്യപ്പെടുത്തി. അവരേക്കാൾ താരതമ്യേന എളിയവരായി മറ്റാരും ഉണ്ടായിരുന്നില്ല. തൻെറ സ്നേഹിതനായ ലാസറിലൂടെ തൻെറ പ്രിയപ്പെട്ടവരുടെ പേര് അവിടുന്നു വെളിപ്പെടുത്തി. *അവർ മോശയെയും പ്രവാചകരെയും ശ്രവിക്കയില്ലെങ്കിൽ* എന്ന വാക്കുകളിലൂടെ ശത്രുക്കളുടെ പേരുകൾ വെളിപ്പെടുത്താനും അവിടുന്നാഗ്രഹിച്ചു (16:31). അതുകൊണ്ട്, ജീവിച്ചിരിക്കുന്നവരെല്ലാം ജീവനുള്ളവരല്ല, സംസ്കരിക്കപ്പെട്ടവരെല്ലാം മരിച്ചവരുമല്ല.

www.malankaralibrary.com



**13.** ധനവാൻ എത്രയധികം സമൃദ്ധിയിൽ ജീവിച്ചുവോ, അത്രയധികം ലാസർ നികൃഷ്ടനാക്കപ്പെട്ടു എന്നു കാണുക. ലാസർ എത്രയധികമായി താഴ്ത്തപ്പെട്ടുവോ, അത്രയധികം വലുതായിരുന്നു അവൻെറ കിരീടം. എന്തുകൊണ്ടാണ് എല്ലാ നീതിമാന്മാർക്കും ഉപരിയായി അബ്രഹാമിനെയും അവൻെറ മടിയിൽ ലാസറിനെയും അവൻ കണ്ടത്? (16:33). അബ്രഹാം ദരിദ്രരെ സ്നേഹിച്ചതുകൊണ്ടാണ് അവൻ അവനെ കണ്ടത്; ക്ഷമയുടെ ഫലങ്ങൾ നമ്മിൽ കണ്ടെത്തപ്പെട്ടില്ലെങ്കിൽ അന്ത്യത്തിൽ നാം ക്ഷമ പ്രതീക്ഷിക്കേണ്ടതില്ല എന്ന് പഠിപ്പിക്കാൻ വേണ്ടിയായിരുന്നു ഇത്. അബ്രഹാം പരദേശികളോട് കരുണയുള്ളവനായിരുന്നു; സോദോമിനെപ്പറ്റി സഹതാപമുണ്ടായിരുന്നു; എന്നാൽ ലാസറിനോട് കാരുണ്യം കാണിക്കാത്തവനോട് കാരുണ്യം കാണിക്കാൻ അവനു കഴിഞ്ഞില്ല. അങ്ങനെയെങ്കിൽ, നമ്മോടു ക്ഷമിക്കപ്പെടും എന്ന് നമുക്കെങ്ങനെ പ്രതീക്ഷിക്കാനാവും? *എൻെറ പിതാവേ* എന്ന് അവൻ അബ്രഹാമിനെ വിളിച്ചു; *എൻെറ മകനേ* എന്ന് അബ്രഹാം അവനെയും വിളിച്ചു (ലൂക്കാ 16:24-25). എന്നാൽ അവനെ സഹായിക്കാൻ അബ്രഹാമിനു കഴിഞ്ഞില്ല. *എൻെറ മകനേ, നിൻെറ ജീവിതകാലത്തു നീ നന്മയും ലാസറിന് തിന്മയും ലഭിച്ചു എന്ന് ഓർക്കുക.*

## മുന്തിരിത്തോപ്പിലെ ജോലിക്കാർ

**14.** മൂന്നാം മണിക്കും ആറാം മണിക്കും ഒൻപതാം മണിക്കും മുന്തിരിത്തോപ്പിൻെറ ഉടമസ്ഥൻ ജോലിക്കെടുത്ത പണിക്കാരെ സംബന്ധിച്ച്: അവസാനം വന്നവർക്ക് അവൻ ആദ്യം ശമ്പളം കൊടുക്കാൻ തുടങ്ങിയപ്പോൾ, *തങ്ങൾക്ക് കൂടുതൽ കിട്ടും എന്ന് ആദ്യം വന്നവർ കരുതി* (മത്താ 20:5-10). എന്നാൽ അവൻ എല്ലാവരെയും ഒരുപോലെ പരിഗണിച്ചു. അവർ മുറുമുറുത്തപ്പോൾ അവൻ അവരോടു പറഞ്ഞു: *ഞാൻ നല്ലവൻ ആണെങ്കിൽ, എന്തുകൊണ്ടാണ് നിങ്ങളുടെ കണ്ണ് ചീത്തയായിരിക്കുന്നത്?* (20:11.15). ഒരു വിഭാഗത്തോട് വലിയ ദാക്ഷിണ്യം കാണിച്ചു; എന്നാൽ മറ്റവർ പരസ്യമായി തങ്ങളുടെ വേതനത്തിനായി ഒച്ചവയ്ക്കുകയായിരുന്നു. അവനുപയോഗിച്ച വാക്കുകൾ നമുക്ക് ശ്രദ്ധാപൂർവം പരിശോധിക്കാം. *നിങ്ങൾ എന്തിനാണ് അവിടെ അലസരായി നില്ക്കുന്നത്.* എന്ന് അവൻ ചോദിച്ചപ്പോൾ, *ഞങ്ങളെ ആരും ജോലിക്ക് വിളിക്കാത്തതിനാലത്രേ* എന്ന് അവർ അവനോടു പറഞ്ഞു. (20:6-7). അവർ തയാറായിരുന്നു; എന്നാൽ അവരെ ആരും ജോലിക്കു വിളിച്ചില്ല. തന്നെ ആരും

www.malankaralibrary.com



വിളിക്കാത്തതുകൊണ്ട് ഉറങ്ങുകയും പിന്നെ ജോലിക്കുപോകുകയും ചെയ്തയാളിനെയും, അലസതകൊണ്ട് ഉറങ്ങുന്നവനെയും തമ്മിൽ വേർതിരിക്കേണ്ടതാണെന്നു സ്പഷടം. തനിക്കു ജോലി ലഭിച്ചതിൽ, തന്നെ വിളിച്ചവനോട് അവൻ നന്ദിയുള്ളവനാണ്; മറ്റവൻ, തന്നെ വിളിച്ചവനെ തൻെറ അലസത നിമിത്തം ചീത്തവിളിക്കുകയും ചെയ്യുന്നു. പരിശ്രമശാലിയുമായി താരതമ്യപ്പെടുത്തുമ്പോൾ, അലസൻെറ വിശ്രമാർത്ഥമുള്ള കുത്തിയിരിപ്പ് അർത്ഥശൂന്യമാണെന്ന് സ്പഷ്ടമാണല്ലോ.

**15.** ജോലിയും ജോലിക്കു വിളിക്കാൻ ആളും ഇല്ലാത്തതിനാൽ അലസരായിരുന്ന പരിശ്രമശാലികളെ ഒരു സ്വരം കൂലിക്കെടുക്കുകയും ഒരു വാക്ക് ഉണർത്തുകയും ചെയ്തു. ഇവർ പരിശ്രമശാലികൾ ആയിരുന്നതിനാൽ ആദ്യം ജോലിക്ക് വിളിക്കപ്പെട്ടവർ ചെയ്തതുപോലെ അവനുമായി യാതൊരു കരാറും ഉണ്ടാക്കിയില്ല. അവൻ വിവേകപൂർവം അവരുടെ അധ്വാനത്തെ വിലയിരുത്തുകയും കൂലികൊടുത്തപ്പോൾ തുല്യമായി അവരെ പരിഗണിക്കുകയും ചെയ്തു. "ഞാൻ എൻെറ യൗവനത്തിൽ വിളിക്കപ്പെടാഞ്ഞതിനാൽ, എനിക്ക് സ്വീകാര്യനായിരിക്കുവാൻ കഴിയുകയില്ല" എന്ന് ആരും പറയാതിരിക്കാനാണ് അവിടുന്ന് ഈ ഉപമ പറഞ്ഞത്. മാനസാന്തരപ്പെടുന്ന നിമിഷം മുതൽ എല്ലാവരും സ്വീകാര്യരാണ് എന്ന് അവൻ വ്യക്തമാക്കി. തങ്ങളുടെ കൂലി ഉറപ്പായിരുന്ന ഒന്നാമത്തെ കൂട്ടരെക്കൊണ്ട് അവൻ തുടങ്ങിയില്ല; തങ്ങൾക്ക് കുറച്ചേ കിട്ടുകയുള്ളു എന്ന് അവസാനം വന്നവർ ചിന്തിക്കാതിരിക്കാൻ, അവൻ അവരെക്കൊണ്ട് തുടങ്ങി (മത്താ 20:8-9).

**16.** *അവൻ രാവിലെ മൂന്നാംമണിക്കും ആറാംമണിക്കും ഒൻപതാം മണിക്കും ഇറങ്ങിപ്പുറപ്പെട്ടു* (20:1-6). ഇത് അവിടുത്തെ പ്രഘോഷണത്തിൻെറ ആരംഭത്തെയും കള്ളൻ *പതിനൊന്നാം മണിക്ക്* പറുദീസായിൽ പ്രവേശിച്ചതിനാൽ, കുരിശുവരെയുള്ള പില്ക്കാല പ്രവർത്തനങ്ങളെയും സൂചിപ്പിക്കുന്നതായി കണക്കാക്കാം (ലൂക്കാ 23:39-43). കള്ളനെ വിളിച്ചിരുന്നെങ്കിൽ അവനും ജോലി ചെയ്യുമായിരുന്നു എന്ന് ആരും തന്നെ കുറ്റപ്പെടുത്താതിരിക്കാനായി, അവിടുന്ന് ഇതിലൂടെ വ്യക്തമാക്കി. *കാരണം, ഞങ്ങളെ ആരും ജോലിക്ക് വിളിച്ചില്ല* (മത്താ 20:7).

**17.** ദൈവത്വത്തേക്കാൾ വളരെ താഴ്ന്നത് നാം അതിനു നൽകുന്നതുപോലെ, അതു നമുക്കു നൽകുന്നതിനേക്കാൾ വളരെ താഴെയാണ് നാം. നമ്മുടെ കഴിവിനനുസൃതമായിട്ടുള്ള ജോലിക്കാണ് നമ്മെ വിളിക്കുന്ന

www.malankaralibrary.com


തെങ്കിലും നമ്മുടെ കഴിവിന് അതീതമായ പ്രതിസമ്മാനമാണ് നമുക്കു ലഭിക്കുന്നത്. അന്ത്യത്തിൽ, വിശ്വാസികൾ സ്വതന്ത്രമായും മത്സരക്കാർ തങ്ങളേക്കാൾ ഉപരിസ്ഥനും ഇവിടെ താഴെ തങ്ങൾക്കു സ്വാതന്ത്ര്യം നൽകിയവനും, നല്ലവരെയും ദുഷ്ടരെയും അവിടെ നിർബന്ധിക്കുന്ന വനുമായ ദൈവത്തിന് നിർബന്ധത്താലെയും മഹത്ത്വം കരേറ്റും. തങ്ങൾ ഇച്ഛരിച്ചാലും, നല്ലവർക്ക് അവിടെ നീതിരഹിതരായിരിക്കാനും ദുഷ്ടന്മാർക്ക് നീതിമാന്മാരായിരിക്കാനും സാധിക്കുകയില്ല.

കൂടാതെ, *അവൻ രാവിലെ മൂന്നാം മണിക്കും ആറാം മണിക്കും ഒൻപതാം മണിക്കും ഇറങ്ങി പുറപ്പെട്ടു* (മത്താ 20:1-6); അവൻ ആദ്യത്തെ കൂട്ടരെയും അവസാനത്തവരെയും ഒരുപോലെ പരിഗണിച്ചു. അവർക്കെല്ലാം രാജമുദ്രയുള്ള ഓരോ *ദേനാറ* ലഭിച്ചു(20:9-10). എല്ലാവർക്കും ഒരുപോലെയുള്ള ജീവൻെറ അപ്പമാണിത്; സ്വീകരിക്കുന്നവർക്കെല്ലാം ജീവൻെറ പ്രത്യൗഷധം ഒന്നുതന്നെയാണ്. മുന്തിരിത്തോപ്പിലെ ജോലിയെ സംബന്ധിച്ച്, അവൻെറ നന്മയ്ക്കെതിരായി എന്തെങ്കിലും പറയാനാവില്ല; അവൻെറ നീതിയെ കുറ്റപ്പെടുത്താനും സാധ്യമല്ല. താൻ പറഞ്ഞൊത്തതനുസരിച്ച്, തൻെറ നീതിയിൽ അവൻ അവർക്കു നൽകി; തൻെറ നന്മയ്ക്കനുസൃതം തനിക്കിഷ്ടമുള്ളവിധം അവൻ ദയ കാണിച്ചു. അതുകൊണ്ടാണ് നമ്മുടെ കർത്താവ് ഈ ഉപമ പറഞ്ഞതെന്ന് വ്യക്തമാണ്. *എൻെറ സ്വന്തം ഭവനത്തിൽ എനിക്ക് അധികാരമില്ലേ?* (20:15). ഈ ഉപമ ലോകാന്ത്യംവരെയുള്ള എല്ലാ തലമുറകൾക്കും ഉള്ളതാണെങ്കിൽ, *നിങ്ങളുടെ കണ്ണ് ദുഷ്ടമാണോ* എന്ന് എന്തിനാണ് അവൻ കൂട്ടിച്ചേർത്തത്? നീതിക്കായി പ്രവർത്തിക്കാതെ, മുൻകാല നീതിമാന്മാരെപ്പോലെ ജീവിക്കാൻ, അടുത്ത കാലത്തുള്ള നീതിമാന്മാരെ അനുവദിക്കാൻ ആർക്കു കഴിയും? മരിച്ച ശിശുക്കൾ രാവിലെ വിളിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നില്ലേ? യുവാവായി ആദ്യമേ മരിച്ചത് ഹാബേലാണ്. അവൻെറ സ്ഥാനത്ത് ജനിച്ച ശേത്ത് അതുകൊണ്ട് അവനെപ്പറ്റി മുറുമുറുത്തോ?

## യാക്കോബിൻെറയും യോഹന്നാൻെറയും അഭ്യർത്ഥന

**18.** യാക്കോബും യോഹന്നാനും നമ്മുടെ കർത്താവിനോടുകൂടെ മലയിൽ മോശയെയും ഏലിയായെയും കണ്ടപ്പോൾ, അവരെപ്പോലെ *ഞങ്ങളിൽ ഒരാൾ നിൻെറ വലത്തും മറ്റെയാൾ നിൻെറ ഇടത്തും ഇരി*

www.malankaralibrary.com



*ക്കാൻ ഞങ്ങളെ അനുവദിച്ചാലും* എന്നു പറയത്തക്കവിധം താല്പര്യത്താൽ നിറഞ്ഞു. *ഞങ്ങൾ നിന്നോട് അഭ്യർത്ഥിക്കുന്നതു നീ ചെയ്തു തരണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. അവിടുന്നരുൾ ചെയ്തു: ഞാൻ അതു ചെയ്തുതരാം*; എന്നാൽ അവിടുന്നതു ചെയ്തില്ല (മർക്കോ 10: 35-37). അവർ ചോദിക്കുന്നതെന്ത് എന്ന് അവിടുത്തേക്ക് അറിയാൻ പാടില്ലാത്തതിനാലല്ല അവിടുന്ന് ഇപ്രകാരം സംസാരിച്ചത്; പിന്നെയോ, 'ഞാൻ അതു ചെയ്തു തരാം' എന്ന് അവരോട് വാഗ്ദാനം ചെയ്യുന്നതു വരെ അവർ നിശബ്ദരായിരിക്കുകയില്ല എന്ന് അവിടുത്തേക്ക് അറിയാമായിരുന്നതിനാലത്രേ. അവർ തങ്ങളുടെ വിചാരങ്ങൾ അവനെ അറിയിച്ചപ്പോൾ, അറത്തുമുറിച്ച് പ്രത്യുത്തരിക്കാതിരിക്കാനും അവരെ എല്ലാവരെയും തിരുത്താനുമായി 'ഞാൻ അതു ചെയ്തുതരാം' എന്ന് അവിടുന്ന് പറഞ്ഞു. തങ്ങളുടെ കൂട്ടുകാരുടെ മുമ്പിൽവച്ച് പരസ്യമായിട്ടാണ് അവർ ആ അഭ്യർത്ഥന നടത്തിയത്; അതിൽ അവരെല്ലാം കുണ്ഠിതരായി. ഇത് അവരുടെ ഇടയിൽ ശത്രുതയ്ക്ക് ഹേതുവാകാതിരിക്കാനായി, അവിടുന്ന് അവരുടെ അപേക്ഷ നിരസിക്കുകയും അതു സാധിച്ചുകൊടുക്കാതിരിക്കുകയും ചെയ്തു. അവർ തങ്ങളുടെ നിഷ്കളങ്കതയിൽ ചോദിച്ചതാണ് എന്ന് അവിടുന്നു കണ്ടു. അവരുടെ യാചന അംഗീകരിച്ചുകഴിഞ്ഞു എന്ന് കണ്ടതിനാൽ, അവിടുന്ന് അതിനെ നിയന്ത്രിച്ചു. കാരണം, ഒന്നാമത്തെ വാഗ്ദാനം യാഥാർത്ഥ്യമായില്ലെങ്കിൽ, രണ്ടാമത്തെതോ മൂന്നാമത്തെതോ യാഥാർത്ഥ്യമാകില്ലല്ലോ. അത് യാഥാർത്ഥ്യമായി എന്ന് അവർ പരിഗണിച്ചാൽ അത് അംഗീകരിച്ചു കഴിഞ്ഞു.

ശെമഓനോട് അവിടുന്ന് അനുകൂലമായി മറുപടി പറഞ്ഞു; എന്നാൽ ഇവർ ഇരുവർക്കും അവിടുന്ന് നിഷേധിച്ചുകളഞ്ഞു. കാരണം, ശെമഓൻ അവർ എല്ലാവരുടെയും പേരിലാണ് അപേക്ഷിച്ചത്. *ഞങ്ങൾക്ക് എന്തു കിട്ടും?* എന്നാണ്, 'എനിക്ക് എന്തുകിട്ടും?' എന്നല്ല അവൻ ചോദിച്ചത് (മത്താ 19:27). അവൻ തനിക്കുവേണ്ടി മാത്രം ചോദിച്ചിരുന്നെങ്കിൽ, കർത്താവ് അവനും നിഷേധിക്കുമായിരുന്നു. ശെമഓൻ എല്ലാവരുടെയും നാമത്തിലാണ് അപേക്ഷിച്ചത്; നമ്മുടെ കർത്താവ് അവർക്കെല്ലാവർക്കും നൽകുകയും ചെയ്തു. ശെമഓൻെറ ചോദ്യത്തിൽ ആർക്കും കുണ്ഠിതം ഉണ്ടായില്ല; മറിച്ച്, അവർക്കെല്ലാം സന്തോഷത്തിന് ഹേതുവായി. എന്നാൽ, അവർ ചോദിച്ച ആ നിമിഷത്തിൽ തന്നെ അവിടുന്ന് അത് അംഗീകരിച്ചിരുന്നില്ല എങ്കിൽ, അപ്പോൾതന്നെ അവർ അത് സ്വീക

www.malankaralibrary.com



രിക്കുന്നത് ഉചിതമല്ലായിരുന്നു. അവർ അവിടുന്ന് പറഞ്ഞ ഒരു കാര്യം കേട്ടു; എന്നാൽ മറ്റൊരു കാര്യം അപേക്ഷിച്ചു. *താൻ ജറുസലേമിൽ പ്രവേശിക്കുമെന്നും പിടിക്കപ്പെടുമെന്നും ക്രൂശിക്കപ്പെടുമെന്നും* ആണ് അവിടുന്നു പറഞ്ഞത് (മത്താ 20:18-19). അവനോടുകൂടി നിന്ദിക്കപ്പെടുകയും മരിക്കുകയും ചെയ്യുന്നതിനുള്ള സ്നേഹം കാണിക്കാൻ അവർ വിട്ടുപോയി. അവർ തങ്ങളുടെ സ്വാർത്ഥസ്നേഹം വെളിപ്പെടുത്തി: *നിൻെറ വലത്തും നിൻെറ ഇടത്തും ഇരിക്കാൻ ഞങ്ങളെ അനുവദിച്ചാലും.*

**19.** തന്നോടുകൂടി പീഡ അനുഭവിക്കാൻ ആര് തിടുക്കം കൂട്ടി മുന്നോട്ടുവരും എന്നു കാണുവാൻ, കർത്താവ് തൻെറ അവമാനമെല്ലാം അവരുടെ മുമ്പിൽ അവതരിപ്പിച്ചു. *നാം അവനോടുകൂടി സഹിക്കുമെങ്കിൽ, അവനോടുകൂടി മഹത്ത്വീകരിക്കപ്പെടും* (റോമ 8:17). അവിടുത്തേക്ക് അധികാരം ഇല്ലാത്തതിനാലാണ് നൽകാഞ്ഞതെങ്കിൽ, പന്ത്രണ്ടുപേർക്കു കൊടുക്കാൻ അവിടുത്തേക്ക് എങ്ങനെ കഴിഞ്ഞു? അവിടുന്ന് കൊടുത്തോ ഇല്ലയോ? അവിടുന്ന് കൊടുത്തില്ലെങ്കിൽ, അവിടുത്തെ വാഗ്ദാനം വിശ്വസനീയമല്ല. അതു വിശ്വസനീയമാണെങ്കിൽ, അവിടുന്ന് അവർക്ക് എല്ലാവർക്കും കൊടുക്കുക തന്നെ ചെയ്തിട്ടുണ്ട്. എന്നാൽ ഇത് ഇപ്രകാരം അല്ലെങ്കിൽ, *എൻെറ പിതാവിനുള്ളതെല്ലാം എൻേറതാകുന്നു; എൻേറതെല്ലാം എൻെറ പിതാവിൻേറതാകുന്നു* എന്ന തിരുവചനം എങ്ങനെ യാഥാർത്ഥ്യമാകും? (യോഹ 16:15). അഥവാ, *ആകാശത്തിലും ഭൂമിയിലും എല്ലാ അധികാരവും എൻെറ പിതാവ് എനിക്കു നൽകിയിരിക്കുന്നു* എന്ന തിരുവചനവും (മത്താ 28:18). സുവിശേഷകൻ ഗ്രീക്കിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: *സ്വർഗത്തിലെപ്പോലെ ഭൂമിയിലും എല്ലാ അധികാരവും എൻെറ പിതാവ് എനിക്കു നൽകിയിരിക്കുന്നു.* സ്വർഗത്തിൽ ഉള്ളവയുടെമേൽ നിത്യതയിലേ തന്നെ അവിടുത്തേക്ക് രാജത്വമുണ്ട്; ഭൂമിയിലുള്ളവ ഇപ്പോഴെന്നപോലെ അവനു നൽകപ്പെട്ടിരിക്കുന്നു. അതായത്, അവൻ ധരിച്ച ഈ ശരീരത്തിന് നൽകപ്പെട്ട വസ്തുക്കൾ എന്ന് അവൻ പറഞ്ഞിരിക്കുന്നു.

തങ്ങളുടെ സഖികളേക്കാൾ മുമ്പേ തങ്ങൾക്കായി ഇരിപ്പിടങ്ങൾ തെരഞ്ഞെടുക്കാൻ അവർ കടന്നുവന്നു. അതുകൊണ്ട്, നമ്മുടെ കർത്താവ് അവരോടു പറഞ്ഞു: *ഞാൻ കുടിക്കാൻ പോകുന്ന കാസാ നിങ്ങൾ കുടിക്കുമോ?* (മത്താ 20:22). അത്തരം ഇരിപ്പിടങ്ങൾ വിലയ്ക്കു വാങ്ങേണ്ട

www.malankaralibrary.com



വയാണെന്ന് കാണിക്കാനാണ് അവിടുന്നിതു പറഞ്ഞത്. *എന്നെപ്പോലെ* (20:22). *അക്കാരണത്താൽ ദൈവവും അവനെ ഉയർത്തി മഹത്ത്വീകരിച്ചു* (ഫിലി 2:9). അത്തരം ഒരു സ്ഥലം പ്രവൃത്തികളിലൂടെ മാത്രമേ കരസ്ഥമാക്കാനാവു എന്ന് അവർ ഗ്രഹിച്ചപ്പോൾ അവിടുന്ന് അവരോടു പറഞ്ഞു: ഈ സ്ഥാനം പ്രവൃത്തികളിലൂടെയാണ് കരസ്ഥമാക്കേണ്ടത് എന്ന് ഇപ്പോൾ നിങ്ങൾ ഗ്രഹിച്ചിരിക്കുന്നു. ഒരുപക്ഷേ നിങ്ങളേക്കാൾ വേഗത്തിൽ ഓടിയവരോ, ഓടുന്നവരോ കണ്ടേക്കാം. എങ്കിലും, പിതാവിൻെറ പദ്ധതിയിൽ മറ്റുള്ളവരേക്കാളെല്ലാം വേഗത്തിൽ ഓടുന്നവനെ നിശ്ചയിച്ചു കഴിഞ്ഞു; അവൻെറ സ്ഥാനം അവനായി ഒരുക്കപ്പെട്ടിരിക്കുന്നു.

പ്രവൃത്തികൾ കൂടാതെ തെരഞ്ഞെടുപ്പിനെമാത്രം അടിസ്ഥാനമാക്കിയുള്ള സ്ഥാനം കരസ്ഥമാക്കാനാണ് അവർ എത്തിയത്. അതുകൊണ്ട് നമ്മുടെ കർത്താവ് അതു തന്നിൽനിന്ന് മാറ്റിവയ്ക്കുകയും അവരുടെ ഉത്കണ്ഠയിൽനിന്ന് അവരെ വിടുവിക്കാൻ തന്നെക്കൊണ്ടാവില്ല എന്നു കാണിക്കുകയും ചെയ്തു. *ആ നാഴികയെപ്പറ്റി ആർക്കും അറിവില്ല* എന്ന് അവിടുന്ന് പറഞ്ഞതുപോലെയാണിത് (മത്താ 24:36). ഇതേപ്പറ്റി ആരും അവിടുത്തെ ചോദ്യംചെയ്യാതിരിക്കാൻ വേണ്ടിയായിരുന്നു അത്. *സമയങ്ങളും കാലങ്ങളും അറിയുക നിങ്ങളുടെ കാര്യമല്ല* (നട 1:7). ഇപ്രകാരം പോരാട്ടത്തിൽ വിജയികളാകുന്നവർക്ക് ചൂടാനായി നമ്മുടെ കർത്താവ് സെബദിമക്കളുടെ അപേക്ഷ ഒരു കിരീടമായി അവരുടെ ഇടയിൽ വച്ചു. *അവിടുന്ന് നമ്മുടെ ഹൃദയവിചാരങ്ങൾ പരിശോധിക്കും; അങ്ങനെ നാം ഓരോരുത്തനും ദൈവത്തിൽനിന്ന് മഹത്ത്വം പ്രാപിക്കും* (1 കോറി 4:5).

## സക്കായി

**20.** "ഈ നീതിമാൻ ആരുടെ ഭവനത്തിൽ കയറുന്നതിന് തിരുമനസ്സാകുന്നുവോ അവൻ ഭാഗ്യവാനാകുന്നു" എന്ന് സക്കായി തൻെറ മനസിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. കർത്താവ് അവനോടു പറഞ്ഞു: *സക്കായീ, വേഗം ഇറങ്ങിവരിക* (ലൂക്കാ 19:5). തൻെറ വിചാരങ്ങൾ അവിടുന്ന് അറിഞ്ഞു എന്ന് മനസിലാക്കി അവൻ ആത്മഗതം ചെയ്തു: "ഇത് അവൻ അറിയുന്നതുപോലെ, ഞാൻ ചെയ്തതെല്ലാം ഇവന് അറിയാം". അതുകൊണ്ട് അവൻ പറഞ്ഞു: *ഞാൻ നീതിരഹിത*

www.malankaralibrary.com



*മായി പിടിച്ചുപറിച്ചത് നാലിരട്ടിയായി മടക്കിക്കൊടുക്കുന്നു* (19:8). *നീ അത്തിമരത്തിൽ നിന്ന് വേഗം താഴേക്കിറങ്ങിവരിക; കാരണം ഇന്നു ഞാൻ നിന്റെ വീട്ടിലാണു താമസിക്കുന്നത്* (19:5). ചുങ്കക്കാരിൽ പ്രധാനിയുടെ അത്തിമരം നിമിത്തം ആദത്തിന്റെ അത്തിമരം വിസ്മരിക്കപ്പെടും; നിഷ്കളങ്കനായ സക്കായി നിമിത്തം കുറ്റക്കാരനായ ആദത്തിന്റെ നാമം വിസ്മരിക്കപ്പെടും. *ഇതാ, കർത്താവേ, എന്റെ സമ്പാദ്യങ്ങളിൽ പകുതി ഞാൻ കൊടുക്കുന്നു; ഞാൻ നീതിരഹിതമായി പിടിച്ചുപറിച്ചത് നാലിരട്ടിയായി മടക്കിക്കൊടുക്കുന്നു*(19:8). അതുകൊണ്ട്, *ഇന്ന് ഈ ഭവനത്തിനു രക്ഷ ഉണ്ടായി* (19:9). ഇന്നലെവരെ അവൻ ഒരു കള്ളൻ ആയിരുന്നു; ഇന്ന് അവൻ പരോപകാരി ആയി. ഇന്നലെവരെ ചുങ്കക്കാരനായിരുന്നു; ഇന്ന് ഒരു ശിഷ്യനായി. അതുകൊണ്ട്, അവൻ വേഗത്തിൽ ശിഷ്യനായി തീർന്നതു നിമിത്തം വിശ്വാസധ്വംസകർ ലജ്ജിക്കട്ടെ.

**21.** ഇപ്രകാരം, സക്കായി, നീതിയുള്ള നിയമം തന്റെ പിന്നിൽ ഉപേക്ഷിച്ചിട്ട്, ബധിരവും തന്റെ ശ്രവണേന്ദ്രിയത്തിന്റെ ബധിരതയുടെ പ്രതീകവുമായ അത്തിമരത്തിൽ പ്രതീകാത്മകമായി കയറിപ്പറ്റി. എന്നാൽ അവന്റെ രക്ഷയുടെ പ്രതീകം അവന്റെ കയറ്റത്തിലൂടെ ചിത്രീകരിക്കപ്പെട്ടു. കാരണം അവൻ ആഴങ്ങളെ താഴെ ഉപേക്ഷിച്ചിട്ട്, മഹോന്നത ദൈവത്വത്തെ ധ്യാനിക്കാനായി മധ്യത്തിലുള്ള അന്തരീക്ഷത്തിലേക്ക് കയറി. അവൻ തന്റെ ബധിരതയിൽ തുടരാതിരിക്കാനായി, പ്രതീകാത്മകമായി അവന്റെ ജീവിതരീതിയിൽ നിന്നൊന്നവണ്ണം നമ്മുടെ കർത്താവ് അവനെ ബധിരമായ അത്തിവൃക്ഷത്തിൽ നിന്ന് വേഗത്തിൽ താഴേക്കിറക്കി. നമ്മുടെ കർത്താവിനോടുള്ള അവന്റെ സ്നേഹം അവന്റെ ഉള്ളിൽ തീക്ഷ്ണമായി വളർന്നുകൊണ്ടിരുന്നു. അവന്റെ മുൻകാല തഴക്കങ്ങൾ നശിപ്പിക്കപ്പെടാനായും അതിലൂടെ അവൻ ഒരു പുതിയ മനുഷ്യനായി രൂപീകരിക്കപ്പെടാനായും അത് അവനെ സംഹരിച്ചു. അവിടെ ഒരു പുതിയ സന്തതി ജനിച്ചു എന്ന് അവൻ അറിയാനായി, *ഇവനും അബ്രഹാമിന്റെ പുത്രനാകുന്നു* എന്ന് നമ്മുടെ കർത്താവ് പറഞ്ഞു (19:9).

## ജറീക്കോയിലെ അന്ധൻ

**22.** അന്ധർക്ക് കാഴ്ച നൽകാനും വിശ്വാസരഹിതർക്കു വിശ്വാസം നൽകാനും വെളിച്ചം ലോകത്തിലേക്കു വന്നു. അവിടുന്ന് അന്ധനെ

www.malankaralibrary.com



സമീപിച്ചപ്പോൾ, *അവൻ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടു പറഞ്ഞു: യേശുവേ, ദാവീദിൻെറ പുത്രാ, എന്നിൽ കനിയണമേ* (18:38). മനുഷ്യരിൽ നിന്ന് നാണയത്തുട്ടുകൾ കിട്ടാനായി യാചകൻ തൻെറ കൈകൾ നീട്ടി; അവനു ദൈവത്തിൻെറ ദാനംതന്നെ കിട്ടി. *ദാവീദിൻെറ പുത്രാ, എന്നിൽ കനിയണമേ.* ജബൂസ്യരുടെ അന്ധരെയും മുടന്തരെയും ഉപദ്രവിക്കാതിരുന്ന ദാവീദിൻെറ പുത്രനാണ് ആ യേശു എന്ന് അവൻ ശരിയായി മനസിലാക്കി (2 സാമു 5:6-8). അപ്പോൾ അവിടുന്ന് അവനോട് എന്തു മറുപടി പറഞ്ഞു? *ഇതാ, നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു* (ലൂക്കാ 18:42). "നിനക്കു കാണുവാൻ ഇടയാക്കിയത് നിൻെറ വിശ്വാസമാണ്" എന്ന് അവിടുന്ന് അവനോടു പറഞ്ഞില്ല. വിശ്വാസം അവന് ആദ്യം ജീവൻ നൽകി; പിന്നീട് ശാരീരിക കാഴ്ച നൽകി എന്നു കാണിക്കാനായിരുന്നു ഇത്. *യേശുവിൻെറ പക്കലേക്ക് ഈ അന്ധൻ വരുന്നതിനെ തടയാൻ അവർ ശ്രമിച്ചുകൊണ്ടിരുന്നു. അതുകൊണ്ടാണ് അവൻ കൂടുതൽ ഉച്ചത്തിൽ നിലവിളിച്ചത് (മർക്കോ 10:48). അതാരാണ് എന്ന് അവൻ ചോദിച്ചപ്പോൾ 'നസ്രായനായ യേശു' എന്ന് അവർ അവനോടു പറഞ്ഞു* (10:47). അവർ താല്പര്യപൂർവമല്ല അവനോട് അതു പറഞ്ഞതെന്ന് അവനറിയാമായിരുന്നു. ശത്രുക്കൾക്കു ചേർന്നത് വിട്ടിട്ട്, സ്നേഹിതർക്കുചിതമായതിൽ അവൻ കടന്നുപിടിച്ചു: *ദൈവപുത്രാ എന്നിൽ കനിയണമേ.* എന്നാൽ, അവൻെറ കണ്ണുകൾ തുറക്കപ്പെടാതിരിക്കാനും ഫരിസേയർ അവനെ തിരിച്ചറിഞ്ഞ് ക്ലേശിപ്പിക്കാതിരിക്കാനുമായി *അവനെ തടയാൻ അവർ ശ്രമിച്ചു. ഒരന്ധൻ വഴിയരുകിൽ ഇരിക്കുകയായിരുന്നു; തീമായ് ബർ തീമായ് എന്നായിരുന്നു അവൻെറ നാമം. അവൻ തൻെറ മേൽവസ്ത്രം ഉപേക്ഷിച്ചിട്ട് ഓടിയെത്തി* (മർക്കോ 10:46-50). അവൻെറ ആന്തരികനയനങ്ങൾ വളരെ പ്രകാശിതമാണെന്നും അവൻെറ ബാഹ്യനേത്രങ്ങൾക്ക് ഒട്ടും കാഴ്ചയില്ലെന്നും നമ്മുടെ കർത്താവ് കണ്ടു. വീണ്ടും ആ അന്ധന് തൻെറ പക്കലേക്ക് ഓടിയെത്താൻ ആഗ്രഹമുണ്ടാകുമ്പോൾ അവൻ തന്നെ കാണുന്നതിനായി, അവൻെറ ആന്തരികനയനങ്ങൾപോലെ അവിടുന്ന് അവൻെറ ബാഹ്യനേത്രങ്ങൾക്കും കാഴ്ച നൽകി.

## ദേവാലയ ശുദ്ധീകരണം

**23.** ബലിക്കുവേണ്ടി പുരോഹിതന്മാർ ശേഖരിച്ചുകൊണ്ടുവന്നതായിരുന്നു ദേവാലയത്തിൽ വിറ്റിരുന്ന ആടുകളും കാളകളും (യോഹ 2:14).

www.malankaralibrary.com



## ഫരിസേയനും ചുങ്കക്കാരനും

**24.** പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഫരിസേയൻ പറഞ്ഞ ആ സംഗതികളൊക്കെ സത്യമാണ്. എന്നാൽ, അവൻ അഹങ്കാരത്താൽ അവ പറഞ്ഞതിനാലും വിനയത്തോടുകൂടി ചുങ്കക്കാരൻ തന്റെ പാപങ്ങൾ ഏറ്റുപറഞ്ഞതിനാലും, ഫരിസേയന്റെ ദാനധർമത്തേക്കാൾ ചുങ്കക്കാരന്റെ ഏറ്റുപറച്ചിലാണ് ദൈവത്തിനു കൂടുതൽ സ്വീകാര്യമായത് (ലൂക്കാ 18: 10-14). നീതി ഏറ്റുപറയുന്നതിലും കൂടുതൽ പ്രയാസമേറിയതാണ് സ്വന്തം പാപങ്ങൾ ഏറ്റുപറയുന്നത്. വലിയ ഹൃദയവ്യഥയുള്ളവനെ ദൈവം പരിഗണിക്കുന്നു. ചുങ്കക്കാരൻ ഫരിസേയനേക്കാൾ കൂടുതൽ ഹൃദയവ്യഥ അനുഭവിക്കുന്നവനായി കർത്താവിന് തോന്നി. അവൻ വിനീതനായിരുന്നു എന്ന ഒറ്റസംഗതിയാൽ, *ഫരിസേയനേക്കാൾ കൂടുതൽ നീതീകരിക്കപ്പെട്ടവനായി പോയി* (8:14). ഈ ഫരിസേയൻ പാപി ആയിരുന്നെങ്കിൽ, തന്റെ പ്രാർത്ഥന വഴിയാണ് അവൻ ദുഷ്ടതയോടുകൂടി ദുഷ്ടത കൂട്ടിച്ചേർത്തത്; എന്നാൽ കർത്താവ് ചുങ്കക്കാരനെ അവന്റെ ദുഷ്ടതയിൽ നിന്ന് ശുദ്ധീകരിച്ചു. പ്രാർത്ഥനവഴി ഫരിസേയൻ ദൈവകോപത്തെ ഇളക്കിവിട്ടു; അതിന്റെ ഫലമായി, ചുങ്കക്കാരന്റെ പ്രാർത്ഥന കൂടുതൽ ശക്തിയുള്ളതായി തെളിഞ്ഞു.

# 16

## അത്തിവൃക്ഷം

**1.** *അവൻ അത്തിവൃക്ഷത്തെ ശപിച്ചു* (മത്താ 21:19). ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നതിനാലാണ് അവൻ അതിനെ ശപിച്ചത് : *നീ വയൽ കൊയ്തെടുക്കുമ്പോൾ കാലാ പെറുക്കൽ പാവങ്ങൾക്കായി നീക്കിവയ്ക്കുക; ഒലിവ് പറിക്കുമ്പോഴും അപ്രകാരം ചെയ്യുക. എല്ലാ കാര്യങ്ങളിലും അപ്രകാരം ചെയ്യുക* (ആവ 24:19-20). അത്തിമരത്തിന്റെ ഉടമസ്ഥൻ *നിയമം* അനുസരിക്കാതെ അതിനെ നിന്ദിച്ചു. നമ്മുടെ കർത്താവ് വന്നപ്പോൾ അവിടെ യാതൊന്നും കണ്ടില്ല; അതിന്റെ ഉടമസ്ഥൻ വീണ്ടും അതിൽ നിന്നു ഭക്ഷിക്കാതിരിക്കാൻ അവൻ അതിനെ ശപിച്ചു. കാരണം, അനാഥർക്കും വിധവകൾക്കും അവൻ ഒന്നും അവ

www.malankaralibrary.com



ശേഷിപ്പിച്ചില്ല. ഇതുപോലെതന്നെ കർത്താവിൻെറ പക്കലേക്ക് പോകുന്നില്ല എന്ന് ഗദറായർ ഒരു തീരുമാനം എടുത്തിരുന്നു. അതുകൊണ്ട്, അവർക്കിഷ്ടമില്ലെങ്കിലും, അവൻെറ പക്കലേക്കുപോകുവാൻ അവരെ നിർബന്ധിക്കുന്നതിനായി അവൻ അവരുടെ പന്നികളെ മുക്കിക്കളഞ്ഞു (മത്താ 8:28-34). അതുപോലെ, അത്തിമരത്തിൻെറ ഉടമസ്ഥൻ കർത്താവിൻെറ പക്കലേക്ക് പോകുന്നില്ല എന്ന് തീരുമാനിച്ചിരുന്നു. മനസ്സില്ലാതെയാണെങ്കിലും പുറത്തേക്കുവരാനായി കർത്താവ് അത്തിമരത്തെ ഉണക്കിക്കളഞ്ഞു. സാധ്യതയുള്ള സകല അവസരങ്ങളിലും മനുഷ്യകുലത്തിൻെറ രക്ഷയിൽ കർത്താവ് തല്പരനായിരുന്നു.

**2.** അഥവാ, അവൻ ഇപ്രകാരം പറഞ്ഞതിനാലാകാം: *ഈ ആലയം തകർക്കുവിൻ. മൂന്നു ദിവസത്തിനകം ഞാനിതു പുനരുദ്ധരിക്കും. അവർ അവനോടു പറഞ്ഞു: നാല്പത്താറു വർഷംകൊണ്ടാണ് ഇതു പണിതത്. നീ മൂന്നുദിവസം കൊണ്ട് ഇതു പണിയുമോ?* (യോഹ 2:19-20). അവർ വിശ്വസിച്ചില്ല എന്ന് സ്പഷ്ടം. കൂടാതെ, അതിൻെറ കൊത്തുപണികൾ അവനെ കാണിച്ചപ്പോൾ അവൻ പറഞ്ഞു: *ഇതു തകർക്കപ്പെടുകയും ജറുസലേം ശൂന്യമായിത്തീരുകയും ചെയ്യുന്ന ദിവസങ്ങൾ വരുന്നു* (ലൂക്കാ 21:5-6).

**3.** തൻെറ ദൈവത്വത്തിൻെറ ശക്തികാണിക്കാനാണ് അവിടുന്ന് അത്തിമരത്തെ ശപിച്ചതും, അത് ഉണങ്ങിപ്പോയതും (മത്താ 21:19). അവർക്കു കാണാവുന്ന, അടുത്തുള്ള ഈ പ്രവൃത്തിയിലൂടെ, വരാനിരിക്കുന്നത് അവർ വിശ്വസിക്കുന്നതിനുവേണ്ടിയായിരുന്നു ഇത്. ജറുസലേം, *നിയമം* സ്വീകരിക്കാഞ്ഞതിനാൽ അതിൽ അതിൻെറ നിയമം അനുസരിച്ച് മേലിൽ ഫലം ഉണ്ടാകാതിരിക്കാനായി, അവൻ അത്തിമരത്തെ ശപിച്ചു. ഫലം ഉണ്ടാകേണ്ടപ്പോൾ നിയമത്തിൻെറ ഫലങ്ങൾ വഞ്ചനാപൂർവം പിൻവലിച്ചവൻെറ പ്രതീകമായിരിക്കാൻ ഫലം ഉണ്ടാകാത്ത കാലത്താണ് അവൻ അത്തിമരത്തിൽ ഫലം അന്വേഷിച്ചത് (മത്താ 11:13). കാരണം, ഫലകാലത്താണ് അവിടുന്ന് അതിൽ ഫലം തേടിയതെങ്കിൽ, ഇവിടെ ഒരുപമ ഉണ്ടെന്ന് ആരും അറിയുകയില്ലായിരുന്നു. അതുകൊണ്ട്, അത്തിമരത്തിനുപകരം ജറുസലേമിനെയാണ് താൻ കുറ്റപ്പെടുത്തുന്നതെന്ന് അവൻ കാണിച്ചു. അവൻ അവളിൽ സ്നേഹം തേടി, എന്നാൽ അവൾ അനുതാപത്തിൻെറ ഫലത്തെ നിരസിച്ചു കളഞ്ഞു. *അവനു വിശക്കുകയും അവൻ അത്തിമരത്തിൻ പക്ക*

www.malankaralibrary.com



*ലേക്കു വരികയും അതിൽ ഒന്നും കാണായ്കയാൽ, അതിനെ ശപിക്കു കയും ചെയ്തു.* അവനു വിശന്നു എന്ന കാര്യം അവൻെറ ശരീരത്തിന് ആരോപിക്കാവുന്നതാണ്; അതായത്, ദൈവികശക്തി ആഗ്രഹിച്ചപ്പോ ഴൊക്കെ. എന്നാൽ, ഹൃദയത്തിൻെറ നിഗൂഢസംഗതികൾ അറിയാ വുന്നവന് ഫലരഹിതകാലത്ത് എങ്ങനെ ഫലം തേടാനാവും? അതു കൊണ്ട് വിശപ്പുനിമിത്തമല്ല അവിടുന്ന് അത്തിമരത്തെ ശപിച്ചത് എന്നു ഗ്രഹിക്കുക. കാരണം, അതു ഫലകാലം ആയിരിക്കുകയും അവൻ അതിൽ ഫലം കാണാനായി അവനുവേണ്ടി നേരത്തെ അതിൽ ഫലം അവശേഷിപ്പിക്കുകയും ചെയ്യാതിരുന്നാൽ പോലും, അതുണങ്ങിക്ക രിഞ്ഞു പോകുക എന്നത് ഉചിതമാകുമായിരുന്നില്ല.

**4.** ഫലം പുറപ്പെടുവിക്കാത്ത ജറുസലേം ആണ് അത്തിവൃക്ഷം എന്നും ഫലരഹിതമായ നഗരത്തെ അത്തിമരത്തിലൂടെ അവിടുന്ന് ശപിക്കുകയായിരുന്നു എന്നും ചിലർ പറയുന്നു. *അവനു വിശന്നു* (മത്താ 21:18): അനുതാപത്തിനുവേണ്ടിയാണ് അവനു വിശന്നത്. ജറു സലേമിൽ ഫലം അന്വേഷിക്കാനാണ് അവൻ വന്നത്, എന്നാൽ ഒന്നും കണ്ടില്ല. *ഒരു മനുഷ്യന് തൻെറ മുന്തിരിത്തോട്ടത്തിൽ ഒരു അത്തിവൃക്ഷം ഉണ്ടായിരുന്നു* എന്ന ടെക്സ്റ്റും(ലൂക്കാ 13:6) ചിലർ ഉദ്ധരിച്ചുകൊണ്ട് രണ്ടും ജറുസലേമിനെപ്പറ്റിയാണെന്ന് പറയുന്നു. അവൻ ജറുസലേമിൽ ഫലം അന്വേഷിച്ചെങ്കിൽ, ഫലരഹിതകാലത്ത് എന്തിന് അത്തിവൃക്ഷം ഉണങ്ങിപ്പോകാൻ അതിനെ ശപിച്ചു? എന്നാൽ അത് ഫലകാലമായി രുന്നില്ലെങ്കിൽ പിന്നെ *സമയത്തിൻെറ പൂർത്തീകരണത്തിൽ ദൈവം തൻെറ പുത്രനെ അയച്ചു* എന്ന ശ്ലൈഹികവചനം (ഗലാ 4:4) എങ്ങനെ മനസിലാക്കും? ഏകജാതൻ ഫലകാലത്താണ് വന്നതെങ്കിൽ, ഫല രഹിതകാലത്ത് അത്തിമരത്തെ എങ്ങനെ ജറുസലേമുമായി താരതമ്യ പ്പെടുത്താനാവും? കാരണം, അതിന് അത് ഉചിതമായ സമയം ആയി രുന്നല്ലോ! നാം അന്വേഷിക്കുന്നതിൻെറ ഉത്തരം തിരുലിഖിതത്തിൽ കണ്ടെത്തുന്നതിനായി, നമുക്ക് തിരുലിഖിതവായനയിൽ അധ്വാനിക്കാം: നമ്മുടെ കർത്താവ് ജറുസലേമിലേക്ക് പ്രവേശിച്ചപ്പോൾ *അവിടുന്ന് അതിനെ കാണുകയും അതിനെപ്പറ്റി കരയുകയും അതിനോട് ഇപ്രകാരം പറയുകയും ചെയ്തു: ഈ നിൻെറ ദിവസത്തിലെങ്കിലും നീ അറിഞ്ഞി രുന്നെങ്കിൽ* എന്ന് എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക (ലൂക്കാ 19:41-42). അതുകൊണ്ട്, അത് അതിൻെറ ദിവസമായിരുന്നെങ്കിൽ, എത്രയധിക മായി അതിൻെറ സമയവും ആയിരുന്നു. അത് ജറുസലേമിൻെറ സമയ

www.malankaralibrary.com


മായിരുന്നെങ്കിൽ, അതിന്റെ ദിവസവും ആയിരുന്നു. എന്നാൽ അത് അത്തിവൃക്ഷത്തിന്റെ സമയമല്ലായിരുന്നു. അത്തിവൃക്ഷം ഒരു കാര്യം, ജറുസലേം മറ്റൊരുകാര്യം എന്നു തോന്നുന്നു.

**5.** *മറ്റുചിലർ* പറയുന്നതുപോലെ, അത്തിമരം ജറുസലേം അല്ലെങ്കിൽ, അതേപ്പറ്റി നമുക്ക് കൂടുതലായി പരിശോധിക്കാം. തങ്ങൾക്കു പതിവായിരുന്നതുപോലെ, തങ്ങളുടെ ഋജുമാനസതയിൽ ശ്ലീഹന്മാർ ചിന്തിക്കുകയും സംശയിക്കുകയും ചെയ്തു കാണാനാണിട. അതുകൊണ്ട് ഒരത്ഭുതത്തിലൂടെ അവരെ ഭയപ്പെടുത്താനായി, അവിടുന്ന് അവരുടെ മുമ്പിൽ അത്തിമരത്തെ ഉണക്കിക്കളഞ്ഞു. *അവർ തിരിച്ചുവന്നപ്പോൾ അവിടുത്തോടു പറഞ്ഞു: നീ ശപിച്ച ഈ അത്തിമരം കാണുക! എത്രവേഗം ഇത് ഉണങ്ങിപ്പോയി. അവൻ അവരോടു പറഞ്ഞു: നിങ്ങൾക്ക് വിശ്വാസമുണ്ടെങ്കിൽ സംശയിക്കാതെ നിങ്ങളും ഈ മലയോട് പറഞ്ഞാൽ അതു മാറിപ്പോകും* (മർക്കോ 11:20-23). ഈ അത്തിവൃക്ഷം ഒരുപമ ആയിരുന്നെങ്കിൽ, *നിങ്ങൾക്ക് വിശ്വാസം ഉണ്ടെങ്കിൽ* എന്നു പറയാതെ, നിങ്ങൾക്ക് ഗ്രഹണശക്തി ഉണ്ടെങ്കിൽ എന്നേ പറയുമായിരുന്നുള്ളൂ. ഈ അത്തിമരം, അതുകൊണ്ട് അടയാളമാണ്, ഒരുപമയല്ല.

**6.** *ഈ മലയോട് പറയുക* എന്നതു സംബന്ധിച്ച്: അത് ഒരു മല അല്ലായിരുന്നു. പിന്നെയോ, ഒരു പിശാചോ മലയ്ക്കു തുല്യമായ എന്തോ ആയിരുന്നുവെന്ന് ചിലർ പറയുന്നു. നമ്മുടെ കർത്താവ് ഈ വാക്കുകൾ ഉച്ചരിച്ചപ്പോൾ ഏത് പിശാച് സമീപത്ത് ഉണ്ടായിരിക്കാനാണ് സാധ്യത? അവിടെ അടുത്ത് ഒരു മല ഉണ്ടായിരുന്നു എന്ന് സുവ്യക്തമാണ്; കാരണം, അവിടുന്ന് ഒലിവുമലയുടെ നേർക്ക് നടന്നുവരികയായിരുന്നു. അതിലാണ് ഈ അത്തിവൃക്ഷം വളർന്നത്. അതുകൊണ്ട്, മലയെ നോക്കി നിന്നവരോട് അവിടുന്നു പറഞ്ഞു: *ഈ മലയോട് പറയുക.* ചിലരുടെ വാക്കുകൾ അനുസരിച്ച്, "മല ഒരു പിശാചായിരുന്നു" എന്നു സങ്കല്പിക്കുക. അപ്പോൾ, *കടലിലേക്ക് വീഴുക* എന്ന കല്പന ആരോടായിരുന്നു പറഞ്ഞത്? (മത്താ 21:21). കാരണം, പുറത്താക്കപ്പെടുന്ന പിശാചിനെ എന്തിനാണ് കടലിലേക്ക് അയയ്ക്കുന്നത്? നമ്മുടെ കർത്താവ് പിശാചിനെ പുറത്താക്കിയപ്പോൾ കടലിലേക്ക് അയച്ചു എന്നൊരു വിശദീകരണം ആരെങ്കിലും തന്നേക്കാം. അവിടുന്നു പിശാചുക്കളെ പുറത്താക്കി എന്നത് സത്യമാണ്; പന്നികളിൽ കടന്നുകൂടാൻ അവ അനുവാദംചോദിച്ചു എന്നത് കള്ളമല്ല. എന്നാൽ അവി

www.malankaralibrary.com



ടുന്ന് അവയെ കടലിൽ തള്ളിയിട്ടു എന്നു തിരുലിഖിതം പറയുന്നില്ല. എന്നാൽ അവ പന്നികളിൽ പ്രവേശിച്ചതിൻെറ കാരണം സുവ്യക്തമാണ്. അവിടുത്തെയാളുകൾ അവൻെറ പക്കൽ വരുന്നില്ല എന്നു തീരുമാനിച്ചിരുന്നു. അവരെ പട്ടണത്തിൽ നിന്ന് വേഗത്തിൽ തൻെറ പക്കൽ കൊണ്ടുവരുന്നതിനാണ് കർത്താവ് ഈ അത്ഭുതം പ്രവർത്തിച്ചത്.

**7.** ഇതായിരുന്നു കാരണമെങ്കിൽ, *കടലിലേക്ക് വീഴുക* എന്ന് മലയോട് നിങ്ങൾ പറഞ്ഞാൽ എന്ന വാക്കുകളുടെ ആവശ്യം എന്തായിരുന്നു? കാരണം, ഉണങ്ങിയ അത്തിവൃക്ഷം കണ്ട് അവർ അത്ഭുതസ്തബ്ധരായിപ്പോയി എന്ന് അവൻ മനസ്സിലാക്കി. അതുകൊണ്ട്, *നീ വിശ്വസിക്കുമെങ്കിൽ ഇവയെക്കാൾ വലിയവ നീ കാണും* എന്ന് അവിടുന്നു നഥാനിയേലിനോടു പറഞ്ഞതുപോലെ (യോഹ 1:50) *നിങ്ങൾ സംശയിക്കാതെ വിശ്വസിക്കുമെങ്കിൽ* എന്ന് അവിടുന്ന് അവരോടു പറഞ്ഞു. *നിങ്ങൾ സംശയിക്കാതിരുന്നാൽ,* ഈ മലയിലുള്ള അത്തിവൃക്ഷത്തോടു മാത്രമല്ല, ഈ മലമുഴുവൻ, സർവമരങ്ങളോടുംകൂടി പിഴുത് കടലിൻെറ നടുവിലേക്ക് എറിയപ്പെടാൻ നിങ്ങളെക്കൊണ്ടു കഴിയും. തൻെറ വചനം സജീവവും ജീവദായകകവും ആണെന്നും, അതു വിധി പ്രസ്താവിക്കുകയായിരുന്നെന്നും അവരെ കാണിക്കാൻ, പച്ചിച്ചുനിന്ന അത്തിവൃക്ഷത്തെ അതിലൂടെ അവിടുന്ന് ഉണക്കി; എന്നാൽ ശോഷിച്ചുപോയ കൈ അവിടുന്നു നേരേയാക്കി (മത്താ 12:10-13).

**8.** നല്ലവനും ശാന്തശീലനും ചെറിയവയിൽ നിന്ന് വലിയകാര്യങ്ങൾ വെളിപ്പെടുത്തിയവനും അപൂർണതയെ പൂർണമാക്കുന്നവനുമായ ഈ വ്യക്തി എന്തുകൊണ്ട് അത്തിമരത്തോട് ഉണങ്ങാൻ കല്പിച്ചു? അവിടുന്ന് എല്ലാവരുടെയും വേദനകൾ നീക്കി, വെള്ളത്തെ വീഞ്ഞാക്കി, അപ്പക്ഷണത്തിൽ നിന്ന് സമൃദ്ധമായി അപ്പം ഉണ്ടാക്കി, അന്ധരുടെ കണ്ണുകൾ തുറന്നു, കുഷ്ഠരോഗികളെ ശുദ്ധിയുള്ളവരാക്കി, മരിച്ചവരെ ജീവിപ്പിച്ചു. എന്നാൽ ഈ അത്തിവൃക്ഷം മാത്രം ഉണങ്ങാൻ അവിടുന്ന് ഇടയാക്കി. തൻെറ പീഡാനുഭവത്തിൻെറ സമയം അടുത്തതുകൊണ്ട് തന്നെത്തന്നെ വിടുവിക്കാൻ തനിക്കു കഴിവില്ലാത്തതിനാലാണ് അവർ തന്നെ പിടിച്ചത് എന്നു ചിന്തിക്കാതിരിക്കാനും, അത്തിമരം തൻെറ സ്നേഹിതർക്ക് ഒരടയാളവും ശത്രുക്കൾക്ക് ഒരത്ഭുതവും ആയിരിക്കാനും വേണ്ടി അവൻ അതിനെ ശപിച്ചു. അങ്ങനെ, ശിഷ്യന്മാർ അവിടുത്തെ വാക്കുകൊണ്ട് ശക്തീകരിക്കപ്പെടും; അപരിചിതർ തൻെറ

www.malankaralibrary.com



ശക്തിയിൽ ആശ്ചര്യപ്പെടും. *അവിടുന്ന് എല്ലാക്കാര്യങ്ങളും നന്നായി ചെയ്തു* (മർക്കോ 7:37). തന്റെ പീഡാനുഭവത്തിന്റെ നാഴിക അടുത്തിരുന്നു. അതുകൊണ്ട്, അവന് യാതൊരു ശക്തിയും ഇല്ലാഞ്ഞതിനാലാണ് അവൻ പിടിക്കപ്പെട്ടത് എന്നു ചിന്തിക്കാതിരിക്കാനായിരുന്നിത്; പക്ഷേ അങ്ങനെ ചിന്തിക്കുക തന്നെ ചെയ്തു. തന്റെ ക്രൂശാരോഹകരെ ഒറ്റവാക്കുകൊണ്ട് നശിപ്പിക്കാൻ തനിക്കു കഴിയും എന്ന്, താൻ ഉണക്കിയ വൃക്ഷത്തിലൂടെ അവിടുന്ന് മുൻകൂട്ടി കാണിച്ചു. തന്റെ ദൈവികശക്തി ഒരു താഴ്ന്ന അവയവത്തിലൂടെ നിന്ദിക്കപ്പെടാതിരിക്കാനായി, ഇവിടെ ചെയ്തതുപോലെ, ശെമഓനോടു പറഞ്ഞു: *നിന്റെ വാൾ അതിന്റെ ഉറയിൽ ഇടുക* (മത്താ 26:52).

**9.** മനുഷ്യകുലത്തിൽ നിന്ന് നിഗൂഢവേദനകൾ എടുത്തുമാറ്റാൻ എഴുന്നെള്ളിയ അവിടുന്ന് മുന്നിടത്ത് പരസ്യമായ ക്ലേശങ്ങൾ നൽകി: അവൻ അവരുടെ കല്ലറകൾ പൊളിച്ച് അവരെ ചിതറിച്ചു (മത്താ 27: 51-52), അവൻ പന്നികളെ കടലിൽ മുക്കിക്കൊന്നു (മർക്കോ 5:13). അവൻ അത്തിമരത്തെ വേരോടെ ഉണക്കിക്കളഞ്ഞു (മർക്കോ 11:13-14). വിശ്വാസികളുടെ കല്ലറകൾ പൊട്ടിപ്പിളർന്നതുപോലെ, അവിശ്വാസികളുടെ ഹൃദയം പിളർക്കപ്പെടും; പന്നികൾ മുങ്ങിച്ചത്തതുപോലെ, മത്സരക്കാരുടെ തെറ്റുകൾ മുങ്ങിത്താഴും. കുറ്റം കൂടാതെ അത്തിവൃക്ഷത്തെ നശിപ്പിച്ചതുപോലെ, കുറ്റങ്ങൾ നിമിത്തം ജറുസലേം തകർക്കപ്പെടും. *അവനു വിശന്നു; അവൻ അത്തിവൃക്ഷത്തിന്റെ സമീപത്തേക്കുവന്നു* (മത്താ 21:18-19). അവന്റെ ഭാവവും അവന്റെ വാക്കും കാഴ്ചക്കാരുടെ കണ്ണുകൾക്കും കേൾവിക്കാരുടെ കാതുകൾക്കും സുസ്പഷ്ടമായിരുന്നു. *നിമിഷനേരം കൊണ്ട് അത് ഉണങ്ങിയതിൽ ശിഷ്യന്മാർ ആശ്ചര്യപ്പെട്ടു* (21:20). അത്തിവൃക്ഷം മുറിച്ചാൽ, അതിന്റെ ജലാംശം നിമിത്തം അതുണങ്ങാൻ അനേക മാസങ്ങൾ തന്നെ വേണം എന്നതാണ് അതിന്റെ പ്രകൃതം. തന്റെ ശക്തി എന്തെന്ന് അറിയിക്കാൻ, നമ്മുടെ കർത്താവ് അതിനെ ഒരു പ്രതീകം ആയി ഉപയോഗിച്ചു. *അത്തിമരത്തിൽ നിന്ന് ഈ ഉപമ പഠിക്കുവിൻ: അതിന്റെ കൊമ്പുകൾ ഇളതായി മുളകൾ വരുമ്പോൾ വേനൽക്കാലം അടുത്തു എന്ന് നിങ്ങൾക്കറിയാം* (24:32) എന്ന് നമ്മുടെ കർത്താവ് ഉപമയിലൂടെ അതേപ്പറ്റി പറഞ്ഞതുപോലെ, മറ്റു വൃക്ഷങ്ങളേക്കാൾ നേരത്തെ തന്നെ അത്തിവൃക്ഷം ഈർപ്പമുള്ളതായും ഇളതായും തീരുന്നു എന്നു വ്യക്തമാണല്ലോ. അതിന്റെ സമൃദ്ധമായ ഈർപ്പവും നേരത്തെയുള്ള മുളകളും നിമിത്തമാണ് അവൻ അതിനെ

www.malankaralibrary.com



ഒരു പ്രതീകമായി അവതരിപ്പിക്കുന്നത്. സ്വർഗീയവ്യാപാരം അതിന്റെ മുദ്ര സ്വീകരിക്കാനായി, അവൻ ഇപ്രകാരം അതിന്റെ സവിശേഷത എടുത്തുകാട്ടി. അത്തിവൃക്ഷത്തെ സംബന്ധിച്ച് വായ് തുറന്നതുപോലെ, തന്നെ പിടിക്കാൻ വന്നവരുടെ മുമ്പിൽ *അവൻ തന്റെ വായ് തുറന്നില്ല* (ഏശ 53:7). ഇസ്രായേൽക്കാർ ഫലം പുറപ്പെടുവിക്കാനാണ്, അത് ഇപ്രകാരം വാടിക്കരിയാൻ അവിടുന്ന് ഇടയാക്കിയത്; എന്നാൽ അവർക്ക് അതിനു മനസുവന്നില്ല. തനിക്കു തിരുഹിതമായതിനാൽ, താഴേക്ക് ഇറങ്ങിവന്നതുപോലെ, താൻ തിരുഹിതമായതിനാലത്രേ അവർ അവിടുത്തെ അറസ്റ്റു ചെയ്തത്.

**10.** ആദം പാപം ചെയ്യുകയും അവനെ ധരിപ്പിച്ചിരുന്ന മഹത്ത്വം ഉരിഞ്ഞുകളയുകയും ചെയ്തപ്പോൾ, അത്തിവൃക്ഷത്തിന്റെ ഇലകൾ കൊണ്ട് അവൻ തന്റെ നഗ്നത മറച്ചു എന്ന് പറയപ്പെടുന്നു (ഉല്പ 3:7). ആദത്തിന്റെ മുറിവുകൾ കരിക്കാനും, അവന്റെ നഗ്നതയ്ക്ക് മഹത്ത്വ വസ്ത്രം പ്രദാനം ചെയ്യാനുംവേണ്ടി, നമ്മുടെ കർത്താവ് എഴുന്നെള്ളി അവനുവേണ്ടി പീഡകൾ സഹിച്ചു. അതുകൊണ്ട്, ആദത്തിനു ധരിക്കാൻ അത്തിവൃക്ഷത്തിന്റെ ഇലകൾ മേലിൽ ആവശ്യമില്ലെന്ന് അറിയിക്കാൻ അവിടുന്ന് അത്തിവൃക്ഷത്തെ ഉണക്കി. അവിടുന്ന് ആദത്തെ അവന്റെ ആദ്യമഹത്ത്വത്തിൽ പുനഃപ്രതിഷ്ഠിച്ചു. അതു സ്വന്തമായുള്ളവന് അത്തിവൃക്ഷത്തിന്റെ ഇലകളോ, തുകൽ വസ്ത്രങ്ങളോ ആവശ്യമില്ല. അത്തിവൃക്ഷത്തിന്റെ ഇലകൾ പച്ചിച്ചിരുന്നപ്പോൾ ലജ്ജയുടെ വസ്ത്രവും നിന്ദനത്തിന്റെ ആവരണവും ആയിരുന്നു. എന്നാൽ വാടിക്കരിഞ്ഞ അത്തിവൃക്ഷത്തിന് മേലിൽ യാതൊരുപയോഗവുമില്ല.

## യേശുവും നിക്കോദേമൂസും

**11.** *സ്വർഗത്തിൽ നിന്നുവന്ന മനുഷ്യപുത്രനല്ലാതെ ആരും സ്വർഗത്തിലേക്ക് കയറിയിട്ടില്ല* (യോഹ 3:13) എന്ന തിരുവചനം നമുക്കു പരിശോധിക്കാം. അവർ അവനിൽ നിന്ന് ഒരടയാളം ആവശ്യപ്പെട്ടതിനാൽ അവൻ പറഞ്ഞു: *ഭൗമികകാര്യങ്ങൾ ഞാൻ പറഞ്ഞിട്ട് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ലെങ്കിൽ, സ്വർഗീയകാര്യങ്ങൾ പറഞ്ഞാൽ നിങ്ങൾ എങ്ങനെ വിശ്വസിക്കും?* (3:12). തിരിച്ചുവന്ന് നിങ്ങളുടെ ഇടയിൽ എനിക്കൊരു സാക്ഷിയാകാൻ, *ആരും സ്വർഗത്തിലേക്ക് കയറിയിട്ടില്ല.* ശരീരം സ്വർഗത്തിലേക്ക് കരേറുന്നില്ലല്ലോ എന്ന് അവർ പറയാൻ തുടങ്ങുന്നതായി

www.malankaralibrary.com



ഗ്രഹിച്ചതിനാൽ, അവൻ അവരോടു പറഞ്ഞു: *സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്നവൻ അല്ലാതെ.* അവിടുന്ന് ശാരീരികരൂപത്തിൽ സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്നില്ല. മറിയത്തിൻെറ ഗർഭധാരണം മാനുഷിക ബീജത്താൽ സംഭവിച്ചതല്ല. തൻെറ വായിൽ ആശംസവഹിച്ചുകൊണ്ട് ഗബ്രിയേൽ സ്വർഗത്തിൽനിന്ന് താഴേക്ക് ഇറങ്ങിവന്നു. അതുകൊണ്ടാണ്, *സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നവൻ* എന്ന് അവിടുന്നു പറഞ്ഞത്.

**12.** *നീ ഇസ്രായേലിലെ ഒരു പ്രബോധനകൻ ആണല്ലോ; എന്നിട്ടും ഈ കാര്യങ്ങൾ അറിയുന്നില്ലേ?* എന്ന് നമ്മുടെ കർത്താവ് നിക്കൊദേമുസിനോടു പറഞ്ഞത്, നിക്കൊദേമൂസ് സംസാരിച്ചുകഴിഞ്ഞ ശേഷമാണ് എന്നും പറയേണ്ടിയിരിക്കുന്നു (3:10). നിയമത്തെയും പ്രവാചകന്മാരെയും സംബന്ധിച്ച കാര്യങ്ങൾ, ഈസോപ്പുകൊണ്ടുള്ള ശുദ്ധീകരണം, അനുഷ്ഠാനസംബന്ധമായ തളിക്കലിൻെറ ജലം, ശുദ്ധീകരണ സ്നാനങ്ങൾ എന്നിവയാണ് അവൻ അറിഞ്ഞിരിക്കേണ്ട സംഗതികൾ. പുത്രൻെറ വരവിനു മുമ്പുതന്നെ ഇവയുടെ സൂചനകൾ വരച്ചുകാട്ടപ്പെട്ടില്ലായിരുന്നെങ്കിൽ, നമ്മുടെ കർത്താവ് നീതിരഹിതമായിട്ടാണ് നിക്കൊദേമൂസിനോട് പെരുമാറിയത്. എന്നാൽ, അവ തിരുലിഖിതത്തിൽ മറഞ്ഞുകിടന്നിരുന്നു, അവൻ അവ തിരിച്ചറിഞ്ഞില്ല; അപ്പോൾ കർത്താവ് അവൻെറ നിദ്രയിൽ നിന്ന് അവനെ ഉണർത്തി, തൻെറ ശാന്തസ്വരത്താൽ അവൻെറ രോഗം സുഖപ്പെടുത്തുകയും ഇസ്രായേലിൽ നിലനിന്ന മോചനത്തിനുള്ള സ്നാനത്തെപ്പറ്റി അവനെ ഓർമ്മിപ്പിക്കുകയും ചെയ്യുക ഉചിതമായിരുന്നു. തനിക്കൊരു പുത്രൻ ഉണ്ടാകും എന്ന് തന്നെ അറിയിച്ചപ്പോൾ സക്കറിയായും സംശയിച്ചു. അവൻ മറ്റുള്ളവരെ പഠിപ്പിക്കാൻ ഉപയോഗിച്ച നാവ് ബന്ധിതമായി (ലൂക്കാ 1:20-22). നിക്കൊദേമൂസിൻെറ കാര്യത്തിലും അപ്രകാരം തന്നെ. ഈ മാനങ്ങളൊക്കെ കർത്താവ് അവൻെറ മുമ്പിൽ നിരത്തിയെങ്കിലും അവൻ വിശ്വസിച്ചില്ല; അതുകൊണ്ട്, അവിടുന്ന് അവനെ കുറ്റപ്പെടുത്തി. എന്നാൽ, അവിടുന്ന് ഇത് ശാന്തമായി നിർവഹിച്ചു; കാരണം, അവൻ രോഗിയാണെന്നും സൗഖ്യത്തിനു സമീപത്താണെന്നും അവിടുന്നു കണ്ടു. *നിയമത്തിൽ* വിവരിച്ചിരിക്കുന്ന മുൻകാലസംഗതികൾ അവൻ മനസിലാക്കാഞ്ഞതിനാൽ, ആത്മാവിൻെറയും ശരീരത്തിൻെറയും പരിപൂർണമായ മോചനം കർത്താവ് അവന് വെളിപ്പെടുത്തിക്കൊടുത്തു.

www.malankaralibrary.com



**13.** നിക്കൊദേമൂസേ, ഉദരമോ ഗർഭപാത്രമോ കൂടാതെ ആദ്യജാതൻെറ അവകാശത്തിലേക്കു ജനിച്ച യാക്കോബിൻെറ കഥ നിനക്ക് അറിയില്ലേ? (ഉല്പ 25:25). ഏലീശാ സംസാരിച്ചപ്പോൾ, ഗർഭപാത്രം കൂടാതെ നവീകരിക്കപ്പെട്ട നാമാൻെറ സംഭവവും അറിയില്ലേ? *അവൻ പോയി കഴുകി ശുദ്ധീകരിക്കപ്പെട്ടു; അവൻെറ ശരീരം കൊച്ചുകുഞ്ഞിൻെറ ശരീരംപോലെയായി* (2 രാജാ 5:14). മിറിയത്തിൻെറ കാര്യത്തിലും ഇതുപോലെ തന്നെ (സംഖ്യ 12:9-15). അതുകൊണ്ട് ഈസോപ്പ്, കറകൾ കഴുകുന്നതിനാൽ, വിജാതീയർക്കു നൽകപ്പെട്ട സ്നാനത്തിൻെറ പ്രതീകമായിരുന്നു ഇത് എന്നു വ്യക്തമല്ലേ? നാമാൻ വിശ്വസിക്കുകയും ഇസ്രായേലിൽ നിന്ന് കുറച്ച് കളിമണ്ണ് എടുത്തുകൊണ്ടുപോകുകയും ചെയ്തു എന്നത് ആശ്ചര്യകരമായ കാര്യമാണ്; എന്നാൽ സ്വർഗീയകാര്യങ്ങളെ സംബന്ധിച്ച് നിക്കൊദേമൂസ് തൻെറ കർത്താവിനെ ചോദ്യം ചെയ്യുകയായിരുന്നു. അതുകൊണ്ട് അവിടുന്ന് അരുൾച്ചെയ്തു: *ഞാൻ ഭൗമികകാര്യങ്ങൾ സംസാരിച്ചിട്ട് നീ വിശ്വസിക്കുന്നില്ലെങ്കിൽ, സ്വർഗീയകാര്യങ്ങൾ പറഞ്ഞാൽ നീ എങ്ങനെ വിശ്വസിക്കും? കാറ്റ് എവിടെ നിന്ന് വരുന്നെന്നോ, എവിടേക്ക് പോകുന്നെന്നോ നിനക്കറിയില്ല* (യോഹ 3:12.8). സുസ്പഷ്ടമായ സംഗതികൾ മനസിലാകുന്നില്ലെങ്കിൽ, സ്വർഗീയമായ നിഗൂഢസംഗതികളിലേക്ക് ഊളിയിട്ടിറങ്ങാൻ ആർക്കു കഴിയും? കാരണം, *സ്വർഗത്തിൽ നിന്നിറങ്ങിയ മനുഷ്യപുത്രനല്ലാതെ മറ്റാരും സ്വർഗത്തിൽ കയറിയിട്ടില്ല* (3:13). ദൈവത്വത്തിൻെറ ആസ്ഥാനത്തേക്ക് ആരും കയറിപ്പോയിട്ടില്ല, പോകുകയുമില്ല എന്നു കാണിക്കാനാണ് അവിടുന്നു ഇതു പറഞ്ഞത്.

**14.** നിക്കൊദേമൂസ് അവനോടു പറഞ്ഞു: *പ്രായമുള്ള മനുഷ്യന് തൻെറ അമ്മയുടെ ഉദരത്തിൽ വീണ്ടും കയറി ജനിക്കാൻ കഴിയുമോ?* (3:4). കാരണം, *നിയമം* അനുസരിച്ച് അമ്മയുടെ ഗർഭപാത്രവും അവളുടെ ശിശുവും പ്രസവത്തിലൂടെ അശുദ്ധമായിത്തീരുന്നു. എന്നാൽ നമ്മുടെ കർത്താവ് അവൻെറ ബലഹീനതയിൽ അവനെ കൈവിട്ടില്ല; പിന്നെയോ, അവന് കൃത്യമായ നിർദ്ദേശം നൽകി: *ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ, ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാധ്യമല്ല* (3:5). അതായത്, പരിശുദ്ധാത്മാവിൻെറ ആവാസത്തോടുകൂടി ജലസ്നാനം ശരീരത്തിന് ആവശ്യമാണെന്ന്, തൻെറ മുമ്പിലുള്ള സംഗതികളിൽ നിന്നും കർത്താവിൻെറ വാദത്തിൽ നിന്നും, മനസ്സുണ്ടെങ്കിൽ അവന് ഗ്രഹിക്കാമായിരുന്നു. *ജഡത്തിൽ നിന്നു ജനി*

www.malankaralibrary.com



*ക്കുന്നതു ജഡമാകുന്നു; ആത്മാവിൽ നിന്നു ജനിക്കുന്നത് ആത്മാവും* (3:6). ജഡത്തിൽ നിന്നുള്ള ജനനം ദൃശ്യമാണ്, സ്നാനത്തിലെ ജനനം ആത്മാവിൽ നിന്നാണ്, അദൃശ്യവുമാണ് എന്ന് ചൂണ്ടിക്കാണിച്ചു കൊണ്ട്, അവിടുന്ന് അവനെ വിശ്വാസത്തിൽ പ്രബോധിപ്പിക്കുക ആയിരുന്നു.

*നിങ്ങൾക്ക് കടുകുമണിയോളം വിശ്വാസം ഉണ്ടെങ്കിൽ, ഈ മലയോട് ഇവിടെനിന്ന് മാറിപ്പോകുക എന്നു പറഞ്ഞാൽ അതു മാറിപ്പോകും. വിശ്വാസപൂർവം ദൈവത്തോട് പ്രാർത്ഥനയിൽ ആവശ്യപ്പെടുന്നതെന്തും നിങ്ങൾക്കു നൽകപ്പെടും* (മത്താ 17:20). ഈ പ്രബോധനം അവർക്ക് വളരെ ഇഷ്ടപ്പെട്ടതിനാൽ, *ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമെ* എന്ന് അവർ അവിടുത്തോടു പറഞ്ഞു.

**15.** പറുദീസായിൽ വച്ച് സർപ്പം ആദത്തെ കൊത്തിക്കൊന്നു. അത് പാളയത്തിൽ വച്ച് ഇസ്രായേൽക്കാരെ കടിച്ച് ഉന്മൂലനാശം വരുത്തി. *മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു* (യോഹ 3:14). മോശ കുരിശിൽ ഉയർത്തിയ അടയാളത്തെ ശാരീരിക നയനങ്ങൾ കൊണ്ടു നോക്കിയവർ ശാരീരികമായി ജീവിച്ചു. അതുപോലെ, കുരിശിൽ തറയ്ക്കപ്പെട്ട് തൂങ്ങിക്കിടന്ന മിശിഹായുടെ ശരീരത്തെ ആത്മീയ നയനങ്ങളാൽ നോക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്നവർ ആത്മീയമായി ജീവിക്കും. ഇപ്രകാരം കുരിശിൽ സഹിക്കാനിരിക്കുന്നവൻ സ്വഭാവത്താലേ മരിക്കാൻ കഴിയാത്തവൻ ആണെന്ന്, സ്വഭാവത്താലേ സഹിക്കാൻ കഴിയാഞ്ഞ പിച്ചളസർപ്പത്തിലൂടെ വെളിപ്പെടുത്തപ്പെട്ടു.

## നീതിയില്ലാത്ത ന്യായാധിപൻ

**16.** നീതിയില്ലാത്ത ന്യായാധിപൻെറ ദുഷ്ടതയും തിന്മയും എന്തിൽ അടങ്ങിയിരിക്കുന്നു? (ലൂക്കാ 18:1-8). നീതിമാനായ ന്യായാധിപൻെറ കൃപയും നീതിയും എന്തിൽ അടങ്ങിയിരുന്നു? നീതിയില്ലാത്തവൻ തൻെറ ദുഷ്ടതയിൽ വിധവയ്ക്ക് നീതി നടത്തിക്കൊടുത്തില്ല; അവളുടെ മനസ്സിന് സ്വസ്ഥത നൽകാൻ അവൻെറ അന്യായത്തിൽ അവൻ കൂട്ടാക്കിയില്ല. എന്നാൽ എങ്ങനെ നീതി നടത്തിക്കൊടുക്കണമെന്ന് ദൈവത്തിൻെറ നീതിക്കും, എങ്ങനെ ജീവിപ്പിക്കണമെന്ന് അവിടുത്തെ കൃപയ്ക്കും അറിയാം. ഈ ദുഷ്ടന്യായാധിപൻെറ തിന്മ, ദൈവനീതിക്ക്

www.malankaralibrary.com



എതിരായിരുന്നു; ഈ വിപ്ലവകാരിയുടെ ദുഷ്ടത ശാന്തശീലൻെറ കൃപയ്ക്ക് എതിരായിരുന്നു. ദൈവഭയത്തിനെതിരെ പോകാൻ ഉദ്യമിച്ചതിനാൽ, അവൻെറ ദുഷ്ടത സ്ഥായിയായിരുന്നു. മനുഷ്യരുടെ നിന്ദയെ അവഗണിച്ചതിനാൽ, അവൻെറ ധിക്കാരം കഠിനമായിരുന്നു.

ഇവ രണ്ടും കഠിനമായിരുന്നെങ്കിലും, ഇവയേക്കാൾ കൂടുതൽ വാശിപിടിച്ചത് സുസ്ഥിരമായ അപേക്ഷയായിരുന്നു. കാരണം ദുഷ്ടതയാൽ അവൻ ദൈവത്തിനെതിരെ മത്സരിക്കുകയായിരുന്നു; ധിക്കാരത്താൽ മനുഷ്യരോട് ധാർഷ്ഠ്യത്തോടുകൂടി പെരുമാറി. വിധവയുടെ സ്ഥിരോത്സാഹം ഇവ രണ്ടിനെയും കീഴ്പ്പെടുത്തുകയും തൻെറ ഇച്ഛയ്ക്ക് അവയെ വിധേയമാക്കുകയും ചെയ്തു. അങ്ങനെ തൻെറ എതിരാളിക്കെതിരായി നീതി നടപ്പാക്കി കിട്ടാൻ അവൾക്കു കഴിഞ്ഞു. സ്ഥിരോത്സാഹം, കയ്പുള്ള ഈ രണ്ടു കൊമ്പുകളെയും രൂപാന്തരീകരിക്കുകയും അവയുടെ സ്വഭാവത്തിന് അന്യമായ മധുരഫലം പുറപ്പെടുവിക്കുകയും ചെയ്തു. എങ്ങനെ വിധിക്കണം എന്ന് ദുഷ്ടതയ്ക്ക് അറിയില്ല; എങ്ങനെ സാന്ത്വനം അരുളണമെന്ന് തിന്മയ്ക്കറിയില്ല. എങ്കിലും ഈ ന്യായാധിപൻെറ ദുഷ്ടത ശരിയായ വിധിയും ദുരാരോപണ വിധേയയായ സ്ത്രീക്ക് നീതിപൂർണമായ പ്രതിഫലവും നേടിക്കൊടുത്തു; അവൻെറ തിന്മ ക്ലേശിതയ്ക്ക് സമാധാനം നൽകി. സ്ഥിരോത്സാഹം ഈ രണ്ടു തിന്മകളെ നിയന്ത്രിക്കുകയും, കയ്പുള്ള കമ്പുകൾക്ക് അന്യമായ സദ്ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തെങ്കിൽ, നാം പ്രാർത്ഥനയിൽ സ്ഥിരതയോടിരുന്നാൽ, ദൈവത്തിൻെറ കൃപയെയും നീതിയെയും അവയുടെ സ്വഭാവത്തിന് അനുസൃതമായ ഫലം നൽകുന്നതിനുവേണ്ടി കീഴടക്കാൻ എത്രയധികമായി നമുക്കു കഴിയും? നീതി നമ്മെ കുറ്റവിമുക്തരാക്കട്ടെ; കൃപ നമ്മെ സന്തുഷ്ടരാക്കട്ടെ. അങ്ങനെ, പീഡിതരുടെ നീതിപൂർവമുള്ള പ്രതിഫലമാണ് നീതിയുടെ ഫലം; ക്ലേശിതർക്ക് സമാശ്വാസം നൽകുന്നതാണ് കൃപയുടെ ഫലം.

## യേശുവിൻെറ അധികാരം ചോദ്യം ചെയ്യപ്പെടുന്നു

**17.** *അവിടുന്ന് ജനക്കൂട്ടത്തെ പഠിപ്പിക്കുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ, ഫരിസേയരും നിയമജ്ഞരും അടുത്തുവന്നു ചോദിച്ചു: എന്തധികാരത്താലാണ് നീയിതു ചെയ്യുന്നത്?* (ലൂക്കാ 20:1-2). ഇത് തൻെറ പ്രബോധനത്തിൻെറ പ്രശ്നം ആയിരു

www.malankaralibrary.com



ന്നെങ്കിൽ ഇതിനെ എങ്ങനെ ഒരു പ്രവൃത്തി എന്ന് അവർക്കു വിളിക്കാൻ കഴിയുമായിരുന്നു? *നിങ്ങൾ എന്നിൽ വിശ്വസിക്കുന്നില്ലെങ്കിൽ, എൻെറ പ്രവൃത്തികളിൽ എങ്കിലും വിശ്വസിക്കുവിൻ* എന്ന് അവിടുന്ന് പറഞ്ഞതനുസരിച്ച്, തൻെറ വാക്കുകളുടെ സത്യത്തിനു സാക്ഷിയായി അവിടുന്നു തൻെറ പ്രവൃത്തികളെ ചൂണ്ടിക്കാട്ടി എന്ന് സുവ്യക്തമാണ് (യോഹ 10:38). *എന്തധികാരത്താലാണ് നീയിതു ചെയ്യുന്നത്?* മതവിചാരണക്കാരെപ്പോലെയത്രേ അവർ അവനെ ചോദ്യം ചെയ്തത്; പഠിക്കുവാൻ വേണ്ടി സ്നേഹം നിമിത്തമല്ല, മത്സരക്കാരെപ്പോലെ അവർ അവനെ സമീപിച്ചതിനാൽ, അവൻ അവർക്കുത്തരം നൽകിയില്ല. പിന്നെയോ, *യോഹന്നാൻെറ സ്നാനം എവിടെ നിന്നു വന്നു?* എന്ന മറുചോദ്യം അവിടുന്ന് അവരോട് കല്പിച്ചു. തങ്ങൾ യോഹന്നാനിൽ വിശ്വസിക്കുന്നില്ല എന്ന് ഏറ്റുപറയാൻ അവർ നിർബന്ധിതരാകത്തക്കവിധം അവൻെറ വചനം അവരെ തിരിച്ചുവിട്ടു. അവൻ ചോദിച്ചു: *അത് സ്വർഗത്തിൽ നിന്നോ അതോ മനുഷ്യരിൽ നിന്നോ? അവർ അതേപ്പറ്റി ചിന്തിച്ചിട്ട് ഇങ്ങനെപറഞ്ഞു: സ്വർഗത്തിൽ നിന്നാണ് എന്നു നാം പറഞ്ഞാൽ നിങ്ങൾ എന്തുകൊണ്ട് അതിൽ വിശ്വസിച്ചില്ല എന്ന് അവൻ ചോദിക്കും. മനുഷ്യരിൽ നിന്നാണ് എന്നു പറഞ്ഞാൽ, ജനക്കൂട്ടത്തെ ഭയപ്പെടണം* (മത്താ 21:25-26). *സ്വർഗത്തിൽ നിന്നാണെങ്കിൽ* എന്ന് അവർ പറഞ്ഞപ്പോൾ, 'ഞങ്ങൾ ദൈവത്തെ ഭയപ്പെടുന്നു' എന്നുകൂടി അവർ പറഞ്ഞില്ല. ഇപ്രകാരം, അവർ ദൈവത്തെയല്ല, മനുഷ്യരെ ഭയപ്പെട്ടിരുന്നു.

## രണ്ടു പുത്രന്മാർ

**18.** *നിങ്ങൾക്ക് എന്തു തോന്നുന്നു? ഒരു മനുഷ്യന് രണ്ടു പുത്രന്മാർ ഉണ്ടായിരുന്നു* (മത്താ 21:28). അവരെ തൻെറ ജോലിക്ക് പ്രേരിപ്പിക്കാനായി അവൻ അവരെ "പുത്രന്മാർ" എന്നു വിളിച്ചു. *യജമാനനേ, ഞാൻ പോകാം* എന്ന് ഒരുവൻ പറഞ്ഞു (21:29). പിതാവ് അവനെ 'മകൻ' എന്നു വിളിച്ചപ്പോൾ അവൻ 'യജമാനൻ' എന്ന് തിരിച്ചു വിളിച്ചു. അവൻ അവനെ 'പിതാവേ' എന്നു വിളിച്ചില്ല; തൻെറ വാക്കു പാലിച്ചുമില്ല. *ഇരുവരിൽ ആരാണ് പിതാവിൻെറ ഇഷ്ടം നിറവേറ്റിയത്?* (21:31). *രണ്ടാമത്തവൻ* എന്ന് അവർ ശരിയായി ഉത്തരം പറഞ്ഞു. ഇവരിൽ ആരാണെന്ന് നിങ്ങൾക്കു തോന്നുന്നു എന്നല്ല അവൻ ചോദിച്ചത്. *ഞാൻ പോകാം* എന്ന് ഒന്നാമത്തവൻ പറഞ്ഞുകഴിഞ്ഞു. എന്നാൽ *തൻെറ*

www.malankaralibrary.com



*പിതാവിൻെറ ഹിതം നിറവേറ്റിയത് ആരാണ്? അതുകൊണ്ട്, ചുങ്കക്കാരും വേശ്യകളും നിങ്ങൾക്കുമുമ്പേ സ്വർഗരാജ്യത്തിൽ പ്രവേശിക്കും എന്ന് അവൻ പറഞ്ഞു* (21:31). കാരണം, നിങ്ങൾ വാക്കുകൾ കൊണ്ട് ഉറപ്പുനൽകുന്നു; എന്നാൽ അവർ നിങ്ങളേക്കാൾ കൂടുതൽ വേഗത്തിൽ ഓടുന്നു. *യോഹന്നാൻ നീതിമാർഗത്തിൽ വന്നു* (21:32). അതായത്, തൻെറ യജമാനൻെറ മഹത്ത്വം അവൻ തനിക്കായി പിടിച്ചുവച്ചില്ല; പിന്നെയോ, അവൻ മിശിഹായാണ് എന്ന് അവർ കരുതിയപ്പോൾ അവൻ അവരോടു പറഞ്ഞു: *അവൻെറ ചെരിപ്പിൻെറ വാറ് അഴിക്കാൻ ഞാൻ യോഗ്യനല്ല* (3:11).

## ദുഷ്ടദാസന്മാർ

**19.** അവൻ *മറ്റൊരുപമ* പറഞ്ഞു: *ഒരു മനുഷ്യൻ, ഒരു വീട്ടുടമസ്ഥൻ, ഒരു മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചു* (21:33). സങ്കീർത്തകൻ പറഞ്ഞതിനു തുല്യമാണിത്: *നീ ഈജിപ്തിൽനിന്ന് ഒരു മുന്തിരിച്ചെടി കൊണ്ടുവന്നു; നീ ജനതകളെ ഓടിച്ചിട്ട് അതിനെ നട്ടു* (സങ്കീ 80:9). *അവൻ അതിന് വേലികെട്ടി: നിയമം; മുന്തിരിച്ചക്കിനുള്ള കുഴി കുഴിച്ചു:* ബലിപീഠം; *അവിടൊരു ഗോപുരം പണിതു:* ആലയം; *ഫലശേഖരണാർത്ഥം അവൻ തൻെറ ദാസരെ അയച്ചു* (21:33-34). എന്നാൽ ആദ്യത്തേതോ, പിന്നത്തേതോ, അവസാനത്തേതോ ലഭിച്ചില്ല. *അപ്പോൾ അവൻ തൻെറ പുത്രനെ അയച്ചു* (21:37). അവൻ അവസാനത്തവൻ ആയതിനാലല്ല; കാരണം, അവൻ അവസാനം പ്രത്യക്ഷപ്പെട്ടെങ്കിലും, യോഹന്നാൻ സാക്ഷ്യപ്പെടുത്തുന്നതുപോലെ, അവൻ നേരത്തെ ഉണ്ടായിരുന്നു: *എൻെറ പിന്നാലെ ഒരുവൻ വരുന്നു; അവൻ എനിക്കു മുമ്പുള്ളവനാണ്* (യോഹ 1:15.30). ഇപ്രകാരം അവൻ പ്രവർത്തിച്ചത്, തൻെറ മുൻഗാമികൾക്ക് ഫലശേഖരണം നടത്താൻ കഴിഞ്ഞില്ല എന്നറിയാതെയല്ല; പിന്നെയോ, അവരുടെ ഇടയിൽ നിന്ന് ഈ പിടലികടുത്തവരുടെ ദുഷ്പ്രവൃത്തി നീക്കുന്നതിനുവേണ്ടിയാണ്. താൻ ആഗ്രഹിച്ചവയെല്ലാം നിയമംകൊണ്ട് തയാറാക്കാനോ നയിക്കാനോ അവനു കഴിഞ്ഞില്ല എന്ന് അവർ പറഞ്ഞു. അതുകൊണ്ട് അവരെ നിശബ്ദരാക്കാൻ അവൻ തൻെറ പുത്രനെ അയച്ചു. *എന്നാൽ പുത്രൻ വരുന്നതു കണ്ടപ്പോൾ, അവർ പറഞ്ഞു: ഇതാ, മുന്തിരിത്തോട്ടത്തിൻെറ അവകാശി. വരുവിൻ, നമുക്ക് അവനെ കൊന്നുകളയാം; മുന്തിരിത്തോട്ടത്തിൻെറ അവകാശം നമുക്കായിരിക്കും* (മത്താ 21:38). അവർ അവനെ കൊന്നെങ്കിലും അവരുടെ അവകാശം

www.malankaralibrary.com


അവരിൽ നിന്ന് എടുക്കപ്പെട്ടു. അത് അവൻ വിജാതികൾക്കു നൽകി. *ഉള്ളവന് കൂടുതൽ കൊടുക്കപ്പെടും, അവന് സമൃദ്ധി ഉണ്ടാകുകയും ചെയ്യും. ഇല്ലാത്തവനിൽ നിന്ന് ഉള്ളതുകൂടിയും എടുക്കപ്പെടും* എന്ന് അവൻ പറഞ്ഞതുപോലെയാണിത് (13:12).

**20.** *ആ മുന്തിരിത്തോപ്പിലെ പണിക്കാർ എന്ത് അർഹിക്കുന്നു* എന്നു ചോദിച്ചുകൊണ്ട് (21:40) അവർ സ്വയം വിധിക്കുന്നതിനായി അവൻ അവരെ നയിച്ചു. *അവൻ ദുഷ്ടരെ ക്രൂരമായി നശിപ്പിക്കട്ടെ* എന്നു പറഞ്ഞുകൊണ്ട് അവർ തങ്ങൾക്കെതിരെയുള്ള വിധിവാചകം ഉച്ചരിച്ചു (21:41). *പണിക്കാർ ഉപേക്ഷിച്ചു കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നു എന്ന് നിങ്ങൾ വായിച്ചിട്ടില്ലേ* എന്നു പറഞ്ഞുകൊണ്ട് പിന്നീട് അവൻ ഇതു വിശദീകരിച്ചു (21:42). എന്തു കല്ല്? ഈയംപോലെ കട്ടിയുള്ളതായി അറിയപ്പെട്ടത്. കാരണം, *ഇസ്രായേൽ മക്കളുടെ ഇടയിൽ ഞാൻ ഒരു തൂക്കുകട്ട പിടിക്കും* എന്ന് അവിടുന്നു പറഞ്ഞത് ശ്രദ്ധിക്കുക (ആമോസ്, 7:8). ഈ കല്ല് താൻ തന്നെയാണ് എന്നു കാണിക്കാൻ, അതേപ്പറ്റി അവൻ പറഞ്ഞു: *ഈ കല്ലിന്മേൽ ആരെങ്കിലും തട്ടിവീണാൽ അവൻ ചിന്നിച്ചിതറും. ഇത് ആരുടെയെങ്കിലും മേൽ നിപതിച്ചാൽ, അത് അവരെ തകർത്ത് ഇല്ലാതാക്കും* (ലൂക്കാ 20:18). അവൻെറ പ്രബോധനം ജനപ്രമാണികൾക്ക് ഇഷ്ടപ്പെടാഞ്ഞതിനാൽ, അവർ അവനെതിരെ ഒന്നിച്ചുകൂടുകയും അവൻെറ പതനം ആഗ്രഹിക്കുകയും ചെയ്തു. എന്നാൽ അവൻ പറഞ്ഞു: ഇത് ആരുടെയെങ്കിലുംമേൽ നിപതിച്ചാൽ, അത് അവരെ തകർത്ത് ഇല്ലാതാക്കും. കാരണം, മറ്റു പലസംഗതികളോടും കൂടി അവൻ വിഗ്രഹാരാധന നിർമാർജനം ചെയ്തിരുന്നു: *വിഗ്രഹത്തെ തകർത്ത കല്ല് ഒരു വലിയ മലയായി തീരുകയും ഭൂമി മുഴുവൻ അതുകൊണ്ട് നിറയുകയും ചെയ്തു* (ദാനി 2:35).

## സീസറിനുള്ള നികുതി

**21.** *നികുതി കൊടുക്കണമോ എന്നാരാഞ്ഞുകൊണ്ട് ഹേറോദ്യരോടുകൂടി അവർ തങ്ങളുടെ ശിഷ്യരെ അവൻെറ പക്കലേക്കയച്ചു* എന്ന വേദഭാഗം നമുക്ക് വിശദീകരിക്കാം (മത്താ 22:16-17). അവർ അവനെപ്പറ്റി ഇങ്ങനെ ചിന്തിച്ചിരുന്നു: അവർ അവനെ ദാവീദിൻെറ പുത്രൻ എന്നു വിളിക്കുന്നതിനാൽ, ഇസ്രായേൽ രാജ്യം കൈവശപ്പെടുത്താൻ അവൻ ആഗ്രഹിക്കുന്നു. അവർ നികുതി കൊടുക്കാൻ അവൻ അവരെ അനുവദിക്കുമോ എന്നറിയാൻ അവർ ആഗ്രഹിച്ചു. അതുകൊടുക്കേണ്ട എന്ന്

www.malankaralibrary.com



അവൻ പറഞ്ഞാൽ, താൻ രാജാവാണ് എന്ന് അവൻ പറഞ്ഞതായി അവനെ കുറ്റപ്പെടുത്തിക്കൊണ്ട് അവനെതിരെ ഒരു കാരണം കണ്ടുപിടിക്കാൻ ആഗ്രഹിച്ചു. നികുതി കൊടുക്കാതിരിക്കാൻ വേണ്ടിയല്ല അവർ അവനെ ചോദ്യംചെയ്യാൻ ആഗ്രഹിച്ചത്, പിന്നെയോ, അവനെ കൊല്ലാൻ വേണ്ടിയാണ്. തൻെറ പ്രബോധനം ഈ ഗൂഢതന്ത്രത്തിന് ഉപരിസ്ഥമാണെന്നും, താൻ മനുഷ്യരുടെ നന്മ ആഗഹിക്കുന്നെന്നും കാണിക്കാൻ അവൻ പറഞ്ഞു: *സീസറിനുള്ളതു സീസറിനു കൊടുക്കുക; ദൈവത്തിനുള്ളത് ദൈവത്തിനു കൊടുക്കുക* (മത്താ 22:21).

## മരിച്ചവരുടെ ഉത്ഥാനം

**22.** *മരിച്ചവരുടെ ഉത്ഥാനം ഇല്ലെന്നു പറഞ്ഞുകൊണ്ട് സദുക്യർ അവൻെറ അടുത്തുവന്നു* (മർക്കോ 12:18). അവർ 'സദുക്യർ', അതായത്, 'നീതിമാന്മാർ' എന്നു വിളിക്കപ്പെടുന്നത് 'പ്രതിഫലത്തിനുവേണ്ടിയല്ല ഞങ്ങൾ ദൈവത്തെ സേവിക്കുന്നത്' എന്ന് അവർ പറയുന്നതിനാലത്രേ. അവർ ഉത്ഥാനം പ്രതീക്ഷിക്കുന്നില്ല. ഇക്കാരണത്താൽ അവർ സ്വയം 'നീതിമാന്മാർ' എന്നു വിളിക്കുന്നു. പ്രതിഫലം കൂടാതെ നാം ദൈവത്തെ സ്നേഹിക്കണം എന്ന് അവർ പറയുന്നു. *ഒരാൾ മരിച്ചാൽ അവൻെറ ഭാര്യ അവൻെറ സഹോദരനെ വിവാഹംകഴിക്കണം എന്ന് മോശ കല്പിച്ചിരിക്കുന്നു. ഒരു സ്ത്രീ ഏഴു പുരുഷന്മാരുടെ ഭാര്യയായിരുന്നു. മരിച്ചവരുടെ ഉത്ഥാനത്തിൽ അവൾ ആരുടേതായിരിക്കും?* (മത്താ 22:24-25). അവിടെയും വിവാഹം ഉണ്ടായിരിക്കും എന്ന് പ്രതീക്ഷിക്കുന്നത് ശരിയായിരിക്കുമോ? മരിച്ചവരുടെ ഉത്ഥാനത്തിൽ യഹൂദർ വിവാഹം പ്രതീക്ഷിക്കുന്നെങ്കിൽ, ഈ ലോകത്തിൽ അവർ വൈവാഹികവിരക്തി നിഷേധിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. *നിങ്ങൾ സ്വയം വളരെയധികം വഞ്ചിക്കുന്നു. ഈ ലോകത്തിൻെറ മക്കൾ ഭാര്യമാരെ സ്വീകരിക്കുന്നു* എന്നിത്യാദി. *ആ സ്വർഗീയലോകത്തിന് അർഹരായവർ മാലാഖമാരേപ്പോലെയാണ്* (22:29-30). മാലാഖമാരോടുള്ള സാമ്യത്താൽ ചിലർ വിവാഹം കഴിക്കുന്നില്ലെങ്കിൽ, മാലാഖമാരെ നിന്ദിക്കാൻ തുനിയുന്നവരെപ്പറ്റി നാം എന്താണു പറയേണ്ടത്?[57]

---

57. മാലാഖമാർ വിവാഹം കഴിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നവർക്ക് എതിരായിട്ടാണ് അപ്രേം സംസാരിക്കുന്നത്.

www.malankaralibrary.com


## സ്നേഹത്തിൻെറ പരമകല്പന

**23.** *ഏറ്റവും വലുതും ഒന്നാമത്തേതുമായ കല്പന ഏതാകുന്നു? അവൻ അവരോടു പറഞ്ഞു: നിങ്ങളുടെ ദൈവമായ കർത്താവിനെ നിങ്ങൾ സ്നേഹിക്കണം. നിന്നെപ്പോലെ നിൻെറ അയല്ക്കാരനെയും സ്നേഹിക്കണം* (22:36-37.39). നാം നശിച്ചുപോകാൻ ദൈവസ്നേഹം അനുവദിക്കുന്നില്ല; മറ്റുള്ളവരെ വേദനിപ്പിക്കാൻ മനുഷ്യസ്നേഹവും നമ്മെ അനുവദിക്കുന്നില്ല. താൻ സ്നേഹിക്കുന്നയാളെ വേദനിപ്പിക്കുന്നവൻ ഇല്ലല്ലോ. തൻെറ ജഢികപുത്രന്മാരുടെ സ്നേഹത്തിൻെറയെല്ലാം കലവറ ആയിത്തീരാൻ കഴിവുള്ള ഏതു ഹൃദയമാണുള്ളത്? *നിന്നെപ്പോലെ നിൻെറ അയല്ക്കാരനെ നീ സ്നേഹിക്കണം* എന്ന് (മത്താ 22:39) സ്നേഹത്തിൻെറ കർഷകൻ മനസിൽ വിതച്ച കല്പന അനുസരിച്ച്, എല്ലാ ആത്മാക്കളുടെയും സ്നേഹം തന്നിൽ വർധിപ്പിക്കാൻ കഴിവുള്ള ഏതു മനസാണുള്ളത്? ദൈവത്തിൻെറ വേഗതയേറിയതും സമൃദ്ധവുമായ ആഗ്രഹങ്ങൾക്ക് ഉപകരണങ്ങളാകാൻ, നമ്മുടെ കഴിവുകൾ വളരെ പരിമിതങ്ങളാണ്. ദൈവത്തിൽനിന്നു വരുന്ന സ്നേഹത്തിൻെറ ഫലം അതിൽതന്നെ, തൻെറ ഇച്ഛയ്ക്കു മതിയായതാണ്. താൻ ചെയ്യാൻ ആഗ്രഹിക്കുന്നവയെല്ലാം ചെയ്യാൻ കഴിവുള്ളതാണ് ദൈവത്വത്തിൻെറ സ്വഭാവം. മനുഷ്യന് ജീവൻ നൽകാൻ തന്നെ ദൈവത്വം ആഗ്രഹിക്കുന്നു. മാലാഖമാർ തങ്ങൾക്കനുവദിച്ച ഭാഗങ്ങളോടുകൂടി, രാജാക്കന്മാർ തങ്ങളുടെ സൈന്യങ്ങളോടുകൂടി, പ്രവാചകന്മാർ തങ്ങളുടെ അടയാളങ്ങളോടുകൂടി ധൃതി കൂട്ടുന്നു; എന്നാൽ, നമ്മെ കൈയ്ക്കു പിടിച്ച് ഉയർത്തുന്നവൻ സ്വർഗത്തിൽ നിന്ന് താഴേക്കു വരുന്നതുവരെ മനുഷ്യകുലം രക്ഷിക്കപ്പെട്ടില്ല. അതുകൊണ്ട്, ദൈവസ്നേഹവും പരസ്നേഹവും എന്ന രണ്ടു കല്പനകളിലൂടെ ഈ പ്രബോധനങ്ങളെല്ലാം രണ്ടു ചിറകുകളാൽ എന്നവണ്ണം ഉയർത്തപ്പെട്ടിരിക്കുന്നു.

## നല്ല സമരിയാക്കാരൻ

**24.** മുറിവേറ്റവൻ ഒരു യഹൂദൻ ആയിരുന്നു. സമരിയാക്കാരൻ നിമിത്തം പുരോഹിതർക്കും ലേവ്യർക്കും അവൻ അവമാനം ആയിത്തീർന്നു. കാരണം, തങ്ങളുടെ സ്വന്തജനത്തിൽപ്പെട്ട ഒരുവനിൽ അവർ കാരുണ്യം കാട്ടിയില്ല (ലൂക്കാ 10:25-37). അവിടുന്ന് അവനോടു പറഞ്ഞു: നിൻെറ ജനത്തിൻെറ പുത്രനായ ഈ യഹൂദനോട് *നീയും ഇതുപോലെ ചെയ്യുക.*

www.malankaralibrary.com



"ഒരു നല്ല സമറിയാക്കാരനായി തീരുക" എന്ന് അവിടുന്നു പറഞ്ഞില്ല. *ആരാണ് എന്റെ അയല്ക്കാരൻ,* എന്റെ സ്നേഹിതൻ?" എന്ന് ഈ മനുഷ്യൻ അവിടുത്തോടു ചോദിച്ചിരുന്നു. മുറിവേറ്റ യഹൂദനെ നമ്മുടെ കർത്താവ് അവനു കാണിച്ചുകൊടുത്തു. എന്നാൽ സമറിയാക്കാരനും വിജാതീയരുടെ ശത്രു ആണ്. എന്നാൽ പിന്നെ എന്തുകൊണ്ട് വിജാതീയരിൽ ഒരുവനെ ചുറ്റിപ്പറ്റി കർത്താവ് തന്റെ ഉപമ രൂപീകരിച്ചില്ല? തങ്ങളുടെ ജനത്തിലൊരുവനോട് കരുണ കാണിക്കാഞ്ഞ പുരോഹിതരെയും ലേവ്യരെയും അവിടുന്ന് ഇങ്ങനെ ലജ്ജിപ്പിച്ചില്ലേ? അവൻ ഒരു വിജാതീയനെ അവതരിപ്പിച്ചിരുന്നെങ്കിൽ, അവൻ ഒരു അന്യഘടകം അവതരിപ്പിക്കുകയായിരിക്കും ചെയ്യുക. കാരണം, യഹൂദർ വിജാതീയരോട് കാരുണ്യം കാണിക്കാറില്ല. അവിടന്ന് അവനോടു പറഞ്ഞു: *ഇതുപോലെ ചെയ്യുക.* മുറിവേറ്റ യഹൂദനോട് പുരോഹിതരും ലേവ്യരും കാരുണ്യം കാണിക്കണമെന്ന് നിയമം കല്പിക്കുന്നുവോ ഇല്ലയോ എന്ന് അവർ നമ്മോടു പറയട്ടെ. "കരുണയില്ലാത്ത ഈ ജനത്തെപ്പോലെ പെരുമാറരുത്" എന്ന് അവനോടു പറഞ്ഞപ്പോൾ നമ്മുടെ കർത്താവ് സമറിയാക്കാരനെ പ്രകീർത്തിക്കാൻ നിശ്ചയമായും മുന്നോട്ടുവന്നു.

ഒരു യഹൂദനാണ് മുറിവേറ്റത് എന്നു കാണിക്കാൻ അവിടുന്നു പറഞ്ഞു: *ജറുസലേമിൽ നിന്ന് ജറീക്കോയിലേക്ക്* (ലൂക്കാ 10:30). മുൻകാലരാജാക്കന്മാർ സമറിയാക്കാരെ അടിമകളാക്കി അവിടെ പാർപ്പിച്ചതിനാൽ അവർ അവിടെ താമസിക്കുന്നു. കരുണയുടെ കാര്യമാണിതെന്ന് ഈ ഭാഗത്തിന്റെ അവസാനം കാണിക്കുന്നു. *മുറിവേറ്റവന് ഇവരിൽ ആരാണ് അയൽക്കാരനായിരുന്നതെന്ന് നിനക്കു തോന്നുന്നു? അവർ അവിടുത്തോടു പറഞ്ഞു: അവനോട് കരുണ കാണിച്ചവൻ* (ലൂക്കാ 10: 36-37). അവൻ ഒരു സമറിയാക്കാരൻ ആയിരുന്നു എന്നു കാണുക. അതുകൊണ്ട് സ്വന്തം ഗോത്രത്തിൽ പെട്ടവർ മാത്രമാണ് അയൽക്കാർ എന്ന് കർത്താവ് പറഞ്ഞില്ല എന്നത് വ്യക്തം! യഹൂദരും പുരോഹിതന്മാരും കൂടുതൽ താല്പര്യപൂർവം തങ്ങളുടെ വംശത്തിൽപെട്ടവരുടെ കാര്യത്തിൽ ശ്രദ്ധിക്കേണ്ടതായിരുന്നു. അവരാകട്ടെ, അതിൽ അലംഭാവം കാട്ടി. എന്നാൽ, അവരുടെ വംശത്തിന്റെ എതിരാളികളായ സമറിയാക്കാരിലൊരുവനാണ് നീയെങ്കിൽ, വെറുപ്പു കാണിക്കേണ്ട. ഈ മുറിവേറ്റവനെ നിന്റെ അയല്ക്കാരനായി പരിഗണിച്ച് ശ്രദ്ധാപൂർവം അവനെ പരിചരിച്ചാലും.

www.malankaralibrary.com



## ജീവജലത്തിൻെറ വാഗ്ദാനം

**25.** *നമ്മുടെ കർത്താവ് എഴുന്നേറ്റുനിന്ന് ഉച്ചത്തിൽ പ്രഖ്യാപിച്ചു: ദാഹാർത്തരായ സകലരും എൻെറ പക്കലേക്കു വന്നു കുടിക്കുവിൻ* (യോഹ 7:37). *ദാഹിക്കുന്ന എല്ലാവരും വെള്ളത്തിൻെറ അടുത്തേക്കു വരുവിൻ* എന്ന് പ്രവാചകൻ പറഞ്ഞതുപോലെയാണിത് (ഏശ 55:1). പ്രവാചകൻ അവരെ ഉറവയിലേക്കയച്ചു; പ്രവാചകവചനം പൂർത്തിയാക്കുന്നവൻ, പാനം ചെയ്യാനായി അവരെ ക്ഷണിച്ചു. അതാണ് വിജ്ഞാനം പറഞ്ഞത്: *വന്ന് എൻെറ അപ്പം ഭക്ഷിക്കുകയും ഞാൻ കലർത്തിയ വീഞ്ഞ് കുടിക്കുകയും ചെയ്യുക. തെറ്റ് ഉപേക്ഷിച്ച് ജീവിക്കുക* (സുഭാ 9:5-6).

## യഹൂദരുമായി സംവാദം

**26.** അബ്രഹാമിൻെറ പേരിൽ അഹങ്കരിക്കുകയും സാത്താൻെറ പ്രവൃത്തികൾ ചെയ്യുകയും ചെയ്തതിനാൽ അവിടുന്ന് അവരോടു പറഞ്ഞു: ഒരാളുടെ പേരെടുക്കുകയും മറ്റൊരാളുടെ പ്രവൃത്തി ചെയ്യുകയുമരുത്. ഒന്നുകിൽ, നിങ്ങൾ അഭിമാനം കൊള്ളുന്നവൻെറ പ്രവൃത്തികൾ ചെയ്യുവിൻ; അല്ലെങ്കിൽ, നിങ്ങൾ താല്പര്യപൂർവം ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ ആളിൻെറ പേരെടുക്കുവിൻ. അബ്രഹാമിൻെറ നാമവും അവർ ചെയ്തുകൊണ്ടിരുന്ന പ്രവൃത്തിയും തമ്മിൽ വലിയ അന്തരം ഉണ്ട് എന്ന് കാണിക്കാൻ അവിടുന്ന് അവരോടു പറഞ്ഞു: *നിങ്ങൾ അബ്രഹാമിൻെറ മക്കളാണെങ്കിൽ, അവൻെറ പ്രവൃത്തികൾ ചെയ്യുവിൻ* (യോഹ 8:39). അവിടുന്നു പറഞ്ഞു: *നിങ്ങൾ ദുഷ്ടൻെറ സന്തതികളാണ്; അവൻ ആദിമുതലേ കൊലപാതകി ആകുന്നു* (8:14); *നിങ്ങൾ എന്തിനാണ് എന്നെ കൊല്ലാൻ അന്വേഷിക്കുന്നത്? അബ്രഹാം അത് ചെയ്തില്ലല്ലോ* (7:19; 8:40). കൊലപാതകത്തിനെതിരെ അവർക്കു മുന്നറിയിപ്പു നൽകുന്നതിനും *ആരാണ് നിന്നെ കൊല്ലാൻ അന്വേഷിക്കുന്നത്* എന്ന് അവരിൽ നിന്ന് ഒരച്ചാരം ലഭിക്കുന്നതിനുമാണ് അവൻ ഇതു മുൻകൂട്ടി പറഞ്ഞത്. ഇപ്രകാരം അവനെ കൊന്നുകഴിഞ്ഞ് അവർ കുറ്റക്കാരായി കാണപ്പെടും. *ഇതല്ല അബ്രഹാം ചെയ്തത്.* അതിനുപകരം, ദുഷ്പ്രവൃത്തിക്കാരായ സോദോമ്യരോട് അവന് വളരെ സഹതാപം ഉണ്ടായിരുന്നു. പാപികളോട് കരുണ കാണിച്ച അബ്രഹാമും, നീതിമാന്മാരുടെ നാഥനെ കൊല്ലാൻ അന്വേഷിച്ചവരും തമ്മിൽ എന്തു സാമ്യമാണുള്ളത്? അവർ

www.malankaralibrary.com



നമ്മുടെ കർത്താവിനെ 'സമറിയാക്കാരൻ' എന്നു വിളിച്ചു; കാരണം, 'ഞങ്ങൾ അബ്രഹാമിൻെറ സന്തതികളാണ്' എന്ന് സമറിയാക്കാർ യഹൂദർക്കെതിരെ തങ്ങളെപ്പറ്റി പറഞ്ഞിരുന്നു; *ഞങ്ങളാണ് യഥാർത്ഥത്തിൽ അബ്രഹാമിൻെറ സന്തതികൾ* എന്ന് യഹൂദരും മറ്റവർക്കെതിരെ പറഞ്ഞിരുന്നു (8:39). *നിങ്ങൾ അബ്രഹാമിൻെറ മക്കളാണെങ്കിൽ, നിങ്ങൾ അബ്രഹാമിൻെറ പ്രവൃത്തികൾ ചെയ്യുമായിരുന്നു* എന്ന് നമ്മുടെ കർത്താവ് യഹൂദരോടു പറഞ്ഞു (8:39). ഇത് സമറിയാക്കാരുടെ ഭാഗത്തുനിന്ന് പറയുന്നതായി യഹൂദർക്കു തോന്നി. അതുകൊണ്ടാണ് അവർ പറഞ്ഞത്, 'നീ ഒരു സമറിയാക്കാരനാണ്' (8:48).

**27.** *അബ്രഹാം എൻെറ ദിവസം കാണുവാൻ ആഗ്രഹിച്ചു* (8:56). *നിൻെറ സന്തതികളിലൂടെ വിജാതീയർ അനുഗ്രഹിക്കപ്പെടും* എന്ന് അവനെപ്പറ്റി പറഞ്ഞിരിക്കുന്നു (ഉല്പ 22:18). *അവൻ കാണുകയും സന്തോഷിക്കുകയും ചെയ്തു* (യോഹ 8:56); കാരണം, കുഞ്ഞാടിൻെറ പ്രതീകത്തിലൂടെ, സകലജാതികളുടെയും രക്ഷ അവൻ തിരിച്ചറിഞ്ഞു (ഉല്പ22:13). *നിനക്ക് അമ്പതു വയസ്സുപോലും ആയിട്ടില്ല; എന്നിട്ടും നീ അബ്രഹാമിനെ കണ്ടെന്നോ? അവൻ അവരോടു പറഞ്ഞു: അബ്രഹാമിനു മുമ്പ് ഞാനുണ്ട്* (യോഹ 8:57-58). ഇസഹാക്ക് വീണ്ടെടുക്കപ്പെടുകയും കുഞ്ഞാടിലൂടെ തൻെറ അടയാളം വെളിപ്പെടുത്തുകയും ചെയ്തപ്പോൾ, നിഗൂഢമായ രീതിയിൽ അവൻ സ്ഥിതിചെയ്തു. കുഞ്ഞാടിൽ കൂടി വിടുവിക്കപ്പെട്ട ഇസഹാക്കിൻെറ മക്കൾ ഈജിപ്തിലേക്കു പോകുകയും, അവിടെ ദീർഘകാലം താമസിക്കുകയും ചെയ്തു. മുൻകൂട്ടി ഇസഹാക്കിലൂടെ സൂചിതമായിരുന്ന കുഞ്ഞാടിൽ കൂടിയാണ് അവരും അതുപോലെ വിടുവിക്കപ്പെട്ടത് (പുറ 12). ആ സമയംമുതൽ സത്യകുഞ്ഞാടിൻെറ ആഗമനം വരെ അവർ കുഞ്ഞാടിനെ ബലികഴിച്ചിരുന്നു. അവൻ തൻെറ പക്കലേക്കു വന്നപ്പോൾ യോഹന്നാൻ വിളിച്ചുപറഞ്ഞു: *ഇതാ ദൈവത്തിൻെറ കുഞ്ഞാട്* (യോഹ 1:29.36). സത്യകുഞ്ഞാട് സമാഗതനായതിനാൽ, മറ്റെല്ലാ പ്രതീകങ്ങളും അവസാനിച്ചു.

## അന്ധനായി പിറന്നവൻ

**28.** *അബ്രഹാമിനുമുമ്പ് ഞാൻ ഉണ്ടായിരുന്നു* എന്ന് അവിടുന്നു പറഞ്ഞതിനെ സംബന്ധിച്ച് അവർ ദൈവദൂഷണം നടത്തിയതിനാൽ, ജന്മനാ അന്ധനായിരുന്ന മനുഷ്യൻെറ പക്കലേക്ക് അവിടുന്നു പോയി.

www.malankaralibrary.com



*ഇവനോ, ഇവൻെറ മാതാപിതാക്കളോ ആരാണ് പാപംചെയ്തത് എന്ന് അവൻെറ ശിഷ്യന്മാർ അവനോട് ചോദിച്ചു. അവൻ അവരോടു പറഞ്ഞു: അവനോ, അവൻെറ മാതാപിതാക്കളോ അല്ല; പിന്നെയോ, ദൈവം മഹത്ത്വീകരിക്കപ്പെടുവാനാണ്. എന്നെ അയച്ചവൻെറ ജോലി വെളിച്ചമുള്ളപ്പോൾ ചെയ്യുക ഉചിതമാണ്* (യോഹ 9:2-4). അതായത്, 'ഞാൻ നിങ്ങളോടുകൂടി ആയിരിക്കുമ്പോൾ. കാരണം, പുത്രൻ തൻെറ മഹനീയ സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്ന *രാത്രി വരുന്നു* (9:4). ലോകത്തിൻെറ വെളിച്ചമായ നിങ്ങൾ അതിനാൽ ഇരുട്ടിലാകും. കാരണം, അനേകരുടെ വിശ്വാസരാഹിത്യത്താൽ അടയാളങ്ങൾക്ക് അറുതിവരും. *അവൻ ഇതു പറഞ്ഞിട്ട്, നിലത്തു തുപ്പി, തൻെറ തുപ്പൽകൊണ്ട് കളിമണ്ണുണ്ടാക്കി; കളിമണ്ണുകൊണ്ട് കണ്ണുകൾ രൂപീകരിച്ചു* (9:6). ആരംഭത്തിൽ ആകാശങ്ങളുടെ നിഴൽ വീശിയിരുന്ന അവസരത്തിലേപ്പോലെ, മണ്ണിൽ നിന്ന് പ്രകാശം പൊട്ടിവിടർന്നു. *എല്ലാറ്റിന്മേലും അന്ധകാരം വ്യാപിച്ചിരുന്നു* (ഉല്പ 1:2-3). അവിടുന്ന് വെളിച്ചത്തോട് കല്പിച്ചു; ഇരുട്ടിൽ നിന്ന് അതു പിറന്നു. അതുപോലെ ഇവിടെയും. അവിടുന്ന് തൻെറ തുപ്പൽ കൊണ്ട് കളിമണ്ണുണ്ടാക്കി, ആരംഭംമുതൽ ഉണ്ടായിരുന്ന സൃഷ്ടിയുടെ കുറവിനെ പൂർണതയിൽ എത്തിച്ചു. തൻെറ കൈയിൽ ഉണ്ടായിരുന്നത്, മനുഷ്യപ്രകൃതിയിൽ കുറവുണ്ടായിരുന്നതിനെ പൂർണതയിൽ എത്തിക്കുകയായിരുന്നു എന്ന് കാണിക്കാനായിരുന്നു അത്. അവൻ അബ്രഹാമിനു മുമ്പുണ്ടായിരുന്നു എന്ന് അവർ വിശ്വസിക്കാൻ കൂട്ടാക്കാഞ്ഞതിനാൽ, മണ്ണിൽ നിന്ന് ആദ്യത്തെ ആദത്തെ രൂപീകരിച്ചവൻെറ പുത്രനാണ് താനെന്ന് തൻെറ പ്രവൃത്തികളിലൂടെ അവൻ അവർക്കു തെളിയിച്ചുകൊടുത്തു. ഇപ്രകാരം, ശരീരത്തിലൂടെ അന്ധനു കുറവുണ്ടായിരുന്നത് അവിടുന്ന് പൂർണതയിൽ എത്തിച്ചു.

**29.** മനുഷ്യർ നാല് മൂലപദാർത്ഥങ്ങളിൽ നിന്നു രൂപീകൃതമായി എന്ന് പറഞ്ഞിരുന്നവരെ ഒരിക്കൽകൂടി ലജ്ജിപ്പിക്കാനാണ് അവൻ ഇതു ചെയ്തത്. അവിടുന്ന് ശാരീരികവൈകല്യം തീർത്തത് മണ്ണുകൊണ്ടും തുപ്പൽകൊണ്ടും ആണെന്ന് കാണുക. അവരെ വിശ്വാസത്തിലേക്ക് ആനീതരാക്കാൻ അത്ഭുതങ്ങൾ പര്യാപ്തങ്ങളാകയാൽ, അവരുടെ പ്രയോജനത്തിനാണ് അവിടുന്ന് ഈ കാര്യങ്ങൾ ചെയ്തത്. *യഹൂദന്മാർ അത്ഭുതങ്ങൾ അന്വേഷിക്കുന്നു* (1 കോറി. 1:22). നാമാനെ ശുദ്ധീകരിച്ചത് യോർദാനിലെ ജലമല്ലായിരുന്നു (2 രാജാ 5:14); അതുപോലെ ശീലോവാം കുളമല്ല അന്ധൻെറ കണ്ണു തുറന്നത്. കർതൃകല്പനയാ

www.malankaralibrary.com



ണിതു സാധിച്ചത്. അതുപോലെ, നമ്മുടെ പാപവിമോചനജലമല്ല നമ്മെ ശുദ്ധീകരിക്കുന്നത്. മറിച്ച്, നമുക്ക് പാപമോചനം നൽകുന്നത് അതിന്മേൽ ഉച്ചരിക്കപ്പെടുന്ന നാമങ്ങളാണ്. മറ്റുള്ളവരും തങ്ങളുടെ ഹൃദയാന്ധത കഴുകിക്കളയാൻവേണ്ടി അവിടുന്ന് അവൻെറ കണ്ണുകളിൽ ചേറുപുരട്ടി (യോഹ 9:6). 'ശീലോവാം' എവിടെയാണ് എന്നു ചോദിച്ചു കൊണ്ട് അന്ധൻ ജനങ്ങളുടെ ഇടയിൽ നടന്നപ്പോൾ, അവൻെറ കണ്ണിൽ പുരട്ടിയിരുന്ന ചേറ് അവർ കണ്ടു. അവർ അവനെ ചോദ്യം ചെയ്യുകയും അവൻെറ സംസാരത്തിൽ നിന്ന് കാര്യം ഗ്രഹിക്കുകയും ചെയ്തു. അവൻെറ കണ്ണുകൾ തുറക്കപ്പെട്ടോ എന്നറിവാൻ അവർ അവൻെറ കൂടെ പോയി.

**30.** ആന്തരികമായി കാണാൻ കഴിവുണ്ടായിരുന്ന അന്ധൻ, ബാഹ്യമായി കണ്ണുതുറന്നിരുന്നവരെ നയിച്ചു. ബാഹ്യമായി കണ്ണുതുറന്നിരിക്കുകയും, എന്നാൽ ആന്തരികമായി അന്ധരായിരിക്കുകയും ചെയ്തവർ, ഒരു രഹസ്യഊടുവഴിയിലൂടെ അന്ധനെ നയിച്ചു. അന്ധൻ തൻെറ കണ്ണിൽ നിന്ന് ചേറ് കഴുകിക്കളയുകയും തന്നെത്തന്നെ കാണുകയും ചെയ്തു. മറ്റുള്ളവർ തങ്ങളുടെ ഹൃദയാന്ധത കഴുകിക്കളയുകയും സ്വീകരിക്കപ്പെടുകയും ചെയ്തു. നമ്മുടെ കർത്താവ് ആ അവസരം ഒരന്ധൻെറ കണ്ണുകൾ പരസ്യമായി തുറന്നപ്പോൾ, നിരവധി അന്ധരുടെ കണ്ണുകൾ രഹസ്യമായി തുറന്നു. ആ അന്ധൻ സത്യത്തിൽ അന്ധനായിരുന്നു. അവൻ നമ്മുടെ കർത്താവിന് നേട്ടത്തിൻെറ ഉറവപോലെ ആയിരുന്നു; കാരണം, അനേകരുടെ ഹൃദയാന്ധത നീക്കിക്കൊണ്ട് അവനിലൂടെ അവിടുന്ന് അനേകം അന്ധരെ തേടി.

**31.** കർത്താവിൻെറ വാക്കുകളിൽ അത്ഭുതകരമായ നിക്ഷേപങ്ങൾ മറഞ്ഞുകിടന്നു; അവിടുത്തെ സൗഖ്യദായകകർമത്തിൽ ജീവൻെറ സ്രഷ്ടാവിൻെറ പുത്രൻെറ പ്രതീകം ചിത്രീകരിക്കപ്പെട്ടിരുന്നു. *പോയി നിൻെറ മുഖം കഴുകുക* (യോഹ 9:7). അത്ഭുതം എന്നതിനേക്കാൾ വൈദ്യശാസ്ത്രനേട്ടമായി ഈ സൗഖ്യമാക്കലിനെ ആരും പരിഗണിക്കാതിരിക്കാനായി, കഴുകിക്കളയാനായി അവിടുന്ന് അവനെ അയച്ചു. അവിടുന്ന് തന്നെ സൗഖ്യമാക്കിക്കൊണ്ടിരിക്കുകയാണ് എന്ന കാര്യത്തിൽ അന്ധന് ഒട്ടും സംശയമില്ലായിരുന്നു എന്നു കാണിക്കാനാണ് അവിടുന്ന് ഇതുപറഞ്ഞത്. ഇപ്രകാരം, അവൻ ചുറ്റിനടന്നപ്പോൾ ചോദ്യങ്ങൾ ചോദിച്ചുകൊണ്ട്, അവൻ ഈ സംഭവം പ്രഖ്യാപിക്കുകയും തൻെറ വിശ്വാസം വെളിപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.

www.malankaralibrary.com



**32.** അടഞ്ഞ കണ്ണുകൾക്ക് കർത്താവിൻെറ തുപ്പൽ ഇപ്രകാരം ഒരു താക്കോലായിത്തീർന്നു. അവിടുന്ന് ജലം കൊണ്ട് രണ്ടു കണ്ണുകളെയും കൃഷ്ണമണികളെയും സുഖപ്പെടുത്തി; ജലം കൊണ്ട് ചേറുണ്ടാക്കി കുറവുണ്ടായിരുന്നതിനെ പരിപൂർണമാക്കി. അവർ അവൻെറ മുഖത്ത് തുപ്പുമ്പോൾ (മത്താ 26:67), തൻെറ തുപ്പൽ കൊണ്ട് അവിടുന്ന് തുറന്ന അന്ധൻെറ ആ കണ്ണുകൾ അവർക്കെതിരെ സാക്ഷ്യം വഹിക്കുന്നതിനാണ് അവിടുന്ന് ഇപ്രകാരം ചെയ്തത്. എന്നാൽ *കാഴ്ചയുള്ളവർ അന്ധരായി തീരട്ടെ* എന്ന് അന്ധൻെറ കണ്ണുകൾ തുറന്നപ്പോൾ (യോഹ 9:39) അവിടുന്ന് കുറ്റപ്പെടുത്തി പറഞ്ഞതിൻെറ അർത്ഥം അവർക്ക് വ്യക്തമായില്ല. അന്ധർ ശാരീരികമായി കാണുന്നതിന് അന്ധരെ സംബന്ധിച്ചും, കണ്ണുള്ളവൻ ആത്മീയമായി അവിടുത്തെ ദർശിക്കാഞ്ഞതിനാൽ അവരെ സംബന്ധിച്ചുമാണ് അവിടുന്ന് ഇതു പറഞ്ഞത്. *അവിടുന്ന് സാബതിൽ ചേറുണ്ടാക്കി* (9:14). അവിടുന്ന് സുഖപ്പെടുത്തി എന്ന കാര്യം അവർ വിസ്മരിക്കുകയും, ചേറുണ്ടാക്കിയതിൽ അവിടുത്തെ കുറ്റപ്പെടുത്തുകയും ചെയ്തു. അതുപോലെ, *മുപ്പത്തെട്ടു വർഷം രോഗിയായി കിടന്നവനോട്, നിന്നെ ആരു സുഖപ്പെടുത്തി* എന്നല്ല, *നിൻെറ കിടക്ക എടുത്തുനടക്കാൻ നിന്നോട് ആരു പറഞ്ഞു* എന്നാണ് അവർ ചോദിച്ചത് (5:5. 12). ഇവിടെയും അതുപോലെ അവർ പറഞ്ഞു: *അവൻ സാബതിൽ ചേറുണ്ടാക്കി.* ചേറുണ്ടാക്കിയില്ലായിരുന്നെങ്കിൽപോലും അവർക്ക് അവനോട് അസൂയ തോന്നുമായിരുന്നില്ലേ? *കൈശോഷിച്ചവനെ* സാബതിൽ തൻെറ വാക്കുകൊണ്ട് മാത്രം സുഖപ്പെടുത്തിയിട്ടും അവർ അവനെ നിരസിച്ചില്ലേ? അവനെ സുഖപ്പെടുത്തിയപ്പോൾ അവിടുന്ന് എന്തുചെയ്തു? വാക്കുകൊണ്ട് മാത്രം അവിടുന്ന് അവനെ സുഖപ്പെടുത്തുകയും ശുദ്ധീകരിക്കുകയും ചെയ്തു. അതുകൊണ്ട് അവരുടെ വാക്കനുസരിച്ച്, സാബതിൽ ആരെങ്കിലും സംസാരിച്ചാൽ അവൻ സാബത് ലംഘിക്കുന്നു. കൊള്ളാം, അപ്പോൾ, യഥാർത്ഥത്തിൽ ആരാണ് കൂടുതൽ ശാബതു ലംഘനം നടത്തിയത്? സാബതിൽ സുഖപ്പെടുത്തിയ നമ്മുടെ രക്ഷകനോ, അതോ, തങ്ങളുടെ ഉപകാരിക്കെതിരെ അസൂയയോടുകൂടി സംസാരിച്ചവരോ?

## വ്യാജ ഇടയന്മാർ

**33.** *വന്നവരൊക്കെ കള്ളന്മാരും കവർച്ചക്കാരും ആയിരുന്നു* (10:8). തെവുദാസിനെയും യൂദാസിനെയും കുറിച്ചാണ് അവിടുന്ന് ഇതു പറഞ്ഞത് (നട 5:36).

www.malankaralibrary.com



# 17

## ലാസറിനെ ഉയിർപ്പിക്കുന്നത്

**1.** *ലാസർ രോഗിയായി. കർത്താവേ, ഇതാ, നീ സ്നേഹിക്കുന്നവൻ രോഗിയായിരിക്കുന്നു എന്ന് അവൻെറ സഹോദരികൾ നമ്മുടെ കർത്താവിനെ അറിയിച്ചു* (യോഹ 11:1.3). ജീവദാതാവിൻെറ താഴെപ്പറയുന്ന വാക്കുകളുമായി താരതമ്യപ്പെടുത്തി അവ പരസ്പരം ഒരുപോലെ ഇരിക്കുന്നത് ഗ്രഹിക്കുക. അന്ധൻെറ കാര്യത്തിൽ അവിടുന്നു പറഞ്ഞു: *അവനോ അവൻെറ മാതാപിതാക്കളോ പാപം ചെയ്തിട്ടല്ല, പിന്നെയോ, ദൈവത്തിൻെറ പ്രവൃത്തികൾ അവനിൽ കാണപ്പെടാൻവേണ്ടിയത്രേ* (9:3). ലാസറിൻെറ രോഗം സംബന്ധിച്ച് അവിടുന്നു പറഞ്ഞു: "ഈ രോഗം മരണത്തിനായിട്ടല്ല, പിന്നെയോ, തൻെറ പുത്രൻ മഹത്ത്വപ്പെടുവാനായി, ദൈവമഹത്ത്വത്തിനായിട്ടാണ്. അതുകൊണ്ട്, അവിടുന്നു തൻെറ ശിഷ്യരോടു പറഞ്ഞു: *വരുവിൻ, നമുക്ക് യൂദയായിലേക്കു പോകാം. അവർ അവനോടു പറഞ്ഞു: 'യഹൂദന്മാർ നിന്നെ കൊല്ലാൻ അന്വേഷിക്കുന്നു, എങ്കിലും നീ അവിടേക്ക് തിരികെ പോകുന്നുവോ?* (11:4.7-8). വേദന ഉള്ളിടത്തേക്ക് വൈദ്യൻ പാഞ്ഞെത്തുന്നു (മത്താ 9:12). 'കല്ലേറിയുന്നതിനു പകരം അവർ എൻെറ പ്രഘോഷകരാകും'. *അനേകർ അവിടെ അവനിൽ വിശ്വസിച്ചു* (യോഹ 11:45).

**2.** *പകലിനു പന്ത്രണ്ടു മണിക്കൂറുകൾ ഇല്ലേ? വെളിച്ചം ഉള്ളതിനാൽ, പകൽ നടക്കുന്നവൻ തട്ടിവീഴുന്നില്ല.* (11:9). തൻെറ ശിഷ്യരെ ഒരുപമ വഴി പഠിപ്പിക്കാൻ അവിടുന്ന് ആഗ്രഹിച്ചതിനാലാണ് അവിടുന്ന് ഇതു പറഞ്ഞത്. അതായത്, അവിടുത്തെ സുവിശേഷപ്രഘോഷണം പൂർത്തിയാക്കുന്ന വർഷംവരെ, പന്ത്രണ്ടു മാസംവരെ, യഹുദന്മാർ തൻെറ കൊലയാൽ, ഇടർച്ചക്കല്ലാകുകയില്ല. തൻെറ കൊലയിലൂടെ സെഹിയോൻെറമേൽ അന്ധകാരം ഭരണം നടത്താനിരിക്കുന്നു. *പകലിനു പന്ത്രണ്ടു മണിക്കൂറുകൾ ഇല്ലേ?* അതായത്, ഞാൻ നിങ്ങളോടുകൂടി ഉള്ളപ്പോൾ, കല്ലേറിനെപ്പറ്റി നിങ്ങൾ എന്തിനു ഭയപ്പെടണം? നിങ്ങളാരും എന്നോടുകൂടിയോ. എനിക്കുപകരമോ സഹിക്കേണ്ടി വരികയില്ല; എന്നാൽ ഞാൻ നിങ്ങളിൽനിന്ന് ഉയർത്തപ്പെടുകയും ഞാൻ നിങ്ങളെ

www.malankaralibrary.com



വിട്ടിട്ടുപോകുകയും ചെയ്യുമ്പോൾ, വേദന നിറഞ്ഞ അന്ധകാരം നിങ്ങളെ പിടികൂടും. ഞാൻ കിരീടം ധരിപ്പിക്കപ്പെടുകയും പിന്നീട് ഉയർത്തപ്പെടുകയും ചെയ്യാനിരിക്കുന്നതുപോലെ, നിങ്ങളും കിരീടം ധരിപ്പിക്കപ്പെടുന്നതിനാണിത്. *അപ്പോൾ, വരുവിൻ നമുക്ക് പോയി അവനോടുകൂടെ മരിക്കാം* (11:16). അവർ അവൻെറകൂടെ പോയാൽ അവരും കല്ലെറിയപ്പെടും എന്നു കരുതപ്പെട്ടിരുന്നു. അതുകൊണ്ടാണ് അവൻ അവരെ സമാശ്വസിപ്പിച്ചതും സാന്ത്വനപ്പെടുത്തിയതും അവരിൽ നിന്ന് ഭയം നീക്കിക്കളഞ്ഞതും.

3. *ലാസർ മരിച്ചുപോയി; എങ്കിലും നിങ്ങളെപ്രതി ഞാൻ സന്തോഷിക്കുന്നു* (11:14-15). അവൻ സന്തോഷിച്ചെങ്കിൽ പിന്നെ എന്തിനാണ് ബഥാനിയായിൽ എത്തിയപ്പോൾ കരഞ്ഞത്? (11:35). തൻെറ അടുത്തുണ്ടായിരുന്നവർ അവനിൽനിന്ന് എത്ര അകലെയായിരുന്നു എന്ന് ശ്രദ്ധിക്കുക. മനുഷ്യരുടെ എല്ലാ സ്വാഭാവികകഴിവുകളും അവരിൽ നിഗൂഢമായിരിക്കുന്നു; ആവശ്യം വരുമ്പോൾ അവർ അവയെ ഓരോന്നിനെയും കർമനിരതമാക്കുന്നു. അതുപോലെ, നമ്മുടെ കർത്താവും ഒരവസരം ആഹാരത്തിനുള്ള വിശപ്പിനെ വിളിച്ചുണർത്തി; (മത്താ 4:27). മറ്റൊരവസരം സ്നേഹിതനുവേണ്ടിയുള്ള കണ്ണുനീരിനെ ഉത്തേജിപ്പിച്ചു. രോഗി മരിക്കാതിരിക്കാൻ വൈദ്യന്മാരെല്ലാം കിണഞ്ഞ് പരിശ്രമിക്കുന്നു; മരണത്തിന്മേലുള്ള തൻെറ വിജയം കാട്ടിക്കൊടുക്കാൻവേണ്ടി, ലാസറിൻെറ വൈദ്യൻ അവൻെറ മരണത്തിനായി കാത്തിരുന്നു. അവൻ മരിച്ചു എന്നു കേട്ടപ്പോൾ സന്തോഷിച്ചെങ്കിലും, അടുത്തുവന്നപ്പോൾ അവൻ കരഞ്ഞു. തൻെറ വരവിനു മുമ്പുതന്നെ അവൻ മരിച്ചുപോയി എന്ന് അവിടുന്ന് വെളിപ്പെടുത്തി; എന്നാൽ അടുത്തുവന്നപ്പോൾ, *അവനെ നിങ്ങൾ എവിടെവച്ചു* എന്നു ചോദിച്ചുകൊണ്ട് കരഞ്ഞു (യോഹ 11:34).

ഞങ്ങളുടെ കർത്താവേ, നിൻെറ വിജ്ഞാനം അത്യപാരം തന്നെ! കാരണം, ദൂരെവച്ചുതന്നെ, ലാസറിൻെറ മരണത്തെപ്പറ്റി നിൻെറ ശിഷ്യർക്കു നീ വെളിപ്പെടുത്തി; എന്നാൽ നിനക്കെതിരെ അവസരം നോക്കി നടക്കുന്നവർക്കെതിരെ, അവൻെറ കല്ലറ എവിടെ എന്ന് നീ ചോദിച്ചു. നിൻെറ ചോദ്യത്തെപ്രതി നിന്നെ അവർ കുറ്റപ്പെടുത്തിയ ശേഷം, നിൻെറ അത്ഭുതം അവരെ അത്ഭുതപരതന്ത്രരാക്കുന്നതിനായിരുന്നു അത്.

www.malankaralibrary.com



ജീവനുള്ളവരായി കാണപ്പെടുന്നവരും മരിച്ചവരാണ് എന്നു കാണിക്കാനായി, മരിച്ച ഈ മനുഷ്യനെ ഉയിർപ്പിക്കുന്നതിന് മുമ്പ് *അവിടുന്നു കരഞ്ഞു* (11:25-26). അവിടുന്ന് സത്യമായും മനുഷ്യനായി എന്ന് ജനങ്ങൾ വിശ്വസിക്കുന്നതിനായി, അവിടുന്നു ശ്രദ്ധേയമായ വാക്കുകൾ ഉച്ചരിക്കുകയും പ്രവൃത്തികൾകൊണ്ട് അവയ്ക്കു മുദ്ര വയ്ക്കുകയും ചെയ്തു. അതുകൊണ്ടാണ് അവിടുന്ന് കരഞ്ഞത്. അവിടുന്ന് മർത്തായുടെയും മറിയത്തിന്റെയും വിശ്വാസം വെളിച്ചത്തു കൊണ്ടുവന്നു. ഈ ജനത്തിന്റെ മുമ്പാകെ ഈ സഹോദരിമാർ യഥാർത്ഥത്തിൽ അവിടുത്തെ ആരാധിക്കുകയും ഏറ്റുപറയുകയും ചെയ്തു. *അവനെ ഏറ്റുപറയുന്നവരെ തിരസ്കരിക്കണം എന്ന് അവർ കല്പന നൽകിയിരുന്നു* (9:22).

**4.** *എന്റെ കർത്താവേ, നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ* (11:21-32). *അവർ വിവരം അറിയിച്ചെങ്കിലും* അവൻ വരാൻ കൂട്ടാക്കാഞ്ഞതിനാലാണ് അവരിതു പറഞ്ഞത്. അതുകൊണ്ട്, ലാസർ മരിക്കുക എന്നതായിരുന്നു അവിടുത്തെ തിരുഹിതം എന്ന് അവർ അറിഞ്ഞു. കാരണം, അവൻ വന്നുമില്ല, അവനെ സുഖപ്പെടുത്താൻ ആരെയും അയച്ചതുമില്ല. *നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ* എന്ന വാക്കുകൾ 'നീ തിരുമനസ്സായിരുന്നെങ്കിൽ' എന്നതിനു പകരമാണ് എന്നു ഗ്രഹിക്കുക. കൂടാതെ, ഒരിക്കൽ അവിടുന്ന് ഉറങ്ങിയപ്പോൾ തിരമാലകൾ ആഞ്ഞടിച്ചെന്നും (മത്താ 8:23-27), മറ്റൊരവസരം, അവിടുന്ന് കൂടെയില്ലാതിരുന്നപ്പോൾ കൊടുങ്കാറ്റടിച്ചെന്നും (14:22-33), അവർ ശിഷ്യരിൽനിന്നു കേട്ടിരുന്നു. അതുകൊണ്ട്, മാനുഷിക കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് മാർത്തായും മറിയവും സംസാരിച്ചത്. പ്രകാശം ഉള്ളപ്പോൾ അന്ധകാരത്തിനു പ്രവേശനമില്ല; ജീവന്റെ സാന്നിധ്യത്തിൽ കടക്കാൻ മരണം ഒരുമ്പെടുകയില്ല. ലാസർ മരിച്ചു എന്നു കാണിക്കാനും, *അവൻ അന്ധരുടെ കണ്ണുകൾ തുറന്നു* എന്നു പറയാൻ (യോഹ 11:37) തന്റെ ശത്രുക്കൾക്ക് അവസരം നൽകാനുമാണ് *അവൻ കരഞ്ഞത്.* ഒരു വീക്ഷണത്തിൽ, അവന്റെ മുമ്പിൽ ഒരു തടസ്സവാദം ഉന്നയിക്കാൻ ശ്രമിക്കവെ, മറ്റൊരു വീക്ഷണത്തിൽ, തങ്ങൾക്കെതിരെ തന്നെ അവർ അവനെ ഏറ്റുപറയുകയായിരുന്നു: ഓ, ലാസറിനെ ഉയിർപ്പിച്ച നീ നിന്നെത്തന്നെ ഉയിർപ്പിക്കുക. അവർ നിഷേധിച്ചത് ഇതിലൂടെ അവർ ഏറ്റുപറയുകയായിരുന്നു.

**5.** *എന്റെ കർത്താവേ, അവൻ നാറ്റം വച്ചുകാണും* (11:39). മാർത്താ, നീ മറിയത്തെപ്പോലെ അവന്റെ പാദത്തിൽ ഇരുന്നിരുന്നെങ്കിൽ,

www.malankaralibrary.com



*'അവന് എല്ലാം സാധ്യമാണ്'* എന്ന് മറിയം ശ്രവിച്ചതുപോലെ നീയും കേൾക്കുമായിരുന്നു. *ഞാൻ ഉത്ഥാനം ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ, മരിച്ചാലും ജീവിക്കും* (11:25). ഇത് സുവ്യക്തമാണ്. *ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല* (11:26). അപ്രകാരമുള്ളവൻ എന്നേക്കും മരണത്തിൽ വസിക്കുകയില്ല, പിന്നെയോ, ഉയിർപ്പിക്കപ്പെടും; മരണത്തിന് അവൻെറമേൽ എന്നേക്കും ആധിപത്യം ഉണ്ടായിരിക്കയില്ല. *അവിടുത്തെ വരവിനായി ഇപ്പോഴും കാത്തിരിക്കുന്നവർ മരിക്കുകയില്ല* എന്ന തിരുലിഖിതത്തിലേപ്പോലെ (1 തെസ്സ. 4:15), നമ്മുടെ കർത്താവിൻെറ വരവിൻെറ അവസരം ജീവിച്ചിരിക്കുന്നവർ മരിക്കുകയില്ല എന്നു പറഞ്ഞുകൊണ്ട്, ലോകാന്ത്യത്തെപ്പറ്റിയാണിതെന്ന് പറയുന്ന ചിലർ ഉണ്ട്.

**6.** ലാസറിനെ ഉയിർപ്പിക്കാൻ അവനു കഴിയാഞ്ഞതിനാലാണ് അവൻ ലാസറിനെ പ്രതി കരഞ്ഞത് എന്നും *അവൻ മരിക്കുന്നത് അവനു തടയാമായിരുന്നില്ലേ* എന്നും അവർ ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ (11:37), നമ്മുടെ കർത്താവ് അവരുടെ രഹസ്യനിരൂപണങ്ങൾ വെളിച്ചത്തു കൊണ്ടുവന്നു. അവനെ ഉയിർപ്പിക്കാൻ അവനു കഴിവില്ലേ എന്ന് അവർ പറഞ്ഞില്ല എന്നത് ഒരുപക്ഷേ നിങ്ങൾ ശ്രദ്ധിച്ചുകാണും. എന്നാൽ അവൻെറ ദൈവത്വത്തിനെതിരെ അവർ ചിലതു പുലമ്പി; അത് ഗൗരവമായ സംഗതി തന്നെ ആയിരുന്നു: അവൻ അപ്രകാരം കരഞ്ഞെങ്കിൽ, അവൻ മരിക്കാൻ അവിടുന്ന് ആഗ്രഹിച്ചില്ല എന്നു കാണിക്കുന്നു. എന്നാൽ, ദൈവത്തെപ്പോലെ, അവൻെറ ശക്തി മരണത്തെ കീഴടക്കിയില്ല; കാരണം, മരണം അവൻെറമേൽ ആധിപത്യം നടത്താൻ ദൈവം അനുവദിക്കുമായിരുന്നില്ല. അവൻ അവരുടെ നിന്ദനം വെളിപ്പെടുത്തിയപ്പോൾ, തൻെറ ദൈവത്വവും വെളിപ്പെടുത്തുകയായിരുന്നു. *അവനു ദുഃഖമുണ്ടായി* എന്ന വേദഭാഗം (11:33), *എത്രനാൾ ഞാൻ നിങ്ങളോടൊത്തുണ്ടായിരിക്കും? എത്രനാൾ ഞാൻ നിങ്ങളോടു ക്ഷമിക്കും?"* (ലൂക്കാ 9:41). *ഈ തലമുറ എന്നെ ദുഃഖിതനാക്കുന്നു* (സങ്കീ. 95:10), *അവർ പത്തുതവണ എന്നെ പരീക്ഷിച്ചു; ഈ മറ്റുള്ളവരാകട്ടെ, ഇരുപതു തവണയും* (സംഖ്യ 14:22), എന്നീ തിരുലിഖിതഭാഗങ്ങൾപോലെയാണ്.

**7.** മരിച്ചവനെ കല്ലറയിൽനിന്നു പുറത്തുകൊണ്ടുവരാൻ നമ്മുടെ കർത്താവ് പുറപ്പെടുകയും, *നിങ്ങൾ അവനെ എവിടെവച്ചു* എന്ന് ചോദിക്കുകയും ചെയ്തു. *നമ്മുടെ കർത്താവിൻെറ കണ്ണുനീർ ധാരധാരയായി*

www.malankaralibrary.com



*ഒഴുകി* (യോഹ 11:34-35). അവന്റെ കണ്ണുനീർ മഴപോലെയും, ലാസർ ഗോതമ്പുമണിപോലെയും, കല്ലറ ഭൂമിപോലെയും ആയിരുന്നു. ഇടിമുഴക്കംപോലെ അവിടുന്ന് വിളിച്ചുപറഞ്ഞു (11:43); അവന്റെ സ്വരത്തിൽ മരണം വിറച്ചു. ഒരു ഗോതമ്പുമണിപോലെ ലാസർ പുറത്തുവന്നു. അവൻ പുറത്തുവരികയും തന്നെ ഉയിർപ്പിച്ച കർത്താവിനെ ആരാധിക്കുകയും ചെയ്തു. നിശ്ചിത രീതികളിലാണ് അവിടുന്ന് അത്ഭുതം പ്രവർത്തിച്ചത്; കാര്യങ്ങൾ മുറപോലെ നടക്കാൻ അവിടുന്ന് അനുവദിക്കുകയും ചെയ്തു. ജന്മനാ അന്ധനായവനെ സുഖപ്പെടുത്താൻ അവിടുന്ന് ഇറങ്ങിപ്പുറപ്പെട്ടു (9:1). എന്നാൽ ലാസർ മരിക്കുന്നതുവരെ രണ്ടു ദിവസം അവിടെ തങ്ങി (11:6). അവിടുന്നു ലാസറിനു ജീവൻ തിരികെ നൽകി; അവനു പകരം മരിച്ചു. കാരണം, ലാസറിനെ കല്ലറയിൽനിന്ന് പുറത്തെടുത്തശേഷം അവിടുന്ന് അവനോടൊപ്പം ഭക്ഷണത്തിനിരുന്നു. അപ്പോൾ, മറിയം അവന്റെ ശിരസ്സിൽ ഒഴിച്ച തൈലത്തിന്റെ പ്രതീകത്തിലൂടെ അവിടുത്തെ സംസ്കാരം നടന്നു (12:1-3).

ഇവിടെ മരണവും അത്യാർത്തിയും മറ തുറന്ന് പ്രദർശിപ്പിക്കപ്പെട്ടു. മരണത്തെ സംബന്ധിച്ച്: കർത്താവ് ഒരു ശവശരീരത്തെ നാലുദിവസങ്ങൾക്കുശേഷം ജീവനിലേക്കു വിളിച്ചപ്പോൾ, അതിന്റെ കഴിവുകേട് വ്യക്തമാക്കി. മൂന്നു ദിവസത്തേക്ക് തന്റെ ജീവനെ മരണത്തിനു വിട്ടുകൊടുക്കുക അവിടുത്തേക്ക് എളുപ്പമാണ് എന്ന് മരണം അറിയാൻ വേണ്ടി ആയിരുന്നു ഇത്. ഈ വായുടെ വാഗ്ദാനം വിശ്വസനീയമാണ്. മരിച്ച് നാലുദിവസം ആയവനെ ഈ വായ് ജീവനിലേക്ക് വിളിച്ച് പുറത്തേക്ക് ആനയിച്ചു. താൻതന്നെ മൂന്നാംനാൾ ഉത്ഥാനം ചെയ്യുമെന്ന് ഈ വാഗ്ദാനം പ്രഖ്യാപിച്ചു. അത്യാർത്തിയും അവിടെ മറതുറന്ന് പ്രദർശിപ്പിക്കപ്പെട്ടു. ഈ അത്യാർത്തി നിമിത്തമാണ് യൂദാസ് അവിടുത്തെ കുടുക്കിയതും മുപ്പതു വെള്ളിനാണയങ്ങൾക്കു വിറ്റതും. അത്യാർത്തിയും കുറ്റപ്പെടുത്തപ്പെട്ടു; കാരണം, കർത്താവ് ദൈവമായി സ്വയം പ്രദർശിപ്പിച്ചതിനാലല്ല യൂദാസ് അവനെ ഒറ്റിക്കൊടുക്കാൻ തിടുക്കം കൂട്ടിയത്, പാവങ്ങളോടുള്ള സ്നേഹം നിമിത്തമല്ല തൈലം വിൽക്കാൻ അവൻ ആകാംക്ഷാഭരിതനായത് (യോഹ 12:2-6).

**8.** ഇപ്രകാരം, കർത്താവ് ബഥാനിയായിൽ വരികയും തന്റെ സ്നേഹിതനെ ഉയിർപ്പിക്കുകയും തൈലത്തിന്റെ പ്രതീകത്തിലൂടെ തന്നെത്തന്നെ സംസ്കരിക്കുകയും ചെയ്തു (മത്താ 26:12). അവിടുന്ന്

www.malankaralibrary.com



മാർത്തായെയും മറിയത്തെയും സന്തോഷിപ്പിച്ചു; പാതാളത്തെയും അത്യാർത്തിയെയും മറ തുറന്നുകാട്ടി. അവനെ എപ്പോഴും പിടിച്ചു വയ്ക്കാത്തതിനാൽ പാതാ ളത്തെയും, അവനെ എപ്പോഴും വിൽക്കാത്തതിനാൽ അത്യാർത്തിയെയും. *മൂന്നാം നാൾ ഞാൻ ഉയിർത്തെഴുന്നേൽക്കും* എന്ന് അവിടുന്ന് പറഞ്ഞു (മത്താ 17:23). ഇത് അവിശ്വസനീയമാണ് എന്ന് കേൾക്കുമ്പോഴൊക്കെ, നാലാംദിവസം ഉയിർപ്പിക്കപ്പെട്ടവനെ അവർ പരിഗണിക്കട്ടെ. അവിടുന്ന് പ്രയാസമുള്ള ഒരു കാര്യത്തെപ്പറ്റി പറഞ്ഞു; എന്നാൽ കൂടുതൽ പ്രയാസമുള്ള ഒരു കാര്യം പ്രവർത്തിച്ചു. ലാസറിനുവേണ്ടി അവിടുന്ന് ചെയ്തതിലൂടെ തന്നെപ്പറ്റി അവിടുന്നു പറഞ്ഞത് വിശ്വസനീയമാകുന്നതിനുവേണ്ടിയായിരുന്നു ഇത്.

**9.** *അടുത്തുചെന്ന് കല്ല് നീക്കിക്കളയുവിൻ* (യോഹ 11:39). മരിച്ച ഒരുവനെ ഉയിർപ്പിച്ച് അവനു ജീവൻ തിരിച്ചുകൊടുത്തവന് കല്ല് ഉരുട്ടിമാറ്റി കല്ലറ തുറക്കാൻ കഴിവില്ലേ? *നിങ്ങൾക്ക് കടുകുമണി പോലെയുള്ള വിശ്വാസം ഉണ്ടെങ്കിൽ, മലയോടു നീങ്ങുക എന്നു പറഞ്ഞാൽ, അത് നിങ്ങളുടെ മുൻപിൽ നീങ്ങിപ്പോകും*(മത്താ 17:20) എന്നു തന്റെ ശിഷ്യരോടു പറഞ്ഞവന് കല്ലറയുടെ വാതിൽക്കലുണ്ടായിരുന്ന കല്ല് തന്റെ വാക്കുകൊണ്ടു മാത്രം നീക്കാൻ കഴിവില്ലാതെ വരുമോ? അവിടുന്നു കുരിശിൽ തൂങ്ങിക്കിടന്നപ്പോൾ, തന്റെ ശബ്ദത്താൽ പാറകൾ പിളരുകയും കല്ലറകൾ തുറക്കപ്പെടുകയും ചെയ്തു (മത്താ 27:51-52). അവിടുത്തേക്ക് തന്റെ വചനത്താൽ തീർച്ചയായും കല്ലു നീക്കാൻ കഴിയുമായിരുന്നു. എന്നാൽ, അവിടുന്നു ലാസറിന്റെ സ്നേഹിതൻ ആയിരുന്നതിനാൽ ഇപ്രകാരം പറഞ്ഞു: ഇതു തുറക്കുവിൻ; അഴുകിയതിന്റെ ദുർഗന്ധം നിങ്ങളുടെ മൂക്കിലേക്ക് അടിക്കട്ടെ; അവനെ വരിഞ്ഞുകെട്ടിയ നിങ്ങൾ *അവന്റെ കെട്ട് അഴിച്ചുവിടുവിൻ* (11:44); അങ്ങനെ നിങ്ങളുടെ കൈകളുടെ പ്രവൃത്തി നിങ്ങൾ തിരിച്ചറിയട്ടെ.

**10.** 'അവർ പരസ്പരം പറഞ്ഞൊത്തിരുന്നു' എന്ന് യഹൂദർ പറയാതിരിക്കാൻ, ലാസർ മരിച്ചുകൊണ്ടിരുന്നപ്പോൾ നമ്മുടെ കർത്താവ് ബഥാനിയാ ഗ്രാമത്തിലേക്ക് പോയില്ല. ഇത് ഗൂഢാലോചനയുടെ ഫലമാണെന്നും ലാസറിന്റെ സഹോദരിമാരിൽ നിന്ന് അവർ ചിലതൊക്കെ കേട്ടു എന്നും ചിന്തിക്കാതിരിക്കാൻ, അവൻ അവന്റെ ഭവനത്തിൽ പ്രവേശിച്ചില്ല, താൻ ആയിരുന്നിടത്തുനിന്ന് മാറിപ്പോയതുമില്ല. *നിങ്ങൾ അവനെ എവിടെ വച്ചു?"* എന്ന് അവൻ ചോദിച്ചു (യോഹ 11:34). അവൻ

www.malankaralibrary.com



മരിച്ചു എന്ന് ദൂരെ ആയിരുന്നപ്പോൾതന്നെ അവിടുന്ന് അറിഞ്ഞിരുന്നു; എന്നാൽ അവൻെറ കല്ലറ എവിടെയാണെന്ന് അവിടുത്തേക്ക് അറിയാൻ പാടില്ലായിരുന്നു. കല്ലറയുടെ വാതിൽക്കലെ കല്ല് ഒരു മുദ്രപോലെ പ്രവർത്തിക്കുക ആയിരുന്നു എന്ന് അവർ ഗ്രഹിക്കുന്നതിനായി *കല്ലുരുട്ടി മാറ്റുക* എന്നും അവൻ കല്പിച്ചു (11:39). ദുർഗന്ധം അവൻെറ മരണത്തെപ്പറ്റി സാക്ഷിക്കുന്നതിനും ദൈവത്തെപ്പറ്റി ആ പ്രവൃത്തി സാക്ഷിക്കുന്നതിനും ആയിരുന്നു അത്. കല്ലുരുട്ടി മാറ്റാൻ തൻെറ ശിഷ്യരോട് അവിടുന്ന് കല്പിച്ചില്ല. ഗൂഢാലോചനകൾ നടത്തുന്ന യഹൂദർക്ക് ദൂഷണത്തിന് കളം ഒരുക്കാതിരിക്കാനായി, *പുറത്തേക്കു വരിക* എന്ന് ലാസറിനോട് കല്പിച്ചെങ്കിലും കല്ലിനോട് *ഉരുണ്ടുമാറുക* എന്ന് അവിടുന്നു കല്പിച്ചില്ല. മറിച്ച്, കല്ലുരുട്ടി മാറ്റാൻ അവിടുന്ന് യഹൂദരോടാണ് കല്പിച്ചത്. മരിച്ചവൻെറ ദുർഗന്ധം അവരുടെ മൂക്കിൽ അടിച്ചുകയറുന്നതിനും, മരിച്ചവൻ ഉയിർപ്പിക്കപ്പെട്ടെന്ന് അവർ നേരിട്ട് കാണുന്നതിനുമായിരുന്നു അത്.

*അവനെ ഇങ്ങനെ വിട്ടാൽ എല്ലാവരും അവനിൽ വിശ്വസിക്കും; റോമാക്കാർ വന്ന് നമ്മുടെ ജനത്തെയും നമ്മുടെ നാടിനെയും കീഴടക്കുകയും ചെയ്യും* (11:48). റോമൻ ആധിപത്യത്തിനു വിധേയരായിരുന്നതിനാലാണ് അവർ ഇതു പറഞ്ഞത്. എന്നാൽ നമ്മുടെ കർത്താവ് വന്ന് തൻെറ അടയാളങ്ങളിലൂടെ ഭരണം നടത്തുകയും ലോകം അവനെ അനുഗമിക്കുകയും ചെയ്തു. അവരുടെ ഇടയിൽ ഒരു രാജാവ് ജനിച്ചെന്നും അവനെ അവർ ദാവീദിൻെറ പുത്രൻ എന്നു വിളിച്ചിരുന്നു എന്നും അവനെ പിടിച്ച് രാജാവാക്കാൻ അവർ പദ്ധതിയിടുന്നു എന്നും റോമാക്കാർ ഒരുപക്ഷേ കേൾക്കാൻ ഇടയുണ്ട്. ഇക്കാരണത്താലാണ് 'റോമാക്കാർ വന്ന് നമ്മുടെ ജനത്തെയും നമ്മുടെ നാടിനെയും കീഴടക്കാതിരിക്കാൻ', അവൻ കൊല്ലപ്പെടണം എന്ന് യഹൂദന്മാർ പറഞ്ഞിരുന്നത്.

## ബഥാനിയായിലെ അഭിഷേകം

**11.** കുഷ്ഠരോഗിയായ ശിമയോൻ വിശ്വസിച്ചു (മത്താ 26:6); നമ്മുടെ കർത്താവ് അവനെ കടാക്ഷിച്ചു. വിശ്വാസത്തിൻെറയും കൃപയുടെയും ഇടയ്ക്കുനിന്ന്, മധ്യത്തിലുണ്ടായിരുന്ന കുഷ്ഠരോഗം പുറംതള്ളപ്പെട്ടു. അവൻെറ വീട്ടിൽ ഭക്ഷണത്തിനിരുന്ന കർത്താവ് കുഷ്ഠരോഗത്തെ പമ്പകടത്തി. അപ്പോൾ, അവൻെറ ശരീരത്തിൽ, കുഷ്ഠരോഗത്തിന്

www.malankaralibrary.com



തുടർന്ന് എങ്ങനെ സ്ഥിതിചെയ്യാൻ കഴിയും? അവിടുത്തെ മനുഷ്യത്വം ശിമയോൻെറ ഭവനത്തിൽ ഭക്ഷണത്തിനിരുന്നപ്പോൾ, അവൻെറ പേരുകാരനായ ശെമഓൻ പത്രോസിൽ എന്നപോലെ, അവിടുത്തെ ദൈവത്വം അവൻെറ ഹൃദയത്തിൽ വസിക്കുകയായിരുന്നു. മരിച്ച ലാസർ ജീവനിലേക്ക് ഉയിർപ്പിക്കപ്പെട്ടതു കണ്ടിട്ട് മാരകമായ കുഷ്ഠരോഗത്തിന് അവനിൽ തുടർന്നു സ്ഥിതിചെയ്യാൻ എങ്ങനെ സാധിക്കും? *നീ ഇവിടെ ഉണ്ടായിരുന്നെങ്കിൽ, എൻെറ സഹോദരൻ മരിക്കുകയില്ലായിരുന്നു"* (യോഹ 11:21-32). കുഷ്ഠരോഗത്തിൽനിന്നു ശുദ്ധീകരിക്കുന്നവൻ അവൻെറ ഭവനത്തിൽ ഭക്ഷണത്തിനിരിക്കുമ്പോൾ എങ്ങനെയാണ് കുഷ്ഠരോഗത്തിന് തുടർന്നും അവനിൽ വസിക്കാൻ കഴിയുക? കുഷ്ഠരോഗത്തെ സുഖപ്പെടുത്താൻ കഴിവുള്ളവനും കുഷ്ഠരോഗത്തിൽനിന്ന് വിമുക്തനാകേണ്ടവനും ഒന്നിച്ചെങ്ങനെ ഭക്ഷണത്തിനിരിക്കാനാവും? ചുങ്കക്കാരൻ സക്കായിക്കു സംഭവിച്ചതു പോലെയാകാം ഒരുപക്ഷേ ഇതും. *ഇന്ന് ഈ ഭവനത്തിനു രക്ഷയുണ്ടായി* (ലൂക്കാ 19:9). അവൻെറ അതിഥിസൽക്കാരത്തിനു പ്രതിഫലമായി അവിടുന്ന് അവനെ ശുദ്ധീകരിച്ചു.

**12.** *ലാസറിനേക്കൂടി കൊല്ലാൻ പ്രധാനാചാര്യന്മാർ പദ്ധതിയിട്ടു* (യോഹ 12:10). *കൊല്ലുന്നവൻ കൊല്ലപ്പെടണം* എന്ന് *നിയമം* അനുശാസിക്കുന്നു (പുറ 21:12). എന്നാൽ അവർ ഇപ്രകാരം പറഞ്ഞു: ജീവൻ പ്രദാനം ചെയ്തതിനാൽ അവൻ കൊല്ലപ്പെടണം; അവനെ കൊന്നാൽ പിന്നെ, ലാസറിനെ വീണ്ടും ഉയിർപ്പിക്കാൻ അവനു കഴിയില്ലല്ലോ. ലാസറിനെ ഉയിർപ്പിച്ച ഈ വായുടെ വചനം നിങ്ങളെ കൊല്ലാതിരിക്കാനായി, നിങ്ങൾ ഭയപ്പെടേണ്ടതല്ലേ? തനിക്കൊരു മനുഷ്യനെ കൊല്ലാമെന്നും ദൈവത്തെ പറ്റിക്കാമെന്നും കായേൻ കരുതി. മർത്യനായതിനാൽ ഹാബേൽ കൊല്ലപ്പെട്ടു; എന്നാൽ എല്ലാം അറിയുന്നതിനാൽ ദൈവത്തെ വഞ്ചിക്കാനാവില്ല.

**13.** *ഈ തൈലം മുന്നൂറ് ദേനാറായ്ക്ക് വിറ്റ് ദരിദ്രർക്ക് കൊടുക്കാമായിരുന്നില്ലേ?* എന്നു യൂദാസ് പറഞ്ഞു (യോഹ 12:5). അവൻ ധനത്തോട് അത്യാർത്തിയുള്ളവനാണെന്ന് നമ്മുടെ കർത്താവ് കണ്ടു. അവൻെറ കൊതി തീരുന്നതിനും, പണത്തിനുവേണ്ടി ഒറ്റുകാരനായി തീരുന്നത് തടയുന്നതിനുമായി അവിടുന്ന് അവനെ പണത്തിൻെറ ചുമതല ഏല്പിച്ചു. പണത്തിൻെറ സ്രഷ്ടാവിനെ ഒറ്റിക്കൊടുക്കുന്നതിലും

www.malankaralibrary.com



പണം മോഷ്ടിക്കുകയായിരുന്നു അവനു മെച്ചം. അഞ്ചപ്പത്തിൻെറ കാര്യമോർത്താൽ (മത്താ 14:13-21), പണപ്പെട്ടിയുടെ ആവശ്യം എന്താ യിരുന്നു? അഥവാ, വെള്ളത്തിൽ നിന്ന് വീഞ്ഞുണ്ടാക്കിയപ്പോഴാണോ? (യോഹ 2:1-11), അഥവാ, ബർ തീമയ്യുടെ കണ്ണുകൾക്കുള്ള പ്രത്യൗഷധം വാങ്ങാൻ ഒരുമ്പെട്ടപ്പോഴാണോ? (മർക്കോ 10:46-52). അതോ അവർ രണ്ട് ഡ്രാക്മാ അവശ്യപ്പെട്ടപ്പോഴോ? (മത്താ 17: 24-27). യൂദാസ്കറി യോത്താപോലും പിശാചുക്കളെ പുറത്താക്കിയിരുന്നതിനാൽ, *പിശാ ചുക്കൾ നിങ്ങൾക്കു കീഴ്പ്പെടുന്നതിൽ സന്തോഷിക്കേണ്ട* (ലൂക്കാ 10: 20). *മറിച്ച്, മാലാഖമാരോടൊപ്പം നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതിനാൽ സന്തോഷിക്കുവിൻ* (10:20). എന്നാൽ കർത്താവിനെ ക്രൂശിച്ചവരോടൊപ്പം യൂദാസിൻെറ പേര് ഭൂമിയിൽ എഴുതപ്പെട്ടിരിക്കുന്നു.

നമ്മുടെ കർത്താവ് ബേൽസെബൂബിനെ കൊണ്ടാണോ പിശാചു ക്കളെ പുറത്താക്കിയത് എന്ന് നമ്മുടെ കർത്താവിൻെറ എതിരാളി തൻെറ സഖികളായ ക്രുശാരോഹകരോട് വിവരിക്കാനായി യൂദാസും ഒരു പിശാചിനെ പുറത്താക്കി. ഒറ്റുകാരൻ ലജ്ജിക്കുന്നതിനുവേണ്ടി കൂടിയായിരുന്നു ഇത്. കാരണം, കള്ളനെ ഭയന്ന് പിശാചുക്കൾ പിശാചു ബാധിതനിൽ നിന്ന് പുറപ്പെട്ടുപോയിരുന്നു. പണം അപഹരിക്കുന്നവൻ പണത്തിൻെറ സ്രഷ്ടാവിനെ ഭയപ്പെടേണ്ടതായിരുന്നില്ലേ? ഒരുപക്ഷേ അതായിരിക്കാം അവൻ ഓർത്തത്; *അവൻ കെട്ടി ഞാന്ന് ചത്തു* (മത്താ 27:5). നമ്മുടെ കർത്താവ് അറിയാതെ ഒരു ഒറ്റുകാരനെ ശിഷ്യനായി തെരഞ്ഞെടുത്തു എന്ന് ആരും പറയാതിരിക്കാനായി, *നിങ്ങളിലൊരു വൻ സാത്താനാകുന്നു* എന്ന് അവിടുന്നു പറഞ്ഞു (യോഹ 6:70). അവൻ അനുതപിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അവനെ ലജ്ജിപ്പിക്കാതിരി ക്കാൻവേണ്ടി അവിടുന്ന് അവൻെറ പേരു പുറത്തുവിട്ടില്ല. കാൽ കഴു കിയപ്പോൾ, അവിടുന്ന്, ശിഷ്യന്മാരുടെ തലവനായ ശെമഓനെ കൊണ്ട് തുടങ്ങിയില്ല. കാരണം, മാലാഖമാരുടെ തലവൻ നിമിഷനേരത്തേക്ക് മുൻപൊരിക്കൽ തനിക്ക് അർഹമായ ബഹുമാനം ഉപേക്ഷിച്ചപ്പോൾ, എങ്ങനെ ശിഷ്യന്മാരുടെ തലവന് തൻെറ ബഹുമാനതലത്തിൽ നില നില്ക്കാനാകും? ശിഷ്യന്മാരുടെ തലവൻ മാലാഖമാരുടെ തലവനെ അനുകരിക്കാൻ പഠിച്ചു. പാദക്ഷാളനാവസരം, നമ്മുടെ കർത്താവിൻെറ ദൈവസ്വഭാവത്തിൻെറ മഹനീയമായ ഔന്നത്യം തൻെറ മനുഷ്യത്വ ത്തിൻെറ ശ്രേഷ്ഠതയിൽ പൊതിഞ്ഞിരുന്നു.

www.malankaralibrary.com



18

## മിശിഹായുടെ ജറുസലേം പ്രവേശനം

1. *കഴുതയെ അഴിച്ച് എന്റെ പക്കൽ കൊണ്ടുവരിക* (മർക്കോ 11:2). അവിടുന്ന് പുൽത്തൊഴുത്തുകൊണ്ട് ആരംഭിച്ചു; ഒരു കഴുതയെകൊണ്ട് അവസാനിപ്പിച്ചു; ബേത്‌ലഹേമിൽ പുൽത്തൊഴുത്തുകൊണ്ട്; ജറുസലേമിൽ കഴുതയെകൊണ്ട്. *സീയോൻപുത്രീ, സന്തോഷിക്കുക; ഇതാ, നിന്റെ രാജാവ് നീതിമാനും വിനീതനുമായി, കഴുതപ്പുറത്തു കയറി നിന്റെ പക്കലേക്കു വരുന്നു* (സക്ക. 9:9) എന്നു പറഞ്ഞിരിക്കുന്നതു പോലെയാണിത്. എന്നാൽ സീയോൻ പുത്രി അവനെ കണ്ട് പരിഭ്രാന്തയായി. അവൾ അവനെ നോക്കി ദുഃഖിതയായി. കാരുണ്യവാനും കാരുണ്യവാന്റെ പുത്രനുമായ അവൻ, ഒരു പിതാവിനെപ്പോലെ തന്റെ ഔദാര്യം അവളുടെമേൽ വിരിച്ചു; എന്നാൽ, അവനെ അയച്ചവനോട് അവൾ ചെയ്തതുപോലെ അവൾ അവനോടു ദുഷിച്ച രീതിയിൽ പെരുമാറി. പിതാവിനെ ദുഷിക്കാൻ കഴിയാഞ്ഞതിനാൽ, അവന്റെ ഏകജാതനെതിരെ അവൾ തന്റെ വെറുപ്പു കാട്ടി.

അവിടുത്തെ സമൃദ്ധമായ കൃപകൾക്കു പകരം സീയോൻപുത്രി അവന് തിന്മ തിരികെ നൽകി. പിതാവ് അവളെ രക്തത്തിൽനിന്നു കഴുകി (സഖ 9:9). എന്നാൽ അവൾ തുപ്പൽ കൊണ്ട് അവന്റെ പുത്രനെ മലിനമാക്കി (മത്താ 26:67). മേൽത്തരം തുണികൊണ്ടും പട്ടുകൊണ്ടും പിതാവ് അവളെ വസ്ത്രം ധരിപ്പിച്ചു; എന്നാൽ അവൾ അവനെ അവമാനവസ്ത്രം ധരിപ്പിച്ചു (27:28). അവൻ അവളുടെ ശിരസ്സിൽ മഹത്വ കിരീടം അണിയിച്ചു; എന്നാൽ അവൾ അവനായി ഒരു മുൾക്കിരീടം മെടഞ്ഞു (27:29). അവൻ അവളെ വിശിഷ്ടഭോജ്യങ്ങൾകൊണ്ടും തേൻ കൊണ്ടും പോഷിപ്പിച്ചു; എന്നാൽ അവൾ അവനു കയ്പു കൊടുത്തു (27:34). അവൻ അവൾക്കു നല്ല വീഞ്ഞു നൽകി; എന്നാൽ അവൾ അവന് നീർപ്പഞ്ഞി വിനാഗിരിയിൽ മുക്കിക്കൊടുത്തു (യോഹ 19:29). അവളെ നഗരത്തിലേക്ക് ആനയിച്ചവനെ അവൾ മരുഭൂമിയിലേക്ക് ഓടിച്ചു. അവളെ പാദരക്ഷ അണിയിച്ചവനെ നഗ്നപാദനായി അവൾ ഗോഗുൽത്തായിലേക്ക് നയിച്ചു (മത്താ 27:33). അവളുടെ അരയിൽ ഇന്ദ്രനീലം

www.malankaralibrary.com


കെട്ടിയവന്റെ പാർശ്വം അവൾ കുന്തംകൊണ്ടു കുത്തിത്തുളച്ചു (യോഹ 19:34). ദൈവദാസന്മാരെ പ്രകോപിപ്പിക്കുകയും പ്രവാചകന്മാരെ കൊല്ലുകയും ചെയ്തപ്പോൾ അവൾ ബാബിലോണിലേക്ക് നാടുകടത്തപ്പെട്ടു; അവളുടെ ശിക്ഷയുടെ കാലാവധി പൂർത്തിയായിക്കഴിഞ്ഞപ്പോൾ, അടിമത്തത്തിൽനിന്ന് അവൾ തിരികെയെത്തി.

അവൾ ദൈവപുത്രനെതിരെ കൈനീട്ടുകയും സജീവനായ ദൈവത്തിന്റെ പുത്രനെ ക്രൂശിക്കുകയും ചെയ്തതിനാൽ, വരാനിരിക്കുന്ന രാജാവിനോടുകൂടി *വിശുദ്ധനഗരം തകർക്കപ്പെടും* എന്ന് പ്രവാചകൻ പറഞ്ഞതുപോലെ, അവളുടെ ഭവനം പിഴുതെറിയപ്പെടുകയും അവളുടെ ബലിപീഠം തട്ടിമറിക്കപ്പെടുകയും ചെയ്തു. ന്യായവിധി പൂർത്തീകരിക്കപ്പെടുന്നതുവരെ അവൾ അവിടെ തകർന്നുകിടക്കും. ഈജിപ്തിൽനിന്നും, ബാബിലോണിൽനിന്നും ഗ്രീസിൽനിന്നും ഉള്ള തിരിച്ചുവരവിന് ഉണ്ടായതുപോലെ, അവളുടെ തിരിച്ചുവരവിന് മറ്റൊരുടമ്പടിയോ, ഡിക്രിയോ ഉണ്ടായിരിക്കുകയില്ല. അന്ന് ഓരോ സന്ദർഭത്തിനും നിശ്ചിതകാലാവധി നിശ്ചയിക്കപ്പെട്ടിരുന്നു. പിന്നീട് അവൾക്കുവേണ്ടി ന്യായവിധി പ്രസ്താവിക്കപ്പെട്ടു: അവൾക്കുവേണ്ടി നിശ്ചിതകാലാവധി ഉണ്ടായിരിക്കുന്നതല്ല, തിരിച്ചുവരവും ഇല്ല. ബലികളെ മഹാബലി നീക്കിക്കളഞ്ഞതിനാൽ, മേലിൽ ബലികളും ആവശ്യമില്ല (എബ്രാ 7:27). അരക്കെട്ടിന്റെ വിവേകം അരക്കെട്ടിലെ കൊഴുപ്പിനെ കീഴടക്കിയതിനാൽ, അത് ഉപയോഗശൂന്യമായിത്തീർന്നു. വിജാതീയരുടെ മനസ്സിലെ ശരിയായ ബൗദ്ധികവ്യാപാരത്താലും ജഡത്തിന്റെ പരിച്ഛേദനത്തെ ഉല്ലംഘിക്കുന്ന വിശ്വാസത്തിന്റെ ആത്മീയമായ പരിച്ഛേദനത്താലും മനസ്സും ഹൃദയവും വ്യർത്ഥമാക്കപ്പെട്ടു (റോമാ 2:8-29).

*അവൻ ജറുസലേമിനെ സമീപിച്ച് അതിനെ കണ്ടപ്പോൾ, അതിനെപ്പറ്റി കരഞ്ഞു* (ലൂക്കാ 19:41). *കർത്തൃദിനം കാണുകയും സന്തോഷിക്കുകയും ചെയ്തു.* (യോഹ 8:56). എന്നാൽ കർത്താവ് ജറുസലേമിനെ കാണുകയും അതിനെപറ്റി കരയുകയും ചെയ്തു. അത് സന്തോഷിക്കാഞ്ഞതിനാലാണ് അവൻ കരഞ്ഞത്. *നിന്റെ ഈ ദിവസത്തിലെങ്കിലും എന്നാൽ സമാധാനം നിന്റെ കണ്ണുകളിൽനിന്ന് മറഞ്ഞിരിക്കുന്നു* (ലൂക്കാ 19:42). നിങ്ങളുടെ പിതാവായ അബ്രഹാം എന്റെ ദിവസം മാത്രം കാണുകയും സന്തോഷിക്കുകയും ചെയ്തു; എന്നാൽ നിങ്ങളാകട്ടെ, ദിവസത്തേയും ദിവസത്തിന്റെ കർത്താവിനെയും കണ്ടു.

www.malankaralibrary.com



തങ്ങളെ സഹായിക്കാനുള്ളവൻെറ ദർശനത്തിൽ സന്തുഷ്ടരാകാത്തവരെപ്പറ്റി കരഞ്ഞവൻ ഇവനാകുന്നു. നഗരത്തിൻമേൽ നിപതിക്കുവാൻ പോകുന്ന നാശമോർത്തും അവൻ കരഞ്ഞു. *നിങ്ങളെ പ്രതി കരയുവിൻ. എന്തെന്നാൽ 'ഞങ്ങളെ മൂടിക്കളയുക' എന്ന് മലകളോട് നിങ്ങൾ പറയുന്ന ദിവസങ്ങൾ വരുന്നു* (ലൂക്കാ 23:28-30). *അബ്രഹാം എൻെറ ദിവസം കാണുകയും സന്തോഷിക്കുകയും ചെയ്തു.* (യോഹ 8:56). തൻെറ കുരിശുവഴി നമ്മുടെ കർത്താവ് വിജാതീയരുടെ ബന്ധനം അഴിച്ചതുപോലെ, കുറ്റിക്കാട്ടിൽ കുരുങ്ങിക്കിടന്ന മുട്ടാടുമൂലം, ബന്ധിതനായ ഇസഹാക്കിൻെറ കെട്ട് അവൻ അഴിച്ചുവിട്ടു (ഉല്പ 22:13). ബാലാമിൻെറ മനോഭാവമുണ്ടായിരുന്ന ജനത്തിൽനിന്ന് സമാധാനത്തിൻെറ നാഥൻ മറഞ്ഞിരുന്നതുപോലെ, ബാലാമിൽനിന്ന് മാലാഖയുടെ കാഴ്ച മറഞ്ഞിരുന്നു (സംഖ്യ 22:22-35). ആദ്യത്തെ കൂട്ടരിൽനിന്ന് സമാധാനം മറഞ്ഞിരുന്നു, മറ്റേ കൂട്ടരിൽനിന്ന് സമാധാനത്തിൻെറ നാഥനും,

**2.** *ദാവീദിൻെറ പുത്രന് ഓശാനാ എന്നു പറഞ്ഞുകൊണ്ട് കുട്ടികൾ ആർത്തുവിളിച്ചു. ഇത് പ്രധാന പുരോഹിതരെയും നിയമജ്ഞരെയും കുപിതരാക്കി. ഇവർ പറയുന്നത് എന്താണെന്ന് നീ കേൾക്കുന്നില്ലേ? എന്ന് അവർ അവനോടു പറഞ്ഞു* (മത്താ 21:15-16). അതായത്, ഈ സ്തുതിപ്പുകൾ നിനക്കിഷ്ടപ്പെട്ടില്ലെങ്കിൽ, ഇവർ നിശ്ശബ്ദരായിരിക്കാൻ കല്പിക്കുക. അവൻെറ ജനനത്തിലും അവൻെറ മരണത്തിലും, അവൻെറ പീഡനങ്ങളുടെ കിരീടത്തിൽ ശിശുക്കൾ ഭാഗഭാക്കുകളായിരുന്നു. അവനെ എതിരേറ്റപ്പോൾ ശിശുവായ യോഹന്നാൻ സന്തോഷം കൊണ്ട് *ഉദരത്തിൽ കുതിച്ചുചാടി* (ലൂക്കാ 1:41); അവൻെറ ജനനത്തിൽ ശിശുക്കൾ കൊല്ലപ്പെട്ടു (മത്താ 2:16-18). അവൻെറ വിവാഹവിരുന്നിനുള്ള മുന്തിരിക്കുലകൾ പോലെ ആയിരുന്നു അവ. അവൻെറ മരണം സമീപസ്ഥമായപ്പോൾ, കുട്ടികളും അവൻെറ സ്തുതിപ്പുകൾ പ്രഘോഷിച്ചു. *അവൻെറ ജനനത്തിൽ ജറുസലേം മുഴുവൻ ഇളകി* (2:3); അതുപോലെ, അവൻ അതിൽ പ്രവേശിച്ച ദിവസം അതു വീണ്ടും ഇളകിവശായി (21:10). അതു കേട്ട നിയമജ്ഞർ തികച്ചും അതൃപ്തരായി; *അവരെ തടയുക* എന്ന് അവർ അവനോടു പറഞ്ഞുകൊണ്ടിരുന്നു. അവൻ അവരോടു പറഞ്ഞു: *ഇവർ നിശ്ശബ്ദരായാൽ, കല്ലുകൾ ആർത്തുവിളിക്കും* (ലൂക്കാ 19:39-40). അന്ധർ സൃഷ്ടികളുടെ ആർപ്പുവിളി മനസ്സിലാക്കാതിരിക്കാനായി, കല്ലുകൾ ആർപ്പുവിളിക്കുന്നതിലും ഭേദം കുട്ടികളുടേതാണ് എന്ന് അവർ കരുതി. ഇവരെ റിസർവിൽ നിർത്തിയിരുന്നതാണ്;

www.malankaralibrary.com



കാരണം, അവൻെറ ക്രൂശാരോഹണാവസരം കല്ലുകൾ ആർപ്പുവിളിച്ചപ്പോൾ, സംസാരശക്തിയുള്ളവർ നിശ്ശബ്ദത പാലിച്ചു. മൂകപ്രകൃതികളാണ് അവൻെറ മഹത്ത്വം പ്രഘോഷിച്ചത്.

**3.** *ഇപ്പോൾ ലോകത്തിൻെറ ന്യായവിധിയാണ്; ലോകത്തിൻെറ അധികാരി പുറംതള്ളപ്പെടും* (യോഹ 12:31). ലോകത്തിൻെറ അധികാരി സൃഷ്ടികളുടെ മുഴുവനുമോ, മനുഷ്യകുലം മുഴുവൻെറയുമോ അധികാരിയല്ല. *അവൻ പുറംതള്ളപ്പെടും* എന്നു പറയുന്നതിലൂടെ അവൻ ദൈവികസത്തയിൽ നിന്നല്ലെന്നും അവന് അധികാരമൊന്നും ഇല്ലെന്നും കർത്താവു കാണിക്കുകയായിരുന്നു. അവൻ എങ്ങനെയാണു പുറംതള്ളപ്പെടുക? യോഹന്നാൻ വിശദീകരിക്കുന്നു: *ഇതാ ദൈവത്തിൻെറ കുഞ്ഞാട്; അവൻ ലോകത്തിൻെറ പാപം നീക്കിക്കളയുന്നു* (യോഹ 1:29). അവൻ അധികാരി എന്നു വിളിക്കപ്പെടുന്നത് താഴെപ്പറയുന്ന വാചകങ്ങൾപോലെയാണ്: *ജനതകളുടെ ദേവന്മാർ ഒന്നുമല്ലെങ്കിലും* (സങ്കീ 96:5); *നിങ്ങളുടെ പോരാട്ടം ജഡത്തോടും രക്തത്തോടുമല്ല; പിന്നെയോ, ആകാശത്തിൻ കീഴുള്ള അന്ധകാരമയമായ ഈ ലോകത്തിൻെറ നേതാക്കന്മാർക്കും, ശക്തികൾക്കും, ആധിപത്യങ്ങൾക്കും എതിരായിട്ടാണ്* (എഫേ 6:12). *അവർ വിശ്വസിക്കാതിരിക്കാൻ, ഈ ലോകത്തിൻെറ ദേവൻ അന്ധരാക്കിയവർ* (2 കോറി 4:4). അതുപോലെ ഇവിടെയും. *ഈ ലോകത്തിൻെറ അധികാരി പുറംതള്ളപ്പെട്ടിരിക്കുന്നു* (യോഹ 12:31). മറ്റൊരിടത്ത് ഇപ്രകാരം പറഞ്ഞിരിക്കുന്നു: *അവരുടെ ദൈവം അവരുടെ ഉദരവും അവരുടെ മഹത്ത്വം അവരുടെ അവമാനവുമാണ് (ഫിലി 3:19).*

**4.** *മിശിഹാ എന്നേക്കും ജീവിക്കും എന്ന് നിയമത്തിൽ നിന്നു ഞങ്ങൾ കേട്ടിട്ടുണ്ട് എന്ന് അവർ പറയുന്നു* (യോഹ 12:34). തിരുലിഖിതം പറയുന്നതുതന്നെയാണിത്: *അവകാശി ആയവൻ വരുന്നതുവരെ ഇത് നീങ്ങിപ്പോകുകയില്ല* (ഉല്പ 49:10); *ദൈവമായ കർത്താവ് എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങൾക്കായി എഴുന്നേൽപ്പിക്കും; അവനെ ശ്രവിക്കുവിൻ* (ആവ 18:15). *എന്നാൽ മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടിയിരിക്കുന്നു* എന്ന് നീ പറയുന്നു എന്ന് അവർ പറയുന്നു (യോഹ 12:34). ഇത് ലോകാവസാനത്തെപ്പറ്റിയാണ് എന്ന് അവർ കരുതുന്നു; കാരണം, ഒരു വരവേ ഉള്ളു എന്ന് അവർ പറയുന്നു. അഥവാ, 'ഞങ്ങൾ നിയമത്തിൽനിന്നു ശ്രവിച്ചു' എന്ന് എല്ലാ പ്രവചനങ്ങളെപ്പറ്റിയും അവർ പറഞ്ഞിരുന്നു. ഇത് തിരുലിഖിതം പറഞ്ഞിരിക്കുന്നതു

www.malankaralibrary.com



പോലെയാണ്: *അവർ നീതിരഹിതമായി എന്നെ വെറുത്തു എന്ന് ഈ ജനത്തിൻെറ നിയമത്തിൽ എഴുതപ്പെട്ടിരിക്കുന്നു* (യോഹ 15:25). ദാവീദിലും ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: *കൊടിയ വെറുപ്പോടെ അവർ എന്നെ വെറുത്തു; പാപികൾ നീതിരഹിതമായി എന്നെ വെറുത്തു* (സങ്കീ 25:19; 35:19).

## ദൈവരാജ്യം നിങ്ങളുടെ ഹൃദയത്തിലാകുന്നു

**5.** രാജാവ് എവിടെയോ, അവിടെയാണു രാജ്യം. അതുകൊണ്ടാണ്, *ദൈവരാജ്യം നിങ്ങളുടെ ഹൃദയത്തിലാകുന്നു; ദൈവരാജ്യം ദിവസക്കണക്കനുസരിച്ച് നിരീക്ഷിക്കാൻ പറ്റുന്നതല്ല* എന്ന് അവിടുന്നു പറഞ്ഞത് (ലൂക്കാ 17:20-21). കാരണം, മിശിഹാ തങ്ങളിൽ കാണപ്പെടാറായോ എന്നറിയാൻ അവർ സമയങ്ങളുടെയും യുഗങ്ങളുടെയും കണക്കു സൂക്ഷിക്കുക ആയിരുന്നു. മുപ്പതുവർഷം മുമ്പ് അവനെപ്പറ്റി ഒരു റിപ്പോർട്ട് പ്രചരിച്ചിരുന്നു; അവൻെറ ജനനത്തെപ്പറ്റിയുള്ള കിംവദന്തികൾ വർധിച്ചിരുന്നു. ഈ കാലത്താണ് *തെവുദാസും* അവൻെറ സഖികളും എഴുന്നേറ്റത്; *കള്ളന്മാർ* എന്ന് നമ്മുടെ കർത്താവ് പരാമർശിച്ചത് അവരെപ്പറ്റിയാണ് (യോഹ 10:8). മോഷ്ടിക്കാനായി അവർ അവനു മുമ്പേ പോകുകയും, എല്ലായിടത്തും മിശിഹാ എന്ന നാമം തങ്ങൾക്കായി ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്തു. തദ്ഫലമായി നമ്മുടെ കർത്താവ് അവരെ ലജ്ജിപ്പിച്ചു; കാരണം നിഗൂഢമായ രീതിയിലല്ല, നിരീക്ഷണങ്ങളിലൂടെ അവനെ കാണാൻ അവർ വഴിതേടി.

**6.** *സീയോൻ പുത്രീ, സന്തോഷിക്കുക. ഇതാ നിൻെറ രാജാവ് വരുന്നു* (സഖ 9:9). *യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും* (സംഖ്യ 24:17). *എൻെറ നാമത്തെ ബഹുമാനിക്കുന്ന നിങ്ങളുടെമേൽ നീതിസൂര്യൻ ഉദിക്കാൻ ഞാൻ ഇടയാക്കും* (മലാ 3:20); *അവൻ അനേകം ജനപദങ്ങളെ ശുദ്ധീകരിക്കും* (ഏശാ 52:15). നമ്മുടെ കർത്താവിനെ കുടുക്കാനുള്ള കുതന്ത്രങ്ങളുമായി അവർ സമീപിച്ചതിനാൽ, അവിടുന്ന് അവരെ തറപറ്റിച്ചു. *ഇവർ കള്ളന്മാരും കവർച്ചക്കാരുമാണ്* (യോഹ 10:8). കാരണം, അവർ പകൽ വെളിച്ചത്തിൽ പ്രത്യക്ഷപ്പെടാറില്ല. അജഗണങ്ങളുടെ നാഥൻ വാതിലിലൂടെ കടന്ന് സന്നിഹിതനായിരിക്കുന്നതു കാണുക; അതായത്, തൻെറ അടയാളങ്ങളാലും അത്ഭുതങ്ങളാലും, ആത്മവിശ്വാസത്തോടും ശക്തിയോടുംകൂടി അവിടുന്ന് തൻെറ അവകാശത്തിലേക്കു കടന്നുവരികയായിരുന്നു. തന്നെ തേടുന്നവർക്ക് പണ്ഡിതോചിതമായ

www.malankaralibrary.com



നിരീക്ഷണങ്ങളൊന്നും ആവശ്യമില്ലാതിരിക്കാനായി, നിഗൂഢമായിട്ടല്ല, പിന്നെയോ, അവൻെറ സാക്ഷ്യങ്ങളിലൂടെ, *രാജ്യം നിങ്ങളുടെ ഹൃദയത്തിലാണ്* എന്ന് കാണുക. *ഞാൻ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ, എന്നിൽ വിശ്വസിക്കേണ്ട* എന്ന് അവിടുന്നരുൾചെയ്തു (യോഹ 10:37). ജനങ്ങളെ രഹസ്യമായി കൊള്ളയടിക്കാൻ മറ്റുള്ളവർ തക്കംനോക്കിക്കൊണ്ടിരുന്നതിനാൽ, തങ്ങൾ *മിശിഹാ* അല്ലെന്ന് അവർ കാണിക്കുകയായിരുന്നു; അവരിലുണ്ടായിരുന്ന അഹന്തനിറഞ്ഞ അത്യാഗ്രഹവും, അവർ മെനഞ്ഞെടുത്ത നുണയും അവരെ കുറ്റംവിധിച്ചിരുന്നു; അതുകൊണ്ട് പരസ്യമായി വെളിപ്പെടാൻ അവർ ഭയപ്പെട്ടു. താൻ എന്തോ പ്രാമാണ്യമുള്ളവനാണെന്ന് *തെവുദാസ്* നടിച്ചു. അവനെ അനുഗമിക്കണമെങ്കിൽ, അനുയായികൾക്ക് അവൻ അതു തെളിയിച്ചു കൊടുക്കട്ടെ. എന്നാൽ, താൻ അവകാശപ്പെടുന്നത് അവൻ അല്ലെങ്കിൽ, അവൻ തന്നെപ്പറ്റി പറഞ്ഞത് മറ്റാരേപ്പറ്റിയോ ആണെന്ന് മനസ്സിലാക്കട്ടെ. ഇതുകൊണ്ടാണ് *മിശിഹാ വരുമ്പോൾ, അവൻ എവിടെ നിന്നാണെന്ന് ആരും അറിയുകയില്ല* എന്ന് അവർ പറഞ്ഞത് (7:27).

7. *മിശിഹാ വരുന്നത് ബേത്‌ലഹേം നഗരത്തിൽനിന്നാണ്* എന്ന് പ്രവാചകൻ പറഞ്ഞത് (മിക്കാ 5:1) അവർ തെറ്റായി ഗ്രഹിക്കുകയും അതിനെ നിന്ദിക്കുകയും ചെയ്തു. കള്ളമിശിഹാമാർ വർധിച്ചതിനാൽ, നിരവധി അഭിപ്രായങ്ങളുടെ ഇടയ്ക്ക് അവർ ചഞ്ചലചിത്തരായിപ്പോയി. മറ്റെല്ലാവരുടെയും ഇടയ്ക്ക് സത്യവാനായി, *യഥാർത്ഥ മിശിഹാ ആയി അവനെ ഒരുപക്ഷേ നമ്മുടെ മുപ്പന്മാർ തിരിച്ചറിഞ്ഞു കാണും എന്ന്* അവർ പറഞ്ഞുകൊണ്ടിരുന്നു (7:26). അതുകൊണ്ടാണ്, *ആരെങ്കിലും സ്വന്ത നാമത്തിൽ വന്നാൽ, നിങ്ങൾ അവനിൽ വിശ്വസിക്കും* എന്ന് അവിടുന്നു പറഞ്ഞത് (5:43). അനേകർ അവനെ അനുഗമിച്ചതിനാൽ, 'ഭാവിയിലെ തൻെറ ആഗമനം വ്യക്തമായിട്ടായിരിക്കും, തൻെറ ജനനംപോലെ ആയിരിക്കയില്ല' എന്ന് അവൻ പറഞ്ഞു: *ഇതാ, അവൻ ഇവിടെയുണ്ട് എന്നു പറഞ്ഞാൽ, അതൊന്നും വിശ്വസിക്കരുത്; കാരണം അത്, പ്രകാശിക്കുന്ന മിന്നൽപിണർ പോലെ ആയിരിക്കും* (മത്താ 24:26-27). അവൻെറ ജനനംനിമിത്തം കള്ളന്മാർ വന്നതുപോലെ, അവൻെറ ആഗമനം നിമിത്തം കൊള്ളക്കാർ വരും; കിംവദന്തികൾ വർധിക്കുകയും ചെയ്യും. അതുകൊണ്ട്, *അവനെ തേടി പുറത്തുപോകരുത്* (24:26). പോയാൽ, ആലഹളക്കാരനോടൊപ്പം നിങ്ങൾ സ്വേച്ഛയാ തുത്തെറിയപ്പെടുകയോ, നിർബന്ധപൂർവം വലിച്ചിഴയ്ക്കപ്പെടുകയോ ചെയ്യും. അവിടുന്ന് രാജ്യ

www.malankaralibrary.com



ത്തിന്റെ നാഥനാകയാൽ, തന്നിലൂടെ ഒരേസമയം ഉന്നതഭാഗങ്ങളേയും അധോഭാഗങ്ങളെയും ശുദ്ധീകരിക്കാൻ അവിടുന്ന് ആഗ്രഹിച്ചു. ധരയെയും അതിലെ സൃഷ്ടികളെയും സംബന്ധിച്ച് *എല്ലാ ഇടർച്ചകളിൽ നിന്നും തന്റെ രാജ്യത്തിന്റെ വാസസ്ഥലങ്ങളെ അവൻ ശുദ്ധീകരിക്കും* എന്നു പറഞ്ഞിരിക്കുന്നതു മനസിലാക്കുക; കാരണം, അവൻ അവയെ നവീകരിക്കുകയും തന്റെ നീതിമാന്മാർ അവിടെ വസിക്കാൻ ഇടയാക്കുകയും ചെയ്യും (മത്താ 13:41; 2 പത്രോ 3:13).

## നിയമജ്ഞർക്കും ഫരിസേയർക്കുമുള്ള കുറ്റപത്രം

**8.** *നിയമജ്ഞരേ, നിങ്ങൾക്കു ഹാ കഷ്ടം! എന്തുകൊണ്ടെന്നാൽ, നിങ്ങൾ താക്കോലുകൾ മറച്ചുവച്ചു* (ലൂക്കാ 11:52). അതായത്, നമ്മുടെ കർത്താവിന്റെവെളിപാടിനെപ്പറ്റി പ്രവചനങ്ങളിൽ ഉണ്ടായിരുന്ന അറിവ് അവർ മറച്ചുവച്ചതിനാൽ. നമ്മുടെ കർത്താവ് പറഞ്ഞതനുസരിച്ച്, അവിടുന്നു വാതിലാണെങ്കിൽ (യോഹ 10:7.9), അറിവിന്റെ താക്കോലുകൾ അവിടുത്തേതാണ് എന്ന് വ്യക്തമാണല്ലോ. *ദൈവരാജ്യം നിങ്ങളുടെ ഹൃദയത്തിലാണ് എന്നു കാണുക* എന്ന് കർത്താവ് പറഞ്ഞതനുസരിച്ച്, ജീവന്റെ കവാടത്തിലൂടെ കടക്കാൻ നിയമജ്ഞരും ഫരിസേയരും കൂട്ടാക്കിയില്ല. അവൻ അവരുടെ മധ്യത്തിൽ നിന്നിരുന്നതിനാൽ, തന്നെപ്പറ്റിയാണ് അവിടുന്നു സൂചിപ്പിച്ചത്. ആത്മാക്കളും അരൂപികളും ജീവന്റെ ഭവനത്തിൽ പ്രവേശിക്കാതിരിക്കാനായി, പാപം താക്കോലുകൾ മറച്ചുവയ്ക്കുകയും, ജീവന്റെ ഭവനത്തിലേക്കുള്ള പാലത്തിൽ കയറി നില്ക്കുകയും ചെയ്തു. *നിങ്ങൾ താക്കോലുകൾ മറച്ചുവച്ചു* എന്ന് അവിടുന്നരുൾചെയ്തു.

**9.** ഇതിനുശേഷം അവിടുന്നു പറഞ്ഞു: *നീതിമാന്മാരുടെ രക്തമെല്ലാം നിങ്ങളുടെമേൽ നിപതിക്കും* (മത്താ 23:35). കാരണം, നീതിമാന്മാരുടെ മരണത്തിന് പ്രതികാരം ചെയ്യുന്നവനെ അവർ കൊന്നു; അതുകൊണ്ട്, അതിനു പ്രതികാരം അവരുടെ കൈകളിൽ നിന്ന് ആവശ്യപ്പെടും. ന്യായാധിപനെ കൊല്ലുന്നവൻ കൊലയാളികളുടെ കൂട്ടാളിയാണ്; കാരണം, ന്യായാധിപനെ കൊല്ലുന്നതിലൂടെ, അവൻ പ്രതികാരത്തെ അടിച്ചമർത്തുകയും കൊലപാതികൾക്കു കവാടം തുറന്നുകൊടുക്കുകയുമാണ് ചെയ്തത്. *നീതിമാനായ ഹാബേലിന്റെ രക്തംമുതൽ സഖറിയായുടെ രക്തംവരെ* എന്ന് കർത്താവും പറഞ്ഞിട്ടുണ്ട്; അന്നുവരെയല്ല, പിന്നെയോ, ഈ ദിവസംവരെ. അവരുടെ ഇടയിൽ ആയിരുന്നപ്പോഴും, തന്നെ

www.malankaralibrary.com



അവർ കൊല്ലുന്നതുവരെ തൻെറ സ്വന്തരക്തത്തിന് അവൻ പ്രതികാരം ചെയ്തില്ല; അവൻ ഇപ്രകാരം ചെയ്യാൻ നേരത്തെ തീരുമാനിച്ചതാണ് എന്ന് അവർ പറയാതിരിക്കാനായിരുന്നു ഇത്. പിന്നാലെവരുന്ന നീതിമാന്മാരെ അവർ ബഹുമാനിക്കുന്നതിനും പ്രവാചകരുടെ കൊലയാളികൾക്ക് നിയമം അനുസരിച്ച് പ്രായശ്ചിത്തത്തിന് യാതൊരു സാധ്യതയും ഇല്ലെങ്കിൽപോലും, തന്നെ കൊന്നതിന് പ്രായശ്ചിത്തം ചെയ്യാൻ അവർക്കൊരവസരം നൽകുന്നതിനുമായി നേരത്തെ പോയ നീതിമാന്മാരോട് ബന്ധപ്പെടുത്തി അവിടുന്ന് വിധി പ്രസ്താവിച്ചു. കാരണം, നിയമം ഇപ്രകാരം പറയുന്നു: *കൊല്ലുന്നവൻ കൊല്ലപ്പെടണം* (പുറ 21:12). അല്ലാതെ, പ്രായശ്ചിത്തം ചെയ്താൽ അവനോട് ക്ഷമിക്കണം എന്നല്ല. എന്നാൽ തന്നെ കൊന്നതിന്, അവർക്കിഷ്ടമുണ്ടെങ്കിൽ, പ്രായശ്ചിത്തം ചെയ്യാൻ അവൻ അവർക്കൊരവസരം നൽകി എന്നുമാത്രം.

അടുത്ത കാലത്തെ പ്രവാചകരെ കൊന്നതിലൂടെ, തങ്ങളും മുൻകാലത്തുള്ളവരുടെ കൊലയിൽ ഭാഗഭാക്കുകളും കൂട്ടാളികളുമാണെന്ന് ജനം ഏറ്റുപറയുകയായിരുന്നു. തങ്ങളുടെ അധരങ്ങളുടെ ഏറ്റുപറച്ചിലിലൂടെ അവർ നുണ പറയുകയായിരുന്നു; കാരണം, പ്രവാചകരെ കൊന്നതിന് അവർ തങ്ങളുടെ കാരണവന്മാരെ കുറ്റപ്പെടുത്തിയെങ്കിലും, അതേപ്പറ്റി ഖേദിച്ചില്ല. രക്ഷകൻെറ കൊലയിൽ ഈ ജനം തങ്ങളുടെ ജനിക്കാത്ത ശിശുക്കളെയും ഭാഗഭാക്കുകളും കൂട്ടാളികളും ആക്കി. അതുകൊണ്ട് അവർക്ക് അറിവില്ലാതിരുന്നെങ്കിലും അവരുടെ ദുഷ്ടമനസിനെ കർത്താവ് പ്രവാചകന്മാരുടെ കൊലയിൽ ഭാഗഭാക്കും കൂട്ടാളിയുമാക്കി. കാരണം, പുത്രൻ മുന്തിരിത്തോപ്പിൻെറ ഉടമസ്ഥനാണെന്ന് അറിയുകയും, പ്രതികാരകനാണെന്ന് ബോധ്യമുണ്ടായിരിക്കുകയും ചെയ്തിട്ടും അവനെ കൊന്നതിനാലാണിത്.

**10.** ഒരേ ഒരു സ്ഥലത്ത് ബലി അർപ്പിക്കാനും, അവിടെ കുഞ്ഞാടിനെ അറുത്ത്, അവിടെ രക്ഷയുടെ പ്രതീകം പൂർത്തിയാക്കാനും മോശ ഇസ്രായേൽക്കാരോടു കല്പിച്ചത് പ്രവചനാത്മകമായിരുന്നു (ആവ 12:2-18). ബേത്‌ലഹേമിലെ ശിശുക്കളോടൊപ്പം ഹേറോദേസിനും, മലയിൽ നിന്ന് തള്ളിയിട്ടപ്പോൾ നസ്റേത്തുകാർക്കും, കർത്താവിനെ കൊല്ലാൻ കഴിഞ്ഞില്ല. കാരണം, ജറുസലേമിനു പുറത്തുവച്ചു മരിക്കുക അവിടുത്തേക്ക് അസാധ്യമായിരുന്നു. കാരണം, *ജറുസലേമിനു വെളിയിൽവച്ച് ഒരു പ്രവാചകൻ നശിക്കുക അസാധ്യമാണ്* (ലൂക്കാ 13:33). ജറുസലേമാണ് അവനെ കൊന്നതെങ്കിലും, ഹേറോദേസും നസ്രത്തുകാരും അവനെ

www.malankaralibrary.com



കൊല്ലുന്നതിൽ യോജിച്ചിരുന്നു. കൊലയ്ക്കുള്ള പ്രതികാരം അവരിരുവരോടും ആവശ്യപ്പെടും എന്നു കാണുക. ജറുസലേം നിവാസികളിൽ നിന്ന് അവൻെറ രക്തത്തിനുള്ള പ്രതികാരം ആവശ്യപ്പെടും എന്നുമാത്ര മല്ല, അവനെ കാണുകയും നിഷേധിക്കുകയും ചെയ്തവരെല്ലാം കൊല പാതകത്തിന് കുറ്റം വിധിക്കപ്പെടും എന്ന് ഇതിൽനിന്ന് അറിഞ്ഞുകൊള്ളുക. *വിശുദ്ധ സ്ഥലത്തിനും ബലിപീഠത്തിനും മധ്യേ* (മത്താ 23:35) എന്നു പറയുന്നതിലൂടെ, പാപപരിഹാരസ്ഥലത്തെപ്പോലും അവർ ബഹുമാനിക്കാഞ്ഞതിനാൽ, അവൻ അവരുടെ ദുഷ്ടതയെ വെളിപ്പെടുത്തുകയത്രേ ചെയ്യുന്നത്. *എത്ര തവണ ഞാൻ നിങ്ങളെ ഒന്നിച്ചുകൂട്ടി* എന്ന വാക്കുകൾ (ലൂക്കാ 13:34), *ഇതാ ഫലം തേടി മൂന്നുവർഷം ഞാൻ ഈ അത്തിമരത്തിൻെറ പക്കലെത്തിയെങ്കിലും ഒന്നും കണ്ടില്ല* (13:7) എന്നതിനു തുല്യമാണ്.

**11.** *എൻെറ വാക്കു കേട്ട് അതു പാലിക്കാത്തവനെ ഞാൻ അറിയുന്നില്ല* (യോഹ 12:47). *പിതാവ് ആരെയും വിധിക്കുന്നില്ല; വിധിയെല്ലാം തൻെറ പുത്രൻെറ കൈകളിൽ വച്ചിരിക്കുന്നു* എന്ന് അവിടുന്ന് പറഞ്ഞിട്ടില്ലേ? (5:22). എന്നാൽ അവിടുന്ന് മനുഷ്യകുലത്തിൻെറ വൈദ്യനാകയാൽ, *ഈ ലോകത്തെ വിധിക്കാനല്ല, രക്ഷിക്കാനാണ് ഞാൻ വന്നിരിക്കുന്നത്* എന്നു പറഞ്ഞിരിക്കുന്നു (12:47). താനാണ് എല്ലാ ന്യായ വിധികളും നടത്തുന്നത് എന്നുകാണിക്കാൻ *എൻെറ വചനം സ്വീകരിക്കാത്തവനെ, ഞാൻ പറഞ്ഞ വചനം കുറ്റംവിധിക്കും* എന്ന് അവിടുന്നു പഠിപ്പിച്ചു.

## ഭാവിലോക സംബന്ധമായ പ്രതിപാദനം

**12.** *ഇതിൻെറ ഭയങ്കരനാശത്തിൻെറ അടയാളം കാണുമ്പോൾ* എന്ന വാക്യത്തെ (മത്താ 24:15) നമുക്കു വിശദീകരിക്കാം. ജറുസലേം പലപ്രാവശ്യം തകർക്കപ്പെടുകയും പുനരുദ്ധരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്; എന്നാലിവിടെ അതിൻെറ സമ്പൂർണതകർച്ചയെയും കീഴ്മേൽ മറിക്കലിനെയുംപറ്റിയും, അതിൻെറ പരിശുദ്ധ സ്ഥലം നിന്ദ്യമാകുന്നതിനെ പറ്റിയും, അതിനുശേഷം അതു നാശക്കൂമ്പാരമായി കിടക്കുന്നതിനെയും വിസ്മൃതിയിൽ ആണ്ടുപോകുന്നതിനെയും പറ്റിയുമാണ് പരാമർശം. *അശുദ്ധതയുടെയും തകർച്ചയുടെയും ചിറകുകളിൽ* എന്നു പ്രവാചകൻ പറഞ്ഞതുപോലെ (ദാനി 9:27), കഴുകൻെറ പടമുള്ള കൊടികൾ റോമാക്കാർ ഈ ആലയത്തിനുള്ളിൽ വച്ചു.

www.malankaralibrary.com



*ദാനിയേൽ പ്രവാചകൻ പ്രവചിച്ച ഭീകരനാശത്തിൻെറ അടയാളം* (മത്താ 24:15). ആലയത്തിൻെറ ഉള്ളിൽ വയ്ക്കാനായി റോമാക്കാർ പീലാത്തോസിനു നൽകിയ പന്നിത്തലയാണ് നാശത്തിൻെറ അടയാളം എന്നു ചിലർ പറയുന്നു. *പുരമുകളിൽ നില്ക്കുന്നവൻ* എന്നും കർത്താവു പറഞ്ഞു (ലൂക്കാ 17:31). കാരണം, ദൈവികപരിപാലന അവരുടെമേൽ ഇല്ലാത്തതിനാൽ, സാധാരണരീതിയിൽ അവർ രക്ഷപെടുകയില്ല എന്നു വിവക്ഷ. *ഗർഭിണികൾക്ക് ഹാ, കഷ്ടം!* എന്നും അവിടുന്നു പറഞ്ഞു (മത്താ 24:19). റോമാക്കാർ ജറുസലേമിനെ ഉപരോധിച്ചപ്പോൾ പീഡിപ്പിക്കപ്പെട്ടവരെ പറ്റിയാണ് അവൻ സംസാരിച്ചത്. സ്ത്രീകൾ തങ്ങളുടെ കുഞ്ഞുങ്ങളെ തിന്നുന്നതിനിടയാകും വിധത്തിലുള്ള *അരിഷ്ടത ഈ ജനത്തിനുണ്ടാകും* എന്നും അവിടുന്നു പറഞ്ഞു (ലൂക്കാ 21:23).

**13.** *നിങ്ങളുടെ ഓട്ടം ശീതകാലത്തോ, സാബതുദിവസമോ ആകാതിരിപ്പാൻ അപേക്ഷിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുവിൻ* (മത്താ 24:20). ജോലിചെയ്യാൻ അനുവദനീയമല്ലാത്ത സമയത്ത് നിങ്ങൾ അടിമകളായി നയിക്കപ്പെടാതിരിക്കാനാണിത്. ശീതകാലം ഫലരഹിതവും സാബത് അധ്വാനരഹിതവും ആയിരിക്കുന്നതുപോലെ, ഫലവും അധ്വാനവും ഇല്ലാതിരിക്കുമ്പോൾ, നിങ്ങൾ അടിമകളായി നയിക്കപ്പെടാതിരിക്കട്ടെ. *ശീതകാലത്തും സാബതിലും:* ഒന്ന് അവശ്യാവശ്യമായി; മറ്റത് സ്വേച്ഛയാ. തണുപ്പുകാലം അവശ്യാവശ്യമായി; സാബത് സ്വേച്ഛയാ. അതുകൊണ്ട്, നിൻെറ ദൈവമായ കർത്താവിൻെറ വേലയിൽ നിന്ന് മറ്റുള്ളവരുടെ നിർബന്ധമോ, നിൻെറതന്നെ ഇച്ഛയോ, നിന്നെ എടുത്തുമാറ്റാതിരിക്കട്ടെ. ഇപ്രകാരം ദൗർഭാഗ്യം അവരുടെമേൽ നിപതിക്കാൻ പോകുകയാണെന്ന് ശീതകാലത്തിലൂടെയും സാബതിലൂടെയും. ഒരിക്കൽകൂടി അവൻ അവരെ കാണിച്ചു. അവൻ അവരെ തൻെറ കോപം കാണിച്ചു; അതു മുകളിൽനിന്ന് അർഹമാംവിധം നിപതിക്കുമെന്നും കാണിച്ചു. അതിനുശേഷം അവൻ വീണ്ടും അവരോട് കരുണാമസൃണൻ ആയിത്തീരുകയും പ്രാർത്ഥനയിൽ സ്ഥിരതയോടിരിക്കാൻ അവരെ പഠിപ്പിക്കുകയും ചെയ്തു. അവരുടെ തലമേൽ തൂങ്ങിനിന്ന കഠിനശിക്ഷാവിധി നീക്കിക്കളയാനല്ല, പിന്നെയോ, അവരുടെമേൽ പെട്ടെന്ന് നിപതിക്കാൻപോകുന്ന മഹാദുരന്തത്തിൻെറ ദിവസവും സമയവും മാറ്റുന്നതിനായിരുന്നു. തൻെറ കരുണയാൽ, കർത്താവ് രണ്ടു സംഗതികൾ തൻെറ പ്രതിപാദ്യത്തിൽ ഒന്നിച്ചുചേർത്തു: "ക്ലേശം വന്നണയും എന്നതു സത്യം; നിങ്ങൾ ഓടിപ്പോകേണ്ടിവരും; എന്നാൽ ഈ സംഭവവും ഈ ദൗർഭാ

www.malankaralibrary.com



ഗ്യവും തണുപ്പുകാലത്ത് നിങ്ങളുടെമേൽ നിപതിക്കാതിരിക്കാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുവിൻ. ഈ മഹാക്ലേശത്തിൽ നിന്ന് ഓടിപ്പോകണം എന്ന് ആഗ്രഹിച്ചാൽ തന്നെയും, നിങ്ങൾക്ക് ഇത് ഒഴിവാക്കാനാവില്ല; അഥവാ *സാബതുനിമിത്തം*: നിങ്ങളുടെ വിശ്രമാവസരത്തിൽ നിനച്ചിരിയാതെ മഹാക്ലേശം പിടിപെടാതിരിക്കാൻ.

**14.** മോശയുടെ നിയമം നീക്കപ്പെടാതിരിക്കാനായി, നിയമത്തിന്റെ പുത്രൻ എന്ന നിലയിൽ, നിയമത്തിലുള്ള താല്പര്യം അവൻ കാണിക്കുകയും തന്നെത്തന്നെ അതിന്റെ സംരക്ഷകനാക്കുകയും ചെയ്തു. ഗുഹയിൽ ഉള്ളവർ കൊല്ലപ്പെട്ടതുപോലെ (1 മക്ക 2:27-38), സമാധാനകാലത്തെന്നവണ്ണം യുദ്ധകാലത്ത് സാബത് ആചരിക്കത്തക്കവിധം, നിഷ്കളങ്കരും ഋജുമാനസ്സരുമായി നിങ്ങളുടെ ഇടയിൽ ചിലർ കാണപ്പെടുകയും ശത്രുക്കൾ നിങ്ങളെ കൊല്ലുകയും ചെയ്യാതിരിക്കാനാണിത് എന്ന് അവൻ പറഞ്ഞു. *ശീതകാലത്തും സാബതിലും.* ഉഷ്ണകാലത്തെ എല്ലാവിധ അധ്വാനങ്ങളിൽ നിന്നുമുള്ള വിശ്രമസമയമാണ് ശീതകാലം; എഴുദിവസങ്ങളിലെ വിശ്രമമാണ് *സാബത്. ദൈവത്തിന്റെ സാബത് ഇപ്പോഴും തുടരുന്നു* എന്ന് ശ്ലീഹാ പറഞ്ഞതുപോലെ (എബ്രാ 4:9), വരാനുള്ള ദിവസത്തിനുവേണ്ടിയുള്ള വിശ്രമമാണത്; എന്തുകൊണ്ടെന്നാൽ, ജോലിവേലകളുടെ പരിധിയാണ് സാബത്. *വന്നുഭവിക്കാൻ പോകുന്നവയിൽ നിന്നെല്ലാം രക്ഷപെടാൻ നിങ്ങൾ യോഗ്യരായിതീരാനായി, പ്രാർത്ഥനയിൽ സ്ഥിരമായിരിക്കുവിൻ* എന്നു കർത്താവു പറഞ്ഞിരിക്കുന്നു (ലൂക്കാ 21:36). ജറുസലേമിന്റെ ശിക്ഷയെപ്പറ്റിയാണ് അവിടുന്നു സംസാരിക്കുന്നത്; അതേസമയം ഈ ലോകത്തിന്റെ അന്ത്യത്തെപ്പറ്റിയും പരാമർശിക്കുന്നു. നിങ്ങൾ ഓടിപ്പോകും (മത്താ 24:16.20) എന്ന് അവിടുന്നു പറഞ്ഞു. എന്തുകൊണ്ടെന്നാൽ, ഉത്ഥാനദിവസം, പൂർണമായി സജ്ജരല്ലാത്ത സകലരെയും ഭീതികരമായ വിറയൽ പിടികൂടും. എന്നാൽ ഇത് ശ്ലീഹന്മാരോടായിട്ടാണ് പറഞ്ഞിരിക്കുന്നത് എന്നു *മറ്റു ചിലർ* പറയുന്നു. സൂര്യൻ ആറാംദിവസം[58] അന്ധകാരമയമായെങ്കിൽ, അവർ സമാശ്വസിക്കപ്പെടും. യഹൂദർ സാബതിനെപറ്റി വീമ്പടിച്ചിരുന്നതിനാലാണ് *സാബതിൽ* എന്നും തണുത്ത കാലാവസ്ഥയായതിനാൽ *ശീതകാലം* എന്നും അവൻ പറഞ്ഞത്. *ദൈവം ഈ ദിനങ്ങൾ ചുരുക്കു*

58. ദുഃഖവെള്ളിയാഴ്ച ദിവസം

www.malankaralibrary.com



*ന്നില്ലെങ്കിൽ, യാതൊരു മനുഷ്യനും രക്ഷപെടുകയില്ല* (13:20). ദിവസങ്ങളുടെയോ മണിക്കൂറുകളുടെയോ എണ്ണമല്ല കുറച്ചത്, പിന്നെയോ, *തെരഞ്ഞെടുക്കപ്പെട്ടവരെപ്രതി* സമയം തന്നെയാണ് കുറച്ചത്. അവരുടെ ക്ലേശങ്ങൾ വർധിക്കാതെ, കുറയ്ക്കാനും രക്ഷ അവർക്കു സമീപസ്ഥമാകാനും വേണ്ടിയായിരുന്നു ഇത്.

## മനുഷ്യപുത്രൻെറ തിരിച്ചുവരവ്

**15.** തൻെറ വരവിൻെറ നിമിഷത്തെ സംബന്ധിച്ച് തന്നെ അവർ ചോദ്യം ചെയ്യാതിരിക്കാനായി, *എന്നാൽ ആ നാഴികയെപ്പറ്റി ആരും, പുത്രനോ, ദൂതന്മാർപോലുമോ അറിയുന്നില്ല* എന്ന് അവിടുന്നരുൾ ചെയ്തു (മത്താ 24:36). *ദിവസങ്ങളും സമയങ്ങളും അറിയുക നിങ്ങളുടെ കാര്യമല്ല* (നട 1:17). നാം ഉണർവുള്ളവരായിരിക്കുന്നതിനും, ഈ ആഗമനം നമ്മുടെ ജീവിതകാലത്തു തന്നെ സംഭവിക്കും എന്ന് നാം ഓരോരുത്തനും ചിന്തിക്കുന്നതിനും വേണ്ടി അവിടുന്ന് അത് നമ്മിൽനിന്ന് മറച്ചുവച്ചിരിക്കുന്നു. കാരണം, അവിടുത്തെ വരവിൻെറ സമയം വെളിപ്പെടുത്തപ്പെടേണ്ടതാണെങ്കിൽ, അവൻെറ വരവ് നിർത്ഥകമാകും; അതു സംഭവിക്കാൻ പോകുന്ന യുഗങ്ങളും ജനപദങ്ങളും അത് താല്പര്യപൂർവം കാംക്ഷിക്കുകയുമില്ല. 'താൻ വരും' എന്ന് അവിടുന്ന് ഉറപ്പായി പറഞ്ഞു; എന്നാൽ എപ്പോഴാണ് എന്ന് അവിടുന്നു കൃത്യമായി പറഞ്ഞില്ല. അതുകൊണ്ട് എല്ലാ തലമുറകളും യുഗങ്ങളും അവനായി ദാഹിക്കുന്നു, തൻെറ വരവിൻെറ അടയാളങ്ങളുടെ സൂചന അവിടുന്ന് നൽകിയിട്ടുണ്ടെങ്കിലും, അവയുടെ അവസാനം മനസിലാക്കാൻ നമുക്കു കഴിയുകയില്ല. കാരണം, അവ നിരന്തരമായ ഒഴുക്കിൽ വരികയും പോകുകയും ചെയ്യുന്നു; എങ്കിലും അവ എപ്പോഴും സ്ഥിതി ചെയ്യുന്നു. യഥാർത്ഥത്തിൽ അവൻെറ അന്തിമാഗമനം ആദ്യത്തേതിനു തുല്യമാണ്. നീതിമാന്മാരും പ്രവാചകന്മാരും അതിനെ കാംക്ഷിച്ചു (മത്താ 13:17); കാരണം, അവൻ തങ്ങളുടെ കാലത്ത് കാണപ്പെടുമെന്ന് അവർ കരുതി. അതുപോലെ, ഇന്നത്തെ വിശ്വാസികളോരോരുത്തനും തൻെറ കാലത്ത് അതു സ്വീകരിക്കാൻ ആഗ്രഹിക്കുന്നു; പ്രത്യേകിച്ച്, തൻെറ ആഗമന ദിവസം അവിടുന്ന് വ്യക്തമായി സൂചിപ്പിക്കാത്ത പശ്ചാത്തലത്തിൽ. അവിടുത്തേക്ക് എണ്ണങ്ങളുടെയും സമയങ്ങളുടെയും മേൽ ആധിപത്യമുണ്ട്. അങ്ങനെയുള്ളയാൾ ഏതെങ്കിലും കല്പനയ്ക്കോ നാഴികയ്ക്കോ വിധേയനാണ് എന്ന് ആരും ചിന്തിക്കാതിരിക്കാനാണിത്.

www.malankaralibrary.com



അവിടുന്നാണ് തൻെറ ആഗമനത്തിൻെറ അടയാളങ്ങൾ സൂചിപ്പിച്ചതെങ്കിൽ, താൻ തന്നെ നിശ്ചയിച്ചത് എങ്ങനെയാണ് തന്നിൽ നിന്ന് മറഞ്ഞിരിക്കുന്നത്? ഈ സംഗതികൾ അവിടുത്തേക്ക് അറിയാം എന്ന് എഴുതപ്പെട്ടിരിക്കുന്നു. അപ്പോൾ, എന്തുകൊണ്ടാണ് അവർ ഒരു വാചകം എടുത്തിട്ട് മറ്റൊന്ന് തള്ളിക്കളയുന്നത്? അഥവാ, അവിടുത്തേക്ക് സമയം അറിയാമായിരുന്നു, നാഴിക മറഞ്ഞിരുന്നു എന്നു വരുമോ? എന്നാൽ സമയം ഒരു നിമിഷമാണ്; നിമിഷം സമയത്തിൻെറ ഭാഗമാണ്. *അവൾ ഇപ്പോൾ എൻെറ അസ്ഥിയിൽ നിന്നുള്ള അസ്ഥിയാണ്* (ഉല്പ 2:23). ഒരു നിമിഷം കണ്ണിമയ്ക്കുന്നതുപോലെയാണ്. *ആ സമയത്തും ആ നിമിഷവും യേശു ആത്മാവിൽ ആനന്ദിച്ചു* (ലൂക്കാ 10:21). *ആ സമയം നിങ്ങൾക്കറിവില്ലാത്തതിനാൽ ശ്രദ്ധയുള്ളവരും പ്രാർത്ഥനാനിരതരും ആയിരിക്കുവിൻ* (മത്താ 24:42).

**16.** *ആരും, പുത്രനോ, മാലാഖയോ, ആ ദിവസം അറിയുന്നില്ല* (24:36). *എൻെറ പിതാവിനാൽ ശപിക്കപ്പെട്ടവരേ, എന്നിൽ നിന്നകന്ന്, നിത്യാഗ്നിയിലേക്കു പോകുവിൻ. എന്തുകൊണ്ടെന്നാൽ നിങ്ങളെ ഞാൻ അറിയുന്നില്ല* എന്ന് അവിടുന്നു പറഞ്ഞതുപോലെയാണിത് (25:41). ആരാണ് പാപികൾ എന്ന് അവിടുത്തേക്ക് അറിയാമായിരുന്നിട്ടും, *ഞാൻ നിങ്ങളെ അറിയുന്നില്ല* എന്ന് അവരുടെ പ്രവൃത്തികൾ നിമിത്തമാണ് അവിടുന്നു പറഞ്ഞത്. അതുപോലെ, തൻെറ ആഗമനത്തിൻെറ വിനാഴിക അവിടുത്തേക്ക് അറിയാമായിരുന്നെങ്കിലും, അതേപ്പറ്റി ആരും കൂടുതലായി ചോദിക്കാതിരിക്കാനായി, തനിക്ക് അതേപ്പറ്റി അറിവില്ല എന്ന് അവിടുന്നു വിളംബരം ചെയ്തു. എന്നാൽ, അവിടുന്ന് തൻെറ പിതാവിനെ അറിഞ്ഞിരുന്നോ ഇല്ലയോ എന്ന് കുറേക്കൂടി മുമ്പോട്ടുപോയി നമുക്ക് ആരായാം. *പുത്രനല്ലാതെ ആരും പിതാവിനെ അറിയുന്നില്ല; പിതാവല്ലാതെ ആരും പുത്രനെയും അറിയുന്നില്ല* എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ, തീർച്ചയായും അവിടുന്നു പിതാവിനെ അറിഞ്ഞിരുന്നു (11:27). അവിടുന്നു പിതാവിനെ അറിഞ്ഞിരുന്നെങ്കിൽ, പിതാവിനെക്കാൾ കൂടുതലായി അവിടുത്തേക്ക് അറിയാൻ പാടില്ലാത്തത് എന്തായിരിക്കാം? അഥവാ, അവിടുത്തെ ആഗമനനാഴിക എന്തു കാരണത്താലാകാം പിതാവ് അവനിൽ നിന്നു മറച്ചുവച്ചത്? പിതാവിനേക്കാൾ മഹത്ത്വം കുറഞ്ഞവനായി കാണപ്പെട്ടതിനാലാണോ? അവൻെറ പ്രകൃതം സൃഷ്ടിയുടേതു മാത്രമായി കാണപ്പെട്ടതാണോ? അങ്ങനെയാണെങ്കിൽ, ആ നിമിഷം അവനു വെളിപ്പെടുകയും, സ്വർഗത്തിൽ നിന്നു താഴേക്കു

www.malankaralibrary.com



വരാൻ അവനുവേണ്ടി കാഹളം മുഴങ്ങുകയും ചെയ്യുമ്പോൾ, അവൻ തന്നെയും പിതാവിനെപ്പോലെയാകും.

*ദൈവത്തിന്റെ പദ്ധതിയാണ് മിശിഹാ; അവനിലൂടെ വിജ്ഞാനത്തിന്റെയും അറിവിന്റെയും എല്ലാ രഹസ്യങ്ങളും വെളിവാക്കപ്പെട്ടിരിക്കുന്നു* (കൊളോ 2:2-3). എല്ലാ നിഗൂഢകാര്യങ്ങളും അവനിലൂടെ വെളിപ്പെടുന്നെങ്കിൽ, അവന്റെ ആഗമനത്തിന്റെ നിമിഷം എങ്ങനെയാണ് അവനിൽ നിന്നു മറഞ്ഞിരിക്കുക? അവൻ ആഗതനാകുന്ന ദിവസം അവന് അറിയാൻ പാടില്ല എങ്കിൽ, അവൻ വരാനിരിക്കുന്ന ദിവസവും അവന് അറിയാൻ പാടില്ല. ദൈവം നിർമിച്ചവയെല്ലാം *ആത്മാവ് അറിയുന്നു; അത് ദൈവത്തിന്റെ ആഴങ്ങൾ പരിശോധിക്കുന്നു.* എന്നാൽ പുത്രനും ഈ കാര്യങ്ങൾ അറിയുന്നില്ലേ? *നാഴികയെപ്പറ്റി* യാണ് അവർ അവനെ ചോദ്യം ചെയ്തത്; എന്നാൽ എനിക്കറിയില്ല എന്ന് *ദിവസത്തെപ്പറ്റി* പരാമർശിച്ചാണ് അവിടുന്നു പറഞ്ഞത്: ഒന്നാമത്, അവർ കൂടുതൽ ചോദ്യങ്ങൾ ചോദിക്കാതിരിക്കാൻ; രണ്ടാമത്, തന്റെ മരണദിനം അറിയാൻ പാടില്ലാത്ത രോഗിയുടെ രോഗംപോലെ അവിടുന്ന് അറിയിച്ച അടയാളങ്ങൾ പ്രയോജനപ്രദമാകാൻ. അവിടുത്തെ ആഗമനം തങ്ങളുടെ നാളുകളിൽ സംഭവിക്കും എന്ന് ആദ്യദിനം മുതലേ, എല്ലാ ജനപദങ്ങളും തലമുറകളും ചിന്തിക്കാനായി, അവിടുന്നു തന്റെ അടയാളങ്ങൾ എടുത്തുകാട്ടി.

**17.** ശരീരം നിദ്രാവസ്ഥയിൽ ആയിരിക്കുമ്പോൾ പ്രകൃതിയാണ് നമ്മുടെമേൽ ഭരണം നടത്തുക. നമ്മുടെ ഇച്ഛയാലല്ല, പിന്നെയോ, സ്വാഭാവികപ്രേരണയാലത്രേ നമ്മുടെ പ്രവൃത്തികൾ നയിക്കപ്പെടുക. അതുകൊണ്ട് കരുതലോടെ ഇരിക്കുക. ആത്മാവിന്മേൽ ദുഃഖത്തിന്റെയും ബലഹീനതയുടെയും ഭാരമുള്ള വസ്തു ഭരണം നടത്തുമ്പോൾ, അതിൻമീതെ ആധിപത്യം പുലർത്തുന്നതും അതിന്റെ സ്വന്തം ആഗ്രഹത്തിനെതിരെ അതിനെ നയിക്കുന്നതും ശത്രുവാണ്. പ്രകൃതിയുടെമേൽ ആധിപത്യം പുലർത്തുന്ന ശക്തിയാണ് ആത്മാവിൻമേൽ ആധിപത്യം പുലർത്തുന്ന ശത്രുവും. അതുകൊണ്ടാണ് ആത്മാവിന്റെയും ശരീരത്തിന്റെയും മേലുള്ള ശ്രദ്ധയെപ്പറ്റി നമ്മുടെ കർത്താവ് സംസാരിച്ചത്; ശരീരം ഗാഢനിദ്രയിൽ അമർന്ന് പോകാതിരിക്കാനും ആത്മാവ് ഭയത്തിൽനിന്ന് ഉളവാകുന്ന അലസതയിൽ ആണ്ടുപോകാതിരിക്കാനുമാണിത്. *നീതി നിന്നെ ഉണർത്തട്ടെ; ഞാൻ ഉണരുമ്പോൾ,*

www.malankaralibrary.com



*അപ്പോഴും ഞാൻ നിന്നോടുകൂടെയുണ്ട്. നിരാശനാകേണ്ട* എന്നു തുടങ്ങി തിരുലിഖിതം പറയുന്നതുപോലെ. ഇതുകൊണ്ടാണ്, ഞങ്ങൾക്ക് ഏല്പിക്കപ്പെട്ട ശുശ്രൂഷയിൽ *ഞങ്ങൾ നഷ്ടധൈര്യരാകാത്തത്.*[59]

**18.** *രണ്ടുപേർ ഒരു വീട്ടിൽ ഒരേ കട്ടിലിൽ ആയിരിക്കും* എന്നും അവൻ പറഞ്ഞു (ലൂക്കാ 17:34). *പത്തുപേർ ഇവിടെ ഉണ്ടെങ്കിൽ* എന്ന് തിരുലിഖിതം പറയുന്നതുപോലെ (ഉല്പ 18:32), ജറുസലേമിൻെറ ഈ നാശത്തിൽ അവരുടെമേൽ നിപതിച്ച ദയനിമിത്തം. *അവൻെറ കുതിരകൾ കഴുകനേക്കാൾ വേഗത ഉള്ളവയാണ്* എന്ന് തിരുലിഖിതം പറയുന്നതനുസരിച്ച് (ജറ 4:13), തങ്ങളുടെ ഇരയായ നഗരത്തിനെതിരെ വരാനിരിക്കുന്ന ശത്രുക്കളെയാണ് കഴുകന്മാർ എന്ന് അവൻ പറയുന്നത് (മത്താ 24:28). എങ്കിലും *രണ്ട്* എന്ന ഈ സംഖ്യയെ ആത്മാവിനെയും ശരീരത്തെയും സൂചിപ്പിക്കുന്നതായി *മറ്റുചിലർ* പറയുന്നു. *നിങ്ങളുടെ അരകൾ കെട്ടപ്പെടട്ടെ* എന്ന് അവൻ പറഞ്ഞതനുസരിച്ച് (ലൂക്കാ 12:35) അവർ തയ്യാറായിരിക്കാനായി, ഭയവും ഭ്രമവും എല്ലാവരുടെമേലും നിപതിക്കുമെന്ന്, ലോകാന്ത്യം സംബന്ധിച്ച് പറയപ്പെട്ടിരിക്കുന്നു. അഥവാ, പാപിക്കോ, നീതിമാനോ തന്നെത്തന്നെ രക്ഷിക്കാൻ കഴിയുകയില്ല എന്ന് അവരെപ്പറ്റി പറയപ്പെട്ടിരിക്കുന്നു. അവൻ ലോകത്തെ *ആട്ടുകല്ല്* എന്നും നീതിമാന്മാരേ വേഗതയുള്ള ചിറകുകളോട് കൂടിയ കഴുകന്മാരെന്നും വിളിച്ചു. *വിശ്വസ്തദാസനും, നല്ലവനും ബുദ്ധിമാനുമായ പണിക്കാരനും ആയ കാര്യവിചാരകൻ ആരാകുന്നു?* എന്നും അവൻ പറഞ്ഞു (മത്താ 24:41). തന്നെ ഭരമേല്പ്പിച്ച കാര്യങ്ങളിൽ, കാര്യസ്ഥൻ വിശ്വസ്തനല്ലെങ്കിൽ *അവനെ കഷണങ്ങളായി വെട്ടിനുറുക്കുമെന്നും, അവനെ നീക്കുമെന്നും അവൻെറ ഓഹരി കപടഭക്തരോടും അവിശ്വസ്തരോടും ഒപ്പം ആക്കുമെന്നും അവിടെ കരച്ചിലും പല്ലുകടിയും അവനുവേണ്ടി നീക്കിവയ്ക്കപ്പെടുമെന്നും* കാര്യവിചാരകനെപ്പറ്റി ഇതിലൂടെയെല്ലാം കർത്താവ് സാക്ഷ്യപ്പെടുത്തി (മത്താ 24:51).

## മത്തായിയുടെ രണ്ട് ഉപമകൾ

**19.** *അഞ്ചുപേർ ബുദ്ധിയുള്ളവരും അഞ്ചുപേർ ബുദ്ധിശൂന്യരും ആയിരുന്നു* എന്ന് കർത്താവു പറഞ്ഞു (മത്താ 25:2). അവർ എല്ലാം കന്യകകൾ ആയിരുന്നതിനാൽ, 'ബുദ്ധിയുള്ളവർ' എന്നു വിശേഷിപ്പിച്ചത്,

59. 1 കോറി 15:34; സങ്കീ 139:18; എഫേ 3:13; 2 കോറി 4:1.

www.malankaralibrary.com



അവരുടെ കന്യാത്വത്തെയല്ല; പിന്നെയോ, അവരുടെ സത്പ്രവൃത്തികളെയത്രേ 'ബുദ്ധി' എന്ന് അവൻ വിളിച്ചത്. നിൻെറ കന്യാത്വം മാലാഖമാരുടെ വിശുദ്ധിക്കു തുല്യമാണെങ്കിൽ, മാലാഖമാരുടെ വിശുദ്ധി അസൂയയിൽനിന്നും മറ്റു തിന്മകളിൽനിന്നും വിമുക്തമാണെന്ന് ശ്രദ്ധിക്കുക. വ്യഭിചാരദോഷത്തിനു നീ വിധേയനല്ലെങ്കിൽ, ക്രോധത്തിനോ, കോപ ത്തിനോ നീ വിധേയനാകരുത്.

**20.** ഉണങ്ങിവരണ്ട നിലത്തുനിന്നെന്നപോലെ, തൻെറ താലന്തുകൾ വർധിപ്പിക്കാത്തവനിൽ നിന്ന് ഫലത്തിൻെറ പ്രതിഫലം എടുക്കപ്പെട്ടു. ഒരു ഫലവും പുറപ്പെടുവിക്കാത്ത നിലത്തിൻെറ കാര്യം പറയുന്നതിന് *അവൻ അത് കുഴിച്ചിട്ടു* എന്ന് പറഞ്ഞുകൊണ്ട് നിലത്തിൻെറ രഹസ്യത്തെ താരതമ്യപ്പെടുത്തി (മത്താ 25:18). *അവൻെറ താലന്ത് അവനിൽ നിന്നെടുത്തു മാറ്റുക* (25:28). അതായത്, വിശ്വാസം. കാരണം, തൻെറ വിശ്വാസത്തിന് അനുസൃതമായ ജീവിതം അവൻ സ്വന്തമാക്കിയില്ല. 'ഞങ്ങളുടെ ശക്തിയിൽ കവിഞ്ഞ രീതിയിൽ അവൻ ഞങ്ങൾക്ക് ജോലി തന്നു' എന്ന് ആരും പറയാതിരിക്കാൻ, അഞ്ച് താലന്തു കിട്ടിയവനെ നമ്മുടെ കർത്താവ് കുറ്റപ്പെടുത്തിയില്ല. ഒന്നു കിട്ടിയവനെ അഞ്ച് കിട്ടിയവൻ ലജ്ജിപ്പിക്കാനായി, ഒന്നുമാത്രം കിട്ടിയവനെ അവൻ കുറ്റപ്പെടുത്തി.

**21.** ശുദ്ധതയിലൂടെ നാം ഉണർവുള്ളവരായിരിക്കുവാൻ, *നിങ്ങളുടെ അരകൾ കെട്ടപ്പെടട്ടെ* (ലൂക്കാ 12:35). ലോകം രാത്രിപോലെ ആയതിനാൽ, *നിങ്ങളുടെ വിളക്കുകൾ കത്തട്ടെ. മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് നിങ്ങളുടെ സ്വർഗസ്ഥനായ പിതാവിനെ മഹത്ത്വപ്പെടുത്തുവാൻ, നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ* എന്ന് അവിടുന്ന് പറഞ്ഞതനുസരിച്ച് (മത്താ 5:16) ലോകത്തിന് നീതിമാന്മാരുടെ പ്രകാശം ആവശ്യമാണ്.

## പാദക്ഷാളനം

**22.** നമ്മുടെ കർത്താവ് തൻെറ താഴ്മയാൽ, തന്നെ ഒറ്റിക്കൊടുത്തവൻെറ പാദങ്ങൾ കഴുകിക്കൊണ്ട്, തൻെറ വിജ്ഞാനപ്രദമായ കരങ്ങളെ വിനീതമാക്കി. തന്നെ ശുദ്ധീകരിച്ചതിന് ഒറ്റുകാരൻ നന്ദിയായി കുരിശിൻെറ ആണികൾ നൽകി (യോഹ 13:1-15). എല്ലാ സൃഷ്ടികളെയും സൃഷ്ടിച്ചവൻ ദുഷ്ടപാദങ്ങൾ കഴുകുന്ന നിലവരെപോലും സ്വയം

www.malankaralibrary.com


വിനീതനാക്കി. എന്നാൽ അവനെ ഫരിസേയർ വെറുക്കുകയും പുരോഹിതന്മാർ പീഡിപ്പിക്കുകയും ചെയ്തു. അവൻ എല്ലാ സൃഷ്ടികളെയും നിർമിച്ചു, അവയുടെ രൂപീകരണത്തിൽ അവൻ തന്നെയായിരുന്നു മധ്യവർത്തി. അതുകൊണ്ട് അവയുടെ രക്ഷയും അവനിൽ നിന്നുവന്നു. അവയുടെ ആദ്യഉത്ഭവത്താൽ അവ അവന് വിധേയമായതിനാൽ അവയുടെ രക്ഷപോലും കൂടുതൽ സമൃദ്ധമായിരുന്നു. അവ ശാപത്തിൻെറ ആധിപത്യത്തിൻ കീഴിൽ കിടന്നുകൊണ്ട് വിനീതമാക്കപ്പെട്ടതിനാൽ, അവയെയെല്ലാം ഉയർത്തി മഹത്ത്വപ്പെടുത്തുവാൻ അവൻ അവയെക്കാൾ പോലും താണിറങ്ങി സ്വയം വിനീതനാക്കി. ആദിയിൽ അവൻ അവയെ വിനീതമാക്കിയതുപോലെ, ഇപ്പോഴും തൻെറ വിജ്ഞാനത്തിൽ ഒരു വൈദ്യനായും സമാധാനസ്ഥാപകനായും അവയുടെ പക്കലേക്ക് വന്നു. അതുകൊണ്ടാണ് ബലപ്രയോഗമല്ലാതെ മറ്റൊന്നും ചെയ്യുവാൻ അഹങ്കാരത്തിനും ധിക്കാരത്തിനും കഴിയാതെ പോയത്. എല്ലാ നന്മയും സ്നേഹത്തിൽ ബന്ധിതവും സ്നേഹത്തിൽ ഉൾക്കൊള്ളുന്നതുമാണ്, അവയുടെ നിക്ഷേപത്തിൻെറ സംരക്ഷകനും സ്നേഹമാണ്.

## 19

## നിങ്ങളിലൊരുവൻ എന്നെ ഒറ്റിക്കൊടുക്കാൻ പോകുന്നു

**1.** *എന്നോടുകൂടി തൻെറ അപ്പം ഭക്ഷിക്കുന്ന നിങ്ങളിലൊരുവനാണ് എന്നെ ഒറ്റിക്കൊടുക്കാൻ പോകുന്നത്. കാരണം, എൻെറ ഒറ്റുകാരൻെറ കരം ഈ മേശയിൽ എന്നോടൊപ്പം നീട്ടിയിരിക്കുന്നതു കാണുക* (യോഹ 13:21). *തന്നെപ്പറ്റി എഴുതപ്പെട്ടതുപോലെ മനുഷ്യപുത്രൻ പോകുന്നു* (ലൂക്കാ 22:21-22). ഈ വാക്കിലൂടെ ഈ നാശപുത്രനെപ്പറ്റി സ്നേഹത്താൽ പ്രേരിതനായി യഥാർത്ഥത്തിൽ അവിടുന്നു കരയുകയായിരുന്നു (മത്താ 26:24). കർത്താവ് കുരിശിൽ കയറാൻ സന്നദ്ധനായിരുന്നെങ്കിൽ, യൂദാസിനെപ്പറ്റിയുള്ള ഈ വചനം നാം എങ്ങനെ മനസ്സിലാക്കണം? മുന്നറിവായോ, അറിവില്ലായ്മയായോ, നുണയായോ? എന്തു കാരണങ്ങളായിരിക്കാം കർത്താവിൻെറ മുമ്പാകെ സ്വീകാര്യനാകുവാൻ ഒറ്റുകാരൻെറ അനുതാപത്തെ തടഞ്ഞത്?

www.malankaralibrary.com



**2.** ഈ കുറ്റപ്പെടുത്തലുകളും നിന്ദനങ്ങളും നിൻേറതാണെങ്കിൽ, സർപ്പത്തിൻെറ ദൃഷ്ടാന്തം എടുക്കുക. എന്നോട് തർക്കിക്കാൻ വരാതിരിക്കുക. എൻെറ യജമാനനുപകരം എന്നെ കുറ്റപ്പെടുത്താതിരിക്കുക. കാരണം, ആദം പാപം ചെയ്യാൻ സന്നദ്ധനായിരുന്നെങ്കിൽ, സർപ്പത്തിൻെറ വായ് പൊടികൊണ്ടു നിറയ്ക്കുകയും നടക്കാനുള്ള കഴിവ് അവന് ഇല്ലാതാക്കിക്കൊണ്ട് അവനെ ചെറുതാക്കുകയും ചെയ്തവനെതിരെ എന്തിന് കുറ്റപ്പെടുത്തലുകൾ കുന്നുകൂട്ടുന്നു (ഉല്പ 3:14). പാപത്തിനു പ്രേരിപ്പിക്കുന്നവനെ കൂടാതെ തന്നെ, പാപംചെയ്യാൻ ആദം സന്നദ്ധനല്ലായിരുന്നെങ്കിൽ, ശിക്ഷ സർപ്പത്തിൻെറ തലയിൽ കെട്ടിവയ്ക്കുക ഉചിതമായിരുന്നു. ആദം പാപം ചെയ്യാൻ സന്നദ്ധനായിരുന്നെങ്കിൽ പോലും, പാപകാരണമായവന് ഒന്നാമത് ശിക്ഷ നൽകുക എന്നത് തികച്ചും ന്യായമായിരുന്നു. എന്നാൽ, പ്രലോഭനത്തിലുള്ള ബലഹീനത നാം ആദത്തിൽ കാണുന്നു. ഇതുനിമിത്തം, സർപ്പം നൽകിയ അവസരം കൂടാതെപോലും, പ്രലോഭനംകൂടാതെ മറ്റു പാപങ്ങൾ കുന്നുകൂട്ടി. തദനുസൃതം, കുരിശിൽ കയറിയവൻ ലക്ഷ്യം ഒന്നും കൂടാതെയാകാം ഒരു പക്ഷേ അപ്രകാരം ചെയ്തത്; എന്നാൽ അത് അസംഭവ്യമാണ്, കാരണം, എബ്രായരുടെ ലിഖിതങ്ങളും മറ്റു കാരണങ്ങളും, ഈ രീതിയിൽ ചിന്തിക്കാൻ നമ്മെ അനുവദിക്കുന്നില്ല. സ്നേഹം, രഹസ്യം വെളിവാക്കി; ഭയത്തിന് അത് വെളിപ്പെടുത്തി; കാരണം, സ്നേഹം കർത്താവിൻെറ വക്ഷസിൽ ചാരിക്കിടക്കാൻ മുതിർന്നപ്പോൾ, ഭയം ചോദ്യത്തിൻെറ അടയാളം ഉന്നയിച്ചു (യോഹ 13:23-26).

**3.** നമ്മുടെ കർത്താവ് തൻെറ ശിഷ്യർക്ക് അപ്പം കൊടുത്തപ്പോൾ, അവിടുന്ന് തൻെറ ശരീരത്തിൻെറ രഹസ്യം അവർക്കു നൽകി എന്ന് തീർച്ചയായും ഉറപ്പുണ്ടെങ്കിൽ, അവിടുന്നു കൊലയാളിക്ക് അപ്പം നൽകിയപ്പോൾ, തൻെറ കൊല്ലപ്പെട്ട ശരീരത്തിൻെറ രഹസ്യമായിട്ടാണ് അവനു നൽകിയത് എന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു. അവൻെറ മരണത്തിൽ യൂദായ്ക്കുള്ള സമ്പൂർണഭാഗഭാഗിത്വം വ്യക്തമാക്കാൻ അവിടുന്ന് അതു മുക്കിക്കൊടുത്തു; കാരണം, തൻെറ ശരീരം തൻെറ രക്തത്തിൽ മുങ്ങാനുള്ളതായിരുന്നു. അഥവാ, *മറ്റൊരു രീതിയിൽ,* അവനുമായി ഉടമ്പടി പങ്കുവയ്ക്കാതിരിക്കാനാണ് അവൻ അതു മുക്കിയത്. അവിടുന്ന് അതു നനച്ച് അവനു നൽകി. ഉടനെ നൽകപ്പെടാൻ പോകുന്ന ഉടമ്പടിക്കുവേണ്ടി തയാറാക്കപ്പെട്ടതായതിനാൽ ആണ് ആദ്യമേ നനച്ചത്.

www.malankaralibrary.com



ജീവദാതാവ് തൻെറ ശാന്തമായ പ്രബോധനത്തിൽ കാണിച്ചതു പോലെ, യൂദാസിൻെറ അത്യാഗ്രഹം കർത്താവിൻെറ പരിപൂർണ അവയവങ്ങളിൽ നിന്ന് അവനെ വിധിച്ച് വേർതിരിച്ചു. യൂദാസ്, അവൻെറ സഭാഗാത്രത്തിലെ ഒരവയവം ആയിരുന്നില്ല; പിന്നെയോ, ശിഷ്യരുടെ പാദത്തിൽ പറ്റിയ പൊടിമാത്രമായിരുന്നു. അതുകൊണ്ടാണ്, നമ്മുടെ കർത്താവ് അവനെ വിധിച്ച് മറ്റുള്ളവരിൽ നിന്നു വേർതിരിച്ചപ്പോൾ, അവിടുന്ന് അവരുടെ പാദങ്ങളിൽ നിന്ന് ചെളി കഴുകിക്കളഞ്ഞത്. കത്തിക്കുന്നതിനുള്ള ചാണകംപോലെ, അവിടുന്ന് വെള്ളംകൊണ്ട് ശിഷ്യരുടെ പാദങ്ങളിൽ നിന്ന് യൂദാസിനെ കഴുകിക്കളഞ്ഞു എന്നു പഠിപ്പിക്കാനായിരുന്നു ഇത്. യൂദാസ് പന്ത്രണ്ടിൽ അവസാനത്തവൻ ആയിരുന്നതിനാൽ, അവൻ ശരീരത്തിലെ പാദങ്ങളായി പരിഗണിക്കപ്പെട്ടിരുന്നു. അതുപോലെ, ജലം വഴിയായി കർത്താവ് യൂദാസിനെ ശ്ലീഹന്മാരിൽ നിന്നു വേർതിരിച്ചു. അവിടുന്ന് അപ്പം വെള്ളത്തിൽ മുക്കി അവനു നൽകി. കാരണം പന്ത്രണ്ടുപേർക്കു നൽകിയ, വീഞ്ഞോടുകൂടിയ അപ്പത്തിന് യൂദാസ് അനർഹനായിരുന്നു. തന്നെ മരണത്തിൽനിന്നു രക്ഷിക്കുന്നവനെ മരണത്തിന് ഏല്പിച്ചുകൊടുക്കാൻ പോകുന്നവൻ അതിലൂടെ അവനെ സ്വീകരിക്കുന്നത് അനുവദനീയമല്ലായിരുന്നു.

## കർത്താവിൻെറ കുർബാന

**4.** തൻെറ ശിഷ്യർക്കായി അവിടുന്ന് തൻെറ ശരീരം *മുറിക്കുകയും* തൻെറ ശ്ലീഹന്മാർക്കായി *നൽകുകയും* ചെയ്ത നിമിഷംമുതൽ, മൂന്നു ദിവസങ്ങൾ കണക്കാക്കപ്പെടുന്നു; ഈ ദിവസങ്ങൾ, ആദത്തെപോലെ, അവനും മരിച്ചവനായി എണ്ണപ്പെടുന്നു. കാരണം, വൃക്ഷഫലത്തിൽനിന്ന് ഭക്ഷിച്ചശേഷവും ആദാം അനേകവർഷങ്ങൾ ജീവിച്ചെങ്കിലും (ഉല്പ 5: 5), കല്പന ലംഘിച്ചതിനാൽ, അവൻ മരിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെട്ടു. ഇപ്രകാരം ദൈവം അവനോടു സംസാരിച്ചു: *ഇതിൽ നിന്നു ഭക്ഷിക്കുന്ന ദിവസം നീ മരിക്കും* (ഉല്പ 2:17). *നിൻെറ അനന്തരഗാമികൾ നാനൂറ് വർഷത്തേക്കായിരിക്കും* എന്നും തിരുലിഖിതം പറഞ്ഞു (15:13). ഈ വാക്കുച്ചരിക്കപ്പെട്ട ദിവസംമുതലാണ് വർഷങ്ങൾ എണ്ണപ്പെട്ടത്. നമ്മുടെ കർത്താവിനും ഇതുപോലെ ആയിരുന്നു. അഥവാ, *മറ്റൊരു രീതിയിൽ:* ആറാം ദിവസം രണ്ടായും സാബത് ഒന്നായും എണ്ണണം. അവിടുന്ന് പിന്നീട് ഭൂമിക്കുള്ളിലേക്ക് പ്രവേശിച്ചതുപോലെ, അവിടുന്ന് അവരുടെ ശരീരങ്ങൾക്കുള്ളിലേക്ക് പ്രവേശിച്ചത്, തൻെറ മരണ

www.malankaralibrary.com



ത്തിൻെറ രഹസ്യത്തിൻെറ പേരിൽ അവിടുന്ന് തൻെറ ശരീരം അവർക്കു ഭക്ഷിക്കാൻ കൊടുത്തതു നിമിത്തമാണ്. ഒരു മത്സരക്കാരൻ എന്ന നിലയിൽ ഫലം ശേഖരിച്ചപ്പോൾ ആദം അതിനെ ആശീർവദിച്ചില്ല; അതുകൊണ്ടാണ് നമ്മുടെ കർത്താവ് അപ്പത്തെ വാഴ്ത്തി, മുറിച്ചത്. തൻെറ അത്യാഗ്രഹത്താൽ ആദം ദൈവത്തെ നിരസിച്ചതിനു പകരം, അപ്പം അവരുടെ ഉള്ളിൽ പ്രവേശിച്ചു. അഥവാ, പാതാളപ്രവേശനം മുതൽ ഉത്ഥാനംവരെ മൂന്നുദിവസം എണ്ണണം: ആറാം ദിവസം, സാബത്, ആഴ്ചയുടെ ഒന്നാം ദിവസം.

**5.** *എൻെറ പിതാവിൻെറ രാജ്യംവരെ ഞാൻ മുന്തിരിയുടെ ഈ ഫലത്തിൽനിന്നു വീണ്ടും കുടിക്കുകയില്ല* എന്നും അവിടുന്ന് അരുൾചെയ്തു (മത്താ 26:29). അവരുടെ പക്കൽനിന്നുള്ള തൻെറ ഉടനെയുള്ള വേർപാട് അവിടുന്നു മുൻകൂട്ടി കണ്ടു എന്നു കാണിക്കാനായിരുന്നു ഇത്. *എൻെറ പിതാവിൻെറ രാജ്യം വരെ* എന്ന് അവിടുന്നു പറഞ്ഞു. അതായത്, തൻെറ ഉത്ഥാനംവരെ. നടപടിപ്പുസ്തകത്തിൽ ശെമഓൻ ഇപ്രകാരം വെളിപ്പെടുത്തിയിരിക്കുന്നു. *തൻെറ ഉത്ഥാനാനന്തരം നാല്പതു ദിവസത്തോളം ഞങ്ങൾ അവനോടൊത്തു ഭക്ഷിക്കുകയും കുടിക്കുകയും ചെയ്തു* (10:41). ആഴ്ചയുടെ ഒന്നാം ദിവസം, അവൻ പറഞ്ഞതനുസരിച്ച്, *ദൈവരാജ്യം കാണുന്നതുവരെ അവർ മരണം ആസ്വദിക്കുകയില്ല* (മർക്കോ 9:1). ആറുദിവസങ്ങൾക്കുശേഷം അത് പൂർത്തീകരിക്കപ്പെട്ടു.

**6.** *ഇതാ, സാത്താൻ ഗോതമ്പുപോലെ നിന്നെ കൊഴിക്കാൻ അനുവാദം ചോദിച്ചു; എന്നാൽ നിൻെറ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കാൻ ഞാൻ എൻെറ പിതാവിനോട് നിനക്കുവേണ്ടി പ്രാർത്ഥിച്ചു* എന്നും അവിടുന്ന് അരുൾചെയ്തു (ലൂക്കാ 22:31-32). നീ പ്രലോഭിക്കപ്പെടാതിരിക്കാൻ ഞാൻ പ്രാർത്ഥിച്ചു എന്നല്ല അവിടുന്നു പറഞ്ഞത്; പിന്നെയോ, *നിൻെറ വിശ്വാസം ക്ഷയിച്ചുപോകാതിരിക്കാൻ* എന്നത്രേ.

## അന്ത്യത്താഴ പ്രഭാഷണം

**7.** *അങ്ങയുടെ പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരിക, ഞങ്ങൾക്കതു മതി* എന്നു പറഞ്ഞപ്പോൾ, മുമ്പ് നീതിമാന്മാർ മാലാഖമാരെയും പ്രധാനമാലാഖമാരെയും കണ്ടിരുന്നതുപോലെ, ശാരീരികനേത്രങ്ങൾകൊണ്ട് ശാരീരികമായി പിതാവിനെ കാണിക്കാനാണ് ഫിലിപ്പ് അവി

www.malankaralibrary.com



ടുത്തോടു പറഞ്ഞത് (യോഹ 14:8). ഇതുകൊണ്ടാണ്, അറിവിൻെറ കണ്ണുകൾകൊണ്ട് കാണാൻ കഴിയുന്ന ദിവ്യദർശനത്തെപ്പറ്റി നമ്മുടെ കർത്താവ് മറുപടിയായി അവനോടു പറഞ്ഞത്. അവിടുന്ന് തൻെറ ബാഹ്യഘടനയിൽ തന്നെത്തന്നെ അവർക്ക് വെളിപ്പെടുത്തി. അതുകൊണ്ട്, 'നിങ്ങൾ എന്നെ കണ്ടിട്ടില്ല' എന്ന് അവിടുന്നു പറഞ്ഞില്ല. പിന്നെയോ, തൻെറ മഹത്ത്വം മറഞ്ഞിരുന്നതിനാൽ, *നിങ്ങൾ എന്നെ അറിഞ്ഞില്ല* എന്നത്രേ (യോഹ 14:9). അതായത്, വചനം അദൃശ്യമാകയാൽ, ദൃശ്യമല്ലാത്തതു സംബന്ധിച്ച് നിങ്ങൾ എന്നെ അറിഞ്ഞിരുന്നെങ്കിൽ, അദൃശ്യനായ എൻെറ പിതാവിനെയും നിങ്ങൾ കാണുമായിരുന്നു. *അവൻ അദൃശ്യ ദൈവത്തിൻെറ പ്രതിച്ഛായയാണ്* എന്ന് തൻെറ വാക്കുകളിലൂടെ ശ്ലീഹാ നമ്മുടെ കർത്താവിന് ഇതേപ്പറ്റി സാക്ഷ്യം നൽകുന്നു (കൊളോ 1:15).

**8.** *എന്നിൽ വിശ്വസിക്കുന്നവനും ഞാൻ ചെയ്യുന്ന പ്രവൃത്തികൾ ചെയ്യും; ഇവയേക്കാൾ വലിയവയും ചെയ്യും* (യോഹ 14:12). *ശിഷ്യൻ ഗുരുവിനേക്കാൾ വലിയവനല്ല* എന്ന് അവൻ പറഞ്ഞ വചനം (മത്താ 10:24) എങ്ങനെയാണ് ശരിയാകുക? ഉദാഹരണമായി, മോശ മൂന്ന് രാജാക്കന്മാരെ മാത്രമേ കൊന്നുള്ളു; ജോഷ്വാ ആകട്ടെ മുപ്പതുപേരെ കൊന്നു (ജോഷ്വ 12:1-24). മോശ പ്രാർത്ഥനയിൽ സ്ഥിരതയോടിരുന്ന് അപേക്ഷകൾ സമർപ്പിച്ചു; എങ്കിലും വാഗ്ദത്ത നാട്ടിൽ പ്രവേശിച്ചില്ല. മറിച്ച് ജോഷ്വായാണ് പ്രവേശിച്ചതും അവകാശം പങ്കിട്ടു കൊടുത്തതും. അതുപോലെ, സാമുവേൽ ഏലിയേക്കാൾ വലിയവനായിരുന്നു; നമ്മുടെ രക്ഷകനായ കർത്താവിനെപ്പോലെ ഏലീശാ തൻെറ യജമാനൻെറ ആത്മാവിൻെറ ഇരട്ടി പങ്ക് അവൻെറ ആരോഹണത്തിനുശേഷം സ്വീകരിച്ചു. കാരണം, അവൻെറ ശിഷ്യന്മാർ തങ്ങളുടെ അടയാളങ്ങളിലൂടെ ഇരട്ടിയായി പ്രവർത്തിച്ചു.[60]

**9.** എല്ലാമനുഷ്യരിലും ശത്രുതാപരമായ ഒരു ഘടകമുണ്ട്. എന്നാൽ നമ്മുടെ കർത്താവിനെ സംബന്ധിച്ച് അപ്രകാരമായിരുന്നില്ല. *അവൻെറ യാതൊന്നും എന്നിൽ കണ്ടെത്തപ്പെടുകയില്ല* (യോഹ 14:30). *ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു* (16:33) എന്ന് അവൻ പറഞ്ഞു. എന്നാൽ നമ്മുടെ കർത്താവ് സ്വീകരിച്ച ന്യായവിധിയുടെ ദാനത്തിൽ ശിഷ്യരും

---

60. ആവ 34:4-5; ജോഷ്വാ 14:1-19:51; 2 രാജാ 2:9-12.

www.malankaralibrary.com



അവനോടുകൂടെ പങ്കുപറ്റിയിരുന്നു. ദൈവം മാത്രമല്ല കീഴടക്കുകയും ന്യായംവിധിക്കുകയും ചെയ്യുന്നത്; പിന്നെയോ, ജനങ്ങളും കീഴടക്കുകയും അവരെപ്പോലെ കീഴടക്കാൻ കഴിവുണ്ടായിരുന്നിട്ടും സാധിക്കാതെപോയവരെ അവർ ന്യായം വിധിക്കുകയും ചെയ്തു എന്ന് അവൻ പറഞ്ഞു. *നീതിമാന്മാർ അവരെ ന്യായം വിധിക്കും* (എസക്കി 23:45).

**10.** *വാളില്ലാത്തവൻ പോയി ഒന്നു വാങ്ങട്ടെ* (ലൂക്കാ 22:36). അവരെ എളിമയിൽ പ്രബോധിപ്പിക്കാനാണ് അവൻ അത് പറഞ്ഞത്. ശെമഓനു തന്നെയും രണ്ടു വാളുകളിൽ ഒന്നുണ്ടായിരുന്നു (യോഹ 18:10). തന്റെ തീക്ഷ്ണത കാണിക്കാൻ അവൻ അത് ഉപയോഗിക്കുമ്പോൾ അവനെ പ്രബോധിപ്പിക്കാനായിരുന്നു, *നിന്റെ ചെകിടത്ത് അടിക്കുന്നവന്* എന്നിത്യാദി അവൻ പറഞ്ഞത്. തന്റെ സ്നേഹംകൊണ്ട് ശെമഓൻ അതു മറന്നുപോയിരുന്നു. *മറ്റൊരു രീതിയിൽ:* ഈ വസ്തുക്കൾ നമ്മുടെ കൈക്കുള്ളിൽ ഒതുങ്ങാതിരിക്കുകയും നമുക്ക് അവ എത്തിപ്പിടിക്കാൻ കഴിയാതിരിക്കുകയും ചെയ്യുമ്പോൾ മാത്രമല്ല, പിന്നെയോ, അവ നമുക്ക് എത്തിപ്പിടിക്കാൻ കഴിയുമ്പോഴും നാം ഉപേക്ഷിക്കേണ്ടതാണ് എന്നു ശെമഓനെ കാണിക്കാനാണ് നമ്മുടെ കർത്താവ് അതു പറഞ്ഞത്. ഉദാ: നിന്റെ കൈയിൽ ഉള്ള വാൾ നീ എടുത്തു പ്രയോഗിക്കരുത്. യുദ്ധത്തിന് പ്രേരിപ്പിച്ചുകൊണ്ടല്ല, കുറ്റപ്പെടുത്തികൊണ്ടാണ് അവൻ അതു പറഞ്ഞത് എന്ന് നല്ലതുപോലെ വ്യക്തമാക്കാനായി *രണ്ടുമതി* എന്ന് അവിടുന്നു കൂട്ടിച്ചേർത്തു (ലൂക്കാ 22:38). കലഹത്തിനുവേണ്ടിയാണ് അവിടുന്ന് ഇത് പറഞ്ഞതെങ്കിൽ എല്ലാവരും വാളെടുക്കേണ്ടതായിരുന്നു. എന്നാൽ, അവർ യഹൂദരായതുകൊണ്ടും, അവരിൽ രണ്ടുപേരെ പോലെ (ലൂക്കാ 9:54) വാളിനും രക്തത്തിനും ദാഹിക്കുന്നവർ ആയതുകൊണ്ടുമാണ് അവൻ അതു പറഞ്ഞത്. അവരുടെ മുൻഗാമികളുടെ ക്രോധം ഉണർന്നു വരുന്നതു കണ്ടപ്പോൾ അവരെ ലജ്ജിപ്പിക്കാനും അത് അവരുടെ ഹൃദയങ്ങളിൽ നിന്ന് നീക്കാനും വേണ്ടി, അവരിൽ നിഗുഢമായിരുന്ന ക്രോധം വെളിപ്പെടുത്താനുള്ള അവസരമായി അവിടുന്ന് അതിനെ എടുത്തു.

**11.** യൂദയായിൽ *അവന്റെ ശുശ്രൂഷയുടെ ദിവസങ്ങൾ പൂർത്തിയായപ്പോൾ അവൻ ജറുസലേമിലേക്ക് പോകുവാൻ തീരുമാനിച്ചു. അവൻ തനിക്കു മുമ്പായി, പെട്ടെന്ന് കോപിക്കുന്ന രണ്ടുപേരെ അയച്ചു* (ലൂക്കാ 9:51-52). അതുപോലെ അവൻ യൂദാസ്കറിയോത്തയ്ക്ക് മുന്നറിയിപ്പു

www.malankaralibrary.com



നൽകി അവനോട് പറഞ്ഞു: *ആ മനുഷ്യന് ഹാ കഷ്ടം!* (മത്താ 26: 24). ശെമഓനെപ്പോലെയും പ്രബോധനം സ്വീകരിച്ച രണ്ടുപേരെപ്പോലെയും യൂദാസ് അനുതപിച്ചിരുന്നെങ്കിൽ, അവൻ ശാപത്തിൽ നിന്ന് വിമുക്തനാകുകയും സ്വർഗത്തിൽ തനിക്കുള്ള സ്ഥലവും സിംഹാസനവും അവകാശമാക്കുകയും ചെയ്യുമായിരുന്നു.

**12.** താൻ കൈയ്യാളിക്കപ്പെടാൻ ഇരുന്ന ദിവസവും മണിക്കൂറും അവിടുന്ന് അറിഞ്ഞിരുന്നു എന്ന് വാളുകളുടെ ഈ ചർച്ചയിലൂടെ അവർ ഗ്രഹിക്കട്ടെ; അവൻെറ സ്നേഹിതന്മാർ അവൻെറ എളിമയും അവൻെറ ശത്രുക്കൾ അവൻെറ ശക്തിയും മനസിലാക്കട്ടെ!

**13.** *ഇതാണ് എൻെറ കല്പന* (യോഹ 15:12). അങ്ങേയ്ക്ക് അപ്പോൾ ഒരേയൊരു കല്പനയേ ഉള്ളോ? ഇത് അനന്യവും മഹനീയവും ആണെങ്കിൽപോലും ഇതു മതിയായതാണ്. എങ്കിലും, *കൊല്ലരുത്* എന്നും അവൻ പറഞ്ഞു (മത്താ 19:18). കാരണം, സ്നേഹിക്കുന്നവൻ കൊല്ലുന്നില്ല. *മോഷ്ടിക്കരുത്* എന്നും അവൻ പറഞ്ഞു. കാരണം സ്നേഹിക്കുന്നവൻ കൂടുതൽപോലും ചെയ്യുന്നു. അവൻ കൊടുക്കുന്നു. *കള്ളം പറയരുത്* എന്നും അവൻ പറഞ്ഞു. സ്നേഹിക്കുന്നവൻ കള്ളത്തിനെതിരെ സത്യം പറയുന്നു. *ഞാൻ നിങ്ങൾക്ക് പുതിയൊരു കല്പന നൽകുന്നു* (യോഹ 13:34). *ഇതാണെൻെറ കല്പന* എന്നതിൻെറ അർത്ഥം നിങ്ങൾക്ക് മനസിലായില്ലെങ്കിൽ ശ്ലീഹായെ വ്യാഖ്യാതാവായി വിളിക്കുക. അവൻ പറയും: *അവൻെറ കല്പനകളുടെ ലക്ഷ്യം സ്നേഹമാണ്* (1 തിമോ 1:5). അതിൻെറ ബന്ധിതശക്തി എന്താണ്? അത് കർത്താവ് പറഞ്ഞതാണ് : *മറ്റുള്ളവർ നിങ്ങൾക്ക് എന്തുചെയ്യണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ അത് അവർക്കു ചെയ്യുക* (മത്താ 7:12). *ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ* ഈ അളവനുസരിച്ച് *പരസ്പരം സ്നേഹിക്കുവിൻ* (യോഹ 13:34). അതു സാധ്യമല്ല, കാരണം നിൻെറ ദാസന്മാരെ സ്നേഹിക്കുന്ന നീ ഞങ്ങളുടെ കർത്താവാണ്. എന്നാൽ നീ ഞങ്ങളെ സ്നേഹിച്ചതുപോലെ സമസൃഷ്ടികളായ ഞങ്ങൾക്ക് എങ്ങനെ പരസ്പരം സ്നേഹിക്കാൻ കഴിയും?

എങ്കിലും അവിടുന്ന് ഇതു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അതെങ്ങനെയാണെന്ന് നോക്കാം. *തൻെറ സ്നേഹിതന്മാർക്കുവേണ്ടി തൻെറ ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഉണ്ടാകുവാൻ ആർക്കും സാധിക്കുകയില്ല* (യോഹ 15:13). അവിടുന്ന് നമ്മെ സ്നേഹി

www.malankaralibrary.com



തന്മാരെന്ന് വിളിച്ചു എന്നതാണ് അവിടുത്തെ സ്നേഹം. ഞങ്ങൾ നിന ക്കുവേണ്ടി ഞങ്ങളുടെ ജീവൻ സമർപ്പിച്ചാൽ, ഞങ്ങളുടെ സ്നേഹം നിൻേറതിന് തുല്യമായിരിക്കുമോ? ഞങ്ങൾ നിനക്കുവേണ്ടി മരിച്ചില്ലെ ങ്കിൽപോലും ഞങ്ങൾ മർത്യരാണ്. എന്നാൽ നിൻെറ കാര്യത്തിൽ ആണെങ്കിൽ, നീ സജീവനാണെങ്കിലും ഞങ്ങളുടെ മരണക്കാസാ നീ നുകർന്നു. അപ്പോൾ, *ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ* എങ്ങനെ യാണെന്ന് വിശദീകരിക്കുക? "നമുക്കു മറ്റുള്ളവർക്കുവേണ്ടി മരിക്കാം" എന്ന് അവൻ പറഞ്ഞു. നമ്മെ സംബന്ധിച്ചാണെങ്കിൽ, മറ്റുള്ളവർക്കു വേണ്ടി ജീവിക്കുന്നതുപോലും നമുക്ക് ഇഷ്ടമില്ല. "നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ നിങ്ങൾക്കുവേണ്ടി മരിക്കുന്നു എങ്കിൽ, മറ്റു ള്ളവർക്കുവേണ്ടി നിങ്ങൾ എത്രയധികമായി മരിക്കണം!"

**14.** *നല്ല കാര്യങ്ങൾ സംസാരിക്കുന്നവനെ ഇതാ, നിങ്ങൾക്കു ഞാൻ അയച്ചുതരുന്നു* എന്ന് അവിടുന്നു പറഞ്ഞു (യോഹ 16:7). *നല്ലകാര്യ ങ്ങൾ സംസാരിക്കുന്ന മറ്റൊരുവനെ ഞാൻ അയയ്ക്കുന്നു,* അതായത് ആശ്വസിപ്പിക്കുന്നവനെ, എന്ന് അവൻ പറഞ്ഞപ്പോൾ താനും നല്ലകാ ര്യങ്ങൾ സംസാരിക്കുന്നവനാണെന്ന് അവൻ കാണിച്ചു (14:16). അവൻ ദൈവം ആയിരിക്കുന്നതുപോലെ അവനെ അയച്ചവനും ദൈവമാണ്. അവനെ അയച്ചതിനാൽ അയച്ചവൻ വലിയവനാണെങ്കിൽ, ആത്മാവും അവനേക്കാൾ വലിയവനാണ്. കാരണം, *പരീക്ഷിക്കപ്പെടുവാനായി ആത്മാവ് അവനെ മരുഭൂമിയിലേക്ക് ആനയിച്ചു* (മർക്കോ 1:12). *ഞാൻ പോകുന്നതാണ് നിങ്ങൾക്കു നല്ലത്. കാരണം, ഞാൻ പോകുന്നില്ലെങ്കിൽ നല്ല കാര്യങ്ങൾ സംസാരിക്കുന്നവൻ നിങ്ങളുടെ പക്കലേക്കു വരികയില്ല* (യോഹ 16:7) എന്നും മുഴുവൻ സത്യവും നിങ്ങളെ അറിയിക്കാൻ സാധി ക്കുകയില്ല എന്നും അവിടുത്തേക്ക് എങ്ങനെ പറയാൻ കഴിയും? മുഴുവൻ സത്യവും എപ്പോഴും കാണിച്ചുതരാൻ കഴിയാത്ത നമ്മുടെ കർത്താവ് പോകുന്നത് എന്തുകൊണ്ടാണ് നല്ലതായിരിക്കുന്നത്? കാരണം, നമ്മുടെ കർത്താവ് നല്കാത്തത് നല്കാൻ വരുന്നത് ദാസനാണല്ലോ. നല്ലകാര്യ ങ്ങൾ ആദ്യമായി സംസാരിച്ചയാൾ എന്തുകൊ ണ്ടാണ് എല്ലാ സത്യവും വിശദീകരിക്കാഞ്ഞത്? അവൻെറ വാക്കുകൾ അനുസരിച്ച്, അവ യൊക്കെ രണ്ടാമത്തെയാളാണ് വിശദീകരിച്ചു തരിക. എന്നാൽ അവി ടുന്നാണ് സംപൂർണസത്യം; അവിടുന്ന് കർത്താവെന്ന് വിളിക്കപ്പെടു കയും ചെയ്യുന്നു. തിരുലിഖിതം ഇതിനു സാക്ഷ്യം വഹിക്കുന്നു. *കർത്താ വായ മിശിഹായെ കാണുന്നതിനുമുമ്പ് താൻ മരണം ആസ്വദിക്കുക*

www.malankaralibrary.com



*യില്ലെന്ന് പരിശുദ്ധാത്മാവിൽ നിന്ന് അവന് വെളിപാട് ലഭിച്ചിരുന്നു. അവൻ നമ്മുടെ കർത്താവിനെ സ്വീകരിച്ച് തന്റെ കരങ്ങളിൽ എടുത്തപ്പോൾ അവൻ പറഞ്ഞു: കർത്താവേ, ഇപ്പോൾ തിരുവചനം അനുസരിച്ച് നിന്റെ ദാസനെ സമാധാനത്തിൽ വിട്ടയയ്ക്കണമെ. അവന് വെളിപാട് ലഭിച്ചത് പരിശുദ്ധാത്മാവിൽ നിന്നാണ്.* അവൻ പറഞ്ഞു: *കർത്താവേ, നിന്റെ ദാസനെ വിട്ടയയ്ക്കണമേ.* ഈ ടെക്സ്റ്റ് അനുസരിച്ച്: *കർത്താവായ മിശിഹായെ കാണുന്നതിനുമുമ്പ്.*

**15.** *മനുഷ്യനിലുള്ളത് അവനിലുള്ള ആത്മാവല്ലാതെ മറ്റാരും അറിയുന്നില്ല. അതുപോലെ ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ മറ്റാരും അറിയുന്നില്ല* (1 കോറി 2:11). ഈ താരതമ്യത്തിലൂടെ, അവന്റെ ആത്മാവ് ഒരു സൃഷ്ടവസ്തുവാണെന്ന് പറയുക ആയിരുന്നില്ല അവന്റെ ലക്ഷ്യം; പിന്നെയോ, നമ്മുടെ ആത്മാവ് നമ്മുടെ സ്വഭാവത്തിൽ നിന്ന് അന്യമല്ല എന്ന് നമ്മെ ബോധ്യപ്പെടുത്തുകയായിരുന്നു. *അവനിലുള്ള ആത്മാവല്ലാതെ* എന്നാണ് അവൻ പറഞ്ഞിരിക്കുന്നത്: *അതുപോലെ, ദൈവത്തിലുള്ളത് ദൈവാത്മാവല്ലാതെ മറ്റാരും അറിയുന്നില്ല* എന്നും അവിടുന്നു പറഞ്ഞു; കാരണം, *അവൻ അവന്റെ ആഴങ്ങൾ പരിശോധിക്കുന്നു* (2: 20). അവനെ അറിയാൻ ആത്മാവ് അവനെ പരിശോധിക്കുന്നു എന്ന് ആരെങ്കിലും തടസ്സം പറഞ്ഞാൽ, അന്വേഷിക്കുന്നവനെക്കാൾ സാധാരണയായി താണവനാണ് അന്വേഷണവിധേയൻ എന്നു മറുപടി പറയാവുന്നതാണ്. *നിങ്ങൾ ലോകം എങ്ങുംപോയി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുവിൻ* എന്ന് അവൻ പറഞ്ഞപ്പോൾ (മത്താ 28:19), പിതാവിന്റെ നാമത്തിലും പുത്രന്റെ നാമത്തിലും പരിശുദ്ധാത്മാവിന്റെ നാമത്തിലും എന്ന് പറഞ്ഞില്ല. ഒരേ നാമത്തിൽ അവൻ മൂന്നാളുകളെ സൂചിപ്പിച്ചതിനാൽ, അവർ ഏകസ്വഭാവം മാത്രമാണ് എന്നു കാണിക്കുന്നതിനായിരുന്നു ഇത്. *നിങ്ങൾ ദൈവത്തിന്റെ ആലയമാകുന്നു; ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു* എന്ന് അവൻ പറഞ്ഞു (1 കോറി 3:16). നാം ആലയമാണെങ്കിൽ, നാം എങ്ങനെയാണ് ആത്മാവിന്റെ വാസസ്ഥലമാകുക?

ശ്ലീഹാ പറഞ്ഞത്, ഈ ഭാഗം വ്യക്തമാക്കുന്നു: *നിങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ആലയമാണ് നിങ്ങൾ* (1 കോറി 6:19). കൂടാതെ *നടപടിയിൽ* അവൻ പറയുന്നു: *നമ്മുടെ കർത്താവിന്റെ ആത്മാവിനെ പരീക്ഷിക്കാൻ നിങ്ങൾ മുതിർന്നതിനാൽ* (5:9); *നിങ്ങൾ*

www.malankaralibrary.com


*മനുഷ്യരോടല്ല, ദൈവത്തോടാണു നുണ പറഞ്ഞത്* (5:4). അതുകൊണ്ട്, ദൈവത്തിൽ നിന്നാകയാൽ, ആത്മാവ് ദൈവമാണ്. ദൈവം എന്ന നാമം ജനത്തോടുകൂടി വസിക്കുന്നു; കാരണം, ചിലർ ദൈവങ്ങൾ എന്നു വിളിക്കപ്പെടുന്നു. കൂടാതെ, കൃപയിലൂടെ നമുക്ക് പിതാവ് എന്ന നാമവും പുത്രൻ എന്ന നാമവും ഉണ്ട്. അതുകൊണ്ട്, ഫറവോനേക്കാൾ കൂടുതൽ മഹത്വീകരിക്കപ്പെട്ട മോശയെപ്പോലെ, മനുഷ്യവ്യക്തി ദൈവം എന്നു വിളിക്കപ്പെടുന്നു. എന്നാൽ മനുഷ്യവ്യക്തി ഒരിക്കലും സജീവാത്മാവ് എന്നു വിളിക്കപ്പെടുന്നില്ല. ഹവ്വാ ആദത്തിൻെറ സഹോദരിയാണെന്നോ, മകളാണെന്നോ പറഞ്ഞിട്ടില്ല; പിന്നെയോ, അവനിൽ നിന്ന് എടുക്കപ്പെട്ടവൾ എന്നത്രേ. അതുപോലെ പരിശുദ്ധാത്മാവ് അവൻെറ സഹോദരിയാണെന്നോ പുത്രിയാണെന്നോ നാം പറയാൻ പാടില്ല; പിന്നെയോ, അവനിൽ നിന്ന് പുറപ്പെടുന്നെന്നും സത്തയിൽ അവനു സമനാണെന്നുമാണ് പറയേണ്ടത്. പരിശോധകൻ പരിശോധിത വസ്തുവിനേക്കാൾ താണവനാണ് എന്നു നീ പറഞ്ഞാൽ, എഴുതപ്പെട്ടിരിക്കുന്നത് കാണുക: *ഹൃദയങ്ങൾ പരിശോധിക്കുന്നവൻ ആത്മാവിൻെറ വിചാരങ്ങൾ അറിയുന്നു* (റോമാ 8:27). സംഗതി ഇപ്രകാരമാണെങ്കിൽ, ദൈവം ആത്മാവിനേക്കാൾ താഴെയാണോ?

**16.** *ഈ ലോകത്തിൻെറ അധികാരി വിധിക്കപ്പെട്ടിരിക്കയാൽ ന്യായവിധിയെപ്പറ്റിയും* (യോഹ 16:11). അതുകൊണ്ട്, അടുത്തകാലത്തല്ല സാത്താന് തൻെറ നാശത്തിൻെറ ശിക്ഷ ലഭിച്ചത്. അവൻ പണ്ടേതന്നെ വിധിക്കപ്പെട്ടിരിക്കുന്നു.

**17.** *ലോകസ്ഥാപനത്തിനുമുമ്പേ നീ എനിക്കു തന്ന മഹത്ത്വം നിൻെറ സന്നിധിയിൽ എനിക്കു നൽകണമെ* എന്നും കർത്താവ് പറഞ്ഞു (യോഹ 17:5). *അവൻ മഹത്ത്വവും തേജസ്സും ധരിച്ചിരിക്കുന്നു* എന്ന് സങ്കീർത്തകൻ പറയുന്നതുപോലെ, (104:1) പുത്രനിലൂടെ പിതാവ് സൃഷ്ടികളെ രൂപീകരിച്ചപ്പോഴാണിത്. അതിനുശേഷം ഇല്ലായ്മയിൽ നിന്ന് അവിടുന്ന് അവയെ വലിച്ചെടുക്കുകയും, കറതീർന്ന സൃഷ്ടികളായി അവയെ സ്ഥാപിക്കുകയും ചെയ്തു. അവൻ പറഞ്ഞു: *ദൈവമായ കർത്താവേ, നീ വളരെ വലിയവനാകുന്നു. നീ മഹത്ത്വവും തേജസും ധരിച്ചിരിക്കുന്നു; നീ വസ്ത്രംപോലെ പ്രകാശം ധരിച്ചിരിക്കുന്നു; നീ കൂടാരംപോലെ ആകാശത്തെ വിരിച്ചിരിക്കുന്നു* എന്നിത്യാദി (സങ്കീ 104:1-2). *സൃഷ്ടികൾ വ്യർത്ഥതയ്ക്കു വിധേയരായിരുന്നു* എന്ന് ശ്ലീഹാ പറഞ്ഞതനു

www.malankaralibrary.com



സരിച്ച് (റോമാ 8:20), ആദത്തിൻെറ പാപത്തോടുകൂടി സൃഷ്ടികൾ അവൻെറ അവമാനം ധരിച്ചിരുന്നു. *നാഴിക സമാഗതമായി; അത് സമീപ സ്ഥമായി; നിൻെറ പുത്രൻ നിന്നെ മഹത്ത്വപ്പെടുത്താനായി പുത്രനെ നീ മഹത്ത്വപ്പെടുത്തണമെ* (യോഹ 17:1) എന്ന് നമ്മുടെ കർത്താവു തന്നെ പറഞ്ഞതുപോലെ, തൻെറ വരവിൻെറ നിമിഷത്തിൽ, തൻെറ മരണത്തിൻെറ സ്നാനത്തിലൂടെ എല്ലാ മാലിന്യങ്ങളും നീക്കിക്കളയു വാനായി, സ്രഷ്ടാവിൻെറ പുത്രൻ സൗഖ്യദായകനായി ആഗതനായി. എന്തെങ്കിലും കിട്ടാനായി യാചകൻ അപേക്ഷിക്കുന്നതുപോലെയല്ല, പിന്നെയോ സൃഷ്ടിയുടെ ആദ്യക്രമീകരണം പുനഃസ്ഥാപിക്കുകയും പൂർത്തീകരിക്കുകയും ചെയ്യാൻ ആഗ്രഹിച്ചുകൊണ്ട് സൃഷ്ടികൾ മഹത്ത്വം ധരിച്ചിരുന്ന സമയത്ത് താൻ ധരിച്ചിരുന്ന മഹത്ത്വത്തിനു വേണ്ടിയാണ് അവൻ പ്രാർത്ഥിച്ചത്.

താൻ ധരിച്ച മഹത്ത്വത്തിലും തേജസിലും സൃഷ്ടികളുടെ ആദ്യ സത്തകൾ കളങ്കരഹിതമായിരിക്കാനായി, കൃപയിലൂടെ അവിടുന്ന് അവയെ രൂപീകരിച്ചു. അതുപോലെ, അവിടുന്നു ധരിച്ച മഹത്ത്വത്തിൽ കളങ്കരഹിതമായി, ദൈവത്തിൻെറ കാരുണ്യത്താൽ എല്ലാ വസ്തുക്കളു ടെയും നവസൃഷ്ടി ഉണ്ടായിരിക്കും. *എനിക്കു തന്നാലും* എന്ന് അവി ടുന്നു പറഞ്ഞത് പിതാവിനോടുകൂടിയും പിതാവിൻെറ സാന്നിധ്യ ത്തിലും സൃഷ്ടികൾക്കു മുമ്പ് തനിക്കുണ്ടായിരുന്ന മഹത്ത്വത്തെപ്പറ്റി യാണ് മനസിലാക്കേണ്ടത്. ഗ്രീക്കു ടെക്സ്റ്റ് വ്യക്തമായി പറയുന്നു: *ലോകസ്ഥാപനത്തിനു മുമ്പ് നിൻെറ സന്നിധിയിൽ എനിക്കുണ്ടായി രുന്ന മഹത്ത്വംകൊണ്ട് എന്നെ മഹത്ത്വപ്പെടുത്തണമെ. കൂടുതലായി, നിൻെറ പുത്രൻ നിന്നെ മഹത്ത്വപ്പെടുത്തുവാൻ, നിൻെറ പുത്രനെ നീ മഹത്ത്വപ്പെടുത്തണമെ* എന്നു പറയുമ്പോൾ, അവിടുന്നൊരാവശ്യം വെളിപ്പെടുത്തുകയല്ല, ഒരാഗ്രഹം പറയുകയാണ്. തനിക്കാവശ്യം ഉണ്ട് എന്ന നിലയിൽ പിതാവ് പുത്രനിൽ നിന്ന് മഹത്ത്വം സ്വീകരിക്കുന്നില്ല; തനിക്ക് മഹത്ത്വം കുറവുണ്ട് എന്ന തരത്തിൽ പുത്രൻ പിതാവിനാൽ മഹത്ത്വീകരിക്കപ്പെടുന്നില്ല.

www.malankaralibrary.com



20

## യേശുവിൻെറ ഗത്സമേനിലെ പ്രാർത്ഥന

**1.** *എൻെറ ആത്മാവ് ദുഃഖാർത്തമായിരിക്കുന്നു* (മത്താ 26:8) എന്നു പറയുന്നതിൽ അവിടുന്നു ലജ്ജിച്ചില്ല; കാരണം, അവിടുന്ന് ആത്മാർത്ഥത ഉള്ളവൻ ആയിരുന്നു; വഞ്ചനാത്മകമായ ആവരണം ധരിച്ച് അവിടുന്ന് ഒന്നും മറച്ചുവച്ചില്ല. താൻ ഒരു ബലഹീനശരീരം ധരിച്ചെന്നും സഹനവിധേയമായ ഒരാത്മാവുമായി താൻ ഐക്യപ്പെട്ടിരിക്കുന്നു എന്നും കാണിക്കാനായിരുന്നു ഇത്. സത്യം വളച്ചൊടിക്കാൻ ആർക്കും കഴിയാതിരിക്കാൻ, അവിടുന്നു സത്യം പറഞ്ഞു; അസത്യവാൻ അല്ലാതിരിക്കാൻ അവിടുന്ന് ഒന്നും മറച്ചുവച്ചില്ല. തങ്ങളുടെ ജീവിതാവസ്ഥയിൽ അഹങ്കരിക്കരുതെന്ന് അവിടുന്ന് വിശ്വാസികളെ പഠിപ്പിച്ചു; കാരണം, അതു സത്യത്തിൻെറ നിഷേധമായിരിക്കും. *എന്നെ നിഷേധിക്കുന്നവനെ ഞാനും നിഷേധിക്കും* എന്നും അവിടുന്നു പറഞ്ഞു (10:33). വിശ്വാസത്യാഗികൾക്കു ഭീതികരവും ഭയനിർഭരവുമായ ഒരു പ്രസ്താവന ആണിത്. തൻെറ സത്യത്തിൽ നിന്നു തെറ്റു നമ്മെ തട്ടിക്കൊണ്ടുപോകാതിരിക്കാൻ, ഏകജാതനിലൂടെ സ്തുതി അർപ്പിക്കാം; തൻെറ നന്മയുടെ പ്രയോജനപ്രദമായ സമ്പത്ത് അഹങ്കാരം ഇല്ലാതാക്കുന്നതിന് ഇടയാകാതിരിക്കാൻ മറ്റാരെയും നമുക്ക് അംഗീകരിക്കാതിരിക്കാം.

**2.** *കഴിയുമെങ്കിൽ ഈ കാസാ എന്നിൽനിന്നു കടന്നുപോകട്ടെ* (26:39). താൻ മൂന്നാംനാൾ ഉത്ഥാനംചെയ്യാൻ പോകുന്നു എന്ന് അവിടുന്ന് അറിയാഞ്ഞിട്ടല്ല; പിന്നെയോ, തൻെറ ശിഷ്യരുടെ ഇടർച്ചയും, ശെമഓൻെറ തള്ളിപ്പറയലും, യൂദാസിൻെറ ആത്മഹത്യയും, ജറുസലേമിൻെറ തകർച്ചയും ഇസ്രായേലിൻെറ ചിതറിക്കലും അവിടുന്നു മുൻകൂട്ടി അറിഞ്ഞതിനാലത്രേ. *കഴിയുമെങ്കിൽ ഈ കാസാ എന്നിൽ നിന്നു കടന്നുപോകട്ടെ* എന്ന് അവിടുന്നു പറഞ്ഞു. ശെമഓൻ അവനെ വശത്തേക്കു വിളിച്ചപ്പോൾ, *സാത്താനേ, എൻെറ പിന്നിൽ പോകുക, നീ ദൈവികമായിട്ടല്ല, മാനുഷികമായിട്ടത്രേ സംസാരിക്കുന്നത്* എന്ന് അവനോട് പറഞ്ഞവന് മാനുഷികമായി ചിന്തിക്കാൻ, എങ്ങനെ ദൈവികമായത് ഉപേക്ഷിക്കാനാവും? *കഴിയുമെങ്കിൽ ഈ കാസാ എന്നിൽ നിന്നു കടന്നുപോ*

www.malankaralibrary.com



*കട്ടെ* എന്ന് ഇപ്പോൾ പറഞ്ഞ നീ, *കർത്താവേ, നിനക്ക് ഇതു സംഭവിക്കാതിരിക്കട്ടെ* എന്നു പറഞ്ഞ ശെമഓനെ എന്തുകൊണ്ടാണ് ശകാരിച്ചത്? തന്റെ പിതാവിനോട് താൻ എന്താണു പറയുന്നതെന്ന് അവൻ അറിഞ്ഞിരുന്നു; തന്നിൽ നിന്ന് ഈ കാസാ കടന്നു പോകാനാവും എന്ന് അവിടുത്തേക്ക് നല്ല ബോധ്യവും ഉണ്ടായിരുന്നു. എന്നാൽ എല്ലാവരുടെയും കടം തന്റെ കാസായിലൂടെ വീട്ടാനായി എല്ലാവർക്കും വേണ്ടി ഈ കാസാ കുടിക്കാനാണ് അവിടുന്നു വന്നത്. പ്രവാചകന്മാർക്കും രക്തസാക്ഷികൾക്കും തങ്ങളുടെ മരണംകൊണ്ട് ഈ കടം വീട്ടാൻ കഴിഞ്ഞില്ല.

**3.** *പിതാവേ, ഈ കാസാ എന്നിൽ നിന്നു കടന്നുപോകട്ടെ* എന്ന് അവൻ പറഞ്ഞു. തന്റെ പ്രവാചകരിലൂടെ തന്റെ കൊലയെ അവിടുന്ന് വിവരിച്ചിരുന്നു; തന്റെ നീതിമാന്മാരിലൂടെ തന്റെ മരണത്തിന്റെ രഹസ്യം മുൻകൂറായി അവൻ അറിയിച്ചിരുന്നു. തന്റെ മരണസമയം സമാഗതമായപ്പോൾ, കാസാ കുടിക്കാൻ നിശ്ചയമായും അവിടുന്ന് വിസമ്മതിച്ചില്ല. അതു കുടിക്കാൻ അവിടുന്ന് ആഗ്രഹിച്ചിരുന്നില്ലെങ്കിൽ, അതു നിരസിക്കണമെന്ന് താല്പര്യപ്പെട്ടെങ്കിൽ, *ഈ ആലയം തകർക്കുവിൻ, മൂന്നാംദിവസം ഞാനത് പുതുക്കിപ്പണിയും* എന്ന് പറഞ്ഞുകൊണ്ട് (യോഹ 2:19) തന്റെ ശരീരത്തെ ആലയവുമായി അവിടുന്ന് താരതമ്യപ്പെടുത്തുമായിരുന്നില്ല. അതുപോലെ *ഞാൻ കുടിക്കാൻ പോകുന്ന കാസാ കുടിക്കാൻ നിങ്ങൾക്കു കഴിയുമോ* എന്ന് സെബദീപുത്രന്മാരോട് പറയുകയില്ലായിരുന്നു. *എനിക്കു മുങ്ങുവാൻ ഒരു മാമോദീസാ ഉണ്ട്* എന്നും, *മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ, മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു* എന്നും, *യോനാ മത്സ്യത്തിന്റെ വയറ്റിൽ ആയിരുന്നതുപോലെ മനുഷ്യപുത്രനും ഭൂമിക്കുള്ളിൽ ആയിരിക്കും* എന്നും, *അവൻ മരിക്കുകയും വീണ്ടും എഴുന്നേൽക്കുകയും ചെയ്യുക ആവശ്യമായിരുന്നു* എന്നും, *ഞാൻ പീഡ അനുഭവിക്കുന്നതിനുമുമ്പ് ഈ പെസഹാ നിങ്ങളോടൊത്തു ഭക്ഷിക്കാൻ ഞാൻ വളരെയധികം ആഗ്രഹിച്ചു* എന്നും, *തന്നെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യപുത്രൻ പോകുന്നു* എന്നും അവിടുന്നു പറയുകയില്ലായിരുന്നു![61]

---

61. മത്താ 20:22; ലൂക്കാ 12:50; യോഹ 3:14; മത്താ 12:40; 16:21; ലൂക്കാ 22:15; മത്താ 26:24.

www.malankaralibrary.com



അവിടുന്ന് സ്വയം കയ്യാളിച്ച രാത്രിയുടെ സന്ധ്യയിൽ തന്റെ ശരീരവും രക്തവും തന്റെ ശ്ലീഹന്മാർക്കു നൽകുകയും, തന്റെ പീഡാനുഭവത്തിന്റെ അനുസ്മരണയ്ക്കായി ഇപ്രകാരം ചെയ്യാൻ അവരോടു കല്പിക്കുകയും ചെയ്തു. *ശരീരത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ട* എന്നു പറഞ്ഞുകൊണ്ട്, മരണത്തെ ഭയക്കാതിരിക്കാൻ തന്റെ ശ്ലീഹന്മാർക്കു കല്പന നൽകിയവന് എങ്ങനെ മരണത്തെ ഭയപ്പെടാനും *കാസാ തന്നിൽ നിന്ന് കടന്നുപോകാൻ* അപേക്ഷിക്കാനും കഴിഞ്ഞു? അവിടുന്ന് സ്വമേധയാ അനേകം മാസം ഉദരത്തിൽ കഴിഞ്ഞു. ദിവസങ്ങളും മാസങ്ങളും വർഷങ്ങളും ചെലവഴിച്ചുകൊണ്ട് അനേകം വർഷം ലോകത്തിൽ ജീവിച്ചു. ഇനിയും മണിക്കൂറുകൾ മാത്രം ജീവിതം അവശേഷിച്ചിരുന്നപ്പോൾ, കാസാ നിഷേധിക്കുന്നതിലൂടെ, തന്റെ ആഗമനം മുഴുവൻ വ്യർത്ഥാവിലാകത്തക്കവിധം എങ്ങനെ അവിടുത്തേക്ക് ചോദിക്കാനാവും?

അവിടുന്നു ജറുസലേമിൽ ആയിരുന്നപ്പോൾ, തന്റെ സന്ദേശം പ്രഘോഷിക്കുകയും തന്റെ ദാനങ്ങളുടെ സമ്പത്ത് കാണിക്കാൻ ആഗ്രഹിക്കുകയും ചെയ്തു. *നിങ്ങളുടെ ഇടയിൽ ചെയ്ത അടയാളങ്ങൾ സോദോമിൽ നടന്നിരുന്നെങ്കിൽ, അത് ഇപ്പോഴും നിലനില്ക്കുമായിരുന്നു* എന്ന് അവിടുന്നു പറഞ്ഞു (മത്താ 11:23). എന്നാൽ സോദോം നശിപ്പിക്കപ്പെട്ടു; കർത്താവിന്റെ ആഗമനത്തിലൂടെ അതിന് നിലനില്ക്കാൻ കഴിയുമായിരുന്നു. എന്നാൽ അവിടുന്നു തന്റെ ആഗമനസമയം മാറ്റിയില്ല. ഇപ്പോളിതാ, അവിടുന്നു വന്നുകഴിഞ്ഞു. തന്റെ പീഡാനുഭവത്തിൽ നിന്നൊഴുകുന്ന ദാനങ്ങൾ നിരസിക്കാൻ അവിടുത്തേക്ക് എന്തിന് ആവശ്യമായി വന്നു? ലോത്തിന്റെ കാലത്ത് അവ നൽകപ്പെട്ടിരുന്നെങ്കിൽ, അവിടുത്തെ തിരുവചനം അനുസരിച്ച് സോദോമും മറ്റു നഗരങ്ങളും ഇപ്പോഴും മനുഷ്യനിബിഡമായിരിക്കുമായിരുന്നു. എന്നാൽ, യഹൂദജനത്തെപ്രതി, തന്റെ ആഗമനം വഴി അവർ നശിക്കരുത് എന്ന് അവിടുന്ന് തിരുമനസ്സാകുകയും, മറ്റൊരു ജനതതിയിലൂടെ ആഗതനാകുകയും ചെയ്താൽ, രണ്ടാമത്തെ കൂട്ടർ നിശ്ചയമായും നശിക്കുമായിരുന്നു; കാരണം അവരും അവനെ ക്രൂശുമരണത്തിനു കയ്യാളിക്കുമായിരുന്നു. യഹൂദന്മാർ അവിടുത്തെ അടയാളങ്ങളെയും അത്ഭുതങ്ങളെയും വകവച്ചില്ല; അവർ നശിച്ചുപോയത്, അവന്റെ ക്രൂശാരോഹണത്തിലൂടെയല്ലേ? അവർ അവന്റെ അടയാളങ്ങളിൽ വിശ്വസിക്കാത്തതി

www.malankaralibrary.com



നാൽ, തന്റെ മരണത്തിനുമുമ്പ് അവിടുന്ന് അവരുടെ വീഴ്ചയെപ്പറ്റി മുൻകൂട്ടി പറഞ്ഞിരുന്നു.

**4.** *കഴിയുമെങ്കിൽ ഈ കാസാ എന്നെ കടന്നുപോകട്ടെ.* കാപട്യത്താലല്ല, യഥാർത്ഥത്തിൽ താൻ ധരിച്ച താഴ്മയാലാണ് അവനിതു പറഞ്ഞത്. അവിടുന്ന് പ്രാമാണ്യമില്ലാത്തവനായി തീരുകയും താഴ്മ ധരിക്കുകയും ചെയ്തതിനാൽ, ഭയം അനുഭവപ്പെടുകയും കുലുങ്ങാതിരിക്കുകയും ചെയ്യുക എന്നത് തന്റെ താഴ്മയ്ക്ക് അസാധ്യകാര്യമായിരുന്നു. ജഡമെടുക്കുകയും, ബലഹീനത ധരിക്കുകയും, വിശന്നപ്പോൾ ഭക്ഷിക്കുകയും, ജോലി കഴിയുമ്പോൾ ക്ഷീണിക്കുകയും, ക്ഷീണിക്കുമ്പോൾ ഉറങ്ങുകയും ചെയ്തതിനാൽ, തന്റെ മരണസമയം അടുത്തപ്പോൾ ജഡവുമായി ബന്ധപ്പെട്ട ഈ കാര്യങ്ങളെല്ലാം പൂർത്തീകരിക്കപ്പെടേണ്ടിയിരുന്നു. ശ്ലൈഹികവചനമനുസരിച്ച് *മരണം ആധിപത്യം പുലർത്തിയ* (റോമാ 5:14.17) ആദത്തിന്റെ മകൻ എന്ന നിലയിൽ തന്റെ സ്വഭാവം വ്യക്തമാക്കാനായി മരണഭയം യഥാർത്ഥത്തിൽ അവനെ കടന്നാക്രമിച്ചു.

*പരീക്ഷയിൽ ഉൾപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ* എന്ന് അവിടുന്നു തന്റെ ശിഷ്യരോട് അരുൾചെയ്തു. ആത്മാവ് ഒരുക്കമുള്ളതും ഉണർവുള്ളതുമാണ്; എന്നാൽ ജഡമോ ബലഹീനം (മത്താ 26:41). നിന്റെ കാര്യത്തിൽ നീ ഭയപ്പെട്ടപ്പോൾ, ആത്മാവല്ല ഭയന്നത്, പിന്നെയോ, നിന്റെ ശരീരത്തിന്റെ ബലഹീനതയത്രേ. എന്റെ കാര്യത്തിൽ ഞാൻ ധരിച്ചിരിക്കുന്ന അതേ ശരീരത്തിന്റെ സത്യാവസ്ഥ, ഈ മരണഭയത്തിലൂടെ, നിന്നെ ബോധ്യപ്പെടുത്താനാണ് ഞാൻ മരണത്തെ ഭയക്കുന്നത്.

**5.** ഒരു വേലക്കാരിപ്പെണ്ണ് ശെമഓനെ ഭയപ്പെടുത്തി (മത്താ 26:69-72). എന്നാൽ അവൻ റോമാക്കാരെ ഒട്ടും കൂസിയില്ല; തന്നെ തലകീഴായി ക്രുശിച്ചുകൊള്ളാം എന്ന് തന്റെ ക്രൂശാരോഹകരെ ശപഥത്താൽ സമ്മതിപ്പിച്ചു. തനിക്കൊരു സ്വാഭാവികമരണമല്ല ഉണ്ടാകുവാൻ പോകുന്നത് എന്നറിഞ്ഞ ശ്ലീഹാ പറഞ്ഞു: *ഞാൻ എന്റെ അന്ത്യം ആഗ്രഹിക്കുന്നു; എന്റെ വിശ്രമസമയം വളരെ സമീപസ്ഥമായിരിക്കുന്നു* (2 തിമോ 4:6). അങ്ങനെയെങ്കിൽ, മരണത്തെ നിന്ദിക്കാൻ തന്റെ ശ്ലീഹന്മാരെ സഹായിച്ച കർത്താവിന് എങ്ങനെ മരണത്തെ ഭയക്കാനാവും? *ആത്മാവിനെ കൊല്ലാൻ കഴിവില്ലാതെ ശരീരത്തെ കൊല്ലുന്ന*

www.malankaralibrary.com



*വരെ ഭയപ്പെടേണ്ട* (മത്താ 10:28). വിചാരിച്ചതുപോലെ, മണിക്കൂറിനു മുമ്പ് അവിടുന്ന് ഭയപ്പെട്ടു. അവനെ പിടിച്ചപ്പോൾ അവൻ ഭയന്നത് സ്വാഭാവികം മാത്രം; എന്നാൽ പിന്നീടുണ്ടായില്ല. അവിടുന്ന് തന്റെ കൊലയാളികളിൽ ഒരുവന്റെചെവി സുഖപ്പെടുത്തി (ലൂക്കാ 22:51). വാളെടുക്കാൻ അവൻ അവരോട് കല്പിച്ചിരുന്നെങ്കിലും (22:36-38), ഉപയോഗിക്കാനുള്ള അവസരം വന്നപ്പോൾ, *വാൾ തിരികെ അതിന്റെ ഉറയിൽ ഇടുക* എന്ന് പറഞ്ഞു (മത്താ 26:52).

**6.** ഈ കടങ്ങളെല്ലാം വീട്ടിയതും വിജാതീയരുടെ മാനസാന്തരം സാധിച്ചതും പുത്രനിലൂടെയാണ്. എന്നാൽ ലോകത്തിനുവേണ്ടി നീക്കിവച്ചിരുന്ന കൃപ പിടിച്ചുവയ്ക്കാൻ അവിടുന്ന് ആഗ്രഹിച്ചില്ല. അതുപോലെ, *എല്ലാം അവനാൽ സൃഷ്ടിക്കപ്പെട്ടു* (യോഹ 1:3). എന്നാൽ ഇതേപ്പറ്റി മൗനം അവലംബിച്ചുകൊണ്ട്, മോശയുടെ വായിലൂടെ മറ്റൊരു സ്രഷ്ടാവിനെപ്പറ്റി അവൻ സംസാരിച്ചു: അവൻ പറഞ്ഞു: *താൻ ഉണ്ടാക്കിയവയെല്ലാം ദൈവം കണ്ടു; ഇതാ അവ വളരെ നന്നായിരിക്കുന്നു* (ഉല്പ 1:31). സൃഷ്ടികളെല്ലാം തന്റെ പിതാവിനോടു കടപ്പെട്ടിരിക്കാനാണ് അവൻ ഇതു പറഞ്ഞത്. അതുപോലെ, അവ നവീകരിക്കപ്പെട്ട ഈ നാഴികയിലും *നിന്റെ ഇഷ്ടം നിറവേറട്ടെ* എന്നു പറഞ്ഞുകൊണ്ട് (മത്താ 26:42), തന്റെ മരണത്തിലൂടെ അവൻ അവയെ തിരികെ കൊണ്ടുവന്നു. ഏകജാതന്റെ മരണത്താൽ മാനസാന്തരപ്പെടുന്ന എല്ലാവരും പിതാവിനോട് കടപ്പെട്ടിരിക്കാനായിരുന്നു ഇത്. അഥവാ *മറ്റൊരുരീതിയിൽ:* തന്റെ ശരീരം യഥാർത്ഥമാണെന്ന് പാഷണ്ഡികളെയും ശിഷ്യന്മാരെയും തന്റെ ശരീരത്തിന്റെ പീഡകൾ കാണിക്കുമെന്നു പറഞ്ഞുകൊണ്ട് തന്റെ ശാരീരികമരണത്തിന്റെ ഈ നാഴികയിൽ ശരീരത്തിനുള്ളത് അവൻ ശരീരത്തിനു നൽകി. മറ്റെല്ലാവർക്കും ദൃശ്യമായിരുന്നതുപോലെ, അവന്റെ ഈ ശരീരം അവർക്കു കാണപ്പെട്ടില്ലേ? അവൻ വിശപ്പുള്ളവനും ദാഹാർത്തനും ക്ഷീണിതനും ഉറക്കം ആവശ്യമുള്ളവനും ആയിരുന്നതുപോലെ, അവൻ ഭയപ്പെട്ടുപോയി. അഥവാ, വേദനയും കഠിനാധ്വാനവും കൂടാതെയാണ് അവൻ നമ്മുടെ കടം വീട്ടിയത് എന്ന് ലോകത്തിലെ മനുഷ്യർക്ക് പറയാൻ ഇടയാകാതിരിക്കാനാണ് അവൻ ഇതു പറഞ്ഞത്. അഥവാ, തങ്ങളുടെ ജീവനും മരണവും ദൈവത്തിൽ സമർപ്പിക്കാൻ തന്റെ ശിഷ്യരെ പഠിപ്പിക്കുന്നതിനായിരുന്നിത്. ദൈവത്തിന്റെ വിജ്ഞാനപ്രകാരം വിജ്ഞാനിയായിരിക്കുന്നവൻ, തനിക്കുചിതമായത് എന്താണെന്ന് ചോദിച്ചെങ്കിൽ, എല്ലാ

www.malankaralibrary.com


കാര്യങ്ങളും അറിയുന്ന ഏകന് സാധാരണക്കാർ തങ്ങളുടെ മനസിനെ എത്രയധികമായി വിധേയമാക്കണം!

**7.** അഥവാ, തൻെറ പീഡകളിലൂടെ തൻെറ ശിഷ്യന്മാരിൽ സമാശ്വാസം വിതയ്ക്കാൻ അവിടുന്ന് അവരുടെ മനോഭാവം സ്വീകരിക്കുകയും അവർക്ക് മാതൃകയായി തീരുകയും അവരുടെ ഭയം സ്വയം ഏറ്റെടുക്കുകയും ചെയ്തു. മരണം അനുഭവിക്കുന്നതിനുമുമ്പ് മരണത്തെപ്പറ്റി അവർ വീമ്പടിക്കരുതെന്ന് അവൻെറ ആത്മാവിൻെറ സാമ്യം അവരെ കാണിക്കുന്നതിനായിരുന്നിത്. ഭയരഹിതനായ അവിടുന്ന് മരണത്തെ ഭയക്കുകയും അതിൽ നിന്നു വിടുവിക്കപ്പെടാനായി അപേക്ഷിക്കുകയും ചെയ്തു. എന്നാൽ അത് അസാധ്യമാണെന്ന് അവിടുത്തേക്ക് അറിയാമായിരുന്നു. അങ്ങനെയെങ്കിൽ, പ്രലോഭനാവസരം വിടുവിക്കപ്പെടാനായി പ്രലോഭനത്തിനുമുമ്പ് മനുഷ്യർ എത്രയധികമായി പ്രാർത്ഥനാനിരതരായിരിക്കണം! അഥവാ, പ്രലോഭനാവസരം നമ്മുടെ മനസുകൾ പതറിപ്പോകുകയും ചിന്തകൾ ചിതറിപ്പോകുകയും ചെയ്യുന്നു. എന്നാൽ അവനാകട്ടെ, പ്രാർത്ഥനാനിരതനായിരുന്നു. പിശാചിൻെറ ഗൂഢതന്ത്രങ്ങൾക്കും കെണികൾക്കുമെതിരെ നമുക്കു പ്രാർത്ഥന ആവശ്യമാണെന്നു പഠിപ്പിക്കാനായിരുന്നു അത്; അങ്ങനെ, പതറിയ ചിന്തകളെ തീക്ഷ്ണമായ പ്രാർത്ഥനയിലൂടെ ഏകാഗ്രമാക്കാൻ നമുക്കു സാധിക്കും. അഥവാ, മരണത്തെ ഭയക്കുന്നവരെ സമാശ്വസിപ്പിക്കാൻ താനും ഭയപ്പെട്ടിരുന്നു എന്നു കാണിച്ചു. അതിൽ നിലനില്ക്കുന്നില്ലെങ്കിൽ, ഈ ഭയം അവരെ പാപത്തിനു പ്രേരിപ്പിക്കുകയില്ല എന്ന് അവർ അറിയുന്നതിനുവേണ്ടി ആയിരുന്നിത്. *ഇല്ല പിതാവേ, അങ്ങേ തിരുഹിതം നിറവേറട്ടെ* (ലൂക്കാ 22:24). അതായത്, അനേകർക്കു ജീവൻ നൽകാൻ ഞാൻ മരിക്കണം (ഏശ 53:11). അഥവാ, മരണത്തെ പറ്റിക്കാൻ. അഥവാ, അവിടുന്ന് പീഡാനുഭവത്തെ ഭയപ്പെട്ടിരുന്നു; അവനെ വിഴുങ്ങാൻ അതു മരണത്തെ പ്രേരിപ്പിക്കുകയും, വേഗത്തിൽ അവനെ ഛർദിച്ചു കളയുകയും ചെയ്യാതിരിക്കാൻ വേണ്ടിയായിരുന്നു ഇത്.

**8.** മരണത്തിന്മേൽ വിജയം വരിക്കാൻ, നിന്നിൽ നിഗൂഢമായിരുന്ന ഈ സംഗതികളെല്ലാം അതിനെതിരെ തിരിച്ചുവിട്ടു. മരണം നിൻെറ ദൈവത്വം മനസിലാക്കിയില്ല; നിൻെറ ദിവ്യരഹസ്യങ്ങളുമായി ബന്ധപ്പെട്ടുമില്ല. നിൻെറ ദൈവത്വത്തിൻെറ നാമം പ്രഘോഷിക്കപ്പെട്ടിരുന്നെങ്കിലും, നീ നിൻെറ ദൈവികനാമം മാനുഷികനാമം കൊണ്ട് വസ്ത്രം

www.malankaralibrary.com



ധരിച്ചിരുന്നതിനാൽ, അതിനെ വിരികൾ കൊണ്ട് പൊതിഞ്ഞിരുന്നു. ആദ്യത്തെ ആദത്തിൻെറ ദൃശ്യമായ അടയാളം തൻെറ ശരീരത്തിൽ വഹിക്കുന്ന എല്ലാ മനുഷ്യവ്യക്തികളും മരണത്തിന് ആഹാരമായി ത്തീർന്നു. എന്നാൽ രണ്ടാമത്തെ ആദത്തിൻെറ അടയാളം തന്നിൽ വഹിച്ചവരെല്ലാം കർത്താക്കന്മാരും മരണത്തിൻെറ ധ്വംസകരും ആയി ത്തീർന്നു. പഴം രുചിച്ചതിലൂടെ ഒരാൾ തൻെറ ഇച്ഛയെ കയറൂരി വിടു കയും അതിനെ തൻെറ ശരീരത്തിനു വിധേയമാക്കുകയും ചെയ്തു. അവൻ അതിനെ ബലഹീനമാക്കി; അതിനാൽ അതു മരണത്തിന് ആഹാരമായിത്തീർന്നു. മറ്റെയാൾ, തൻെറ ഇച്ഛയുടെ ബലത്താൽ, തൻെറ ശരീരത്തെ ബലവത്താക്കി; അതിനാൽ അത് മരണവക്ത്രത്തെ ചെറുത്തു.

**9.** *എൻെറ ഇഷ്ടമനുസരിച്ചല്ല, തിരുഹിതാനുസൃതം* (ലൂക്കാ 22:42) സ്രഷ്ടാവിൻെറ ഇച്ഛയെ എതിർക്കുകയും തൻെറ ശത്രുവിൻെറ ഇച്ഛയെ പിൻചെല്ലുകയും ചെയ്ത ആദത്തിനെതിരായിട്ടാണ് അവൻ ഈ വാചകം പറഞ്ഞത്. തദ്ഫലമായി, തൻെറ എതിരാളിയുടെ വായി ലേക്ക് അവൻ കയ്യാളിക്കപ്പെട്ടു. എന്നാൽ ജഡത്തിൻെറ സ്രഷ്ടാവിൻെറ തിരുഹിതം അനുവർത്തിക്കപ്പെടാൻ നമ്മുടെ കർത്താവ് ജഡത്തിൻെറ ഇച്ഛയെ എതിർത്തു; കാരണം, സമസ്തസന്തോഷങ്ങളും തൻെറ പിതാവിൻെറ ഇച്ഛയെ ആശ്രയിച്ചിരിക്കുന്നു എന്ന് അവിടുന്ന് അറി ഞ്ഞിരുന്നു. *എൻെറ ഇഷ്ടമല്ല നിൻെറ ഇഷ്ടം നിറവേറട്ടെ.*

*അപ്പോൾ പിതാവിൻെറ ഇച്ഛയല്ലാതെ മറ്റൊരിച്ഛ അവിടു ത്തേയ്ക്കുണ്ടോ ? എൻെറ ഇഷ്ടമല്ല നിൻെറ ഇഷ്ടം നടക്കട്ടെ* എന്ന് അവന് എങ്ങനെ പറയാനാവും? വീണ്ടും, *ഞാൻ എൻെറ ഇഷ്ടം ചെയ്യാ നല്ല, എന്നെ അയച്ചവൻെറ ഇഷ്ടം നിറവേറ്റാനാണ് വന്നിരിക്കുന്നത്; അവൻ എനിക്കു തന്നവരിൽ ഒരുവനെയും ഞാൻ നഷ്ടമാക്കാതിരി ക്കുക എന്നതാണ് അവൻെറ തിരുഹിതം* (യോഹ 6:38-39; 18:9). തനിക്ക് മറ്റൊരിച്ഛ ഉണ്ടെന്ന് ഈ വാക്കുകളിൽ നിന്ന് ധ്വനിച്ചേക്കാം. ഏശായാ പറയുന്നു: *അവനെ എളിമപ്പെടുത്താനും പീഡിപ്പിക്കാനും കർത്താവ് ആഗ്രഹിച്ചു* (53:10); *അവൻ തൻെറ ആത്മാവിനെ മരണത്തിനേല്പ്പി ച്ചതിനാൽ* എന്നും പറഞ്ഞിരിക്കുന്നു (53:12). ഇതായിരുന്നു തൻെറ ഹിതം എന്ന് കാണിക്കുന്നു. ഇത് എപ്രകാരമാണു മനസിലാക്കേണ്ടത്? അവൻ ഇപ്രകാരം രണ്ട് ഇച്ഛകൾ കാണിച്ചിരിക്കുന്നു; ദൈവമായ

www.malankaralibrary.com



കർത്താവിൻേറതും തൻേറതും. എങ്കിലും ചെയ്യാനുണ്ടായിരുന്ന ജോലി ഏകമായിരുന്നു. തന്നെ മറ്റൊരു ശക്തിയും നിർബന്ധിച്ചില്ല എന്ന് തൻെറ ശ്രോതാക്കളെ ബോധ്യപ്പെടുത്താൻ നമ്മുടെ കർത്താവ് ആഗ്രഹിച്ചു; എങ്കിലും വഴിതെറ്റിപ്പോയവർ അവനിൽ മറ്റൊരിച്ഛ ദർശിച്ചു. ലാസറിനെ കുറിച്ചുള്ള തൻെറ വാക്കുകളിൽ നിന്ന് അതേ അനുമാനം എടുക്കാനാവും: *നീ എപ്പോഴും എന്നെ ശ്രവിക്കുന്നതിനാലും, ഇപ്പോഴും ശ്രവിക്കുന്നതിനാലും ഞാൻ നിനക്കു നന്ദി പറയുന്നു. എന്നാൽ നീ എന്നെ അയച്ചു എന്ന് ജനക്കൂട്ടം വിശ്വസിക്കേണ്ടതിന്, അവർ നിമിത്തമാണ് ഞാനിതു ചെയ്യുന്നത്* (യോഹ 11:41-42). ദൈവം അവനെ ശ്രവിച്ചതിനാൽ, താൻ ദൈവത്തിൽ നിന്നാണ് എന്നു കാണിക്കാനായിരുന്നു ഇത്.

**10.** കർത്താവിൻെറ ഇതുപോലുള്ള എല്ലാ വാക്കുകളും വിശദീകരിക്കാൻ ഇതു മതിയായതത്രേ. താൻ പിതാവിൽ നിന്നാണ് എന്നു കാണിക്കാൻ, അവൻ എല്ലാം പിതാവിൽ ആരോപിച്ചു. തൻെറ ഇച്ഛയാൽ എല്ലാം ഉണ്ടാക്കിയെങ്കിലും, പിതാവിൻെറ ബഹുമാനാർത്ഥം, അവൻ ആവശ്യക്കാരനായി കാണപ്പെട്ടു. അവൻ അവനെ വിനീതനാക്കേണ്ട ആവശ്യം ഇല്ലായിരുന്നു; അന്ധകാരശക്തികൾ അവനെ കീഴടക്കി എന്നു പറയുന്നവർ ലജ്ജിതരാകാനായിരുന്നത്. യഥാർത്ഥത്തിൽ, അതേ ശക്തികൾ ഉച്ചത്തിൽ നിലവിളിച്ചു പറഞ്ഞു: *നീ ദൈവപുത്രൻ ആകയാൽ, തങ്ങളെ പാതാളത്തിലേക്ക് അയയ്ക്കരുതെന്ന് അവ അപേക്ഷിച്ചു* (മർക്കോ 3:11). തങ്ങളെ പാതാളത്തിലേക്ക് അയയ്ക്കരുതെന്ന് അവ കേണപേക്ഷിച്ചെങ്കിൽ, അവയ്ക്ക് എങ്ങനെ അവൻെറമേൽ വിജയം വരിക്കാനാവും?

**11.** *അവൻെറ വിയർപ്പ് രക്തക്കണികകൾ ആയിത്തീർന്നു* എന്ന് സുവിശേഷകൻ പറയുന്നു (ലൂക്കാ 22:44). രോഗഗ്രസ്തനായ ആദത്തെ സുഖപ്പെടുത്താനാണ് അവൻ വിയർത്തത്. *നിൻെറ നെറ്റിയിലെ വിയർപ്പുകൊണ്ട് നീ നിൻെറ അപ്പം ഭക്ഷിക്കും* എന്നു ദൈവം പറഞ്ഞു (ഉല്പ 3:19). ആദത്തെ തൻെറ സ്വന്തം തോട്ടത്തിലേക്ക് വീണ്ടും കൊണ്ടുവരുന്നതിന്, അവൻ ഈ തോട്ടത്തിൽ പ്രാർത്ഥനാനിരതനായിരുന്നു.

www.malankaralibrary.com


## യേശുവിനെ അറസ്റ്റു ചെയ്യുന്നു

**12.** ഞാൻ കയ്യാളിക്കപ്പെടാതിരിക്കാനായി, എന്നോടുകൂടി ഉണർന്നിരിക്കാനാണ് ഞാൻ നിങ്ങളെ തെരഞ്ഞെടുത്തത്. എന്നാൽ ഇപ്പോൾ ഞാൻ കയ്യാളിക്കപ്പെടണം. *ഇപ്പോൾ മുതൽ നിങ്ങൾ ഉറങ്ങി ആശ്വസിച്ചുകൊള്ളുവിൻ* (മത്താ 26:45). യൂദാഗോത്രം രാജ്യത്തിന് ആരംഭം കുറിച്ചു; യൂദാശ്ലീഹാ അതിനന്ത്യംകുറിച്ചു. ഒരു ചുംബനംകൊണ്ട് വഞ്ചനാത്മകമായി റോമാക്കാർക്ക് അവനെ കയ്യാളിക്കുന്നതിലൂടെ ഒരു ദിവസം അവർ അവനോട് കണക്കു ചോദിക്കുന്നതിന് അവനോടു പ്രതികാരം ചെയ്യുന്നതിനുള്ള ചുമതലയും അവരെ ഭരമേല്പിച്ചു. തൻെറ അഗാധ ഗർത്തങ്ങൾ തുറക്കാൻ ദുഷ്ടൻ വന്നു; നമ്മുടെ ദൈവം ശാന്തമായി അത് അവനു വിശദീകരിച്ചു. *യൂദാസ്, ചുംബനം കൊണ്ടാണോ നീ മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കുന്നത്?* എന്ന വാക്കുകളിലൂടെ (ലൂക്കാ 22:48), ഞാൻ ഉപകാരിയും കരുണയുടെ ഉറവിടവുമാണെന്ന് അവിടുന്നു കാണിച്ചുകൊടുത്തു. ദൈവപുത്രനെ കയ്യാളിക്കാനുള്ള അധികാരം യൂദാസിനില്ല എന്ന് അവിടുന്ന ഇപ്രകാരം കാണിച്ചു. *എൻെറ സ്നേഹിതാ, കൊള്ളാം, നീ എന്തിനാണു വന്നത്* (മത്താ 26:50). ശത്രുതയെ കർത്താവ് സഖിത്വം എന്നു വിളിക്കുകയും അവൻെറ പക്കലേക്കു തിരിക്കുകയും ചെയ്തു. വഞ്ചകനായ ശിഷ്യൻ ചുംബിക്കാനായി സത്യഗുരുവിനെ സമീപിച്ചു. താൻ അവനിൽ നിശ്വസിച്ച ആത്മാവിനെ കർത്താവ് അവനിൽ നിന്നു പിൻവലിച്ചു. കടിച്ചുകീറുന്ന ചെന്നായ് അജഗണത്തിനിടയിൽ ഉണ്ടാകാതിരിക്കാൻ ആഗ്രഹിച്ചുകൊണ്ട്, അവൻ അതിനെ അവനിൽ നിന്നു നീക്കി. *അവനുണ്ടായിരുന്നത് അവനിൽ നിന്ന് എടുക്കപ്പെട്ടു* എന്ന് അവിടുന്നരുൾചെയ്തു (മത്താ 13:12).

**13.** എന്നാൽ, *നിങ്ങൾ ആരെ അന്വേഷിക്കുന്നു?* എന്ന് നമ്മുടെ കർത്താവ് പിന്നീട് അവരോടാരാഞ്ഞു. തങ്ങളുടെ കൈകളിൽ നിന്ന് വിമുക്തനാകാൻ അവനു കഴിവില്ല എന്ന് അവർ കരുതി. *അവർ പറഞ്ഞു: നസ്രായനേശുവിനെ.* യേശു അവരോടു മറുപടി പറഞ്ഞു: *അതു ഞാനാണ്.* അവരെല്ലാവരും അവരോടൊപ്പം ഉണ്ടായിരുന്ന യൂദാസിനോടുകൂടി പിൻവലിയുകയും നിലംപതിക്കുകയും ചെയ്തു (യോഹ 18:5-6). അവൻ തൻെറ സ്വന്തഇഷ്ടത്താലാണ് അവർക്ക് തന്നെത്തന്നെ കയ്യാളിച്ചതെന്ന് അവർ ഗ്രഹിക്കാനായി, അവർക്കിഷ്ടമില്ലാതിരുന്നെങ്കിലും അവരെല്ലാവരും അവൻെറ മുമ്പിൽ സാഷ്ടാംഗ

www.malankaralibrary.com



പ്രണാമം ചെയ്തു. എന്നാൽ, തങ്ങളെ അടിച്ചുവീഴ്ത്തിയ ശക്തിയെ ഭയപ്പെടാതെ, തങ്ങളെ ശുദ്ധീകരിക്കുന്നവൻെറ നേരേ അവർ തങ്ങളുടെ അശുദ്ധ കരങ്ങൾ നീട്ടുകയും അവനെ പിടിക്കുകയും ചെയ്തു. ശെമഓൻ അവരിൽ ഒരുവൻെറ കാതു വെട്ടിവീഴ്ത്തി; എന്നാൽ ഉപകാരിയായ കർത്താവ് തൻെറ ശാന്തതയിൽ, പാപം നിമിത്തം അത്യഗാധങ്ങളിലേക്ക് വീണുപോയവനെ ഉയർത്തുന്ന രീതിയിൽ അതെടുത്ത് ശരീരത്തിലെ അതിൻെറ ശ്രേഷ്ഠഭാഗത്ത് വച്ചുപിടിപ്പിച്ചു. *വാൾ അതിൻെറ ഉറയിൽ ഇടുക* (മത്താ 26:52). അവൻെറ വാക്ക് അവൻെറ വാളായിരുന്നതിനാൽ, അവനു വാളിൻെറ ആവശ്യം ഉണ്ടായിരുന്നില്ല. വേർപെട്ട ചെവി അതിൻെറ പൂർവസ്ഥാനത്തു പുനഃസ്ഥാപിച്ചതുപോലെ ഒന്നിച്ചിരുന്ന അവയവങ്ങളെ വേർപെടുത്താനും അവനു കഴിയുമായിരുന്നു. തൻെറ ശക്തിയുടെ ആധിക്യം ഒറ്റ ദൃഷ്ടാന്തംകൊണ്ട് കാണിക്കുന്നതിൽ തൃപ്തിവരാഞ്ഞിട്ട്, പിന്തിരിഞ്ഞ് നിലത്തുവീണ സകലരുടെമേലും അവിടുന്ന് അതു പ്രയോഗിച്ചു. കാത് സുഖപ്പെട്ടു കിട്ടിയവന് അവിടുത്തെ കൃപകൊണ്ട് പ്രയോജനം കിട്ടി; മാത്രമല്ല, തന്നെ പിടിക്കാൻ വന്നവർക്കും പ്രയോജനം ഉണ്ടാകാൻ അവൻ അനുവദിച്ചു. തങ്ങൾ പിടിക്കാൻ പോകുന്നത് ആരെയാണ് എന്ന് അവർ അറിയുന്നതിനായിരുന്നു ഇത്. കാതിനെ അതിൻെറ പൂർവസ്ഥാനത്ത് പ്രതിഷ്ഠിച്ച കൃപയാൽ തന്നെയാണ്, താഴെ വീണവരെ എഴുന്നേൽപ്പിച്ചത്.

അവിടുന്നു തൻെറ ശക്തിയുടെ വളരെ ചെറിയൊരംശം മാത്രമേ കാണിച്ചുള്ളു എങ്കിലും, തന്നെ അറസ്റ്റു ചെയ്യാൻ വന്നവരെല്ലാം രണ്ടാമതും പിന്നോക്കം കുത്തി നിലത്തുവീണു[62] *ഈ പ്രവാചകനെ ശ്രവിക്കാത്തവരെല്ലാം നിശ്ചയമായും മരിക്കും* എന്നു മോശ പറഞ്ഞ വചനം ഉറപ്പിക്കപ്പെടുന്നതിനായിരുന്നു (ആവ 18:19-20) പ്രതീകാത്മകമായി വാൾ ഊരാനിടയായത്. എന്നാൽ നമ്മുടെ കർത്താവ് നീതിയുടെ അന്ത്യവും കാരുണ്യത്തിൻെറ ആരംഭവുമാകയാൽ, അവിടുന്ന് വാളിനെ അതിൻെറ ഉറയിൽ അടയ്ക്കുകയും നീതിയെ വീണ്ടും അതിൻെറ സ്ഥാനത്ത് തിരിച്ചു വയ്ക്കുകയും ചെയ്തു. പിന്നീട് കാരുണ്യം കൊണ്ട് അവിടുന്ന് കാതിന് സൗഖ്യം നൽകി. അവിടുന്നതിനെ പൂർവ്വസ്ഥാനത്ത് വച്ചുപിടിപ്പിക്കുകയും, ഫലസമൃദ്ധമായ കാരുണ്യത്തിലൂടെ നീതിയുടെ

62. മാർ അപ്രേം നൽകുന്ന വിശദീകരണങ്ങൾ സുവിശേഷത്തിൽ കാണുന്നില്ല (യോഹ 18:7).

www.malankaralibrary.com



അപൂർണതയുടെ കുറവു നികത്തുകയും ചെയ്തു. എന്നാൽ കാത് സൗഖ്യമായവൻ ഈ സ്നേഹത്തിനുള്ള തൻെറ നന്ദി വെറുപ്പിലൂടെ വെളിപ്പെടുത്തി. പിന്നോക്കം പാഞ്ഞു നിലത്തു വീഴുകയും അവിടുന്ന് എഴുന്നേൽപിക്കുകയും ചെയ്തവർ ഈ സഹായത്തിന് ചങ്ങലകൾ കൊണ്ട് നന്ദി പറഞ്ഞു. *അവർ അവനെ ബന്ധിച്ച് വലിച്ചിഴച്ചുകൊണ്ടു പോയി* എന്നു സുവിശേഷകൻ പറയുന്നു (യോഹ 18:12-13).

## പത്രോസിൻെറ തള്ളിപ്പറയൽ

**14.** ശിഷ്യന്മാരുടെ തലവൻ വളരെ ദുഃഖിതനായി; മുറിവേറ്റവരുടെ വൈദ്യനായി തീരാൻ അവൻ പ്രലോഭിതനായി. ഒരുപക്ഷേ, തെറ്റു ചെയ്തവർ പ്രായശ്ചിത്തം ചെയ്യുന്നതിൽ ലജ്ജിച്ചതിനാൽ എല്ലാ തെറ്റുകളെയും ക്ഷമിക്കുന്നവൻെറ പക്കലേക്ക് അവർ തിരിച്ചുവരാൻ തെറ്റു ചെയ്ത ശെമഓനിലൂടെ കർത്താവ് ഉപദേശിച്ചു. രാത്രിയിലാണ് ശെമഓൻ തള്ളിപ്പറഞ്ഞത്; എന്നാൽ പകലാണ് അവൻ സാക്ഷ്യം വഹിച്ചത്. കല്കരിത്തീയുടെ സമീപത്തുവച്ചാണ് അവൻ തള്ളിപ്പറഞ്ഞത്, കല്കരിത്തീയുടെ സമീപത്തുവച്ചാണ് അവൻ സാക്ഷ്യം വഹിച്ചത്. അവൻ നിഷേധിച്ചതിന് കര സാക്ഷ്യം വഹിച്ചു; അവൻ ഏറ്റുപറഞ്ഞതിന് കരയും കടലും അവയുടെ പ്രകൃതം അനുസരിച്ച് സാക്ഷ്യം നൽകി,[63] അവൻെറ നാവ് വഴിപിഴച്ച് തള്ളിപ്പറഞ്ഞു. അതിനാൽ, തല കീഴായി തന്നെ ക്രൂശിക്കണം എന്ന് അപേക്ഷിക്കുന്നതിനുവരെ അവൻ നുകത്തിനു വിധേയനാകുകയും കുരിശിൽ തൻെറ തോൾ മുറിവേല്പിക്കുകയും ചെയ്തു.

## യേശുവിനെ പീലാത്തോസിന് കൈമാറുന്നു

**15.** *മനുഷ്യപുത്രൻ ഇപ്പോൾ മുതൽ പ്രകാശമേഘങ്ങളിൽ സ്വർഗീയ ദൂതന്മാരോടൊത്ത് വരുന്നത് നിങ്ങൾ കാണും. അപ്പോൾ മഹാപുരോഹിതൻ തൻെറ കൈ തൻെറ വസ്ത്രത്തിൻെറ മേൽഭാഗത്തേക്കുയർത്തി തൻെറ വസ്ത്രം കീറി;*[64] കാരണം, പുതുവീഞ്ഞിനാൽ എന്നവണ്ണം അവൻ പര്യാകുലനായി. എന്നാൽ നാം ഇതു സൂചിപ്പിക്കട്ടെ: തൻെറ

---

63. ലൂക്കാ 22:54-62; യോഹ 21:9.15-17.

64. മത്താ 26:64-65; മർക്കോ 14:62-63.

www.malankaralibrary.com



ഏകജാതനിലൂടെ ദൈവം ചെയ്യാനിരുന്നവയെല്ലാം അവിടുന്ന് മുൻകൂട്ടി കണ്ടു; അവ സൃഷ്ടവസ്തുക്കളിലൂടെ സൂചിതവും നീതിമാന്മാരിൽ മുൻ കൂറായി ചിത്രീകരിക്കപ്പെട്ടവയുമായിരുന്നു. ആറെഗ് മാസത്തിലാണ് മുകുളങ്ങളിൽനിന്ന് പൂക്കൾ മൊട്ടിട്ടു വിടരുന്നത്; അവ ശിരസുകൾക്ക് അലങ്കാരമായി തീരാൻ പാകമാകുന്നു. *ആറേഗ്*[65] മാസത്തിലാണ് മഹാ പുരോഹിതൻ തന്റെ പൗരോഹിത്യവസ്ത്രം വലിച്ചുകീറി അനാവരണം ചെയ്തത്. അതു കടന്നുവന്ന് നമ്മുടെ രക്ഷകനെ മൂടി. യഹൂദരുടെ വാക്കുകളിന്മേൽ നമ്മുടെ കർത്താവ് മൗനം അവലംബിച്ചെങ്കിലും, അവർ അവനെതിരെ ഉച്ചത്തിൽ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. അവർ ചോദ്യം ചെയ്തതുകൊണ്ടാണ് അവിടുന്നു സംസാരിച്ചത്; അവർ തങ്ങളുടെ വസ്ത്രങ്ങൾ കീറുകയും ചെയ്തു. *അവർ അവനെ പിടിച്ച് വാതിൽക്കലേക്ക് ആനയിച്ചു. അവർ അവനെ പീലാത്തോസിനു കൈമാറി; തങ്ങൾ അശുദ്ധരാകാതിരിക്കാനും, ശുദ്ധരായി പെസഹാ ഭക്ഷണം കഴിക്കാൻ സാധിക്കുന്നതിനുംവേണ്ടി അവർ തന്നെയും പ്രെത്തോറീനിൽ പ്രവേശിച്ചില്ല* (മത്താ 27:2). ഓ, ഫരിസേയരേ!, *ഇതാണ് ദൈവകുഞ്ഞാട്, തന്റെ ബലിയിലൂടെ ലോകപാപം നീക്കുന്നവൻ ഇവനാകുന്നു* എന്നു പറഞ്ഞത് നിങ്ങൾ കേട്ടില്ലേ (യോഹ 1:29). നിങ്ങളുടെ രക്ഷയുടെ കുഞ്ഞാട് അറുക്കപ്പെട്ട ദിവസംതന്നെ നമ്മുടെ രക്ഷയുടെ കുഞ്ഞാട് ബലിയർപ്പിക്കപ്പെടുക ആവശ്യമായിരുന്നോ?

## യേശു മരണത്തിനു വിധിക്കപ്പെടുന്നു

**16.** പീഡിപ്പിക്കപ്പെട്ട സത്യത്തെപ്രതി കർത്താവ് സത്യത്തിന്റെ സംരക്ഷകനായിത്തീർന്നു; പീലാത്തോസിന്റെ മുമ്പാകെ നിശബ്ദനുമായിരുന്നു. മറ്റുള്ളവർ ന്യായവാദങ്ങളിലൂടെ വിജയം കൈവരിച്ചപ്പോൾ, നമ്മുടെ കർത്താവ് തന്റെ നിശബ്ദതയിലൂടെ വിജയശ്രീലാളിതനായി; കാരണം, സത്യപ്രബോധനത്തിന്റെ വിജയമായിരുന്നു, ദിവ്യനിശബ്ദതയുടെ പ്രതിഫലം. അവിടുന്നു പഠിപ്പിക്കാനായി സംസാരിച്ചു; എന്നാൽ വിസ്താരസ്ഥലത്ത് നിശബ്ദനായിരുന്നു. നമ്മെ ശ്രേഷ്ഠരാക്കുന്നവയിൽ അവൻ നിശബ്ദനായിരുന്നില്ല; എന്നാൽ തന്നെ പ്രകോപിപ്പിച്ചവർക്കെതിരെ അവൻ ന്യായവാദം നടത്തിയില്ല. തന്റെ ശിരസിലെ കിരീടംപോലെ, തന്റെ പരദൂഷകരുടെ വാക്കുകൾ, രക്ഷയുടെ ഉറവിടമാ

65. മുകളിൽ ഫുട്ട്നോട്ട് 11 കാണുക.

www.malankaralibrary.com



യിരുന്നു. കൂടുതൽ ഉച്ചത്തിൽ ബഹളംവയ്ക്കാൻ തൻെറ നിശബ്ദത അവരെ പ്രേരിപ്പിക്കാനും ഈ ബഹളങ്ങൾ വഴി തൻെറ കിരീടം കൂടുതൽ മനോഹരമാകുവാനുമായി അവൻ നിശബ്ദത പാലിച്ചു. അവിടുന്നു സംസാരിച്ചിരുന്നെങ്കിൽ, തൻെറ കിരീടത്തിൽ മെടയാൻ അവർ കൊരുത്ത ഈ ഗൂഢതന്ത്രങ്ങളെ അവിടുത്തെ സത്യവചനം നിശബ്ദമാക്കുമായിരുന്നു. അവിടുന്നു സത്യം സംസാരിച്ചതിനാൽ, അവർ അവനെ വിധിച്ചു; അവൻെറ വിധി തന്നെ അവൻെറ വിജയം ആയിരുന്നതിനാൽ, അവൻ വിധിക്കപ്പെട്ടില്ല. അവരെ ബോധ്യപ്പെടുത്താൻ അവന് താല്പര്യമില്ലായിരുന്നു; അവൻ മരിക്കണമായിരുന്നു; മറുപടി തൻെറ മരണത്തിനെതിരെയുള്ള പരിച ആകുമായിരുന്നു. അവിടുന്ന് സംസാരിച്ചിരുന്നെങ്കിൽ, അവിടുന്ന് സത്യം സംസാരിക്കുമായിരുന്നു; അസത്യത്തിന് അതിനെ എതിർത്തുനില്ക്കാൻ കഴിയുമായിരുന്നില്ല. *അവനെ ഞങ്ങളിൽ നിന്നു നീക്കിക്കളയുക; അവനെ ഞങ്ങളിൽ നിന്നു നീക്കിക്കളയുക* (യോഹ 19:15) എന്ന് അവർ പീലാത്തോസിനോട് ആർത്തു പറഞ്ഞുകൊണ്ടിരുന്നു. രണ്ടാം പ്രാവശ്യവും മൂന്നാംപ്രാവശ്യവും മറുപടി പറഞ്ഞുകൊണ്ട് പീലാത്തോസ്, അവൻെറ രാജ്യത്തിൻെറ പ്രവാചകനായി തീർന്നു: നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കണമോ? അവരുടെ വാതിലുകളിൽ തളിച്ചിരുന്ന രക്തത്തിൻെറ പ്രതീകം, മരണകാരണമായ നാശദൂതനെ അവരിൽ നിന്നു പിന്തിരിപ്പിച്ചിരുന്നു (പുറ 12:22-27). എന്നാൽ ഈ സത്യകുഞ്ഞാടിനെതിരെ അവർ ദൈവദൂഷണം പറഞ്ഞു; അവർ അവനെ തിരസ്കരിക്കുകയും കൊലപാതകിയായ ബറാബാസിനെ അവശ്യപ്പെടുകയും ചെയ്തു (മത്താ 27: 15-26).

**17.** *അവർ അവനെ ചുവപ്പുവസ്ത്രം ധരിപ്പിച്ചതിനാൽ* (മർക്കോ 15:17), അവൻ ഇസ്രായേൽ രാജ്യം നീക്കിക്കളഞ്ഞു. കൂടാതെ, അവർ അവൻെറ വസ്ത്രം ഉരിഞ്ഞപ്പോൾ, താൻ മരണത്തെ അവരുടെകൂടെ വിട്ടിട്ട് പോകുന്നു എന്ന് അവൻ കാണിച്ചു.[66] ഇതും ശ്രദ്ധിക്കുക: പട്ടുവസ്ത്രം നിമിത്തം അവനെ കൊല്ലാൻ അവർ ആഗ്രഹിച്ചിരുന്നതിനാലാണ് അവർ അവനെ ചുവപ്പു വസ്ത്രം ധരിപ്പിച്ചത്. *അവൻ സ്വയം രാജാവാക്കുന്നതു കാണുക* (ലൂക്കാ 23:2) *സീസറിനു കപ്പം കൊടുക്കുന്നത് അവൻ*

66. ലൂക്കാ 24:12; യോഹ 20:5-7.

www.malankaralibrary.com



തടയുന്നു (ലൂക്കാ 23:2) എന്ന് പറഞ്ഞുകൊണ്ട് നികുതി കൊടുക്കുന്നതു സംബന്ധിച്ച് അവർ അവനേപ്പറ്റി അപവാദം പറഞ്ഞിരുന്നതുപോലെയാണിത്. അവർ അവനെ കൊല്ലാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരുന്നപ്പോൾ, കയ്യാഫാസിനെപ്പോലെ അവർ പ്രവചിക്കുകയായിരുന്നു(യോഹ 11:49-52). അവനെ അവമാനിക്കാൻ അവർ ഉപയോഗിച്ച മുൾക്കിരീടം അവർക്കെതിരെ തിരിഞ്ഞു. അവരുടെ നിന്ദനം നന്മയ്ക്കായി പരിണമിച്ചു. കാരണം, ആദ്യത്തെ ആദത്തിന്റെ ശപിക്കപ്പെട്ട കിരീടം നീക്കുന്നതിലൂടെ കർത്താവ് ശത്രുവിനെ വിധിച്ചു. *ഭൂമി നിനക്കു മുള്ളുകളും മുൾച്ചെടികളും മുളപ്പിക്കും* (ഉല്പ 3:18). അവരുടെ ഉള്ളിലേക്ക് പരിശുദ്ധാത്മാവിനെ ഊതിക്കയറ്റിയവന്റെ *മുഖത്ത് അവർ തുപ്പി* (മർക്കോ 15:19). *അവർ അവന്റെ കൈയിൽ ഒരു ഞാങ്ങണ കൊടുത്തു* (മത്താ 27:29); കാരണം, വാർധക്യത്തിലെത്തിയ ലോകം ചാരിനിന്ന വടിപോലെ ആയിരുന്നു അവൻ. ന്യായാധിപന്മാരുടെ വിധിവാചകങ്ങൾ ഉറപ്പിക്കപ്പെട്ടതും അംഗീകരിക്കപ്പെട്ടതും അതുകൊണ്ടായിരുന്നു. അതുപോലെ, അവിടുന്ന് എഴുതിയതും, തന്റെ ഭവനത്തിൽനിന്ന് ദുഷ്ടരെ ആട്ടി ഓടിച്ചതും അതുപയോഗിച്ചായിരുന്നു (യോഹ 8:1-11).

## യൂദാസിന്റെ നിരാശയും മരണവും

**18.** *കർത്താവ് വിധിക്കപ്പെട്ടു എന്ന് കണ്ട് യൂദാസ് ദുഃഖിച്ചു. അവൻ മുപ്പതു വെള്ളിനാണയം തിരികെകൊടുക്കാൻ പുരോഹിതന്മാരുടെ പക്കലേക്കു പോയി അവരോടു പറഞ്ഞു: നിഷ്കളങ്കരക്തത്തെ ഒറ്റിക്കൊടുത്തതിനാൽ ഞാൻ പാപം ചെയ്തു. അവർ അവനോടു പറഞ്ഞു: അതിനു ഞങ്ങൾക്ക് എന്ത്? നിന്റെ കാര്യം നീ നോക്കിക്കൊള്ളൂ. അവൻ നാണയം ആലയത്തിലേഫെറിഞ്ഞിട്ട്, കെട്ടിഞാന്നു ചത്തു* (മത്താ 27:3-5). താൻ ചെയ്ത തെറ്റിന്റെ അറിയിപ്പുകാരനാകാൻ കർത്താവ് ഇത് അനുവദിച്ചു. ജനക്കൂട്ടത്തിന്റെ നിന്ദനത്തിൽ നിന്ന് തന്നെത്തന്നെ സ്വതന്ത്രനാക്കാനും നാണക്കേട് ഒഴിവാക്കാനും ഇതാണ് വഴി എന്ന് അവൻ കരുതി. ഇവിടെ താഴെനിന്നുള്ള അവന്റെ വേർപാടിൽ, ഒന്നും അനുധാവനം ചെയ്യാതിരിക്കാൻ എന്നവണ്ണം, അവൻ തന്റെ ബന്ധങ്ങൾ വിച്ഛേദിച്ചു; *അവൻ തന്റെ കഴുത്തിൽ കയർ ചുറ്റി ചത്തു* (മത്താ 27:5). അവന്റെ ശിക്ഷയെ കരുണാപൂർവം ആരും പരിഗണിക്കാതിരിക്കാൻ, അവനെ കൊല്ലാൻ സമാധാനമുള്ളവനോ സത്യവാനോ ഇല്ലായിരുന്നു;

www.malankaralibrary.com



മറിച്ച് അവൻ കെട്ടി ഞാന്നു ചത്തു. ഇതുപോലെ, പാപിയുടെ ദുഷ്ടത അന്ത്യദിനത്തിൽ തകർക്കപ്പെടുമെന്നും നശിക്കുമെന്നും അവൻ കാട്ടി.

മനുഷ്യരൂപം ധരിച്ച സാത്താൻ അവനെ ഒറ്റിക്കൊടുത്തു. അവനെ വിധിക്കാനും ഒറ്റിക്കൊടുക്കാനും അവനു കഴിവുണ്ടായതിനാലല്ല, പിന്നെയോ, അവനെ ഒറ്റിക്കൊടുക്കാൻ ആഗ്രഹിച്ചതിനാലത്രേ. അപ്പോൾ, മനുഷ്യരുപത്തിൽ എഴുന്നെള്ളിവന്നവൻെറ രക്തം ചിന്തിയതിനുള്ള വില സാത്താനല്ലാതെ ആരാണ് കൊടുത്തുവീട്ടേണ്ടത്? ദുഷ്ടതയെ നിഗ്രഹിച്ചത് കർത്താവല്ല; അതിൻെറ പ്രവൃത്തികളാൽ അത് സ്വയം നിഗ്രഹിച്ചു. അതുകൊണ്ട് മരിക്കാത്തവനെ സാത്താൻ തൻെറ മനുഷ്യ രൂപത്തിൽ കൊല്ലുകയും, ദൈവത്തിൻെറ പ്രതികാരത്തിന് അർഹനായി തീരുകയും ചെയ്തു. ഇപ്രകാരം ദൈവമെന്ന് വിളിക്കപ്പെട്ടവൻ ദൈവ ത്തിൻെറ ക്രോധത്താൽ കൊല്ലപ്പെടുകയും ഉന്മൂലനം ചെയ്യപ്പെടുകയും ചെയ്തു. തൻെറ ശത്രുവിനെതിരെ എയ്യുന്ന അമ്പ് എയ്യുന്നവൻെറ പക്ക ലേക്ക് തിരിച്ചുവന്ന് അവൻെറമേൽ തറയ്ക്കുന്നെങ്കിൽ, അവൻ ആ കുന്തം ഒടിക്കുകയും വില്ല് കത്തിച്ചുകളയുകയും ചെയ്യും. അതുപോലെ, പുത്രൻെറ മരണം ലോകത്തിന് വിജയമാണെന്നും, തൻെറ കുരിശ് സൃഷ്ടവസ്തുക്കളെ സ്വതന്ത്രമാക്കിയെന്നും കണ്ട സാത്താൻ തൻെറ തെരഞ്ഞെടുക്കപ്പെട്ട പാത്രമായ യൂദായിൽ പ്രവേശിച്ചു. *അവൻ തൻെറ കഴുത്തിനുചുറ്റും കയറിട്ട് ആത്മഹത്യചെയ്തു. അവൻെറ കുടൽ പുറത്തു ചാടി* എന്ന് തിരുലിഖിതം പറയുന്നു (നട 1:18). തൻെറ കഴുത്തിൽ കയറി ട്ടപ്പോൾ അവൻ ആശ്രയിച്ചത് ആരെയാണെന്ന് ഇപ്രകാരം സൂചിപ്പി ക്കുന്നു. കയർ പൊട്ടി *അവൻ താഴെ വീഴുകയും വയർ പിളരുകയും ചെയ്തു* (1:18). *മറ്റുചിലർ* പറയുന്നത്, “അവൻ കതകടച്ച് അകത്തു നിന്ന് കുറ്റിയിട്ടു. അവൻ ചീഞ്ഞഴുകി, അവൻെറ കുടലെല്ലാം പുറത്തു ചാടി, അയാളെ നോക്കാനായി ആരുംതന്നെ കതകു തുറന്നില്ല” എന്നത്രേ.

**19.** *ഈ പണം ഭണ്ഡാരത്തിലേക്ക് സ്വീകരിക്കുന്നത് അനുവദനീയമല്ല* എന്ന് അവർ പറഞ്ഞു (മത്താ 27:6). അവർ തിരുലിഖിതത്തെ ഭയപ്പെട്ടി രുന്നു; (സഖ 11:12-14) അതിൻെറ പൂർത്തീകരണത്തെ തടയാൻ അവർ ആഗ്രഹിച്ചു. എന്നാൽ, അത് ആലയത്തിൽ വീണ നാഴികമുതൽ അത് വിശുദ്ധീകരിക്കപ്പെട്ടു. *“അവർ അതുകൊണ്ട് ഒരു പറമ്പു വാങ്ങി”* (മത്താ 27:6). ഒരു സന്തോഷകരമായ സംഗതി, ഒരു വലിയ രഹസ്യം. കാരണം,

www.malankaralibrary.com



ദൈവത്തിനുവേണ്ടിയായിരുന്നു അവർ ഇപ്രകാരം പ്രവർത്തിച്ചത്. ഭണ്ഡാരവകയായിരുന്ന ഈ പണം അവർ കൊടുത്തെങ്കിൽ, അതെടുക്കപ്പെട്ട ഭണ്ഡാരത്തിൽ തിരികെ ഇടുന്നത് എന്തുകൊണ്ട് അനുവദനീയമല്ല? എന്തുകൊണ്ടാണ് അതിന് അനുവാദമില്ലാതിരുന്നത്? അവിടെ നിന്നല്ല കൊടുത്തതെങ്കിൽ, അവരതു പറയുമായിരുന്നു. മറ്റു വെള്ളി നാണയങ്ങളേക്കാൾ ഇത് അശുദ്ധമായിരുന്നോ? ഇതു ഗോലിയാത്തിൻെറ വാളിനേക്കാൾ അശുദ്ധമായിരുന്നോ? അതു തുണിയിൽ പൊതിഞ്ഞ് ബലിപീഠത്തിൻെറ പിൻഭാഗത്ത് വശത്തായി വച്ചിരുന്നല്ലോ? (1 സാമു 21:9-10). അതോ, ഈജിപ്തുകാരുടെ സ്വർണത്തേക്കാൾ അശുദ്ധമായിരുന്നോ? അതോ എല്ലാ രാജ്യങ്ങളിൽ നിന്നും വന്നതും ദാവീദ് വിശുദ്ധീകരിച്ചതുമായ സ്വർണത്തേക്കാൾ അശുദ്ധമായിരുന്നോ? അതോ, ആത്മാവിൽ പാടിക്കൊണ്ട് അവൻ തൻെറ തലയിൽ വച്ച, രത്നാലംകൃത കിരീടത്തേക്കാൾ അശുദ്ധമായിരുന്നോ? അതോ, ഫിലിസ്ത്യർ അർപ്പിച്ചതും എന്നേക്കും നിലനില്ക്കേണ്ടിയിരുന്നതുമായ കാഴ്ചയേക്കാളും അശുദ്ധമായിരുന്നോ? നെബുക്കദ്നേസർ എല്ലാ വിശുദ്ധ പാത്രങ്ങളും എടുത്ത് തൻെറ ദേവന്മാരുടെ അമ്പലത്തിൽ വച്ചില്ലേ? വാഗ്ദാനപേടകം തന്നെ ദാഗോൻെറ അമ്പലത്തിൽ കയറിയില്ലേ?[67] വിശുദ്ധവും വിശുദ്ധീകരിക്കുന്നതുമായതിനെ അശുദ്ധമാക്കുന്നത് എന്താണ്? അവൻ തന്നെത്തന്നെ ദൈവമാക്കിയതിനാലാണ് ഈ പണം കൊണ്ട് അവർ നിലം വാങ്ങിയതെങ്കിൽ, അത് ബലിപീഠത്തിൽ വയ്ക്കാൻ അവർക്ക് അനുവാദം ഉണ്ടായിരുന്നു; എന്നാൽ പ്രവചനം വ്യർത്ഥമാക്കാൻ അവർ ആഗ്രഹിച്ചു.

## സൈറീൻകാരൻ ശെമഗോൻ

**20.** *അവൻ തൻെറ കുരിശും വഹിച്ച് പുറപ്പെട്ടപ്പോൾ സൈറിൻകാരനായ ഒരു മനുഷ്യനെ കാണുകയും അവനെ അവർ തടഞ്ഞു നിർത്തുകയും ചെയ്തു; അതായത്, വിജാതീയരിൽ നിന്നുള്ളവൻ. അവർ കുരിശുമരം അവൻെറ ചുമലിൽ വച്ചു.*[68] എല്ലാ അനുഗ്രഹങ്ങളും കൊണ്ടു വന്നവൻെറ ആഗമനത്തെ യഹൂദന്മാർ തങ്ങളുടെ മത്സരത്തിൽ നിരസിച്ചതിനാൽ, കുരിശുമരം സ്വേച്ഛയാ വിജാതീയർക്ക്

67. ദാനി 1:1-2; 2 ദിന 36:6-7; 2 രാജാ 24:10-13; 1 സാമു 5:1-5.

68. മത്താ 27:32; മർക്കോ 15:21; ലൂക്കാ 23:26; യോഹ 19:17.

www.malankaralibrary.com



നൽകിയത് ന്യായയുക്തമാണ്. തങ്ങളുടെ അസൂയയിൽ അവർ അത് നിരസിച്ചതിനാൽ, അത് വിജാതീയർക്ക് എറിഞ്ഞുകൊടുത്തു. യഹൂദന്മാർ തങ്ങളുടെ അസൂയയിൽ അതുപേക്ഷിച്ചുകളഞ്ഞു; അവരെ കൂടുതൽ അസൂയാലുക്കൾ ആക്കുവാൻ വിജാതീയർ അതു സ്വീകരിച്ചു. കാരണം, തന്നെ സ്വാഗതം ചെയ്ത വിജാതീയരെ കർത്താവ് അംഗീകരിച്ചു. ഇങ്ങനെ വിജാതീയരുടെ സ്വീകരണത്തിലൂടെ അവരുടെ സമകാലീനരുടെ ഇടയിൽ അസൂയ ഉണർത്തി. കുരിശുമരം വഹിച്ചതുവഴി തൻെറ വിജയത്തിൻെറ അടയാളം അവൻ വെളിപ്പെടുത്തി. മറ്റൊരാളുടെ പ്രേരണയല്ല തന്നെ മരണത്തിലേക്ക് നയിക്കുന്നത് എന്ന് അവിടുന്ന് പറഞ്ഞു: *എൻെറ ജീവൻ വയ്ക്കാനും വീണ്ടും അത് എടുക്കാനും എൻെറ ജീവൻെറമേൽ എനിക്കധികാരം ഉണ്ട്* (യോഹ 10:18). തന്നിൽ പാപം ഒന്നും കണ്ടെത്തപ്പെടാത്തവൻ കുരിശിൽ കയറി. തന്നെ നിരസിച്ചവർക്കു വേണ്ടിയാണ് അത് എന്നു കാണിക്കാനല്ലാതെ മറ്റെന്തിനാണ് മറ്റൊരാൾ കുരിശു വഹിച്ചത്?

## പച്ചമരവും ഉണങ്ങിയ മരവും

**21.** *പച്ചമരത്തോട് അവരിങ്ങനെ ചെയ്താൽ* (ലൂക്കാ 23:31) എന്നും കർത്താവ് പറഞ്ഞു. തൻെറ ദൈവത്വത്തെ *പച്ചമരത്തോടും തൻെറ ദാനങ്ങൾ സ്വീകരിച്ചവരെ ഉണങ്ങിയ മരത്തോടും അവിടുന്ന് താരതമ്യപ്പെടുത്തി. എൻെറ ഏതു പ്രവൃത്തികൾ നിമിത്തമാണ് നിങ്ങൾ എന്നെ കല്ലെറിയുന്നത്?* എന്ന തൻെറ വാക്ക് സാക്ഷിക്കുന്നതുപോലെ (യോഹ 10: 32) പച്ചമരം ഫലം പുറപ്പെടുവിക്കുന്നു. എന്നിൽ നിങ്ങൾ യാതൊരു പാപവും കാണുന്നില്ലെങ്കിലും, ഞാൻ ഇപ്രകാരം സഹിക്കുന്നെങ്കിൽ *നിങ്ങളിൽ ആർക്ക് പാപത്തെ പ്രതി എന്നെ കുറ്റപ്പെടുത്താനാകും?* (യോഹ 8:46). എന്നെ നശിപ്പിക്കാൻ നിങ്ങൾ പദ്ധതികൾ ഇണക്കിയതിനാൽ, നിങ്ങൾ എത്ര അധികമായി വേദനിക്കേണ്ടിവരും? അഥവാ, *മറ്റൊരു രീതിയിൽ:* താൻ ചെയ്ത അത്ഭുതങ്ങൾ നിമിത്തം തന്നെപ്പറ്റി പച്ചമരം എന്നും, സുകൃതരഹിതരായ നീതിമാന്മാരെ ഉണങ്ങിയ മരം എന്നും അവിടുന്ന് വിളിച്ചു. ഈ പച്ചമരത്തിൻെറ ഫലം അവർ ഭക്ഷിക്കുകയും അതിൻെറ ഇലകൾക്കു കീഴിൽ സന്തോഷിക്കുകയും ചെയ്തു. പിന്നീട് അവർ തങ്ങളുടെ വിദ്വേഷത്തിൽ അതിനെ പിഴുതെടുത്ത് നശിപ്പിച്ചു. ഒരു മുളപോലും ഇല്ലാത്ത ഉണങ്ങിയ മരത്തോട് അവർ എത്രയധികമായി പ്രവർത്തിക്കും? അതായത്, അത്ഭുതങ്ങൾ ഒന്നും

www.malankaralibrary.com



പ്രവർത്തിക്കാത്ത സാധാരണ നീതിമാന്മാരോട് അവർ എത്ര കൂടുതലായി ചെയ്യുകയില്ല?

## രണ്ടു കള്ളന്മാർ

**22.** *അവർ അവനെ കുരിശിൽ തറച്ചപ്പോൾ, 'ദുഷ്ടന്മാരോടു കൂടി അവൻ എണ്ണപ്പെട്ടു' എന്ന പ്രവചനം പൂർത്തിയാകുവാൻ, രണ്ടു ദുഷ്കർമികളെയും അവനോടുകൂടി കുരിശിൽ തറച്ചു.* അവരിൽ ഒരാൾ - പരിഛേദിതനാണോ അല്ലയോ എന്ന് നമുക്കറിയില്ല - പരിഛേദിതരെപ്പോലെ സംസാരിച്ചുകൊണ്ടിരുന്നു. മറ്റെയാൾ - പരിഛേദിതനോ അല്ലയോ എന്ന് നമുക്ക് അറിയില്ല - പരിഛേദിതനല്ലാത്തവനെപ്പോലെ സംസാരിച്ചുകൊണ്ടിരുന്നു. *നീ മിശിഹായല്ലേ* എന്ന് ഒരുവൻ ചോദിച്ചു. അതായത്, പരിഛേദിതരായ ക്രൂശാരോഹിതരുടെ വാക്കുകൾ അനുസരിച്ച് രാജാവ്. എന്നാൽ മറ്റവനാകട്ടെ "യൂദന്മാരുടെ രാജാവായ മിശിഹാ ഇതാകുന്നു" എന്ന് പരിഛേദനരഹിതർ എഴുതിയതുപോലെ, *നിൻെറ രാജ്യത്തിൽ എന്നെയും ഓർക്കണമേ* എന്നു പറഞ്ഞുകൊണ്ടിരുന്നു. യഹൂദന്മാരുടെ രാജാവാണ്, തങ്ങളുടെയല്ല എന്ന് പരിഛേദനരഹിതർ പ്രഘോഷിച്ചുകൊണ്ടിരുന്നു. എന്നാൽ വിദേശ ജനതകളുടെ രാജാവായ സീസറാണ് തങ്ങളുടെ രാജാവെന്ന് യഹൂദന്മാർ പ്രഖ്യാപിച്ചുകൊണ്ടിരുന്നു. നശിച്ചുകൊണ്ടിരുന്ന രാജ്യം പ്രഘോഷിച്ചുകൊണ്ടിരുന്ന ജനത്തിന് അതിൻെറ ജീർണതയിൽ പങ്കുണ്ടായിരുന്നു; എന്നാൽ കർത്താവിൻെറ വാഗ്ദാനങ്ങൾ അനുസരിച്ച് യഥാർത്ഥ രാജ്യം പ്രഘോഷിക്കുന്നവർ ആനന്ദത്തിൻെറ പറുദീസായിൽ പ്രവേശിക്കും. യഹൂദന്മാർ അംഗീകരിച്ച രാജ്യം അവരുടെ നഗരം തകർത്തു. എന്നാൽ വിജാതീയർ അംഗീകരിച്ച, നമ്മുടെ കർത്താവിൻെറ രാജ്യം അവരുടെ ശരീരത്തിന് ജീവൻ പ്രദാനം ചെയ്യുന്നു.[69]

**23.** *നീ മിശിഹായല്ലേ? നിന്നേ തന്നെയും നിന്നോടുകൂടെ ഞങ്ങളേയും രക്ഷിക്കുക* എന്ന് ഇടത്തുഭാഗത്തെ കള്ളൻ പറഞ്ഞു (ലൂക്കാ 23:39). എന്നാൽ വലത്തുവശത്തുള്ളവനും ക്രൂശിതനിൽ വിശ്വസിച്ചവനും ആയവനെ പുകഴ്ത്താൻവേണ്ടി, മറ്റവൻ ആവശ്യപ്പെട്ടതുപോലെ കർത്താവ് അവനെ ക്രൂശിൽ നിന്ന് താഴേക്ക് ഇറക്കിയില്ല. ഒരത്ഭുതം

69. ലൂക്കാ 23:39-42; മത്താ 27:37

www.malankaralibrary.com



പ്രവർത്തിച്ച് എല്ലാവരേയും ശിഷ്യരാക്കി തീർക്കുക അവന് എളുപ്പമായിരുന്നു. എന്നാൽ സത്യനിഷേധകനെ തന്റെ ആരാധകനാക്കുന്നതിനു പ്രേരിപ്പിച്ചു എന്നതിൽ, അവിടുന്ന് കൂടുതൽ ശക്തിയുള്ള ഒരത്ഭുതം പ്രവർത്തിച്ചു. അതുകൊണ്ടാണ് ശ്ലീഹാ പറഞ്ഞത്, *ദൈവത്തിന്റെ ബലഹീനത മനുഷ്യരേക്കാൾ ബലമുള്ളതാണ്* (1 കോറി 1:25). കുരിശിന്റെ ബലഹീനതയ്ക്ക് അവിടുന്ന് എല്ലാ ജനതകളേയും കീഴ്പ്പെടുത്തി.

ക്രൂശിതനായ കർത്താവ് നിന്റെ പക്കലേക്ക് തന്റെ കൈകൾ നീട്ടുവാനായി, ക്രൂശിലേക്കു നിന്റെ കരങ്ങൾ നീട്ടുക. കാരണം, കുരിശിലേക്ക് തന്റെ കൈകൾ നീട്ടാത്തവന് അവിടുത്തെ മേശയെ സമീപിക്കാൻ കഴിയുകയില്ല. വിശക്കുന്നവരായി തന്റെ പക്കലേക്ക് വരാതെ തൃപ്തരായി വന്ന അതിഥികൾക്ക് അവിടുന്ന് തന്റെ മേശയിൽ പങ്കാളിത്തം നൽകുകയില്ല. വിശക്കുന്നവരായി തന്റെ മേശയിൽ നിന്ന് ഇറങ്ങിപ്പോകുവാൻ ഇടയാകാതിരിക്കുന്നതിന്, പുത്രന്റെ മേശയിലേക്ക് പോകുന്നതിന് മുമ്പ് തൃപ്തരാകാതിരിക്കുവിൻ.

**24.** സാത്താൻ ശിഷ്യരിൽ ഒരുവനെ നീതിയിൽ നിന്ന് അകറ്റിയതിനാൽ, കർത്താവ് അവനെതിരെ ശിഷ്യരിൽ ഒരുവനെ തന്നിലേക്ക് അടുപ്പിച്ചു. തന്റെ പാപങ്ങൾ നിമിത്തം കുരിശിൽ കയറുവാൻ നിർബന്ധിതനായവനെ അവന്റെ വിശ്വാസം നിമിത്തം സ്വേച്ഛയാൽ കർത്താവ് കുരിശിൽ കയറ്റി. കൃപ യൂദാസിനെ തിരഞ്ഞെടുത്തെങ്കിലും സാത്താൻ അവനെ തന്നിഷ്ടത്താൽ പുറന്തള്ളപ്പെട്ടവനും വീണവനും ആക്കിത്തീർക്കുകയും, സിംഹാസനത്തിനു പകരം അവന് ഒരു കയർ ഒരുക്കുകയും ചെയ്തു. അതുപോലെ കർത്താവ് കള്ളന് കുരിശിനു പകരം സന്തോഷങ്ങളുടെ പറുദീസാ സജ്ജമാക്കി. കല്പന ലംഘിച്ചുകൊണ്ട് അറിവിന്റെ വൃക്ഷത്തിലേക്ക് ആദാം നീട്ടിയ കൈകൾ, അവർ നിന്ദിച്ച ദൈവദാനം സ്വീകരിക്കുവാൻ ജീവവൃക്ഷത്തിലേക്ക് നീട്ടുവാൻ അയോഗ്യമായിരുന്നു. അതുകൊണ്ട്, തങ്ങളുടെ കൊലയാളിയെ കൊല്ലുന്നതിനും ശ്രേഷ്ഠജീവിതത്തിൽ എത്തിച്ചേരുന്നതിനും വേണ്ടി നമ്മുടെ കർത്താവ് ഈ കൈകൾ എടുത്ത് കുരിശിനോട് ചേർത്തു. *നീ എന്നോടുകൂടെ സന്തുഷ്ടിയുടെ പറുദീസായിൽ ആയിരിക്കും. - നിന്റെ രാജ്യത്തിൽ എന്നെയും ഓർക്കണമേ* (ലൂക്കാ 23:42-43). നമ്മുടെ കർത്താവിന്റെ അവമാനത്തിനു പകരം അവിടുത്തെ ഔന്നത്യവും, നിന്ദന

www.malankaralibrary.com



ത്തിനു പകരം അവിടുത്തെ മഹത്ത്വവും വിശ്വാസത്തിൻെറ കണ്ണുകൾ കൊണ്ട് കണ്ടതിനാലാണ് *എന്നെയും ഓർക്കണമേ* എന്ന് അവൻ പറഞ്ഞത്. ഇപ്പോഴും അദൃശ്യമായതും അന്ത്യത്തിൽ സംഭവിക്കുന്നതുമായ നിൻെറ രാജ്യത്തെയും നിൻെറ മഹത്ത്വത്തെയും മറക്കാൻ ആണികൾ, കുരിശ് തുടങ്ങി ദൃശ്യമായവ എനിക്കിടയാക്കുകയില്ല.

**25.** മറ്റനേകരേക്കാൾ കള്ളന് കൂടുതൽ വിശ്വാസം ഉണ്ടെന്നും, തൻെറ സഹനങ്ങളെപ്പറ്റി അവൻ ദുഃഖിതനല്ലെന്നും പാപമോചനത്തെപ്പറ്റി പര്യാകുലനായിരുന്നെന്നും നമ്മുടെ കർത്താവ് കണ്ടപ്പോൾ, അനേകരേക്കാൾ അവിടുന്ന് അവനെ ഉയർത്തി. അവനൊരു മോഷ്ടാവായിരുന്നതിനാൽ, തൻെറ സ്വന്തം ദൃഷ്ടിയിൽ അവൻ നിന്ദ്യനും നികൃഷ്ടനും ആയിരുന്നു; തൻെറ വിശ്വാസത്തിന് ഉടനേ ഒരു പ്രതിഫലം അവൻ ആവശ്യപ്പെട്ടില്ല. എന്നാൽ നമ്മുടെ കർത്താവ് വേഗത്തിൽ തൻെറ ദാനങ്ങൾ അവനിലേക്ക് ഒഴുക്കുകയും ഉടൻ തന്നെ അവന് വാഗ്ദാനം നൽകുകയും ചെയ്തു: ലോകാവസാനത്തിലല്ല, *ഇന്ന്*. ഇപ്രകാരം അവിടുന്ന് തൻെറ കാരുണ്യത്തിൻെറ സമ്പത്ത് കാണിച്ചു; കാരണം, ഈ കള്ളൻ കർത്താവിലുള്ള തൻെറ വിശ്വാസം ഏറ്റുപറഞ്ഞ നാഴിക മുതൽ അവിടുന്ന് അവന് പ്രതിഫലം നൽകി. അവിടുന്ന് തൻെറ മഹാദാനങ്ങൾ അവന് സൗജന്യമായി നൽകി; തൻെറ നിക്ഷേപങ്ങൾ അവൻെറമേൽ വിരിച്ചു. അവനെ ഉടൻതന്നെ തൻെറ പറുദീസായിലേക്ക് കുട്ടിക്കൊണ്ടുപോയി. അവിടെ കൊണ്ടുചെന്നശേഷം തൻെറ നിക്ഷേപങ്ങളുടെമേൽ അവനെ സ്ഥാപിച്ചു: *നീ എന്നോടു കൂടെ സന്തുഷ്ടിയുടെ ഈ പറുദീസായിൽ ആയിരിക്കും* (ലൂക്കാ 23:43).

**26.** തദനുസൃതം നീതിമാന്മാരിൽ ഒരാൾ വഴിയല്ല ഒരു കള്ളൻ വഴിയാണ് പറുദീസാ തുറക്കപ്പെട്ടത്. ആദ്യം നീതിമാനും പിന്നീട് പാപിയും ആയിത്തീർന്ന ആദം വഴിയാണ് അത് അടയ്ക്കപ്പെട്ടത്. വിജയിയായി തീർന്ന ഒരു പാപിയാണ് അതു വീണ്ടും തുറന്നത്. യഹൂദന്മാർ ഒരു കള്ളനെ തെരഞ്ഞെടുക്കുകയും, കർത്താവിനെ നിരസിക്കുകയും ചെയ്തു; എന്നാൽ അവിടുന്ന് കള്ളനെ തെരഞ്ഞെടുക്കുകയും, അവരെ തിരസ്കരിക്കുകയും ചെയ്തു. *എൻെറ ശരീരം ഭക്ഷിക്കാത്തവന് നിത്യജീവൻ ഉണ്ടായിരിക്കുകയില്ല* (യോഹ 6:53) എന്ന് അവിടുന്ന് പറഞ്ഞതിൻെറ അർത്ഥം എന്താണ്? നമുക്ക് ശ്ലീഹായെ ശ്രവിക്കാം: *നാം മിശിഹായിൽ സ്നാനപ്പെട്ടിരിക്കുന്നു; അവൻെറ മരണത്തിലേക്കാണ് നാം*

www.malankaralibrary.com



*സ്നാനപ്പെട്ടിരിക്കുന്നത്* (റോമാ 6:3). കർത്താവിൻെറ പാർശ്വത്തിൽ നിന്ന് ഒഴുകിയ രക്തത്തിൻെറയും വെള്ളത്തിൻെറയും രഹസ്യത്തിലൂടെയാണ് കള്ളന് പാപമോചനത്തിൻെറ തളിക്കൽ ലഭിച്ചത്. *നീ എന്നോടുകൂടെ സന്തുഷ്ടിയുടെ പറുദീസായിൽ ആയിരിക്കും.*

## യേശു കുരിശിൽ

**27.** *അവർ അവന് വിനാഗിരിയും കയ്പും കുടിക്കാൻ കൊടുത്തു* (മത്താ 27:34). അവൻ അവരെ മാധുര്യമേറിയ വീഞ്ഞുകൊണ്ട് സന്തുഷ്ടരാക്കി; എന്നാൽ അവർ അവന് വിനാഗിരി കൊടുത്തു. കയ്പിൻെറ വിലയ്ക്കായി അവിടുന്ന് തൻെറ കാരുണ്യത്താൽ വിജാതീയരുടെ കയ്പിനെ മധുരമുള്ളതാക്കി. അവിഭാജ്യവും കൂടിക്കലരാത്തതുമായ അവിടുത്തെ ദൈവത്വത്തെ സൂചിപ്പിച്ചതിനാൽ, *അവൻെറ അങ്കി കീറിയില്ല. നാലായി കീറിയ അവൻെറ വസ്ത്രം* (യോഹ 19:23) ലോകത്തിൻെറ നാലുഭാഗങ്ങളിലേക്കും പോകാനിരുന്ന അവൻെറ സുവിശേഷത്തിൻെറ പ്രതീകമായിരുന്നു.

തന്നെ ക്രൂശിച്ചവർക്കിടയിൽ നിങ്ങളോടുള്ള സ്നേഹത്താൽ അവൻ തൻെറ വസ്ത്രം പങ്കിട്ടു. അവനോടുള്ള സ്നേഹത്താൽ നിങ്ങൾ അവൻെറ ശരീരം പങ്കിടുവിൻ. അവിടുന്ന് എല്ലാവർക്കുംവേണ്ടി സ്വന്തം ഇഷ്ടത്താൽ നിങ്ങളുടെ മരണം സ്വീകരിച്ച് സ്വാംശീകരിച്ചതുപോലെ, നിങ്ങളെല്ലാവരും ഇതെടുത്ത് അതിൻെറ പൂർണതയിൽ സ്വാംശീകരിക്കുവിൻ. തൻെറ രാജ്യത്തിൻെറ കവാടങ്ങൾ നിങ്ങൾക്കായി തുറന്നവന് നിങ്ങളുടെ ഹൃദയകവാടങ്ങൾ തുറക്കുവിൻ. നമ്മുടെ കർത്താവിൻെറ മാർവിൽ ചാരിക്കിടന്നവനിൽ മറിയം അവിടുത്തെ കണ്ടു. അവനെ ലോകത്തിലേക്ക് കൊണ്ടുവന്നവളുടെ ഉദരത്തിൽ യോഹന്നാൻ നമ്മുടെ കർത്താവിനെ കണ്ടു. അതുകൊണ്ടാണ് മറ്റു ശിഷ്യന്മാരെ എന്നതിനെക്കാൾ അവളെ അവിടുന്ന് അവനു ഭരമേല്പിച്ചത്.[70]

**28.** അവനെ ക്രൂശിച്ചവരുടെ മനസ് ഇരുണ്ടിരുന്നു. എന്തുതരം സൂര്യനാണ് ക്രൂശിൽ തറയ്ക്കപ്പെട്ടതെന്ന് അവർ ഗ്രഹിച്ചില്ല. അതുകൊണ്ട് കണ്ണുകളെ പ്രകാശിപ്പിക്കുന്ന *സൂര്യൻ ഇരുണ്ടുപോയി* (ലൂക്കാ 23:44). അവരുടെ കണ്ണുകൾ ഇരുണ്ടുപോയപ്പോൾ, അവരുടെ മനസ് അൽപ്പം

70. യോഹ 13:23.25; 19:27; 21:20.

www.malankaralibrary.com



പ്രകാശിതമായി: *കഷ്ടം ഞങ്ങൾക്ക് ഹാ, കഷ്ടം, ഇതു ദൈവപുത്രനായിരുന്നു* (മത്താ 27:54). ശാരീരികനയനങ്ങളുടെ അന്ധത രൂക്ഷമായിരുന്നിടത്തോളം കാലം, അനുബന്ധ ചിന്തകളുടെ അന്ധകാരം നീക്കപ്പെട്ടില്ല എന്ന് നിങ്ങൾ കാണുന്നില്ലേ? അന്ധകാരം സ്വാഭാവികമായി അന്ധരുടേതായതിനാലാണ് ഇത്. അവർ കുരിശുമരത്തിൽ തറച്ച സൂര്യന്റെ ഈ അന്ധകാരത്തിന്റെ സ്വഭാവം ഈ അന്ധകാരം അവരെ പഠിപ്പിച്ചു. എന്നാൽ കുഷ്ഠരോഗികളെ സൗഖ്യമാക്കിക്കൊണ്ടും അന്ധരുടെ കണ്ണുകൾ തുറന്നുകൊണ്ടും നീതിസൂര്യൻ ഉയർന്നപ്പോൾ ജറുസലേം അതിന്റെ രാജാവിന്റെ ആഗമനത്തെ നോക്കിപ്പാർത്തുകൊണ്ടിരുന്നു എന്ന്, അതിന്റെ പ്രകാശം അന്ധർക്ക് വെളിപ്പെട്ടില്ല. സ്വാഭാവിക സൂര്യൻ ഇരുണ്ടുപോയതിനാൽ ആണ്, അവരുടെ നഗരത്തിന്റെ പെട്ടെന്നുള്ള നാശം ഈ അന്ധകാരം വെളിപ്പെടുത്തിയത്. *ഇതാ, ജറുസലേമിന്റെ നാശത്തെ സംബന്ധിച്ചുള്ള ന്യായവിധി സമാഗതമായി, ഇതാ, എത്തിക്കഴിഞ്ഞു* (ദാനി 9:2.24-27). ഈ നഗരം പണിതവനെ ഇതു സ്വീകരിച്ചില്ല. ഇനിയും ഇതിന്റെ നാശം മാത്രമേ നിങ്ങൾക്ക് കാണാനുള്ളു.

**29.** എന്നാൽ, ഇപ്പോൾ, യഹൂദനേ, നീ മേലിൽ ഈ കാഴ്ച കാണുകയില്ല. കാരണം, നിങ്ങളുടെ നഗരം നശിപ്പിക്കപ്പെട്ട് തകർക്കപ്പെട്ടത് നിങ്ങൾ കണ്ടുകഴിഞ്ഞു. സഭയെ നട്ടത് ആരാണെന്ന് നിങ്ങളുടെ തകർക്കപ്പെട്ട നഗരത്തിൽനിന്ന് പഠിക്കുക. ജറുസലേം സന്തതികൾ വിജാതീയരുടെ എല്ലാ നാടുകളിലും ചിന്നിച്ചിതറപ്പെട്ടതിനാൽ, സഭയിലേക്ക് വിജാതീയരുടെ എല്ലാ ജനതകളേയും ഒന്നിച്ചു കൂട്ടിച്ചേർത്തത് ആരാണെന്ന് ഗ്രഹിക്കുക. പുത്രന്മാർ നഷ്ടപ്പെട്ട വധുവിന്റെ ഉദരം നിങ്ങളെ ബോധ്യപ്പെടുത്തുന്നില്ലെങ്കിൽ, ഫലസമൃദ്ധമായിത്തീർന്ന വന്ധ്യയുടെ ഉദരം നിങ്ങളെ ബോധ്യപ്പെടുത്തട്ടെ. എന്നാൽ ഒന്നിന്റെ നാശവും തകർച്ചയും നിങ്ങൾ കാണുന്നില്ലെങ്കിൽ മറ്റതിന്റെ അനന്തരഗാമികളെയും പുത്രന്മാരെയും നിങ്ങൾ കാണുകയില്ല. നശിപ്പിക്കപ്പെട്ട് വിധവയായിതീർന്ന ഒരാളെ നിങ്ങൾ കാണുകയാണെങ്കിൽ, വിവാഹിതയായ മറ്റൊരാളെ നിങ്ങൾ കാണുകയില്ലേ? *വിവാഹിതയുടെ മക്കളെക്കാൾ ഉപേക്ഷിക്കപ്പെട്ടവരുടെ മക്കളാണ് കൂടുതൽ* എന്ന ഭാഗം നിങ്ങൾ എങ്ങനെ മനസിലാക്കുന്നു? (ഏശ 54:1).

www.malankaralibrary.com



തിരുലിഖിതത്തിൻെറ മൂല്യം നിങ്ങൾ കാണുന്നില്ലെങ്കിൽ അതു വായിക്കാൻ നിങ്ങളുടെ കണ്ണുകളെ നിങ്ങൾ എന്തിന് ക്ഷീണിപ്പിക്കുന്നു? വവ്വാലിനെപ്പറ്റി അറിയാമല്ലോ; സൂര്യൻെറ പ്രകാശകിരണങ്ങൾ സഹിക്കാനാവാതെ അതു പകൽസമയം ഒളിക്കുന്നു; എന്നാൽ അത് രാത്രിക്ക് അനുരൂപമായതിനാൽ, രാത്രിയിൽ പറക്കാൻ ഇറങ്ങുന്നു. തിരുലിഖിതങ്ങളുടെ നിഗൂഢപ്രകാശം കാണാൻ നിങ്ങൾക്കു കഴിവില്ലെങ്കിൽ അവ വായിക്കുന്ന അധ്വാനം ഉപേക്ഷിക്കുക. രാത്രിയുടെ ഓരോ മണിക്കൂറും വവ്വാലിന് പകൽപോലെയാണ്. പണിക്കാരൻ രൂപപ്പെടുത്തിയതും പ്രവാചകന്മാർ പ്രസ്താവിച്ചിട്ടുള്ളതുമായ കാളക്കുട്ടിയാണ് നിങ്ങളുടെ ദൈവം. ഒന്നുകിൽ നിങ്ങളുടെ പ്രവാചകന്മാർ അറിയിച്ച *ഏകനെ* ആരാധിക്കുക; അല്ലെങ്കിൽ നിങ്ങളുടെ പിതാക്കന്മാർ വാർത്തെടുത്ത ലോഹത്തെ ആരാധിക്കുക (പുറ 32:1-4). *ദൈവത്തെയോ, ദേവന്മാരെയോ, ആരെ നിങ്ങൾ സേവിക്കുന്നു എന്ന് ഇന്ന് തെരഞ്ഞെടുക്കുക* എന്ന് നൂൻെറ മകനായ ജോഷ്വാ വിളംബരം ചെയ്തു (ജോഷ്വ 24:15). എന്നാൽ നിങ്ങളുടെ ഹൃദയങ്ങൾ അവരുടെ ദേവന്മാരെ തെരഞ്ഞെടുത്തു. തിരുലിഖിതത്തിനും പ്രവാചകന്മാർക്കും പകരം വിജാതീയരുടെ വിഭ്രാന്തിയും, വിശുദ്ധഗീതങ്ങൾക്കു പകരം നൃത്തഗീതങ്ങളുമാണ് നിങ്ങൾക്കുള്ളത് (പുറ 32:6.17-19). ഞങ്ങൾ തള്ളിക്കളഞ്ഞത് ഞങ്ങൾ നിങ്ങൾക്ക് തന്നു; നിങ്ങൾ നിന്ദിച്ചത് ഞങ്ങളുടെ പക്കലേക്കു വന്നു. സ്വർഗരാജ്യം നമുക്കെല്ലാവർക്കും വാഗ്ദാനം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽപോലും, നിത്യാഗ്നി നിങ്ങളെയെല്ലാം ഉൾക്കൊള്ളുവാൻ മതിയായതാണ്.

**30.** *എൻെറ ദൈവമേ, എൻെറ ദൈവമേ, നീ എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു?* മരണം കർത്താവിനെ വിധിച്ചു. അവിടുന്ന് കുരിശിൽ കയറുന്നതുവരെ അത് അവനെ നിശബ്ദനായി പിടിച്ചുവച്ചു. എന്നാൽ അവിടുന്ന് കുരിശിൽ കയറിയപ്പോൾ ഉണ്ടായ ഗംഭീരസ്വരത്തിലൂടെ അവിടുന്ന് മരണത്തെ പരാജയപ്പെടുത്തി. മരണം ഒരാളെ കുരിശിൽ ബന്ധിച്ചപ്പോൾ അയാളുടെ ബന്ധനംമൂലം പാതാളത്തിൽ ബന്ധിതരായിരുന്ന സകലരും ബന്ധനവിമുക്തരായി.[71] *ഏലീ, ഏലീ, നീ എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു* എന്ന് പറഞ്ഞപ്പോൾ സത്യവാൻ സത്യമാണു പറഞ്ഞത്. എന്നാൽ, *അവനെ വിടുവിക്കാൻ ഏലിയാ വരുമോ*

---

71. മത്താ 27:52-53; എഫേ 4:9; 1 പത്രോ 3:19.

www.malankaralibrary.com



എന്ന് നമുക്കു നോക്കാം എന്നു പറഞ്ഞതിൽ നിന്ദകന്മാർ തങ്ങളുടെ തെറ്റുമായി യോജിച്ചു. "ഏലിയാ എന്തുകൊണ്ടാണ് അവനെ വിടുവിക്കാഞ്ഞത്" എന്നു പറഞ്ഞുകൊണ്ട് അവർ അവൻെറ ആദ്യനിലവിളിയെ നിന്ദിച്ചതിനാൽ, അവിടുന്ന് രണ്ടാമതും നിലവിളിച്ചു; എന്നാൽ മരിച്ചവരാണ് അതുകേട്ട് അവനു മറുപടി നൽകിയത്. കേൾവി നഷ്ടപ്പെട്ട മരിച്ചവർ അവനെ ശ്രവിച്ചെങ്കിൽ, ജീവനുള്ളവർ എത്രയധികമായി അവനെ ശ്രവിക്കണം എന്ന് ഇതിലൂടെ അവൻ കാണിച്ചു.

അവിടുന്ന് തൻെറ പിതാവിനോടാണ് നിലവിളിച്ചത്; അപ്പോൾ മരിച്ചവർക്ക് എങ്ങനെ മറുപടി നൽകാൻ കഴിഞ്ഞു? ജീവനുള്ളവരെ പ്രബോധിപ്പിക്കുന്നതിനും മരിച്ചവരുടെ അനുസരണയിലൂടെ, അവനെ ശ്രവിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നതിനുമായി, താൻ അവനെ ശ്രവിച്ചു എന്ന് മരിച്ചവരിലൂടെ കാണിക്കാൻ പിതാവ് ആഗ്രഹിച്ചു. അവൻെറ ആദ്യനിലവിളിയുടെ യാഥാർത്ഥ്യത്തിൽനിന്ന് അവർ വളരെ അകലെയായിരുന്നു. എന്നാൽ അവൻെറ രണ്ടാമത്തെ നിലവിളി അതിലേക്ക് തിരിയാൻ അവരെ നിർബന്ധിച്ചു. അവൻെറ ആദ്യനിലവിളി അവരുടെ വായിൽ പരിഹാസവും അവരുടെ വാക്കുകളിൽ ആക്ഷേപവും ഇളക്കിവിട്ടു; എന്നാൽ രണ്ടാമത്തേത് അവരുടെ വായിൽ ദുഃഖം കുത്തിനിറച്ചു; അവർ അവരുടെ മാറത്ത് അടിക്കാൻ ഇടയാക്കി (ലൂക്കാ 23:48). അവൻെറ ആദ്യനിലവിളി പരിഹാസമായി പരിണമിച്ചു; എന്നാൽ രണ്ടാമത്തേതാകട്ടെ, തൻെറ ശത്രുക്കളുടെമേൽ പ്രതികാരത്തിനുള്ള ദൗത്യത്തോടു കൂടിയതായിരുന്നു. എഴുതപ്പെട്ടിരിക്കുന്നതുപോലെ (മലാ3:23) ഏലിയാ വരുമെന്ന് അവർ വിശ്വസിച്ചു; എന്നാൽ ഏലിയാ കർത്താവിൻെറ പക്കലേക്ക് വരുന്നത് ഒരു തമാശയായി അവർക്കു തോന്നി. കാരണം, പ്രവാചകന്മാർ അവരുടെ നിരാശയും അവരുടെ നഗരത്തിൻെറ നാശവും പ്രവചിച്ചപ്പോൾ, ഏലിയാ അവരുടെ പക്കലേക്ക് വരികയില്ലെന്ന് കാണിക്കുകയായിരുന്നു.

**31.** അവൻെറ കൈകൾ ആണികൾകൊണ്ട് തറച്ചപ്പോൾ, അന്ധൻെറ കണ്ണ് തുറക്കാനായി അവൻെറ കൈകൾ കുഴച്ച കളിമണ്ണ് അവൻെറ കൈകളിൽ ആണി അടിച്ചവരെ കുറ്റപ്പെടുത്തുകയും ശകാരിക്കുകയും ചെയ്തു.[72] തന്നെ കാണുവാൻവേണ്ടി അന്ധരുടെ കണ്ണുകൾ തുറക്കാൻ

72. യോഹ 9:6; 11-15.

www.malankaralibrary.com



കഴിഞ്ഞ തൻെറ കൈകൾക്ക്, തന്നെ കാണാതിരിക്കാനായി, തന്നെ കുരിശിൽ തറച്ചവരെ അന്ധരാക്കുവാൻ കഴിയുമായിരുന്നു. താൻ ബന്ധിച്ച് തൻെറ പാദത്തിൻ കീഴിൽ വിധേയമാക്കിയ ബലിഷ്ഠമായ ജലരാശി തൻെറ ബലമുള്ള പാദങ്ങളെ കട്ടിയുള്ള ചങ്ങലകൾകൊണ്ട് കെട്ടിയവരെ കുറ്റപ്പെടുത്തുകയും ശകാരിക്കുകയും ആയിരുന്നു. കാരണം, താണുപോകാതെ ജലോപരിതലത്തിൽ നടക്കാൻ കഴിഞ്ഞ പാദങ്ങൾക്ക്, തൻെറ ശത്രുക്കൾക്ക് തന്നെ ക്രൂശിക്കാൻ കഴിയാത്ത രീതിയിൽ, അവരുടെ മുതുകത്ത് ചവിട്ടിമെതിക്കാൻ കഴിയുമായിരുന്നു.[73]

**32.** വിജാതീയരുടെ രക്ഷയുടെ നിക്ഷേപങ്ങൾ ഉൾക്കൊണ്ടിരുന്ന ആ ശരീരം അവർ മരത്തിൽ തൂക്കി. അതുകൊണ്ട്, ഈ നിക്ഷേപങ്ങൾ സ്വീകരിച്ച വിജാതീയരുടെ നാട്ടിലേക്ക് അവൻ നോക്കി. "എൻെറ അസ്ഥികൾ ഇവിടെനിന്ന് എടുത്തുകൊണ്ട് പോകണം" എന്ന് യൗസേപ്പ് നേരത്തെ പറഞ്ഞിരുന്നു (ഉല്പ 50:25). കാരണം, ഈ വിശുദ്ധ നിക്ഷേപം ആ അശുദ്ധനാട്ടിൽ സ്ഥിതിചെയ്യുന്നിടത്തോളം കാലം ദൈവത്തിന് അതിനോട് സഹതാപം ഉണ്ടായിരിക്കും. അതുകൊണ്ടാണ് യഹൂദന്മാർ ബാബിലോൺ നാട്ടിൽനിന്ന് തിരികെവന്നത്. നീതിമാന്മാരുടെ കാര്യത്തിൽ ഇപ്രകാരമാണെങ്കിൽ, അവരുടെ നാഥൻെറ കാര്യത്തിൽ എത്രയധികം ആയിരിക്കും! മരണത്തിൻെറ ബന്ധനങ്ങളിൽ നിന്നു നമ്മെ വിടുവിച്ച അവൻെറ കൈകൾ നമ്മുടെ ബന്ധനങ്ങൾ തകർക്കുകയും നമ്മെ ബന്ധിച്ചവരെ ബന്ധിക്കുകയും ചെയ്തു.

മരിച്ചവർ ജീവനുള്ളവരെ കൊല്ലുകയും, കൊല്ലപ്പെട്ടവർ മരിച്ചവരെ ജീവനിലേക്ക് എഴുന്നേൽപ്പിക്കുകയും ചെയ്തു എന്നത് അത്ഭുതകരമായ സംഗതിയാണ്. സ്വർഗത്തിനുനേരെ അവർ തങ്ങളുടെ ക്രോധം കൂടുതൽ രൂക്ഷമായി തിരിച്ചുവിട്ടു. അവനാകട്ടെ, ആഴങ്ങൾക്കപ്പുറത്തേക്കുപോലും തൻെറ മഹത്ത്വത്തെ താഴ്ത്തി. മരിച്ചവനായ അവനെയാണ് മരണം മോഷ്ടിച്ചതും എടുത്തുകൊണ്ടുപോയതും കല്ലറയിൽ വച്ചതും. എന്നാൽ അവൻ മരിച്ചവരിൽ നിന്ന് എഴുന്നേൽക്കുകയും തൻെറ തടവറയുടെ നിലവറ കൊള്ളയടിക്കുകയും ചെയ്തു. അവൻ ഉറങ്ങികിടന്നപ്പോൾ മരണം അവനെ മോഷ്ടിക്കുകയും എടുത്തുകൊണ്ടുപോകുകയും കല്ലറയിൽ വയ്ക്കുകയും ചെയ്തു. എന്നാൽ

73. മത്താ 14:25-31.

www.malankaralibrary.com



അവൻ ഉണർന്നെഴുന്നേറ്റ് തൻെറ മോഷ്ടാവിനെ കൊള്ളയടിച്ചു. കർത്താവിനെ ക്രൂശിച്ചവരെ ക്രൂശിക്കുന്ന കുരിശ് ഇതാകുന്നു! തന്നെ അടിമത്തത്തിലേക്കു നയിച്ചവരെ അടിമത്തത്തിലേക്ക് നയിക്കുന്ന അടിമ ഇതാകുന്നു! നിൻെറ മരണത്താൽ കുരിശ്, ഞങ്ങളുടെ മർത്ത്യ ജീവിതത്തിന് ജീവൻെറ ഉറവയായി തീർന്നു; അതിൽനിന്നു കുടിക്കു ന്നവർ നിൻെറ പാനീയത്തിന് തുല്യമായ ഫലം പുറപ്പെടുവിക്കുന്നു. മർത്ത്യശരീരങ്ങളിൽ നിഗൂഢമായിരിക്കുന്ന ജീവനെ അപഹരിക്കാനും വിഴുങ്ങാനുമായി മരണം അവൻെറ ശരീരത്തെ അതെന്തെന്നറിയാതെ, ഉപയോഗിച്ചു. വിശന്നിരുന്നപ്പോൾ വെട്ടിവിഴുങ്ങാൻ അത് തിടുക്കം കൂട്ടി; അവയെല്ലാം വളരെവേഗത്തിൽ തിരികെ നൽകാൻ അത് നിർബ ന്ധിതമായി. ഹവ്വായുടെ കാതിലൂടെ മരണം കടന്നുകയറി; അതുപോലെ മറിയത്തിൻെറ കാതിലൂടെ ജീവൻ പ്രവേശിച്ചു. മരത്തിലൂടെയാണ് മനുഷ്യകുലം കടം വരുത്തിവച്ചത്. അതുപോലെ നമ്മുടെ കർത്താവ് വന്നപ്പോൾ മരത്തിലൂടെയാണ് അവരുടെ കടം വീട്ടിയത്.

**33.** യഹൂദന്മാർ അവൻെറ അത്ഭുതങ്ങളെ നിഷേധിക്കാൻ ശ്രമിക്കുക യായിരുന്നു. അവർ പറഞ്ഞു: *അന്ധൻെറ കണ്ണുകൾ തുറന്നത് ഇവനാണ്. ഈ മനുഷ്യൻ മരിക്കുന്നത് തടയാൻ ഇവന് കഴിയുമായിരുന്നില്ലേ?* (യോഹ 11:37). അവൻ ലാസറിനെ ഉയിർപ്പിച്ചശേഷം അവർ പറഞ്ഞു: *അവൻ അവനെ ജീവനിലേക്ക് എഴുന്നേൽപ്പിച്ചു കൊണ്ടുവന്നു; എന്നാൽ തന്നെത്തന്നെ ഉയിർപ്പിക്കാൻ അവനു കഴിഞ്ഞില്ല* (മത്താ 27:42). തൻെറ നേരത്തെയുള്ള അത്ഭുതം നിഷേധിക്കാൻ അവരെത്രമാത്രം ശ്രമിച്ചുവോ, അതിനേക്കാൾ വലിയ അത്ഭുതംപോലും കർത്താവ് കാണിച്ചു. അന്ധനു വേണ്ടി, മരിച്ച് നാലുദിവസം ആയവൻെറ അത്ഭുതം അവിടുന്ന് പ്രവർ ത്തിച്ചു. ഈ മരിച്ചവനുവേണ്ടി കല്ലറകളിൽ നിന്ന് മരിച്ചവരുടെ കൂട്ടത്തെ അവൻ വലിച്ചെടുത്തു. "അവനെന്തുകൊണ്ട് ഇതു ചെയ്യാൻ കഴി ഞ്ഞില്ല?" എന്ന് തൻെറ രണ്ടാമത്തെ അത്ഭുതത്തെ കളിയാക്കിയവർ, അവൻ ചെയ്ത ആദ്യ അത്ഭുതത്തിന് സാക്ഷ്യം വഹിക്കുകയായിരുന്നു: *അന്ധൻെറ കണ്ണുകൾ തുറന്നവൻ മറ്റുള്ളവർക്ക് ജീവൻ തിരികെ കൊടു ക്കുന്നു.* കർത്താവ് അവർക്ക് ഇരട്ട മറുപടി കൊടുത്തു. ഒന്നാമത്, ഇതു ചെയ്യുവാൻ അവന് കഴിവില്ല എന്ന അവരുടെ ഒളിഞ്ഞുള്ള നിന്ദനം അവൻ വെളിച്ചത്തു കൊണ്ടുവന്നു. രണ്ടാമത്, താൻ ചെയ്തതിന് സാക്ഷ്യംവഹിക്കാൻ അവൻ അവരെ നയിച്ചു. *അവൻ മറ്റുള്ളവരെ*

www.malankaralibrary.com



*രക്ഷിച്ചു; തന്നെത്തന്നെ രക്ഷിക്കുവാൻ അവന് കഴിയുകയില്ല.* അവനെ കളിയാക്കിയപ്പോൾ അവർ യഥാർത്ഥത്തിൽ അവനെ മഹത്ത്വപ്പെടുത്തു കയായിരുന്നു. അവൻ കുരിശിൽ നിന്ന് ഇറങ്ങിവന്നില്ല എന്ന സംഗതി യാൽ അവൻെറ ബലഹീനത തെളിയിക്കാൻ അവർ പരിശ്രമിച്ചു. എങ്കിലും *അവൻ മറ്റുള്ളവരെ ഉയിർപ്പിച്ചു* എന്നു പറയുന്നതിലൂടെ അവൻ ജീവൻ നൽകി എന്ന് അവർ സാക്ഷിക്കുകയായിരുന്നു. ഏലീ ശായുടെ ശരീരം മരിച്ച ഒരുവനെ ഉയിർപ്പിച്ചു.[74] കൊലയാളികളെ മരി ച്ചവർ കുറ്റപ്പെടുത്താനായി, തൻെറ മരണത്താൽ കല്ലറകൾ തുറക്കു കയും അവിടെ നിന്ന് മരിച്ചവരെ വലിച്ചെടുക്കുകയും ചെയ്തവനെ അവൻ സൂചിപ്പിച്ചു.

**34.** *അവൻ മറ്റുള്ളവരെ രക്ഷിച്ചു; തന്നെത്തന്നെ രക്ഷിക്കുവാൻ അവന് കഴിയുകയില്ല* എന്ന് കർത്താവിനെ സംബന്ധിച്ചുള്ള അവരുടെ നിന്ദന ത്തിന് ഏലീശായുടെ അസ്ഥികൾ അവരെ കളിയാക്കും; കാരണം, ഈ അസ്ഥികൾ മറ്റുള്ളവരെ ജീവിപ്പിച്ചു എങ്കിലും അവയ്ക്ക് ജീവൻ കിട്ടി യില്ല. ജീവൻ പ്രാപിക്കാൻ അവയ്ക്ക് ആഗ്രഹമില്ലായിരുന്നെങ്കിൽ അതിന് കാരണം, അവ യഥാർത്ഥത്തിൽ മരിച്ചിരുന്നില്ല എന്നതാണ്. അവ മരിച്ചവയാണെങ്കിൽ, മറ്റുള്ളവരെ ജീവിപ്പിക്കുകയില്ലായിരുന്നു. ഇപ്രകാരം, മരിച്ചവരെ ജീവിപ്പിച്ചപ്പോൾ അവയ്ക്ക് ജീവൻെറയോ ജീവനുള്ളവരുടെ വിശ്രമത്തിൻെറയോ ആവശ്യമില്ലായിരുന്നു. കൂടാതെ, എല്ലാത്തരം തിന്മകളോടും കൂടിയ ജീവിതം അവരെങ്ങനെ അഭിലഷി ക്കുമായിരുന്നു? സ്നേഹമോ ധാരണയോ കൂടാതെയാണെങ്കിലും മരിച്ചവൻെറ ശരീരം ഏലീശായുടെ അസ്ഥികളെ സ്പർശിക്കുകയും മരണത്തെ കീഴടക്കി നവജീവൻ പ്രാപിക്കുകയും ചെയ്തെങ്കിൽ, പുത്രൻെറ ശരീരത്തിൽ നിന്ന് വിശ്വാസികൾ എത്രയധികമായി നിത്യ ജീവൻ പ്രാപിക്കും! അരൂപിയെ തിരിച്ചുനൽകുവാൻ മരണത്തോട് കല്പിച്ചവന്, തന്നെ സ്വതന്ത്രനാക്കുവാൻ കുരിശിനോട് കല്പിക്കാൻ കഴിയുമായിരുന്നു. തൻെറ എതിരാളികളിൽനിന്നു മറുപടിക്കുള്ള സാധ്യ തകൾ എല്ലാം നീക്കിക്കളയുവാൻ, അവൻ പാറകളോട് കല്പിക്കുകയും അവ രണ്ടായി പിളരുകയും ചെയ്തു. അവൻ മരണത്തോട് കല്പിച്ചു; തൻെറ സ്വരത്തിൽ ഇറങ്ങിപ്പുറപ്പെടുന്നതിൽ നിന്ന് നീതിമാന്മാരെ അതു

74. 2 രാജാ 4:8-37.

www.malankaralibrary.com


തടഞ്ഞില്ല. അവൻെറ ശബ്ദം അധോലോകങ്ങളെ ശൂന്യമാക്കുമ്പോൾ അന്ത്യദിനത്തിൽ അതു കേൾക്കുന്നതിന് തയ്യാറാകുവാനായി, അവൻ തൻെറ സ്വരത്തിന് അവയെ പരിശീലിപ്പിച്ചു.

## യേശുവിൻെറ പീഡാനുഭവത്തെപ്പറ്റിയുള്ള വിചിന്തനം

**35.** പുത്രൻെറ ബലഹീനത നിമിത്തം അവൻ ധരിച്ച ശരീരത്തെ നിന്ദിക്കാൻ തങ്ങൾക്ക് കഴിയുമെന്ന് യഹൂദന്മാർ ചിന്തിക്കുന്നെങ്കിൽ ദൈവത്തിൻെറ ബലഹീനതയുടെ തോന്നൽ നിമിത്തം പേടകത്തെ നിന്ദിക്കാനും അപഹസിക്കാനും തങ്ങൾക്ക് കഴിയും എന്ന് ചിന്തിച്ച ഫിലിസ്ത്യരെപോലെയാണ് അവർ. അതിനുപകരം ഫിലിസ്ത്യർ ദൈവത്തിൻെറ ക്രോധത്തിന് വിധേയരായെങ്കിൽ, ദൈവപുത്രനെ ക്രൂശിച്ചവർ എത്രയധികമായി അതിനു വിധേയരാകും! വാസ്തവത്തിൽ ഫിലിസ്ത്യരുടെ മുറിവുകൾ സുഖപ്പെടുകയും അവർ അവരുടെ നാട്ടിൽ തന്നെ പാർക്കുകയും ചെയ്തു. എന്നാൽ പരിച്ഛേദിതരുടെ പീഡകൾ അനുദിനം വർധിച്ചുവരുന്നു; അവർ അരൂപിയിൽ പരിച്ഛേദനം ഇല്ലാത്തവർക്കു തുല്യരാണ്. അവർക്ക് തങ്ങളുടെ നഗരത്തിൽ പാർക്കുവാനും അതിൽ പ്രവേശിക്കുവാനും അനുവാദമില്ല. അവർ കൊന്ന് സംസ്കരിച്ച ശരീരത്തെ പ്രതിയാണ് നാം ലജ്ജിക്കേണ്ടതെങ്കിൽ, ഈ ലജ്ജ അവരുടെ ഇടർച്ചയ്ക്കു ഹേതുവായി. കാരണം, ഈ ശരീരം സജീവമാണ്, അത് ഉത്ഥാനം ചെയ്തു സ്വർഗത്തിലേക്കു കരേറി; ദൈവത്തിൻെറ വലത്തുഭാഗത്ത് ഇരിക്കുന്നു. ദൈവം എഴുതിയ കല്പലകകൾ മോശ എറിഞ്ഞുടച്ചു; അതിൽ വിശുദ്ധ നിയമം എഴുതപ്പെട്ടിരുന്നു. അതിനു വേണ്ടിയായിരുന്നു വിശുദ്ധപേടകം നിർമിക്കപ്പെട്ടത്. അതിൻെറ കഷണങ്ങൾ കൂട്ടിച്ചേർത്തില്ല. അതിൻെറ ഭാഗങ്ങൾ, ശരീരത്തിൻെറ ഭാഗങ്ങൾ പരസ്പരം ആവശ്യമായിരിക്കുന്നതുപോലെ, വീണ്ടും ഒന്നിച്ച് ചേർക്കപ്പെട്ടില്ല; ജീവൻ, നവീകരണം തുടങ്ങി പാപികളുടെ ശരീരത്തിന് കൊടുക്കപ്പെടുന്നതുപോലും അതിനു നൽകപ്പെട്ടില്ല. അതുകൊണ്ട് "ഉദരത്തിൽ വച്ച് ആരും തന്നെ ഒരിക്കലും വിശുദ്ധരല്ല" എന്ന് പറയാതിരിക്കാൻ മുൻകൂട്ടി ജറമിയാ എപ്രകാരം ഇതിനെ ഖണ്ഡിക്കുന്നു എന്ന് കാണുക: *നിൻെറ മാതാവിൻെറ ഉദരത്തിൽ നിന്നെ ഞാൻ രൂപീകരിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു; അവളുടെ ഉദരത്തിൽ നിന്നു നീ പുറത്തുപോകുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു* (1:5).

www.malankaralibrary.com



**36.** അവൻെറ കുരിശിനെ കൂടുതലായി നിന്ദിക്കുന്നത് അവർ തുടർന്നാൽ, മരുഭൂമിയിലെ സർപ്പങ്ങൾ അവരെ കുറ്റപ്പെടുത്തും. കാരണം, ശപിക്കപ്പെട്ട സർപ്പംവഴി വിശ്വാസികൾ സൗഖ്യമുള്ളവരായി. വാസ്തവത്തിൽ ശപിക്കപ്പെട്ട ഒരു നാമം കുരിശിനു നൽകുവാൻ യഹൂദർ മുതിരുന്നു.[75] കുറ്റിക്കാട്ടിൽ കുരുങ്ങിക്കിടന്ന മുട്ടാടിന് അവർ ബഹുമാനം കൊടുക്കുന്നു (ഉല്പ 22:9-13). സത്യകുഞ്ഞാട് അതിൻെറ കുരിശിനോടുകൂടി ഇതിന് സാക്ഷ്യംവഹിക്കുന്നു. കെട്ടപ്പെട്ട ഇസഹാക്കിൻെറ സ്ഥാനത്ത്, കെട്ടപ്പെട്ട ലോകത്തെ അവിടുന്നു വീണ്ടെടുത്തു. സ്വജനം ശപിക്കപ്പെട്ടവരായിരുന്നതിനാൽ, ശാപത്താലാണ് ദൈവം അവരെ വീണ്ടെടുത്തത്. എന്നാൽ എല്ലാവർക്കും ജീവൻ പ്രദാനം ചെയ്യുന്നവൻ വിജാതീയരെ സുഖപ്പെടുത്തി. തങ്ങളുടെ മുകളിൽ മോശ ഉയർത്തിയ സർപ്പത്തിൻെറ ശാപത്തിന് അവർ കയ്യാളിക്കപ്പെട്ടതിനാൽ, ശരീരത്തിനുപകരം ആത്മാക്കൾ നശിക്കുവാനിടയാക്കിയ പിച്ചള സർപ്പത്തെ അവർ ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്തു. ഈ സർപ്പത്തെ നോക്കാൻ കൂട്ടാക്കാതിരുന്നവരെല്ലാം അതിൻെറ വസന്തകൾക്കു വിധേയരായി. ദൈവത്തിങ്കലേക്ക് നോക്കാൻ അവർ അയോഗ്യരായിരുന്നു; തങ്ങളെപ്പോലെയുള്ള സർപ്പത്തെ നോക്കിയാണ് അവർ രക്ഷപ്പെട്ടത്. ഈ ജനം പുത്രനെ തിരസ്കരിക്കുമെന്ന് ദൈവം അറിഞ്ഞിരുന്നു. അതുകൊണ്ട് ക്രൂശാരോഹകരെ ലജ്ജിപ്പിക്കാൻ സർപ്പത്തിലൂടെ അവൻ അവരെ പ്രബോധിപ്പിച്ചു. അവർ ബഹുമാനിച്ചിരുന്നത് നമ്മുടെ രക്ഷകൻെറ ഒരു പ്രതീകമായിരുന്നു.

**37.** കർത്താവിൻെറ ഒരു ഛായ അനുഭവവേദ്യമാക്കാൻ, വിശുദ്ധസ്ഥലം ദഹിപ്പിക്കപ്പെടുകയും ആലയം തകർക്കപ്പെടുകയും ചെയ്തു.[76] അവൻെറ ശരീരം ആലയത്തിനു തുല്യമായിരുന്നു (യോഹ 2:19-21). ബാബിലോണിയാക്കാർ ക്രൂശാരോഹിതർക്ക് സദൃശ്യമായിരുന്നു. അവരുടെ പാപങ്ങൾ നിമിത്തമാണ് ദൈവം ഇപ്രകാരം പ്രവർത്തിച്ചതെന്ന് നിങ്ങൾ സങ്കല്പിച്ചാൽ, എങ്ങനെ ആലയവും ബലിപീഠവും, എങ്ങനെ ദാനിയേലും അവൻെറ സഖികളും പാപം ചെയ്തു? ഈ ക്ലേശങ്ങളുടെ ഫലമാണ് വാഗ്ദാനം ചെയ്യപ്പെട്ട ദാനങ്ങൾ. ഇപ്രകാരം സംഭവിച്ചത്

---

75. സംഖ്യ 21:4-9; ആവ 21:23; ഗലാ 3:13.

76. 2 രാജാ 25:9; 2 ദിന 36:19.

www.malankaralibrary.com


നീതിയുടെ പൂർത്തീകരണത്തിന് ആയിരുന്നെങ്കിൽ തകർക്കപ്പെട്ട ഈ ആലയത്തിലൂടെ മുമ്പ് പൂർത്തീകരിക്കപ്പെട്ടതുപോലെ കുരിശിൻ മേൽ കയറിയ ഈ ശരീരത്തിലൂടെ നീതി അതിൻെറ പൂർത്തീകരണം പ്രാപിച്ചു. *തൻെറ ദാസന്മാരിൽ അവിടുന്ന് സമാശ്വസിപ്പിക്കപ്പെട്ടു* എന്ന് തിരുലിഖിതം പറയുന്നു (സങ്കീ 135:14).

**38.** സ്രഷ്ടാവിനെ സ്തുതിക്കാനുള്ള ആദ്യകാരണം അവിടുന്ന് എല്ലാം സൃഷ്ടിച്ചു എന്നുള്ളതാണ്. രണ്ടാമത്തെ കാരണം അവിടുന്ന് തൻെറ പ്രവൃത്തികളിലൂടെ സ്വയം വെളിപ്പെടുത്തി എന്നതാണ്. അവിടുന്ന് തൻെറ സൃഷ്ടികളെ അറിഞ്ഞതിനാൽ അവ തന്നെ അറിയണമെന്ന് അവിടുന്ന് ആഗ്രഹിച്ചു. എല്ലാ വസ്തുക്കളുടെയും ദൈവത്തെ ഈജിപ്തുകാർ അറിയുന്നതിനുവേണ്ടി ദിവ്യനാമം പൊട്ടിപ്പുറപ്പെട്ട് മോശയിൽ വന്നുവസിച്ചു. എല്ലാ സൃഷ്ടികളും എല്ലാ വസ്തുക്കളുടെയും പിതാവിനെ അറിയുന്നതിനായി വചനം പിതാവിൽനിന്നു പുറപ്പെട്ട് മാംസത്തിൽ വന്നുവസിച്ചു. തദനുസൃതം പുത്രൻെറ ദൈവത്വം ദിവ്യനാമത്തിലൂടെ അറിയിക്കപ്പെട്ടു; ദൈവത്തിൻെറ പിതൃത്വം പുത്രൻെറ നാമത്തിലൂടെ വെളിവാക്കപ്പെട്ടു. ഈജിപ്തുകാർ മോശയെ ശ്രവിച്ചില്ല. അവൻെറ വടി അവരെ ദണ്ഡിപ്പിച്ചു. എന്നാൽ പുത്രനിൽ വിശ്വസിച്ചവരെ കുരിശു രക്ഷിച്ചു. മോശയുടെ വടി കുരിശിൻെറ പ്രതീകമായിരുന്നു. മോശയുടെ വടിയിലുടെ വിജാതീയർ കുരിശിനെപ്പറ്റി മുൻകൂട്ടി ഗ്രഹിച്ചു: ഈജിപ്തുകാർ പത്തുബാധകളുടെ അടയാളങ്ങളിലൂടെയും, അമാലേക്യർ യുദ്ധത്തിലൂടെയും. അവരുടെ അജ്ഞതനിമിത്തം കുരിശിൻെറ ഒരു പ്രതീകത്തിലൂടെ മാത്രമാണ് ആദ്യം അവർ നയിക്കപ്പെട്ടത്. എന്നാൽ അവരുടെ മുകളിൽ കുരിശ് പ്രത്യക്ഷപ്പെട്ടപ്പോൾ, അവർ പ്രകാശിതരാകുകയും, തങ്ങൾ സ്വീകരിച്ച പ്രബോധനത്തിലൂടെ ജ്ഞാനികളായി തീരുകയും ചെയ്തു. കുരിശിൻെറ രഹസ്യത്താൽ ദൈവം ഇസ്രായേൽക്കാരെ ബഹുമാനിക്കുകയും വലിച്ച് അടുപ്പിക്കുകയും ചെയ്തു. എന്നാൽ തൻെറ അടയാളങ്ങളിലൂടെ അവരെ ബഹുമാനിച്ചവൻ ആഗതനായപ്പോൾ അവർ പിന്തിരിഞ്ഞ്, അവനെ എല്ലാ കുപ്രസിദ്ധ കർമങ്ങളുടെയും അടയാളമാക്കി. ശൈശവം മുതൽ രൂപീകരിക്കപ്പെടുകയും ലാളിക്കപ്പെടുകയും സ്വാദിഷ്ട ഭോജ്യങ്ങളാലും സന്തുഷ്ടഫലങ്ങളാലും ചേർക്കപ്പെടുകയും ചെയ്ത ഇസ്രായേൽ, കുരിശിൻെറ സാദൃശ്യങ്ങൾ ഉണ്ടായിരുന്നിട്ടും, *തടിച്ചുകൊഴുത്ത് നെയ്മുറ്റി അഹങ്കാരിയായി* (ആവ 32:15).

www.malankaralibrary.com



അതുകൊണ്ട്, അവസാനം അടിമത്തം വിജാതീയരുടെ ഇടയിൽ അതിനെ തടവിലാക്കി. *ശൈശവത്തിൽ അമിത വാത്സല്യത്തിന് വിധേയനായവൻ അടിമത്തത്തിന് കൈയാളിക്കപ്പെടും* (സദൃശ 29:21).

**39.** ഈ പ്രതീകങ്ങളിലൂടെ സൂചിതമായ സത്യരൂപം അവരുടെ പക്കലേക്കു വന്നു. നീണ്ടകാലം നിരവധി പ്രതീകങ്ങൾ ഒരുക്കപ്പെട്ടെങ്കിലും അവയുടെ സത്താപരമായ സവിശേഷതകൾ അവർക്ക് മനസിലായില്ല. മരുഭൂമിയിൽ അവരെ മൂടിയ നിഴലിൻെറ ഈ ശരീരത്തെ അവർ തിരിച്ചറിഞ്ഞില്ല. കുരിശിൻെറ പ്രതീകമായ തടിക്കഷണം അവരുടെ വെള്ളത്തെ മധുരമുള്ളതാക്കി; മറ്റൊരടയാളമായ സർപ്പം, സർപ്പങ്ങളുടെ ബാധയിൽനിന്ന് അവരെ വിടുവിച്ചു. എന്നാൽ അവരെ രക്ഷിക്കാൻ കഴിയാഞ്ഞ സാബതും പരിച്ഛേദനവും നിരസിക്കപ്പെട്ടു. അവരുടെ മുമ്പിൽ സ്ഥിരമായി രുപീകരിക്കപ്പെട്ട അവൻെറ രൂപത്തിൻെറ മുമ്പിൽ നിന്ന് അവർ മാറിക്കളഞ്ഞു. അവൻെറ മുഖം അവർക്ക് അന്യമായി തോന്നി. കാരണം, സത്യസൗന്ദര്യത്തിൻെറ പ്രതിച്ഛായകളാൽ അത് പ്രകാശിച്ചിരുന്നു. മോശയുടെ വടി കുരിശിന് തുല്യമല്ല. വെള്ളം മധുരമാക്കിയ തടിക്കഷണത്തിൻെറ സൗന്ദര്യം, ജനതകളെ മധുരമാക്കിയ സൗന്ദര്യത്തിന് തുല്യമല്ല. എവിടെല്ലാം പുത്രൻ പോയോ, അവിടെല്ലാം സൃഷ്ടവസ്തുക്കൾ കുലുക്കപ്പെടുകയും ഇളക്കപ്പെടുകയും ചെയ്തു. തൻെറ വടിക്കു മുമ്പിൽ കടൽ, തൻെറ അടയാളത്തിനു മുമ്പിൽ സർപ്പം, തൻെറ പ്രതീകത്തിനു മുമ്പിൽ വെള്ളത്തിൻെറ കയ്പ്. തെറ്റുകളാൽ മൂടപ്പെട്ടവർ സത്യം പ്രത്യക്ഷപ്പെട്ടിടത്തെല്ലാം കുറ്റപ്പെടുത്തപ്പെട്ടു. പരസ്പരം അസൂയപ്പെടാതെ കുടിക്കുന്നവർക്ക്, അസൂയകൂടാതെ സന്തോഷം പ്രദാനം ചെയ്യുന്ന ഉറവ ഇതാകുന്നു. ആരും തൻെറ അയൽക്കാരൻെറ പാനീയത്തെ അസൂയയോടുകൂടി വീക്ഷിക്കാതിരിക്കുന്നതിനു വെള്ളം പൊട്ടിയൊഴുകി എല്ലാവശത്തേക്കും വ്യാപിച്ചു.

www.malankaralibrary.com


21

# യേശുവിൻെറ മരണത്തെക്കുറിച്ചുള്ള വിചിന്തനം

**1.** *നിൻെറ കൈകളിൽ എൻെറ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു* (ലൂക്കാ 23:46) അവൻെറ ദൈവത്വം അവൻെറ മനുഷ്യത്വത്തെ സമർപ്പിച്ചു.[77] കാരണം, അത് അതിനെ വിട്ടുകൊടുക്കുകയും സഹിക്കാൻ അനുവദിക്കുകയും ചെയ്തു. അവൻെറ ദൈവത്വം അവൻെറ മനുഷ്യത്വത്തിൽ നിന്ന് വെട്ടിമാറ്റിയ രീതിയിൽ വേർപിരിഞ്ഞിരുന്നില്ല. പിന്നെയോ, കൊലയാളികളിൽനിന്നും കൊല്ലപ്പെട്ടവനിൽനിന്നും ദൈവത്തിൻെറ ശക്തിയിൽ അത് മറഞ്ഞിരുന്നു. കാരണം, അത് കാണപ്പെട്ടിരുന്നെങ്കിൽ, മരിക്കുന്നവൻ ഭയപ്പെടുകയില്ലായിരുന്നു; അത് വെളിപ്പെട്ടിരുന്നെങ്കിൽ അവൻെറ കൊലയാളികൾക്ക് അവനെ കൊല്ലാൻ കഴിയുമായിരുന്നില്ല. എങ്കിലും അവൻ തകർന്നുപോകാതിരിക്കാൻ, അത് അവനെ സംരക്ഷിച്ചുകൊണ്ടിരുന്നു. അവനെ സംരക്ഷിച്ചുകൊണ്ടിരുന്നവന് അവബോധം ഉണ്ടായിരുന്നു; സംരക്ഷിക്കപ്പെട്ടവന് ആ അവബോധം ഇല്ലായിരുന്നു. എന്നാൽ പിന്നീട് താൻ ഉപേക്ഷിക്കപ്പെട്ടില്ല[78] എന്ന് കൊല്ലപ്പെട്ടവനും കല്ലറ സൂക്ഷിക്കുക എന്ന ജോലി പൂർത്തിയാക്കുവാനും മരിച്ചവനെ അതിൽ ഉൾക്കൊള്ളുവാനും തങ്ങൾക്ക് കഴിഞ്ഞില്ല എന്ന് കൊലയാളികൾക്കും വെളിപ്പെടുകയും കാണപ്പെടുകയും ചെയ്തു.

കർത്താവ് തൻെറ വാഗ്ദാനം പ്രവൃത്തികളിലൂടെ മർത്ത്യർക്ക് ഉറപ്പിച്ചു. ലക്ഷ്യം നേടിക്കൊണ്ട് തൻെറ മനുഷ്യത്വത്തിനു സഹിക്കാൻ കഴിയുമെന്ന് അവൻ കാണിച്ചു. കാരണം, അതു യഥാർത്ഥത്തിൽ മരിച്ചു; മരിച്ചവർക്കുപോലും വീണ്ടും ജീവിക്കാൻ കഴിയുമെന്ന് അവൻ കാണിക്കുകയും ചെയ്തു. അവൻ തൻെറ മനുഷ്യത്വത്തെ ഉയിർപ്പിച്ചു; തന്നെ ശ്രവിച്ചവരെ അവൻ വിശ്വാസത്തിൽ ഉറപ്പിച്ചു; സൂര്യൻ ഇരുളുകയും, *ദേവാലയത്തിൻെറ വിരി കീറിപ്പോകുകയും, കാവൽക്കാർ വീണുപോ*

77. "അവൻെറ മനുഷ്യത്വം അവൻെറ ദൈവത്വത്തെ സമർപ്പിച്ചു" എന്ന് ഒരു സുറിയാനി രേഖാശകലത്തിൽ വ്യത്യസ്തമായി കാണുന്നു.

78. "*പാതാളത്തിൽ* ഉപേക്ഷിക്കപ്പെട്ടില്ല" എന്ന മേല്പറഞ്ഞ രേഖയിൽ. സങ്കീ 16:10; നട 2:27; 13:35.

www.malankaralibrary.com



*കുകയും, കല്ലറകൾ തുറക്കപ്പെടുകയും, മരിച്ചവർ ഉയിർക്കുകയും ചെയ്തപ്പോൾ* തൻെറ ശിക്ഷാവിധിയെപ്പറ്റി ശത്രു തിരിച്ചറിഞ്ഞു.[79]

**2.** മനുഷ്യസ്വഭാവവുമായി ഐക്യപ്പെട്ട് ദൈവം ജനിച്ചു. ഉരുവായത് അവൻെറ ആളത്വമല്ല, പിന്നെയോ, അവനോട് ഐക്യപ്പെട്ട സ്വഭാവമാണ്. ശാരീരികമായി ജനിക്കുക എന്നത് മനുഷ്യത്വത്തിന് സ്വാഭാവികമത്രേ. നമ്മുടേതുപോലെയുള്ള അവയവങ്ങളോടുകൂടി രൂപികരിക്കപ്പെട്ട് ജനിക്കുകയും ഈ അവയവങ്ങളോടുകൂടിത്തന്നെ ഐക്യപ്പെട്ടു മരിക്കുകയും ചെയ്യുക അല്ലാതെ മറ്റൊരു രീതിയും സാധ്യമായിരുന്നില്ല. സംഗതികളുടെ ക്രമം അനുസരിച്ചാണ് തൻെറ മാതാവിൻെറ ഉദരകവാടത്തിൽ നിന്ന് കല്ലറയുടെ കവാടത്തിലേക്ക് തൻെറ ശരീരത്തെ അവിടുന്നു കൊണ്ടുവന്നത്. അടഞ്ഞിരുന്ന ഗർഭപാത്രം തൻെറ ജനനത്തിലൂടെ അവൻ തുറന്നു; അടയ്ക്കപ്പെട്ടതും കാവൽകിടന്നതുമായ കല്ലറ തൻെറ ഉത്ഥാനത്തിലൂടെ അവിടുന്നു തുറന്നു. തൻെറ ജനനത്തിനും തൻെറ ഉത്ഥാനത്തിനും നടുവിലായി അവിടുന്നു തൻെറ കുരിശിനെ സ്ഥാപിച്ചു. ഗർഭപാത്രത്തിൽ നിന്ന് പിറക്കുകയും മരണത്തിലേക്ക് നടന്നു. നീങ്ങുകയും ചെയ്യുന്നവർ ആദ്യമേ ജീവവൃക്ഷമായ കുരിശിനെ കണ്ടുമുട്ടുന്നതിനായിരുന്നു അത്. അങ്ങനെ, മരണം അവരെ തൻെറ മടിത്തട്ടിൽ ഒന്നിച്ചുകുട്ടുമ്പോൾ അതിനെ വെട്ടിപ്പിളർന്ന് അതിൻെറ നടുവിൽ നിന്ന് കടന്നുപോകുന്നതിനായി അവർ അതിൽ നിന്നു ഫലം ശേഖരിക്കുകയും അതു തങ്ങളുടെ ശരീരത്തിൽ സംഭരിക്കുകയും ചെയ്യുന്നതിനായിരുന്നു ഇത്.

അതുകൊണ്ട് കർത്താവിൻെറ മരണത്തിൽ ദൈവത്വം മനുഷ്യത്വത്തോടുകൂടി കാണപ്പെട്ടില്ലെങ്കിൽ അതിൽനിന്ന് അത് വേർപ്പെട്ടിരിക്കാൻ ആഗ്രഹിച്ചെന്ന് അർത്ഥമാക്കുന്നില്ല. മറിച്ച്, മരണത്തെ കൊല്ലുന്ന ജീവൻെറ ആസ്ഥാനത്തെ സമീപിക്കുവാൻ മരണത്തിന് കഴിഞ്ഞില്ല എന്നുമാത്രം. എന്നാൽ അവൻെറ ജനനത്തിൽ ദൈവത്വം മനുഷ്യത്വത്തോടുകൂടി കാണപ്പെട്ടു കാരണം, ജനനവും ദൈവത്വവും ഒത്തുപോകാത്തവ അല്ലായിരുന്നു. ജനനമാണ് യഥാർത്ഥത്തിൽ എല്ലാ ജീവികളുടേയും ആരംഭം. ഇത് എല്ലാ ജീവികളേയും ഐക്യപ്പെടുത്തുന്നു; സ്രഷ്ടാവിൻെറ ശക്തിയിൽ സൃഷ്ടിക്ക് ഭാഗഭാഗിത്വം കിട്ടുന്നു. എന്നാൽ

79. ലൂക്കാ 23:44-45; മത്താ 27:51-54.

www.malankaralibrary.com



അസ്തിത്വമുള്ളവയുടെയെല്ലാം നാശമാണ് മരണം. എന്നാൽ, ദൈവമാകട്ടെ നിലനില്ക്കുന്ന സത്തയാണ്. അതുകൊണ്ടാണ് അവന് മരണത്തിലായിരിക്കാൻ കഴിയാത്തത്. എന്തെങ്കിലും പഠിക്കാനല്ല അവിടുന്ന് നമ്മുടെ പക്കലേക്ക് വന്നത്; പിന്നെയോ, തൻെറ സമൃദ്ധികൊണ്ട് നമ്മുടെ കുറവുകളെ കുത്തിനിറയ്ക്കാനാണ്.

**3.** സഹിക്കാൻ കഴിയുന്ന തൻെറ ആത്മാവോടുകൂടി അവൻെറ ശരീരം സ്വഭാവത്താലേ സഹിച്ചു; കാരണം ആത്മാവിന് വേദന അനുഭവവേദ്യമാകുന്നു. അതുകൊണ്ട്, അവൻെറ മനുഷ്യത്വം അവൻെറ ശരീരം നിമിത്തം വേദന സഹിച്ചു. അവൻെറ ആത്മാവു നിമിത്തം അത് വേദന അനുഭവിച്ചു. *ആത്മാവ് വരും; അവൻെറ ശക്തി നിൻെറമേൽ ആവസിക്കും* (ലൂക്കാ 1:35). ഈ ശരീരം തന്നെ വിശ്വാസികൾക്ക് ജീവൻെറ അപ്പവും പോഷണവും ആയിത്തീർന്നു. *അത്യുന്നതൻെറ ശക്തിയോടുകൂടി ആത്മാവ് വരും; കാരണം, നിന്നിൽനിന്ന് ജനിക്കാനിരിക്കുന്നവൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടും* (1:35) സ്ത്രീയിൽ നിന്നാണ് ജനിച്ചതെന്ന് ശരീരത്തെപ്പറ്റി തിരുലിഖിതം സാക്ഷിക്കുന്നു. എന്നാൽ അബ്രഹാമിൻെറ ഭവനത്തിൽ ഭക്ഷിച്ച മാലാഖമാരുടെ ശരീരത്തിന് തുല്യമായ ഒരു രൂപം മാത്രമാണ് നമ്മുടെ രക്ഷകൻെറ ശരീരം എന്ന് ചിലർ പറയുന്നു (ഉല്പ 18:1-8). അവരെ തിരുലിഖിതം തന്നെ ഖണ്ഡിക്കുന്നു. കാരണം, ഈ മാലാഖമാർ ആക്രമിക്കപ്പെട്ടെന്നോ, പീഡിപ്പിക്കപ്പെട്ടെന്നോ, കൊല്ലപ്പെട്ടെന്നോ കുരിശിൽ തറയ്ക്കപ്പെട്ടെന്നോ എഴുതപ്പെട്ടിട്ടില്ല. അവരുടെ രൂപം മാത്രമേ മാറിയിരുന്നുള്ളൂ. യഥാർത്ഥത്തിൽ അവർ ശാരീരികർ ആയിരുന്നില്ല; പിന്നെയോ, അവരെ കണ്ടവർക്ക് അനുയോജ്യമായ രൂപം സ്വീകരിച്ചെന്നേയുള്ളൂ. നമ്മുടെ കർത്താവ് ഇതിന് തുല്യമാണെന്ന് കരുതപ്പെടാതിരിക്കാൻ, അവിടുന്ന് ജനിച്ചു; അവ തമ്മിൽ സാമ്യമുണ്ട് എന്ന അഭിപ്രായം തടയുന്നതിനും ജനങ്ങളുടെ മനസിൽ നിന്ന് നീക്കുന്നതിനും ആയിരുന്നു ഉദരത്തിൽ നിന്നുള്ള അവൻെറ ആഗമനം.

അവൻ *അന്യദൈവത്തിൻെറ* പുത്രനായിരുന്നെങ്കിൽ[80] അവൻ കുരിശിൽ ഉയർത്തപ്പെട്ടപ്പോൾ സൂര്യൻ ഇരുണ്ടു പോകുകയില്ലായിരുന്നു. മറിച്ച്, സ്രഷ്ടാവ് കൂടുതൽ ഉഗ്രമായ പ്രകാശം വിരിക്കുമായി

80. മാർസ്യനെതിരെ: മുകളിൽ ഫുട്ട്നോട്ട് 3 കാണുക.

www.malankaralibrary.com



രുന്നു. കാരണം, അതുവഴി തൻെറ എതിരാളി തൻെറ കാഴ്ചയിൽ നിന്ന് മറഞ്ഞുപോകുമായിരുന്നു. അവൻ തൻെറ പ്രകാശം യഹൂദരുടെമേൽ പതിക്കുവാൻ ഇടയാക്കുമായിരുന്നു. കാരണം, അവർ തൻെറ ഹിതം നിറവേറ്റുകയായിരുന്നു. അവൻ ആലയത്തെ മഹത്ത്വമേറിയ വിരി അണിയിക്കുമായിരുന്നു. കാരണം, അതിൻെറ ശത്രുവിൻെറ ദുരിത പൂർണമായ മാലിന്യങ്ങളിൽ നിന്ന് അതു ശുദ്ധീകരിക്കപ്പെടുകയും, അതിൻെറ *നിയമം* ഇല്ലാതാക്കുന്നവൻ അതിൽ നിന്ന് പുറപ്പെട്ടു പോകുകയും ചെയ്യുമായിരുന്നു.

*അന്യദൈവത്തിൻെറ* പിതാവാണ് ഇരുൾ പരത്തിയതെന്ന് ആരെങ്കിലും അവകാശപ്പെട്ടാൽ, ഇത് അവൻെറ അധികാരപരിധിയിൽ വരുന്നതല്ലെന്നും, ആണെങ്കിൽ തന്നെയും അവനിത് ചെയ്കയില്ലായിരുന്നെന്നുമാണ് അതിനുള്ള ഉത്തരം. ഒന്നാമത്, അവൻ ഉപകാരിയായതിനാൽ. രണ്ടാമത്, *തങ്ങൾ ചെയ്യുന്നത് എന്താണെന്ന് അവർക്ക് അറിയാത്തതിനാൽ അവരോടു ക്ഷമിക്കണമേ* എന്ന് കർത്താവ് പറഞ്ഞതിനാൽ (ലൂക്കാ 23:34). പ്രകാശത്തിൽ നടന്നെങ്കിലും തന്നെ തിരിച്ചറിയാതെ, ക്രൂശിച്ചവർ അന്ധകാരത്തിൽ ഒരുപക്ഷേ തിരിച്ചറിയുന്നതിനാണ്, അവിടുന്ന് സൂര്യനെ അന്ധകാരമയമാക്കിയത്.

## യേശുവിൻെറ മരണത്തിൽ പ്രകൃതിയുടെ പ്രതിഷേധം

**4.** *വാതിൽ മറ കീറിപ്പോയി* (മർക്കോ 15:38). കർത്താവ് രാജ്യം അവരിൽനിന്ന് എടുത്തുമാറ്റി ഫലം പുറപ്പെടുവിക്കുന്ന മറ്റൊരു ജനത്തിന് കൊടുത്തു എന്നു കാണിക്കുന്നതിനായിരുന്നു ഇത് (മത്താ 21:43). *മറ്റൊരു രീതിയിൽ:* തൻെറ ആത്മാവ് ആലയത്തിൽ നിന്ന് പുറപ്പെട്ടു പോയതിനാൽ ആലയം തകർക്കപ്പെടുമെന്ന്, കീറിയ വിരിയുടെ ഉപമയിലൂടെ അവിടുന്ന് സൂചിപ്പിക്കുകയായിരുന്നു. മഹാപുരോഹിതൻ തെറ്റായി തൻെറ വസ്ത്രം കീറി. അതുകൊണ്ട് യഹൂദരുടെ അഹങ്കാരത്തിൻെറ അതിപ്രസരം പ്രഘോഷിക്കാൻ സൃഷ്ടവസ്തുക്കളുടെ തലത്തിലുള്ള ഒരു പ്രവൃത്തിയിലൂടെ ആത്മാവ് വിരി കീറിക്കളഞ്ഞു. മഹാപുരോഹിതൻ തൻെറ പൗരോഹിത്യം കീറി തന്നിൽനിന്ന് ദൂരെ എറിഞ്ഞതിനാൽ, ആത്മാവും ദേവാലയവിരി കീറിക്കളയുകയും പുറത്തു വന്ന് എല്ലാറ്റിനെയും നവീകരിക്കുകയും ചെയ്തു. അഥവാ *മറ്റൊരു രീതിയിൽ:* യൂദാസ് നാണയം എറിഞ്ഞ ദേവാലയം നിരസിക്കപ്പെടുകയും

www.malankaralibrary.com



തകർക്കപ്പെടുകയും ചെയ്തു. അതുപോലെ യൂദാസ് പ്രവേശിച്ച വാതിൽമറ കർത്താവ് വലിച്ചുകീറി താഴെയിട്ടു. അഥവാ, അവർ അവൻെറ വസ്ത്രം ഉരിഞ്ഞതിനാലാണ് അവൻ വാതിൽമറ രണ്ടായി കീറിയത്. പാറയുടെ ഉള്ള് പൊട്ടിപ്പിളർന്നു; എന്നാൽ അവരുടെ ഹൃദയങ്ങൾ അനുതപിച്ചില്ല.[81]

**5.** *നീസാൻ* മാസത്തിൽ ദൈവം ഈജിപ്തുകാരുടെമേൽ വിജയം വരിച്ചു; *നീസാനിൽ* അഗ്നിത്തൂണുകൊണ്ട് എബ്രായർക്ക് അവിടുന്ന് പാത തെളിച്ചു.[82] നന്മയ്ക്കുപകരം അവർ തിന്മ ചെയ്തതിനാൽ, അവരുടെമേൽ *സൂര്യൻ ഇരുണ്ടുപോയി* (ലൂക്കാ 23:45). ദൈവം കടൽ പിളർന്നതുപോലെ, ആത്മാവ് വിരി കീറി. കാരണം, മഹത്ത്വത്തിൻെറ രാജാവിനെ അവർ തള്ളിക്കളയുകയും നീതിരഹിതമായി ഗോഗുൽത്തായിൽ ക്രൂശിക്കുകയും ചെയ്തു. തൻനിമിത്തം ദേവാലയത്തിൻെറ വിരി നീതിപൂർവം പിളർന്നു. സൃഷ്ടജാലങ്ങൾ അവൻെറ പീഡാനുഭവത്തിൽ അവനോടൊപ്പം പീഡ സഹിച്ചു. അവൻ ക്രൂശിക്കപ്പെട്ടത് കാണാതിരിക്കാനായി സൂര്യൻ മുഖം മറച്ചു. അവനോടുകൂടി മരിക്കാനായി അതിൻെറ പ്രകാശത്തെ അത് തന്നിലേക്ക് തിരിച്ചുവിളിച്ചു. മൂന്ന് മണിക്കൂർ നേരം അന്ധകാരം ഉണ്ടായിരുന്നു; പിന്നീട് അതു വീണ്ടും പ്രകാശിച്ചു; തൻെറ നാഥൻ പാതാളത്തിൽ നിന്ന് മൂന്നാംദിവസം ഉയർത്തെഴുന്നേൽക്കുമെന്ന് അത് ഇപ്രകാരം പ്രഘോഷിച്ചു. ആ സ്ഥലത്തിന് പെട്ടെന്നു വരാൻപോകുന്ന വിപത്തിൽമേൽ കരഞ്ഞു വിലപിക്കുന്നു എന്ന രീതിയിൽ *മലകൾ കുലുങ്ങി, കല്ലറകൾ തുറന്നു, വാതിൽ മറ കീറിപ്പോയി* (മത്താ 27:51-52). അഥവാ *മറ്റൊരു രീതിയിൽ*: ഒരു മാനുഷിക വായ് കർത്താവിനെ വിധിച്ചതിനാൽ സൃഷ്ടജാലങ്ങളുടെ വായ് അവനെ പുകഴ്ത്തുകയും നീതീകരിക്കുകയും ചെയ്തു. ഈ യഹൂദന്മാർ മൗനം അവലംബിച്ചു; എന്നാൽ കർത്താവ് പറഞ്ഞതുപോലെ, കല്ലുകൾ ആർപ്പുവിളിച്ചു. അടഞ്ഞിരുന്ന അവരുടെ കാതുകളെ വിരി വലിച്ചുകീറുകയും, അവർ തള്ളിപ്പറഞ്ഞവന് മഹത്ത്വം കരേറ്റുകയും ചെയ്തു.

**6.** *അഥവാ*, പുത്രൻ നഗ്നനായി തൂങ്ങപ്പെട്ട് കിടക്കുന്നത് കണ്ടപ്പോൾ, ആത്മാവ് സ്വയം ഉയർന്ന്, അതിവിശുദ്ധ സ്ഥലത്തിൻെറ അലങ്കാര

---

81. മത്താ 27:5.51.

82. പുറ 13:4.21-22.

www.malankaralibrary.com



വസ്ത്രത്തെ രണ്ടായി കീറി. *അഥവാ,* പ്രതീകങ്ങളുടെ കുഞ്ഞാടിനെ കണ്ടപ്പോൾ പ്രതീകങ്ങൾ വിരി രണ്ടായി കീറി, അവനെ എതിരേല്ക്കാൻ പുറപ്പെട്ടു പോയി. *അഥവാ,* നമ്മുടെ കർത്താവിൻെറ ആഗമനത്തെ മനുഷ്യകുലത്തെ അറിയിക്കാൻ ഇറങ്ങി വന്നതും ആലയത്തിൽ വസിച്ചതുമായ പ്രവചനത്തിൻെറ ആത്മാവ്, അവൻെറ സ്വർഗത്തിലേക്കുള്ള ആരോഹണത്തെ ഉന്നതങ്ങളിൽ അറിയിക്കാനായി ആ നിമിഷം പറന്നുപോയി. 'കുരിശുമരത്തെ പിളർക്കാൻ തനിക്ക് കഴിയുമായിരുന്നു എന്നു കാണിക്കുന്നതിന് കല്ലറകൾ തുറക്കപ്പെട്ടു' (മത്താ 27:51-52). എന്നാൽ അവിടുന്ന് കുരിശുമരം പിളർന്നില്ല; കാരണം, അതിലൂടെ ഇസ്രായേലിൽ നിന്ന് രാജ്യം കീറിമാറ്റപ്പെടേണ്ടിയിരുന്നു. അവിടുന്ന് അതിനെ തകർത്തില്ല; കാരണം, വിജാതീയരുടെ ഇടയിൽനിന്ന് അതുവഴി പാപം വിച്ഛേദിക്കപ്പെടേണ്ടിയിരുന്നു. എന്നാൽ ആത്മാവ് ദേവാലയത്തിലെ വിരി രണ്ടായി കീറി. ആലയത്തിൽ നിന്ന് ആത്മാവ് പുറത്തു കടന്നു എന്നു കാണിക്കാൻ അത് നീതിമാന്മാരെ വിളിച്ചു. അതിൻെറ പുറപ്പെടലിനു സാക്ഷികളായി അവർ കല്ലറകളിൽ നിന്നു പുറത്തുവന്നു. അതുകൊണ്ട്, ഈ രണ്ടു പുറപ്പെടലുകളും പരസ്പരം പ്രഘോഷിക്കുന്നവയായിരുന്നു. രാജത്വവും പൗരോഹിത്യവും ആത്മാവിനാലാണ് അഭിഷേകം ചെയ്യപ്പെടുന്നതും വിശുദ്ധീകരിക്കപ്പെടുന്നതും. അതുകൊണ്ട് ഈ രണ്ടു ശുശ്രൂഷകളും ഏറ്റെടുത്തവനിലൂടെ രണ്ടും നീക്കപ്പെട്ടു എന്ന് അറിയപ്പെടുന്നതിനായി, അവയുടെ ഉറവിടമായ ആത്മാവ് അവിടെനിന്ന് പുറപ്പെട്ടുപോയി.

പൂർണമായി രോഗം ബാധിച്ച മനുഷ്യൻെറ ഒരു വിരൽ മുറിച്ചുകളയുന്നതിലൂടെ സൗഖ്യം ലഭിക്കുമെന്ന് അറിഞ്ഞാൽപോലും, അപ്രകാരം ചെയ്യാൻ അയാൾക്ക് വൈഷമ്യം ആയിരിക്കാം. എന്നാൽ തൻെറ പുത്രൻെറ മരണത്തിലൂടെ മനുഷ്യകുലത്തിനു രക്ഷ കൈവരുമെന്നറിഞ്ഞ ദൈവമാകട്ടെ, അതിൽനിന്ന് പിന്തിരിഞ്ഞില്ല.

**7.** അബ്രാഹാമിന് അനേകം ദാസന്മാർ ഉണ്ടായിരുന്നു. അവരിൽ ഒരാളെ അർപ്പിക്കാൻ ദൈവം എന്തുകൊണ്ട് കല്പിച്ചില്ല? കാരണം, അബ്രഹാമിൻെറ സ്നേഹം ഒരു ദാസനിലുടെ വെളിപ്പെടുകയില്ലായിരുന്നു. അതുകൊണ്ട്, അബ്രഹാമിൻെറ സ്നേഹം വെളിപ്പെടാനായി അവൻെറ പുത്രൻ ആവശ്യമായിരുന്നു. അതുപോലെ, ദൈവത്തിന് ദാസന്മാർ ഉണ്ടായിരുന്നു. അവരിൽ ആരിൽ കൂടിയും അവിടുന്ന് സൃഷ്ടി

www.malankaralibrary.com



കളുടെ നേർക്കുള്ള തൻെറ സ്നേഹം കാണിച്ചില്ല. പിന്നെയോ. തൻെറ പുത്രനിലൂടെയാണ് കാണിച്ചത്. അങ്ങനെ നമ്മോടുള്ള അവിടുത്തെ സ്നേഹം അവനിലൂടെ പ്രഘോഷിക്കപ്പെടുവാൻ വേണ്ടിയായിരുന്നു ഇത്. *തൻെറ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു* (യോഹ 3:16).

**8.** *യേശുവിൻെറ ബന്ധുക്കൾ ദൂരെ മാറിനിന്നു* (ലൂക്കാ 23:49). *എൻെറ സ്നേഹിതന്മാർ ദൂരെ മാറിനിന്നു* എന്ന സങ്കീർത്തകൻെറ വാക്കുകൾ പൂർത്തീകരിക്കപ്പെടുന്നതിനായിരുന്നു ഇത് (38:12). വെള്ളിയാഴ്ച ആയിരുന്നപ്പോൾ തന്നെ, സാബതിനു മുമ്പ് അവർ അവനെ കൊന്നു. വിലാപത്തിന് അവസരം ഉണ്ടായിരുന്നപ്പോൾ, സാബതിന് മുമ്പ് അവർ അവനെ കബറടക്കി. കാരണം സാബതു തന്നെയും അധ്വാനത്തിൻെറ അതിർവരമ്പാണ്; അതിൽ എല്ലാ ക്ലേശങ്ങളും ഉള്ളിൽ ഒതുക്കിയിരിക്കണം. അതിൽ വേദനയ്ക്ക് സ്ഥാനമില്ല; ജീർണതയിൽ അതിന് പങ്കുമില്ല.

**9.** അബ്രഹാംമുതൽ മരണത്തിൻെറയും കുഞ്ഞാടിൻെറയും പ്രതീകങ്ങൾ സ്പഷ്ടമാകാൻ തുടങ്ങി. മരത്തിൽ തൂങ്ങിക്കിടന്ന കുഞ്ഞാടിൻെറ പ്രതീകമായിരുന്നു ഇസഹാക്ക്. മരത്തിന് ജലത്തെ ജീവിപ്പിക്കാൻ കഴിയുമെന്ന് യാക്കോബ് കാണിച്ചു. അവൻെറ അസ്ഥികൾ ഒന്നും തകർക്കപ്പെടാഞ്ഞതിനാൽ അവൻ മരത്തിൽ തൂക്കപ്പെടുക ഉചിതമായിരുന്നു. ഭൂമിയിലെ ഫലങ്ങൾ മരത്തിൽ മുളച്ചുവരുന്നു. കടലിലെ നിക്ഷേപങ്ങൾ ശേഖരിക്കപ്പെടുന്നതും മരത്താലാണ്. അതുപോലെ, ആത്മാവിനും ശരീരത്തിനും കുരിശുമരം ആവശ്യമാണ്. ഭ്രാന്തുപിടിച്ച ജനകൂട്ടത്തിൻെറ ക്രോധത്താൽ ചെത്തി ഒരുക്കപ്പെട്ടത് ഇതാണ്. ഇതിൻെറ നിശബ്ദതയിൽ ഇത് ബധിരനെപ്പോലെ ആയിരുന്നു; എന്നാൽ പ്രവർത്തനത്തിൽ മനുഷ്യകുലത്തിന് ഉന്നതത്തിലേക്കുള്ള വളർച്ചയുടെ ഉറവിടം ആയിരുന്നു.

## യേശുവിനെ കുന്തത്താൽ കുത്തിത്തുളയ്ക്കുന്നത്

**10.** *പടയാളികളിൽ ഒരുവൻ അവനെ കുന്തംകൊണ്ട് കുത്തി* (യോഹ 19:34). തൻെറ ശത്രുക്കൾ തൻെറ നീതിയെപ്പറ്റിയും തൻെറ സ്നേഹിതന്മാർ തൻെറ കൃപയെപ്പറ്റിയും അറിയുവാനായി, കർത്താവ് തൻെറ സ്നേഹിതരെ തൻെറ അവമാനംകൊണ്ട് ബഹുമാനിക്കുകയും, തന്നെ കുറ്റപ്പെടുത്തിയവരെ കുറ്റപ്പെടുത്തുകയും ചെയ്തു. അവൻെറ പാർശ്വ

www.malankaralibrary.com



ത്തിൽനിന്ന് ഉത്ഭവിച്ച ഉറവ, നിലവിളിക്കുന്ന രക്തത്തെ വെളിപ്പെടുത്തി; ശുദ്ധീകരിക്കാൻ ധൃതിപ്പെട്ട് വെള്ളവും ഒഴുകി. രക്തം, അതിൻെറ കാണപ്പെടലിൽ കർത്താവിൻെറ കൊലപാതികൾക്കെതിരെ അലറി; വെള്ളം അതിൻെറ പ്രതീകത്തിലൂടെ തൻെറ സ്നേഹിതരുടെ ശുദ്ധീകരണത്തിനു വേണ്ടിയായിരുന്നു. അവൻ മരിച്ചിട്ടും ഇപ്പോഴും ജീവിക്കുന്നു എന്ന് അവരറിയാൻ ആയിരുന്നു ഇപ്രകാരം സംഭവിച്ചത്. അവർ എത്രയധികമായി അവനെ പീഡിപ്പിച്ചുവോ, അത്രയധികമായി അവനിൽ നിഗൂഢമായിരുന്ന നിക്ഷേപങ്ങൾ വെളിപ്പെടുത്തപ്പെട്ടു. തൻെറ അനുയായികളിലെല്ലാം സ്വർഗീയസമ്പത്ത് വർദ്ധിച്ചു; നാശകർ അടുത്തുവന്നപ്പോൾ തൻെറ സ്നേഹിതരെ സമ്പന്നരാക്കുവാനും തൻെറ ക്രൂശാരോഹിതരെ കുറ്റപ്പെടുത്തുവാനും അവ സമൃദ്ധമായി ഒഴുകി.

ഞാൻ നിൻെറ എല്ലാ അവയവങ്ങളിലേക്കും ഓടി; അവയിൽ നിന്ന് ലഭ്യമായ എല്ലാ ദാനങ്ങളും എനിക്ക് ലഭിച്ചു. കുന്തത്താൽ സംരക്ഷിക്കപ്പെട്ട പറുദീസായിലേക്ക്, കുന്തത്താൽ തുളയ്ക്കപ്പെട്ട പാർശ്വത്തിലൂടെ ഞാൻ പ്രവേശിച്ചു. തുളയ്ക്കപ്പെട്ട പാർശ്വത്തിലൂടെ നമുക്കു പ്രവേശിക്കാം. കാരണം, ആദത്തിൽ നിന്നെടുത്ത വാരിയെല്ലിലൂടെയാണ് വാഗ്ദാനം നഷ്ടപ്പെട്ടത്. വാരിയെല്ല് നിമിത്തം ആദത്തിൽ അഗ്നി കത്തിക്കാളി. അവനിൽ കത്തിയ അഗ്നി നിമിത്തമാണ് രണ്ടാമത്തെ ആദത്തിൻെറ പാർശ്വം കുത്തിത്തുളയ്ക്കപ്പെട്ടതും, ആദ്യത്തെ ആദത്തിൻെറ അഗ്നി കെടുത്തുവാനായി അതിൽ നിന്ന് വെള്ളത്തിൻെറ അരുവി ഒഴുകിയതും.

**11.** എല്ലാ ജീവനും രക്തത്തിൽ ആകയാൽ, നീതിപൂർവം മർത്യത അർഹിച്ചിരുന്ന മനുഷ്യകുലത്തിൻെറ ജീവൻെറ പ്രതീകമായ രക്തവും കൃപയാൽ ഒഴുകി. ദുഷ്ടമധ്യസ്ഥൻെറ ശക്തിയിലൂടെ മനുഷ്യകുലത്തിനെതിരെ അഗ്നി ആളിക്കത്തി; എന്നാൽ നല്ല മധ്യസ്ഥൻെറ ശക്തിയിലൂടെ അഗ്നിയെ കെടുത്തുന്ന ജലം അവർക്കായി പൊട്ടിയൊഴുകി. ആദം ദുഷ്ടനെതിരായി പാപം ചെയ്തില്ലെങ്കിലും അവൻ ആദത്തെ വഞ്ചിച്ചു. അവനേക്കാൾ ദുഷ്ടൻ ആരുമില്ല! നമ്മുടെ കർത്താവ് മരിച്ചശേഷം അവൻെറ പാർശ്വം കുത്തിത്തുളച്ചവനെ കൂടാതെ, അവനുമായി താരതമ്യപ്പെടുത്താവുന്നവൻ ആരുമില്ല. അതുകൊണ്ട്, വിജയിച്ചുകഴിഞ്ഞ ആ ദുഷ്ടത തൂത്തെറിയപ്പെട്ടു. എന്തുകൊണ്ടെന്നാൽ, *രക്തം ഒഴുകി;* അതുവഴി അടിമത്തത്തിൽ നിന്നു നാം തിരികെ വിലയ്ക്കു വാങ്ങപ്പെട്ടു.

www.malankaralibrary.com



*വെള്ളവും ഒഴുകി* (യോഹ 19:34). രക്ഷാകരമായ രക്തത്തെ സമീപിക്കുന്നവരെല്ലാം തങ്ങളെ അടിമപ്പെടുത്തിയിരുന്ന ആ ദുഷ്ട അടിമത്തത്തിൽ നിന്ന് കഴുകി ശുദ്ധീകരിക്കപ്പെടും. രക്തവും വെള്ളവും ഒഴുകി. അത് തൻെറ സഭയാണ്. ആദത്തിൻെറ കാര്യത്തിൽ എന്നതുപോലെ അത് അവനിൽ പണിയപ്പെട്ടിരിക്കുന്നു. ആദത്തിൻെറ ഭാര്യ അവൻെറ പാർശ്വത്തിൽ നിന്ന് എടുക്കപ്പെട്ടതാണ്. ആദത്തിൻെറ വാരിയെല്ല് അവൻെറ ഭാര്യയാണ്; നമ്മുടെ കർത്താവിൻെറ രക്തം അവൻെറ സഭയാണ്. ആദത്തിൻെറ വാരിയെല്ലിൽ നിന്ന് മരണം ഉണ്ടായി; എന്നാൽ, നമ്മുടെ കർത്താവിൻെറ പാർശ്വത്തിൽ നിന്ന് ജീവൻ ഉണ്ടായി.

ഒലിവുമരം മിശിഹായുടെ രഹസ്യത്തെ സൂചിപ്പിക്കുന്നു. അതിൽ നിന്ന് പാലും ജലവും എണ്ണയും ഒഴുകുന്നു: ശിശുക്കൾക്കു പാൽ, യുവാക്കൾക്കു ജലം, രോഗികൾക്ക് എണ്ണ. മിശിഹാ തൻെറ മരണത്തിലൂടെ ജലവും രക്തവും നൽകിയതുപോലെ, ഒലിവുമരം, അതിൻെറ മരണത്തിലൂടെ ജലവും രക്തവും നൽകി.

**12.** വിദ്വേഷം ദാവീദിനെയും, അസൂയ ദാവീദിൻെറ പുത്രനെയും പീഡിപ്പിച്ചു. ഗുഹയുടെ ഉള്ളറയിൽ ദാവീദ് അകപ്പെട്ടു; ദാവീദിൻെറ പുത്രൻ പാതാളഗർത്തത്തിലും. ദാവീദ് കുറ്റക്കാരനാണെന്നും ദാവീദിൻെറ പുത്രൻ തെറ്റുകാരനാണെന്നും കരുതപ്പെട്ടു; എന്നാൽ കുറ്റക്കാരനും നിന്ദിതനുമായിരുന്നത് ശൗലായിരുന്നു; മരണമാണ് കീഴടക്കപ്പെട്ടതും വിനീതമാക്കപ്പെട്ടതും. *രാജാവേ, നിൻെറ കുന്തം എവിടെ?* എന്നു ദാവീദ് വിളിച്ചു ചോദിച്ചു (1 സാമു 26:16). *മരണമേ, നിൻെറ വിജയം എവിടെ?* (1 കോറി 15:55). എന്ന് ദാവീദിൻെറ പുത്രനും ചോദിച്ചു. ശൗൽ തൻെറ കുന്തം ദാവീദിൻെറ നേർക്ക് എറിഞ്ഞു; അത് അവനിൽ തറച്ചില്ലെങ്കിലും, അതു തറച്ച ഭിത്തി അതിനു സാക്ഷ്യംവഹിച്ചു. ക്രൂശാരോഹിതർ കുന്തംകൊണ്ട് ദാവീദിൻെറ പുത്രനെ കുത്തി; അവൻെറ ശക്തിക്ക് മുറിവേറ്റില്ലെങ്കിലും, അവരുടെ കുത്തിന് അവൻെറ ശരീരം സാക്ഷിയായിരുന്നു. ദാവീദിന് കുത്തേറ്റില്ല, ദാവീദിൻെറ പത്രന് മുറിവേറ്റുമില്ല. ഭിത്തിയും കുന്തവും ഗുഹയും ശൗലിനെ കുറ്റപ്പെടുത്തുന്നു; ശരീരവും കുരിശും കല്ലറയും എബ്രായരെ കുറ്റം വിധിക്കുന്നു.[83]

---

83. 1 സാമു 18:10-11; യോഹ 19:34.

www.malankaralibrary.com



**13.** കർത്താവിനു മുറിവേറ്റ ദിവസം തന്നെ, അവന്റെ മുറിവ് അടയ്ക്കപ്പെട്ടു. അവനിൽ ആണി അടിച്ചു കയറ്റിയ സാബതിന്റെ തലേന്നാൾ തന്നെ പാതാളത്തിന്റെ ആഴത്തിൽ അവനിൽനിന്ന് ആണികൾ നീക്കപ്പെട്ടു. ജീവനുള്ളവരുടെ ഇടയിൽ വച്ചാണ് അവർ അവന്റെ പാർശ്വം കുത്തിത്തുളച്ചത്; എന്നാൽ മരിച്ചവരുടെ ഇടയിൽവച്ചാണ് അവന്റെ പാർശ്വം അടയ്ക്കപ്പെട്ടത്. എന്നാൽ അടയ്ക്കപ്പെട്ട മുറിവുകൾ പത്തു ദിവസങ്ങൾക്കുശേഷം എങ്ങനെയാണ് തുറക്കപ്പെട്ടതും അവയിൽ വിരലുകൾ കടത്തിയതും? (യോഹ 20:24-29).

## യേശുവിന്റെ മരണത്തെപ്പറ്റി കൂടുതൽ വിചിന്തനം

**14.** മോശ തന്റെ കൈകൾ നീട്ടിപ്പിടിച്ചു; അവരുടെ ശത്രുക്കൾ പരാജയപ്പെടുന്നതുവരെ അവ നീട്ടിപ്പിടിക്കാൻ ദൈവം ഇടയാക്കി (പുറ17: 8-14). എന്നാൽ ഈ യഹൂദന്മാർ ദൈവപുത്രന്റെ കൈകൾ കുരിശിൽ വിടർത്തി, നേരെ എതിര് പ്രവർത്തിച്ചതിനാൽ ദൈവവും അവരോടും അപ്രകാരം ചെയ്തു. കർത്താവിന്റെ കരങ്ങൾ അവർ വിടർത്തിയതിന് പ്രതികാരമായിട്ടായിരുന്നു ഇത്. അവർ വീണു; എന്നാൽ പിന്നെ എഴുന്നേറ്റില്ല. നീട്ടപ്പെട്ട കരങ്ങളിൽ വിശ്വസിച്ച വിജാതീയർക്കുവേണ്ടിയും ഇതുപോലെയാണ്; മോശ അവരെ വിധേയരാക്കിയ അനുഭവം അവരെ ഭയപ്പെടുത്തി. യഹൂദർ ചെയ്തതിന്റെ നേരെ വിപരീതമായി വിജാതീയർ പ്രവർത്തിച്ചു. അതുകൊണ്ട് ദൈവം അവരോടും അപ്രകാരം പ്രവർത്തിച്ചു. തിരുലിഖിതം പൂർത്തീകരിക്കപ്പെടുവാൻ വേണ്ടിയാണ് അവിടുന്ന് കുരിശിൽ മരിച്ചത്. *കൊല്ലുവാനുള്ള ആട്ടിൻകുട്ടിയെപ്പോലെയും രോമം വെട്ടുന്നവന്റെ മുമ്പിൽ ആടുപോലെയും അവൻ ആനയിക്കപ്പെട്ടു* (ഏശാ 53:7). അവനാദ്യം കൊല്ലപ്പെടുകയും പിന്നെ രോമം കത്രിക്കപ്പെടുകയും ചെയ്യുക എന്നത് സ്വാഭാവികമായി മനസിലാക്കാൻ വിഷമമാണ്. എന്നാൽ, കർത്താവിനെപ്പറ്റി അങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. കാരണം, ന്യായാധിപന്റെ വായിൽ നിന്നു വന്ന ആ വിധിവാചകത്താൽ അവിടുന്നു കൊല്ലപ്പെട്ടു; അതിനു ശേഷം അവർ വന്ന് കുരിശിൽ അവന്റെ കൈകൾ വിരിച്ചു. അവൻ ധരയുടെ മേൽ ഇപ്രകാരം തന്റെ കൈകൾ വിരിച്ചുകൊണ്ട്, രോമം കത്രിക്കുന്നവന്റെ മുമ്പിൽ ആടുപോലെ ആയിരുന്നു.

അഥവാ, *മറ്റൊരു രീതിയിൽ:* മരിക്കുന്നവരെല്ലാം തന്റെ മരണത്തിലൂടെ എഴുന്നേൽക്കും എന്ന രഹസ്യം അതിലൂടെ ചിത്രീകരിക്ക

www.malankaralibrary.com



പ്പെടാനാണ് അവിടുന്ന് കുരിശുമരണം വരിച്ചത്. മഹാപുരോഹിതന്റെ നെഞ്ചത്തുള്ള കല്ലുപോലെ, ക്രൂശിക്കപ്പെട്ടപ്പോൾ കുരിശിന്റെ നടുവിൽ അവിടുന്ന് നേരെ നില്ക്കുകയായിരുന്നു എന്നതും ഇതിൽ നിന്നു കാണാവുന്നതാണ്. അവന്റെ കിരണങ്ങൾ ഭൂമിയുടെ നാലു ഭാഗങ്ങളിലേക്കും പ്രസരിക്കുന്നതിനുവേണ്ടി നീതിമാൻ ജറുസലേമിൽ തന്റെ *നിയമം* സ്ഥാപിച്ചതിനാൽ, അതു ഭൂമിയുടെ കേന്ദ്രമാണ്. അതേ സ്ഥലത്ത് കൃപ അവന്റെ കുരിശു സ്ഥാപിച്ചു. അവിടുന്ന് തന്റെ കരങ്ങൾ എല്ലാ വശത്തേക്കും നീട്ടുന്നതിനും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും ആത്മാക്കളെ ഉയർത്തുന്നതിനും വേണ്ടിയായിരുന്നു അത്.[84]

**15.** ആരും ലോകത്തിനുവേണ്ടി ജീവിക്കാതിരിക്കാൻ യേശു ലോകത്തിനു മരിച്ചു; ആരും ശരീരത്തിൽ ആഡംബരജീവിതം നയിക്കാതിരിക്കാൻ, അവിടുന്ന് ക്രൂശിക്കപ്പെട്ട രീതിയിൽ അത്രേ ശരീരത്തിൽ വ്യാപരിച്ചത്. നാം അവന്റെ ശരീരത്തിൽ അവന്റെ ലോകത്തിനുവേണ്ടി ജീവിക്കുന്നതിനായി, അവൻ നമ്മുടെ ശരീരത്തിൽ നമ്മുടെ ലോകത്തിനു മരിച്ചു. നാം ജഡത്തിൽ ജഡികമായി ജീവിക്കാതിരിക്കാൻ, അവൻ ജഡികജീവിതത്തെ നിഗ്രഹിച്ചു. മറ്റുള്ളവരെ ക്ലേശിപ്പിച്ചുകൊണ്ടല്ല, പിന്നെയോ, തന്റെ സ്വന്തം പീഡനങ്ങളിലൂടെ, അവൻ ഒരു പ്രബോധകൻ ആയിത്തീർന്നു. അവൻ ഒന്നാമതായി കയ്പ് രുചിച്ചു; കാരണം, ബഹുമാന സംജ്ഞകൾകൊണ്ടല്ല, ക്ലേശങ്ങളിലൂടെയാണ് തന്റെ ശിഷ്യനായി തീരുവാൻ കഴിയുന്നതെന്ന് അവിടുന്ന് നമുക്ക് വിശദീകരിച്ചു തന്നു.

**16.** ....[85]

**17.** എല്ലാറ്റിനെയും ശുദ്ധീകരിക്കുന്ന നമ്മുടെ കർത്താവിന്റെ കാര്യത്തിൽ രണ്ടു സ്നാനങ്ങൾ കാണാവുന്നതാണ്. ഒന്ന് ജലത്തിലൂടെ; മറ്റത് കുരിശിലൂടെ. പീഡനങ്ങളിലൂടെ ജലസ്നാനത്തെപ്പറ്റി നമ്മെ പഠിപ്പിക്കാൻ വേണ്ടിയായിരുന്നു അത്. കാരണം, പാപികൾക്ക് അനുതാപം ഒരു ക്രൂശാരോഹണമാണ്. അവർ സുഖാസ്വാദനത്തിനു വിധേയരാകാതിരിക്കാൻ, അത് അവരുടെ അവയവങ്ങളെ രഹസ്യമായി ആണി

84. പുറ 28:15-30; എസെ 38:12.

85. അർമേനിയൻ പതിപ്പിൽ നമ്പർ 16. ആയി ഒരു നീണ്ടഭാഗമുണ്ട്.

www.malankaralibrary.com



തറയ്ക്കുന്നു. ഇതാണ് നമ്മുടെ കർത്താവിനു മുമ്പായി യോഹന്നാൻ പ്രഘോഷിച്ചത് (മത്താ 3:1-12). അതുകൊണ്ട്, നീതിമാന്മാർക്കും പാപികൾക്കും രണ്ടു സ്നാനവും ആവശ്യമാണ്. ഒന്നു മാത്രമേ ഉള്ളൂ എങ്കിൽ, മറ്റതിനെ കൂടാതെ അതിന് ജീവിപ്പിക്കാൻ കഴിയുകയില്ല.

പരസ്യമായ മതപീഡനമില്ലെന്നു നീ പറഞ്ഞാലും, രഹസ്യമായ മതപീഡനമുണ്ട്. കാരണം, അന്വേഷണം നിങ്ങളുടെ വിശ്വാസത്തെ പീഡിപ്പിക്കുമ്പോൾ, അന്വേഷണത്തിൻെറ നിർബന്ധം കൂടാതെ നമ്മുടെ കർത്താവിനെ ഏറ്റുപറയുക. താർക്കികരുടെ പീഡനംപോലെ തിന്മ നിറഞ്ഞതല്ല രാജാക്കന്മാരുടെ മതപീഡനം. പാഷണ്ഡതകൾ പോലെ വഹിക്കാൻ പ്രയാസമുള്ളതല്ല പീഡനോപകരണങ്ങൾ; വഴി പിഴപ്പിക്കുന്ന ചോദ്യങ്ങൾപോലെയല്ല പീഡനങ്ങൾ; തർക്കങ്ങൾപോലെയല്ല തൊലിയുരിയുന്നത്; മാനസിക സംശയങ്ങൾപോലെയല്ല തല വെട്ടിക്കളയുന്നത്. വിദ്വേഷം നിങ്ങളെ പീഡിപ്പിക്കുമ്പോൾ, സ്നേഹത്തിന് സാക്ഷ്യംവഹിക്കുവിൻ. അസൂയ നിങ്ങളെ പീഡിപ്പിക്കുമ്പോൾ, സാഹോദര്യത്തിന് സാക്ഷ്യം വഹിക്കുവിൻ. ദുരാശകൾ നിങ്ങളെ പീഡിപ്പിക്കുമ്പോൾ ശുദ്ധതയിൽ പൂർണഹൃദയത്തോടെയിരിക്കുവിൻ. അനീതി നിങ്ങളെ പീഡിപ്പിക്കുമ്പോൾ, നീതിക്ക് സാക്ഷ്യംവഹിക്കുവിൻ; സമ്പത്ത് നിങ്ങളെ പീഡിപ്പിക്കുമ്പോൾ, ശരീരം മുഴുവൻെറയും നാഥനായ നമ്മുടെ കർത്താവിന് സാക്ഷ്യം വഹിക്കുവിൻ. ഈ പീഡകരെല്ലാം വിശ്വാസസാക്ഷികളെ സമാധാനകാലത്ത് പീഡിപ്പിച്ചുകൊണ്ടിരുന്നു. നിഗൂഢമായ പീഡകരിലൂടെ അവർ വിജയികളായതിനാലാണ് ദൃശ്യരായ പീഡകരിലൂടെ അവർ കിരീടം ധരിപ്പിക്കപ്പെട്ടത്. ദൃശ്യമായവയെ എതിർത്തുനില്ക്കുവാൻ നിങ്ങൾക്കു കഴിയേണ്ടതിന് അദൃശ്യമായവയ്ക്കെതിരെ നിങ്ങളെത്തന്നെ പരിശീലിപ്പിക്കുവിൻ. നിങ്ങളുടെ ഉള്ളിലുള്ള പീഡകർ നിങ്ങളെ കീഴടക്കുന്നെങ്കിൽ, നിങ്ങൾക്ക് വെളിയിലുള്ള പീഡകരെ കീഴടക്കാൻ കഴിയുമെന്ന് എങ്ങനെ പ്രതീക്ഷിക്കാനാവും?

**18.** തലമുറകളെക്കാളും ജനതതികളെക്കാളും വലുതായിരുന്നു കുരിശിൻെറ നാണക്കേട്. ആദത്തിൻെറ മരണം എല്ലാ ജനങ്ങളുടെമേലും മരണം വരുത്തിവച്ചെങ്കിൽ, ദൈവത്തിൻെറ ബഹുമാനത്തിനെതിരെയുള്ള വലിയ നാണക്കേട് തീർക്കാൻ ആർക്കാണു കഴിയുക? അക്കാലത്ത്, കൃപയിൽനിന്ന് നീതി വേർതിരിക്കപ്പെട്ടിരുന്നില്ലായെങ്കിൽ, നീതിയുടെ ശക്തിക്കെതിരെ നില്ക്കാൻ ആർക്കു കഴിയുമായിരുന്നു? ഈ

www.malankaralibrary.com



കൃപ നമ്മോടു ക്ഷമിച്ചില്ലായിരുന്നെങ്കിൽ, ആര് നമ്മോടു ക്ഷമിക്കുമായിരുന്നു? അവിടുന്നു മരത്തിൽ തൂങ്ങി കിടന്നപ്പോൾ, അവൻെറ കൃപയ്ക്ക് നമ്മോടു സഹതാപം തോന്നി. തൻെറ നീതിയുടെ ബഹുമാനത്തിന് അവൻ ജ്ഞാനികളെ കുറ്റപ്പെടുത്തൽ കൊണ്ടു പൊതിഞ്ഞു; അറിവില്ലാത്തവരെ തൻെറ പക്കലേക്കു വിളിച്ചു. *കാരണം, തങ്ങൾ ചെയ്യുന്നത് എന്താണെന്ന് അവർ അറിയുന്നില്ല* (ലൂക്കാ 23:34). മുന്തിരിത്തോപ്പിൻെറ ഉപമയിലൂടെ തൻെറ നീതി സാക്ഷ്യം വഹിക്കുകയും നമ്മെ കുറ്റപ്പെടുത്തുകയും ചെയ്തു. *വേലക്കാർ മുന്തിരിത്തോപ്പിൻെറ അനന്തരാവകാശിയെ തിരിച്ചറിഞ്ഞു* (മത്താ 21:38). അവകാശം തങ്ങളുടേതാകാൻ, അവൻെറ കൊലയ്ക്കായി അവർ പദ്ധതിയിണക്കിയത് അവകാശി സമീപസ്ഥനായിരുന്നപ്പോഴല്ല, പിന്നെയോ, അവൻ ദൂരത്തായിരുന്നപ്പോൾ തന്നെയാണ്.

**19.** "അവർ അവനെ തിരിച്ചറിഞ്ഞില്ലെങ്കിൽ, പിന്നെ അവനെന്തിനാണു വന്നത്? അവൻ ആരാണെന്നു അവർ മനസിലാക്കിയില്ലെങ്കിൽ, അത് അവർക്കെന്തു പ്രയോജനം ചെയ്തു? അവൻ എന്തുകൊണ്ട് യഹൂദരിൽ നിന്നു തന്നെത്തന്നെ മറച്ചുവയ്ക്കുകയും വിജാതീയർക്കു സ്വയം വെളിപ്പെടുത്തുകയും ചെയ്തു". എന്നൊക്കെ പറഞ്ഞുകൊണ്ട് തൻെറ കൃപയെ ദുഷിക്കുകയോ, തൻെറ നീതിയെ സംബന്ധിച്ച് തെറ്റായി സങ്കല്പിക്കുകയോ ചെയ്യാതിരിക്കാനായി, അവൻെറ നീതി അവനു വേണ്ടി മറുപടി പറഞ്ഞിരിക്കുന്നു. ആർക്കും അവൻെറ നീതിയെ കുറ്റപ്പെടുത്താൻ കഴിയാതിരിക്കാനായി, യഹൂദർ യഥാർത്ഥത്തിൽ അവനെ അറിഞ്ഞു എന്ന് അതു മുൻകൂട്ടി അറിയിച്ചു. അവൻെറ കൃപ ക്ഷമിക്കുകയും മോചിക്കുകയും ചെയ്യുന്നതിനാൽ, അതു പ്രകീർത്തിക്കപ്പെടാനായി, 'യഹൂദന്മാർ അറിഞ്ഞില്ല' എന്ന് അവരെപ്പറ്റി അവൻെറ നീതി പറഞ്ഞിരിക്കുന്നു.

## യേശുവിൻെറ കബറടക്കം

**20.** മറിയം ഹവ്വായ്ക്കുവേണ്ടിയും യൗസേപ്പ് മറ്റൊരു യൗസേപ്പിനു വേണ്ടിയും നിലകൊള്ളുന്നു. കാരണം, അവൻെറ ശരീരം ചോദിച്ചവനും യൗസേപ്പ് എന്നു വിളിക്കപ്പെട്ടിരുന്നു. ആദ്യയൗസേപ്പ് ഒരു നീതിമാനായിരുന്നു; അവൻ മറിയത്തെ പരസ്യമായി ഉപേക്ഷിച്ചില്ല. മറ്റവനും നീതിമാനായിരുന്നു; കാരണം, അവരുടെ അപവാദങ്ങൾ അവൻ അംഗീകരി

www.malankaralibrary.com



ച്ചില്ല. നമ്മുടെ കർത്താവ് ജനിച്ചപ്പോൾ യൗസേപ്പ് എന്ന നാമധാരിയായ ഒരാളെയാണ് ആരംഭത്തിൽ ഭരമേല്പിച്ചത്. അതു വ്യക്തമാക്കാനായി അവിടുന്ന് മരിച്ചപ്പോൾ തന്റെ സംസ്കാരത്തിന് ഒരുക്കാൻ ഈ നാമം തന്നെയുള്ള ഒരാളെ അവിടുന്ന് അനുവദിച്ചു. ഗുഹയിൽ അവന്റെ ജനനത്തിലും കല്ലറയിൽ അവന്റെ സംസ്കാരത്തിലും ശുശ്രൂഷിച്ച ഈ നാമത്തിന് സമ്പൂർണബഹുമാനം ലഭിക്കുന്നതിനു വേണ്ടിയായിരുന്നു ഇത്.

**21.** ദാനിയേലിന്റെയും ലാസറിന്റെയും കാര്യത്തിൽ എന്നപോലെ[86] അവർ കല്ലറയ്ക്ക് മുദ്രവച്ചത് കർത്താവിന് അനുകൂലവും അവർക്കു പ്രതികൂലവും ആയിരുന്നു. ദാനിയേലിന്റെ കാര്യത്തിൽ, കുഴിയിൽ അവരുടെ മുദ്ര രാജാവും അവന്റെ പ്രമാണികളും കണ്ടപ്പോൾ കുഴിയിൽ കിടന്നവനെ ഏതു ശക്തിയാണ് മോചിപ്പിച്ചതെന്ന് അവർ അറിഞ്ഞു. ലാസറിന്റെ കാര്യത്തിൽ, കല്ലറയുടെ വാതിൽക്കൽ ഉണ്ടായിരുന്ന അവരുടെ മുദ്ര അവന്റെ എതിരാളികൾ കണ്ടപ്പോൾ എല്ലാം ചെയ്യുവാൻ കഴിയുന്ന ഒരു ശക്തിയാണ് ഇതെന്ന് അവർക്ക് ബോധ്യപ്പെട്ടു. കല്ലറ മുദ്ര വയ്ക്കപ്പെട്ടിരുന്നെങ്കിലും അവൻ ആ ശരീരത്തെ കല്ലറയിൽനിന്ന് പുറത്തെടുത്തു. അവനെ പ്രസവിച്ച ഉദരത്തിന്റെ കന്യാത്വമുദ്രയ്ക്ക് അനുകൂലമായി കല്ലറയുടെ മുദ്ര സാക്ഷ്യം വഹിച്ചു. കാരണം, പുത്രൻ അവളിൽ നിന്ന് ജീവനുള്ളവനായി പുറത്തുവന്നത് അവന്റെ അമ്മയുടെ കന്യാത്വം മുദ്രിതമായിരുന്നപ്പോൾ ആണ്; എന്തുകൊണ്ടെന്നാൽ എല്ലാത്തരത്തിലും അവൻ ആദ്യജാതൻ ആയിരുന്നു.

*കല്ലറയുടെ വാതിൽക്കൽ ഒരു കല്ല് വച്ചിരുന്നു* (മത്താ 27:60). *പണിക്കാർ ഉപേക്ഷിച്ചുകളഞ്ഞ കല്ലിനെ* (മത്താ 21:42) സംരക്ഷിക്കാനായി ഒരു കല്ലിന്മേൽ മറ്റൊരു കല്ല് വയ്ക്കപ്പെട്ടു. മനുഷ്യകരങ്ങൾ കൂടാതെ വേർപെട്ട കല്ലിനെ[87] സംരക്ഷിക്കാനായിരുന്നു മനുഷ്യകരങ്ങൾ ഉയർത്തിവച്ച കല്ല്. യാക്കോബ് തലയിണയായി വച്ച കല്ലിനെ സംരക്ഷിക്കാനായി വച്ച ഈ കല്ലിന്മേൽ മാലാഖ ഇരുന്നു.[88] വിശ്വാസികളെ തന്റെ മുദ്രയിലൂടെ കാത്തുസൂക്ഷിക്കുന്ന കല്ലിനെ, ഈ കല്ല് അതിന്റെ മുദ്ര

86. ദാനി 6:18; യോഹ 11:36

87. ദാനി 2:34.45

88. ഉല്പ 28:18; മത്താ 28:2.

www.malankaralibrary.com



യോടുകൂടി സംരക്ഷിക്കേണ്ടിയിരുന്നു. ഇപ്രകാരം മൃത്യുകവാടത്തിൽ നിന്ന് ജീവകവാടം പുറപ്പെട്ടു. *എന്തുകൊണ്ടെന്നാൽ ഇതാണ് നമ്മുടെ കർത്താവിന്റെ കവാടം; നീതിമാന്മാർ ഇതിലൂടെ പ്രവേശിക്കുന്നു.*[89] അത് അടയ്ക്കപ്പെട്ടപ്പോൾ, അതിൽ അടയ്ക്കപ്പെട്ടിരുന്നവരെ അതു വിടുവിച്ചു. മരിച്ചവർ അതിന്റെ മരണത്തിലൂടെ ജീവിച്ചു. അതിന്റെ സ്വരത്തിലൂടെ നിശബ്ദർ പ്രഘോഷിച്ചു. അതിന്റെ ഉത്ഥാനത്തിൽ ഭൂമി കുലുക്കം ഉണ്ടായി. കല്ലറയിൽ നിന്നുള്ള അതിന്റെ ബഹിർഗമനം വിജാതീയരെ സഭയിലേക്ക് പ്രവേശിപ്പിച്ചു.

## ഉത്ഥാനം ചെയ്ത കർത്താവും മറിയം മഗ്ദലേനായും

**22.** *മറിയം ആദ്യം കല്ലറയിലേക്ക് പോയി* (യോഹ 20:1). എന്നാൽ അവിടുന്ന് ഉത്ഥാനം ചെയ്തുകഴിഞ്ഞിരുന്നു. അവന്റെ ഉത്ഥാനത്തിന്റെ നാഴിക ആർക്കും അറിയില്ലായിരുന്നു. എന്നാൽ മറിയം അക്കാര്യം ശിഷ്യരെ അറിയിച്ചു; അമർത്യന്റെ ഉത്ഥാന നാഴിക രേഖപ്പെടുത്തുക ഉചിതമല്ലായിരുന്നു. മൂന്നു ദിവസങ്ങൾ പൂർത്തിയാക്കപ്പെട്ടില്ല എന്ന് വാദിക്കാൻവേണ്ടി ചിലർ പറയുന്നു: യൂദാസ് കെട്ടിഞാന്നതിനാൽ (മത്താ 27:6), അനേകർ ഇപ്രകാരം പറഞ്ഞുകൊണ്ട് അവനിൽ കുറ്റം കണ്ടെത്തി: ഇപ്പോഴും ഉയിർക്കാത്തവന്റെ പേരിൽ ഇവനെന്തുകൊണ്ട് ഇവന്റെ ജീവൻ നശിപ്പിച്ചു. അവരുടെ ഇടയിൽ നിന്ന് ഈ ആശയം നീക്കുന്നതിനാണ് കൃത്യസമയത്തിനുമുമ്പ് അവിടുന്ന് ഉത്ഥാനം ചെയ്തത്. കൂടാതെ ശിഷ്യന്മാർ അവനെ ഉപേക്ഷിച്ചെന്നും അവർ പറഞ്ഞിരുന്നു. അവരുടെ നേതാവായ ശെമഓൻ ആണയിടുകയും നിഷേധിക്കുകയും ചെയ്തെങ്കിൽ, അവനെ പിൻചെന്ന മറ്റുള്ളവരും ഇപ്രകാരം ചെയ്തിരിക്കാൻ വളരെയധികം സാധ്യതയുണ്ട് (മത്താ 26:72). അതുകൊണ്ടാണ്, അവർ പരാജിതരാകാതിരിക്കാനായി, ആദ്യമേതന്നെ അവരുടെ ബലഹീനമായ അരൂപിയെപ്പറ്റി അവൻ പ്രസ്താവിച്ചത്. കാരണം, അവൻ കല്ലറയിൽ നിന്ന് പുറത്തുവരുമെന്ന്, അവന്റെ അടുത്ത അനുയായികളായ അവർക്കുപോലും യഥാർത്ഥത്തിൽ ഉറപ്പില്ലായിരുന്നു. ഇതുപോലെ, മുമ്പ് ആരും ചെയ്യാഞ്ഞതിനാൽ, അവന്റെ വിജ്ഞാനം അവരെ സമാശ്വസിപ്പിക്കാൻ പാഞ്ഞെത്തി. അഥവാ *മറ്റൊരു രീതിയിൽ:* അവൻ ക്രൂശിക്കപ്പെട്ട ദിവസംമുതൽ അവന്റെ ഉത്ഥാനം

89. സങ്കീ 118:20.

www.malankaralibrary.com



വരെ, ആരോഹണാവരോഹണ ക്രമത്തിൽ വാസ്തവത്തിൽ മൂന്നു ദിവസങ്ങൾ എണ്ണാൻ കഴിയും. *അഥവാ വീണ്ടും,* അവൻ തന്റെ ശരീരവും രക്തവും കൊടുത്തദിവസം മുതൽ മൂന്ന് സമ്പൂർണ ദിവസങ്ങൾ കണക്കാക്കാവുന്നതാണ്.

**23.** ആദം പാപം ചെയ്യുന്നതിന് മുമ്പുള്ള അവസ്ഥയിലെപ്പോലെ പറുദീസായിൽ പ്രവേശിക്കാൻ തനിക്കു കഴിയുന്നതിനാണ് അവിടുന്ന് തന്റെ വസ്ത്രങ്ങൾ കല്ലറയിൽ ഉപേക്ഷിച്ചത്. ധരിച്ചിരുന്ന വസ്ത്രത്തോടുകൂടി ഉപേക്ഷിക്കേണ്ടിവന്ന സ്ഥലത്തേക്ക് വീണ്ടും പ്രവേശിക്കുന്നതിനുമുമ്പ് അവൻ ഇപ്പോൾ അത് ഉരിഞ്ഞുകളയേണ്ടിവന്നു. അഥവാ, *മറ്റൊരുരീതിയിൽ:* മരിച്ചവരുടെ ഉത്ഥാനത്തിന്റെ രഹസ്യം സൂചിപ്പിക്കാനാണ് അവനത് ഉപേക്ഷിച്ചത്. കാരണം, വസ്ത്രങ്ങൾ കൂടാതെ കർത്താവ് മഹത്ത്വത്തിലേക്ക് ഉത്ഥാനം ചെയ്തതുപോലെ, നമ്മുടെ വസ്ത്രത്തോടു കൂടിയല്ല നമ്മുടെ പ്രവൃത്തികളോടുകൂടിയായിരിക്കും നാമും ഉയിർക്കുക.

**24.** *ഞങ്ങൾ ഉറങ്ങിക്കിടന്നപ്പോൾ അവന്റെ ശിഷ്യന്മാർ അവനെ മോഷ്ടിച്ചു* എന്നുപറയാൻ, കൈക്കൂലി കൊടുത്ത് അവർ അവരെ പ്രേരിപ്പിച്ചു എന്ന സംഗതി, (മത്താ 28:12-13) പാതാളത്തിന്റെ ആഴത്തിൽ നിന്ന് താൻ മരിച്ചവരെ പുറപ്പെടുവിച്ചു എന്ന് തന്റെ ശബ്ദത്തിലൂടെ കർത്താവ് അവരെ അറിയിച്ചു എന്നു കാണിക്കുന്നു. അതുപോലെ തന്റെ ഉത്ഥാനത്തിനു സാക്ഷികളാകാൻ തനിക്ക് കള്ളന്മാരുടെ യാതൊരാവശ്യവും ഇല്ലെന്നും ഇതു കാണിക്കുന്നു. നുണയരിൽ നിന്നുവരുന്ന സത്യം വിശ്വസനീയമല്ലാത്തതിനാൽ, അവിടുന്ന് പിശാചുക്കളുടെ വായടച്ചു കളഞ്ഞു. ആദം പാപം ചെയ്തില്ലായിരുന്നെങ്കിൽ, മനുഷ്യകുലം എങ്ങനെ ജീവിക്കുമായിരുന്നു എന്ന് യഹൂദർ നമ്മോട് വിശദീകരിക്കട്ടെ. അതുപോലെ, അവർ മിശിഹായെ കൊന്നില്ലായിരുന്നെങ്കിൽ, യഹൂദർക്കും വിജാതീയർക്കും മറ്റൊരു രീതിയിൽ ജീവൻ നൽകുവാൻ ദൈവത്തിനു കഴിയുമായിരുന്നു.

**25.** പാപം നിമിത്തമാണ് ആദം മരിച്ചതെങ്കിൽ, പാപം നീക്കിയവനും മരണം വരിക്കുക ഉചിതമാണെന്ന് നമുക്കു പറയാവുന്നതാണ്. *ഇതിൽ നിന്നു ഭക്ഷിക്കുന്ന ദിവസം നീ മരിക്കും* എന്ന് ആദത്തോടു പറയപ്പെട്ടു (ഉല്പ 2:17). അതു ഭക്ഷിച്ചദിവസം അവൻ മരിച്ചില്ല; പിന്നെയോ, തന്റെ മഹത്ത്വം ഉരിഞ്ഞുപോകുകയും പറുദീസായിൽ നിന്നു പുറംതള്ളപ്പെട്ടു

www.malankaralibrary.com



കയും, മരണഭീതിയാൽ അനുദിനം അലട്ടപ്പെടുകയും, ചെയ്തതിലൂടെ, തൻെറ മരണത്തിൻെറ അച്ചാരം അവനു ലഭിച്ചു. അതുപോലെ, മിശിഹാ യിലുള്ള ജീവിതത്തെ സംബന്ധിച്ച്, മരത്തിൻെറ പഴത്തിനു പകരം നാം അവൻെറ ശരീരം ഭക്ഷിക്കുന്നു; ഏദൻ തോട്ടത്തിൻെറ സ്ഥാനത്ത് നമുക്ക് അവൻെറ ബലിപീഠമുണ്ട്. അവൻെറ നിഷ്കളങ്ക രക്തത്താൽ ശാപം കഴുകിക്കളയപ്പെട്ടു; ഉത്ഥാനത്തിൻെറ പ്രത്യാശയിൽ, വരാനി രിക്കുന്ന ജീവിതത്തെ നാം നോക്കിപ്പാർത്തു കൊണ്ടിരിക്കുകയും ചെയ്യുന്നു. നാം ഇപ്പോഴേ പുതിയജീവിതത്തിൽ വ്യാപരിക്കുന്നു; എന്തു കൊണ്ടെന്നാൽ, മിശിഹായുടെ ശരീരവും അവൻെറ ബലിപീഠവും നമുക്ക് നവജീവൻെറ അച്ചാരമാണ്.

**26.** *എന്നെ സ്പർശിക്കരുത്* എന്ന് അവിടുന്നു പറഞ്ഞു (യോഹ 20: 17). ഒന്നാമതായി, ഈ ശരീരം പാതാളത്തിൽ നിന്നുള്ള ആദ്യപുഷ്പ ഫലംപോലെയായിരുന്നു. നമ്മുടെ കർത്താവ് പുരോഹിതൻ എന്ന നിലയിൽ, മനുഷ്യകരത്തിൻെറ സ്പർശനത്തിൽ നിന്ന് സൂക്ഷ്മമായി അതിനെ സംരക്ഷിക്കുകയായിരുന്നു. അത്തരം ഒരു സമ്മാനം സ്വീകരി ക്കാനും ഇതുപോലൊരർപ്പണത്തിന് വില കൊടുക്കാനും കഴിവുള്ള ഏകകരത്തിന് അർപ്പിക്കാൻ ആയിരുന്നു അത്. രണ്ടാമതായി, ഈ ശരീരം ഇപ്പോൾ തന്നെ മഹത്വീകരിക്കപ്പെട്ടെന്നും സൂക്ഷ്മതലത്തി ലായി തീർന്നെന്നും കാണിക്കുന്നതിനായി, ആരും തന്നെ സ്പർശിക്കാൻ അവിടുന്ന് ആഗ്രഹിച്ചില്ല. ചുങ്കക്കാരും പാപികളുംപോലും അവൻെറ പക്കൽ വന്ന് അവനെ സ്പർശിച്ചിരുന്നതിനാൽ, അവൻ 'ദാസനായി രുന്നപ്പോൾ' എല്ലാവർക്കും അവൻെറ മേൽ അധികാരം ഉണ്ടായിരുന്നു (ലൂക്കാ 15;1-2) എന്ന് ഇപ്രകാരം അവൻ അവരെ കാണിച്ചു. എന്നാൽ അവൻ 'കർത്താവായി കഴിഞ്ഞപ്പോൾ' ദൈവത്തോടുള്ള ഭയംപോലെ, എല്ലാവർക്കും അവനെപറ്റിയുള്ള ഭയം ഉണ്ടായി. രാജാക്കന്മാരും പ്രഭു ക്കന്മാരും പോലും ഇതേപ്പറ്റി നമ്മെ ബോധ്യപ്പെടുത്തുന്നു; കാരണം, അവരെ കാണുന്നവർ അവരെ സ്പർശിക്കാൻ ഭയപ്പെടുന്നു.

തന്നെ പിടിക്കാൻ തൻെറ ശത്രുക്കൾക്ക് മേലിൽ ശക്തിയില്ല എന്ന് അവരെയും കാണിക്കാനാണ്, ആരും തന്നെ സ്പർശിക്കാതിരിക്കാൻ കർത്താവ് ആഗ്രഹിച്ചത്. എന്നാൽ സ്നേഹവും ഭക്തിയും എന്ന മറ്റു മാർഗങ്ങളിലൂടെ തൻെറ സ്നേഹിതർക്കു തന്നെ സ്പർശിക്കാൻ കഴിയും. കാരണം, കൗദാശികമായി അവൻെറ ശരീരം ഭക്ഷിക്കുന്നതിലൂടെ, അവർ

www.malankaralibrary.com



ഒരു തരത്തിൽ തൻെറ പീഡാനുഭവത്തിന് അവനെ വീണ്ടും വിധേയനാക്കുകയാണ് ചെയ്യുക. തന്നോടുകൂടി തങ്ങളുടെ ശരീരങ്ങളെ പീഡാനുഭവത്തിന് വിധേയമാക്കുന്നതിന്, തന്നെ ഭക്ഷിക്കുന്നവരെ അവൻ പഠിപ്പിക്കുന്നു. തൻെറ സഹനത്തിലൂടെ അവൻ അവരെ സന്തോഷിപ്പിച്ചതുപോലെ, തങ്ങളുടെ സഹനത്തിലൂടെ അവർ അവനെ സന്തോഷിപ്പിക്കുന്നതിനാണിത്. മറിയം തൻെറ ശരീരത്തിൻെറയും രക്തത്തിൻെറയും കൂദാശ സ്വീകരിക്കാഞ്ഞതിനാലാണ് അവൾ സ്പർശിക്കാൻ നമ്മുടെ കർത്താവ് അനുവദിക്കാഞ്ഞത് എന്നു *മറ്റുചിലരും* പറയുന്നു. യൂദാസിൻെറ കാര്യത്തിൽ എന്നപോലെ, തൻെറ ശത്രുക്കൾക്കു തന്നെ സമീപിക്കാനാവില്ലെന്നു മാത്രമല്ല, മുദ്രകൊണ്ട് അടയാളപ്പെടുത്താഞ്ഞ, മറിയത്തെപ്പോലെയുള്ള സ്നേഹിതർക്കുപോലും തന്നെ സ്പർശിക്കാനാവില്ല എന്ന് വിശദീകരിക്കാനാണ് അവിടുന്ന് ഇതു ചെയ്തത്.

ഹവ്വാ തൻെറ കൈനീട്ടി ഈ ശരീരത്തെ മരണവിധേയമാക്കുകയും എല്ലാത്തരം വേദനകൾകൊണ്ടും അതിനെ കിരീടമണിയിക്കുകയും ചെയ്തതിനാലാണ്, തന്നെ സ്പർശിക്കാൻ കർത്താവ് മറിയത്തെ അനുവദിക്കാഞ്ഞത്; തന്നെ വലത്തുഭാഗത്ത് ഇരുത്തുകയും തൻെറ ഉത്ഥാനത്തിനുശേഷം എല്ലാത്തരത്തിലുമുള്ള നല്ലവസ്തുക്കൾ കൊണ്ടും തന്നെ കിരീടം ധരിപ്പിക്കുകയും ചെയ്ത കരത്തിന് ഈ പ്രത്യേകാനുകൂല്യം അവിടുന്ന് നീക്കിവച്ചു.

**27.** കൂടാതെ, മറിയം വിശ്വസിക്കാഞ്ഞതിനാലാണ് തന്നെ സ്പർശിക്കാൻ അവൻ അവളെ അനുവദിക്കാഞ്ഞത്. കാരണം, അവൻ ഉയിർത്തു എന്നു കേട്ട് അവൾ വന്നു; അവനെ കണ്ടെങ്കിലും *നീയാണോ അവനെ എടുത്തുകൊണ്ടുപോയത്?* എന്ന് അവനോടു ചോദിച്ചു (യോഹ 20:15). അവൾ സംശയിച്ചതിനാൽ, താൻ സത്യമായി ഉത്ഥാനംചെയ്തു എന്ന് അവളെ കാണിക്കാൻ, *ഞാൻ എൻെറ പിതാവിൻെറ പക്കലേക്ക് കയറിപ്പോകുന്നു* എന്ന് അവൻ അവളോടു പറഞ്ഞു (20:17). അവൻ പിതാവിങ്കലേക്ക് കയറിപ്പോകുന്നതിനുമുമ്പ് അവൾ സ്പർശിക്കാനേ പാടില്ല എന്നല്ല; പിന്നെയോ, അവളുടെ സംശയം നിമിത്തം, *ഞാൻ എൻെറ പിതാവിൻെറ പക്കലേക്ക് കയറിപ്പോകുന്നതിനുമുമ്പ് നീ എന്നെ സ്പർശിക്കരുത്* എന്ന് അവൻ അവളോടു പറഞ്ഞു. *നിന്നെ സംബന്ധിച്ച്, നീ വാൾ നീക്കം ചെയ്യും* (ലൂക്കാ 2:35) എന്ന വാചകം പോലെയാണിത്. അതായത്, ഒരു നിഷേധം. തൻെറ ഉത്ഥാനത്തെ അവൾ

www.malankaralibrary.com



സംശയിച്ചതിനാലാണ് തന്നെ സ്പർശിക്കാൻ അവൻ അവളെ തടഞ്ഞതെങ്കിൽ, തോമസ് അവനെപ്പറ്റി സംശയിച്ചെങ്കിലും അവനെ സ്പർശിച്ചത് കാണുക. താഴെപ്പറയുംവിധം നമുക്കിതു വിശദീകരിക്കാം: തൻെറ പീഡാനുഭവത്തിനുമുമ്പേ അതേപ്പറ്റിയും, ഉത്ഥാനത്തിനുമുമ്പേ അതേപ്പറ്റിയും പ്രവചിച്ചതുപോലെ, തൻെറ സ്വർഗാരോഹണത്തെപ്പറ്റിയും മുൻകൂട്ടി പറയാൻ അവിടുന്നാഗ്രഹിച്ചു. *എന്നെ സ്പർശിക്കരുത്* എന്ന് പറയുന്നതിലൂടെ തൻെറ സ്വർഗാരോഹണത്തെപ്പറ്റിയുള്ള പുതിയ വിളംബരംകൊണ്ട് അവിടുന്നു അവളെ നിറച്ചു സമൃദ്ധമായി വർഷിച്ചു: *ഞാൻ എൻെറ പിതാവിൻെറയും നിങ്ങളുടെ പിതാവിൻെറയും എൻെറ ദൈവത്തിൻെറയും നിങ്ങളുടെ ദൈവത്തിൻെറയും പക്കലേക്ക് കയറിപ്പോകുന്നു എന്നു പോയി എൻെറ സഹോദരന്മാരോടു പറയുക. ഞാൻ ഇതുവരെ എൻെറ പിതാവിൻെറ പക്കലേക്ക് കയറിപ്പോയിട്ടില്ലാത്തതിനാൽ എന്നെ സ്പർശിക്കരുത്* (യോഹ 20:17). അവിടുന്ന് ക്ലെയോഫാസിൻെറ കുടുംബക്കാർക്കുവേണ്ടി അപ്പം ആശീർവദിച്ചു. സ്വർഗത്തിലേക്ക് കരേറുന്നതിനുമുമ്പ് തൻെറ ശിഷ്യന്മാരോടുകൂടി ഭക്ഷിച്ചു; തൻെറ പാർശ്വം തോമസിനെ കാണിച്ചു.[90] അപ്പോൾ പിന്നെ, എന്തുകൊണ്ടാണ് തന്നെ സ്പർശിക്കുന്നതിൽ നിന്ന് മറിയത്തെ അവിടുന്നു തടഞ്ഞത്? ഒരുപക്ഷേ *ഇതാ, സ്ത്രീയേ, നിൻെറ മകൻ* എന്നുപറഞ്ഞ് അവളെ തൻെറ സ്ഥാനത്ത് യോഹന്നാനു ഭരമേല്പ്പിച്ചതിനാൽ ആയിരിക്കാം ഇത് (യോഹ 19:26). ആദ്യത്തെ അടയാളം അവളെക്കൂടാതെ അല്ലാതിരുന്നതുപോലെ, പാതാളത്തിൽ നിന്നുള്ള അവൻെറ വരവിൻെറ ആദ്യഫലങ്ങൾ അവളെക്കൂടാതെ അല്ലാതിരിക്കുക ഉചിതമായിരുന്നു. ഇപ്രകാരം, അവൾ അവനെ സ്പർശിച്ചില്ലെങ്കിലും അവൾ സമാശ്വസിപ്പിക്കപ്പെട്ടു.

**28.** *ഞാനെൻെറ പിതാവിൻെറ പക്കലേക്ക് ഇതുവരെ കയറിയിട്ടില്ല.* മറിയത്തിൻെറ കണക്കുകൂട്ടലിന് എതിരായിട്ടാണ് അവിടുന്ന് ഈ മറുപടി പറഞ്ഞതെന്ന് തോന്നുന്നു. താനുടനെ സ്വർഗത്തിലേക്ക് എടുക്കപ്പെടുമെന്നും, അന്ത്യത്തിൽ ശരീരത്തോടുകൂടി തിരിച്ചുവരുമെന്നും അവളോട് വാഗ്ദാനം ചെയ്ത പ്രതിഫലം അവൾക്കു നൽകുമെന്നും ശ്ലീഹന്മാരെ പഠിപ്പിച്ചതുപോലെ, അവൻ അവളെ പഠിപ്പിച്ചിരുന്നു. പെട്ടെന്ന് അവനെ തിരിച്ചറിഞ്ഞപ്പോൾ ആത്മാവിൽ അവൾ ആ രണ്ടാം വരവി

90. ലൂക്കാ 24:30.41-43; യോഹ 21:12-15.

www.malankaralibrary.com



ലേക്ക് സംവഹിക്കപ്പെട്ടു; താൻ സ്വർഗരാജ്യം പ്രാപിച്ചു എന്ന് അവൾ കരുതുകയും ചെയ്തു. അതുകൊണ്ടാണ് *ഞാനെൻെറ പിതാവിൻെറ പക്കലേക്ക് ഇതുവരെ കയറിയിട്ടില്ല* എന്ന് അവൻ അവളോടു പറഞ്ഞത്. കൂടാതെ, അവിടുന്ന് ഒരു പുതിയ പുത്രൻ, പാതാളത്തിൽ നിന്നുള്ള ആദ്യജാതൻ ആയിരുന്നു. പാതാളത്തിലേക്കാണ് എല്ലാ ജനപദങ്ങളും തലമുറകളും കുടുംബങ്ങളും പോയി നശിച്ചിരുന്നത്. അതുകൊണ്ട്, തൻെറ ഉത്ഥാനംകൊണ്ടുമാത്രം ആരും - പിതാക്കന്മാർ മക്കളിലേയ്ക്കോ മക്കൾ പിതാക്കളിലേയ്ക്കോ - മാനസാന്തരപ്പെടുകയില്ലെന്ന് ഈ വാക്കുകളിലൂടെ അവിടുന്ന് കാണിക്കുക കൂടി ചെയ്തു. പിന്നെയോ, പിതാവിൻെറ പക്കലേക്ക് കരുണയിലൂടെ കയറുവാൻ അർഹരായി തീരുന്നതിന് എല്ലാവരും ഇതിലേക്കു മാനസാന്തരപ്പെടും.

**29.** *ഞാൻ എൻെറ പിതാവിൻെറയും നിങ്ങളുടെ പിതാവിൻെറയും, എൻെറ ദൈവത്തിൻെറയും നിങ്ങളുടെ ദൈവത്തിൻെറയും പക്കലേക്കു കയറിപ്പോകുന്നു.* എഴുതപ്പെട്ടിരിക്കുന്നതുപോലെ ഈ വാക്കുകൾ മനസിലാക്കിയാൽ, പിതാവ് ഭൂമിയിലല്ല സ്വർഗത്തിലാണ്. അവൻ ഭൂമിയിൽ ഉണ്ടായിരുന്നെങ്കിൽ എങ്ങനെ അവൻെറ സ്വർഗത്തിലേക്കു കയറിപ്പോകാൻ പുത്രന് കഴിയുമായിരുന്നു? പുത്രൻ സ്വർഗത്തിൽ ഇല്ലാതിരുന്നെങ്കിൽ, പിതാവു ഭൂമിയിലും ഇല്ലായിരുന്നു. *എൻെറ പിതാവേ, നിൻെറ പക്കലേക്കു ഞാൻ വരുന്നു* എന്നാണ് യഥാർത്ഥത്തിൽ അവൻ പറഞ്ഞത്; 'എൻെറ ദൈവമേ' എന്നല്ല. താൻ സത്യമായും പിതാവിൽ നിന്നാണെന്ന് കാണിക്കാൻ, പിതാവിനോടു സംസാരിച്ചപ്പോളെല്ലാം 'എൻെറ പിതാവേ' എന്നാണ് അവൻ പിതാവിനെ വിളിച്ചത്. 'ഞാൻ അവൻെറ പക്കലേക്കു പോകുന്നു' എന്നു പറഞ്ഞുകൊണ്ട് മറിയത്തെ തൻെറ ശിഷ്യരുടെ പക്കലേക്ക് അയച്ചപ്പോൾ, അവനു തുല്യനാണു താൻ എന്നു കാണിക്കാൻ, 'എൻെറ ദൈവം' എന്നാണ് അവൻ അവനെ വിളിച്ചത്. അവൻ ഇതും പറഞ്ഞു: *എൻെറ പിതാവ് എന്നോടുകൂടി ഉള്ളതിനാൽ ഞാൻ തനിച്ചല്ല; ഞാനെൻെറ പിതാവിലും എൻെറ പിതാവ് എന്നിലുമാകുന്നു; ഞങ്ങൾ ഒന്നാകുന്നു; ഞാനെൻെറ പിതാവിൻെറയും നിങ്ങളുടെ പിതാവിൻെറയും എൻെറ ദൈവത്തിൻെറയും നിങ്ങളുടെ ദൈവത്തിൻെറയും പക്കലേക്കു കയറിപ്പോകുന്നു.*[91] 'നമ്മുടെ പിതാവി

91. യോഹ 16:32; 14:11; 10:30; 17:11.

www.malankaralibrary.com



ൻെറയും നമ്മുടെ ദൈവത്തിൻെറയും' എന്നല്ല 'എൻെറ പിതാവിൻെറയും' പിന്നീട്, 'നിങ്ങളുടെ പിതാവിൻെറയും', 'എൻെറ ദൈവത്തിൻെറയും' പിന്നീട് 'നിങ്ങളുടെ ദൈവത്തിൻെറയും' എന്നാണ് അവൻ പറഞ്ഞത്. തുല്യമായ രീതിയിൽ അവൻ ഉത്തരം നൽകിയിരുന്നെങ്കിൽ, ഒരുപക്ഷേ അവർക്ക് എതിർക്കാനുള്ള കാരണം ഉണ്ടാകുമായിരുന്നു. 'എൻെറ പിതാവും നിങ്ങളുടെ പിതാവും, എൻെറ ദൈവവും നിങ്ങളുടെ ദൈവവും': ഇവ രണ്ടും അവിടുത്തെ മനുഷ്യത്വത്തെ കുറിക്കുന്നതാണ്. വചനത്തിൻെറ ദൈവത്വത്തെപ്പറ്റിയല്ല, ദൂരെ പോകുന്ന, അവൻെറ ശരീരത്തെപ്പറ്റിയായിരുന്നു യഥാർത്ഥത്തിൽ അവൻ സംസാരിച്ചുകൊണ്ടിരുന്നത്. അതുപോലെ, അവർ മനുഷ്യരായതുകൊണ്ടാണ് "നിങ്ങളുടെ ദൈവം" എന്ന് അവൻ പറഞ്ഞത്. അതുപോലെ *സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ,* എന്ന് അവൻ പറഞ്ഞത് (മത്താ 6:9) തൻെറ മനുഷ്യത്വത്തിൻെറ ഭാഗത്തു നിന്നാണ്.

## പത്രോസിൻെറ സ്നേഹപ്രഖ്യാപനം

**30.** കർത്താവ് പത്രോസിനോട്, *എന്നെ അനുഗമിക്കുക* എന്നു പറഞ്ഞു (യോഹ 21:19). അവൻെറ മരണത്തെപ്പറ്റിയാണ് അവിടുന്ന് ഇപ്രകാരം പറഞ്ഞത്. *അവൻ തിരിഞ്ഞ് മറ്റേ ശിഷ്യനെ കണ്ടപ്പോൾ, കർത്താവിനോട് ചോദിച്ചു: കർത്താവേ, ഇവൻെറ കാര്യം എന്ത്? അവൻ അവനോടു പറഞ്ഞു: അതിൽ നിനക്കെന്തു കാര്യം?* (21:20-22). മറ്റേ ശിഷ്യൻ തൻെറകൂടെ വരുവാൻ കർത്താവ് അനുവദിക്കണമെന്ന് അവൻ ആഗ്രഹിച്ചതുകൊണ്ടു മാത്രമാണ് ശെമഓൻ ഇതു പറഞ്ഞത്. തൻെറ പിതാവിനെപ്പോലെ, മരണത്തിന്മേൽ തനിക്കധികാരം ഉണ്ടെന്ന് ശെമഓൻെറ അഭ്യർത്ഥനയിലൂടെ നമ്മുടെ കർത്താവ് പഠിപ്പിച്ചു. *ഞാൻ ആഗ്രഹിക്കുന്നെങ്കിൽ* എന്ന് കർത്താവ് പറയുകതന്നെ ചെയ്തു. എന്നാൽ അവിടുന്ന് അത് ആഗ്രഹിച്ചില്ല. തൻെറ മരണത്തിൻെറ വിജയംകൊണ്ട് അവരെല്ലാവരും കിരീടം ധരിപ്പിക്കപ്പെടുന്നതിനായിരുന്നു അത്.

## യേശുവിൻെറ മരണത്തിൻെറ രക്ഷാകര സ്വഭാവം

**31.** നമ്മുടെ കർത്താവ് എല്ലാ ജനങ്ങൾക്കും എല്ലാമാണെന്ന് സൂചിപ്പിച്ചുകൊണ്ട്, തൻെറ നാമത്തിൻെറ പ്രതീകമായി തൻെറ ശിഷ്യന്മാർക്ക് തൈലം നൽകി. അതുല്യമാണെങ്കിലും, എല്ലാ വിളക്കുകൾക്കും അവൻ

www.malankaralibrary.com



വെളിച്ചം നൽകുകയും അന്ധകാരത്തെയും അതിന്റെ പ്രവൃത്തികളെയും ദൂരെ ഓടിക്കുകയും ചെയ്തു.[92]

**32.** പ്രവാചകന്മാർക്കോ പുരോഹിതന്മാർക്കോ നീതിമാന്മാർക്കോ രാജാക്കന്മാർക്കോ വീട്ടാൻ കഴിയാത്തവണ്ണം അത്ര വലുതായിരുന്നു നമ്മുടെ കടം. അതുകൊണ്ട്, എല്ലാറ്റിന്റേയും കർത്താവിന്റെ പുത്രൻ ആഗതനായപ്പോൾ, സർവശക്തനാണെങ്കിലും തന്റെ അമ്മയുടെ ഉദരത്തിൽ വച്ചോ തന്റെ ജനനത്താലോ തന്റെ സ്നാനത്താലോ അവിടുന്ന് നമ്മുടെ കടം വീട്ടിയില്ല. തന്റെ മരണം നമ്മുടെ കടത്തിന് പരിഹാരമാകുവാൻവേണ്ടി താൻ കുരിശിന് കയ്യാളിക്കപ്പെടുകയും മരണം ആസ്വദിക്കുകയും ചെയ്യുന്നതുവരെ അവിടുന്നു കടം വീട്ടിയില്ല. യാതൊരു സൃഷ്ടിക്കും വീട്ടാൻ കഴിയാതിരുന്ന ആ കടം അതിലൂടെ അവിടുന്ന് വീട്ടി.

**33.** മരണത്തിന് വിധേയരായവരിൽ നിന്ന് ജീവന്റെ അച്ചാരം എടുക്കപ്പെട്ടതിനാൽ, പ്രകൃതിയുടെമേൽ ഭരണം നടത്തിയ മരണം തന്നെയും പ്രകൃതിയിൽ നിന്ന് എടുക്കപ്പെട്ടു (റോമാ 5:14). താഴ്ന്നതരം സൃഷ്ടികളിൽ നിന്നു പിടിക്കപ്പെട്ട തടവുകാരനെപ്പോലെ, അവൻ പ്രകൃതിയെ തന്റെ വലത്തുഭാഗത്തിരുത്തി. തന്റെ സ്വന്തം പ്രകൃതിയിൽ നിന്ന് പുറപ്പെടുന്ന, ജീവന്റെ അച്ചാരമായ ആശ്വാസപ്രദ റൂഹായെ സുനിശ്ചിതമായ അച്ചാരമായി അവൻ അവർക്ക് അയച്ചുകൊടുത്തു. പാപത്തിന്റെ അടിമത്തത്തിൽ നിന്ന് നാം വിടുവിക്കപ്പെട്ടെങ്കിൽ ഒരു ദാസനിലൂടെയാണോ നാം വിടുവിക്കപ്പെട്ടത്? അല്ല, കാരണം, ദാസന്മാർ മറ്റു ദാസന്മാരാൽ സ്വതന്ത്രരാക്കപ്പെടുന്നില്ല. അതുകൊണ്ട്, രണ്ട് അത്ഭുത കർമങ്ങൾ ശ്രദ്ധിക്കുക. ഭാഷകൾ വിഭജിച്ചതാരാണ്? പിതാവ്. ഭാഷകൾ ഭിന്നിച്ചവർ പാപികളായിരുന്നോ നീതിമാന്മാരായിരുന്നോ? പാപികൾ. ആത്മാവ് അയയ്ക്കപ്പെട്ടപ്പോൾ പാപികൾ ആരുടെ പക്കലേക്കാണ് വന്നത്? ശ്ലീഹന്മാരുടെ. അവർ നീതിമാന്മാരായിരുന്നില്ലേ? തീർച്ചയായും അതേ. അപ്പോൾ, എങ്ങനെയാണ് പിതാവ് പാപികളുടെയും ആത്മാവ് നീതിമാന്മാരുടെയും ശ്ലീഹന്മാരുടെയും ഭാഷകൾ വിഭജിച്ചത്?[93] അതുകൊണ്ട് ആത്മാവിന്റെ പ്രവൃത്തി പിതാവിന്റേതിനെക്കാൾ വലുതും ശ്രേഷ്ഠവുമാണ്.

---

92. അർമേനിയൻ പതിപ്പിൽ തുടർന്ന് നീണ്ടു വിവരണം ഉണ്ട്.

93. ഉല്പ. 11:1-9; നട 2:1-11.

www.malankaralibrary.com



കർത്താവ് നമ്മുടെ ശരീരത്തെ തന്നോടുകൂടി ഉയിർപ്പിച്ചു; അവൻ തൻെറ മനുഷ്യകുലത്തിൻെറ സംരക്ഷകനായിരിക്കുന്നതിനും, താഴ്ന്ന തരം സൃഷ്ടികൾ തന്നിലൂടെ സ്വർഗീയരാജാവിൻെറ ഭവനത്തിൽ അംഗീകരിക്കപ്പെടുന്നതിനും ആയിരുന്നിത്. കാരണം, നമ്മുടെ ശരീരത്തിലൂടെയാണ് ഈ ദൈവത്വം നമ്മുടെ പക്കലേക്ക് കൊണ്ടുവരപ്പെട്ടത്.

# 22

## ഉത്ഥാനം ചെയ്ത കർത്താവ് തൻെറ ശിഷ്യരെ ചുമതലപ്പെടുത്തുന്നു

**1.** *എന്നാൽ എൻെറ പിതാവിൻെറ വാഗ്ദാനം ലഭിക്കുന്നതുവരെ നിങ്ങൾ ജറുസലേമിൽ പാർക്കുവിൻ.*[94] ഇത് യോയേൽ പറഞ്ഞതിനെ സൂചിപ്പിക്കുന്നു. *നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; രക്തത്തിൻെറയും അഗ്നിയുടെയും അടയാളങ്ങൾ* (3:13). അവൻെറ ക്രൂശാരോഹണം നിമിത്തം *രക്തം;* ഭാഷകളുടെ *അഗ്നി.* പെരുന്നാളിനു വന്ന ജനക്കൂട്ടം നമ്മുടെ കർത്താവിൻെറ മരണത്തിനുശേഷം ദുഃഖിതരായിപോയതിനാൽ, ആടിയുലഞ്ഞുകൊണ്ടിരുന്ന അവരുടെ വിശ്വാസത്തെ ഉറപ്പിക്കാൻ അവൻ തൻെറ പണിക്കാരെ അയച്ചു; ക്ഷീണിച്ച അവരുടെ അരൂപിയെ ബലപ്പെടുത്താൻ അവൻ തൻെറ ബലിഷ്ഠസ്തംഭങ്ങളെ അയച്ചു (ഗലാ 2:9). കുരിശിലുള്ള അവൻെറ ശരീരത്തോടുകൂടി വാർന്നുപോയി എന്നു തോന്നിയ ആ ശക്തി അവൻെറ ശിഷ്യന്മാരിൽ ജനക്കൂട്ടം ദർശിച്ചു. കൊല്ലപ്പെട്ട യേശുവിൻെറ നാമം, മരിച്ചവരെ ഉയർപ്പിക്കുന്നത് കണ്ടപ്പോൾ, അവൻെറ ജീവനേക്കാൾ കൂടുതൽ പ്രധാനപ്പെട്ടതാണ് അവൻെറ മരണമെന്ന് അവർക്കു തോന്നി. തൻെറ ജീവിതകാലത്ത് അവൻ തന്നെയാണ് മരിച്ചവരെ ഉയർപ്പിച്ചിരുന്നത്; എന്നാൽ അവൻ മരിച്ചു എന്ന് കരുതപ്പെട്ടപ്പോൾ, മരണത്തെ സംബന്ധിച്ച് തന്നെയും മരിച്ചവൻെറ നാമം അത്ഭുതങ്ങൾ പ്രവർത്തിച്ചു തുടങ്ങി. മരിച്ചപ്പോൾ അവൻെറ നാമം മരണത്തെ കീഴ്പ്പെടുത്തിയെങ്കിൽ, തൻെറ ജീവനുള്ള ശക്തിക്കു മുമ്പിൽ മരണത്തിന് എങ്ങനെ നിൽക്കാൻ കഴിയും എന്ന് കാണിക്കുന്നതിനായിരുന്നു ഇത്.

---

94. ലൂക്കാ 24:49; നട 1:4

www.malankaralibrary.com



**2.** ....[95]

## സത്യദർശനത്തിനും വിജ്ഞാനത്തിനുമുള്ള ഉപദേശം

**3.** സത്യത്തിൻെറ അതിർവരമ്പുകളിൽ തങ്ങിനിൽക്കുന്നവരുണ്ട്; അതിൻെറ ശക്തികൊണ്ട് അവരെ വീഴാൻ അത് അനുവദിക്കുന്നില്ല. ബാഹ്യമായി ചർച്ചകളെ തടസ്സപ്പെടുത്തുന്ന വാക്കുകളുടെ ശക്തിയെ നീ തേടരുത്. മറിച്ച്, അവയുടെ അർത്ഥത്തിലാണ് ശ്രദ്ധിക്കേണ്ടത്; അവ എങ്ങനെ പൂർത്തീകരിക്കപ്പെടുന്നെന്നും, അവ ആരെ സുചിപ്പിക്കുന്നു എന്നും. എതിർവാദങ്ങളിൽ ആശ്രയം തേടരുത്; പിന്നെയോ, അവയുടെ ശരിയായ ബോധ്യത്തിൽ. അതായത്, വെളിപ്പെടുത്തപ്പെട്ട രഹസ്യങ്ങളിലുടെ അവയുടെ നിഗുഢരൂപം കാണിക്കുന്നതിന്, മിശിഹായുടെ അവയവങ്ങളെ ആത്മാവ് വേർതിരിച്ച ഉടമ്പടിയിൽ. കാരണം, ചെറിയ കാര്യങ്ങളിലൂടെ ആത്മാവ് മഹാസംഗതികൾ സൂചിപ്പിച്ചു; വെളിപ്പെടുത്തപ്പെട്ടവയിലൂടെ നിഗുഢകാര്യങ്ങൾ വെളിപ്പെടുത്തി. അത് സമയങ്ങൾ സൂചിപ്പിച്ചു, സംഖ്യകൾ കാണിച്ചു. നാഴികകൾ ക്രമീകരിച്ചു, രഹസ്യം നാമങ്ങളിലും മനസ്സിലാക്കൽ വേർതിരിവുകളിലും വച്ചു. കാരണം, മുൻകാലത്തുള്ളവർ, വാക്കുകളിൽ എന്നതിനേക്കാൾ പ്രവൃത്തികളിൽ വിജ്ഞാനം ദർശിച്ചു, ആരവാരത്തിലെന്നതിനേക്കാൾ നിശബ്ദതയിൽ മനസിൻെറ മഹത്ത്വം കണ്ടു.

**4.** ദൈവത്തോടെന്നപോലെ ശുദ്ധതയെ ബഹുമാനിക്കുക; നീ നന്മ ചെയ്യുമ്പോൾ, അതു നല്ലതാണെന്നും, അഭക്തകാര്യങ്ങൾ ചിന്തിക്കുമ്പോൾ, നീ ചീത്തയായി ചിന്തിക്കുന്നെന്നും അറിയുക. നീ ചിന്തിക്കുന്ന എല്ലാക്കാര്യങ്ങളും സംബന്ധിച്ച് നീ അവ ചെയ്യുന്നില്ലെങ്കിലും, അതിലുള്ള തിന്മ നിൻെറ അരുപിയിൽ എഴുതപ്പെട്ടുകഴിഞ്ഞു; അതുപോലെ നല്ല വസ്തുക്കളുടെ പ്രതീകങ്ങളും നിന്നിൽ എഴുതപ്പെടുന്നു. ദൈവത്തിൻെറ മനസുപോലെയാണ് നല്ല മനുഷ്യർ. ബുദ്ധിമാൻ തൻെറ ഉപദേശങ്ങളാൽ, തന്നെ ആവശ്യമുള്ളവർക്കെല്ലാം ഒരു പ്രവാചകനാണ്. സത്യം ഉപേക്ഷിച്ച്, സത്യാഭാസത്തിൽ അഭയം തേടിയവൻ, ആ അഭയത്താൽ തന്നെ മരണത്തിനു കയ്യാളിക്കപ്പെടും. സംരക്ഷിക്കാൻ കഴിയാത്ത സമ്പത്ത് ദൈവത്തോടാവശ്യപ്പെടരുത്; കാരണം, ദൈവദാനങ്ങൾ മോഷ്ടിക്കപ്പെടാവുന്നവയല്ല.

---

95. അർമേനിയൻ പതിപ്പിൽ തുടർന്ന് നീണ്ട വിവരണം ഉണ്ട്.

www.malankaralibrary.com



അവിടുത്തെ വിജ്ഞാനത്താൽ ഉചിതമായത് നീ ഗ്രഹിക്കുന്നതിനും, തൻെറ ഇച്ഛയാൽ കല്പനയിലുള്ളത് യാഥാർത്ഥ്യമാകുന്നതിനും നിൻെറ ആത്മാവിനെ ഉത്തേജിപ്പിക്കുക. ദുഷ്ടരെ പ്രസാദിപ്പിക്കുന്നവൻ അവരെക്കാൾ ദുഷ്ടനാണ്. അശുദ്ധവാക്കുകൾ പൊള്ളയായ ശബ്ദവും കോലാഹലവും മാത്രമാണ്. *വാക്കുകളുടെ ബഹുത്വം കുറ്റമറ്റതായിരിക്കുകയില്ല* (സുഭാ 10:19). ശിക്ഷണരാഹിത്യത്തിൻെറ അടയാളമാണ് വാക്കുകളുടെ ബഹുത്വം. എല്ലാ നന്മകളിലും കാമ്യമായത് എന്താണെന്ന് ചില ശിഷ്യന്മാർ തങ്ങളുടെ ഗുരുവിനോടാരാഞ്ഞു. അവൻ അവരോടു പറഞ്ഞു: വിജ്ഞാനം; കാരണം, എല്ലാ വസ്തുക്കളും അപഹരിക്കപ്പെടാം. എല്ലാറ്റിനും അതിൻെറ എതിരായവയുമുണ്ട്. സമ്പത്തിൻെറ എതിരാണ് ദാരിദ്ര്യം; സ്നേഹത്തിനെതിരാണ് മരണം; മഹത്ത്വത്തിനെതിരാണ് അവമാനം; ശക്തിക്കെതിരാണ് ബലഹീനത. എന്നാൽ ആത്മാവിൻെറ മഹത്ത്വം, കാണപ്പെടുന്നിടത്തെല്ലാം വിശ്വസനീയമാണ്. ധനത്തെ പ്രതിയുള്ള ക്ലേശങ്ങളിൽ അത് ധനവാന്മാരെ ആശ്വസിപ്പിക്കുന്നു; ആവശ്യങ്ങളുടെ ബുദ്ധിമുട്ടുകളിൽ ദരിദ്രരെ സമാശ്വസിപ്പിക്കുന്നു; വൃദ്ധരെ ശക്തിപ്പെടുത്തുന്നു; കുട്ടികളെ പരിശീലിപ്പിക്കുന്നു; യുവജനങ്ങളെ ശുദ്ധതയിൽ സംരക്ഷിക്കുന്നു. എത്രതവണ അപകടത്തിൽ പെട്ടാലും, ഒരു തടിക്കഷണം ഉപയോഗിച്ച് രക്ഷപെടാൻ അതു പരിശീലിച്ചിരിക്കുന്നു. കാരണം, എല്ലാറ്റിന്മേലും വിജയം വരിക്കുന്ന സുകൃതമാണിത്.

## ദൈവത്തിൻെറ കരുണയും ശക്തിയും സംബന്ധിച്ചുള്ള വിചിന്തനം

**5.** ദൈവത്തിൽ നിന്നുള്ള കർത്താവ്, എളിമയോടും കൃപാപൂർണതയോടും കൂടിയുള്ള തൻെറ പ്രഥമാഗമനത്തിൽ നമ്മെ പഠിപ്പിച്ചതുപോലെ, നമ്മുടെ പ്രയാസങ്ങൾ ദൈവത്തിന് എളുപ്പമാണ്; നമുക്ക് അസാധ്യമായവ ദൈവത്തിന് നിസ്സാരമാണ്. നമ്മുടെ ഇച്ഛ പ്രകാശിതമാകുന്നതിനനുസൃതം അവിടുന്ന് നമ്മുടെ പക്കലേക്കു ചെവി ചായിക്കുകയും തൻെറ ദാനങ്ങൾ നമുക്കു നൽകുകയും ചെയ്യുന്നു. അതുകൊണ്ട്, നമുക്ക് അപേക്ഷിക്കാൻ കഴിയുന്നതിലുപരിയാണ് നമ്മുടെ യാചനകളുടെ എണ്ണം എന്ന് അവൻ എന്നെ പഠിപ്പിച്ചു. എല്ലാ നിക്ഷേപങ്ങളെയും ഉല്ലംഘിക്കുന്ന സ്നേഹമാണ്, നമ്മുടെ പദബാഹുല്യമല്ല

www.malankaralibrary.com



കേൾക്കപ്പെടുന്നത് എന്ന്, *തങ്ങളുടെ പ്രാർത്ഥനകൾ ദീർഘിപ്പിക്കുകയും അത്യാർത്തി വർധിപ്പിക്കുകയും ചെയ്യുന്ന ഫരിസേയരുടെയും നിയമജ്ഞരുടെയും* ദൃഷ്ടാന്തംകൊണ്ട് എന്നെ പഠിപ്പിക്കുന്നതിലൂടെ അവിടുന്ന് കാണിച്ചിരിക്കുന്നു (മത്താ 23:14).

ഈ പ്രാർത്ഥനകൾ തൻെറ മുമ്പാകെ വരികതന്നെ ചെയ്യും എന്ന് കാരുണ്യവാൻ തന്നെപ്പറ്റി നിശബ്ദനായി എന്നെ പ്രബോധിപ്പിച്ചു. തൻെറ വാക്കുകളുടെ മിതത്വം നിമിത്തം അവൻ ചുങ്കക്കാരനെ ന്യായീകരിച്ചു; അനുതപിക്കുന്നവരിൽ സന്തോഷിക്കുന്ന മാലാഖമാരാൽ അനുഗതനായി സ്തുതികളോടുകൂടി അവർ അവനെ ദേവാലയത്തിൽ നിന്ന് പുറത്തേക്ക് ആനയിച്ചു (ലൂക്കാ 18:9-14: 15:7.10). അവൻ സക്കായിയെ വിളിച്ചു; അവിടുത്തെ സ്വരത്തിൻെറ മുഴക്കം അവൻെറ ഉള്ളിൽ മത്തുപോലെയായിരുന്നു. അവിടുന്ന് അവനെ അത്തിമരത്തിൽനിന്നു താഴെയിറക്കി; അഥവാ, പ്രതീകാത്മകമായി അവൻെറ ദുസ്വഭാവത്തിൽ നിന്ന്; അത്തിമരം അതിൻെറ പ്രതീകമായിരുന്നു. അവിടുത്തെ സ്വരം സക്കായിയുടെ പാപങ്ങൾക്ക് അറുതി വരുത്തി; അവൻെറ ദുഷ്ടതയ്ക്ക് അറുതി ഇല്ലായിരുന്നു(ലൂക്കാ 19:1-10). ബർ തീമായിയുടെമേൽ തൻെറ കാരുണ്യം ചൊരിഞ്ഞതും അവിടുന്നാണ്. അവൻെറ ക്ലേശവും അവന് ലഭിക്കാൻ പോകുന്ന സഹായവും അവൻെറ നിരന്തരനിലവിളി വിളിച്ചറിയിച്ചു (മർക്കോ 10:46-52). താൻ എടുത്ത പ്രത്യൗഷധംമൂലം തൻെറ മുറിവുകൾക്ക് താൻതന്നെ വൈദ്യനായി തീർന്ന ആ പാപിനിയെ പോലെയായിരുന്നു അത് (ലൂക്കാ 7:36-50). എല്ലാ വേദനകളെയും സുഖപ്പെടുത്തുന്ന തൻെറ ക്ഷമ എല്ലാറ്റിലും കൂടിക്കലർത്തുന്നവൻെറ പക്കലേക്ക് അവൾ അടുത്തുചെന്നു.

**6.** അവൻ നീതിമാന്മാരെ സ്നേഹിക്കുകയും പാപികളോട് അനുകമ്പ കാട്ടുകയും ചെയ്യുന്നു. നല്ലവരെ അവൻ നിഷ്കളങ്കരായി കരുതുകയും ദുഷ്ടരിൽ നിന്ന് അവരെ സംരക്ഷിക്കുകയും ചെയ്യുന്നു. പാപികൾക്കു വേണ്ടി നീതിമാന്മാരോട് അവൻ വാദിക്കുന്നു. തുടർച്ചയായി അധ്വാനിച്ചവർ തൊഴിൽരഹിതർക്കെതിരെ പിറുപിറുത്തു. കാരണം, ഇരുകൂട്ടരുടെയും വേതനം ഒരുപോലെയായിരുന്നു. എന്നാൽ അവരുടെ അധ്വാനം ഒരുപോലെ ആയിരുന്നില്ല. ആദ്യം കൂലി ലഭിച്ചവർക്കെതിരെ പിന്നെ കൂലി ലഭിച്ചവർ പിറുപിറുത്തപ്പോൾ, അവൻ അത് അവർക്കെതിരെ പ്രയോഗിച്ചു. അവർക്കു പ്രത്യേക പരിഗണന ലഭിച്ചില്ലെങ്കിലും, താൻ

www.malankaralibrary.com



അവരെ വഞ്ചിച്ചില്ലെന്ന് അവൻ അവരോടു വ്യക്തമാക്കി (മത്താ 20: 8-16). അവർ തങ്ങളുടെ സ്വന്തം മഹത്ത്വം തേടിയതിനാലത്രേ അവന് അവരോട് അനുകമ്പ ഇല്ലാതെ പോയത്. അർഹമായ നീതി നിഷേധിക്കാതിരിക്കാനായിരുന്നിത്. അതായത്, നീതിപ്രകാരം പ്രതിഫലം ലഭിച്ചവരെ കൃപനിമിത്തം പ്രതിഫലം ലഭിച്ചവരിൽ നിന്ന് വേർതിരിക്കാൻ.

അതുകൊണ്ട്, ബലഹീനർക്കുവേണ്ടി, കുറ്റമറ്റവൻ തന്നെ നീതിക്കപ്പുറത്തേക്കു കടക്കുക ഉചിതമായിരുന്നു. കൃപ കുറ്റം വിധിക്കാത്തത് ചെയ്യുക എന്നത് വിവേകിയുടെ ലക്ഷണവുമായിരുന്നു. ദൈവം കുറ്റപ്പെടുത്തുകയും കൊല്ലുകയും ചെയ്യുന്നെങ്കിൽ, അവിടുത്തേക്ക് ചീത്ത പ്രകൃതി ഉണ്ടെന്നു വരുമോ? ഒരിക്കലുമില്ല. അഥവാ, അവിടുന്ന് കാരുണ്യവാനും സ്നേഹനിധിയുമാണെങ്കിൽ, അനീതിയാണ് അവനെ പ്രേരിപ്പിച്ചതെന്നു വരുമോ? അവൻ വിധിക്കുമ്പോൾ, ഒരുപക്ഷേ വ്യക്തി പ്രായശ്ചിത്തം ചെയ്തേക്കും എന്നു കരുതി തനിക്കറിവില്ല എന്നവിധം അവൻ സംശയഗ്രസ്തനായിരിക്കുമോ? എന്നാൽ അവിടുന്ന് സഹതാപവും കാരുണ്യവും കാണിക്കുന്നെങ്കിൽ, അവൻ പിന്തിരിയുമോ എന്നു കരുതി ദൈവത്തിന് തിരിച്ചറിയാൻ കഴിവില്ല എന്നവിധം ഭയത്താൽ പ്രേരിതനാകുന്നില്ല. എന്നാൽ അവിടുത്തേയ്ക്കു മുന്നറിവുള്ളതിനാൽ, അത് അവൻെറ നന്മയുടെയും നീതിയുള്ള ഇച്ഛയുടെയും ശുശ്രൂഷയ്ക്കുള്ള ഉപകരണമായിത്തീരുന്നു. അവിടുന്നു വിധിക്കുമ്പോഴും, കരുണ കാണിക്കുമ്പോഴും, ഇവയുടെ ഫലം തൻെറ മുമ്പിൽ പ്രകാശിക്കും. കാരണം, ഈ ലോകത്തെ അളന്നവൻ ഇതേപ്പറ്റി ചിന്തിക്കാതിരിക്കുന്നില്ല; നാം ഓരോരുത്തനോടും കൂടി വേദനിക്കുന്നവൻ ആണ് അവിടുന്ന്. അതായത്, വ്യക്തിപരമായി നാം ഓരോരുത്തനോടുംകൂടി. എന്നാൽ പനിപിടിച്ച ഒരാളിൻെറ അസ്വസ്തതയിൽ നാം വേദനിക്കുന്നതുപോലെ. ഈ വേദന അറിവിലൂടെ മാത്രം ഉള്ളതാണ്. അതേപ്പറ്റിയുള്ള അറിവിലൂടെമാത്രം നാം അവനോടുകൂടി സഹിക്കുന്നു.

www.malankaralibrary.com


# പ്രാർത്ഥനകൾ

ദൈവകാരുണ്യത്തോടുള്ള ഗീതം

**1.** കർത്താവേ, ഞങ്ങളുടെ ഉള്ളിൽ ഞങ്ങൾക്കെതിരെ ആന്തരിക സംഘട്ടനം ഉണ്ടാകുമ്പോൾ, നിന്റെ ആത്മീയസഹായത്തിന്റെ കവാടം തുറക്കപ്പെടുന്ന, നിന്റെ കാരുണ്യത്തിനനുസൃതം താഴെപ്പറയുന്നതു ഞങ്ങൾക്കു വ്യക്തമാകുന്നു: പോരാട്ടം നടത്തുന്നവർ നിന്റെ ശക്തിയിലൂടെയാണ് അപ്രകാരം ചെയ്യുന്നത്; വിജയിക്കുന്നവർ നിന്റെ ഇച്ഛയാലാണ് വിജയിക്കുന്നത്. ഞങ്ങൾ ഇന്ദ്രിയങ്ങളുള്ള പാത്രങ്ങളാണ്; അവയുടെ സ്രഷ്ടാവിന്റെ വിജയകിരീടം മെടയപ്പെടുന്നത് അവയുമായുള്ള പോരാട്ടത്തിലൂടെയാണ്.

എന്നാൽ നാം അവയുടെ പിത്തലാട്ടത്തിന്റെ തടവുകാരാകാതിരിക്കാൻ, ദൈവവുമായുള്ള ഒരുതരം ഉടമ്പടിയിലൂടെയല്ലാതെ, ഇതു ഗ്രഹിക്കാനാവില്ല. കാരണം, നമ്മുടെ മനപ്പതർച്ചയിലൂടെ, ലക്ഷ്യമില്ലാതെ നാം അലഞ്ഞുതിരിയാതിരിക്കാനായി, നമുക്ക് ഇതാവശ്യമാണ്. മറിച്ച്, നിർബന്ധം കൂടാതെ നമ്മെ നിയന്ത്രിച്ചുകൊണ്ടും, നമ്മുടെ ആത്മീയോന്നതിക്കു നമ്മെ പ്രേരിപ്പിച്ചുകൊണ്ടും ദൈവസ്നേഹം ഒന്നിച്ചു നമ്മുടെമേൽ നിപതിക്കട്ടെ. കാരണം, നമ്മുടെ തെറ്റുകുറ്റങ്ങൾ തന്റെ മഹത്ത്വത്തിനായി ക്ഷമിക്കാൻ അവൻ തികച്ചും കഴിവുറ്റവനാണ്; അവന്റെ ആധിപത്യം കുറ്റമറ്റതാണ്. നമ്മുടെ സ്വന്തം നേട്ടത്തെ പ്രതിയല്ല നാമിതു പറയുന്നത്; നമ്മുടെ കർത്താവിന്റെ കവാടത്തിലൂടെ ആത്മീയ സഹായം തേടുന്നതിൽ നാം ലജ്ജിക്കുന്നുമില്ല.

**2.** ഞങ്ങളുടെ നിക്ഷേപം നീ ഞങ്ങൾക്കു തരുന്നതിന് നിനക്കെന്താവശ്യമാണ്? ഞങ്ങളുടെ കാതുകളുടെ ശ്രവണത്തിലൂടെ നിനക്കു ഞങ്ങളുടെ ഇച്ഛയെ അർപ്പിച്ചുകൊണ്ട്, നിന്റെ മനോഹരദാനങ്ങൾ വഹിക്കാൻ ഞങ്ങളുടെ ഹൃദയത്തെ വിശാലമാക്കുകയല്ലാതെ, യഥാർത്ഥത്തിൽ നിനക്കു മറ്റൊന്നും ആവശ്യമില്ല! *ഇതാ എല്ലാം നന്നായിരിക്കുന്നു* എന്ന് നീ പറഞ്ഞപ്പോൾ (ഉല്പ 1:31), നിന്റെ വായുടെ വിജ്ഞാനം നെയ്തെടുത്ത കിരീടങ്ങൾകൊണ്ട് നിന്റെ കർമങ്ങളെല്ലാം പ്രകാശിക്കുന്നു. ഞങ്ങൾ നിന്നെ സ്തുതിക്കുന്നതിനെല്ലാം, ഞങ്ങൾ നിന്നോടു കടപ്പെട്ടവരുമാണ്.

www.malankaralibrary.com



**3.** ആദത്തിൻെറ ജീവിതം നിൻെറ കാരുണ്യത്തിൻെറ അറിയിപ്പുകാരനായിരുന്നു: അവൻെറ അവകാശം ഇല്ലായ്മ ചെയ്യുന്ന അനന്തരാവകാശിയെ എഴുന്നേല്പിക്കുക. നിൻെറ രാജ്യത്തിനുവേണ്ടി തൻെറ ജീവൻ സമർപ്പിച്ചതിനാൽ, മുമ്പിലെന്നപോലെ ഇന്നും നിൻെറ പരിപാലനയ്ക്കെതിരെ മത്സരിക്കാൻ അവൻ പദ്ധതിയിട്ടു. എന്നാൽ അനുതാപത്തിലൂടെ രണ്ടാമതൊരു പ്രാവശ്യം അവനെ സ്വന്തമാക്കാൻ നീ ആഗ്രഹിച്ചു. നിൻെറ കരുണയിൽ, പാതാളത്തിൻെറ ആഴത്തിന് ആദ്യമായി ഹാബേലിനെ ഏല്പിച്ചു. നീതിയിൽ, അതിൻെറ ആഴത്തിൽ നിന്ന് അവനെ പുറത്തേക്കെറിയാൻ അത് നിർബന്ധിതമാകുന്നതിനായിരുന്നു. അങ്ങനെ, എല്ലാവരെയും അടച്ചിട്ടിരുന്ന വാതിൽ അവൻ നിമിത്തം തുറക്കപ്പെടുന്നതിനും, അവരെ സ്വീകരിച്ചുകൊണ്ടിരുന്ന മടിത്തട്ട് ശൂന്യമാകുന്നതിനുമായിരുന്നു അത്. കാരണം, ആദ്യം പാതാളത്തിൽ കടന്നത് ആദമായിരുന്നെങ്കിൽ, അവൻ അത് അർഹിച്ചിരുന്നതിനാൽ, അവൻ എന്നേക്കുമായി അതിൽ കഴിയേണ്ടിവരുമായിരുന്നു. നോഹ നിമിത്തം നോഹയുടെ ഭവനത്തോടും, ലോത്തുനിമിത്തം അവൻെറ പുത്രിമാരോടും നീ ഇപ്രകാരം പ്രവർത്തിച്ചു.[96] തലകുനിച്ച് ദുഃഖാർത്തനായി, പാതാളത്തിൻെറ ആദ്യജാതനും അന്ധകാര രാജകുമാരനുമായി ആദാം അവിടെ സ്ഥിതി ചെയ്യുന്നതിലും ഉചിതം, ഹാബേൽ ധൂപകലശമായി തീരുന്നതായിരുന്നു. മരിച്ചുയിർത്തവരുടെ അനുഗ്രഹങ്ങൾ അതിൽ നിന്നു നിൻെറ പക്കലേക്കുയരാൻ തുടങ്ങി.

**4.** അതുകൊണ്ട്, ഈ സ്ഥലത്ത് നിൻെറ കാരുണ്യം എത്ര സന്തോഷിച്ചു; കാരണം, അതു ഞങ്ങളുടെ എതിരാളികൾക്കുള്ള കടിഞ്ഞാൺ പോലെ ആയിരുന്നു. മുന്നറിവു നിമിത്തം, അനുതപിക്കാൻ കഴിയാത്ത നിൻെറ പദ്ധതി അനുതപിച്ചപ്പോൾ (ഉല്പ 6:6) അതുപോലെ ആയിരുന്നു. കാരണം, എല്ലാ നേട്ടങ്ങളും അവയുടെ പൂർണതയിൽ അതിനു വെളിപ്പെട്ടിരുന്നു; അസ്തിത്വത്തിലേക്കുള്ള അതിൻെറ ആദ്യ വരവിനേക്കാൾ പ്രാധാന്യമേറിയതാണ് അതിൻെറ അന്തിമനേട്ടം. നിൻെറ നീതി സ്ഥാപിച്ച ഡിക്രി റദ്ദു ചെയ്യുന്നതിനും, നിൻെറ സമാശ്വാസത്തിൻെറ പ്രതിഫലമായി, ഒരവശിഷ്ടവും നവീകരണത്തിനുള്ള മട്ടും, മനുഷ്യകുലത്തിൻെറ പുളിപ്പും ഞങ്ങൾക്കു നൽകപ്പെടുന്നതിനുമായിരുന്നു ഇത്.

---

96. ഉല്പ 6:8-19; 19:12-22.

www.malankaralibrary.com


ഞങ്ങൾക്കുവേണ്ടി കൃപ കടന്നു മാധ്യസ്ഥ്യം വഹിക്കാനായി നീ നിൻെറ കൃപയിലേക്കുള്ള കവാടം ഞങ്ങൾക്കായി തുറന്നു. കാരണം, ഞങ്ങളെ കുറ്റപ്പെടുത്തുന്ന നിൻെറ സ്വരം അതു കേട്ടു. എന്നാൽ ഈ കുറ്റപ്പെടുത്തലായിരുന്നു ഞങ്ങളുടെ ഉത്ഥാന കാരണം. കാരണം, *മനുഷ്യരുടെ ചാച്ചിൽ നിരന്തരം തിന്മയിലേക്കാണ്* (ഉല്പ 8:21). നീതിയുടെ വായ് ഞങ്ങളെ സംഹരിക്കാൻ തുറന്നു; എന്നാൽ ഞങ്ങളിൽ കരുണ കാണിക്കാൻ കൃപയുടെ അധരം സുസജ്ജമായിരുന്നു. ഞങ്ങളുടെ സ്വതന്ത്രേച്ഛ നിമിത്തം നീതി ഈ വാക്കുകൊണ്ട് ഞങ്ങളെ വിധിച്ചു; എന്നാൽ ഞങ്ങളുടെ പ്രകൃതിയെപ്രതി കൃപ അതിനെ നേരിടുകയും ഞങ്ങളെ നീതീകരിക്കുകയും ചെയ്തു. കാരണം, *യൗവനംമുതൽ* എന്ന് തിരുലിഖിതം അവിടെ കൂട്ടിച്ചേർത്തു. നമ്മുടെ ജീവിതദൈർഘ്യത്താലല്ല നാം തൻെറ സന്നിധിയിൽ വിധിക്കപ്പെടുന്നത്, പിന്നെയോ, തൻെറ ആഴമായ വിജ്ഞാനത്താൽ, ഈ ലോകത്തിലേക്കു പ്രവേശിക്കുന്നവരെല്ലാം തങ്ങളുടെ പ്രവൃത്തികളാലാണ് അടയാളപ്പെടുത്തപ്പെടുന്നതും മുദ്ര കുത്തപ്പെടുന്നതും അളക്കപ്പെടുന്നതും എന്ന്, തൻെറ സ്നേഹിതരെ നേരത്തെ തെരഞ്ഞെടുത്തവൻ കാണിച്ചിട്ടുണ്ട്.

**5.** ഞങ്ങളുടെ മഹത്ത്വത്തിനായി പുത്രൻ ഞങ്ങളുടെ രൂപം ധരിച്ചപ്പോൾ, മരണത്തിൻെറ ന്യായവിധിക്കായി, ഞങ്ങൾ അവനെ അതിൽ നിനക്കു കാഴ്ചവച്ചു. നിൻെറ നീതി കഠിനമായി തോന്നുന്നെങ്കിലും, അതിൻെറ കടമയുടെ കീഴിൽ ഞങ്ങൾ വയ്ക്കപ്പെട്ടതിലൂടെയും അതിൽ നിന്നുവരുന്ന പ്രതിഫലത്തിലൂടെയും, ഞങ്ങളുടെ പ്രവൃത്തികളുടെ ആഫലം ഞങ്ങൾക്കുവേണ്ടി വർധിക്കുന്നു. പുത്രൻ ഞങ്ങളുടെ സ്വതന്ത്രേച്ഛയെ ദുഷ്ടൻെറ ശക്തിയിൽ നിന്നു സ്വതന്ത്രമാക്കി; അതിനാൽ, സ്വതന്ത്രേച്ഛ അതിലൂടെ അതിൻെറ മഹനീയ കർമങ്ങൾ വെളിപ്പെടുത്താൻ, നിർമാതാവ് സ്ഥാപിച്ച ഒരുപകരണമാണത്. കാരണം, അതിലൂടെ നമ്മുടെ വിജയത്തിൻെറ ശോഭ പോരാട്ടത്തിൽ വർധിക്കുന്നു. ഇത് ഒരു ഉരുക്കുമൂശയാണ്. അതിൻെറ സഹനങ്ങളുടെ പരീക്ഷണങ്ങളിലൂടെ, നാം രാജ്യത്തിന് അലങ്കാരമായിരിക്കാൻ, എല്ലാ സൗന്ദര്യങ്ങളും നിറഞ്ഞ അവസ്ഥയിലേക്ക് അതു നമ്മെ എത്തിക്കുന്നു. നാം എത്രയധികമായി ഈ കാര്യങ്ങൾ തിരിച്ചറിയുന്നുവോ, അത്രയധികമായി നമ്മുടെ ആത്മാക്കളെയും നമ്മുടെ സൂക്ഷ്മദർശിയായ അറിവിനെയും തിരുത്തുന്നു.

www.malankaralibrary.com



6. അയയ്ക്കപ്പെട്ടതും എല്ലാവരിലും വർഷിക്കപ്പെട്ടതുമായ കാരുണ്യം! കർത്താവേ, നിന്നോടുകൂടിയല്ലാതെ ആരോടുകൂടി ഇതു കാണപ്പെടും? നിൻെറ മരണത്തിലൂടെ നീ എല്ലാവരിലും സഹതാപം കാട്ടുന്നു; നീ അത് എല്ലാവരിലും വയ്ക്കുന്നു; നിൻെറ കൊലയാൽ, നീ നിൻെറ കാരുണ്യത്തിൻെറ കലവറ തുറന്നിരിക്കുന്നു; ഒരു പതിവുപോലെ "എൻെറ കർത്താവേ" എന്നു ഞങ്ങൾ പറഞ്ഞാൽപോലും, ഞങ്ങളുടെ വായിൽ നിന്ന് നിൻെറ കർതൃത്വത്തിൻെറ നാമം എടുത്തുമാറ്റരുതേ; പിന്നെയോ, ഞങ്ങളുടെ വായിൽ നിന്നുള്ള സാക്ഷ്യത്താൽ, ഞങ്ങളെ എത്തിപ്പിടിക്കുവാൻ കൂടുതലായി നിനക്കു കഴിയും. കാരണം, നീ എല്ലാവരുടെയും കാഴ്ചയിൽ നിന്ന് മറഞ്ഞിരിക്കുന്നവനാണ്; എന്നാൽ അവരുടെ എല്ലാ പ്രവർത്തനങ്ങളിലൂടെയും എല്ലാവരിലും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. അവിടുത്തെ കർമങ്ങൾ ഞങ്ങൾക്കു നിർമാതാവിനെ വരച്ചുകാട്ടുന്നു; അവൻെറ സൃഷ്ടവസ്തുക്കൾ സ്രഷ്ടാവിനെപ്പറ്റി ഞങ്ങളെ പഠിപ്പിക്കുന്നു; അങ്ങനെ, അന്വേഷിക്കുമ്പോൾ നിഗൂഢനും, എന്നാൽ തൻെറ ദാനങ്ങളിൽ വെളിപ്പെട്ടവനുമായവനെ സ്പർശിക്കാൻ ഞങ്ങൾക്കു കഴിയുന്നു. അവനെ മുഖാമുഖം കാണുക ദുഷ്കരമാണ്; എന്നാൽ, അവനെ സമീപിക്കാൻ എളുപ്പമാണ്.

7. ഞങ്ങളുടെ യാചനകൾക്ക് മധ്യസ്ഥരായിരിക്കാൻ ഞങ്ങളെ സഹായിച്ചുകൊണ്ട്, ഞങ്ങളുടെ വായിൽ വാക്കു തരുന്ന നിന്നെ ഞങ്ങൾ പ്രകീർത്തിക്കുന്നു. തൻെറ അനന്തരഗാമികളോടൊപ്പം ആദം നിന്നെ സ്തുതിക്കുന്നു; അവരെല്ലാം നിൻെറ കൃപയ്ക്കധീനരാണ്. വെള്ളത്തിന്മേൽ ആഞ്ഞടിക്കുമ്പോൾ കാറ്റ് നിന്നെ സ്തുതിക്കുന്നു; ധരയുടെ മൃദുത്വം തുറന്ന് കാലാകാലങ്ങളിൽ ഫലം പുറപ്പെടുവിക്കുമ്പോൾ ധര നിന്നെ പ്രകീർത്തിക്കുന്നു. തിരയടിക്കുമ്പോൾ കടൽ നിന്നെ സ്തുതിക്കുന്നു. വായിലൂടെ എന്നവണ്ണം, അവയുടെ അലയടികൾ തങ്ങളുടെ മേലുള്ള നിൻെറ കർതൃത്വത്തിൻെറ അറിയിപ്പുകാരായി തീരുന്നു. കാറ്റിൽ ആടിയുലയുമ്പോൾ വൃക്ഷങ്ങൾ നിന്നെ സ്തുതിക്കുന്നു. അങ്ങനെ അവയ്ക്ക് ബീജസങ്കലനത്തിനും ഫലം പുറപ്പെടുവിക്കുന്നതിനും കഴിയുന്നു. മഴയും മഞ്ഞും സ്വീകരിക്കുന്ന വിവിധതരം പുൽച്ചെടികളും വിവിധ നിറങ്ങളുള്ള പുഷ്പങ്ങളും നിന്നെ സ്തുതിക്കുന്നു. അവയെല്ലാം ഒത്തുചേർന്ന് അവയുടെ വായ്കൾ ഒത്തുചേർക്കട്ടെ. പരസ്പരം അവ പ്രേരിപ്പിക്കട്ടെ... നിൻെറ സ്തുതികൾ... പണിക്കാരെപ്പോലെ ഇതിനായി അധ്വാനിച്ചുകൊണ്ട്, എല്ലാം നിൻെറ കൃതജ്ഞതയ്ക്കായി

www.malankaralibrary.com



തീരട്ടെ. അതുകൊണ്ട്, പൂർണഹൃദയത്തോടുകൂടെ നിന്റെ പക്കലേക്ക് ഞങ്ങൾ അണയട്ടെ; നിന്റെ പൂർണതയുടെ ഒരംശം ഞങ്ങളിലേക്ക് ഒഴുക്കിയാലും. അങ്ങനെ, മാനസാന്തരപ്പെടുത്തുന്ന നിന്റെ സത്യം ഞങ്ങൾ സ്വന്തമാക്കട്ടെ. അതിലൂടെ നീ ഞങ്ങളെ സ്വന്തമാക്കുകയും ഞങ്ങളുടെ ബലഹീനത നീക്കുകയും ചെയ്യട്ടെ. നിന്റെ ദാനം കൂടാതെ, നിന്നെ സമീപിക്കാൻ ഞങ്ങളുടെ ദാനങ്ങളുടെ നാഥാ, ഞങ്ങൾക്കു കഴിയുകയില്ല.

**8.** ഞങ്ങളുടെ കാരുണ്യവാനായ ഇടയന്റെ സമാധാനപൂർണമായ ചെങ്കോലിൽ നിന്ന് വിദൂരസ്ഥമായി, മരുഭൂമിയിൽ ചെന്നായുടെ ക്രൂരതയ്ക്കായി ഞങ്ങൾ ഉപേക്ഷിക്കപ്പെട്ടതിനാൽ, ഞങ്ങളുടെ സമാധാനാന്തരീക്ഷം താറുമാറായി; ഞങ്ങൾ ദുഃഖഭരിതരായി ... ഇത് യഥാർത്ഥ ശാന്തതയല്ല, കൃത്രിമമായ ഒന്നാണ്; രഹസ്യമായി ആത്മാവിനെ കൊള്ളയടിക്കുകയും പരസ്യമായി ശരീരത്തെ പീഡിപ്പിക്കുകയും ചെയ്യുന്നതാണ്... അതിനുശേഷം ഒരു കഠിനദുഃഖം മനസിന്റെ ഉള്ളറകളിലേക്കു ഇഴഞ്ഞുകയറി അതിനെ നശിപ്പിച്ചു. അതിന്റെ ദാഹത്തിൽ അത് ആത്മാവിനെ ശമിപ്പിക്കുകയും അതിനെ ലഹരികൊണ്ട് നിറയ്ക്കുകയും ദണ്ഡനങ്ങൾകൊണ്ട് അനുതാപത്തിലേക്ക് പ്രേരിപ്പിക്കുകയും ചെയ്തു. നമ്മുടെ ജീവിതത്തിനുള്ള മരുന്നിതാണ്. അതുമായി ബന്ധപ്പെടുത്തി, കർത്താവ് തന്റെ ശരീരത്തെ നമ്മുടെ ശൈശവത്തെ പോഷിപ്പിക്കാനുള്ള മാറിടമായും തന്റെ രക്തത്തെ പാനം ചെയ്യുമ്പോൾ നമ്മുടെ ദാഹത്തെ നീക്കിക്കളയുന്ന കുളമായും ആക്കിയിരിക്കുന്നു. അവന്റെ പൂർണത നമുക്ക് എല്ലാ നല്ല വസ്തുക്കളുടെയും മേശയായി തീർന്നിരിക്കുന്നു.

**9.** ഞങ്ങളുടെ സ്തുതിപ്പുകൾ നിനക്കു ചേരുന്നവയല്ലെങ്കിലും, നിന്റെ ദാനങ്ങൾ സ്വീകരിക്കാൻ മുന്നോട്ടു പോകുവാൻ ഞങ്ങൾക്ക് അവ പ്രയോജനപ്രദമാണ്. ഞങ്ങളുടെ കൃതജ്ഞതാപ്രകടനം നിന്നോടൊന്നും കൂട്ടിച്ചേർക്കുന്നില്ലെങ്കിലും, ഞങ്ങളുടെ ബലഹീനത മറക്കാൻ അതിടയാക്കുന്നു. ഞങ്ങളുടെ പ്രാർത്ഥനാസ്വരം ബലഹീനമാണെങ്കിലും, അതിന്റെ ശക്തി കരുത്തുറ്റതാണ്. കാരണം, അത് ഞങ്ങൾക്ക് നിന്റെ പക്കലേക്കുള്ള കരേറ്റവും നിനക്കു ഞങ്ങളുടെ പക്കലേക്കുള്ള ഇറക്കവുമാണ്. അതു ശക്തിയുള്ളതിനാലല്ല, അതിന് ഈ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നത്; പിന്നെയോ, നീ നിന്റെ സത്തയിൽ നന്മയായതിനാൽ അതിന് നീ ഈ കഴിവു നൽകുന്നതിനാലത്രേ.

www.malankaralibrary.com



**10.** അപക്വമായ കാതുകളെ സൂത്രശാലി സമീപിച്ചു. ആദ്യഫലത്തിന്റെ ഭാവത്തിൽ, താമസിച്ചുണ്ടായ താഴ്ന്നതരം ഫലം അവൻ അവർക്കു നൽകി. ശ്രദ്ധക്കുറവുള്ള ഈ പമ്പരവിഡ്ഢികൾ അവനു കീഴടങ്ങി. സ്വർഗീയജീവികളെ ഭരിക്കുന്നവർ വിശ്രമിക്കുന്നു; എന്നാൽ മത്സരക്കാരെ കീഴടക്കുന്നവർ പോരാട്ടത്തിലാണ്. വ്യക്തമായതിൽ നന്മ തിരിച്ചറിയുന്നവർ വിശ്രമത്തിലാണ്; അവർക്ക് പ്രയോജനം ഉണ്ടാകുന്നു; എന്നാൽ ദൈവസ്വഭാവത്തിന്റെ നിഗൂഢസംഗതികളിലേക്ക് അനാവശ്യമായി ഊളിയിട്ടറങ്ങുമ്പോൾ വൃഥാ അധ്വാനിക്കുകയും മനോഹര സംഗതികളെപ്പറ്റി ക്ലേശിക്കുകയും അത് അവർക്കു പ്രയോജനരഹിതമാകുകയും ചെയ്യുന്നു. ലജ്ജാകരമായ കർമരഹിതത്വത്തെക്കാൾ കൂടുതൽ വിശ്രമത്തിലാണ് മഹനീയമായ ചുമതല വഹിക്കുന്നവർ; ആദ്യകൂട്ടരെ സംബന്ധിച്ച്, അവരുടെ മനസാക്ഷി അവരെ കുറ്റപ്പെടുത്തുന്നു; രണ്ടാമത്തെ കൂട്ടരെ അവരുടെ ശത്രുക്കൾ പോലും പ്രകീർത്തിക്കുന്നു.

## ഭയത്തേക്കാൾ സ്നേഹത്താൽ പ്രേരിതമായ ശിഷ്യത്വം

നിർബന്ധത്താലല്ലാതെ നിയമം പൂർത്തിയാക്കുന്നവർ തെരഞ്ഞെടുക്കപ്പെട്ടവരാണ്; എന്നാൽ നിർബന്ധംമൂലം നിയമം അനുസരിക്കുന്നവർ നിരസിക്കപ്പെടുന്നുമില്ല. ആദ്യത്തെ കൂട്ടർ ഉന്നതസ്ഥാനത്താണെങ്കിൽപോലും മറ്റേകൂട്ടർ മധ്യഭാഗത്താണ്; കാരണം, തങ്ങളേക്കാൾ താണവരേക്കാൾ അവർ ഉയർന്നാണ്.

**11.** ഒന്നാമത്തെ കൂട്ടർ സ്നേഹത്താൽ അടുത്തുവരുന്നു; രണ്ടാമത്തെ കൂട്ടർ ഭയക്കുന്നതിനാൽ പിന്മാറുന്നുമില്ല. ആദ്യത്തെ കൂട്ടർ അഭയം തേടുന്ന സ്നേഹം ദൈവസാന്നിധ്യത്തിൽ നിസ്സഹായവും ദരിദ്രവുമല്ല; രണ്ടാമത്തെ കൂട്ടർ ആശ്രയം വയ്ക്കുന്ന ഭയം അവരുടെ മുമ്പിൽ നിന്ദ്യമോ മ്ലേച്ഛമോ അല്ല. ഇന്ന് ഭയം എല്ലാ ജനങ്ങളുടെമേലും അതിന്റെ ചെങ്കോലിന്റെ ഭീകരനിഴൽ വീഴ്ത്തുന്നു; അതു കാണുന്നവരൊക്കെ അതിൽ ഭയചകിതരാകുന്നു. തനിക്ക് ഹാനികരമായത് തന്റെ സ്നേഹിതന് അവൻ ചെയ്യുന്നില്ല. മറ്റേത് (സ്നേഹം) എല്ലാ ജനങ്ങളുടെമേലും തന്റെ ശോഭയേറിയ കിരീടത്തിന്റെ നിഴൽ വീശുന്നു. അതു കാണുന്നവരൊക്കെ, തങ്ങൾക്ക് ഗുണകരമായവ മറ്റുള്ളവർക്കു ചെയ്യാൻ തിടുക്കം കൂട്ടുന്നു. തന്റേതല്ലാത്തത് ഒരാൾ ആഗ്രഹിക്കാതിരിക്കുമ്പോൾ, അത് മാന്യമായ സംഗതിയാണ്; തന്റേത് അനേക

www.malankaralibrary.com



രുമായി പങ്കുവയ്ക്കുന്നത് സ്തുത്യർഹവും ദൈവികവുമാണ്. നിയമരഹിതമായവ ഭയത്താൽ ചെയ്യാത്തവൻ വലിയവൻ തന്നെ. എന്നാൽ അനുവദനീയവും നിയമാനുസൃതവുമായവയിൽ നിന്നുപോലും സ്നേഹത്താൽ തങ്ങളുടെ കൈ പിൻവലിക്കുന്നവനുമായി താരതമ്യപ്പെടുത്തുമ്പോൾ അവൻ നിസ്സാരനാണ്.

## സുവിശേഷകർ

ശ്ലീഹന്മാർ ഒരേസമയത്ത് സുവിശേഷം എഴുതാഞ്ഞതിനാൽ, ശ്ലൈഹികവാക്കുകൾ യോജിപ്പിലല്ല. കല്പലകകളിൽ മോശയ്ക്ക് എന്നവണ്ണം അവർക്കു കല്പന ലഭിച്ചില്ല; പിന്നെയോ, പ്രവാചകൻ പറഞ്ഞതുപോലെ, വിവിധ കാരണങ്ങളാലാണ് അവർ എഴുതിയത്: *ഞാൻ അവർക്ക് ഒരുമ്പടി നൽകും; എന്നാൽ ഇതുപോലെയല്ല; എൻെറ നിയമം അവരുടെ അരൂപിയിലായിരിക്കും; അവരുടെ ഹൃദയത്തിൽ ഞാൻ അത് എഴുതും* (ജറെ 31:31-33).

*മത്തായി* എബ്രായഭാഷയിൽ എഴുതി; അത് പിന്നീട് ഗ്രീക്കിലേക്കു വിവർത്തനം ചെയ്യപ്പെട്ടു. *മർക്കോസ്*, ശെമഓൻ പത്രോസിനെ അനുഗമിച്ചു. നീണ്ട കാലങ്ങൾക്കുശേഷം പാരമ്പര്യം മറന്നുപോകാതെ ഓർത്തിരിക്കാൻ, അവൻ റോമിൽ പോയപ്പോൾ, അവ എഴുതാൻ വിശ്വാസികൾ അവനെ പ്രേരിപ്പിച്ചു. അവൻ ഗ്രഹിച്ചത് അവൻ എഴുതിവച്ചു. അവൻ[97] യോഹന്നാൻെറ സ്നാനം കൊണ്ടു തുടങ്ങി. *ലൂക്കോസ്*[98] അവൻെറ മനുഷ്യാവതാരവും ദാവീദിൽ നിന്നുടലെടുത്ത രാജ്യവും കൊണ്ടു തുടങ്ങി. മറ്റെയാൾ[99] അബ്രഹാമിൽ നിന്നു തുടങ്ങി. അവരുടെ വാക്കുകൾ നിരവധി കാര്യങ്ങൾ പ്രഘോഷിക്കുന്നെന്ന് *യോഹന്നാൻ* കണ്ടു. കാരണം, അവിടുത്തെ മാനുഷിക ഉത്ഭവം സംബന്ധിച്ചുള്ള വംശാവലി അവർ രേഖപ്പെടുത്തിയിരുന്നു. തദ്ഫലമായി, അവൻ വെറുമൊരു മനുഷ്യനല്ല, പിന്നെയോ, "ആദിയിൽ വചനമുണ്ടായിരുന്നു" എന്ന് അവൻ രേഖപ്പെടുത്തി.[100]

---

97. *'ലൂക്കോസ്'* എന്ന് മൂലത്തിൽ.
98. *'ഒരാൾ'* എന്നു മൂലത്തിൽ.
99. മത്തായി.
100. ഈ ഭാഗത്തിന് നേരത്തെയുള്ള ഭാഗവുമായി ബന്ധമൊന്നുമില്ല.

www.malankaralibrary.com



# പദസൂചിക


അത്തിവൃക്ഷം 214, 233
അന്ത്യത്താഴ പ്രഭാഷണം 283
അന്ധൻ 197, 231, 251
അപ്പം വർധിപ്പിക്കൽ 171
അശുദ്ധാത്മാവ് 158
ആദ്യശിഷ്യരുടെ വിളി 62
ആരിയൻ 176
ആരെ ഭയക്കണം 127
ആശ്വാസപ്രദൻ 85
ആറെഗ് മാസം 21, 22, 302
ഉപവാസം 77, 91
ഏലിയാ 16, 46-48, 109-110, 138, 200-205, 313, 314
ഒറ്റിക്കൊടുക്കൽ 230
കടലിനെ ശാന്തമാക്കൽ 100
കാനാൻകാരി 179
കന്യാത്വാടയാളം 29
കർതൃപ്രാർത്ഥന 90
കർത്താവിൻെറ കുർബാന 282
കാനായിലെ കല്യാണം 64, 171
കാനേഷുമാരി 31
കാലോക് മാസം 22
കാർദുമല 71
കാളക്കുട്ടി 110, 160, 313
കുഷ്ഠരോഗി 185
കുഷ്ഠരോഗി ശെമഓൻ 261
ഗത്സമേനിലെ പ്രാർത്ഥന 291
ഗദറായരുടെ നാട് 100
ഗലീലിയർ 213
ഗോതമ്പുമണി 77
ജറുസലേം പ്രവേശനം 264
ജീവജലം 249
ജീവദാതാവ് 26, 32, 59, 116, 199, 255, 282
ജീവൻെറ അപ്പം 177
ജീവവൃക്ഷം 13
തളർവാതരോഗി 75, 189
ദുഷ്ടദാസന്മാർ 244
ദേവാലയ നികുതി 208
ദേവാലയ ശുദ്ധീകരണം 232
ദൈവപരിപാലന 92
ദൈവരാജ്യം 268
ധനവാൻ 216
ധനവാനും ലാസറും 224
നല്ല സമറിയാക്കാരൻ 248
നഷ്ടപ്പെട്ട നാണയം, ആട്, പുത്രൻ 210
നക്ഷത്രവും വിദ്വാന്മാരും 34
നിക്കൊദേമൂസ് 239
നീതിയില്ലാത്ത കാര്യസ്ഥൻ 211
നീതിയില്ലാത്ത ന്യായാധിപൻ 242
പത്രോസിൻെറ തള്ളിപ്പറയൽ 301
" വിശ്വാസ പ്രഖ്യാപനം 198
" സ്നേഹപ്രഖ്യാപനം 342
പാദക്ഷാളനം 279
പാപങ്ങളുടെ മോചനം 211
പാപിനി 112, 150
പൊറുക്കപ്പെടാത്ത പാപം 146
പ്രകൃതിയുടെ പ്രതിഷേധം 324
പ്രധാന അജപാലകൻ 134

www.malankaralibrary.com



പ്രധാന ശിഷ്യർ 134, 202
പ്രാർത്ഥന 213
ഫരിസേയനും ചുങ്കക്കാരനും 233
ബേഥന്യായിലെ അഭിഷേകം 261
മഗ്ദലനമറിയവും യേശുവിൻെറ അമ്മയും 34, 66, 334
മത്തായിയുടെ വിളി 72
മനുഷ്യാവതാര രഹസ്യം 1
മരിച്ചവരുടെ ഉത്ഥാനം 247
മാർത്തായും മറിയവും 130, 255
മാർസ്യൻ 8, 77, 161, 167, 175
മാർസ്യണീത്തർ 76, 100
മാലാഖയുടെ സന്ദേശം 32
മീൻപിടുത്തം 75
മുന്തിരിത്തോപ്പിലെ ജോലിക്കാർ 225
യായീറോസിൻെറ മകൾ 117
യേശു കുരിശിൽ 311
യേശു ദേവാലയത്തിൽ 49
യേശു നസ്രത്തിൽ 167
യേശു പാപികളുടെ കൂടെ 77
യേശു വെള്ളത്തിന്മീതേ 174
യേശുവും ഉപമകളും 162, 278
യേശുവും നിയമവും 82
യേശുവിൻെറ അറസ്റ്റ് 299
യേശുവിൻെറ കബറടക്കം 333
യേശുവിൻെറ കാസാ 143
യേശുവിൻെറ ജനനം 17, 25
യേശുവിൻെറ പ്രലോഭനങ്ങൾ 53
യേശുവിൻെറ ബന്ധുക്കൾ 161
യേശുവിൻെറ സ്നാനം 50
യേസു 76, 100, 175
യോനായുടെ അടയാളം 155
യോഹന്നാൻെറ ആമുഖം 3
യോഹന്നാൻ സ്നാപകൻ 4-24; 46-53; 131-142; 170-195
യൗസേപ്പ് 26-31, 42
യൗസേപ്പിൻെറ പുത്രൻ 29
രക്തസ്രാവക്കാരി 102, 111-117
രണ്ടു കള്ളന്മാർ 308
രണ്ടു കുരുവികൾ 129
രണ്ടു പുത്രന്മാർ 244
രൂപാന്തരീകരണം 200
ലാസർ 255
ലേവി 74
വിദ്വാന്മാരും ഹേറോദേസും 40
വിധവയുടെ മകൻ 99
വിവാഹമോചനം 209
വിശുദ്ധമായവ 97
വിറയൽരോഗി 207
വൃദ്ധനായ ശിമയോൻ 33, 34
ശതാധിപൻെറ ദാസൻ 98
ശിശുഹത്യ 43
ശിഷ്യന്മാരുടെ തലവൻ 134, 263, 301, 336
ശിഷ്യന്മാരുടെ മാമോദീസാ 72
സക്കായി 230
സഖറിയാ 8-45
സജീവൻ 59, 60, 287
സഭാതലവൻ ശെമഓൻ 134, 199
സമറിയാക്കാരി 181
സഹ്മി മാസം 22
സഹസ്രാധിപൻ 170
സമാധാനമല്ല, വാൾ 129
സമാധാനാശംസ 122
സാത്താൻ വീണത് 152

www.malankaralibrary.com



പ്രധാന ശിഷ്യർ 134, 202
പ്രാർത്ഥന 213
ഫരിസേയനും ചുങ്കക്കാരനും 233
ബേഥന്യായിലെ അഭിഷേകം 261
മഗ്ദലനമറിയവും യേശുവിൻെറ അമ്മയും 34, 66, 334
മത്തായിയുടെ വിളി 72
മനുഷ്യാവതാര രഹസ്യം 1
മരിച്ചവരുടെ ഉത്ഥാനം 247
മാർത്തായും മറിയവും 130, 255
മാർസ്യൻ 8, 77, 161, 167, 175
മാർസ്യണീത്തർ 76, 100
മാലാഖയുടെ സന്ദേശം 32
മീൻപിടുത്തം 75
മുന്തിരിത്തോപ്പിലെ ജോലിക്കാർ 225
യായീറോസിൻെറ മകൾ 117
യേശു കുരിശിൽ 311
യേശു ദേവാലയത്തിൽ 49
യേശു നസ്രത്തിൽ 167
യേശു പാപികളുടെ കൂടെ 77
യേശു വെള്ളത്തിന്മീതേ 174
യേശുവും ഉപമകളും 162, 278
യേശുവും നിയമവും 82
യേശുവിൻെറ അറസ്റ്റ് 299
യേശുവിൻെറ കബറടക്കം 333
യേശുവിൻെറ കാസാ 143
യേശുവിൻെറ ജനനം 17, 25
യേശുവിൻെറ പ്രലോഭനങ്ങൾ 53
യേശുവിൻെറ ബന്ധുക്കൾ 161
യേശുവിൻെറ സ്നാനം 50
യേസു 76, 100, 175
യോനായുടെ അടയാളം 155
യോഹന്നാൻെറ ആമുഖം 3
യോഹന്നാൻ സ്നാപകൻ 4-24; 46-53; 131-142; 170-195
യൗസേപ്പ് 26-31, 42
യൗസേപ്പിൻെറ പുത്രൻ 29
രക്തസ്രാവക്കാരി 102, 111-117
രണ്ടു കള്ളന്മാർ 308
രണ്ടു കുരുവികൾ 129
രണ്ടു പുത്രന്മാർ 244
രൂപാന്തരീകരണം 200
ലാസർ 255
ലേവി 74
വിദ്വാന്മാരും ഹേറോദേസും 40
വിധവയുടെ മകൻ 99
വിവാഹമോചനം 209
വിശുദ്ധമായവ 97
വിറയൽരോഗി 207
വൃദ്ധനായ ശിമയോൻ 33, 34
ശതാധിപൻെറ ദാസൻ 98
ശിശുഹത്യ 43
ശിഷ്യന്മാരുടെ തലവൻ 134, 263, 301, 336
ശിഷ്യന്മാരുടെ മാമോദീസാ 72
സക്കായി 230
സഖറിയാ 8-45
സജീവൻ 59, 60, 287
സഭാതലവൻ ശെമഓൻ 134, 199
സമറിയാക്കാരി 181
സഹ്മി മാസം 22
സഹസ്രാധിപൻ 170
സമാധാനമല്ല, വാൾ 129
സമാധാനാശംസ 122
സാത്താൻ വീണത് 152

www.malankaralibrary.com



സീസറിനുള്ള നികുതി 246
സുവിശേഷകർ 353
സെബദിപുത്രന്മാർ 227
സൈറീൻകാരൻ ശെമഓൻ 306
സ്നേഹത്തിൻെറ പരമകല്പന 248
ഫോറിമാസം 22

# ഗ്രന്ഥസൂചിക

Egan, G.A., *Ephrem- An Exposition of the Gospel,* (*CSCO* 291/292), Louvain, 1968.

Leloir, L., *Saint Ephrem - Commentaire de lévangile concordant* (version arménienne), *CSCO* 137, Louvain, 1953.

Leloir, L., *Saint Ephrem- Commentaire de l'évangile concordant* (traduction latine), *CSCO* 145, Louvain, 1954.

Leloir, L., *Saint Ephrem: Commentaire de l'évangile concordant. Texte syriaque (MS Chester Beatty - 709),* Chester Beatty Monographs -8, Dublin, 1963.

Leloir, L., *Ephrem de Nisibe - Commentaire de l'évangile concordant ou Diatessaron, traduit du syriaque et de l'arménien. SC* 121, Paris, 1966.

McCarthy, C., *Saint Ephrem's Commentary on Tatian's Diatessaron,* An English translation of Chester Beatty Syriac MS 709 with Introduction and Notes, Oxford, 1993 (Journal of Semitic Studies Supplement - 2)*

Ortis de Urbina, I., (ed.), *Vetus Evangelium Syrorum et exinde excerptum Diatessaron Tatiani,* Biblia Polyglotta Matritensia Series VI, Madrid, 1967.

## ചുരുക്കെഴുത്തുകളുടെ പൂർണരൂപം

CSCO - Corpus Scriptorum Christianorum Orientalium.
SC - Sources Chrétiennes

*വിവർത്തനത്തിന് ഈ ഗ്രന്ഥമാണ് മുഖ്യമായി ഉപയോഗിച്ചിട്ടുള്ളത്.